മത്തായി

യേശുവിന്റെ വംശാവലി

1 അബ്രാഹാമിന്റെ പുത്രനായ ദാവീദിന്റെ
പുത്രനായ യേശുക്രിസ്തുവിന്റെ വംശാവലി:
2അബ്രാഹാം യിസ്ഹാക്കിന്റെ
പിതാവായിരുന്നു.
യിസ്ഹാക്ക് യാക്കോബിന്റെ പിതാവ്,
യാക്കോബ് യെഹൂദായുടെയും
അവന്റെ സഹോദരന്മാരുടെയും പിതാവ്;
3യെഹൂദാ പാരെസിന്റെയും
സാരഹിന്റെയും പിതാവും
താമാർ അവരുടെ മാതാവും ആയിരുന്നു.
പാരെസ് ഹെസ്രോന്റെ പിതാവ്,
ഹെസ്രോൻ ആരാമിന്റെ പിതാവ്,
4ആരാം അമ്മീനാദാബിന്റെ പിതാവ്,
അമ്മീനാദാബ് നഹശോന്റെ പിതാവ്,
നഹശോൻ ശല്മോന്റെ പിതാവ്,
5ശല്മോൻ ബോവസിന്റെ പിതാവും രാഹാബ്
ബോവസിന്റെ മാതാവും ആയിരുന്നു.
ബോവസ് ഓബേദിന്റെ പിതാവും
രൂത്ത് അയാളുടെ മാതാവും ആയിരുന്നു.
ഓബേദ് യിശ്ശായിയുടെ പിതാവും
6യിശ്ശായി ദാവീദുരാജാവിന്റെ പിതാവും
ആയിരുന്നു.
ദാവീദ് ശലോമോന്റെ പിതാവ്;
ശലോമോന്റെ അമ്മ ആദ്യം
ഊരിയാവിന്റെ ഭാര്യയായിരുന്നു.
7ശലോമോൻ രഹബയാമിന്റെ പിതാവ്,
രഹബയാം അബീയാവിന്റെ പിതാവ്,
അബീയാവ് ആസായുടെ പിതാവ്,
8ആസാ യഹോശാഫാത്തിന്റെ പിതാവ്,
യഹോശാഫാത്ത് യോരാമിന്റെ പിതാവ്,
യോരാം ഉസ്സീയാവിന്റെ പിതാവ്,
9ഉസ്സീയാവ് യോഥാമിന്റെ പിതാവ്,
യോഥാം ആഹാസിന്റെ പിതാവ്,
ആഹാസ് ഹിസ്കീയാവിന്റെ പിതാവ്,
10ഹിസ്കീയാവ് മനശ്ശെയുടെ പിതാവ്,
മനശ്ശെ ആമോന്റെ പിതാവ്,
ആമോൻ യോശീയാവിന്റെ പിതാവ്,
11യോശീയാവ് യെഖൊന്യാവിന്റെയും[a]
അയാളുടെ സഹോദരന്മാരുടെയും പിതാവ്.
ബാബേൽപ്രവാസകാലത്തായിരുന്നു ഇവർ
ജനിച്ചത്.
12ബാബേൽപ്രവാസത്തിനുശേഷം:
യെഖൊന്യാവ് ശെയല്തീയേലിന്റെ പിതാവ്,
ശെയല്തീയേൽ സെരുബ്ബാബേലിന്റെ പിതാവ്,
13സെരുബ്ബാബേൽ അബീഹൂദിന്റെ പിതാവ്,
അബീഹൂദ് എല്യാക്കീമിന്റെ പിതാവ്,
എല്യാക്കീം ആസോരിന്റെ പിതാവ്,
14ആസോർ സാദോക്കിന്റെ പിതാവ്,
സാദോക്ക് ആഖീമിന്റെ പിതാവ്,
ആഖീം എലീഹൂദിന്റെ പിതാവ്,
15എലീഹൂദ് എലീയാസരിന്റെ പിതാവ്,
എലീയാസർ മത്ഥാന്റെ പിതാവ്,
മത്ഥാൻ യാക്കോബിന്റെ പിതാവ്,
16യാക്കോബ് മറിയയുടെ ഭർത്താവായ
യോസേഫിന്റെ പിതാവ്;
മറിയയിൽനിന്നു ക്രിസ്തു എന്നു
വിളിക്കപ്പെടുന്ന യേശു ജനിച്ചു.
17ഇങ്ങനെ തലമുറകൾ ആകെ അബ്രാഹാം
മുതൽ ദാവീദുവരെ പതിന്നാലും ദാവീദു മുതൽ
ബാബേൽപ്രവാസംവരെ പതിന്നാലും
ബാബേൽപ്രവാസംമുതൽ ക്രിസ്തുവരെ പതി
ന്നാലും ആകുന്നു.

യേശുക്രിസ്തുവിന്റെ ജനനം

18യേശുക്രിസ്തുവിന്റെ ജനനം ഇപ്രകാര
മായിരുന്നു: തന്റെ മാതാവായ മറിയയും
യോസേഫും തമ്മിൽ വിവാഹം നിശ്ചയിക്കപ്പെ
ട്ടിരുന്നു. എന്നാൽ അവർ കൂടിച്ചേരുന്നതിനു
മുമ്പേ മറിയ പരിശുദ്ധാത്മാവിനാൽ ഗർഭവതി
യായിത്തീർന്നു എന്നു കാണപ്പെട്ടു. 19അവളുടെ
ഭർത്താവായ യോസേഫ് നീതിമാനായിരുന്നതു
കൊണ്ടും അവൾ സമൂഹത്തിൽ അപമാനിതയാ
കരുതെന്ന് ആഗ്രഹിച്ചതുകൊണ്ടും അവളെ രഹ
സ്യമായി ഉപേക്ഷിക്കണമെന്നു വിചാരിച്ചു.
20എന്നാൽ അദ്ദേഹം ഇങ്ങനെ വിചാരിച്ചു
കൊണ്ടിരിക്കുമ്പോൾ കർത്താവിന്റെ ഒരു ദൂതൻ
സ്വപ്നത്തിൽ പ്രത്യക്ഷപ്പെട്ട് അദ്ദേഹത്തോടു

[a] 11 അതായത്, *യെഹോയാഖീൻ*; 12-ാം വാക്യവും കാണുക.

പറഞ്ഞു: "ദാവീദിന്റെ മകനായ യോസേഫേ, മറിയയെ നിന്റെ ഭാര്യയായി ചേർത്തുകൊള്ളുവാൻ ശങ്കിക്കേണ്ട. അവളിൽ ഉത്പാദിതമായിരിക്കുന്ന ശിശു പരിശുദ്ധാത്മാവിൽനിന്നാണ്. 21അവൾ ഒരു മകനെ പ്രസവിക്കും; അവൻ തന്റെ ജനത്തെ അവരുടെ പാപങ്ങളിൽനിന്നു രക്ഷിക്കുന്നവൻ ആയതുകൊണ്ട് നീ അവന് യേശു[a] എന്നു പേരിടണം."

22കർത്താവു പ്രവാചകനിലൂടെ അരുളിച്ചെയ്തതു നിറവേറുവാൻ ഇതെല്ലാം സംഭവിച്ചു: 23"കന്യക ഗർഭിണിയായി ഒരു മകനെ പ്രസവിക്കും; അവന് ഇമ്മാനുവേൽ എന്നു പേർ വിളിക്കും."[b] ആ പേരിന്റെ അർത്ഥം "ദൈവം നമ്മോടു കൂടെ" എന്നത്രേ.

24യോസേഫ് ഉണർന്നു കർത്താവിന്റെ ദൂതൻ തന്നോടു കല്പിച്ചിരുന്നതുപോലെ പ്രവർത്തിക്കുകയും മറിയയെ ഭാര്യയായി സ്വീകരിക്കുകയും ചെയ്തു. 25എന്നാൽ അവൾ മകനെ പ്രസവിക്കുന്നതുവരെ അദ്ദേഹം അവളുമായി ശാരീരികബന്ധം പുലർത്തിയില്ല. മകന് അദ്ദേഹം യേശു എന്നു പേരിട്ടു.

ജ്ഞാനികളുടെ സന്ദർശനം

2 ഹെരോദാരാജാവിന്റെ കാലത്ത് യേശു യഹൂദ്യയിലെ ബേത്ത്ലേഹെമിൽ ജനിച്ചതിനുശേഷം കിഴക്കുനിന്നു ജ്ഞാനികൾ യെരൂശലേമിൽ എത്തി ചോദിച്ചു: 2"യഹൂദരുടെ രാജാവായി ജനിച്ചവൻ എവിടെ? ഞങ്ങൾ അദ്ദേഹത്തിന്റെ നക്ഷത്രം കിഴക്കു കണ്ട് അദ്ദേഹത്തെ ആരാധിക്കുവാൻ വന്നിരിക്കുകയാണ്."

3ഇതു കേട്ടിട്ടു ഹെരോദാരാജാവും അയാളോടൊപ്പം യെരൂശലേമിലുള്ള എല്ലാവരും പരിഭ്രാന്തരായി. 4അയാൾ ജനങ്ങളുടെ മുഖ്യപുരോഹിതന്മാരെയും വേദജ്ഞരെയും വിളിച്ചുകൂട്ടി, അവരോട് ക്രിസ്തു ജനിക്കേണ്ടത് എവിടെയാണ് എന്നു ചോദിച്ചു. 5അതിന് അവർ പറഞ്ഞു: "യഹൂദ്യയിലെ ബേത്ത്ലേഹെമിൽ ആകുന്നു; എന്തെന്നാൽ പ്രവാചകൻ എഴുതിയിരിക്കുന്നത് ഇപ്രകാരമാണല്ലോ:

6'യഹൂദ്യദേശത്തിലെ ബേത്ത്ലേഹെമേ,
നീ യഹൂദ്യയിലെ പ്രഭുക്കന്മാരിൽ
ഒട്ടും താണതല്ല; എന്തുകൊണ്ടെന്നാൽ എന്റെ
ജനമായ യിസ്രായേലിന്
ഇടയൻ ആകേണ്ട ഭരണാധികാരി
നിന്നിൽനിന്നു പുറപ്പെടും.' "[c]

7ഹെരോദാവ് ജ്ഞാനികളെ രഹസ്യമായി വിളിച്ചു നക്ഷത്രം വെളിപ്പെട്ട സമയം കൃത്യമായി ചോദിച്ചു മനസ്സിലാക്കി. 8അയാൾ അവരോട്, "നിങ്ങൾ പോയി ശിശുവിനുവേണ്ടി സൂക്ഷ്മമായ അന്വേഷണം നടത്തുവിൻ. കണ്ടെത്തിയാലുടൻ ഞാനും ചെന്ന് അവനെ ആരാധിക്കേണ്ടതിന് എന്നെ വിവരം അറിയിക്കുക" എന്നു പറഞ്ഞ് അവരെ ബേത്ത്ലേഹെമിലേക്ക് അയച്ചു.

9അവർ രാജാവിന്റെ വാക്കു കേട്ടശേഷം തങ്ങളുടെ യാത്ര തുടർന്നു. അവർ കിഴക്കു കണ്ട നക്ഷത്രം, ശിശു കിടന്നിരുന്ന സ്ഥലത്തിനു മീതേ വന്നുനിൽക്കുന്നതുവരെ അവർക്കു മുമ്പായി പൊയ്ക്കൊണ്ടിരുന്നു. 10നക്ഷത്രം കണ്ടപ്പോൾ അവർ ആഹ്ലാദിച്ചു. 11വീട്ടിലെത്തിയപ്പോൾ അവർ ശിശുവിനെ അവന്റെ അമ്മയായ മറിയയോടുകൂടെ കണ്ടു; വണങ്ങി അവനെ ആരാധിച്ചു. പിന്നെ അവർ നിക്ഷേപ പാത്രങ്ങൾ തുറന്ന് അവനു പൊന്ന്, കുന്തിരിക്കം, മൂർ എന്നിവ കാഴ്ചയർപ്പിച്ചു. 12ഹെരോദാവിന്റെ അടുത്തേക്കു മടങ്ങരുതെന്നു സ്വപ്നത്തിൽ മുന്നറിയിപ്പു ലഭിച്ചതുകൊണ്ട് അവർ മറെറാരു വഴിയിലൂടെ തങ്ങളുടെ ദേശത്തേക്കു മടങ്ങിപ്പോയി.

ഈജിപ്റ്റിലേക്കുള്ള രക്ഷപ്പെടൽ

13അവർ പോയതിനുശേഷം കർത്താവിന്റെ ഒരു ദൂതൻ യോസേഫിനു സ്വപ്നത്തിൽ പ്രത്യക്ഷനായി; "എഴുന്നേറ്റ് ശിശുവിനെയും അവന്റെ അമ്മയെയും കൂട്ടിക്കൊണ്ട് ഈജിപ്റ്റിലേക്ക് ഓടിപ്പോവുക. ഹെരോദാവ് ശിശുവിനെ കൊല്ലേണ്ടതിന് അവനെ അന്വേഷിക്കുവാൻ ഭാവിക്കുന്നതുകൊണ്ട് ഞാൻ നിന്നോടു കല്പിക്കുന്നതുവരെ അവിടെ പാർക്കുക" എന്നു പറഞ്ഞു.

14അദ്ദേഹം എഴുന്നേറ്റ് രാത്രിയിൽതന്നെ ശിശുവിനെയും അവന്റെ അമ്മയെയും കൂട്ടിക്കൊണ്ട് ഈജിപ്റ്റിലേക്കു യാത്രയായി; 15ഹെരോദാവിന്റെ മരണംവരെ അവർ അവിടെ പാർത്തു. "ഈജിപ്റ്റിൽ നിന്നു ഞാൻ എന്റെ മകനെ വിളിച്ചു[d]" എന്നു പ്രവാചകനിലൂടെ കർത്താവ് അരുളിച്ചെയ്തിരുന്നത് ഇങ്ങനെ നിറവേറി.

16ജ്ഞാനികൾ തന്നെ കബളിപ്പിച്ചുവെന്നു മനസ്സിലാക്കിയപ്പോൾ ഹെരോദാവ് രോഷാകുലനായി. അയാൾ ജ്ഞാനികളിൽനിന്നു മനസ്സിലാക്കിയിരുന്ന സമയത്തിന് അനുസൃതമായി, ബേത്ത്ലേഹെമിലും ചുറ്റുപാടും രണ്ടു വയസ്സും അതിൽ താഴെയുമുള്ള എല്ലാ ആൺകുട്ടികളെയും കൊന്നുകളയുവാൻ ആജ്ഞ നൽകി.

17"രാമയിൽ കരച്ചിലിന്റെയും
വലിയ വിലാപത്തിന്റെയും
ശബ്ദം കേൾക്കുന്നു.

a 21 *യഹോവ രക്ഷിക്കുന്നു* എന്നർത്ഥമുള്ള *യോശുവ* എന്ന വാക്കിന്റെ ഗ്രീക്കു രൂപമാണ് *യേശു*
b 23 യെശയ്യാവ് 7:14 *c* 6 മീഖാ 5: *d* 15 ഹോശേയാ 11:1

റാഹേൽ തന്റെ മക്കളെച്ചൊല്ലി കരയുന്നു.
അവർ ഇല്ലാതെ പോയതുകൊണ്ട് അവൾ
ആശ്വാസം കൈക്കൊള്ളാതിരിക്കുന്നു *a*"
18എന്നിങ്ങനെ യിരെമ്യാപ്രവാചകൻ മുഖേന
ഉണ്ടായ അരുളപ്പാട് അന്നു നിറവേറി.

നസറേത്തിലേക്കു മടങ്ങുന്നു

19ഹെരോദാവു മരിച്ചതിനുശേഷം യോസേ
ഫിന് ഈജിപ്റ്റിൽവച്ചു കർത്താവിന്റെ ദൂതൻ
സ്വപ്നത്തിൽ പ്രത്യക്ഷനായി; 20"എഴുന്നേറ്റ്
ശിശുവിനെയും അവന്റെ അമ്മയെയും കൂട്ടി
ക്കൊണ്ട് യിസ്രായേൽദേശത്തേക്കു പോകുക,
ശിശുവിന്റെ ജീവൻ അപഹരിക്കാൻ ശ്രമിച്ചവർ
മരിച്ചുപോയിരിക്കുന്നു" എന്നു പറഞ്ഞു.
21അദ്ദേഹം എഴുന്നേറ്റു ശിശുവിനെയും അ
വന്റെ അമ്മയെയും കൂട്ടിക്കൊണ്ട് യിസ്രാ
യേൽദേശത്തേക്കു പോയി. 22എന്നാൽ യഹൂ
ദ്യയിൽ അർക്കലയോസ് തന്റെ പിതാവായ
ഹെരോദാവിനുപകരം ഭരണം നടത്തുന്നു എന്നു
കേട്ടപ്പോൾ അവിടേക്കു പോകുവാൻ അദ്ദേഹം
ഭയപ്പെട്ടു. സ്വപ്നത്തിൽ മുന്നറിയിപ്പുലഭിച്ചത
നുസരിച്ചു ഗലീലയിലേക്കു യാത്രയായി.
23നസറേത്ത് എന്ന പട്ടണത്തിൽ ചെന്നു
പാർത്തു. "അവൻ നസറായൻ എന്നു വിളിക്ക
പ്പെടും" എന്നു പ്രവാചകന്മാരിലൂടെ പ്രസ്താവി
ക്കപ്പെട്ടിരുന്നത് ഇപ്രകാരം നിറവേറി.

യോഹന്നാൻസ്നാപകൻ വഴി ഒരുക്കുന്നു

3 ആ കാലത്ത് യോഹന്നാൻസ്നാപകൻ
യഹൂദ്യമരുഭൂമിയിൽ വന്ന് 2"സ്വർഗ്ഗരാജ്യം
സമീപിച്ചിരിക്കുകയാൽ മാനസാന്തരപ്പെടു
വിൻ" എന്നു പ്രസംഗിച്ചു.
3"മരുഭൂമിയിൽ വിളിച്ചു
പറയുന്നവന്റെ ശബ്ദം,
'കർത്താവിന്റെ
വഴിയൊരുക്കുവിൻ;
അവിടുത്തേക്കുവേണ്ടി
പാത നേരെയാക്കുവിൻ' " *b*
എന്നു യെശയ്യാപ്രവാചകൻ പ്രസ്താവിച്ചി
രുന്നത് ഇദ്ദേഹത്തെക്കുറിച്ചാണ്.
4യോഹന്നാൻ ഒട്ടകരോമംകൊണ്ടുള്ള ഉടു
പ്പും അരയിൽ തോൽവാറും ധരിച്ചിരുന്നു. വെട്ടു
ക്കിളിയും കാട്ടുതേനുമായിരുന്നു അദ്ദേഹത്തിന്റെ
ആഹാരം. 5യെരൂശലേമിൽനിന്നും യഹൂദ്യ
യിലെല്ലായിടത്തുനിന്നും സകല യോർദ്ദാൻ
പ്രദേശങ്ങളിൽനിന്നും ജനങ്ങൾ അദ്ദേഹത്തിന്റെ
അടുക്കൽ ചെന്നു. 6അവർ തങ്ങളുടെ പാപങ്ങൾ
ഏറ്റുപറഞ്ഞ് യോർദ്ദാൻ നദിയിൽ
അദ്ദേഹത്താൽ സ്നാനം ഏറ്റു.
7എന്നാൽ പരീശന്മാരും സദൂക്യരുമായ അനേ
കർ താൻ സ്നാനം കഴിപ്പിക്കുന്നേടത്തേക്കു
വരുന്നതു കണ്ടിട്ട് അദ്ദേഹം അവരോടു പറഞ്ഞു:
"സർപ്പസന്തതികളേ! വരാൻ പോകുന്ന ക്രോധ
ത്തിൽനിന്ന് ഓടിപ്പോകുവാൻ നിങ്ങൾക്കു
മുന്നറിയിപ്പു തന്നതാര്? 8മാനസാന്തരത്തിന്
അനുയോജ്യമായ ഫലം പുറപ്പെടുവിക്കുവിൻ.
9'അബ്രാഹാം ഞങ്ങൾക്കു പിതാവായിട്ടുണ്ട്'
എന്നു സ്വയം പറയാമെന്നു കരുതേണ്ട. ഈ
കല്ലുകളിൽനിന്ന് അബ്രാഹാമിനു സന്തതികളെ
എഴുന്നേല്പിക്കുവാൻ ദൈവത്തിനു കഴിയു
മെന്ന് ഞാൻ നിങ്ങളോടു പറയുന്നു. 10ഇപ്പോൾ
ത്തന്നെ വൃക്ഷങ്ങളുടെ വേരിനു കോടാലി വച്ചി
രിക്കുന്നു; നല്ല ഫലം പുറപ്പെടുവിക്കാത്ത
വൃക്ഷങ്ങളെല്ലാം വെട്ടി തീയിൽ ഇട്ടുകളയും.
11"ഞാൻ നിങ്ങളെ മാനസാന്തരത്തിനായി
വെള്ളംകൊണ്ടു സ്നാനം കഴിപ്പിക്കുന്നു;
എന്നാൽ എനിക്കു പിന്നാലെ എന്നെക്കാൾ
ശക്തനായ ഒരുവൻ വരുന്നു. അദ്ദേഹത്തിന്റെ
ചെരുപ്പ് ചുമക്കുവാൻ ഞാൻ യോഗ്യനല്ല.
അദ്ദേഹം നിങ്ങളെ പരിശുദ്ധാത്മാവുകൊണ്ടും
തീകൊണ്ടും സ്നാനം കഴിപ്പിക്കും. 12അദ്ദേഹത്തി
ന്റെ കൈയിൽ വീശുമുറം ഉണ്ട്; അദ്ദേഹം
മെതിക്കളം വെടിപ്പാക്കി ഗോതമ്പ് കളപ്പുരയിൽ
ശേഖരിക്കുകയും പതിർ കെടാത്ത തീയിൽ ചുട്ടു
കളയുകയും ചെയ്യും."

യേശുവിന്റെ സ്നാനം

13അനന്തരം യേശു യോഹന്നാനാൽ സ്നാനം
ഏൽക്കുന്നതിനു ഗലീലയിൽനിന്നു യോർദ്ദാ
നിൽ വന്നു. 14എന്നാൽ യോഹന്നാൻ, "അങ്ങ്
എന്നെ സ്നാനം കഴിപ്പിക്കുന്നത് എനിക്ക്
ആവശ്യം, എന്നിട്ടും അങ്ങ് എന്റെ അടുത്തേക്കു
വരുന്നുവോ?" എന്നു ചോദിച്ചുകൊണ്ട് അദ്ദേ
ഹത്തെ പിന്തിരിപ്പിക്കുവാൻ ശ്രമിച്ചു.
15അതിനു യേശു: "ഇപ്പോൾ സമ്മതിക്കുക;
സകല നീതിയും നിറവേറ്റുവാൻ ഇതു നാം
ചെയ്യുന്നത് ഉത്തമം" എന്ന് ഉത്തരം പറഞ്ഞു.
അപ്പോൾ യോഹന്നാൻ സമ്മതിച്ചു.
16യേശു സ്നാനം ഏറ്റശേഷം വെള്ളത്തിൽ
നിന്നു കയറിയ ഉടനേ സ്വർഗ്ഗം തുറക്കപ്പെടു
ന്നതും ആത്മാവു പ്രാവുപോലെ ഇറങ്ങി തന്റെ
മേൽ ആവസിക്കുന്നതും അദ്ദേഹം കണ്ടു.
17"ഇവൻ എന്റെ പ്രിയപുത്രൻ; ഇവനിൽ ഞാൻ
പ്രസാദിച്ചിരിക്കുന്നു" എന്നു സ്വർഗ്ഗത്തിൽനിന്ന്
ഒരു ശബ്ദവും ഉണ്ടായി.

യേശുവിനുണ്ടായ പ്രലോഭനങ്ങൾ

4 അനന്തരം പിശാചിനാൽ പരീക്ഷിക്കപ്പെ
ടുന്നതിന് ആത്മാവ് യേശുവിനെ മരുഭൂമി
യിലേക്കു നയിച്ചു. 2നാല്പതു പകലും നാല്പതു

a 17 യിരെമ്യാവ് 31:15 *b* 3:3 യെശയ്യാവ് 40:3

രാവും ഉപവസിച്ചശേഷം അദ്ദേഹത്തിനു
വിശന്നു. 3പ്രലോഭകൻ അദ്ദേഹത്തിന്റെ അടു
ക്കൽ വന്ന്, "അങ്ങ് ദൈവപുത്രനെങ്കിൽ ഈ
കല്ലുകളോട് അപ്പമായിത്തീരുവാൻ കല്പി
ക്കുക" എന്നു പറഞ്ഞു.

4അതിനു യേശു: " 'മനുഷ്യൻ അപ്പം കൊണ്ടു
മാത്രമല്ല, ദൈവത്തിന്റെ വായിൽനിന്നു വരുന്ന
സകല വചനങ്ങളാലും ജീവിക്കുന്നു' [a] എന്ന്
എഴുതിയിരിക്കുന്നുവല്ലോ" എന്ന് ഉത്തരം
പറഞ്ഞു.

5പിന്നെ പിശാച് അദ്ദേഹത്തെ വിശുദ്ധ നഗര
ത്തിലേക്കു കൊണ്ടുപോയി, ദൈവാലയത്തിന്റെ
അഗ്രത്തിന്മേൽ നിറുത്തി. 6അവൻ പറഞ്ഞു:
"അങ്ങ് ദൈവപുത്രനെങ്കിൽ താഴേക്കു ചാടുക;
'അവിടുന്ന് അങ്ങയെക്കുറിച്ച്
തന്റെ ദൂതന്മാരോടു കല്പിക്കും;
അങ്ങയുടെ കാൽ കല്ലിൽ
തട്ടാതിരിക്കേണ്ടതിന് അവർ
അങ്ങയെ കൈകളിൽ
വഹിച്ചുകൊള്ളും' [b]
എന്ന് എഴുതിയിരിക്കുന്നുവല്ലോ" എന്നു
പറഞ്ഞു.

7യേശു അവനോട്: " 'നിന്റെ ദൈവമായ
കർത്താവിനെ പരീക്ഷിക്കരുത്' [c] എന്നുകൂടി
എഴുതിയിരിക്കുന്നു" എന്ന് ഉത്തരം പറഞ്ഞു.

8വീണ്ടും, പിശാച് അദ്ദേഹത്തെ വളരെ ഉയ
ർന്ന ഒരു മലയിലേക്കു കൂട്ടിക്കൊണ്ടുപോയി.
ലോകത്തിലെ സകല രാജ്യങ്ങളും അവയുടെ
മഹത്ത്വവും അദ്ദേഹത്തെ കാണിച്ചു.

9"അങ്ങ് എന്നെ താണുവീണു നമസ്കരി
ച്ചാൽ ഇവയെല്ലാം ഞാൻ അങ്ങേയ്ക്കു തരാം"-
അവൻ പറഞ്ഞു.

10യേശു അവനോട്: "സാത്താനേ, എന്നെ വി
ട്ടുപോകൂ. 'നിന്റെ ദൈവമായ കർത്താവിനെ
ആരാധിച്ച് അവിടുത്തെ മാത്രമേ സേവിക്കാവൂ' [d]
എന്ന് എഴുതിയിരിക്കുന്നു" എന്നു പറഞ്ഞു.

11 അപ്പോൾ പിശാച് അദ്ദേഹത്തെ വിട്ടു
പോയി ; ദൂതന്മാർ വന്ന് അദ്ദേഹത്തെ ശുശ്രൂഷിച്ചു.

യേശു തന്റെ ശുശ്രൂഷ ആരംഭിക്കുന്നു

12യോഹന്നാൻ തടവിലാക്കപ്പെട്ടു എന്നു കേട്ട്
യേശു ഗലീലയ്ക്കു മടങ്ങി. 13അദ്ദേഹം നസറേ
ത്ത് വിട്ടു കഫർന്നഹൂമിൽ ചെന്നു പാർത്തു. അത്
സെബൂലൂന്റെയും നഫ്താലിയുടെയും പ്രദേശ
ത്ത് തടാകതീരത്ത് സ്ഥിതി ചെയ്തിരുന്നു.

14"കടൽക്കരെയുള്ള
സെബൂലൂൻ ദേശവും,
നഫ്താലിദേശവും,
യോർദ്ദാനക്കരെയുള്ള
നാടും വിജാതീയരുടെ ഗലീലയും -
ഇങ്ങനെ
15അന്ധകാരത്തിൽ ജീവിക്കുന്ന
ജനം വലിയൊരു പ്രകാശം ദർശിച്ചു.
മരണനിഴലിന്റെ ദേശത്തു ജീവിക്കു
ന്നവരുടെമേൽ പ്രകാശം ഉദിച്ചു" [e]

16എന്നിങ്ങനെ യെശയ്യാപ്രവാചകൻ അരുളി
ച്ചെയ്തിരുന്നതു നിറവേറി.

17ആ സമയംമുതൽ യേശു, "സ്വർഗ്ഗരാജ്യം
സമീപമാകയാൽ മാനസാന്തരപ്പെടുവിൻ" എന്നു
പ്രസംഗിച്ചു തുടങ്ങി.

ആദ്യശിഷ്യന്മാരെ വിളിക്കുന്നു

18യേശു ഗലീലക്കടലിന്റെ തീരത്തുകൂടി
നടക്കുമ്പോൾ പത്രൊസ് എന്നു വിളിക്കുന്ന
ശിമോൻ, അയാളുടെ സഹോദരനായ അന്ത്രെ
യാസ് എന്നീ രണ്ടു സഹോദരന്മാരെ കണ്ടു.
മീൻപിടുത്തക്കാരായ അവർ തടാകത്തിൽ വല
യിറക്കുകയായിരുന്നു. 19"എന്നെ അനുഗമിക്കു
വിൻ, ഞാൻ നിങ്ങളെ മനുഷ്യരെ പിടിക്കുന്ന
വരാക്കും" യേശു പറഞ്ഞു. 20ഉടനെ അവർ വല
ഉപേക്ഷിച്ച് അദ്ദേഹത്തെ അനുഗമിച്ചു.

21അവിടെനിന്നു മുമ്പോട്ടു പോകുമ്പോൾ
അദ്ദേഹം സെബെദിയുടെ മകനായ യാക്കോബ്,
അയാളുടെ സഹോദരനായ യോഹന്നാൻ
എന്നിങ്ങനെ വേറെ രണ്ടു സഹോദരന്മാരെ
കണ്ടു. അവർ തങ്ങളുടെ അപ്പനായ സെ
ബെദിയോടൊപ്പം വഞ്ചിയിലിരുന്ന് വല നന്നാ
ക്കുകയായിരുന്നു. യേശു അവരെ വിളിച്ചു;
22അവർ പെട്ടെന്നു വഞ്ചി ഉപേക്ഷിച്ച്, തങ്ങളുടെ
പിതാവിനെ വിട്ട് അദ്ദേഹത്തെ അനുഗമിച്ചു.

യേശു രോഗികളെ സുഖപ്പെടുത്തുന്നു

23യേശു അവരുടെ പള്ളികളിൽ ഉപദേശിച്ചും
രാജ്യത്തിന്റെ സുവിശേഷം പ്രസംഗിച്ചും ജന
ങ്ങളുടെ സകല രോഗങ്ങളും വ്യാധികളും
സൗഖ്യമാക്കിയുംകൊണ്ട് ഗലീലയിൽ എല്ലാ
യിടത്തും സഞ്ചരിച്ചു. 24അദ്ദേഹത്തെക്കുറിച്ചുള്ള
വാർത്ത സിറിയയിൽ എങ്ങും പ്രചരിച്ചു.
വിവിധരോഗങ്ങളാൽ വലഞ്ഞവർ, അതി
വേദന അനുഭവിക്കുന്നവർ, ഭൂതഗ്രസ്തർ,
അപസ്മാര രോഗികൾ, പക്ഷവാതക്കാർ
എന്നിവരെയെല്ലാം അദ്ദേഹത്തിന്റെ അടുക്കൽ
കൊണ്ടുവരികയും അദ്ദേഹം അവരെ
സുഖപ്പെടുത്തുകയും ചെയ്തു. 25ഗലീല,
ദെക്കപ്പൊലി [f] യെരൂശലേം, യഹൂദ്യാ, യോർ
ദ്ദാന്റെ അക്കരെയുള്ള പ്രദേശം എന്നിവി
ടങ്ങളിൽനിന്നുള്ള വലിയ ജനസമൂഹം
അദ്ദേഹത്തെ അനുഗമിച്ചു.

[a] 4 ആവർത്തനം 8:3 [b] 6 സങ്കീർത്തനം 91:11,12 [c] 7 ആവർത്തനം 6:16 [d] 10 ആവർത്തനം 6:13
[e] 15 യെശയ്യാവ് 9:1,2 [f] 25 അതായത്, *പത്ത് നഗരങ്ങൾ*

ഗിരിപ്രഭാഷണം

5 ജനക്കൂട്ടത്തെ കണ്ട് യേശു ഒരു മലയിലേക്കു കയറി അവിടെ ഇരുന്നു. ശിഷ്യന്മാർ അടുത്തു ചെന്നു. 2അദ്ദേഹം അവരെ ഇപ്രകാരം പഠിപ്പിച്ചു തുടങ്ങി:

3"ആത്മാവിൽ ദരിദ്രരായവർ
അനുഗൃഹീതർ;
സ്വർഗ്ഗരാജ്യം അവരുടേതാണ്.
4വിലപിക്കുന്നവർ അനുഗൃഹീതർ;
അവർക്ക് ആശ്വാസം ലഭിക്കും.
5സൗമ്യശീലർ അനുഗൃഹീതർ;
അവർ ഭൂമിയെ അവകാശമാക്കും.
6നീതിക്കായി വിശക്കുകയും ദാഹിക്കുകയും
ചെയ്യുന്നവർ അനുഗൃഹീതർ;
അവർ സംതൃപ്തരാകും.
7കരുണയുള്ളവർ അനുഗൃഹീതർ;
അവർക്കു കരുണ ലഭിക്കും.
8ഹൃദയശുദ്ധിയുള്ളവർ അനുഗൃഹീതർ;
അവർ ദൈവത്തെ കാണും.
9സമാധാനം ഉണ്ടാക്കുന്നവർ അനുഗൃഹീതർ;
അവർ ദൈവപുത്രർ
എന്നു വിളിക്കപ്പെടും.
10നീതിക്കുവേണ്ടി പീഡിപ്പിക്കപ്പെടുന്നവർ
അനുഗൃഹീതർ;
സ്വർഗ്ഗരാജ്യം അവർക്കുള്ളതാണ്.
11"ഞാൻ നിമിത്തം മനുഷ്യർ നിങ്ങളെ നിന്ദിക്കുകയും, പീഡിപ്പിക്കുകയും, നിങ്ങൾക്കെതിരെ എല്ലാവിധ ദോഷവും കളവായി പറയുകയും ചെയ്യുമ്പോൾ നിങ്ങൾ അനുഗൃഹീതർ. 12അപ്പോൾ സന്തോഷിച്ചുല്ലസിക്കുവിൻ; സ്വർഗ്ഗത്തിൽ നിങ്ങൾക്കുള്ള പ്രതിഫലം വലുതാണ്. നിങ്ങൾക്കു മുമ്പുണ്ടായിരുന്ന പ്രവാചകരെയും അവർ അങ്ങനെതന്നേ പീഡിപ്പിച്ചുവല്ലോ.

ഭൂമിയുടെ ഉപ്പും ലോകത്തിന്റെ പ്രകാശവും

13"നിങ്ങൾ ഭൂമിയുടെ ഉപ്പാകുന്നു, എന്നാൽ ഉപ്പിന് അതിന്റെ ഉപ്പുരസം നഷ്ടപ്പെട്ടുപോയാൽ അതിനെ വീണ്ടും ഉപ്പുരസമുള്ളതാക്കുവാൻ എങ്ങനെ കഴിയും? പുറത്തുകളഞ്ഞിട്ടു മനുഷ്യർ ചവിട്ടുവാനല്ലാതെ മറെറാന്നിനും അതു കൊള്ളുകയില്ല.

14"നിങ്ങൾ ലോകത്തിന്റെ വെളിച്ചമാകുന്നു. മലമുകളിലുള്ള പട്ടണത്തിനു മറഞ്ഞിരിക്കുവാൻ സാധ്യമല്ല. 15വിളക്കു കൊളുത്തി ആരും പറയുടെ കീഴിൽ വയ്ക്കാറില്ല, പിന്നെയോ തണ്ടിന്മേൽ വയ്ക്കുകയും അതു വീട്ടിലുള്ള എല്ലാവർക്കും പ്രകാശം നല്കുകയും ചെയ്യുന്നു. 16അതുപോലെ, മനുഷ്യർ നിങ്ങളുടെ സൽപ്രവൃത്തികൾ കണ്ടു നിങ്ങളുടെ സ്വർഗ്ഗസ്ഥപിതാവിനെ മഹത്ത്വപ്പെടുത്തേണ്ടതിനു നിങ്ങളുടെ വെളിച്ചം അവരുടെ മുമ്പിൽ പ്രകാശിക്കട്ടെ.

ന്യായപ്രമാണത്തിന്റെ പൂർത്തീകരണം

17"ന്യായപ്രമാണത്തെയോ പ്രവാചകരെയോ നീക്കിക്കളയുവാനാണു ഞാൻ വന്നതെന്നു ചിന്തിക്കരുത്; അവയെ നീക്കിക്കളയുവാനല്ല; പൂർത്തീകരിക്കുവാനാണു ഞാൻ വന്നത്. 18ആകാശവും ഭൂമിയും അപ്രത്യക്ഷമാകുവോളം, സകലവും നിറവേറുന്നതുവരെ ന്യായപ്രമാണത്തിലെ ഒരു വള്ളിക്കോ പുള്ളിക്കോ മാററം വരികയില്ല എന്നു ഞാൻ സത്യമായി നിങ്ങളോടു പറയുന്നു. 19ഈ കല്പനകളിൽ ഏറ്റവും ലഘുവായ ഒന്നെങ്കിലും ലംഘിക്കുകയും അപ്രകാരം ചെയ്യുവാൻ മറ്റുള്ളവരെ പഠിപ്പിക്കുകയും ചെയ്യുന്നവൻ സ്വർഗ്ഗരാജ്യത്തിൽ ഏറവും ചെറിയവനായി ഗണിക്കപ്പെടും; എന്നാൽ ഈ കല്പനകൾ ആചരിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നവൻ സ്വർഗ്ഗരാജ്യത്തിൽ വലിയവൻ എന്നു വിളിക്കപ്പെടും. 20നിങ്ങളുടെ നീതി പരീശന്മാരുടെയും വേദജ്ഞരുടെയും നീതിയെ അതിലംഘിക്കുന്നില്ലെങ്കിൽ നിങ്ങൾ നിശ്ചയമായും സ്വർഗ്ഗരാജ്യത്തിൽ കടക്കുകയില്ല എന്നു ഞാൻ സത്യമായി നിങ്ങളോടു പറയുന്നു.

കോപവും കൊലപാതകവും

21"'കൊല ചെയ്യരുത്'[a]; കൊല ചെയ്യുന്നവൻ ന്യായവിധിയിൽ അകപ്പെടും' എന്നു പൂർവ്വികരോടു പറഞ്ഞിട്ടുള്ളതു നിങ്ങൾ കേട്ടിട്ടുണ്ടല്ലോ. 22എന്നാൽ ഞാൻ നിങ്ങളോടു പറയുന്നു: സഹോദരനോടു കോപിക്കുന്നവൻ[b]ന്യായവിധിക്കു വിധേയനാകും. തന്റെ സഹോദരനോടു 'നിസ്സാര' എന്നു പറയുന്നവൻ ന്യായാധിപസംഘത്തോട് ഉത്തരം പറയേണ്ടിവരും; 'ഭോഷാ' എന്നു വിളിക്കുന്നവൻ നരകാഗ്നിക്ക് ഇരയാകും.

23 അതുകൊണ്ട്, നീ യാഗപീഠത്തിൽ വഴിപാട് അർപ്പിക്കുവാൻ വരുമ്പോൾ സഹോദരനു നിനക്കെതിരേ എന്തെങ്കിലും ഉള്ളതായി അവിടെവച്ച് ഓർമ്മ വന്നാൽ 24നിന്റെ വഴിപാട് യാഗപീഠത്തിനുമുമ്പിൽ വച്ചിട്ട് ഒന്നാമതു ചെന്നു സഹോദരനോടു രമ്യപ്പെടുക; പിന്നീടു വന്നു നിന്റെ വഴിപാട് അർപ്പിക്കുക.

25"നിന്നെ കോടതിയിലേക്കു കൊണ്ടുപോകുന്ന എതിരാളിയുമായി വഴിയിൽവച്ചുതന്നേ രമ്യപ്പെടുക. അല്ലെങ്കിൽ അവൻ നിന്നെ ന്യായാധിപനെ ഏല്പിക്കുകയും ന്യായാധിപൻ നിന്നെ ഉദ്യോഗസ്ഥനു വിട്ടുകൊടുക്കുകയും അയാൾ നിന്നെ തടവിലാക്കുകയും ചെയ്തെന്നു

[a] 5:21 പുറപ്പാട് 20:13
[b] 22 ചില കയ്യെഴുത്തുപ്രതികളിൽ, *സഹോദരനോടു കാരണം കൂടാതെ കോപിക്കുന്നവൻ* എന്നുമുണ്ട്.

വരാം. 26അവസാനത്തെ പൈസയും [a] കൊടുത്തു തീർക്കാതെ നീ അവിടെനിന്നു പുറത്തു വരികയില്ല എന്നു ഞാൻ സത്യമായിട്ടു നിന്നോടു പറയുന്നു.

വ്യഭിചാരം

27“ ‘വ്യഭിചാരം ചെയ്യരുത് ’ [b] എന്നു പറഞ്ഞിട്ടുള്ളതു നിങ്ങൾ കേട്ടിട്ടുണ്ടല്ലോ. 28എന്നാൽ ഞാൻ നിങ്ങളോടു പറയുന്നു: ദുർമോഹത്തോടെ ഒരു സ്ത്രീയെ നോക്കുന്നവൻ തന്റെ ഹൃദയത്തിൽ അവളുമായി വ്യഭിചാരം ചെയ്തുകഴിഞ്ഞിരിക്കുന്നു. 29നിന്റെ വലത്തു കണ്ണു പാപത്തിനു കാരണമാകുന്നുവെങ്കിൽ അതു ചൂഴ്ന്നെടുത്ത് എറിഞ്ഞുകളയുക. നിന്റെ ശരീരം മുഴുവനും നരകത്തിൽ തള്ളപ്പെടുന്നതിനെക്കാൾ ഒരവയവം നഷ്ടപ്പെടുന്നതാണു നിനക്കു നല്ലത്. 30നിന്റെ വലത്തുകൈ പാപത്തിനു കാരണമാകുന്നുവെങ്കിൽ അതു വെട്ടി ദൂരെയെറിഞ്ഞു കളയുക. നിന്റെ ശരീരം മുഴുവൻ നരകത്തിൽ പോകുന്നതിനെക്കാൾ ഒരവയവം നഷ്ടമാകുന്നതാണു നിനക്കു നല്ലത്.

വിവാഹമോചനം

31“ ‘ഭാര്യയെ ഉപേക്ഷിക്കുന്നവൻ അവൾക്കൊരു ഉപേക്ഷണപത്രം കൊടുത്തിരിക്കണം’ [c] എന്നു പറഞ്ഞിട്ടുണ്ടല്ലോ. 32എന്നാൽ ഞാൻ നിങ്ങളോടു പറയുന്നു: വിവാഹബന്ധത്തിലെ അവിശ്വസ്തതകൊണ്ടല്ലാതെ ആരെങ്കിലും ഭാര്യയെ ഉപേക്ഷിക്കുന്നുവെങ്കിൽ അവൻ അവളെ വ്യഭിചാരിണിയാക്കുകയാണ്; ഉപേക്ഷിക്കപ്പെട്ടവളെ വിവാഹം കഴിക്കുന്നവനും വ്യഭിചാരം ചെയ്യുന്നു.

ആണയിടുന്നതിനെക്കുറിച്ച്

33“ശപഥം ചെയ്തതു ലംഘിക്കരുതെന്നും ദൈവത്തോടുചെയ്ത ശപഥം നിറവേറണമെന്നും പൂർവ്വികരോടു കല്പിച്ചിട്ടുള്ളതു നിങ്ങൾ കേട്ടിട്ടുണ്ടല്ലോ. 34എന്നാൽ ഞാൻ നിങ്ങളോടു പറയുന്നു, ആണയിടുകയേ അരുത്. സ്വർഗ്ഗത്തെക്കൊണ്ട് ആണയിടരുത്; അതു ദൈവത്തിന്റെ സിംഹാസനം; 35ഭൂമിയെക്കൊണ്ടരുത്; അതു ദൈവത്തിന്റെ പാദപീഠം. യെരൂശലേമിനെക്കൊണ്ടും അരുത്; അതു മഹാരാജാവിന്റെ നഗരം. 36നിങ്ങളുടെ തലയെക്കൊണ്ട് ആണയിടരുത്; കാരണം ഒരു മുടിയെങ്കിലും വെളുപ്പിക്കാനോ കറുപ്പിക്കാനോ നിങ്ങൾക്കു കഴിവില്ല. 37നിങ്ങളുടെ ‘ഉവ്വ് ’എന്നത് ‘ഉവ്വ് ’ എന്നു തന്നെയായിരിക്കട്ടെ. ‘ഇല്ല’, എന്നത് ‘ഇല്ല’ എന്നും. ഇതിൽ അധികമായതു ദുഷ്ടനിൽ നിന്നു വരുന്നു.

കണ്ണിനു പകരം കണ്ണ്

38“ ‘കണ്ണിനു പകരം കണ്ണ്, പല്ലിനുപകരം പല്ല് [d] ’ എന്നു പറഞ്ഞിട്ടുള്ളതു നിങ്ങൾ കേട്ടിട്ടുണ്ടല്ലോ. 39എന്നാൽ ഞാൻ നിങ്ങളോടു പറയുന്നു: ദുഷ്ടനെ എതിർക്കരുത്. ഒരുവൻ നിങ്ങളുടെ വലത്തെ ചെകിട്ടത്തടിച്ചാൽ മറ്റേ ചെകിടും കാണിച്ചുകൊടുക്കുക. 40ആരെങ്കിലും നിങ്ങളുടെ വസ്ത്രത്തിനു വേണ്ടി വ്യവഹരിച്ചാൽ അവനു നിങ്ങളുടെ മേലങ്കിയുംകൂടെ വിട്ടു കൊടുക്കുക. 41ആരെങ്കിലും ഒരു മൈൽ ദൂരം പോകാൻ നിങ്ങളെ നിർബ്ബന്ധിക്കുന്നുവെങ്കിൽ അയാളോടൊപ്പം രണ്ടു മൈൽ പോകുക. 42നിങ്ങളോടു യാചിക്കുന്നവനു കൊടുക്കുക. വായ്പ വാങ്ങുവാൻ ഇച്ഛിക്കുന്നവനിൽനിന്ന് ഒഴിഞ്ഞുമാറരുത്.

ശത്രുക്കളെ സ്നേഹിക്കുവിൻ

43“ ‘അയൽക്കാരെ സ്നേഹിക്കണം’ [e] എന്നും ശത്രുവിനെ വെറുക്കണം എന്നും കല്പിച്ചിട്ടുള്ളതു നിങ്ങൾ കേട്ടിട്ടുണ്ടല്ലോ. 44എന്നാൽ ഞാൻ നിങ്ങളോടു പറയുന്നു: നിങ്ങളുടെ ശത്രുക്കളെ സ്നേഹിക്കുവിൻ, [f] നിങ്ങളെ പീഡിപ്പിക്കുന്നവർക്കുവേണ്ടി പ്രാർത്ഥിക്കുവിൻ; 45അങ്ങനെ നിങ്ങൾ നിങ്ങളുടെ സ്വർഗ്ഗസ്ഥപിതാവിന്റെ മക്കൾ ആയിത്തീരും. അവിടുന്നു ദുഷ്ടരുടെമേലും നല്ലവരുടെമേലും തന്റെ സൂര്യനെ ഉദിപ്പിക്കുകയും നീതിയുള്ളവരുടെമേലും നീതികെട്ടവരുടെമേലും മഴ പെയ്യിക്കുകയും ചെയ്യുന്നുവല്ലോ. 46നിങ്ങളെ സ്നേഹിക്കുന്നവരെമാത്രം സ്നേഹിച്ചാൽ നിങ്ങൾക്ക് എന്തു പ്രതിഫലമാണു ലഭിക്കുക? ചുങ്കക്കാർ പോലും അതു ചെയ്യുന്നുണ്ടല്ലോ! 47സ്വന്തം സഹോദരരെ മാത്രമാണു നിങ്ങൾ അഭിവാദനം ചെയ്യുന്നതെങ്കിൽ, മറ്റുള്ളവരെക്കാൾ കൂടുതലായി നിങ്ങൾ എന്താണു ചെയ്യുന്നത്? വിജാതീയർപോലും അതു ചെയ്യുന്നില്ലയോ? 48അതുകൊണ്ട്, നിങ്ങളുടെ സ്വർഗ്ഗസ്ഥപിതാവു സൽഗുണപൂർണ്ണനായിരിക്കുന്നതുപോലെ നിങ്ങളും സൽഗുണപൂർണ്ണരായിരിക്കുവിൻ.

ദാനധർമ്മങ്ങൾ

6 “മനുഷ്യർ കാണുവാൻവേണ്ടി നിങ്ങളുടെ നീതിപ്രവൃത്തികൾ അവരുടെ മുമ്പിൽവച്ചു

[a] 26 ഗ്രീക്കിൽ, കൊദ്രാന്റ് [b] 27 പുറപ്പാട് 20:14 [c] 31 ആവർത്തനം 24:1
[d] 38 പുറപ്പാട് 21:24; ലേവ്യ 24:20; ആവർത്തനം 19:21 [e] 43 ലേവ്യ 19:18
[f] 44 ചില കയ്യെഴുത്തുപ്രതികളിൽ, *നിങ്ങളുടെ ശത്രുക്കളെ സ്നേഹിക്കുവിൻ, നിങ്ങളെ ശപിക്കുന്നവരെ അനുഗ്രഹിക്കുവിൻ, വെറുക്കുന്നവർക്കു നന്മ ചെയ്യുവിൻ* എന്നു കാണുന്നു.

ചെയ്യാതിരിപ്പാൻ സൂക്ഷിക്കുവിൻ; അങ്ങനെ
ചെയ്താൽ സ്വർഗ്ഗസ്ഥപിതാവിൽനിന്നു നിങ്ങ
ൾക്കു യാതൊരു പ്രതിഫലവും ലഭിക്കുകയില്ല.
2"അതുകൊണ്ടു, മനുഷ്യരുടെ പ്രശംസ
യ്ക്കുവേണ്ടി കപടഭക്തർ പള്ളികളിലും
തെരുവുകളിലും ചെയ്യുന്നതുപോലെ, നിങ്ങൾ
ദാനം കൊടുക്കുമ്പോൾ കാഹളമൂതി അതു
പ്രസിദ്ധമാക്കരുത്. അവർക്കു മുഴുവൻ പ്രതി
ഫലവും കിട്ടിക്കഴിഞ്ഞിരിക്കുന്നു എന്നു ഞാൻ
സത്യമായി നിങ്ങളോടു പറയുന്നു. 3എന്നാൽ
നിങ്ങൾ ദാനം ചെയ്യുമ്പോൾ, നിങ്ങളുടെ വലത്തു
കൈ ചെയ്യുന്നത് ഇടത്തു കൈ അറിയരുത്. 4നി
ങ്ങളുടെ ദാനം രഹസ്യത്തിലായിരിക്കട്ടെ. രഹ
സ്യത്തിൽ ചെയ്യുന്നതു കാണുന്ന നിങ്ങളുടെ
പിതാവു നിങ്ങൾക്കു പ്രതിഫലം നല്കും.

പ്രാർത്ഥന

5"പ്രാർത്ഥിക്കുമ്പോൾ നിങ്ങൾ കപടഭക്ത
രെപ്പോലെ ആകരുത്. മനുഷ്യർ കാണുന്നതിനു
വേണ്ടി പള്ളികളിലും തെരുക്കോണുകളിലും
നിന്നുകൊണ്ടു പ്രാർത്ഥിക്കുവാൻ അവർ ഇഷ്ട
പ്പെടുന്നു. അവർക്ക് അവരുടെ പ്രതിഫലം
പൂർണ്ണമായി ലഭിച്ചു കഴിഞ്ഞിരിക്കുന്നു എന്നു
ഞാൻ സത്യമായി നിങ്ങളോടു പറയുന്നു.
6എന്നാൽ നിങ്ങൾ പ്രാർത്ഥിക്കുമ്പോൾ, നിങ്ങ
ളുടെ മുറിയിൽ പ്രവേശിച്ചു, കതകടച്ചു നിങ്ങളുടെ
അദൃശ്യനായ പിതാവിനോടു പ്രാർത്ഥിക്കുവിൻ.
അപ്പോൾ രഹസ്യത്തിൽ ചെയ്യുന്നതു കാണുന്ന
നിങ്ങളുടെ പിതാവു നിങ്ങൾക്കു പ്രതിഫലം
നല്കും. 7നിങ്ങൾ പ്രാർത്ഥിക്കുമ്പോൾ വിജാതീ
യരെപ്പോലെ വൃഥാജല്പനം ചെയ്യരുത്. അതി
ഭാഷണത്താൽ പ്രാർത്ഥന കേൾക്കപ്പെടുമെ
ന്നാണ് അവരുടെ വിചാരം. 8അവരെപ്പോലെ
ആകരുത്; എന്തെന്നാൽ നിങ്ങൾ അപേക്ഷിക്കു
ന്നതിനുമുമ്പുതന്നേ നിങ്ങളുടെ ആവശ്യം
എന്തെന്നു നിങ്ങളുടെ പിതാവ് അറിയുന്നുണ്ട്.
9"അതുകൊണ്ട് നിങ്ങൾ ഇപ്രകാരം
പ്രാർത്ഥിക്കണം:
' സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ,
അങ്ങയുടെ നാമം വിശുദ്ധീകരിക്കപ്പെടണമേ;
10അങ്ങയുടെ രാജ്യം വരണമേ,
അങ്ങയുടെ ഹിതം സ്വർഗ്ഗത്തിലെപ്പോലെ
ഭൂമിയിലും ആകണമേ.
11ദിനംപ്രതി വേണ്ട ആഹാരം ഇന്നു
ഞങ്ങൾക്കു തരണമേ.
12ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ
ക്ഷമിച്ചിരിക്കുന്നതുപോലെ ഞങ്ങളുടെ
കടങ്ങൾ ഞങ്ങളോടും ക്ഷമിക്കണമേ.
13പരീക്ഷയിലേക്കു ഞങ്ങളെ നയിക്കാതെ,
ദുഷ്ടനിൽനിന്നു ഞങ്ങളെ വിടുവിക്കണമേ,
എന്തെന്നാൽ രാജ്യവും ശക്തിയും
മഹത്വവും എന്നേക്കും
അവിടുത്തേതല്ലോ, ആമേൻ [a].
14"നിങ്ങളോടു പാപം ചെയ്യുന്ന മനുഷ്യരോടു
നിങ്ങൾ ക്ഷമിക്കുമെങ്കിൽ സ്വർഗ്ഗസ്ഥനായ
പിതാവ് നിങ്ങളോടും ക്ഷമിക്കും. 15എന്നാൽ
മനുഷ്യരോട്, അവരുടെ പാപങ്ങൾ നിങ്ങൾ
ക്ഷമിക്കുന്നില്ലെങ്കിൽ നിങ്ങളുടെ പിതാവ്
നിങ്ങളുടെ പാപങ്ങളും ക്ഷമിക്കുകയില്ല.

ഉപവാസം

16"ഉപവസിക്കുമ്പോൾ നിങ്ങൾ കപടഭക്ത
രെപ്പോലെ മ്ലാനമുഖം കാണിക്കരുത്; തങ്ങൾ
ഉപവസിക്കുകയാണെന്നു മനുഷ്യരെ കാണിക്കു
ന്നതിനുവേണ്ടി അവർ മുഖം വിരൂപമാക്കുന്നു.
ഞാൻ നിങ്ങളോടു സത്യം പറയട്ടെ, അവരുടെ
മുഴുവൻ പ്രതിഫലവും അവർക്കു ലഭിച്ചു
കഴിഞ്ഞിരിക്കുന്നു. 17എന്നാൽ നിങ്ങൾ ഉപവസി
ക്കുമ്പോൾ തലയിൽ എണ്ണ തേയ്ക്കുകയും മുഖം
കഴുകുകയും ചെയ്യുവിൻ. 18അപ്പോൾ, നിങ്ങൾ
ഉപവസിക്കുകയാണെന്നു മനുഷ്യർ അറി
യാതിരിക്കുകയും അദൃശ്യനായ നിങ്ങളുടെ
പിതാവ് അതു കാണുകയും ചെയ്യും. രഹസ്യ
ത്തിൽ ചെയ്യുന്നതു കാണുന്ന നിങ്ങളുടെ
പിതാവ് നിങ്ങൾക്കു പ്രതിഫലം നല്കും.

സ്വർഗ്ഗത്തിലെ നിക്ഷേപങ്ങൾ

19"കീടങ്ങളും തുരുമ്പും നശിപ്പിക്കുകയും
കള്ളന്മാർ കയറി മോഷ്ടിക്കുകയും ചെയ്യുന്ന
ഈ ഭൂമിയിൽ നിങ്ങൾ നിക്ഷേപം സംഭരിച്ചു
വയ്ക്കരുത്. 20എന്നാൽ കീടങ്ങളും തുരുമ്പും
നശിപ്പിക്കാതെയും കള്ളന്മാർ കയറി കവർച്ച
ചെയ്യാതെയും ഇരിക്കുന്ന സ്വർഗ്ഗത്തിൽ നിക്ഷേ
പം സംഭരിക്കുവിൻ. 21നിന്റെ നിക്ഷേപം എവി
ടെയോ അവിടെ നിന്റെ ഹൃദയവും ഇരിക്കും.
22"ശരീരത്തിന്റെ വിളക്കു കണ്ണാണ്. നിന്റെ
കണ്ണു നല്ലതെങ്കിൽ ശരീരം മുഴുവനും പ്രകാശം
നിറഞ്ഞതായിരിക്കും. 23നിന്റെ കണ്ണു ചീത്ത
യെങ്കിൽ ശരീരം മുഴുവൻ ഇരുട്ടു നിറഞ്ഞതാ
യിരിക്കും. നിന്നിലുള്ള വെളിച്ചം ഇരുട്ടാണെങ്കിൽ
ആ ഇരുട്ട് എത്ര വലിയതായിരിക്കും!

24"രണ്ട് യജമാനന്മാരെ സേവിക്കുവാൻ
ആർക്കും സാധ്യമല്ല. ഒന്നുകിൽ, അവൻ ഒരുവ
നെ ദ്വേഷിച്ച് മറ്റവനെ സ്നേഹിക്കും; അല്ലെങ്കിൽ,
ഒന്നാമനോട് പറ്റിച്ചേർന്ന് മറ്റവനെ തള്ളിക്കയും.
നിങ്ങൾക്കു ദൈവത്തെയും ധനത്തെയും
സേവിക്കാൻ സാധ്യമല്ല.

[a] 13 ചില കൈയ്യെഴുത്തുപ്രതികളിൽ ഈ ഭാഗം കാണുന്നില്ല.

ആകുലചിത്തരാകരുത്

25"അതുകൊണ്ട് ഞാൻ നിങ്ങളോടു പറയുന്നു: എന്തു തിന്നും, എന്തു കുടിക്കും എന്നു
ജീവിതത്തെക്കുറിച്ചും എന്ത് ഉടുക്കും എന്നു ശരീരത്തെക്കുറിച്ചും നിങ്ങൾ വ്യാകുലപ്പെടരുത്.
ആഹാരത്തെക്കാൾ ജീവിതവും വസ്ത്രത്തെക്കാൾ ശരീരവും പ്രധാനമാണല്ലോ. 26ആകാശത്തിലെ പക്ഷികളെ നോക്കുവിൻ. അവ വിതയ്ക്കുന്നില്ല, കൊയ്യുന്നില്ല, കളപ്പുരകളിൽ ശേഖരിച്ചു വയ്ക്കുന്നുമില്ല; എങ്കിലും നിങ്ങളുടെ സ്വർഗ്ഗസ്ഥപിതാവ് അവയ്ക്കു ഭക്ഷണം നല്കുന്നു.
അവയെക്കാൾ നിങ്ങൾ എത്രയോ വിലപ്പെട്ടവരാണ്. 27വ്യാകുലപ്പെടുന്നതിനാൽ ജീവിതത്തോട് ഒരു മണിക്കൂർ [a] കൂട്ടിച്ചേർക്കുവാൻ നിങ്ങളിൽ ആർക്കെങ്കിലും കഴിയുമോ?
28'ലില്ലിച്ചെടികൾ എങ്ങനെ വളരുന്നു എന്നു ചിന്തിക്കുവിൻ! അവ അധ്വാനിക്കുന്നില്ല, നൂല്ക്കുന്നതുമില്ല. 29എങ്കിലും ശലോമോൻ പോലും തന്റെ സകല പ്രഭാവത്തിലും ഇവയിൽ ഒന്നിനെപ്പോലെ അണിഞ്ഞൊരുങ്ങിയിരുന്നില്ല എന്നു ഞാൻ നിങ്ങളോടു പറയുന്നു.
30ഇന്നുള്ളതും നാളെ തീയിൽ ഇട്ടു കളയുന്നതുമായ പുല്ലിനെ ദൈവം ഇങ്ങനെ അണിയിക്കുന്നുവെങ്കിൽ, അല്പവിശ്വാസികളേ, നിങ്ങളെ എത്രയധികം! 31അതുകൊണ്ട്, 'ഞങ്ങളെന്തു തിന്നും, എന്തു കുടിക്കും, എന്തു ധരിക്കും' എന്നിങ്ങനെ പറഞ്ഞുകൊണ്ടു വ്യാകുലപ്പെടരുത്. 32വിജാതീയരാണ് ഈ വക അന്വേഷിക്കുന്നത്. ഇവയൊക്കെയും നിങ്ങൾക്ക് ആവശ്യമാണെന്നു നിങ്ങളുടെ സ്വർഗ്ഗസ്ഥ പിതാവിനറിയാം. 33മുമ്പേ അവിടുത്തെ രാജ്യവും നീതിയും അന്വേഷിക്കുവിൻ; അതോടുകൂടെ ഇതൊക്കെയും നിങ്ങൾക്കു നല്കപ്പെടും.
34അതുകൊണ്ട്, നാളെയെക്കുറിച്ചു വ്യാകുലചിത്തരാകരുത്; നാളത്തെ ദിവസം അതിനായിത്തന്നേ വ്യാകുലപ്പെട്ടുകൊള്ളും; ഓരോ ദിവസത്തിനും അതിന്റേതായ ക്ലേശങ്ങൾ ഉണ്ടല്ലോ.

അന്യരെ വിധിക്കരുത്

7 "വിധിക്കരുത്, എന്നാൽ നിങ്ങളും വിധിക്കപ്പെടുകയില്ല. 2നിങ്ങൾ മറ്റുള്ളവരെ വിധിക്കുന്നതുപോലെതന്നേ നിങ്ങളും വിധിക്കപ്പെടും. നിങ്ങൾ ഉപയോഗിക്കുന്ന അളവു കൊണ്ടു നിങ്ങൾക്കും അളന്നുകിട്ടും.
3"സഹോദരന്റെ കണ്ണിലെ കരടു നീ കാണുകയും സ്വന്തം കണ്ണിലെ കോൽ കാണാതിരിക്കുകയും ചെയ്യുന്നതെന്തുകൊണ്ട്? 4നിന്റെ സ്വന്തം കണ്ണിൽ ഒരു കോൽ ഇരിക്കുമ്പോൾ സഹോദരനോട്, 'നിന്റെ കണ്ണിലെ കരട് എടുത്തുകളയട്ടെ' എന്നു പറയുവാൻ നിനക്കെങ്ങനെ കഴിയും? 5ഹേ, കപടഭക്തനായ മനുഷ്യാ, ആദ്യം നിന്റെ കണ്ണിലെ കോൽ എടുത്തുകളയുക. അപ്പോൾ സഹോദരന്റെ കണ്ണിലെ കരട് എടുത്തുകളയുവാൻ തക്കവണ്ണം തെളിവായി കാണുവാൻ നിനക്കു കഴിയും.
6"വിശുദ്ധമായതു നായ്ക്കൾക്കു കൊടുക്കരുത്; നിങ്ങളുടെ മുത്തുകൾ പന്നികളുടെ മുമ്പിൽ എറിയുകയുമരുത്. ആ മുത്തുകൾ അവ ചവിട്ടിക്കളയുകയും പിന്നീടു നിങ്ങളുടെ നേർക്കുതിരിഞ്ഞു നിങ്ങളെ ചീന്തിക്കളയുകയും ചെയ്യും.

ചോദിക്കുക, അന്വേഷിക്കുക, മുട്ടുക

7"ചോദിക്കുവിൻ, എന്നാൽ നിങ്ങൾക്കു ലഭിക്കും; അന്വേഷിപ്പിൻ, എന്നാൽ നിങ്ങൾ കണ്ടെത്തും; മുട്ടുവിൻ, എന്നാൽ നിങ്ങൾക്കു തുറന്നുകിട്ടും. 8ചോദിക്കുന്ന ഏവനും ലഭിക്കുന്നു; അന്വേഷിക്കുന്നവൻ കണ്ടെത്തുന്നു; മുട്ടുന്നവനു വാതിൽ തുറക്കപ്പെടുന്നു.
9മകൻ അപ്പം ചോദിച്ചാൽ നിങ്ങളിൽ ആരെങ്കിലും അവനു കല്ലു കൊടുക്കുമോ? 10മീൻ ചോദിച്ചാൽ അവനു പാമ്പിനെ കൊടുക്കുമോ? 11നിങ്ങൾ ദോഷികളെങ്കിലും നിങ്ങളുടെ മക്കൾക്കു നല്ല ദാനങ്ങൾ കൊടുക്കേണ്ടതെങ്ങനെയെന്ന് അറിയുന്നുവെങ്കിൽ, സ്വർഗ്ഗസ്ഥപിതാവ് തന്നോട് അപേക്ഷിക്കുന്നവർക്കു നല്ല ദാനങ്ങൾ എത്രയധികം നല്കും! 12അങ്ങനെ എല്ലാക്കാര്യങ്ങളിലും, മറ്റുള്ളവർ നിങ്ങൾക്കു ചെയ്തുതരണമെന്നു നിങ്ങൾ ആഗ്രഹിക്കുന്നതു നിങ്ങൾ അവർക്കു ചെയ്തുകൊടുക്കുവിൻ; ന്യായപ്രമാണവും പ്രവാചകന്മാരും ഇതുതന്നെ.

ഇടുങ്ങിയ വാതിൽ

13"ഇടുങ്ങിയ വാതിലിലൂടെ അകത്തു പ്രവേശിക്കുവിൻ. നാശത്തിലേക്കു നയിക്കുന്ന വാതിൽ വീതിയുള്ളതും വഴി വിശാലവും ആണ്; അനേകർ അതിലൂടെ പ്രവേശിക്കുന്നു. 14എന്നാൽ ജീവനിലേക്കു നയിക്കുന്ന വാതിൽ ഇടുക്കവും വഴി ഞെരുക്കവും ഉള്ളതാണ്; വളരെ ചുരുക്കംപേർ മാത്രമേ അതു കണ്ടെത്തുന്നുള്ളൂ.

വൃക്ഷവും അതിന്റെ ഫലവും

15"കള്ളപ്രവാചകരെ സൂക്ഷിച്ചുകൊൾവിൻ. അവർ ആടുകളുടെ വേഷത്തിൽ നിങ്ങളെ സമീപിക്കുന്നു; ഉള്ളിലോ അവർ ക്രൂരരായ ചെന്നായ്ക്കളാണ്. 16അവരുടെ ഫലംകൊണ്ടു നിങ്ങൾക്ക് അവരെ തിരിച്ചറിയാൻ കഴിയും. മുൾച്ചെടിയിൽനിന്നു മുന്തിരിപ്പഴവും ഞെരിഞ്ഞിലുകളിൽനിന്ന് അത്തിപ്പഴവും പറിക്കാറുണ്ടോ?

[a] 27 അഥവാ, *നാളത്തോട് ഒരടി*

17നല്ലവൃക്ഷം നല്ലഫലവും, ചീത്തവൃക്ഷം
ചീത്തഫലവും കായ്ക്കുന്നു. 18നല്ലവൃക്ഷത്തിനു
ചീത്തഫലവും ചീത്തവൃക്ഷത്തിനു നല്ലഫലവും
കായ്ക്കുവാൻ സാധ്യമല്ല. 19നല്ല ഫലം
പുറപ്പെടുവിക്കാത്ത ഏതു വൃക്ഷവും വെട്ടി
തീയിൽ ഇടുന്നു. 20അങ്ങനെ അവരുടെ
ഫലംകൊണ്ടു നിങ്ങൾക്ക് അവരെ തിരിച്ചറിയാം.
21"എന്നോടു 'കർത്താവേ, കർത്താവേ' എന്നു
പറയുന്ന ഏതൊരുവനുമല്ല, സ്വർഗ്ഗത്തിലുള്ള
എന്റെ പിതാവിന്റെ ഇഷ്ടം ചെയ്യുന്നവൻ
മാത്രമാണു സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുന്നത്.
22അന്ന്, പലരും എന്നോട്: 'കർത്താവേ,
കർത്താവേ, ഞങ്ങൾ അങ്ങയുടെ നാമത്തിൽ
പ്രവചിക്കുകയും അങ്ങയുടെ നാമത്തിൽ
ഭൂതങ്ങളെ പുറത്താക്കുകയും വളരെ അത്ഭുത
ങ്ങൾ പ്രവർത്തിക്കുകയും ചെയ്തില്ലേ?' എന്നു
പറയും. 23അപ്പോൾ ഞാൻ അവരോട്, 'ഞാൻ
നിങ്ങളെ ഒരിക്കലും അറിഞ്ഞിട്ടില്ല, അധർമ്മം
പ്രവർത്തിക്കുന്നവരേ, എന്നെ വിട്ടുപോകുവിൻ'
എന്നു തീർത്തു പറയും.

രണ്ടു വീടുപണിക്കാർ

24"അതുകൊണ്ട്, എന്റെ ഈ വചനങ്ങൾ
കേട്ടുചെയ്യുന്നവൻ പാറമേൽ വീടു പണിത
ബുദ്ധിയുള്ള മനുഷ്യനു തുല്യനാണ്. 25മഴ
പെയ്തു; വെള്ളം പൊങ്ങി; കാറ്റ് ആ വീടിന്മേൽ
ആഞ്ഞടിച്ചു; എങ്കിലും അതു പാറമേൽ അടി
സ്ഥാനം ഉള്ളതായിരുന്നതിനാൽ വീണില്ല.
26എന്നാൽ എന്റെ ഈ വാക്കുകൾ കേട്ടിട്ടും
അതനുസരിച്ചു ചെയ്യാത്തവൻ മണലിൽ വീടു
പണിത ഭോഷനായ മനുഷ്യനു തുല്യനാണ്. 27മഴ
പെയ്തു, വെള്ളം പൊങ്ങി, കാറ്റ് ആ വീടിന്മേൽ
ആഞ്ഞടിച്ചു; അതു വീണു; അതിന്റെ വീഴ്ച
വലിയതായിരുന്നു."

28യേശു ഈ കാര്യങ്ങൾ പറഞ്ഞു കഴിഞ്ഞ
പ്പോൾ അദ്ദേഹത്തിന്റെ ഉപദേശത്തിൽ ജനങ്ങൾ
ആശ്ചര്യപ്പെട്ടു. 29കാരണം, അവരുടെ വേദജ്ഞ
രെപ്പോലെയല്ല, പിന്നെയോ അധികാരമുള്ള
വനായിട്ടാണ് അദ്ദേഹം അവരെ പഠിപ്പിച്ചത്.

കുഷ്ഠരോഗി

8 അദ്ദേഹം മലയിൽനിന്ന് ഇറങ്ങിവന്നപ്പോൾ
വലിയ ജനസമൂഹം അദ്ദേഹത്തെ അനു
ഗമിച്ചു. 2ഒരു കുഷ്ഠരോഗി അദ്ദേഹത്തിന്റെ മുമ്പി
ൽവന്നു മുട്ടുകുത്തി, "കർത്താവേ, അങ്ങേയ്ക്കു
മനസ്സുണ്ടെങ്കിൽ എന്നെ ശുദ്ധനാക്കുവാൻ
കഴിയും" എന്നു പറഞ്ഞു.

3യേശു കൈനീട്ടി ആ മനുഷ്യനെ തൊട്ടു.
"എനിക്കു മനസ്സുണ്ട്, ശുദ്ധനാവുക" എന്നു
പറഞ്ഞു. തൽക്ഷണം കുഷ്ഠം അവനെ വിട്ടു
മാറി, അവൻ സുഖപ്പെട്ടു. [a] 4യേശു അവനോട്:
"നോക്കൂ, ആരോടും പറയരുത്, എന്നാൽ നീ
പോയി നിന്നെത്തന്നേ പുരോഹിതനു കാണിച്ചു
കൊടുത്തിട്ട് അവർക്കു സാക്ഷ്യത്തിനായി
മോശെ കല്പിച്ച വഴിപാട് അർപ്പിക്കുക" എന്നു
പറഞ്ഞു.

ശതാധിപന്റെ വിശ്വാസം

5യേശു കഫർന്നഹൂമിൽ പ്രവേശിച്ചപ്പോൾ ഒരു
ശതാധിപൻ സഹായം അഭ്യർത്ഥിച്ചുകൊണ്ട്
അദ്ദേഹത്തിന്റെ അടുക്കൽ എത്തി. 6അയാൾ
പറഞ്ഞു: "കർത്താവേ, എന്റെ ദാസൻ പക്ഷ
വാതം പിടിപെട്ടു വലിയ വേദന സഹിച്ചുകൊണ്ടു
വീട്ടിൽ കിടക്കുന്നു."

7യേശു അവനോട്: "ഞാൻ വന്ന് അവനെ
സുഖപ്പെടുത്തും" എന്നു പറഞ്ഞു.

8"കർത്താവേ, അങ്ങ് എന്റെ ഭവനത്തിൽ
വരുവാൻ എനിക്കു യോഗ്യതയില്ല, എന്നാൽ
അങ്ങ് ഒരു വാക്കു കല്പിച്ചാൽ എന്റെ ദാസനു
സൗഖ്യം വരും. 9ഞാനും അധികാരത്തിനു
കീഴ്പ്പെട്ടവനാണ്. എന്റെ കീഴിൽ പടയാളിക
ളുണ്ട്. ഒരുത്തനോടു ഞാൻ 'പോകൂ' എന്നു പറ
യുമ്പോൾ അവൻ പോകുന്നു. മറ്റൊരുത്തനോടു
'വരൂ' എന്നു പറയുമ്പോൾ അവൻ വരുന്നു. ഞാൻ
എന്റെ ദാസനോട് 'ഇതു ചെയ്യൂ' എന്നു
പറയുമ്പോൾ അവൻ ചെയ്യുന്നു" എന്നു
ശതാധിപൻ മറുപടി പറഞ്ഞു.

10ഇതു കേട്ട് യേശു ആശ്ചര്യപ്പെട്ടു, തന്നെ
അനുഗമിക്കുന്നവരോടു പറഞ്ഞു: "ഇത്ര വലിയ
വിശ്വാസം യിസ്രായേലിൽപ്പോലും ആരിലും
ഞാൻ കണ്ടിട്ടില്ല എന്നു സത്യമായി നിങ്ങളോടു
പറയുന്നു. 11കിഴക്കുനിന്നും പടിഞ്ഞാറുനിന്നും
അനേകർ വന്ന് അബ്രാഹാമിനോടും യിസ്ഹാ
ക്കിനോടും യാക്കോബിനോടുംകൂടെ സ്വർഗ്ഗ
രാജ്യത്തിൽ വിരുന്നിന് ഇരിക്കും. 12രാജ്യത്തിന്റെ
പുത്രന്മാരോ പുറത്ത് അന്ധകാരത്തിൽ
തള്ളപ്പെടും. അവിടെ കരച്ചിലും പല്ലുകടിയും
ഉണ്ടാകും എന്നു ഞാൻ നിങ്ങളോടു പറയുന്നു."

13പിന്നെ യേശു ശതാധിപനോട്: "പൊയ്
ക്കൊൾക, നീ വിശ്വസിച്ചതുപോലെ നിനക്കു ഭവി
ക്കട്ടെ" എന്നു പറഞ്ഞു. ആ സമയത്തുതന്നേ
അയാളുടെ ദാസനു സൗഖ്യം ലഭിച്ചു.

യേശു അനേകരെ സൗഖ്യമാക്കുന്നു

14യേശു പത്രൊസിന്റെ വീട്ടിൽ എത്തിയ
പ്പോൾ പത്രൊസിന്റെ അമ്മാവിയമ്മ പനി പിടിച്ചു
കിടപ്പിലായിരിക്കുന്നതു കണ്ടു. 15അദ്ദേഹം
അവളുടെ കൈ തൊട്ടു; പനി അവളെ വിട്ടു;
അവൾ എഴുന്നേറ്റ് അദ്ദേഹത്തെ പരിചരിച്ചു.

16സന്ധ്യയായപ്പോൾ, അനേകം ഭൂതഗ്ര

[a] 8:3 ഗ്രീക്കിൽ, *അവൻ ശുദ്ധനായി*

സ്തരെ അദ്ദേഹത്തിന്റെ അടുക്കൽ കൊണ്ടു വന്നു; ഒരു വാക്കുകൊണ്ട് അദ്ദേഹം ഭൂതങ്ങളെ പുറത്താക്കുകയും സകല രോഗികളെയും സുഖപ്പെടുത്തുകയും ചെയ്തു.

17"അദ്ദേഹം നമ്മുടെ
ബലഹീനതകളെ ഏറ്റെടുത്തു;
നമ്മുടെ വേദനകളെ ചുമന്നു" [a]

എന്നു യെശയ്യാപ്രവാചകനിലൂടെ അരുളി ചെയ്തിരുന്നതു നിറവേറുന്നതിനായി ഇതുസംഭവിച്ചു.

യേശുവിനെ അനുഗമിക്കുന്നവർ നല്കേണ്ട വില

18തന്റെ ചുറ്റുമുള്ള ജനസമൂഹത്തെ കണ്ടപ്പോൾ യേശു തടാകത്തിന്റെ മറുകരയിലേക്കു പോകാൻ നിർദ്ദേശം നല്കി. 19അപ്പോൾ ഒരു വേദജ്ഞൻ അദ്ദേഹത്തിന്റെ അടുക്കൽവന്ന്, "ഗുരോ, അങ്ങ് എവിടെപ്പോയാലും ഞാൻ അങ്ങയെ അനുഗമിക്കാം" എന്നു പറഞ്ഞു.

20അതിന് യേശു ''കുറുനരികൾക്കു മാളങ്ങളും ആകാശത്തിലെ പക്ഷികൾക്കു കൂടുകളും ഉണ്ട്; മനുഷ്യപുത്രനോ തല ചായ്ക്കാൻ ഇടമില്ല'' എന്ന് ഉത്തരം പറഞ്ഞു.

21ശിഷ്യന്മാരിൽ മറ്റൊരുവൻ അദ്ദേഹത്തോട്: " കർത്താവേ, ആദ്യം പോയി എന്റെ പിതാവിന്റെ ശവസംസ്കാരം നടത്തുവാൻ എന്നെ അനുവദിച്ചാലും" എന്നു പറഞ്ഞു.

22എന്നാൽ യേശു അവനോട്: "നീ എന്നെ അനുഗമിക്കുക, മരിച്ചവർ തങ്ങളുടെ മരിച്ചവരെ സംസ്കരിക്കട്ടെ" എന്നു പറഞ്ഞു.

യേശു കൊടുങ്കാറ്റിനെ ശാന്തമാക്കുന്നു

23പിന്നെ അദ്ദേഹം വഞ്ചിയിൽ കയറി. ശിഷ്യന്മാർ അദ്ദേഹത്തോടൊപ്പം യാത്രയായി. 24പെട്ടെന്നു തടാകത്തിൽ ഉഗ്രമായൊരു കൊടുങ്കാറ്റുണ്ടായി; വഞ്ചി മുങ്ങിപ്പോകുംവിധം തിരമാലകൾ ഉയർന്നു. യേശുവോ ഉറങ്ങുകയായിരുന്നു. 25ശിഷ്യന്മാർ ചെന്ന്, "കർത്താവേ, ഞങ്ങളെ രക്ഷിക്കേണമേ, ഞങ്ങൾ മുങ്ങിപ്പോകുന്നു" എന്നു പറഞ്ഞ് അദ്ദേഹത്തെ ഉണർത്തി.

26"അല്പവിശ്വാസികളേ, നിങ്ങൾ ഇത്ര ഭയപ്പെടുന്നതെന്ത്?" എന്നു പറഞ്ഞിട്ട് അദ്ദേഹം എഴുന്നേറ്റ് കാറ്റിനെയും തിരകളെയും ശാസിച്ചു; കടൽ പ്രശാന്തമായി.

27ആ മനുഷ്യർ ആശ്ചര്യപ്പെട്ടു; "ഇദ്ദേഹം ആര്? കാറ്റും തിരകളുംപോലും ഇദ്ദേഹത്തെ അനുസരിക്കുന്നുവല്ലോ!" അവർ പറഞ്ഞു.

രണ്ടു ഭൂതഗ്രസ്തരെ സൗഖ്യമാക്കുന്നു

28അദ്ദേഹം അക്കരെ ഗദര്[b] ദേശത്തു എത്തിയപ്പോൾ, ഭൂതം ബാധിച്ച രണ്ടുപേർ കല്ലറകളിൽനിന്ന് അദ്ദേഹത്തിനെതിരേ വന്നു. ആർക്കും അതുവഴി കടന്നുപോകുവാൻ സാധിക്കാത്തവിധം അവർ അത്യുഗ്രന്മാരായിരുന്നു. 29"ദൈവപുത്രാ, അങ്ങേയ്ക്കു ഞങ്ങളോട് എന്തു കാര്യം? നിശ്ചിതസമയത്തിനുമുമ്പേ ഞങ്ങളെ പീഡിപ്പിക്കുവാനോ അങ്ങു വന്നിരിക്കുന്നത്?" അവർ അട്ടഹസിച്ചു.

30അവരിൽനിന്നു കുറേ അകലെയായി ഒരു വലിയ പന്നിക്കൂട്ടം മേഞ്ഞുകൊണ്ടിരുന്നു. 31ഭൂതങ്ങൾ യേശുവിനോട്: "അങ്ങ് ഞങ്ങളെ പുറത്താക്കുന്നുവെങ്കിൽ പന്നിക്കൂട്ടത്തിലേക്കു ഞങ്ങളെ അയയ്ക്കേണമേ" എന്നു യാചിച്ചു.

32"പോകുവിൻ," അദ്ദേഹം അവരോടു കല്പിച്ചു. അവർ പുറപ്പെട്ടു പന്നികളിൽ പ്രവേശിച്ചു. അവ കൂട്ടമായി കടുംതൂക്കായ ചരിവിലൂടെ തടാകത്തിലേക്കു പാഞ്ഞുചെന്നു വെള്ളത്തിൽ ചാടി മുങ്ങിച്ചത്തു. 33പന്നികളെ മേയിച്ചിരുന്നവർ പട്ടണത്തിലേക്ക് ഓടിച്ചെന്നു ഭൂതഗ്രസ്തർക്കു സംഭവിച്ചതുൾപ്പെടെ എല്ലാ വിവരവും ആളുകളെ അറിയിച്ചു. 34പട്ടണത്തിലുള്ളവർ ഒന്നാകെ യേശുവിനെ കാണാൻ വന്നു. അദ്ദേഹത്തെ കണ്ടപ്പോൾ തങ്ങളുടെ ദേശം വിട്ടുപോകണമെന്ന് അവർ അപേക്ഷിച്ചു.

യേശു ഒരു പക്ഷവാതക്കാരനെ സുഖപ്പെടുത്തുന്നു

9 യേശു ഒരു വഞ്ചിയിൽ കയറി മറുകരയിൽ സ്വന്തം പട്ടണത്തിൽ എത്തി. 2ചിലർ ഒരു പക്ഷവാതക്കാരനെ കിടക്കയോടെ അദ്ദേഹത്തിന്റെ അടുക്കൽ കൊണ്ടുവന്നു. യേശു അവരുടെ വിശ്വാസം കണ്ടിട്ടു പക്ഷവാതക്കാരനോട്: "മകനേ, ധൈര്യപ്പെടുക; നിന്റെ പാപങ്ങൾ ക്ഷമിച്ചിരിക്കുന്നു" എന്നു പറഞ്ഞു.

3അപ്പോൾ ചില വേദജ്ഞർ, "ഈ മനുഷ്യൻ ദൈവദൂഷണം പറയുന്നു" എന്നു സ്വയം പറഞ്ഞു.

4യേശു അവരുടെ വിചാരങ്ങൾ മനസ്സിലാക്കിയിട്ട് അവരോടു പറഞ്ഞു: "നിങ്ങൾ ഹൃദയത്തിൽ ദോഷം നിരൂപിക്കുന്നതെന്ത്? 5'നിന്റെ പാപങ്ങൾ ക്ഷമിച്ചിരിക്കുന്നു' എന്നു പറയുന്നതോ 'എഴുന്നേറ്റു നടക്കുക' എന്നു പറയുന്നതോ ഏതാണ് എളുപ്പം? 6എന്നാൽ മനുഷ്യപുത്രനു ഭൂമിയിൽ പാപങ്ങൾ ക്ഷമിക്കാൻ അധികാരം ഉണ്ടെന്നു നിങ്ങൾ അറിയേണ്ടതിന്," അദ്ദേഹം പക്ഷവാതക്കാരനോട്: "എഴുന്നേറ്റു നിന്റെ കിടക്ക എടുത്തു വീട്ടിൽ പോകുക" എന്നു പറഞ്ഞു. 7ആ മനുഷ്യൻ എഴുന്നേറ്റു വീട്ടിലേക്കു പോയി. 8ജനസമൂഹം ഇതുകണ്ടു ഭയപ്പെട്ടു; മനുഷ്യർക്ക് ഇങ്ങനെയുള്ള അധികാരം നല്കിയ ദൈവത്തെ മഹത്ത്വപ്പെടുത്തി.

[a] 17 യെശയ്യാവ് 53:4 [b] 28 ചില കയ്യെഴുത്തുപ്രതികളിൽ, *ഗർഗ്ഗസേന*; മറ്റു ചിലതിൽ, *ഗരസേന*

മത്തായിയെ വിളിക്കുന്നു

9യേശു അവിടെനിന്നു മുമ്പോട്ടു പോകുമ്പോൾ മത്തായി എന്നു പേരുള്ള ഒരു മനുഷ്യൻ ചുങ്കസ്ഥലത്ത് ഇരിക്കുന്നതു കണ്ടു. യേശു അയാളോട്: "എന്നെ അനുഗമിക്കുക" എന്നു പറഞ്ഞു. അയാൾ ഉടനേ എഴുന്നേറ്റ് അദ്ദേഹത്തെ അനുഗമിച്ചു.

10യേശു മത്തായിയുടെ ഭവനത്തിൽ, വിരുന്നിൽ പങ്കെടുത്തുകൊണ്ടിരിക്കുമ്പോൾ അനേകം ചുങ്കക്കാരും 'പാപികളും' വന്ന് അദ്ദേഹത്തോടും ശിഷ്യന്മാരോടുംകൂടെ ഭക്ഷണം കഴിച്ചു. 11പരീശന്മാർ ഇതു കണ്ടിട്ട് അദ്ദേഹത്തിന്റെ ശിഷ്യന്മാരോട്: "നിങ്ങളുടെ ഗുരു ചുങ്കക്കാരോടും 'പാപികളോടും'കൂടെ ഭക്ഷിക്കുന്നതെന്ത്?" എന്നു ചോദിച്ചു.

12യേശു ഇതു കേട്ടിട്ട്, "ആരോഗ്യമുള്ളവർക്കല്ല, രോഗികൾക്കാണ് വൈദ്യനെക്കൊണ്ട് ആവശ്യം. 13എന്നാൽ 'യാഗമല്ല കരുണയത്രേ ഞാൻ ആഗ്രഹിക്കുന്നത് [a] ' എന്നതിന്റെ അർത്ഥം എന്തെന്നു നിങ്ങൾ പോയി പഠിക്കുവിൻ. ഞാൻ നീതിമാന്മാരെയല്ല, പാപികളെയത്രേ വിളിക്കുവാൻ വന്നിരിക്കുന്നത്" എന്നു പറഞ്ഞു.

ഉപവാസത്തെപ്പറ്റി യേശുവിനോടു ചോദിക്കുന്നു

14അപ്പോൾ യോഹന്നാന്റെ ശിഷ്യന്മാർ വന്ന് അദ്ദേഹത്തോട്, "ഞങ്ങളും പരീശന്മാരും ഉപവസിക്കുന്നു; എന്നാൽ അങ്ങയുടെ ശിഷ്യന്മാർ ഉപവസിക്കാത്തത് എന്തുകൊണ്ട്?'' എന്നു ചോദിച്ചു.

15അതിനു യേശു ഇങ്ങനെ മറുപടി പറഞ്ഞു: "മണവാളൻ കൂടെയുള്ളപ്പോൾ അദ്ദേഹത്തിന്റെ തോഴന്മാർക്ക് എങ്ങനെ ദുഃഖിതരാകുവാൻ കഴിയും? മണവാളനെ അവരിൽനിന്ന് അകറ്റുന്ന കാലം വരും; അപ്പോൾ അവർ ഉപവസിക്കും.

16"ആരും ഒരു പുതിയ തുണിക്കഷണം പഴയ വസ്ത്രത്തോടു തുന്നിച്ചേർക്കാറില്ല. അങ്ങനെ ചെയ്താൽ ആ തുണ്ടു കീറിപ്പോകുകയും കീറൽ ഏറെ വലുതാകുകയും ചെയ്യും. 17മനുഷ്യർ പുതിയ വീഞ്ഞ് പഴയ തോല്ക്കുടങ്ങളിൽ ഒഴിച്ചു വയ്ക്കാറില്ല. അങ്ങനെചെയ്താൽ തോല്ക്കുടങ്ങൾ പൊട്ടി വീഞ്ഞു വാർന്നുപോകയും തോല്ക്കുടങ്ങൾ നശിക്കയും ചെയ്യും. അവർ പുതിയ വീഞ്ഞു പുതിയ തോല്ക്കുടങ്ങളിൽ പകർന്നുവയ്ക്കുന്നു. അപ്പോൾരണ്ടുംഭദ്രമായിരിക്കും."

മരിച്ച പെൺകുട്ടിയും രോഗിയായ സ്ത്രീയും

18അദ്ദേഹം ഇങ്ങനെ സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ ഒരു പള്ളിപ്രമാണി അദ്ദേഹത്തിന്റെ മുമ്പിൽ മുട്ടുകുത്തി: 'എന്റെ മകൾ ഇപ്പോൾ മരിച്ചുപോയി. അങ്ങു വന്ന് അവളുടെമേൽ കൈവയ്ക്കണമേ, അപ്പോൾ അവൾ ജീവിക്കും." എന്നു പറഞ്ഞു. 19യേശു എഴുന്നേറ്റ് അയാളോടുകൂടെ പോയി; ശിഷ്യന്മാർ അനുഗമിച്ചു.

20അപ്പോൾതന്നേ, പന്ത്രണ്ടു വർഷമായി രക്തസ്രവം ഉള്ള ഒരു സ്ത്രീ അദ്ദേഹത്തിന്റെ പുറകിൽ എത്തി അങ്കിയുടെ വിളുമ്പിൽ തൊട്ടു. 21"അദ്ദേഹത്തിന്റെ അങ്കി തൊട്ടാൽ എനിക്കു സൗഖ്യം ലഭിക്കും." എന്ന് അവൾ വിചാരിച്ചു.

22യേശു തിരിഞ്ഞ് അവളെ നോക്കി; "മകളേ, ധൈര്യമായിരിക്കൂ, നിന്റെ വിശ്വാസം നിന്നെ സുഖപ്പെടുത്തിയിരിക്കുന്നു" എന്നു പറഞ്ഞു. ആ നിമിഷം മുതൽ അവൾ സൗഖ്യമുള്ളവളായിത്തീർന്നു.

23യേശു പ്രമാണിയുടെ വീട്ടിൽ പ്രവേശിച്ചു കുഴലൂത്തുകാരെയും ബഹളം കൂട്ടുന്ന ജനസമൂഹത്തെയും കണ്ടിട്ട്, 24 ഇവിടെനിന്നു പോകുവിൻ, പെൺകുട്ടി മരിച്ചിട്ടില്ല, ഉറങ്ങുകയാണ്" എന്നു പറഞ്ഞു. അവരോ അദ്ദേഹത്തെ പരിഹസിച്ചു. 25ജനക്കൂട്ടത്തെ പുറത്താക്കിയ ശേഷം അദ്ദേഹം അകത്തു ചെന്നു കുട്ടിയെ കൈക്കു പിടിച്ചുയർത്തി. അവൾ എഴുന്നേറ്റു. 26ഈ വാർത്ത ആ പ്രദേശത്തെങ്ങും പരന്നു.

അന്ധരെയും ഊമനെയും സൗഖ്യമാക്കുന്നു

27യേശു അവിടെനിന്നു മുമ്പോട്ടു പോകുമ്പോൾ രണ്ട് അന്ധന്മാർ: "ദാവീദുപുത്രാ, ഞങ്ങളോടു കരുണ തോന്നണമേ" എന്നു നിലവിളിച്ചുകൊണ്ട് അദ്ദേഹത്തിന്റെ പിന്നാലെ ചെന്നു.

28യേശു വീട്ടിൽ എത്തിയപ്പോൾ ആ അന്ധന്മാർ അദ്ദേഹത്തിന്റെ അടുക്കൽ ചെന്നു; അദ്ദേഹം അവരോട്: "എനിക്ക് ഇതു ചെയ്യാൻ കഴിയും എന്നു നിങ്ങൾ വിശ്വസിക്കുന്നുവോ?" എന്നു ചോദിച്ചു.

"ഉവ്വ്, കർത്താവേ," അവർ ഉത്തരം പറഞ്ഞു.

29അപ്പോൾ അദ്ദേഹം അവരുടെ കണ്ണുകളിൽ തൊട്ടുകൊണ്ട്, "നിങ്ങളുടെ വിശ്വാസംപോലെ നിങ്ങൾക്കു ഭവിക്കട്ടെ" എന്നു പറഞ്ഞു. 30ഉടനേ അവരുടെ കണ്ണുകൾ തുറന്നു. യേശു അവരോട്: "നോക്കൂ, ഇതാരും അറിയരുത്" എന്നു കർശനമായി നിർദ്ദേശിച്ചു. 31എന്നാൽ അവർ പോയി അദ്ദേഹത്തെക്കുറിച്ചുള്ള ഈ വാർത്ത ആ പ്രദേശത്തെല്ലാം പ്രചരിപ്പിച്ചു.

32അവർ പോകുമ്പോൾ ഭൂതബാധിതനായ ഒരു ഊമനെ ചിലർ യേശുവിന്റെ അടുക്കൽ കൊണ്ടുവന്നു. 33ഭൂതത്തെ പുറത്താക്കിയപ്പോൾ, ഊമൻ സംസാരിച്ചു. ജനക്കൂട്ടം ആശ്ചര്യപ്പെട്ട്, "ഇങ്ങനെയൊന്ന് ഇതിനുമുമ്പ് യിസ്രായേലിൽ

[a] 13 ഹോശേയ 6: 6

കണ്ടിട്ടില്ല" എന്നു പറഞ്ഞു.
34എന്നാൽ പരീശന്മാർ, "ഇദ്ദേഹം ഭൂത
ങ്ങളുടെ തലവനെക്കൊണ്ടാണ് ഭൂതങ്ങളെ
പുറത്താക്കുന്നത്" എന്നു പറഞ്ഞു.

വേലക്കാർ ചുരുക്കം

35യേശു അവരുടെ പള്ളികളിൽ ഉപദേശിച്ചും
രാജ്യത്തിന്റെ സുവിശേഷം പ്രസംഗിച്ചും എല്ലാ
വിധ വ്യാധികളും രോഗങ്ങളും സൗഖ്യമാക്കിയും
കൊണ്ട് എല്ലാ പട്ടണങ്ങളിലൂടെയും ഗ്രാമങ്ങളി
ലൂടെയും സഞ്ചരിച്ചു. 36ജനക്കൂട്ടത്തെ കണ്ടിട്ട്
യേശു അവരോടു മനസ്സലിഞ്ഞു. അവർ ഇടയ
നില്ലാത്ത ആടുകളെപ്പോലെ അസ്വസ്ഥരും നി
സ്സഹായരും ആയിരുന്നു. 37അപ്പോൾ അദ്ദേഹം
ശിഷ്യന്മാരോട്: "കൊയ്ത്തു വളരെ; വേലക്കാ
രോ ചുരുക്കം; 38അതുകൊണ്ട്, കൊയ്ത്തിന്റെ
ഉടമസ്ഥനോടു തന്റെ വിളഭൂമിയിലേക്കു
വേലക്കാരെ അയയ്ക്കുവാൻ അപേക്ഷിപ്പിൻ"
എന്നു പറഞ്ഞു.

യേശു പന്ത്രണ്ടുപേരെ തിരഞ്ഞെടുക്കുന്നു

10 അനന്തരം യേശു തന്റെ പന്ത്രണ്ടു
ശിഷ്യന്മാരെ അടുക്കൽ വിളിച്ച് അവ
ർക്കു ദുരാത്മാക്കളെ പുറത്താക്കുവാനും
എല്ലാവിധ രോഗങ്ങളും വ്യാധികളും സൗഖ്യമാ
ക്കുവാനും അധികാരം കൊടുത്തു.
2പന്ത്രണ്ട് അപ്പൊസ്തലന്മാരുടെ പേരുകൾ:
ഒന്നാമൻ പത്രൊസ് എന്നു വിളിക്കപ്പെടുന്ന ശി
മോൻ, അയാളുടെ സഹോദരനായ അന്ത്രെ
യാസ്, സെബെദിയുടെ പുത്രനായ യാക്കോബ്,
അയാളുടെ സഹോദരനായ യോഹന്നാൻ,
3ഫിലിപ്പൊസ്, ബർത്തൊലൊമായി, തോമാസ്,
ചുങ്ക ക്കാരനായ മത്തായി, അല്ഫായുടെ
പുത്രനായ യാക്കോബ്, തദ്ദായി, 4കനാന്യനായ
ശിമോൻ, യേശുവിനെ ഒറ്റിക്കൊടുത്ത
ഈസ്കര്യോത്താ യൂദാ.
5താഴെപ്പറയുന്ന നിർദ്ദേശങ്ങളോടെ യേശു
ഈ പന്ത്രണ്ടുപേരെയും അയച്ചു: "നിങ്ങൾ വി
ജാതീയരുടെ ഇടയിലേക്കു പോകയോ ശമര്യ
രുടെ ഏതെങ്കിലും പട്ടണത്തിൽ പ്രവേശിക്കയോ
അരുത്. 6യിസ്രായേലിലെ കാണാതെപോയ
ആടുകളുടെ അടുക്കൽ തന്നെ ചെല്ലുവിൻ. 7നി
ങ്ങൾ പോകുമ്പോൾ, 'സ്വർഗ്ഗരാജ്യം സമീപിച്ചിരി
ക്കുന്നു' എന്ന സന്ദേശം പ്രസംഗിക്കുവിൻ. 8രോ
ഗികളെ സൗഖ്യമാക്കുവിൻ, മരിച്ചവരെ ഉയിർ
പ്പിക്കുവിൻ, കുഷ്ഠരോഗികളെ ശുദ്ധരാക്കുവിൻ,
ഭൂതങ്ങളെ പുറത്താക്കുവിൻ. നിങ്ങൾക്കു സൗജ
ന്യമായി ലഭിച്ചിരിക്കുന്നു, സൗജന്യമായി കൊടു
ക്കുവിൻ. 9നിങ്ങളുടെ മടിശ്ശീലയിൽ സ്വർണ്ണമോ
വെള്ളിയോ ചെമ്പോ കരുതി വയ്ക്കരുത്; 10യാ
ത്രയ്ക്കു സഞ്ചിയോ രണ്ട് ഉടുപ്പോ ചെരിപ്പോ
വടിയോ കൊണ്ടുപോകരുത്; വേലക്കാരൻ
തന്റെ കൂലിക്കു യോഗ്യനാണല്ലോ.
11"ഏതെങ്കിലും പട്ടണത്തിലോ ഗ്രാമത്തിലോ
പ്രവേശിക്കുമ്പോൾ അവിടെ യോഗ്യനായി ആരു
ണ്ടെന്ന് അന്വേഷിക്കുവിൻ; അവിടംവിട്ടു പോകു
ന്നതുവരെ അയാളുടെ കൂടെത്തന്നെ താമസി
ക്കുവിൻ. 12ആ വീട്ടിൽ കടക്കുമ്പോൾ അതിനു
സമാധാനം ആശംസിക്കുവിൻ. 13ആ വീട്
യോഗ്യതയുള്ളതെങ്കിൽ നിങ്ങളുടെ സമാധാനം
അതിന്മേൽ ആവസിക്കും; അല്ലാത്തപക്ഷം സമാ
ധാനം നിങ്ങളിലേക്കു മടങ്ങിപ്പോരും. 14ആരെ
ങ്കിലും നിങ്ങളെ സ്വാഗതം ചെയ്യാതിരിക്കയോ
നിങ്ങളുടെ വാക്കു കേൾക്കാതിരിക്കുകയോ
ചെയ്യുന്നുവെങ്കിൽ, ആ ഭവനമോ പട്ടണമോ
വിട്ടുപോകുമ്പോൾ നിങ്ങളുടെ കാലിൽനിന്നും
പൊടി തട്ടിക്കളയുവിൻ. 15ന്യായവിധിയുടെ
ദിവസത്തിൽ സൊദോമിന്റെയും ഗൊമോര
യുടെയും സ്ഥിതി ആ പട്ടണത്തിന്റേതിനെ
ക്കാൾ അധികം സഹിക്കാവുന്നതായിരിക്കും
എന്നു ഞാൻ സത്യമായി നിങ്ങളോടു പറയുന്നു.
16ചെന്നായ്ക്കളുടെ ഇടയിൽ ആടുകളെപ്പോലെ
ഞാൻ നിങ്ങളെ അയയ്ക്കുന്നു; ആകയാൽ
പാമ്പുകളെപ്പോലെ ബുദ്ധിയുള്ളവരും പ്രാവു
കളെപ്പോലെ നിഷ്കളങ്കരും ആയിരിപ്പിൻ.
17"മനുഷ്യരെ സൂക്ഷിച്ചുകൊൾവിൻ; അവർ
നിങ്ങളെ ന്യായാധിപസംഘങ്ങളിൽ ഏല്പി
ക്കുകയും തങ്ങളുടെ പള്ളികളിൽ വച്ചു
ചാട്ടകൊണ്ട് അടിക്കുകയും ചെയ്യും. 18ഞാൻ
നിമിത്തം നിങ്ങളെ ദേശാധിപന്മാരുടെയും രാജാ
ക്കന്മാരുടെയും മുമ്പിൽ കൊണ്ടുപോകും. അങ്ങ
നെ അവരുടെയും വിജാതീയരുടെയും മുമ്പിൽ
നിങ്ങൾ സാക്ഷ്യം വഹിക്കും. 19എന്നാൽ അവർ
നിങ്ങളെ ഏല്പിക്കുമ്പോൾ എന്തു പറയണം,
എങ്ങനെ പറയണം എന്നു വിചാരപ്പെടരുത്; പറ
യാനുള്ളത് ആ സമയത്തു നിങ്ങൾക്കു നല്കപ്പെടും; 20നിങ്ങളായിരിക്കുകയില്ല സംസാരിക്കു
ന്നത്, നിങ്ങളുടെ പിതാവിന്റെ ആത്മാവ്
നിങ്ങളിലൂടെ സംസാരിക്കും.
21"സഹോദരൻ സഹോദരനെയും പിതാവു
മകനെയും മരണത്തിന് ഒറ്റിക്കൊടുക്കും. മക്കൾ
അമ്മയപ്പന്മാരെ എതിർക്കുകയും അവരെ
കൊല്ലിക്കുകയും ചെയ്യും. 22ഞാൻനിമിത്തം
സകല മനുഷ്യരും നിങ്ങളെ വെറുക്കും, എന്നാൽ
അന്ത്യംവരെ സഹിച്ചുനില്ക്കുന്നവൻ രക്ഷിക്ക
പ്പെടും. 23നിങ്ങളെ ഒരു സ്ഥലത്തു പീഡിപ്പിക്കു
മ്പോൾ മറ്റൊരു സ്ഥലത്തേക്ക് ഓടിപ്പോകുവിൻ.
മനുഷ്യപുത്രൻ വരുന്നതിനുമുമ്പ്, യിസ്രായേൽ
പട്ടണങ്ങളിലൂടെയുള്ള നിങ്ങളുടെ സഞ്ചാരം
പൂർത്തിയാകയില്ല എന്നു ഞാൻ സത്യമായും
നിങ്ങളോടു പറയുന്നു.
24"ശിഷ്യൻ ഗുരുവിനെക്കാൾ മികച്ചവനല്ല;

ദാസൻ യജമാനനെക്കാൾ വലിയവനുമല്ല. 25ഗുരുവിനെപ്പോലെയാകുന്നതു ശിഷ്യനു മതി; യജമാനനെപ്പോലെ ആകുന്നതു ദാസനും മതി. അവർ ഗൃഹനാഥനെ ബേൽസെബൂൽ[a] എന്നു വിളിച്ചെങ്കിൽ കുടുംബാംഗങ്ങളെ എത്രയധികം!

26"ആകയാൽ അവരെ ഭയപ്പെടരുത്. വെളിപ്പെടുത്താതെ മറച്ചുവയ്ക്കാവുന്നതോ പ്രസിദ്ധമാക്കാതെ ഒളിച്ചുവയ്ക്കാവുന്നതോ ആയ യാതൊന്നും ഇല്ല. 27ഞാൻ ഇരുട്ടത്തു നിങ്ങളോടു സംസാരിക്കുന്നതു പകൽവെളിച്ചത്തിൽ പ്രസ്താവിക്കുവിൻ; ചെവിയിൽ പറഞ്ഞു തരുന്നതു പുരമുകളിൽനിന്ന് ഉദ്ഘോഷിപ്പിൻ. 28ദേഹിയെ കൊല്ലാൻ കഴിയാതെ ദേഹത്തെമാത്രം കൊല്ലുന്നവരെ ഭയപ്പെടരുത്; പ്രാണനെയും ശരീരത്തെയും നരകത്തിലാക്കി നശിപ്പിക്കുവാൻ കഴിയുന്നവനെ ഭയപ്പെടുവിൻ. 29ഒരു കാശിനു[b] രണ്ടു കുരുവിയെ വില്ക്കുന്നില്ലയോ? എങ്കിലും നിങ്ങളുടെ പിതാവിന്റെ ഇഷ്ടംകൂടാതെ അവയിൽ ഒന്നുപോലും നിലത്തുവീഴുകയില്ല. 30നിങ്ങളുടെ തലയിലെ ഓരോ രോമവും എണ്ണപ്പെട്ടിരിക്കുന്നു. 31ആകയാൽ ഭയപ്പെടേണ്ടാ, അനവധി കുരുവികളെക്കാളും നിങ്ങൾ വിലയേറിയവരത്രേ.

32"മനുഷ്യരുടെ മുമ്പിൽ എന്നെ ഏറ്റു പറയുന്ന ഏതൊരുവനെയും സ്വർഗ്ഗസ്ഥനായ എന്റെ പിതാവിന്റെ മുമ്പിൽ ഞാനും ഏറ്റു പറയും. 33മനുഷ്യരുടെ മുമ്പിൽ എന്നെ തള്ളിപ്പറയുന്നവനെ സ്വർഗ്ഗസ്ഥനായ എന്റെ പിതാവിന്റെ മുമ്പിൽ ഞാനും തള്ളിപ്പറയും.

34"ഞാൻ ഭൂമിയിൽ സമാധാനം വരുത്തുവാൻ വന്നുവെന്നു നിങ്ങൾ കരുതരുത്; സമാധാനമല്ല വാൾ വരുത്തുവാനത്രേ ഞാൻ വന്നിട്ടുള്ളത്.

35'മകനെ അപ്പനോടും
മകളെ അമ്മയോടും
മരുമകളെ അമ്മാവിയമ്മയോടും
ഭിന്നിപ്പിക്കുവാനാണ് ഞാൻ
വന്നിരിക്കുന്നത്.
36ഒരു മനുഷ്യന്റെ ശത്രുക്കൾ അവന്റെ
കുടുംബാംഗങ്ങൾതന്നെ ആയിരിക്കും.' [c]

37എന്നെക്കാളധികം സ്വന്തം പിതാവിനെയോ, മാതാവിനെയോ സ്നേഹിക്കുന്നവൻ എനിക്കു യോഗ്യനല്ല. എന്നെക്കാളധികം സ്വന്തം പുത്രനെയോ പുത്രിയെയോ സ്നേഹിക്കുന്നവനും എനിക്കു യോഗ്യനല്ല. 38തന്റെ കുരിശ് എടുത്ത് എന്നെ അനുഗമിക്കാത്തവനും എനിക്കു യോഗ്യനല്ല. 39തന്റെ ജീവനെ കണ്ടെത്തിയവൻ അതിനെ നഷ്ടപ്പെടുത്തും; എനിക്കുവേണ്ടി തന്റെ ജീവൻ ത്യജിക്കുന്നവൻ അതിനെ കണ്ടെത്തും.

40നിങ്ങളെ സ്വീകരിക്കുന്നവൻ എന്നെ സ്വീകരിക്കുന്നു; എന്നെ സ്വീകരിക്കുന്നവൻ എന്നെ അയച്ചവനെ സ്വീകരിക്കുന്നു. 41ഒരു പ്രവാചകനെ, അദ്ദേഹം പ്രവാചകനായതുകൊണ്ട്, സ്വീകരിക്കുന്നവനു പ്രവാചകന്റെ പ്രതിഫലം ലഭിക്കും; ഒരു നീതിമാനെ, അദ്ദേഹം നീതിമാനായതുകൊണ്ട്, സ്വീകരിക്കുന്നവന് നീതിമാന്റെ പ്രതിഫലം ലഭിക്കും. 42ഈ ചെറിയവരിൽ ഒരുത്തന്, അയാൾ എന്റെ ശിഷ്യനായതുകൊണ്ട്, ഒരു പാത്രം തണുത്ത വെള്ളം കൊടുക്കുന്ന ഒരുവന് ഒരിക്കലും തന്റെ പ്രതിഫലം നഷ്ടമാവുകയില്ല എന്നു ഞാൻ സത്യമായി നിങ്ങളോടു പറയുന്നു."

യേശുവും യോഹന്നാൻസ്നാപകനും

11 യേശു തന്റെ പന്ത്രണ്ടു ശിഷ്യന്മാർക്കു നിർദ്ദേശങ്ങൾ നൽകിയതിനു ശേഷം, അവരുടെ പട്ടണങ്ങളിൽ ഉപദേശിക്കുന്നതിനും പ്രസംഗിക്കുന്നതിനുമായി അവിടെനിന്നു പോയി.

2ക്രിസ്തുവിന്റെ പ്രവർത്തനത്തെപ്പറ്റി യോഹന്നാൻസ്നാപകൻ തടവിൽവച്ചു കേട്ടിട്ട്, 3"വരുവാനുള്ളവൻ അങ്ങുതന്നെയോ, ഞങ്ങൾ മറെറാരാളെ കാത്തിരിക്കണമോ?" എന്നു ചോദിക്കുവാൻ തന്റെ ശിഷ്യന്മാരെ അദ്ദേഹത്തിന്റെ അടുക്കൽ അയച്ചു.

4യേശു ഉത്തരം പറഞ്ഞു: "മടങ്ങിച്ചെന്ന്, നിങ്ങൾ കേൾക്കുകയും കാണുകയും ചെയ്യുന്ന കാര്യങ്ങൾ യോഹന്നാനെ അറിയിക്കുവിൻ; 5അന്ധർക്കു കാഴ്ച ലഭിക്കുന്നു, മുടന്തർ നടക്കുന്നു, കുഷ്ഠരോഗികൾ സൗഖ്യം പ്രാപിക്കുന്നു, ബധിരർ കേൾക്കുന്നു, മരിച്ചവർ ഉയിർപ്പിക്കപ്പെടുന്നു, ദരിദ്രരോടു സുവിശേഷം അറിയിക്കുന്നു. 6ഞാൻനിമിത്തം ഇടറിപ്പോകാത്തവൻ അനുഗൃഹീതൻ."

7യോഹന്നാന്റെ ശിഷ്യന്മാർ അവിടം വിട്ടു പോകുമ്പോൾ യേശു യോഹന്നാനെക്കുറിച്ചു ജനക്കൂട്ടത്തോടു സംസാരിച്ചു തുടങ്ങി: "എന്തു കാണുന്നതിനാണു നിങ്ങൾ മരുഭൂമിയിലേക്കു പോയത്? കാറ്റിൽ ഉലയുന്ന ഞാങ്ങണയോ? 8അല്ല, എന്തു കാണുവാനാണ് നിങ്ങൾ പോയത്? മൃദുലവസ്ത്രം ധരിച്ച ഒരു മനുഷ്യനെയോ? മൃദുലവസ്ത്രം ധരിക്കുന്നവർ രാജകൊട്ടാരങ്ങളിലാണല്ലോ. 9അല്ലെങ്കിൽ എന്തുകാണുവാനാണ് നിങ്ങൾ പോയത്? ഒരു പ്രവാചകനെയോ? അതേ; പ്രവാചകനെക്കാൾ മികച്ച ഒരുവനെത്തന്നേ എന്നു ഞാൻ പറയുന്നു.

10'ഞാൻ നിനക്കു മുമ്പായി
എന്റെ ദൂതനെ അയയ്ക്കും,

[a] 25 *ബേസെബൂൽ, ബേൽസെബൂബ്* എന്നീ രൂപങ്ങളും ഉപയോഗിക്കുന്നു. വാക്യം 12: 24, 27 എന്നിവയും കാണുക. [b] 29 ഗ്രീക്കിൽ, *അസ്സാറിയോൺ* [c] 36 മീഖാ. 7:6

അവൻ നിനക്കു വഴിയൊരുക്കും.'[a]
എന്ന് എഴുതിയിരിക്കുന്നത് ഇദ്ദേഹത്തെക്കുറിച്ചാണ്.
11"സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, സ്ത്രീകളിൽനിന്നു ജനിച്ചവരിൽ യോഹന്നാൻ സ്നാപകനെക്കാൾ വലിയവൻ ആരും ഉണ്ടായിട്ടില്ല; എങ്കിലും സ്വർഗ്ഗരാജ്യത്തിൽ ഏറ്റവും ചെറിയവൻ അദ്ദേഹത്തെക്കാൾ വലിയവനാണ്. 12യോഹന്നാൻ സ്നാപകന്റെ കാലംമുതൽ ഇന്നുവരെയും സ്വർഗ്ഗരാജ്യം ബലപ്രയോഗത്തിന് വിധേയമായിരിക്കുന്നു, ബലപ്രയോഗം ചെയ്യുന്നവർ അതിനെ പിടിച്ചടക്കുകയും ചെയ്യുന്നു; 13സകലപ്രവാചകരും ന്യായപ്രമാണവും യോഹന്നാൻവരെ പ്രവചിച്ചു. 14വരാനിരിക്കുന്ന ഏലിയാവ് അദ്ദേഹംതന്നെ എന്നു നിങ്ങൾക്കു മനസ്സുണ്ടെങ്കിൽ അംഗീകരിക്കുവിൻ. 15ചെവിയുള്ളവൻ കേൾക്കട്ടെ.
16"ഈ തലമുറയെ ഞാൻ എന്തിനോട് തുലനം ചെയ്യും? ചന്തസ്ഥലങ്ങളിലിരുന്നു കൊണ്ട്,
17'ഞങ്ങൾ നിങ്ങൾക്കുവേണ്ടി കുഴലൂതി,
നിങ്ങൾ നൃത്തം ചെയ്തില്ല;
ഞങ്ങൾ വിലാപഗീതം പാടി,
നിങ്ങൾ വിലപിച്ചില്ല'
എന്നു തമ്മിൽ വിളിച്ചുപറയുന്ന
കുട്ടികൾക്കു തുല്യമാണത്.
18 യോഹന്നാൻ തിന്നാതെയും കുടിക്കാതെയും വന്നു; "അവന് ഒരു ഭൂതമുണ്ട്." എന്ന് അവർ പറയുന്നു. 19മനുഷ്യപുത്രൻ തിന്നുകയും കുടിക്കുകയും ചെയ്യുന്നവനായി വന്നു; അപ്പോൾ "ഇതാ, ഭോജനപ്രിയനും കുടിയനുമായ ഒരുവൻ! ചുങ്കക്കാരുടെയും 'പാപികളുടെയും' ചങ്ങാതി" എന്ന് അവർ പറയുന്നു. ജ്ഞാനമാകട്ടെ, അവളുടെ പ്രവൃത്തികളാൽ സാധൂകരിക്കപ്പെടുന്നു."

അനുതപിക്കാത്ത പട്ടണങ്ങൾ

20അനന്തരം തന്റെ അത്ഭുതങ്ങളിൽ അധികവും നടന്ന പട്ടണങ്ങൾ മാനസാന്തരപ്പെടാഞ്ഞതിനാൽ യേശു അവയെ ശാസിച്ചു: 21"അല്ലയോ കോരസീനേ, നിനക്കു ഹാ കഷ്ടം! അല്ലയോ ബേത്സയിദേ, നിനക്കു ഹാ കഷ്ടം! നിങ്ങളിൽ ചെയ്ത അത്ഭുതങ്ങൾ സോരിലും സീദോനിലും ചെയ്തിരുന്നുവെങ്കിൽ അവർ പണ്ടുതന്നേ ചാക്കുശീല ഉടുത്തും ചാരം പൂശിയും അനുതപിക്കുമായിരുന്നു.
22"എന്നാൽ ഞാൻ നിങ്ങളോടു പറയുന്നു: ന്യായവിധിദിവസത്തിൽ സോരിന്റെയും സീദോന്റെയും അവസ്ഥ നിങ്ങളുടേതിനെക്കാൾ സഹനീയമായിരിക്കും. 23നീയോ കഫർന്നഹൂമേ, നീ ആകാശത്തോളം ഉയർന്നിരിക്കുന്നുവോ? ഇല്ല, നീ പാതാളത്തോളം[b] താഴ്ത്തപ്പെടും. നിന്നിൽ നടന്ന അത്ഭുതങ്ങൾ സൊദോമിൽ ആയിരുന്നെങ്കിൽ അത് ഇന്നും നിലനില്ക്കുമായിരുന്നു. 24ന്യായവിധിദിവസത്തിൽ സൊദോമിന്റെ അവസ്ഥ നിങ്ങളുടേതിനെക്കാൾ സഹനീയമായിരിക്കും എന്നു ഞാൻ നിങ്ങളോടു പറയുന്നു."

ക്ഷീണിതർക്ക് വിശ്രമം

25ആ സമയത്ത് യേശു പറഞ്ഞു: "പിതാവേ, സ്വർഗ്ഗത്തിന്റെയും ഭൂമിയുടെയും നാഥാ, അവിടുന്ന് ഈ കാര്യങ്ങൾ ജ്ഞാനികൾക്കും വിവേകികൾക്കും മറച്ചുവച്ചിട്ട് ശിശുക്കൾക്കു വെളിപ്പെടുത്തിയിരിക്കുന്നതിനാൽ ഞാൻ അങ്ങയെ വാഴ്ത്തുന്നു. 26അതേ, പിതാവേ, ഇതായിരുന്നുവല്ലോ അവിടുത്തേക്കു പ്രസാദകരം".
27"എന്റെ പിതാവു സകലകാര്യങ്ങളും എന്നെ ഭരമേല്പിച്ചിരിക്കുന്നു. പിതാവല്ലാതെ ആരും പുത്രനെ അറിയുന്നില്ല; പുത്രനും പുത്രൻ വെളിപ്പെടുത്തിക്കൊടുത്തിട്ടുള്ളവനും അല്ലാതെ ആരും പിതാവിനെ അറിയുന്നില്ല.
28 ക്ഷീണിതരും അദ്ധ്വാനിക്കുന്നവരും, എന്റെ അടുക്കൽ വരുവിൻ, ഞാൻ നിങ്ങൾക്ക് ആശ്വാസം നൽകും. 29ഞാൻ സൗമ്യനും വിനയശീലനുമാകയാൽ എന്റെ നുകം ഏറ്റുകൊണ്ട് എന്നോടു പഠിക്കുവിൻ, എന്നാൽ നിങ്ങളുടെ ആത്മാക്കൾക്കു നിങ്ങൾ വിശ്രമം കണ്ടെത്തും. 30എന്റെ നുകം മൃദുവും എന്റെ ചുമടു ലഘുവും ആകുന്നു."

ശബ്ബത്തിനേൽ അധികാരമുള്ളവൻ

12 അക്കാലത്ത് യേശു ഒരു ശബ്ബത്തുനാളിൽ, ധാന്യംവിളഞ്ഞ ഒരു വയലിലൂടെ കടന്നുപോയി. അദ്ദേഹത്തിന്റെ ശിഷ്യന്മാർക്കു വിശക്കുന്നുണ്ടായിരുന്നു; അവർ കതിർ പറിച്ചു തിന്നുതുടങ്ങി. 2ഇതുകണ്ടിട്ട് പരീശന്മാർ അദ്ദേഹത്തോട്, "നോക്കൂ, താങ്കളുടെ ശിഷ്യന്മാർ ശബ്ബത്തിൽ നിയമവിരുദ്ധമായതു ചെയ്യുന്നു" എന്നു പറഞ്ഞു.
3അതിന് ഉത്തരമായി അദ്ദേഹം പറഞ്ഞു: "ദാവീദും കൂടെയുള്ളവരും തങ്ങൾക്കു വിശന്നപ്പോൾ എന്തുചെയ്തുവെന്നു നിങ്ങൾ വായിച്ചിട്ടില്ലേ? 4ദൈവാലയത്തിൽ കടന്ന് പുരോഹിതന്മാർക്കല്ലാതെ, തങ്ങൾക്കു ഭക്ഷിപ്പാൻ അധികാരമില്ലാത്ത കാഴ്ചയപ്പം അവർ ഭക്ഷിച്ചു. 5ശബ്ബത്തുനാളിൽ പുരോഹിതന്മാർ ദൈവാലയത്തിൽവച്ചു ശബ്ബത്തിനെ ലംഘിക്കുന്നുവെങ്കിലും അവർ കുറ്റമില്ലാത്തവരായിരിക്കുന്നുവെന്നു നിങ്ങൾ ന്യായപ്രമാണത്തിൽ

[a] 10 മലാഖി. 3:1 [b] 23 ഗ്രീക്കിൽ, *ഹെയ്ഡിസ്*

വായിച്ചിട്ടില്ലേ? 6ഇതാ ദൈവാലയത്തെക്കാൾ
വലിയ ഒരാൾ ഇവിടെയുണ്ട് എന്നു ഞാൻ
നിങ്ങളോടു പറയുന്നു. 7'യാഗമല്ല കരുണയത്രേ
ഞാൻ ആഗ്രഹിക്കുന്നത്'[a] എന്നതിന്റെ അർത്ഥം
മനസ്സിലാക്കിയിരുന്നെങ്കിൽ നിങ്ങൾ കുറ്റമില്ലാ
ത്തവർക്കു ശിക്ഷ വിധിക്കുകയില്ലായിരുന്നു.
8എന്തെന്നാൽ മനുഷ്യപുത്രൻ ശബ്ബത്തിന്റെ
കർത്താവാകുന്നു."

9ആ സ്ഥലത്തുനിന്നു പുറപ്പെട്ട് അദ്ദേഹം
അവരുടെ പള്ളിയിൽ ചെന്നു. 10കൈ ശോഷിച്ച
ഒരു മനുഷ്യൻ അവിടെ ഉണ്ടായിരുന്നു. യേശു
വിനെ കുറ്റപ്പെടുത്താൻ കാരണം ആരാഞ്ഞു
കൊണ്ടിരുന്ന അവർ അദ്ദേഹത്തോട്, "ശബ്ബ
ത്തിൽ സൗഖ്യം നൽകുന്നതു നിയമാനുസൃ
തമോ?" എന്നു ചോദിച്ചു.

11യേശു അവരോടു പറഞ്ഞു: "നിങ്ങളിൽ
ആർക്കെങ്കിലും ഒരു ആട് ഉണ്ടെന്നിരിക്കട്ടെ.
ശബ്ബത്തിൽ അതു കുഴിയിൽ വീണുപോയാൽ
നിങ്ങൾ അതിനെ അവിടെനിന്നു കയറ്റു
കയില്ലേ? 12മനുഷ്യൻ ആടിനെക്കാൾ എത്രയോ
വിലയേറിയവൻ! അതുകൊണ്ട്, ശബ്ബത്തിൽ
നന്മ ചെയ്യുന്നതു നിയമാനുസൃതമത്രേ."

13പിന്നെ അദ്ദേഹം ആ മനുഷ്യനോട്: "നിന്റെ
കൈ നീട്ടുക" എന്നു പറഞ്ഞു. അയാൾ കൈ
നീട്ടി; അതു പൂർണ്ണ ആരോഗ്യമുള്ളതായി.
14എന്നാൽ പരീശന്മാർ അവിടെനിന്ന് പോയി
യേശുവിനെ കൊല്ലേണ്ടത് എങ്ങനെയെന്നു
ഗൂഢാലോചന നടത്തി.

ദൈവം തിരഞ്ഞെടുത്ത ദാസൻ

15ഇതു മനസ്സിലാക്കി യേശു ആ സ്ഥലം
വിട്ടുപോയി. ധാരാളം പേർ അദ്ദേഹത്തെ അനു
ഗമിച്ചു. അദ്ദേഹം അവരുടെ എല്ലാ രോഗികളെ
യും സൗഖ്യമാക്കുകയും 16താൻ ആരാണെന്നു
വെളിപ്പെടുത്തരുതെന്ന് ആജ്ഞാപിക്കുകയും
ചെയ്തു. 17ഇത് യെശയ്യാ പ്രവാചകനിലൂടെ
ഉണ്ടായ അരുളപ്പാട് നിറവേറുന്നതിനായിരുന്നു:

18"ഇതാ, ഞാൻ തിരഞ്ഞെടുത്ത
എന്റെ ദാസൻ;
ഞാൻ പ്രസാദിച്ചിരിക്കുന്ന
എന്റെ പ്രിയൻ.
ഞാൻ എന്റെ ആത്മാവിനെ
അവന്റെമേൽ ആവസിപ്പിക്കും.
അവൻ ജനതകൾക്കു ന്യായം
അറിയിക്കും;
19അവൻ ശണ്ഠയിടുകയോ
ഉറക്കെ നിലവിളിക്കുകയോ ഇല്ല;
ആരും തെരുവീഥികളിൽ അവന്റെ ശബ്ദം
കേൾക്കുകയില്ല.
20ചതഞ്ഞ ഞാങ്ങണ
അവൻ ഒടിക്കുകയില്ല;
പുകയുന്ന തിരി
കെടുത്തിക്കളയുകയുമില്ല.
അവൻ ന്യായത്തെ
വിജയത്തിലേക്കു നയിക്കും.
21അവന്റെ നാമത്തിൽ
വിജാതീയർ പ്രത്യാശ അർപ്പിക്കും."[b]

യേശുവും ബേൽസെബൂലും

22പിന്നെ അവർ അന്ധനും മൂകനുമായ ഒരു
ഭൂതഗ്രസ്തനെ അദ്ദേഹത്തിന്റെ അടുക്കൽ
കൊണ്ടുവന്നു. യേശു അവനെ സൗഖ്യമാക്കി.
അവനു സംസാരിക്കുവാനും കാണുവാനും
കഴിവുണ്ടായി. 23എല്ലാവരും ആശ്ചര്യപ്പെട്ടു.
"ഇദ്ദേഹം തന്നെയല്ലേ ദാവീദുപുത്രൻ?" എന്നു
പറഞ്ഞു.

24എന്നാൽ പരീശന്മാർ ഇതു കേട്ടിട്ട്, "ഈ
മനുഷ്യൻ ഭൂതങ്ങളുടെ തലവനായ ബേൽ
സെബൂലിനെക്കൊണ്ടുതന്നെയാണ് ഭൂത
ങ്ങളെ പുറത്താക്കുന്നത്" എന്നു പറഞ്ഞു.

25യേശു അവരുടെ വിചാരങ്ങൾ അറിഞ്ഞിട്ട്
അവരോടു പറഞ്ഞു: "അന്തഃച്ഛിദ്രമുള്ള ഏതു
രാജ്യവും നശിച്ചുപോകും; അന്തഃച്ഛിദ്രമുള്ള
പട്ടണമാകട്ടെ ഭവനമാകട്ടെ നിലനില്ക്കുകയില്ല.
26സാത്താൻ സാത്താനെ പുറത്താക്കുന്നു
വെങ്കിൽ അവൻ തനിക്കെതിരേതന്നെ ഭിന്നിച്ചി
രിക്കുകയാണ്; അങ്ങനെയെങ്കിൽ അവന്റെ
രാജ്യത്തിന് എങ്ങനെ നിലനില്ക്കുവാൻ
കഴിയും? 27ഞാൻ ബേൽസെബൂലിനെക്കൊണ്ടു
ഭൂതങ്ങളെ പുറത്താക്കുന്നുവെങ്കിൽ നിങ്ങളുടെ
മക്കൾ ആരെക്കൊണ്ടാണ് അവയെ പുറ
ത്താക്കുന്നത്? അതുകൊണ്ട് അവർ നിങ്ങൾക്ക്
വിധികർത്താക്കൾ ആയിരിക്കും. 28എന്നാൽ
ഞാൻ ദൈവാത്മാവിനാൽ ഭൂതങ്ങളെ
പുറത്താക്കുന്നുവെങ്കിൽ ദൈവരാജ്യം നിങ്ങളു
ടെയടുക്കൽ വന്നെത്തിയിരിക്കുന്നു.

29"ബലിഷ്ഠനായ ഒരുവന്റെ വീട്ടിൽ കടന്ന്
അവനെ പിടിച്ചുകെട്ടിയിട്ടല്ലാതെ വസ്തുവക
കൾ കവർച്ച ചെയ്തുകൊണ്ടു പോകുവാൻ
ആർക്കെങ്കിലും സാധിക്കുമോ? പിടിച്ചുകെട്ടി
യാൽ വീടു കവർച്ച ചെയ്യുവാൻ സാധിക്കും.

30"എനിക്ക് അനുകൂലമല്ലാത്തവൻ എനിക്കു
പ്രതികൂലം ആകുന്നു; എന്നോടു കൂടെ
ചേർക്കാത്തവൻ ചിതറിക്കുന്നു. 31അതു
കൊണ്ടു ഞാൻ നിങ്ങളോടു പറയുന്നു: എല്ലാ
പാപവും ദൈവദൂഷണവും മനുഷ്യരോടു
ക്ഷമിക്കും; പരിശുദ്ധാത്മാവിനെതിരായ
ദൂഷണമോ ഒരിക്കലും ക്ഷമിക്കയില്ല. 32മനുഷ്യ
പുത്രനു വിരോധമായി ഒരു വാക്കു പറയുന്ന
വനോട് അതു ക്ഷമിക്കും. എന്നാൽ പരിശുദ്ധാ

[a] 7 ഹോശേയാ 6:6 [b] 21 യെശയ്യാവ് 42:1-4

ത്മാവിനു വിരോധമായി സംസാരിക്കുന്ന യാതൊരുവനും ഈ യുഗത്തിലോ വരുവാനുള്ള തിലോ ക്ഷമ ലഭിക്കയില്ല.

33"ഒരു വൃക്ഷം നല്ലതെങ്കിൽ അതിന്റെ ഫലവും നല്ലതായിരിക്കും; വൃക്ഷം ചീത്തയെങ്കിലോ അതിന്റെ ഫലവും ചീത്തയായിരിക്കും. വൃക്ഷത്തെ തിരിച്ചറിയുന്നത് അതിന്റെ ഫലം കൊണ്ടാണല്ലോ. 34സർപ്പ സന്തതികളേ, ദുഷ്ടരായ നിങ്ങൾക്കു നല്ലതു സംസാരിക്കുവാൻ എങ്ങനെ കഴിയും? ഹൃദയം നിറഞ്ഞു കവിയുന്നതാണല്ലോ വായ് സംസാരിക്കുന്നത്. 35നല്ല മനുഷ്യൻ തന്നിൽ നിക്ഷേപിച്ചിരിക്കുന്ന നന്മയിൽനിന്നു നല്ല കാര്യങ്ങൾ പുറപ്പെടുവിക്കുന്നു; ദുഷ്ട മനുഷ്യനോ തന്നിൽ നിക്ഷേപിച്ചിരിക്കുന്ന തിന്മയിൽനിന്നു ദോഷങ്ങൾ പുറപ്പെടുവിക്കുന്നു. 36എന്നാൽ മനുഷ്യർ അല സമായി സംസാരിക്കുന്ന ഓരോ വാക്കിനും ന്യായവിധിദിവസത്തിൽ കണക്കു ബോധിപ്പിക്കേണ്ടിവരുമെന്നു ഞാൻ നിങ്ങളോടു പറയുന്നു. 37നിങ്ങളുടെ വാക്കുകളാൽ നിങ്ങൾ കുറ്റവിമുക്തരാകും; നിങ്ങളുടെ വാക്കുകളാൽ തന്നേ നിങ്ങൾക്കു ശിക്ഷ വിധിക്കപ്പെടും."

യോനായുടെ അടയാളം

38അപ്പോൾ പരീശന്മാരിലും വേദജ്ഞരിലും ചിലർ അദ്ദേഹത്തോട്, "ഗുരോ, അങ്ങയിൽ നിന്ന് അത്ഭുതകരമായ ഒരടയാളം കാണുവാൻ ഞങ്ങൾ ആഗ്രഹിക്കുന്നു" എന്നു പറഞ്ഞു.

39യേശു ഉത്തരം പറഞ്ഞു: "ദുഷ്ടതയും വ്യഭിചാരവും ഉള്ള തലമുറ അടയാളം അന്വേഷിക്കുന്നു! എന്നാൽ യോനാപ്രവാചകന്റെ അടയാളമല്ലാതെ മറെറാന്നും അതിനു നല്കപ്പെടുകയില്ല. 40യോനാ മൂന്നു പകലും മൂന്നു രാവും ഒരു വലിയ മത്സ്യത്തിന്റെ വയററിലായിരുന്നതുപോലെ മനുഷ്യപുത്രനും മൂന്നു പകലും മൂന്നു രാവും ഭൂമിക്കുള്ളിൽ ആയിരിക്കും. 41നീനെവേയിലെ മനുഷ്യർ ന്യായവിധിയിൽ ഈ തലമുറയോടൊപ്പം ഉയിർത്തെഴുന്നേറ് അതിനു ശിക്ഷ വിധിക്കും; അവർ യോനായുടെ പ്രസംഗം കേട്ട് അനുതപിച്ചുവല്ലോ; ഇവിടെയിതാ, യോനായെക്കാൾ ശ്രേഷ്ഠനായ ഒരാൾ. 42തെക്കേദേശത്തെ രാജ്ഞി ന്യായവിധിയിൽ ഈ തലമുറയോടൊപ്പം ഉയിർത്തെഴുന്നേറ് അതിനു ശിക്ഷവിധിക്കും: അവൾ ശലോമോന്റെ ജ്ഞാനം കേൾക്കുവാൻ ഭൂമിയുടെ അതിരുകളിൽനിന്നു വന്നുവല്ലോ; ഇവിടെയിതാ, ശലോമോനെക്കാളും വലിയവൻ.

43"ദുരാത്മാവ്[a] ഒരു മനുഷ്യനിൽനിന്നു പുറത്തുകടന്ന്, വെള്ളമില്ലാത്ത പ്രദേശങ്ങളിൽകൂടി വിശ്രമം തേടി സഞ്ചരിക്കുന്നു. അതു കണ്ടെത്താൻ കഴിയാതെ, 44'ഞാൻ വിട്ടുപോന്ന വീട്ടിലേക്കു തിരികെച്ചെല്ലും' എന്നു പറയുന്നു. അങ്ങനെ ചെല്ലുമ്പോൾ ആ വീട് ഒഴിഞ്ഞും അടിച്ചുവാരിയും ക്രമീകരിക്കപ്പെട്ടും കാണുന്നു. 45അപ്പോൾ അതു പോയി തന്നെക്കാൾ ദുഷ്ടത യേറിയ വേറെ ഏഴ് ആത്മാക്കളെക്കൂടി കൂട്ടിക്കൊണ്ടുവരികയും അവർ അവിടെ പ്രവേശിച്ചു പാർക്കുകയും ചെയ്യുന്നു. ആ മനുഷ്യന്റെ ഒടുവിലത്തെ സ്ഥിതി ആദ്യത്തേതിനെക്കാൾ വഷളാകുന്നു. ഈ ദുഷിച്ച തലമുറയുടെ സ്ഥിതിയും അങ്ങനെതന്നെ ആയിരിക്കും."

യേശുവിന്റെ അമ്മയും സഹോദരന്മാരും

46യേശു ജനക്കൂട്ടത്തോടു സംസാരിച്ചുകൊണ്ടിരുന്നപ്പോൾ അദ്ദേഹത്തിന്റെ അമ്മയും സഹോദരന്മാരും അദ്ദേഹത്തോടു സംസാരിക്കാൻ ആഗ്രഹിച്ചുകൊണ്ട് പുറത്തുവന്നു നിന്നു. 47"അങ്ങയുടെ അമ്മയും സഹോദരന്മാരും അങ്ങയോടു സംസാരിക്കുവാൻ ആഗ്രഹിച്ചുകൊണ്ട് പുറത്തുനില്ക്കുന്നു" എന്ന് ഒരാൾ അദ്ദേഹത്തോടു പറഞ്ഞു.

48"ആരാണ് എന്റെ അമ്മ? ആരാണ് എന്റെ സഹോദരന്മാർ?" അദ്ദേഹം അയാളോടു ചോദിച്ചു. 49പിന്നെ ശിഷ്യന്മാരെ ചൂണ്ടിക്കാണിച്ചിട്ട് അദ്ദേഹം, "ഇവരത്രേ എന്റെ അമ്മയും എന്റെ സഹോദരന്മാരും. 50എന്റെ സ്വർഗ്ഗസ്ഥപിതാവിന്റെ ഇഷ്ടം ചെയ്യുന്ന ഏതൊരാളും എന്റെ സഹോദരനും സഹോദരിയും അമ്മയും ആകുന്നു" എന്നു പറഞ്ഞു.

വിതയ്ക്കുന്നവന്റെ ഉപമ

13 അന്നുതന്നേ യേശു വീട്ടിൽനിന്നു പുറപ്പെട്ട് കടൽത്തീരത്ത് ഇരുന്നു. 2വമ്പിച്ച ജനസമൂഹം തനിക്കുചുററും തിങ്ങിക്കൂടിയതുകൊണ്ട് അദ്ദേഹം ഒരു വഞ്ചിയിൽക്കയറി ഇരുന്നു; ജനമെല്ലാം കരയിൽ നിന്നു. 3അനന്തരം അദ്ദേഹം അവരോടു വളരെ കാര്യങ്ങൾ ഉപമകളിലൂടെ സംസാരിച്ചു. അദ്ദേഹം പറഞ്ഞു: "ഒരു കൃഷിക്കാരൻ വിത്തു വിതയ്ക്കുവാൻ പുറപ്പെട്ടു. 4വിതയ്ക്കുമ്പോൾ ചിലതു വഴിയരികെ വീണു. പക്ഷികൾ വന്ന് അതു തിന്നു കളഞ്ഞു. 5ചിലതു മണ്ണ് അധികമില്ലാത്ത പാറമേൽ വീണു. മണ്ണിനു താഴ്ച കുറവായിരുന്നതുകൊണ്ട് അതു വേഗം മുളച്ചുവന്നു. 6എന്നാൽ സൂര്യൻ ഉദിച്ചപ്പോൾ അത് വെയിലേറ്റുവാടി; വേരില്ലാതിരുന്നതുകൊണ്ട് വേഗം കരിഞ്ഞുപോയി. 7മറ്റു ചിലതു മുള്ളുകൾക്കിടയിൽ വീണു; മുള്ളുകൾ വളർന്നു ചെടികളെ ഞെരുക്കിക്കളഞ്ഞു. 8വേറെ ചിലത് നല്ല മണ്ണിൽ വീണു; നൂറും അറുപതും മുപ്പതും മേനി വിളവുണ്ടായി. 9ചെവിയുള്ളവൻ

[a] 43 ഗ്രീക്കിൽ *അശുദ്ധാത്മാവ്*

കേൾക്കട്ടെ."
10ശിഷ്യന്മാർ അദ്ദേഹത്തിന്റെ അടുക്കൽ വന്ന്, "അങ്ങു ജനങ്ങളോട് ഉപമകളിലൂടെ സംസാരിക്കുന്നതെന്തുകൊണ്ട്?" എന്നു ചോദിച്ചു.
11അദ്ദേഹം മറുപടി പറഞ്ഞു: "സ്വർഗ്ഗരാജ്യത്തിന്റെ മർമ്മങ്ങൾ ഗ്രഹിക്കുവാൻ നിങ്ങൾക്കു വരം ലഭിച്ചിരിക്കുന്നു; അവർക്കോ അതു ലഭിച്ചിട്ടില്ല. 12ഉള്ളവന് അധികം ലഭിക്കും; അവനു സമൃദ്ധിയുണ്ടാകും. ഇല്ലാത്തവന്റെ പക്കൽ നിന്നോ അവനുള്ളതുകൂടി എടുത്തുകളയും.
13"അവർ കാണുന്നുവെങ്കിലും
കാണുന്നില്ല;
അവർ കേൾക്കുന്നുവെങ്കിലും
കേൾക്കുകയോ ഗ്രഹിക്കുകയോ
ചെയ്യുന്നില്ല.
അതുകൊണ്ടാണ് ഞാൻ അവരോടു ഉപമകളിലൂടെ സംസാരിക്കുന്നത്.
14'നിങ്ങൾ എപ്പോഴും
കേട്ടുകൊണ്ടിരിക്കും;
എന്നാൽ ഒരിക്കലും ഗ്രഹിക്കയില്ല;
നിങ്ങൾ എപ്പോഴും
കണ്ടുകൊണ്ടിരിക്കും;
എന്നാൽ ഒരിക്കലും
മനസ്സിലാക്കുകയില്ല.
15ഈ ജനങ്ങളുടെ
ഹൃദയം മരവിച്ചിരിക്കുന്നു;
അവർ തങ്ങളുടെ ചെവികൊണ്ടു
കേൾക്കുന്നതേയില്ല. അവരുടെ കണ്ണുകൾ
അടഞ്ഞിരിക്കുന്നു.
അങ്ങനെയല്ലായിരുന്നെങ്കിൽ അവർ
തങ്ങളുടെ കണ്ണുകൊണ്ടു കാണുകയും
ചെവികൊണ്ടുകേൾക്കുകയും
ഹൃദയംകൊണ്ടു ഗ്രഹിക്കുകയും
ചെയ്തിട്ടു മാനസാന്തരപ്പെടുകയും ഞാൻ
അവരെ സൗഖ്യമാക്കുകയും ചെയ്യുമായിരുന്നു.'[a]
എന്നുള്ള യെശയ്യാവിന്റെ പ്രവചനം ഇവരിൽ നിറവേറിയിരിക്കുന്നു.
16"എന്നാൽ നിങ്ങളുടെ കണ്ണു കാണുന്നതുകൊണ്ടും ചെവി കേൾക്കുന്നതുകൊണ്ടും അവ അനുഗ്രഹിക്കപ്പെട്ടവ. 17എന്തുകൊണ്ടെന്നാൽ അനേകം പ്രവാചകന്മാരും രാജാക്കന്മാരും നിങ്ങൾ കാണുന്നവ കാണാൻ ആഗ്രഹിച്ചുവെങ്കിലും കണ്ടില്ല, നിങ്ങൾ കേൾക്കുന്നവ കേൾക്കാൻ ആഗ്രഹിച്ചുവെങ്കിലും കേട്ടില്ല എന്നു ഞാൻ നിങ്ങളോടു പറയുന്നു.''
18"അതുകൊണ്ട് വിതയ്ക്കുന്നവന്റെ ഉപമയുടെ അർത്ഥം ശ്രദ്ധിക്കുവിൻ: 19ഒരാൾ രാജ്യത്തിന്റെ വചനം കേട്ടിട്ടു മനസ്സിലാക്കാതിരിക്കുമ്പോൾ ദുഷ്ടൻ വന്ന്, അയാളുടെ ഹൃദയത്തിൽ വിതയ്ക്കപ്പെട്ടത് അപഹരിക്കുന്നു. ഇതാണു വഴിയരികിൽ വിതച്ച വിത്ത്. 20പാറസ്ഥലങ്ങളിൽ വിതയ്ക്കപ്പെട്ടതോ, വചനം കേട്ടിട്ട് ഉടൻതന്നേ അതു സന്തോഷത്തോടെ സ്വീകരിക്കുന്ന മനുഷ്യനാണ്. 21എന്നാൽ അയാൾ വേരില്ലാത്തവനായതുകൊണ്ടു കുറച്ചു കാലത്തേക്കു മാത്രമേ നിലനില്ക്കുന്നുള്ളു. വചനംനിമിത്തം പ്രയാസമോ പീഡനമോ ഉണ്ടാകുമ്പോൾ അയാൾ വേഗം വീണുപോകുന്നു. 22മുള്ളുകൾക്കിടയിൽ വിതയ്ക്കപ്പെട്ടതോ, ഒരാൾ വചനം കേൾക്കുന്നുവെങ്കിലും ഈ ജീവിതത്തിലെ ആകുലചിന്തകളും ധനത്തിന്റെ വഞ്ചനയും അതിനെ ഞെരിച്ചു ഫലശൂന്യമാക്കിത്തീർക്കുന്നതാണ്. 23നല്ല മണ്ണിൽ വിതയ്ക്കപ്പെട്ടതാകട്ടെ, വചനം കേൾക്കുകയും ഗ്രഹിക്കുകയും ചെയ്യുന്നവരത്രേ. അതിൽ നിന്നും നൂറും അറുപതും മുപ്പതും മേനി വിളവുണ്ടാകുന്നു."

കളകളുടെ ഉപമ

24യേശു അവരോടു മറെറാരു ഉപമ പറഞ്ഞു: "തന്റെ വയലിൽ നല്ല വിത്തു വിതച്ച ഒരു മനുഷ്യനോടു സ്വർഗ്ഗരാജ്യത്തെ ഉപമിക്കാം. 25എന്നാൽ, എല്ലാവരും ഉറങ്ങുമ്പോൾ ശത്രു വന്ന് ഗോതമ്പിനിടയിൽ കള വിതച്ചിട്ടു പൊയ്ക്കളഞ്ഞു. 26ഗോതമ്പു മുളച്ചുവളർന്നപ്പോൾ കളയും കാണപ്പെട്ടു.
27"ഉടമസ്ഥന്റെ വേലക്കാർ അയാളുടെ അടുക്കൽ വന്നിട്ട്, 'യജമാനനേ, അങ്ങു നല്ല വിത്തല്ലയോ വയലിൽ വിതച്ചത്? പിന്നെ, കളകൾ എവിടെനിന്നു വന്നു?' എന്നു ചോദിച്ചു.
28" 'ഇതു ശത്രു ചെയ്തതത്രേ' അയാൾ ഉത്തരം പറഞ്ഞു.
"വേലക്കാർ അയാളോട്: 'ഞങ്ങൾ ചെന്ന് അവ പറിച്ചുകൂട്ടട്ടെയോ?' എന്നു ചോദിച്ചു.
29"അയാൾ അവരോടു മറുപടി പറഞ്ഞു: 'വേണ്ടാ, കളപറിക്കുമ്പോൾ നിങ്ങൾ അതിനോടൊപ്പം ഗോതമ്പും പിഴുതുകളഞ്ഞെന്നു വരാം. 30 വിളവെടുപ്പുവരെ രണ്ടും ഒന്നിച്ചു വളരട്ടെ. അപ്പോൾ ഞാൻ കൊയ്ത്തുകാരോട്, ആദ്യം കളകൾ ശേഖരിച്ചു ചുട്ടുകളയേണ്ടതിനു കറ കളാക്കി കെട്ടുവിൻ, പിന്നെ ഗോതമ്പു ശേഖരിച്ച് എന്റെ കളപ്പുരയിലേക്കു കൊണ്ടുവരുവിൻ' എന്നു പറയും."

കടുകുമണിയുടെയും പുളിമാവിന്റെയും ഉപമ

31അദ്ദേഹം അവരോടു മറെറാരു ഉപമ പറഞ്ഞു: "സ്വർഗ്ഗരാജ്യം ഒരു കടുകുമണിയോടു സദൃശം; അത് ഒരു മനുഷ്യൻ എടുത്തു തന്റെ വയലിൽ നട്ടു. 32അത് എല്ലാ വിത്തുകളിലും

[a] 13 യെശയ്യാവ് 6: 9, 10

ചെറുതെങ്കിലും വളർച്ച പ്രാപിക്കുമ്പോൾ ഉദ്യാനസസ്യങ്ങളിൽ ഏറ്റവും വലുതായ ഒരു വൃക്ഷമായിത്തീരുകയും ആകാശത്തിലെ പക്ഷികൾ വന്ന് അതിന്റെ ശാഖകളിൽ വിശ്രമിക്കുകയും ചെയ്യുന്നു."

33അദ്ദേഹം അവരോടു വേറൊരു ഉപമ പറഞ്ഞു: "സ്വർഗ്ഗരാജ്യം പുളിച്ചമാവിനോടു സദൃശം. അത് ഒരു സ്ത്രീ എടുത്ത് മൂന്നു പറ[a] മാവിൽ, അതു മുഴുവൻ പുളിച്ചുവരുന്നതുവരെ, ചേർത്തുവച്ചു."

34യേശു ജനക്കൂട്ടത്തോട് ഈ കാര്യങ്ങളെല്ലാം ഉപമകളിലൂടെയാണു സംസാരിച്ചത്; ഉപമകളിലൂടെയല്ലാതെ അദ്ദേഹം അവരോട് ഒരു കാര്യവും പറഞ്ഞില്ല.

35"ഉപമ സംസാരിക്കുവാൻ ഞാൻ എന്റെ
വായ് തുറക്കും; ലോകാരംഭംമുതൽ
ഗൂഢമായിരിക്കുന്ന കാര്യങ്ങൾ ഞാൻ
ഉച്ചരിക്കും."[b]

എന്നു പ്രവാചകനിലൂടെ അരുളിച്ചെയ്തിരുന്നത് ഇങ്ങനെ നിറവേറി.

കളയുടെ ഉപമ വിശദീകരിക്കുന്നു

36അനന്തരം അദ്ദേഹം ജനക്കൂട്ടത്തെ വിട്ടു വീട്ടിലേക്കു പോയി. ശിഷ്യന്മാർ അദ്ദേഹത്തിന്റെ അടുക്കൽവന്ന്, "വയലിലെ കളയുടെ ഉപമ ഞങ്ങൾക്കു വിശദീകരിച്ചു തരണം." എന്നു പറഞ്ഞു.

37അദ്ദേഹം ഉത്തരം പറഞ്ഞു: "നല്ല വിത്തു വിതയ്ക്കുന്നതു മനുഷ്യപുത്രനാണ്. 38വയൽ ലോകമത്രേ; നല്ല വിത്തു രാജ്യത്തിന്റെ പുത്രന്മാരെ കുറിക്കുന്നു; കളകൾ ദുഷ്ടന്റെ പുത്രന്മാരാകുന്നു. 39അവയെ വിതയ്ക്കുന്ന ശത്രുവോ പിശാചുതന്നേ. വിളവെടുപ്പു ലോകാവസാനവും കൊയ്ത്തുകാർ ദൂതന്മാരും ആകുന്നു.

40"കളകൾ പിഴുതെടുത്തു തീയിൽ ചുട്ടു കളയുന്നതുപോലെ ലോകാവസാനത്തിൽ സംഭവിക്കും. 41മനുഷ്യപുത്രൻ തന്റെ ദൂതന്മാരെ അയയ്ക്കും. അവർ അദ്ദേഹത്തിന്റെ രാജ്യത്തിൽനിന്നു പാപകാരണമായ എല്ലാറ്റിനെയും അധർമ്മം പ്രവർത്തിക്കുന്നവരെയും നീക്കിക്കളയും. 42അവർ അവരെ തീച്ചൂളയിൽ ഇട്ടു കളയും; അവിടെ കരച്ചിലും പല്ലുകടിയും ഉണ്ടാകും. 43അപ്പോൾ നീതിമാന്മാർ തങ്ങളുടെ പിതാവിന്റെ രാജ്യത്തിൽ സൂര്യനെപ്പോലെ പ്രകാശിക്കും. ചെവിയുള്ളവൻ കേൾക്കട്ടെ".

നിഗൂഢമായ നിധിയുടെയും
മുത്തിന്റെയും ഉപമ

44"സ്വർഗ്ഗരാജ്യം വയലിൽ മറഞ്ഞിരിക്കുന്ന നിധിയോടു സദൃശം. ഒരു മനുഷ്യൻ അതു കണ്ടെത്തിയിട്ടു മറച്ചുവച്ചു. പിന്നെ ആഹ്ലാദത്തോടെ പോയി, തനിക്കുണ്ടായിരുന്നതെല്ലാം വിറ്റ് ആ വയൽ വാങ്ങി.

45"സ്വർഗ്ഗരാജ്യം നല്ല രത്നങ്ങൾ അന്വേഷിക്കുന്ന വ്യാപാരിയോടു സദൃശം. 46അയാൾ വിലയേറിയ ഒരു രത്നം കണ്ടെത്തിയിട്ടു പോയി തന്റെ സർവ്വസ്വവും വിറ്റ് അതു വാങ്ങി.

വലയുടെ ഉപമ

47"എല്ലാ ഇനം മത്സ്യത്തെയും ശേഖരിക്കുവാൻ കടലിൽ ഇറക്കിയ വലയോടും സ്വർഗ്ഗരാജ്യത്തെ ഉപമിക്കാം. 48വല നിറഞ്ഞപ്പോൾ അവർ അതു കരയിലേക്കു വലിച്ചുകയറ്റി. അവർ ഇരുന്നു നല്ല മത്സ്യം കുട്ടകളിൽ ശേഖരിക്കുകയും കൊള്ളരുതാത്തവ എറിഞ്ഞു കളയുകയും ചെയ്തു. 49യുഗാന്ത്യത്തിലും ഇതു പോലെ സംഭവിക്കും. ദൂതന്മാർ വന്ന് നീതിമാന്മാരുടെ ഇടയിൽ നിന്നു ദുഷ്ടന്മാരെ വേർതിരിച്ചു 50തീച്ചൂളയിൽ ഇട്ടുകളയും. അവിടെ വിലാപവും പല്ലുകടിയും ഉണ്ടാകും"

51"ഈ കാര്യങ്ങളെല്ലാം നിങ്ങൾ ഗ്രഹിച്ചുവോ?" യേശു അവരോടു ചോദിച്ചു.

"ഉവ്വ്" അവർ ഉത്തരം പറഞ്ഞു.

52അദ്ദേഹം അവരോട്; "അതുകൊണ്ടു സ്വർഗ്ഗരാജ്യത്തിനു ശിഷ്യനായിത്തീർന്ന ഓരോ വേദജ്ഞനും തന്റെ നിക്ഷേപങ്ങളിൽനിന്നു പഴയതും പുതിയതും എടുത്തുകൊടുക്കുന്ന ഒരു വീട്ടുടമസ്ഥനു തുല്യനാണ്" എന്നു പറഞ്ഞു.

ആദരവു ലഭിക്കാത്ത പ്രവാചകൻ

53ഈ ഉപമകൾ പറഞ്ഞതിനുശേഷം യേശു അവിടെനിന്നു യാത്രയായി. 54അദ്ദേഹം സ്വന്തനഗരത്തിലെത്തി പള്ളിയിൽവച്ചു ജനത്തെ ഉപദേശിച്ചുതുടങ്ങി. അവർ ആശ്ചര്യപ്പെട്ടു. "ഇയാൾക്ക് ഈ വിവേകവും അത്ഭുതശക്തികളും എവിടെനിന്നു ലഭിച്ചു? 55ഇയാൾ ആ തച്ചന്റെ മകനല്ലേ? ഇയാളുടെ അമ്മയുടെ പേരു മറിയ എന്നല്ലേ? യാക്കോബ്, യോസേഫ്, ശിമോൻ, യൂദാ എന്നിവർ ഇയാളുടെ സഹോദരന്മാരല്ലേ? 56ഇയാളുടെ സഹോദരിമാരും നമ്മോടൊപ്പം ഉണ്ടല്ലോ. പിന്നെ, ഇയാൾക്ക് ഇതെല്ലാം എവിടെനിന്നു ലഭിച്ചു?" എന്ന് അവർ ചോദിച്ചു. 57അങ്ങനെ അദ്ദേഹത്തിനെതിരെ അവർക്ക് ഇടർച്ചയുണ്ടായി.

എന്നാൽ യേശു അവരോട്: "ഒരു പ്രവാചകനു സ്വന്തം പട്ടണത്തിലും സ്വന്തം ഭവനത്തിലും മാത്രമേ ആദരവു ലഭിക്കാതിരിക്കുന്നുള്ളൂ" എന്നു പറഞ്ഞു.

58അവരുടെ അവിശ്വാസം നിമിത്തം അദ്ദേഹം അവിടെ അധികം അടയാളങ്ങൾ പ്രവർത്തിച്ചില്ല.

[a] 33 ഗ്രീക്കിൽ *മൂന്നു സത* (ഏകദേശം 22 ലിറ്റർ) [b] 35 സങ്കീർത്തനം 78: 2

യോഹന്നാൻ സ്നാപകന്റെ ശിരച്ഛേദം

14 ആ കാലത്ത് സാമന്തരാജാവായ
ഹെരോദാവ് യേശുവിനെക്കുറിച്ചുള്ള
വാർത്തകൾ കേട്ട്, 2തന്റെ സേവകന്മാരോട്:
"ഇതു യോഹന്നാൻസ്നാപകൻ തന്നേ;
അദ്ദേഹം മരിച്ചവരിൽനിന്ന് ഉയിർത്തെഴുന്നേ
റിരിക്കുന്നു! അതുകൊണ്ടാണ് അദ്ദേഹത്തിൽ
ഈ അത്ഭുതശക്തികൾ വ്യാപരിക്കുന്നത്"
എന്നു പറഞ്ഞു.

3ഹെരോദാവു തന്റെ സഹോദരനായ ഫിലി
പ്പൊസിന്റെ ഭാര്യ ഹെരോദ്യനിമിത്തം യോഹ
ന്നാനെ ബന്ധിച്ചു കാരാഗൃഹത്തിലാക്കി
യിരുന്നു. കാരണം, 4"അവളെ നീ സ്വന്തമാ
ക്കിയിരിക്കുന്നതു നിയമവിരുദ്ധമത്രേ" എന്നു
യോഹന്നാൻ അദ്ദേഹത്തോടു പറഞ്ഞിരുന്നു.
5ഹെരോദാവു യോഹന്നാനെ വധിക്കാൻ
ആഗ്രഹിച്ചു. എങ്കിലും ജനങ്ങൾ അദ്ദേഹത്തെ
പ്രവാചകനായി കരുതിയിരുന്നതിനാൽ
അയാൾ അവരെ ഭയപ്പെട്ടു.

6ഹെരോദാവിന്റെ ജന്മദിനത്തിൽ ഹെരോദ്യ
യുടെ പുത്രി രാജസദസ്സിൽ നൃത്തംചെയ്ത്,
7അവൾ എന്തുതന്നേ ചോദിച്ചാലും കൊടു
ക്കാമെന്നു ശപഥം ചെയ്യുവാൻ തക്കവണ്ണം
അദ്ദേഹത്തെ സന്തോഷിപ്പിച്ചു. 8"യോഹന്നാന്റെ
തല ഒരു തളികയിൽ എനിക്കു തരേണം" എന്ന്
അമ്മയുടെ പ്രേരണയനുസരിച്ച് അവൾ
അപേക്ഷിച്ചു. 9രാജാവു ദുഃഖിതനായി. എന്നാൽ
താൻ ചെയ്തുപോയ ശപഥം നിറവേറേണ്ടതു
കൊണ്ടും, വിരുന്നിൽ പങ്കെടുത്ത അതിഥികൾ
നിമിത്തവും അവളുടെ അപേക്ഷയനുസരിച്ചു
ചെയ്യുവാൻ ആജ്ഞ നൽകി. 10അങ്ങനെ
കാരാഗൃഹത്തിൽവച്ചു യോഹന്നാനെ ശിര
ച്ഛേദം ചെയ്തിച്ചു; 11അദ്ദേഹത്തിന്റെ തല ഒരു
തളികയിൽ കൊണ്ടുവന്ന് ആ പെൺകുട്ടിക്കു
കൊടുത്തു. അവൾ അത് അമ്മയുടെ അടുത്തു
കൊണ്ടുപോയി. 12യോഹന്നാന്റെ ശിഷ്യന്മാർ
വന്ന് അദ്ദേഹത്തിന്റെ ശരീരം എടുത്തു സംസ്ക
രിച്ചു. പിന്നെ അവർ ചെന്ന് യേശുവിനെ
അറിയിച്ചു.

അയ്യായിരം പേർക്ക് ആഹാരം
നല്കുന്നു

13യേശു ഇതു കേട്ടിട്ട് വഞ്ചിയിൽ കയറി
അവിടെനിന്നും തനിച്ച് ഒരു നിർജ്ജന
സ്ഥലത്തേക്കു പോയി. ജനക്കൂട്ടം ഇതുകേട്ട്
പട്ടണങ്ങളിൽനിന്നു കാൽനടയായി അദ്ദേ
ഹത്തെ പിൻചെന്നു. 14യേശു കരയ്ക്ക് ഇറങ്ങി
യപ്പോൾ ഒരു വലിയ ജനസമൂഹത്തെ കണ്ടു;
അദ്ദേഹം അവരോടു മനസ്സലിഞ്ഞ് അവരുടെ
രോഗികളെ സൗഖ്യമാക്കി.

15സന്ധ്യയായപ്പോൾ ശിഷ്യന്മാർ അദ്ദേ
ഹത്തിന്റെ അടുക്കൽവന്ന്, "ഇതൊരു നിർജ്ജന
സ്ഥലമാണ്; നേരം വൈകിയിരിക്കുന്നു.
ജനങ്ങൾ ഗ്രാമങ്ങളിൽചെന്ന് അവർക്കു
വേണ്ടുന്ന ആഹാരം വാങ്ങേണ്ടതിന് അവരെ
പറഞ്ഞയച്ചാലും" എന്നു പറഞ്ഞു.
16അതിന് യേശു, "അവർ പോകേണ്ട
കാര്യമില്ല; നിങ്ങൾ അവർക്ക് എന്തെങ്കിലും ഭക്ഷി
ക്കാൻ കൊടുക്കുവിൻ" എന്ന് ഉത്തരം പറഞ്ഞു.
17"ഞങ്ങളുടെ പക്കൽ അഞ്ച് അപ്പവും രണ്ടു
മീനും മാത്രമേ ഉള്ളൂ" അവർ മറുപടി
പറഞ്ഞു.
18"അത് ഇവിടെ കൊണ്ടുവരുവിൻ" യേശു
പറഞ്ഞു. 19യേശു ജനങ്ങളോടു പുല്പ്പുറത്ത്
ഇരിക്കുവാൻ കല്പിച്ചു. അദ്ദേഹം ആ അഞ്ച്
അപ്പവും രണ്ടു മീനും കൈയിൽ എടുത്തു
സ്വർഗ്ഗത്തിലേക്കു നോക്കി സ്തോത്രം ചെയ്തു
നുറുക്കി, ശിഷ്യന്മാരെ ഏല്പിച്ചു; ശിഷ്യന്മാർ
അതു ജനങ്ങൾക്കു കൊടുക്കുകയും ചെയ്തു.
20എല്ലാവരും തിന്നു തൃപ്തരായി. ശേഷിച്ച
അപ്പനുറുക്കുകൾ ശിഷ്യന്മാർ പന്ത്രണ്ടു കുട്ട
നിറയെ ശേഖരിച്ചു. 21ഭക്ഷിച്ചവരുടെ എണ്ണം
സ്ത്രീകളെയും കുട്ടികളെയും കൂടാതെ ഏക
ദേശം അയ്യായിരം പുരുഷന്മാർ ആയിരുന്നു.

യേശു വെള്ളത്തിനുമീതെ
നടക്കുന്നു

22യേശു ജനസമൂഹത്തെ പിരിച്ചുവിടു
ന്നതിനിടയിൽ, ശിഷ്യന്മാരെ പെട്ടെന്നു വഞ്ചി
യിൽ കയറി തനിക്കു മുമ്പായി മറുകരയിലേക്ക്
അയച്ചു. 23അവരെ പിരിച്ചുവിട്ടതിനുശേഷം
അദ്ദേഹം പ്രാർത്ഥിക്കുന്നതിനു തനിയെ
മലയിലേക്കു കയറിപ്പോയി. സന്ധ്യയായപ്പോൾ
അദ്ദേഹം അവിടെ തനിച്ചായിരുന്നു. 24എന്നാൽ
കാറ്റു പ്രതികൂലമായിരുന്നതിനാൽ വഞ്ചി
തിരകളാൽ ഉലഞ്ഞ് കരയിൽനിന്നു വളരെദൂരം
പോയിരുന്നു.

25രാത്രിയുടെ നാലാംയാമത്തിൽ യേശു
തടാകത്തിനുമീതെകൂടി നടന്ന് അവരുടെ അടു
ക്കൽ എത്തി. 26അദ്ദേഹം തടാകത്തിന്റെ മീതെ
നടക്കുന്നതുകണ്ടു ശിഷ്യന്മാർ പരിഭ്രമിച്ചു.
"അതൊരു ഭൂതമാണ്" എന്നു പറഞ്ഞ് ഭയപ്പെട്ടു
നിലവിളിച്ചു.
27യേശു ഉടനേതന്നേ അവരോട്, "ധൈര്യ
പ്പെടുവിൻ, ഞാൻ ആകുന്നു, ഭയപ്പെടേണ്ടാ"
എന്നു പറഞ്ഞു.
28"കർത്താവേ, അത് അങ്ങ് ആകുന്നു
വെങ്കിൽ, വെള്ളത്തിന്മീതെ നടന്ന് അങ്ങയുടെ
അടുത്തെത്തുവാൻ എന്നോടു കല്പിക്കണമേ"
- പത്രൊസ് പറഞ്ഞു.
29"വരിക", അദ്ദേഹം പറഞ്ഞു.
അപ്പോൾ പത്രൊസ് വഞ്ചിയിൽനിന്ന് ഇറങ്ങി

വെള്ളത്തിനുമീതെകൂടി യേശുവിന്റെ അടുത്തേക്കു നടന്നു. 30എന്നാൽ അയാൾ കാറ്റു കണ്ടു പേടിച്ചു താഴുവാൻ തുടങ്ങി. "കർത്താവേ, എന്നെ രക്ഷിക്കേണമേ" - അയാൾ നിലവിളിച്ചു.

31യേശു ഉടൻതന്നെ കൈനീട്ടി അയാളെ പിടിച്ചു: "അല്പവിശ്വാസീ, നീ എന്തിനു സംശയിച്ചു?" എന്നു ചോദിച്ചു.

32പിന്നെ, അവർ വഞ്ചിയിൽ കയറിയപ്പോൾ കാറ്റു ശമിച്ചു. 33വഞ്ചിയിൽ ഉണ്ടായിരുന്നവർ, "അങ്ങു സത്യമായും ദൈവപുത്രൻതന്നേ" എന്നു പറഞ്ഞ് അദ്ദേഹത്തെ ആരാധിച്ചു.

34അവർ അക്കരെ ഗന്നേസരെത്തിൽ എത്തി. 35ആ സ്ഥലത്തുള്ള ആളുകൾ യേശുവിനെ തിരിച്ചറിഞ്ഞപ്പോൾ ചുറ്റുമുള്ള എല്ലാ പ്രദേശങ്ങളിലും വിവരം അറിയിച്ചു. ജനങ്ങൾ തങ്ങളുടെ സകലരോഗികളെയും അദ്ദേഹത്തിന്റെ അടുക്കൽ കൊണ്ടുവരികയും 36അദ്ദേഹത്തിന്റെ പുറംകുപ്പായത്തിന്റെ വിളുമ്പിൽ തൊടാൻ രോഗികൾക്ക് അനുവാദം നൽകണമെന്നു യാചിക്കുകയും ചെയ്തു; അദ്ദേഹത്തെ സ്പർശിച്ച എല്ലാവർക്കും സൗഖ്യം ലഭിച്ചു.

ശുദ്ധിയും അശുദ്ധിയും

15 യെരൂശലേമിൽനിന്നു ചില പരീശന്മാരും വേദജ്ഞരും യേശുവിന്റെ അടുക്കൽ വന്ന്, 2"അങ്ങയുടെ ശിഷ്യന്മാർ പൂർവ്വികരുടെ പാരമ്പര്യം ലംഘിക്കുന്നതെന്ത്? അവർ ആഹാരം കഴിക്കുന്നതിനുമുമ്പു കൈ കഴുകുന്നില്ലല്ലോ!" എന്നു പറഞ്ഞു.

3യേശു മറുപടി പറഞ്ഞു: "നിങ്ങൾ നിങ്ങളുടെ പാരമ്പര്യം പാലിക്കുന്നതിനുവേണ്ടി ദൈവകല്പന ലംഘിക്കുന്നതെന്ത്? 4'മാതാപിതാക്കളെ ബഹുമാനിക്കണം' [a] എന്നും 'പിതാവിനെയോ മാതാവിനെയോ ശപിക്കുന്നവനെ കൊന്നുകളയണം' [b] എന്നും ദൈവം കല്പിച്ചിരിക്കുന്നു. 5എന്നാൽ, ഒരുവൻ തന്റെ പിതാവിനോടോ മാതാവിനോടോ, 'നിങ്ങൾക്ക് എന്നിൽ നിന്നു ലഭിക്കേണ്ട സഹായം ദൈവത്തിനുള്ള വഴിപാടത്രേ' എന്നു പറഞ്ഞാൽ, 6പിന്നെ അവൻ പിതാവിനെ [c] ആദരിക്കേണ്ടതില്ല എന്നു നിങ്ങൾ പറയുന്നു. ഇങ്ങനെ നിങ്ങളുടെ പാരമ്പര്യത്തിന്റെപേരിൽ നിങ്ങൾ ദൈവവചനത്തെ ഫലശൂന്യമാക്കുന്നു.

7"കപടഭക്തരേ, നിങ്ങളെപ്പറ്റി,
8'ഈ ജനം അധരങ്ങളാൽ എന്നെ
ആദരിക്കുന്നു;
അവരുടെ ഹൃദയമോ
എന്നിൽനിന്ന് അകന്നിരിക്കുന്നു.
9അവർ എന്നെ വ്യർത്ഥമായി
ആരാധിക്കുന്നു; അവർ മനുഷ്യരുടെ
നിയമങ്ങൾ പ്രമാണങ്ങളായി
പഠിപ്പിക്കുന്നു.' [d]
എന്ന് യെശയ്യാവു പ്രവചിച്ചതു
ശരിതന്നെ."

10യേശു ജനക്കൂട്ടത്തെ തന്റെ അടുത്തേക്കു വിളിച്ച്, "ശ്രദ്ധയോടെ കേട്ടു ഗ്രഹിച്ചുകൊൾവിൻ. 11മനുഷ്യന്റെ വായിലേക്കു ചെല്ലുന്നതല്ല, പിന്നെയോ വായിൽനിന്നു പുറപ്പെടുന്നതത്രേ അവനെ 'അശുദ്ധനാക്കുന്നത്' " എന്നു പറഞ്ഞു.

12ശിഷ്യന്മാർ അദ്ദേഹത്തെ സമീപിച്ച്, "ഈ വചനം കേട്ട പരീശന്മാർ പ്രകോപിതരായി എന്ന് അങ്ങ് അറിയുന്നുവോ?" എന്നു ചോദിച്ചു.

13അദ്ദേഹം ഉത്തരം പറഞ്ഞു: "സ്വർഗ്ഗസ്ഥനായ എന്റെ പിതാവു നട്ടിട്ടില്ലാത്ത എല്ലാതൈയും വേരോടെ പിഴുതു നീക്കപ്പെടും. 14അവരെ വിട്ടുകളയുവിൻ; അവർ അന്ധരായ വഴികാട്ടികളാകുന്നു. അന്ധൻ അന്ധനെ നയിച്ചാൽ ഇരുവരും കുഴിയിൽ വീഴും."

15"ആ ഉപമ ഞങ്ങൾക്കു വിശദീകരിച്ചു തരണമേ" - പത്രോസ് അപേക്ഷിച്ചു.

16"നിങ്ങൾ ഇപ്പോഴും ഇത്ര മന്ദബുദ്ധികളോ?" യേശു അവരോടു ചോദിച്ചു. 17"വായിലേക്കു ചെല്ലുന്നതെന്തും ആമാശയത്തിൽ എത്തിയതിനുശേഷം ശരീരത്തിനു പുറത്തുപോകുന്നുവല്ലോ. 18എന്നാൽ വായിൽനിന്നു വരുന്ന കാര്യങ്ങൾ ഹൃദയത്തിൽനിന്നു പുറപ്പെടുന്നവയാകുന്നു; അവയത്രേ ഒരുവനെ അശുദ്ധനാക്കുന്നത്. 19ദുശ്ചിന്ത, കൊലപാതകം, വ്യഭിചാരം, ലൈംഗികാധർമ്മം, മോഷണം, കള്ളസ്സാക്ഷ്യം, പരദൂഷണം എന്നിവ ഹൃദയത്തിൽനിന്നു പുറപ്പെടുന്നു; 20ഒരുവനെ അശുദ്ധനാക്കുന്നത് ഇവയെല്ലാമാണ്; കഴുകാത്ത കൈകൊണ്ട് ആഹാരം കഴിക്കുന്ന ഒരുവൻ അശുദ്ധനായിത്തീരുന്നില്ല."

കനാന്യസ്ത്രീയുടെ വിശ്വാസം

21യേശു ആ സ്ഥലം വിട്ട് സോരിന്റെയും സീദോന്റെയും പ്രദേശങ്ങളിലേക്കു പോയി. 22അവിടെയുള്ള ഒരു കനാന്യസ്ത്രീ വന്ന്, "കർത്താവേ, ദാവീദുപുത്രാ, എന്നോടു കനിവുണ്ടാകണമേ, എന്റെ മകളെ ഒരു ഭൂതം ബാധിച്ച് കഠിനമായി പീഡിപ്പിക്കുന്നു" എന്നു നിലവിളിച്ചു പറഞ്ഞു.

23യേശു ഒരു വാക്കും ഉത്തരം പറഞ്ഞില്ല. അതുകൊണ്ട് ശിഷ്യന്മാർ അദ്ദേഹത്തിന്റെ അടുക്കൽവന്ന്, "അവളെ പറഞ്ഞയയ്ക്കണമേ, അവൾ നിലവിളിച്ചുകൊണ്ടു നമ്മുടെ പിന്നാലെ വരുന്നുവല്ലോ!" എന്ന് അപേക്ഷിച്ചു.

[a] 4 പുറപ്പാട് 20:12; ആവർത്തനം 5:16 [b] 4 പുറപ്പാട് 21:17; ലേവ്യ 20:9
[c] 6 ചില കയ്യെഴുത്തുപ്രതികളിൽ, *പിതാവിനെയോ മാതാവിനെയോ.* [d] 9 യെശയ്യാവ് 29:13

24"യിസ്രായേലിലെ കാണാതെപോയ ആടുകളുടെ അടുക്കലേക്കു മാത്രമാണ് എന്നെ അയച്ചിരിക്കുന്നത്" അദ്ദേഹം ഉത്തരം പറഞ്ഞു.
25ആ സ്ത്രീ വന്ന് യേശുവിന്റെ മുമ്പിൽ മുട്ടുകുത്തി, "കർത്താവേ, എന്നെ സഹായിക്കണമേ" എന്ന് അപേക്ഷിച്ചു.
26അതിന് യേശു, "മക്കളുടെ അപ്പം എടുത്തു നായ്ക്കൾക്ക് ഇട്ടുകൊടുക്കുന്നത് ഉചിതമല്ല" എന്നു മറുപടി പറഞ്ഞു.
27"ഉവ്വ്, കർത്താവേ, എന്നാൽ നായ്ക്കളും അവയുടെ യജമാനന്മാരുടെ മേശയിൽ നിന്നു വീഴുന്ന അപ്പനുറുക്കുകൾ തിന്നുന്നുണ്ടല്ലോ" എന്ന് അവൾ പറഞ്ഞു.
28അപ്പോൾ യേശു: "സ്ത്രീയേ, നിന്റെ വിശ്വാസം വലിയത്. നീ ആഗ്രഹിക്കുന്നതുപോലെ ഭവിക്കട്ടെ" എന്ന് ഉത്തരം പറഞ്ഞു. ആ സമയംമുതൽ അവളുടെ മകൾക്കു സൗഖ്യം ലഭിച്ചു.

യേശു നാലായിരം പേർക്ക് ആഹാരം നല്കുന്നു

29യേശു അവിടംവിട്ടു ഗലീലക്കടലിന്റെ തീരത്തുകൂടി സഞ്ചരിച്ചു. അദ്ദേഹം ഒരു മലമേൽ കയറി, അവിടെ ഇരുന്നു. 30ഒരു വലിയ ജനക്കൂട്ടം വന്നുകൂടി. അവർ മൂടന്മാർ, അംഗവൈകല്യമുള്ളവർ, അന്ധർ, ഊമർ എന്നിവരെയും മറനേകരെയും കൊണ്ടുവന്ന് അദ്ദേഹത്തിന്റെ കാല്ക്കൽ കിടത്തി; അദ്ദേഹം അവരെ സൗഖ്യമാക്കി. 31ഊമർ സംസാരിക്കുന്നതും അംഗവൈകല്യമുള്ളവർ സുഖപ്പെടുന്നതും മുടന്തർ നടക്കുന്നതും അന്ധർ കാഴ്ച പ്രാപിക്കുന്നതും കണ്ടു ജനങ്ങൾ ആശ്ചര്യപ്പെട്ടു. അവർ യിസ്രായേലിന്റെ ദൈവത്തെ പുകഴ്ത്തി.
32യേശു ശിഷ്യന്മാരെ അടുക്കൽ വിളിച്ച് അവരോടു പറഞ്ഞു: "എനിക്ക് ഈ ജനങ്ങളോട് അനുകമ്പ തോന്നുന്നു. ഇവർ മൂന്നു ദിവസമായി എന്നോടുകൂടെ പാർക്കുന്നു; ഇവർക്കു ഭക്ഷിക്കുവാൻ ഒന്നുമില്ല. ഇവരെ വിശപ്പോടെ പറഞ്ഞയയ്ക്കാൻ എനിക്ക് ഇഷ്ടമില്ല; അവർ വഴിയിൽ തളർന്നു വീണുപോകും."
33അതിനു ശിഷ്യന്മാർ ചോദിച്ചു: "ഈ വലിയ ജനക്കൂട്ടത്തിനു വേണ്ടത്ര ഭക്ഷണം ഈ നിർജ്ജനപ്രദേശത്തു നമുക്ക് എവിടെനിന്നു ലഭിക്കും?"
34യേശു അവരോടു ചോദിച്ചു: "നിങ്ങളുടെ പക്കൽ എത്ര അപ്പം ഉണ്ട്?"
"ഏഴ്; കുറച്ചു ചെറിയ മീനും ഉണ്ട്" അവർ മറുപടി പറഞ്ഞു.
35യേശു ജനക്കൂട്ടത്തോടു നിലത്തിരിക്കാൻ കല്പിച്ചു. 36പിന്നെ അദ്ദേഹം ആ ഏഴ് അപ്പവും മീനും എടുത്തു സ്തോത്രംചെയ്തു നുറുക്കി ശിഷ്യന്മാരെ ഏല്പിക്കുകയും അവർ അതു ജനങ്ങൾക്കു കൊടുക്കുകയും ചെയ്തു. 37അവർ എല്ലാവരും ഭക്ഷിച്ചു തൃപ്തരായി. ശേഷിച്ച നുറുക്കുകൾ ശിഷ്യന്മാർ ഏഴു കൂട നിറയെ ശേഖരിച്ചു. 38ഭക്ഷിച്ചവർ സ്ത്രീകളെയും കുഞ്ഞുങ്ങളെയും കൂടാതെ നാലായിരം പേർ ആയിരുന്നു. 39ജനസമൂഹത്തെ പറഞ്ഞയച്ചശേഷം യേശു വഞ്ചിയിൽ കയറി മഗദാ ദേശത്തേക്കു പോയി.

അടയാളം ആവശ്യപ്പെടുന്നു

16 പരീശന്മാരും സദൂക്യരും യേശുവിന്റെ അടുക്കൽവന്ന് അദ്ദേഹത്തെ പരീക്ഷിക്കുന്നതിനായി സ്വർഗ്ഗത്തിൽനിന്ന് ഒരടയാളം കാണിച്ചുകൊടുക്കണമെന്ന് ആവശ്യപ്പെട്ടു.
2യേശു ഉത്തരം പറഞ്ഞു: "സന്ധ്യയാകുമ്പോൾ, ആകാശം ചുവന്നിരിക്കുന്നതുകൊണ്ടു കാലാവസ്ഥ നന്നായിരിക്കുമെന്നും 3പ്രഭാതത്തിൽ ആകാശം ചുവന്നും ഇരുണ്ടും ഇരിക്കുന്നതിനാൽ ഇന്നു കാറും മഴയും ഉണ്ടാകുമെന്നും നിങ്ങൾ പറയുന്നു. ആകാശത്തിന്റെ ഭാവഭേദങ്ങൾ തിരിച്ചറിയാൻ നിങ്ങൾക്കു സാധിക്കുമല്ലോ; എന്നാൽ കാലത്തിന്റെ ലക്ഷണങ്ങൾ വിവേചിച്ചറിയുവാൻ നിങ്ങൾക്കു കഴിയുന്നുമില്ല. 4ദുഷ്ടതയും വ്യഭിചാരവും ഉള്ള തലമുറ അടയാളം അന്വേഷിക്കുന്നു. എന്നാൽ യോനായുടെ അടയാളമല്ലാതെ മറെറാന്നും അതിനു ലഭിക്കുകയില്ല." പിന്നെ യേശു അവരെ വിട്ടുപോയി.

പരീശരുടെയും സദൂക്യരുടെയും പുളിമാവ്

5അവർ തടാകത്തിന്റെ മറുകരയിലേക്കു പോയപ്പോൾ, ശിഷ്യന്മാർ അപ്പം എടുക്കാൻ മറന്നുപോയി. 6യേശു അവരോട്, "ജാഗ്രതയുള്ളവരായിരിപ്പിൻ, പരീശരുടെയും സദൂക്യരുടെയും പുളിച്ചമാവു സൂക്ഷിച്ചുകൊൾവിൻ" എന്നു പറഞ്ഞു.
7ഇതിനെപ്പററി അവർ അന്യോന്യം പറഞ്ഞു: "നാം അപ്പം കൊണ്ടുവരാഞ്ഞതുകൊണ്ടായിരിക്കാം അങ്ങനെ പറഞ്ഞത്."
8യേശു അതു മനസ്സിലാക്കിയിട്ട് അവരോടു ചോദിച്ചു: "അല്പവിശ്വാസികളേ, അപ്പം ഇല്ലാത്തതിനെക്കുറിച്ചു നിങ്ങൾ തമ്മിൽത്തമ്മിൽ സംസാരിക്കുന്നതെന്ത്? 9നിങ്ങൾ ഇപ്പോഴും ഗ്രഹിക്കുന്നില്ലയോ? അയ്യായിരം പേർക്കു കൊടുത്ത അഞ്ച് അപ്പത്തിന്റെ കാര്യവും എത്ര കൂട നിറച്ചെടുത്തു എന്നതും നിങ്ങൾ ഓർക്കുന്നില്ലേ? 10അല്ലെങ്കിൽ നാലായിരം പേർക്കു കൊടുത്ത ഏഴ് അപ്പത്തിന്റെ കാര്യവും എത്ര കൂട്ട ശേഖരിച്ചു എന്നതും മറന്നു

പോയോ? 11ഞാൻ നിങ്ങളോടു സംസാരിച്ചത് അപ്പത്തിന്റെ കാര്യമല്ല എന്നു നിങ്ങൾ ഗ്രഹിക്കാഞ്ഞതെന്ത്? എന്നാൽ, പരീശരുടെയും സദൂക്യരുടെയും പുളിച്ചമാവ് സൂക്ഷിച്ചുകൊള്ളുവിൻ." 12അദ്ദേഹം തങ്ങളോടു ജാഗ്രത പുലർത്തണമെന്നു പറഞ്ഞുകൊണ്ടിരുന്നതു അപ്പത്തിനു ഉപയോഗിക്കുന്ന പുളിമാവിനെ സംബന്ധിച്ചല്ല, പിന്നെയോ പരീശരുടെയും സദൂക്യരുടെയും ഉപദേശത്തെ സംബന്ധിച്ചാണ് എന്ന് അപ്പോൾ അവർ മനസ്സിലാക്കി.

പത്രൊസിന്റെ ഏറ്റുപറച്ചിൽ

13യേശു കൈസര്യഫിലിപ്പിപ്രദേശത്തു എത്തിയപ്പോൾ ശിഷ്യന്മാരോട്: "മനുഷ്യപുത്രൻ ആരാകുന്നുവെന്നാണു ജനങ്ങൾ പറയുന്നത്?" എന്നുചോദിച്ചു.

14അതിനു ശിഷ്യന്മാർ: "യോഹന്നാൻ സ്നാപകൻ എന്നു ചിലരും ഏലിയാവ് എന്നു മറ്റുചിലരും പറയുന്നു; വേറേ ചിലർ യിരെമ്യാവോ, പ്രവാചകന്മാരിൽ ഒരുവനോ എന്നും പറയുന്നു" എന്ന് ഉത്തരം പറഞ്ഞു.

15"എന്നാൽ ഞാൻ ആരാകുന്നുവെന്നാണു നിങ്ങൾ പറയുന്നത്?" അദ്ദേഹം ചോദിച്ചു.

16"അങ്ങ് ജീവനുള്ള ദൈവത്തിന്റെ പുത്രനായ ക്രിസ്തുആകുന്നു" ശിമോൻ പത്രൊസ് ഉത്തരം പറഞ്ഞു.

17അതിനു മറുപടിയായി യേശു പറഞ്ഞു: "യോനായുടെ മകനായ ശിമോനേ, നീ അനുഗ്രഹിക്കപ്പെട്ടവൻ; ഇതു നിനക്കു വെളിപ്പെടുത്തിത്തന്നതു മനുഷ്യനല്ല, സ്വർഗ്ഗസ്ഥനായ എന്റെ പിതാവത്രേ. 18ഞാൻ നിന്നോടു പറയുന്നു: നീ പത്രൊസ് [a] ആകുന്നു, ഈ പാറമേൽ ഞാൻ എന്റെ സഭയെ പണിയും; പാതാളകവാടങ്ങൾ അതിനെ ജയിക്കുകയില്ല. 19സ്വർഗ്ഗരാജ്യത്തിന്റെ താക്കോൽ ഞാൻ നിനക്കു തരും; നീ ഭൂമിയിൽ കെട്ടുന്നതെന്തും സ്വർഗ്ഗത്തിൽ കെട്ടപ്പെട്ടിരിക്കും [b]; നീ ഭൂമിയിൽ അഴിക്കുന്നതെന്തും സ്വർഗ്ഗത്തിലും അഴിഞ്ഞിരിക്കും. [c]" 20പിന്നെ, താൻ ക്രിസ്തു ആകുന്നു എന്ന് ആരോടും പറയരുത് എന്നു ശിഷ്യന്മാരോടു കല്പിച്ചു.

യേശു തന്റെ മരണത്തെപ്പറ്റി പ്രസ്താവിക്കുന്നു

21അപ്പോൾമുതൽ യേശു താൻ യെരൂശലേമിലേക്കു പോകേണ്ടതാണെന്നും മൂപ്പന്മാർ, മുഖ്യപുരോഹിതന്മാർ, വേദജ്ഞർ എന്നിവരാൽ കഷ്ടം സഹിച്ചു കൊല്ലപ്പെടേണ്ടതാണെന്നും മൂന്നാംദിവസം ഉയിർത്തെഴുന്നേല്ക്കുമെന്നും ശിഷ്യന്മാർക്കു വിശദീകരിച്ചുകൊടുക്കുവാൻ തുടങ്ങി.

22പത്രൊസ് അദ്ദേഹത്തെ മാറിനിർത്തി ശാസിച്ചു: "കർത്താവേ, അതൊരിക്കലും പാടില്ല; അങ്ങേയ്ക്ക് അത് ഒരുനാളും സംഭവിക്കാതിരിക്കട്ടെ."

23യേശു തിരിഞ്ഞ് പത്രൊസിനോട്: "സാത്താനേ, എന്റെ പുറകിൽ പോകുക; നീ എനിക്ക് ഒരു പ്രതിബന്ധമാണ്. നീ ദൈവത്തിന്റെ കാര്യങ്ങളല്ല മനുഷ്യരുടെ കാര്യങ്ങളത്രേ ചിന്തിക്കുന്നത്" എന്നു പറഞ്ഞു.

24പിന്നെ യേശു ശിഷ്യന്മാരോടു പറഞ്ഞു: "ഒരുവൻ എന്റെ പിന്നാലെ വരുവാൻ ഇച്ഛിക്കുന്നുവെങ്കിൽ അവൻ സ്വയം ത്യജിച്ചു തന്റെ ക്രൂശ് എടുത്തുകൊണ്ട് എന്നെ അനുഗമിക്കട്ടെ. 25സ്വന്തം ജീവനെ [d] രക്ഷിക്കാൻ ആഗ്രഹിക്കുന്നവൻ അതിനെ നഷ്ടപ്പെടുത്തും; എന്നാൽ എനിക്കുവേണ്ടി സ്വജീവനെ കളയുന്നവൻ അതിനെ കണ്ടെത്തും. 26ഒരു മനുഷ്യൻ സർവ്വലോകവും നേടിയാലും സ്വന്തം ജീവൻ നഷ്ടപ്പെടുത്തിയാൽ അവന് എന്തു പ്രയോജനം? അഥവാ ഒരുവനു തന്റെ ജീവനുവേണ്ടി എന്തു മറുവില കൊടുപ്പാൻ കഴിയും? 27മനുഷ്യപുത്രൻ തന്റെ പിതാവിന്റെ തേജസ്സോടെ ദൂതരുമായി വരും. അപ്പോൾ അവിടുന്ന് ഓരോ വ്യക്തിക്കും അവരവരുടെ പ്രവൃത്തിക്കു തക്കവണ്ണം പ്രതിഫലം കൊടുക്കും. 28മനുഷ്യപുത്രൻ തന്റെ രാജ്യത്തിൽ വരുന്നതു കാണുന്നതിനു മുമ്പേ മരണം ആസ്വദിക്കാത്ത ചിലർ ഇവിടെ നില്ക്കുന്നുണ്ട്" എന്നു ഞാൻ സത്യമായിട്ടു നിങ്ങളോടു പറയുന്നു."

യേശുവിന്റെ രൂപാന്തരം

17 ആറു ദിവസം കഴിഞ്ഞ് യേശു പത്രൊസ്, യാക്കോബ്, യാക്കോബിന്റെ സഹോദരനായ യോഹന്നാൻ എന്നിവരുമായി ഒരു ഉയർന്ന മലയിലേക്കു പോയി. 2അവിടെ അദ്ദേഹത്തിന്റെ മുഖം സൂര്യനെപ്പോലെ ശോഭിച്ചു; വസ്ത്രം വെളിച്ചംപോലെ വെണ്മയായിത്തീർന്നു. 3മോശെയും ഏലിയാവും യേശുവിനോടു സംസാരിക്കുന്നതായി അവർ കണ്ടു.

4പത്രൊസ് യേശുവിനോടു പറഞ്ഞു: "കർത്താവേ, നാം ഇവിടെ ഇരിക്കുന്നതു നല്ലത്. അങ്ങ് ആഗ്രഹിക്കുന്നുവെങ്കിൽ ഞാൻ മൂന്നു കുടിലുകൾ ഇവിടെ ഉണ്ടാക്കാം. ഒന്ന് അങ്ങേയ്ക്ക്, ഒന്നു മോശെയ്ക്ക്, മറെറാന്ന് ഏലിയാവിന്."

[a] 18 *പത്രൊസ്* എന്നതിനു *പാറ* എന്നർത്ഥം. [b] 19 അഥവാ, *കെട്ടപ്പെട്ടിരിക്കുന്നു*
[c] 19 അഥവാ, *അഴിഞ്ഞിരിക്കുന്നു* [d] 25 ഇവിടെ ഉപയോഗിച്ചിരിക്കുന്ന ഗ്രീക്കു പദത്തിന് *ജീവൻ* എന്നും *ആത്മാവ്* എന്നും അർത്ഥമാവാം. 26-ാം വാക്യവും കാണുക.

5അയാൾ സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ,
പ്രകാശമുള്ള ഒരു മേഘം അവരെ മൂടി.
മേഘത്തിൽനിന്ന്, "ഇവൻ എന്റെ പ്രിയപുത്രൻ;
ഇവനിൽ ഞാൻ ഏറെറവും പ്രസാദിച്ചിരിക്കുന്നു,
ഇവൻ പറയുന്നത് ശ്രദ്ധിക്കുവിൻ" എന്ന് ഒരു
ശബ്ദം ഉണ്ടായി.
6ഇതുകേട്ടു ശിഷ്യന്മാർ ഭയന്ന് നിലത്തു
കമിഴ്ന്നു വീണു. 7യേശു വന്ന് അവരെ തൊട്ടു.
"എഴുന്നേല്ക്കുവിൻ, ഭയപ്പെടേണ്ടാ" അദ്ദേഹം
പറഞ്ഞു. 8അവർ തലയുയർത്തി നോക്കി
യപ്പോൾ യേശുവിനെ അല്ലാതെ മറെറാരെയും
കണ്ടില്ല.
9മലയിൽനിന്ന് ഇറങ്ങിവരുമ്പോൾ യേശു
അവരോട്: "മനുഷ്യപുത്രൻ മരിച്ചവരിൽനിന്ന്
ഉയിർത്തെഴുന്നേല്ക്കുന്നതുവരെ നിങ്ങൾ കണ്ട
കാര്യം ആരോടും പറയരുത്" എന്നു പറഞ്ഞു.
10ശിഷ്യന്മാർ അദ്ദേഹത്തോട്: "ഏലിയാവ്
ആദ്യം വരണം എന്നു വേദജ്ഞർ പറയുന്ന
തെന്ത്?" എന്നു ചോദിച്ചു.
11യേശു ഉത്തരം പറഞ്ഞു: "നിശ്ചയമായും
ഏലിയാവു വന്ന് എല്ലാ കാര്യങ്ങളും പുനഃ
സ്ഥാപിക്കും. 12എന്നാൽ ഞാൻ നിങ്ങളോടു
പറയുന്നു: ഏലിയാവു വന്നു കഴിഞ്ഞു. അവർ
അദ്ദേഹത്തെ തിരിച്ചറിഞ്ഞില്ല; തങ്ങൾക്കു
തോന്നിയതെല്ലാം അവർ അദ്ദേഹത്തോടു
ചെയ്തു. അതുപോലെ മനുഷ്യപുത്രനും
അവരിൽനിന്നു പീഡനം സഹിക്കും."
13യോഹന്നാൻസ്നാപകനെക്കുറിച്ചാണ്
അദ്ദേഹം തങ്ങളോടു സംസാരിച്ചതെന്ന്
അപ്പോൾ ശിഷ്യന്മാർ മനസ്സിലാക്കി.

ഭൂതഗ്രസ്തനായ ബാലനു സൗഖ്യം ലഭിക്കുന്നു

14അവർ ജനക്കൂട്ടത്തിനടുക്കൽ വന്നപ്പോൾ
ഒരു മനുഷ്യൻ യേശുവിനെ സമീപിച്ചു
മുട്ടുകുത്തി. 15"കർത്താവേ, എന്റെ മകനോടു
കരുണയുണ്ടാകണമേ. അവൻ അപസ്മാരം
ബാധിച്ചു വല്ലാതെ കഷ്ടപ്പെടുന്നു. അവൻ
പലപ്പോഴും തീയിലും വെള്ളത്തിലും വീണു
പോകുന്നു. 16അവനെ ഞാൻ അങ്ങയുടെ ശിഷ്യ
ന്മാരുടെ അടുക്കൽ കൊണ്ടുവന്നു. എങ്കിലും
അവർക്ക് അവനെ സൗഖ്യമാക്കുവാൻ
കഴിഞ്ഞില്ല" എന്നു പറഞ്ഞു.
17അതിന് യേശു: "അവിശ്വാസവും
വക്രതയുമുള്ള തലമുറയേ, ഞാൻ എത്രനാൾ
നിങ്ങളോടുകൂടെ വസിക്കും? എത്രനാൾ ഞാൻ
നിങ്ങളെ വഹിക്കും? ബാലനെ എന്റെ അടുക്കൽ
കൊണ്ടുവരുവിൻ" എന്ന് ഉത്തരം പറഞ്ഞു.
18യേശു ഭൂതത്തെ ശാസിച്ചു, അതു ബാല
നിൽനിന്നു പുറത്തുപോകുകയും ആ നിമിഷം
മുതൽ അവനു സൗഖ്യം ലഭിക്കുകയും ചെയ്തു.
19അനന്തരം ശിഷ്യന്മാർ രഹസ്യമായി
യേശുവിന്റെ അടുക്കൽ വന്ന്: "ഞങ്ങൾക്ക്
അതിനെ പുറത്താക്കാൻ സാധിക്കാഞ്ഞത്
എന്തുകൊണ്ട്?" എന്നു ചോദിച്ചു.
20"നിങ്ങളുടെ വിശ്വാസത്തിന്റെ കുറവു
കൊണ്ടാണ്. സത്യമായി ഞാൻ നിങ്ങളോടു
പറയുന്നു, നിങ്ങൾക്കു കടുകുമണിയോളം
വിശ്വാസം ഉണ്ടെങ്കിൽ ഈ മലയോട്, 'ഇവിടെ
നിന്നുമാറിപ്പോകുക' എന്നു പറയാൻ സാധിക്കും.
അതു മാറുകയും ചെയ്യും. നിങ്ങൾക്ക് ഒന്നും
അസാദ്ധ്യമാവുകയുമില്ല.[21എന്നാൽ പ്രാർത്ഥ
നയാലും ഉപവാസത്താലും അല്ലാതെ ഈ
ജാതിഒഴിഞ്ഞുപോകയില്ല."]
22അവർ ഒന്നിച്ചു ഗലീലയിൽ എത്തിയപ്പോൾ
അദ്ദേഹം അവരോട്: "മനുഷ്യപുത്രൻ മനു
ഷ്യരുടെ കയ്യിൽ ഏല്പിക്കപ്പെടാൻ പോകുന്നു.
23അവർ അവനെ കൊല്ലും; മൂന്നാം ദിവസം
അവൻ ഉയിർത്തെഴുന്നേല്ക്കും." എന്നു പറഞ്ഞു.
ഇതുകേട്ടു ശിഷ്യന്മാർ അത്യന്തം
ദുഃഖിതരായിത്തീർന്നു.

ദൈവാലയനികുതി

24യേശുവും ശിഷ്യന്മാരും കഫർന്നഹൂമിൽ
എത്തിയപ്പോൾ രണ്ടു ദ്രഹ്മ വീതമുള്ള നികുതി
പിരിക്കുന്നവർ പത്രോസിന്റെ അടുക്കൽവന്ന്,
"നിങ്ങളുടെ ഗുരു ദൈവാലയനികുതി
കൊടുക്കുന്നില്ലേ?" എന്നു ചോദിച്ചു.
25"ഉവ്വ്, കൊടുക്കുന്നുണ്ടല്ലോ" അയാൾ
മറുപടി പറഞ്ഞു.
പത്രോസ് വീട്ടിനുള്ളിൽ കടന്നപ്പോൾ
യേശുവാണ് സംഭാഷണം ആരംഭിച്ചത്.
'ശിമോനേ, നിനക്ക് എന്തു തോന്നുന്നു?
ഭൂമിയിലെ രാജാക്കന്മാർ കരമോ നികുതിയോ
പിരിക്കുന്നത് ആരിൽനിന്നാണ് - സ്വന്തം
മക്കളിൽനിന്നോ അതോ അന്യരിൽനിന്നോ?"
അദ്ദേഹം ചോദിച്ചു.
26"അന്യരിൽനിന്ന്" പത്രോസ് മറുപടി
പറഞ്ഞു. "അങ്ങനെയെങ്കിൽ മക്കൾ ഒഴിവാ
ക്കപ്പെടുമല്ലോ" യേശു അയാളോടു പറഞ്ഞു.
27"എന്നാൽ നാം അവർക്ക് ഇടർച്ച വരുത്തരു
തല്ലോ. നീ കടലിൽ ചെന്നു ചൂണ്ടയിടുക; ആദ്യം
കിട്ടുന്ന മത്സ്യത്തെ എടുത്ത് അതിന്റെ വായ്
തുറക്കുമ്പോൾ നാലു ദ്രഹ്മയുടെ ഒരു നാണയം
കാണും. അത് എടുത്ത് എന്റെയും നിന്റെയും
നികുതി അടയ്ക്കുക" എന്ന് യേശു കല്പിച്ചു.

ആരാണ് ഏറ്റവും വലിയവൻ

18 ആ സമയത്തു ശിഷ്യന്മാർ യേശുവിന്റെ
അടുക്കൽവന്ന്, "സ്വർഗ്ഗരാജ്യത്തിൽ
ഏറെറവും വലിയവൻ ആരാണ്?" എന്നു ചോദിച്ചു.
2അദ്ദേഹം ഒരു ശിശുവിനെ വിളിച്ച് അവരുടെ

മധ്യത്തിൽ നിറുത്തിക്കൊണ്ടു പറഞ്ഞു:
3"സത്യമായി ഞാൻ നിങ്ങളോടു പറയുന്നു,
നിങ്ങൾ മനം തിരിഞ്ഞ് ഒരു ശിശുവിനെപ്പോലെ
ആയിത്തീരുന്നില്ലെങ്കിൽ ഒരുനാളും സ്വർഗ്ഗ
രാജ്യത്തിൽ കടക്കുകയില്ല. 4അതിനാൽ ഈ
ശിശുവിനെപ്പോലെ തന്നെത്താൻ താഴ്ത്തുന്ന
വനാണു സ്വർഗ്ഗരാജ്യത്തിൽ ഏറ്റവും
വലിയവൻ.
5"ഇങ്ങനെയുള്ള ഒരു ശിശുവിനെ എന്റെ
നാമത്തിൽ കൈക്കൊള്ളുന്നവൻ എന്നെ
കൈക്കൊള്ളുന്നു. 6എന്നാൽ എന്നിൽ
വിശ്വസിക്കുന്ന ഈ ചെറിയവരിൽ ഒരാൾ
പാപത്തിൽ അകപ്പെടുവാൻ ആരെങ്കിലും
കാരണക്കാരൻ ആകുന്നുവെങ്കിൽ അയാളുടെ
കഴുത്തിൽ ഒരു വലിയ തിരികല്ലു കെട്ടി അയാളെ
സമുദ്രത്തിന്റെ ആഴത്തിൽ താഴ്ത്തുന്നത്
അയാൾക്ക് ഏറെ നല്ലത്.
7"പാപത്തിനു കാരണമാകുന്ന കാര്യങ്ങൾ
നിമിത്തം ലോകത്തിന് ഹാ കഷ്ടം! അത്തരം
കാര്യങ്ങൾ ഉണ്ടാകേണ്ടതാണ്; എങ്കിലും
ആരിലൂടെ അവ ഉണ്ടാകുന്നുവോ ആ മനുഷ്യന്
ഹാ കഷ്ടം! 8നിന്റെ കയ്യോ കാലോ നിന്നെ
ക്കൊണ്ടു പാപം ചെയ്യിക്കുന്നുവെങ്കിൽ അതു
വെട്ടി എറിഞ്ഞുകളയുക. അംഗഹീനനോ
മുടന്തനോ ആയി ജീവനിലേക്കു കടക്കുന്നത്,
രണ്ടു കയ്യും രണ്ടു കാലും ഉള്ളവനായി
നിത്യാഗ്നിയിൽ വീഴുന്നതിനെക്കാൾ അധികം
നല്ലത്. 9നിന്റെ കണ്ണു പാപത്തിനു കാരണമാകു
ന്നുവെങ്കിൽ അതു ചൂഴന്നെടുത്തു ദൂരെ
എറിയുക. രണ്ടു കണ്ണും ഉള്ളവനായി
നരകാഗ്നിയിൽ വീഴുന്നതിനെക്കാൾ ഒറ്റക്കണ്ണ
നായി നിത്യജീവനിലേക്കു കടക്കുന്നതു നിനക്ക്
ഏറെ നല്ലത്.

നഷ്ടപ്പെട്ട ആടിന്റെ ഉപമ

10"ഈ ചെറിയവരിൽ ഒരാളെപ്പോലും
നിന്ദിക്കാതിരിക്കാൻ സൂക്ഷിച്ചുകൊൾവിൻ.
11സ്വർഗ്ഗത്തിൽ അവരുടെ ദൂതന്മാർ സ്വർഗ്ഗ
സ്ഥനായ എന്റെ പിതാവിന്റെ മുഖം എപ്പോഴും
കാണുന്നുവെന്നു ഞാൻ നിങ്ങളോടു പറയുന്നു.
12"നിങ്ങൾക്ക് എന്തു തോന്നുന്നു? ഒരു
മനുഷ്യന്റെ നൂറ് ആടുകളിൽ ഒന്ന് വഴി തെറ്റി
പ്പോയാൽ അയാൾ തൊണ്ണൂറ്റിയൊമ്പതി
നെയും വിട്ടശേഷം കാണാതെ പോയതിനെ
അന്വേഷിച്ചു പുറപ്പെടുകയില്ലേ? 13അതിനെ
കണ്ടെത്തിയാൽ വഴി തെറ്റിപ്പോകാതിരുന്ന
തൊണ്ണൂറ്റിയൊൻപത് ആടുകളെക്കുറിച്ചുള്ള
തിലും അധികം സന്തോഷം ആ ഒരാടിനെക്കുറിച്ച്
ഉണ്ടാകുമെന്ന സത്യം ഞാൻ നിങ്ങളോടു പറ
യട്ടെ. 14അതുപോലെതന്നേ, ഈ ചെറിയവ
രിൽ ഒരാൾപോലും നഷ്ടപ്പെട്ടു പോകുവാൻ
സ്വർഗ്ഗസ്ഥനായ എന്റെ പിതാവ്
ഇച്ഛിക്കുന്നില്ല.

നിന്നോടു പാപം ചെയ്യുന്ന സഹോദരൻ

15"നിന്റെ സഹോദരൻ നിനക്കെതിരേ[a] പാപം
ചെയ്താൽ നീ ചെന്ന് നിങ്ങൾ ഇരുവരുംമാത്രം
ഉള്ളപ്പോൾ, കുറ്റം അയാൾക്കു ബോധ്യമാക്കി
ക്കൊടുക്കുക. അയാൾ നിന്റെ വാക്കുകേട്ടാൽ
നീ നിന്റെ സഹോദരനെ നേടിയിരിക്കുന്നു. 16എ
ന്നാൽ അയാൾ കേൾക്കുന്നില്ലെങ്കിൽ, നിന്റെ
കൂടെ ഒന്നോ രണ്ടോ പേരെ കൂട്ടിക്കൊണ്ടു പോ
കുക. രണ്ടോ മൂന്നോ പേരുടെ സാക്ഷ്യം മൂലം
ഏതു കാര്യവും ഉറപ്പാക്കുവാൻ കഴിയുമല്ലോ.[b]
17അവരുടെ വാക്ക് അയാൾ കൂട്ടാക്കാത്തപക്ഷം
കാര്യം സഭയെ അറിയിക്കുക. സഭയുടെ വാക്കും
ശ്രദ്ധിക്കാൻ അയാൾ വിസമ്മതിക്കുന്നുവെങ്കിൽ
അയാളെ ഒരു വിജാതീയനെയോ ചുങ്കക്കാര
നെയോപോലെ പരിഗണിച്ചുകൊള്ളുക.
18"ഞാൻ നിങ്ങളോടു സത്യം പറയുന്നു,
നിങ്ങൾ ഭൂമിയിൽ കെട്ടുന്നതെന്തും സ്വർഗ്ഗ
ത്തിലും കെട്ടപ്പെട്ടിരിക്കും[c]; നിങ്ങൾ ഭൂമിയിൽ
അഴിക്കുന്നതെന്തും സ്വർഗ്ഗത്തിലും അഴിഞ്ഞി
രിക്കും.[d]
19"ഭൂമിയിൽ നിങ്ങൾ രണ്ടുപേർ ഏതെങ്കിലും
കാര്യത്തിനുവേണ്ടി ഒരുമനപ്പെട്ടു പ്രാർത്ഥിച്ചാൽ
സ്വർഗ്ഗസ്ഥനായ എന്റെ പിതാവ് അതു
നിങ്ങൾക്കു ചെയ്തുതരുമെന്നു ഞാൻ നിങ്ങ
ളോടു പറയുന്നു. 20രണ്ടോ മൂന്നോ പേർ എന്റെ
നാമത്തിൽ കൂടിവരുന്നേടത്തെല്ലാം അവരുടെ
മദ്ധ്യേ ഞാൻ ഉണ്ടായിരിക്കും."

നിർദ്ദയനായ ദാസൻ

21പത്രോസ് യേശുവിന്റെ അടുക്കൽ വന്ന്,
"കർത്താവേ, എന്റെ സഹോദരൻ എന്നോടു
പാപം ചെയ്താൽ ഞാൻ എത്ര തവണ അവ
നോടു ക്ഷമിക്കണം? ഏഴു തവണ മതിയോ?"
എന്നു ചോദിച്ചു.
22യേശു ഉത്തരം പറഞ്ഞു: "ഏഴു പ്രാവശ്യമല്ല
ഏഴ് എഴുപത് പ്രാവശ്യം എന്നു ഞാൻ നിന്നോടു
പറയുന്നു."
23"സ്വർഗ്ഗരാജ്യം, തന്റെ ദാസന്മാരുമായി
കണക്കുതീർക്കാൻ ആഗ്രഹിച്ച ഒരു രാജാവി
നോടു സദൃശം. 24കണക്കു തീർക്കാൻ തുടങ്ങിയ
പ്പോൾ, അദ്ദേഹത്തിനു പതിനായിരം താലന്തു
കടപ്പെട്ടിരുന്ന ഒരാളെ അദ്ദേഹത്തിന്റെ മുമ്പിൽ
കൊണ്ടുവന്നു. 25കൊടുത്തു തീർക്കുവാൻ
അയാൾക്കു കഴിവില്ലാതിരുന്നതുകൊണ്ട്,

[a] 15 *നിനക്കെതിരേ* എന്നു ചില കയ്യെഴുത്തുപ്രതികളിൽ ഇല്ല. [b] 16 ആവർത്തനം 19:15
[c] 18 അഥവാ *കെട്ടപ്പെട്ടിരിക്കുന്നു* [d] 18 അഥവാ *അഴിഞ്ഞിരിക്കുന്നു*

അയാളുടെ ഭാര്യയെയും മക്കളെയും വസ്തുവകക ളൊക്കെയും വിറ്റു കടം വീട്ടണമെന്നു യജമാനൻ കല്പിച്ചു.

26"ദാസൻ അദ്ദേഹത്തിന്റെ മുമ്പിൽ മുട്ടുകുത്തി അപേക്ഷിച്ചു: 'എനിക്ക് അല്പം സാവകാശം തരണമേ, ഞാൻ മുഴുവനും തന്നു തീർക്കാം.' 27യജമാനന് ആ ദാസനോട് അനുകമ്പ തോന്നി, കടം ഇളച്ചുകൊടുക്കുകയും അയാളെ വിട്ടയയ്ക്കുകയും ചെയ്തു.

28"എന്നാൽ ആ ദാസൻ പോകുമ്പോൾ, അയാൾക്കു നൂറു ദിനാർ കടമ്പെട്ടിരുന്ന ഒരു സഹഭൃത്യനെ കണ്ടു. അയാൾ അവന്റെ കഴുത്തുപിടിച്ചു ഞെരിച്ചു കൊണ്ട് 'നിന്റെ കടം തീർക്കുക' എന്ന് ആവശ്യപ്പെട്ടു.

29"ആ സഹഭൃത്യൻ മുട്ടിന്മേൽ നിന്നു കൊണ്ട്, 'എനിക്കു അല്പം സാവകാശം തരണമേ, ഞാൻ മടക്കിത്തന്നുകൊള്ളാം' എന്നു കേണപേക്ഷിച്ചു.

30"എന്നാൽ അയാൾ അതു നിരസിച്ചു. തന്നെയുമല്ല, മുഴുവൻ കടവും വീട്ടുന്നതുവരെ അവനെ അയാൾ തടവിലാക്കുകയും ചെയ്തു. 31ഈ സംഭവം കണ്ടിട്ടു മറ്റുള്ള വേലക്കാർ വളരെ ദുഃഖിതരായി. അവർ ചെന്നു സംഭവിച്ചതെല്ലാം യജമാനനെ അറിയിച്ചു.

32"യജമാനൻ ആ ദാസനെ വിളിച്ച് അയാളോട്: 'ദുഷ്ടഭൃത്യാ, നിന്റെ അപേക്ഷ കേട്ട് ഞാൻ നിന്റെ സകല കടവും ഇളച്ചുതന്നു. 33എനിക്കു നിന്നോടു കരുണ തോന്നിയതുപോലെതന്നേ നിനക്കു നിന്റെ സഹഭൃത്യനോടും കരുണ തോന്നേണ്ടതല്ലേ?' എന്നു പറഞ്ഞു. 34അനന്തരം തന്റെ മുഴുവൻ കടവും വീട്ടുന്നതുവരെ അയാളെ തടങ്കലിൽ വയ്ക്കാൻ അദ്ദേഹം ജയിലധികാരികൾക്ക് അയാളെ ഏല്പിച്ചു കൊടുത്തു.

35"നിങ്ങൾ ഓരോരുത്തൻ സഹോദരനോടു ഹൃദയപൂർവ്വം ക്ഷമിക്കാതിരുന്നാൽ സ്വർഗ്ഗസ്ഥനായ എന്റെ പിതാവ് നിങ്ങളോടും അങ്ങനെതന്നെ ചെയ്യും."

വിവാഹമോചനം

19 ഈ കാര്യങ്ങൾ പ്രസ്താവിച്ചശേഷം യേശു ഗലീല വിട്ടു യോർദ്ദാന്റെ മറുകരയിലുള്ള യഹൂദ്യദേശത്തേക്കു പോയി. 2വലിയ ജനക്കൂട്ടം അദ്ദേഹത്തെ പിൻതുടർന്നു. അവിടെവച്ച് അദ്ദേഹം അവരെ സൗഖ്യമാക്കി.

3ചില പരീശന്മാർ അദ്ദേഹത്തെ പരീക്ഷിക്കാൻ അടുത്തുചെന്നു. "ഏതെങ്കിലും കാരണത്താൽ ഒരുവൻ തന്റെ ഭാര്യയെ ഉപേക്ഷിക്കുന്നതു നിയമാനുസൃതമോ?" അവർ ചോദിച്ചു.

4അദ്ദേഹം മറുപടി പറഞ്ഞു: "'സ്രഷ്ടാവ് ആദിയിൽ അവരെ ആണും പെണ്ണുമായി സൃഷ്ടിച്ചു'[a] എന്നും 5'ഈ കാരണത്താൽ പുരുഷൻ തന്റെ പിതാവിനെയും മാതാവിനെയും വിട്ടുപിരിഞ്ഞു ഭാര്യയോടു പറ്റിച്ചേരുമെന്നും ഇരുവരും ഒരു ദേഹമായിത്തീരും'[b] എന്നും നിങ്ങൾ വായിച്ചിട്ടില്ലയോ? 6അതിനാൽ അവർ ഇനി രണ്ടല്ല, ഒന്നത്രേ. അതുകൊണ്ട് ദൈവം യോജിപ്പി ച്ചതിനെ മനുഷ്യൻ വേർപിരിക്കരുത്."

7"അങ്ങനെയെങ്കിൽ, വിവാഹമോചനപത്രം കൊടുത്തശേഷം ഭാര്യയെ ഉപേക്ഷിക്കാമെന്നു മോശെ കല്പിച്ചതെന്തുകൊണ്ട്?" അവർ ചോദിച്ചു.

8യേശു ഉത്തരം പറഞ്ഞു: "നിങ്ങളുടെ ഹൃദയകാഠിന്യംനിമിത്തമാണ് ഭാര്യയെ ഉപേക്ഷിക്കുവാനുള്ള അനുവാദം മോശെ തന്നത്. എന്നാൽ ആദിമകാലത്ത് അപ്രകാരമായിരുന്നില്ല. ഞാൻ നിങ്ങളോടു പറയുന്നു: 9ചാരിത്ര്യഭംഗം നിമിത്തമല്ലാതെ ഭാര്യയെ ഉപേക്ഷിച്ചു മറെറാരുവളെ വിവാഹം ചെയ്യുന്നവൻ വ്യഭിചാരം ചെയ്യുന്നു."

10ശിഷ്യന്മാർ അദ്ദേഹത്തോട്: "ഭാര്യാഭർത്തൃബന്ധത്തിന്റെ അവസ്ഥ ഇങ്ങനെയാണെങ്കിൽ വിവാഹം ചെയ്യാതിരിക്കുന്നതാണ് ഉത്തമം" എന്നു പറഞ്ഞു.

11യേശു മറുപടി പറഞ്ഞു: "വരം ലഭിച്ചവർക്കല്ലാതെ മറെറാർക്കും ഈ ഉപദേശം ഗ്രഹിക്കാൻ സാധ്യമല്ല. 12അമ്മയുടെ ഗർഭത്തിൽനിന്നു ഷണ്ഡന്മാരായി ജനിച്ച ഷണ്ഡന്മാരുണ്ട്; മനുഷ്യർ ഷണ്ഡന്മാരാക്കിയ ഷണ്ഡന്മാരുമുണ്ട്; സ്വർഗ്ഗരാജ്യത്തിനുവേണ്ടി തങ്ങളെത്തന്നെ ഷണ്ഡന്മാരാക്കിയവരുമുണ്ട്.

ശിശുക്കളും യേശുവും

13യേശു ശിശുക്കളുടെ മേൽ കൈവച്ചു പ്രാർത്ഥിക്കേണ്ടതിനു ചിലർ അവരെ അദ്ദേഹത്തിന്റെ അടുക്കൽ കൊണ്ടുവന്നു. എന്നാൽ ശിഷ്യന്മാർ അവരെ ശകാരിച്ചു.

14യേശു പറഞ്ഞു: "ശിശുക്കളെ എന്റെ അടുക്കൽ വരുവാൻ അനുവദിക്കുവിൻ; അവരെ തടയരുത്; എന്തുകൊണ്ടെന്നാൽ സ്വർഗ്ഗരാജ്യം ഇങ്ങനെയുള്ളവരുടേതാകുന്നു." 15യേശു അവരുടെമേൽ കൈവച്ചശേഷം അവിടെനിന്നു പോയി.

ധനികനായ യുവാവ്

16ഒരാൾ യേശുവിന്റെ അടുക്കൽവന്ന്, "ഗുരോ, നിത്യജീവൻ പ്രാപിക്കേണ്ടതിനു ഞാൻ എന്തു നന്മപ്രവൃത്തിയാണു ചെയ്യേണ്ടത്?" എന്നു ചോദിച്ചു.

17അതിനു മറുപടിയായി യേശു: "എന്നോടു നന്മയെക്കുറിച്ചു ചോദിക്കുന്നതെന്ത്? നല്ലവൻ ഒരുവൻ മാത്രമേ ഉള്ളൂ. ജീവനിൽ കടക്കാൻ നീ ആഗ്രഹിക്കുന്നുവെങ്കിൽ കല്പനകൾ

[a] 4 ഉല്പത്തി 1:27 [b] 5 ഉല്പത്തി 2: 24

അനുസരിക്കുക'' എന്നു പറഞ്ഞു.
18"ഏതെല്ലാം?" അയാൾ ചോദിച്ചു.
" 'കൊല ചെയ്യരുത്, വ്യഭിചാരം ചെയ്യരുത്, മോഷ്ടിക്കരുത്, കള്ളസ്സാക്ഷ്യം പറയരുത്, 19പിതാവിനെയും മാതാവിനെയും ബഹുമാനിക്കുക[a] , അയൽക്കാരനെ നിന്നെപ്പോലെ തന്നെ സ്നേഹിക്കുക[b] എന്നിവതന്നെ" എന്ന് യേശു ഉത്തരം പറഞ്ഞു.
20"ഇവയെല്ലാം ഞാൻ പാലിക്കുന്നുണ്ട്. ഇനിയും എന്തിലാണെനിക്കു പോരായ്മ യുള്ളത്?" ആ യുവാവ് ചോദിച്ചു.
21യേശു ഉത്തരം പറഞ്ഞു: "സൽഗുണപൂർണ്ണനാകുവാൻ ആഗ്രഹിക്കുന്നുവെങ്കിൽ നീ പോയി നിന്റെ സ്വത്തു മുഴുവൻ വിറ്റു ദരിദ്രർക്കു കൊടുക്കുക; എന്നാൽ സ്വർഗ്ഗത്തിൽ നിനക്കു നിക്ഷേപം ഉണ്ടാകും. പിന്നെ വന്ന് എന്നെ അനുഗമിക്കുക".
22ആ യുവാവ് വളരെ സമ്പത്തുള്ളവനായിരുന്നതുകൊണ്ട് ഇതുകേട്ടു ദുഃഖിതനായി അവിടം വിട്ടു പോയി.
23അപ്പോൾ യേശു ശിഷ്യന്മാരോടു പറഞ്ഞു: ''ധനവാൻ സ്വർഗ്ഗരാജ്യത്തിൽ കടക്കുക ദുഷ്കരമാണെന്നു ഞാൻ സത്യമായി നിങ്ങളോടു പറയുന്നു. 24ഒരു ധനവാൻ ദൈവരാജ്യത്തിൽ കടക്കുന്നതിനെക്കാൾ ഒട്ടകം സൂചിക്കുഴയിലൂടെ കടക്കുന്നത് എളുപ്പം എന്നു ഞാൻ പറയുന്നു.''
25ഇതുകേട്ട് ശിഷ്യന്മാർ അത്യന്തം ആശ്ചര്യഭരിതരായി ''അങ്ങനെയെങ്കിൽ രക്ഷ പ്രാപിപ്പാൻ ആർക്കു കഴിയും?'' എന്നു ചോദിച്ചു.
26യേശു അവരെ നോക്കി പറഞ്ഞു:
''മനുഷ്യന് ഇത് അസാധ്യം; എങ്കിലും ദൈവത്തിനു സകലവും സാധ്യമത്രേ.''
27"ഞങ്ങൾ എല്ലാം വിട്ട് അങ്ങയെ അനുഗമിച്ചുവല്ലോ; ഞങ്ങൾക്ക് എന്തു കിട്ടും?" പത്രോസ് അദ്ദേഹത്തോടു ചോദിച്ചു.
28യേശു അവരോടു പറഞ്ഞു: "സകലവും പുതുതാക്കപ്പെടുന്ന സന്ദർഭത്തിൽ മനുഷ്യപുത്രൻ തന്റെ തേജസ്സിന്റെ സിംഹാസനത്തിൽ ഇരിക്കുമ്പോൾ, എന്നെ അനുഗമിച്ചവരായ നിങ്ങൾ പന്ത്രണ്ടു സിംഹാസനങ്ങളിൽ ഇരുന്നുകൊണ്ട് യിസ്രായേൽഗോത്രം പന്ത്രണ്ടിനെയും ന്യായംവിധിക്കും എന്ന് സത്യമായി ഞാൻ നിങ്ങളോടു പറയുന്നു. 29എനിക്കുവേണ്ടി വീടുകളോ സഹോദരന്മാരെയോ സഹോദരിമാരെയോ പിതാവിനെയോ മാതാവിനെയോ[c] മക്കളെയോ നിലങ്ങളോ വിട്ടുകളഞ്ഞിട്ടുള്ള ഓരോ വ്യക്തിക്കും താൻ ത്യജിച്ചതിന്റെ നൂറുമടങ്ങു ലഭിക്കും; അയാൾ നിത്യജീവന് അവകാശിയായിത്തീരുകയും ചെയ്യും. 30എന്നാൽ മുമ്പന്മാർ പലരും പിമ്പന്മാരും പിമ്പന്മാർ മുമ്പന്മാരും ആകും.'

മുന്തിരിത്തോട്ടത്തിലെ വേലക്കാരുടെ ഉപമ

20 "തന്റെ മുന്തിരിത്തോട്ടത്തിലേക്കു വേലക്കാരെ വിളിക്കുവാൻ അതിരാവിലെ പുറപ്പെട്ട വീട്ടുടമസ്ഥനോടു സദൃശമാണ് സ്വർഗ്ഗരാജ്യം. 2ദിവസം ഒരു ദിനാർ കൂലി കൊടുക്കാമെന്നു സമ്മതിച്ച് അയാൾ അവരെ മുന്തിരിത്തോട്ടത്തിലേക്കു പറഞ്ഞയച്ചു.
3"ഏകദേശം മൂന്നാംമണിക്കൂർ നേരത്ത് അദ്ദേഹം പുറത്തുചെന്നപ്പോൾ ചിലർ ചന്തസ്ഥലത്തു മിനക്കെട്ടു നില്ക്കുന്നതു കണ്ടു.
4"അദ്ദേഹം അവരോട്, 'നിങ്ങളും പോയി എന്റെ മുന്തിരിത്തോട്ടത്തിൽ വേല ചെയ്യുക; ന്യായമായത് ഞാൻ നിങ്ങൾക്കു തരാം' എന്നു പറഞ്ഞു. 5അങ്ങനെ അവർ പോയി.
"വീണ്ടും ആറാംമണിക്കൂറിലും ഒൻപതാംമണിക്കൂറിലും അദ്ദേഹം പുറത്തേക്കു പോയി അങ്ങനെതന്നേ ചെയ്തു. 6ഉദ്ദേശം പതിനൊന്നാംമണിക്കൂറിലും, അദ്ദേഹം പുറത്തേക്കു ചെന്നപ്പോൾ മറ്റു ചിലർ വെറുതെ നില്ക്കുന്നതു കണ്ടു. അദ്ദേഹം അവരോട് :'നിങ്ങൾ ദിവസം മുഴുവൻ ഒരു പണിയും ചെയ്യാതെ ഇവിടെ നിന്നത് എന്ത്?' എന്നു ചോദിച്ചു.
7" 'ആരും ഞങ്ങളെ വേലയ്ക്കു വിളിക്കാത്തതുകൊണ്ട്' എന്ന് അവർ ഉത്തരം പറഞ്ഞു.
"'നിങ്ങളും പോയി എന്റെ മുന്തിരിത്തോട്ടത്തിൽ വേല ചെയ്യുവിൻ'- അദ്ദേഹം അവരോടു പറഞ്ഞു.
8"സന്ധ്യയായപ്പോൾ മുന്തിരിത്തോട്ടത്തിന്റെ ഉടമസ്ഥൻ തന്റെ കാര്യസ്ഥനോട്: 'വേലക്കാരെ വിളിച്ച് ഏറ്റവും ഒടുവിൽ വന്ന കൂലിക്കാർ മുതൽ ഒന്നാമതു വന്നവർവരെ അവരുടെ കൂലി കൊടുക്കുക' എന്നു പറഞ്ഞു.
9"പതിനൊന്നാം മണിക്കൂറിൽ വന്നവർ വന്ന് ഓരോരുത്തനും ഓരോ ദിനാർ വാങ്ങി. 10ആദ്യം വന്ന കൂലിക്കാർ തങ്ങൾക്കു കൂടുതൽ കിട്ടും എന്നാശിച്ചു. എന്നാൽ ഓരോരുത്തനും ഓരോ ദിനാർ ലഭിച്ചു. 11അതു വാങ്ങിയിട്ട് അവർ യജമാനന്റെ നേരേ പിറുപിറുത്തു: 12'ഒടുവിൽ വന്ന കൂലിക്കാർ ഒരു മണിക്കൂർ മാത്രം ജോലി ചെയ്തിട്ടും ജോലിഭാരം മുഴുവൻ വഹിക്കയും പകലത്തെ ചൂടു സഹിക്കയും ചെയ്ത ഞങ്ങളോടു താങ്കൾ അവരെ തുല്യരാക്കിയല്ലോ' അവർ പറഞ്ഞു.
13"എന്നാൽ അദ്ദേഹം അവരിൽ ഒരുത്തനോട്, 'സ്നേഹിതാ, ഞാൻ നിന്നോടു തെറ്റൊന്നും

a 19 പുറപ്പാട് 20:1216; ആവർത്തനം. 5:16-20 *b* 19 ലേവ്യ 19:18 *c* 29 ചില കയ്യെഴുത്തുപ്രതികളിൽ, *മാതാവിനെയോ ഭാര്യയെയോ* എന്നും കാണുന്നു.

ചെയ്യുന്നില്ല ഒരു ദിനാറിനു ജോലി ചെയ്യാമെന്നു
നീ സമ്മതിച്ചിരുന്നതല്ലേ? 14നിന്റെ പ്രതിഫലം
വാങ്ങി പൊയ്ക്കൊൾക. ഏറ്റവും ഒടുവിൽ വന്ന
കൂലിക്കാരനും, നിനക്കു തന്നതുതന്നെ
കൊടുക്കാനാണ് എനിക്കിഷ്ടം. 15എനിക്കുള്ളതു
കൊണ്ട് ഞാൻ ഇച്ചരിക്കുന്നതു ചെയ്വാൻ
എനിക്ക് അധികാരമില്ലേ? ഞാൻ ഔദാര്യം കാ
ണിക്കുന്നതിൽ നിനക്ക് അസൂയ തോന്നു
ന്നുവോ?'എന്നു പറഞ്ഞു.

16"അങ്ങനെ മുമ്പന്മാർ പിമ്പന്മാരും പിമ്പന്മാർ
മുമ്പന്മാരും ആകും."

*യേശു സ്വന്തം മരണത്തെപ്പറ്റി വീണ്ടും
പ്രവചിക്കുന്നു*

17യേശു യെരൂശലേമിലേക്കു പോകുമ്പോൾ
തന്റെ പന്ത്രണ്ടു ശിഷ്യന്മാരെ മാറ്റിനിർത്തി
അവരോട്: 18നോക്കൂ, നാം യെരൂശലേമിലേക്കു
പോകുകയാണ്; മനുഷ്യപുത്രൻ മുഖ്യ
പുരോഹിതന്മാരുടെയും വേദജ്ഞരുടെയും
കയ്യിൽ ഏല്പിക്കപ്പെടുകയും അവർ
അദ്ദേഹത്തെ മരണശിക്ഷയ്ക്കു വിധിച്ചശേഷം
19പരിഹസിപ്പാനും അടിക്കുവാനും ക്രൂശിക്കു
വാനുമായി വിജാതീയരെ ഏല്പിക്കുകയും
ചെയ്യും. മൂന്നാം ദിവസം അദ്ദേഹം ഉയിർത്തെ
ഴുന്നേല്ക്കും" എന്നു പറഞ്ഞു.

ഒരു അമ്മയുടെ അപേക്ഷ

20സെബെദിപുത്രന്മാരുടെ അമ്മ അവരുമായി
യേശുവിന്റെ അടുക്കൽ വന്ന് അദ്ദേഹത്തിന്റെ
മുമ്പിൽ മുട്ടുകുത്തി.

21''നിങ്ങൾക്ക് എന്താണു വേണ്ടത്?''
അദ്ദേഹം ചോദിച്ചു.

"അങ്ങയുടെ രാജ്യത്തിൽ എന്റെ ഈ
പുത്രന്മാരിൽ ഒരുത്തൻ അങ്ങയുടെ വലത്തും
മറ്റവൻ ഇടത്തും ഇരിക്കുവാൻ അനുവദി
ക്കണമേ" എന്ന് അവൾ അപേക്ഷിച്ചു.

22നിങ്ങൾ ആവശ്യപ്പെടുന്നത് എന്താണെന്നു
നിങ്ങൾ അറിയുന്നില്ല. ഞാൻ കുടിക്കുവാൻ
പോകുന്ന പാനപാത്രം കുടിക്കുവാൻ നിങ്ങൾ
ക്കു കഴിയുമോ?" യേശു ചോദിച്ചു.

"ഉവ്വ്, കഴിയും." അവർ മറുപടി പറഞ്ഞു.
23"ഞാൻ കുടിക്കുന്ന പാനപാത്രം നിങ്ങൾ
തീർച്ചയായും കുടിക്കും. എന്നാൽ എന്റെ
വലത്തോ ഇടത്തോ ഇരിക്കാൻ അനുവദിക്കേ
ണ്ടതു ഞാനല്ല. എന്റെ പിതാവ് ആർക്കുവേണ്ടി
ഒരുക്കിയിരിക്കുന്നുവോ അവർക്കുള്ളതാണ്
ആസ്ഥാനങ്ങൾ" എന്നു യേശു അവരോടു
പറഞ്ഞു.

24ശേഷിച്ച പത്തുപേർക്കും ഇതു കേട്ടിട്ട് ആ
രണ്ടു സഹോദരന്മാരോടു നീരസം തോന്നി.
25യേശു അവരെ അടുക്കൽ വിളിച്ച് അവരോടു
പറഞ്ഞു: "വിജാതീയരുടെമേൽ അവരുടെ
ഭരണകർത്താക്കൾ ആധിപത്യം നടത്തുന്നു
വെന്നും അവരുടെ പ്രമുഖന്മാർ അവരെ
ഭരിക്കുന്നുവെന്നും നിങ്ങൾക്കറിയാമല്ലോ.
26നിങ്ങളുടെ ഇടയിലോ അങ്ങനെ സംഭ
വിക്കരുത്; പിന്നെയോ നിങ്ങളിൽ വലിയവൻ
ആകുവാൻ ആഗ്രഹിക്കുന്നവനെല്ലാം നിങ്ങളുടെ
ദാസനായിരിക്കണം. 27ഒന്നാമൻ ആകുവാൻ
ആഗ്രഹിക്കുന്നവനെല്ലാം നിങ്ങളുടെ അടിമ
യായിരിക്കണം. 28മനുഷ്യപുത്രൻ ശുശ്രൂ
ഷിക്കപ്പെടുവാനല്ല ശുശ്രൂഷിക്കുവാനും അനേക
ർക്കുവേണ്ടി തന്റെ ജീവൻ വീണ്ടെടുപ്പു
വിലയായി കൊടുക്കുവാനും വന്നിരിക്കു
ന്നതുപോലെതന്നേ."

രണ്ട് അന്ധന്മാർ കാഴ്ച പ്രാപിക്കുന്നു

29യേശുവും ശിഷ്യന്മാരും യെരിഹോ വിട്ടു
പോകുമ്പോൾ വലിയൊരു ജനക്കൂട്ടം
അദ്ദേഹത്തെ പിൻതുടർന്നു. 30രണ്ട് അന്ധന്മാർ
വഴിയരികെ ഇരിക്കുകയായിരുന്നു. യേശു കട
ന്നുപോകുന്നു എന്നു കേട്ടപ്പോൾ അവർ,
"കർത്താവേ, ദാവീദുപുത്രാ, ഞങ്ങളോടു
കരുണയുണ്ടാകണമേ" എന്ന് ഉറക്കെ
നിലവിളിച്ചു.

31ജനക്കൂട്ടം അവരെ ശാസിച്ചു മിണ്ടാ
തിരിക്കുവാൻ പറഞ്ഞു. അവരോ ഏറെ
ഉച്ചത്തിൽ, " കർത്താവേ, ദാവീദുപുത്രാ, ഞങ്ങ
ളോടു കരുണയുണ്ടാകണമേ" എന്നു നില
വിളിച്ചു.32യേശു നിന്നു. അദ്ദേഹം അവരെ വിളിച്ചു
ചോദിച്ചു: ''ഞാൻ നിങ്ങൾക്ക് എന്തു
ചെയ്തു തരേണം?"

33''കർത്താവേ, ഞങ്ങൾക്കു കാഴ്ച
കിട്ടണം" അവർ മറുപടി പറഞ്ഞു.

34യേശു അവരോടു മനസ്സലിഞ്ഞ് അവരുടെ
കണ്ണുകളിൽ തൊട്ടു. ഉടൻതന്നേ അവർക്കു
കാഴ്ച ലഭിച്ചു; അവർ അദ്ദേഹത്തെ അനുഗമിച്ചു.

യെരൂശലേമിലേക്കുള്ള ജൈത്രയാത്ര

21 അവർ യെരൂശലേമിനു സമീപം ഒലിവു
മലയ്ക്കടുത്തുള്ള ബേത്ത്ഫാഗയിൽ
എത്തി. 2യേശു രണ്ടു ശിഷ്യന്മാരെ വിളിച്ച്
ഇപ്രകാരം പറഞ്ഞയച്ചു: ''നിങ്ങൾക്കു മുമ്പി
ലുള്ള ഗ്രാമത്തിലേക്കു ചെല്ലുവിൻ; അവിടെ ഒരു
പെൺകഴുതയെയും അതിനടുത്ത് അതിന്റെ
കുട്ടിയെയും കെട്ടിയിരിക്കുന്നതു കാണും.
അവയെ അഴിച്ച് എന്റെ അടുക്കൽ
കൊണ്ടുവരുവിൻ. 3നിങ്ങളോട് ആരെങ്കിലും
എന്തെങ്കിലും ചോദിച്ചാൽ, 'കർത്താവിന് ഇവയെ
ആവശ്യമുണ്ട്' എന്ന് അയാളോട് പറയുവിൻ.
അപ്പോൾത്തന്നെ അയാൾ അവയെ
അയയ്ക്കും".

4"സീയോൻ പുത്രിയോടു പറയുക:
ഇതാ, നിൻെറ രാജാവു വിനീതനായി
കഴുതമേലും കഴുതക്കുട്ടിമേലും കയറി
നിൻെറ അടുക്കലേയ്ക്കു വരുന്നു"

5എന്നിങ്ങനെ പ്രവാചകനിലൂടെ അരുളിച്ചെയ്തതു നിറവേറുവാൻ ഇതു സംഭവിച്ചു.
6ശിഷ്യന്മാർ ചെന്ന്, യേശു തങ്ങളോടു കല്പിച്ചതുപോലെ ചെയ്തു. 7അവർ കഴുതയെയും അതിൻെറ കുട്ടിയെയും കൊണ്ടുവന്നു; തങ്ങളുടെ പുറംകുപ്പായങ്ങൾ അവയുടെമേൽ വിരിച്ചു; യേശു കയറി ഇരുന്നു. 8ഒരു വലിയ ജനക്കൂട്ടം തങ്ങളുടെ വസ്ത്രങ്ങൾ വഴിയിൽ വിരിക്കുകയും ചിലർ മരങ്ങളുടെ ചില്ലകൾ വെട്ടിക്കൊണ്ടുവന്നു വഴിയിൽ നിരത്തുകയും ചെയ്തു. 9അവർക്കു മുമ്പിലും പിമ്പിലും ഉണ്ടായിരുന്ന ജനസമൂഹം,

"ദാവീദു പുത്രനു ഹോശന്നാ,[a]"
"കർത്താവിൻെറ നാമത്തിൽ
വരുന്നവൻ വാഴ്ത്തപ്പെട്ടവൻ," [b]
"അത്യുന്നതങ്ങളിൽ ഹോശന്നാ"

എന്ന് ആർത്തുവിളിച്ചു.

10യേശു യെരൂശലേമിൽ പ്രവേശിച്ചപ്പോൾ നഗരമാകെ ഇളകി. "ഇദ്ദേഹം ആര്?" ആളുകൾ ചോദിച്ചു.

11അതിനു ജനക്കൂട്ടം: "ഗലീലയിലെ നസറേത്തിൽനിന്നുള്ള പ്രവാചകനായ യേശു ആകുന്നു ഇത്" എന്ന് ഉത്തരം പറഞ്ഞു.

യേശു ദൈവാലയത്തിൽ

12യേശു ദൈവാലയത്തിൽ കടന്നു, അവിടെ വാങ്ങുകയും വില്ക്കുകയും ചെയ്തുകൊണ്ടിരുന്ന സകലരെയും പുറത്താക്കി. നാണയമാറ്റം നടത്തിക്കൊണ്ടിരുന്നവരുടെ മേശകളെയും പ്രാവുകളെ വില്ക്കുന്നവരുടെ ഇരിപ്പിടങ്ങളെയും അദ്ദേഹം മറിച്ചിട്ടു.

13അദ്ദേഹം അവരോട്: " 'എൻെറ ഭവനം പ്രാർത്ഥനാലയം എന്നു വിളിക്കപ്പെടും.'[c] നിങ്ങളോ അതിനെ 'കൊള്ളക്കാരുടെ ഗുഹ'[d] ആക്കിത്തീർക്കുന്നു" എന്നു പറഞ്ഞു.

14അന്ധരും മുടന്തരും ദൈവാലയത്തിൽ യേശുവിൻെറ അടുക്കൽ വന്നു; അദ്ദേഹം അവരെ സൗഖ്യമാക്കി. 15എന്നാൽ മുഖ്യ പുരോഹിതന്മാരും വേദജ്ഞരും അദ്ദേഹം ചെയ്ത അത്ഭുതങ്ങളെയും "ദാവീദുപുത്രന് ഹോശന്നാ" എന്നു ദൈവാലയത്തിൽ ആർത്തുവിളിക്കുന്ന കുട്ടികളെയും കണ്ടപ്പോൾ കോപാകുലരായിത്തീർന്നു.

16അവർ അദ്ദേഹത്തോട്, "ഈ കുട്ടികൾ വിളിച്ചുപറയുന്നതു കേൾക്കുന്നുവോ?" എന്നു ചോദിച്ചു.

"ഉവ്വ്;
'ശിശുക്കളുടെയും
മുലകുടിക്കുന്നവരുടെയും അധരങ്ങളിൽ
നിന്ന് അവിടുന്നു
സ്തുതി ഒരുക്കിയിരിക്കുന്നു'[e]

എന്നു നിങ്ങൾ ഒരിക്കലും വായിച്ചിട്ടില്ലയോ?" എന്നു യേശു ചോദിച്ചു.

17അനന്തരം അദ്ദേഹം അവരെ വിട്ടു നഗരത്തിനു പുറത്ത് ബേഥാന്യയിലേക്കു പോയി; രാത്രി അവിടെ പാർത്തു.

അത്തി വാടുന്നു

18അതിരാവിലെ നഗരത്തിലേക്കു മടങ്ങുമ്പോൾ യേശുവിനു വിശന്നു. 19വഴിയരികെ ഒരു അത്തിവൃക്ഷം കണ്ടിട്ട് അദ്ദേഹം അതിൻെറ അടുത്തുചെന്നു. എന്നാൽ അതിൽ ഇലയല്ലാതെ ഒന്നും കണ്ടില്ല. അപ്പോൾ അദ്ദേഹം അതിനോട്: "ഇനിമേൽ ഒരിക്കലും നിന്നിൽ ഫലം ഉണ്ടാകാതിരിക്കട്ടെ" എന്നു പറഞ്ഞു. ഉടൻതന്നെ ആ മരം വാടിപ്പോയി.

20ശിഷ്യന്മാർ ഇതുകണ്ടു വിസ്മയിച്ചു. 'അത്തിവൃക്ഷം ഇത്ര പെട്ടെന്നു വാടിപ്പോയത് എങ്ങനെ?' എന്നു ചോദിച്ചു.

21യേശു ഉത്തരം പറഞ്ഞു: "ഞാൻ സത്യമായും നിങ്ങളോടു പറയുന്നു, നിങ്ങൾ സംശയിക്കാതെ വിശ്വസിക്കുന്നപക്ഷം ഈ അത്തിവൃക്ഷത്തോടു ഞാൻ ചെയ്തതു നിങ്ങളും ചെയ്യും. മാത്രമല്ല, ഈ മലയോടു, 'പോയി കടലിൽ വീഴുക' എന്നു പറഞ്ഞാൽ അതും സംഭവിക്കും.

22"വിശ്വാസത്തോടുകൂടി നിങ്ങൾ പ്രാർത്ഥനയിൽ എന്തു യാചിച്ചാലും നിങ്ങൾക്കു ലഭിക്കും."

യേശുവിൻെറ അധികാരം ചോദ്യം ചെയ്യപ്പെടുന്നു

23യേശു ദൈവാലയത്തിൽ പ്രവേശിച്ച് ഉപദേശിച്ചുകൊണ്ടിരിക്കുമ്പോൾ മുഖ്യ പുരോഹിതന്മാരും ജനങ്ങളുടെ മൂപ്പന്മാരും അദ്ദേഹത്തിൻെറ അടുക്കൽ വന്നു. "എന്ത അധികാരംകൊണ്ടു താങ്കൾ ഈ കാര്യങ്ങൾ ചെയ്യുന്നു? ഈ അധികാരം താങ്കൾക്ക് ആരു തന്നു?" എന്നു ചോദിച്ചു.

24യേശു അവരോട്: "ഞാനും നിങ്ങളോട് ഒരു ചോദ്യം ചോദിക്കും. അതിൻെറ ഉത്തരം പറഞ്ഞാൽ, ഞാൻ എന്ത് അധികാരത്താൽ ഈ

[a] 9 *ഹോശന്നാ* എന്ന എബ്രായപദത്തിന് *രക്ഷിക്കുക* എന്നർത്ഥം; ഒരു സ്തോത്രഘോഷണമായി ഉപയോഗിക്കപ്പെടുന്നു. 15-ാം വാക്യവും കാണുക. [b] 9 സങ്കീർത്തനം 118: 26 [c] 13 യെശയ്യാവ് 56:7
[d] 13 യിരമ്യാവ് 7:11 [e] 16 സങ്കീർത്തനം 8:2

കാര്യങ്ങൾ ചെയ്യുന്നുവെന്നു ഞാനും നിങ്ങളോടു പറയാം. 25യോഹന്നാന്റെ സ്നാനം എവിടെ നിന്നുള്ളത്? സ്വർഗ്ഗത്തിൽനിന്നോ, മനുഷ്യരിൽനിന്നോ?" എന്നു ചോദിച്ചു.

അതിനെപ്പറ്റി അവർ പരസ്പരം പറഞ്ഞു: "'സ്വർഗ്ഗത്തിൽനിന്ന്' എന്നു നാം പറഞ്ഞാൽ, 'പിന്നെ അദ്ദേഹത്തിൽ നിങ്ങൾ വിശ്വസിക്കാതിരുന്നത് എന്തുകൊണ്ട്' എന്ന് അവൻ നമ്മോടു ചോദിക്കും. 26'മനുഷ്യരിൽനിന്ന്' എന്നു പറഞ്ഞാലോ! - നാം ജനങ്ങളെ ഭയപ്പെടുന്നു; എന്തെന്നാൽ യോഹന്നാനെ ഒരു പ്രവാചകനായിട്ടാണ് അവരെല്ലാം കരുതുന്നത്."

27അങ്ങനെ അവർ യേശുവിനോട്: "ഞങ്ങൾക്ക് അറിഞ്ഞുകൂടാ " എന്ന് ഉത്തരം പറഞ്ഞു.

"എങ്കിൽ, എന്ത് അധികാരംകൊണ്ടു ഞാൻ ഈ കാര്യങ്ങൾ ചെയ്യുന്നു എന്നു ഞാനും നിങ്ങളോടു പറയുന്നില്ല" എന്നു യേശു മറുപടി നല്കി.

രണ്ടു പുത്രന്മാരുടെ ഉപമ

28"ഒരു മനുഷ്യനു രണ്ടു പുത്രന്മാർ ഉണ്ടായിരുന്നു. ഒന്നാമന്റെ അടുക്കൽ ചെന്ന് അയാൾ, "മകനേ, നീ ഇന്ന് എന്റെ മുന്തിരിത്തോട്ടത്തിൽ പോയി വേല ചെയ്യുക" എന്നു പറഞ്ഞു.

29" 'എനിക്കു മനസ്സില്ല' എന്ന് അവൻ മറുപടി നല്കി. എങ്കിലും പിന്നീടു മനസ്സുമാറ്റുകയും പോവുകയും ചെയ്തു.

30"അപ്പൻ മറ്റേ മകനോടും അതേ കാര്യം പറഞ്ഞു. 'ഉവ്വ്, ഞാൻ പോകാം' എന്ന് അവൻ മറുപടി പറഞ്ഞെങ്കിലും പോയില്ല.

31"നിങ്ങൾക്ക് എന്തു തോന്നുന്നു? ഈ രണ്ടു പേരിൽ ആരാണു പിതാവിന്റെ ഇഷ്ടം നിറവേറ്റിയത്?" "ഒന്നാമൻ" അവർ ഉത്തരം പറഞ്ഞു.

യേശു അവരോടു പറഞ്ഞു: "ഞാൻ നിങ്ങളോടു സത്യം പറയുന്നു, ചുങ്കക്കാരും വേശ്യകളും നിങ്ങൾക്കുമുമ്പേ ദൈവരാജ്യത്തിൽ പ്രവേശിക്കുന്നു. 32എന്തുകൊണ്ടെന്നാൽ നിങ്ങൾക്കു നീതിയുടെ വഴി കാണിച്ചു തരാൻ യോഹന്നാൻ വന്നു; എങ്കിലും നിങ്ങൾ അദ്ദേഹത്തെ വിശ്വസിച്ചില്ല; ചുങ്കക്കാരും വേശ്യകളും ആകട്ടെ, അദ്ദേഹത്തെ വിശ്വസിച്ചു; ഇതു കണ്ടിട്ടും നിങ്ങൾ അനുതപിച്ച് അദ്ദേഹത്തെ വിശ്വസിച്ചില്ല.

കുടിയാന്മാരുടെ ഉപമ

33"മറ്റൊരു ഉപമ കേൾപ്പിൻ: ഒരു ഭൂവുടമ ഒരു മുന്തിരിത്തോട്ടം നട്ടുപിടിപ്പിച്ചു. അതിനു ചുറ്റും വേലികെട്ടി, അതിൽ മുന്തിരിച്ചക്കു സ്ഥാപിച്ചു. ഗോപുരവും പണിതു. പിന്നീട് മുന്തിരിത്തോട്ടം ഏതാനും കൃഷിക്കാരെ പാട്ടത്തിന് ഏല്പിച്ചിട്ടു മറ്റൊരു ദേശത്തേക്കു പോയി. 34വിളവെടുപ്പുകാലം സമീപിച്ചപ്പോൾ അയാൾ ഫലം ശേഖരിക്കുവാൻ തന്റെ ഭൃത്യന്മാരെ ഈ കുടിയാന്മാരുടെ അടുക്കൽ അയച്ചു.

35"കുടിയാന്മാർ വേലക്കാരെ പിടിച്ച് ഒരുത്തനെ അടിച്ചു, മറ്റൊരുത്തനെ കൊന്നു, വേറൊരുത്തനെ കല്ലെറിഞ്ഞു. 36പിന്നീട് അദ്ദേഹം ആദ്യത്തേതിലധികം ഭൃത്യന്മാരെ അവരുടെ അടുത്തേക്ക് അയച്ചു; കുടിയാന്മാർ അവരോടും അങ്ങനെതന്നെ ചെയ്തു. 37ഏറ്റവും ഒടുവിലായി അയാൾ തന്റെ മകനെ അവരുടെ അടുക്കൽ അയച്ചു; 'എന്റെ മകനെ അവർ ആദരിക്കും' എന്ന് അയാൾ പറഞ്ഞു.

38"എന്നാൽ കുടിയാന്മാർ മകനെ കണ്ടപ്പോൾ, 'ഇവനാണ് അവകാശി. വരൂ, നമുക്ക് ഇവനെ കൊന്ന് ഇവന്റെ അവകാശം കൈക്കലാക്കാം' എന്നു തമ്മിൽത്തമ്മിൽ പറഞ്ഞു. 39അങ്ങനെ, അവർ അവനെ പിടിച്ചു തോട്ടത്തിനു പുറത്താക്കി കൊന്നുകളഞ്ഞു.

40"അതുകൊണ്ട്, മുന്തിരിത്തോട്ടത്തിന്റെ ഉടമസ്ഥൻ വരുമ്പോൾ അദ്ദേഹം ഈ കുടിയാന്മാരോട് എന്തു ചെയ്യും?"

41"അദ്ദേഹം ആ ദുഷ്ടന്മാരെ നിഷ്ഠൂരമായി നശിപ്പിക്കും; പിന്നീട് പാട്ടം യഥാകാലം നല്കുന്ന മറ്റു കുടിയാന്മാരെ തോട്ടം ഏല്പിക്കും."അവർ ഉത്തരം പറഞ്ഞു.

42യേശു അവരോടു പറഞ്ഞു:

" 'പണിയുന്നവർ തള്ളിക്കളഞ്ഞ
കല്ല് മൂലക്കല്ലായിത്തീർന്നു;
ഇതു കർത്താവു ചെയ്തു;
നമ്മുടെ ദൃഷ്ടിയിൽ
ആശ്ചര്യകരവുമായിത്തീർന്നിരിക്കുന്നു'[a]

എന്നു തിരുവചനത്തിൽ നിങ്ങൾ വായിച്ചിട്ടില്ലേ?

43"അതുകൊണ്ടു ദൈവരാജ്യം നിങ്ങളിൽനിന്നും എടുത്തു ഫലം നല്കുന്ന ഒരു ജനതയ്ക്കു നല്കും എന്നു ഞാൻ നിങ്ങളോടു പറയുന്നു. 44ഈ കല്ലിന്മേൽ വീഴുന്നവൻ തകർന്നുപോകും; ഇത് ആരുടെമേൽ വീഴുന്നുവോ അവൻ പൊടിയായിത്തീരും."

45മുഖ്യപുരോഹിതന്മാരും പരീശന്മാരും യേശുവിന്റെ ഈ ഉപമകൾ കേട്ടിട്ട്, അവ തങ്ങളെക്കുറിച്ചാണു പറയുന്നതെന്നു മനസ്സിലാക്കി. 46അവർ അദ്ദേഹത്തെ ബന്ധനസ്ഥനാക്കുവാൻ വഴി അന്വേഷിച്ചു. എന്നാൽ ആളുകൾ അദ്ദേഹത്തെ ഒരു പ്രവാചകനായി പരിഗണിച്ചിരുന്നതിനാൽ അവർ ജനക്കൂട്ടത്തെ

[a] 42 സങ്കീർത്തനം 118: 22,23

ഭയപ്പെട്ടു.

കല്യാണവിരുന്നിന്റെ ഉപമ

22 യേശു പിന്നെയും ഉപമകളിലൂടെ അവരോടു സംസാരിച്ചു: 2സ്വർഗ്ഗരാജ്യം, തന്റെ മകനുവേണ്ടി കല്യാണവിരുന്ന് ഒരുക്കിയ രാജാവിനോടു തുല്യം. 3അദ്ദേഹം ക്ഷണിക്കപ്പെട്ടിരുന്നവരുടെ അടുത്തേക്കു ഭൃത്യന്മാരെ അയച്ച് അവരോടു വിരുന്നിനു വരുവാൻ ആവശ്യപ്പെട്ടു. എന്നാൽ അവർ വരുവാൻ കൂട്ടാക്കിയില്ല.

4"'വിരുന്നു തയ്യാറായിരിക്കുന്നു; കാളകളെയും തീറ്റിക്കൊഴുപ്പിച്ച മൃഗങ്ങളെയും അറുത്തു, സകലവും സജ്ജമായിരിക്കുന്നു; കല്യാണവിരുന്നിനു വരുവിൻ' എന്നു നിങ്ങൾ പോയി ക്ഷണിക്കപ്പെട്ടവരോടു പറയുവിൻ'' എന്നു പറഞ്ഞ് അദ്ദേഹം വേറെ കുറെ ഭൃത്യന്മാരെക്കൂടി അയച്ചു.

5"എന്നാൽ അവർ ഒട്ടും ഗൗനിക്കാതെ ഒരുത്തൻ തന്റെ വയലിലേക്കും മറ്റൊരുത്തൻ തന്റെ വ്യാപാരത്തിനും പോയി. 6 ശേഷിച്ചവർ അദ്ദേഹത്തിന്റെ ഭൃത്യന്മാരെ പിടിച്ച് അപമാനിക്കുകയും കൊല്ലുകയും ചെയ്തു. 7രാജാവിനു ക്രോധം ജ്വലിച്ചു. അദ്ദേഹം തന്റെ സൈന്യത്തെ അയച്ച് ആ കൊലപാതകന്മാരെ നശിപ്പിക്കയും അവരുടെ പട്ടണം ചുട്ടുകളയുകയും ചെയ്തു.

8"അനന്തരം അദ്ദേഹം വേലക്കാരോടു പറഞ്ഞു: 'കല്യാണവിരുന്നു തയ്യാറായിരിക്കുന്നു, ക്ഷണിക്കപ്പെട്ടവർ അതിനു യോഗ്യരായില്ല. 9നിങ്ങൾ തെരുവിൽ ചെന്നു, കാണുന്നവരെയെല്ലാം വിരുന്നിനു ക്ഷണിക്കുവിൻ'. 10അങ്ങനെ വേലക്കാർ പുറപ്പെട്ടു തെരുവുകളിൽചെന്നു കണ്ണിൽ കണ്ട സകലരെയും - നല്ലവരെയും ദുഷ്ടരെയും - വിളിച്ചുകൂട്ടി. വിരുന്നുശാല അതിഥികളെക്കൊണ്ടു നിറഞ്ഞു.

11"അതിഥികളെ കാണാൻ രാജാവു കടന്നു വന്നു. വിവാഹവസ്ത്രം ധരിക്കാത്ത ഒരാൾ അദ്ദേഹത്തിന്റെ ശ്രദ്ധയിൽപ്പെട്ടു. 12അദ്ദേഹം അവനോട്: 'സ്നേഹിതാ, വിവാഹവസ്ത്രം കൂടാതെ താങ്കൾ അകത്തു കയറിയതെങ്ങനെ?' എന്നു ചോദിച്ചു. അയാൾക്കു മറുപടി ഒന്നും പറയാൻ ഉണ്ടായിരുന്നില്ല.

13"അപ്പോൾ രാജാവു തന്റെ സേവകരോട്: 'ഇയാളെ കൈയും കാലും കെട്ടി പുറത്ത് ഇരുട്ടിലേക്കു തള്ളിക്കളയുവിൻ; അവിടെ വിലാപവും പല്ലുകടിയും ഉണ്ടാകും' എന്നു പറഞ്ഞു.

14"ക്ഷണിക്കപ്പെട്ടവർ വളരെയധികം; തിരഞ്ഞെടുക്കപ്പെട്ടവരോ ചുരുക്കം."

കൈസർക്കു കരം കൊടുക്കണമോ?

15പരീശന്മാർ പോയി അദ്ദേഹത്തെ വാക്കിൽ കുടുക്കുവാൻ കൂടിയാലോചിച്ചു. 16അവർ ഹെരോദ്യരോടൊപ്പം തങ്ങളുടെ ശിഷ്യന്മാരെ അദ്ദേഹത്തിന്റെ അടുക്കൽ അയച്ചു. അവർ പറഞ്ഞു: "ഗുരോ, അങ്ങ് സത്യവാനും സത്യത്തിന് അനുസൃതമായി ദൈവികമാർഗ്ഗം ഉപദേശിക്കുന്നവനുമാണെന്നു ഞങ്ങൾക്ക് അറിയാം. അങ്ങ് മനുഷ്യരുടെ മുഖം നോക്കാത്തവനാകയാൽ ആർക്കും അങ്ങയെ സ്വാധീനിക്കുവാൻ സാധ്യമല്ല. 17അതുകൊണ്ട് അങ്ങയുടെ അഭിപ്രായം എന്തെന്നു ഞങ്ങളോടു പറഞ്ഞാലും. കൈസർക്കു കരം കൊടുക്കുന്നതു ന്യായമോ ന്യായരഹിതമോ?"

18യേശു അവരുടെ ദുരുദ്ദേശ്യം മനസ്സിലാക്കിയിട്ട്, "കപടനാട്യക്കാരേ, നിങ്ങൾ എന്നെ കുടുക്കിലാക്കുവാൻ എന്തിനു ശ്രമിക്കുന്നു? 19കരം കൊടുക്കുവാൻ ഉപയോഗിക്കുന്ന ഒരു നാണയം കാണിക്കുവിൻ" എന്നു പറഞ്ഞു. അവർ ഒരു ദിനാർ കൊണ്ടുവന്ന് അദ്ദേഹത്തെകാണിച്ചു. 20അദ്ദേഹം അവരോട്: "ഈ ചിത്രവും മേലെഴുത്തും ആരുടേത്?" എന്നു ചോദിച്ചു.

21"കൈസരുടേത്" അവർ മറുപടി പറഞ്ഞു. പിന്നെ അദ്ദേഹം അവരോട്, "കൈസർക്കുള്ളതു കൈസർക്കും ദൈവത്തിനുള്ളതു ദൈവത്തിനും കൊടുക്കുവിൻ" എന്നു പറഞ്ഞു.

22ഇതുകേട്ട് അവർ വിസ്മയത്തോടെ അദ്ദേഹത്തെ വിട്ടുപോയി.

പുനരുത്ഥാനവും വിവാഹവും

23മരിച്ചവർക്കു പുനരുത്ഥാനം ഇല്ല എന്നു പറയുന്ന സദൂക്യരിൽ ചിലർ അന്നുതന്നെ ഒരു ചോദ്യവുമായി അദ്ദേഹത്തിന്റെ അടുക്കൽ വന്ന്: 24"ഗുരോ, സന്താനങ്ങൾ ഇല്ലാതെ ഒരുവൻ മരിച്ചാൽ അവന്റെ സഹോദരൻ ആ വിധവയെ വിവാഹം കഴിച്ച് അവനുവേണ്ടി സന്താനങ്ങളെ ജനിപ്പിക്കണം എന്നു മോശെ ഞങ്ങളോടു കല്പിച്ചിട്ടുണ്ട്. 25ഞങ്ങളുടെ ഇടയിൽ ഏഴു സഹോദരന്മാർ ഉണ്ടായിരുന്നു. ഒന്നാമൻ വിവാഹം ചെയ്തശേഷം മരിച്ചു. സന്താനങ്ങൾ ഇല്ലായ്കയാൽ അവന്റെ ഭാര്യയെ സഹോദരൻ വിവാഹം ചെയ്തു. 26 പിന്നെ രണ്ടാമനും മൂന്നാമനും അങ്ങനെ ഏഴാമൻവരെയുള്ള എല്ലാവർക്കും ഇതുതന്നെ സംഭവിച്ചു. 27ഒടുവിൽ സ്ത്രീയും മരിച്ചു. 28പുനരുത്ഥാനത്തിൽ അവൾ ആ ഏഴുപേരിൽ ആരുടെ ഭാര്യയായിരിക്കും? എല്ലാവരും അവളെ വിവാഹം ചെയ്തിരുന്നുവല്ലോ."

29യേശു ഉത്തരം പറഞ്ഞു: "നിങ്ങൾ തിരുവെഴുത്തുകളെയോ ദൈവശക്തിയെയോ

അറിയാത്തതുകൊണ്ടു നിങ്ങൾക്കു തെറ്റു പറ്റുന്നു. 30 പുനരുത്ഥാനത്തിൽ ആളുകൾ വിവാഹം കഴിക്കുകയോ വിവാഹത്തിനു കൊടുക്കപ്പെടുകയോ ചെയ്യുന്നില്ല. അവർ സ്വർഗ്ഗത്തിലെ ദൂതന്മാരോടു സദൃശരായിരിക്കും. 31മരിച്ചവരുടെ പുനരുത്ഥാനത്തെക്കുറിച്ചാകട്ടെ, ദൈവം നിങ്ങളോട്: 'ഞാൻ അബ്രാഹാമിന്റെ ദൈവവും യിസ്ഹാക്കിന്റെ ദൈവവും യാക്കോബിന്റെ ദൈവവും ആകുന്നു'[a] എന്ന് അരുളിച്ചെയ്തിരിക്കുന്നതു വായിച്ചിട്ടില്ലേ? 32അവിടുന്നു മരിച്ചവരുടെ ദൈവമല്ല; ജീവനുള്ളവരുടെ ദൈവമത്രേ."

33ജനക്കൂട്ടം ഇതു കേട്ട് അദ്ദേഹത്തിന്റെ ഉപദേശത്തിൽ വിസ്മയിച്ചു.

ഏറ്റവും മുഖ്യകല്പന

"യേശു സദൂക്യരെ നിശ്ശബ്ദരാക്കി എന്നു കേട്ടിട്ടു പരീശന്മാർ ഒത്തുകൂടി. 35അവരിൽ ഒരു ന്യായപ്രമാണോപദേഷ്ടാവ് യേശുവിനെ പരീക്ഷിച്ചുകൊണ്ട്: 36"ഗുരോ, ന്യായപ്രമാണത്തിലെ ഏറ്റവും മുഖ്യകല്പന ഏതാണ്?" എന്നു ചോദിച്ചു.

37യേശു ഉത്തരം പറഞ്ഞു: " 'നിന്റെ ദൈവമായ കർത്താവിനെ നീ പൂർണ്ണഹൃദയത്തോടും പൂർണ്ണാത്മാവോടും പൂർണ്ണമനസ്സോടുംകൂടി സ്നേഹിക്കുക;'[b] 38ഇതാകുന്നു ഒന്നാമത്തേതും മുഖ്യവുമായ കല്പന. 39രണ്ടാമത്തേതു അതിനോടു സദൃശം: 'നിന്റെ അയൽക്കാരനെ നിന്നെപ്പോലെതന്നെ സ്നേഹിക്കുക'[c] 40സകലന്യായപ്രമാണവും പ്രവാചകന്മാരും ഈ രണ്ടു കല്പനകളിൽ അധിഷ്ഠിതമായിരിക്കുന്നു."

ക്രിസ്തു ആരുടെ പുത്രൻ?

41പരീശന്മാർ ഒന്നിച്ചുകൂടിയപ്പോൾ യേശു അവരോട്: 42"ക്രിസ്തുവിനെപ്പറ്റി നിങ്ങൾ എന്തു ചിന്തിക്കുന്നു? അവൻ ആരുടെ പുത്രനാണ്?" എന്നു ചോദിച്ചു.

"ദാവീദിന്റെ പുത്രൻ" അവർ മറുപടി പറഞ്ഞു.

43അദ്ദേഹം അവരോടു ചോദിച്ചു: "അങ്ങനെയെങ്കിൽ, ദാവീദ് ആത്മാവിൽ സംസാരിക്കുമ്പോൾ അവനെ 'കർത്താവേ' എന്നു സംബോധന ചെയ്യുന്നത് എങ്ങനെ?

> 44" 'ഞാൻ നിന്റെ ശത്രുക്കളെ നിന്റെ
> കാല്ക്കീഴിൽ ആക്കുന്നതുവരെ നീ
> എന്റെ വലത്തുഭാഗത്തിരിക്കുക'
> എന്നു കർത്താവു എന്റെ
> കർത്താവിനോട് അരുളിച്ചെയ്തു"

എന്നു ദാവീദ് പ്രസ്താവിച്ചുവല്ലോ!

45"ദാവീദുതന്നെ അവനെ 'കർത്താവേ' എന്നു വിളിക്കുന്നുവെങ്കിൽ അവൻ ദാവീദിന്റെ പുത്രൻ ആകുന്നതെങ്ങനെ?" 46ആർക്കും ഒരു വാക്കും അദ്ദേഹത്തോട് ഉത്തരം പറയാൻ കഴിഞ്ഞില്ല. അന്നുമുതൽ അദ്ദേഹത്തോടു ചോദ്യമൊന്നും ചോദിക്കുവാൻ ആരും ധൈര്യപ്പെട്ടില്ല.

വേദജ്ഞരെയും പരീശരെയും യേശു ഭർത്സിക്കുന്നു

23 അനന്തരം യേശു ജനക്കൂട്ടത്തോടും ശിഷ്യന്മാരോടും ഇങ്ങനെ പറഞ്ഞു: 2"വേദജ്ഞരും പരീശരും മോശെയുടെ ഇരിപ്പിടത്തിൽ ഇരിക്കുന്നു. 3അതുകൊണ്ട് അവരെ നിങ്ങൾ അനുസരിക്കണം; അവർ പറയുന്നതെല്ലാം ചെയ്യുകയും വേണം. എന്നാൽ അവർ പ്രവർത്തിക്കുന്നതുപോലെ നിങ്ങൾ പ്രവർത്തിക്കരുത്. എന്തെന്നാൽ അവർ പഠിപ്പിക്കുന്നതനുസരിച്ച് അവർ പ്രവർത്തിക്കുന്നില്ല. 4അവർ ഭാരമുള്ള ചുമടുകൾകെട്ടി മനുഷ്യരുടെ തോളിൽ വയ്ക്കുന്നു; എന്നാൽ ഒരു വിരൽകൊണ്ടുപോലും അവയെ തൊടുവാൻ അവർക്കു മനസ്സില്ല.

5"അവർ ചെയ്യുന്നതെല്ലാം മനുഷ്യർ കാണുന്നതിനുവേണ്ടിയാണ്; അവർ തങ്ങളുടെ മന്ത്രപ്പട്ടകൾക്കു വീതിയും മേലങ്കിയുടെ തൊങ്ങലുകൾക്കു നീളവും കൂട്ടുന്നു. 6വിരുന്നുകളിൽ മാന്യസ്ഥാനവും പള്ളികളിൽ പ്രധാന ഇരിപ്പിടവും അവർ ആഗ്രഹിക്കുന്നു. 7ചന്തസ്ഥലങ്ങളിൽ അഭിവാദനം ചെയ്യപ്പെടുന്നതും ആളുകൾ 'റബ്ബീ' എന്നു വിളിക്കുന്നതും അവർ ഇഷ്ടപ്പെടുന്നു.

8"നിങ്ങളോ 'റബ്ബീ' എന്നു വിളിക്കപ്പെടരുത്. ഒരുവൻ മാത്രമാണ് നിങ്ങളുടെ ഗുരു; നിങ്ങളോ എല്ലാവരും സഹോദരർ മാത്രം. 9ഭൂമിയിൽ ആരെയും 'പിതാവ്' എന്നു വിളിക്കരുത്; നിങ്ങളുടെ പിതാവ് ഒരുവൻമാത്രം; സ്വർഗ്ഗത്തിൽ വസിക്കുന്നവൻതന്നേ. 10നിങ്ങളിൽ ആരും 'ഗുരു' എന്നും വിളിക്കപ്പെടരുത്. നിങ്ങൾക്കു 'ഗുരു' ഒരാൾ മാത്രം: ക്രിസ്തു തന്നെ. 11നിങ്ങളിൽ ഏറ്റവും വലിയവൻ നിങ്ങളുടെ ദാസനായിരിക്കണം. 12എന്തെന്നാൽ തന്നെത്താൻ ഉയർത്തുന്നവൻ താഴ്ത്തപ്പെടും; തന്നെത്താൻ താഴ്ത്തുന്നവൻ ഉയർത്തപ്പെടും.

13"കപടഭക്തരായ വേദജ്ഞരും പരീശരുമേ, നിങ്ങൾക്കു ഹാ കഷ്ടം! നിങ്ങൾ മനുഷ്യർക്കു നേരേ സ്വർഗ്ഗരാജ്യം അടച്ചുകളയുന്നു. നിങ്ങൾ അതിൽ പ്രവേശിക്കുന്നില്ല; പ്രവേശിക്കുവാൻ ആഗ്രഹിക്കുന്നവരെ അനുവദിക്കുകയുമില്ല. [14കപടഭക്തരായ വേദജ്ഞരും പരീശരുമേ, നിങ്ങൾക്കു ഹാ കഷ്ടം! നിങ്ങൾ വിധവമാരുടെ വീടുകളെ വിഴുങ്ങുകയും മറ്റുള്ളവർ കാണേണ്ട

[a] 32 പുറപ്പാട് 3:6 [b] 37 ആവർത്തനം 6:15 [c] 39 ലേവ്യ 19:18

തിന് ദീർഘമായി പ്രാർത്ഥിക്കുകയും ചെയ്യുന്നു. തന്മൂലം നിങ്ങൾ അതികഠിനമായി ശിക്ഷിക്കപ്പെടും.]

15"കപടഭക്തരായ വേദജ്ഞരും, പരീശരുമേ, നിങ്ങൾക്കു ഹാ കഷ്ടം! ഒരാളെ മതത്തിൽ ചേർക്കുവാൻ നിങ്ങൾ കരയും കടലും ചുറ്റി സഞ്ചരിക്കുന്നു; ചേർന്നുകഴിയുമ്പോൾ അയാളെ നിങ്ങളുടേതിനേക്കാൾ ഇരട്ടി നരകശിക്ഷയ്ക്കു പാത്രമാക്കുന്നു.

16"അന്ധരായ മാർഗ്ഗദർശികളേ, നിങ്ങൾക്കു ഹാ കഷ്ടം! ഒരുവൻ ദൈവാലയത്തെക്കൊണ്ട് ആണയിട്ടാൽ സാരമില്ല എന്നും ദൈവാലയത്തിലെ സ്വർണ്ണത്തെക്കൊണ്ട് ആണയിട്ടാൽ അയാൾ തന്നേക്കാൾ ആണ നിറവേറ്റാൻ ബാധ്യസ്ഥനാണെന്നും നിങ്ങൾ പറയുന്നു. 17അന്ധരായ ഭോഷന്മാരേ, ഏതാണ് ഏറെ ശ്രേഷ്ഠം? സ്വർണ്ണമോ സ്വർണ്ണത്തെ വിശുദ്ധീകരിക്കുന്ന ദൈവാലയമോ? 18'ആരെങ്കിലും യാഗപീഠത്തിന്റെ പേരിൽ ആണയിട്ടാൽ സാരമില്ല എന്നും അതിന്മേലുള്ള വഴിപാടിനെക്കൊണ്ട് ആണയിട്ടാൽ അവൻ അതു നിറവേറ്റാൻ കടപ്പെട്ടവനാണെന്നും നിങ്ങൾ പറയുന്നു. 19ഹേ അന്ധരേ, ഏതാണു ശ്രേഷ്ഠമായിട്ടുള്ളത്? വഴിപാടോ, വഴിപാടിനെ വിശുദ്ധീകരിക്കുന്ന യാഗപീഠമോ? 20അതിനാൽ യാഗപീഠത്തെക്കൊണ്ട് ആണയിടുന്നവൻ യാഗപീഠത്തെയും അതിന്മേലുള്ള എല്ലാറ്റിനെയും കൊണ്ടാണ് ആണയിടുന്നത്. 21ദൈവാലയത്തെക്കൊണ്ട് ആണയിടുന്നവൻ ദൈവാലയത്തെയും അതിൽ വസിക്കുന്നവനെയും ചൊല്ലി ആണയിടുന്നു. 22സ്വർഗ്ഗത്തെക്കൊണ്ട് ആണയിടുന്നവൻ ദൈവസിംഹാസനത്തെയും അതിന്മേൽ ഇരിക്കുന്നവനെയുംകൊണ്ടാണ് ആണയിടുന്നത്.

23"കപടഭക്തരായ വേദജ്ഞരും പരീശരുമേ, നിങ്ങൾക്കു ഹാ കഷ്ടം! നിങ്ങൾ തുളസി, ചതകുപ്പ, ജീരകം എന്നിവയിൽ ദശാംശം കൊടുക്കുന്നു. എന്നാൽ ന്യായം, കരുണ, വിശ്വസ്തത എന്നിങ്ങനെ ന്യായപ്രമാണത്തിലെ ഘനമേറിയ കാര്യങ്ങൾ അവഗണിക്കുന്നു; ആദ്യം പറഞ്ഞത് അവഗണിക്കാതെ നിങ്ങൾ രണ്ടാമത്തേത് അനുഷ്ഠിക്കുകയാണ് വേണ്ടിയിരുന്നത്. 24അന്ധരായ വഴികാട്ടികളേ, നിങ്ങൾ കൊതുകിനെ അരിച്ചെടുക്കുകയും ഒട്ടകത്തെ വിഴുങ്ങിക്കളയുകയും ചെയ്യുന്നു.

25"കപടഭക്തരായ വേദജ്ഞരും പരീശരുമേ, നിങ്ങൾക്കു ഹാ കഷ്ടം! നിങ്ങൾ പാനപാത്രത്തിന്റെയും തളികയുടെയും പുറം വെടിപ്പാക്കുന്നു; ഉള്ളിലോ അവ ദുരാഗ്രഹവും സുഖാസക്തിയുംകൊണ്ടു നിറഞ്ഞിരിക്കുന്നു. 26അന്ധനായ പരീശാ, ആദ്യം പാനപാത്രത്തിന്റെയും തളികയുടെയും അകം വെടിപ്പാക്കുക; അപ്പോൾ പുറവും ശുദ്ധമായിത്തീരും.

27"കപടഭക്തരായ വേദജ്ഞരും പരീശരുമേ, നിങ്ങൾക്കു ഹാ കഷ്ടം! നിങ്ങൾ വെള്ളതേച്ച ശവക്കല്ലറകൾക്കു തുല്യർ; അവ പുറമേ മനോഹരം; അകമെയോ മരിച്ചവരുടെ അസ്ഥികളും സകലവിധ അശുദ്ധിയും കൊണ്ടു നിറഞ്ഞിരിക്കുന്നു. 28അതുപോലെതന്നെ നിങ്ങളും ജനങ്ങളുടെ മുന്നിൽ നീതിമാന്മാരായി കാണപ്പെടുന്നു, പക്ഷേ ഉള്ളിൽ കപടഭക്തിയും ദുഷ്ടതയും കൊണ്ടു നിറഞ്ഞവരാണ്.

29"കപടഭക്തരായ വേദജ്ഞരും പരീശരുമേ, നിങ്ങൾക്കു ഹാ കഷ്ടം! നിങ്ങൾ പ്രവാചകന്മാർക്കു ശവക്കല്ലറകൾ പണിയുകയും നീതിമാന്മാരുടെ ശവകുടീരങ്ങളെ അലങ്കരിക്കുകയും ചെയ്യുന്നു. 30'പൂർവ്വപിതാക്കന്മാരുടെ കാലത്തു ഞങ്ങൾ ജീവിച്ചിരുന്നുവെങ്കിൽ പ്രവാചകരുടെ രക്തം ചൊരിയിക്കുവാൻ ഞങ്ങൾ കൂട്ടു നില്ക്കുകയില്ലായിരുന്നു' എന്നും നിങ്ങൾ പറയുന്നു. 31ഇങ്ങനെ, നിങ്ങൾ പ്രവാചകരെ കൊന്നവരുടെ പിൻഗാമികളെന്നു നിങ്ങൾക്കെതിരെ നിങ്ങൾതന്നെ സാക്ഷ്യം പറയുന്നു. 32നിങ്ങളുടെ പൂർവ്വികരുടെ പാപത്തിന്റെ അളവ് നിങ്ങൾ തികച്ചുകൊള്ളുവിൻ.

33"സർപ്പങ്ങളേ, സർപ്പസന്തതികളേ, നരകശിക്ഷയിൽനിന്നു നിങ്ങൾ എങ്ങനെ തെറ്റിയൊഴിയും? 34അതിനാൽ നിങ്ങളുടെ അടുത്തേക്കു പ്രവാചകന്മാരെയും ജ്ഞാനികളെയും വേദജ്ഞരെയും ഞാൻ അയയ്ക്കുന്നു. അവരിൽ ചിലരെ നിങ്ങൾ കൊല്ലുകയും ക്രൂശിലേറ്റുകയും ചെയ്യും; മറ്റു ചിലരെ നിങ്ങളുടെ പള്ളികളിൽ വച്ചു ചാട്ടവാറുകൊണ്ട് അടിക്കുകയും പട്ടണംതോറും വേട്ടയാടുകയും ചെയ്യും. 35അങ്ങനെ, നീതിമാനായ ഹാബേലിന്റെ രക്തംമുതൽ ദൈവാലയത്തിനും യാഗപീഠത്തിനും ഇടയ്ക്കുവച്ചു നിങ്ങൾ കൊന്നവനും ബെരെഖ്യാവിന്റെ മകനുമായ സെഖര്യാവിന്റെ രക്തംവരെ ഭൂമിയിൽ ചൊരിഞ്ഞിട്ടുള്ള നീതിയുള്ള സകല രക്തവും നിങ്ങളുടെ തലമേൽ വരും. 36ഇതെല്ലാം ഈ തലമുറയുടെമേൽ വരുമെന്നു സത്യമായും ഞാൻ നിങ്ങളോടു പറയുന്നു.

37യെരൂശലേമേ, യെരൂശലേമേ, പ്രവാചകന്മാരെ കൊല്ലുകയും നിന്നെറ അടുക്കൽ അയയ്ക്കപ്പെട്ടവരെ കല്ലെറിയുകയും ചെയ്യുന്നവളേ, കോഴി തന്റെ കുഞ്ഞുങ്ങളെ ചിറകിൻകീഴിൽ അണയ്ക്കുന്നതുപോലെ നിന്റെ മക്കളെ അണച്ചുകൊള്ളുവാൻ എത്രവട്ടം ഞാൻ ആഗ്രഹിച്ചു. എന്നാൽ നിനക്കോ മനസ്സുണ്ടായില്ല. 38ഇതാ, നിന്റെ ഭവനം ശൂന്യമായിരി

ക്കുന്നു. 39കർത്താവിന്റെ നാമത്തിൽ വരുന്നവൻ അനുഗ്രഹിക്കപ്പെട്ടവൻ'[a] എന്നു നീ പറയുന്നതുവരെ ഇനി നീ എന്നെ കാണുകയില്ല എന്നു ഞാൻ നിന്നോടു പറയുന്നു."

യുഗാവസാന ലക്ഷണങ്ങൾ

24 യേശു ദൈവാലയം വിട്ടുപോകുമ്പോൾ ദൈവാലയത്തിന്റെ കെട്ടിടങ്ങൾ കാണിക്കുവാൻ ശിഷ്യന്മാർ അദ്ദേഹത്തിന്റെ അടുക്കൽ ചെന്നു. 2"നിങ്ങൾ ഈ പണികളെല്ലാം കാണുന്നുവോ?" അദ്ദേഹം ചോദിച്ചു. "കല്ലിനുമീതെ കല്ലു ശേഷിക്കാത്തവിധം ഇതെല്ലാം തകർക്കപ്പെടും എന്നു ഞാൻ സത്യമായി നിങ്ങളോടു പറയുന്നു" എന്ന് അദ്ദേഹം പറഞ്ഞു.

3യേശു ഒലിവുമലയിൽ ഇരിക്കുമ്പോൾ ശിഷ്യന്മാർ തനിച്ച് അദ്ദേഹത്തിന്റെ അടുക്കൽ വന്നു. അവർ ചോദിച്ചു: "ഇതെല്ലാം എപ്പോൾ സംഭവിക്കും? അങ്ങയുടെ വരവിന്റെയും യുഗാവസാനത്തിന്റെയും അടയാളം എന്താ യിരിക്കും?"

4യേശു ഉത്തരം പറഞ്ഞു: "ആരും നിങ്ങളെ വഞ്ചിക്കാതിരിക്കുവാൻ സൂക്ഷിച്ചുകൊൾവിൻ. 5'ഞാൻ ക്രിസ്തുവാകുന്നു' എന്നു പറഞ്ഞുകൊണ്ടു ധാരാളം പേർ എന്റെ നാമത്തിൽ വന്നു പലരെയും വഞ്ചിക്കും. 6നിങ്ങൾ യുദ്ധങ്ങളെപ്പറ്റി കേൾക്കും. യുദ്ധങ്ങളെക്കുറിച്ചുള്ള കിംവദന്തികളും കേൾക്കും; എന്നാൽ പരിഭ്രാന്തരാകരുത്. ഇവയെല്ലാം സംഭവിക്കേണ്ടതു തന്നെ, എങ്കിലും അത് അവസാനമല്ല, 7ജാതി ജാതിയോടും രാഷ്ട്രം രാഷ്ട്രത്തോടും കലഹിക്കും. ക്ഷാമവും ഭൂകമ്പവും അവിടവിടെ ഉണ്ടാകും. 8ഇവയെല്ലാം ഈറ്റുനോവിന്റെ ആരംഭമത്രേ.

9"നിങ്ങൾ പീഡനത്തിന് ഏല്പിക്കപ്പെടുകയും കൊല്ലപ്പെടുകയും ചെയ്യും. ഞാൻനിമിത്തം സർവ്വജനതകളും നിങ്ങളെ വെറുക്കും. 10അപ്പോൾ അനേകർ വിശ്വാസം തൃജിക്കുകയും പരസ്പരം ഒറ്റിക്കൊടുക്കുകയും പകയ്ക്കുകയും ചെയ്യും. 11കള്ളപ്രവാചകന്മാർ പലരും വന്നു നിരവധി ആളുകളെ വഴി തെറ്റിക്കും. 12ദുഷ്ടത പെരുകുന്നതുകൊണ്ട് അനേകരുടെയും സ്നേഹം തണുത്തു പോകും; 13എന്നാൽ അന്ത്യംവരെയും സഹിച്ചു നില്ക്കുന്നവൻ രക്ഷിക്കപ്പെടും. 14രാജ്യത്തിന്റെ ഈ സുവിശേഷം എല്ലാ ജനതകൾക്കും ഒരു സാക്ഷ്യമായി ലോകത്തിലെല്ലാം പ്രസംഗിക്കപ്പെടും; അപ്പോൾ ആയിരിക്കും അവസാനം.

15"ദാനീയേൽപ്രവാചകനിലൂടെ അരുളിച്ചെയ്തപ്രകാരം, 'ശൂന്യമാക്കുന്ന മ്ലേച്ഛത'[b] വിശുദ്ധസ്ഥലത്തു നില്ക്കുന്നതു നിങ്ങൾ കാണുമ്പോൾ – വായിക്കുന്നവൻ മനസ്സിലാക്കട്ടെ – 16യഹൂദ്യയിലുള്ളവർ മലകളിലേക്ക് ഓടിപ്പോകട്ടെ. 17പുരമുകളിലിരിക്കുന്നവൻ വീട്ടിനുള്ളിൽനിന്ന് എന്തെങ്കിലും എടുക്കുവാൻ ഇറങ്ങിപ്പോകരുത്. 18വയലിൽ ആയിരിക്കുന്നവൻ മേലങ്കി എടുക്കാൻ തിരിച്ചു പോകരുത്. 19ആ ദിവസങ്ങളിൽ ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും അയ്യോ കഷ്ടം! 20നിങ്ങളുടെ പലായനം ശീതകാലത്തോ ശബ്ബത്തിലോ ആകരുതേ എന്നു പ്രാർത്ഥിക്കുവിൻ. 21എന്തുകൊണ്ടെന്നാൽ ലോകാരംഭം മുതൽ ഇന്നുവരെ ഉണ്ടായിട്ടില്ലാത്തതും ഇനിയൊരിക്കലും ഉണ്ടാകാത്തതുമായ വലിയ കഷ്ടത ആ കാലത്ത് ഉണ്ടാകും. 22ആ ദിവസങ്ങളുടെ എണ്ണം പരിമിതപ്പെടുത്തിയില്ലെങ്കിൽ ആരും രക്ഷിക്കപ്പെടുകയില്ല; എന്നാൽ തെരഞ്ഞെടുക്കപ്പെട്ടവർക്കുവേണ്ടി ആ ദിവസങ്ങളുടെ എണ്ണം പരിമിതമാക്കപ്പെടും. 23അക്കാലത്ത് ആരെങ്കിലും നിങ്ങളോട്: 'ഇതാ, ക്രിസ്തു ഇവിടെ' എന്നോ 'അതാ, ക്രിസ്തു അവിടെ' എന്നോ പറഞ്ഞാൽ അതു വിശ്വസിക്കരുത്: 24കാരണം, കള്ളക്രിസ്തുക്കളും കള്ളപ്രവാചകരുംവന്ന് വലിയ അടയാളങ്ങളും അത്ഭുതങ്ങളും കാണിക്കുകയും സാധ്യമെങ്കിൽ തെരഞ്ഞെടുക്കപ്പെട്ടവരെപ്പോലും വഞ്ചിക്കുകയും ചെയ്യും. 25നോക്കൂ, ഇതു ഞാൻ നിങ്ങളോടു മുൻകൂട്ടി പറഞ്ഞിരിക്കുന്നു.

26"ആകയാൽ ആരെങ്കിലും നിങ്ങളോട്: 'അദ്ദേഹം അവിടെ മരുഭൂമിയിൽ' എന്നു പറഞ്ഞാൽ നിങ്ങൾ പുറപ്പെടരുത്; 'അദ്ദേഹം ഇതാ ഇവിടെ മുറിക്കുള്ളിൽ' എന്നു പറഞ്ഞാൽ അതു വിശ്വസിക്കരുത്. 27മിന്നൽപ്പിണർ കിഴക്കുനിന്നു പുറപ്പെട്ടു പടിഞ്ഞാറുവരെ പ്രകാശിക്കുന്നതുപോലെ ആയിരിക്കും മനുഷ്യപുത്രന്റെ വരവ്. 28ശവം ഉള്ളേടത്ത് കഴുകന്മാർ വന്നുകൂടും.

29"ആ ദിവസങ്ങളിലെ കഷ്ടം
കഴിഞ്ഞാലുടനെ,
'സൂര്യൻ ഇരുണ്ടുപോകും,
ചന്ദ്രൻ പ്രകാശിക്കാതെയാകും,
നക്ഷത്രങ്ങൾ ആകാശത്തുനിന്നു വീഴും;
ആകാശത്തിലെ ശക്തികൾ ഇളകും.'[c]

30"അപ്പോൾ മനുഷ്യപുത്രന്റെ അടയാളം ആകാശത്തു വെളിപ്പെടും; ഭൂമിയിലെ സകല ജനതയും വിലപിക്കും. മനുഷ്യപുത്രൻ ശക്തിയോടും മഹാതേജസ്സോടുംകൂടെ ആകാശമേഘങ്ങളിന്മേൽ വരുന്നത് അവർ കാണും. 31അവൻ ഉച്ചത്തിലുള്ള കാഹള നാദത്തോടെ തന്റെ ദൂതന്മാരെ അയയ്ക്കും; അവർ ആകാശത്തിന്റെ ഒരറ്റം മുതൽ മറ്റേ അറ്റംവരെ, നാല് അതിരുകളിൽനിന്നും, തന്റെ

[a] 39 സങ്കീർത്തനം 118:26 [b] 15 ദാനീയേൽ 9:27, 11:13, 12:11 [c] 29യെശയ്യാവ് 13:10, 34:4

തിരഞ്ഞെടുക്കപ്പെട്ടവരെ ഒന്നിച്ചുകൂട്ടും.
32"അത്തിമരത്തിൽനിന്ന് ഈ പാഠം പഠിക്കുവിൻ. അതിന്റെ ചില്ലകൾ ഇളതാവുകയും തളിർക്കുകയും ചെയ്യുമ്പോൾ വേനല്ക്കാലം അടുത്തിരിക്കുന്നുവെന്നു നിങ്ങൾക്കറിയാം. 33അതുപോലെ, ഈ കാര്യങ്ങളെല്ലാം കാണുമ്പോൾ അദ്ദേഹം അടുത്ത്, വാതില്ക്കൽത്തന്നെ എത്തിയിരിക്കുന്നുവെന്നു ധരിച്ചുകൊള്ളുവിൻ. 34ഈ കാര്യങ്ങളെല്ലാം സംഭവിച്ചു കഴിയുന്നതുവരെ ഈ തലമുറ നിശ്ചയമായും നീങ്ങിപ്പോവുകയില്ല എന്നു ഞാൻ സത്യമായി നിങ്ങളോടു പറയുന്നു. 35ആകാശവും ഭൂമിയും നീങ്ങിപ്പോകും; എന്റെ വചനങ്ങളോ ഒരുനാളും നീങ്ങിപ്പോവുകയില്ല.

നാളും നാഴികയും അറിയുന്നില്ല

36"ആ ദിവസവും മണിക്കൂറും പിതാവ് അല്ലാതെ, സ്വർഗ്ഗത്തിലെ ദൂതന്മാരോ, പുത്രൻ പോലുമോ,[a] അറിയുന്നില്ല. 37നോഹയുടെ കാലത്തു സംഭവിച്ചതുപോലെയായിരിക്കും മനുഷ്യപുത്രന്റെ വരവ്. 38പ്രളയത്തിനു മുമ്പുള്ള ദിവസങ്ങളിൽ, നോഹ പെട്ടകത്തിൽ പ്രവേശിച്ച ദിവസംവരെ, ജനങ്ങൾ തിന്നും കുടിച്ചും വിവാഹംകഴിച്ചും വിവാഹത്തിനു കൊടുത്തും പോന്നു. 39പ്രളയം വന്ന് എല്ലാവരെയും നീക്കിക്കളയുന്നതുവരെ, എന്താണു സംഭവിക്കാൻ പോകുന്നതെന്ന് ആരും അറിഞ്ഞില്ല. മനുഷ്യപുത്രന്റെ വരവിലും ഇങ്ങനെതന്നെ ആയിരിക്കും. 40രണ്ടു പുരുഷന്മാർ വയലിൽ ആയിരിക്കും. ഒരുവൻ എടുക്കപ്പെടും; മറ്റവൻ ഉപേക്ഷിക്കപ്പെടും. 41രണ്ടു സ്ത്രീകൾ തിരികല്ലിൽ പൊടിച്ചുകൊണ്ടിരിക്കും; ഒരുവൾ എടുക്കപ്പെടും, മറ്റവൾ ഉപേക്ഷിക്കപ്പെടും.
42"ആകയാൽ നിങ്ങളുടെ കർത്താവു വരുന്നത് ഏതു ദിവസം എന്ന് അറിയാത്തതുകൊണ്ടു നിങ്ങൾ ജാഗ്രതയോടെ ഇരിപ്പിൻ. 43കള്ളൻ രാത്രിയിൽ ഏതു സമയത്തു വരുന്നുവെന്നു വീട്ടുടമസ്ഥൻ അറിഞ്ഞിരുന്നെങ്കിൽ അയാൾ ജാഗ്രത പാലിക്കുകയും ഭവനഭേദനം നടക്കാതിരിക്കുകയും ചെയ്യുമായിരുന്നുവെന്നു ഗ്രഹിച്ചുകൊൾവിൻ.
44"അതുപോലെ നിങ്ങൾ പ്രതീക്ഷിക്കാത്ത സമയത്തു മനുഷ്യപുത്രൻ വരുന്നതുകൊണ്ടു നിങ്ങളും ഒരുങ്ങിയിരിപ്പിൻ.
45"ഭവനത്തിലെ ദാസന്മാർക്കു യഥാസമയം ഭക്ഷണം നല്കുവാൻ, അവരുടെ മേൽനോട്ടക്കാരനായി യജമാനൻ നിയോഗിച്ചിരിക്കുന്ന വിശ്വസ്തനും വിവേകിയുമായ ഭൃത്യൻ ആരാണ്? 46യജമാനൻ വരുമ്പോൾ അങ്ങനെ ചെയ്യുന്നവനായി കാണപ്പെടുന്ന ഭൃത്യൻ ഭാഗ്യവാൻ. 47അദ്ദേഹം അവനെ തന്റെ സകല സ്വത്തിനും മേലധികാരിയായി നിയമിക്കും എന്നു ഞാൻ സത്യമായി നിങ്ങളോടു പറയുന്നു. 48എന്നാൽ ആ ഭൃത്യൻ ദുഷ്ടനാണെങ്കിൽ, 'യജമാനൻ വരാൻ താമസിക്കും' എന്നു പറഞ്ഞുകൊണ്ടു 49കൂട്ടുവേലക്കാരെ അടിക്കാനും മദ്യപന്മാരോടൊത്തു തിന്നാനും കുടിക്കാനും തുടങ്ങും. 50ആ ഭൃത്യൻ ഒട്ടും പ്രതീക്ഷിക്കാത്ത നാളിലും, അറിയാത്ത സമയത്തും യജമാനൻ വന്നുചേരും. 51അയാൾ അവനെ കഠിനമായി ശിക്ഷിച്ചു കപടനാട്യക്കാരോടൊപ്പം തള്ളുകയും ചെയ്യും. അവിടെ കരച്ചിലും പല്ലുകടിയും ഉണ്ടാകും.

പത്തു കന്യകമാരുടെ ഉപമ

25 "സ്വർഗ്ഗരാജ്യം മണവാളനെ എതിരേല്ക്കുവാൻ വിളക്കുകളുമായി പുറപ്പെട്ട പത്തു കന്യകമാരോടു സദൃശം. 2അവരിൽ അഞ്ചുപേർ ബുദ്ധിഹീനകളും അഞ്ചുപേർ ബുദ്ധിശാലിനികളും ആയിരുന്നു. 3ബുദ്ധിഹീനകൾ തങ്ങളുടെ വിളക്കുകൾ എടുത്തെങ്കിലും അവയോടുകൂടെ എണ്ണ എടുത്തില്ല. 4എന്നാൽ ബുദ്ധിശാലിനികൾ തങ്ങളുടെ വിളക്കുകളോടുകൂടെ പാത്രങ്ങളിൽ എണ്ണയും എടുത്തു. 5മണവാളൻ വരുവാൻ വൈകി; അവരെല്ലാവരും മയങ്ങി ഉറക്കമായി.
6"അർദ്ധരാത്രിയിൽ, 'മണവാളൻ വരുന്നു, അദ്ദേഹത്തെ വരവേല്ക്കുവാൻ പുറപ്പെടുവിൻ' എന്ന് ആർപ്പുവിളിയുണ്ടായി.
7"കന്യകമാർ എല്ലാവരും ഉണർന്നു വിളക്കുകൾ തെളിച്ചു. 8ബുദ്ധിഹീനകൾ ബുദ്ധിശാലിനികളോടു, 'നിങ്ങളുടെ എണ്ണയിൽ കുറെ ഞങ്ങൾക്കു തരുവിൻ: ഞങ്ങളുടെ വിളക്കുകൾ കെട്ടുപോകുന്നു' എന്നു പറഞ്ഞു.
9"അവർ മറുപടി പറഞ്ഞു: 'ഞങ്ങൾക്കും നിങ്ങൾക്കുംകൂടി ഇതു തികയുകയില്ല. അതിനാൽ നിങ്ങൾ വില്ക്കുന്നവരുടെ അടുക്കൽച്ചെന്നു വാങ്ങിക്കൊൾവിൻ.'
10"അവർ വാങ്ങുവാൻ പോയപ്പോൾ മണവാളൻ വന്നു. ഒരുങ്ങിയിരുന്ന കന്യകമാർ അദ്ദേഹത്തോടൊപ്പം വിവാഹവിരുന്നിനായി അകത്തു പ്രവേശിച്ചു. വാതിൽ അടയ്ക്കുകയും ചെയ്തു.
11"പിന്നീടു മറ്റവരും വന്നു. 'യജമാനനേ! യജമാനനേ! ഞങ്ങൾക്കു വാതിൽ തുറന്നു തരണേ"- അവർ അപേക്ഷിച്ചു.
12"എന്നാൽ അദ്ദേഹം: 'ഞാൻ നിങ്ങളെ അറിയുന്നില്ല എന്നു സത്യമായി ഞാൻ പറയുന്നു' എന്നുത്തരം നല്കി.
13"ആകയാൽ നാളും നാഴികയും നിങ്ങൾക്കറി

[a] 36 ചില കയ്യെഴുത്തുപ്രതികളിൽ, *പുത്രൻ പോലുമോ* എന്ന ഭാഗം ഇല്ല.

വില്ലാത്തതിനാൽ ഉണർന്നിരിപ്പിൻ."

താലന്തുകളുടെ ഉപമ

14"ഒരു യാത്രയ്ക്കു പുറപ്പെടുമ്പോൾ വേലക്കാരെ വിളിച്ചു തന്റെ സമ്പത്ത് അവരെ ഏല്പിച്ച മനുഷ്യനോടു സദൃശമാണു സ്വർഗ്ഗരാജ്യം. 15അയാൾ ഓരോ വേലക്കാരനും അവന്റെ കഴിവനുസരിച്ച് - ഒരുത്തന് അഞ്ചു താലന്ത്, മറ്റൊരുത്തനു രണ്ടു താലന്ത്, വേറൊരുത്തന് ഒന്ന് - എന്നിങ്ങനെ കൊടുത്തു. പിന്നെ അയാൾ യാത്രയായി. 16അഞ്ചു താലന്തു ലഭിച്ചവൻ ഉടനേ പോയി അതു വിനിയോഗിച്ച് അഞ്ചു താലന്തുകൂടി സമ്പാദിച്ചു. 17അങ്ങനെ തന്നേ രണ്ടു ലഭിച്ചവനും ചെന്നു രണ്ടു കൂടി നേടി. 18എന്നാൽ ഒരു താലന്തു കിട്ടിയവൻ അവിടെനിന്നു പോയി നിലത്ത് ഒരു കുഴി കുഴിച്ച് യജമാനന്റെ പണം അതിൽ ഒളിച്ചുവെച്ചു.

19"ഏറെക്കാലത്തിനുശേഷം ആ വേലക്കാരുടെ യജമാനൻ മടങ്ങിയെത്തി അവരുമായി കണക്കു തീർത്തു. 20അഞ്ചു താലന്തു ലഭിച്ചവൻ വേറേ അഞ്ചുംകൂടി കൊണ്ടുവന്നു. 'യജമാനനേ, അങ്ങ് അഞ്ചു താലന്താണല്ലോ എന്നെ ഏല്പിച്ചിരുന്നത്; ഇതാ, ഞാൻ അഞ്ചുകൂടി നേടിയിരിക്കുന്നു' എന്ന് അവൻ പറഞ്ഞു.

21"യജമാനൻ ഉത്തരം പറഞ്ഞു: 'നല്ലവനും വിശ്വസ്തനുമായ ദാസാ, നീ നന്നായി ചെയ്തു. അല്പകാര്യത്തിൽ നീ വിശ്വസ്തനായിരുന്നു, ഞാൻ നിന്നെ അധികം കാര്യങ്ങളുടെ ചുമതലയേല്പിക്കും. വന്നു നിന്റെ യജമാനന്റെ സന്തോഷത്തിൽ പങ്കാളിയാകുക.'

22"രണ്ടു താലന്തുകാരനും വന്നു. അവൻ പറഞ്ഞു: 'യജമാനനേ അങ്ങു രണ്ടു താലന്താണല്ലോ എന്നെ ഏല്പിച്ചിരുന്നത്; ഇതാ ഞാൻ രണ്ടുകൂടി നേടിയിരിക്കുന്നു.'

23"യജമാനൻ ഉത്തരം പറഞ്ഞു: 'നല്ലവനും വിശ്വസ്തനുമായ ദാസാ, നീ നന്നായി ചെയ്തു. അല്പകാര്യങ്ങളിൽ നീ വിശ്വസ്തനായിരുന്നു; ഞാൻ നിന്നെ അധികം കാര്യങ്ങളുടെ ചുമതലയേല്പിക്കും. വരൂ, നിന്റെ യജമാനന്റെ സന്തോഷത്തിൽ പങ്കാളിയാകുക.'

24"പിന്നെ ഒരു താലന്തു ലഭിച്ചിരുന്നവൻ വന്നു. അവൻ പറഞ്ഞു: 'യജമാനനേ, അങ്ങു വിതയ്ക്കാത്തേടത്തുനിന്നു കൊയ്യുകയും വിതറാത്തേടത്തുനിന്നു ശേഖരിക്കുകയും ചെയ്യുന്ന കഠിനമനുഷ്യനെന്നു ഞാൻ മനസ്സിലാക്കി. 25അതുകൊണ്ടു ഞാൻ ഭയപ്പെട്ട് അങ്ങയുടെ താലന്തു നിലത്തു മറച്ചുവച്ചു. ഇതാ ഞാൻ അങ്ങയുടേതു കൊണ്ടുവന്നിരിക്കുന്നു.'

26"യജമാനൻ ഉത്തരം പറഞ്ഞു: 'ദുഷ്ടനും മടിയനുമായ ദാസാ, ഞാൻ വിതയ്ക്കാത്തേടത്തുനിന്നു കൊയ്യുന്നുവെന്നും വിതറാത്തേടത്തുനിന്നു ശേഖരിക്കുന്നുവെന്നും നീ മനസ്സിലാക്കിയല്ലോ. 27അങ്ങനെയെങ്കിൽ എന്റെ പണം നീ പണമിടപാടുകാരുടെ പക്കൽ നിക്ഷേപിച്ചിരുന്നുവെങ്കിൽ മടങ്ങിവന്നപ്പോൾ എനിക്ക് അതു പലിശയോടെ തിരിച്ചു വാങ്ങാൻ കഴിയുമായിരുന്നു.

28" 'ആ താലന്ത് അവന്റെ പക്കൽ നിന്ന് എടുത്തു പത്തു താലന്ത് ഉള്ളവനു കൊടുക്കുക. 29ഉള്ളവന് ഏവനും കൂടുതൽ നല്കപ്പെടും, അവനു സമൃദ്ധി ഉണ്ടാകുകയും ചെയ്യും. ഇല്ലാത്തവനിൽനിന്ന് ഉള്ളതുകൂടി എടുത്തുകളയും. 30കൊള്ളരുതാത്ത ആ ദാസനെ പുറത്ത് ഇരുട്ടിലേക്കു തള്ളിക്കളയുവിൻ; അവിടെ കരച്ചിലും പല്ലുകടിയും ഉണ്ടാകും'.

ചെമ്മരിയാടുകളും കോലാടുകളും

31"മനുഷ്യപുത്രൻ തന്റെ സകല ദൂതന്മാരുമായി തേജസ്സോടെ വരുമ്പോൾ സ്വർഗ്ഗീയ തേജസ്സുള്ള തന്റെ സിംഹാസനത്തിൽ ഇരിക്കും. 32സകല ജനതകളെയും അദ്ദേഹത്തിന്റെ സന്നിധിയിൽ ഒരുമിച്ചു കൂട്ടും; ഇടയൻ കോലാടുകളിൽനിന്നു ചെമ്മരിയാടുകളെ വേർതിരിക്കുന്നതുപോലെ അദ്ദേഹം ജനങ്ങളെ തമ്മിൽ വേർതിരിക്കും. 33അദ്ദേഹം ചെമ്മരിയാടുകളെ തന്റെ വലത്തും കോലാടുകളെ ഇടത്തും നിർത്തും.

34"പിന്നെ രാജാവു തന്റെ വലത്തുഭാഗത്തുള്ളവരോടു പറയും: ''എന്റെ പിതാവിനാൽ അനുഗ്രഹിക്കപ്പെട്ടവരേ,വരുവിൻ; ലോകസൃഷ്ടിമുതൽ നിങ്ങൾക്കായി ഒരുക്കിയിരിക്കുന്ന രാജ്യം അവകാശമാക്കിക്കൊൾവിൻ. 35എനിക്കു വിശന്നു; നിങ്ങൾ എനിക്ക് ആഹാരം തന്നു; എനിക്കു ദാഹിച്ചു, നിങ്ങൾ എനിക്കു കുടിക്കാൻ തന്നു; ഞാൻ പരദേശി ആയിരുന്നു, നിങ്ങൾ എന്നെ സ്വീകരിച്ചു; 36ഞാൻ നഗ്നനായിരുന്നു, നിങ്ങൾ എന്നെ വസ്ത്രം ധരിപ്പിച്ചു; ഞാൻ രോഗിയായിരുന്നു, നിങ്ങൾ എന്നെ ശുശ്രൂഷിച്ചു; ഞാൻ കാരാഗൃഹത്തിൽ ആയിരുന്നു, നിങ്ങൾ എന്നെ സന്ദർശിച്ചു."

37"അപ്പോൾ നീതിമാന്മാർ അദ്ദേഹത്തോട്: 'കർത്താവേ, അങ്ങയെ വിശപ്പുള്ളവനായി കണ്ടിട്ടു ഞങ്ങൾ അങ്ങേയ്ക്കു ആഹാരം തരികയോ ദാഹിക്കുന്നവനായി കണ്ടിട്ടു കുടിക്കാൻ തരികയോ ചെയ്തത് എപ്പോഴാണ്? 38അങ്ങയെ ഒരു പരദേശിയായി കണ്ടിട്ടു ഞങ്ങൾ സ്വീകരിക്കയോ നഗ്നനായിരിക്കെ വസ്ത്രം ധരിപ്പിക്കുകയോ ചെയ്തത് എപ്പോൾ? 39രോഗിയായോ തടവിലോ കണ്ടിട്ട് എപ്പോഴാണ് ഞങ്ങൾ അങ്ങയെ സന്ദർശിച്ചത്?' എന്നു ചോദിക്കും.

40"അതിനു രാജാവ് ഇങ്ങനെ മറുപടി പറയും, 'എന്റെ ഈ ചെറിയ സഹോദരരിൽ ഒരുത്തനു വേണ്ടി നിങ്ങൾ ചെയ്തതെല്ലാം എനിക്കു വേണ്ടിയാണു ചെയ്തത് എന്നു ഞാൻ സത്യമായി നിങ്ങളോടു പറയുന്നു.'

41"പിന്നെ അദ്ദേഹം തന്റെ ഇടത്തുഭാഗത്തുള്ളവരോടു പറയും: 'ശപിക്കപ്പെട്ടവരേ, എന്നെ വിട്ടു പിശാചിനും അവന്റെ ദൂതന്മാർക്കുംവേണ്ടി ഒരുക്കിയിരിക്കുന്ന നിത്യാഗ്നിയിലേക്കു പോകുവിൻ. 42എനിക്കു വിശന്നു, നിങ്ങൾ ഭക്ഷണം തന്നില്ല; എനിക്കു ദാഹിച്ചു, നിങ്ങൾ കുടിപ്പാൻ തന്നില്ല; 43ഞാൻ പരദേശി ആയിരുന്നു, നിങ്ങൾ എന്നെ സ്വീകരിച്ചില്ല. ഞാൻ നഗ്നനായിരുന്നു, നിങ്ങൾ എന്നെ വസ്ത്രം ധരിപ്പിച്ചില്ല; ഞാൻ രോഗിയും തടവിലുമായിരുന്നു, നിങ്ങൾ എന്നെ ശുശ്രൂഷിച്ചില്ല.'

44"അപ്പോൾ അവർ ചോദിക്കും: 'കർത്താവേ, അങ്ങയെ വിശക്കുന്നവനോ ദാഹിക്കുന്ന വനോ പരദേശിയോ നഗ്നനോ രോഗിയോ തടവിലോ ആയി ഞങ്ങൾ കണ്ടിട്ടു സഹായിക്കാതിരുന്നത് എപ്പോഴാണ്?'

45"അതിന് അദ്ദേഹം: 'ഈ ചെറിയവരിൽ ഒരുത്തനുവേണ്ടി നിങ്ങൾ ചെയ്യാതിരുന്നതെല്ലാം എനിക്കുവേണ്ടിയാണു ചെയ്യാതിരുന്നത് എന്നു ഞാൻ സത്യമായി നിങ്ങളോടു പറയുന്നു' എന്ന് ഉത്തരം പറയും.

46"പിന്നെ അവർ നിത്യശിക്ഷയിലേക്കും നീതിമാന്മാർ നിത്യജീവനിലേക്കും പോകും."

യേശുവിനെതിരെ ഗൂഢാലോചന

26 ഈ വചനങ്ങൾ പറഞ്ഞുതീർന്നശേഷം യേശു ശിഷ്യന്മാരോട്: 2"ഇനി രണ്ടു ദിവസം കഴിഞ്ഞു പെസഹ വരുന്നുവെന്നു നിങ്ങൾ അറിയുന്നുവല്ലോ, അന്നു മനുഷ്യപുത്രൻ ക്രൂശുമരണത്തിന് ഏല്പിക്കപ്പെടും" എന്നു പറഞ്ഞു.

3മുഖ്യപുരോഹിതന്മാരും ജനങ്ങളുടെ മൂപ്പന്മാരും മഹാപുരോഹിതനായ കയ്യഫാവിന്റെ അരമനയിൽ ഒരുമിച്ചുകൂടി. 4യേശുവിനെ കൗശലത്തിൽ പിടികൂടുവാനും കൊല്ലുവാനും അവർ ഗൂഢാലോചന നടത്തി. 5"പെരുനാളിനിടയ്ക്കു പാടില്ല, ജനങ്ങൾക്കിടയിൽ കലാപം ഉണ്ടായേക്കാം" എന്ന് അവർ പറഞ്ഞു.

ബെഥാന്യയിൽ യേശുവിനു തൈലംപൂശുന്നു

6യേശു ബെഥാന്യയിൽ, കുഷ്ഠരോഗിയായ ശിമോന്റെ ഭവനത്തിൽ ഇരിക്കുമ്പോൾ 7ഒരു സ്ത്രീ വളരെ വിലകൂടിയ പരിമളതൈലം നിറച്ച ഒരു വെൺകൽഭരണിയുമായി അദ്ദേഹത്തിന്റെ അടുക്കൽ വന്നു. യേശു ഭക്ഷണത്തിനിരുന്നപ്പോൾ അവൾ അത് അദ്ദേഹത്തിന്റെ ശിരസ്സിൽ ഒഴിച്ചു. 8ഇതു കണ്ടു ശിഷ്യന്മാർ പരിഭവിച്ചു. "എന്തിന് ഈ പാഴ്ച്ചെലവ്? 9ഈ സുഗന്ധദ്രവ്യം വലിയ വിലയ്ക്കു വിറ്റ് ആ പണം ദരിദ്രർക്കു ദാനം ചെയ്യാമായിരുന്നുവല്ലോ" എന്ന് അവർ പറഞ്ഞു.

10യേശു ഇതു മനസ്സിലാക്കി അവരോടു പറഞ്ഞു: "നിങ്ങൾ ഈ സ്ത്രീയെ എന്തിന് അസഹ്യപ്പെടുത്തുന്നു? അവൾ എനിക്ക് ഒരു നല്ലകാര്യം ചെയ്തിരിക്കുന്നു. 11ദരിദ്രർ എപ്പോഴും നിങ്ങളോടുകൂടെ ഉണ്ടല്ലോ; എന്നാൽ ഞാൻ നിങ്ങളോടുകൂടെ എപ്പോഴും ഉണ്ടായിരിക്കുകയില്ല. 12അവൾ ഈ സുഗന്ധതൈലം എന്റെമേൽ ഒഴിച്ചപ്പോൾ, എന്റെ ശവസംസ്കാരത്തിന് എന്നെ ഒരുക്കുന്നതിനായിട്ടാണ് അതു ചെയ്തത്. 13ലോകത്തിൽ ഈ സുവിശേഷം പ്രസംഗിക്കുന്നേടത്തെല്ലാം അവൾ ചെയ്തതും അവളുടെ സ്മരണയ്ക്കായി പ്രസ്താവിക്കപ്പെടും എന്നു സത്യമായി ഞാൻ നിങ്ങളോടു പറയുന്നു"

യേശുവിനെ ഒറ്റിക്കൊടുക്കാമെന്നു യൂദാ സമ്മതിക്കുന്നു

14അനന്തരം പന്ത്രണ്ടുപേരിൽ ഒരുവനായ യൂദാ ഈസ്കര്യോത്താ മുഖ്യപുരോഹിതന്മാരുടെ അടുക്കൽച്ചെന്ന്, 15"ഞാൻ അദ്ദേഹത്തെ നിങ്ങൾക്കു ഏല്പിച്ചുതന്നാൽ നിങ്ങൾ എനിക്ക് എന്തു തരും?" എന്നു ചോദിച്ചു. അവർ അവനു മുപ്പതു വെള്ളിക്കാശ് എണ്ണിക്കൊടുത്തു. 16അദ്ദേഹത്തെ ഒറ്റിക്കൊടുക്കുവാൻ യൂദാ അപ്പോൾ മുതൽ തക്കം നോക്കിക്കൊണ്ടിരുന്നു.

കർത്താവിന്റെ അത്താഴം

17പുളിപ്പില്ലാത്ത അപ്പത്തിന്റെ പെരുന്നാളിന്റെ ഒന്നാംദിവസം ശിഷ്യന്മാർ യേശുവിന്റെ അടുക്കൽ വന്ന്, "ഞങ്ങൾ എവിടെയാണ് അങ്ങേയ്ക്കു പെസഹ ഭക്ഷിക്കാൻ ഒരുക്കേണ്ടത്?" എന്നു ചോദിച്ചു.

18അതിന് അദ്ദേഹം: "നിങ്ങൾ പട്ടണത്തിൽ ഇന്ന ആളിന്റെയടുക്കൽ ചെന്ന് അയാളോട്, 'എന്റെ സമയം അടുത്തിരിക്കുന്നു, ഞാൻ എന്റെ ശിഷ്യന്മാരുമായി താങ്കളുടെ ഭവനത്തിൽ പെസഹ ആചരിക്കാൻ പോകുന്നു' എന്നു പറയുവിൻ '' എന്നു പറഞ്ഞു. 19യേശു തങ്ങളോടു പറഞ്ഞതുപോലെ ശിഷ്യന്മാർ പെസഹ തയ്യാറാക്കി.

20സന്ധ്യയായപ്പോൾ യേശു പന്ത്രണ്ടു പേരോടൊപ്പം ഭക്ഷണത്തിന് ഇരുന്നു. 21അവർ ഭക്ഷിച്ചുകൊണ്ടിരിക്കുമ്പോൾ യേശു പറഞ്ഞു: "നിങ്ങളിൽ ഒരുവൻ എന്നെ ഒറ്റിക്കൊടുക്കു

മെന്നു ഞാൻ സത്യമായി നിങ്ങളോടു പറയുന്നു.”
22അവർ വളരെ ദുഃഖിതരായി. “കർത്താവേ,
അതു ഞാനോ?” എന്നു ഓരോരുത്തനും അദ്ദേ
ഹത്തോടു ചോദിച്ചു.
23അതിനു യേശു ഇങ്ങനെ മറുപടി പറഞ്ഞു:
“എന്നോടുകൂടെ പാത്രത്തിൽ കൈമുക്കുന്നവൻ
എന്നെ കാണിച്ചു കൊടുക്കും. 24തന്നെക്കുറിച്ച്
എഴുതപ്പെട്ടിരിക്കുന്നതുപോലെ മനുഷ്യപുത്രൻ
പോകുന്നു; എങ്കിലും അവനെ ഒറ്റിക്കൊ
ടുക്കുന്നവന് ഹാ കഷ്ടം! ആ മനുഷ്യൻ ജനിക്കാ
തിരുന്നുവെങ്കിൽ അവന് ഏറെ നന്നായിരുന്നു.
25അദ്ദേഹത്തെ ഒറ്റിക്കൊടുക്കാനിരുന്ന യൂദാ,
“റബ്ബീ, അതു ഞാനോ” എന്നു ചോദിച്ചു.
“ഉവ്വ്, നീ തന്നേ” [a]യേശു ഉത്തരം പറഞ്ഞു.
26അവർ ഭക്ഷണം കഴിച്ചുകൊണ്ടിരിക്കു
മ്പോൾ യേശു അപ്പം എടുത്തു സ്തോത്രം
ചെയ്തു നുറുക്കി, “വാങ്ങി ഭക്ഷിക്കുവിൻ, ഇത്
എന്റെ ശരീരം” എന്നു പറഞ്ഞുകൊണ്ടു
ശിഷ്യന്മാർക്കു കൊടുത്തു.
27പിന്നെ അവിടുന്നു പാനപാത്രം എടുത്തു
സ്തോത്രം ചെയ്ത് അവർക്കു കൊടുത്തു
കൊണ്ടു പറഞ്ഞു: “എല്ലാവരും ഇതിൽനിന്നു
കുടിക്കുവിൻ, 28ഇത് അനേകർക്കുവേണ്ടി
പാപമോചനത്തിനായി ചൊരിയപ്പെടുന്നതും
പുതിയ ഉടമ്പടിയുടേതുമായ എന്റെ രക്തം
ആകുന്നു. 29പിതാവിന്റെ രാജ്യത്തിൽ
നിങ്ങളോടുകൂടെ ഇതു പുതുതായി കുടിക്കുന്ന
ദിവസംവരെ ഞാൻ മുന്തിരിവള്ളിയുടെ
ഫലത്തിൽനിന്ന് ഇനി കുടിക്കയില്ല എന്നു
ഞാൻ പറയുന്നു.”
30അവർ ഒരു സ്തോത്രഗാനം പാടിയശേഷം
ഒലിവുമലയിലേക്കു പോയി.

പത്രൊസ് തള്ളിപ്പറയുമെന്ന്
യേശു മുൻകൂട്ടി പറയുന്നു

31പിന്നെ യേശു അവരോടു പറഞ്ഞു: “ഈ
രാത്രിയിൽത്തന്നെ ഞാൻനിമിത്തം നിങ്ങൾ
എല്ലാവരും ഇടറിപ്പോകും.
‘ഞാൻ ഇടയനെ വെട്ടും; ആട്ടിൻകൂട്ടത്തിലെ
ആടുകൾ ചിതറിപ്പോകും.’ [b]
എന്നു എഴുതിയിരിക്കുന്നുവല്ലോ.
32എന്നാൽ ഞാൻ ഉയിർത്തെഴുന്നേറ്റതിനു
ശേഷം നിങ്ങൾക്കു മുമ്പായി ഗലീലയിലേക്കു
പോകും”.
33അതിനു പത്രൊസ്, “അങ്ങു നിമിത്തം
സകലരും ഇടറിപ്പോയാലും ഞാൻ ഒരിക്കലും
ഇടറുകയില്ല” എന്നുത്തരം പറഞ്ഞു.
34അതിനു യേശു മറുപടി പറഞ്ഞു: “ഈ രാത്രി
യിൽ കോഴി കൂകുന്നതിനു മുമ്പേ, നീ എന്നെ
മൂന്നു പ്രാവശ്യം തള്ളിപ്പറയും എന്നു ഞാൻ
സത്യമായി നിന്നോടു പറയുന്നു.”
35എന്നാൽ പത്രൊസ്: “അങ്ങയോടൊപ്പം
മരിക്കേണ്ടിവന്നാലും ഞാൻ ഒരു കാലത്തും
അങ്ങയെ തള്ളിപ്പറയുകയില്ല” എന്നു പറഞ്ഞു.
മറ്റു ശിഷ്യന്മാരും അങ്ങനെതന്നേ പറഞ്ഞു.

ഗെത്ത്ശെമന

36യേശു ശിഷ്യന്മാരോടുകൂടെ ഗെത്ത്ശെമന
എന്ന സ്ഥലത്തേക്കു പോയി. അദ്ദേഹം
അവരോട്, “ഞാൻ അവിടെ ചെന്നു പ്രാർത്ഥി
ക്കുന്നതുവരെ നിങ്ങൾ ഇവിടെ ഇരിക്കുവിൻ”
എന്നു പറഞ്ഞു. 37പിന്നെ അവിടുന്ന്
പത്രൊസിനെയും സെബെദിപുത്രന്മാർ
ഇരുവരെയും തന്നോടുകൂടെ കൊണ്ടുപോയി;
അവിടുന്ന് ദുഃഖിക്കുവാനും വ്യാകുലപ്പെടുവാ
നും തുടങ്ങി. 38അനന്തരം അദ്ദേഹം അവരോട്:
“എന്റെ ഉള്ളം മരണവേദനപോലെ അതിദുഃഖി
തമായിരിക്കുന്നു. നിങ്ങൾ ഇവിടെ എന്നോടൊപ്പം
ഉണർന്നിരിക്കുക” എന്നു പറഞ്ഞു.
39അല്പദൂരം മുമ്പോട്ടുചെന്നു കമിഴ്ന്നു വീണ്
അദ്ദേഹം, “എന്റെ പിതാവേ, കഴിയുമെങ്കിൽ
ഈ പാനപാത്രം എന്നിൽ നിന്നു നീക്കേണമേ;
എങ്കിലും ഞാൻ ഇച്ഛിക്കുന്നതുപോലെയല്ല,
അങ്ങ് ഇച്ഛിക്കുന്നതുപോലെ ആകട്ടെ”
എന്നു പ്രാർത്ഥിച്ചു.
40പിന്നെ അദ്ദേഹം ശിഷ്യന്മാരുടെ അടുക്കൽ
വന്ന് അവർ ഉറങ്ങുന്നതായി കണ്ടു. “എന്നോടു
കൂടെ ഒരു മണിക്കൂർ ഉണർന്നിരിക്കാൻ
നിങ്ങൾക്കു കഴിഞ്ഞില്ലേ?” അദ്ദേഹം പത്രൊ
സിനോടു ചോദിച്ചു. 41“പരീക്ഷയിൽ അകപ്പെടാ
തിരിപ്പാൻ ഉണർന്നിരുന്നു പ്രാർത്ഥിപ്പിൻ.
ആത്മാവു സന്നദ്ധം; ശരീരമോ ദുർബ്ബലം.”
42അദ്ദേഹം രണ്ടാമതും പോയി പ്രാർത്ഥിച്ചു:
“എന്റെ പിതാവേ, ഞാൻ കുടിക്കാതെ ഈ
പാനപാത്രം നീങ്ങിപ്പോവുക സാധ്യമല്ലെങ്കിൽ
അവിടുത്തെ ഇഷ്ടം നടക്കട്ടെ.”
43അദ്ദേഹം തിരിച്ചെത്തിയപ്പോൾ നിദ്രാഭാരം
കൊണ്ട് അവർ പിന്നെയും ഉറങ്ങുന്നതു കണ്ടു;
44അദ്ദേഹം വീണ്ടും അവരെ വിട്ടുപോയി
മൂന്നാമതും അതേകാര്യം പറഞ്ഞു പ്രാർത്ഥിച്ചു.
45അനന്തരം ശിഷ്യന്മാരുടെ അടുക്കൽ
മടങ്ങിവന്ന് അവരോട്: “ഇപ്പോഴും നിങ്ങൾ
ഉറങ്ങി വിശ്രമിക്കുന്നുവോ? ഇതാ, സമയമാ
യിരിക്കുന്നു. മനുഷ്യപുത്രൻ പാപികളുടെ
കൈയിൽ ഏല്പിക്കപ്പെടുവാൻ പോകുന്നു.
46എഴുന്നേല്പിൻ, നമുക്കു പോകാം. എന്നെ
ഒറ്റിക്കൊടുക്കുന്നവൻ ഇതാ വരുന്നു!” എന്നു
പറഞ്ഞു.

[a] 25 അഥവാ, *നീ തന്നെ അതു പറഞ്ഞിരിക്കുന്നു.* [b] 31 സെഖര്യാവ് 13:7

യേശു ബന്ധനസ്ഥനാകുന്നു

47അദ്ദേഹം സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ തന്നെ, പന്ത്രണ്ടുപേരിൽ ഒരുവനായ യൂദാ അവിടെ എത്തി. മുഖ്യപുരോഹിതന്മാരും ജനത്തിന്റെ മൂപ്പന്മാരും അയച്ച ഒരു വലിയ ജനക്കൂട്ടം വാളും വടികളുമേന്തി അവനോടൊപ്പം ഉണ്ടായിരുന്നു. 48ഒറ്റിക്കൊടുക്കുന്നവൻ അവർക്ക് ഒരടയാളം നൽകിയിരുന്നു: "ഞാൻ ആരെ ചുംബിക്കുമോ അയാളാണ് ആ മനുഷ്യൻ; അയാളെ പിടിച്ചു ബന്ധിച്ചു കൊള്ളണം." 49യൂദാ പെട്ടെന്ന് യേശുവിന്റെ അടുത്തേക്കു ചെന്ന്, "റബ്ബീ, വന്ദനം" എന്നു പറഞ്ഞ് അദ്ദേഹത്തെ ചുംബിച്ചു.

50"സ്നേഹിതാ, നീ വന്നതെന്തിന്? " യേശു ചോദിച്ചു.

ഉടനെ ആളുകൾ മുമ്പോട്ടുചെന്നു യേശുവിനെ പിടിച്ചു ബന്ധിച്ചു. 51അപ്പോൾ യേശുവിനോടുകൂടെ ഉണ്ടായിരുന്നവരിൽ ഒരാൾ വാളൂരി മഹാപുരോഹിതന്റെ ഭൃത്യനെ വെട്ടി അയാളുടെ കാതു ഛേദിച്ചുകളഞ്ഞു.

52"നിന്റെ വാൾ ഉറയിലിടുക" യേശു അയാളോടു പറഞ്ഞു. "വാൾ ഊരുന്നവരെല്ലാം വാളാൽ മരിക്കും. 53ഞാൻ എന്റെ പിതാവിനോടപേക്ഷിച്ചാൽ അവിടുന്നു പന്ത്രണ്ടു ലെഗ്യോനിലധികം ദൂതന്മാരെ എനിക്കുവേണ്ടി അയയ്ക്കുകയില്ലെന്നു നീ വിചാരിക്കുന്നുവോ? 54അപ്പോൾ പിന്നെ ഈ വിധത്തിൽ സംഭവിക്കണമെന്നുള്ള തിരുവെഴുത്ത് എങ്ങനെ നിറവേറും?"

55ആ സമയത്ത് യേശു ജനക്കൂട്ടത്തോട് ഇങ്ങനെ പറഞ്ഞു: "നിങ്ങൾ എന്നെ പിടികൂടാൻ വാളുകളും വടികളുമായി വരുവാൻ ഞാൻ ഒരു കൊള്ളക്കാരനോ? ഞാൻ എല്ലാ ദിവസവും ഉപദേശിച്ചുകൊണ്ടു ദൈവാലയത്തിൽ ഇരുന്നിട്ടും നിങ്ങൾ എന്നെ പിടിച്ചില്ല. 56എന്നാൽ പ്രവാചകന്മാരുടെ എഴുത്തുകൾ നിറവേറുന്നതിന് ഇതെല്ലാം സംഭവിച്ചിരിക്കുന്നു." അപ്പോൾ ശിഷ്യന്മാർ എല്ലാവരും അദ്ദേഹത്തെ വിട്ട് ഓടിപ്പോയി.

ന്യായാധിപസംഘത്തിനു മുമ്പിൽ

57യേശുവിനെ ബന്ധിച്ചവർ അദ്ദേഹത്തെ മഹാപുരോഹിതനായ കയ്യഫാവിന്റെ അടുത്തേക്കു കൊണ്ടുപോയി. അവിടെ വേദജ്ഞരും മൂപ്പന്മാരും ഒന്നിച്ചുകൂടിയിരുന്നു. 58എന്നാൽ പത്രോസ് മഹാപുരോഹിതന്റെ നടുമുറ്റംവരെ അല്പം അകലെയായി അദ്ദേഹത്തെ അനുഗമിച്ചു. എന്തു സംഭവിക്കുമെന്നറിയുവാൻ അയാൾ അകത്തുകടന്നു കാവല്ക്കാരോടൊപ്പം ഇരുന്നു.

59മുഖ്യപുരോഹിതന്മാരും ന്യായാധിപസംഘം മുഴുവനും യേശുവിനെ വധിക്കുന്നതിന് അദ്ദേഹത്തിനെതിരായി കള്ളസ്സാക്ഷ്യങ്ങൾ അന്വേഷിച്ചു. 60എന്നാൽ കള്ളസ്സാക്ഷികൾ പലരും മുമ്പോട്ടു വന്നെങ്കിലും അവർ ഒന്നും കണ്ടെത്തിയില്ല. ഒടുവിൽ രണ്ടുപേർ മുന്നോട്ടു വന്ന്:

61" 'ദൈവാലയം നശിപ്പിച്ചു മൂന്നു ദിവസത്തിനകം അതു വീണ്ടും പണിയുവാൻ എനിക്കു സാധിക്കും' എന്ന് ഈ മനുഷ്യൻ പറഞ്ഞു" എന്നു ബോധിപ്പിച്ചു.

62അപ്പോൾ മഹാപുരോഹിതൻ എഴുന്നേറ്റ്: "നിനക്കു മറുപടിയൊന്നും ഇല്ലേ? അവർ നിനക്കെതിരായി പറയുന്ന ഈ സാക്ഷ്യം എന്ത്?" എന്നുചോദിച്ചു.

63യേശുവോ നിശ്ശബ്ദനായിരുന്നു.

മഹാപുരോഹിതൻ അദ്ദേഹത്തോടു പറഞ്ഞു: "ഞാൻ ജീവനുള്ള ദൈവത്തിന്റെ നാമത്തിൽ സത്യം ചെയ്തു നിന്നോടു ചോദിക്കുന്നു: നീ ദൈവപുത്രനായ ക്രിസ്തുവെങ്കിൽ ഞങ്ങളോടു പറയുക."

64"അങ്ങനെ താങ്കൾ പറയുന്നു" യേശു മറുപടി പറഞ്ഞു. "എന്നാൽ ഇനിമേൽ മനുഷ്യപുത്രൻ സർവ്വശക്തന്റെ വലത്തു ഭാഗത്ത് ഇരിക്കുന്നതും ആകാശമേഘങ്ങളിൽ വരുന്നതും നിങ്ങൾ കാണും എന്നു ഞാൻ നിങ്ങളോടെല്ലാവരോടും പറയുന്നു."

65ഉടനേ മഹാപുരോഹിതൻ വസ്ത്രം കീറി, "ഇയാൾ ദൈവദൂഷണം പറഞ്ഞിരിക്കുന്നു. ഇനി മറ്റു സാക്ഷികൾ നമുക്കെന്തിന്? ഇതാ, ഇപ്പോൾതന്നെ നിങ്ങൾ ദൈവദൂഷണം കേട്ടുവല്ലോ; 66നിങ്ങൾക്കെന്തു തോന്നുന്നു?" എന്നു ചോദിച്ചു. "അയാൾ മരണയോഗ്യൻ" എന്ന് അവർ മറുപടി പറഞ്ഞു.

67അപ്പോൾ അവർ അദ്ദേഹത്തിന്റെ മുഖത്തു തുപ്പി, മുഷ്ടി ചുരുട്ടി ഇടിച്ചു. 68ചിലർ അദ്ദേഹത്തിന്റെ മുഖത്ത് അടിച്ചുകൊണ്ട്, "ഹേ ക്രിസ്തുവേ, ആരാണു നിന്നെ അടിച്ചതെന്നു ഞങ്ങളോടു പ്രവചിക്കുക" എന്നു പറഞ്ഞു.

പത്രോസ് യേശുവിനെ തള്ളിപ്പറയുന്നു

69പത്രോസ് നടുമുറ്റത്ത് ഇരിക്കുകയായിരുന്നു. ഒരു പരിചാരിക അയാളുടെ അടുക്കൽ വന്നു പറഞ്ഞു: "താങ്കളും ഗലീലക്കാരനായ യേശുവിന്റെകൂടെ ഉണ്ടായിരുന്നല്ലോ."

70എന്നാൽ അയാൾ അവരുടെയെല്ലാവരുടെയും മുമ്പിൽവച്ച് അതു നിഷേധിച്ചു. " നീ എന്താണ് പറയുന്നതെന്ന് എനിക്ക് അറിഞ്ഞുകൂടാ" അയാൾ പറഞ്ഞു.

71പിന്നെ അയാൾ പടിപ്പുരയിലേക്കു പോയി. അവിടെവച്ചു മറ്റൊരു പെൺകുട്ടി അയാളെ

കണ്ടിട്ട് അവിടെയുണ്ടായിരുന്നവരോട്: "ഈ മനുഷ്യൻ നസറായനായ യേശുവിനോടുകൂടെ ഉണ്ടായിരുന്നു" എന്നു പറഞ്ഞു.
72"ഞാൻ ആ മനുഷ്യനെ അറിയുന്നില്ല" അയാൾ ആണയിട്ടുകൊണ്ടു പിന്നെയും നിഷേധിച്ചു.
73അല്പസമയം കഴിഞ്ഞ്, അവിടെ നിന്നിരുന്നവർ പത്രൊസിന്റെ അടുത്തെത്തി, "നിങ്ങളും തീർച്ചയായും അവരിൽ ഒരുവനാണ്, നിങ്ങളുടെ സംസാരരീതി അതു വെളിപ്പെടുത്തുന്നുവല്ലോ" എന്നു പറഞ്ഞു.
74ഞാൻ ആ മനുഷ്യനെ അറിയുകയേ ഇല്ല." എന്നു അവരോട് പറഞ്ഞുകൊണ്ട് അയാൾ ആണയിടുവാനും സ്വയംശപിക്കുവാനും തുടങ്ങി.
ഉടനേ കോഴി കൂവി. 75അപ്പോൾ, "കോഴി കൂവുന്നതിനുമുമ്പ് മൂന്നുതവണ നീ എന്നെ തള്ളിപ്പറയും എന്ന് യേശു പറഞ്ഞിരുന്ന വാക്ക് പത്രൊസ് ഓർത്തു. അയാൾ പുറത്തേക്കു പോയി തീവ്രദുഃഖത്തോടെ കരഞ്ഞു.

യൂദായുടെ അന്ത്യം

27 അതിരാവിലെ മുഖ്യപുരോഹിതന്മാരെല്ലാവരും ജനങ്ങളുടെ മൂപ്പന്മാരും യേശുവിനെ മരണശിക്ഷയ്ക്ക് ഏല്പിക്കണം എന്ന തീരുമാനത്തിൽ എത്തി. 2അവർ അദ്ദേഹത്തെ ബന്ധിച്ചു കൊണ്ടുപോയി നാടുവാഴിയായ പീലാത്തോസിനെ ഏല്പിച്ചു.
3യേശു മരണശിക്ഷയ്ക്കു വിധിക്കപ്പെട്ടു എന്നറിഞ്ഞപ്പോൾ, അദ്ദേഹത്തെ ഒറ്റിക്കൊടുത്ത യൂദാ അനുതപിച്ചു; ആ മുപ്പതു വെള്ളിക്കാശ് മുഖ്യപുരോഹിതന്മാരുടെ അടുക്കൽ മടക്കിക്കൊണ്ടുവന്നു. 4"ഞാൻ പാപം ചെയ്തിരിക്കുന്നു; നിഷ്കളങ്കരക്തത്തെ ഞാൻ ഒറ്റിക്കൊടുത്തല്ലോ" എന്ന് അയാൾ പറഞ്ഞു. "അതിനു ഞങ്ങൾക്കെന്ത്? അതു നിന്റെ കാര്യം" എന്ന് അവർ മറുപടി പറഞ്ഞു.
5യൂദാ പണം ദൈവാലയത്തിലേക്കു വലിച്ചെറിഞ്ഞശേഷം പോയി തൂങ്ങിമരിച്ചു.
6മുഖ്യപുരോഹിതന്മാർ ആ നാണയങ്ങൾ പെറുക്കിയെടുത്തിട്ട്, "ഇതു രക്തത്തിന്റെ വിലയാകയാൽ ഭണ്ഡാരത്തിൽ നിക്ഷേപിക്കുന്നതു നിയമവിരുദ്ധം" എന്നു പറഞ്ഞു. 7അവർ കൂടിയാലോചിച്ച്, ആ പണംകൊണ്ട് പരദേശികൾക്ക് ഒരു ശ്മശാനമായി കുശവന്റെ നിലം വാങ്ങാൻ നിശ്ചയിച്ചു. 8അതുകൊണ്ട് ആ സ്ഥലം ഇന്നും 'രക്തനിലം' എന്ന പേരിൽ അറിയപ്പെടുന്നു. 9"യിസ്രായേൽ ജനം അവനു നിശ്ചയിച്ച വിലയായ മുപ്പതു വെള്ളിക്കാശ് അവർ എടുത്തു. 10കർത്താവ് എന്നോട് കല്പിച്ചതുപോലെ കുശവന്റെ നിലം വാങ്ങാൻ ഉപയോഗിച്ചു."[a] എന്നു യിരെമ്യാ പ്രവാചകൻ പ്രസ്താവിച്ചത് ഇങ്ങനെ നിറവേറി.

യേശു പീലാത്തോസിന്റെ മുമ്പിൽ

11യേശു ദേശാധിപതിയുടെ മുമ്പാകെ നിന്നു; അധിപതി അദ്ദേഹത്തോട്: "നീ യഹൂദരുടെ രാജാവാണോ?" എന്നു ചോദിച്ചു.
"താങ്കൾ പറയുന്നതു ശരിതന്നെ" യേശു മറുപടി പറഞ്ഞു.
12മുഖ്യപുരോഹിതന്മാരും യഹൂദ പ്രമാണികളും അദ്ദേഹത്തിന്റെമേൽ കുറ്റാരോപണം നടത്തിയപ്പോൾ അദ്ദേഹം മറുപടിയൊന്നും പറഞ്ഞില്ല. 13അപ്പോൾ പീലാത്തോസ് അദ്ദേഹത്തോട്: "താങ്കൾക്കെതിരായി എത്ര യേറെ കുറ്റങ്ങളാണ് അവർ ആരോപിക്കുന്നതെന്നു കേൾക്കുന്നില്ലേ?" എന്നു ചോദിച്ചു.
14എന്നാൽ യേശു അവയിൽ ഒന്നിനുപോലും മറുപടി പറഞ്ഞില്ല. അതിൽ ദേശാധിപതി വളരെ ആശ്ചര്യപ്പെട്ടു.
15ജനക്കൂട്ടം തിരഞ്ഞെടുക്കുന്ന ഒരു തടവുകാരനെ ഉത്സവസമയത്തു വിട്ടയയ്ക്കുക എന്നതു ദേശാധിപതിയുടെ ഒരു പതിവായിരുന്നു. 16ആ കാലത്ത് അവർക്കു ബറബ്ബാസ് എന്നു പേരുള്ള കുപ്രസിദ്ധനായ ഒരു തടവുകാരൻ ഉണ്ടായിരുന്നു. 17അതിനാൽ ജനങ്ങൾ ഒരുമിച്ചുകൂടിയപ്പോൾ പീലാത്തോസ് അവരോട്: "ബറബ്ബാസിനെയോ ക്രിസ്തുവെന്നു വിളിക്കപ്പെടുന്ന യേശുവിനെയോ- ഇവരിൽ ആരെയാണു ഞാൻ നിങ്ങൾക്കു വിട്ടുതരേണ്ടത്?" എന്നു ചോദിച്ചു. 18അവർ അസൂയനിമിത്തമാണ് യേശുവിനെ തന്റെ പക്കൽ ഏല്പിച്ചതെന്ന് അദ്ദേഹം മനസ്സിലാക്കിയിരുന്നു.
19പീലാത്തോസ് ന്യായാസനത്തിൽ ഇരിക്കുമ്പോൾ അദ്ദേഹത്തിന്റെ ഭാര്യ ഒരു സന്ദേശം അദ്ദേഹത്തിനു കൊടുത്തയച്ചു: "നിർദ്ദോഷിയായ ആ മനുഷ്യന്റെ കാര്യത്തിൽ ഇടപെടരുത്. ഇന്ന് അദ്ദേഹം നിമിത്തം ഞാൻ സ്വപ്നത്തിൽ വളരെ അസ്വസ്ഥയായി".
20ബറബ്ബാസിനെ മോചിപ്പിക്കുവാനും യേശുവിനെ മരണത്തിന് ഏല്പിക്കുവാനും അപേക്ഷിക്കുന്നതിനു മുഖ്യപുരോഹിതന്മാരും യഹൂദപ്രമാണികളും ജനക്കൂട്ടത്തെ പ്രേരിപ്പിച്ചു.
21"ഈ രണ്ടുപേരിൽ ആരെ വിട്ടുതരണമെന്നാണു നിങ്ങൾ ആവശ്യപ്പെടുന്നത്?" ദേശാധിപതി ചോദിച്ചു. "ബറബ്ബാസിനെ" അവർ മറുപടി പറഞ്ഞു.
22"അപ്പോൾ ക്രിസ്തുവെന്നു വിളിക്കപ്പെടുന്ന യേശുവിനെ ഞാൻ എന്തു ചെയ്യണം?" പീലാത്തോസ് ചോദിച്ചു. "അവനെ ക്രൂശിക്കുക" അവർ എല്ലാവരും ചേർന്ന് ഉത്തരം പറഞ്ഞു.

[a] 10 സെഖര്യാവ് 11:12, 13; യിരെമ്യാവ് 19: 1-13; 32: 6-9 എന്നീ ഭാഗങ്ങൾ കാണുക

23"എന്തിന്? അയാൾ എന്തു കുറ്റമാണു
ചെയ്തത്?" പീലാത്തോസ് ചോദിച്ചു. എന്നാൽ
അവർ അത്യുച്ചത്തിൽ "അവനെ ക്രൂശിക്കുക"
എന്ന് ആർത്തുവിളിച്ചു.
24തനിക്ക് ഒന്നും സാധിക്കുന്നില്ല, ആരവം
പെരുകുന്നതേയുള്ളൂ എന്നു കണ്ടിട്ടു പീലാ
ത്തോസ് വെള്ളം എടുത്തു ജനക്കൂട്ടത്തിന്റെ
മുമ്പാകെ കൈ കഴുകി. "ഈ മനുഷ്യന്റെ രക്തം
സംബന്ധിച്ചു ഞാൻ നിർദ്ദോഷിയാണ്. ഇതിനു
നിങ്ങൾതന്നേ ഉത്തരവാദികൾ" എന്നു പറഞ്ഞു.
25"അവന്റെ രക്തം ഞങ്ങളുടെമേലും
ഞങ്ങളുടെ മക്കളുടെമേലും വരട്ടെ" അവർ
എല്ലാവരും കൂടി ഉത്തരം പറഞ്ഞു.
26അപ്പോൾ അയാൾ ബറബ്ബാസിനെ അവർക്കു
വിട്ടുകൊടുത്തു; യേശുവിനെയോ ചാട്ടകൊണ്ട്
അടിപ്പിച്ചതിനുശേഷം ക്രൂശിക്കാൻ ഏല്പിച്ചു.

പടയാളികൾ യേശുവിനെ പരിഹസിക്കുന്നു

27അനന്തരം ദേശാധിപതിയുടെ പടയാളികൾ
യേശുവിനെ ആസ്ഥാനത്തേക്ക് കൊണ്ടു
പോയി; സൈന്യത്തെ മുഴുവൻ അദ്ദേഹത്തി
നുചുറ്റും കൂട്ടിവരുത്തി. 28അവർ അദ്ദേഹ
ത്തിന്റെ വസ്ത്രം മാറ്റിയശേഷം ഒരു ചുവന്ന
മേലങ്കി ധരിപ്പിച്ചു. 29മുള്ളുകൾകൊണ്ട് ഒരു
കിരീടം മെടഞ്ഞ് അദ്ദേഹത്തിന്റെ ശിരസ്സിൽ
വച്ചു. അദ്ദേഹത്തിന്റെ വലത്തു കൈയിൽ
ഒരു വടി പിടിപ്പിച്ചിട്ടു മുന്നിൽ മുട്ടുകുത്തി
അദ്ദേഹത്തെ പരിഹസിച്ചു. "യഹൂദരുടെ
രാജാവേ, ജയ ജയ!" അവർ പറഞ്ഞു. 30അവർ
അദ്ദേഹത്തിന്റെമേൽ തുപ്പുകയും വടികൊണ്ടു
തലയിൽ വീണ്ടും വീണ്ടും അടിക്കുകയും
ചെയ്തു. 31ഇങ്ങനെ പരിഹസിച്ചതിനുശേഷം
കുപ്പായം മാറ്റി അദ്ദേഹത്തെ സ്വന്തവസ്ത്രം
ധരിപ്പിച്ചു. പിന്നെ അവർ അദ്ദേഹത്തെ
ക്രൂശിക്കാൻ കൊണ്ടുപോയി.

ക്രൂശീകരണം

32അവർ പോകുമ്പോൾ കുറേനയിൽ നിന്നു
വന്ന ശിമോൻ എന്നു പേരുള്ള ഒരാളെ കണ്ടു.
ക്രൂശു ചുമക്കാൻ അവർ അയാളെ നിർബ്ബന്ധിച്ചു.
33തലയോടിന്റെ സ്ഥലം എന്നർത്ഥമുള്ള
ഗൊല്ഗോഥയിൽ അവർ എത്തി. 34അവിടെവച്ച്
അവർ അദ്ദേഹത്തിനു കയ്പുചേർത്ത വീഞ്ഞു
കുടിക്കാൻ കൊടുത്തു. എന്നാൽ രുചിച്ചു
നോക്കിയതിനുശേഷം അദ്ദേഹം അതു
കുടിക്കാൻ വിസമ്മതിച്ചു. 35അദ്ദേഹത്തെ
ക്രൂശിച്ചതിനുശേഷം അവർ ചീട്ടിട്ട്
അദ്ദേഹത്തിന്റെ വസ്ത്രം വീതിച്ചെടുത്തു.
'എന്റെ വസ്ത്രങ്ങൾ അവർ വീതിച്ചെടുക്കു
കയും എന്റെ അങ്കിക്കായി നറുക്കിടുകയും
ചെയ്തു'[a]എന്നു പ്രവാചകൻ പറഞ്ഞ വാക്കു
നിറവേറുവാൻ ഇതു സംഭവിച്ചു. 36അവിടെ
അവർ അദ്ദേഹത്തിനു കാവലിരുന്നു. 37"ഇവൻ
യഹൂദരുടെ രാജാവായ യേശു" എന്ന് എഴുതിയ
കുറ്റകാരണം അവർ അദ്ദേഹത്തിന്റെ
തലയ്ക്കുമീതെ വച്ചു. 38അദ്ദേഹത്തോടൊപ്പം
രണ്ടു കൊള്ളക്കാരെ, ഒരുത്തനെ വലത്തും
മറ്റവനെ ഇടത്തുമായി, ക്രൂശിച്ചു. 39ആ വഴി
കടന്നുപോയവർ തല കുലുക്കി, അദ്ദേഹത്തെ
അധിക്ഷേപിച്ചുകൊണ്ട്, 40"ദൈവാലയം
പൊളിച്ച് മൂന്നുദിവസംകൊണ്ടു പണിയു
ന്നവനേ, നിന്നെത്തന്നേ രക്ഷിക്കുക! നീ
ദൈവപുത്രനാണെങ്കിൽ ക്രൂശിൽനിന്ന് ഇറങ്ങി
വരിക!"എന്നു പറഞ്ഞു.
41മുഖ്യപുരോഹിതന്മാരും വേദജ്ഞരും
യഹൂദപ്രമാണികളും ഇതേ വിധത്തിൽ
അദ്ദേഹത്തെ പരിഹസിച്ചു. 42അവർ പറഞ്ഞു:
"ഇവൻ മറ്റുള്ളവരെ രക്ഷിച്ചു; തന്നെത്താൻ
രക്ഷിക്കാനോ കഴിവില്ല! ഇവനാണത്രേ
യിസ്രായേലിന്റെ രാജാവ്! ഇവൻ ഇപ്പോൾ
ക്രൂശിൽനിന്ന് ഇറങ്ങിവരട്ടെ, എന്നാൽ ഞങ്ങൾ
ഇവനിൽ വിശ്വസിക്കാം. 43ഇവൻ ദൈവത്തിൽ
ശരണപ്പെടുന്നു. ദൈവത്തിന് ഇവനിൽ പ്രസാദ
മുണ്ടെങ്കിൽ, ഇപ്പോൾ ഇവനെ വിടുവിക്കട്ടെ;
'ഞാൻ ദൈവപുത്രൻ ആകുന്നു'എന്ന് ഇവൻ
പറഞ്ഞുവല്ലോ". 44അദ്ദേഹത്തോടുകൂടെ
ക്രൂശിക്കപ്പെട്ട കൊള്ളക്കാരും അതുപോലെത
ന്നേ അദ്ദേഹത്തെ ആക്ഷേപിച്ചു.

യേശുവിന്റെ മരണം

45ആറാംമണിക്കൂർ മുതൽ ഒമ്പതാംമണിക്കൂർ
വരെ ദേശത്തെല്ലായിടത്തും ഇരുട്ടു വ്യാപിച്ചു.
46ഏകദേശം ഒമ്പതാംമണിക്കൂറിൽ യേശു,
"ഏലീ, ഏലീ, ലമ്മാ ശബക്ത്താനി" എന്ന്
അത്യുച്ചത്തിൽ നിലവിളിച്ചു. അതിന് "എന്റെ
ദൈവമേ, എന്റെ ദൈവമേ, അവിടുന്ന് എന്നെ
കൈവിട്ടത് എന്ത്?"[b]എന്നർത്ഥം.
47അവിടെ നിന്നിരുന്നവരിൽ ചിലർ ഇതു
കേട്ടിട്ട്, "അവൻ ഏലിയാവിനെ വിളിക്കുന്നു"
എന്നു പറഞ്ഞു.
48ഉടൻതന്നേ അവരിൽ ഒരാൾ ഓടിച്ചെന്ന് ഒരു
സ്പോഞ്ച് എടുത്തു. അവൻ അതിൽ
വീഞ്ഞുകൊണ്ടുള്ള വിന്നാഗിരി നിറച്ച് ഒരു
കോലിന്മേൽ വച്ച് യേശുവിനു കുടിക്കാൻ
കൊടുത്തു. 49എന്നാൽ മറ്റുള്ളവർ, "വരട്ടെ,
ഏലിയാവ് അവനെ രക്ഷിക്കാൻ വരുമോ എന്നു
നോക്കാം." എന്നു പറഞ്ഞു.
50യേശു വീണ്ടും അത്യുച്ചത്തിൽ നിലവിളിച്ചു
പ്രാണനെ വിട്ടു.
51തൽക്ഷണം ദൈവാലയത്തിലെ തിരശ്ശീല

a 35 സങ്കീർത്തനം 22:18 *b* 46 സങ്കീർത്തനം 22: 1

23"എന്തിന്? അയാൾ എന്തു കുറ്റമാണു
ചെയ്തത്?" പീലാത്തോസ് ചോദിച്ചു. എന്നാൽ
അവർ അത്യുച്ചത്തിൽ "അവനെ ക്രൂശിക്കുക"
എന്ന് ആർത്തുവിളിച്ചു.
24തനിക്ക് ഒന്നും സാധിക്കുന്നില്ല, ആരവം
പെരുകുന്നതേയുള്ളൂ എന്നു കണ്ടിട്ടു പീലാ
ത്തോസ് വെള്ളം എടുത്തു ജനക്കൂട്ടത്തിന്റെ
മുമ്പാകെ കൈ കഴുകി. "ഈ മനുഷ്യന്റെ രക്തം
സംബന്ധിച്ചു ഞാൻ നിർദ്ദോഷിയാണ്. ഇതിനു
നിങ്ങൾ തന്നേ ഉത്തരവാദികൾ" എന്നു പറഞ്ഞു.
25"അവന്റെ രക്തം ഞങ്ങളുടെമേലും
ഞങ്ങളുടെ മക്കളുടെമേലും വരട്ടെ" അവർ
എല്ലാവരും കൂടി ഉത്തരം പറഞ്ഞു.
26അപ്പോൾ അയാൾ ബറബ്ബാസിനെ അവർക്കു
വിട്ടുകൊടുത്തു; യേശുവിനെയോ ചാട്ടകൊണ്ട്
അടിപ്പിച്ചതിനുശേഷം ക്രൂശിക്കാൻ ഏല്പിച്ചു.

പടയാളികൾ യേശുവിനെ പരിഹസിക്കുന്നു

27അനന്തരം ദേശാധിപതിയുടെ പടയാളികൾ
യേശുവിനെ ആസ്ഥാനത്തേക്ക് കൊണ്ടു
പോയി; സൈന്യത്തെ മുഴുവൻ അദ്ദേഹത്തി
നുചുറ്റും കൂട്ടിവരുത്തി. 28അവർ അദ്ദേഹ
ത്തിന്റെ വസ്ത്രം മാറ്റിയശേഷം ഒരു ചുവന്ന
മേലങ്കി ധരിപ്പിച്ചു. 29മുള്ളുകൾകൊണ്ട് ഒരു
കിരീടം മെടഞ്ഞ് അദ്ദേഹത്തിന്റെ ശിരസ്സിൽ
വച്ചു. അദ്ദേഹത്തിന്റെ വലത്തു കൈയിൽ
ഒരു വടി പിടിപ്പിച്ചിട്ടു മുന്നിൽ മുട്ടുകുത്തി
അദ്ദേഹത്തെ പരിഹസിച്ചു. "യഹൂദരുടെ
രാജാവേ, ജയ ജയ!" അവർ പറഞ്ഞു. 30അവർ
അദ്ദേഹത്തിന്റെമേൽ തുപ്പുകയും വടികൊണ്ടു
തലയിൽ വീണ്ടും വീണ്ടും അടിക്കുകയും
ചെയ്തു. 31ഇങ്ങനെ പരിഹസിച്ചതിനുശേഷം
കുപ്പായം മാറ്റി അദ്ദേഹത്തെ സ്വന്തവസ്ത്രം
ധരിപ്പിച്ചു. പിന്നെ അവർ അദ്ദേഹത്തെ
ക്രൂശിക്കാൻ കൊണ്ടുപോയി.

ക്രൂശീകരണം

32അവർ പോകുമ്പോൾ കുറേനയിൽ നിന്നു
വന്ന ശിമോൻ എന്നു പേരുള്ള ഒരാളെ കണ്ടു.
ക്രൂശു ചുമക്കാൻ അവർ അയാളെ നിർബ്ബന്ധിച്ചു.
33തലയോടിന്റെ സ്ഥലം എന്നർത്ഥമുള്ള
ഗൊല്ഗോഥയിൽ അവർ എത്തി. 34അവിടെവച്ച്
അവർ അദ്ദേഹത്തിനു കയ്പുചേർത്ത വീഞ്ഞു
കുടിക്കാൻ കൊടുത്തു. എന്നാൽ രുചിച്ചു
നോക്കിയതിനുശേഷം അദ്ദേഹം അതു
കുടിക്കാൻ വിസമ്മതിച്ചു. 35അദ്ദേഹത്തെ
ക്രൂശിച്ചതിനുശേഷം അവർ ചീട്ടിട്ട്
അദ്ദേഹത്തിന്റെ വസ്ത്രം വീതിച്ചെടുത്തു.
'എന്റെ വസ്ത്രങ്ങൾ അവർ വീതിച്ചെടുക്കു
കയും എന്റെ അങ്കിക്കായി നറുക്കിടുകയും
ചെയ്തു'[a]എന്നു പ്രവാചകൻ പറഞ്ഞ വാക്കു
നിറവേറുവാൻ ഇതു സംഭവിച്ചു. 36അവിടെ
അവർ അദ്ദേഹത്തിനു കാവലിരുന്നു. 37"ഇവൻ
യഹൂദരുടെ രാജാവായ യേശു" എന്ന് എഴുതിയ
കുറ്റകാരണം അവർ അദ്ദേഹത്തിന്റെ
തലയ്ക്കുമീതെ വച്ചു. 38അദ്ദേഹത്തോടൊപ്പം
രണ്ടു കൊള്ളക്കാരെ, ഒരുത്തനെ വലത്തും
മറ്റവനെ ഇടത്തുമായി, ക്രൂശിച്ചു. 39ആ വഴി
കടന്നുപോയവർ തല കുലുക്കി, അദ്ദേഹത്തെ
അധിക്ഷേപിച്ചുകൊണ്ട്, 40"ദൈവാലയം
പൊളിച്ച് മൂന്നുദിവസംകൊണ്ടു പണിയു
ന്നവനേ, നിന്നെത്തന്നേ രക്ഷിക്കുക! നീ
ദൈവപുത്രനാണെങ്കിൽ ക്രൂശിൽനിന്ന് ഇറങ്ങി
വരിക!"എന്നു പറഞ്ഞു.
41മുഖ്യപുരോഹിതന്മാരും വേദജ്ഞരും
യഹൂദപ്രമാണികളും ഇതേ വിധത്തിൽ
അദ്ദേഹത്തെ പരിഹസിച്ചു. 42അവർ പറഞ്ഞു:
"ഇവൻ മറ്റുള്ളവരെ രക്ഷിച്ചു; തന്നെത്താൻ
രക്ഷിക്കാനോ കഴിവില്ല! ഇവനാണത്രേ
യിസ്രായേലിന്റെ രാജാവ്! ഇവൻ ഇപ്പോൾ
ക്രൂശിൽനിന്ന് ഇറങ്ങിവരട്ടെ, എന്നാൽ ഞങ്ങൾ
ഇവനിൽ വിശ്വസിക്കാം. 43ഇവൻ ദൈവത്തിൽ
ശരണപ്പെടുന്നു. ദൈവത്തിന് ഇവനിൽ പ്രസാദ
മുണ്ടെങ്കിൽ, ഇപ്പോൾ ഇവനെ വിടുവിക്കട്ടെ;
'ഞാൻ ദൈവപുത്രൻ ആകുന്നു'എന്ന് ഇവൻ
പറഞ്ഞുവല്ലോ". 44അദ്ദേഹത്തോടുകൂടെ
ക്രൂശിക്കപ്പെട്ട കൊള്ളക്കാരും അതുപോലെത
ന്നേ അദ്ദേഹത്തെ ആക്ഷേപിച്ചു.

യേശുവിന്റെ മരണം

45ആറാംമണിക്കൂർ മുതൽ ഒമ്പതാംമണിക്കൂർ
വരെ ദേശത്തെല്ലായിടത്തും ഇരുട്ടു വ്യാപിച്ചു.
46ഏകദേശം ഒമ്പതാംമണിക്കൂറിൽ യേശു,
"ഏലീ, ഏലീ, ലമ്മാ ശബക്ത്താനി" എന്ന്
അത്യുച്ചത്തിൽ നിലവിളിച്ചു. അതിന് "എന്റെ
ദൈവമേ, എന്റെ ദൈവമേ, അവിടുന്ന് എന്നെ
കൈവിട്ടത് എന്ത്?"[b]എന്നർത്ഥം.
47അവിടെ നിന്നിരുന്നവരിൽ ചിലർ ഇതു
കേട്ടിട്ട്, "അവൻ ഏലിയാവിനെ വിളിക്കുന്നു"
എന്നു പറഞ്ഞു.
48ഉടൻതന്നേ അവരിൽ ഒരാൾ ഓടിച്ചെന്ന് ഒരു
സ്പോഞ്ച് എടുത്തു. അവൻ അതിൽ
വീഞ്ഞുകൊണ്ടുള്ള വിന്നാഗിരി നിറച്ച് ഒരു
കോലിന്മേൽ വച്ച് യേശുവിനു കുടിക്കാൻ
കൊടുത്തു. 49എന്നാൽ മറ്റുള്ളവർ, "വരട്ടെ,
ഏലിയാവ് അവനെ രക്ഷിക്കാൻ വരുമോ എന്നു
നോക്കാം." എന്നു പറഞ്ഞു.
50യേശു വീണ്ടും അത്യുച്ചത്തിൽ നിലവിളിച്ചു
പ്രാണനെ വിട്ടു.
51തൽക്ഷണം ദൈവാലയത്തിലെ തിരശ്ശീല

a 35 സങ്കീർത്തനം 22:18 *b* 46 സങ്കീർത്തനം 22: 1

മുകൾതൊട്ട് അടിയോളം രണ്ടായി ചീന്തിപ്പോയി. ഭൂമി കുലുങ്ങി, പാറകൾ പിളർന്നു. 52ശവക്കല്ലറകൾ തുറക്കുകയും മരിച്ചുപോയിരുന്ന അനേകം വിശുദ്ധരുടെ ശരീരങ്ങൾ ജീവൻ പ്രാപിച്ച് എഴുന്നേല്ക്കുകയും ചെയ്തു. 53അവർ കല്ലറകളിൽനിന്നു പുറത്തുവന്ന്, യേശുവിന്റെ പുനരുത്ഥാനത്തിനുശേഷം വിശുദ്ധനഗരത്തിൽ ചെന്ന് ധാരാളംപേർക്കു പ്രത്യക്ഷരായി.

54യേശുവിനു കാവൽനിന്നിരുന്ന ശതാധിപനും അയാളോടുകൂടെ ഉണ്ടായിരുന്നവരും ഭൂകമ്പവും മറ്റു സംഭവങ്ങളും കണ്ടു ഭയപ്പെട്ടു; "അദ്ദേഹം വാസ്തവമായും ദൈവപുത്രൻ ആയിരുന്നു" എന്നു പറഞ്ഞു.

55യേശുവിനെ പരിചരിച്ചുകൊണ്ടു ഗലീലയിൽനിന്ന് അദ്ദേഹത്തെ അനുഗമിച്ചിരുന്ന പല സ്ത്രീകളും അകലെനിന്ന് ഇതെല്ലാം നോക്കിക്കൊണ്ടിരുന്നു. 56അവരുടെ കൂട്ടത്തിൽ മഗ്ദലക്കാരത്തി മറിയ, യാക്കോബിന്റെയും യോസെയുടെയും അമ്മയായ മറിയ, സെബെദിപുത്രന്മാരുടെ അമ്മ എന്നിവർ ഉണ്ടായിരുന്നു.

യേശുവിന്റെ ശവസംസ്കാരം

57സന്ധ്യയായപ്പോൾ, യേശുവിന്റെ ഒരു ശിഷ്യനായിരുന്ന അരിമഥ്യയിലെ യോസേഫ് എന്നൊരു ധനികൻ അവിടെ എത്തി. 58അദ്ദേഹം പീലാത്തോസിനെ സമീപിച്ച് യേശുവിന്റെ ശരീരം ആവശ്യപ്പെട്ടു. അയാൾക്ക് അതു വിട്ടുകൊടുക്കാൻ പീലാത്തോസ് ആജ്ഞ നല്കി. 59യോസേഫ് ശരീരം എടുത്തു നിർമ്മല ശീലയിൽ പൊതിഞ്ഞ്, 60പാറയിൽ വെട്ടിച്ചിരുന്ന തന്റെ പുതിയ കല്ലറയിൽ സംസ്കരിച്ചു. കല്ലറയുടെ വാതില്ക്കൽ വലിയൊരു കല്ല് ഉരുട്ടിവച്ചതിനുശേഷം അദ്ദേഹം പോയി. 61അവിടെ, കല്ലറയ്ക്ക് അഭിമുഖമായി മഗ്ദലക്കാരി മറിയയും മറ്റേ മറിയയും ഇരിക്കുന്നുണ്ടായിരുന്നു.

കല്ലറയ്ക്കു കാവൽ

62ഒരുക്കനാൾ കഴിഞ്ഞുള്ള ദിവസം മുഖ്യപുരോഹിതന്മാരും പരീശന്മാരും കൂടി പീലാത്തോസിന്റെ അടുക്കൽ ചെന്നു. 63അവർ അയാളോടു പറഞ്ഞു: "പ്രഭോ, ആ വഞ്ചകൻ ജീവനോടെ ഇരുന്നപ്പോൾ, 'ഞാൻ മൂന്നു ദിവസത്തിനുശേഷം ഉയിർത്തെഴുന്നേല്ക്കും' എന്നു പറഞ്ഞതു ഞങ്ങൾ ഓർക്കുന്നു. 64അതുകൊണ്ടു മൂന്നാംദിവസംവരെയും കല്ലറ ഭദ്രമാക്കി സൂക്ഷിക്കുവാൻ കല്പന നല്കണം. അല്ലാത്തപക്ഷം അയാളുടെ ശിഷ്യന്മാർ വന്നു ശരീരം മോഷ്ടിക്കുകയും അയാൾ മരിച്ചവരിൽനിന്നു ഉയിർത്തെഴുന്നേറ്റിരിക്കുന്നുവെന്നു ജനങ്ങളോടു പറയുകയും ചെയ്യും. ഈ ഒടുവിലത്തെ ചതിവ് ആദ്യത്തേതിനെക്കാൾ വിഷമകരമായി ത്തീരും."

65അതിനു പീലാത്തോസ്: "ഒരു കാവൽസേന നിങ്ങൾക്കുണ്ടല്ലോ. നിങ്ങൾ പോയി കഴിയുന്ന വിധത്തിലെല്ലാം കല്ലറ ഭദ്രമാക്കിക്കൊള്ളുക" എന്ന് ഉത്തരം പറഞ്ഞു. 66അങ്ങനെ അവർ പോയി കല്ലിന്മേൽ മുദ്രവച്ചും കാവൽസേനയെ നിറുത്തിയും കല്ലറ സുരക്ഷിതമാക്കിത്തീർത്തു.

ഉയിർത്തെഴുന്നേല്പ്

28 ശബ്ബത്തിനുശേഷം, ആഴ്ചവട്ടത്തിന്റെ ഒന്നാംദിവസം അതിരാവിലെ മഗ്ദലക്കാരി മറിയയും മറ്റേ മറിയയും ശവകുടീരം സന്ദർശിക്കുവാൻ പോയി.

2അതിശക്തമായ ഒരു ഭൂകമ്പം ഉണ്ടായി. ഒരു ദൈവദൂതൻ സ്വർഗ്ഗത്തിൽനിന്ന് ഇറങ്ങി കല്ലറയുടെ സമീപം കല്ല് ഉരുട്ടിമാറ്റി അതിന്മേൽ ഇരുന്നിരുന്നു. 3അദ്ദേഹത്തിന്റെ രൂപം മിന്നൽപ്പിണരിനു സദൃശവും അദ്ദേഹത്തിന്റെ വസ്ത്രം ഹിമംപോലെ വെണ്മയുള്ളതും ആയിരുന്നു. 4കാവൽക്കാർ ദൂതനെ കണ്ട് ഭയപ്പെട്ടു വിറച്ചു മരിച്ചവരെപ്പോലെയായി.

5ദൂതൻ സ്ത്രീകളോടു പറഞ്ഞു: "ഭയപ്പെടേണ്ടാ, ക്രൂശിക്കപ്പെട്ട യേശുവിനെ നിങ്ങൾ അന്വേഷിക്കുന്നുവെന്ന് എനിക്കറിയാം. 6അദ്ദേഹം ഇവിടെയില്ല. താൻ പറഞ്ഞിരുന്നതുപോലെ അദ്ദേഹം ഉയിർത്തെഴുന്നേറ്റിരിക്കുന്നു. അദ്ദേഹം കിടന്നിരുന്ന സ്ഥലം വന്നു കാണുവിൻ. 7പിന്നെ വേഗംചെന്ന് അദ്ദേഹത്തിന്റെ ശിഷ്യന്മാരോട്: അദ്ദേഹം മരിച്ചവരിൽനിന്ന് ഉയിർത്തെഴുന്നേറ്റിരിക്കുന്നു; നിങ്ങൾക്കുമുമ്പേ ഗലീലയിലേക്കു പോവുകയും ചെയ്യുന്നു. അവിടെ നിങ്ങൾ അദ്ദേഹത്തെ കാണും എന്നറിയിക്കുവിൻ. ഇതാണ് എനിക്കു നിങ്ങളോടു പറയുവാനുള്ളത്."

8സ്ത്രീകൾ ഭയപ്പെട്ടിരുന്നുവെങ്കിലും അത്യധികം സന്തോഷത്തോടുകൂടി ശിഷ്യന്മാരെ വിവരം അറിയിക്കുവാൻ കല്ലറവിട്ട് ഓടിപ്പോയി. 9പെട്ടെന്ന് യേശു അവരെ എതിരേറ്റ് 'നിങ്ങൾക്കു വന്ദനം' എന്നു പറഞ്ഞു. അവർ അടുത്തുചെന്ന് അദ്ദേഹത്തിന്റെ പാദങ്ങളിൽ കെട്ടിപ്പിടിച്ച് അദ്ദേഹത്തെ നമസ്കരിച്ചു. 10അപ്പോൾ യേശു അവരോട്: "ഭയപ്പെടേണ്ടാ, പോയി എന്റെ സഹോദരന്മാരോടു ഗലീലയിലേക്കു പോകുവാൻ പറയുവിൻ. അവിടെ അവർ എന്നെ കാണും." എന്നു പറഞ്ഞു.

കാവൽക്കാരുടെ അറിയിപ്പ്

11ആ സ്ത്രീകൾ മടങ്ങിപ്പോകുന്നതിനിടയിൽ കാവൽക്കാരിൽ ചിലർ നഗരത്തിൽ ചെന്നു സംഭവിച്ചതെല്ലാം മുഖ്യപുരോഹിതന്മാരെ അറിയിച്ചു. 12മുഖ്യപുരോഹിതന്മാർ യഹൂദപ്രമാണിമാരുമായി കൂടിയാലോചിച്ചു.

പടയാളികൾക്കു വലിയൊരു തുക നല്കി. 13അവരോട്: "'ഞങ്ങൾ ഉറങ്ങുമ്പോൾ, രാത്രിയിൽ, അദ്ദേഹത്തിന്റെ ശിഷ്യന്മാർവന്ന് അദ്ദേഹത്തെ മോഷ്ടിച്ചു കൊണ്ടുപോയി' എന്നു നിങ്ങൾ പറയണം. 14ഈ വിവരം ദേശാധിപതിയുടെ അടുത്തെത്തിയാൽ ഞങ്ങൾ അദ്ദേഹത്തെ തൃപ്തിപ്പെടുത്തി നിങ്ങൾക്കു കുഴപ്പമുണ്ടാകാതെ നോക്കിക്കൊള്ളാം" എന്നു പറഞ്ഞു. 15അങ്ങനെ പടയാളികൾ ആ പണം വാങ്ങി തങ്ങളോടു നിർദ്ദേശിച്ചതുപോലെ ചെയ്തു. ഈ കഥ ഇന്നുവരെയും യഹൂദരുടെ ഇടയിൽ പരക്കെ പ്രചരിച്ചിരിക്കുന്നു.

ശിഷ്യന്മാർക്കുള്ള നിയോഗം

16ശിഷ്യന്മാർ പതിനൊന്നുപേരും ഗലീലയിൽ, യേശു തങ്ങളോടു കല്പിച്ചിരുന്ന മലയിലേക്കു പോയി. 17യേശുവിനെ കണ്ടപ്പോൾ അവർ അവിടുത്തെ നമസ്കരിച്ചു; ചിലരോ സംശയിച്ചു. 18പിന്നെ, യേശു അവരുടെ അടുക്കൽവന്നു പറഞ്ഞു: "സ്വർഗ്ഗത്തിലും ഭൂമിയിലും സകല അധികാരവും എനിക്കു നല്കിയിരിക്കുന്നു. 19അതുകൊണ്ടു നിങ്ങൾ പോയി പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ സ്നാനം കഴിപ്പിച്ചു[a] 20ഞാൻ നിങ്ങളോടു കല്പിച്ചതെല്ലാം അനുസരിക്കാൻ ഉപദേശിച്ചുംകൊണ്ടു സകല ജനതകളെയും എന്റെ ശിഷ്യരാക്കിക്കൊൾവിൻ, ഞാനോ യുഗാന്ത്യംവരെയും എപ്പോഴും നിങ്ങളോടുകൂടെ ഉണ്ടായിരിക്കും."

[a] 19 അപ്പൊസ്തലപ്രവൃത്തികൾ 8: 16, 19: 5; റോമർ 6: 3; 1 കൊരിന്ത്യർ 1: 13, 10: 2; ഗലാത്യർ 3: 27 എന്നീ ഭാഗങ്ങളും കാണുക.

മർക്കൊസ്

യോഹന്നാൻ സ്നാപകൻ
വഴിയൊരുക്കുന്നു

1 ദൈവപുത്രനായ യേശുക്രിസ്തുവിനെ
ക്കുറിച്ചുള്ള സുവിശേഷത്തിന്റെ ആരംഭം:
2"ഞാൻ എന്റെ ദൂതനെ നിനക്കു മുമ്പേ
അയയ്ക്കുന്നു; അവൻ നിന്റെ വഴി ഒരുക്കും."[a]
3 "മരുഭൂമിയിൽ വിളിച്ചു
പറയുന്നവന്റെ ശബ്ദം,
'കർത്താവിന്റെ
വഴിയൊരുക്കുവിൻ;
അവിടുത്തേക്കുവേണ്ടി
പാത നേരെയാക്കുവിൻ'[b]
എന്നിങ്ങനെ യെശയ്യാപ്രവാചകന്റെ പു
സ്തകത്തിൽ എഴുതിയിരിക്കുന്നതുപോലെ
4യോഹന്നാൻ വന്നു മരുഭൂമിയിൽ സ്നാനം
കഴിപ്പിക്കുകയും പാപങ്ങളുടെ മോചനത്തി
നായുള്ള മാനസാന്തരസ്നാനത്തെക്കുറിച്ചു
പ്രസംഗിക്കുകയും ചെയ്തു.
5യഹൂദ്യഗ്രാമങ്ങളിൽ എല്ലായിടത്തുനിന്നുമു
ള്ളവരും യെരൂശലേമിലുള്ള എല്ലാ ജനങ്ങളും
അദ്ദേഹത്തിന്റെ അടുക്കൽ ചെന്നു. അവർ
തങ്ങളുടെ പാപങ്ങൾ ഏറ്റു പറഞ്ഞ് യോർദ്ദാൻ
നദിയിൽ അദ്ദേഹത്താൽ സ്നാനം ഏറ്റു.
6യോഹന്നാൻ ഒട്ടകരോമം കൊണ്ടുള്ള ഉടുപ്പും
അരയിൽ തോൽവാറും ധരിച്ചിരുന്നു. വെട്ടു
ക്കിളിയും കാട്ടുതേനും ആയിരുന്നു അദ്ദേഹ
ത്തിന്റെ ആഹാരം. അദ്ദേഹത്തിന്റെ സന്ദേശം
ഇതായിരുന്നു: 7"എന്നെക്കാൾ ശക്തനായ
ഒരാൾ എന്റെ പിന്നാലെ വരുന്നു, അദ്ദേഹ
ത്തിന്റെ ചെരുപ്പിന്റെ വാറു കുനിഞ്ഞ
ഴിക്കുവാൻ എനിക്കു യോഗ്യതയില്ല. 8ഞാൻ
നിങ്ങളെ വെള്ളംകൊണ്ടു സ്നാനം കഴിപ്പി
ക്കുന്നു; എന്നാൽ അദ്ദേഹം നിങ്ങളെ പരിശുദ്ധാ
ത്മാവുകൊണ്ടു സ്നാനം കഴിപ്പിക്കും."

യേശുവിന്റെ സ്നാനവും
അദ്ദേഹത്തിനുണ്ടായ പ്രലോഭനവും

9ആ കാലത്ത് യേശു ഗലീലയിലെ നസറെ
ത്തിൽനിന്നു വന്നു. അദ്ദേഹം യോർദ്ദാൻ
നദിയിൽ യോഹന്നാനാൽ സ്നാനം ഏറ്റു.
10യേശു വെള്ളത്തിൽ നിന്നു കയറിവന്ന ഉടനേ
ആകാശം പിളരുന്നതും ആത്മാവു പ്രാവു
പോലെ തന്റെമേൽ ഇറങ്ങിവരുന്നതും കണ്ടു.
11 "നീ എന്റെ പ്രിയപുത്രൻ; നിന്നിൽ ഞാൻ
പ്രസാദിച്ചിരിക്കുന്നു" എന്നു സ്വർഗ്ഗത്തിൽ
നിന്ന് ഒരു ശബ്ദവും ഉണ്ടായി.
12ഉടൻതന്നേ ആത്മാവ് അദ്ദേഹത്തെ മരു
ഭൂമിയിലേക്കു നയിച്ചു. 13സാത്താനാൽ പരീ
ക്ഷിക്കപ്പെട്ട്, നാല്പതു ദിവസം അദ്ദേഹം വന്യ
മൃഗങ്ങളോടുകൂടെ മരുഭൂമിയിൽ ആയിരുന്നു;
ദൂതന്മാർ അദ്ദേഹത്തെ ശുശ്രൂഷിച്ചു പോന്നു.

ആദ്യശിഷ്യന്മാരെ വിളിക്കുന്നു

14യോഹന്നാൻ ബന്ധനസ്ഥനായതിനു
ശേഷം യേശു ദൈവരാജ്യത്തിന്റെ സുവിശേ
ഷം പ്രസംഗിച്ചുകൊണ്ടു ഗലീലയിൽ വന്നു.
15"കാലം തികഞ്ഞു; ദൈവരാജ്യം സമീപിച്ചിരി
ക്കുന്നു; മാനസാന്തരപ്പെട്ടു സുവിശേഷത്തിൽ
വിശ്വസിപ്പിൻ" എന്ന് അദ്ദേഹം പ്രസംഗിച്ചു.
16യേശു ഗലീലക്കടൽത്തീരത്തുകൂടി
നടന്നുപോകുമ്പോൾ ശിമോനും സഹോദ
രനായ അന്ത്രെയാസും കടലിൽ വല വീശുന്നതു
കണ്ടു. അവർ മീൻ പിടിക്കുന്നവരായിരുന്നു.
17യേശു അവരോട്: "എന്നെ അനുഗമിക്കുവിൻ;
ഞാൻ നിങ്ങളെ മനുഷ്യരെ പിടിക്കുന്നവ
രാക്കും" എന്നു പറഞ്ഞു. 18ഉടനേ അവർ വല
ഉപേക്ഷിച്ച് അദ്ദേഹത്തെ അനുഗമിച്ചു.
19 അദ്ദേഹം അല്പം മുന്നോട്ടു ചെന്നപ്പോൾ,
സെബെദിയുടെ മകനായ യാക്കോബും
അയാളുടെ സഹോദരനായ യോഹന്നാനും
വഞ്ചിയിലിരുന്നു വല ഒരുക്കുന്നതു കണ്ടു.
20ഉടനെ അദ്ദേഹം അവരെയും വിളിച്ചു. അവർ
അപ്പനായ സെബെദിയെ കൂലിക്കാരോടുകൂടെ
വഞ്ചിയിൽ വിട്ടിട്ട് അദ്ദേഹത്തെ അനുഗമിച്ചു.

യേശു ഒരു ദുരാത്മാവിനെ പുറത്താക്കുന്നു

21അവർ കഫർന്നഹൂമിലേക്കു പോയി.
ശബ്ബത്തിൽ യേശു പള്ളിയിൽ ചെന്നു പഠിപ്പിച്ചു

a 2 മലാഖി. 3:1 *b* 3 യെശയ്യാവ് 40: 3

തുടങ്ങി. 22 അദ്ദേഹത്തിന്റെ ഉപദേശം കേട്ടു ജനങ്ങൾ ആശ്ചര്യപ്പെട്ടു; എന്തെന്നാൽ, വേദജ്ഞരെപ്പോലെ അല്ല, അധികാരമുള്ളവനായിട്ടാണ് അദ്ദേഹം പഠിപ്പിച്ചത്. 23 ആ പള്ളിയിൽ ദുരാത്മാവു[a] ബാധിച്ച ഒരു മനുഷ്യൻ ഉണ്ടായിരുന്നു. 24 "നസറായനായ യേശുവേ, അങ്ങേയ്ക്കു ഞങ്ങളോട് എന്തു കാര്യം? ഞങ്ങളെ നശിപ്പിക്കാനോ അങ്ങു വന്നിരിക്കുന്നത്? അങ്ങ് ആരാണെന്ന് എനിക്കറിയാം ദൈവത്തിന്റെ പരിശുദ്ധൻ തന്നേ" എന്ന് അയാൾ നിലവിളിച്ചു പറഞ്ഞു. 25 'മിണ്ടരുത്' യേശു ശാസിച്ചു: "അവനിൽ നിന്നു പുറത്തുവരിക!" 26 ദുരാത്മാവു ആ മനുഷ്യനെ തള്ളിവീഴ്ത്തിയശേഷം ഉറക്കെ നിലവിളിച്ചുകൊണ്ട് അവനെ വിട്ടുപോയി.

27 ജനങ്ങളെല്ലാം അത്ഭുതപ്പെട്ട്, "ഇതെന്ത്? അധികാരത്തോടുകൂടിയുള്ള ഒരു പുതിയ ഉപദേശം! അദ്ദേഹം ദുരാത്മാക്കളോടു പോലും കല്പിക്കുകയും അവ അദ്ദേഹത്തെ അനുസരിക്കുകയും ചെയ്യുന്നുവല്ലോ!" എന്ന് അന്യോന്യം പറഞ്ഞു. 28 അദ്ദേഹത്തെക്കുറിച്ചുള്ള വാർത്ത ഗലീലപ്രദേശത്തെല്ലായിടത്തും അതിവേഗം വ്യാപിച്ചു.

യേശു അനേകരെ സൗഖ്യമാക്കുന്നു

29 അവർ പള്ളിയിൽനിന്ന് ഇറങ്ങിയ ഉടനേതന്നെ യാക്കോബിനോടും യോഹന്നാനോടുംകൂടെ ശിമോന്റെയും അന്ത്രെയാസിന്റെയും വീട്ടിലേക്കു പോയി. 30 ശിമോന്റെ ഭാര്യാമാതാവ് പനിപിടിച്ചു കിടപ്പിലായിരുന്നു. അവളുടെ കാര്യം ശിഷ്യന്മാർ യേശുവിനോടു പറഞ്ഞു. 31 യേശു അടുത്തുചെന്നു കൈക്കു പിടിച്ച് അവളെ എഴുന്നേല്പിച്ചു. പനി വിട്ടുമാറുകയും അവൾ അവരെ ശുശ്രൂഷിക്കുകയും ചെയ്തു.

32 അന്നു വൈകുന്നേരം, സൂര്യൻ അസ്തമിച്ചതിനുശേഷം ജനങ്ങൾ എല്ലാ രോഗികളെയും ഭൂതബാധിതരെയും യേശുവിന്റെ അടുക്കൽ കൊണ്ടുവന്നു. 33 നഗരവാസികളെല്ലാം വാതില്ക്കൽ വന്നുകൂടി. 34 പലവിധ രോഗങ്ങൾ ബാധിച്ചിരുന്ന അനേകരെ യേശു സൗഖ്യമാക്കി; അനവധി ഭൂതങ്ങളെയും പുറത്താക്കി. താൻ ആരെന്ന് അവയ്ക്ക് അറിയാമായിരുന്നതുകൊണ്ട് അദ്ദേഹം അവയെ സംസാരിക്കാൻ അനുവദിച്ചില്ല.

യേശു ഒരു വിജനസ്ഥലത്ത് പ്രാർത്ഥിക്കുന്നു

35 അതിരാവിലെ, ഇരുട്ടുള്ളപ്പോൾത്തന്നേ, യേശു എഴുന്നേറ്റ് ഒരു വിജനസ്ഥലത്തു ചെന്നു പ്രാർത്ഥിച്ചു. 36 ശിമോനും കൂടെയുള്ളവരും അദ്ദേഹത്തെ അന്വേഷിച്ചു ചെന്നു; 37 "എല്ലാവരും അങ്ങയെ അന്വേഷിക്കുന്നു" എന്ന് അവർ അദ്ദേഹത്തോടു പറഞ്ഞു.

38 അതിനു യേശു: "അടുത്തുള്ള ഗ്രാമങ്ങളിലും ഞാൻ പ്രസംഗിക്കേണ്ടതിനു നമുക്കു അവിടേയ്ക്കു പോകാം; അതിനായിട്ടാണല്ലോ ഞാൻ വന്നത്" എന്നു മറുപടി പറഞ്ഞു. 39 അങ്ങനെ അദ്ദേഹം അവരുടെ പള്ളികളിൽ പ്രസംഗിച്ചും ഭൂതങ്ങളെ പുറത്താക്കിയും കൊണ്ടു ഗലീലയിലെല്ലാം സഞ്ചരിച്ചു.

ഒരു കുഷ്ഠരോഗി

40 ഒരു കുഷ്ഠരോഗി അദ്ദേഹത്തിന്റെ അടുക്കൽ വന്ന്, "അങ്ങേയ്ക്കു മനസ്സുണ്ടെങ്കിൽ എന്നെ ശുദ്ധനാക്കുവാൻ കഴിയും" എന്ന് അപേക്ഷിച്ചു.

41 യേശു മനസ്സലിഞ്ഞു കൈനീട്ടി ആ മനുഷ്യനെ തൊട്ടു: "എനിക്കു മനസ്സുണ്ട്; ശുദ്ധനാവുക" എന്നു പറഞ്ഞു. 42 തൽക്ഷണം കുഷ്ഠം അയാളെ വിട്ടുമാറി, അയാൾ ശുദ്ധനായി. 43 യേശു ഉടനേ കർശനമായ ഒരു താക്കീതു നല്കി അയാളെ പറഞ്ഞയച്ചു:

44 "നോക്കൂ, ഇത് ആരോടും പറയരുത്; എന്നാൽ നീ ചെന്നു നിന്നെത്തന്നേ പുരോഹിതനു കാണിച്ചുകൊടുക്കുകയും നിന്റെ ശുദ്ധീകരണത്തിനുവേണ്ടി മോശെ കല്പിച്ചിട്ടുള്ള വഴിപാട് അവർക്കു സാക്ഷ്യത്തിനായി അർപ്പിക്കുകയും ചെയ്യുക." 45 എന്നാൽ അയാൾ പോയി എല്ലാവരോടും ഈ വാർത്ത പറഞ്ഞു പ്രസിദ്ധമാക്കി. അതുകൊണ്ടു യേശുവിനു പരസ്യമായി പട്ടണത്തിൽ പ്രവേശിക്കുവാൻ സാധിക്കാതെ വന്നു; അദ്ദേഹം പുറത്തു വിജനസ്ഥലങ്ങളിൽ പാർത്തു. എന്നിട്ടും ജനങ്ങൾ എല്ലായിടങ്ങളിൽനിന്നും അദ്ദേഹത്തിന്റെ അടുക്കൽ വന്നുകൂടി.

യേശു പക്ഷവാതക്കാരനെ സൗഖ്യമാക്കുന്നു

2 ചില ദിവസങ്ങൾക്കുശേഷം യേശു വീണ്ടും കഫർന്നഹൂമിൽ വന്നു. അദ്ദേഹം വീട്ടിൽ എത്തിയിരിക്കുന്നു എന്നു ജനങ്ങൾ കേട്ടു. 2 വാതിലിനു പുറത്തുപോലും ഇടമില്ലാത്തവിധം അനവധിയാളുകൾ തിങ്ങിക്കൂടി. അദ്ദേഹം അവരോടു വചനം പ്രസംഗിച്ചു. 3 അപ്പോൾ ചിലർ ഒരു പക്ഷവാതക്കാരനുമായി അവിടെയെത്തി; നാലുപേർ അയാളെ എടുത്തിരുന്നു. 4 ജനക്കൂട്ടം നിമിത്തം അയാളെ യേശുവിന്റെ അടുത്തെത്തിക്കുവാൻ കഴിഞ്ഞില്ല. അതുകൊണ്ട് അവർ യേശു ഇരുന്ന സ്ഥലത്തിനുമീതെ മേൽക്കൂര പൊളിച്ചു

[a] 23 ഗ്രീക്കിൽ, *ദുരാത്മാക്കൾ*: 30-ാം വാക്യവും കാണുക

തുറന്നു പക്ഷവാതക്കാരനെ കിടക്കയോടെ താഴെയിറക്കിവച്ചു. 5യേശു അവരുടെ വിശ്വാസം കണ്ടിട്ടു പക്ഷവാതക്കാരനോട്: "മകനേ, നിന്റെ പാപങ്ങൾ ക്ഷമിച്ചുതന്നിരിക്കുന്നു" എന്നു പറഞ്ഞു.

6അവിടെ ചില വേദജ്ഞർ ഇരിക്കുന്നുണ്ടായിരുന്നു; അവർ ഇപ്രകാരം ചിന്തിച്ചു: 7"ഈ മനുഷ്യൻ ഇങ്ങനെ സംസാരിക്കുന്നത് എന്ത്? ഇത് ദൈവദൂഷണമാണ്; പാപങ്ങൾ ക്ഷമിക്കുവാൻ ദൈവത്തിനല്ലാതെ ആർക്കു കഴിയും?"

8അവർ ഹൃദയത്തിൽ ചിന്തിച്ചുകൊണ്ടിരുന്ന ഇക്കാര്യം യേശു ആത്മാവിൽ ഗ്രഹിച്ചിട്ട് അവരോടു ചോദിച്ചു: "നിങ്ങൾ ഇങ്ങനെ ചിന്തിക്കുന്നതെന്ത്? 9പക്ഷവാതക്കാരനോട്: 'നിന്റെ പാപങ്ങൾ ക്ഷമിച്ചുതന്നിരിക്കുന്നു എന്നു പറയുന്നതോ', 'എഴുന്നേറ്റു നിന്റെ കിടക്ക എടുത്തു നടക്കുക' എന്നു പറയുന്നതോ ഏതാണ് എളുപ്പം? 10എന്നാൽ ഭൂമിയിൽ പാപങ്ങൾ ക്ഷമിക്കുവാൻ മനുഷ്യപുത്രന് അധികാരമുണ്ടെന്നു നിങ്ങൾ അറിയേണ്ടതിന്" അദ്ദേഹം പക്ഷവാതക്കാരനോട്: 11"ഞാൻ നിന്നോടു പറയുന്നു- എഴുന്നേറ്റു നിന്റെ കിടക്കയെടുത്തു വീട്ടിൽ പോവുക." 12ഉടനെ അയാൾ എഴുന്നേറ്റ്, കിടക്ക എടുത്ത് എല്ലാവരും കാൺകെ നടന്നു പുറത്തേക്കു പോയി. സകലരും ഇതിൽ ആശ്ചര്യപ്പെട്ടു; അവർ ദൈവത്തെ മഹത്ത്വപ്പെടുത്തിക്കൊണ്ട്, "ഇതുപോലെയുള്ളതൊന്നും ഞങ്ങൾ ഒരിക്കലും കണ്ടിട്ടില്ല" എന്നു പറഞ്ഞു.

ലേവിയെ വിളിക്കുന്നു

13യേശു പിന്നെയും കടൽക്കരയിലേക്കു പോയി. ഒരു വലിയ ജനക്കൂട്ടം അദ്ദേഹത്തിന്റെ അടുത്തെത്തി. അദ്ദേഹം അവരെ ഉപദേശിച്ചുതുടങ്ങി. 14അദ്ദേഹം നടന്നുപോകുമ്പോൾ അല്ഫായിയുടെ മകനായ ലേവി ചുങ്കസ്ഥലത്ത് ഇരിക്കുന്നതു കണ്ടു. യേശു അയാളോട്: "എന്നെ അനുഗമിക്കുക" എന്നു പറഞ്ഞു. അയാൾ എഴുന്നേറ്റ് അദ്ദേഹത്തെ അനുഗമിച്ചു.

15യേശു ലേവിയുടെ വീട്ടിൽ വിരുന്നിൽ പങ്കെടുക്കുമ്പോൾ അനേകം നികുതി പിരിവുകാരും പാപികളും അദ്ദേഹത്തോടും ശിഷ്യന്മാരോടുമൊപ്പം ഭക്ഷണം കഴിച്ചുകൊണ്ടിരുന്നു; കാരണം അങ്ങനെയുള്ള അനേകർ അദ്ദേഹത്തെ അനുഗമിച്ചിരുന്നു. 16അദ്ദേഹം പാപികളോടും നികുതിപിരിവുകാരോടും കൂടെ ഭക്ഷണം കഴിക്കുന്നതു കണ്ടിട്ടു പരീശന്മാരുടെ കൂട്ടത്തിലുള്ള വേദജ്ഞർ അദ്ദേഹത്തിന്റെ ശിഷ്യന്മാരോട്: "അദ്ദേഹം നികുതിപിരിവുകാരോടും പാപികളോടുംകൂടെ ഭക്ഷിക്കുന്നത് എന്ത്?" എന്നു ചോദിച്ചു.

17യേശു ഇതു കേട്ടിട്ട് അവരോട്: "ആരോഗ്യമുള്ളവർക്കല്ല, രോഗികൾക്കാണു വൈദ്യനെക്കൊണ്ട് ആവശ്യം. ഞാൻ നീതിമാന്മാരെയല്ല, പാപികളെയത്രേ മാനസാന്തരത്തിലേക്കു വിളിക്കുവാൻ വന്നിരിക്കുന്നത്" എന്ന് ഉത്തരം പറഞ്ഞു.

ഉപവാസത്തെപ്പറ്റിയുള്ള ചോദ്യം

18യോഹന്നാന്റെ ശിഷ്യന്മാരും പരീശന്മാരും ഉപവസിക്കുക പതിവായിരുന്നു. ചിലർ യേശുവിന്റെ അടുക്കൽ വന്ന് അദ്ദേഹത്തോടു ചോദിച്ചു: "യോഹന്നാന്റെയും പരീശന്മാരുടെയും ശിഷ്യന്മാർ ഉപവസിക്കുന്നു; എന്നാൽ അങ്ങയുടെ ശിഷ്യന്മാർ അങ്ങനെ ചെയ്യാതിരിക്കുന്നത് എന്തുകൊണ്ട്?"

19യേശു മറുപടി പറഞ്ഞു: "മണവാളൻ കൂടെയുള്ളപ്പോൾ അദ്ദേഹത്തിന്റെ തോഴന്മാർക്ക് ഉപവസിക്കാൻ കഴിയുന്നതെങ്ങനെ? മണവാളൻ കൂടെയുള്ളേടത്തോളം അവർക്ക് അതു സാധ്യമല്ല. 20 എന്നാൽ മണവാളൻ അവരുടെ ഇടയിൽനിന്നു മാറ്റപ്പെടുന്ന കാലം വരും; അന്ന് അവർ ഉപവസിക്കും.

21ആരും പഴയ വസ്ത്രത്തിൽ പുതിയ തുണിക്കഷണം തുന്നിച്ചേർക്കുന്നില്ല; അങ്ങനെ ചെയ്താൽ പുതിയതുണി പഴയതിൽനിന്നു വലിഞ്ഞിട്ടു കീറൽ ഏറെ വലുതാകും. 22ആരും പുതിയ വീഞ്ഞു പഴയ തോൽക്കുടങ്ങളിൽ പകർന്നു വയ്ക്കുന്നില്ല; അങ്ങനെ ചെയ്താൽ വീഞ്ഞു കുടങ്ങളെ പിളർക്കുകയും വീഞ്ഞും കുടങ്ങളും നശിക്കുകയും ചെയ്യും. പുതിയ വീഞ്ഞു പകർന്നുവെയ്ക്കേണ്ടതു പുതിയ തോൽക്കുടങ്ങളിലാണ്.

ശബ്ബത്തിന്റെ കർത്താവ്

23ഒരു ശബ്ബത്തിൽ യേശു വിളഭൂമിയിൽക്കൂടി പോവുകയായിരുന്നു. പോകുന്നതിനിടയിൽ ശിഷ്യന്മാർ കതിരുകൾ പറിച്ചു തുടങ്ങി. 24പരീശന്മാർ അദ്ദേഹത്തോട്: "നോക്കൂ, ശബ്ബത്തിൽ ചെയ്യരുതാത്ത കാര്യം ഇവർ ചെയ്യുന്നതെന്ത്?" എന്നു ചോദിച്ചു.

25യേശു അവരോട് ഉത്തരം പറഞ്ഞു: "ദാവീദും കൂടെയുള്ളവരും ഭക്ഷണമൊന്നുമില്ലാതെ വിശന്നപ്പോൾ എന്തു ചെയ്തുവെന്നു നിങ്ങൾ ഒരിക്കലും വായിച്ചിട്ടില്ലേ? 26അബ്യാഥാർ മഹാപുരോഹിതന്റെ കാലത്ത് അവൻ ദൈവഭവനത്തിൽ പ്രവേശിച്ച്, നിയമപ്രകാരം പുരോഹിതന്മാർ മാത്രം ഭക്ഷിക്കേണ്ടതായ കാഴ്ചയപ്പം തിന്നു; കൂടെയുള്ളവർക്കും കൊടുത്തു."

27പിന്നെ അദ്ദേഹം: " ശബ്ബത്ത് മനുഷ്യനു വേണ്ടിയാണ്; മനുഷ്യൻ ശബ്ബത്തിനു വേണ്ടിയല്ല; 28മനുഷ്യപുത്രൻ ശബ്ബത്തിന്റെയും

കർത്താവാണ്" എന്നു പറഞ്ഞു.

3 അദ്ദേഹം വീണ്ടും പള്ളിയിൽ ചെന്നു. കൈ
ശോഷിച്ച ഒരു മനുഷ്യൻ അവിടെ
ഉണ്ടായിരുന്നു. 2അദ്ദേഹം അയാളെ ശബ്ബത്തിൽ സുഖപ്പെടുത്തുമോ എന്നു ചിലർ ഉറ്റു നോക്കിക്കൊണ്ടിരുന്നു. യേശുവിൽ കുറ്റമാരോപിക്കുക എന്നതായിരുന്നു അവരുടെ ഉദ്ദേശ്യം. 3യേശു കൈ ശോഷിച്ച മനുഷ്യനോടു പറഞ്ഞു: "എഴുന്നേറ്റ് എല്ലാവരുടേയും മുമ്പിൽ വന്നു നില്ക്കുക."

4 പിന്നെ യേശു അവരോട്: "ശബ്ബത്തിൽ നന്മചെയ്യുന്നതോ തിന്മചെയ്യുന്നതോ, ജീവനെ രക്ഷിക്കുന്നതോ കൊല്ലുന്നതോ ഏതാണു നിയമാനുസൃതം?" എന്നു ചോദിച്ചു. അവർ മിണ്ടാതിരുന്നു.

5യേശു അവരുടെ ഹൃദയകാഠിന്യത്തിൽ ദുഃഖിച്ചു, കോപത്തോടെ ചുറ്റും നോക്കിക്കൊണ്ട് ആ മനുഷ്യനോട്: " നിന്റെ കൈ നീട്ടുക" എന്നു പറഞ്ഞു. അയാൾ കൈനീട്ടി, അതു പൂർണ്ണമായി സുഖപ്പെട്ടു. 6ഉടനെ പരീശന്മാർ പുറത്തിറങ്ങി യേശുവിനെ എങ്ങനെ നശിപ്പിക്കാം എന്നതിനെക്കുറിച്ചു ഹെരോദ്യരുമായി ഗൂഢാലോചന നടത്തി.

ജനക്കൂട്ടം യേശുവിനെ അനുഗമിക്കുന്നു

7യേശു ശിഷ്യന്മാരോടുകൂടെ തിരികെ കടൽത്തീരത്തേയ്ക്കു പോയി. ഗലീലയിൽനിന്ന് ഒരു വലിയ ജനക്കൂട്ടം പിന്നാലെ ചെന്നു. 8അദ്ദേഹംചെയ്തുകൊണ്ടിരുന്നതെല്ലാം കേട്ടിട്ട് യഹൂദ്യയിൽ നിന്നും, യെരൂശലേമിൽനിന്നും, ഏദോമിൽ നിന്നും, യോർദ്ദാനക്കരയിൽനിന്നും സോരിനും സീദോനും ചുറ്റുമുള്ള പ്രദേശങ്ങളിൽനിന്നും അനവധി ആളുകൾ അദ്ദേഹത്തിന്റെ അടുക്കലെത്തി. 9ജനബാഹുല്യം നിമിത്തം, ആളുകൾ തന്നെ ഞെരുക്കാതിരിക്കേണ്ടതിന് ഒരു ചെറുവഞ്ചി തനിക്കായി തയ്യാറാക്കുവാൻ യേശു ശിഷ്യന്മാരോടു പറഞ്ഞു. 10അദ്ദേഹം അനേകരെ സൗഖ്യമാക്കിയതുകൊണ്ട്, അദ്ദേഹത്തെ തൊടുവാൻ വേണ്ടി രോഗബാധിതരായ ജനങ്ങൾ തിക്കിത്തിരക്കിക്കൊണ്ടിരുന്നു. 11ദുരാത്മാക്കൾ അദ്ദേഹത്തെ കാണുമ്പോഴെല്ലാം അദ്ദേഹത്തിന്റെ മുമ്പിൽ വീണ് "അങ്ങു ദൈവപുത്രൻ" എന്നു വിളിച്ചു പറഞ്ഞു. 12എന്നാൽ താൻ ആരാണെന്ന കാര്യം വെളിപ്പെടുത്തരുതെന്ന് അദ്ദേഹം അവരോട് കർശനമായി ആജ്ഞാപിച്ചു.

പന്ത്രണ്ട് അപ്പൊസ്തലന്മാരുടെ നിയമനം

13യേശു മലയുടെ മുകളിലേയ്ക്കു കയറിപ്പോയി, തനിക്ക് ഇഷ്ടപ്പെട്ടവരെ അടുക്കൽ വിളിച്ചു. അവർ അദ്ദേഹത്തിന്റെ അടുത്തു ചെന്നു. 14തന്നോടുകൂടെ ആയിരിക്കുവാനും പ്രസംഗത്തിന് അയയ്ക്കുവാനും, 15ഭൂതങ്ങളെ പുറത്താക്കുവാൻ അധികാരം ഉണ്ടായിരിക്കുവാനും പന്ത്രണ്ടുപേരെ അദ്ദേഹം നിയമിച്ചു. അവർക്ക് അപ്പൊസ്തലന്മാർ എന്നു നാമകരണം ചെയ്തു. 16അദ്ദേഹം നിയമിച്ച പന്ത്രണ്ടുപേർ ഇവരാണ്: ശിമോൻ (അയാൾക്കു പത്രൊസ് എന്ന് അദ്ദേഹം പേരു നല്കി); 17സെബെദിയുടെ മകനായ യാക്കോബ്, അയാളുടെ സഹോദരൻ യോഹന്നാൻ (ഇടിമുഴക്കത്തിന്റെ മക്കൾ എന്നർത്ഥമുള്ള ബൊവനേർഗ്ഗെസ് എന്ന് അവർക്കു പേരിട്ടു.) 18അന്ത്രെയാസ്, ഫിലിപ്പൊസ്, ബർത്തൊലോമായി, മത്തായി, തോമാസ്, അല്ഫായിയുടെ മകനായ യാക്കോബ്, തദ്ദായി, കനാന്യനായ ശിമോൻ, 19അദ്ദേഹത്തെ ഒറ്റിക്കൊടുത്ത ഈസ്ക്കാര്യോത്ത് യൂദാ.

യേശുവും ബേൽസെബൂലും

20പിന്നീട് യേശു ഒരു വീട്ടിൽ പ്രവേശിച്ചു. അദ്ദേഹത്തിനും ശിഷ്യന്മാർക്കും ഭക്ഷണം കഴിക്കാൻപോലും സാധിക്കാത്തവിധം വീണ്ടും ജനക്കൂട്ടം വന്നുകൂടി. 21'അയാൾക്കു സുബോധം ഇല്ല' എന്നു യേശുവിനെപ്പറ്റി ആളുകൾ പറയുന്നതു കേട്ട് അദ്ദേഹത്തിന്റെ വീട്ടുകാർ അദ്ദേഹത്തെ പിടിച്ചുകൊണ്ടുപോകുവാൻ അവിടേക്കു പോയി.

22യെരൂശലേമിൽനിന്നു വന്ന വേദജ്ഞർ "അയാളെ ബേൽസെബൂൽ[a] ബാധിച്ചിരിക്കുന്നു; ഭൂതങ്ങളുടെ തലവനെക്കൊണ്ടാകുന്നു അയാൾ ഭൂതങ്ങളെ പുറത്താക്കുന്നത്" എന്നു പറഞ്ഞു.

23യേശു അവരെ വിളിച്ച് ഉപമകളിലൂടെ അവരോടു സംസാരിച്ചു: "സാത്താനെ പുറത്താക്കുവാൻ സാത്താന് എങ്ങനെ കഴിയും? 24ഒരു രാജ്യം അതിൽത്തന്നേ ഭിന്നിച്ചിരിക്കുന്നുവെങ്കിൽ ആ രാജ്യത്തിനു നിലനില്ക്കുവാൻ കഴിയുകയില്ല. 25ഒരു ഭവനം അതിൽത്തന്നേ ഛിദ്രിച്ചിരിക്കുന്നുവെങ്കിൽ അതിനു നിലനില്ക്കുവാൻ സാധ്യമല്ല. 26സാത്താൻ അവനെത്തന്നെ എതിർക്കുകയും സ്വയം ഭിന്നിക്കുകയും ചെയ്താൽ അതിനു നിലനില്പില്ല; അവന്റെ അന്ത്യം അടുത്തിരിക്കുന്നു. 27ബലിഷ്ഠനായ ഒരുവനെ ആദ്യംതന്നേ പിടിച്ചു കെട്ടിയെങ്കിൽ മാത്രമേ അവന്റെ വീട്ടിൽ കടന്നു സ്വത്തു കൊള്ളയിടാൻ സാധിക്കുകയുള്ളു; അതിനുശേഷം വീടു കവർച്ച ചെയ്യാം. 28ഞാൻ നിങ്ങളോടു സത്യം പറയുന്നു, മനുഷ്യരോട് അവരുടെ സകല പാപങ്ങളും ദൂഷണങ്ങളും

[a] 22 *ബേസെബൂൽ, ബേൽസെബൂബ്* എന്നീ രൂപങ്ങളും ഉപയോഗിക്കുന്നു.

ക്ഷമിക്കും. 29എന്നാൽ പരിശുദ്ധാത്മാവി
നെതിരായുള്ള ദൂഷണം പറയുന്നവനോടോ
ഒരിക്കലും ക്ഷമിക്കയില്ല. അവൻ നിത്യശിക്ഷാ
വിധിക്കു യോഗ്യനാകും. 30"അയാൾക്കു
ദുരാത്മാവുണ്ട്" എന്ന് അവർ പറഞ്ഞതു
കൊണ്ടാണ് യേശു ഇതു പറഞ്ഞത്.

യേശുവിന്റെ അമ്മയും സഹോദരന്മാരും

31അപ്പോൾ യേശുവിന്റെ അമ്മയും സഹോ
ദരന്മാരും അവിടെയെത്തി. അവർ പുറത്തു
നിന്നുകൊണ്ട് അദ്ദേഹത്തെ വിളിക്കാൻ
ആളയച്ചു. 32ജനക്കൂട്ടം അദ്ദേഹത്തിനു ചുറ്റും
ഇരിക്കുന്നുണ്ടായിരുന്നു. അവർ അദ്ദേഹ
ത്തോട്: "അങ്ങയെ കാണാൻ ആഗ്രഹിച്ചു
കൊണ്ട് അങ്ങയുടെ അമ്മയും സഹോദരന്മാരും
പുറത്തു നില്ക്കുന്നു" എന്നു പറഞ്ഞു.
33"ആരാണ് എന്റെ അമ്മയും സഹോദര
ന്മാരും?" അദ്ദേഹം ചോദിച്ചു.
34പിന്നീട് തന്റെ ചുറ്റും ഇരിക്കുന്നവരെ
നോക്കി അദ്ദേഹം പറഞ്ഞു: "ഇതാ, എന്റെ
അമ്മയും സഹോദരന്മാരും! 35ദൈവത്തിന്റെ
ഇഷ്ടം ചെയ്യുന്ന ഏതൊരാളും എന്റെ
സഹോദരനും സഹോദരിയും അമ്മയും ആണ്."

വിതയ്ക്കുന്നവന്റെ ഉപമ

4 യേശു തടാകതീരത്തുവച്ചു വീണ്ടും
അവരെ പഠിപ്പിക്കുവാൻ ആരംഭിച്ചു. വലിയ
ഒരു ജനക്കൂട്ടം വന്നുകൂടിയതിനാൽ അദ്ദേഹം
തടാകത്തിലുണ്ടായിരുന്ന ഒരു വഞ്ചിയിൽ
കയറി ഇരുന്നു. തീരത്ത്, വെള്ളത്തിന്നരികെവരെ ജനങ്ങൾ നിന്നിരുന്നു. 2ഉപമകളി
ലൂടെ അദ്ദേഹം പല കാര്യങ്ങൾ അവരെ
പഠിപ്പിച്ചു. ഉപദേശരൂപത്തിൽ അദ്ദേഹം
ഇപ്രകാരം പറഞ്ഞു: 3"കേൾക്കുവിൻ! ഒരു കൃഷി
ക്കാരൻ വിത്തു വിതയ്ക്കാൻ പുറപ്പെട്ടു.
4വിതയ്ക്കുമ്പോൾ കുറെ വിത്തു വഴിയരികിൽ
വീണു; പക്ഷികൾ വന്ന് അതു തിന്നുകളഞ്ഞു.
5ചിലതു പാറയുള്ള സ്ഥലങ്ങളിൽ വീണു.
അവിടെ അധികം മണ്ണില്ലായിരുന്നു. മണ്ണു
കുറവായതുകൊണ്ട് വിത്തു വേഗം കിളിർ
ത്തുപൊങ്ങി. 6എന്നാൽ സൂര്യൻ ഉദിച്ചുയർ
ന്നപ്പോൾ ചെടികൾ വാടുകയും വേരില്ലാ
തിരുന്നതുകൊണ്ട് ഉണങ്ങിപ്പോവുകയും
ചെയ്തു. 7ചില വിത്തുകൾ മുള്ളുകൾ
ക്കിടയിൽ വീണു. മുള്ളു വളർന്നു ചെടികളെ
ഞെരുക്കിയതുകൊണ്ട് അവ ഫലം പുറപ്പെടു
വിച്ചില്ല. 8എന്നാൽ ചില വിത്തുകൾ നല്ല മണ്ണിൽ
വീണു. അവ മുളച്ചു, വളർന്നു, മുപ്പതും
അറുപതും നൂറുംമേനി വിളവു നല്കി." 9പിന്നെ
യേശു പറഞ്ഞു: "കേൾക്കാൻ ചെവിയുള്ളവൻ
കേൾക്കട്ടെ"

10അദ്ദേഹം തനിച്ചായപ്പോൾ പന്ത്രണ്ടു
ശിഷ്യന്മാരും ചുറ്റും ഉണ്ടായിരുന്ന മറ്റുള്ളവരും
ആ ഉപമകളെക്കുറിച്ച് അദ്ദേഹത്തോടു
ചോദിച്ചു. 11അദ്ദേഹം അവരോടു പറഞ്ഞു:
"ദൈവരാജ്യത്തിന്റെ മർമ്മം നിങ്ങൾക്കു
നല്കപ്പെട്ടിരിക്കുന്നു; പുറത്തുള്ളവരോട്
എല്ലാം ഉപമകളിലൂടെ പറയുന്നു.

12അവർ കണ്ടിട്ടും ഗ്രഹിക്കുന്നില്ല,
അവർ കേട്ടിട്ടും തിരിച്ചറിയുന്നില്ല,
അല്ലെങ്കിൽ അവർ മനം തിരിയുകയും
അവരോടു ക്ഷമിക്കുകയും ചെയ്യുമായിരുന്നു.[a]

13പിന്നീട് യേശു അവരോട് ഇങ്ങനെ
പറഞ്ഞു: "ഈ ഉപമ നിങ്ങൾ മനസ്സിലാക്കു
ന്നില്ലേ? എങ്കിൽ മറ്റ് ഉപമകളെല്ലാം നിങ്ങൾ
എങ്ങനെ മനസ്സിലാക്കും? 14വിതയ്ക്കുന്നവൻ
വചനം വിതയ്ക്കുന്നു. 15ചിലർ വഴിയരികിലെ
വിത്തുപോലെയാണ്. അവർ വചനം കേട്ടു
കഴിയുന്ന മാത്രയിൽ സാത്താൻ വന്ന്, അവരിൽ
വിതയ്ക്കപ്പെട്ട വചനം എടുത്തുകളയുന്നു.
16മറ്റുള്ളവർ, പാറസ്ഥലത്തു വിതച്ച വിത്തു
പോലെ, വചനം കേൾക്കുകയും ഉടൻതന്നെ
സന്തോഷത്തോടെ സ്വീകരിക്കുകയും
ചെയ്യുന്നു. 17എന്നാൽ അവർക്കു വേരില്ലാ
ത്തതുകൊണ്ട് അല്പസമയത്തേക്കു മാത്രമേ
നിലനില്ക്കുന്നുള്ളു. വചനംമൂലം ക്ലേശമോ
പീഡനമോ ഉണ്ടാകുമ്പോൾ അവർ അതിവേഗം
വീണുപോകുന്നു. 18മറ്റു ചിലർ, മുള്ളുകൾ
ക്കിടയിൽ വിതച്ച വിത്തുപോലെ വചനം
കേൾക്കുന്നു; 19എന്നാൽ ഇഹലോക ജീവിത
ത്തിന്റെ ചിന്താകുലങ്ങളും ധനത്തിന്റെ
ആകർഷണവും ഇതരമോഹങ്ങളും ഉള്ളിൽ
കടന്നു വചനത്തെ ഞെരുക്കി ഫലശൂന്യമാക്കി
ക്കളയുന്നു. 20മറ്റുള്ളവർ, നല്ല മണ്ണിൽ വിതച്ച
വിത്തുപോലെ വചനം കേൾക്കുകയും സ്വീകരി
ക്കുകയും മുപ്പതും അറുപതും, നൂറും മടങ്ങു
വിളവു നൽകുകയും ചെയ്യുന്നു."

തണ്ടിന്മേൽ വച്ച വിളക്ക്

21അദ്ദേഹം അവരോടു പറഞ്ഞു: "നിങ്ങൾ
വിളക്കു കൊണ്ടുവരുന്നത് പറയുടെ കീഴിലോ
കട്ടിലിന്റെ അടിയിലോ വയ്ക്കാനാണോ?
തണ്ടിന്മേൽ അല്ലേ അതു വയ്ക്കേണ്ടത്?
22ഒളിച്ചുവച്ചിരിക്കുന്നതെല്ലാം വെളിപ്പെടുത്ത
പ്പെടേണ്ടതാണ്. മറഞ്ഞിരിക്കുന്നതെല്ലാം
വെളിച്ചത്തു കൊണ്ടുവരേണ്ടതാണ്. 23കേൾ
ക്കുവാൻ ചെവിയുള്ളവൻ കേൾക്കട്ടെ."

24"നിങ്ങൾ കേൾക്കുന്നത് എന്ത് എന്നു സൂ
ക്ഷിച്ചുകൊൾവിൻ," അദ്ദേഹം തുടർന്നു:
"നിങ്ങൾ അളക്കുന്ന അളവുകൊണ്ടു നിങ്ങൾ

[a] 12 യെശയ്യാവ് 6: 9, 10

ക്കും അളന്നുകിട്ടും; അതിൽ കൂടുതലും കിട്ടും.
25ഉള്ളവന് അധികം നല്കപ്പെടും; ഇല്ലാത്തവ
നിൽ നിന്ന് അവനുള്ളതുകൂടി എടുത്തു
കളയും."

വളരുന്ന വിത്തിന്റെ ഉപമ

26 അദ്ദേഹം വീണ്ടും പറഞ്ഞു: "ദൈവരാജ്യം
ഒരു മനുഷ്യൻ നിലത്തു വിത്തു വിതറുന്നതിനു
തുല്യമാണ്. 27രാത്രിയും പകലും, അയാൾ
ഉറങ്ങിയും ഉണർന്നും ഇരിക്കെ, വിത്തു മുളച്ചു
വളർന്നു വരുന്നു; എങ്ങനെയെന്ന് അയാൾ
അറിയുന്നില്ല. 28ആദ്യം തണ്ട്, പിന്നെ കതിർ
ക്കുല, പിന്നെ കതിർക്കുലയിൽ ധാന്യമണി
കൾ; ഇങ്ങനെ ഭൂമി സ്വയമായി ധാന്യം ഉല്പാ
ദിപ്പിക്കുന്നു. 29ധാന്യം വിളഞ്ഞാൽ ഉടനെ,
കൊയ്ത്തുകാലം വന്നതുകൊണ്ട് അയാൾ
അതിന് അരിവാൾ വയ്ക്കുന്നു.

കടുകുമണിയുടെ ഉപമ

30അദ്ദേഹം വീണ്ടും പറഞ്ഞു: "ദൈവരാജ്യ
ത്തെ എന്തിനോടു സദൃശപ്പെടുത്താം?
അല്ലെങ്കിൽ ഏതു ഉപമയാൽ അതിനെ വിശദീ
കരിക്കാം? 31അതൊരു കടുകുമണിയോടു
സദൃശം; അതു നിങ്ങൾ മണ്ണിൽ നടുന്ന
വിത്തുകളിൽ ഏറ്റവും ചെറുതാണ്. 32എങ്കിലും
നട്ടുകഴിഞ്ഞാൽ, അതു വളർന്ന് ഉദ്യാനത്തിലെ
ചെടികളിൽ ഏറ്റവും വലുതായിത്തീരുകയും
ആകാശത്തിലെ പക്ഷികൾ അതിന്റെ തണ
ലിൽ കൂടുവയ്ക്കത്തക്കവിധം വലിയ ശാഖകൾ
ഉണ്ടാകുകയും ചെയ്യുന്നു."

33അവർക്കു മനസ്സിലാക്കുവാൻ കഴിയുന്ന
വിധം ഇതുപോലെയുള്ള അനേകം ഉപമക
ളിലൂടെ യേശു അവരോടു വചനം സംസാരിച്ചു.
34ഉപമകളിലൂടെയല്ലാതെ അദ്ദേഹം അവരോട്
ഒന്നും പറഞ്ഞില്ല. എന്നാൽ അദ്ദേഹം തന്റെ
ശിഷ്യന്മാരോടുകൂടെ തനിച്ചായിരുന്നപ്പോൾ
അവർക്ക് എല്ലാം വിശദീകരിച്ചു കൊടുത്തു.

യേശു കൊടുങ്കാറ്റിനെ ശാന്തമാക്കുന്നു

35അന്നു വൈകുന്നേരം അദ്ദേഹം ശിഷ്യന്മാ
രോട്: "നമുക്കു മറുകരയ്ക്കു പോകാം" എന്നു
പറഞ്ഞു. 36ജനക്കൂട്ടത്തെ വിട്ട് അവർ ഇരുന്ന
വഞ്ചിയിൽത്തന്നേ അദ്ദേഹത്തെ മറുകരയി
ലേക്കു കൊണ്ടുപോയി. മറ്റു വഞ്ചികളും ഒപ്പം
ഉണ്ടായിരുന്നു. 37അപ്പോൾ ഉഗ്രമായ ഒരു
കൊടുങ്കാറ്റ് ഉണ്ടായി; തിരകൾ വഞ്ചിയിൽ
ആഞ്ഞടിച്ചു; അതു മുങ്ങാറായി. 38യേശു
അമരത്തു തലയണ വച്ച് ഉറങ്ങുകയായിരുന്നു.
ശിഷ്യന്മാർ അദ്ദേഹത്തെ ഉണർത്തിയിട്ട്:
"ഗുരോ, ഞങ്ങൾ നശിക്കുന്നതിൽ അങ്ങേ
യ്ക്കു വിചാരം ഇല്ലേ?" എന്നു ചോദിച്ചു.
39അദ്ദേഹം എഴുന്നേറ്റു കാറ്റിനെ ശാസിച്ചു,
തിരകളോട്: "അടങ്ങുക, ശാന്തമാകുക" എന്നു
കല്പിച്ചു. അപ്പോൾ കാറ്റു നിലച്ചു; വലിയ
ശാന്തത ഉണ്ടായി.
40അദ്ദേഹം ശിഷ്യന്മാരോട്: "നിങ്ങൾ
ഇങ്ങനെ ഭയപ്പെടുന്നതെന്ത്? നിങ്ങൾക്ക്
ഇപ്പോഴും വിശ്വാസം ഇല്ലേ?" എന്നു ചോദിച്ചു.
41അവർ വളരെ ഭയപ്പെട്ടു. "ഇദ്ദേഹം
ആരാണ്? കാറ്റും കടലുംപോലും ഇദ്ദേഹത്തെ
അനുസരിക്കുന്നുവല്ലോ" എന്നു തമ്മിൽ
പറഞ്ഞു.

ഭൂതബാധിതനെ സൗഖ്യമാക്കുന്നു

5 അവർ കടലിന്റെ മറുകരയിലുള്ള ഗരസേ
ന്യരുടെ[a] ദേശത്തേക്കു പോയി. 2യേശു
വഞ്ചിയിൽനിന്ന് ഇറങ്ങിയപ്പോൾ ദുരാത്മാ
വുള്ള ഒരു മനുഷ്യൻ ശവക്കല്ലറകൾക്കിട
യിൽനിന്ന് അദ്ദേഹത്തിന്റെ നേരെ വന്നു.
3ഈമനുഷ്യൻ കല്ലറകളിലാണ് പാർത്തി
രുന്നത്. ചങ്ങലകൊണ്ടുപോലും ആർക്കും
അയാളെ ബന്ധിക്കുവാൻ കഴിഞ്ഞിരുന്നില്ല.
4പലപ്പോഴും അയാളുടെ കൈകാലുകൾ ചങ്ങ
ലകൊണ്ടും, വിലങ്ങുകൊണ്ടും ബന്ധിച്ചി
രുന്നുവെങ്കിലും അയാൾ ചങ്ങല വലിച്ചു
പൊട്ടിക്കുകയും കാൽവിലങ്ങ് ഉരുമ്മിയൊടിച്ചു
കളയുകയും ചെയ്തിരുന്നു. അയാളെ ആർക്കും
കീഴടക്കുവാൻ കഴിഞ്ഞില്ല. 5രാവും പകലും
കല്ലറകൾക്കിടയിലും കുന്നുകളിലും നിന്ന്
അയാൾ നിലവിളിക്കുകയും കല്ലുകൊണ്ട്
സ്വയം മുറിവേല്പിക്കുകയും ചെയ്തുപോന്നു.
6യേശുവിനെ ദൂരെനിന്നുതന്നേ കണ്ടിട്ട്
അയാൾ ഓടിച്ചെന്ന് അദ്ദേഹത്തിന്റെ മുമ്പിൽ
മുട്ടുകുത്തി. 7"യേശുവേ, അത്യുന്നതനായ
ദൈവത്തിന്റെ പുത്രാ, എന്നോട് അങ്ങേയ്ക്ക്
എന്തു കാര്യം? ദൈവനാമത്തിൽ ഞാൻ അപേ
ക്ഷിക്കുന്നു; എന്നെ പീഡിപ്പിക്കരുതേ" എന്ന്
അത്യുച്ചത്തിൽ വിളിച്ചുപറഞ്ഞു. 8"ദുരാ
ത്മാവേ, ഇവനിൽനിന്നു പുറത്തുപോകുക"
എന്ന് യേശു കല്പിച്ചിരുന്നു.
9പിന്നെ യേശു അയാളോട്: "നിന്റെ
പേരെന്താണ്?" എന്നു ചോദിച്ചു.
"എന്റെ പേര് ലെഗ്യോൻ; ഞങ്ങൾ
പലരാകുന്നു. " അയാൾ ഉത്തരം പറഞ്ഞു.
10തങ്ങളെ ആ പ്രദേശത്തുനിന്നു പറഞ്ഞ
യയ്ക്കരുതെന്ന് അയാൾ യേശുവിനോടു
കേണപേക്ഷിച്ചു.
11അടുത്തുള്ള കുന്നിൻചെരുവിൽ ഒരു
വലിയ പന്നിക്കൂട്ടം മേഞ്ഞുകൊണ്ടിരുന്നു.
12ദുരാത്മാക്കൾ യേശുവിനോട്: "ഞങ്ങളെ

[a] 1 ചില കയ്യെഴുത്തുപ്രതികളിൽ *ഗദരേന്യരുടെ*; മറ്റു ചിലതിൽ, *ഗർസേന്യരുടെ*

പന്നികളിലേക്ക് അയയ്ക്കേണമേ; അവയിൽ പ്രവേശിക്കുവാൻ ഞങ്ങളെ അനുവദിക്കേണമേ." എന്ന് അപേക്ഷിച്ചു. 13അദ്ദേഹം അവയ്ക്ക് അനുവാദംകൊടുത്തു; ദുരാത്മാക്കൾ പുറത്തുവന്നു പന്നികളിൽ കടന്നു. രണ്ടായിരത്തോളം വരുന്ന ആ കൂട്ടം കുത്തനെയുള്ള മലഞ്ചെരുവിലൂടെ കടലിലേക്കു പാഞ്ഞു ശ്വാസം മുട്ടിച്ചത്തു.

14പന്നികളെ മേയിച്ചുകൊണ്ടിരുന്നവർ ഓടിച്ചെന്നു പട്ടണത്തിലും നാട്ടിൻപുറങ്ങളിലും ഇത് അറിയിച്ചു. സംഭവിച്ചത് എന്താണെന്നു കാണുവാൻ ജനങ്ങൾ വന്നു കൂടി. 15അവർ യേശുവിന്റെ അടുക്കൽ എത്തിയപ്പോൾ, ഭൂതബാധിതനായ മനുഷ്യൻ വസ്ത്രംധരിച്ച്, സുബോധത്തോടെ അവിടെ ഇരിക്കുന്നതു കണ്ടു; അവർ വിസ്മയഭരിതരായി. 16ഭൂതഗ്രസ്തനു സംഭവിച്ചതെന്തെന്ന് നേരിൽ കണ്ടവർ അതു ജനങ്ങളോടു പറഞ്ഞു. പന്നികളുടെ കാര്യവും അവർ പറഞ്ഞു. 17അപ്പോൾ ജനങ്ങൾ യേശുവിനോടു തങ്ങളുടെ ദേശം വിട്ടുപോകുവാൻ അപേക്ഷിച്ചു.

18യേശു വഞ്ചിയിൽ കയറുമ്പോൾ, ഭൂതഗ്രസ്തനായിരുന്ന മനുഷ്യൻ അദ്ദേഹത്തോടൊപ്പം പോകുവാൻ അനുവാദം ചോദിച്ചു. 19യേശു അവനെ അനുവദിക്കാതെ, "നീ വീട്ടിലേക്കു പോയി, കർത്താവു നിനക്കുവേണ്ടി എന്തെല്ലാം ചെയ്തുവെന്നും നിന്നോട് എങ്ങനെ കരുണ കാണിച്ചുവെന്നും അവിടെയുള്ളവരോടു പറയുക" എന്നു പറഞ്ഞു. 20ആ മനുഷ്യൻ പോയി യേശു തനിക്കു ചെയ്ത തെല്ലാം ദെക്കപ്പൊലിയിൽ[a] അറിയിച്ചു. ജനങ്ങൾ ആശ്ചര്യപ്പെട്ടു.

മരിച്ച പെൺകുട്ടിയും രോഗിയായ സ്ത്രീയും

21യേശു വീണ്ടും വഞ്ചിയിൽക്കയറി തടാകത്തിന്റെ മറുകരയിൽ ചെന്നപ്പോൾ ഒരു വലിയ ജനക്കൂട്ടം അദ്ദേഹത്തിനു ചുറ്റും വന്നുകൂടി. 22പള്ളിയിലെ അധികാരികളിൽ ഒരാളായ യായിറോസ് അവിടെ വന്നു. അയാൾ യേശുവിനെ കണ്ട് അദ്ദേഹത്തിന്റെ കാൽക്കൽവീണ് "എന്റെ കുഞ്ഞുമകൾ മരിക്കാറായിരിക്കുന്നു; 23അവൾ സുഖം പ്രാപിച്ചു ജീവിക്കേണ്ടതിന് അങ്ങു ദയവായി വന്ന് അവളുടെമേൽ കൈ വയ്ക്കേണമേ" എന്നു കേണപേക്ഷിച്ചു. 24യേശു അയാളോടു കൂടെപോയി.

വലിയ ജനക്കൂട്ടം അദ്ദേഹത്തെ പിൻതുടരുകയും തിക്കിത്തിരക്കുകയും ചെയ്തു. 25പന്ത്രണ്ടു വർഷമായി രക്തസ്രവമുള്ള ഒരു സ്ത്രീ അവിടെ ഉണ്ടായിരുന്നു. 26പല വൈദ്യന്മാരുടെയും ചികിത്സയാൽ അവൾ കഷ്ടപ്പെടുകയും തനിക്കുള്ളതെല്ലാം ചിലവഴിക്കുകയും ചെയ്തിട്ടും അവളുടെ സ്ഥിതി മെച്ചപ്പെടാതെ മോശമായിക്കൊണ്ടിരുന്നു. 27യേശുവിനെപ്പറ്റി കേട്ടിരുന്ന അവൾ ജനക്കൂട്ടത്തിൽ അദ്ദേഹത്തിന്റെ പിന്നിൽ എത്തി അങ്കിയിൽ തൊട്ടു. 28കാരണം, "അദ്ദേഹത്തിന്റെ വസ്ത്രത്തിൽ ഒന്നു തൊട്ടാൽ എനിക്കു സൗഖ്യം ലഭിക്കും" എന്ന് അവൾ ചിന്തിച്ചു. 29ഉടനേ അവളുടെ രക്തസ്രവം നിലച്ചു. രോഗം മാറിയതായി അവൾ ശരീരത്തിൽ അനുഭവിച്ചറിഞ്ഞു.

30തന്നിൽനിന്നു ശക്തി പുറപ്പെട്ടതായി അപ്പോൾത്തന്നെ യേശു മനസ്സിലാക്കി. ജനമധ്യേ തിരിഞ്ഞുനിന്ന് അദ്ദേഹം: "ആരാണ് എന്റെ വസ്ത്രത്തിൽ തൊട്ടത്?" എന്നു ചോദിച്ചു.

31"ജനങ്ങൾ അങ്ങയെ തിക്കുന്നതു കാണുന്നില്ലേ?" ശിഷ്യന്മാർ ചോദിച്ചു. "എന്നിട്ടും ആരാണ് എന്നെ തൊട്ടത്?" എന്നു അങ്ങു ചോദിക്കുന്നത് എന്താണ്?"

32എന്നാൽ അതു ചെയ്തത് ആരാണ് എന്നു അറിയുവാൻ യേശു ചുറ്റും നോക്കി. 33തനിക്കു സംഭവിച്ചത് അറിഞ്ഞിട്ട് ആ സ്ത്രീ ഭയന്നു വിറച്ചുകൊണ്ട് വന്ന് അദ്ദേഹത്തിന്റെ കാല്ക്കൽ വീണു; സത്യമെല്ലാം തുറന്നു പറഞ്ഞു. 34അദ്ദേഹം അവളോട്: "മകളേ, നിന്റെ വിശ്വാസം നിന്നെ രക്ഷിച്ചിരിക്കുന്നു; സമാധാനത്തോടെ പോയി രോഗത്തിൽ നിന്നു സ്വതന്ത്രയായി ജീവിക്കുക" എന്നു പറഞ്ഞു.

35യേശു ഇങ്ങനെ സംസാരിച്ചുകൊണ്ടിരുന്നപ്പോൾത്തന്നേ, പള്ളിയിലെ അധികാരിയായയായിറോസിന്റെ വീട്ടിൽനിന്നു ചില ആളുകൾ വന്ന് "താങ്കളുടെ മകൾ മരിച്ചുപോയി, ഇനി ഗുരുവിനെ ബുദ്ധിമുട്ടിക്കുന്നത് എന്തിന്?" എന്നു പറഞ്ഞു.

36അവർ പറഞ്ഞതു ഗൗനിക്കാതെ യേശു അധികാരിയോട്: "ഭയപ്പെടേണ്ടാ, വിശ്വസിക്കമാത്രം ചെയ്യുക" എന്നു പറഞ്ഞു.

37പത്രൊസും യാക്കോബും യാക്കോബിന്റെ സഹോദരനായ യോഹന്നാനും അല്ലാതെ മറ്റാരും തന്നോടൊപ്പം ചെല്ലുവാൻ യേശു അനുവദിച്ചില്ല. 38അവർ അധികാരിയുടെ വീട്ടിൽ എത്തിയപ്പോൾ, ജനങ്ങൾ നിലവിളിച്ചും ഉറക്കെ കരഞ്ഞും ബഹളം കൂട്ടുന്നത് യേശു കണ്ടു. 39അദ്ദേഹം അകത്തുചെന്ന് അവരോട്: "എന്തിനാണ് ഈ ബഹളവും കരച്ചിലും? കുട്ടി മരിച്ചിട്ടില്ല, ഉറങ്ങുകയാണ്" എന്നു പറഞ്ഞു. 40അവരോ അദ്ദേഹത്തെ പരിഹസിച്ചു.

യേശു, അവരെ എല്ലാം പുറത്താക്കിയതിനുശേഷം കുട്ടിയുടെ അപ്പനെയും അമ്മ

[a] 20 അതായത്, പത്തു പട്ടണങ്ങൾ

യെയും തന്നോടുകൂടെയുണ്ടായിരുന്ന ശിഷ്യന്മാരെയും കൂട്ടിക്കൊണ്ട് അകത്തു കൂട്ടികിടക്കുന്നേടത്തു ചെന്നു. 41അവളുടെ കൈക്കു പിടിച്ച് അദ്ദേഹം അവളോട്: *"തലീഥാ കൂമി"* എന്നു പറഞ്ഞു. "ബാലികേ, എഴുന്നേല്ക്കുക എന്നു ഞാൻ നിന്നോടു പറയുന്നു" എന്നാണ് അതിന്റെ അർത്ഥം. 42ഉടൻതന്നേ ബാലിക എഴുന്നേറ്റു നടന്നു. അവൾക്കു പന്ത്രണ്ടു വയസ്സുണ്ടായിരുന്നു. ഇതിൽ അവർ അത്യന്തം വിസ്മയിച്ചു. 43സംഭവിച്ചത് ആരും അറിയരുതെന്ന് അദ്ദേഹം അവരോടു കർശനമായി കല്പിച്ചു. അവൾക്ക് എന്തെങ്കിലും ആഹാരം കൊടുക്കുവാൻ അദ്ദേഹം അവരോടു പറഞ്ഞു.

ബഹുമാനം ലഭിക്കാത്ത പ്രവാചകൻ

6 യേശു അവിടം വിട്ടു സ്വദേശത്തേക്കു പോയി. ശിഷ്യന്മാരും അദ്ദേഹത്തോടൊപ്പം ഉണ്ടായിരുന്നു. 2ശബ്ബത്തുദിവസം അദ്ദേഹം പള്ളിയിൽ പഠിപ്പിക്കുവാൻ തുടങ്ങി. പലരും അതു കേട്ട് ആശ്ചര്യപ്പെട്ടു.

"ഈ മനുഷ്യന് ഇവയെല്ലാം എവിടെനിന്നു കിട്ടി? എന്തൊരു ജ്ഞാനമാണ് ഇയാൾക്കു ലഭിച്ചിരിക്കുന്നത്? എന്ത് അത്ഭുതങ്ങളാണ് ഇയാൾ ചെയ്യുന്നത്? 3ഇത് ആ മരപ്പണിക്കാരനല്ലേ? മറിയയുടെ മകനും യാക്കോബ്, യോസെ[a] യൂദാ, ശിമോൻ എന്നിവരുടെ സഹോദരനും അല്ലേ ഇയാൾ? ഇയാളുടെ സഹോദരിമാരും ഇവിടെനമ്മോടുകൂടെ ഇല്ലേ?" എന്ന് അവർ ചോദിച്ചു. അങ്ങനെ അദ്ദേഹത്തിന്റെ നേരെ അവർക്ക് ഇടർച്ചയുണ്ടായി.

4യേശു അവരോട്: "ഒരു പ്രവാചകൻ ബഹുമാനിക്കപ്പെടാത്തത് അവന്റെ സ്വദേശത്തും ചാർച്ചക്കാരുടെയിടയിലും സ്വന്തം ഭവനത്തിലും മാത്രമാണ്" എന്നു പറഞ്ഞു. 5ഏതാനും ചില രോഗികളുടെമേൽ കൈവച്ച് അവരെ സൗഖ്യമാക്കിയതല്ലാതെ അവിടെ അത്ഭുതപ്രവൃത്തികളൊന്നും ചെയ്യാൻ അദ്ദേഹത്തിനു കഴിഞ്ഞില്ല. 6അവരുടെ അവിശ്വാസംനിമിത്തം അദ്ദേഹം ആശ്ചര്യപ്പെട്ടു.

യേശു പന്ത്രണ്ടുപേരെ അയയ്ക്കുന്നു

അതിനുശേഷം യേശു ഗ്രാമങ്ങൾതോറും ചുറ്റിസഞ്ചരിച്ചു പഠിപ്പിച്ചുകൊണ്ടിരുന്നു. 7അദ്ദേഹം ആ പന്ത്രണ്ടുപേരെ അടുക്കൽ വിളിച്ച് അശുദ്ധാത്മാക്കളുടെമേൽ അധികാരംനല്കി. അവരെ ഈരണ്ടു പേരായി അയച്ചു.

8"യാത്രയ്ക്ക് ഒരു വടി അല്ലാതെ അപ്പമോ, സഞ്ചിയോ, മടിയിൽ പണമോ നിങ്ങൾ എടുക്കരുത്. 9ചെരിപ്പു ധരിക്കാം, ഒന്നിലധികം വസ്ത്രം അരുത്. 10ഏതെങ്കിലും വീട്ടിൽ പ്രവേശിച്ചാൽ ആ പട്ടണം വിട്ടു പോകുന്നതുവരെ അവിടെത്തന്നേ പാർക്കുവിൻ. 11ഏതെങ്കിലും സ്ഥലത്തു നിങ്ങൾക്കു സ്വാഗതം ലഭിക്കാതെയും അവിടെയുള്ളവർ നിങ്ങളുടെ വാക്കു കേൾക്കാതെയും ഇരുന്നാൽ അവിടംവിട്ടുപോകുമ്പോൾ, അവർക്കെതിരേ സാക്ഷ്യത്തിനായി നിങ്ങളുടെ പാദങ്ങളിലെ പൊടികുടഞ്ഞുകളയുവിൻ" - ഇവയായിരുന്നു അദ്ദേഹത്തിന്റെ നിർദ്ദേശങ്ങൾ.

12അവർ പോയി ജനങ്ങൾ മാനസാന്തരപ്പെടണമെന്നു പ്രസംഗിച്ചു; 13അനവധി ഭൂതങ്ങളെ പുറത്താക്കുകയും അനേകം രോഗികളുടെമേൽ എണ്ണപൂശി അവരെ സൗഖ്യമാക്കുകയും ചെയ്തു.

യോഹന്നാൻ സ്നാപകന്റെ ശിരച്ഛേദം

14ഹെരോദാരാജാവ് ഇതേപ്പറ്റി കേട്ടു; കാരണം യേശുവിന്റെ പേരു പ്രസിദ്ധമായിക്കഴിഞ്ഞിരുന്നു. "യോഹന്നാൻ സ്നാപൻ മരിച്ചവരിൽനിന്ന് എഴുന്നേറ്റിരിക്കുന്നു. അതുകൊണ്ടാണ് അദ്ദേഹത്തിൽ ഈ അത്ഭുതശക്തികൾ വ്യാപരിക്കുന്നത്" എന്നു ചിലർ പറഞ്ഞു.

15മറ്റുചിലർ: "അദ്ദേഹം ഏലിയാവ് ആകുന്നു" എന്നു പറഞ്ഞു.

വേറേ ചിലർ: "അദ്ദേഹം പുരാതന പ്രവാചകന്മാരെപ്പോലെയുള്ള ഒരു പ്രവാചകനാണ്" എന്ന് അഭിപ്രായപ്പെട്ടു.

16എന്നാൽ ഹെരോദാവു ഇതുകേട്ടപ്പോൾ: "ഞാൻ ശിരച്ഛേദം ചെയ്യിച്ച യോഹന്നാൻ മരിച്ചവരിൽനിന്ന് എഴുന്നേറ്റിരിക്കുന്നു" എന്നു പറഞ്ഞു.

17യോഹന്നാനെ ബന്ധനസ്ഥനാക്കി കാരാഗൃഹത്തിൽ അടയ്ക്കുവാൻ കല്പന കൊടുത്തതു ഹെരോദാവ് ആയിരുന്നു. ഹെരോദ്യനിമിത്തം ആയിരുന്നു അയാൾ ഇതു ചെയ്തത്. അയാൾ തന്റെ സഹോദരനായ ഫീലിപ്പോസിന്റെ ഭാര്യ ഹെരോദ്യയെ വിവാഹം കഴിച്ചിരുന്നു.

18"സഹോദരന്റെ ഭാര്യയെ സ്വീകരിക്കുന്നതു നിയമവിരുദ്ധമാണ്" എന്നു ഹെരോദാവിനോട് യോഹന്നാൻ പറഞ്ഞിരുന്നു. 19അതുകൊണ്ട് ഹെരോദ്യയ്ക്ക് യോഹന്നാന്റെ നേരെ പക ഉണ്ടായിരുന്നു. അദ്ദേഹത്തെ കൊന്നുകളയുവാൻ അവൾ ആഗ്രഹിച്ചു. എന്നാൽ അവൾക്ക് അതു കഴിഞ്ഞില്ല. 20എന്തെന്നാൽ യോഹന്നാൻ നീതിമാനും വിശുദ്ധനുമാണെന്നറിഞ്ഞു ഹെരോദാവ്

[a] 3 *യോസെ* എന്നത് *യോസേഫ്* എന്നതിന്റെ മറ്റൊരു രൂപമാണ്.

അദ്ദേഹത്തെ ഭയപ്പെടുകയും പരിരക്ഷിക്കുകയും ചെയ്തിരുന്നു. യോഹന്നാന്റെ വചനം കേട്ടു ഹെരോദാവ് അസ്വസ്ഥനായി എങ്കിലും അതു സന്തോഷത്തോടെ കേട്ടുപോന്നു.

21ഒടുവിൽ ഒരവസരം ഉണ്ടായി. ഹെരോദാവ് തന്റെ ജന്മദിനത്തിൽ, ഉന്നതോദ്യോഗസ്ഥർക്കും സൈനികാധികാരികൾക്കും ഗലീലയിലെ പ്രമുഖർക്കും വേണ്ടി ഒരു വിരുന്നു നടത്തി. 22ഹെരോദ്യയുടെ മകൾ അകത്തു വന്നു നൃത്തം ചെയ്ത് ഹെരോദാവിനെയും അതിഥികളെയും സന്തോഷിപ്പിച്ചു.

രാജാവ് പെൺകുട്ടിയോട്: "നിനക്ക് ആഗ്രഹമുള്ളതെന്തും എന്നോടു ചോദിച്ചു കൊള്ളുക, അതു ഞാൻ നിനക്കു തരാം" എന്നു പറഞ്ഞു. 23"നീ എന്തു ചോദിച്ചാലും, രാജ്യത്തിന്റെ പകുതിയായാൽപോലും ഞാൻ നിനക്കു തരും" എന്ന് അയാൾ അവളോടു സത്യം ചെയ്തു പറഞ്ഞു.

24അവൾ പുറത്തുപോയി "ഞാൻ എന്താണു ചോദിക്കേണ്ടത്?" എന്ന് അമ്മയോടു ചോദിച്ചു.

"യോഹന്നാൻസ്നാപകന്റെ തല ആവശ്യപ്പെടുക" അവൾ പറഞ്ഞു.

25ഉടനെതന്നെ, പെൺകുട്ടി വേഗത്തിൽ രാജാവിന്റെ അടുക്കൽ തിരിച്ചെത്തി. "യോഹന്നാൻസ്നാപകന്റെ തല ഇപ്പോൾത്തന്നെ ഒരു തളികയിലാക്കി എനിക്കു തരണം" എന്ന് അപേക്ഷിച്ചു.

26രാജാവ് അത്യന്തം ദുഃഖിതനായി, എന്നാൽ വിരുന്നുകാരുടെ മുമ്പിൽ ചെയ്ത സത്യം നിമിത്തം അവളുടെ അപേക്ഷ നിരസിക്കാൻ അയാൾക്കു നിവൃത്തിയില്ലാതായി. 27അതുകൊണ്ട് അയാൾ ഉടൻതന്നേ യോഹന്നാന്റെ തല കൊണ്ടുവരുന്നതിനുള്ള കല്പന യുമായി ഒരു പടയാളിയെ അയച്ചു. അയാൾ ചെന്ന് കാരാഗൃഹത്തിൽവച്ച് യോഹന്നാന്റെ തലവെട്ടി 28ഒരു തളികയിലാക്കി കൊണ്ടുവന്നു; അയാൾ അതു പെൺകുട്ടിക്കു കൊടുത്തു. അത് അവൾ അമ്മയ്ക്കു നല്കി. 29ഇതു കേട്ട് യോഹന്നാന്റെ ശിഷ്യന്മാർ വന്ന് അദ്ദേഹത്തിന്റെ ശരീരം എടുത്ത് ഒരു കല്ലറയിൽ സംസ്കരിച്ചു.

യേശു അയ്യായിരം പേർക്ക്
ആഹാരം നല്കുന്നു

30അപ്പൊസ്തലന്മാർ യേശുവിന്റെ അടുക്കൽ വന്നു തങ്ങൾ ചെയ്തതും ഉപദേശിച്ചതുമെല്ലാം അദ്ദേഹത്തെ അറിയിച്ചു. 31ധാരാളം ആളുകൾ വരികയും പോകുകയും ചെയ്തിരുന്നതുകൊണ്ട് അവർക്ക് ആഹാരം കഴിക്കുവാൻപോലും അവസരം ലഭിച്ചില്ല. അതുകൊണ്ട് അദ്ദേഹം അവരോട്: "നിങ്ങൾ എന്റെകൂടെ ഒരു വിജനസ്ഥലത്തു വന്നു അല്പം വിശ്രമിക്കുക" എന്നു പറഞ്ഞു.

32അങ്ങനെ അവർ വഞ്ചിയിൽ കയറി ഒരു വിജനസ്ഥലത്തേക്കു പോയി. 33എന്നാൽ അവർ പോകുന്നതു കണ്ട് അവരെ തിരിച്ചറിഞ്ഞ അനേകം ആളുകൾ എല്ലാ പട്ടണങ്ങളിൽനിന്നും ഓടി അവർക്കുമുമ്പേ ആ സ്ഥലത്തെത്തി. 34കരയ്ക്കിറങ്ങിയപ്പോൾ യേശു ഒരു വലിയ ജനക്കൂട്ടത്തെ കണ്ടു; അവർ ഇടയനില്ലാത്ത ആടുകളെപ്പോലെ ആയിരുന്നതിനാൽ അവരിൽ മനസ്സലിഞ്ഞ് 35 അദ്ദേഹം അവരെ പല കാര്യങ്ങളും പഠിപ്പിക്കാൻ തുടങ്ങി. നേരം വൈകിയപ്പോൾ അദ്ദേഹത്തിന്റെ ശിഷ്യന്മാർ അടുത്തെത്തി. "ഇതൊരു വിജനസ്ഥലമാണ്," അവർ പറഞ്ഞു: "നേരം വളരെ വൈകിയിരിക്കുന്നു. 36ചുറ്റുമുള്ള പ്രദേശങ്ങളിലും ഗ്രാമങ്ങളിലും പോയി എന്തെങ്കിലും ഭക്ഷണസാധനങ്ങൾ വാങ്ങുവാൻ ജനങ്ങളെ പറഞ്ഞയച്ചാലും."

37അതിനു യേശു: "നിങ്ങൾ അവർക്ക് എന്തെങ്കിലും ഭക്ഷിക്കാൻ കൊടുക്കുവിൻ" എന്നു പറഞ്ഞു.

"അതിന് ഇരുനൂറ് വെള്ളിക്കാശ്[a] വേണ്ടി വരും. ഞങ്ങൾ പോയി അത്രയും ചെലവാക്കി അപ്പം വാങ്ങി അവർക്കു ഭക്ഷിക്കാൻ കൊടുക്കണമോ?" എന്നു അവർ അദ്ദേഹത്തോടു ചോദിച്ചു. 38അദ്ദേഹം അവരോട്: "നിങ്ങളുടെ പക്കൽ എത്ര അപ്പം ഉണ്ട്? പോയി നോക്കുവിൻ" എന്നു പറഞ്ഞു.

അവർ നോക്കിയിട്ട്, "അഞ്ച്; രണ്ടു മീനും ഉണ്ട്" എന്നു പറഞ്ഞു.

39ജനങ്ങളെ പച്ചപ്പുല്പ്പുറത്തു പന്തിപന്തിയായി ഇരുത്തുവാൻ യേശു അവരോടു പറഞ്ഞു. 40അവർ നൂറും അമ്പതും വീതം നിരനിരയായി നിലത്തിരുന്നു. 41അദ്ദേഹം അഞ്ച് അപ്പവും രണ്ടുമീനും എടുത്തു സ്വർഗ്ഗത്തേയ്ക്ക് നോക്കി വാഴ്ത്തി, അപ്പം നുറുക്കി. ജനങ്ങൾക്കു വിളമ്പിക്കൊടുക്കുവാൻ അതു ശിഷ്യന്മാരെ ഏല്പിച്ചു. ആ രണ്ടു മീനും അദ്ദേഹം എല്ലാവർക്കുമായി പങ്കിട്ടു. 42എല്ലാവരും തിന്നു തൃപ്തരായി; 43ശേഷിച്ച അപ്പനുറുക്കുകളും മീനും പന്ത്രണ്ടു കുട്ട നിറയെ ശേഖരിച്ചു. 44ഭക്ഷണം കഴിച്ച പുരുഷന്മാർ അയ്യായിരം പേരായിരുന്നു.

യേശു വെള്ളത്തിനുമീതെ നടക്കുന്നു

45ജനക്കൂട്ടത്തെ പിരിച്ചുവിടുന്നതിനിടയിൽ, യേശു തന്റെ ശിഷ്യന്മാരെ തനിക്കുമുമ്പേ ബേത്ത്സയിദയിലേക്കയച്ചു. 46അവരെ പറഞ്ഞയച്ചതിനുശേഷം അദ്ദേഹം പ്രാർത്ഥിക്കുന്നതിന് ഒരു മലയിലേക്കു പോയി.

[a] 37 ഗ്രീക്കിൽ ഇരുനൂറ് ദിനാർ ഈ തുക കൊണ്ട് ഒരാൾക്ക് എട്ടുമാസം കൂലി കൊടുക്കാം.

47സന്ധ്യയായപ്പോൾ വഞ്ചി തടാകത്തിന്റെ
നടുവിലും അദ്ദേഹം തനിച്ചു കരയിലും
ആയിരുന്നു, 48കാറ്റു പ്രതികൂലമായിരുന്നതു
കൊണ്ടു ശിഷ്യന്മാർ വഞ്ചി തുഴഞ്ഞു
ക്ലേശിക്കുന്നതു യേശു കണ്ടു. രാത്രിയുടെ
നാലാം യാമത്തിൽ അദ്ദേഹം തടാകത്തി
നുമീതെ നടന്ന് അവരുടെ അടുത്തെത്തി;
അവരെ കടന്നുപോകുവാൻ ഭാവിച്ചു.
49അദ്ദേഹം വെള്ളത്തിനുമീതെ നടക്കുന്നതു
കണ്ട് അതൊരു ഭൂതമായിരിക്കുമെന്ന് അവർ
വിചാരിച്ചു. 50അദ്ദേഹത്തെ കണ്ട്
അവരെല്ലാവരും ഭയന്നു നിലവിളിച്ചു.

ഉടനെ അദ്ദേഹം അവരോട്: "ധൈര്യ
പ്പെടുവിൻ, ഞാൻ ആകുന്നു, ഭയപ്പെടേണ്ടാ"
എന്നു പറഞ്ഞു. 51പിന്നെ അദ്ദേഹം അവരോ
ടൊപ്പം വഞ്ചിയിൽ കയറി; കാറ്റു ശമിച്ചു. അവർ
തികച്ചും ആശ്ചര്യഭരിതരായി. 52അവരുടെ
ഹൃദയം കഠിനപ്പെട്ടിരുന്നതുകൊണ്ട് അപ്പ
ത്തിന്റെ സംഭവം അവർ ഗ്രഹിച്ചിരുന്നില്ല.

53അവർ തടാകത്തിന്റെ മറുകരെ ഗെന്നേ
സരത്തിൽ എത്തി വഞ്ചി അവിടെ അടുപ്പിച്ചു.
54വഞ്ചിയിൽ നിന്നിറങ്ങിയ ഉടനെ ജനങ്ങൾ
യേശുവിനെ തിരിച്ചറിഞ്ഞു. 55 അവർ ആ
പ്രദേശത്തെല്ലാം ഓടിനടന്ന് യേശു ഉണ്ടെന്നു
കേട്ട സ്ഥലങ്ങളിലേക്കു രോഗികളെ കിടക്കക
ളിൽ എടുത്തുകൊണ്ടുവന്നു. 56ഗ്രാമങ്ങളിലും
പട്ടണങ്ങളിലും നാട്ടിൻ പുറങ്ങളിലും അദ്ദേഹം
പോയിടത്തെല്ലാം അവർ രോഗികളെ കൊണ്ടു
വന്നു ചന്തസ്ഥലങ്ങളിൽ കിടത്തി. അദ്ദേഹ
ത്തിന്റെ വസ്ത്രത്തിന്റെ വിളുമ്പിലെങ്കിലും
തൊടാനുള്ള അനുവാദത്തിനായി അവർ
അപേക്ഷിച്ചു. അദ്ദേഹത്തെ തൊട്ടവരെല്ലാം
സൗഖ്യം പ്രാപിച്ചു.

ശുദ്ധവും അശുദ്ധവും

7 യെരൂശലേമിൽ നിന്നുവന്ന പരീശരും വേദ
ജ്ഞരിൽ ചിലരും യേശുവിന്റെ ചുറ്റും
കൂടി. 2അദ്ദേഹത്തിന്റെ ശിഷ്യന്മാരിൽ ചിലർ
ശുദ്ധിയില്ലാത്ത, അതായത് കഴുകാത്ത കൈ
കൊണ്ട്, ആഹാരം കഴിക്കുന്നത് അവർ കണ്ടു.
3പൂർവ്വികരുടെ പാരമ്പര്യമനുസരിച്ചു പരീ
ശരും യഹൂദരെല്ലാവരും ആചാരപരമായി കൈ
കഴുകാതെ ആഹാരം കഴിക്കുകയില്ല. 4ചന്ത
സ്ഥലത്തുനിന്നു വരുമ്പോഴും ശുദ്ധിവരു
ത്താതെ ഒന്നും ഭക്ഷിക്കുകയില്ല. പാനപാത്ര
ങ്ങൾ, കുടങ്ങൾ, ഓട്ടുപാത്രങ്ങൾ എന്നിവ
കഴുകുക തുടങ്ങി മറ്റനേകം ആചാരങ്ങളും
അവർ അനുഷ്ഠിച്ചിരുന്നു.

5അതുകൊണ്ട്, പരീശരും വേദജ്ഞും യേശു
വിനോട്: "അങ്ങയുടെ ശിഷ്യന്മാർ
പൂർവ്വികരുടെ പാരമ്പര്യം അനുസരിച്ചു
ജീവിക്കാതെ 'അശുദ്ധമായ' കൈകൾകൊണ്ടു
ഭക്ഷണം കഴിക്കുന്നതെന്തുകൊണ്ടാണ്?"
എന്നു ചോദിച്ചു.

6അതിന് അദ്ദേഹം: "കപടഭക്തരേ,
നിങ്ങളെപ്പറ്റി,

'ഈ ജനം അധരങ്ങളാൽ എന്നെ
ആദരിക്കുന്നു;
അവരുടെ ഹൃദയമോ
എന്നിൽ നിന്ന് അകന്നിരിക്കുന്നു.
അവർ എന്നെ വ്യർത്ഥമായി
ആരാധിക്കുന്നു · 7അവർ മനുഷ്യരുടെ
നിയമങ്ങൾ പ്രമാണങ്ങളായി പഠിപ്പി
ക്കുന്നു'[a] എന്ന് യെശയ്യാവ് പ്രവചിച്ചതു
ശരിതന്നെ."

8നിങ്ങൾ ദൈവകല്പനകൾ വിട്ടുകളഞ്ഞിട്ടു
മനുഷ്യരുടെ പാരമ്പര്യങ്ങൾ മുറുകെ
പ്പിടിക്കുന്നു" എന്നു പറഞ്ഞു.

9അദ്ദേഹം അവരോടു വീണ്ടും പറഞ്ഞു:
"സ്വന്തം പാരമ്പര്യങ്ങൾ പാലിക്കാൻവേണ്ടി[b]
കൗശലപൂർവ്വം നിങ്ങൾ ദൈവകല്പനകളെ
വിട്ടുകളഞ്ഞിരിക്കുന്നു. 10'നിന്റെ അപ്പനെയും
അമ്മയെയും ബഹുമാനിക്കുക'[c] എന്നും
'അപ്പനെയോ അമ്മയെയോ ശപിക്കുന്നവൻ
നിശ്ചയമായും മരിക്കണം.'[d] എന്നും മോശെ
കല്പിച്ചിരിക്കുന്നു. 11എന്നാൽ നിങ്ങൾ: "ഒരു
മനുഷ്യൻ അപ്പനോടോ അമ്മയോടോ
'നിങ്ങൾക്ക് എന്നിൽനിന്നും ലഭിക്കേണ്ട എല്ലാ
സഹായവും കൊർബ്ബാൻ അഥവാ ദൈവത്തിനു
വഴിപാട് ആണ്' എന്നു പറഞ്ഞാൽ അവന്റെ
കടമ തീർന്നു എന്നു പറയുന്നു. 12അങ്ങനെ
അപ്പനോ അമ്മയ്ക്കോവേണ്ടി ഒരിക്കലും
എന്തെങ്കിലും ചെയ്തു കൊടുക്കാൻ നിങ്ങൾ
അവനെ അനുവദിക്കുന്നുമില്ല. 13അങ്ങനെ
നിങ്ങൾക്കു പരമ്പരാസിദ്ധമായ സമ്പ്രദായങ്ങളി
ലൂടെ നിങ്ങൾ ദൈവകല്പനയെ നിഷ്ഫല
മാക്കുന്നു. ഇതുപോലെയുള്ള പലതും നിങ്ങൾ
ചെയ്യുന്നുണ്ട്."

14യേശു ജനക്കൂട്ടത്തെ വീണ്ടും തന്റെ
അടുത്തേക്കു വിളിച്ചു അവരോട്: "എല്ലാവരും
എന്റെ വാക്കു കേട്ടു മനസ്സിലാക്കിക്കൊൾവിൻ.
15പുറമേനിന്നുള്ള യാതൊന്നിനും മനുഷ്യന്റെ
അകത്തേക്കു ചെന്ന് അവനെ അശുദ്ധനാക്കു
വാൻ സാധ്യമല്ല. 16പിന്നെയോ, മനുഷ്യനിൽ
നിന്നു പുറപ്പെടുന്നതാണ് അവനെ അശുദ്ധ
നാക്കുന്നത്. [കേൾക്കാൻ ചെവിയുള്ളവൻ
കേൾക്കട്ടെ]" എന്നു പറഞ്ഞു.

17ജനക്കൂട്ടത്തെ വിട്ട് അദ്ദേഹം വീട്ടിൽ

a 7 യെശയ്യാവ് 29 : 13 *b* 9 ചില കയ്യെഴുത്തുപ്രതികളിൽ *സ്ഥാപിക്കാൻ വേണ്ടി* *c* 10 പുറപ്പാട് 20:12;
ആവർത്തനം 5: 16 *d* 10 പുറപ്പാട് 21: 17; ലേവ്യ 20: 9

പ്രവേശിച്ചപ്പോൾ ശിഷ്യന്മാർ ഈ ഉപമയെ
ക്കുറിച്ച് അദ്ദേഹത്തോടു ചോദിച്ചു. 18"നിങ്ങൾ
ഇത്ര മന്ദബുദ്ധികളോ?" അദ്ദേഹം ചോദിച്ചു.
"പുറമേനിന്ന് ഉള്ളിലേക്കുചെല്ലുന്ന യാതൊ
ന്നിനും മനുഷ്യനെ അശുദ്ധനാക്കാൻ കഴിയു
കയില്ല എന്നു നിങ്ങൾ അറിയുന്നില്ലയോ?
19കാരണം, അത് അവന്റെ ഹൃദയത്തിലേക്കല്ല
ഉദരത്തിലേക്കും പിന്നെ ശരീരത്തിനു
പുറത്തേയ്ക്കുമാണ് പോകുന്നത്." എല്ലാ
ഭക്ഷണവും ശുദ്ധമെന്ന് ഈ വാക്കുകളിലൂടെ
അദ്ദേഹം വ്യക്തമാക്കി.

20അദ്ദേഹം തുടർന്നു: "മനുഷ്യന്റെ
അകത്തുനിന്നു പുറപ്പെടുന്നതാണ് അവനെ
അശുദ്ധനാക്കുന്നത്. 21ദുഷ്ടവിചാരങ്ങൾ,
വ്യഭിചാരം, മോഷണം, കൊലപാതകം, പരസം
ഗം, 22അത്യാഗ്രഹം, ദുഷ്ടത, വഞ്ചന, ഭോഗാ
സക്തി, ഈർഷ്യ, ദൂഷണം, അഹങ്കാരം, മൂഢത
എന്നിവ ഉള്ളിൽനിന്ന്, മനുഷ്യന്റെ
ഹൃദയത്തിൽനിന്നു വരുന്നു. 23ഈ
തിന്മകളെല്ലാം ഉള്ളിൽനിന്നുവന്നു മനുഷ്യനെ
അശുദ്ധനാക്കുന്നു."

സുറൊഫൊയ്നീക്യ
സ്ത്രീയുടെ വിശ്വാസം

24യേശു ആ സ്ഥലംവിട്ടു സോർപ്രദേശ
ത്തേക്കു പോയി. അദ്ദേഹം ഒരു ഭവനത്തിൽ
പ്രവേശിച്ചു; അത് ആരും അറിയരുതെന്ന്
അദ്ദേഹം ആഗ്രഹിച്ചു, എങ്കിലും തന്റെ
സാന്നിധ്യം രഹസ്യമായി വയ്ക്കുക സാധ്യ
മല്ലായിരുന്നു. 25ദുരാത്മാവു ബാധിച്ച ഒരു
പെൺകുട്ടിയുടെ അമ്മ അദ്ദേഹത്തെക്കുറിച്ചു
കേട്ടു, വന്ന് അദ്ദേഹത്തിന്റെ കാല്ക്കൽ
വീണു. 26അവൾ സുറൊഫൊയ്നീക്യയിൽ
ജനിച്ച ഒരു ഗ്രീക്കുകാരി ആയിരുന്നു. തന്റെ
മകളിൽനിന്നു ഭൂതത്തെ പുറത്താക്കുവാൻ
അവൾ യേശുവിനോട് അപേക്ഷിച്ചു.

27യേശു അവളോട്: "ആദ്യം മക്കൾ തിന്നു
തൃപ്തരാകട്ടെ. മക്കളുടെ അപ്പം എടുത്തു
നായ്ക്കൾക്ക് ഇട്ടുകൊടുക്കുന്നത് ഉചിത
മല്ലല്ലോ" എന്നു പറഞ്ഞു.

28അതേ കർത്താവേ," അവൾ മറുപടി
പറഞ്ഞു: "എന്നാൽ മേശയുടെ കീഴിൽ ഉള്ള
നായ്ക്കളും മക്കളുടെ കൈകളിൽനിന്നു
വീഴുന്ന അപ്പനുറുക്കുകൾ തിന്നുന്നുവല്ലോ."

29അപ്പോൾ യേശു അവളോട്: "നിന്റെ ഈ
മറുപടിനിമിത്തം പൊയ്ക്കൊള്ളുക; ഭൂതം
നിന്റെ മകളെ വിട്ടുപോയിരിക്കുന്നു." എന്നു
പറഞ്ഞു. 30അവൾ വീട്ടിൽ എത്തിയപ്പോൾ
കുട്ടി ഭൂതബാധ ഒഴിഞ്ഞവളായി കട്ടിലിൽ
കിടക്കുന്നതു കണ്ടു.

ബധിരനും മൂകനുമായ
മനുഷ്യനെ സുഖപ്പെടുത്തുന്നു

31പിന്നീട് യേശു സോർപ്രദേശം വിട്ടു
സീദോനിലൂടെ ദെക്കപ്പൊലിവഴി കടല്പ്പുറ
ത്തേക്കുപോയി. 32അവിടെ ചിലർ ബധിരനും
മൂകനുമായ ഒരു മനുഷ്യനെ അദ്ദേഹത്തിന്റെ
അടുക്കൽ കൊണ്ടുവന്നു; അയാളുടെമേൽ
കൈവയ്ക്കണമെന്ന് അവർ അദ്ദേഹത്തോടു
യാചിച്ചു.

33യേശു ആ മനുഷ്യനെ ജനക്കൂട്ടത്തിൽ
നിന്നു മാറ്റിനിർത്തി തന്റെ വിരലുകൾ
അവന്റെ ചെവികളിൽ ഇട്ടു; തുപ്പി അവന്റെ
നാവിൽ തൊട്ടു. 34അദ്ദേഹം സ്വർഗ്ഗത്തേക്കു
നോക്കി ഒരു ദീർഘനിശ്വാസത്തോടെ
തുറക്കുക എന്നർത്ഥമുള്ള *'എഫ്ഫഥാ'* എന്നു
പറഞ്ഞു. 35അപ്പോൾ അവന്റെ ചെവികൾ
തുറന്നു; നാവിന്റെ തടസ്സം നീങ്ങി. അവൻ
വ്യക്തമായി സംസാരിച്ചു.

36"ഇത് ആരോടും പറയരുത്" എന്ന് യേശു
കല്പിച്ചു. അദ്ദേഹം എത്രയേറെ കല്പിച്ചുവോ
അത്രയേറെ അവർ അതേപ്പറ്റി സംസാരിച്ചു
കൊണ്ടിരുന്നു. 37"അദ്ദേഹം എല്ലാം നന്നായി
ചെയ്തിരിക്കുന്നു, ബധിരർക്കു കേൾവിയും
മൂകർക്കു സംസാരശേഷിയും നല്കുന്നു
വല്ലോ" എന്നു പറഞ്ഞ് അവർ അത്യന്തം
ആശ്ചര്യപ്പെട്ടു.

യേശു നാലായിരം പേർക്കു
ഭക്ഷണം നല്കുന്നു

8 ആ ദിവസങ്ങളിൽ വീണ്ടും ഒരു വലിയ
ജനക്കൂട്ടം വന്നുകൂടി. അവർക്കു ഭക്ഷിക്കു
വാൻ ഒന്നും ഉണ്ടായിരുന്നില്ല. അതുകൊണ്ട്
യേശു ശിഷ്യന്മാരെ അടുത്തു വിളിച്ച്
അവരോട്: 2"ഈ ജനക്കൂട്ടത്തോട് എനിക്കു
മനസ്സലിവു തോന്നുന്നു. മൂന്നു ദിവസമായി
അവർ എന്നോടുകൂടെ പാർക്കുന്നു; അവർക്കു
ഭക്ഷിക്കാൻ ഒന്നുമില്ല. 3ഞാൻ അവരെ
വിശപ്പോടെ വീട്ടിലേക്ക് അയച്ചാൽ അവർ
വഴിയിൽ തളർന്നുവീഴും; അവരിൽ ചിലർ
വളരെ ദൂരത്തുനിന്നു വന്നവരാണ്" എന്നു
പറഞ്ഞു.

4അദ്ദേഹത്തിന്റെ ശിഷ്യന്മാർ, "ഇവിടെ ഈ
മരുഭൂമിയിൽ ഇവർക്കു മതിയാകുന്നത്ര അപ്പം
കിട്ടുന്നത് എവിടെനിന്ന്?" എന്നു പറഞ്ഞു.

5"നിങ്ങളുടെ പക്കൽ എത്ര അപ്പമുണ്ട്?"
യേശു ചോദിച്ചു.
"ഏഴ്" അവർ മറുപടി പറഞ്ഞു. 6ജനക്കൂട്ട
ത്തോടു നിലത്തിരിക്കാൻ അദ്ദേഹം കല്പിച്ചു.
പിന്നീട് ആ ഏഴ് അപ്പം എടുത്തു സ്തോത്രം
ചെയ്തു നുറുക്കി ജനങ്ങൾക്കു വിളമ്പുവാൻ

ശിഷ്യന്മാരെ ഏല്പിച്ചു. അവർ വിളമ്പി. 7അവരുടെ പക്കൽ കുറെ ചെറിയ മീനും ഉണ്ടായിരുന്നു; അതിനുവേണ്ടിയും അദ്ദേഹം സ്തോത്രം ചെയ്തശേഷം, വിളമ്പുവാൻ ശിഷ്യന്മാരോടു പറഞ്ഞു. 8ജനങ്ങൾ ഭക്ഷിച്ചു തൃപ്തരായി. ശിഷ്യന്മാർ ശേഷിച്ച അപ്പനുറുക്കുകൾ ഏഴുകുട്ട നിറയെ ശേഖരിച്ചു. 9അവിടെ ഏകദേശം നാലായിരം പുരുഷന്മാർ ഉണ്ടായിരുന്നു. അവരെ പറഞ്ഞയച്ചശേഷം 10അദ്ദേഹം ശിഷ്യന്മാരോടുകൂടെ വഞ്ചിയിൽ കയറി ദല്മനൂഥാ പ്രദേശത്തേക്കു പോയി.

11പരീശന്മാർ വന്ന് യേശുവിനോടു തർക്കിച്ചുതുടങ്ങി. അദ്ദേഹത്തെ പരീക്ഷിക്കുന്നതിനായി അവർ സ്വർഗ്ഗത്തിൽനിന്നുള്ള ഒരു അടയാളം ആവശ്യപ്പെട്ടു. 12അദ്ദേഹം ആത്മാവിൽ ഞരങ്ങിക്കൊണ്ടു പറഞ്ഞു: "ഈ തലമുറ എന്തുകൊണ്ടാണ് അടയാളം അന്വേഷിക്കുന്നത്? ഞാൻ നിങ്ങളോടു സത്യം പറയുന്നു: ഈ തലമുറയ്ക്ക് ഒരു അടയാളവും നല്കപ്പെടുകയില്ല." 13പിന്നീട് അദ്ദേഹം അവരെ വിട്ടു വഞ്ചിയിൽ കയറി മറുകരയ്ക്കു പോയി.

പരീശന്മാരുടെയും
ഹെരോദാവിന്റെയും പുളിച്ചമാവ്

14വഞ്ചിയിൽ തങ്ങളുടെ പക്കൽ ഉണ്ടായിരുന്ന ഒരു അപ്പം ഒഴികെ വേറേ അപ്പം കൊണ്ടുവരുവാൻ ശിഷ്യന്മാർ മറന്നു പോയിരുന്നു. 15"സൂക്ഷിച്ചുകൊൾവിൻ, " യേശു അവർക്കു മുന്നറിയിപ്പു നല്കി. "പരീശന്മാരുടെയും ഹെരോദാവിന്റെയും പുളിമാവിനെപ്പറ്റി ജാഗ്രതയുള്ളവരായിരിപ്പിൻ."

16"നമ്മുടെ പക്കൽ അപ്പം ഇല്ലാത്തതുകൊണ്ടായിരിക്കാം അദ്ദേഹം ഇങ്ങനെ പറഞ്ഞത്" എന്ന് അവർ അന്യോന്യം പറഞ്ഞു. 17യേശു ഇതു മനസ്സിലാക്കിക്കൊണ്ട്, "അപ്പം ഇല്ലാത്തതിനെപ്പറ്റി നിങ്ങൾ എന്തിനു സംസാരിക്കുന്നു? നിങ്ങൾ ഇപ്പോഴും കാണുകയും ഗ്രഹിക്കുകയും ചെയ്യുന്നില്ലേ? നിങ്ങളുടെ ഹൃദയം കഠിനമായിരിക്കുന്നുവോ? 18കണ്ണുണ്ടായിട്ടും കാണുന്നില്ലേ? ചെവിയുണ്ടായിട്ടും കേൾക്കുന്നില്ലേ? നിങ്ങൾ ഓർക്കുന്നതുമില്ലേ? 19ഞാൻ അഞ്ച് അപ്പം അയ്യായിരം പേർക്കു വേണ്ടി നുറുക്കിയപ്പോൾ ശേഷിച്ച കഷണങ്ങൾ എത്ര കുട്ടനിറച്ചാണ് നിങ്ങൾ പെറുക്കിയത്?" എന്ന് അവരോടു ചോദിച്ചു. "പന്ത്രണ്ട്" അവർ മറുപടി പറഞ്ഞു.

20നാലായിരം പേർക്ക് ഏഴ് അപ്പം നുറുക്കിയപ്പോൾ ശേഷിച്ച കഷണങ്ങൾ എത്ര വട്ടി നിറച്ചെടുത്തു?"

"ഏഴ്" അവർ മറുപടി പറഞ്ഞു.

21"ഇപ്പോഴും നിങ്ങൾ ഗ്രഹിക്കുന്നില്ലേ?" അദ്ദേഹം അവരോടു ചോദിച്ചു.

ബേത്ത്സയിദയിൽവച്ച് ഒരു
അന്ധനെ സൗഖ്യമാക്കുന്നു

22അവർ ബേത്ത്സയിദയിൽ എത്തി. അന്ധനായ ഒരാളെ ചിലർ കൊണ്ടുവന്ന് അയാളെ തൊടണമെന്നു യേശുവിനോട് അപേക്ഷിച്ചു. 23അദ്ദേഹം അന്ധന്റെ കൈക്കു പിടിച്ച് അയാളെ ഗ്രാമത്തിനുപുറത്തു കൊണ്ടുപോയി. യേശു അയാളുടെ കണ്ണുകളിൽ തുപ്പി, തന്റെ കൈകൾ അയാളുടെമേൽ വച്ചുകൊണ്ട് അയാളോട്: "നീ എന്തെങ്കിലും കാണുന്നുണ്ടോ?" എന്നു ചോദിച്ചു.

24അയാൾ മുഖമുയർത്തിയിട്ട്: "ഞാൻ മനുഷ്യരെ മരങ്ങളെപ്പോലെയും അവർ നടക്കുന്നതായും കാണുന്നു" എന്നു പറഞ്ഞു.

25യേശു വീണ്ടും അയാളുടെ കണ്ണുകളിൽ കൈകൊം വച്ചു. അപ്പോൾ അയാളുടെ കണ്ണുകൾ തുറന്നു. അയാൾക്കു കാഴ്ച തിരിച്ചു കിട്ടി. അയാൾ സകലതും വ്യക്തമായിക്കണ്ടു. 26"ഗ്രാമത്തിലേക്കു പോകരുത്"[a] എന്നു പറഞ്ഞ് യേശു അയാളെ വീട്ടിലേക്ക് അയച്ചു.

ക്രിസ്തുവിലുള്ള വിശ്വാസം
പത്രൊസ് ഏറ്റുപറയുന്നു

27യേശുവും ശിഷ്യന്മാരും കൈസര്യാ ഫിലിപ്പിയിലെ ഗ്രാമങ്ങളിലേക്കു പോയി. വഴിയിൽ വച്ച് അദ്ദേഹം അവരോട്: "ഞാൻ ആർ എന്നു ജനം പറയുന്നു?" എന്നു ചോദിച്ചു.

28"യോഹന്നാൻസ്നാപകൻ എന്നു ചിലർ പറയുന്നു, മറ്റുചിലർ ഏലിയാവ് എന്നും വേറെ ചിലരോ പ്രവാചകരിൽ ഒരുവൻ എന്നും പറയുന്നു" അവർ ഉത്തരം പറഞ്ഞു.

29 "എന്നാൽ നിങ്ങൾ എന്തു പറയുന്നു? ഞാൻ ആരാണെന്നാണു നിങ്ങൾ പറയുന്നത്?" അദ്ദേഹം ചോദിച്ചു.

അതിനു പത്രൊസ് "അങ്ങ് ക്രിസ്തു ആകുന്നു" എന്ന് ഉത്തരം പറഞ്ഞു.

30തന്നെപ്പറ്റി ആരോടും പറയരുതെന്ന് യേശു അവരോടു ആജ്ഞാപിച്ചു.

സ്വന്തം മരണത്തെക്കുറിച്ചു യേശു
പ്രവചിക്കുന്നു

31മനുഷ്യപുത്രൻ വളരെ കഷ്ടതകൾ സഹിക്കുകയും മൂപ്പന്മാർ, മുഖ്യപുരോഹിതർ, വേദജ്ഞർ എന്നിവരാൽ തിരസ്കരിക്കപ്പെടുകയും വധിക്കപ്പെടുകയും മൂന്നാംദിവസം ഉയിർത്തെഴുന്നേല്ക്കുകയും വേണ്ടതാണെന്ന് അദ്ദേഹം അവരെ പഠിപ്പിച്ചുതുടങ്ങി. 32 അദ്ദേഹം ഈ

[a] 26 ചില കയ്യെഴുത്തുപ്രതികളിൽ *ഗ്രാമത്തിൽ ചെന്ന് ആരോടും പറയരുത്*

കാര്യം തുറന്നു പറഞ്ഞു. അപ്പോൾ പത്രൊസ് അദ്ദേഹത്തെ മാറ്റിനിർത്തി ശാസിച്ചുതുടങ്ങി.
33യേശുവോ തിരിഞ്ഞു തന്റെ ശിഷ്യന്മാരെ നോക്കി, പത്രൊസിനെ ശാസിച്ചു. "സാത്താനേ, എന്നെ വിട്ടു പോ; നീ ദൈവത്തിന്റെ കാര്യങ്ങളിലല്ല, മനുഷ്യന്റെ കാര്യങ്ങളിലാണു മനസ്സുവച്ചിരിക്കുന്നത്" എന്നു പറഞ്ഞു.
34പിന്നെ അദ്ദേഹം ശിഷ്യന്മാരെയും ജനക്കൂട്ടത്തെയും അടുക്കൽ വിളിച്ച് ഇങ്ങനെ പറഞ്ഞു: "ഒരുവൻ എന്റെ പിന്നാലെ വരുവാൻ ഇച്ഛിക്കുന്നുവെങ്കിൽ അയാൾ സ്വയം ത്യജിച്ചു തന്റെ ക്രൂശ് എടുത്തുകൊണ്ട് എന്നെ അനുഗമിക്കട്ടെ. 35സ്വന്തം ജീവനെ രക്ഷിക്കുവാൻ ആഗ്രഹിക്കുന്നവൻ അതിനെ നഷ്ടമാക്കും; എന്നാൽ എനിക്കും സുവിശേഷത്തിനും വേണ്ടി സ്വന്തം ജീവനെ നഷ്ടപ്പെടുത്തുന്നവൻ അതിനെ രക്ഷിക്കും. 36ഒരു മനുഷ്യൻ സർവ്വലോകവും നേടിയാലും തന്റെ ജീവനെ നഷ്ടപ്പെടുത്തിയാൽ അവന് എന്തു പ്രയോജനം? 37തന്റെ ജീവന് എന്തു പകരംകൊടുക്കുവാൻ ഒരു മനുഷ്യനു കഴിയും? 38വ്യഭിചാരവും പാപവും ഉള്ള ഈ തലമുറയിൽ ആരെങ്കിലും എന്നെയും എന്റെ വചനങ്ങളെയുംകുറിച്ചു ലജ്ജിച്ചാൽ അവനെ കുറിച്ചു മനുഷ്യപുത്രനും തന്റെ പിതാവിന്റെ തേജസ്സിൽ വിശുദ്ധദൂതരോടുകൂടെ വരുമ്പോൾ ലജ്ജിക്കും."

9 പിന്നെ യേശു അവരോടു പറഞ്ഞു: "ദൈവരാജ്യം ശക്തിയോടെ വരുന്നതു കാണുംമുമ്പു മരണം ആസ്വദിക്കാത്ത ചിലർ ഇവിടെ നില്ക്കുന്നുണ്ട് എന്നു ഞാൻ സത്യമായി നിങ്ങളോടു പറയുന്നു."

യേശുവിന്റെ രൂപാന്തരം

2ആറുദിവസം കഴിഞ്ഞ് യേശു പത്രൊസിനെയും യാക്കോബിനെയും യോഹന്നാനെയും കൂട്ടിക്കൊണ്ട് ഒരു ഉയർന്നമലയിലേക്കു പോയി. അവിടെ അദ്ദേഹം അവരുടെ മുമ്പിൽ രൂപാന്തരപ്പെട്ടു. 3അദ്ദേഹത്തിന്റെ വസ്ത്രം ഭൂമിയിൽ ആർക്കും വെളുപ്പിക്കാവുന്നതിലും അധികം വെണ്മയുള്ളതായി തിളങ്ങി. 4ഏലിയാവും മോശെയും അവർക്കു പ്രത്യക്ഷരായി, യേശുവിനോടു സംസാരിച്ചുകൊണ്ടിരുന്നു.
5പത്രൊസ് യേശുവിനോട്: "റബ്ബീ, നാം ഇവിടെ ആയിരിക്കുന്നതു നല്ലത്; ഞങ്ങൾ മൂന്നു കൂടാരങ്ങൾ ഉണ്ടാക്കാം; ഒന്ന് അങ്ങേയ്ക്ക്, ഒന്നു മോശെയ്ക്ക്, ഒന്ന് ഏലിയാവിന്" എന്നു പറഞ്ഞു.
6എന്തു പറയണമെന്ന് അയാൾക്കറിഞ്ഞുകൂടായിരുന്നു. അവർ അത്രയധികം ഭയപ്പെട്ടിരുന്നു.
7അപ്പോൾ ഒരു മേഘം വന്ന് അവരെ മറച്ചു. മേഘത്തിൽ നിന്ന് "ഇവൻ എന്റെ പ്രിയപുത്രൻ; ഇവനു ചെവി കൊടുപ്പിൻ" എന്ന് ഒരു ശബ്ദമുണ്ടായി.
8 പെട്ടെന്ന്, അവർ ചുറ്റും നോക്കി; അപ്പോൾ തങ്ങളോടുകൂടെ യേശുവിനെ അല്ലാതെ മറ്റാരെയും കണ്ടില്ല.
9അവർ മലയിൽനിന്ന് ഇറങ്ങിവരുമ്പോൾ, യേശു അവരോട്: മനുഷ്യപുത്രൻ മരിച്ചവരിൽനിന്ന് ഉയിർക്കുന്നതുവരെ, ഈ കണ്ടത് ആരോടും പറയരുതെന്നു കല്പിച്ചു. 10'മരിച്ചവരിൽനിന്ന് ഉയിർക്കുക' എന്നതിന്റെ അർത്ഥം എന്തെന്നു ചർച്ചചെയ്തുകൊണ്ട് അവർ ഇക്കാര്യം രഹസ്യമായി സൂക്ഷിച്ചു.
11 അവർ അദ്ദേഹത്തോട് : "ആദ്യം ഏലിയാവു വരേണ്ടതാകുന്നു എന്നു വേദജ്ഞർ പറയുന്നതെന്തുകൊണ്ടാണ്?" എന്നു ചോദിച്ചു.
12യേശു അവരോട് ഉത്തരം പറഞ്ഞു: "തീർച്ചയായും ആദ്യം ഏലിയാവു വന്ന് എല്ലാ കാര്യങ്ങളും പുനഃസ്ഥാപിക്കും. എന്നാൽ മനുഷ്യപുത്രൻ വളരെ കഷ്ടത സഹിക്കുകയും തിരസ്കരിക്കപ്പെടുകയും ചെയ്യേണ്ടതാണെന്ന് എഴുതിയിരിക്കുന്നത് എങ്ങനെ? 13എന്നാൽ ഏലിയാവു വന്നുകഴിഞ്ഞു. അവനെക്കുറിച്ച് എഴുതപ്പെട്ടിരിക്കുന്നപ്രകാരം അവർ തങ്ങൾക്കു ബോധിച്ചതെല്ലാം അവനോടു ചെയ്തിരിക്കുന്നു" എന്നു ഞാൻ നിങ്ങളോടു പറയുന്നു.

ദുരാത്മാവു ബാധിച്ച ബാലനെ സൗഖ്യമാക്കുന്നു

14അവർ മറ്റു ശിഷ്യന്മാരുടെ അടുത്തെത്തിയപ്പോൾ ഒരു വലിയ ജനക്കൂട്ടം അവർക്കുചുറ്റും നില്ക്കുന്നതും വേദജ്ഞർ അവരോടു തർക്കിക്കുന്നതും കണ്ടു. 15യേശുവിനെ കണ്ട ഉടനേ ജനങ്ങളെല്ലാം ആശ്ചര്യഭരിതരായി ഓടിച്ചെന്ന് അദ്ദേഹത്തെ അഭിവാദനം ചെയ്തു.
16"എന്തിനെക്കുറിച്ചാണ് നിങ്ങൾ അവരോടു തർക്കിച്ചുകൊണ്ടിരിക്കുന്നത്?" യേശു ചോദിച്ചു.
17 ജനക്കൂട്ടത്തിൽ ഒരാൾ: "ഗുരോ, ഒരു ആത്മാവു ബാധിച്ചിരിക്കയാൽ സംസാരശേഷി നഷ്ടപ്പെട്ട എന്റെ മകനെ ഞാൻ അങ്ങയുടെ അടുക്കൽ കൊണ്ടുവന്നു. 18അത് അവനെ പിടികൂടുമ്പോഴെല്ലാം അവനെ നിലത്തു തള്ളിയിടും; അവന്റെ വായിൽനിന്നു നുരയും പതയും വരികയും, അവൻ പല്ലു കടിക്കുകയും, ശരീരം മരവിക്കുകയും ചെയ്യും. അതിനെ പുറത്താക്കുവാൻ ഞാൻ അങ്ങയുടെ ശിഷ്യന്മാരോട് അപേക്ഷിച്ചു; എന്നാൽ അവർക്കു

കഴിഞ്ഞില്ല" എന്നു പറഞ്ഞു.

19"അവിശ്വാസമുള്ള തലമുറയേ, ഞാൻ
എത്രകാലം നിങ്ങളോടുകൂടെ വസിക്കും?
എത്രകാലം നിങ്ങളെ വഹിക്കും? ബാലനെ
എന്റെ അടുക്കൽ കൊണ്ടുവരുവിൻ" യേശു
പറഞ്ഞു.

20അവർ അവനെ കൊണ്ടുവന്നു. യേശു
വിനെ കണ്ട ഉടനേ ആ ആത്മാവ് ബാലനെ
തള്ളിയിട്ടു. അവൻ നിലത്തു വീണുരുളുകയും
വായിലൂടെ നുരയും പതയും വരികയുംചെയ്തു.

21യേശു ബാലന്റെ പിതാവിനോടു
ചോദിച്ചു: "ഇവൻ ഇങ്ങനെ ആയിട്ട്
എത്രനാളായി?"

"കുട്ടിക്കാലം മുതൽ തന്നേ. 22അത് അവനെ
കൊല്ലേണ്ടതിനു പലപ്പോഴും തീയിലും
വെള്ളത്തിലും തള്ളിയിട്ടിട്ടുണ്ട്. അങ്ങേയ്ക്കു
കഴിയുമെങ്കിൽ ദയവുതോന്നി ഞങ്ങളെ
സഹായിക്കണമേ" എന്ന് അയാൾ മറുപടി
പറഞ്ഞു. 23"അങ്ങേയ്ക്കു കഴിയുമെങ്കിൽ
എന്നോ? വിശ്വസിക്കുന്നവനു സകലവും
കഴിയും." യേശു പറഞ്ഞു.

24ഉടനേ ബാലന്റെ പിതാവ്: "ഞാൻ
വിശ്വസിക്കുന്നു, എന്റെ അവിശ്വാസത്തെ ജയി
ക്കുവാൻ എന്നെ സഹായിക്കണമേ" എന്നു
നിലവിളിച്ചു പറഞ്ഞു.

25ഒരു ജനക്കൂട്ടം അവിടേക്ക് ഓടിക്കൂടുന്നതു
കണ്ടിട്ട് യേശു ദുഷ്ടാത്മാവിനെ ശാസിച്ചു:
"ബധിരനും മൂകനുമായ ആത്മാവേ, അവനിൽ
നിന്നു പുറത്തുപോകൂ, ഇനിയൊരിക്കലും
അവനിൽ കടക്കരുത് എന്നു ഞാൻ നിന്നോടു
കല്പിക്കുന്നു." 26ആത്മാവു നിലവിളിച്ച് അവ
നെ നിലത്തു തള്ളിയിട്ടുരുട്ടിയശേഷം അവനെ
വിട്ടുപോയി. ബാലൻ ഒരു മൃതശരീരംപോലെ
ആയിത്തീർന്നതുകൊണ്ട് "അവൻ മരിച്ചു
പോയി" എന്നു പലരും പറഞ്ഞു. 27യേശു
അവനെ കൈക്കുപിടിച്ച് ഉയർത്തി, അവൻ
എഴുന്നേറ്റു നിന്നു.

28യേശു വീട്ടിൽ എത്തിയപ്പോൾ ശിഷ്യന്മാർ
അദ്ദേഹത്തോട്: "ഞങ്ങൾക്ക് അതിനെ
പുറത്താക്കാൻ കഴിയാഞ്ഞതെന്തുകൊണ്ടാ
ണ്?" എന്നു രഹസ്യമായി ചോദിച്ചു.

29അതിന് യേശു: "പ്രാർത്ഥനയാൽ[a] മാത്ര
മല്ലാതെ ഈ വക ഒഴിഞ്ഞുപോവുകയില്ല" എന്ന്
ഉത്തരം പറഞ്ഞു.

30അവർ ആ സ്ഥലം വിട്ടു ഗലീലയിലൂടെ
കടന്നുപോയി. തങ്ങൾ എവിടെയാണെന്ന്
ആരും അറിയരുതെന്ന് യേശു ആഗ്രഹിച്ചു.
31യേശു ശിഷ്യന്മാരെ പഠിപ്പിച്ചു; അവരോടു
പറഞ്ഞു: "മനുഷ്യപുത്രൻ മനുഷ്യരുടെ
കൈയിൽ ഏല്പിക്കപ്പെടും. അവർ അവനെ
കൊല്ലുകയും മൂന്നു ദിവസം കഴിഞ്ഞ് അവൻ
ഉയിർത്തെഴുന്നേല്ക്കുകയും ചെയ്യും."

32എന്നാൽ അദ്ദേഹം പറഞ്ഞതിന്റെ
അർത്ഥമെന്തെന്ന് അവർ ഗ്രഹിച്ചില്ല; അതേ
ക്കുറിച്ചുചോദിക്കുവാൻ അവർ ഭയപ്പെട്ടു.

ഏറ്റവും വലിയവൻ ആര്?

33 അവർ കഫർന്നഹൂമിൽ എത്തി. അദ്ദേഹം
വീട്ടിൽ വന്നശേഷം അവരോട്: "നിങ്ങൾ
വഴിയിൽവച്ച് എന്തിനെക്കുറിച്ചായിരുന്നു
തർക്കിച്ചുകൊണ്ടിരുന്നത്?" എന്നു ചോദിച്ചു.
34അവരോ തങ്ങളിൽ ഏറ്റവും വലിയവൻ
ആരാണ് എന്നതിനെപ്പറ്റി വാദിച്ചതുകൊണ്ടു
മിണ്ടാതിരുന്നു. 35അദ്ദേഹം ഇരുന്നശേഷം പന്തി
രുവരെ വിളിച്ച് "നിങ്ങളിൽ ഒന്നാമൻ ആകു
വാൻ ആഗ്രഹിക്കുന്നവൻ ഒടുക്കത്തവനും
എല്ലാവർക്കും ദാസനുമാകണം." എന്നു
പറഞ്ഞു.

36അനന്തരം അദ്ദേഹം ഒരു ശിശുവിനെ എടു
ത്ത് അവരുടെ നടുവിൽ നിറുത്തി. അവനെ
കൈകളിൽ എടുത്തുകൊണ്ട് അദ്ദേഹം അവ
രോടു പറഞ്ഞു: 37"ഇങ്ങനെയുള്ള ഒരു
ശിശുവിനെ എന്റെ നാമത്തിൽ കൈക്കൊ
ള്ളുന്നവൻ എന്നെ കൈക്കൊള്ളുന്നു. എന്നെ
സ്വീകരിക്കുന്നവനോ എന്നെയല്ല, എന്നെ
അയച്ചവനെ സ്വീകരിക്കുന്നു."

*നമുക്കു പ്രതികൂലമല്ലാത്തവൻ നമുക്ക്
അനുകൂലമാണ്*

38യോഹന്നാൻ പറഞ്ഞു: "ഗുരോ, ഒരു
മനുഷ്യൻ അങ്ങയുടെ നാമത്തിൽ ഭൂതങ്ങളെ
പുറത്താക്കുന്നതു ഞങ്ങൾ കണ്ടു, അയാൾ ന
മ്മെ അനുഗമിക്കുന്നവനല്ലായ്കയാൽ ഞങ്ങൾ
അയാളെ വിലക്കി."

39"അവനെ തടയരുത്", യേശുപറഞ്ഞു,
"എന്റെ നാമത്തിൽ ഒരത്ഭുതം പ്രവർ
ത്തിക്കുന്ന ഒരുവന് അടുത്ത നിമിഷത്തിൽ
എന്നെ ദുഷിച്ചു പറയുവാൻ സാധ്യമല്ല;
40നമുക്കു പ്രതികൂലമല്ലാത്തവൻ നമുക്ക്
അനുകൂലമാണ്. 41നിങ്ങൾ ക്രിസ്തുവിനുള്ള
വരാകയാൽ എന്റെ നാമത്തിൽ ഒരു പാത്രം
വെള്ളം നിങ്ങൾക്കു തരുന്നവന് പ്രതിഫലം
ലഭിക്കാതിരിക്കുകയില്ല എന്നു ഞാൻ
സത്യമായി നിങ്ങളോടു പറയുന്നു.

പാപത്തിനു കാരണമാകുന്നതിനെക്കുറിച്ച്

42"എന്നിൽ വിശ്വസിക്കുന്ന ഈ ചെറിയവ
രിൽ ഒരുവൻ പാപത്തിൽ വീഴുവാൻ ആരെങ്കി
ലും ഇടയാക്കിയാൽ അവന്റെ കഴുത്തിൽ ഒരു
വലിയ തിരികല്ലു കെട്ടി അവനെ കടലിൽ

[a] 29 ചില കയ്യെഴുത്തുപ്രതികളിൽ, *പ്രാർത്ഥനയാലും ഉപവാസത്താലും*

എറിയുന്നതാണ് ഏറെ നല്ലത്. 43നിന്റെ കൈ പാപത്തിനു കാരണമായാൽ അതിനെ വെട്ടിക്കളയുക. 44രണ്ടു കൈയുള്ളവനായി കെടാത്ത തീയുള്ള നരകത്തിൽ പോകുന്നതിനേക്കാൾ, അംഗഭംഗം ഉള്ളവനായി ജീവനിൽ കടക്കുന്നതാണു നിനക്കു നല്ലത്. 45നിന്റെ കാൽ പാപത്തിനു കാരണമാകുന്നുവെങ്കിൽ അതു വെട്ടിക്കളയുക. 46രണ്ടു കാൽ ഉള്ളവനായി നരകത്തിൽ എറിയപ്പെടുന്നതിനേക്കാൾ മുടന്തനായി ജീവനിൽ കടക്കുന്നതാണു നിനക്കു നല്ലത്. 47നിന്റെ കണ്ണ് പാപത്തിനു കാരണമാകുന്നുവെങ്കിൽ അതു ചൂഴ്ന്നു കളയുക. രണ്ടു കണ്ണുള്ളവനായി നരകത്തിൽ എറിയപ്പെടുന്നതിനേക്കാൾ ഒരു കണ്ണുള്ളവനായി ദൈവരാജ്യത്തിൽ കടക്കുന്നതാണു നിനക്കു നല്ലത്.

48അവിടെ
'അവരുടെ പുഴു ചാകുന്നില്ല,
തീ കെടുന്നതുമില്ല.' [a]
49എല്ലാവർക്കും തീകൊണ്ട്
ഉപ്പു ചേർക്കപ്പെടും.

50ഉപ്പു നല്ലതാണ്; എന്നാൽ അതിന്റെ ഉപ്പുരസം നഷ്ടമായാൽ അതിനെ വീണ്ടും ഉപ്പുരസമുള്ളതാക്കുവാൻ നിങ്ങൾക്ക് എങ്ങനെ സാധിക്കും? നിങ്ങൾ ഉപ്പുള്ളവരും, പരസ്പരം സമാധാനമുള്ളവരും ആയിരിപ്പിൻ."

വിവാഹമോചനം

10 യേശു ആ സ്ഥലം വിട്ട് യോർദ്ദാന്റെ മറുകരയിലുള്ള യഹൂദ്യപ്രദേശത്തേക്കു പോയി. ജനക്കൂട്ടം വീണ്ടും അദ്ദേഹത്തിന്റെ ചുറ്റുംകൂടി; പതിവുപോലെ അദ്ദേഹം അവരെ പിന്നെയും പഠിപ്പിച്ചു.

2ചില പരീശന്മാർ വന്ന്, "പുരുഷൻ തന്റെ ഭാര്യയെ ഉപേക്ഷിക്കുന്നതു നിയമാനുസൃതമോ?" എന്ന് അദ്ദേഹത്തെ പരീക്ഷിച്ചുകൊണ്ടു ചോദിച്ചു.

3അദ്ദേഹം മറുപടിയായി: "മോശെ നിങ്ങളോടു കല്പിച്ചത് എന്താണ്?" എന്നു ചോദിച്ചു.

4"ഉപേക്ഷണപത്രം എഴുതിയിട്ടു ഭാര്യയെ ഉപേക്ഷിക്കുവാൻ മോശെ അനുവദിച്ചിരിക്കുന്നു" അവർ പറഞ്ഞു.

5"നിങ്ങളുടെ ഹൃദയകാഠിന്യംനിമിത്തമാണു മോശെ ഈ കല്പന നിങ്ങൾക്ക് എഴുതിത്തന്നത്" യേശു മറുപടി പറഞ്ഞു. 6"എന്നാൽ സൃഷ്ടിയുടെ ആരംഭത്തിൽ ദൈവം 'അവരെ ആണും പെണ്ണുമായി സൃഷ്ടിച്ചു.' [b] 7അതുകൊണ്ട് പുരുഷൻ അപ്പനെയും അമ്മയെയും വിട്ടു ഭാര്യയോടു പറ്റിച്ചേരും. [c] 8ഇരുവരും ഒരു ശരീരമായിത്തീരും. [d] പിന്നീട് അവർ രണ്ടല്ല, ഒന്നത്രേ. 9അതുകൊണ്ടു ദൈവം യോജിപ്പിച്ചതിനെ മനുഷ്യൻ വേർപിരിക്കരുത്."

10അവർ വീട്ടിൽ വന്നപ്പോൾ ശിഷ്യന്മാർ ഇതേപ്പറ്റി യേശുവിനോടു വീണ്ടും ചോദിച്ചു. 11അദ്ദേഹം പറഞ്ഞു: "ഭാര്യയെ ഉപേക്ഷിച്ചു മറ്റൊരു സ്ത്രീയെ വിവാഹം ചെയ്യുന്നവൻ അവൾക്ക് എതിരായി വ്യഭിചാരം ചെയ്യുന്നു. 12ഭർത്താവിനെ ഉപേക്ഷിച്ചു മറ്റൊരാളെ വിവാഹം ചെയ്യുന്നവളും വ്യഭിചാരം ചെയ്യുകയാണ്."

യേശുവും ശിശുക്കളും

13യേശു തൊടേണ്ടതിനു ജനങ്ങൾ ശിശുക്കളെ അദ്ദേഹത്തിന്റെ അടുക്കൽ കൊണ്ടുവന്നു. എന്നാൽ ശിഷ്യന്മാർ അവരെ ശാസിച്ചു. 14ഇതുകണ്ടു യേശു കോപിച്ച് "ശിശുക്കളെ എന്റെ അടുക്കൽ വരുവാൻ അനുവദിക്കുവിൻ; അവരെ തടയരുത്; ദൈവരാജ്യം ഇവരെപ്പോലെയുള്ളവരുടേതത്രേ. 15ഒരു ശിശുവിനെപ്പോലെ ദൈവരാജ്യത്തെ സ്വീകരിക്കാത്ത ആരും ഒരു നാളും അതിൽ കടക്കുകയില്ല എന്നു സത്യമായി ഞാൻ നിങ്ങളോടു പറയുന്നു" എന്നു പറഞ്ഞു. 16അദ്ദേഹം ശിശുക്കളെ കൈകളിൽ എടുത്ത് അവരുടെമേൽ കൈവച്ച് അവരെ അനുഗ്രഹിച്ചു.

സമ്പത്തും നിത്യജീവനും

17യേശു യാത്ര പുറപ്പെടുമ്പോൾ ഒരു മനുഷ്യൻ ഓടിവന്ന് അദ്ദേഹത്തിന്റെ മുമ്പിൽ മുട്ടുകുത്തി. "നല്ല ഗുരോ, നിത്യജീവൻ അവകാശമാക്കുവാൻ ഞാൻ എന്തു ചെയ്യണം?"
എന്നു ചോദിച്ചു.

18അതിന് ഉത്തരമായി യേശു അവനോട്: "നീ എന്നെ 'നല്ലവൻ' എന്നു വിളിക്കുന്നതെന്ത്? ദൈവം ഒരുവനല്ലാതെ നല്ലവൻ ആരുമില്ല. 19'കൊല ചെയ്യരുത്, വ്യഭിചാരം ചെയ്യരുത്, മോഷ്ടിക്കരുത്, കള്ളസ്സാക്ഷ്യം പറയരുത്, ചതിക്കരുത്, നിന്റെ അപ്പനെയും അമ്മയെയും ബഹുമാനിക്കുക' [e] എന്നീ കല്പനകൾ നിനക്ക് അറിയാമല്ലോ" എന്നു പറഞ്ഞു.

20"ഗുരോ, എന്റെ ബാല്യംമുതൽ ഞാൻ ഇവയെല്ലാം പാലിക്കുന്നുണ്ട്" അയാൾ പറഞ്ഞു.

21യേശു അയാളെ നോക്കി; അയാളെ സ്നേഹിച്ചു. അദ്ദേഹം പറഞ്ഞു: "ഒരു കുറവു നിനക്കുണ്ട്. പോയി നിനക്കുള്ളതെല്ലാം വിറ്റു ദരിദ്രർക്കു കൊടുക്കുക. എന്നാൽ സ്വർഗ്ഗത്തിൽ നിനക്കു നിക്ഷേപം ഉണ്ടാകും. പിന്നീടുവന്ന് എന്നെ അനുഗമിക്കുക".

22ഇതുകേട്ട് അയാളുടെ മുഖം വാടി. അയാൾ

a 48 യെശയ്യാവ് 66:24 *b* 6 ഉല്പത്തി 1:27 *c* 7 ചില പുരാതന കയ്യെഴുത്തുപ്രതികളിൽ, *ഭാര്യയോടുപറ്റിച്ചേരും* എന്ന ഭാഗം ഇല്ല *d* 8 ഉല്പത്തി 2:24 *e* 19 പുറപ്പാട് 20:12-16, ആവർത്തനം 5:16-20

വളരെ സമ്പത്തുള്ളവനായിരുന്നതുകൊണ്ടു ദുഃഖിതനായി അവിടെനിന്നു പോയി.

23യേശു ചുറ്റും നോക്കിയിട്ടു തന്റെ ശിഷ്യന്മാരോട്: "ധനവാൻ ദൈവരാജ്യത്തിൽ കടക്കുന്നത് എത്ര പ്രയാസം!" എന്നു പറഞ്ഞു.

24ശിഷ്യന്മാർ അദ്ദേഹത്തിന്റെ വാക്കുകൾ കേട്ടു വിസ്മയിച്ചു. യേശു വീണ്ടും പറഞ്ഞു: "കുഞ്ഞുങ്ങളേ, ദൈവരാജ്യത്തിൽ പ്രവേശിക്കുന്നത് [a] എത്രയോ പ്രയാസം! 25ഒരു ധനവാൻ ദൈവരാജ്യത്തിൽ കടക്കുന്നതിനെക്കാൾ ഒട്ടകം സൂചിക്കുഴയിലൂടെ കടക്കുന്നത് എളുപ്പം."

26ശിഷ്യന്മാർ അത്യധികം വിസ്മയത്തോടെ പരസ്പരം ചോദിച്ചു: "അങ്ങനെയെങ്കിൽ രക്ഷ പ്രാപിക്കുവാൻ ആർക്കു കഴിയും?"

27യേശു അവരെ നോക്കി പറഞ്ഞു: "അതു മനുഷ്യന് അസാധ്യം; എന്നാൽ ദൈവത്തിന് അങ്ങനെയല്ല; ദൈവത്തിനു എല്ലാം സാധ്യമാണ്."

28പത്രൊസ് അദ്ദേഹത്തോട്: "ഞങ്ങൾ എല്ലാം വിട്ട് അങ്ങയെ അനുഗമിച്ചുവല്ലോ" എന്നു പറഞ്ഞു.29അതിനു യേശു മറുപടി പറഞ്ഞത്: "സത്യമായി ഞാൻ നിങ്ങളോടു പറയുന്നു; എനിക്കും സുവിശേഷത്തിനുംവേണ്ടി ഭവനത്തെയോ സഹോദരന്മാരെയോ സഹോദരിമാരെയോ അമ്മയെയോ അപ്പനെയോ മക്കളെയോ 30നിലങ്ങളെയോ വിട്ടുകളഞ്ഞിട്ടുള്ള ഏവനും ഈ ലോകത്തിൽതന്നേ പീഡനങ്ങളോടുകൂടെ ഭവനങ്ങളെയും സഹോദരന്മാരെയും സഹോദരിമാരെയും അമ്മമാരെയും മക്കളെയും നിലങ്ങളെയും നൂറു മടങ്ങായി ലഭിക്കും; വരുവാനുള്ള ലോകത്തിൽ അയാൾക്കു നിത്യജീവനും ലഭിക്കും. 31എന്നാൽ മുമ്പന്മാർ പലരും പിമ്പന്മാരും പിമ്പന്മാർ മുമ്പന്മാരും ആകും."

സ്വന്തം മരണത്തെപ്പറ്റി യേശു വീണ്ടും പ്രവചിക്കുന്നു

32അവർ യെരൂശലേമിലേക്കു യാത്ര തുടർന്നു. യേശു അവർക്കു മുമ്പിൽ നടന്നു. ശിഷ്യന്മാർക്കു വിസ്മയവും അനുഗമിച്ചവർക്കു ഭയവും ഉണ്ടായി. അദ്ദേഹം പന്ത്രണ്ടു ശിഷ്യന്മാരെ വീണ്ടും അടുക്കൽ വിളിച്ചു തനിക്കു സംഭവിക്കാൻ പോകുന്നതെന്താണെന്ന് അവരോടു പറഞ്ഞു: 33"നാം യെരൂശലേമിലേക്കു പോകുകയാണ്; മനുഷ്യപുത്രൻ മുഖ്യപുരോഹിതന്മാരുടെയും വേദജ്ഞരുടെയും കയ്യിൽ ഏല്പിക്കപ്പെടും. അവർ അവനെ മരണശിക്ഷയ്ക്കു വിധിച്ചു വിജാതീയരുടെ കൈയിൽ ഏല്പിക്കും. 34അവർ അവനെ പരിഹസിക്കുകയും അവന്റെ മേൽ തുപ്പുകയും ചാട്ടകൊണ്ട് അടിക്കുകയും കൊല്ലുകയും ചെയ്യും. മൂന്നു ദിവസത്തിനുശേഷം അവൻ ഉയിർത്തെഴുന്നേല്ക്കും."

യാക്കോബിന്റെയും യോഹന്നാന്റെയും അപേക്ഷ

35സെബെദിയുടെ പുത്രന്മാരായ യാക്കോബും യോഹന്നാനും യേശുവിന്റെ അടുക്കൽ വന്നു. അവർ അദ്ദേഹത്തോട്: "ഗുരോ, ഞങ്ങൾ അങ്ങയോടു ചോദിക്കുന്നത് അങ്ങു ഞങ്ങൾക്കു ചെയ്തുതരണമെന്നു ഞങ്ങൾ ആഗ്രഹിക്കുന്നു" എന്നു പറഞ്ഞു.

36"ഞാൻ നിങ്ങൾക്കു വേണ്ടി എന്തു ചെയ്യണമെന്നാണു നിങ്ങൾ ആഗ്രഹിക്കുന്നത്?" അദ്ദേഹം ചോദിച്ചു.

37അതിനു അവർ മറുപടി പറഞ്ഞു: "അങ്ങയുടെ മഹത്ത്വത്തിൽ, ഞങ്ങളിൽ ഒരാൾ അങ്ങയുടെ വലത്തും മറ്റേയാൾ ഇടത്തും ഇരിക്കാൻ അനുവദിക്കേണമേ."

38യേശു അവരോട്: "നിങ്ങൾ എന്താണു ചോദിക്കുന്നതെന്നു നിങ്ങൾക്കറിഞ്ഞുകൂടാ. ഞാൻ കുടിക്കുന്ന പാനപാത്രം കുടിക്കുവാനോ ഞാൻ ഏല്ക്കുന്ന സ്നാനം ഏല്ക്കുവാനോ നിങ്ങൾക്കു കഴിയുമോ?" എന്നു ചോദിച്ചു.

39 "ഞങ്ങൾക്കു കഴിയും!" അവർ മറുപടി പറഞ്ഞു. യേശു അവരോട്: "ഞാൻ കുടിക്കുന്ന പാനപാത്രം നിങ്ങൾ കുടിക്കും; ഞാൻ ഏല്ക്കുന്ന സ്നാനം നിങ്ങൾ ഏല്ക്കും; 40എന്നാൽ എന്റെ വലത്തോ ഇടത്തോ ഇരിക്കാൻ അനുവദിക്കുന്നതു ഞാനല്ല; ഈ സ്ഥാനങ്ങൾ ആർക്കുവേണ്ടി ഒരുക്കിയിരിക്കുന്നുവോ അവർക്കുള്ളതാണ്" എന്നു പറഞ്ഞു.

41ഇതു കേട്ടപ്പോൾ മറ്റു പത്തുപേരും യാക്കോബിനോടും യോഹന്നാനോടും നീരസപ്പെട്ടു. 42യേശു അവരെ തന്റെ അടുക്കൽ വിളിച്ച് അവരോടു പറഞ്ഞു: "വിജാതീയരുടെ ഭരണകർത്താക്കളായി കരുതപ്പെടുന്നവർ അവരുടെമേൽ ആധിപത്യം നടത്തുന്നുവെന്നും അവരുടെ പ്രമാണികൾ അവരുടെമേൽ അധികാരം പ്രയോഗിക്കുന്നുവെന്നും നിങ്ങൾക്കറിയാമല്ലോ. 43നിങ്ങളുടെയിടയിൽ അതു പാടില്ല. നിങ്ങളിൽ വലിയവൻ ആകുവാൻ ആഗ്രഹിക്കുന്നവൻ നിങ്ങളുടെ ദാസൻ ആയിരിക്കണം; 44ഒന്നാമൻ ആകുവാൻ ആഗ്രഹിക്കുന്നവനെല്ലാം നിങ്ങളുടെ അടിമയാകണം. 45മനുഷ്യപുത്രൻ പോലും വന്നതു സേവിക്കപ്പെടുവാനല്ല, സേവിക്കുവാനും അനേകർക്കുവേണ്ടി തന്റെ ജീവനെ വീണ്ടെടുപ്പു വിലയായി കൊടുക്കുവാനും അത്രേ".

അന്ധനായ ബർത്തിമായിക്കു കാഴ്ച ലഭിക്കുന്നു

46പിന്നീട് അവർ യെരീഹോവിൽ എത്തി.

[a] 24 ചില കയ്യെഴുത്തുപ്രതികളിൽ *ധനത്തിൽ ആശ്രയിക്കുന്നവർ ദൈവരാജ്യത്തിൽ പ്രവേശിക്കുന്നത്*

യേശുവും ശിഷ്യന്മാരും ഒരു വലിയ ജനക്കൂട്ടത്തോടൊപ്പം നഗരം വിട്ടുപോകുമ്പോൾ തിമായിയുടെ മകനായ ബർത്തിമായി എന്ന അന്ധനായ മനുഷ്യൻ ഭിക്ഷ യാചിച്ചുകൊണ്ടു വഴിയരികിൽ ഇരിക്കുകയായിരുന്നു. 47അതു നസറായനായ യേശു ആകുന്നു എന്നു കേട്ടപ്പോൾ അയാൾ "യേശുവേ, ദാവീദുപുത്രാ, എന്നോടു കരുണയുണ്ടാകണമേ" എന്ന് ഉച്ചത്തിൽ നിലവിളിച്ചു.

48മിണ്ടാതിരിക്കാൻ പലരും അയാളെ ശാസിച്ചു. എന്നാൽ അയാൾ, "ദാവീദുപുത്രാ, എന്നോടു കരുണയുണ്ടാകണമേ" എന്ന് അധികം ഉച്ചത്തിൽ നിലവിളിച്ചു.

49യേശു അവിടെ നിന്നു; "അവനെ വിളിക്കുക" എന്നു പറഞ്ഞു.

അവർ അന്ധനെ വിളിച്ച് അയാളോട്: "ധൈര്യമായിരിക്കുക, എഴുന്നേല്ക്കുക, നിന്നെ വിളിക്കുന്നു" എന്നു പറഞ്ഞു. 50അവൻ പുറങ്കുപ്പായം വലിച്ചെറിഞ്ഞിട്ടു ചാടിയെണീറ്റ് യേശുവിന്റെ അടുത്തെത്തി.

51"ഞാൻ നിനക്ക് എന്തു ചെയ്തുതരണമെന്നാണു നീ ആഗ്രഹിക്കുന്നത്?" യേശു ചോദിച്ചു. അന്ധനായ മനുഷ്യൻ, "ഗുരോ, എനിക്കു കാഴ്ച കിട്ടണം" എന്നു പറഞ്ഞു.

52യേശു അയാളോട്: "പൊയ്ക്കൊള്ളുക, നിന്റെ വിശ്വാസം നിന്നെ സൗഖ്യമാക്കിയിരിക്കുന്നു" എന്നു പറഞ്ഞു. ഉടനേ അയാൾക്കു കാഴ്ച ലഭിക്കുകയും അയാൾ യാത്രയിൽ യേശുവിനെ അനുഗമിക്കുകയും ചെയ്തു.

യെരൂശലേമിലേക്കുള്ള ജൈത്രയാത്ര

11 അവർ യെരൂശലേമിനു സമീപം ഒലിവുമലയുടെ അരികെയുള്ള ബേത്ത്ഫാഗയിലും ബേഥാന്യയിലും എത്തിയപ്പോൾ യേശു ശിഷ്യന്മാരിൽ രണ്ടുപേരെ വിളിച്ചു ഇപ്രകാരം പറഞ്ഞയച്ചു: 2"നിങ്ങൾക്കു മുമ്പിലുള്ള ഗ്രാമത്തിലേക്കു പോകുവിൻ. അതിൽ കടക്കുമ്പോൾത്തന്നെ, അവിടെ ആരും ഒരിക്കലും കയറിയിട്ടില്ലാത്ത ഒരു കഴുതക്കുട്ടിയെ കെട്ടിയിരിക്കുന്നതു കാണും. അതിനെ അഴിച്ചുകൊണ്ടുപോരുവിൻ. 3"നിങ്ങൾ ഇങ്ങനെ ചെയ്യുന്നത് എന്ത്?" എന്ന് ആരെങ്കിലും നിങ്ങളോടു ചോദിച്ചാൽ 'കർത്താവിന് ഇതിനെ ആവശ്യമുണ്ട്; അവിടുന്ന് ഉടനേതന്നെ ഇതിനെ ഇവിടെ തിരിച്ചയയ്ക്കും' എന്നു അയാളോടു പറയുക."

4അവർ പോയി തെരുവിൽ വാതിലിനു പുറത്തായിരുന്ന ഒരു കഴുതക്കുട്ടിയെ കെട്ടിയിരിക്കുന്നതു കണ്ടു. അവർ അതിനെ അഴിക്കുമ്പോൾ, 5അവിടെ നിന്നിരുന്ന ചില ആളുകൾ: "നിങ്ങൾ എന്താണു ചെയ്യുന്നത്? കഴുതക്കുട്ടിയെ അഴിക്കുന്നുവോ?" എന്നു ചോദിച്ചു. 6യേശു പറഞ്ഞിരുന്നതുപോലെ ശിഷ്യന്മാർ മറുപടി പറഞ്ഞു. അവർ അവരെ പോകാൻ അനുവദിച്ചു. 7അവർ കഴുതക്കുട്ടിയെ യേശുവിന്റെ അടുക്കൽ കൊണ്ടുവന്നു തങ്ങളുടെ വസ്ത്രങ്ങൾ അതിന്റെ പുറത്തു വിരിച്ചു. അദ്ദേഹം അതിന്മേൽ കയറിയിരുന്നു. 8പലരും തങ്ങളുടെ വസ്ത്രങ്ങൾ വഴിയിൽ വിരിച്ചു. ചിലർ പറമ്പുകളിൽനിന്നു ചില്ലിക്കൊമ്പുകൾ വെട്ടിക്കൊണ്ടുവന്നു നിരത്തി. 9മുമ്പിലും പിമ്പിലും നടന്നവർ ആർത്തുവിളിച്ചു:

"ഹോശന്നാ, കർത്താവിന്റെ നാമത്തിൽ
വരുന്നവൻ വാഴ്ത്തപ്പെട്ടവൻ [a]
10നമ്മുടെ പിതാവായ ദാവീദിന്റെ
വരുവാനുള്ള രാജ്യം വാഴ്ത്തപ്പെട്ടത്!
അത്യുന്നതങ്ങളിൽ ഹോശന്നാ!"

11യേശു യെരൂശലേമിൽ പ്രവേശിച്ചു ദൈവാലയത്തിലേക്കു ചെന്നു. അദ്ദേഹം ചുറ്റുമുള്ളതെല്ലാം നോക്കിക്കണ്ടു. എന്നാൽ നേരം വൈകിയിരുന്നതുകൊണ്ട് പന്ത്രണ്ടു പേരോടുകൂടെ ബേഥാന്യയിലേക്കു പോയി.

യേശു ദൈവാലയം ശുദ്ധീകരിക്കുന്നു

12അടുത്ത ദിവസം അവർ ബേഥാന്യ വിട്ടുപോരുമ്പോൾ യേശുവിനു വിശന്നു. 13ഇലകൾ നിറഞ്ഞ ഒരു അത്തിമരം ദൂരെ കണ്ടിട്ട് അദ്ദേഹം അതിൽ ഫലം വല്ലതും ഉണ്ടോ എന്നു നോക്കുവാൻ ചെന്നു. എന്നാൽ അതിന്റെ അടുത്ത് എത്തിയപ്പോൾ അതിൽ ഇലകളല്ലാതെ ഒന്നും കണ്ടില്ല; അത് അത്തിപ്പഴത്തിന്റെ കാലം ആയിരുന്നില്ല. 14അപ്പോൾ അദ്ദേഹം ആ മരത്തോട്: "നിന്നിൽനിന്ന് ആരും ഇനിമേൽ ഫലം തിന്നാതിരിക്കട്ടെ" എന്നു പറഞ്ഞു. അദ്ദേഹം പറയുന്നതു ശിഷ്യന്മാർ കേട്ടു.

15യെരൂശലേമിൽ എത്തിയപ്പോൾ യേശു ദൈവാലയാങ്കണത്തിൽ ചെന്ന് അവിടെ വാങ്ങുകയും വില്ക്കുകയും ചെയ്തുകൊണ്ടിരുന്നവരെ പുറത്താക്കിത്തുടങ്ങി. അദ്ദേഹം നാണയം മാറിക്കൊടുക്കുന്നവരുടെ മേശകളും പ്രാവുകളെ വില്ക്കുന്നവരുടെ ഇരിപ്പിടങ്ങളും മറിച്ചിട്ടു; 16ദൈവാലയത്തിൽക്കൂടി കച്ചവടസാധനങ്ങൾ ഒന്നും കൊണ്ടുപോകുവാൻ ആരെയും അനുവദിച്ചില്ല. 17പിന്നീട്, അവരെ ഇപ്രകാരം ഉപദേശിച്ചു:

"'എന്റെ ആലയം സകലജനതകൾക്കുമുള്ള പ്രാർത്ഥനാലയം [b]' എന്നു വിളിക്കപ്പെടും എന്ന് എഴുതിയിട്ടില്ലയോ? നിങ്ങളോ അതിനെ കള്ളന്മാരുടെ ഗുഹ [c] ആക്കിയിരിക്കുന്നു."

18ഇതു കേട്ട് മുഖ്യപുരോഹിതന്മാരും വേദജ്ഞരും അദ്ദേഹത്തെ കൊല്ലുവാനുള്ള മാർഗ്ഗം അന്വേഷിച്ചു. ജനങ്ങളെല്ലാം അദ്ദേഹത്തിന്റെ ഉപദേശത്തിൽ വിസ്മയിച്ചിരുന്നതു

[a] 9 സങ്കീർത്തനം 118:25,26 [b] 17 യെശയ്യാവ് 56:7 [c] 17 യിരെമ്യാവ് 7:11

കൊണ്ട് അവർ അദ്ദേഹത്തെ ഭയപ്പെട്ടു.
19സന്ധ്യയായപ്പോൾ അദ്ദേഹം[a] നഗരം
വിട്ടുപോയി.

ഉണങ്ങിയ അത്തിമരം

20രാവിലെ അവർ പോകുമ്പോൾ ആ അത്തി
വൃക്ഷം വേരോടെ ഉണങ്ങിപ്പോയിരിക്കുന്നതു
കണ്ടു. 21അപ്പോൾ പത്രൊസിന് ഓർമ്മ വന്നു;
അയാൾ യേശുവിനോടു പറഞ്ഞു: "ഗുരോ,
നോക്കൂ, അങ്ങു ശപിച്ച അത്തിവൃക്ഷം ഉണങ്ങി
പ്പോയിരിക്കുന്നു!"
22"ദൈവത്തിൽ വിശ്വാസമുള്ളവരായി
രിക്കുക"[b] യേശു ഉത്തരം പറഞ്ഞു: 23"സത്യമായി
ഞാൻ നിങ്ങളോടു പറയുന്നു: ആരെങ്കിലും
തന്റെ ഹൃദയത്തിൽ സംശയിക്കാതെ ഈ
മലയോട്, 'ഇളകിപോയി കടലിൽ വീഴുക' എന്നു
പറയുകയും താൻ പറയുന്നതു സംഭവിക്കുമെന്നു
വിശ്വസിക്കുകയും ചെയ്താൽ അത് അവനു
സാധിക്കും. 24അതുകൊണ്ട് ഞാൻ നിങ്ങളോടു
പറയുന്നു: നിങ്ങൾ പ്രാർത്ഥനയിൽ യാചിക്കു
ന്നതെന്തും ലഭിച്ചു എന്നു വിശ്വസിപ്പിൻ, എന്നാൽ
അതു നിങ്ങൾക്കു ലഭിക്കും. 25നിങ്ങൾ
പ്രാർത്ഥിക്കുവാൻ നില്ക്കുമ്പോൾ, ആരോടെ
ങ്കിലും എന്തെങ്കിലും ഉണ്ടെങ്കിൽ അത് അവനോട്
ക്ഷമിക്കുവിൻ. 26അപ്പോൾ സ്വർഗ്ഗസ്ഥനായ
പിതാവ് നിങ്ങളുടെ പാപങ്ങൾ നിങ്ങളോടും
ക്ഷമിക്കും."[c]

യേശുവിന്റെ അധികാരം ചോദ്യം
ചെയ്യപ്പെടുന്നു

27അവർ വീണ്ടും യെരൂശലേമിൽ എത്തി.
യേശു ദൈവാലയത്തിൽ നടന്നുകൊണ്ടിരുന്നു.
മുഖ്യപുരോഹിതന്മാരും വേദജ്ഞരും മൂപ്പന്മാരും
അദ്ദേഹത്തിന്റെ അടുക്കൽ വന്നു. 28"എന്ത്
അധികാരത്താലാണ് താങ്കൾ ഈ കാര്യങ്ങൾ
ചെയ്യുന്നത്? ഇതു ചെയ്യാൻ താങ്കൾക്ക് ആരാണ്
അധികാരം നല്കിയത്?" അവർ ചോദിച്ചു.
29യേശു അതിന് ഉത്തരമായി: "ഞാനും
നിങ്ങളോട് ഒരു ചോദ്യം ചോദിക്കും, അതിനു
ത്തരം പറയുവിൻ; അപ്പോൾ, എന്ത് അധികാര
ത്താൽ ഞാൻ ഈ കാര്യങ്ങൾ ചെയ്യുന്നുവെന്നു
നിങ്ങളോടും പറയാം. 30യോഹന്നാന്റെ സ്നാനം
സ്വർഗ്ഗത്തിൽ നിന്നുള്ളതോ മനുഷ്യരിൽ
നിന്നുള്ളതോ? എന്നോടു പറയുക" എന്നു
പറഞ്ഞു
31അതിനെപ്പറ്റി അവർ പരസ്പരം പറഞ്ഞു:
'സ്വർഗ്ഗത്തിൽനിന്ന്' എന്നു നാം പറഞ്ഞാൽ,
'പിന്നെ അദ്ദേഹത്തിൽ നിങ്ങൾ വിശ്വസി
ക്കാതിരുന്നത് എന്തുകൊണ്ട്' എന്ന് അവൻ
നമ്മോടു ചോദിക്കും. 32'മനുഷ്യരിൽനിന്നുള്ളത്'
എന്നു പറയുന്നെങ്കിലോ-' യോഹന്നാൻ
യഥാർത്ഥത്തിൽ ഒരു പ്രവാചകനായിരുന്നു എന്ന്
എല്ലാവരും കരുതിയിരുന്നതിനാൽ അവർ
ജനങ്ങളെ ഭയപ്പെട്ടു.
33അതുകൊണ്ട് അവർ യേശുവിനോട്:
"ഞങ്ങൾക്ക് അറിഞ്ഞുകൂടാ" എന്നു പറഞ്ഞു.
യേശു അവരോട്: "എങ്കിൽ എന്തധികാരം
കൊണ്ട് ഞാൻ ഈ കാര്യങ്ങൾ ചെയ്യുന്നുവെന്നു
ഞാനും നിങ്ങളോടു പറയുന്നില്ല" എന്നു
പറഞ്ഞു.

കുടിയാന്മാരുടെ ഉപമ

12 പിന്നീട് അദ്ദേഹം അവരോട് ഉപമക
ളിലൂടെ സംസാരിച്ചുതുടങ്ങി: "ഒരു
മനുഷ്യൻ ഒരു മുന്തിരിത്തോട്ടം നട്ടു പിടിപ്പിച്ചു.
അയാൾ അതിനു ചുറ്റും വേലി കെട്ടി,
മുന്തിരിച്ചക്കും അവിടെ സ്ഥാപിച്ചു, ഒരു
കാവൽഗോപുരവും പണിതു. അതിനുശേഷം ആ
മുന്തിരിത്തോട്ടം ചില കൃഷിക്കാർക്കു പാട്ടത്തിനു
കൊടുത്തിട്ട് അദ്ദേഹം ദൂരസ്ഥലത്തേക്കു പോയി.
2വിളവെടുപ്പിന്റെ കാലം ആയപ്പോൾ, തോട്ട
ത്തിലെ ഫലത്തിന്റെ ഓഹരി കൃഷിക്കാരിൽ
നിന്നു വാങ്ങുവാൻ അദ്ദേഹം ഒരു ദാസനെ
അവരുടെ അടുക്കൽ അയച്ചു. 3എന്നാൽ അവർ
അവനെ പിടിച്ച് അടിക്കുകയും വെറുകൈയോടെ
മടക്കി അയയ്ക്കുകയും ചെയ്തു. 4വീണ്ടും അ
ദ്ദേഹം മറ്റൊരു ദാസനെ അവരുടെ അടുക്കൽ
അയച്ചു; അവർ ആ മനുഷ്യന്റെ തലയിൽ മുറി
വേല്പിക്കുകയും അവനെ അപമാനിക്കുകയും
ചെയ്തു. 5അദ്ദേഹം വീണ്ടും മറ്റൊരുവനെ
അയച്ചു; അവനെ അവർ കൊന്നുകളഞ്ഞു. മറ്റു
പലരെയും അദ്ദേഹം അയച്ചു; അവരിൽ ചിലരെ
അവർ അടിക്കുകയും ചിലരെ കൊല്ലുകയും
ചെയ്തു.
6"അദ്ദേഹത്തിന് ഇനി ഒരാളെമാത്രമേ
അയയ്ക്കുവാൻ ഉണ്ടായിരുന്നുള്ളൂ: താൻ
സ്നേഹിച്ച മകൻ. 'അവർ എന്റെ മകനെ
ആദരിക്കും' എന്നു പറഞ്ഞ് ഒടുവിൽ അദ്ദേഹം
അവനെ അയച്ചു. 7"എന്നാൽ കുടിയാന്മാർ
മകനെ കണ്ടപ്പോൾ, 'ഇവനാണ് അവകാശി. വരൂ,
നമുക്ക് ഇവനെ കൊന്ന് ഇവന്റെ അവകാശം
കൈക്കലാക്കാം' എന്നു തമ്മിൽത്തമ്മിൽ
പറഞ്ഞു. 8അങ്ങനെ അവർ അവനെ പിടിച്ചു
കൊന്നു മുന്തിരിത്തോട്ടത്തിനു വെളിയിൽ

a 19 ചില പുരാതന കയ്യെഴുത്തുപ്രതികളിൽ *അവൻ*
b 22 ചില പുരാതന കയ്യെഴുത്തുപ്രതികളിൽ, *നിങ്ങൾക്കു ദൈവത്തിൽ വിശ്വാസമുണ്ടെങ്കിൽ*
c 25 ചില കയ്യെഴുത്തുപ്രതികളിൽ, *ക്ഷമിക്കും. 26എന്നാൽ നിങ്ങൾ ക്ഷമിക്കുന്നില്ല എങ്കിൽ, സ്വർഗ്ഗത്തിലു ള്ള നിങ്ങളുടെ പിതാവ് നിങ്ങളുടെ പാപങ്ങളും ക്ഷമിക്കുകയില്ല*

എറിഞ്ഞു.

9"മുന്തിരിത്തോട്ടത്തിന്റെ ഉടമസ്ഥൻ
അപ്പോൾ എന്തു ചെയ്യും? അദ്ദേഹം വന്ന് ആ
കുടിയാന്മാരെ കൊന്ന് തോട്ടം മറ്റുള്ളവരെ
ഏല്പിക്കും.

10"പണിയുന്നവർ തള്ളിക്കളഞ്ഞ കല്ല്
മൂലക്കല്ലായിത്തീർന്നിരിക്കുന്നു;

11ഇത് കർത്താവു ചെയ്തു,
നമ്മുടെ ദൃഷ്ടിയിൽ ആശ്ചര്യകരവുമായി
രിക്കുന്നു'[a] എന്നുള്ള തിരുവെഴുത്തു നിങ്ങൾ
വായിച്ചിട്ടില്ലേ?"

12ഈ ഉപമ തങ്ങളെക്കുറിച്ചാണു അദ്ദേഹം
പറഞ്ഞതെന്നു മനസ്സിലാക്കി നേതാക്കന്മാർ
അദ്ദേഹത്തെ തടവിലാക്കുവാൻ മാർഗ്ഗം
അന്വേഷിച്ചു. എന്നാൽ ജനക്കൂട്ടത്തെ അവർ
ഭയന്നു. അതുകൊണ്ട് അവർ അദ്ദേഹത്തെ
വിട്ടുപോയി.

കൈസർക്കു കരം കൊടുക്കുന്നത്

13പിന്നീട് അവർ യേശുവിനെ വാക്കുകളിൽ
കുടുക്കുന്നതിനു ചില പരീശരെയും ഹെരോ
ദ്യരെയും അദ്ദേഹത്തിന്റെ അടുക്കൽ അയച്ചു.
14അവർ വന്ന് അദ്ദേഹത്തോട്: "ഗുരോ, അങ്ങു
സത്യവാനും ആരുടെയും മുഖംനോക്കാത്തവനും
ആരോടും പക്ഷപാതം കാണിക്കാതെ ദൈവത്തി
ന്റെ വഴി സത്യമായി പഠിപ്പിക്കുന്നവനുമെന്നു
ഞങ്ങൾക്കറിയാം. കൈസർക്കു കരം കൊടു
ക്കുന്നതു ന്യായമോ ന്യായരഹിതമോ?
"15ഞങ്ങൾ കൊടുക്കണമോ കൊടുക്കാതിരി
ക്കണമോ? " എന്നു ചോദിച്ചു.

യേശു അവരുടെ കാപട്യം മനസ്സിലാക്കി
ചോദിച്ചു: "നിങ്ങൾ എന്നെ പരീക്ഷിക്കു
ന്നതെന്ത്?" ഒരു ദിനാർ കൊണ്ടുവരൂ, അതു
ഞാൻ നോക്കട്ടെ." 16അവർ ഒരു നാണയം
കൊണ്ടു വന്നു. അദ്ദേഹം അവരോട്: "ഈ
ചിത്രവും മേലെഴുത്തും ആരുടേത്?" എന്നു
ചോദിച്ചു.

"കൈസരുടേത്" അവർ ഉത്തരം പറഞ്ഞു.

17അപ്പോൾ യേശു അവരോട്: "കൈസർ
ക്കുള്ളതു കൈസർക്കും ദൈവത്തിനുള്ളതു
ദൈവത്തിനും കൊടുക്കുവിൻ" എന്നു പറഞ്ഞു.

അവർ അദ്ദേഹത്തെക്കുറിച്ച് ആശ്ചര്യപ്പെട്ടു.

പുനരുത്ഥാനത്തെപ്പറ്റി

18പുനരുത്ഥാനം ഇല്ല എന്നു പറയുന്ന
സദൂക്യർ ഒരു ചോദ്യവുമായി അദ്ദേഹത്തിന്റെ
അടുക്കൽ വന്നു. 19അവർ അദ്ദേഹത്തോട്
ഇങ്ങനെ ചോദിച്ചു: "ഗുരോ, ഒരു മനുഷ്യന്റെ
സഹോദരൻ മക്കളില്ലാതെ മരിക്കുകയും ഭാര്യ
ജീവിച്ചിരിക്കുകയും ചെയ്താൽ ആ വിധവയെ
സഹോദരൻ വിവാഹം ചെയ്തു തന്റെ മരിച്ചു
പോയ സഹോദരനുവേണ്ടി സന്താനങ്ങളെ
ജനിപ്പിക്കണം എന്നു മോശെ എഴുതിയിട്ടുണ്ടല്ലോ.
20ഒരിടത്ത് ഏഴു സഹോദരന്മാർ ഉണ്ടായിരുന്നു.
ഒന്നാമൻ വിവാഹം ചെയ്തു; മക്കളില്ലാതെ മരിച്ചു.
21രണ്ടാമൻ ആ വിധവയെ വിവാഹം ചെയ്തു;
അയാളും സന്തതിയില്ലാതെ മരിച്ചു. മൂന്നാമനും
അങ്ങനെ തന്നേ. 22ഏഴു പേരും സന്താന
ങ്ങളില്ലാതെ മരിച്ചു; ഒടുവിൽ ആ സ്ത്രീയും
മരിച്ചു. 23പുനരുത്ഥാനത്തിൽ അവൾ ആരുടെ
ഭാര്യയായിരിക്കും? ഏഴുപേരും അവളെ വിവാഹം
ചെയ്തിരുന്നുവല്ലോ.

24യേശു മറുപടി പറഞ്ഞു: "തിരുവെഴുത്തുക
ളെയും ദൈവശക്തിയെയും മനസ്സിലാക്കാത്ത
തുകൊണ്ടല്ലേ, നിങ്ങൾക്കു തെറ്റു പറ്റുന്നത്?
25മരിച്ചവർ ഉയിർത്തെഴുന്നേല്ക്കുമ്പോൾ
വിവാഹം ചെയ്യുന്നില്ല; വിവാഹത്തിനു കൊടുക്ക
പ്പെടുന്നതുമില്ല; അവർ സ്വർഗ്ഗത്തിലെ
ദൂതന്മാരെപ്പോലെ ആയിരിക്കും. 26മരിച്ചവരുടെ
പുനരുത്ഥാനത്തെക്കുറിച്ചു മോശെയുടെ
പുസ്തകത്തിൽ, മുൾപ്പടർപ്പിനെക്കുറിച്ചുള്ള
വിവരണത്തിൽ 'ഞാൻ അബ്രാഹാമിന്റെ
ദൈവവും യിസ്ഹാക്കിന്റെ ദൈവവും
യാക്കോബിന്റെ ദൈവവും ആകുന്നു' എന്നു
ദൈവം മോശെയോടു അരുളിച്ചെയ്തിരിക്കുന്നതു
നിങ്ങൾ വായിച്ചിട്ടില്ലേ? 27അവിടുന്ന് മരിച്ചവരുടെ
ദൈവമല്ല, ജീവിക്കുന്നവരുടെ ദൈവമത്രേ.
നിങ്ങൾ വളരെ തെറ്റിപ്പോകുന്നു.

ഏറ്റവും പ്രധാനപ്പെട്ട കല്പന

28വേദജ്ഞരിൽ ഒരാൾ വന്ന് അവർ ചർച്ച
ചെയ്തുകൊണ്ടിരുന്നതു കേട്ടു. യേശു അവർക്കു
നല്ല മറുപടി കൊടുത്തതു ശ്രദ്ധിച്ചിട്ട് അയാൾ
യേശുവിനോട്: "എല്ലാറ്റിലും വലിയ കല്പന
ഏതാണ്" എന്നു ചോദിച്ചു.

29അതിനു യേശു ഉത്തരം പറഞ്ഞു, "ഏറ്റവും
പ്രധാനപ്പെട്ട കല്പന ഇതാണ്: "അല്ലയോ,
യിസ്രായേലേ, കേൾക്കുക, നമ്മുടെ ദൈവമായ
കർത്താവാണ് ഏക കർത്താവ്; 30നിന്റെ ദൈവ
മായ കർത്താവിനെ നീ പൂർണ്ണ ഹൃദയത്തോടും
പൂർണ്ണ ആത്മാവോടും പൂർണ്ണ മനസ്സോടും
പൂർണ്ണശക്തിയോടുംകൂടെ സ്നേഹിക്കണം.[b]
31രണ്ടാമത്തേത്, "നിന്റെ അയല്ക്കാരനെ
നിന്നെപ്പോലെതന്നേ സ്നേഹിക്കണം." [c]
എന്നതാണ്. ഇവയെക്കാൾ വലിയ കല്പന
വേറെ ഇല്ല."

32അയാൾ യേശുവിനോട് : "ഗുരോ, അങ്ങു
പറഞ്ഞതു ശരി; ദൈവം ഏകനെന്നും അവിടു
ന്നല്ലാതെ മറ്റാരുമില്ലെന്നും അങ്ങു പറഞ്ഞതു
ശരിതന്നേ. 33പൂർണ്ണഹൃദയത്തോടും പൂർണ്ണ

[a] 11 സങ്കീർത്തനം 118:22,23 [b] 30 ആവർത്തനം 6:4,5 [c] 31 ലേവ്യ 19:18

മനസ്സോടും പൂർണ്ണ ശക്തിയോടുംകൂടെ ദൈവത്തെ സ്നേഹിക്കുന്നതും തന്നെപ്പോലെ തന്നേ തന്റെ അയല്ക്കാരനെ സ്നേഹിക്കുന്നതും എല്ലാ ഹോമയാഗങ്ങളെക്കാളും ബലികളെക്കാളും അധികം പ്രാധാന്യമുള്ളതാണ്" എന്നു മറുപടി പറഞ്ഞു.

34അയാൾ വിവേകപൂർവ്വം മറുപടി പറഞ്ഞു എന്നു കണ്ടിട്ട് യേശു: "നീ ദൈവരാജ്യത്തിൽ നിന്ന് അകലെയല്ല" എന്നു പറഞ്ഞു. പിന്നീട് അദ്ദേഹത്തോട് ഒരു ചോദ്യവും ചോദിക്കാൻ ആരും മുതിർന്നില്ല.

ക്രിസ്തു ആരുടെ പുത്രൻ?

35ദൈവാലയത്തിൽ പഠിപ്പിച്ചുകൊണ്ടിരുന്നപ്പോൾ യേശു ഇങ്ങനെ ചോദിച്ചു: "ക്രിസ്തു ദാവീദിന്റെ പുത്രനെന്നു വേദജ്ഞർ പറയുന്നത് എങ്ങനെ? 36ദാവീദു പരിശുദ്ധാത്മാവിനാൽ പ്രേരിതനായി,

" 'ഞാൻ നിന്റെ ശത്രുക്കളെ നിന്റെ
കാല്ക്കീഴിൽ ആക്കുന്നതുവരെ നീ
എന്റെ വലത്തുഭാഗത്തിരിക്കുക'
എന്നു കർത്താവു എന്റെ
കർത്താവിനോട് അരുളിച്ചെയ്തു"[a]
എന്നു പ്രസ്താവിച്ചുവല്ലോ!

37ദാവീദുതന്നേ അദ്ദേഹത്തെ 'കർത്താവ്' എന്നു വിളിക്കുന്നുവെങ്കിൽ അദ്ദേഹം ദാവീദിന്റെ പുത്രൻ ആകുന്നതെങ്ങനെ?"

ആ വലിയ ജനക്കൂട്ടം അദ്ദേഹത്തിന്റെ വാക്കുകൾ സന്തോഷത്തോടെ കേട്ടു.

38യേശു പഠിപ്പിക്കുന്നതിനിടയിൽ ഇങ്ങനെ പറഞ്ഞു: "വേദജ്ഞരെ സൂക്ഷിച്ചുകൊള്ളുക. അവർ നീണ്ട അങ്കിധരിച്ചുകൊണ്ടു നടക്കുവാനും ചന്തസ്ഥലങ്ങളിൽ അഭിവാദനം ലഭിക്കുവാനും 39പള്ളികളിൽ പ്രധാന ഇരിപ്പിടങ്ങളും വിരുന്നുകളിൽ മുഖ്യസ്ഥാനങ്ങളും കരസ്ഥമാക്കുവാനും ആഗ്രഹിക്കുന്നു. 40അവർ വിധവമാരുടെ വീടുകൾ വിഴുങ്ങുകയും കപടമായി നീണ്ട പ്രാർത്ഥനകൾ ചൊല്ലുകയും ചെയ്യുന്നു. ഇവർക്കു കഠിനമായ ശിക്ഷാവിധി ലഭിക്കും."

വിധവയുടെ വഴിപാട്

41വഴിപാടുകൾ അർപ്പിക്കുന്ന സ്ഥലത്തിനു എതിരേ ഇരുന്നുകൊണ്ട് ജനക്കൂട്ടം ദൈവാലയഭണ്ഡാരത്തിൽ പണം ഇടുന്നതു യേശു ശ്രദ്ധിച്ചു. ധനവാന്മാർ പലരും വൻതുകകൾ ഇട്ടു. 42എന്നാൽ ഒരു വിധവ വന്നു വളരെ ചെറിയ രണ്ടു ചെമ്പുനാണയങ്ങൾ [b] ഇട്ടു. അതിന് ഒരു പൈസയുടെ [c] വിലമാത്രമേ ഉണ്ടായിരുന്നുള്ളൂ.

43യേശു ശിഷ്യന്മാരെ അടുക്കൽ വിളിച്ച് അവരോട്: "ഭണ്ഡാരത്തിൽ മറ്റെല്ലാവരും ഇട്ടതിലും അധികം ഈ പാവപ്പെട്ട വിധവ ഇട്ടിരിക്കുന്നു എന്നു സത്യമായി ഞാൻ നിങ്ങളോടു പറയുന്നു. 44അവർ എല്ലാവരും തങ്ങളുടെ സമൃദ്ധിയിൽനിന്നു കൊടുത്തു; ഇവളോ, ഇവളുടെ ദാരിദ്ര്യത്തിൽനിന്ന്, തന്റെ ഉപജീവനത്തിനുള്ള വക മുഴുവൻ ഇട്ടിരിക്കുന്നു" എന്നു പറഞ്ഞു.

യുഗാന്ത്യത്തിന്റെ അടയാളങ്ങൾ

13 യേശു ദൈവാലയം വിട്ടുപോകുമ്പോൾ ശിഷ്യന്മാരിൽ ഒരുവൻ, "ഗുരോ, നോക്കൂ, എന്തു വലിപ്പമുള്ള കല്ലുകൾ! എത്ര പ്രൗഢിയുള്ള കെട്ടിടങ്ങൾ!" എന്നു പറഞ്ഞു. 2യേശു അയാളോട്: "നീ ഈ മഹാസൗധങ്ങൾ കാണുന്നുവോ? കല്ലു കല്ലിന്മേൽ ശേഷിക്കാതെ ഇതെല്ലാം തകർക്കപ്പെടും" എന്ന് ഉത്തരം പറഞ്ഞു.

3ദൈവാലയത്തിന് എതിരേയുള്ള ഒലിവുമലയിൽ യേശു ഇരിക്കുമ്പോൾ പത്രൊസും യാക്കോബും യോഹന്നാനും അന്ത്രെയാസും അദ്ദേഹത്തോടു സ്വകാര്യമായി ചോദിച്ചു: 4"അത് എപ്പോൾ സംഭവിക്കും? ഇവ സംഭവിക്കാൻ പോകുന്നതിന്റെ അടയാളം എന്തായിരിക്കുമെന്ന് ഞങ്ങൾക്കു പറഞ്ഞുതന്നാലും."

5യേശു അവരോടു പറഞ്ഞു: "ആരും നിങ്ങളെ വഴി തെറ്റിക്കാതിരിക്കാൻ സൂക്ഷിച്ചുകൊള്ളുവിൻ. 6 'ഞാൻ തന്നെയാണു ക്രിസ്തു' എന്ന് അവകാശപ്പെട്ടുകൊണ്ട് എന്റെ നാമത്തിൽ പലരും വരികയും അനേകരെ വഴിതെറ്റിക്കുകയും ചെയ്യും. 7നിങ്ങൾ യുദ്ധങ്ങളെക്കുറിച്ചും യുദ്ധശ്രുതികളെക്കുറിച്ചും കേൾക്കുമ്പോൾ പരിഭ്രാന്തരാകരുത്. അവ സംഭവിക്കേണ്ടതാണ്. എന്നാൽ അന്ത്യം വരാനിരിക്കുന്നതേയുള്ളൂ. 8ജാതി ജാതിയോടും രാഷ്ട്രം രാഷ്ട്രത്തോടും കലഹിക്കും. പല സ്ഥലങ്ങളിലും ഭൂകമ്പവും ക്ഷാമവും ഉണ്ടാകും. ഇവ ഈറ്റുനോവിന്റെ ആരംഭം മാത്രം.

9"നിങ്ങൾ ജാഗ്രതയുള്ളവരായിരിക്കണം. നിങ്ങളെ ന്യായാധിപസമിതികൾക്ക് ഏല്പിച്ചുകൊടുക്കുകയും പള്ളികളിൽവച്ചു ചാട്ടവാറുകൊണ്ട് അടിക്കുകയും ചെയ്യും. ഞാൻ നിമിത്തം നാടുവാഴികൾക്കും രാജാക്കന്മാർക്കും മുമ്പിൽ, അവർക്കു സാക്ഷ്യത്തിനായി നിങ്ങളെ നിറുത്തും. 10എന്നാൽ സകലജനതകളോടും സുവിശേഷം പ്രസംഗിക്കപ്പെടേണ്ടതാണ്. 11അവർ നിങ്ങളെ കൊണ്ടുപോയി കുറ്റവിചാരണയ്ക്ക് ഏല്പിക്കുമ്പോൾ, എന്താണു പറയേണ്ടതെന്നു മുൻകൂട്ടി ചിന്തിച്ചു ഭാരപ്പെടരുത്. ആ സമയത്ത് നിങ്ങൾക്കു നല്കപ്പെടുന്നതെന്തോ അതു പറയുക; എന്തെന്നാൽ നിങ്ങളല്ല, പരിശുദ്ധാത്മാവാണ് സംസാരിക്കുന്നത്.

[a] 36 സങ്കീർത്തനം 110:1 [b] 42 ഗ്രീക്കിൽ രണ്ടു ലപ്ത [c] 42 ഗ്രീക്കിൽ കൊദ്രാന്റ്

12"സഹോദരൻ സഹോദരനെയും പിതാവു മകനെയും മരണത്തിന് ഒറ്റിക്കൊടുക്കും. മക്കൾ അമ്മയപ്പന്മാരെ എതിർക്കുകയും അവരെ കൊല്ലിക്കുകയും ചെയ്യും. 13എന്റെ നാമം നിമിത്തം എല്ലാ മനുഷ്യരും നിങ്ങളെ വെറുക്കും; എന്നാൽ അന്ത്യംവരെയും സഹിച്ചു നില്ക്കുന്നവൻ രക്ഷിക്കപ്പെടും.

14"എന്നാൽ ശൂന്യമാക്കുന്ന മ്ലേച്ഛത[a] നില്ക്കരുതാത്ത സ്ഥാനത്തു നില്ക്കുന്നതു നിങ്ങൾ കാണുമ്പോൾ – വായിക്കുന്നവൻ മനസ്സിലാക്കിക്കൊള്ളട്ടെ- അപ്പോൾ, യഹൂദ്യയിൽ ഉള്ളവർ മലകളിലേക്ക് ഓടിപ്പോകട്ടെ. 15വീടിന്റെ മട്ടുപ്പാവിൽ ഇരിക്കുന്നവൻ താഴെ ഇറങ്ങുകയോ എന്തെങ്കിലും എടുക്കുവാൻ വീട്ടിനുള്ളിൽ കടക്കുകയോ അരുത്. 16വയലിൽ നില്ക്കുന്നവൻ മേലങ്കി എടുക്കാൻ തിരിച്ചു പോകരുത്. 17ആ ദിവസങ്ങളിൽ ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും ഹാ കഷ്ടം! 18ശീതകാലത്തു ഇതു സംഭവിക്കാതിരിക്കാൻ പ്രാർത്ഥിക്കുവിൻ. 19എന്തുകൊണ്ടെന്നാൽ ദൈവം ലോകത്തെ സൃഷ്ടിച്ച കാലം മുതൽ ഇന്നുവരെ ഉണ്ടായിട്ടില്ലാത്തതും ഇനിയൊരിക്കലും ഉണ്ടാകാത്തതുമായ പീഡനത്തിന്റെ നാളുകൾ ആയിരിക്കും അവ. 20കർത്താവ് ആ ദിവസങ്ങൾ പരിമിതപ്പെടുത്തിയില്ലെങ്കിൽ ആരും രക്ഷിക്കപ്പെടുകയില്ല; എന്നാൽ താൻ തിരഞ്ഞെടുത്തിട്ടുള്ളവർക്കുവേണ്ടി കർത്താവ് ആ നാളുകൾ പരിമിതപ്പെടുത്തിയിരിക്കുന്നു. 21'ഇതാ ക്രിസ്തു ഇവിടെ' എന്നോ 'അതാ! അവിടെ' എന്നോ ആരെങ്കിലും അന്ന് നിങ്ങളോടു പറഞ്ഞാൽ അതു വിശ്വസിക്കരുത്. 22സാധിക്കുമെങ്കിൽ, തിരഞ്ഞെടുക്കപ്പെട്ടവരെപ്പോലും, വഴിതെറ്റിക്കുന്നതിനുവേണ്ടി കള്ള ക്രിസ്തുക്കളും കള്ളപ്രവാചകന്മാരും വന്ന് അടയാളങ്ങളും അത്ഭുതങ്ങളും പ്രവർത്തിക്കും. 23ആകയാൽ ജാഗ്രത പാലിക്കുവിൻ; ഞാൻ നിങ്ങളെ സകലവും മുൻകൂട്ടി അറിയിച്ചിരിക്കുന്നു.

24 'ഈ ദുരിതങ്ങൾക്കുശേഷം,
ആ നാളുകളിൽ
'സൂര്യൻ ഇരുണ്ടുപോകും;
ചന്ദ്രൻ വെളിച്ചം തരികയില്ല.
25 നക്ഷത്രങ്ങൾ ആകാശത്തുനിന്നു വീഴും.
ആകാശഗോളങ്ങൾ ഇളകും.'[b]

26"അപ്പോൾ മനുഷ്യപുത്രൻ മഹാശക്തിയോടും തേജസ്സോടുംകൂടെ മേഘങ്ങളിൽ വരുന്നതു മനുഷ്യർ കാണും. 27അദ്ദേഹം തന്റെ ദൂതന്മാരെ അയച്ച്, താൻ തിരഞ്ഞെടുത്തിട്ടുള്ളവരെ, ഭൂമിയുടെയും ആകാശത്തിന്റെയും അതിരുകൾവരെയുള്ള നാലു ദിക്കുകളിൽനിന്നു കൂട്ടിച്ചേർക്കും.

28"അത്തിമരത്തിൽനിന്ന് ഈ പാഠം പഠിക്കുവിൻ. അതിന്റെ ചില്ലകൾ ഇളതാവുകയും തളിർക്കുകയും ചെയ്യുമ്പോൾ വേനല്ക്കാലം അടുത്തിരിക്കുന്നുവെന്നു നിങ്ങൾക്കറിയാം. 29അതുപോലെ, ഈ കാര്യങ്ങളെല്ലാം കാണുമ്പോൾ അദ്ദേഹം അടുത്ത്, വാതില്ക്കൽത്തന്നെ എത്തിയിരിക്കുന്നുവെന്നു ധരിച്ചുകൊള്ളുവിൻ. 30ഈ കാര്യങ്ങളൊക്കെയും സംഭവിച്ചു കഴിഞ്ഞല്ലാതെ ഈ തലമുറ[c] നിശ്ചയമായും കടന്നു പോവുകയില്ല എന്നു സത്യമായി ഞാൻ നിങ്ങളോടു പറയുന്നു. 31ആകാശവും ഭൂമിയും മാറിപ്പോകും; എന്റെ വചനങ്ങളോ ഒരുനാളും മാറിപ്പോവുകയില്ല.

നാളും നാഴികയും ആരും അറിയുന്നില്ല

32"എന്നാൽ പിതാവല്ലാതെ സ്വർഗ്ഗത്തിലെ ദൂതന്മാരോ പുത്രൻപോലുമോ ആ നാളും നാഴികയും അറിയുന്നില്ല. 33സൂക്ഷിച്ചുകൊൾവിൻ! ജാഗ്രതയോടെയിരിപ്പിൻ[d] ആ സമയം എപ്പോൾ വരുന്നുവെന്നു നിങ്ങൾക്ക് അറിഞ്ഞുകൂടല്ലോ. 34ഒരു മനുഷ്യൻ തന്റെ വീടു ദാസന്മാരെ ഏല്പിച്ചിട്ടു ദൂരേയ്ക്കു പോകുന്നതുപോലെയാകുന്നു അത്. അയാൾ ദാസന്മാരെ ഓരോരുത്തരെയും ഓരോ ജോലി ഏല്പിക്കുകയും വാതിൽകാവൽക്കാരനോടു ജാഗ്രതയോടെ ഇരിക്കുവാൻ കല്പിക്കുകയും ചെയ്യുന്നു.

35"വീടിന്റെ ഉടമസ്ഥൻ തിരികെ വരുന്നത് എപ്പോഴാണെന്ന് അറിയാത്തതുകൊണ്ട് ജാഗ്രതയോടെ ഇരിക്കുവിൻ. അത് സന്ധ്യയ്ക്കോ അർദ്ധരാത്രിയിലോ കോഴി കൂവുമ്പോഴോ പുലർച്ചയ്ക്കോ ആയിരിക്കാം. എപ്പോഴാണെന്ന് നിങ്ങൾ അറിയാത്തതുകൊണ്ടു ജാഗ്രതയുള്ളവരായിരിപ്പിൻ. 36അദ്ദേഹം പെട്ടെന്നു വരുന്നുവെങ്കിൽ നിങ്ങളെ ഉറങ്ങുന്നവരായി കാണരുത്. 37നിങ്ങളോടു പറയുന്നതുതന്നെ ഞാൻ എല്ലാവരോടും പറയുന്നു: 'ജാഗ്രതയോടെയിരിപ്പിൻ'"

ബേഥാന്യയിൽ യേശുവിനെ തൈലം പൂശുന്നു

14 പെസഹായ്ക്കും പുളിപ്പില്ലാത്ത അപ്പത്തിന്റെ പെരുന്നാളിനും രണ്ടു ദിവസം കൂടി മാത്രമേ ഉണ്ടായിരുന്നുള്ളൂ. മുഖ്യപുരോഹിതന്മാരും വേദജ്ഞരും യേശുവിനെ ചതിവിൽ പിടികൂടി കൊല്ലുന്നതിനെപ്പറ്റി ആലോചിച്ചുകൊണ്ടിരുന്നു. 2"എന്നാൽ ഉത്സവ കാലത്തു വേണ്ടാ, ജനങ്ങൾ കലാപമുണ്ടാക്കും." അവർ പറഞ്ഞു.

3അദ്ദേഹം ബേഥാന്യയിൽ കുഷ്ഠരോഗിയായ

a 14 ദാനീയേൽ 9:27, 11:31, 12:11 *b* 25 യെശയ്യാവ് 13:10, 34:4 *c* 30 അഥവാ, *ജാതി*
d 33 ചില കയ്യെഴുത്തുപ്രതികളിൽ *ജാഗ്രതയോടെ ഇരുന്നു പ്രാർത്ഥിപ്പിൻ*

ശിമോന്റെ വീട്ടിൽ ഭക്ഷണത്തിനിരിക്കുമ്പോൾ ഒരു സ്ത്രീ, വിലയേറിയ സ്വച്ഛജടാമാംസി തൈലം നിറച്ച ഒരു വെൺകൽഭരണിയുമായി വന്നു. അവൾ ഭരണി പൊട്ടിച്ച് തൈലം അദ്ദേഹത്തിന്റെ ശിരസ്സിൽ ഒഴിച്ചു.

4സന്നിഹിതരായിരുന്നവരിൽ ചിലർ പരസ്പരം: "ഈ സുഗന്ധതൈലം പാഴാക്കിയതെന്തിന്? 5ഇതു മുന്നൂറിലധികം ദിനാറിനു[a] വിറ്റു പണം ദരിദ്രർക്കു കൊടുക്കാമായിരുന്നല്ലോ" എന്നു നീരസത്തോടെ പറഞ്ഞ് അവളെ ഭർത്സിച്ചു.

6"അവളെ വെറുതേ വിട്ടേക്കുക" യേശു പറഞ്ഞു: "നിങ്ങൾ അവളെ അസഹ്യപ്പെടുത്തുന്നത് എന്തിന്? അവൾ എനിക്കുവേണ്ടി ഒരു നല്ല കാര്യമല്ലോ ചെയ്തിരിക്കുന്നത്. 7ദരിദ്രർ എപ്പോഴും നിങ്ങളുടെ അടുക്കൽ ഉണ്ടായിരിക്കും. അവരെ നിങ്ങൾക്ക് എപ്പോൾ വേണമെങ്കിലും സഹായിക്കാം. എന്നാൽ ഞാൻ നിങ്ങളുടെ കൂടെ എപ്പോഴും ഉണ്ടായിരിക്കുകയില്ല. 8 തനിക്കു കഴിവുള്ളതു അവൾ ചെയ്തു. എന്റെ ശവസംസ്കാരത്തിനുള്ള ഒരുക്കമായി അവൾ മുൻകൂട്ടി എന്റെ ശരീരത്തിൽ തൈലം പൂശിയിരിക്കുയാണ്. 9"ഭൂലോകത്തിൽ എവിടെയെല്ലാം സുവിശേഷം പ്രസംഗിക്കപ്പെടുമോ അവിടെയെല്ലാം, അവൾ ചെയ്തതും അവളുടെ സ്മരണയ്ക്കായി പ്രസ്താവിക്കപ്പെടും എന്നു സത്യമായി ഞാൻ നിങ്ങളോടു പറയുന്നു."

10പിന്നീട് പന്ത്രണ്ടുപേരിൽ ഒരുവനായ യൂദാ ഈസ്കര്യോത്താവ് യേശുവിനെ മുഖ്യ പുരോഹിതന്മാർക്ക് ഒറ്റിക്കൊടുക്കുന്നതിനു വേണ്ടി അവരുടെ അടുത്തേക്കു പോയി. 11അവർ ഇതുകേട്ടു സന്തോഷിച്ച് അയാൾക്കു പണം കൊടുക്കാമെന്നു വാഗ്ദാനം ചെയ്തു. അയാൾ അദ്ദേഹത്തെ ഏല്പിച്ചുകൊടുക്കുവാൻ തക്കം നോക്കിക്കൊണ്ടിരുന്നു.

കർത്താവിന്റെ അത്താഴം

12പെസഹാക്കുഞ്ഞാടിനെ അറുക്കുന്ന പുളിപ്പില്ലാത്ത അപ്പത്തിന്റെ പെരുന്നാളിന്റെ ഒന്നാംനാൾ, ശിഷ്യന്മാർ യേശുവിനോട്: "അങ്ങേയ്ക്കു പെസഹാ ഭക്ഷിപ്പാൻ ഞങ്ങൾ അത് എവിടെ ഒരുക്കണമെന്നാണ് അങ്ങ് ആഗ്രഹിക്കുന്നത്?" എന്നു ചോദിച്ചു.

13അദ്ദേഹം ശിഷ്യന്മാരിൽ രണ്ടുപേരെ വിളിച്ച് അവരോട് ഇപ്രകാരം പറഞ്ഞു: "നിങ്ങൾ നഗരത്തിലേക്കു പോകുവിൻ; ഒരു കുടംവെള്ളം ചുമന്നുകൊണ്ടു വരുന്ന ഒരു മനുഷ്യൻ നിങ്ങൾക്ക് അഭിമുഖമായി വരും. അയാളുടെ പിന്നാലെ ചെല്ലുവിൻ. 14അയാൾ പ്രവേശിക്കുന്ന വീടിന്റെ ഉടയവനോട്: "എന്റെ ശിഷ്യന്മാരുമായി ഞാൻ പെസഹാ ഭക്ഷിക്കാനുള്ള അതിഥിശാല എവിടെയാണ് എന്നു ഗുരു ചോദിക്കുന്നു" എന്നുപറവിൻ. 15അയാൾ നിങ്ങൾക്കു വിരിച്ചൊരുക്കിയ വിശാലമായ ഒരു മാളികമുറി കാണിച്ചുതരും. അവിടെ നമുക്കു വേണ്ടി ഒരുക്കങ്ങൾ ചെയ്വിൻ" എന്നു പറഞ്ഞു.

16ശിഷ്യന്മാർ നഗരത്തിലെത്തി; യേശു തങ്ങളോടു പറഞ്ഞിരുന്നതുപോലെ എല്ലാം കണ്ടു. അവിടെ അവർ പെസഹാ ഒരുക്കി.

17സന്ധ്യയായപ്പോൾ, യേശു പന്ത്രണ്ടുപേരോടുകൂടെ അവിടെ എത്തി. 18അവർ ഭക്ഷണത്തിനിരിക്കുമ്പോൾ യേശു: "സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, നിങ്ങളിൽ ഒരുവൻ - എന്നോടുകൂടെ ഭക്ഷിച്ചുകൊണ്ടിരിക്കുന്ന ഒരുവൻതന്നേ - എന്നെ ഒറ്റിക്കൊടുക്കും" എന്നു പറഞ്ഞു.

19അവർ ദുഃഖിതരായി; ഓരോരുത്തൻ 'ഞാനോ' 'ഞാനോ' എന്ന് അദ്ദേഹത്തോടു ചോദിച്ചുതുടങ്ങി.

20യേശു അവരോട്: "അതു പന്ത്രണ്ടുപേരിൽ ഒരാൾ തന്നെയാണ്, എന്നോടു കൂടെ പാത്രത്തിൽ അപ്പം മുക്കുന്നവൻതന്നേ. 21തന്നെക്കുറിച്ച് എഴുതപ്പെട്ടിരിക്കുന്നതുപോലെ മനുഷ്യപുത്രൻ പോകുന്നു; എങ്കിലും അവനെ ഒറ്റിക്കൊടുക്കുന്നവന് ഹാ കഷ്ടം! ആ മനുഷ്യൻ ജനിക്കാതിരുന്നുവെങ്കിൽ അവന് ഏറെ നന്നായിരുന്നു.

22അവർ ഭക്ഷിക്കുമ്പോൾ യേശു അപ്പം എടുത്തു വാഴ്ത്തി നുറുക്കി, ശിഷ്യന്മാർക്കു കൊടുത്തുകൊണ്ടു പറഞ്ഞു: "വാങ്ങുവിൻ; ഇത് എന്റെ ശരീരം ആകുന്നു."

23പിന്നെ അദ്ദേഹം പാനപാത്രം എടുത്തു വാഴ്ത്തി അവർക്കു കൊടുത്തു; അവരെല്ലാവരും അതിൽ നിന്നു കുടിച്ചു.

24അദ്ദേഹം അവരോട് : "ഇത് എന്റെ രക്തം ആകുന്നു- അനേകർക്കുവേണ്ടി ചൊരിയപ്പെടുന്ന, ഉടമ്പടിയുടെ [b] രക്തം. 25സത്യമായി ഞാൻ നിങ്ങളോടു പറയുന്നു: ദൈവരാജ്യത്തിൽ പുതുതായി അതു കുടിക്കുന്ന നാൾവരെ മുന്തിരിവള്ളിയുടെ ഫലത്തിൽനിന്നു ഞാൻ ഇനി കുടിക്കുകയില്ല" എന്നു പറഞ്ഞു.

26അവർ ഒരു സ്തോത്രഗീതം പാടിയതിനു ശേഷം ഒലിവുമലയിലേക്കു പോയി.

പത്രൊസ് തള്ളിപ്പറയുമെന്ന് യേശു മുൻകൂട്ടി പറയുന്നു

27യേശു അവരോടു പറഞ്ഞു:. "നിങ്ങൾ എല്ലാവരും ഇടറിപ്പോകും;
'ഞാൻ ഇടയനെവെട്ടും,
ആടുകൾ ചിതറിപ്പോകും'[c]

[a] 5 അതായത്, ഒരു വർഷത്തെ കൂലിക്കുമുകളിൽ വരുന്ന ഒരു തുക [b] 24 ചില കയ്യെഴുത്തുപ്രതികളിൽ *പുതിയ ഉടമ്പടിയുടെ* [c] 27 സെഖര്യാവ് 13:7

എന്ന് എഴുതിയിരിക്കുന്നുവല്ലോ. 28എന്നാൽ ഞാൻ ഉയിർത്തെഴുന്നേറ്റതിനുശേഷം നിങ്ങൾക്കു മുമ്പായി ഗലീലയിലേക്കു പോകും."

29"എല്ലാവരും ഇടറിപ്പോയാലും ഞാൻ ഇടറുകയില്ല" പത്രൊസ് പറഞ്ഞു.

30അതിന് ഉത്തരമായി യേശു: "സത്യമായി ഞാൻ നിന്നോടു പറയുന്നു, ഇന്ന്, ഈ രാത്രിയിൽത്തന്നേ, കോഴി രണ്ടുതവണ കൂവുന്നതിനുമുമ്പേ നീ മൂന്നു പ്രാവശ്യം എന്നെ തള്ളിപ്പറയും." എന്നു പറഞ്ഞു.

31എന്നാൽ പത്രൊസ്: "അങ്ങയോടുകൂടെ മരിക്കേണ്ടിവന്നാലും ഞാൻ അങ്ങയെ ഒരുനാളും തള്ളിപ്പറയുകയില്ല" എന്ന് ഉറപ്പിച്ചു പറഞ്ഞു. മറ്റുള്ളവരും അതുതന്നേ പറഞ്ഞു.

ഗെത്ത്ശേമന

32അവർ പിന്നെ ഗെത്ത്ശേമന എന്നു പേരുള്ള സ്ഥലത്തു ചെന്നു; യേശു ശിഷ്യന്മാരോട്: "ഞാൻ പ്രാർത്ഥിച്ചു തീരുവോളം ഇവിടെ ഇരിപ്പിൻ" എന്നു പറഞ്ഞു. 33പിന്നെ അദ്ദേഹം പത്രൊസിനെയും യാക്കോബിനെയും യോഹന്നാനെയും കൂട്ടിക്കൊണ്ടുപോയി; ദു:ഖവിവശനും വ്യാകുലനുമാകുവാൻ തുടങ്ങി. 34അദ്ദേഹം അവരോട്: "എന്റെ ഉള്ളം മരണവേദനപോലെ അതി ദു:ഖിതമായിരിക്കുന്നു. നിങ്ങൾ ഇവിടെ എന്നോടൊപ്പം ഉണർന്നിരിക്കുക" എന്നു പറഞ്ഞു.

35അദ്ദേഹം അല്പം മുമ്പോട്ടുചെന്നു നിലത്തു വീണ്, കഴിയുമെങ്കിൽ ആ നാഴിക തന്നിൽ നിന്നു നീങ്ങിപ്പോകണമെന്നു പ്രാർത്ഥിച്ചു; 36"*അബ്ബാ*,[a] പിതാവേ, അവിടുത്തേക്കു സകലവും സാധ്യമാണല്ലോ. ഈ പാനപാത്രം എന്നിൽനിന്നു മാറ്റണമേ. എങ്കിലും ഞാൻ ഇച്ഛിക്കുന്നതല്ല, അവിടുന്ന് ഇച്ഛിക്കുന്നതു തന്നേ നടക്കട്ടെ" എന്നു പറഞ്ഞു.

37യേശു മടങ്ങിവന്നപ്പോൾ ശിഷ്യന്മാർ ഉറങ്ങുന്നതായി കണ്ടു. അദ്ദേഹം പത്രൊസിനോട്, "ശിമോനേ, നീ ഉറങ്ങുന്നുവോ? ഒരു മണിക്കൂർ ഉണർന്നിരിപ്പാൻ നിനക്കു കഴിഞ്ഞില്ലേ? 38പരീക്ഷയിൽ അകപ്പെടാതിരിപ്പാൻ ഉണർന്നിരുന്നു പ്രാർത്ഥിക്കുക. ആത്മാവ് ഒരുക്കമുള്ളത്; ജഡമോ ബലഹീനമാണ്" എന്നു പറഞ്ഞു.

39ഒരിക്കൽക്കൂടി അദ്ദേഹം പോയി ആ വാക്കു തന്നേ പറഞ്ഞു പ്രാർത്ഥിച്ചു. 40അദ്ദേഹം തിരിച്ചെത്തിയപ്പോൾ നിദ്രാഭാരം കൊണ്ട് അവർ പിന്നെയും ഉറങ്ങുന്നതു കണ്ടു; അദ്ദേഹത്തോട് എന്താണു പറയേണ്ടതെന്ന് അവർക്ക് അറിഞ്ഞുകൂടായിരുന്നു.

41അദ്ദേഹം മൂന്നാംപ്രാവശ്യം തിരിച്ചുവന്ന്, അവരോട്: "ഇപ്പോഴും നിങ്ങൾ ഉറങ്ങി വിശ്രമിക്കുന്നുവോ? മതി, സമയം വന്നിരിക്കുന്നു. നോക്കൂ, മനുഷ്യപുത്രൻ പാപികളുടെ കയ്യിൽ ഏല്പിക്കപ്പെടുവാൻ പോകുന്നു. 42എഴുന്നേല്പിൻ, നമുക്കു പോകാം; എന്നെ ഒറ്റിക്കൊടുക്കുന്നവൻ ഇതാ വരുന്നു." എന്നു പറഞ്ഞു.

യേശുവിനെ ബന്ധിക്കുന്നു

43അദ്ദേഹം സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ തന്നേ പന്ത്രണ്ടുപേരിൽ ഒരുവനായ യൂദാ അവിടെയെത്തി. മുഖ്യപുരോഹിതന്മാരും വേദജ്ഞരും മൂപ്പന്മാരും അയച്ച ഒരു ജനക്കൂട്ടം വാളും വടികളുമായി അവരോടൊപ്പം ഉണ്ടായിരുന്നു.

44അദ്ദേഹത്തെ ഒറ്റിക്കൊടുക്കുന്നവൻ: "ഞാൻ ആരെ ചുംബിക്കുമോ അയാളാണ് ആ മനുഷ്യൻ; അയാളെ ബന്ധിച്ച് കരുതലോടെ കൊണ്ടുപൊയ്ക്കൊള്ളണം" എന്ന് ഒരു അടയാളം അവർക്കു കൊടുത്തിരുന്നു. 45യൂദാ പെട്ടെന്ന് യേശുവിന്റെ അടുത്തുചെന്ന് "ഗുരോ" എന്നു പറഞ്ഞ് അദ്ദേഹത്തെ ചുംബിച്ചു. 46അവർ യേശുവിനെ പിടിച്ചു ബന്ധിച്ചു. 47അപ്പോൾ, അടുത്തു നിന്നിരുന്നവരിൽ ഒരുവൻ വാൾ ഊരി മഹാപുരോഹിതന്റെ ദാസനെ വെട്ടി, അവന്റെ ചെവി ഛേദിച്ചുകളഞ്ഞു.

48യേശു അവരോട്: "എന്നെ പിടിക്കുവാൻ വാളും വടിയുമായി എന്റെ നേരേ വരുവാൻ ഞാനൊരു കൊള്ളക്കാരനോ? 49എല്ലാദിവസവും നിങ്ങളെ പഠിപ്പിച്ചുകൊണ്ടു ഞാൻ ദൈവാലയത്തിൽ നിങ്ങളോടുകൂടെ ഉണ്ടായിരുന്നു; എങ്കിലും നിങ്ങൾ എന്നെ പിടിച്ചില്ല. എന്നാൽ തിരുവെഴുത്തുകൾ നിറവേറുവാൻ ഇതു സംഭവിച്ചു" എന്നു പറഞ്ഞു. 50അപ്പോൾ എല്ലാവരും അദ്ദേഹത്തെവിട്ട് ഓടിപ്പോയി.

51ഒരു യുവാവ് പുതപ്പു മാത്രം ധരിച്ചുകൊണ്ട് യേശുവിനെ അനുഗമിക്കുന്നുണ്ടായിരുന്നു. 52അവർ അയാളെ പിടിച്ചപ്പോൾ അയാൾ വസ്ത്രം ഉപേക്ഷിച്ചിട്ടു നഗ്നനായി ഓടിപ്പോയി.

ന്യായാധിപസംഘത്തിന്റെ മുമ്പിൽ

53അവർ യേശുവിനെ മഹാപുരോഹിതന്റെ അടുക്കൽ കൊണ്ടുചെന്നു. എല്ലാ മുഖ്യപുരോഹിതന്മാരും മൂപ്പന്മാരും വേദജ്ഞരും അവിടെ ഒരുമിച്ചുകൂടി. 54പത്രൊസ് യേശുവിന്റെ പിന്നാലെ അല്പം അകലെയായി നടന്ന് മഹാപുരോഹിതന്റെ മുറ്റത്തെത്തി അവിടെ കാവല്ക്കാരോടുകൂടെ തീ കാഞ്ഞുകൊണ്ടിരുന്നു.

55മുഖ്യപുരോഹിതന്മാരും ന്യായാധിപസംഘം മുഴുവനും യേശുവിനെ കൊല്ലുന്നതിനുവേണ്ടി അദ്ദേഹത്തിനെതിരായി തെളിവുകൾ അന്വേ

[a] 36 *പിതാവ്* എന്നതിന്റെ അരാമ്യ പദം

ഷിച്ചുകൊണ്ടിരുന്നു; എന്നാൽ ഒന്നും കണ്ടെത്തിയില്ല. 56പലരും യേശുവിനെതിരായി കള്ളസ്സാക്ഷ്യം പറഞ്ഞു. എന്നാൽ അവരുടെ മൊഴികൾ പരസ്പരം പൊരുത്തപ്പെട്ടില്ല.

57അപ്പോൾ ചിലർ എഴുന്നേറ്റു അദ്ദേഹത്തിന് എതിരായി: 58 "കൈകളാൽ നിർമ്മിച്ച ഈ മന്ദിരം നശിപ്പിച്ചശേഷം കൈകൊണ്ടു നിർമ്മിക്കാത്ത മറ്റൊന്ന് മൂന്നു ദിവസത്തിനകം ഞാൻ പണിയും എന്ന് ഇയാൾ പറഞ്ഞതു ഞങ്ങൾ കേട്ടിരിക്കുന്നു" എന്നു കള്ളസ്സാക്ഷ്യം പറഞ്ഞു. 59എന്നിട്ടും അവരുടെ സാക്ഷ്യങ്ങൾ പൊരുത്തപ്പെട്ടില്ല.

60അപ്പോൾ മഹാപുരോഹിതൻ അവരുടെ മുമ്പാകെ എഴുന്നേറ്റുനിന്നുകൊണ്ട് യേശുവിനോട്: "നിനക്കു മറുപടിയൊന്നും ഇല്ലേ? അവർ നിനക്കെതിരായി പറയുന്ന ഈ സാക്ഷ്യം എന്ത്?" എന്നുചോദിച്ചു. 61എന്നാൽ യേശു മറുപടി കൊടുക്കാതെ മൗനമായിരുന്നു.

മഹാപുരോഹിതൻ വീണ്ടും അദ്ദേഹത്തോട്: "താങ്കൾ വന്ദ്യനായവന്റെ പുത്രനായ ക്രിസ്തുവാണോ?" എന്നു ചോദിച്ചു.

62അതിന് യേശു: "ഞാൻ ആകുന്നു; മനുഷ്യപുത്രൻ സർവ്വശക്തന്റെ വലത്തു ഭാഗത്തിരിക്കുന്നതും ആകാശമേഘങ്ങളിൽ വരുന്നതും നിങ്ങൾ കാണും" എന്നു പറഞ്ഞു.

63മഹാപുരോഹിതൻ തന്റെ വസ്ത്രം കീറി. ഇനി മറ്റു സാക്ഷികൾ നമുക്കെന്തിന്? 64നിങ്ങൾ ദൈവദൂഷണം കേട്ടിരിക്കുന്നുവല്ലോ. നിങ്ങൾക്കെന്തു തോന്നുന്നു?" എന്നു ചോദിച്ചു. 'അയാൾ മരണശിക്ഷയ്ക്ക് അർഹനാണ്' എന്ന് എല്ലാവരും വിധിച്ചു. 65അപ്പോൾ ചിലർ അദ്ദേഹത്തിന്റെമേൽ തുപ്പുകയും അദ്ദേഹത്തിന്റെ കണ്ണു മൂടിക്കെട്ടുകയും മുഷ്ടിചുരുട്ടി അദ്ദേഹത്തെ ഇടിച്ചിട്ട് "പ്രവചിക്കുക" എന്നു പറയുകയും ചെയ്തു. കാവല്ക്കാർ അദ്ദേഹത്തെ ഏറ്റുവാങ്ങി പ്രഹരിച്ചു.

പത്രൊസ് യേശുവിനെ തള്ളിപ്പറയുന്നു

66പത്രൊസ് താഴെ നടുമുറ്റത്തായിരുന്നപ്പോൾ മഹാപുരോഹിതന്റെ വേലക്കാരിയായ ഒരു പെൺകുട്ടി അവിടെ എത്തി, 67തീ കാഞ്ഞുകൊണ്ടിരുന്ന പത്രൊസിനെ സൂക്ഷിച്ചുനോക്കി.

"ആ നസറായനായ യേശുവിന്റെകൂടെ നിങ്ങളും ഉണ്ടായിരുന്നല്ലോ" അവൾ പറഞ്ഞു.

68എന്നാൽ അയാൾ അതു നിഷേധിച്ചു. "എനിക്ക് അറിഞ്ഞുകൂടാ; നീ എന്താണു പറയുന്നതെന്ന് എനിക്കു മനസ്സിലാകുന്നുമില്ല" എന്നു പറഞ്ഞുകൊണ്ട് പടിപ്പുരയിലേക്കു പോയി[a]. 69വേലക്കാരി വീണ്ടും അയാളെ അവിടെ കണ്ടപ്പോൾ ചുറ്റും നിന്നിരുന്നവരോട്: "ഈ മനുഷ്യൻ അവരിൽ ഒരാളാണ്" എന്നു പറഞ്ഞു.

70അയാൾ വീണ്ടും അതു നിഷേധിച്ചു.

അല്പംകഴിഞ്ഞ്, അടുത്തുനിന്നവർ പത്രൊസിനോട്: "തീർച്ചയായും നിങ്ങൾ അവരിൽ ഒരുവനാണ്. നിങ്ങൾ ഗലീലക്കാരനാണല്ലോ" എന്നു പറഞ്ഞു.

71അയാൾ സ്വയം ശപിച്ച്, അവരോട് ആണയിട്ടുകൊണ്ട് പറഞ്ഞു: "നിങ്ങൾ പറയുന്ന ആ മനുഷ്യനെ ഞാൻ അറിയുകയില്ല."

72ഉടനേ കോഴി രണ്ടാംപ്രാവശ്യം കൂവി. "കോഴി രണ്ടുപ്രാവശ്യം കൂവുന്നതിനുമുമ്പ് നീ മൂന്നുപ്രാവശ്യം എന്നെ തള്ളിപ്പറയും" എന്ന് യേശു പറഞ്ഞ വാക്ക് ഓർത്തു; അത് വിചാരിച്ചു പത്രൊസ് പൊട്ടിക്കരഞ്ഞു.

യേശു പീലാത്തോസിന്റെ മുമ്പിൽ

15 അതിരാവിലെതന്നേ മുഖ്യപുരോഹിതന്മാരും, മൂപ്പന്മാരും, വേദജ്ഞരും ന്യായാധിപസംഘത്തിലുള്ള എല്ലാവരും കൂടിയാലോചിച്ച് ഒരു തീരുമാനത്തിലെത്തി. അവർ യേശുവിനെ ബന്ധിച്ചുകൊണ്ടുപോയി പീലാത്തോസിനെ ഏല്പിച്ചു.

2"നീ യഹൂദരുടെ രാജാവാണോ?" പീലാത്തോസ് ചോദിച്ചു.

"അതേ, താങ്കൾ പറയുന്നതു ശരിതന്നെ" യേശു ഉത്തരം പറഞ്ഞു. 3മുഖ്യപുരോഹിതന്മാർ യേശുവിനെതിരായി പല ആരോപണങ്ങളും ഉന്നയിച്ചു. 4പീലാത്തോസ് വീണ്ടും യേശുവിനോട്: "താങ്കൾ മറുപടി ഒന്നും പറയുന്നില്ലേ? നോക്കൂ, എത്രയോ ആരോപണങ്ങളാണ് അവർ താങ്കൾക്കെതിരേ ഉന്നയിക്കുന്നത്?" എന്നു ചോദിച്ചു.

5എന്നിട്ടും യേശു ഉത്തരമൊന്നും പറയാതിരുന്നതുകൊണ്ടു പീലാത്തോസ് ആശ്ചര്യപ്പെട്ടു.

6ഉത്സവസമയത്ത് ജനങ്ങൾ ആവശ്യപ്പെടുന്ന ഒരു തടവുകാരനെ മോചിപ്പിക്കുക പതിവായിരുന്നു. 7ഒരു കലാപത്തിൽ കൊല നടത്തിയ കലഹക്കാരുടെകൂടെ ബറബ്ബാസ് എന്നുപേരുള്ള ഒരാൾ കാരാഗൃഹത്തിൽ ഉണ്ടായിരുന്നു. 8ജനക്കൂട്ടം പീലാത്തോസിന്റെ അടുക്കൽ ചെന്നു തങ്ങൾക്കുവേണ്ടി പതിവുപോലെ ചെയ്യണമെന്ന് ആവശ്യപ്പെട്ടു.

9മുഖ്യപുരോഹിതന്മാർ അസൂയകൊണ്ടാണ് യേശുവിനെ തന്റെ പക്കൽ ഏല്പിച്ചതെന്നറിഞ്ഞ് പീലാത്തോസ് അവരോട്: 10"യഹൂദരുടെ രാജാവിനെ നിങ്ങൾക്ക് വിട്ടുതരുവാൻ നിങ്ങൾ ആഗ്രഹിക്കുന്നുവോ?" എന്നു ചോദിച്ചു.

11എന്നാൽ ബറബ്ബാസിനെ വിട്ടുതരണമെന്നു പീലാത്തോസിനോട് ആവശ്യപ്പെടുവാൻ മുഖ്യപുരോഹിതന്മാർ ജനക്കൂട്ടത്തെ പ്രേരിപ്പിച്ചു.

[a] 68 ചില പുരാതന കയ്യെഴുത്തുപ്രതികളിൽ, *പടിപ്പുരയിലേക്കുപോയി, അപ്പോൾ കോഴി കൂവി*

12"എങ്കിൽ, യഹൂദരുടെ രാജാവ് എന്നു
നിങ്ങൾ വിളിക്കുന്ന ഇയാളെ ഞാൻ എന്തു
ചെയ്യണം?" എന്നു പീലാത്തോസ് ചോദിച്ചു.
13 "അവനെ ക്രൂശിക്കുക" എന്ന് അവർ
ഉച്ചത്തിൽ അട്ടഹസിച്ചു. 14"എന്തിന്? അയാൾ
എന്തു കുറ്റമാണ് ചെയ്തത്?" പീലാത്തോസ്
ചോദിച്ചു.
"അവനെ ക്രൂശിക്കുക" എന്ന് അവർ
അത്യുച്ചത്തിൽ കൂകി വിളിച്ചു. 15ജനക്കൂട്ടത്തെ
തൃപ്തിപ്പെടുത്തുവാൻ ആഗ്രഹിച്ചുകൊണ്ട്
പീലാത്തോസ് ബറബ്ബാസിനെ അവർക്കുവേണ്ടി
മോചിപ്പിച്ചു. അയാൾ യേശുവിനെ ചാട്ടവാറു
കൊണ്ട് അടിപ്പിച്ചശേഷം, ക്രൂശിക്കുവാൻ
ഏല്പിച്ചുകൊടുത്തു.

പടയാളികൾ യേശുവിനെ പരിഹസിക്കുന്നു

16പടയാളികൾ യേശുവിനെ കൊട്ടാരത്തി
നുള്ളിൽ ദേശാധിപതിയുടെ ആസ്ഥാനമുള്ള
മണ്ഡപത്തിലേക്കു കൊണ്ടുപോയി. അവർ
പട്ടാളത്തെ മുഴുവൻ വിളിച്ചുകൂട്ടി. 17അവർ
അദ്ദേഹത്തെ ഒരു ചുവന്ന അങ്കി ധരിപ്പിച്ചു;
അതിനുശേഷം മുള്ളുകൾകൊണ്ട് ഒരു കിരീടം
മെടഞ്ഞ് അദ്ദേഹത്തിന്റെ തലയിൽ വച്ചു.
18പിന്നീട്, "യഹൂദരുടെ രാജാവേ, ജയ ജയ"
എന്നു പറഞ്ഞ് അദ്ദേഹത്തെ പരിഹസിച്ചു.
19അവർ അദ്ദേഹത്തിന്റെ തലയിൽ കോൽ
കൊണ്ട് അടിച്ചു; ദേഹത്തു തുപ്പി; മുട്ടുകുത്തി
അദ്ദേഹത്തെ നമസ്കരിച്ചു. 20ഇങ്ങനെ
പരിഹസിച്ചുശേഷം അവർ ചുവന്ന അങ്കി നീക്കി
അദ്ദേഹത്തെ സ്വന്തം വസ്ത്രം ധരിപ്പിച്ചു. പിന്നീട്
അവർ അദ്ദേഹത്തെ ക്രൂശിക്കുവാൻ
കൊണ്ടുപോയി.

യേശുവിനെ ക്രൂശിക്കുന്നു

21അലക്സാണ്ടറിന്റെയും രൂഫൊസി
ന്റെയും പിതാവായ ശിമോൻ എന്നുപേരുള്ള
കുറേനക്കാരനായ ഒരു മനുഷ്യൻ ഗ്രാമപ്രദേ
ശത്തുനിന്ന് അതുവഴി കടന്നുപോവുക
യായിരുന്നു. അവർ അയാളെ ക്രൂശു ചുമക്കു
വാൻ നിർബ്ബന്ധിച്ചു. 22അവർ യേശുവിനെ
'തലയോടിന്റെ സ്ഥലം' എന്നർത്ഥമുള്ള
ഗൊൽഗോഥാ എന്ന സ്ഥലത്തുകൊണ്ടുപോയി.
23മീറ കലർത്തിയ വീഞ്ഞ് അവർ അദ്ദേഹത്തിനു
കൊടുത്തു; എന്നാൽ അദ്ദേഹം അതു
സ്വീകരിച്ചില്ല. 24അവർ അദ്ദേഹത്തെ ക്രൂശിച്ചു.
അദ്ദേഹത്തിന്റെ വസ്ത്രങ്ങൾ പങ്കിട്ട്,
ഓരോരുത്തനും ഏതു കിട്ടുമെന്ന് അറിയുവാൻ
നറുക്കിട്ടു. 25മൂന്നാംമണി നേരത്താണ് അവർ
അദ്ദേഹത്തെ ക്രൂശിച്ചത്. 26"യഹൂദരുടെ രാജാവ്"
എന്നതായിരുന്നു അദ്ദേഹത്തിന്റെമീതേ എഴുതി
വച്ചിരുന്ന കുറ്റപത്രം. 27അവർ അദ്ദേഹത്തോടു
കൂടെ രണ്ടു കൊള്ളക്കാരെ, ഒരുവനെ വലത്തും
മറ്റവനെ ഇടത്തുമായി ക്രൂശിച്ചു. [28"അധർമ്മി
കളുടെ കൂട്ടത്തിൽ അവൻ എണ്ണപ്പെട്ടു" എന്ന തി
രുവെഴുത്ത് നിവൃത്തിയായി.] 29കടന്നുപോയ
വർ തലകുലുക്കിക്കൊണ്ട്,
"ഹേ, ദൈവാലയം നശിപ്പിച്ചിട്ടു മൂന്നുദിവസ
ത്തിനകം പണിയുന്നവനേ, 30ക്രൂശിൽനിന്ന്
ഇറങ്ങി വരിക, നിന്നെത്തന്നേ രക്ഷിക്ക!" എന്നു
പറഞ്ഞ് അദ്ദേഹത്തെ ദുഷിച്ചു.
31അങ്ങനെതന്നേ, മുഖ്യപുരോഹിതന്മാരും
വേദജ്ഞരും അദ്ദേഹത്തെ പരിഹസിച്ചുകൊണ്ടു
പരസ്പരം പറഞ്ഞു: "ഇവൻ മറ്റുള്ളവരെ രക്ഷിച്ചു;
എന്നാൽ തന്നെത്താൻ രക്ഷിക്കാനോ കഴിവില്ല!
32യിസ്രായേലിന്റെ രാജാവായ ഈ ക്രിസ്തു
ഇപ്പോൾ ക്രൂശിൽനിന്ന് ഇറങ്ങിവരട്ടെ; എങ്കിൽ
നമുക്കു കണ്ടു വിശ്വസിക്കാം." തന്നോടൊപ്പം
ക്രൂശിക്കപ്പെട്ടവരും അദ്ദേഹത്തെ നിന്ദിച്ചു.

യേശുവിന്റെ മരണം

33ആറാംമണിമുതൽ ഒമ്പതാംമണിവരെ ദേശ
മെല്ലാം അന്ധകാരം വ്യാപിച്ചു. 34ഒമ്പതാംമണി
നേരത്ത് യേശു: 'എന്റെ ദൈവമേ, എന്റെ
ദൈവമേ, അവിടുന്ന് എന്നെ കൈവിട്ടതെന്ത്?'[a]
എന്നർത്ഥമുള്ള *"എലോഹീ, എലോഹീ, ലമ്മാ
ശബ്ബക്ത്താനി"* എന്ന് ഉച്ചത്തിൽ നിലവിളിച്ചു.
35അടുത്തുനിന്നവരിൽ ചിലർ ഇതുകേട്ട്,
"അതാ, അയാൾ ഏലിയാവിനെ വിളിക്കുന്നു"
എന്നു പറഞ്ഞു.
36ഒരുത്തൻ ഓടിച്ചെന്ന് ഒരു സ്പോഞ്ചിൽ
പുളിച്ച വീഞ്ഞു നിറച്ച് ഒരു ഞാങ്ങണ
ത്തണ്ടിന്മേൽവച്ച് യേശുവിനു കുടിക്കാൻ
കൊടുത്തുകൊണ്ട്: "നില്ക്കൂ, ഏലിയാവ്
അയാളെ താഴെയിറക്കാൻ വരുമോ എന്നു
നമുക്കു നോക്കാം" എന്നു പറഞ്ഞു.
37യേശു ഉച്ചത്തിൽ നിലവിളിച്ചു പ്രാണൻ
വെടിഞ്ഞു.
38ദൈവാലയത്തിലെ തിരശ്ശീലമുകളിൽനിന്നു
താഴെവരെ രണ്ടായി കീറിപ്പോയി. 39യേശുവിന്റെ
മുമ്പിൽ നിന്നിരുന്ന ശതാധിപൻ അദ്ദേഹ
ത്തിന്റെ നിലവിളി കേൾക്കുകയും അദ്ദേഹം
മരിച്ചതെങ്ങനെയെന്നു കാണുകയും ചെയ്തിട്ട്[b]
"നിശ്ചയമായും, ഈ മനുഷ്യൻ ദൈവപുത്രൻ
ആയിരുന്നു" എന്നു പറഞ്ഞു.
40ചില സ്ത്രീകൾ ദൂരെനിന്നു നോക്കിക്കൊ
ണ്ടിരുന്നു. അവരുടെ കൂട്ടത്തിൽ മഗ്ദലക്കാരി
മറിയയും ചെറിയ യാക്കോബിന്റെയും യോസെ
യുടെയും അമ്മയായ മറിയയും ശലോമയും
ഉണ്ടായിരുന്നു. 41ഗലീലയിൽവച്ചു യേശുവിനെ
അനുഗമിക്കുകയും ശുശ്രൂഷിക്കുകയും

[a] 34 സങ്കീർത്തനം 22:1 [b] 39 ചില കയ്യെഴുത്തുപ്രതികളിൽ, *ശതാധിപൻ, അദ്ദേഹം മരിച്ചതെങ്ങനെയെന്ന് കണ്ടിട്ട്*

ചെയ്തിരുന്നവരാണ് ഈ സ്ത്രീകൾ. യെരൂശലേമിലേക്ക് അദ്ദേഹത്തോടുകൂടെവന്ന മറ്റു പല സ്ത്രീകളും അവിടെ ഉണ്ടായിരുന്നു.

യേശുവിന്റെ ശവസംസ്കാരം

42അന്ന് ശബ്ബത്തിന്റെ തലേ ദിവസമായ ഒരുക്കദിവസമായിരുന്നു. അതുകൊണ്ടു വൈകുന്നേരമായപ്പോൾ 43ന്യായാധിപസംഘത്തിലെ പ്രമുഖാംഗവും ദൈവരാജ്യത്തിനു വേണ്ടി കാത്തിരുന്നവനുമായ അരിമഥ്യയിലെ യോസേഫ് ധൈര്യത്തോടെ പീലാത്തോസിന്റെ അടുക്കൽ ചെന്ന് യേശുവിന്റെ ശരീരം ആവശ്യപ്പെട്ടു. 44ഇത്രവേഗം യേശു മരിച്ചുവോ എന്നു പീലാത്തോസ് ആശ്ചര്യപ്പെട്ടു. അയാൾ ശതാധിപനെ വരുത്തി യേശു മരിച്ചുകഴിഞ്ഞുവോ എന്നു ചോദിച്ചു. 45ശതാധിപനിൽനിന്നു ഈ കാര്യം ഉറപ്പുവരുത്തിയതിനുശേഷം അദ്ദേഹം ശരീരം യോസേഫിനു വിട്ടുകൊടുത്തു. 46യോസേഫ് ഒരു ലിനൻകച്ച വാങ്ങി, മൃതദേഹം താഴെയിറക്കി, ആ വസ്ത്രത്തിൽ പൊതിഞ്ഞ് പാറയിൽ വെട്ടിയിരുന്ന കല്ലറയിൽ വച്ചു. പിന്നീട് അയാൾ ഒരു കല്ല് ഉരുട്ടി കല്ലറയുടെ വാതില്ക്കൽ വച്ചു. 47മഗ്ദലക്കാരി മറിയയും യോസെയുടെ അമ്മയായ മറിയയും അദ്ദേഹത്തെ വച്ചത് എവിടെയെന്നു കണ്ടു.

യേശുവിന്റെ ഉയിർത്തെഴുന്നേല്പ്

16 ശബ്ബത്ത് കഴിഞ്ഞശേഷം, മഗ്ദലക്കാരി മറിയയും യാക്കോബിന്റെ അമ്മ മറിയയും ശലോമിയും യേശുവിന്റെ ശരീരത്തിൽ പൂശുവാൻ സുഗന്ധദ്രവ്യങ്ങൾ വാങ്ങി. 2ആഴ്ചയുടെ ഒന്നാം ദിവസം അതിരാവിലെ, സൂര്യൻ ഉദിച്ചപ്പോൾത്തന്നെ അവർ കല്ലറയുടെ സമീപത്തേക്കു പോയി. 3"കല്ലറവാതില്ക്കൽ നിന്ന് ആര് കല്ലുരുട്ടിമാറ്റും?" എന്ന് അവർ പരസ്പരം ചോദിച്ചു.
4എന്നാൽ അവർ നോക്കിയപ്പോൾ വളരെ വലിപ്പമുള്ള ആ കല്ല് ഉരുട്ടിമാറ്റിയിരിക്കുന്നതായി കണ്ടു. 5അവർ കല്ലറയ്ക്കുള്ളിൽ കടന്നപ്പോൾ വെള്ളവസ്ത്രം ധരിച്ച ഒരു യുവാവ് വലത്തു ഭാഗത്ത് ഇരിക്കുന്നതു കണ്ടു പരിഭ്രമിച്ചു.
6അയാൾ അവരോട്: "പരിഭ്രമിക്കേണ്ടാ, ക്രൂശിക്കപ്പെട്ട നസറായനായ യേശുവിനെ നിങ്ങൾ അന്വേഷിക്കുന്നു. അദ്ദേഹം ഉയിർത്തെഴുന്നേറ്റു. അദ്ദേഹം ഇവിടെ ഇല്ല. അവർ അദ്ദേഹത്തെ വച്ച സ്ഥലം കാണുക. 7നിങ്ങൾ പോയി അദ്ദേഹത്തിന്റെ ശിഷ്യന്മാരോടും പത്രോസിനോടും, അദ്ദേഹം അവർക്കു മുമ്പേ ഗലീലയിലേക്കു പോകുന്നുവെന്നും അവരോടു പറഞ്ഞിരുന്നതുപോലെ അവിടെ വച്ചു അവർ അദ്ദേഹത്തെ കാണുമെന്നും പറയുവിൻ" എന്നു പറഞ്ഞു.
8പരിഭ്രമിച്ചു വിറച്ചുകൊണ്ട് ആ സ്ത്രീകൾ കല്ലറയിൽനിന്ന് ഇറങ്ങിയോടി. അവർ ഭയപ്പെട്ടിരുന്നതിനാൽ ആരോടും ഒന്നും പറഞ്ഞില്ല.

[9ആഴ്ചയുടെ ഒന്നാംദിവസം രാവിലെ യേശു ഉയിർത്തെഴുന്നേറ്റശേഷം താൻ ഏഴു ഭൂതങ്ങളെ പുറത്താക്കിയ മഗ്ദലക്കാരി മറിയയ്ക്ക് ആദ്യം പ്രത്യക്ഷനായി. 10അവൾ പോയി അദ്ദേഹത്തോടുകൂടെ ഉണ്ടായിരുന്നവരോട് ഇതു പറഞ്ഞു. അവർ കരഞ്ഞു വിലപിച്ചുകൊണ്ടിരിക്കുകയായിരുന്നു. 11യേശു ജീവിച്ചിരിക്കുന്നുവെന്നും അവൾ അദ്ദേഹത്തെ കണ്ടുവെന്നും കേട്ടിട്ട് അവർ വിശ്വസിച്ചില്ല.
12പിന്നീട് അവരിൽ രണ്ടുപേർ നാട്ടിൻപുറത്തേയ്ക്ക് നടന്നുപോകുമ്പോൾ യേശു മറ്റൊരുരൂപത്തിൽ അവർക്കു പ്രത്യക്ഷനായി. 13അവർ മടങ്ങിവന്നു ശേഷമുള്ളവരെ വിവരം അറിയിച്ചു. എന്നാൽ അവരെയും അവർ വിശ്വസിച്ചില്ല.
14പിന്നീട് ശിഷ്യന്മാർ പതിനൊന്നുപേരും ഭക്ഷണം കഴിച്ചുകൊണ്ടിരിക്കുമ്പോൾ യേശു അവർക്കു പ്രത്യക്ഷനായി. താൻ ഉയിർത്തെഴുന്നേറ്റതിനുശേഷം തന്നെ കണ്ടവരുടെ വാക്കു വിശ്വസിക്കാതിരുന്നതുകൊണ്ട് അദ്ദേഹം അവരുടെ അവിശ്വാസത്തെയും ഹൃദയകാഠിന്യത്തെയും ശാസിച്ചു.
15അദ്ദേഹം അവരോടു പറഞ്ഞു: "നിങ്ങൾ ലോകത്തിലെല്ലാം പോയി സകലസൃഷ്ടിയോടും സുവിശേഷം പ്രസംഗിക്കുവിൻ. 16വിശ്വസിക്കുകയും സ്നാനം ഏല്ക്കുകയും ചെയ്യുന്നവൻ രക്ഷിക്കപ്പെടും; വിശ്വസിക്കാത്തവൻ ശിക്ഷാവിധിയിൽ അകപ്പെടും. 17വിശ്വസിക്കുന്നവരാൽ ഈ അടയാളങ്ങൾ നടക്കും: എന്റെ നാമത്തിൽ അവർ ഭൂതങ്ങളെ പുറത്താക്കും; പുതിയ ഭാഷകളിൽ സംസാരിക്കും; 18പാമ്പുകളെ കൈകളിൽ എടുക്കും; മാരകമായ വിഷം കുടിച്ചാൽ അത് അവർക്കു ഹാനി വരുത്തുകയില്ല; അവർ രോഗികളുടെമേൽ കൈവച്ചാൽ, അവർക്കു സൗഖ്യം വരും".
19കർത്താവായ യേശു അവരോടുസംസാരിച്ചതിനുശേഷം സ്വർഗ്ഗത്തിലേക്ക് എടുക്കപ്പെട്ട് ദൈവത്തിന്റെ വലത്തുഭാഗത്ത് ഇരുന്നു. 20ശിഷ്യന്മാർ പോയി എല്ലായിടത്തും പ്രസംഗിച്ചു. കർത്താവ് അവരോടുകൂടെ പ്രവർത്തിക്കുകയും അടയാളങ്ങളിലൂടെ വചനത്തെ ഉറപ്പിക്കുകയും ചെയ്തു.]

ലൂക്കൊസ്

1 അതിശ്രേഷ്ഠനായ തെയോഫിലോസേ,
ആദിമുതൽ ദൃക്സാക്ഷികളും വചന
ത്തിന്റെ ശുശ്രൂഷകന്മാരും ആയിരുന്നവർ
നമുക്ക് ഏല്പിച്ചുതന്നിട്ടുള്ളതുപോലെ,
2നമ്മുടെ ഇടയിൽ സംഭവിച്ച [a] കാര്യങ്ങളുടെ
ഒരു വിവരണം തയ്യാറാക്കുവാൻ പലരും
ഒരുമ്പെട്ടിരിക്കുന്നുവല്ലോ. 3ആകയാൽ ഞാൻ
തന്നേ, ആദിമുതൽ അവയെല്ലാം സൂക്ഷ്മമായി
പരിശോധിച്ചിട്ടുള്ളതുകൊണ്ട്, താങ്കൾക്ക്
ഉപദേശിച്ചുതന്ന കാര്യങ്ങളുടെ യഥാർത്ഥ
സ്ഥിതി ബോധ്യപ്പെടുന്നതിന് 4ക്രമമായ ഒരു
വിവരണം താങ്കൾക്കുവേണ്ടി എഴുതുന്നതു
നല്ലതെന്ന് എനിക്കും തോന്നിയിരിക്കുന്നു.

യോഹന്നാൻസ്നാപകന്റെ
ജനനത്തെക്കുറിച്ചുള്ള പ്രവചനം

5യഹൂദ്യയിലെ രാജാവായ ഹെരോദാ
വിന്റെ കാലത്ത് അബീയാവിന്റെ പൗരോ
ഹിത്യവിഭാഗത്തിൽ സെഖര്യാവ് എന്നു
പേരുള്ള ഒരു പുരോഹിതൻ ഉണ്ടായിരുന്നു.
അയാളുടെ ഭാര്യ എലീശബേത്തും അഹ
രോന്റെ ഗോത്രത്തിൽ ജനിച്ചവളായിരുന്നു.
6ഇരുവരും ദൈവമുമ്പാകെ നേരുള്ളവരും
കർത്താവിന്റെ കല്പനകളും ചട്ടങ്ങളും കുറ്റം
കൂടാതെ പാലിക്കുന്നവരും ആയിരുന്നു. 7എ
ന്നാൽ എലീശബേത്ത് വന്ധ്യയായിരുന്നതു
കൊണ്ട് അവർക്കു മക്കൾ ഉണ്ടായിരുന്നില്ല;
രണ്ടുപേരും വൃദ്ധരുമായിരുന്നു.

8ഒരിക്കൽ സെഖര്യാവിന്റെ വിഭാഗം
ശുശ്രൂഷയ്ക്കു നിയോഗിക്കപ്പെട്ടു; അയാൾ
പുരോഹിതനായി ദൈവസന്നിധിയിൽ
ശുശ്രൂഷ നിർവ്വഹിച്ചുപോന്ന സമയത്ത്
9പൗരോഹിത്യാചാരപ്രകാരം കർത്താവിന്റെ
മന്ദിരത്തിൽ ചെന്നു ധൂപം കാട്ടുന്നതിനു
നറുക്കിട്ട് അദ്ദേഹത്തെ തിരഞ്ഞെടുത്തു.
10ധൂപം കാട്ടുന്ന സമയമായപ്പോൾ ആരാധക
സമൂഹം വെളിയിൽ പ്രാർത്ഥിച്ചുകൊണ്ടിരുന്നു.

11അപ്പോൾ കർത്താവിന്റെ ഒരു ദൂതൻ
ധൂപപീഠത്തിന്റെ വലത്തുവശത്തു നില്ക്കു
ന്നവനായി അദ്ദേഹത്തിനു പ്രത്യക്ഷനായി.
12ദൂതനെ കണ്ടിട്ട് സെഖര്യാവ് പരിഭ്രാന്തനായി.
അദ്ദേഹം ഭയപരവശനായിത്തീർന്നു.
13എന്നാൽ ദൂതൻ അദ്ദേഹത്തോട് ഇങ്ങനെ
പറഞ്ഞു: "സെഖര്യാവേ, ഭയപ്പെടേണ്ടാ, നിന്റെ
പ്രാർത്ഥന ദൈവം കേട്ടിരിക്കുന്നു. നിന്റെ ഭാര്യ
എലീശബേത്ത് നിനക്ക് ഒരു മകനെ
പ്രസവിക്കും. നീ അവനു യോഹന്നാൻ എന്നു
പേരിടണം. 14അവൻ നിമിത്തം നിനക്ക്
ആനന്ദവും ആഹ്ളാദവും ഉണ്ടാകും. അവന്റെ
ജനനത്തിൽ അനേകർ സന്തോഷിക്കും.
15കർത്താവിന്റെ ദൃഷ്ടിയിൽ അവൻ വലിയ
വൻ ആകും. വീഞ്ഞോ മറ്റു ലഹരിപാനീയ
ങ്ങളോ അവൻ ഒരിക്കലും ഉപയോഗിക്കുക
യില്ല. അവൻ ഗർഭത്തിൽവച്ചുതന്നെ പരിശു
ദ്ധാത്മാവിനാൽ നിറയും. 16യിസ്രായേൽജന
ങ്ങളിൽ പലരെയും അവൻ തങ്ങളുടെ ദൈവ
മായ കർത്താവിങ്കലേക്കു മടക്കിവരുത്തും.
17അപ്പന്മാരുടെ ഹൃദയം മക്കളിലേക്കും
അനുസരണംകെട്ടവരെ നീതിമാന്മാരുടെ
വിവേകത്തിലേക്കും തിരിച്ചുകൊണ്ട് -
കർത്താവിനു വേണ്ടി ഒരുക്കപ്പെട്ട ഒരു ജനത്തെ
സജ്ജമാക്കുന്നതിന് - അവൻ ഏലിയാവിന്റെ
ആത്മാവിലും ശക്തിയിലും കർത്താവിനു
മുമ്പായി പോകും."

18സെഖര്യാവു ദൂതനോട്: "ഇത് എനിക്ക്
എങ്ങനെ ഉറപ്പാക്കുവാൻ കഴിയും? ഞാൻ
വൃദ്ധനാണ്, എന്റെ ഭാര്യയ്ക്കും പ്രായം കടന്നു
പോയിരിക്കുന്നുവല്ലോ!" എന്നു പറഞ്ഞു.
19അതിനു ദൂതൻ: "ഞാൻ ദൈവസന്നിധിയിൽ
നില്ക്കുന്ന ഗബ്രീയേൽ ആകുന്നു, നിന്നോടു
സംസാരിക്കുവാനും ഈ സുവാർത്ത നിന്നെ
അറിയിക്കുവാനും എന്നെ അയച്ചിരിക്കുന്നു.
20തക്ക സമയത്തു നിറവേറുവാനിരിക്കുന്ന
എന്റെ വാക്കുകൾ വിശ്വസിക്കാതിരുന്നതു
കൊണ്ട് ഇതു സംഭവിക്കുന്ന ദിവസംവരെയും
നീ സംസാരിക്കാനാവാതെ ഊമനായിരിക്കും."
എന്നു പറഞ്ഞു.

21ജനം സെഖര്യാവിനായി കാത്തിരുന്നു

[a] 2 അഥവാ *ഉറപ്പായി വിശ്വസിക്കപ്പെട്ടു പോരുന്ന*

അദ്ദേഹം ദൈവാലയത്തിനുള്ളിൽ ഇത്രയേറെ താമസിച്ചതിൽ ആശ്ചര്യപ്പെട്ടു. 22പുറത്തു വന്നപ്പോൾ അദ്ദേഹത്തിന് അവരോട് സംസാരിക്കാൻ കഴിഞ്ഞില്ല. ദൈവാലയത്തിൽവച്ച് അദ്ദേഹം ഒരു ദർശനം കണ്ടുവെന്ന് അവർ മനസ്സിലാക്കി. സംസാരിക്കാനാവാതെ അദ്ദേഹം അവരെ ആംഗ്യം കാണിച്ചുകൊണ്ടിരുന്നു.

23ശുശ്രൂഷാകാലം പൂർത്തിയായപ്പോൾ അദ്ദേഹം ഭവനത്തിലേക്കു മടങ്ങി. 24പിന്നീട്, അദ്ദേഹത്തിന്റെ ഭാര്യ എലീശബേത്ത് ഗർഭിണിയായിത്തീർന്നു; അവൾ അഞ്ചുമാസം ഒളിച്ചുപാർത്തു. 25"ജനങ്ങളുടെ ഇടയിൽ എനിക്കുണ്ടായിരുന്ന നിന്ദ നീക്കിക്കളയുവാൻ കർത്താവിനു പ്രസാദം തോന്നി. ഈ ദിവസങ്ങളിൽ അവിടുന്ന് എനിക്ക് നന്മ ചെയ്തിരിക്കുന്നു" എന്ന് അവൾ പറഞ്ഞു.

യേശുവിന്റെ ജനനത്തെപ്പറ്റിയുള്ള മുന്നറിയിപ്പ്

26ആറാം മാസത്തിൽ ദൈവം ഗബ്രീയേൽ ദൂതനെ ഗലീലയിലെ ഒരു പട്ടണമായ നസറെത്തിൽ, 27ദാവീദിന്റെ വംശത്തിൽപ്പെട്ട യോസേഫ് എന്ന പുരുഷനു വിവാഹനിശ്ചയം ചെയ്യപ്പെട്ടിരുന്ന ഒരു കന്യകയുടെ അടുക്കൽ അയച്ചു. ആ കന്യകയുടെ പേര് മറിയ എന്നായിരുന്നു. 28ദൂതൻ അവളുടെ അടുക്കൽ ചെന്ന്, "കൃപ ലഭിച്ചവളേ, നിനക്കു വന്ദനം; കർത്താവു നിന്നോടുകൂടെ ഉണ്ട്" എന്നു പറഞ്ഞു.

29ദൂതന്റെ വാക്കുകൾ കേട്ടു മറിയ വളരെ അസ്വസ്ഥയായി; ഇത് എന്തൊരു അഭിവാദനം എന്ന് അവൾ ചിന്തിച്ചു. 30എന്നാൽ ദൂതൻ അവളോട്: "മറിയയേ, ഭയപ്പെടേണ്ടാ; നിനക്കു ദൈവത്തിന്റെ കൃപ ലഭിച്ചിരിക്കുന്നു. 31നീ ഗർഭം ധരിച്ച് ഒരു മകനെ പ്രസവിക്കും. അവന് യേശു എന്നു പേരിടണം. 32അവൻ വലിയവനാകും; അത്യുന്നതന്റെ പുത്രൻ എന്നു വിളിക്കപ്പെടും. അവന്റെ പിതാവായ ദാവീദിന്റെ സിംഹാസനം കർത്താവായ ദൈവം അവനു കൊടുക്കും. 33അവൻ യാക്കോബുഗൃഹത്തെ എന്നേക്കും ഭരിക്കും; അവന്റെ രാജത്വം ഒരിക്കലും അവസാനിക്കയില്ല" എന്നു പറഞ്ഞു.

34"ഞാനൊരു കന്യകയാണല്ലോ; ഇത് എങ്ങനെ സംഭവിക്കും?" മറിയ ദൂതനോടു ചോദിച്ചു.

35അതിനു ദൂതൻ: "പരിശുദ്ധാത്മാവു നിന്റെമേൽ വരും; അത്യുന്നതന്റെ ശക്തി നിന്റെമേൽ ആവസിക്കും. ആകയാൽ ജനിപ്പാനിരിക്കുന്ന വിശുദ്ധശിശു ദൈവപുത്രൻ എന്നു വിളിക്കപ്പെടും. 36നിന്റെ ബന്ധുവായ എലീശബേത്തിനും അവളുടെ വാർദ്ധക്യത്തിൽ ഒരു കുഞ്ഞു പിറക്കാൻ പോകുന്നു; വന്ധ്യയെന്നു പറഞ്ഞിരുന്നവൾക്ക് ഇത് ആറാം മാസം. 37ദൈവത്തിന് ഒരു കാര്യവും അസാധ്യമല്ലല്ലോ" എന്ന് ഉത്തരം പറഞ്ഞു.

38"ഇതാ, ഞാൻ കർത്താവിന്റെ ദാസി; നീ പറഞ്ഞതുപോലെ എനിക്കു ഭവിക്കട്ടെ" – മറിയ മറുപടി പറഞ്ഞു. ദൂതൻ അവളെ വിട്ടുപോയി.

മറിയ എലീശബേത്തിനെ സന്ദർശിക്കുന്നു

39മറിയ എഴുന്നേറ്റ് യഹൂദ്യയിലെ മലനാട്ടിലുള്ള ഒരു പട്ടണത്തിലേക്കു തിടുക്കത്തിൽ യാത്ര പുറപ്പെട്ടു. 40അവിടെ അവൾ സെഖര്യാവിന്റെ ഭവനത്തിൽ എത്തി എലീശബേത്തിനെ വന്ദിച്ചു. 41മറിയയുടെ വന്ദനം എലീശബേത്ത് കേട്ടപ്പോൾ ശിശു അവളുടെ ഉദരത്തിൽ തുള്ളി; എലീശബേത്ത് പരിശുദ്ധാത്മാവിനാൽ നിറഞ്ഞു. 42അവൾ ഉച്ചത്തിൽ വിളിച്ചുപറഞ്ഞു: "നീ സ്ത്രീകളിൽ അനുഗ്രഹിക്കപ്പെട്ടവൾ; നിനക്ക് ഉണ്ടാകുന്ന ശിശുവും അനുഗ്രഹിക്കപ്പെട്ടത്! 43എന്നാൽ എന്റെ കർത്താവിന്റെ മാതാവ് എന്റെ അടുക്കൽ വരുവാൻ തക്കകൃപ എനിക്കു ലഭിച്ചതെങ്ങനെ? 44നിന്റെ വന്ദനസ്വരം എന്റെ കാതുകളിൽ പതിച്ച മാത്രയിൽ ശിശു എന്റെ ഉദരത്തിൽ ആനന്ദിച്ചു തുള്ളിച്ചാടി. 45കർത്താവു തന്നോടു അരുളിച്ചെയ്തതു നിറവേറുമെന്നു വിശ്വസിച്ചവൾ ഭാഗ്യവതി!"

മറിയയുടെ ഗാനം

46മറിയ ഇങ്ങനെ പറഞ്ഞു:

"എന്റെ ഉള്ളം കർത്താവിനെ പുകഴ്ത്തുന്നു;
47എന്റെ ആത്മാവ് എന്റെ രക്ഷിതാവായ ദൈവത്തിൽ സന്തോഷിക്കുന്നു.
48എന്തെന്നാൽ അവിടുന്ന് തന്റെ ദാസിയുടെ താഴ്ചയെ കടാക്ഷിച്ചിരിക്കുന്നു;
ഇപ്പോൾ മുതൽ എല്ലാ തലമുറകളും
എന്നെ ഭാഗ്യവതി എന്നു വാഴ്ത്തും.
49ശക്തനായവൻ എനിക്കുവേണ്ടി വലിയ
കാര്യങ്ങൾ ചെയ്തിരിക്കുന്നു; അവിടുത്തെ നാമം പരിശുദ്ധം.
50തന്നെ ഭയപ്പെടുന്നവർക്ക് അവിടുത്തെ
കരുണ തലമുറതലമുറയോളം ഉണ്ടാകും.
51തന്റെ ഭുജത്താൽ അവിടുന്നു വൻ
കാര്യങ്ങൾ പ്രവർത്തിച്ചിരിക്കുന്നു;
ഹൃദയവിചാരത്തിൽ അഹങ്കാരികളായവരെ അവിടുന്നു ചിതറിച്ചിരിക്കുന്നു.
52അധിപതികളെ സിംഹാസനങ്ങളിൽ
നിന്ന് ഇറക്കി, താഴ്മയുള്ളവരെ ഉയർത്തിയിരിക്കുന്നു.

53വിശപ്പുള്ളവരെ നന്മകളാൽ നിറച്ചു,
സമ്പന്നന്മാരെ വെറുംകൈയോടെ
അയച്ചു. 54നമ്മുടെ പിതാക്കന്മാരോട്
അരുളിച്ചെയ്തതുപോലെ, 55അബ്രാഹാ
മിനോടും അദ്ദേഹത്തിന്റെ സന്തതിക
ളോടും എന്നേക്കും കരുണ കാണിപ്പാൻ
ഓർത്തുകൊണ്ട് അവിടുന്നു തന്റെ
ദാസനായ യിസ്രായേലിനെ സഹായിച്ചി
രിക്കുന്നു.''

56മറിയ മൂന്നു മാസത്തോളം എലീശബേ
ത്തിനോടുകൂടെ താമസിച്ചിട്ടു വീട്ടിലേക്കു
മടങ്ങി.

യോഹന്നാൻസ്നാപകന്റെ ജനനം

57പ്രസവകാലം തികഞ്ഞപ്പോൾ എലീശ
ബേത്ത് ഒരു മകനെ പ്രസവിച്ചു. 58കർത്താവ്
അവളോടു മഹാകരുണ കാണിച്ചുവെന്നു കേട്ട്
അവളുടെ അയല്ക്കാരും ബന്ധുക്കളും
അവളോടുകൂടെ സന്തോഷിച്ചു.

59എട്ടാം ദിവസം അവർ പൈതലിനെ പരി
ച്ഛേദനം ചെയ്യുന്നതിനു വന്നു; അപ്പന്റെ
പേരുപോലെ അവർ അവനു സെഖര്യാവ് എന്നു
പേരിടുവാൻ ഭാവിച്ചു. 60എന്നാൽ അവന്റെ
അമ്മ, ''അവനെ യോഹന്നാൻ എന്നാണ്
വിളിക്കേണ്ടത്'' എന്നു പറഞ്ഞു.

61അവർ അവളോട്: ''നിന്റെ ബന്ധുക്കളുടെ
കൂട്ടത്തിൽ ഈ പേരുള്ള ആരും ഇല്ലല്ലോ''
എന്നു പറഞ്ഞു.

62പിന്നെ അവർ പൈതലിന്റെ അപ്പനോട്
അവന് എന്തു പേരിടുവാൻ ആഗ്രഹിക്കുന്നു
വെന്ന് ആംഗ്യം കാട്ടി ചോദിച്ചു. 63അദ്ദേഹം ഒരു
എഴുത്തുപലക ചോദിച്ചു. ''അവന്റെ പേര്
യോഹന്നാൻ'' എന്ന് എഴുതി. എല്ലാവരും
വിസ്മയിച്ചു. 64ഉടനെ അദ്ദേഹത്തിന്റെ വായ്
തുറക്കുകയും നാവിന്റെ കെട്ട് അഴിയുകയും
ചെയ്തു. അദ്ദേഹം ദൈവത്തെ സ്തുതി
ച്ചുകൊണ്ട് സംസാരിച്ചു തുടങ്ങി.

65അയല്ക്കാർക്കെല്ലാം ഭയമുണ്ടായി.
യഹൂദ്യമലനാട്ടിൽ എല്ലായിടത്തും ജനങ്ങൾ
ഈ കാര്യങ്ങളെക്കുറിച്ചു സംസാരിച്ചുകൊണ്ടി
രുന്നു. 66കേട്ടവർ എല്ലാവരും അതേപ്പറ്റി വിസ്മ
യിച്ച് ''ഈ പൈതൽ എന്തായിത്തീരും?'' എന്നു
ചോദിച്ചു. കർത്താവിന്റെ കൈ അവനോടു
കൂടെ ഉണ്ടായിരുന്നു.

സെഖര്യാവിന്റെ ഗാനം

67അവന്റെ അപ്പനായ സെഖര്യാവ് പരിശു
ദ്ധാത്മാവ് നിറഞ്ഞവനായി ഇപ്രകാരം
പ്രവചിച്ചു:

68''യിസ്രായേലിന്റെ ദൈവമായ കർത്താ
വു വാഴ്ത്തപ്പെട്ടവൻ;
അവിടുന്ന് തന്റെ ജനത്തെ
സന്ദർശിച്ച് ഉദ്ധരിച്ചിരിക്കുന്നുവല്ലോ.
69പണ്ടുപണ്ടേ തന്റെ വിശുദ്ധ പ്രവാചക
ന്മാരിലൂടെ അരുളിച്ചെയ്തതുപോലെ
70അവിടുന്ന് തന്റെ ദാസനായ
ദാവീദിന്റെ ഗൃഹത്തിൽ
നമുക്കായി രക്ഷയുടെ കൊമ്പ് [a]
ഉയർത്തിയിരിക്കുന്നത്,
71നമ്മുടെ ശത്രുക്കളിൽനിന്നും
നമ്മെ വെറുക്കുന്ന ഏവരുടെയും
കയ്യിൽനിന്നും നമ്മെ രക്ഷിക്കേണ്ടതിനു
തന്നേ.
72നമ്മുടെ പിതാക്കന്മാരോടു
കരുണ കാണിക്കേണ്ടതിനും
73നമ്മുടെ പിതാവായ അബ്രാഹാമി
നോടു ശപഥപൂർവ്വം ചെയ്ത വിശുദ്ധ
ഉടമ്പടി ഓർത്തുകൊണ്ട് 74ശത്രുക്കളുടെ
കയ്യിൽ നിന്നു നമ്മെ
വിടുവിക്കേണ്ടതിനും
75നമ്മുടെ ആയുഷ്ക്കാലമൊക്കെയും
നാം ഭയം കൂടാതെ, തിരുസന്നിധിയിൽ
വിശുദ്ധിയോടും നീതിയോടുംകൂടെ
അവിടുത്തെ ആരാധിക്കേണ്ടതിനും
അത്രേ അവിടുന്ന് അപ്രകാരം ചെയ്തിരി
ക്കുന്നത്.
76നീയോ പൈതലേ, അത്യുന്നതന്റെ
പ്രവാചകൻ എന്നു വിളിക്കപ്പെടും;
77കർത്താവിനുവേണ്ടി വഴിയൊരുക്കു
വാൻ, നമ്മുടെ ദൈവത്തിന്റെ ആർദ്ര
കരുണയാൽ തന്റെ ജനത്തിനു പാപ
മോചനത്തിലൂടെ രക്ഷയുടെ പരി
ജ്ഞാനം നല്കുവാൻ, നീ കർത്താവിനു
മുമ്പായി നടക്കും.''
78അന്ധതമസ്സിലും മരണനിഴലിലും
കഴിയുന്നവരുടെമേൽ പ്രകാശിക്കുന്ന
തിനും നമ്മുടെ കാലുകളെ സമാധാന
പാതയിൽ നയിക്കുന്നതിനും 79അവി
ടുത്തെ ആർദ്രകരുണയാൽ ഉദയസൂര്യൻ
സ്വർഗ്ഗത്തിൽനിന്നും നമ്മെ
സന്ദർശിക്കും.''

80പൈതൽ വളർന്നു, ആത്മാവിൽ
ശക്തിപ്പെട്ടു; യിസ്രായേലിനു തന്നെത്തന്നേ
വെളിപ്പെടുത്തുന്നതുവരെ അദ്ദേഹം മരു
ഭൂമിയിൽ താമസിച്ചു.

യേശുവിന്റെ ജനനം

2 ആ കാലത്ത് ലോകവ്യാപകമായ ഒരു
ജനസംഖ്യാനിർണ്ണയം നടത്തണമെന്ന്
ഔഗുസ്തൊസ് കൈസർ കല്പന പുറപ്പെടു

[a] 70 കൊമ്പ് ഇവിടെ ശക്തിയുടെ പ്രതീകമാണ്.

വിച്ചു. 2കുറേന്യൊസ് സുറിയായിലെ ദേശാധിപതി ആയിരിക്കുമ്പോഴാണ് ഈ ഒന്നാമത്തെ ജനസംഖ്യാനിർണ്ണയം നടന്നത് 3എല്ലാവരും പേരെഴുതിക്കുന്നതിന് അവര വരുടെ പട്ടണത്തിലേക്കു യാത്രയായി.

4അങ്ങനെ യോസേഫും ദാവീദിന്റെ കുടുംബത്തിലും വംശത്തിലും ഉള്ളവനായതു കൊണ്ട് ഗലീലയിലെ നസറെത്ത് എന്ന പട്ടണത്തിൽ നിന്ന് യഹൂദ്യയിൽ, ദാവീദിന്റെ പട്ടണമായ ബേത്ത്ലേഹെമിലേക്കു പോയി. 5തനിക്കു വിവാഹം നിശ്ചയിച്ചിരുന്നവളും ഗർഭിണിയുമായിരുന്ന മറിയയോടുകൂടെ പേരു ചേർക്കുന്നതിനായിരുന്നു അദ്ദേഹം അവിടേക്കു പോയത്. 6അവർ അവിടെയായിരിക്കുമ്പോൾ, പ്രസവിക്കാനുള്ള കാലം തികഞ്ഞു. 7അവൾ തന്റെ ആദ്യജാതനായ പുത്രനെ പ്രസവിച്ചു. അവർക്കു വഴിയമ്പലത്തിൽ ഇടമില്ലാതിരുന്നതുകൊണ്ട് അവൾ അവനെ ശീലകളിൽ പൊതിഞ്ഞ് ഒരു പുൽത്തൊട്ടിയിൽ കിടത്തി.

ആട്ടിടയന്മാരും ദൂതന്മാരും

8ആ പ്രദേശത്ത് ഇടയന്മാർ രാത്രിയിൽ ആട്ടിൻകൂട്ടത്തെ കാത്തുകൊണ്ടു വെളിമ്പ്രദേശത്തു താമസിച്ചിരുന്നു. 9കർത്താവിന്റെ ഒരു ദൂതൻ അവർക്കു പ്രത്യക്ഷനായി, കർത്താവിന്റെ തേജസ്സ് അവർക്കു ചുറ്റും മിന്നി, അവർ ഭയപരവശരായിത്തീർന്നു. 10എന്നാൽ ദൂതൻ അവരോടു പറഞ്ഞു: "ഭയപ്പെടേണ്ടാ; സകല ജനങ്ങൾക്കും ഉണ്ടാകുവാനുള്ള മഹാസന്തോഷത്തിന്റെ സുവാർത്ത ഞാൻ നിങ്ങളെ അറിയിക്കുന്നു. 11കർത്താവായ ക്രിസ്തു എന്ന രക്ഷിതാവ് ഇന്ന് ദാവീദിന്റെ പട്ടണത്തിൽ നിങ്ങൾക്കു വേണ്ടി ജനിച്ചിരിക്കുന്നു. 12നിങ്ങൾക്ക് അടയാളമോ: ശീലകളിൽ പൊതിഞ്ഞ്, പുൽത്തൊട്ടിയിൽ കിടക്കുന്ന ഒരു ശിശുവിനെ നിങ്ങൾ കാണും."

13പെട്ടെന്ന് സ്വർഗ്ഗീയസൈന്യത്തിന്റെ വലിയൊരു സംഘം ദൂതനോടുചേർന്നു ദൈവത്തെ പുകഴ്ത്തി:

14"അത്യുന്നതങ്ങളിൽ ദൈവത്തിനു
മഹത്ത്വം;
ഭൂമിയിൽ ദൈവപ്രസാദമുള്ള മനുഷ്യർക്കു
സമാധാനം."

എന്നു പറഞ്ഞു.

15ദൂതന്മാർ അവരെ വിട്ടു സ്വർഗ്ഗത്തിലേക്കു പോയിക്കഴിഞ്ഞപ്പോൾ ഇടയന്മാർ: "നമുക്കു ബേത്ത്ലേഹെമിൽ ചെന്നു കർത്താവു നമ്മെ അറിയിച്ച ഈ സംഭവം കാണാം" എന്നു തമ്മിൽപ്പറഞ്ഞു.

16അവർ തിടുക്കത്തിൽ ചെന്നു മറിയയെയും യോസേഫിനെയും പുല്ത്തൊട്ടിയിൽ കിടക്കുന്ന ശിശുവിനെയും കണ്ടു. 17കണ്ടതിനുശേഷം അവർ ഈ പൈതലിനെക്കുറിച്ചു തങ്ങളോടു പറഞ്ഞിരുന്ന വാക്ക് എല്ലാവരെയും അറിയിച്ചു.

18അതുകേട്ട എല്ലാവരും ഇടയന്മാർ തങ്ങളോടു പറഞ്ഞതിനെക്കുറിച്ച് ആശ്ചര്യപ്പെട്ടു. 19എന്നാൽ മറിയ ഇവയെല്ലാം ഹൃദയത്തിൽ സംഗ്രഹിച്ചു ധ്യാനിച്ചുകൊണ്ടിരുന്നു. 20തങ്ങളെ അറിയിച്ചിരുന്നതുപോലെ തന്നേ കേൾക്കുകയും കാണുകയും ചെയ്ത സകല കാര്യങ്ങൾക്കായും ദൈവത്തെ മഹത്ത്വപ്പെടുത്തിയും പുകഴ്ത്തിയുംകൊണ്ട് ഇടയന്മാർ മടങ്ങിപ്പോയി.

യേശുവിനെ ദൈവാലയത്തിൽ കൊണ്ടുചെല്ലുന്നു

21എട്ടുദിവസം പൂർത്തിയായപ്പോൾ, ശിശുവിന്റെ പരിച്ഛേദനത്തിന്റെ സമയത്ത്, അവൻ ഗർഭത്തിൽ ജനിക്കുംമുമ്പ് ദൂതൻ നിർദ്ദേശിച്ചിരുന്നതുപോലെ, അവന് യേശു എന്നു പേരു നല്കി.

22മോശെയുടെ ന്യായപ്രമാണം അനുസരിച്ച് അവളുടെ ശുദ്ധീകരണകാലം തികഞ്ഞപ്പോൾ, യോസേഫും മറിയയും അവനെ കർത്താവിനു സമർപ്പിക്കേണ്ടതിനായി യെരൂശലേമിലേക്കു കൊണ്ടുപോയി; 23"കടിഞ്ഞൂലായ ആണൊക്കെയും കർത്താവിനായി വിശുദ്ധീകരിക്കപ്പെടേണം" [a] എന്നു കർത്താവിന്റെ ന്യായപ്രമാണത്തിൽ എഴുതിയിരിക്കുന്നതനുസരിച്ചും, 24"ഒരു ജോഡി കുറുപ്രാവുകളെയോ രണ്ടു പ്രാവിൻകുഞ്ഞുങ്ങളെയോ യാഗം കഴിക്കേണ്ടതാകുന്നു" എന്ന് കർത്താവിന്റെ ന്യായപ്രമാണത്തിൽ കല്പിച്ചിരിക്കുന്നത് അനുഷ്ഠിക്കുന്നതിനുമാണ് അവർ പോയത്.

25യെരൂശലേമിൽ ശിമ്യോൻ എന്നു പേരുള്ള ഒരു മനുഷ്യൻ ഉണ്ടായിരുന്നു. അദ്ദേഹം നീതിമാനും ഭക്തനും ആയിരുന്നു. യിസ്രായേലിന്റെ ആശ്വാസത്തിനായി കാത്തുകൊണ്ടിരുന്ന അദ്ദേഹത്തിന്റെമേൽ പരിശുദ്ധാത്മാവു ആവസിച്ചിരുന്നു. 26കർത്താവിന്റെ ക്രിസ്തുവിനെ കാണുന്നതിനു മുമ്പ് മരിക്കയില്ല എന്നു പരിശുദ്ധാത്മാവിനാൽ അദ്ദേഹത്തിനു വെളിപ്പാട് ലഭിച്ചിരുന്നു. 27അദ്ദേഹം പരിശുദ്ധാത്മനിയോഗത്താൽ ദൈവാലത്തിലേക്കു ചെന്നു. യേശു എന്ന പൈതലിനു വേണ്ടി ന്യായപ്രമാണത്തിൽ വിധിച്ചിരിക്കുന്നതു നിർവ്വഹിക്കുവാൻ അമ്മയപ്പന്മാർ അവനെ അകത്തുകൊണ്ടുചെന്നപ്പോൾ

[a] 23 പുറപ്പാട് 13: 2, 12

28ശിമ്യോൻ അവനെ കൈകളിൽ എടുത്ത് ദൈവത്തെ പുകഴ്ത്തിക്കൊണ്ട് ഇപ്രകാരം പറഞ്ഞു:

29"നാഥാ, അവിടുന്നു വാഗ്ദാനം ചെയ്തിരുന്നതു പോലെ ഇപ്പോൾ അവിടുത്തെ ദാസനെ സമാധാനത്തോടെ വിട്ടയച്ചാലും.

30വിജാതീയർക്കു വെളിപ്പെടുവാനുള്ള പ്രകാശവും അവിടുത്തെ ജനമായ യിസ്രായേലിന്റെ മഹത്ത്വവുമായി
31അവിടുന്ന് സകലജനങ്ങളുടെയും മുമ്പാകെ ഒരുക്കിയിരിക്കുന്ന 32രക്ഷയെ എന്റെ കണ്ണ് കണ്ടിരിക്കുന്നുവല്ലോ!"

33ശിശുവിനെക്കുറിച്ച് ഇങ്ങനെ പറഞ്ഞതിൽ അവന്റെ മാതാപിതാക്കൾ വിസ്മയിച്ചു. 34പിന്നെ ശിമ്യോൻ അവരെ അനുഗ്രഹിച്ചിട്ട് അവന്റെ അമ്മയായ മറിയയോടു പറഞ്ഞു: "ഈ ശിശു യിസ്രായേലിൽ അനേകരുടെ വീഴ്ചയ്ക്കും ഉയർച്ചയ്ക്കും ഇടയാക്കേണ്ടതിനും. 35അനേകം ഹൃദയങ്ങളിലെ വിചാരങ്ങൾ വെളിപ്പെടുത്തേണ്ടതിന് എതിർത്തു പറയപ്പെടുന്ന ഒരടയാളമായിരിക്കേണ്ടതിനും നിയമിക്കപ്പെട്ടിരിക്കുന്നു. നിന്റെ സ്വന്തം പ്രാണനിലൂടെയും ഒരു വാൾ തുളച്ചു കയറും."

36ആശേർ ഗോത്രത്തിൽപെട്ട ഫനൂവേലിന്റെ മകളായ ഹന്നാ എന്നൊരു പ്രവാചിക ഉണ്ടായിരുന്നു. അവൾ വളരെ വയസ്സുചെന്നവളും വിവാഹം കഴിഞ്ഞ് ഏഴു വർഷം ഭർത്താവിനോടൊത്തു ജീവിച്ചിട്ട് 37എൺപത്തിനാലു വയസ്സുവരെ വിധവയും ആയിരുന്നു.[a] അവൾ ഒരിക്കലും ദൈവാലയം വിട്ടുപോകാതെ, ഉപവസിച്ചും പ്രാർത്ഥിച്ചും കൊണ്ടു രാപ്പകൽ ആരാധന നടത്തിപ്പോന്നു. 38ഈ സന്ദർഭത്തിൽ അവൾ അവരുടെ അടുക്കൽവന്ന്, ദൈവത്തെ സ്തുതിച്ച്, യെരൂശലേമിന്റെ വീണ്ടെടുപ്പിനായി കാത്തിരുന്ന എല്ലാവരോടും ശിശുവിനെക്കുറിച്ചു പ്രസ്താവിച്ചു.

39കർത്താവിന്റെ ന്യായപ്രമാണത്തിൽ കല്പിച്ചിരുന്നതെല്ലാം നിർവ്വഹിച്ചശേഷം യോസേഫും മറിയയും തങ്ങളുടെ സ്വന്തപട്ടണമായ നസറെത്തിലേക്കു മടങ്ങിപ്പോയി. 40പൈതൽ വളർന്നു ശക്തിപ്പെട്ടു; ജ്ഞാനത്താൽ നിറഞ്ഞു; ദൈവകൃപയും ആ ശിശുവിന്റെമേൽ ഉണ്ടായിരുന്നു.

ബാലനായ യേശു

41അവന്റെ മാതാപിതാക്കൾ ആണ്ടുതോറും പെസഹാപ്പെരുനാളിന് യെരൂശലേമിലേക്കു പോകുക പതിവായിരുന്നു. 42യേശുവിനു പന്ത്രണ്ടു വയസ്സായപ്പോൾ അവർ പതിവുപോലെ പെരുനാളിനു പോയി.

43പെരുനാളിനുശേഷം മാതാപിതാക്കൾ വീട്ടിലേക്കു മടങ്ങുമ്പോൾ ബാലനായ യേശു യെരൂശലേമിൽത്തന്നേ താമസിച്ചു; അവരോ അതറിഞ്ഞില്ല. 44അവൻ തങ്ങളുടെ കൂട്ടത്തിൽ ഉണ്ടെന്നു കരുതി അവർ ഒരു ദിവസത്തെ വഴി പിന്നിട്ടു. പിന്നെ ബന്ധുക്കളുടെയും മിത്രങ്ങളുടെയും ഇടയിൽ അവനെ അന്വേഷിപ്പാൻ തുടങ്ങി. 45കാണാതായപ്പോൾ ബാലനെ തിരയുവാൻ അവർ യെരൂശലേമിലേക്കു തിരികെപ്പോയി. 46മൂന്നു ദിവസത്തിനുശേഷം അവർ യേശുവിനെ ദൈവാലയത്തിൽ കണ്ടെത്തി; അവൻ ഉപദേഷ്ടാക്കന്മാരുടെ നടുവിൽ ഇരുന്ന് അവരുടെ ഉപദേശം ശ്രദ്ധിക്കുകയും അവരോടു ചോദ്യങ്ങൾ ചോദിക്കുകയും ചെയ്യുകയായിരുന്നു. 47അവന്റെ വാക്കുകേട്ട എല്ലാവരും അവന്റെ ജ്ഞാനത്തിലും ഉത്തരങ്ങളിലും വിസ്മയിച്ചു. 48യേശുവിനെ കണ്ടപ്പോൾ മാതാപിതാക്കൾ ആശ്ചര്യപ്പെട്ടു. മാതാവ് അവനോട്: "മകനേ, നീ ഞങ്ങളോട് ഇങ്ങനെ ചെയ്തതെന്ത്? നിന്റെ അപ്പനും ഞാനും ഉത്ക്കണ്ഠയോടെ നിന്നെ തിരയുകയായിരുന്നു" എന്നു പറഞ്ഞു.

49യേശു അവരോട്: "നിങ്ങൾ എന്നെ തിരഞ്ഞതെന്തിന്? എന്റെ പിതാവിനുള്ളതിൽ ഞാൻ ഇരിക്കേണ്ടതാണെന്നു നിങ്ങൾക്ക് അറിഞ്ഞുകൂടേ?" എന്നുചോദിച്ചു. 50അവൻ പറഞ്ഞതെന്തെന്ന് അവർ ഗ്രഹിച്ചില്ല.

51പിന്നെ യേശു അവരോടുകൂടെ നസറെത്തിലേക്കു പോയി അവർക്കു കീഴടങ്ങി ജീവിച്ചു. അവന്റെ അമ്മ ഈ കാര്യങ്ങളെല്ലാം ഹൃദയത്തിൽ സംഗ്രഹിച്ചു.

52യേശുവോ ജ്ഞാനത്തിലും വളർച്ചയിലും ദൈവത്തിന്റെയും മനുഷ്യരുടെയും പ്രസാദത്തിലും മുതിർന്നുവന്നു.

യോഹന്നാൻസ്നാപകൻ വഴി ഒരുക്കുന്നു

3 തീബെര്യൊസ് കൈസരുടെ വാഴ്ചയുടെ പതിനഞ്ചാം ആണ്ടിൽ പൊന്തിയൊസ് പീലാത്തൊസ് യഹൂദ്യയിലെ ദേശാധിപതിയും, ഹെരോദാവു ഗലീലയിലെയും അയാളുടെ സഹോദരനായ ഫീലിപ്പൊസ് ഇതൂര്യ, ത്രഖോനിത്തി എന്നീ ദേശങ്ങളിലെയും ലുസാന്യാസ് അബിലേനയിലെയും ഇടപ്രഭുക്കന്മാരും, 2ഹന്നാവും കയ്യഫാവും മഹാപുരോഹിതന്മാരും ആയിരിക്കുമ്പോൾ, സെഖര്യാവിന്റെ മകനായ യോഹന്നാനു മരുഭൂമിയിൽവച്ചു ദൈവത്തിന്റെ അരുളപ്പാടുണ്ടായി. 3അദ്ദേഹം യോർദ്ദാന് അടുത്തുള്ള

[a] 37 ചില തർജ്ജമകളിൽ *എൺപത്തിനാലുവർഷം വിധവയായി കഴിഞ്ഞവളുമായിരുന്നു.*

ദേശത്തെല്ലായിടത്തും ചെന്നു പാപമോചനത്തിനായുള്ള മാനസാന്തര സ്നാനം പ്രസംഗിച്ചു:

4"മരുഭൂമിയിൽ വിളിച്ചു
പറയുന്നവന്റെ ശബ്ദം,
'കർത്താവിന്റെ
വഴിയൊരുക്കുവിൻ;
അവിടുത്തേക്കുവേണ്ടി
പാത നേരെയാക്കുവിൻ
5എല്ലാ താഴ്വരകളും നികത്തപ്പെടും.
എല്ലാ മലകളും കുന്നുകളും നിരപ്പാക്കപ്പെടും.
വളഞ്ഞവഴികൾ നേരെയാക്കുകയും,
ദുർഘടമായ പാതകൾ സുഗമമാക്കുകയും ചെയ്യും. 6മനുഷ്യവർഗ്ഗം ഒന്നാകെ
ദൈവത്തിന്റെ രക്ഷയെ കാണും' "

എന്നിങ്ങനെ യെശയ്യാപ്രവാചകന്റെ പുസ്തകത്തിൽ എഴുതിയിരിക്കുന്നതുപോലെ തന്നേ.

7യോഹന്നാനിൽനിന്നു സ്നാനം ഏല്ക്കുവാൻ വന്ന ജനക്കൂട്ടത്തോട് അദ്ദേഹം പറഞ്ഞു: "സർപ്പസന്തതികളേ! വരാൻ പോകുന്ന ക്രോധത്തിൽനിന്ന് ഓടിപ്പോകുവാൻ നിങ്ങൾക്കു മുന്നറിയിപ്പു തന്നതാര്? 8മാനസാന്തരത്തിന് അനുയോജ്യമായ ഫലം പുറപ്പെടുവിക്കുവിൻ. 'അബ്രാഹാം ഞങ്ങൾക്കു പിതാവായിട്ടുണ്ട്' എന്നു നിങ്ങളോടു തന്നേ പറയുവാൻ ഭാവിക്കരുത്; ഈ കല്ലുകളിൽനിന്ന് അബ്രാഹാമിനു സന്തതികളെ എഴുന്നേല്പിക്കുവാൻ ദൈവത്തിനു കഴിയും എന്നു ഞാൻ നിങ്ങളോടു പറയുന്നു. 9വൃക്ഷങ്ങളുടെ ചുവട്ടിനു കോടാലിവച്ചിരിക്കുന്നു. നല്ലഫലം പുറപ്പെടുവിക്കാത്ത വൃക്ഷങ്ങളെല്ലാം വെട്ടി തീയിൽ ഇട്ടുകളയും."

10"അങ്ങനെയെങ്കിൽ, ഞങ്ങൾ എന്താണു ചെയ്യേണ്ടത്?" എന്നു ജനക്കൂട്ടം ചോദിച്ചു.

11അതിനു യോഹന്നാൻ: "രണ്ടുടുപ്പുള്ളവൻ ഉടുപ്പില്ലാത്തവനു കൊടുക്കട്ടെ ; ഭക്ഷണം ഉള്ളവനും അങ്ങനെ തന്നേ ചെയ്യട്ടെ" എന്ന് ഉത്തരം പറഞ്ഞു.

12ചുങ്കംപിരിവുകാരും സ്നാനം ഏല്ക്കുവാൻ വന്നു. "ഗുരോ, ഞങ്ങൾ എന്തു ചെയ്യണം?" എന്ന് അവർ ചോദിച്ചു.

13"നിങ്ങളോടു കല്പിച്ചതിൽ അധികമായി ഒന്നും പിരിക്കരുത്" അദ്ദേഹം അവരോടു പറഞ്ഞു.

14അപ്പോൾ ചില പടയാളികൾ അദ്ദേഹത്തോട്, "ഞങ്ങൾ ചെയ്യേണ്ടതെന്ത്?" എന്നു ചോദിച്ചു.

"ബലം പ്രയോഗിച്ചു പണം വാങ്ങുകയോ ജനങ്ങളുടെമേൽ വ്യാജമായി കുറ്റം ചുമത്തുകയോ ചെയ്യരുത്; നിങ്ങളുടെ ശമ്പളം കൊണ്ടു തൃപ്തിപ്പെടുവിൻ" എന്ന് അദ്ദേഹം ഉത്തരം പറഞ്ഞു.

15ജനം പ്രതീക്ഷയോടെ കാത്തിരിക്കുകയായിരുന്നു; ഈ യോഹന്നാൻതന്നെ ആയിരിക്കുകയില്ലേ ക്രിസ്തു എന്ന് എല്ലാവരും ഹൃദയത്തിൽ വിചാരിച്ചുകൊണ്ടിരുന്നു. 16യോഹന്നാൻ അവരെല്ലാവരോടും മറുപടി പറഞ്ഞു: "ഞാൻ നിങ്ങളെ വെള്ളംകൊണ്ടു സ്നാനപ്പെടുത്തുന്നു. എന്നാൽ എന്നെക്കാൾ ബലവാനായ ഒരുവൻ വരും; അദ്ദേഹത്തിന്റെ ചെരിപ്പിന്റെ വാറ് അഴിക്കുവാൻ ഞാൻ യോഗ്യനല്ല. അദ്ദേഹം നിങ്ങളെ പരിശുദ്ധാത്മാവുകൊണ്ടും തീകൊണ്ടും സ്നാനപ്പെടുത്തും. 17 വിശുമുറം അദ്ദേഹത്തിന്റെ കയ്യിലുണ്ട്. അദ്ദേഹം കളം പൂർണ്ണമായും വെടിപ്പാക്കി ഗോതമ്പു കളപ്പുരയിൽ ശേഖരിക്കും; പതിർ കെടാത്ത തീയിലിട്ടു ചുട്ടുകളയുകയും ചെയ്യും." 18മറ്റു പല വചനങ്ങളാലും യോഹന്നാൻ ജനങ്ങളെ പ്രബോധിപ്പിക്കുകയും അവരോടു സുവിശേഷം അറിയിക്കുകയും ചെയ്തു.

19എന്നാൽ യോഹന്നാൻ ഇടപ്രഭുവായ ഹെരോദാവിനെ അയാളുടെ സഹോദരന്റെ ഭാര്യ ഹെരോദ്യനിമിത്തവും അയാൾ ചെയ്തിരുന്ന സകല ദോഷങ്ങൾ നിമിത്തവും ശാസിച്ചതുകൊണ്ട് 20ഹെരോദാവു ഇതിനെല്ലാംപുറമേ യോഹന്നാനെ തുറുങ്കിൽ അടയ്ക്കുകയും ചെയ്തു.

യേശുവിന്റെ സ്നാനവും വംശാവലിയും

21ജനങ്ങൾ എല്ലാവരും സ്നാനം ഏറ്റുകൊണ്ടിരുന്നപ്പോൾ യേശുവും സ്നാനം ഏറ്റു. അദ്ദേഹം പ്രാർത്ഥിക്കുമ്പോൾ സ്വർഗ്ഗം തുറന്നു. 22പരിശുദ്ധാത്മാവ് പ്രാവിന്റെ രൂപത്തിൽ അദ്ദേഹത്തിന്റെമേൽ ഇറങ്ങിവന്നു. "നീ എന്റെ പ്രിയപുത്രൻ; നിന്നിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു" എന്നു സ്വർഗ്ഗത്തിൽനിന്ന് ഒരു ശബ്ദവും ഉണ്ടായി.

23യേശുവിനു തന്റെ ശുശ്രൂഷ ആരംഭിക്കുമ്പോൾ ഏകദേശം മുപ്പതു വയസ്സായിരുന്നു. അദ്ദേഹം യോസേഫിന്റെ മകൻ. അങ്ങനെയാണ് ജനം കരുതിയിരുന്നത്.

യോസേഫ് ഹേലിയുടെ മകൻ,
24ഹേലി മത്ഥാത്തിന്റെ മകൻ,
മത്ഥാത്ത് ലേവിയുടെ മകൻ,
ലേവി മെല്ക്കിയുടെ മകൻ,
മെല്ക്കി യന്നായിയുടെ മകൻ.
യന്നായി യോസേഫിന്റെ മകൻ,
25യോസേഫ് മത്തഥ്യൊസിന്റെ മകൻ,
മത്തഥ്യൊസ് ആമോസിന്റെ മകൻ
ആമോസ് നാഹൂമിന്റെ മകൻ,

നാഹൂം എസ്ളിയുടെ മകൻ,
എസ്ളി നഗ്ഗായിയുടെ മകൻ,
നഗ്ഗായി മയാത്തിന്റെറ മകൻ,
26മയാത്ത് മത്ഥ്യൊസിന്റെറ മകൻ,
മത്ഥ്യൊസ് ശെമയിയുടെ മകൻ,
ശെമയി യോസേഫിന്റെറ മകൻ,
യോസേഫ് യോദായുടെ മകൻ,
27യോദാ യോഹന്നാന്റെറ മകൻ,
യോഹന്നാൻ രേസയുടെ മകൻ,
രേസ സൊരൊബാബേലിന്റെറ മകൻ,
സൊരൊബാബേൽ ശലഥിയേലിന്റെറ മകൻ,
ശലഥിയേൽ നേരിയുടെ മകൻ,
28നേരി മെല്ക്കിയുടെ മകൻ,
മെല്ക്കി അദ്ദിയുടെ മകൻ,
അദ്ദി കോസാമിന്റെറ മകൻ,
കോസാം എൽമാദാമിന്റെറ മകൻ,
എൽമാദാം ഏരിന്റെറ മകൻ,
ഏർ യോശുവിന്റെറ മകൻ,
29യോശു എലീയേസരിന്റെറ മകൻ,
എലീയേസർ യോരീമിന്റെറ മകൻ,
യോരീം മത്ഥാത്തിന്റെറ മകൻ,
മത്ഥാത്ത് ലേവിയുടെ മകൻ,
30ലേവി ശിമ്യോന്റെറ മകൻ,
ശിമ്യോൻ യെഹൂദയുടെ മകൻ,
യെഹൂദാ യോസേഫിന്റെറ മകൻ,
യോസേഫ് യോനാമിന്റെറ മകൻ,
യോനാം എല്യാക്കീമിന്റെറ മകൻ,
31എല്യാക്കീം മെല്യാവിന്റെറ മകൻ,
മെല്യാവു മെന്നയുടെ മകൻ,
മെന്നാ മത്ഥഥയുടെ മകൻ,
മത്ഥഥാ നാഥാന്റെറ മകൻ,
നാഥാൻ ദാവീദിന്റെറ മകൻ,
32ദാവീദ് യിശ്ശായിയുടെ മകൻ,
യിശ്ശായി ഓബേദിന്റെറ മകൻ,
ഓബേദ് ബോവസിന്റെറ മകൻ,
ബോവസ് സല്മോന്റെറ മകൻ,
സല്മോൻ നഹശോന്റെറ മകൻ,
നഹശോൻ അമ്മീനാദാബിന്റെറ മകൻ,
33അമ്മീനാദാബ് അരാമിന്റെറ മകൻ,
അരാം എസ്രോന്റെറ മകൻ,
എസ്രോൻ പാരെസിന്റെറ മകൻ,
പാരെസ് യെഹൂദായുടെ മകൻ,
34 യെഹൂദാ യാക്കോബിന്റെറ മകൻ,
യാക്കോബ് യിസ്ഹാക്കിന്റെറ മകൻ,
യിസ്ഹാക്ക് അബ്രാഹാമിന്റെറ മകൻ,
അബ്രാഹാം തേരഹിന്റെറ മകൻ,
തേരഹ് നാഹോരിന്റെറ മകൻ,
35നാഹോർ സെരൂഗിന്റെറ മകൻ,
സെരൂഗ് രെഗുവിന്റെറ മകൻ,
രെഗു ഫാലെഗിന്റെറ മകൻ,
ഫാലെഗ് ഏബെരിന്റെറ മകൻ,
ഏബെർ ശലാമിന്റെറ മകൻ,
36ശലാം കയിനാന്റെറ മകൻ,
കയിനാൻ അർഫക്സാദിന്റെറ മകൻ,
അർഫക്സാദ് ശേമിന്റെറ മകൻ,
ശേം നോഹയുടെ മകൻ,
നോഹ ലാമേക്കിന്റെറ മകൻ,
37ലാമേക്ക് മെഥൂശലയുടെ മകൻ,
മെഥൂശല ഹാനോക്കിന്റെറ മകൻ,
ഹാനോക്ക് യാരെദിന്റെറ മകൻ,
യാരെദ് മലെല്യേലിന്റെറ മകൻ,
മലെല്യേൽ കയിനാന്റെറ മകൻ,
38കയിനാൻ ഏനോശിന്റെറ മകൻ,
എനോശ് ശേത്തിന്റെറ മകൻ,
ശേത്ത് ആദാമിന്റെറ മകൻ,
ആദാം ദൈവത്തിന്റെറ മകൻ.

യേശുവിനുണ്ടായ പരീക്ഷകൾ

4 യേശു പരിശുദ്ധാത്മാവു നിറഞ്ഞവനായി
യോർദ്ദാനിൽ നിന്നു മടങ്ങി. ആത്മാവ്
അദ്ദേഹത്തെ മരുഭൂമിയിലേക്കു നയിച്ചു.
2അവിടെ അദ്ദേഹം നാല്പതുദിവസത്തേക്ക് പി
ശാചിനാൽ പരീക്ഷിക്കപ്പെട്ടു. ആ ദിവസ
ങ്ങളിൽ അദ്ദേഹം ഒന്നും ഭക്ഷിച്ചിരുന്നില്ല, അതു
കഴിഞ്ഞപ്പോൾ അദ്ദേഹത്തിനു വിശന്നു.
3അപ്പോൾ പിശാച് അദ്ദേഹത്തോട്, "നീ
ദൈവപുത്രൻ എങ്കിൽ ഈ കല്ലിനോട്
അപ്പമായിത്തീരുവാൻ കല്പിക്കുക" എന്നു
പറഞ്ഞു.
4അതിന് യേശു: " 'മനുഷ്യൻ അപ്പംകൊണ്ടു
മാത്രമല്ല ജീവിക്കുന്നത് ' [a] എന്ന് എഴുതിയി
രിക്കുന്നു" എന്ന് ഉത്തരം പറഞ്ഞു.
5പിന്നെ പിശാച് അദ്ദേഹത്തെ ഒരു ഉയർന്ന
സ്ഥലത്തേക്കു കൂട്ടിക്കൊണ്ടുപോയി, ലോക
ത്തിലെ സകല രാജ്യങ്ങളും ക്ഷണനേരം
കൊണ്ട് അദ്ദേഹത്തിനു കാണിച്ചുകൊടുത്തു.
6അവൻ അദ്ദേഹത്തോട്: "ഇവയുടെയെല്ലാം
സകല അധികാരവും മഹത്ത്വവും ഞാൻ നിന
ക്കു തരാം. അത് എന്റെ പക്കൽ ഏല്പിക്ക
പ്പെട്ടിരിക്കുന്നു; എനിക്ക് ഇഷ്ടമുള്ളവനു ഞാൻ
അതു കൊടുക്കുന്നു. 7ആകയാൽ നീ എന്നെ
ആരാധിക്കുമെങ്കിൽ അതു നിനക്കു
ള്ളതായിത്തീരും" എന്നു പറഞ്ഞു.
8അതിന് യേശു: "'നിന്റെറ ദൈവമായ കർ
ത്താവിനെ ആരാധിച്ച് അവിടുത്തെമാത്രമേ
സേവിക്കാവൂ' [b] എന്ന് എഴുതിയിരിക്കുന്നു"
എന്ന് ഉത്തരം പറഞ്ഞു.
9പിന്നെ പിശാച് അദ്ദേഹത്തെ യെരൂശ
ലേമിലേക്കു നയിക്കുകയും ദൈവാലയ

[a] 4 ആവർത്തനം 8: 3 [b] 8 ആവർത്തനം 6: 13

ഗോപുരത്തിന്റെ മുകളിൽ നിറുത്തുകയും
ചെയ്തു. അവൻ അദ്ദേഹത്തോട്, " നീ
ദൈവപുത്രനെങ്കിൽ ഇവിടെനിന്നു താഴോട്ടു
ചാടുക,
10'നിന്നെ കാത്തു സംരക്ഷിക്കുവാൻ
അവിടുന്നു തന്റെ ദൂതന്മാരോടു
കല്പിക്കും;
11നിന്റെ കാൽ കല്ലിൽ തട്ടാതവണ്ണം
അവർ നിന്നെ കൈകളിൽ താങ്ങിക്കൊ
ള്ളും'[a] എന്ന് എഴുതിയിട്ടുണ്ടല്ലോ" എന്നു
പറഞ്ഞു.
12 അതിന് യേശു: " 'നിന്റെ ദൈവമായ
കർത്താവിനെ പരീക്ഷിക്കരുത് " [b] എന്ന്
അരുളിച്ചെയ്തിരിക്കുന്നു" എന്നു മറുപടി
പറഞ്ഞു.
13ഈ പരീക്ഷകളെല്ലാം തികച്ചശേഷം
പിശാച് തക്ക ഒരവസരം ലഭിക്കുന്നതു
വരെയ്ക്കും അദ്ദേഹത്തെ വിട്ടുപോയി.

യേശു നസറെത്തിൽ തിരസ്കരിക്കപ്പെടുന്നു

14യേശു ആത്മാവിന്റെ ശക്തിയോടെ
ഗലീലയിലേക്കു മടങ്ങി; അദ്ദേഹത്തെ
ക്കുറിച്ചുള്ള വാർത്ത നാട്ടിൻപുറത്തെല്ലാം
പരന്നു. 15അദ്ദേഹം അവരുടെ പള്ളികളിൽ
ഉപദേശിച്ചു; എല്ലാവരും അദ്ദേഹത്തെ
പുകഴ്ത്തി.
16അദ്ദേഹം, താൻ വളർന്ന സ്ഥലമായ
നസറെത്തിലേക്കു പോയി, ശബ്ബത്തു
ദിവസത്തിൽ പതിവനുസരിച്ച് പള്ളിയിൽ
ചെന്ന് വായിപ്പാൻ എഴുന്നേറ്റുനിന്നു.
17യെശയ്യാപ്രവാചകന്റെ പുസ്തകച്ചുരുൾ
അദ്ദേഹത്തിന്റെ കയ്യിൽ കൊടുത്തു. അതു
നിവിർത്തി ഈ ഭാഗം അദ്ദേഹം കണ്ടെത്തി:
18"കർത്താവിന്റെ ആത്മാവ് എന്റെ
മേൽ ഉണ്ട്; എന്തെന്നാൽ ദരിദ്രന്മാരോടു
സുവിശേഷം അറിയിക്കുവാൻ അവിടുന്ന്
എന്നെ അഭിഷേകം ചെയ്തിരിക്കുന്നു.
തടവുകാർക്കു സ്വാതന്ത്ര്യവും അന്ധർക്കു
കാഴ്ചയും പ്രഖ്യാപിക്കുവാനും, മർദ്ദിതരെ
വിട്ടയപ്പാനും,
19കർത്താവിന്റെ പ്രസാദവർഷം പ്രസം
ഗിപ്പാനും എന്നെ അയച്ചിരിക്കുന്നു." [c]
20പിന്നെ അദ്ദേഹം പുസ്തകച്ചുരുൾ ശു
ശ്രൂഷകനു തിരികെ കൊടുത്തിട്ട് ഇരുന്നു. പള്ളി
യിലുണ്ടായിരുന്ന എല്ലാവരുടേയും ദൃഷ്ടി
അദ്ദേഹത്തിന്റെ മേൽ പതിഞ്ഞിരുന്നു.
21അദ്ദേഹം അവരോട്, "നിങ്ങൾ കേട്ട ഈ
തിരുവെഴുത്ത് ഇന്ന് നിവൃത്തിയായിരി
ക്കുകയാണ്" എന്നു പറഞ്ഞു.
22എല്ലാവരും അദ്ദേഹത്തെ പ്രശംസിച്ചു;
അദ്ദേഹത്തിന്റെ അധരങ്ങളിൽ നിന്നു
പുറപ്പെട്ട ലാവണ്യവാക്കുകൾ നിമിത്തം
ആശ്ചര്യപ്പെട്ടു. "ഇതു യോസേഫിന്റെ മകൻ
അല്ലയോ?" അവർ ചോദിച്ചു.
23യേശു അവരോട്: " 'വൈദ്യാ, നിന്നെ
ത്തന്നേ സൗഖ്യമാക്കുക' എന്ന പഴഞ്ചൊല്ല്
ഉദ്ധരിച്ചുകൊണ്ട്, 'താങ്കൾ കഫർന്നഹൂമിൽ
ചെയ്തുവെന്നു ഞങ്ങൾ കേട്ടിരിക്കുന്നതു
താങ്കളുടെ ഈ പിതൃനഗരത്തിലും ചെയ്യുക'
എന്നു നിങ്ങൾ എന്നോടു തീർച്ചയായും
പറയും" എന്നു പറഞ്ഞു.
24അദ്ദേഹം ഇങ്ങനെ തുടർന്നു: "ഒരു
പ്രവാചകനും തന്റെ പിതൃനഗരത്തിൽ
അംഗീകരിക്കപ്പെടുന്നില്ല എന്നു ഞാൻ
സത്യമായിട്ടു നിങ്ങളോടു പറയുന്നു.
25ഏലിയാവിന്റെ കാലത്ത്, ആകാശം
മൂന്നരവർഷത്തേക്ക് അടഞ്ഞുപോകയും
ദേശത്തെല്ലായിടത്തും ക്ഷാമം ഉണ്ടാകുകയും
ചെയ്തപ്പോൾ യിസ്രായേലിൽ അനേകം
വിധവമാർ ഉണ്ടായിരുന്നു എന്നതു
വാസ്തവമാണ്; 26എങ്കിലും ഏലിയാവിനെ
സീദോൻ പ്രദേശത്തെ സരെപ്തയിൽ ഒരു
വിധവയുടെ അടുത്തേക്കല്ലാതെ അവരിൽ
ആരുടേയും അടുക്കലേക്ക് അയച്ചില്ല.
27ഏലീശാപ്രവാചകന്റെ കാലത്തു
യിസ്രായേലിൽ കുഷ്ഠം ബാധിച്ച അനേകർ
ഉണ്ടായിരുന്നെങ്കിലും സുറിയാക്കാരനായ
നയമാൻ ഒഴികെ അവരിൽ ആരും സൗഖ്യം
പ്രാപിച്ചില്ല."
28ഇതുകേട്ടപ്പോൾ പള്ളിയിൽ ഉണ്ടായിരുന്ന
എല്ലാവരും ക്രോധം നിറഞ്ഞവരായിത്തീർന്നു.
29അവർ എഴുന്നേറ്റ് അദ്ദേഹത്തെ പട്ടണത്തിൽ
നിന്നു പുറത്താക്കുകയും പട്ടണം പണിതിരുന്ന
മലയുടെ വക്കിൽ നിന്നും താഴേക്കു തള്ളിയിടു
വാൻ അവിടെ കൊണ്ടുപോവുകയും ചെയ്തു.
30എന്നാൽ അദ്ദേഹം ജനക്കൂട്ടത്തിന്റെ
ഇടയിലൂടെ നടന്നു തന്റെ വഴിക്കുപോയി.

യേശു ഒരു ദുരാത്മാവിനെ
പുറത്താക്കുന്നു

31പിന്നീട് അദ്ദേഹം ഗലീലയിലെ ഒരു
പട്ടണമായ കഫർന്നഹൂമിലേക്കുചെന്ന്
ശബ്ബത്തിൽ ജനങ്ങളെ ഉപദേശിച്ചുതുടങ്ങി.
32അദ്ദേഹത്തിന്റെ സന്ദേശം അധികാര
മുള്ളതായിരുന്നതിനാൽ അവർ അദ്ദേഹ
ത്തിന്റെ പ്രബോധനത്തിൽ ആശ്ചര്യപ്പെട്ടു.
33അവിടെ പള്ളിയിൽ ദുരാത്മാവു ബാധിച്ച
ഒരു മനുഷ്യൻ ഉണ്ടായിരുന്നു. അവൻഏറ്റവും
ഉച്ചത്തിൽ 34''നസറായനായ യേശുവേ,
അങ്ങേയ്ക്കു ഞങ്ങളോട് എന്തു കാര്യം?

[a] 11 സങ്കീർത്തനം. 91:11,12 [b] 12 ആവർത്തനം. 6:16 [c] 19 യെശയ്യാവ് 61:1,2

ഞങ്ങളെ നശിപ്പിക്കാനോ അങ്ങു വന്നിരിക്കുന്നത്? അങ്ങ് ആരാണെന്ന് എനിക്കറിയാം - ദൈവത്തിന്റെ പരിശുദ്ധൻ തന്നേ" എന്നു വിളിച്ചു പറഞ്ഞു.

35"മിണ്ടരുത്" യേശു ശാസിച്ചു: "അവനിൽ നിന്നു പുറത്തുവരിക!" എന്ന് യേശു കർശനമായി കല്പിച്ചു. അപ്പോൾ ഭൂതം ആ മനുഷ്യനെ അവരുടെ എല്ലാവരുടേയും മുമ്പിൽ തള്ളിയിട്ടശേഷം അവന് ഉപദ്രവമൊന്നും വരുത്താതെ പുറത്തുപോയി.

36ജനങ്ങൾ എല്ലാവരും വിസ്മയിച്ചു. "ഈ ഉപദേശം എന്ത്? അദ്ദേഹം അധികാരത്തോടും ശക്തിയോടും കൂടി ദുരാത്മാക്കളോടു കല്പിക്കുകയും അവ പുറത്തുപോകുകയും ചെയ്യുന്നുവല്ലോ!" എന്ന് തമ്മിൽത്തമ്മിൽ പറഞ്ഞു. 37അദ്ദേഹത്തെ സംബന്ധിച്ചുള്ള വാർത്ത ചുറ്റുമുള്ള പ്രദേശങ്ങളിലെല്ലാം പരന്നു.

യേശു അനേകരെ സൗഖ്യമാക്കുന്നു

38യേശു പള്ളിവിട്ടു ശിമോന്റെ ഭവനത്തിലേക്കു ചെന്നു. ശിമോന്റെ അമ്മാവിയമ്മ കഠിനമായ പനിപിടിച്ചു കിടപ്പിലായിരുന്നു. അവളെ സഹായിക്കണമെന്ന് അവർ യേശുവിനോട് അപേക്ഷിച്ചു. 39അദ്ദേഹം അവളുടെ അടുത്തേക്കു ചെന്നു കുനിഞ്ഞു പനിയെ ശാസിച്ചു. അത് അവളെ വിട്ടുപോയി. അവൾ ഉടനെ എണീറ്റ് അവരെ ശുശ്രൂഷിച്ചുതുടങ്ങി.

40സൂര്യൻ അസ്തമിക്കുമ്പോൾ ജനങ്ങൾ വിവിധരോഗങ്ങൾ ബാധിച്ചിരുന്ന എല്ലാവരെയും യേശുവിന്റെ അടുക്കൽ കൊണ്ടുവന്നു; അദ്ദേഹം ഓരോരുത്തരുടെയുംമേൽ കൈ വച്ച് അവരെ സൗഖ്യമാക്കി. 41കൂടാതെ, ഭൂതങ്ങൾ: "നീ ദൈവപുത്രൻ!" എന്നു വിളിച്ചുപറഞ്ഞുകൊണ്ടു പലരിൽ നിന്നും പുറപ്പെട്ടുപോയി. അദ്ദേഹം ക്രിസ്തു എന്ന് അവ അറിഞ്ഞിരുന്നതുകൊണ്ട് അദ്ദേഹം അവയെ ശാസിച്ചു; സംസാരിപ്പാൻ അവയെ അനുവദിച്ചില്ല.

42പ്രഭാതത്തിൽ യേശു ഒരു വിജനസ്ഥലത്തേക്കു പോയി. ജനങ്ങൾ അദ്ദേഹത്തെ അന്വേഷിച്ചുകൊണ്ടിരുന്നു. അവർ അദ്ദേഹം ഇരുന്നിരുന്ന സ്ഥലത്തെത്തിയപ്പോൾ തങ്ങളെ വിട്ടുപോകാതിരിപ്പാൻ അദ്ദേഹത്തെ നിർബ്ബന്ധിച്ചു. 43എന്നാൽ അദ്ദേഹം പറഞ്ഞു: "ഞാൻ ദൈവരാജ്യത്തിന്റെ സുവിശേഷം മറ്റു പട്ടണങ്ങളിലും അറിയിക്കേണ്ടതാകുന്നു; അതിനായിട്ടല്ലോ എന്നെ അയച്ചിട്ടുള്ളത്." 44തുടർന്ന് അദ്ദേഹം യഹൂദ്യയിലെ [a] പള്ളികളിൽ പ്രസംഗിച്ചുകൊണ്ടിരുന്നു.

ആദ്യശിഷ്യന്മാരെ വിളിക്കുന്നത്

5 ഒരുദിവസം യേശു ഗന്നേസരത്തടാക [b] ത്തിന്റെ തീരത്തു നില്ക്കുമ്പോൾ, ജനങ്ങൾ അദ്ദേഹത്തിനു ചുറ്റും തിങ്ങിക്കൂടി ദൈവവചനം കേട്ടുകൊണ്ടിരിക്കുകയായിരുന്നു. 2അപ്പോൾ കരയ്ക്കടുത്തു രണ്ടു വഞ്ചികിടക്കുന്നത് അദ്ദേഹം കണ്ടു. മീൻപിടിത്തക്കാർ വഞ്ചി അവിടെ ഇട്ടിട്ടു തങ്ങളുടെ വല കഴുകുകയായിരുന്നു. 3അവയിൽ ശിമോനുള്ളതായ ഒരു വഞ്ചിയിൽ കയറിയിട്ട് അത് കരയിൽ നിന്ന് അല്പം നീക്കണം എന്ന് അദ്ദേഹം അവനോട് ആവശ്യപ്പെട്ടു. പിന്നീട് അദ്ദേഹം അതിൽ ഇരുന്നുകൊണ്ട് ജനങ്ങളെ ഉപദേശിച്ചു.

4സംസാരിച്ചുകഴിഞ്ഞപ്പോൾ അദ്ദേഹം ശിമോനോട്: "ആഴത്തിലേക്കു നീക്കി വലയിറക്കുക" എന്നു പറഞ്ഞു.

5അതിനു ശിമോൻ: "നാഥാ, ഞങ്ങൾ രാത്രി മുഴുവൻ അധ്വാനിച്ചു; ഒന്നും പിടിച്ചില്ല. എങ്കിലും അങ്ങയുടെ വാക്കിനു ഞാൻ വലയിറക്കാം" എന്ന് ഉത്തരം പറഞ്ഞു.

6അവർ അങ്ങനെ ചെയ്തപ്പോൾ വലിയ മീൻകൂട്ടം വലയിൽപ്പെട്ടു; വല കീറാൻ തുടങ്ങി. അതുകൊണ്ട് അവർ, മറ്റേ വഞ്ചിയിലുള്ള പങ്കാളികൾ വന്നു തങ്ങളെ സഹായിക്കേണ്ടതിന് അവരെ മാടിവിളിച്ചു. അവർ വന്നു രണ്ടു വഞ്ചികളും മുങ്ങാറാകുന്നതുവരെ മീൻ നിറച്ചു.

8ഇതുകണ്ടിട്ടു ശിമോൻ പത്രൊസ് യേശുവിന്റെ കാല്ക്കൽ വീണ്, "കർത്താവേ, എന്നെ വിട്ടു പോകേണമേ, ഞാൻ പാപിയായ മനുഷ്യൻ ആകുന്നു" എന്നു പറഞ്ഞു. 9അയാളും അയാളുടെ എല്ലാ കൂട്ടുകാരും തങ്ങൾ നടത്തിയ മീൻപിടിത്തത്തെപ്പറ്റി വിസ്മയഭരിതരായിരുന്നു; 10ശിമോന്റെ പങ്കാളികളായ യാക്കോബ്, യോഹന്നാൻ എന്ന സെബെദിമക്കളും അങ്ങനെതന്നേ.

അപ്പോൾ യേശു ശിമോനോട്: "ഭയപ്പെടരുത്; ഇനിമുതൽ നീ മനുഷ്യരെ പിടിക്കുന്നവനാകും" എന്നു പറഞ്ഞു. 11അങ്ങനെ, അവർ തങ്ങളുടെ വഞ്ചികൾ വലിച്ചു കരയ്ക്കു കയറ്റി, സകലവും ഉപേക്ഷിച്ച് അദ്ദേഹത്തെ അനുഗമിച്ചു.

കുഷ്ഠം ബാധിച്ചവൻ

12യേശു ഒരു പട്ടണത്തിൽ ആയിരുന്നപ്പോൾ കുഷ്ഠം നിറഞ്ഞ ഒരു മനുഷ്യൻ അവിടെ വന്നു. അവൻ യേശുവിനെ കണ്ടിട്ട് കവിണ്ണുവീണ്, "കർത്താവേ, അവിടുത്തേക്കു മനസ്സുണ്ടെങ്കിൽ എന്നെ ശുദ്ധനാക്കുവാൻ കഴിയും" എന്ന് അപേക്ഷിച്ചു.

13യേശു കൈനീട്ടി ആ മനുഷ്യനെ തൊട്ടു;

[a] 44 അഥവാ, *യഹൂദരുടെ നാട്ടിലെ.* ചിലകയ്യെഴുത്തുപ്രതികളിൽ *ഗലീല* [b] 1 അതായത് *ഗലീലക്കടൽ*

"എനിക്ക് മനസ്സുണ്ട്, ശുദ്ധനാവുക" എന്നു പറഞ്ഞു. തൽക്ഷണം കുഷ്ഠം അവനെ വിട്ടുമാറി.

14അപ്പോൾ യേശു അവനോട്: "ഇത് ആരോടും പറയരുത്, എന്നാൽ നീ പോയി പുരോഹിതനു നിന്നെത്തന്നെ കാണിച്ചു കൊടുത്ത് അവർക്കു സാക്ഷ്യത്തിനായി നിന്റെ ശുദ്ധീകരണത്തിനു മോശെ കല്പിച്ച വഴിപാടുകൾ അർപ്പിക്കുക" എന്നു കല്പിച്ചു.

15എങ്കിലും അദ്ദേഹത്തെക്കുറിച്ചുള്ള വാർത്ത അധികം പരന്നു. അതിന്റെ ഫലമായി ജനക്കൂട്ടങ്ങൾ അദ്ദേഹത്തിന്റെ വചനം കേൾക്കുവാനും തങ്ങളുടെ രോഗങ്ങൾ നീങ്ങി സൗഖ്യം പ്രാപിക്കുവാനും വന്നുകൂടി. 16എന്നാൽ യേശു പലപ്പോഴും വിജന സ്ഥലങ്ങളിലേക്കു പിൻവാങ്ങി പ്രാർത്ഥിച്ചു കൊണ്ടിരുന്നു.

യേശു ഒരു പക്ഷവാതക്കാരനെ സൗഖ്യമാക്കുന്നു

17ഒരു ദിവസം അദ്ദേഹം ഉപദേശിക്കുമ്പോൾ ഗലീലയിലെ എല്ലാ ഗ്രാമങ്ങളിൽനിന്നും യഹൂദ്യയിൽനിന്നും യെരൂശലേമിൽനിന്നും വന്നെത്തിയ പരീശന്മാരും ന്യായശാസ്ത്രിമാരും അവിടെ ഇരിക്കുന്നുണ്ടായിരുന്നു. രോഗികളെ സൗഖ്യമാക്കുവാൻ കർത്താവിന്റെ ശക്തി അദ്ദേഹത്തോടുകൂടെ ഉണ്ടായിരുന്നു. 18ചില ആളുകൾ തളർവാതം പിടിച്ച ഒരു മനുഷ്യനെ കിടക്കയിൽ വഹിച്ചു കൊണ്ടുവന്നു; അവനെ വീട്ടിനുള്ളിൽ കൊണ്ടുചെന്ന് യേശുവിന്റെ മുൻപിൽ കിടത്താൻ ശ്രമിച്ചു. 19ജനക്കൂട്ടം നിമിത്തം അങ്ങനെ ചെയ്യാൻ വഴികാണാഞ്ഞിട്ട് അവർ മേൽക്കൂരയിൽ കയറി, ഓടുകൾ നീക്കി അവനെ കിടക്കയോടെ ജനമധ്യത്തിൽ, യേശുവിന്റെ മുമ്പാകെ ഇറക്കിവച്ചു.

20യേശു അവരുടെ വിശ്വാസം കണ്ടിട്ട്; "സ്നേഹിതാ, നിന്റെ പാപങ്ങൾ മോചിക്കപ്പെട്ടിരിക്കുന്നു" എന്നു പറഞ്ഞു.

21പരീശന്മാരും വേദജ്ഞരും, "ദൈവദൂഷണം പറയുന്ന ഇവൻ ആര്? ദൈവത്തിനു മാത്രമല്ലാതെ പാപങ്ങൾ ക്ഷമിക്കുവാൻ ആർക്കാണു കഴിയുക?"എന്നു ചിന്തിച്ചുതുടങ്ങി.

22അവർ എന്താണ് ചിന്തിച്ചുകൊണ്ടിരിക്കുന്നതെന്ന് യേശു അറിഞ്ഞിട്ട് അവരോടു ചോദിച്ചു: "നിങ്ങൾ ഹൃദയത്തിൽ ഈ കാര്യങ്ങൾ ചിന്തിക്കുന്നതെന്ത്? 23'നിന്റെ പാപങ്ങൾ ക്ഷമിച്ചിരിക്കുന്നു' എന്നു പറയുന്നതോ 'എഴുന്നേറ്റു നടക്കൂ' എന്നു പറയുന്നതോ ഏതാകുന്നു ഏറെ എളുപ്പം? 24എന്നാൽ മനുഷ്യപുത്രനു ഭൂമിയിൽ പാപങ്ങൾ മോചിക്കുവാൻ അധികാരമുണ്ടെന്നു നിങ്ങൾ അറിയേണ്ടതിന്" അദ്ദേഹം പക്ഷവാതക്കാരനോട്: "എഴുന്നേറ്റു നിന്റെ കിടക്കയെടുത്തു വീട്ടിൽ പോകുക എന്നു ഞാൻ നിന്നോടു പറയുന്നു" എന്നു പറഞ്ഞു. 25ഉടൻതന്നെ അവൻ അവരുടെമുമ്പാകെ എഴുന്നേറ്റു താൻ കിടന്ന കിടക്കയെടുത്ത് ദൈവത്തെ സ്തുതിച്ചുകൊണ്ടു വീട്ടിലേക്കു പോയി. 26എല്ലാവരും വിസ്മയിച്ചു ദൈവത്തെ പുകഴ്ത്തി. അവർ ഭയഭക്തി നിറഞ്ഞവരായി, "നാം ഇന്ന് അപൂർവ്വകാര്യങ്ങൾ കണ്ടിരിക്കുന്നു" എന്നു പറഞ്ഞു.

ലേവിയെ വിളിക്കുന്നു

27ഇതുകഴിഞ്ഞ് യേശു പുറത്തേക്കുപോയി, ലേവി എന്നു പേരുള്ള ഒരു ചുങ്കംപിരിവുകാരൻ ചുങ്കസ്ഥലത്ത് ഇരിക്കുന്നതു കണ്ടു. യേശു അവനോട്: "എന്നെ അനുഗമിക്കുക" എന്നു പറഞ്ഞു. 28ലേവി എഴുന്നേറ്റ് എല്ലാം ഉപേക്ഷിച്ച് അദ്ദേഹത്തെ അനുഗമിച്ചു.

29പിന്നീട് ലേവി തന്റെ വീട്ടിൽ യേശുവിനു വലിയൊരു വിരുന്നു നടത്തി. ചുങ്കംപിരിവുകാരുടെയും മറ്റും വലിയ ഒരു സമൂഹം അവരോടുകൂടെ ഭക്ഷണം കഴിച്ചുകൊണ്ടിരുന്നു. 30എന്നാൽ പരീശന്മാരും അവരുടെ വിഭാഗത്തിൽപ്പെട്ട വേദജ്ഞരും അദ്ദേഹത്തിന്റെ ശിഷ്യന്മാരോട്: "നിങ്ങൾ ചുങ്കക്കാരോടും 'പാപികളോടും' കൂടെ ആഹാരം കഴിക്കുന്നതെന്ത്?"എന്നു ചോദിക്കുകയും പിറുപിറുക്കുകയും ചെയ്തു.

31യേശു അവരോട്: "ആരോഗ്യമുള്ളവർക്കല്ല, രോഗികൾക്കാണു വൈദ്യനെക്കൊണ്ട് ആവശ്യം. 32ഞാൻ നീതിമാന്മാരെയല്ല, പാപികളെയത്രേ മാനസാന്തരത്തിലേക്കു വിളിക്കുവാൻ വന്നിരിക്കുന്നത്" എന്ന് ഉത്തരം പറഞ്ഞു.

യേശുവിനോട് ഉപവാസത്തെപ്പറ്റി ചോദിക്കുന്നു

33അവർ അദ്ദേഹത്തോട്: "യോഹന്നാന്റെ ശിഷ്യന്മാർ കൂടെക്കൂടെ ഉപവസിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു; പരീശന്മാരുടെ ശിഷ്യന്മാരും അങ്ങനെ ചെയ്യുന്നു; അങ്ങയുടെ ശിഷ്യന്മാരാകട്ടെ, തിന്നുകയും കുടിക്കുകയും ചെയ്യുന്നു" എന്നു പറഞ്ഞു.

34അതിന് യേശു, "മണവാളൻ അതിഥികളോടു കൂടെയുള്ളപ്പോൾ അവരെക്കൊണ്ട് ഉപവസിപ്പിക്കുവാൻ നിങ്ങൾക്കു കഴിയുമോ? 35എന്നാൽ മണവാളൻ അവരിൽ നിന്ന് എടുക്കപ്പെടുന്ന കാലം വരും; അപ്പോൾ, ആ നാളുകളിൽ അവർ ഉപവസിക്കും" എന്ന് ഉത്തരം പറഞ്ഞു.

36അദ്ദേഹം അവരോട് ഈ ഉപമ പറഞ്ഞു:
"ആരും പുതിയ വസ്ത്രത്തിൽ നിന്ന് ഒരു കഷ
ണം കീറിയെടുത്തു പഴയതിൽ തുന്നിച്ചേർ
ക്കുന്നില്ല. അങ്ങനെ ചെയ്താൽ പുതിയ
വസ്ത്രം കീറിപ്പോകുന്നതു കൂടാതെ പുതിയ
തിൽനിന്ന് എടുത്ത തുണ്ട് പഴയതിനോടു
ചേരാതിരിക്കുകയും ചെയ്യും. 37ആരും പുതിയ
വീഞ്ഞു പഴയ തോൽക്കുടങ്ങളിൽ പകരുന്നില്ല.
അങ്ങനെ ചെയ്താൽ പുതുവീഞ്ഞ് അവയെ
തകർക്കും; വീഞ്ഞു പുറത്തേക്ക് ഒഴുകും;
തോൽക്കുടങ്ങൾ നശിച്ചുപോകുകയും ചെയ്യും.
38അതുപാടില്ല, പുതിയ വീഞ്ഞ് പുതിയ
തോൽക്കുടങ്ങളിൽ പകർന്നു വയ്ക്കണം.
39പഴയ വീഞ്ഞു കുടിച്ചതിനു ശേഷം ആരും
പുതിയത് ആവശ്യപ്പെടുന്നില്ല, 'പഴയതു തന്നേ
മെച്ചം' എന്നു പറയും."

ശബ്ബത്തിന്റെ കർത്താവ്

6 ഒരു ശബ്ബത്തിൽ യേശു വിളഭൂമിയിൽകൂടി
പോകുകയായിരുന്നു. അദ്ദേഹത്തിന്റെ
ശിഷ്യന്മാർ കതിരുകൾ പറിച്ചു കൈകളിൽ വച്ചു
തിരുമ്മി ധാന്യം തിന്നുതുടങ്ങി. 2ചില
പരീശന്മാർ: "ശബ്ബത്തിൽ നിയമവിരുദ്ധമായതു
നിങ്ങൾ ചെയ്യുന്നതെന്തുകൊണ്ട്?" എന്നു
ചോദിച്ചു.
3"ദാവീദും കൂടെയുള്ളവരും തങ്ങൾക്കു
വിശന്നപ്പോൾ എന്തുചെയ്തുവെന്നു നിങ്ങൾ
വായിച്ചിട്ടില്ലേ? 4അവൻ ദൈവാലയത്തിൽ
പ്രവേശിച്ച് പുരോഹിതന്മാർ മാത്രമല്ലാതെ മറ്റാർ
ക്കും തിന്നുവാൻ പാടില്ലാത്ത കാഴ്ചയപ്പം
എടുത്തു ഭക്ഷിച്ചു; കൂടെയുള്ളവർക്കും കൊ
ടുത്തു" എന്ന് ഉത്തരം പറഞ്ഞു. 5"മനുഷ്യ
പുത്രൻ ശബ്ബത്തിന്റെയും കർത്താവാകുന്നു"
എന്നും അവരോടു പറഞ്ഞു.
6മറ്റൊരു ശബ്ബത്തിൽ അദ്ദേഹം പള്ളിയിൽ
ചെന്ന് ഉപദേശിച്ചുകൊണ്ടിരുന്നു. വലങ്കൈ
ശോഷിച്ചുപോയ ഒരു മനുഷ്യൻ അവിടെ
ഉണ്ടായിരുന്നു. 7പരീശന്മാരും വേദജ്ഞരും
യേശുവിനെ കുറ്റപ്പെടുത്തുവാൻ കാരണം
അന്വേഷിച്ചുകൊണ്ടിരുന്നു. അതുകൊണ്ട്
അദ്ദേഹം ശബ്ബത്തിൽ സൗഖ്യമാക്കുമോ എന്ന്
അവർ നിരീക്ഷിച്ചു. 8എന്നാൽ അവരുടെ
വിചാരം എന്തെന്നു ഗ്രഹിച്ചിട്ട് യേശു കൈ
ശോഷിച്ച മനുഷ്യനോട്, "എഴുന്നേറ്റ് എല്ലാ
വരുടേയും മുമ്പിൽ നില്ക്കുക" എന്നു പറഞ്ഞു.
അവൻ എഴുന്നേറ്റ് അവിടെ നിന്നു.
9പിന്നെ യേശു അവരോട്: "ഞാൻ നിങ്ങ
ളോടു ചോദിക്കട്ടെ: ശബ്ബത്തിൽ നന്മ ചെയ്യു
ന്നതോ തിന്മ ചെയ്യുന്നതോ, ജീവനെ രക്ഷിക്കു
ന്നതോ അതിനെ നശിപ്പിക്കുന്നതോ, ഏതാ
കുന്നു നിയമാനുസൃതം?" എന്നു ചോദിച്ചു.
10അദ്ദേഹം അവരെയെല്ലാം ചുറ്റും നോക്കി
യിട്ട് ആ മനുഷ്യനോട്, "നിന്റെ കൈ നീട്ടുക"
എന്നു പറഞ്ഞു. അവൻ അങ്ങനെ ചെയ്തു;
അവന്റെ കൈ പരിപൂർണ്ണമായി സുഖപ്പെടു
കയും ചെയ്തു. 11എന്നാൽ അവർ ക്രോധം
നിറഞ്ഞവരായി, യേശുവിനെ എന്തുചെയ്യണ
മെന്നു തമ്മിൽത്തമ്മിൽ ആലോചിച്ചു.

പന്ത്രണ്ട് അപ്പൊസ്തലന്മാർ

12അന്നൊരിക്കൽ യേശു പ്രാർത്ഥിക്കുവാൻ
മലയിലേക്കു കയറിപ്പോയി. ദൈവത്തോടുള്ള
പ്രാർത്ഥനയിൽ രാത്രി ചെലവഴിച്ചു. 13നേരം
വെളുത്തപ്പോൾ അദ്ദേഹം ശിഷ്യന്മാരെ
അടുക്കൽവിളിച്ചു; അവരിൽ പന്ത്രണ്ടുപേരെ
തിരഞ്ഞെടുത്ത് അവർക്ക് അപ്പൊസ്തലന്മാർ
എന്നു നാമകരണം ചെയ്തു. 14അവരുടെ പേരു
കൾ ഇവയാണ്: ശിമോൻ അയാൾക്ക് പത്രൊസ്
എന്ന് അദ്ദേഹം പേരിട്ടു, അയാളുടെ
സഹോദരൻ അന്ത്രെയാസ്, യാക്കോബ്,
യോഹന്നാൻ, ഫിലിപ്പൊസ്, ബർത്തൊലൊ
മായി, 15മത്തായി, തോമസ്, അല്ഫായിയുടെ
മകനായ യാക്കോബ്, എരിവുകാരൻ എന്നു
വിളിച്ചിരുന്ന ശിമോൻ, 16യാക്കോബിന്റെ
മകനായ യൂദാ, വഞ്ചകനായിത്തീർന്ന
ഈസ്ക്കാര്യോത്ത് യൂദാ.

അനുഗ്രഹങ്ങളും കഷ്ടതകളും

17അദ്ദേഹം അവരോടൊപ്പം ഇറങ്ങിച്ചെന്ന്
സമഭൂമിയിൽ നിന്നു. അവിടെ അദ്ദേഹത്തിന്റെ
ശിഷ്യന്മാരുടെ ഒരു വലിയ സമൂഹവും
യഹൂദ്യയിൽ എല്ലായിടത്തുനിന്നും സോരി
ന്റെയും സീദോന്റെയും സമുദ്രതീരത്തു
നിന്നും 18വചനം കേൾപ്പാനും രോഗശാന്തി
പ്രാപിപ്പാനും വന്ന അനവധി ആളുകളും ഉണ്ടാ
യിരുന്നു. ദുരാത്മാക്കളാൽ കഷ്ടപ്പെട്ടിരുന്നവർ
സൗഖ്യം പ്രാപിച്ചു; 19ശക്തി അദ്ദേഹ
ത്തിൽനിന്നു പുറപ്പെട്ട് എല്ലാവരെയും സൗഖ്യ
മാക്കിയിരുന്നതുകൊണ്ടു ജനങ്ങൾ എല്ലാവരും
അദ്ദേഹത്തെ സ്പർശിക്കുവാൻ ശ്രമിച്ചു.
20ശിഷ്യന്മാരെ നോക്കിക്കൊണ്ട് അദ്ദേഹം
പറഞ്ഞു:
"ദരിദ്രരായ നിങ്ങൾ
അനുഗ്രഹിക്കപ്പെട്ടവർ;
ദൈവരാജ്യം നിങ്ങൾക്കുള്ളത്.
21ഇപ്പോൾ വിശക്കുന്നവരായ
നിങ്ങൾ അനുഗ്രഹിക്കപ്പെട്ടവർ;
നിങ്ങൾക്കു തൃപ്തിയുണ്ടാകും.
ഇപ്പോൾ കരയുന്നവരായ
നിങ്ങൾ അനുഗ്രഹിക്കപ്പെട്ടവർ;
നിങ്ങൾ ചിരിക്കും.
22മനുഷ്യപുത്രൻ നിമിത്തം

മനുഷ്യർ നിങ്ങളെ വെറുത്ത്, ഭ്രഷ്ടരാക്കി
അപമാനിച്ച്,
നിങ്ങളുടെ പേര് ദോഷമുള്ളതായി
തള്ളിക്കളയുമ്പോൾ നിങ്ങൾ അനുഗ്രഹി
ക്കപ്പെട്ടവർ.
23"ആ ദിവസത്തിൽ ആനന്ദിക്കുകയും
സന്തോഷിച്ചു തുള്ളുകയും ചെയ്‌വിൻ;
എന്തുകൊണ്ടെന്നാൽ സ്വർഗ്ഗത്തിൽ നിങ്ങളുടെ
പ്രതിഫലം വലിയത്; അവരുടെ പിതാക്കന്മാർ
പ്രവാചകന്മാരോട് അങ്ങനെ തന്നേ
പെരുമാറിയല്ലോ!
24"എന്നാൽ ധനികരേ, നിങ്ങൾക്കു
ഹാ കഷ്ടം! നിങ്ങൾക്കുള്ള ആശ്വാസം
നിങ്ങൾക്കു കിട്ടിക്കഴിഞ്ഞു.
25ഇപ്പോൾ തൃപ്തരായ നിങ്ങൾക്കു ഹാ
കഷ്ടം! നിങ്ങൾക്കു വിശക്കും. ഇപ്പോൾ
ചിരിക്കുന്ന നിങ്ങൾക്കു ഹാ കഷ്ടം!
നിങ്ങൾ ദുഃഖിച്ചുകരയും.
26എല്ലാവരും നിങ്ങളെ പുകഴ്ത്തി പറയു
മ്പോൾ നിങ്ങൾക്കു ഹാ കഷ്ടം! അവരുടെ
പൂർവ്വപിതാക്കന്മാരും
കള്ള പ്രവാചകന്മാരോട് അങ്ങനെതന്നെ
ചെയ്തിട്ടുണ്ടല്ലോ.

ശത്രുക്കളോടു സ്നേഹം

27"എന്നാൽ എന്റെ വചനം കേൾക്കുന്ന
നിങ്ങളോടു ഞാൻ പറയുന്നു: നിങ്ങളുടെ
ശത്രുക്കളെ സ്നേഹിക്കുവിൻ, നിങ്ങളെ
വെറുക്കുന്നവർക്കു നന്മ ചെയ്യുവിൻ; 28നിങ്ങ
ളെ ശപിക്കുന്നവരെ അനുഗ്രഹിക്കുവിൻ;
നിങ്ങളെ നിന്ദിക്കുന്നവർക്കുവേണ്ടി പ്രാർത്ഥി
ക്കുവിൻ. 29ഒരുവൻ നിന്റെ ഒരു ചെകിട്ടത്ത്
അടിക്കുന്നുവെങ്കിൽ അവനു മറ്റേ ചെകിടും
കാണിച്ചു കൊടുക്കുക. നിന്റെ മേലങ്കി എടു
ക്കുന്നവന് അങ്കിയുംകൂടെ നൽകാൻ മടിക്കരു
ത്. 30നിന്നോട് ആവശ്യപ്പെടുന്ന ഏവർക്കും
കൊടുക്കുക; നിനക്കുള്ളത് ആരെങ്കിലും
എടുത്തുകളയുന്നുവെങ്കിൽ അതു തിരികെ
ആവശ്യപ്പെടരുത്. 31മറ്റുള്ളവർ നിങ്ങൾക്കു
ചെയ്യണമെന്നു നിങ്ങൾ ആഗ്രഹിക്കുന്നതു
പോലെ നിങ്ങൾ അവർക്കും ചെയ്‌വിൻ.
32"നിങ്ങളെ സ്നേഹിക്കുന്നവരെ സ്നേഹി
ച്ചാൽ അതിൽ നിങ്ങൾക്ക് അഭിമാനിക്കാൻ
എന്താണുള്ളത്? പാപികൾപോലും തങ്ങളെ
സ്നേഹിക്കുന്നവരെ സ്നേഹിക്കുന്നു.
33നിങ്ങൾക്കു നന്മ ചെയ്യുന്നവർക്കു നിങ്ങൾ
നന്മ ചെയ്താൽ അതിൽ അഭിമാനിക്കാൻ
എന്താണുള്ളത്? പാപികൾപോലും അതു
ചെയ്യുന്നു. 34മടക്കിത്തരുമെന്നു നിങ്ങൾക്കു
വിശ്വാസമുള്ളവർക്കു വായ്പ കൊടുത്താൽ
അതിൽ നിങ്ങൾക്ക് എന്താണഭിമാനിക്കാ
നുള്ളത്? പാപികൾപോലും തിരിച്ചു
കിട്ടുമെന്ന പ്രതീക്ഷയോടെ പാപികൾക്കു
വായ്പ കൊടുക്കുന്നു.
35"എന്നാൽ നിങ്ങളുടെ ശത്രുക്കളെ
സ്നേഹിക്കുവിൻ; അവർക്കു നന്മ ചെയ്യുവിൻ;
തിരിച്ചുകിട്ടുമെന്ന പ്രതീക്ഷകൂടാതെ അവർക്കു
വായ്പ കൊടുക്കുവിൻ. അപ്പോൾ നിങ്ങളുടെ
പ്രതിഫലം വലിയതായിരിക്കും. നിങ്ങൾ
അത്യുന്നതന്റെ മക്കൾ ആകും;
എന്തുകൊണ്ടെന്നാൽ അവിടുന്നു നന്ദി
കെട്ടവരോടും ദുഷ്ടന്മാരോടും ദയാലുവാ
കുന്നു. 36നിങ്ങളുടെ പിതാവ് കരുണയുള്ളവ
നായിരിക്കുന്നതുപോലെ നിങ്ങളും കരുണയു
ള്ളവരായിരിപ്പിൻ.

മറ്റുള്ളവരെ വിധിക്കുന്നത്

37"വിധിക്കരുത്; എന്നാൽ നിങ്ങളും വിധിക്ക
പ്പെടുകയില്ല. ശിക്ഷാവിധി നടത്തരുത്;
നിങ്ങൾക്കും ശിക്ഷാവിധി ഉണ്ടാകുകയില്ല.
ക്ഷമിക്കുവിൻ; നിങ്ങളോടും ക്ഷമിക്കും.
38കൊടുക്കുവിൻ; എന്നാൽ നിങ്ങൾക്കു കിട്ടും.
അമർത്തി കുലുക്കി കവിയുന്നൊരു നല്ല അളവ്
നിങ്ങളുടെ മടിയിൽത്തരും. നിങ്ങൾ ഉപയോ
ഗിക്കുന്ന അളവുകൊണ്ടു നിങ്ങൾക്കും അളന്നു
കിട്ടും.
39 അദ്ദേഹം അവരോട് ഈ ഉപമയും
പറഞ്ഞു: "അന്ധന് അന്ധനെ നയിക്കുവാൻ
കഴിയുമോ? ഇരുവരും കുഴിയിൽ വീണു
പോകയില്ലയോ? 40ശിഷ്യൻ ഗുരുവിനുമീതെ
അല്ല; എന്നാൽ അഭ്യസനം തികഞ്ഞവൻ
ഗുരുവിനെപ്പോലെ ആയിത്തീരും.
41 "നിന്റെ സഹോദരന്റെ കണ്ണിലെ കരടു
നോക്കുകയും സ്വന്തം കണ്ണിലെ കോൽ
ശ്രദ്ധിക്കാതിരിക്കുകയും ചെയ്യുന്നതെന്ത്?
42നിന്റെ സ്വന്തം കണ്ണിലെ കോൽ കാണാൻ
കഴിയാതിരിക്കുമ്പോൾ 'സഹോദരാ, ഞാൻ
നിന്റെ കണ്ണിലെ കരട് എടുത്തുകളയട്ടെ'
എന്നു നിനക്ക് എങ്ങനെ പറയാൻ കഴിയും?
ഹേ, കപടഭക്തനായ മനുഷ്യാ, ആദ്യം നിന്റെ
കണ്ണിലെ കോൽ എടുത്തുകളയുക. അപ്പോൾ
സഹോദരന്റെ കണ്ണിലെ കരട് എടുത്തുകളയു
വാൻ തക്കവിധം തെളിവായി കാണുവാൻ
നിനക്കു കഴിയും.

വൃക്ഷവും അതിന്റെ ഫലവും

43 "ചീത്തഫലം കായ്ക്കുന്ന നല്ല വൃക്ഷമില്ല;
നല്ല ഫലം കായ്ക്കുന്ന ചീത്തവൃക്ഷവുമില്ല.
44ഏതു വൃക്ഷത്തെയും അതിന്റെ ഫലംകൊ
ണ്ടറിയാം. ആളുകൾ മുൾച്ചെടികളിൽ നിന്നു
അത്തിപ്പഴമോ ഞെരിഞ്ഞിലിൽ നിന്നു
മുന്തിരിങ്ങയോ ശേഖരിക്കുന്നില്ല. 45നല്ല

മനുഷ്യൻ തന്റെ ഹൃദയത്തിൽ സംഭരിച്ചിരിക്കുന്ന നന്മയിൽനിന്നു നല്ല കാര്യങ്ങൾ പുറപ്പെടുവിക്കുന്നു; ദുഷ്ടമനുഷ്യൻ തന്റെ ഹൃദയത്തിൽ സംഭരിച്ചിരിക്കുന്ന തിന്മയിൽ നിന്നു ദോഷമുള്ള കാര്യങ്ങൾ പുറപ്പെടുവിക്കുന്നു. ഹൃദയത്തിൽ നിറഞ്ഞുകവിയുന്നതാണല്ലോ വായ് പ്രസ്താവിക്കുന്നത്.

വീടു പണിയുന്ന വിവേകിയും മൂഢനും

46"നിങ്ങൾ എന്നെ 'കർത്താവേ, കർത്താവേ', എന്നു വിളിക്കുകയും ഞാൻ പറയുന്നതു പ്രവർത്തിക്കാതിരിക്കുകയും ചെയ്യുന്നത് എന്തുകൊണ്ട്? 47എന്റെ അടുക്കൽ വന്ന് എന്റെ വചനങ്ങൾ കേൾക്കുകയും അവയെ പ്രയോഗത്തിലാക്കുകയും ചെയ്യുന്നവൻ ആരോടു സദൃശൻ എന്നു ഞാൻ നിങ്ങൾക്കു കാണിച്ചു തരാം. 48ആഴത്തിൽ കുഴിച്ചു പാറമേൽ അടിസ്ഥാനമിട്ട് വീടു പണിയുന്നവനോടു അവൻ സദൃശൻ. വെള്ളപ്പൊക്കം ഉണ്ടായപ്പോൾ ഒഴുക്ക് ആ വീട്ടിന്മേൽ അടിച്ചു. എന്നാൽ അതു നല്ലവണ്ണം പണിതതായിരുന്നതുകൊണ്ട് അതിനു കുലുക്കം തട്ടിയില്ല. 49എന്നാൽ എന്റെ വചനങ്ങൾ കേൾക്കുകയും അവയെ പ്രയോഗത്തിലാക്കാതിരിക്കുകയും ചെയ്യുന്നവൻ അടിസ്ഥാനം കൂടാതെ മണ്ണിന്മേൽ വീടു പണിത മനുഷ്യനോടു സദൃശൻ. ഒഴുക്ക് ആ വീടിന്മേൽ അടിച്ച ഉടനെ അതു തകർന്നു വീണു; അതിന്റെ വീഴ്ച വലുതായിരുന്നു."

ഒരു ശതാധിപന്റെ വിശ്വാസം

7 ജനങ്ങൾ കേൾക്കെ ഇതൊക്കെയും പറഞ്ഞതിനുശേഷം യേശു കഫർന്നഹൂമിൽ പ്രവേശിച്ചു. 2 അവിടെ ഒരു ശതാധിപനു വളരെ പ്രിയങ്കരനായിരുന്ന ദാസൻ രോഗം ബാധിച്ചു മരിക്കാറായിരുന്നു. 3ശതാധിപൻ യേശുവിനെക്കുറിച്ചു കേട്ടിട്ട് അദ്ദേഹം വന്നു തന്റെ ദാസനെ സൗഖ്യമാക്കണമെന്ന് അപേക്ഷിക്കുവാൻ യഹൂദന്മാരുടെ ചില മൂപ്പന്മാരെ അദ്ദേഹത്തിന്റെ അടുക്കൽ അയച്ചു. 4അവർ യേശുവിന്റെ അടുക്കൽ വന്ന് താത്പര്യത്തോടെ ഇങ്ങനെ അപേക്ഷിച്ചു: "അങ്ങ് ഇതു ചെയ്തുകൊടുക്കുവാൻ ഈ മനുഷ്യൻ യോഗ്യൻ; 5എന്തുകൊണ്ടെന്നാൽ ഇയാൾ നമ്മുടെ ജനങ്ങളെ സ്നേഹിക്കുന്നു. നമുക്കുവേണ്ടി ഒരു പള്ളി പണിതു തരികയും ചെയ്തിരിക്കുന്നു." 6അങ്ങനെ, യേശു അവരോടു കൂടെ പോയി.

അദ്ദേഹം വീടിനോട് അടുക്കാറായപ്പോൾ ശതാധിപൻ സ്നേഹിതന്മാരെ അദ്ദേഹത്തിന്റെ അടുക്കൽ അയച്ച് ഇങ്ങനെ പറയിച്ചു: "കർത്താവേ, അങ്ങു ബുദ്ധിമുട്ടണ്ടാ; കാരണം, അങ്ങ് എന്റെ ഭവനത്തിൽ വരുവാൻ എനിക്കു യോഗ്യതയില്ല. 7അതുകൊണ്ടാണ് ഞാൻ തന്നേ അങ്ങയുടെ അടുക്കൽ വരുവാൻ ഒരുമ്പെടാഞ്ഞത്. അങ്ങ് ഒരു വാക്കു കല്പിച്ചാൽ മതി; എന്റെ ദാസനു സൗഖ്യം ലഭിക്കും. 8ഞാനും അധികാരത്തിനു കീഴ്പ്പെട്ടവനാണ്. എന്റെ കീഴിൽ പടയാളികളുണ്ട്. ഒരുത്തനോടു ഞാൻ 'പോകൂ' എന്നു പറയുമ്പോൾ അവൻ പോകുന്നു. മറെറാരുത്തനോട് 'വരൂ' എന്നു പറയുമ്പോൾ അവൻ വരുന്നു. ഞാൻ എന്റെ ദാസനോട് 'ഇതു ചെയ്യൂ' എന്നു പറയുമ്പോൾ അവൻ ചെയ്യുന്നു"

9യേശു ഇതു കേട്ടിട്ട് അവനെക്കുറിച്ച് ആശ്ചര്യപ്പെട്ടു. ജനക്കൂട്ടത്തിനു നേരെ തിരിഞ്ഞ് അദ്ദേഹം: "യിസ്രായേലിൽ പോലും ഇങ്ങനെയുള്ള വിശ്വാസം ഞാൻ കണ്ടിട്ടില്ല എന്നു ഞാൻ നിങ്ങളോടു പറയുന്നു" എന്നു പറഞ്ഞു. 10അയയ്ക്കപ്പെട്ടിരുന്നവർ വീട്ടിൽ മടങ്ങിയെത്തിയപ്പോൾ ദാസൻ സൗഖ്യം പ്രാപിച്ചിരിക്കുന്നതായി കണ്ടു.

യേശു ഒരു വിധവയുടെ മകനെ ഉയിർപ്പിക്കുന്നു

11 പിറ്റേന്നാൾ യേശു നയിൻ എന്ന പട്ടണത്തിലേക്കുപോകുമ്പോൾ; ശിഷ്യന്മാരും വലിയൊരു ജനക്കൂട്ടവും അദ്ദേഹത്തെ അനുഗമിച്ചു. 12അദ്ദേഹം പട്ടണത്തിന്റെ വാതിലിനോടു സമീപിച്ചപ്പോൾ അതാ, മരിച്ചുപോയ ഒരുവനെ പുറത്തേക്കു കൊണ്ടുവരുന്നു. അവൻ അമ്മയുടെ ഏകപുത്രൻ; അവളോ വിധവയായിരുന്നു. പട്ടണത്തിൽ നിന്നുള്ള വലിയോരു ജനക്കൂട്ടം അവളോടുകൂടെ ഉണ്ടായിരുന്നു. 13അവളെ കണ്ടിട്ട് കർത്താവിന്റെ മനസ്സലിഞ്ഞു. അവിടുന്ന് അവളോട്: "കരയേണ്ടാ" എന്നു പറഞ്ഞു.

14പിന്നീട് അദ്ദേഹം അടുത്തു ചെന്ന് ശവമഞ്ചം തൊട്ടു. അതു ചുമന്നിരുന്നവർ നിന്നു. അദ്ദേഹം പറഞ്ഞു: "യുവാവേ, എഴുന്നേല്ക്കുക എന്നു ഞാൻ നിന്നോടു പറയുന്നു." 15മരിച്ചവൻ എഴുന്നേറ്റിരുന്നു സംസാരിച്ചു തുടങ്ങി. യേശു അവനെ അമ്മയ്ക്ക് ഏല്പിച്ചു കൊടുത്തു.

16അവർ എല്ലാവരും പരിഭ്രമം നിറഞ്ഞവരായി ദൈവത്തെ പുകഴ്ത്തി. "ഒരു മഹാപ്രവാചകൻ നമ്മുടെ ഇടയിൽ എഴുന്നേറ്റിരിക്കുന്നു. ദൈവം തന്റെ ജനത്തെ സന്ദർശിച്ചിരിക്കുകയാണ്" എന്ന് അവർ പറഞ്ഞു. 17യേശുവിനെക്കുറിച്ചുള്ള ഈ വാർത്ത യഹൂദ്യയിൽ[a] എല്ലായിടത്തും ചുറ്റുമുള്ള പ്രദേശത്തും പ്രചരിച്ചു.

[a] 17 അഥവാ, *യഹൂദരുടെ നാട്ടിൽ*

യേശുവും യോഹന്നാൻ സ്നാപകനും

18ഇവയൊക്കെയും യോഹന്നാന്റെ
ശിഷ്യന്മാർ അദ്ദേഹത്തെ അറിയിച്ചു. യോഹ
ന്നാൻ അവരിൽ രണ്ടുപേരെ വിളിച്ചു കർത്താ
വിന്റെ അടുത്തേക്കയച്ചു. 19"വരുവാനുള്ളവൻ
അങ്ങുതന്നെയോ? അല്ല, ഞങ്ങൾ മറ്റൊ
രാളിനെ പ്രതീക്ഷിക്കണമോ?" എന്ന് അവരി
ലൂടെ അദ്ദേഹത്തോടു ചോദിച്ചു.

20 അവർ യേശുവിന്റെ അടുക്കൽ വന്നു
പറഞ്ഞു: "യോഹന്നാൻസ്നാപകൻ ഞങ്ങളെ
അങ്ങയുടെ അടുക്കൽ അയച്ചിരിക്കുന്നു.
അദ്ദേഹം ചോദിക്കുന്നു: 'വരുവാനുള്ളവൻ
അങ്ങുതന്നെയോ? അല്ല, ഞങ്ങൾ മറ്റൊരു
ത്തനു വേണ്ടി കാത്തിരിക്കണമോ?' "

21ആ സമയത്തു തന്നെ യേശു വ്യാധികളും
രോഗങ്ങളും ദുരാത്മാക്കളും ബാധിച്ച അനേ
കരെ സൗഖ്യമാക്കുകയും അന്ധരായ അനേ
കർക്കു കാഴ്ച നല്കുകയും ചെയ്തു. 22പിന്നെ
അദ്ദേഹം ആ വന്നവരോട് "നിങ്ങൾ
കാണുകയും കേൾക്കുകയും ചെയ്തത് തിരി
ച്ചുചെന്നു യോഹന്നാനെ അറിയിപ്പിൻ. അന്ധ
ർക്കു കാഴ്ച ലഭിക്കുന്നു, മുടന്തർ നടക്കുന്നു,
കുഷ്ഠരോഗികൾ സൗഖ്യം പ്രാപിക്കുന്നു.
ബധിരർ കേൾക്കുന്നു, മരിച്ചവരെ ഉയിർ
പ്പിക്കുന്നു, ദരിദ്രരോടു സുവിശേഷം അറിയി
ക്കുന്നു. 23എന്നാൽ ഞാൻ നിമിത്തം ഇടറി
പ്പോകാത്തവൻ അനുഗൃഹീതൻ" എന്നു
പറഞ്ഞു.

24യോഹന്നാന്റെ ദൂതന്മാർ പോയശേഷം
യേശു ജനക്കൂട്ടത്തോട് അദ്ദേഹത്തെക്കുറിച്ചു
സംസാരിച്ചുതുടങ്ങി. "നിങ്ങൾ എന്തു
കാണുവാൻ മരുഭൂമിയിലേക്കു പോയി? കാറ്റിൽ
ഉലയുന്ന ഞാങ്ങണയോ? 25അതല്ലെങ്കിൽ
മറ്റെന്തു കാണുവാൻ പോയി? മൃദുലവ
സ്ത്രങ്ങൾ ധരിച്ച മനുഷ്യനെയോ? അല്ല,
അമൂല്യവസ്ത്രങ്ങൾ ധരിക്കുകയും ആഡംബര
ത്തിൽ മുഴുകുകയും ചെയ്യുന്നവർ
കൊട്ടാരങ്ങളിൽ അല്ലയോ ഉള്ളത്? 26എന്നാൽ
നിങ്ങൾഎന്തു കാണുവാൻ പോയി? ഒരു
പ്രവാചകനെയോ അതേ, ഒരു പ്രവാചകനേ
ക്കാൾ ശ്രേഷ്ഠനെ എന്നു ഞാൻ നിങ്ങളോടു
പറയുന്നു.

27'ഞാൻ നിനക്കു മുമ്പായി
എന്റെ ദൂതനെ അയയ്ക്കും,
അവൻ നിനക്കു വഴിയൊരുക്കും.' [a]

എന്ന് എഴുതിയിരിക്കുന്നത് ഇദ്ദേഹത്തെ
ക്കുറിച്ചാണ്. 28"സ്ത്രീകളിൽ നിന്നു ജനിച്ചവ
രിൽ യോഹന്നാനെക്കാൾ വലിയവൻ ആരുമില്ല;
എങ്കിലും ദൈവരാജ്യത്തിൽ ഏറ്റവും
ചെറിയവൻ അദ്ദേഹത്തേക്കാൾ വലിയവൻ
എന്നു ഞാൻ നിങ്ങളോടു പറയുന്നു."

29ജനങ്ങൾ എല്ലാവരും, ചുങ്കക്കാർപോലും,
യേശുവിന്റെ വചനങ്ങൾ കേട്ടപ്പോൾ, അവർ
യോഹന്നാന്റെ സ്നാനം ഏറ്റിരുന്നതുകൊണ്ട്,
ദൈവത്തിന്റെ വഴി നീതിയുള്ളതെന്ന്
അംഗീകരിച്ചു. 30എന്നാൽ യോഹന്നാനാൽ
സ്നാനം ഏല്ക്കാതിരുന്ന പരീശന്മാരും ന്യായ
ശാസ്ത്രപണ്ഡിതരും തങ്ങൾക്കായുള്ള ദൈവ
ത്തിന്റെ ആലോചന തള്ളിക്കളഞ്ഞിരുന്നു.

31യേശു തുടർന്നു പറഞ്ഞു: "ഈ
തലമുറയിലെ ജനങ്ങളെ ഇനി ഞാൻ
എന്തിനോടാണ് ഉപമിക്കേണ്ടത്? അവർ
എന്തിനോട് സദൃശർ?

32 'ഞങ്ങൾ നിങ്ങൾക്കായി കുഴലൂതി;
നിങ്ങളോ നൃത്തം ചെയ്തില്ല.
ഞങ്ങൾ വിലാപഗീതം പാടി;
നിങ്ങൾ വിലപിച്ചില്ല'

എന്നു ചന്തസ്ഥലത്തിരുന്ന് അന്യോന്യം
വിളിച്ചു പറയുന്ന കുട്ടികൾക്ക് അവർ
തുല്യരാണ്.

33 "അപ്പം തിന്നാത്തവനും വീഞ്ഞു
കുടിക്കാത്തവനുമായി വന്ന യോഹന്നാൻസ്നാ
പകനെക്കുറിച്ച് നിങ്ങൾ, 'അവന് ഭൂതമുണ്ട്'
എന്നു പറയുന്നു. 34മനുഷ്യപുത്രൻ
തിന്നുകുടിക്കുന്നവനായി വന്നു; അപ്പോൾ
നിങ്ങൾ, 'ഇതാ, തിന്നിയും കുടിയനുമായ
ഒരുവൻ, ചുങ്കക്കാരുടെയും 'പാപികളുടെയും'
സ്നേഹിതൻ' എന്നു പറയുന്നു. 35ജ്ഞാനമാ
കട്ടെ, തന്റെ എല്ലാ സന്താനങ്ങളാലും ശരി
യെന്നു തെളിയിക്കപ്പെട്ടിരിക്കുന്നു."

പാപിയായ ഒരു സ്ത്രീ യേശുവിനെ
അഭിഷേകം ചെയ്യുന്നു

36പരീശന്മാരിൽ ഒരുവൻ തന്നോടൊത്തു
ഭക്ഷണം കഴിപ്പാൻ യേശുവിനെ ക്ഷണിച്ചു.
അദ്ദേഹം പരീശന്റെ വീട്ടിൽ ചെന്നു ഭക്ഷണ
ത്തിന് ഇരുന്നു. 37യേശു പരീശന്റെ ഭവന
ത്തിൽ ഭക്ഷണം കഴിച്ചുകൊണ്ടിരിക്കുന്നു
എന്നു കേട്ട്, ആ പട്ടണത്തിൽ പാപജീവിതം
നയിച്ചിരുന്ന ഒരു സ്ത്രീ ഒരു വെൺകൽഭരണി
പരിമളതൈലം കൊണ്ടുവന്നു; 38അദ്ദേഹ
ത്തിന്റെ പിന്നിൽ, കാല്ക്കൽ കരഞ്ഞുകൊണ്ടു
നിന്നു, കണ്ണുനീരുകൊണ്ട് അദ്ദേഹത്തിന്റെ
പാദങ്ങൾ നനച്ചു തുടങ്ങി. പിന്നെ അവൾ
പാദങ്ങൾ തലമുടികൊണ്ടു തുടച്ചു കാൽ
ചുംബിക്കുകയും അവയിൽ തൈലം പൂശുകയും
ചെയ്തു.

39അദ്ദേഹത്തെ ക്ഷണിച്ച പരീശൻ ഇതു
കണ്ടിട്ട്: "ഈ മനുഷ്യൻ ഒരു പ്രവാചകൻ
ആയിരുന്നുവെങ്കിൽ ആരാണു തന്നെ

[a] 27 മലാഖി 3: 1

തൊടുന്നതെന്നും അവൾ ഏതു തരത്തിലുള്ള സ്ത്രീയാണെന്നും അറിയുമായിരുന്നു. അവൾ ഒരു പാപിനിയാണല്ലോ.'' എന്നു തന്നോടു തന്നേ പറഞ്ഞു.

40 യേശു അവനോട്: ''ശിമോനേ, എനിക്കു നിന്നോട് ഒരു കാര്യം പറയാനുണ്ട്'' എന്ന് ഉത്തരം പറഞ്ഞു.

''ഗുരോ, പറഞ്ഞാലും'' അവൻ പറഞ്ഞു.

41 ''പണം വായ്പ കൊടുക്കുന്ന ഒരു മനുഷ്യനോട് കടമ്പെട്ട രണ്ടുപേർ ഉണ്ടായിരുന്നു. ഒരുവൻ അഞ്ഞൂറു ദിനാറും[a] മറ്റവൻ അമ്പതുമാണ് കൊടുക്കേണ്ടിയിരുന്നത്. 42തിരികെ കൊടുക്കുവാനുള്ള പണം അവരുടെ പക്കൽ ഉണ്ടായിരുന്നില്ല, അതുകൊണ്ട് അവരുടെ രണ്ടുപേരുടെയും കടം അയാൾ ഇളച്ചു കൊടുത്തു. ആകട്ടെ, അവരിൽ ആരാണ് അയാളെ കൂടുതൽ സ്നേഹിക്കുക?''

43 ''കൂടുതൽ ഇളച്ചുകിട്ടിയവൻ എന്നു ഞാൻ വിചാരിക്കുന്നു.'' ശിമോൻ ഉത്തരം പറഞ്ഞു.

''നിന്റെ വിധി ശരിതന്നേ'' -യേശു പറഞ്ഞു.

44 പിന്നെ അദ്ദേഹം സ്ത്രീയുടെ നേർക്കു തിരിഞ്ഞിട്ടു ശിമോനോടു പറഞ്ഞു: ''നീ ഈ സ്ത്രീയെ കാണുന്നുവോ? ഞാൻ നിന്റെ വീട്ടിൽ വന്നു; നീ എന്റെ കാലിനു വെള്ളം തന്നില്ല. എന്നാൽ ഇവൾ കണ്ണുനീരുകൊണ്ട് എന്റെ പാദങ്ങൾ നനച്ച് തലമുടികൊണ്ടു തുടച്ചു. 45നീ എനിക്കു ചുംബനം തന്നില്ല; എന്നാൽ ഈ സ്ത്രീ ഞാൻ അകത്തു കടന്നതു മുതൽ എന്റെ പാദങ്ങൾ ചുംബിച്ചുകൊണ്ടേയിരിക്കുന്നു. 46 നീ എന്റെ തലയിൽ തൈലം പൂശിയില്ല; എന്നാൽ ഇവൾ എന്റെ പാദങ്ങളിൽ സുഗന്ധതൈലം ഒഴിച്ചിരിക്കുന്നു. 47ആകയാൽ ഞാൻ നിന്നോടു പറയുന്നു: ഇവളുടെ അനവധിയായ പാപങ്ങൾ ക്ഷമിച്ചുകിട്ടിയിരിക്കുന്നു. ഇവൾ ഏറെ സ്നേഹിച്ചുവല്ലോ; അല്പം ക്ഷമിച്ചു കിട്ടിയവൻ അല്പം സ്നേഹിക്കുന്നു.''

48 പിന്നെ യേശു അവളോട്: ''നിന്റെ പാപങ്ങൾ ക്ഷമിച്ചിരിക്കുന്നു'' എന്നു പറഞ്ഞു.

49 അപ്പോൾ വിരുന്നിലെ മറ്റ് അതിഥികൾ പറഞ്ഞു തുടങ്ങി: ''പാപങ്ങൾ ക്ഷമിക്കുകകൂടി ചെയ്യുന്ന ഇദ്ദേഹം ആര്?''

യേശു ആ സ്ത്രീയോട്: ''നിന്റെ വിശ്വാസം നിന്നെ രക്ഷിച്ചിരിക്കുന്നു; സമാധാനത്തോടെ പോകുക'' എന്നു പറഞ്ഞു.

വിതയ്ക്കുന്നവന്റെ ഉപമ

8 ഇതുകഴിഞ്ഞ് യേശു പട്ടണങ്ങളിലും ഗ്രാമങ്ങളിലും പ്രസംഗിക്കുകയും ദൈവരാജ്യത്തിന്റെ സുവിശേഷം അറിയിക്കുകയും ചെയ്തുകൊണ്ടു പന്തിരുവരോടൊപ്പം സഞ്ചരിച്ചു. 2ദുരാത്മാക്കളിൽ നിന്നും രോഗങ്ങളിൽ നിന്നും സൗഖ്യം പ്രാപിച്ച ചില സ്ത്രീകളും അവരോടുകൂടെ ഉണ്ടായിരുന്നു. അവരിൽ മഗ്ദലക്കാരി എന്നു വിളിച്ചിരുന്ന വളും ഏഴു ഭൂതങ്ങൾ വിട്ടുപോയവളുമായ മറിയയും, 3ഹെരോദാവിന്റെ കുടുംബകാര്യവിചാരകനായിരുന്ന കൂസയുടെ ഭാര്യ യോഹന്നയും സൂസന്നയും മറ്റു പലരും ഉൾപ്പെട്ടിരുന്നു. ഈ സ്ത്രീകൾ തങ്ങളുടെ സമ്പാദ്യംകൊണ്ട് അവരെ സഹായിച്ചു കൊണ്ടിരുന്നു.

4 വലിയൊരു ജനസമൂഹം വന്നുകൂടുകയും ഓരോ പട്ടണത്തിൽനിന്നും ജനങ്ങൾ യേശുവിന്റെ അടുത്തേക്കു വന്നുകൊണ്ടിരിക്കുകയും ചെയ്തപ്പോൾ അദ്ദേഹം ഈ ഉപമ പറഞ്ഞു: 5''ഒരു കൃഷിക്കാരൻ വിത്തുവിതയ്ക്കുവാൻ പുറപ്പെട്ടു. അവൻ വിതച്ചുകൊണ്ടിരിക്കുമ്പോൾ ചിലതു വഴിയരികിൽ വീണു; അതു ചവിട്ടിപ്പോകയും ആകാശത്തിലെ പക്ഷികൾ അതു തിന്നുകളയുകയും ചെയ്തു. 6ചിലതു പാറപ്പുറത്തു വീണു, മുളച്ചു; നനവില്ലായ്കയാൽ ഉണങ്ങിപ്പോയി. 7 വേറേ ചിലതു മുള്ളുകൾക്കിടയിൽ വീണു; മുള്ളുകളും അതിനോടുകൂടെ വളർന്ന് അതിനെ ഞെരുക്കിക്കളഞ്ഞു. 8 മറ്റു ചിലത് നല്ല മണ്ണിൽ വീണു; അത് വളർന്ന്, വിതച്ചതിന്റെ നൂറുമേനി വിളവു നല്കി.''

ഇതു പറഞ്ഞതിനുശേഷം അദ്ദേഹം, ''കേൾപ്പാൻ ചെവിയുള്ളവൻ കേൾക്കട്ടെ'' എന്നു വിളിച്ചു പറഞ്ഞു.

9ശിഷ്യന്മാർ ഈ ഉപമയുടെ അർത്ഥം എന്തെന്ന് അദ്ദേഹത്തോടു ചോദിച്ചു. 10അതിന് അദ്ദേഹം പറഞ്ഞു: ''ദൈവരാജ്യത്തിന്റെ രഹസ്യങ്ങളെ സംബന്ധിച്ചുള്ള അറിവ് നിങ്ങൾക്കു നല്കപ്പെട്ടിരിക്കുന്നു; എന്നാൽ മറ്റുള്ളവരോട്,

'അവർ കണ്ടിട്ടും കാണാതിരിപ്പാനും
കേട്ടിട്ടും ഗ്രഹിക്കാതിരിപ്പാനുമായി' [b]

ഉപമകളിലൂടെയത്രേ സംസാരിക്കുന്നത്.

11''ഉപമയുടെ അർത്ഥം ഇതാണ്: വിത്ത് ദൈവവചനം. 12വഴിയരികെയുള്ളവർ കേൾക്കുന്നവർ എങ്കിലും പിശാചു വന്ന് അവരുടെ ഹൃദയങ്ങളിൽനിന്നു വചനം എടുത്തുകളയുന്നു. അങ്ങനെ അവർക്കു വിശ്വസിക്കാനോ രക്ഷിക്കപ്പെടുവാനോ കഴിയുന്നില്ല. 13പാറമേൽ ഉള്ളവരോ വചനം കേൾക്കുമ്പോൾ അതു സന്തോഷത്തോടെ സ്വീകരിക്കുന്നവരാണ്. എന്നാൽ അവർക്കു വേരില്ല. അവർ അല്പസമയത്തേക്കു വിശ്വസിക്കുന്നു; എന്നാൽ പരീക്ഷാകാലത്തു വീണുപോകുന്നു.

[a] 41 ഒരു ദിനാർ ഒരു ദിവസത്തെ കൂലിക്കു തുല്യമായ നാണയമാണ്. [b] 10 യെശയ്യാവ് 6: 9

14മുള്ളിനിടയിൽ വീണ വിത്ത്, കേൾക്കുന്നവരെങ്കിലും ജീവിതത്തിൽ മുന്നോട്ടു പോകുമ്പോൾ ചിന്താകുലങ്ങളാലും ധനത്താലും സുഖഭോഗങ്ങളാലും ഞെരുങ്ങി ഫല പ്രാപ്തിയില്ലാതെ പോകുന്നവരെ കുറിക്കുന്നു. 15 നല്ല മണ്ണിലെ വിത്താകട്ടെ, ഉത്തമവും നിർമ്മലവുമായ ഹൃദയമുള്ളവരെ കാണിക്കുന്നു. അവർ വചനം കേൾക്കുന്നു; അതു സംഗ്രഹിച്ചുവയ്ക്കുന്നു; സഹിഷ്ണുതയോടെ ഫലം പുറപ്പെടുവിക്കുകയും ചെയ്യുന്നു.

തണ്ടിന്മേലുള്ള വിളക്ക്

16ആരും വിളക്കു കത്തിച്ചു പാത്രം കൊണ്ടു മൂടുകയോ കട്ടിലിനു കീഴിൽ വയ്ക്കുകയോ ചെയ്യുന്നില്ല; പിന്നെയോ അകത്തുവരുന്നവർക്കു വെളിച്ചം കാണേണ്ടതിനു തണ്ടിന്മേലത്രേ വയ്ക്കുന്നത്. 17വെളിപ്പെടാതെ മറഞ്ഞിരിക്കുന്നതൊന്നുമില്ല. അറിയപ്പെടാതെയും വെളിച്ചത്തു കൊണ്ടുവരാതെയും രഹസ്യമായി വച്ചിരിക്കുന്നതും ഒന്നുമില്ല. 18ആകയാൽ നിങ്ങൾ എങ്ങനെ കേൾക്കുന്നുവെന്നു ശ്രദ്ധിവിൻ. 18ഉള്ളവനോ കൊടുക്കും; ഇല്ലാത്തവനിൽനിന്നോ ഉണ്ടെന്നു തോന്നുന്നതുകൂടി എടുത്തുകളയും."

യേശുവിന്റെ അമ്മയും സഹോദരന്മാരും

19യേശുവിന്റെ അമ്മയും സഹോദരന്മാരും അദ്ദേഹത്തെ കാണുവാൻ വന്നു. എന്നാൽ ജനക്കൂട്ടം നിമിത്തം അദ്ദേഹത്തിന്റെ അടുത്തെത്തുവാൻ കഴിഞ്ഞില്ല. 20ചിലർ അദ്ദേഹത്തോട്, "അങ്ങയുടെ അമ്മയും സഹോദരന്മാരും അങ്ങയെ കാണാൻ ആഗ്രഹിച്ചു പുറത്തു നില്ക്കുന്നു" എന്നു പറഞ്ഞു.

21അതിന് യേശു: "ദൈവത്തിന്റെ വചനം കേൾക്കുകയും പ്രമാണിക്കുകയും ചെയ്യുന്നവരത്രേ എന്റെ അമ്മയും സഹോദരന്മാരും" എന്ന് ഉത്തരം പറഞ്ഞു.

യേശു കൊടുങ്കാറ്റിനെ ശമിപ്പിക്കുന്നു

22 ഒരു ദിവസം യേശു ശിഷ്യന്മാരോടൊപ്പം ഒരു വഞ്ചിയിൽ കയറി, "നമുക്കു തടാകത്തിന്റെ മറുകരയിലേയ്ക്കു പോകാം" എന്നു പറഞ്ഞ് യാത്ര പുറപ്പെട്ടു. 23അവർ യാത്ര ചെയ്യുമ്പോൾ അദ്ദേഹം ഉറങ്ങിപ്പോയി. അപ്പോൾ തടാകത്തിൽ ഒരു ചുഴലിക്കാറ്റ് ഉണ്ടായി. വഞ്ചിയിൽ വെള്ളംനിറഞ്ഞ് അവർ വലിയ അപകടത്തിലായി.

24ശിഷ്യന്മാർ ചെന്ന് അദ്ദേഹത്തെ ഉണർത്തിക്കൊണ്ട്, "നാഥാ, നാഥാ, ഞങ്ങൾ നശിക്കാൻ പോകുകയാണ്" എന്നു പറഞ്ഞു.

അദ്ദേഹം എഴുന്നേറ്റ് കാറ്റിനെയും വെള്ളത്തിന്റെ ക്ഷോഭത്തെയും ശാസിച്ചു. കൊടുങ്കാറ്റ് അമർന്നു; എല്ലാം ശാന്തമായി. 25അദ്ദേഹം ശിഷ്യന്മാരോട്: "നിങ്ങളുടെ വിശ്വാസം എവിടെ?" എന്നു ചോദിച്ചു.

അവർ ഭയത്തോടും വിസ്മയത്തോടുംകൂടെ, "ഇദ്ദേഹം ആര്? കാറ്റിനോടും കടലിനോടുംപോലും ഇദ്ദേഹം കല്പിക്കുകയും അവ ഇദ്ദേഹത്തെ അനുസരിക്കുകയും ചെയ്യുന്നു" എന്നു തമ്മിൽത്തമ്മിൽ പറഞ്ഞു.

ഭൂതബാധിതനായ ഒരു മനുഷ്യനെ സൗഖ്യമാക്കുന്നത്

26 അവർ തടാകത്തിനക്കരെ ഗലീലയുടെ എതിരെയുള്ള ഗരസേന്യ[a] ദേശത്തു വന്നെത്തി. 27യേശു കരയ്ക്കിറങ്ങിയപ്പോൾ പട്ടണത്തിൽനിന്ന് ഒരു ഭൂതബാധിതൻ വന്ന് അദ്ദേഹത്തെ അഭിമുഖീകരിച്ചു. ഈ മനുഷ്യൻ ഏറെക്കാലമായിട്ട് വസ്ത്രം ധരിക്കുകയോ വീട്ടിൽ പാർക്കുകയോ ചെയ്യാതെ ശവക്കല്ലറകളിൽ താമസിച്ചിരുന്നു. 28 അവൻ യേശുവിനെ കണ്ടിട്ട് നിലവിളിച്ചുകൊണ്ട് അദ്ദേഹത്തിന്റെ കാല്ക്കൽ വീണു. "യേശുവേ, അത്യുന്നതനായ ദൈവത്തിന്റെ പുത്രാ, എന്നോട് അങ്ങേയ്ക്ക് എന്തു കാര്യം? എന്നെ പീഡിപ്പിക്കരുതേ എന്നു ഞാൻ അങ്ങയോട് അപേക്ഷിക്കുന്നു" എന്ന് അവൻ അത്യുച്ചത്തിൽ വിളിച്ചു പറഞ്ഞു. 29യേശു ആ ദുരാത്മാവിനോട് ആ മനുഷ്യനിൽ നിന്ന് പുറത്തു പോകുവാൻ കല്പിച്ചിരുന്നു. അത് അവനെ പലപ്പോഴും പിടികൂടിയിരുന്നു. കൈകാലുകൾ ചങ്ങലയിട്ടു ബന്ധിച്ച് കാവലിൽ സൂക്ഷിച്ചിരുന്നിട്ടും അവൻ ചങ്ങലകൾ പൊട്ടിക്കുകയും ഭൂതം അവനെ ഏകാന്ത സ്ഥലങ്ങളിലേക്ക് ഓടിക്കുകയും ചെയ്തിരുന്നു.

30 "നിന്റെ പേരെന്ത്?" യേശു അവനോടു ചോദിച്ചു.

അനേകം ഭൂതങ്ങൾ അവനിൽ കടന്നുകൂടിയിരുന്നതുകൊണ്ട് "ലെഗ്യോൻ" എന്ന് അവൻ ഉത്തരം പറഞ്ഞു.

31"പാതാളത്തിലേക്കു പോകുവാൻ തങ്ങളോട് ആജ്ഞാപിക്കരുതേ" എന്ന് അവ അദ്ദേഹത്തോട് അപേക്ഷിച്ചു.

32അവിടെ കുന്നിൻചരിവിൽ വലിയൊരു പന്നിക്കൂട്ടം മേഞ്ഞുകൊണ്ടിരുന്നു. അവയിലേയ്ക്കു കടക്കുവാൻ തങ്ങളെ അനുവദിക്കണമെന്നു ഭൂതങ്ങൾ യേശുവിനോട് അപേക്ഷിച്ചു. അദ്ദേഹം അവയ്ക്ക് അനുവാദം നല്കി. 33 ഭൂതങ്ങൾ ആ മനുഷ്യനിൽ നിന്നു പുറത്തുകടന്ന് പന്നികളിൽ പ്രവേശിച്ചു: ആ

[a] 26 ചില കയ്യെഴുത്തുപ്രതികളിൽ *ഗദരേന്യ*, മറ്റു ചിലതിൽ *ഗർഗ്ഗസേന്യ*. 37-ാം വാക്യവും കാണുക.

കൂട്ടം കടുംതൂക്കായ തീരത്തുകൂടെ തടാക
ത്തിലേക്കു പാഞ്ഞു മുങ്ങിച്ചത്തു.

34പന്നികളെ മേയ്ക്കുന്നവർ സംഭവിച്ചതു
കണ്ടിട്ട് ഓടിപ്പോയി പട്ടണത്തിലും നാട്ടിൻ
പുറത്തും വിവരം അറിയിച്ചു. 35എന്താണു
സംഭവിച്ചതെന്നു കാണുവാൻ ജനങ്ങൾ
പുറപ്പെട്ടു. അവർ യേശുവിന്റെ അടുത്തെ
ത്തിയപ്പോൾ, ഭൂതങ്ങൾ വിട്ടുപോയ മനുഷ്യൻ
വസ്ത്രം ധരിച്ചു സുബോധമുള്ളവനായി
യേശുവിന്റെ കാല്ക്കൽ ഇരിക്കുന്നതുകണ്ട്
ഭയപ്പെട്ടു. 36ഭൂതബാധിതനു സൗഖ്യം ലഭിച്ച
തെങ്ങനെയെന്ന് അതു കണ്ടവർ ജനങ്ങളോട്
അറിയിച്ചു. 37ഗെരസേന്യ ദേശത്തെ ജനങ്ങൾ
എല്ലാവരും ഭയപരവശരായിരുന്നതുകൊണ്ട്
തങ്ങളെ വിട്ടുപോകണമെന്ന് അവർ യേശു
വിനോട് ആവശ്യപ്പെട്ടു. അങ്ങനെ അദ്ദേഹം
വഞ്ചിയിൽ കയറി അവിടം വിട്ടുപോയി.

38ഭൂതങ്ങൾ വിട്ടുപോയ മനുഷ്യൻ
അദ്ദേഹത്തോടുകൂടെ പോകുവാൻ അനുവാദം
ചോദിച്ചു. എന്നാൽ യേശു അവനോട്:
39"വീട്ടിലേക്കു മടങ്ങിച്ചെന്നു ദൈവം നിനക്കു
വേണ്ടി ചെയ്തതെല്ലാം അറിയിക്കുക" എന്നു
പറഞ്ഞ് അവനെ യാത്രയാക്കി. അവൻ പോയി
യേശു തനിക്കു ചെയ്തതെല്ലാം പട്ടണത്തി
ലെങ്ങും അറിയിച്ചു.

മരിച്ച പെൺകുട്ടിയും രോഗിയായ സ്ത്രീയും

40യേശു തിരിച്ചെത്തിയപ്പോൾ ഒരു ജന
സമൂഹം അദ്ദേഹത്തെ സ്വാഗതം ചെയ്തു.
അവരെല്ലാവരും അദ്ദേഹത്തെ കാത്തിരിക്കു
കയായിരുന്നു. 41അപ്പോൾ പള്ളിപ്രമാണിയായ
യായീറോസ് എന്നു പേരുള്ള ഒരു മനുഷ്യൻ
വന്ന് യേശുവിന്റെ കാല്ക്കൽ വീണ് തന്റെ
വീട്ടിലേക്കു വരുവാൻ അദ്ദേഹത്തോടു
കേണപേക്ഷിച്ചു. 42അയാളുടെ ഏകപുത്രി,
ഏകദേശം പന്ത്രണ്ടു വയസ്സായ പെൺകുട്ടി,
മരിക്കാറായി കിടക്കുകയായിരുന്നു.

യേശു അവിടേക്കു പോകുമ്പോൾ ജനക്കൂട്ടം
അദ്ദേഹത്തെ തിക്കിക്കൊണ്ടിരുന്നു. 43പന്ത്ര
ണ്ടുവർഷമായി രക്തസ്രവത്താൽ പീഡിത
യായ ഒരു സ്ത്രീ അവിടെ ഉണ്ടായിരുന്നു. തന്റെ
സമ്പാദ്യമെല്ലാം വൈദ്യന്മാർക്കു കൊടു
ത്തിട്ടും, അവളെ സൗഖ്യമാക്കുവാൻ ആർക്കും
കഴിഞ്ഞിരുന്നില്ല. 44അവൾ അദ്ദേഹത്തിന്റെ
പിന്നിലെത്തി, അങ്കിയുടെ വിളുമ്പിൽ തൊട്ടു;
ഉടനെ അവളുടെ രക്തസ്രവം നിന്നു.

45"എന്നെ തൊട്ടത് ആര്?" യേശു ചോദിച്ചു.
എല്ലാവരും അതു നിഷേധിച്ചപ്പോൾ പത്രോസ്:
"നാഥാ, ജനങ്ങൾ അങ്ങയുടെ ചുറ്റും തിക്കി
ത്തിരക്കുന്നുവല്ലോ." എന്നു പറഞ്ഞു.

46 എന്നാൽ യേശു: "ആരോ ഒരാൾ എന്നെ
തൊട്ടു; എന്നിൽനിന്നു ശക്തി പുറപ്പെട്ടതു
ഞാൻ അറിയുന്നു" എന്നു പറഞ്ഞു.

47മറഞ്ഞുകളയാൻ സാധ്യമല്ല എന്നു കണ്ടിട്ട്
ആ സ്ത്രീ വിറച്ചുകൊണ്ടുവന്ന് അദ്ദേ
ഹത്തിന്റെ മുമ്പിൽ വീണു. താൻ അദ്ദേഹത്തെ
തൊട്ടതെന്തിനെന്നും തനിക്കു തൽക്ഷണം
സൗഖ്യം ലഭിച്ചതെങ്ങനെയെന്നും അവൾ
സകലരും കേൾക്കെ അറിയിച്ചു.

48അദ്ദേഹം അവളോട്: "മകളേ, നിന്റെ വി
ശ്വാസം നിന്നെ സുഖപ്പെടുത്തിയിരിക്കുന്നു,
സമാധാനത്തോടെ പോകുക" എന്നുപറഞ്ഞു.

49അദ്ദേഹം സംസാരിച്ചുകൊണ്ടിരുന്നപ്പോൾ
പള്ളിപ്രമാണിയായ യായീറോസിന്റെ വീട്ടിൽ
നിന്ന് ഒരാൾ വന്ന്, "താങ്കളുടെ മകൾ
മരിച്ചുപോയി, ഗുരുവിനെ ഇനി പ്രയാസപ്പെടു
ത്തേണ്ടാ" എന്നു പറഞ്ഞു.

50 ഇതു കേട്ടിട്ട് യേശു യായീറോസിനോട്,
"ഭയപ്പെടേണ്ടാ; വിശ്വസിക്കുകമാത്രം ചെയ്യുക.
അവൾ സൗഖ്യം പ്രാപിക്കും" എന്നു പറഞ്ഞു.

51യായീറോസിന്റെ ഭവനത്തിൽ എത്തിയ
പ്പോൾ അദ്ദേഹം പത്രോസ്, യോഹന്നാൻ,
യാക്കോബ് എന്നിവരേയും കുട്ടിയുടെ
അപ്പനെയും അമ്മയെയും ഒഴികെ മറ്റാരെയും
തന്നോടുകൂടെ അകത്തുകടക്കാൻ അനുവ
ദിച്ചില്ല. 52എല്ലാവരും അവളെച്ചൊല്ലി
കരയുകയും വിലപിക്കുകയും ആയിരുന്നു.
"കരയേണ്ട," യേശു പറഞ്ഞു, "അവൾ
മരിച്ചിട്ടില്ല, ഉറങ്ങുന്നതേയുള്ളൂ."

53അവൾ മരിച്ചുപോയി എന്ന് അറിഞ്ഞി
രുന്നതിനാൽ അവർ അദ്ദേഹത്തെ പരിഹ
സിച്ചു. 54എന്നാൽ അദ്ദേഹം അവളുടെ
കൈയ്ക്കു പിടിച്ച്: "കുഞ്ഞേ, എഴുന്നേല്ക്കൂ"
എന്നു പറഞ്ഞു. 55അവളുടെ ആത്മാവ് മടങ്ങി
വന്നു. അവൾ അപ്പോൾത്തന്നെ എഴുന്നേറ്റു.
അവൾക്ക് എന്തെങ്കിലും ഭക്ഷിപ്പാൻ കൊടുക്കു
വാൻ യേശു നിർദ്ദേശിച്ചു. 56 അവളുടെ മാതാ
പിതാക്കൾ ആശ്ചര്യപ്പെട്ടു. സംഭവിച്ചത്
എന്തെന്ന് ആരോടും പറയരുതെന്ന് അദ്ദേഹം
അവരോട് ആജ്ഞാപിച്ചു.

യേശു പന്തിരുവരെ അയയ്ക്കുന്നു

9 യേശു പന്തിരുവരെ വിളിച്ചുകൂട്ടി ഭൂത
ങ്ങളെ പുറത്താക്കുവാനും രോഗങ്ങൾ
സൗഖ്യമാക്കുവാനും അവർക്കു ശക്തിയും
അധികാരവും കൊടുത്തു. 2പിന്നെ ദൈവരാജ്യം
പ്രസംഗിക്കുവാനും രോഗികളെ സൗഖ്യ
മാക്കുവാനും അവരെ പറഞ്ഞയച്ചു. 3അദ്ദേഹം
അവരോടു പറഞ്ഞു: "യാത്രയ്ക്കു വടിയോ
സഞ്ചിയോ ആഹാരമോ പണമോ ഒന്നിലധികം
വസ്ത്രമോ എടുക്കരുത്. 4നിങ്ങൾ ഏതെങ്കിലും
വീട്ടിൽ ചെന്നാൽ പട്ടണം വിട്ടുപോകുന്നതുവ

രെ ആ വീട്ടിൽ താമസിക്കുവിൻ. 5ജനങ്ങൾ നിങ്ങളെ സ്വാഗതം ചെയ്യുന്നില്ലെങ്കിൽ അവരുടെ പട്ടണം വിട്ടു പോകുമ്പോൾ, അവർക്കെതിരേ സാക്ഷ്യത്തിനായി നിങ്ങളുടെ കാലിലെ പൊടി തട്ടിക്കളയുവിൻ. 6അങ്ങനെ അവർ പുറപ്പെട്ട് സുവിശേഷം അറിയിച്ചും എല്ലായിടത്തുമുള്ള ജനങ്ങളെ സൗഖ്യമാക്കിയും കൊണ്ടു ഗ്രാമംതോറും സഞ്ചരിച്ചു.

7സംഭവിച്ചുകൊണ്ടിരുന്നതെല്ലാം നാടുവാഴിയായ ഹെരോദാവു കേട്ടു. യോഹന്നാൻ മരിച്ചവരിൽ നിന്ന് ഉയിർപ്പിക്കപ്പെട്ടിരിക്കുന്നുവെന്നു ചിലരും 8ഏലിയാവു പ്രത്യക്ഷനായിരിക്കുന്നുവെന്നു മറ്റുചിലരും പണ്ടത്തെ പ്രവാചകന്മാരിൽ ഒരാൾ ജീവിച്ചെഴുന്നേറ്റിരിക്കുന്നുവെന്നു വേറേ ചിലരും പറഞ്ഞുകൊണ്ടിരുന്നതിനാൽ ഹെരോദാവു പരിഭ്രാന്തനായി. 9"യോഹന്നാനെ ഞാൻ ശിരച്ഛേദം ചെയ്തു. പിന്നെ ഈവിധ കാര്യങ്ങൾ പറഞ്ഞു കേൾക്കുന്ന ഇവൻ ആര്?" എന്ന് അദ്ദേഹം പറഞ്ഞു; യേശുവിനെ കാണാൻ അദ്ദേഹം ശ്രമിച്ചു.

യേശു അയ്യായിരംപേർക്ക് ആഹാരം നല്കുന്നു

10അപ്പൊസ്തലന്മാർ മടങ്ങിയെത്തി തങ്ങൾ ചെയ്തതെല്ലാം യേശുവിനോട് അറിയിച്ചു. അനന്തരം അദ്ദേഹം അവരെ കൂട്ടിക്കൊണ്ട് തനിയേ ബേത്ത്സയിദ എന്ന പട്ടണത്തിലേക്കു പോയി. 11എന്നാൽ ജനങ്ങൾ അതറിഞ്ഞ് അദ്ദേഹത്തിന്റെ പിന്നാലെ ചെന്നു. അദ്ദേഹം അവരെ സ്വീകരിച്ച് അവരോടു ദൈവരാജ്യത്തെപ്പറ്റി സംസാരിക്കുകയും രോഗസൗഖ്യം ആവശ്യമായിരുന്നവരെ സൗഖ്യമാക്കുകയും ചെയ്തു.

12പകൽ കഴിയാറായപ്പോൾ പന്തിരുവർ അടുത്തുവന്ന് അദ്ദേഹത്തോടു പറഞ്ഞു: "നാം ഇവിടെ ഒരു നിർജ്ജനസ്ഥലത്താണ്; അതുകൊണ്ട്, ചുറ്റുമുള്ള ഗ്രാമങ്ങളിലും നാട്ടിൻപുറത്തും ചെന്നു ഭക്ഷണവും താമസസൗകര്യവും കണ്ടെത്തുവാൻ ജനക്കൂട്ടത്തെ പറഞ്ഞയ്ക്കണം."

13അതിന് അദ്ദേഹം: "നിങ്ങൾ അവർക്കു എന്തെങ്കിലും ഭക്ഷിക്കാൻ കൊടുക്കുവിൻ" എന്ന് ഉത്തരം പറഞ്ഞു.

"ഞങ്ങളുടെ പക്കൽ അഞ്ച് അപ്പവും രണ്ടു മീനും മാത്രമേ ഉള്ളൂ. അല്ലെങ്കിൽ പിന്നെ ഈ ജനക്കൂട്ടത്തിനു മുഴുവൻ വേണ്ടുന്ന ഭക്ഷണം ഞങ്ങൾ പോയി വാങ്ങണം" - അവർ മറുപടി പറഞ്ഞു. 14അവിടെ ഏകദേശം അയ്യായിരം പുരുഷന്മാർ ഉണ്ടായിരുന്നു.

അദ്ദേഹം ശിഷ്യന്മാരോട്: "അവരെ അമ്പതുപേർ വീതം പന്തികളായി ഇരുത്തുവിൻ" എന്നു പറഞ്ഞു. 15അവർ അങ്ങനെ ചെയ്തു; എല്ലാവരെയും ഇരുത്തി. 16അദ്ദേഹം ആ അഞ്ച് അപ്പവും രണ്ടു മീനും എടുത്തു സ്വർഗ്ഗത്തേക്കുനോക്കി സ്തോത്രം ചെയ്തു നുറുക്കി; പിന്നെ ജനങ്ങൾക്കു വിളമ്പിക്കൊടുക്കുവാൻ ശിഷ്യന്മാരെ ഏല്പിച്ചു. 17എല്ലാവരും തിന്നു തൃപ്തരായി; ശേഷിച്ച നുറുക്കുകൾ ശേഖരിച്ചതു പന്ത്രണ്ടു കുട്ട ഉണ്ടായിരുന്നു

ക്രിസ്തുവിനെപ്പറ്റി പത്രോസിന്റെ ഏറ്റുപറച്ചിൽ

18ഒരിക്കൽ യേശു തനിച്ചു പ്രാർത്ഥിച്ചുകൊണ്ടിരുന്നു; ശിഷ്യന്മാർ അദ്ദേഹത്തോടുകൂടെ ഉണ്ടായിരുന്നു. അദ്ദേഹം അവരോട്, "ഞാൻ ആരാകുന്നു എന്നാണ് ജനങ്ങൾ പറയുന്നത്?" എന്നു ചോദിച്ചു.

19"യോഹന്നാൻസ്നാപകൻ എന്നു ചിലരും ഏലിയാവ് എന്നു മറ്റുചിലരും പറയുന്നു; പുരാതനകാലത്തെ പ്രവാചകന്മാരിൽ ഒരുവൻ ഉയിർത്തെഴുന്നേറ്റുവെന്നു വേറെ ചിലരും പറയുന്നുണ്ട്." അവർ ഉത്തരം പറഞ്ഞു.

20 "എന്നാൽ നിങ്ങളോ?" യേശു ചോദിച്ചു, "ഞാൻ ആരാകുന്നുവെന്നാണ് നിങ്ങൾ പറയുന്നത്?"

"ദൈവത്തിന്റെ ക്രിസ്തു" - പത്രോസ് മറുപടി പറഞ്ഞു.

21ഇത് ആരോടും പറയരുതെന്ന് യേശു അവരോടു കർശനമായി കല്പിച്ചു. 22അദ്ദേഹം പറഞ്ഞു: "മനുഷ്യപുത്രൻ പലതും സഹിക്കണം. മൂപ്പന്മാർ, മുഖ്യപുരോഹിതന്മാർ, വേദജ്ഞർ എന്നിവരാൽ അവൻ പുറന്തള്ളപ്പെട്ടു കൊല്ലപ്പെടുകയും മൂന്നാം ദിവസം ഉയിർത്തെഴുന്നേല്ക്കുകയും വേണം."

23അനന്തരം അവരെല്ലാവരോടുമായി അദ്ദേഹം പറഞ്ഞു: "ഒരുവൻ എന്നെ അനുഗമിപ്പാൻ ഇച്ഛിച്ചാൽ അവൻ തന്നെത്താൻ തൃജിച്ച്, നാൾതോറും തന്റെ ക്രൂശ് എടുത്തുകൊണ്ട് എന്നെ അനുഗമിക്കണം. 24സ്വന്തം ജീവൻ രക്ഷിപ്പാൻ ഇച്ഛിക്കുന്ന ഏവനും അതിനെ നഷ്ടമാക്കും; എനിക്കു വേണ്ടി തന്റെ ജീവൻ നഷ്ടമാക്കുന്നവനോ അതിനെ രക്ഷിക്കും. 25ഒരുവൻ സർവ്വലോകവും നേടിയിട്ടും തന്നെത്തന്നേ നഷ്ടമാക്കുകയോ നശിപ്പിക്കുകയോ ചെയ്താൽ അവന് എന്തു പ്രയോജനം? 26എന്നെയും എന്റെ വചനങ്ങളെയുംകുറിച്ച് ആരെങ്കിലും ലജ്ജിക്കുന്നുവെങ്കിൽ മനുഷ്യപുത്രൻ തന്റെയും പിതാവിന്റെയും വിശുദ്ധദൂതന്മാരുടെയും മഹത്ത്വത്തിൽ വരുമ്പോൾ

അവനെക്കുറിച്ചും ലജ്ജിക്കും. 27സത്യമായി
ഞാൻ നിങ്ങളോടു പറയുന്നു: ഇവിടെ നില്ക്കു
ന്നവരിൽ ചിലർ ദൈവരാജ്യം കാണുന്ന
തിനുമുമ്പ് മരണം ആസ്വദിക്കുകയില്ല.

രൂപാന്തരം

28 ഇതു പറഞ്ഞിട്ട് ഏകദേശം എട്ടുദിവസം
കഴിഞ്ഞ് യേശു പത്രൊസിനെയും യോഹ
ന്നാനെയും യാക്കോബിനെയും കൂട്ടിക്കൊണ്ടു
പ്രാർത്ഥിപ്പാൻ ഒരു മലയിലേക്കു കയറിപ്പോയി.
29പ്രാർത്ഥിച്ചുകൊണ്ടിരുന്നപ്പോൾ അദ്ദേഹ
ത്തിന്റെ മുഖഭാവം മാറി; വസ്ത്രം തിളങ്ങുന്ന
വെണ്മയായി. 30രണ്ടു പുരുഷന്മാർ, മോശെയും
ഏലിയാവും തന്നേ, 31യേശുവിനോടു
സംസാരിച്ചുകൊണ്ടു തേജസ്സോടെ പ്രത്യക്ഷ
രായി. അദ്ദേഹം യെരൂശലേമിൽ നിറവേറ്റാനിരു
ന്ന തന്റെ നിര്യാണത്തെക്കുറിച്ച് അവർ
സംസാരിച്ചു. 32പത്രൊസും അയാളുടെ കൂടെയു
ള്ളവരും ഉറക്കം തൂങ്ങുകയായിരുന്നു. എന്നാൽ
ഉണർന്നപ്പോൾ അവർ അദ്ദേഹത്തിന്റെ
തേജസ്സും അദ്ദേഹത്തോടുകൂടെ നിന്നിരുന്ന
രണ്ടുപേരെയും കണ്ടു. 33 അവർ യേശുവിനെ
വിട്ടുപോകുമ്പോൾ പത്രൊസ് അദ്ദേഹത്തോട്,
"നാഥാ, നാം ഇവിടെ ആയിരിക്കുന്നത് നല്ലത്.
നമുക്ക് ഇവിടെ മൂന്നു കുടിലുകൾ ഉണ്ടാക്കാം.
ഒന്ന് അങ്ങേയ്ക്കുവേണ്ടി, ഒന്ന് മോശെയ്ക്ക്,
പിന്നെ ഒന്ന് ഏലിയാവിനും." എന്നു പറഞ്ഞു.
(താൻ പറയുന്നത് എന്താണെന്ന് അയാൾ
തന്നേ അറിഞ്ഞില്ല.)

34അയാൾ ഇതു പറഞ്ഞുകൊണ്ടിരിക്കു
മ്പോൾത്തന്നേ, ഒരു മേഘം വന്ന് അവരെ
വലയം ചെയ്തു. മേഘത്തിൽ ആയപ്പോൾ
അവർ ഭയപ്പെട്ടു. 35മേഘത്തിൽനിന്ന് ഒരു
ശബ്ദം ഉണ്ടായി: "ഇത് എന്റെ പ്രിയപുത്രൻ,
ഇവനു ചെവി കൊടുക്കുവിൻ." 36ആ ശബ്ദം
കേട്ടുകഴിഞ്ഞപ്പോൾ യേശുവിനെമാത്രം അവർ
കണ്ടു. തങ്ങൾ കണ്ടതിനെപ്പറ്റി ശിഷ്യന്മാർ
മൗനം അവലംബിച്ചു. ആ നാളുകളിൽ അവർ
അതു സംബന്ധിച്ച് ആരോടും ഒന്നും പറഞ്ഞില്ല.

*ദുരാത്മാവു ബാധിച്ച ബാലനെ യേശു
സൗഖ്യമാക്കുന്നു*

37പിറ്റേദിവസം അവർ മലയിൽ നിന്ന് ഇറങ്ങി
വന്നപ്പോൾ വലിയൊരു ജനസമൂഹം
അദ്ദേഹത്തെ എതിരേറ്റു. 38ആ കൂട്ടത്തിൽ
ഉണ്ടായിരുന്ന ഒരു മനുഷ്യൻ നിലവിളിച്ചു
പറഞ്ഞു: "ഗുരോ, എന്റെ മകനെ കടാക്ഷി
ക്കണമെന്നു ഞാൻ യാചിക്കുന്നു. അവൻ
എനിക്ക് ഏകപുത്രൻ; 39ഒരു ആത്മാവ് അവനെ
പിടിക്കുകയും അവൻ പൊടുന്നനെ നിലവിളി
ക്കുകയും ചെയ്യുന്നു; വായിലൂടെ നുര വമി
ക്കത്തക്കവണ്ണം അത് അവനെ ഞെരുക്കുന്നു.
അത് അവനെ വിട്ടൊഴിയുന്നതുമില്ല. 40അതിനെ
പുറത്താക്കുവാൻ ഞാൻ അങ്ങയുടെ
ശിഷ്യന്മാരോട് അപേക്ഷിച്ചു; എന്നാൽ
അവർക്കു സാധിച്ചില്ല."

41അതിന് യേശു; "അവിശ്വാസവും
വക്രതയുമുള്ള തലമുറയേ, ഞാൻ എത്രകാലം
നിങ്ങളോടുകൂടെയിരുന്നുകൊണ്ടു നിങ്ങളെ
വഹിക്കും? നിന്റെ മകനെ ഇങ്ങു കൊണ്ടുവരൂ"
എന്നു പറഞ്ഞു.

42ആ ബാലൻ വരുമ്പോൾത്തന്നേ ഭൂതം
അവനെ തള്ളിയിട്ടു പിടപ്പിച്ചു. യേശു ആ
ദുരാത്മാവിനെ ശാസിച്ചിട്ടു ബാലനെ സൗഖ്യ
മാക്കി പിതാവിനെ ഏല്പിച്ചു. 43എല്ലാവരും
ദൈവത്തിന്റെ മഹത്ത്വത്തിൽ വിസ്മയിച്ചു.

യേശു ചെയ്ത എല്ലാ കാര്യങ്ങളേയും
സംബന്ധിച്ചു എല്ലാവരും വിസ്മയിച്ചുകൊണ്ടി
രിക്കുമ്പോൾ അദ്ദേഹം ശിഷ്യന്മാരോട്: 44"ഈ
വാക്കു നിങ്ങളുടെ ശ്രദ്ധയിൽ ഗാഢമായിപ്പതി
യട്ടെ; മനുഷ്യപുത്രൻ മനുഷ്യരുടെ കൈയിൽ
ഏല്പിക്കപ്പെടുവാൻ പോകുന്നു" എന്നു
പറഞ്ഞു. 45എന്നാൽ ഇതിന്റെ അർത്ഥം
എന്തെന്ന് അവർ ഗ്രഹിച്ചില്ല; ഗ്രഹിക്കാൻ
കഴിയാത്തവിധം അത് അവരിൽ നിന്ന്
മറയ്ക്കപ്പെട്ടിരുന്നു. അതേപ്പറ്റി അദ്ദേഹത്തോടു
ചോദിക്കുവാനും അവർക്കു ഭയമായിരുന്നു.

ഏറ്റവും വലിയവൻ ആര്?

46തങ്ങളിൽ ഏറ്റവും വലിയവനാര് എന്നതി
നെപ്പറ്റി ശിഷ്യന്മാരുടെ ഇടയിൽ ഒരു തർക്കം
ഉണ്ടായി. 47യേശു അവരുടെ ചിന്തകൾ
മനസ്സിലാക്കിയിട്ട് ഒരു ശിശുവിനെ എടുത്ത്
തന്റെ അടുക്കൽ നിറുത്തി; 48പിന്നെ അവ
രോടു പറഞ്ഞു: "ഈ ശിശുവിനെ എന്റെ
നാമത്തിൽ സ്വീകരിക്കുന്ന ഏതൊരുവനും
എന്നെ സ്വീകരിക്കുന്നു; എന്നെ സ്വീകരിക്കു
ന്നവൻ എന്നെ അയച്ചവനെ സ്വീകരിക്കുന്നു.
നിങ്ങളിലെല്ലാവരിലും ഏറ്റവും ചെറിയവനത്രെ
വലിയവൻ."

49"നാഥാ, ഒരാൾ അങ്ങയുടെ നാമത്തിൽ
ഭൂതങ്ങളെ പുറത്താക്കുന്നതു ഞങ്ങൾ കണ്ടു.
അയാൾ ഞങ്ങളോടുകൂടെ അങ്ങയെ
അനുഗമിക്കാത്തതുകൊണ്ട് ഞങ്ങൾ അയാളെ
വിലക്കി." എന്നു യോഹന്നാൻ പറഞ്ഞു.

50 "അയാളെ വിലക്കരുത്" യേശു പറഞ്ഞു,
"നിങ്ങൾക്കു പ്രതികൂലമല്ലാത്തവൻ നിങ്ങൾക്ക്
അനുകൂലമത്രേ."

ശമര്യരുടെ എതിർപ്പ്

51തന്റെ ആരോഹണത്തിനുള്ള സമയം
സമീപിച്ചപ്പോൾ യേശു നിശ്ചയദാർഢ്യ

ത്തോടെ യെരൂശലേമിലേക്കു യാത്രയായി.
52അദ്ദേഹം തനിക്കുമുമ്പായി ദൂതന്മാരെ
അയച്ചു. അവർ അദ്ദേഹത്തിനു വേണ്ടി
ക്രമീകരണങ്ങൾ ചെയ്യുന്നതിനു ശമര്യരുടെ ഒരു
ഗ്രാമത്തിലേക്കു ചെന്നു. 53എന്നാൽ അദ്ദേഹം
യെരൂശലേമിലേക്കു പോവുകയായിരുന്നതു
കൊണ്ട് അവിടുത്തെ ആളുകൾ അദ്ദേഹത്തെ
സ്വീകരിച്ചില്ല. 54 ഇതു കണ്ടിട്ട്, ശിഷ്യന്മാരായ
യാക്കോബും യോഹന്നാനും, "കർത്താവേ,
[ഏലിയാവു ചെയ്തതുപോലെ] ആകാശ
ത്തിൽ നിന്നു തീ ഇറക്കി ഇവരെ നശിപ്പിക്കു
വാൻ ഞങ്ങൾ പറയട്ടെയോ?" എന്നു ചോദിച്ചു.
55എന്നാൽ യേശു തിരിഞ്ഞ് അവരെ ശാസിച്ചു.
എന്നിട്ട് അദ്ദേഹം പറഞ്ഞു: "ഏതുതരം ആത്മാ
വാണ് നിങ്ങൾക്കുള്ളത് എന്ന് നിങ്ങൾ അറി
യുന്നില്ല; കാരണം, മനുഷ്യരുടെ ജീവനെ നശി
പ്പിക്കുവാനല്ല, രക്ഷിക്കുവാനാണ് മനുഷ്യപു
ത്രൻ വന്നത്." 56പിന്നെ അവർ മറ്റൊരു
ഗ്രാമത്തിലേക്കു പോയി.

യേശുവിനെ അനുഗമിക്കുന്നതിന്റെ വില

57 അവർ വഴി നടന്നുപോകുമ്പോൾ ഒരു
മനുഷ്യൻ അദ്ദേഹത്തോട്: "അങ്ങ് എവിടെ
പോയാലും ഞാൻ അങ്ങയെ അനുഗമിക്കാം."
എന്നു പറഞ്ഞു.

58അതിന് യേശു, "കുറുനരികൾക്കു
മാളങ്ങളും ആകാശത്തിലെ പക്ഷികൾക്കു
കൂടുകളും ഉണ്ട്; മനുഷ്യപുത്രനോ തല
ചായ്ക്കാൻ ഇടമില്ല" എന്ന് ഉത്തരം പറഞ്ഞു.

59അദ്ദേഹം മറ്റൊരുവനോട്: "എന്നെ
അനുഗമിക്കുക" എന്നു പറഞ്ഞു.

എന്നാൽ അയാൾ: "കർത്താവേ, ആദ്യം
പോയി എന്റെ പിതാവിന്റെ ശവസംസ്കാരം
നടത്തുവാൻ എന്നെ അനുവദിച്ചാലും" എന്നു
പറഞ്ഞു.

60 യേശു അവനോട്: "മരിച്ചവർ തങ്ങളുടെ
മരിച്ചവരെ സംസ്കരിക്കട്ടെ; നീയോ പോയി
ദൈവരാജ്യം വിളംബരം ചെയ്യുക" എന്നു
പറഞ്ഞു.

61മറ്റൊരുവൻ പറഞ്ഞു: "കർത്താവേ, ഞാൻ
അങ്ങയെ അനുഗമിക്കാം; എന്നാൽ ഞാൻ
ഒന്നാമത് എന്റെ കുടുംബാംഗങ്ങളോടു യാത്ര
പറയുവാൻ അനുവദിക്കണം" എന്നു പറഞ്ഞു.

62അതിന് യേശു: "കലപ്പയ്ക്കു കൈ
വച്ചശേഷം പുറകോട്ടു നോക്കുന്നവൻ ആരും
ദൈവരാജ്യത്തിനു കൊള്ളാവുന്നവനല്ല" എന്നു
പറഞ്ഞു.

യേശു എഴുപതുപേരെ അയയ്ക്കുന്നു

10 ഇതിനുശേഷം കർത്താവ് വേറേ
എഴുപതുപേരെ നിയമിച്ച്, താൻ
താമസംവിനാ പോകുവാനിരുന്ന ഓരോ പട്ടണ
ത്തിലേക്കും സ്ഥലത്തേക്കും തനിക്കുമുമ്പായി
അവരെ ഈരണ്ടായി അയച്ചു. 2അപ്പോൾ
അദ്ദേഹം ശിഷ്യന്മാരോട്: "കൊയ്ത്തു
വളരെയുണ്ട് സത്യം. വേലക്കാരോ ചുരുക്കം
അതുകൊണ്ട്, കൊയ്ത്തിന്റെ ഉടമസ്ഥനോട്
തന്റെ വിളഭൂമിയിലേക്കു വേലക്കാരെ
അയയ്ക്കുവാൻ അപേക്ഷിപ്പിൻ" എന്നു
പറഞ്ഞു. 3പോകുവിൻ; ചെന്നായ്ക്കളുടെ
ഇടയിൽ കുഞ്ഞാടുകളെ എന്നപോലെ ഞാൻ
നിങ്ങളെ അയയ്ക്കുന്നു. 4മടിശ്ശീലയോ
സഞ്ചിയോ ചെരിപ്പോ എടുക്കരുത്; വഴിയിൽ
ആരെയും അഭിവാദനം ചെയ്യുകയുമരുത്.

5"ഒരു വീട്ടിൽ ചെല്ലുമ്പോൾ 'ഈ ഭവന
ത്തിനു സമാധാനം' എന്ന് ആദ്യം പറയുവിൻ.
6അവിടെ ഒരു സമാധാനപുത്രൻ ഉണ്ടെങ്കിൽ
നിങ്ങളുടെ സമാധാനം അയാളുടെമേൽ
വസിക്കും; ഇല്ലെങ്കിലോ അതു നിങ്ങളിലേക്കു
മടങ്ങും. 7അവർ നിങ്ങൾക്കു തരുന്നതു
ഭക്ഷിച്ചും കുടിച്ചും കൊണ്ട് ആ വീട്ടിൽത്തന്നെ
താമസിക്കുവിൻ; വേലക്കാരൻ തന്റെ കൂലിക്കു
യോഗ്യനല്ലോ. വീടുതോറും മാറി മാറി
താമസിക്കരുത്.

8 "ഒരു പട്ടണത്തിൽ ചെല്ലുമ്പോൾ നിങ്ങളെ
സ്വാഗതം ചെയ്യുന്നുവെങ്കിൽ നിങ്ങൾക്കു
വിളമ്പിത്തരുന്നതു ഭക്ഷിപ്പിൻ. 9 അവിടെയുള്ള
രോഗികളെ സൗഖ്യമാക്കി, 'ദൈവരാജ്യം
നിങ്ങൾക്കു സമീപസ്ഥമായിരിക്കുന്നു' എന്ന്
അവരോടു പറയുവിൻ. 10എന്നാൽ നിങ്ങൾ ഒരു
പട്ടണത്തിൽ കടന്നിട്ട് അവർ നിങ്ങളെ സ്വാഗതം
ചെയ്യുന്നില്ലെങ്കിൽ അതിന്റെ തെരുവുകളി
ലേക്കുചെന്ന് 11'ഞങ്ങളുടെ പാദങ്ങളിൽ
പറ്റിയിരിക്കുന്ന നിങ്ങളുടെ പട്ടണത്തിലെ
പൊടിപോലും ഞങ്ങൾ ഇതാ നിങ്ങൾക്കെതിരേ
തട്ടിക്കളയുന്നു; എങ്കിലും ദൈവരാജ്യം
സമീപത്തിലാണെന്നു നിങ്ങൾ നിശ്ചയമായി
അറിഞ്ഞുകൊൾവിൻ' എന്നു പറയുവിൻ.
12ഞാൻ നിങ്ങളോടു പറയട്ടെ, ആ ദിവസത്തിൽ
ആ പട്ടണത്തിന്റെ അവസ്ഥ സൊദോമിന്റേ
തിനെക്കാൾ അസഹനീയമായിരിക്കും.

13 "അല്ലയോ കോരസീനേ, നിനക്കു ഹാ
കഷ്ടം! അല്ലയോ ബേത്ത്സയിദേ, നിനക്കു
ഹാ കഷ്ടം! നിങ്ങളിൽ ചെയ്ത അത്ഭുതങ്ങൾ
സോരിലും സീദോനിലും ചെയ്തിരുന്നു
വെങ്കിൽ അവർ പണ്ടുതന്നേ രട്ടിലും
വെണ്ണീറിലും ഇരുന്ന് അനുതപിക്കുമായിരുന്നു.
14എന്നാൽ ന്യായവിധിയിൽ സോരിന്റെയും
സീദോന്റെയും അവസ്ഥ നിങ്ങളുടെതി
നെക്കാൾ മെച്ചമായിരിക്കും. 15നീയോ
കഫർന്നഹൂമേ, നീ ആകാശങ്ങളോളം
ഉയർന്നിരിക്കുന്നുവോ? ഇല്ല, നീ പാതാള

ത്തോളംതാഴ്ത്തപ്പെടും.

16''നിങ്ങളുടെ വാക്കു കേൾക്കുന്നവൻ എന്റെ വാക്കു കേൾക്കുന്നു; നിങ്ങളെ തള്ളിക്കളയുന്നവൻ എന്നെ തള്ളിക്കളയുന്നു; എന്നാൽ എന്നെ തള്ളിക്കളയുന്നവൻ എന്നെ അയച്ചവനെയത്രേ തള്ളിക്കളയുന്നത്.''

17ആ എഴുപതുപേർ സന്തോഷത്തോടെ തിരിച്ചെത്തി. ''കർത്താവേ, അങ്ങയുടെ നാമത്തിൽ, ഭൂതങ്ങൾപോലും ഞങ്ങൾക്കു കീഴടങ്ങുന്നു'' എന്നു പറഞ്ഞു.

18അതിന് യേശു മറുപടി പറഞ്ഞത്: ''സാത്താൻ മിന്നൽപോലെ ആകാശത്തു നിന്നു വീഴുന്നതു ഞാൻ കണ്ടു. 19പാമ്പുകളെയും തേളുകളെയും ചവിട്ടി മെതിക്കുവാനും ശത്രുവിന്റെ സകല ശക്തിയെയും കീഴടക്കുവാനും ഞാൻ നിങ്ങൾക്ക് അധികാരം തന്നിരിക്കുന്നു; ഒന്നും നിങ്ങൾക്കു ദോഷം ചെയ്യുകയില്ല. 20എങ്കിലും ആത്മാക്കൾ നിങ്ങൾക്കു കീഴടങ്ങുന്നു എന്നതിലല്ല, നിങ്ങളുടെ പേരു സ്വർഗ്ഗത്തിൽ എഴുതിയിരിക്കുന്നു എന്നതിൽത്തന്നെ സന്തോഷിപ്പിൻ.''

21ആ സമയത്ത് യേശു പരിശുദ്ധാത്മാവിൽ ആനന്ദിച്ച് ഇങ്ങനെ പറഞ്ഞു: ''സ്വർഗ്ഗത്തിനും ഭൂമിക്കും കർത്താവായ പിതാവേ, അവിടുന്ന് ഈ കാര്യങ്ങൾ വിവേകികൾക്കും ജ്ഞാനികൾക്കും മറച്ച് ശിശുക്കൾക്കു വെളിപ്പെടുത്തിയിരിക്കുന്നതിനാൽ ഞാൻ അങ്ങയെ വാഴ്ത്തുന്നു. അതേ പിതാവേ, തിരുഹിതം അതായിരുന്നുവല്ലോ.

22"എന്റെ പിതാവു സകലകാര്യങ്ങളും എന്നെ ഭരമേല്പിച്ചിരിക്കുന്നു. പിതാവല്ലാതെ ആരും പുത്രനെ അറിയുന്നില്ല; പുത്രനും പുത്രൻ വെളിപ്പെടുത്തിക്കൊടുത്തിട്ടുള്ളവനും അല്ലാതെ ആരും പിതാവിനെ അറിയുന്നില്ല. 23പിന്നെ അദ്ദേഹം ശിഷ്യന്മാരുടെ നേരേ തിരിഞ്ഞ് അവരോടു സ്വകാര്യമായി പറഞ്ഞു: ''നിങ്ങൾ കാണുന്ന കാര്യങ്ങൾ കാണുന്ന കണ്ണുകൾ ഭാഗ്യമുള്ളവ! 24എന്തുകൊണ്ടെന്നാൽ അനേകം പ്രവാചകന്മാരും രാജാക്കന്മാരും നിങ്ങൾ കാണുന്നവ കാണാൻ ആഗ്രഹിച്ചുവെങ്കിലും കണ്ടില്ല, നിങ്ങൾ കേൾക്കുന്നവ കേൾക്കാൻ ആഗ്രഹിച്ചുവെങ്കിലും കേട്ടില്ല എന്നു ഞാൻ നിങ്ങളോടു പറയുന്നു.''

നല്ല ശമര്യാക്കാരന്റെ ഉപമ

25ഒരവസരത്തിൽ ന്യായപ്രമാണപണ്ഡിതനായ ഒരാൾ യേശുവിനെ പരീക്ഷിക്കാൻ ഒരുമ്പെട്ടു വന്നു. ''ഗുരോ, നിത്യജീവൻ അവകാശമാക്കുവാൻ ഞാൻ എന്താണു ചെയ്യേണ്ടത്?'' എന്ന് അവൻ ചോദിച്ചു. 26 ന്യായപ്രമാണത്തിൽ എന്താണ് എഴുതിയിരിക്കുന്നത്? നീ എങ്ങനെ വായിക്കുന്നു?" യേശു ചോദിച്ചു.

27അതിന് അവൻ: '' 'നിന്റെ ദൈവമായ കർത്താവിനെ നീ പൂർണ്ണഹൃദയത്തോടും പൂർണ്ണാത്മാവോടും പൂർണ്ണശക്തിയോടും പൂർണ്ണ മനസ്സോടുംകൂടെ സ്നേഹിക്കണം; [b] നിന്റെ അയല്ക്കാരനെ നിന്നെപ്പോലെതന്നേ സ്നേഹിക്കണം[c] ' "എന്നുത്തരം പറഞ്ഞു

28 യേശു അവനോട്: ''നീ ശരിയായി ഉത്തരം പറഞ്ഞിരിക്കുന്നു; ഇതു ചെയ്യുക, നീ ജീവൻ പ്രാപിക്കും.'' എന്നു പറഞ്ഞു.

29എന്നാൽ അവൻ തന്നെത്താൻ നീതികരിക്കാൻ ആഗ്രഹിച്ചു; അതുകൊണ്ട് യേശുവിനോട്: ''എന്റെ അയല്ക്കാരൻ ആര്?'' എന്നു ചോദിച്ചു.

30 യേശു ഇങ്ങനെ മറുപടി പറഞ്ഞു: ''ഒരു മനുഷ്യൻ യെരൂശലേമിൽ നിന്ന് യെരീഹോവിലേക്ക് യാത്ര ചെയ്യുകയായിരുന്നു. അവൻ കൊള്ളക്കാരുടെ കൈകളിൽ അകപ്പെട്ടു. അവർ അവന്റെ വസ്ത്രങ്ങൾ ഉരിഞ്ഞുമാറ്റി. അവനെ അടിച്ച് അർദ്ധപ്രാണനായി വിട്ടിട്ടു പൊയ്ക്കളഞ്ഞു. 31അതേ വഴിയിലൂടെ ഒരു പുരോഹിതൻ വരാനിടയായി. അയാൾ അവനെ കണ്ടിട്ടു മറ്റേ അരികുചേർന്നു കടന്നുപോയി, 32അങ്ങനെതന്നേ ഒരു ലേവ്യനും അവിടെ യെത്തി, അവനെ കണ്ടിട്ട് മറ്റേവശത്തുകൂടി കടന്നുപോയി. 33എന്നാൽ ഒരു ശമര്യൻ യാത്രാമദ്ധ്യേ അവൻ കിടന്ന സ്ഥലത്തെത്തി; അവനെ കണ്ടപ്പോൾ അയാൾക്കു മനസ്സലിവു തോന്നി. 34അയാൾ അവന്റെ അടുത്തെത്തി, എണ്ണയും വീഞ്ഞും ഒഴിച്ചു മുറിവുകൾ വച്ചു കെട്ടി. പിന്നെ അവനെ തന്റെ മൃഗത്തിന്റെ പുറത്തുകയറ്റി ഒരു സത്രത്തിൽ കൊണ്ടുചെന്നു ശുശ്രൂഷിച്ചു. 35പിറ്റേദിവസം അയാൾ രണ്ടു വെള്ളിനാണയം [d] എടുത്ത് സത്രപാലകനു കൊടുത്തിട്ട്, ''അവനെ ശുശ്രൂഷിച്ചുകൊള്ളണം, എന്തെങ്കിലും അധികച്ചെലവുണ്ടാകുന്നതു ഞാൻ തിരിച്ചെത്തുമ്പോൾ തന്നുകൊള്ളാം'' എന്ന് അവനോടു പറഞ്ഞു.

36''കൊള്ളക്കാരുടെ കയ്യിൽ അകപ്പെട്ട മനുഷ്യന് അയൽക്കാരനായിത്തീർന്നത് ഈ മൂന്നുപേരിൽ ആരെന്നാണു നീ ചിന്തിക്കുന്നത്?'' യേശു ചോദിച്ചു.

37 ''അവനോടു കരുണ കാണിച്ചവൻ'' – അയാൾ മറുപടി പറഞ്ഞു. യേശു അയാളോട്, ''നീയും പോയി അങ്ങനെതന്നേ ചെയ്യുക'' എന്നു പറഞ്ഞു.

a 15 ഗ്രീക്കിൽ, *ഹെയ്ഡിസ്* *b* 27 ആവർത്തനം 6:5 *c* 27 ലേവ്യ 19:18 *d* 35 ഗ്രീക്കിൽ, *രണ്ട് ദിനാർ*

യേശു മാർത്തയുടെയും മറിയയുടെയും ഭവനത്തിൽ

38 യേശു ശിഷ്യന്മാരുമായി യാത്ര തുടരവേ
ഒരു ഗ്രാമത്തിൽ എത്തി. അവിടെ മാർത്ത എന്നു
പേരുള്ള ഒരു സ്ത്രീ അദ്ദേഹത്തെ വീട്ടിലേക്കു
സ്വാഗതം ചെയ്തു. 39 അവൾക്കു മറിയ എന്നു
പേരായ ഒരു സഹോദരി ഉണ്ടായിരുന്നു. മറിയ
യേശുവിന്റെ കാല്ക്കൽ ഇരുന്ന്
അദ്ദേഹത്തിന്റെ വചനം കേട്ടുകൊണ്ടിരുന്നു.
40മാർത്തയോ സൽക്കാരത്തിന്റെ ഒരുക്ക
ങ്ങളാൽ കുഴങ്ങുകയായിരുന്നു. അവൾ
യേശുവിന്റെ അടുക്കൽ വന്ന്, "കർത്താവേ,
എന്റെ സഹോദരി ജോലി ചെയ്യുന്നതിന്
എന്നെ തനിച്ചു വിട്ടിരിക്കുന്നതിൽ അങ്ങേയ്ക്കു
വിചാരമില്ലയോ? എന്നെ സഹായിക്കാൻ
അവളോടു കല്പിച്ചാലും" എന്നു പറഞ്ഞു.
41അതിനു കർത്താവ് ഉത്തരം പറഞ്ഞു:
"മാർത്തയേ, മാർത്തയേ, നീ പലതിനെപ്പറ്റി
ചിന്താകുലപ്പെട്ടും മനസ്സു കലങ്ങിയുമിരി
ക്കുന്നു. 42എന്നാൽ അല്പംകാര്യങ്ങൾ, അല്ല
വാസ്തവത്തിൽ ഒന്നുമതിയാകും. മറിയ ആ
മെച്ചമായ ഒന്നു തിരഞ്ഞെടുത്തിരിക്കുന്നു; അത്
ആരും അവളിൽനിന്ന് അപഹരിക്കുകയുമില്ല"
- എന്ന് ഉത്തരം പറഞ്ഞു.

പ്രാർത്ഥനയെക്കുറിച്ച് യേശുവിന്റെ ഉപദേശം

11 യേശു ഒരു സ്ഥലത്തു പ്രാർത്ഥിച്ചു
കൊണ്ടിരുന്നു. പ്രാർത്ഥന കഴിഞ്ഞ
പ്പോൾ ശിഷ്യന്മാരിൽ ഒരാൾ അദ്ദേഹത്തോടു
പറഞ്ഞു: "കർത്താവേ, യോഹന്നാൻ തന്റെ
ശിഷ്യന്മാരെ പഠിപ്പിച്ചതുപോലെ ഞങ്ങളെയും
പ്രാർത്ഥിക്കാൻ പഠിപ്പിക്കണമേ." 2 അദ്ദേഹം
അവരോടു പറഞ്ഞു: "നിങ്ങൾ പ്രാർത്ഥിക്കു
മ്പോൾ ഇപ്രകാരം പറയുവിൻ:

' [സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ]
പിതാവേ,
അവിടുത്തെ നാമം
വിശുദ്ധീകരിക്കപ്പെടണമേ;
അവിടുത്തെ രാജ്യം വരണമേ;
[അങ്ങയുടെ ഹിതം സ്വർഗ്ഗത്തിലെ
പ്പോലെ ഭൂമിയിലും ചെയ്യപ്പെടേണമേ]
3 അതതുദിവസത്തെ ആഹാരം
ഞങ്ങൾക്കു തരണമേ,
4ഞങ്ങളുടെ പാപങ്ങൾ ഞങ്ങളോടു
ക്ഷമിക്കണമേ; എന്തെന്നാൽ
ഞങ്ങളോടു പാപംചെയ്യുന്ന
സകലരോടും [a] ഞങ്ങളും ക്ഷമിക്കുന്നു.
ഞങ്ങളെ പരീക്ഷയിലേക്കു
നയിക്കരുതേ.
[ദുഷ്ടനായവനിൽ നിന്നു ഞങ്ങളെ
വിടുവിക്കേണമേ]'

5പിന്നെ യേശു അവരോട് ഇങ്ങനെ പറഞ്ഞു:
"നിങ്ങളിൽ ഒരാൾക്ക് ഒരു സ്നേഹിതൻ
ഉണ്ടെന്നിരിക്കട്ടെ. അവൻ അർദ്ധരാത്രിക്ക് ആ
സ്നേഹിതന്റെ അടുക്കൽ ചെന്നു പറഞ്ഞു:
'സ്നേഹിതാ, എനിക്കു മൂന്ന് അപ്പം വായ്പ
തരണം, 6എന്റെ ഒരു കൂട്ടുകാരൻ
വഴിയാത്രയിൽ എന്റെ അടുക്കൽ വന്നിരി
ക്കുന്നു; അവനു വിളമ്പിക്കൊടുക്കാൻ എന്റെ
പക്കൽ ഒന്നുമില്ല.'
7"അപ്പോൾ അകത്തുള്ളവൻ, 'എന്നെ
പ്രയാസപ്പെടുത്തരുത്; വാതിൽ അടച്ചുപോയി;
എന്റെ കുട്ടികൾ എന്നോടുകൂടെ കിടക്കുന്നു.
എഴുന്നേറ്റ് നിങ്ങൾക്ക് എന്തെങ്കിലും എടുത്തു
തരാൻ എനിക്ക് ഇപ്പോൾ നിവൃത്തിയില്ല' എന്നു
പറഞ്ഞു. 8ഞാൻ നിങ്ങളോട് പറയട്ടെ, ഒരു
സ്നേഹിതൻ എന്ന നിലയിൽ അവൻ
എഴുന്നേറ്റ് അയാൾക്ക് അപ്പം കൊടുത്തി
ല്ലെങ്കിൽപ്പോലും ആ മനുഷ്യന്റെ നിർബ്ബന്ധം
നിമിത്തം എഴുന്നേൽക്കുകയും അയാൾക്ക്
ആവശ്യമുള്ളേടത്തോളം കൊടുക്കുകയും
ചെയ്യും.
9"അതുകൊണ്ടു ഞാൻ നിങ്ങളോടു പറ
യുന്നു: "ചോദിക്കുവിൻ, എന്നാൽ നിങ്ങൾക്കു
ലഭിക്കും; അന്വേഷിപ്പിൻ, എന്നാൽ നിങ്ങൾ
കണ്ടെത്തും; മുട്ടുവിൻ, എന്നാൽ നിങ്ങൾക്കു
തുറന്നുകിട്ടും. 10ചോദിക്കുന്ന ഏവനും ലഭി
ക്കുന്നു; അന്വേഷിക്കുന്നവൻ കണ്ടെത്തുന്നു;
മുട്ടുന്നവനു വാതിൽ തുറക്കപ്പെടുന്നു.
11"പിതാക്കന്മാരായ നിങ്ങളിൽ ഒരുവനോടു
മകൻ മീൻ ചോദിച്ചാൽ പാമ്പിനെ കൊടു
ക്കുമോ? 12അല്ല, അവൻ മുട്ട ചോദിച്ചാൽ തേ
ളിനെ കൊടുക്കുമോ? 13അങ്ങനെ നിങ്ങൾ
ദോഷികളാണെങ്കിലും നിങ്ങളുടെ മക്കൾക്ക്
നല്ല ദാനങ്ങൾ കൊടുക്കേണ്ടത് എങ്ങനെയെന്ന്
അറിയുന്നുവെങ്കിൽ നിങ്ങളുടെ സ്വർഗ്ഗസ്ഥനാ
യ പിതാവ് തന്നോടു യാചിക്കുന്നവർക്കു പരി
ശുദ്ധാത്മാവിനെ എത്ര അധികം കൊടുക്കും!"

യേശുവും ബേൽസെബൂലും

14യേശു ഒരിക്കൽ മൂകനായൊരു ഭൂതത്തെ
പുറത്താക്കി. ഭൂതം വിട്ടുപോയതിനുശേഷം
ഊമനായ മനുഷ്യൻ സംസാരിച്ചു. ജനസമൂഹം
ആശ്ചര്യപ്പെട്ടു. 15 എന്നാൽ അവരിൽ ചിലർ:
"ഭൂതങ്ങളുടെ പ്രഭുവായ ബേൽസെബൂലിനെ
ക്കൊണ്ടാണ് അദ്ദേഹം ഭൂതങ്ങളെ പുറത്താ
ക്കുന്നത് "എന്നു പറഞ്ഞു. 16മറ്റു ചിലർ അ
ദ്ദേഹത്തെ പരീക്ഷിച്ചുകൊണ്ട് ആകാശത്തു
നിന്ന് ഒരടയാളം ആവശ്യപ്പെട്ടു.

[a] 4 ഗ്രീക്കിൽ, *ഞങ്ങളോടു കടപ്പെട്ടിരിക്കുന്ന ഏവരോടും*

17യേശു അവരുടെ വിചാരം മനസ്സിലാക്കിയിട്ട് അവരോടു പറഞ്ഞു: "തന്നിൽത്തന്നേ ഭിന്നിച്ച ഏതൊരു രാജ്യവും നശിച്ചുപോകും, തന്നിൽത്തന്നേ ഛിദ്രിച്ച വീടും അധഃപതിക്കും. 18സാത്താൻ തന്നോടുതന്നേ ഭിന്നിച്ചിരിക്കുന്നുവെങ്കിൽ അവന്റെ രാജ്യത്തിന് എങ്ങനെ നിലനില്ക്കുവാൻ കഴിയും? ഞാൻ ബേൽസെബൂലിനെക്കൊണ്ടു ഭൂതങ്ങളെ പുറത്താക്കുന്നുവെന്നു നിങ്ങൾ പറയുന്നുവല്ലോ. 19ഞാൻ ബേൽസെബൂലിനെക്കൊണ്ടു ഭൂതങ്ങളെ പുറത്താക്കുന്നുവെങ്കിൽ നിങ്ങളുടെ മക്കൾ ആരെക്കൊണ്ടാണ് അവയെ പുറത്താക്കുന്നത്? അതുകൊണ്ട് അവർ നിങ്ങൾക്കു വിധികർത്താക്കൾ ആയിരിക്കും. 20എന്നാൽ ഞാൻ ഭൂതങ്ങളെ പുറത്താക്കുന്നതു ദൈവശക്തികൊണ്ട് എങ്കിൽ ദൈവരാജ്യം നിങ്ങളുടെ അടുക്കൽ എത്തിയിരിക്കുന്നു.

21"ശക്തനായൊരു മനുഷ്യൻ ആയുധമേന്തി സ്വന്തം വീടു കാവൽ ചെയ്യുമ്പോൾ അവന്റെ സ്വത്തു ഭദ്രമായിരിക്കും. 22എന്നാൽ ഏറെ ശക്തനായ ഒരാൾ വന്ന് അവനെ ആക്രമിച്ചു കീഴടക്കുമ്പോൾ അവൻ ആശ്രയിച്ചിരുന്ന ആയുധവർഗ്ഗം അപഹരിക്കുകയും കൊള്ള മുതൽ വീതിക്കുകയും ചെയ്യുന്നു.

23"എനിക്ക് അനുകൂലമല്ലാത്തവൻ എനിക്കു പ്രതികൂലം ആകുന്നു; എന്നോടു കൂടെ ചേർക്കാത്തവൻ ചിതറിക്കുന്നു.

24"ദുരാത്മാവ് ഒരു മനുഷ്യനിൽനിന്നു പുറത്തുകടന്നശേഷം വെള്ളമില്ലാത്ത പ്രദേശങ്ങളിലൂടെ വിശ്രമംതേടി നടക്കുന്നു; എങ്കിലും കണ്ടെത്താതെ വരുമ്പോൾ അതു പറയുന്നു: 'ഞാൻ വിട്ടുപോന്ന വീട്ടിലേക്കു തിരികെപ്പോകും.' 25അവിടെയെത്തുമ്പോൾ, വീട് അടിച്ചു വൃത്തിയാക്കി അലങ്കരിച്ചു സൂക്ഷിച്ചിരിക്കുന്നതായി കാണുന്നു. 26അപ്പോൾ അതു പോയി തന്നെക്കാൾ ദുഷ്ടതയേറിയ വേറെ ഏഴ് ആത്മാക്കളെക്കൂടി കൂട്ടിക്കൊണ്ടുവരികയും അവർ അവിടെ പ്രവേശിച്ചു പാർക്കുകയും ചെയ്യുന്നു. ആ മനുഷ്യന്റെ ഒടുവിലത്തെ സ്ഥിതി ആദ്യത്തേതിനെക്കാൾ വഷളായിത്തീരുകയും ചെയ്യുന്നു."

27യേശു ഈ കാര്യങ്ങൾ പ്രസ്താവിച്ചുകൊണ്ടിരുന്നപ്പോൾ ജനക്കൂട്ടത്തിനിടയിൽ നിന്ന് ഒരു സ്ത്രീ, "അങ്ങയെ ചുമന്ന ഉദരവും, പാലൂട്ടിയ മുലകളും അനുഗ്രഹിക്കപ്പെട്ടവ" എന്നു വിളിച്ചു പറഞ്ഞു.

28അതിന് അദ്ദേഹം, "ദൈവവചനം കേൾക്കുകയും അനുസരിക്കുകയും ചെയ്യുന്ന വരത്രേ അനുഗൃഹീതർ" എന്നു ഉത്തരം പറഞ്ഞു.

യോനായുടെ അടയാളം

29 ജനക്കൂട്ടം വർദ്ധിച്ചുവന്നപ്പോൾ യേശു പറഞ്ഞു: " ഈ തലമുറ ദുഷിച്ചതാണ്. അത് അടയാളം തേടുന്നു, എന്നാൽ യോനായുടെ അടയാളം അല്ലാതെ അതിനു മറ്റൊന്നു ലഭിക്കുകയില്ല. 30യോനാ നിനവേക്കാർക്ക് ഒരു അടയാളം ആയിരുന്നതുപോലെ മനുഷ്യപുത്രൻ ഈ തലമുറയ്ക്കും ആയിരിക്കും, 31തെക്കേദേശത്തെ രാജ്ഞി ന്യായവിധിയിങ്കൽ ഈ തലമുറയോടൊപ്പം ഉയിർത്തെഴുന്നേറ്റ് അതിനെ കുറ്റം വിധിക്കും: അവൾ ശലോമോന്റെ ജ്ഞാനം കേൾക്കുവാൻ ഭൂമിയുടെ അതിരുകളിൽനിന്നു വന്നുവല്ലോ. ഇവിടെയിതാ ശലോമോനെക്കാളും വലിയവൻ. 32 നിനവേക്കാർ ന്യായവിധിയിൽ ഈ തലമുറയോടൊപ്പം ഉയിർത്തെഴുന്നേറ്റ് അതിനെ കുറ്റം വിധിക്കും: അവർ യോനയുടെ പ്രബോധനം കേട്ട് അനുതപിച്ചുവല്ലോ. ഇവിടെയിതാ, യോനയെക്കാൾ വലിയവൻ.

ശരീരത്തിന്റെ വിളക്ക്

33"ആരും വിളക്കുകൊളുത്തി നിലവറയിലോ പാത്രത്തിന്റെ കീഴിലോ വയ്ക്കുന്നില്ല; പിന്നെയോ അകത്തു വരുന്നവർ വെളിച്ചം കാണേണ്ടതിനു തണ്ടിന്മേലത്രേ വയ്ക്കുന്നത്. 34ശരീരത്തിന്റെ വിളക്കു കണ്ണാകുന്നു. നിന്റെ കണ്ണു നല്ലതെങ്കിൽ ശരീരം മുഴുവൻ പ്രകാശിതമായിരിക്കും. ചീത്തയെങ്കിലോ ശരീരവും ഇരുട്ടുള്ളതായിരിക്കും. 35അതിനാൽ നിന്നിലുള്ള പ്രകാശം അന്ധകാരമായിപ്പോകാതിരിപ്പാൻ സൂക്ഷിച്ചുകൊള്ളുക. 36ഒരു വശത്തും ഇരുട്ടില്ലാതെ, ശരീരം മുഴുവൻ പ്രകാശിതമാണെങ്കിൽ, വിളക്കു നിന്നെ പ്രകാശിപ്പിക്കുന്നതുപോലെ നിന്റെ ശരീരം മുഴുവൻ പ്രകാശിതമായിരിക്കും."

യേശു പരീശന്മാരെയും വേദജ്ഞരെയും ശാസിക്കുന്നു

37യേശു സംസാരിച്ചുകഴിഞ്ഞപ്പോൾ ഒരു പരീശൻ തന്നോടുകൂടെ ഭക്ഷണം കഴിക്കുവാൻ അദ്ദേഹത്തെ ക്ഷണിച്ചു. അദ്ദേഹം അകത്തുചെന്നു ഭക്ഷണത്തിനിരുന്നു. 38കഴുകി ശുദ്ധി വരുത്താതെ യേശു ഭക്ഷണത്തിനിരുന്നതു കണ്ടു പരീശൻ ആശ്ചര്യപ്പെട്ടു.

39അപ്പോൾ കർത്താവ് അവനോട്: "പരീശന്മാരായ നിങ്ങൾ കോപ്പകളുടെയും പാത്രങ്ങളുടെയും പുറം വെടിപ്പാക്കുന്നു, എന്നാൽ നിങ്ങളുടെ ഉള്ളിലോ അത്യാഗ്രഹവും ദുഷ്ടതയും നിറഞ്ഞിരിക്കുന്നു. 40ഭോഷന്മാരേ, പുറം ഉണ്ടാക്കിയവൻ അല്ലയോ അകവും ഉണ്ടാക്കി

യത്? 41അകത്തുള്ളതു[a] ഭിക്ഷയായി കൊടുക്കുവിൻ. അപ്പോൾ സകലവും നിങ്ങൾക്കു ശുദ്ധിയുള്ളതാകും.

42 ''പരീശന്മാരായ നിങ്ങൾക്കു ഹാ കഷ്ടം; നിങ്ങൾ തുളസിയുടെയും അരൂതയുടെയും മറ്റ് എല്ലാവിധ സസ്യങ്ങളുടെയും പത്തിലൊന്നു ദൈവത്തിനു കൊടുക്കുന്നു; എന്നാൽ ന്യായവും ദൈവസ്നേഹവും ഉപേക്ഷിക്കുകയും ചെയ്യുന്നു. നിങ്ങൾ ആദ്യത്തേതു വിട്ടുകളയാതെതന്നേ, ഇവ അനുഷ്ഠിക്കേണ്ടിയിരുന്നു.

43 ''പരീശന്മാരേ, നിങ്ങൾക്കു ഹാ കഷ്ടം! നിങ്ങൾ പള്ളികളിൽ മുഖ്യാസനങ്ങളും ചന്തസ്ഥലങ്ങളിൽ അഭിവാദനങ്ങളും ഇഷ്ടപ്പെടുന്നുവല്ലോ.

44''നിങ്ങൾക്കു ഹാ കഷ്ടം! നിങ്ങൾ മറഞ്ഞുകിടക്കുന്ന ശവക്കുഴികൾപോലെയാണ്; മനുഷ്യർ അറിയാതെ അവയുടെമീതെ നടക്കുന്നു.''

45ഒരു ന്യായശാസ്ത്രി അദ്ദേഹത്തോട്: ''ഗുരോ, അങ്ങ് ഈ കാര്യങ്ങൾ പറയുമ്പോൾ, ഞങ്ങളെയും ആക്ഷേപിക്കുകയാണ്'' എന്നു പറഞ്ഞു.

46 അതിന് യേശു ഇങ്ങനെ ഉത്തരം പറഞ്ഞു: ''ന്യായശാസ്ത്രിമാരായ നിങ്ങൾക്കു ഹാ കഷ്ടം! നിങ്ങൾ ചുമക്കാനാവാത്ത ചുമടുകൾ മനുഷ്യരുടെമേൽ ചുമത്തുന്നു; ഒരു വിരൽ കൊണ്ടുപോലും അവയെ തൊടുന്നതുമില്ല.

47''നിങ്ങൾക്കു ഹാ കഷ്ടം! നിങ്ങൾ പ്രവാചകന്മാർക്കുവേണ്ടി കല്ലറകൾ പണിയുന്നു, അവരെ കൊന്നതോ നിങ്ങളുടെ പിതാക്കന്മാർതന്നേ. 48 അങ്ങനെ നിങ്ങളുടെ പൂർവ്വികരുടെ പ്രവൃത്തികൾക്കു നിങ്ങൾ സാക്ഷ്യം വഹിക്കുന്നു; അവയെ അംഗീകരിക്കുകയും ചെയ്യുന്നു. കാരണം, അവർ പ്രവാചകന്മാരെ കൊന്നു; നിങ്ങൾ പ്രവാചകന്മാരുടെ കല്ലറകൾ പണിയുന്നു. 49ഇതുനിമിത്തം ദൈവം തന്റെ ജ്ഞാനത്തിൽ അരുളിച്ചെയ്തു: 'ഞാൻ പ്രവാചകന്മാരെയും അപ്പൊസ്തലന്മാരെയും അവരുടെ അടുത്തേക്ക് അയയ്ക്കും; ചിലരെ അവർ കൊല്ലുകയും, മറ്റുചിലരെ പീഡിപ്പിക്കുകയും ചെയ്യും.' 50ആകയാൽ ഹാബേലിന്റെ രക്തംമുതൽ യാഗപീഠത്തിനും ആലയത്തിനും നടുവിൽവച്ചു കൊല്ലപ്പെട്ട സെഖര്യാവിന്റെ രക്തം വരെ, 51ലോകാരംഭം മുതൽ ചിന്തിയിട്ടുള്ള സകലപ്രവാചകന്മാരുടെയും രക്തത്തിന് ഈ തലമുറ ഉത്തരം പറയേണ്ടതായിവരും. അതേ, ഞാൻ പറയുന്നു, ഈ തലമുറ അതിനെല്ലാം ഉത്തരവാദി ആയിരിക്കും.

52''ന്യായശസ്ത്രിമാരേ, നിങ്ങൾക്കു ഹാ കഷ്ടം! നിങ്ങൾ അറിവിന്റെ താക്കോൽ എടുത്തു കളഞ്ഞല്ലോ! നിങ്ങൾതന്നേ പ്രവേശിച്ചിട്ടില്ല; പ്രവേശിക്കുന്നവരെ തടസ്സപ്പെടുത്തുകയും ചെയ്തിരിക്കുന്നു''.

53യേശു അവിടം വിട്ടുപോയപ്പോൾ പരീശന്മാരും വേദജ്ഞരും അദ്ദേഹത്തെ കഠിനമായി എതിർക്കുവാനും വാക്കിൽ കുടുക്കുവാൻ തക്കം നോക്കി പലതിനെയുംകുറിച്ചും ചോദ്യങ്ങൾ ചോദിച്ചു വിഷമിപ്പിക്കുവാനും തുടങ്ങി.

മുന്നറിയിപ്പുകളും പ്രോത്സാഹനങ്ങളും

12 ഇതേസമയം, ജനസമൂഹം തമ്മിൽ ത്തമ്മിൽ ചവിട്ടുവാൻ തക്കവണ്ണം അനേകായിരങ്ങളായി തിങ്ങിക്കൂടിയപ്പോൾ യേശു ആദ്യം ശിഷ്യന്മാരോട് ഇങ്ങനെ പറഞ്ഞുതുടങ്ങി: ''പരീശന്മാരുടെ കപടഭക്തിയെന്ന പുളിച്ചമാവിനെതിരേ ജാഗ്രത പുലർത്തുവിൻ. 2വെളിപ്പെടുത്താതെ മറച്ചുവയ്ക്കാവുന്നതോ പ്രസിദ്ധമാക്കാതെ ഒളിച്ചുവയ്ക്കാവുന്നതോ ആയി യാതൊന്നും ഇല്ല. 3നിങ്ങൾ ഇരുട്ടത്തു പറഞ്ഞതു പകൽവെളിച്ചത്തു കേൾക്കും; സ്വകാര്യമുറികളിൽവച്ചു കതകുകൾ അടച്ചിട്ട് ചെവിയിൽ മന്ത്രിച്ചതു പുരമുകളിൽനിന്ന് ഉദ്ഘോഷിക്കും.

4''എന്റെ സ്നേഹിതരേ, ഞാൻ നിങ്ങളോടു പറയുന്നു: ദേഹത്തെകൊന്നിട്ട് അതിലപ്പുറമായി ഒന്നും ചെയ്യാൻ കഴിയാത്തവരെ ഭയപ്പെടരുത്. 5എന്നാൽ ആരെയാണു ഭയപ്പെടേണ്ടതെന്നു ഞാൻ നിങ്ങൾക്കു മുന്നറിയിപ്പു നല്കുന്നു. കൊന്നശേഷം നിങ്ങളെ നരകത്തിൽ എറിഞ്ഞുകളയുവാൻ അധികാരമുള്ളവനെ ഭയപ്പെടുവിൻ; അതേ, അവനെ ഭയപ്പെടുവിൻ എന്നു ഞാൻ നിങ്ങളോടു പറയുന്നു. 6രണ്ടു കാശിന് [b] അഞ്ചു കുരികിലിനെ വില്ക്കുന്നില്ലയോ? എങ്കിലും അവയിൽ ഒന്നിനെപ്പോലും ദൈവം മറന്നുകളയുന്നില്ല. 7നിങ്ങളുടെ തലയിലെ മുടികൾ എല്ലാം എണ്ണപ്പെട്ടിരിക്കുന്നു. അതിനാൽ ഭയപ്പെടരുത്, നിങ്ങൾ അനവധി കുരികിലിനെക്കാളും വിലപ്പെട്ടവരാണ്.

8''ഞാൻ നിങ്ങളോടു പറയുന്നു, മനുഷ്യരുടെ മുമ്പിൽ എന്നെ അംഗീകരിക്കുന്നവനെ ദൈവദൂതന്മാരുടെ മുമ്പിൽ മനുഷ്യപുത്രനും ഏറ്റു പറയും. 9എന്നാൽ മനുഷ്യരുടെ മുമ്പിൽ എന്നെ തള്ളിപ്പറയുന്നവനെ ദൈവദൂതന്മാരുടെ മുമ്പിൽ തള്ളിപ്പറയും. 10മനുഷ്യപുത്രനു വിരോധമായി ഒരു വാക്ക് ഉച്ചരിക്കുന്ന ഏവനോടും ക്ഷമിക്കും; എന്നാൽ പരിശുദ്ധാത്മാവിനു വിരോധമായി ദൂഷണം പറയുന്നവനോടു ക്ഷമിക്കുകയില്ല.

11''നിങ്ങളെ പള്ളികളുടെയും ഭരണകർ

[a] 41 ഗ്രീക്കിൽ, *നിങ്ങൾക്കുള്ളത്* [b] 6 ഗ്രീക്കിൽ, *രണ്ട് അസ്സാരിയ*

ത്താക്കളുടെയും അധികാരികളുടെയും മുമ്പിൽ കൊണ്ടുവരുമ്പോൾ എങ്ങനെ മറുപടി പറയണമെന്നോ എന്തു മൊഴി കൊടുക്കണമെന്നോ ചിന്തിച്ചു ഭാരപ്പെടരുത്; 12നിങ്ങൾ എന്താണു പറയേണ്ടതെന്നു പരിശുദ്ധാത്മാവ് ആ സമയത്തു നിങ്ങൾക്ക് ഉപദേശിച്ചു തരും".

ധനികനായ ഭോഷന്റെ ഉപമ

13ജനക്കൂട്ടത്തിൽ നിന്ന് ഒരുവൻ അദ്ദേഹത്തോട്: "ഗുരോ, ഞാനുമായി പിതൃസ്വത്തു വീതം വയ്ക്കുവാൻ എന്റെ സഹോദരനോടു കല്പിച്ചാലും" എന്നു പറഞ്ഞു.

14അതിന് യേശു: "മനുഷ്യാ, എന്നെ നിങ്ങളുടെ ന്യായാധിപനോ മധ്യസ്ഥനോ ആയി നിയമിച്ചതാര്?" എന്നു ചോദിച്ചു. 15പിന്നെ അദ്ദേഹം അവരോട്: "സൂക്ഷിച്ചു കൊള്ളുവിൻ, സകലവിധമായ അത്യാഗ്രഹത്തിനുമെതിരേ ജാഗ്രത പാലിക്കുവിൻ; ഒരുവന്റെ ധനസമൃദ്ധിയല്ല അവന്റെ ജീവൻ ആധാരമായിരിക്കുന്നത്" എന്നു പറഞ്ഞു.

16 അദ്ദേഹം അവരോട് ഈ ഉപമ പറഞ്ഞു: "ഒരു ധനവാന്റെ വയലിൽ നല്ല വിളവുണ്ടായി. 17 അവൻ ചിന്തിച്ചു, 'ഞാൻ എന്താണു ചെയ്ക? എന്റെ വിളവു ശേഖരിച്ചു സൂക്ഷിക്കാൻ സ്ഥലം ഇല്ലല്ലോ. 18ഞാൻ ഇങ്ങനെ ചെയ്യും, അവൻ പറഞ്ഞു, "ഞാൻ എന്റെ കളപ്പുരകൾ പൊളിച്ചു കളഞ്ഞ് കൂടുതൽ വലിയവ പണിയും; അവിടെ എന്റെ ധാന്യവും സാധനങ്ങളും എല്ലാം സംഭരിച്ചുവയ്ക്കും". 19 പിന്നെ ഞാൻ എന്നോടു തന്നേ, "നിനക്ക് അനേകം വർഷങ്ങളിലേക്കു വേണ്ടുന്ന നല്ല വിഭവങ്ങൾ ധാരാളമുണ്ട്. ഇനി വിശ്രമിച്ചുകൊള്ളുക; തിന്നുക, കുടിക്കുക, ആനന്ദിക്കുക" എന്നു പറയും'.

20"എന്നാൽ ദൈവം അവനോട്: 'ഭോഷാ, ഈ രാത്രിയിൽത്തന്നേ നിന്റെ ജീവനെ നിന്നോടു ചോദിക്കും. പിന്നെ, നീ നിനക്കായി ഒരുക്കിവച്ചത് ആർക്കു കിട്ടും?' എന്നു പറഞ്ഞു.

21 "തനിക്കുവേണ്ടിത്തന്നേ വസ്തുവകകൾ സംഭരിച്ചുവെയ്ക്കുകയും എന്നാൽ ദൈവസംബന്ധമായി സമ്പന്നനാകാതിരിക്കയും ചെയ്യുന്ന ഏതൊരു വ്യക്തിയുടെയും കാര്യം ഇങ്ങനെ ആകുന്നു."

ചിന്താകുലപ്പെടരുത്

22അനന്തരം യേശു ശിഷ്യന്മാരോടു പറഞ്ഞത്: " ആകയാൽ ഞാൻ നിങ്ങളോടു പറയുന്നു, എന്തു തിന്നും എന്നു ജീവനെക്കുറിച്ചും എന്ത് ഉടുക്കും എന്നു ശരീരത്തെക്കുറിച്ചും വ്യാകുലപ്പെടരുത്. 23ആഹാരത്തെക്കാൾ ജീവനും വസ്ത്രത്തെക്കാൾ ശരീരവും ശ്രേഷ്ഠമല്ലയോ?

24"കാക്കകളെ നോക്കുവിൻ! അവ വിതയ്ക്കുകയോ കൊയ്യുകയോ ചെയ്യുന്നില്ല; അവയ്ക്കു സംഭരണശാലയോ കളപ്പുരയോ ഇല്ല; എങ്കിലും ദൈവം അവയെ തീറ്റിപ്പോറ്റുന്നു. പക്ഷികളെക്കാൾ നിങ്ങൾ എത്രയോ വിലപ്പെട്ടവർ! 25വ്യാകുലപ്പെടുന്നതിനാൽ ആയുസ്സിനോട് ഒരു മണിക്കൂറെങ്കിലും[a] കൂട്ടുവാൻ നിങ്ങളിൽ ആർക്കു കഴിയും? 26ഈ ഒരു ചെറിയ കാര്യത്തിനു പോലും കഴിവില്ലാതിരിക്കെ ശേഷമുള്ളതിനെക്കുറിച്ചു നിങ്ങൾ ആകുലപ്പെടുന്നതെന്തിന്?

27"ലില്ലിച്ചെടികൾ എങ്ങനെ വളരുന്നുവെന്നു ചിന്തിക്കുവിൻ! അവ അധ്വാനിക്കുന്നില്ല, നൂല്ക്കുന്നതുമില്ല, എങ്കിലും ശലോമോൻ പോലും തന്റെ സകല പ്രതാപത്തിലും ഇവയിൽ ഒന്നിനെപ്പോലെ അണിഞ്ഞൊരുങ്ങിയിരുന്നില്ല എന്നു ഞാൻ നിങ്ങളോടു പറയുന്നു. 28 ഇന്നുള്ളതും നാളെ തീയിൽ ഇട്ടുകളയുന്നതുമായ പുല്ലിനെ ദൈവം ഇങ്ങനെ അണിയിക്കുന്നുവെങ്കിൽ, അല്പവിശ്വാസികളേ, നിങ്ങളെ എത്രയധികം! 29നിങ്ങൾ എന്തു തിന്നുമെന്നോ എന്തു കുടിക്കുമെന്നോ അന്വേഷിക്കരുത്; അതിനെപ്പറ്റി വ്യാകുലപ്പെടുകയുമരുത്. 30ലോകജാതികൾ ഈവക കാര്യങ്ങളെല്ലാം അന്വേഷിക്കുന്നു; നിങ്ങളുടെ പിതാവോ ഇവ നിങ്ങൾക്ക് ആവശ്യമെന്ന് അറിയുന്നു. 31അവിടുത്തെ രാജ്യം അന്വേഷിപ്പിൻ; അതോടുകൂടി ഇവയെല്ലാം നിങ്ങൾക്കു കിട്ടും.

32 "ചെറിയ ആട്ടിൻകൂട്ടമേ, ഭയപ്പെടരുത്, നിങ്ങളുടെ പിതാവു രാജ്യം നിങ്ങൾക്കു നല്കുവാൻ പ്രസാദിച്ചിരിക്കുന്നു. 33നിങ്ങളുടെ സ്വത്തുക്കൾ വിറ്റു ദരിദ്രർക്കു കൊടുക്കുവിൻ. പഴകാത്ത പണസ്സഞ്ചിയും അക്ഷയനിക്ഷേപവും സ്വർഗ്ഗത്തിൽ നിങ്ങൾക്കായി കരുതും. അവിടെ കള്ളൻ അടുക്കുകയോ പുഴു നശിപ്പിക്കുയോ ചെയ്യുന്നില്ല. 34നിന്റെ നിക്ഷേപം എവിടെയോ അവിടെ നിന്റെ ഹൃദയവും ഇരിക്കും.

ജാഗ്രത

35 "നിങ്ങളുടെ അര മുറുക്കിയും വിളക്കു കത്തിയും കൊണ്ടിരിക്കട്ടെ. 36യജമാനൻ കല്യാണവിരുന്നിൽ നിന്നു മടങ്ങിയെത്തി വാതിലിൽ മുട്ടുമ്പോൾത്തന്നേ അയാൾക്കു വാതിൽ തുറന്നുകൊടുക്കുവാൻ കാത്തിരിക്കുന്ന ആളുകളോടു തുല്യരായിരിപ്പിൻ. 37യജമാനൻ വരുമ്പോൾ ജാഗ്രത പുലർത്തുന്നവരായി കാണപ്പെടുന്ന ദാസന്മാർ ഭാഗ്യവാ

[a] 25 അഥവാ, *നീളത്തോട് അര മീറ്റർ എങ്കിലും*

ന്മാർ. ഞാൻ നിങ്ങളോടു സത്യം പറയുന്നു: അയാൾ അരകെട്ടി അവരെ ഭക്ഷണത്തിനിരുത്തുകയും അടുത്തുവന്ന് അവരെ ശുശ്രൂഷിക്കുകയും ചെയ്യും. 38അയാൾ രാത്രിയുടെ രണ്ടാം യാമത്തിലോ മൂന്നാം യാമത്തിലോ വന്നാലും ആ ദാസന്മാർ ഒരുങ്ങിയിരിക്കുന്നവരായി കാണപ്പെട്ടാൽ അവർ ഭാഗ്യവാന്മാർ. 39എന്നാൽ ഇതു ഗ്രഹിച്ചുകൊൾവിൻ, കള്ളൻ വരുന്നത് ഏതു മണിക്കൂറിലെന്നു വീട്ടുടയവൻ അറിഞ്ഞിരുന്നുവെങ്കിൽ ഭവനഭേദനം നടത്താൻ അനുവദിക്കയില്ലായിരുന്നു. 40നിങ്ങൾ പ്രതീക്ഷിക്കാത്ത മണിക്കൂറിൽ മനുഷ്യപുത്രൻ വരുന്നതുകൊണ്ടു നിങ്ങളും ഒരുങ്ങിയിരിപ്പിൻ.''

41 പത്രൊസ് ചോദിച്ചു: ''കർത്താവേ, അങ്ങ് ഈ ഉപമ ഞങ്ങളോടോ എല്ലാവരോടുമോ പറയുന്നത്?''

42അതിനു കർത്താവ് മറുപടി പറഞ്ഞു: ''ഭവനത്തിലെ ദാസന്മാർക്കു യഥാസമയം ഭക്ഷണവിഹിതം നല്കുവാൻ, അവരുടെ മേൽനോട്ടക്കാരനായി യജമാനൻ നിയോഗിച്ചിരിക്കുന്ന വിശ്വസ്തനും വിവേകിയുമായ ഭൃത്യൻ ആരാണ്? 43യജമാനൻ വരുമ്പോൾ അങ്ങനെ ചെയ്യുന്നവനായി കാണപ്പെടുന്ന ഭൃത്യൻ ഭാഗ്യവാൻ. 44അദ്ദേഹം അവനെ തന്റെ സകല സ്വത്തിലും മേലധികാരിയായി നിയമിക്കും എന്നു ഞാൻ സത്യമായി നിങ്ങളോടു പറയുന്നു. 45എന്നാൽ ആ ഭൃത്യൻ ദുഷ്ടനാണെങ്കിൽ, 'യജമാനൻ വരാൻ താമസിക്കും എന്നു പറഞ്ഞുകൊണ്ട് ദാസന്മാരെയും ദാസിമാരെയും അടിക്കാനും തിന്നുകുടിച്ചു മദിക്കാനും തുടങ്ങുന്നുവെന്ന് സങ്കല്പിക്കുക. 46ആ ഭൃത്യൻ പ്രതീക്ഷിക്കാത്ത ദിവസത്തിലും മണിക്കൂറിലും അവന്റെ യജമാനൻ വന്ന് അവനു കഠിനശിക്ഷ നല്കി അവനെ അവിശ്വാസികൾക്കുള്ള സ്ഥലത്താക്കും.

47''യജമാനന്റെ ഇഷ്ടം അറിഞ്ഞിട്ടും ഒരുങ്ങാതിരിക്കുകയും യജമാനൻ ആഗ്രഹിക്കുന്നതു പ്രവർത്തിക്കാതിരിക്കുകയും ചെയ്യുന്ന ദാസനു വളരെ അടികൊള്ളും. 48എന്നാൽ അറിയാതെ, ശിക്ഷയ്ക്കു യോഗ്യമായവ ചെയ്യുന്നവനു കുറച്ച് അടി കൊള്ളും. ഏറെ ലഭിച്ചവനിൽ നിന്ന് ഏറെ ആവശ്യപ്പെടും; ആരെ അധികം ഏല്പിച്ചുവോ അവനോട് അധികം ചോദിക്കും.

സമാധാനമല്ല, ഭിന്നത തന്നെ

49''ഭൂമിയിൽ തീയിടുവാനത്രേ ഞാൻ വന്നിരിക്കുന്നത്; അത് ഇപ്പോഴേ കത്തിയെങ്കിൽ എന്നല്ലാതെ ഞാൻ എന്താണ് ഇച്ചരിക്കേണ്ടത്? 50എന്നാൽ എനിക്ക് ഒരു സ്നാനം ഏല്ക്കേണ്ടതുണ്ട്; അതു നിറവേറ്റുന്നതുവരെ ഞാൻ എത്ര ഞെരുങ്ങുന്നു! 51ഭൂമിയിൽ സമാധാനം നല്കുവാൻ ഞാൻ വന്നുവെന്നു നിങ്ങൾ വിചാരിക്കുന്നുവോ? അല്ല, ഭിന്നത വരുത്തുവാനത്രേ എന്നു ഞാൻ നിങ്ങളോടു പറയുന്നു. 52ഇനിമേൽ ഒരു കുടുംബത്തിൽ ഇരുവരോടു മൂവരും മൂവരോട് ഇരുവരും എന്നിങ്ങനെ അന്യോന്യം ഭിന്നിച്ചിരിക്കുന്ന അഞ്ചുപേർ ഉണ്ടായിരിക്കും. 53 അപ്പൻ മകനു വിരോധമായും മകൻ അപ്പനു വിരോധമായും അമ്മ മകൾക്കു വിരോധമായും മകൾ അമ്മയ്ക്കു വിരോധമായും അമ്മാവിയമ്മ മരുമകൾക്കു വിരോധമായും മരുമകൾ അമ്മാവിയമ്മയ്ക്കു വിരോധമായും ഭിന്നിച്ചിരിക്കും.''

കാലങ്ങളെ വിവേചിക്കുക

54അദ്ദേഹം ജനക്കൂട്ടത്തോടു പറഞ്ഞു: ''പടിഞ്ഞാറ് ഒരു മേഘം പൊങ്ങുന്നതു കാണുന്ന ഉടൻ 'മഴ വരുന്നു' എന്നു നിങ്ങൾ പറയുന്നു; അങ്ങനെ സംഭവിക്കുകയും ചെയ്യുന്നു. 55തെക്കൻ കാറ്റു വീശുമ്പോൾ 'അത്യുഷ്ണം ഉണ്ടാകും' എന്നു നിങ്ങൾ പറയുന്നു; അതും സംഭവിക്കുന്നു. 56കപടഭക്തരേ! ഭൂമിയുടെയും ആകാശത്തിന്റെയും ഭാവഭേദങ്ങൾ വിവേചിക്കുവാൻ നിങ്ങൾക്ക് അറിയാം.

57''ശരി ഏതെന്നു നിങ്ങൾ സ്വയം വിധിക്കാത്തത് എന്ത്? 58നീ പ്രതിയോഗിയോടുകൂടെ അധികാരിയുടെ അടുത്തേക്കു പോകുമ്പോൾ, വഴിയിൽ വച്ചുതന്നേ, അവനുമായി ഒത്തുതീർപ്പിലാകുവാൻ ശ്രമിക്കുക. അല്ലാത്ത പക്ഷം അവൻ നിന്നെ ന്യായാധിപന്റെ അടുത്തേക്ക് ഇഴച്ചുകൊണ്ടുപോവുകയും ന്യായാധിപൻ നിന്നെ ഉദ്യോഗസ്ഥന്റെ പക്കൽ ഏല്പിക്കുകയും അവൻ നിന്നെ തടവിലാക്കുകയും ചെയ്യും. 59അവസാനത്തെ പൈസയും [a] കൊടുത്തു തീർക്കുന്നതുവരെ നീ പുറത്തു കടക്കുകയില്ല എന്നു ഞാൻ നിന്നോടു പറയുന്നു.''

അനുതപിക്കുക, അല്ലെങ്കിൽ നശിക്കുക

13 അപ്പോൾ അവിടെയുണ്ടായിരുന്നവരിൽ ചിലർ, പീലാത്തോസ് ചില ഗലീലക്കാരുടെ രക്തം അവരുടെ യാഗങ്ങളിൽ കലർത്തിയതായി യേശുവിനോടു പറഞ്ഞു. 2അതിന് യേശു ഉത്തരം പറഞ്ഞത്: ''ഈ ഗലീലക്കാർക്ക് ഇതു സംഭവിച്ചതുകൊണ്ട് അവർ മറ്റെല്ലാ ഗലീലക്കാരെക്കാളും പാപികളാണെന്നു നിങ്ങൾ ചിന്തിക്കുന്നുവോ?

[a] 59 ഗ്രീക്കിൽ, *ലാപ്റ്റോൺ*

3അല്ല എന്നു ഞാൻ നിങ്ങളോടു പറയുന്നു. മാനസാന്തരപ്പെടാഞ്ഞാൽ നിങ്ങളെല്ലാവരും അങ്ങനെ തന്നെ നശിച്ചുപോകും. 4ശീലോഹാമിലെ ഗോപുരം വീണപ്പോൾ അതിനിടയിൽപെട്ടു മരിച്ച ആ പതിനെട്ടുപേർ യെരൂശലേമിൽ പാർത്തിരുന്ന മറ്റെല്ലാവരെക്കാളും കുടുതൽ കുറ്റക്കാരെന്നു നിങ്ങൾ ചിന്തിക്കുന്നുവോ? 5അല്ല എന്നു ഞാൻ നിങ്ങളോടു പറയുന്നു. എന്നാൽ മാനസാന്തരപ്പെടാഞ്ഞാൽ നിങ്ങളെല്ലാവരുംഅങ്ങനെ തന്നെ നശിച്ചുപോകും."

6പിന്നെ അദ്ദേഹം ഈ ഉപമ പറഞ്ഞു: "ഒരു മനുഷ്യനു തന്റെ മുന്തിരിത്തോട്ടത്തിൽ നട്ടുപിടിപ്പിച്ചിരുന്ന ഒരു അത്തിവൃക്ഷം ഉണ്ടായിരുന്നു. അയാൾ അതിൽ ഫലം ഉണ്ടോ എന്നു നോക്കാൻ ചെന്നു; എന്നാൽ ഒന്നും കണ്ടെത്തിയില്ല. 7അയാൾ മുന്തിരിത്തോട്ടത്തിന്റെ ചുമതല വഹിച്ചിരുന്നവനോട്, 'ഇപ്പോൾ, മൂന്നുവർഷമായിട്ട് ഞാൻ ഈ അത്തിവൃക്ഷത്തിൽ ഫലമുണ്ടോ എന്ന് അന്വേഷിച്ചുവരുന്നു; ഇതേവരെ ഒന്നും കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. അതു വെട്ടിക്കളയുക! അതു സ്ഥലം പാഴാക്കുന്നതെന്തിന്?' എന്നു പറഞ്ഞു.

8"അതിന് അവൻ: 'യജമാനനേ, ഒരു വർഷത്തേക്കു കൂടി അതു നില്ക്കട്ടെ; ഞാൻ അതിനു ചുറ്റും കിളച്ചു വളമിടാം. 9അടുത്ത വർഷം അതു കായിക്കുന്നെങ്കിൽ നന്ന്! ഇല്ലെങ്കിൽ വെട്ടിക്കളഞ്ഞുകൊള്ളുക' എന്ന് ഉത്തരം പറഞ്ഞു."

ഒരു വികലാംഗയെ ശബ്ബത്തിൽ സുഖപ്പെടുത്തുന്നു

10 ഒരു ശബ്ബത്തിൽ യേശു ഒരു പള്ളിയിൽ ഉപദേശിച്ചുകൊണ്ടിരുന്നു. 11 ഒരു ദുരാത്മാവു ബാധിച്ചതുമൂലം പതിനെട്ടുവർഷമായി ഒട്ടും നിവിരുവാൻ കഴിയാതെ കൂനിയായിരുന്ന ഒരു സ്ത്രീ അവിടെ ഉണ്ടായിരുന്നു. 12യേശു അവളെ കണ്ട് അടുക്കെ വിളിച്ച്, "സ്ത്രീയേ, നിന്റെ രോഗബന്ധനത്തിൽനിന്നു നീ സ്വതന്ത്രയായിരിക്കുന്നു" എന്നു പറഞ്ഞ് 13അവളുടെമേൽ കൈ വച്ചു. ഉടൻതന്നേ അവൾ നിവിർന്നു ദൈവത്തെ മഹത്ത്വപ്പെടുത്തി.

14യേശു സൗഖ്യമാക്കിയത് ശബ്ബത്തിൽ ആയിരുന്നതുകൊണ്ട് പള്ളിയിലെ അധികാരി കോപം നിറഞ്ഞ് ജനങ്ങളോടു, "വേലയ്ക്ക് ആറു ദിവസമുണ്ടല്ലോ. ആ ദിവസങ്ങളിൽ വന്നു സൗഖ്യമായിക്കൊള്ളണം, ശബ്ബത്തിൽ പാടില്ല." 15അപ്പോൾ കർത്താവ് അവനോട് ഉത്തരം പറഞ്ഞു: "കപടഭക്തിക്കാരേ! ശബ്ബത്തിൽ നിങ്ങൾ ഓരോരുത്തനും തന്റെ കാളയെയോ കഴുതയെയോ തൊഴുത്തിൽ നിന്ന് അഴിച്ച്, വെള്ളം കൊടുക്കാൻ പുറത്തേക്കു കൊണ്ടുപോകുന്നില്ലേ? 16അബ്രാഹാമിന്റെ മകളായ ഇവളെ സാത്താൻ പതിനെട്ടു വർഷമായി ബന്ധനത്തിൽ വച്ചിരുന്നു. ശബ്ബത്തു നാളിൽ അവളെ ബന്ധനത്തിൽനിന്ന് വിടുവിക്കേണ്ടതല്ലേ?"

17അദ്ദേഹം ഇതു പറഞ്ഞപ്പോൾ അദ്ദേഹത്തിന്റെ എതിരാളികൾ എല്ലാം ലജ്ജിച്ചു; എന്നാൽ അദ്ദേഹം ചെയ്തുകൊണ്ടിരുന്ന സകല അത്ഭുത കാര്യങ്ങളാലും ജനസമൂഹം സന്തോഷിച്ചു.

കടുകുമണിയുടെയും പുളിച്ച മാവിന്റെയും ഉപമ

18പിന്നെ യേശു പറഞ്ഞു: "ദൈവരാജ്യം എന്തിനോടു സദൃശം? ഞാൻ അതിനെ എന്തിനോടാണ് ഉപമിക്കേണ്ടത്? 19ഒരു മനുഷ്യൻ എടുത്തു തന്റെ തോട്ടത്തിൽ നട്ട കടുകുമണിയോടു സദൃശമാണത്. അതു വളർന്നു വൃക്ഷമായിത്തീരുകയും ആകാശത്തിലെ പക്ഷികൾ അതിന്റെ ശാഖകളിൽ ചേക്കേറുകയും ചെയ്തു"

20അദ്ദേഹം വീണ്ടും പറഞ്ഞു: "ദൈവരാജ്യത്തെ ഞാൻ എന്തിനോടു ഉപമിക്കേണം? 21അതു പുളിച്ചമാവിനോടു സദൃശം; ഒരു സ്ത്രീ അതെടുത്ത് ഏകദേശം മൂന്നുപറ [a] മാവിൽ, അതു മുഴുവൻ പുളിച്ചുവരുന്നതുവരെ, കലർത്തിവച്ചു."

ഇടുങ്ങിയ വാതിൽ

22അനന്തരം യേശു പട്ടണങ്ങളിലും ഗ്രാമങ്ങളിലും ഉപദേശിച്ചുകൊണ്ട് യെരൂശലേമിലേക്കു യാത്ര ചെയ്തു. 23ഒരാൾ യേശുവിനോട്, "കർത്താവേ, രക്ഷിക്കപ്പെടുന്നതു തീരെ കുറച്ചുപേർ മാത്രമോ?" എന്നു ചോദിച്ചു.

അദ്ദേഹം അവരോടു പറഞ്ഞു: 24"ഇടുക്കുവാതിലിലൂടെ അകത്തു കടക്കുവാൻ ഉറ്റു ശ്രമിപ്പിൻ; പലരും കടക്കുവാൻ ശ്രമിക്കും, സാധിക്കുകയില്ലതാനും എന്നു ഞാൻ നിങ്ങളോടു പറയുന്നു. 25വീട്ടുടയവൻ എഴുന്നേറ്റു വാതിൽ അടച്ചു കഴിയുമ്പോൾ, നിങ്ങൾ വെളിയിൽ നിന്നുകൊണ്ടു മുട്ടുകയും 'യജമാനനേ, ഞങ്ങൾക്കു തുറന്നുതരേണമേ' എന്നു പറഞ്ഞുതുടങ്ങുകയും ചെയ്യും. എന്നാൽ അയാൾ, "നിങ്ങൾ എവിടെനിന്നുള്ളവർ എന്നു ഞാൻ അറിയുന്നില്ല എന്നു ഞാൻ നിങ്ങളോടു പറയുന്നു."

26"അപ്പോൾ നിങ്ങൾ: 'ഞങ്ങൾ അങ്ങയുടെ കൂടെ തിന്നുകയും കുടിക്കുകയും അങ്ങു

[a] 21 ഗ്രീക്കിൽ, മൂന്നു സത (ഏകദേശം 22 ലിറ്റർ)

ഞങ്ങളുടെ തെരുവുകളിൽ ഉപദേശിക്കുകയും ചെയ്തിട്ടുണ്ടല്ലോ' എന്നു പറയും.

27 "എന്നാൽ അയാൾ: 'ഞാൻ നിങ്ങളെ അറിയുന്നില്ല, നിങ്ങൾ എവിടെ നിന്നെന്നും അറിയുന്നില്ല. അധർമ്മം പ്രവർത്തിക്കുന്നവരേ, നിങ്ങൾ ഏവരും എന്നെ വിട്ടുപോകുവിൻ' എന്ന് ഉത്തരം പറയും.

28 "അബ്രാഹാമും യിസ്ഹാക്കും യാക്കോബും സകലപ്രവാചകന്മാരും ദൈവരാജ്യത്തിൽ ഇരിക്കുന്നതും നിങ്ങളെ പുറന്തള്ളിയിരിക്കുന്നതും കാണുമ്പോൾ കരച്ചിലും പല്ലുകടിയും ഉണ്ടാകും. 29കിഴക്കുനിന്നും പടിഞ്ഞാറുനിന്നും വടക്കുനിന്നും തെക്കുനിന്നും പലർ വന്ന് ദൈവരാജ്യത്തിലെ വിരുന്നിനു പന്തിയിൽ ഇരിക്കും. 30മുമ്പന്മാരായിത്തീരുന്ന പിമ്പന്മാരുണ്ട്; പിമ്പന്മാരായിത്തീരുന്ന മുമ്പന്മാരും ഉണ്ട്."

യെരൂശലേമിനെപ്പറ്റിയുള്ള യേശുവിന്റെ വിലാപം

31ആ സമയത്തു ചില പരീശന്മാർ യേശുവിന്റെ അടുക്കൽ വന്ന് അദ്ദേഹത്തോട്, "ഇവിടംവിട്ടുപൊയ്ക്കൊള്ളുക, ഹെരോദാവ് താങ്കളെ കൊല്ലുവാൻ ഉദ്ദേശിക്കുന്നു" എന്നു പറഞ്ഞു.

32അതിന് യേശു മറുപടി പറഞ്ഞത്: "നിങ്ങൾ ചെന്ന്, ആ കുറുക്കനോട്, 'ഞാൻ ഇന്നും നാളെയും ഭൂതങ്ങളെ പുറത്താക്കുകയും രോഗശാന്തി നല്കുകയും മൂന്നാം ദിവസം ലക്ഷ്യം പ്രാപിക്കുകയും ചെയ്യും' എന്നു പറയുക. 33 എന്തായാലും ശരി, ഇന്നും നാളെയും മറ്റന്നാളും ഞാൻ സഞ്ചരിക്കേണ്ടതാകുന്നു, ഒരു പ്രവാചകനും യെരൂശലേമിനു പുറത്തുവച്ചു മരിക്കാൻ സാധിക്കുകയില്ലല്ലോ!

34യെരൂശലേമേ, യെരൂശലേമേ, പ്രവാചകന്മാരെ കൊല്ലുകയും നിന്റെ അടുക്കൽ അയയ്ക്കപ്പെട്ടവരെ കല്ലെറിയുകയും ചെയ്യുന്നവളേ, കോഴി തന്റെ കുഞ്ഞുങ്ങളെ ചിറകിൻകീഴിൽ അണയ്ക്കുന്നതുപോലെ നിന്റെ മക്കളെ അണച്ചുകൊള്ളുവാൻ എത്രവട്ടം ഞാൻ ആഗ്രഹിച്ചു. എന്നാൽ നിനക്കോ മനസ്സുണ്ടായില്ല. 35ഇതാ, നിന്റെ ഭവനം ശൂന്യമായിരിക്കുന്നു. 'കർത്താവിന്റെ നാമത്തിൽ വരുന്നവൻ അനുഗ്രഹിക്കപ്പെട്ടവൻ'[a] എന്നു നീ പറയുന്നതുവരെ ഇനി നീ എന്നെ കാണുകയില്ല എന്നു ഞാൻ നിന്നോടു പറയുന്നു."

യേശു ഒരു പരീശന്റെ വീട്ടിൽ

14 ഒരു ശബ്ബത്തിൽ, പരീശനായ ഒരു പ്രമാണിയുടെ വീട്ടിൽ യേശു ഭക്ഷണം കഴിപ്പാൻ ചെന്നപ്പോൾ അവർ അദ്ദേഹത്തെ ഉറ്റുനോക്കിക്കൊണ്ടിരുന്നു. 2അവിടെ, മഹോദരംകൊണ്ടു കഷ്ടപ്പെട്ടിരുന്ന ഒരു മനുഷ്യൻ അദ്ദേഹത്തിന്റെ മുമ്പിൽ ഉണ്ടായിരുന്നു. 3യേശു പരീശന്മാരോടും ന്യായശാസ്ത്രിമാരോടും: "ശബ്ബത്തിൽ സൗഖ്യമാക്കുന്നതു നിയമാനുസൃതമോ അല്ലയോ?" എന്നു ചോദിച്ചു. 4എന്നാൽ അവർ മിണ്ടാതിരുന്നു. യേശു അവനെ തൊട്ടു സൗഖ്യമാക്കി വിട്ടയച്ചു.

5പിന്നെ അദ്ദേഹം അവരോടു ചോദിച്ചു: "നിങ്ങളിൽ ഒരാളിന്റെ മകനോ [b] കാളയോ ശബ്ബത്തുദിവസത്തിൽ കിണറ്റിൽ വീണാൽ നിങ്ങൾ ഉടൻതന്നേ വലിച്ചെടുക്കുകയില്ലേ?" 6അവർക്ക് ഒന്നും പറയാനുണ്ടായിരുന്നില്ല.

7അതിഥികൾ വിരുന്നിൽ മാന്യസ്ഥാനങ്ങൾ തിരഞ്ഞെടുക്കുന്നതു കണ്ടിട്ട് അദ്ദേഹം അവരോട് ഈ ഉപമ പറഞ്ഞു: 8"നിന്നെ ഒരാൾ കല്യാണവിരുന്നിനു ക്ഷണിച്ചാൽ മുഖ്യാസനത്തിൽ ഇരിക്കരുത്; നിന്നെക്കാൾ വിശിഷ്ടനായ ഒരുവനെ അയാൾ ക്ഷണിച്ചിട്ടുണ്ടായിരിക്കാം. 9അങ്ങനെയെങ്കിൽ, നിങ്ങളെ ഇരുവരെയും ക്ഷണിച്ചവൻ വന്ന് നിന്നോട്: 'നിന്റെ ഇരിപ്പിടം ഇദ്ദേഹത്തിനു കൊടുക്കുക' എന്നു പറയും. അപ്പോൾ നിനക്ക് അപമാനിതനായി ഒടുവിലത്തെ ഇരിപ്പിടത്തിൽ പോയി ഇരിക്കേണ്ടിവരും. 10എന്നാൽ നിന്നെ ക്ഷണിക്കുമ്പോൾ ചെന്ന് ഏറ്റവും ഒടുവിലത്തെ സ്ഥലത്തു ഇരിക്കുക; നിന്റെ ആതിഥേയൻ വരുമ്പോൾ നിന്നോട്: 'സ്നേഹിതാ, മുമ്പോട്ടുകയറി നല്ല ഇരിപ്പിടത്തിൽ ഇരിക്കുക' എന്നു പറയും. അപ്പോൾ നിന്നോടൊപ്പം ഭക്ഷണത്തിനിരിക്കുന്ന എല്ലാവരുടെയും മുമ്പാകെ നീ ആദരിക്കപ്പെടും. 11തന്നെത്താൻ ഉയർത്തുന്നവൻ താഴ്ത്തപ്പെടും; തന്നെത്താൻ താഴ്ത്തുന്നവനോ ഉയർത്തപ്പെടും."

12 പിന്നെ യേശു തന്റെ ആതിഥേയനോടു പറഞ്ഞു: "നീ ഉച്ചയ്ക്കോ രാത്രിയിലോവിരുന്നു നടത്തുമ്പോൾ നിന്റെ സ്നേഹിതരെയോ സഹോദരന്മാരെയോ ബന്ധുക്കളെയോ ധനികരായ അയല്ക്കാരെയോ ക്ഷണിക്കരുത്; ക്ഷണിച്ചാൽ അവർ തിരിച്ചു നിന്നെയും ക്ഷണിക്കും, അങ്ങനെ നിനക്കു പ്രതിഫലം ലഭിക്കും. 13 എന്നാൽ നീ ഒരു വിരുന്നു നടത്തുമ്പോൾ ദരിദ്രർ, വികലാംഗർ, മുടന്തർ, അന്ധർ എന്നിവരെ ക്ഷണിക്കുക; 14എന്നാൽ നീ അനുഗ്രഹിക്കപ്പെടും. നിന്റെ കടം വീട്ടുവാൻ അവർക്കു കഴിവില്ലെങ്കിലും നീതിമാന്മാരുടെ പുനരുത്ഥാനത്തിൽ നിനക്കു പ്രതിഫലം ലഭിക്കും."

[a] 35 സങ്കീർത്തനം 118: 26 [b] 5 ചില കയ്യെഴുത്തുപ്രതികളിൽ, *കഴുതയോ*

വലിയ വിരുന്നിന്റെ ഉപമ

15യേശുവിനോടുകൂടെ ഭക്ഷണത്തിനിരുന്നവരിൽ ഒരാൾ ഇതുകേട്ട് അദ്ദേഹത്തോട്: ''ദൈവരാജ്യത്തിലെ വിരുന്നിൽ പങ്കെടുക്കുന്നവൻ അനുഗൃഹീതൻ'' എന്നു പറഞ്ഞു.

16അതിന് യേശു മറുപടി പറഞ്ഞത്: ''ഒരു മനുഷ്യൻ വലിയൊരു വിരുന്നൊരുക്കി; അയാൾ അനേകരെ ക്ഷണിച്ചിരുന്നു. 17വിരുന്നിന്റെ സമയമായപ്പോൾ അയാൾ തന്റെ ഭൃത്യനെ അയച്ചു ക്ഷണിക്കപ്പെട്ടവരോട്: 'വരിക, എല്ലാം തയ്യാറായിരിക്കുന്നു' എന്നു പറയിച്ചു.

18"എന്നാൽ അവരെല്ലാവരും ഒഴികഴിവുകൾ പറഞ്ഞുതുടങ്ങി. ഒന്നാമൻ പറഞ്ഞു: 'ഞാനൊരു വയൽ വാങ്ങിയിരിക്കുന്നു, അതു ചെന്നു കാണേണ്ട ആവശ്യമുണ്ട്; ദയവു ചെയ്ത് എന്നോടു ക്ഷമിക്കണം.'

19"മറ്റൊരാൾ പറഞ്ഞു: 'ഞാൻ അഞ്ചു ജോഡി കാളകളെ വാങ്ങിയിരിക്കുന്നു. അവയെ പരീക്ഷിക്കേണ്ട ആവശ്യമുണ്ട്; ദയവു ചെയ്ത് എന്നോടു ക്ഷമിക്കണം'

20 "വേറൊരാൾ പറഞ്ഞു: 'ഞാൻ വിവാഹം കഴിച്ചിരിക്കുന്നു; അതുകൊണ്ട് എനിക്കു വരാൻ പറ്റുകയില്ല.'

21"ആ ഭൃത്യൻ മടങ്ങിവന്ന് ഇതു തന്റെ യജമാനനെ അറിയിച്ചു. അപ്പോൾ വീട്ടുടയവൻ കോപിച്ച്, ഭൃത്യനോട്: 'നീ തെരുവുകളിലും പട്ടണത്തിന്റെ ഇടവഴികളിലുംചെന്ന് ദരിദ്രരെയും അംഗഹീനരെയും അന്ധരെയും മുടന്തരെയും കൂട്ടിക്കൊണ്ടു വരിക' എന്നു പറഞ്ഞു.

22 "പിന്നെ ആ ഭൃത്യൻ: 'യജമാനനേ, അങ്ങു കല്പിച്ചതു ചെയ്തിരിക്കുന്നു; എന്നാൽ ഇനിയും സ്ഥലമുണ്ട്' എന്ന് അറിയിച്ചു.

23"അപ്പോൾ യജമാനൻ ഭൃത്യനോട്: 'നീ പെരുവഴികളിലും നാട്ടുവഴികളിലും ചെന്ന് ആളുകളെ അകത്തേക്കു കൂട്ടിക്കൊണ്ടുവരിക; അങ്ങനെ എന്റെ വീടു നിറയട്ടെ. 24 ക്ഷണിക്കപ്പെട്ടവരിൽ ആരും എന്റെ വിരുന്ന് ആസ്വദിക്കുകയില്ല എന്നു ഞാൻ നിങ്ങളോടു പറയുന്നു.''

ശിഷ്യനായിരിക്കുന്നതിനു നല്കേണ്ട വില

25വലിയ ജനക്കൂട്ടം യേശുവിനോടുകൂടെ സഞ്ചരിച്ചിരുന്നു. യേശു അവരുടെ നേർക്കു തിരിഞ്ഞ് അവരോടു പറഞ്ഞത്: 26 ''ഒരുവൻ എന്റെ അടുക്കൽ വരികയും തന്റെ അപ്പനെയും അമ്മയെയും ഭാര്യയെയും മക്കളെയും സഹോദരന്മാരെയും സഹോദരിമാരെയും സ്വന്തം ജീവനെത്തന്നെയും വെറുക്കാതിരിക്കുകയും ചെയ്യുന്നുവെങ്കിൽ അവന് എന്റെ ശിഷ്യനായിരിക്കുവാൻ സാധ്യമല്ല. 27തന്റെ ക്രൂശ് എടുത്തുകൊണ്ട് എന്നെ അനുഗമിക്കാത്തവനും എന്റെ ശിഷ്യനായിരിക്കുവാൻ സാധ്യമല്ല.

28''നിങ്ങളിൽ ഒരാൾ ഒരു ഗോപുരം പണിയുവാൻ ആഗ്രഹിക്കുന്നുവെന്നിരിക്കട്ടെ. അവൻ ആദ്യം ഇരുന്ന്, അതു പൂർത്തിയാക്കുവാൻ വേണ്ടുന്ന പണം ഉണ്ടോ എന്നു കണക്കുകൂട്ടുകയില്ലേ? 29അല്ലെങ്കിൽ, അടിസ്ഥാനം ഇട്ടിട്ട് അവന് അത് പൂർത്തീകരിക്കുവാൻ കഴിയാതെ പോയാൽ അതു കാണുന്നവർ എല്ലാവരും പരിഹസിച്ചു പറയും: 30'ഇയാൾ പണിയാൻ തുടങ്ങി; എന്നാൽ തീർക്കാൻ കഴിവില്ലാതെ പോയി'.

31''ഒരു രാജാവു മറ്റൊരു രാജാവിനോടു യുദ്ധം ചെയ്യാൻ പോകുന്നുവെന്നു സങ്കല്പിക്കുക. അയാൾ ആദ്യം ഇരുന്ന്, തനിക്കുനേരേ ഇരുപതിനായിരവുമായി വരുന്നവനോട് എതിരിടുവാൻ പതിനായിരത്തെക്കൊണ്ടു തനിക്കു സാധിക്കുമോ എന്ന് ആലോചിക്കുകയില്ലേ? 32അതിനു കഴിവില്ലെങ്കിൽ, മറ്റേ രാജാവ് ബഹുദൂരത്ത് ആയിരിക്കുമ്പോൾത്തന്നെ ഒരു പ്രതിനിധി സംഘത്തെ അയച്ച് സമാധാനവ്യവസ്ഥകൾക്കായി അപേക്ഷിക്കുന്നു. 33അതുപോലെ തന്നേ, നിങ്ങളിൽ ആരെങ്കിലും തനിക്കുള്ളതെല്ലാം വിട്ടുകളയുന്നില്ലെങ്കിൽ അവന് എന്റെ ശിഷ്യനായിരിക്കുവാൻ സാധ്യമല്ല.

34 ''ഉപ്പു നല്ലതുതന്നേ; എന്നാൽ അതിന്റെ സ്വാദ് നഷ്ടപ്പെട്ടുപോയാൽ അതിനു വീണ്ടും ഉപ്പുരസം വരുത്തുന്നതെങ്ങനെ? 35അതു മണ്ണിനാകട്ടെ വളത്തിനാകട്ടെ യോജിച്ചതല്ല; മനുഷ്യർ അതിനെ പുറത്തെറിഞ്ഞുകളയും.

കേൾക്കുവാൻ ചെവിയുള്ളവൻ കേൾക്കട്ടെ.''

കാണാതെപോയ ആടിന്റെ ഉപമ

15 ചുങ്കക്കാരും പാപികളുമെല്ലാം യേശുവിന്റെ വചനം കേൾക്കുവാൻ അദ്ദേഹത്തിന്റെ അടുക്കൽ വന്നുകൂടി. 2എന്നാൽ പരീശന്മാരും ന്യായശാസ്ത്രിമാരും, ''ഈ മനുഷ്യൻ പാപികളെ സ്വീകരിച്ച് അവരോടൊപ്പം ആഹാരം കഴിക്കുന്നു'' എന്നു പിറുപിറുത്തു.

3അപ്പോൾ യേശു അവരോട് ഈ ഉപമ പറഞ്ഞു: '' 4നിങ്ങളിൽ ഒരാൾക്ക് നൂറ് ആട് ഉണ്ടെന്നിരിക്കട്ടെ. അവയിൽ ഒന്നു കാണാതെപോയാൽ, അവൻ തൊണ്ണൂറ്റിയൊമ്പതിനെയും വെളിമ്പ്രദേശത്തു വിട്ടിട്ടു നഷ്ടമായതിനെ കണ്ടെത്തുന്നതുവരെ അന്വേഷിച്ചു പോകുകയില്ലേ? 5കണ്ടെത്തുമ്പോൾ അവൻ അതിനെ ചുമലിലേറ്റി സന്തോഷിക്കുന്നു. 6പിന്നെ അവൻ സ്നേഹിതരെയും അയല്ക്കാരെയും വിളിച്ചുകൂട്ടി അവരോട്, 'എന്നോടുകൂടെ സന്തോഷിക്കുക, എന്റെ കാണാതെപോയ ആടിനെ

കണ്ടുകിട്ടിയിരിക്കുന്നു' എന്നു പറയും. 7ഇപ്രകാരംതന്നെ മാനസാന്തരത്തിന്റെ ആവശ്യമില്ലാത്ത തൊണ്ണൂറ്റിയൊമ്പതു നീതിമാന്മാരെക്കുറിച്ചുള്ളതിനെക്കാൾ അധികം സന്തോഷം മാനസാന്തരപ്പെടുന്ന ഒരു പാപിയെക്കുറിച്ചുണ്ടാകും എന്നു ഞാൻ നിങ്ങളോടു പറയുന്നു.

കാണാതെ പോയ നാണയത്തിന്റെ ഉപമ

8"ഒരു സ്ത്രീക്കു പത്തു ദ്രഹ്മ [a] ഉണ്ടെന്നിരിക്കട്ടെ. അവയിൽ ഒന്നു കാണാതെ പോയാൽ അവൾ വിളക്കു കത്തിച്ചു വീട് അടിച്ചുവാരി അതു കണ്ടുകിട്ടുന്നതുവരെ സൂക്ഷ്മതയോടെ അന്വേഷിക്കുകയില്ലേ? 9അതു കണ്ടുകിട്ടുമ്പോൾ അവൾ കൂട്ടുകാരികളെയും അയല്ക്കാരികളെയും വിളിച്ചുകൂട്ടി, 'എന്നോടുകൂടെ സന്തോഷിക്കുക, നഷ്ടപ്പെട്ടുപോയ എന്റെ ദ്രഹ്മ കണ്ടുകിട്ടിയിരിക്കുന്നു' എന്നു പറയും.

10"അതുപോലെതന്നേ, മാനസാന്തരപ്പെടുന്ന ഒരു പാപിയെക്കുറിച്ചു ദൈവദൂതന്മാരുടെ മുമ്പാകെ സന്തോഷം ഉണ്ടാകും."

നഷ്ടപ്പെട്ടുപോയ മകന്റെ ഉപമ

11യേശു തുടർന്നു പറഞ്ഞു: "ഒരു മനുഷ്യനു രണ്ടു പുത്രന്മാർ ഉണ്ടായിരുന്നു. 12അവരിൽ ഇളയവൻ പിതാവിനോട്, 'അപ്പാ, സ്വത്തിൽ എനിക്കുള്ള പങ്കു തരണം' എന്നു പറഞ്ഞു. അയാൾ തന്റെ വസ്തുവകകൾ അവർക്കു വീതിച്ചുകൊടുത്തു.

13"ഏറെക്കാലം ആകുന്നതിനുമുമ്പ്, ഇളയ മകൻ തനിക്കുള്ളതെല്ലാം ശേഖരിച്ച് ദൂര ദേശത്തേക്കു യാത്രയായി; അവിടെ ക്രമംകെട്ട ജീവിതം നയിച്ചു സ്വത്തു ധൂർത്തടിച്ചു. 14സകലവും ചെലവഴിച്ചശേഷം ആ ദേശത്തെല്ലായിടത്തും കഠിനക്ഷാമം ഉണ്ടായി. അവൻ ഞെരുക്കത്തിലായിത്തുടങ്ങി. 15ദേശത്തിലെ ഒരു പൗരന്റെ അടുക്കൽ അവൻ ചെന്ന് അയാളെ ആശ്രയിച്ചു. അയാൾ തന്റെ പന്നികളെ മേയിക്കുവാൻ അവനെ വയലിലേക്ക് അയച്ചു. 16പന്നികൾക്കുള്ള തീറ്റകൊണ്ടു വയറു നിറയ്ക്കാൻ അവൻ കൊതിച്ചു. എന്നാൽ അവന് ആരും ഒന്നും കൊടുത്തില്ല. 17അപ്പോൾ അവനു സ്വയബോധം ഉണ്ടായി: 'എന്റെ അപ്പന്റെ എത്രയോ കൂലിക്കാർ ആഹാരം കഴിച്ചു ശേഷിപ്പിക്കുന്നു; ഞാനോ ഇവിടെ വിശപ്പുകൊണ്ടു ചാകുന്നു. 18 ഞാൻ പുറപ്പെട്ട് അപ്പന്റെ അടുക്കൽ മടങ്ങിച്ചെന്ന് അപ്പനോടു പറയും: "അപ്പാ, ഞാൻ സ്വർഗ്ഗത്തോടും അങ്ങയോടും പാപം ചെയ്തിരിക്കുന്നു; 19ഇനി അങ്ങയുടെ മകൻ എന്നു വിളിക്കപ്പെടുവാൻ ഞാൻ യോഗ്യനല്ല; അങ്ങയുടെ കൂലിവേലക്കാരിൽ ഒരുത്തനെപ്പോലെ എന്നെ ആക്കണമേ." 20അങ്ങനെ, അവൻ എഴുന്നേറ്റ് പിതാവിന്റെ അടുത്തേക്കുപോയി. അകലെവച്ചു തന്നേ പിതാവ് അവനെ കണ്ടു, അവനോടു മനസ്സലിഞ്ഞു; അദ്ദേഹം ഓടിച്ചെന്ന് അവനെ കെട്ടിപ്പിടിച്ചു ചുംബിച്ചു.

21 "മകൻ അദ്ദേഹത്തോടു പറഞ്ഞു: 'അപ്പാ, ഞാൻ സ്വർഗ്ഗത്തോടും അങ്ങയോടും പാപം ചെയ്തിരിക്കുന്നു; ഇനി അങ്ങയുടെ മകൻ എന്നു വിളിക്കപ്പെടാൻ ഞാൻ യോഗ്യനല്ല.' [b]

22 "പിതാവ് തന്റെ ഭൃത്യന്മാരോടു പറഞ്ഞു: 'വേഗം ഏറ്റവും നല്ല മേലങ്കി കൊണ്ടുവന്ന് ഇവനെ ധരിപ്പിക്കുക. ഇവന്റെ വിരലിൽ മോതിരവും കാലിൽ ചെരിപ്പും ഇടുക. 23കൊഴുത്ത കാളക്കുട്ടിയെ കൊണ്ടുവന്ന് അറുക്കുക; നമുക്കൊരു വിരുന്നു കഴിച്ച് ആഹ്ലാദിക്കാം. 24എന്റെ ഈ മകൻ മരിച്ചവനായിരുന്നു; വീണ്ടും ജീവിച്ചിരിക്കുന്നു: കാണാതെ പോയിരുന്നു. കണ്ടുകിട്ടിയിരിക്കുന്നു' അങ്ങനെ അവർ ആഹ്ലാദിച്ചു തുടങ്ങി.

25"ഈ സമയം മൂത്തമകൻ വയലിൽ ആയിരുന്നു. അവൻ വീടിനോട് അടുത്തപ്പോൾ നൃത്തസംഗീതങ്ങളുടെ ഘോഷം കേട്ടു. 26വേലക്കാരിൽ ഒരാളെ വിളിച്ച് എന്താണ് അവിടെ നടക്കുന്നതെന്നു ചോദിച്ചു. 27'താങ്കളുടെ സഹോദരൻ വന്നിട്ടുണ്ട്, അയാളെ ആപത്തുകൂടാതെ തിരികെക്കിട്ടിയതുകൊണ്ട് അങ്ങയുടെ പിതാവ് കൊഴുത്ത കാളക്കുട്ടിയെ അറുത്തിരിക്കുന്നു' എന്ന് അവൻ ഉത്തരം പറഞ്ഞു.

28"അപ്പോൾ മൂത്ത മകൻ കോപിച്ച് അകത്തുകടക്കുവാൻ വിസമ്മതിച്ചു. പിതാവു പുറത്തുചെന്ന് അവനോടു കേണപേക്ഷിച്ചു. 29 എന്നാൽ അവൻ പിതാവിനോടു പറഞ്ഞു: 'ഇതാ ഇത്രയും വർഷങ്ങളായി ഞാൻ അങ്ങയെ സേവിക്കുന്നു. ഒരിക്കൽപ്പോലും അങ്ങയുടെ ആജ്ഞകൾ ലംഘിച്ചിട്ടില്ല. എങ്കിലും എന്റെ ചങ്ങാതികളോടൊത്ത് ആനന്ദിക്കേണ്ടതിന് അങ്ങ് എനിക്കൊരു ആട്ടിൻകുട്ടിയെപ്പോലും ഒരിക്കലും തന്നിട്ടില്ല. 30 എന്നാൽ വേശ്യമാരോടുകൂടെ അങ്ങയുടെ സ്വത്തു ധൂർത്തടിച്ച അങ്ങയുടെ ഈ മകൻ വീട്ടിൽ വന്നപ്പോൾ, കൊഴുത്ത കാളക്കുട്ടിയെ അവനു വേണ്ടി അറുത്തിരിക്കുന്നുവല്ലോ!'

31"അപ്പോൾ പിതാവു പറഞ്ഞു: 'മകനേ, നീ എപ്പോഴും എന്റെ കൂടെ ഉണ്ടല്ലോ. എനിക്കുള്ളതെല്ലാം നിന്റേതത്രേ. 32 നിന്റെ ഈ

[a] 8 ഒരോന്നും ഒരു ദിവസത്തെ കൂലിക്കു തുല്യം. [b] 21 ചില പുരാതന കയ്യെഴുത്തുപ്രതികളിൽ, *യോഗ്യനല്ല; അങ്ങയുടെ കൂലിക്കാരിൽ ഒരുത്തനെപ്പോലെ എന്നെ ആക്കണമേ.*

സഹോദരൻ മരിച്ചവനായിരുന്നു; വീണ്ടും ജീവിച്ചിരിക്കുന്നു; ഇവൻ നഷ്ടപ്പെട്ടുപോയിരുന്നു; ഇപ്പോൾ കണ്ടുകിട്ടിയിരിക്കുന്നു. അതുകൊണ്ട് നാം ആനന്ദിച്ച് ഉല്ലസിക്കേണ്ടത് ആവശ്യമായിരുന്നു."

തന്ത്രശാലിയായ കാര്യസ്ഥൻ

16 പിന്നെ യേശു ശിഷ്യന്മാരോടു പറഞ്ഞു: "ധനവാനായ ഒരു മനുഷ്യൻ ഉണ്ടായിരുന്നു. അയാളുടെ സ്വത്ത് കാര്യസ്ഥൻ പാഴാക്കുന്നതായി പരാതിയുണ്ടായി. 2അയാൾ അവനെ വിളിച്ചു പറഞ്ഞു: 'നിന്നെക്കുറിച്ചു ഈ കേൾക്കുന്നത് എന്ത്? നിന്റെ കാര്യനിർവ്വഹണത്തിന്റെ കണക്ക് ഏല്പിച്ചു തരിക. നീ ഇനിമേൽ കാര്യസ്ഥനായി തുടരാൻ പാടില്ല.'

3അപ്പോൾ കാര്യസ്ഥൻ തന്നോടുതന്നെ പറഞ്ഞു: 'ഞാൻ ഇപ്പോൾ എന്താണു ചെയ്യേണ്ടത്? യജമാനൻ എന്നെ ജോലിയിൽ നിന്നു നീക്കാൻ പോകുന്നു. കിളയ്ക്കാൻ എനിക്കു ത്രാണിയില്ല; ഭിക്ഷ യാചിക്കുവാൻ ഞാൻ ലജ്ജിക്കുന്നു. 4അതുകൊണ്ട്, എനിക്കു ജോലി നഷ്ടപ്പെടുമ്പോൾ ജനങ്ങൾ അവരുടെ വീട്ടിലേയ്ക്ക് എന്നെ സ്വീകരിക്കേണ്ടതിനു ഞാൻ എന്തു ചെയ്യണമെന്ന് എനിക്കറിയാം.'

5 പിന്നെ അവൻ യജമാനന്റെ കടക്കാരിൽ ഓരോരുത്തനെ അകത്തേക്കു വിളിച്ചു ഒന്നാമത്തവനോടു ചോദിച്ചു: 'നീ യജമാനനു കൊടുക്കാനുള്ളത് എത്രയാണ്?'

6'നൂറു കുടa ഒലിവെണ്ണ,' അവൻ മറുപടി പറഞ്ഞു.

കാര്യസ്ഥൻ അവനോട്, 'നിന്റെ ചീട്ട് വാങ്ങി, വേഗം ഇരുന്ന് അത് അമ്പത് എന്നാക്കുക' എന്നു പറഞ്ഞു.

7 രണ്ടാമത്തവനോട് അവൻ ചോദിച്ചു: 'നീ കൊടുക്കാനുള്ളത് എത്ര?'

'നൂറു പറ bഗോതമ്പ്,' അവൻ ഉത്തരം പറഞ്ഞു.

'നിന്റെ ചീട്ടു വാങ്ങി അത് എൺപത് എന്നാക്കുക' എന്നു കാര്യസ്ഥൻ പറഞ്ഞു.

8"അവിശ്വസ്തനായ കാര്യസ്ഥൻ അതി ബുദ്ധിയോടെ പ്രവർത്തിച്ചതുകൊണ്ട് യജമാനൻ അവനെ ശ്ലാഘിച്ചു. ഈ ലോകത്തിന്റെ മക്കൾ തങ്ങളുടെ തലമുറക്കാരോടു ഇടപെടുന്ന കാര്യത്തിൽ വെളിച്ചത്തിന്റെ മക്കളെക്കാൾ സാമർത്ഥ്യമുള്ളവരത്രേ. 9ഞാൻ നിങ്ങളോടു പറയുന്നു, ലൗകികസമ്പത്തുകൊണ്ടു നിങ്ങൾ സ്നേഹിതരെ സമ്പാദിച്ചുകൊള്ളുക; അത് ഇല്ലാതാകുമ്പോൾ നിത്യഭവനങ്ങളിൽ നിങ്ങൾ സ്വീകരിക്കപ്പെടും.

10"അത്യല്പത്തിൽ വിശ്വസ്തനായവൻ അധികത്തിലും വിശ്വസ്തൻ; അത്യല്പത്തിൽ അവിശ്വസ്തനായവൻ അധികത്തിലും അവിശ്വസ്തൻ. 11ലൗകികസമ്പത്തു കൈകാര്യം ചെയ്യുന്നതിൽ നിങ്ങൾ വിശ്വസ്തരല്ലെങ്കിൽ യഥാർത്ഥമായതു നിങ്ങളെ ആര് ഭരമേല്പിക്കും? 12നിങ്ങൾ മറ്റൊരുവന്റെ വസ്തുവകകളുടെ കാര്യത്തിൽ വിശ്വസ്തരായില്ലെങ്കിൽ സ്വന്തമായതു നിങ്ങൾക്കു ആര് തരും?

13രണ്ട് യജമാനന്മാരെ സേവിക്കാൻ ഒരു ഭൃത്യനും സാധ്യമല്ല. ഒന്നുകിൽ അവൻ ഒരുവനെ ദ്വേഷിച്ച് മറ്റവനെ സ്നേഹിക്കും; അല്ലെങ്കിൽ ഒന്നാമനോടു പറ്റിച്ചേർന്ന് മറ്റവനെ തള്ളിക്കളയും. നിങ്ങൾക്കു ദൈവത്തെയും ധനത്തെയും സേവിക്കാൻ സാധിക്കയില്ല."

14 ദ്രവ്യാഗ്രഹികളായ പരീശന്മാർ ഇതെല്ലാം കേട്ട് യേശുവിനെ പരിഹസിച്ചു. 15 അദ്ദേഹം അവരോടു പറഞ്ഞു: "നിങ്ങൾ മനുഷ്യരുടെ മുമ്പാകെ നിങ്ങളെത്തന്നേ നീതീകരിക്കുന്നവരാകുന്നു. എന്നാൽ ദൈവം നിങ്ങളുടെ ഹൃദയം അറിയുന്നു. മനുഷ്യരുടെയിടയിൽ ഉന്നതമായത് ദൈവദൃഷ്ടിയിൽ മ്ലേച്ഛമാണ്.

16"ന്യായപ്രമാണത്തിന്റെയും പ്രവാചകരുടെയുംകാലം യോഹന്നാൻവരെയായിരുന്നു. അതിനുശേഷം ദൈവരാജ്യത്തിന്റെ സുവിശേഷം അറിയിക്കപ്പെടുകയാണ്. ബലപ്രയോഗംകൊണ്ട് എല്ലാവരും അതിൽ പ്രവേശിക്കുവാൻ ശ്രമിക്കുന്നു. 17ന്യായപ്രമാണത്തിലെ ഒരു വള്ളിയോ പുള്ളിയോ ഇല്ലാതെ പോകുന്നതിനെക്കാൾ ആകാശവും ഭൂമിയും മാറിപ്പോകുന്നത് എളുപ്പം.

18 "ഭാര്യയെ ഉപേക്ഷിച്ചു മറ്റൊരു സ്ത്രീയെ വിവാഹം ചെയ്യുന്നവൻ വ്യഭിചാരം ചെയ്യുന്നു; ഉപേക്ഷിക്കപ്പെട്ടവളെ വിവാഹം ചെയ്യുന്നവനും വ്യഭിചാരം ചെയ്യുന്നു.

ധനവാനും ലാസരും

19 "ഒരു ധനവാൻ ഉണ്ടായിരുന്നു. അയാൾ ധൂമ്രവസ്ത്രവും പട്ടും ധരിച്ച് പ്രതിദിനം ആഡംബരജീവിതം നയിച്ചുപോന്നു. 20 അയാളുടെ പടിക്കൽ ദേഹം ആസകലം വ്രണങ്ങൾ നിറഞ്ഞവനായി, 21ലാസർ എന്നു പേരായ ഒരു യാചകൻ, ധനവാന്റെ മേശയിൽനിന്നു വീഴുന്നതുകൊണ്ടു വിശപ്പടക്കുവാൻ ആഗ്രഹിച്ചു കിടന്നിരുന്നു. നായ്ക്കൾ വന്ന് അയാളുടെ വ്രണങ്ങൾ നക്കിയിരുന്നു.

22"ആ യാചകൻ മരിച്ചപ്പോൾ ദൈവദൂതന്മാർ അയാളെ അബ്രാഹാമിന്റെ അടുത്തേക്കു

a 6 ഗ്രീക്കിൽ, *നൂറ് ബത്തസ്* (ഏകദേശം 3000 ലിറ്റർ എന്നു കണക്കാക്കപ്പെടുന്നു.) b 7 ഗ്രീക്കിൽ, *നൂറു കൊറസ്* (ഏകദേശം 35,000 ലിറ്റർ എന്നു കണക്കാക്കപ്പെടുന്നു.)

കൊണ്ടുപോയി. ധനവാനും മരിച്ച് അടക്കപ്പെട്ടു. 23പാതാളത്തിൽ യാതന അനുഭവിക്കുമ്പോൾ അയാൾ മേല്പോട്ടു നോക്കി അബ്രാഹാമിനെയും അദ്ദേഹത്തിന്റെ അടുത്തായി ലാസറിനെയും കണ്ടു.

24"അയാൾ വിളിച്ചു പറഞ്ഞു: 'അബ്രാഹാംപിതാവേ, എന്നോടു കരുണയുണ്ടാകണമേ. ഞാൻ ഈ രീതിയിൽ, അതിവേദനയിൽ ആയിരിക്കയാൽ ലാസർ അവന്റെ വിരലിന്റെ അറ്റം വെള്ളത്തിൽ മുക്കി എന്റെ നാവിനെ തണുപ്പിക്കേണ്ടതിന് അവനെ അയക്കണമേ.'

25 "എന്നാൽ അബ്രാഹാം പറഞ്ഞു: 'മകനേ, നിനക്കു നിന്റെ ആയുസ്സിൽ നല്ല കാര്യങ്ങളും അതേസമയം ലാസറിനു ദോഷമായവയും ലഭിച്ചുവെന്ന് ഓർമ്മിക്കുക. എന്നാൽ അയാൾ ഇപ്പോൾ ഇവിടെ ആശ്വാസം പ്രാപിച്ചിരിക്കുന്നു. നീയോ കഠിനവേദന അനുഭവിക്കുന്നു. 26ഇതിനും പുറമേ, ഞങ്ങൾക്കും നിങ്ങൾക്കും ഇടയിൽ വലിയൊരു പിളർപ്പു വച്ചിരിക്കുന്നു; ഇവിടെനിന്നു നിങ്ങളുടെ അടുത്തേക്കു വരാൻ ആഗ്രഹിക്കുന്നവർക്ക് അതു സാധ്യമല്ല. അവിടെനിന്ന് ആർക്കും ഞങ്ങളുടെ അടുത്തേക്കു കടക്കുവാനും കഴിയുകയില്ല.'

27"അപ്പോൾ അയാൾ പറഞ്ഞു: 'എങ്കിൽ, പിതാവേ, ലാസറിനെ എന്റെ അപ്പന്റെ വീട്ടിലേക്ക് അയക്കണമേ എന്നു ഞാൻ അപേക്ഷിക്കുന്നു; 28എനിക്ക് അഞ്ചു സഹോദരന്മാരുണ്ട്. അവരും ഈ യാതനാസ്ഥലത്തു വരാതിരിക്കേണ്ടതിന് അവൻ അവർക്കു മുന്നറിയിപ്പു നല്കട്ടെ.'

29 " 'അവർക്കു മോശെയും പ്രവാചകന്മാരും ഉണ്ട്; അവർ അവരുടെ വാക്കു കേൾക്കട്ടെ' അദ്ദേഹം പറഞ്ഞു.30'അങ്ങനെയല്ല, അബ്രാഹാംപിതാവേ, മരിച്ചവരിൽനിന്ന് ഒരാൾ അവരുടെ അടുക്കൽ ചെന്നാൽ അവർ അനുതപിക്കും.' അയാൾ പറഞ്ഞു. 31അബ്രാഹാം അയാളോടു പറഞ്ഞു: "അവർ മോശെയുടെയും പ്രവാചകന്മാരുടെയും വാക്കു കേൾക്കുന്നില്ലെങ്കിൽ മരിച്ചവരിൽനിന്ന് ഒരാൾ ഉയിർത്തെഴുന്നേറ്റാലും അവർക്കു ബോധ്യം വരുകയില്ല."

പാപം, വിശ്വാസം, കർത്തവ്യം

17 യേശു തന്റെ ശിഷ്യന്മാരോടു പറഞ്ഞു: "ഇടർച്ചക്കുള്ള സന്ദർഭങ്ങൾ വരാതിരിക്കയില്ല. എന്നാൽ ഇടർച്ചയുണ്ടാക്കുന്നവനു ഹാ കഷ്ടം!

2"ഈ ചെറിയവരിൽ ഒരുത്തന് ഇടർച്ചയുണ്ടാക്കുന്നതിനെക്കാൾ അവനു നല്ലത് അവന്റെ കഴുത്തിൽ തിരികല്ലു കെട്ടി അവനെ കടലിൽ തള്ളുന്നതാണ് അവന് ഏറെ നല്ലത്. 3ആകയാൽ സൂക്ഷിച്ചുകൊൾവിൻ.

"നിന്റെ സഹോദരൻ പാപം ചെയ്താൽ അവനെ ശാസിക്കുക; അനുതപിക്കുന്നുവെങ്കിൽ അവനോടു ക്ഷമിക്കുക. 4അവൻ നിന്നോട് ഒരു ദിവസത്തിൽ ഏഴു തവണ പാപം ചെയ്യുകയും ഏഴു തവണയും മടങ്ങിവന്ന് 'ഞാൻ അനുതപിക്കുന്നു' എന്നു നിന്നോടു പറയുകയും ചെയ്യുന്നപക്ഷം അവനോടു ക്ഷമിക്കുക".

5അപ്പൊസ്തലന്മാർ കർത്താവിനോട്, "ഞങ്ങളുടെ വിശ്വാസം വർദ്ധിപ്പിച്ചുതരണമേ" എന്നു പറഞ്ഞു.

6അപ്പോൾ അദ്ദേഹം അവരോടു പറഞ്ഞു: "നിങ്ങൾക്കു കടുകുമണിയോളം വിശ്വാസമുണ്ടെങ്കിൽ ഈ കാട്ടത്തിയോട് 'വേരോടെ പിഴുത് കടലിൽ നട്ടുപോക' എന്നു നിങ്ങൾക്കു പറയുവാൻ കഴിയും. അതു നിങ്ങളെ അനുസരിക്കുകയും ചെയ്യും.

7 "നിങ്ങളിൽ ഒരാൾക്കു നിലം ഉഴുകയോ ആടിനെ മേയിക്കുകയോ ചെയ്യുന്ന ഒരു ദാസൻ ഉണ്ടെന്നിരിക്കട്ടെ. അവൻ വയലിൽനിന്നു വരുമ്പോൾ 'നീ വന്ന് ഭക്ഷണത്തിന് ഇരുന്നുകൊള്ളുക' എന്ന് അവനോടു പറയുമോ? 8'എനിക്ക് അത്താഴം തയ്യാറാക്കുക, അരകെട്ടി, ഞാൻ തിന്നുകുടിച്ചു തീരുന്നതുവരെ എനിക്കു ശുശ്രൂഷ ചെയ്യുക' എന്നല്ലേ പറയുക? 9തന്നോടു കല്പിച്ചത് ആ ദാസൻ ചെയ്തതുകൊണ്ട് അവൻ അവനോടു കൃതജ്ഞത പ്രകടിപ്പിക്കുമോ? 10അങ്ങനെ നിങ്ങളും നിങ്ങളോടു കല്പിച്ചതെല്ലാം ചെയ്തതിനു ശേഷം 'ഞങ്ങൾ അയോഗ്യരായ ദാസരാകുന്നു; ഞങ്ങൾ ഞങ്ങളുടെ കർത്തവ്യം നിറവേറ്റിയതേ ഉള്ളൂ' എന്നു പറയുക."

പത്തു കുഷ്ഠരോഗികൾക്കു സൗഖ്യം ലഭിക്കുന്നു

11 യേശു യെരൂശലേമിലേക്കു യാത്ര ചെയ്യുമ്പോൾ ശമര്യയുടെയും ഗലീലയുടെയും അതിരിലൂടെ സഞ്ചരിച്ചു. 12അദ്ദേഹം ഒരു ഗ്രാമത്തിലേക്കു പ്രവേശിച്ചപ്പോൾ, കുഷ്ഠം ബാധിച്ച പത്തുപേർ അദ്ദേഹത്തെ കണ്ടു. അവർ അകലെ നിന്നുകൊണ്ട്, 13 "യേശുവേ, നാഥാ, ഞങ്ങളോടു കരുണയുണ്ടാകേണമേ" എന്ന് ഉച്ചത്തിൽ വിളിച്ചുപറഞ്ഞു.

14അവരെ കണ്ടിട്ട് അദ്ദേഹം, "നിങ്ങൾ പോയി പുരോഹിതന്മാർക്കു നിങ്ങളെത്തന്നെ കാണിക്കുക" എന്ന് അവരോടു പറഞ്ഞു. അവർ പോകുമ്പോൾത്തന്നെ ശുദ്ധരായിത്തീർന്നു.

15അവരിൽ ഒരാൾ തനിക്കു സൗഖ്യം

ലഭിച്ചിരിക്കുന്നുവെന്നു കണ്ട്, ഉച്ചത്തിൽ
ദൈവത്തെ പുകഴ്ത്തിക്കൊണ്ടു മടങ്ങിവന്നു.
16അയാൾ യേശുവിന്റെ കാല്ക്കൽ സാ
ഷ്ടാംഗം വീണ് അദ്ദേഹത്തോടു നന്ദി പറഞ്ഞു.
അയാൾ ശമര്യാക്കാരൻ ആയിരുന്നു.

17 "പത്തുപേരും ശുദ്ധരായിത്തീർന്നില്ലേ?
ഒമ്പതുപേർ എവിടെ? 18മടങ്ങിവന്നു ദൈവ
ത്തെ മഹത്ത്വപ്പെടുത്തുവാൻ ഈ അന്യജാതി
ക്കാരനെയല്ലാതെ ആരെയും കാണുന്നില്ലല്ലോ"
യേശു പറഞ്ഞു.

19പിന്നെ അദ്ദേഹം അവനോട്, "എഴുന്നേറ്റു
പൊയ്ക്കൊള്ളുക; നിന്റെ വിശ്വാസം നിന്നെ
സൗഖ്യമാക്കിയിരിക്കുന്നു" എന്നു പറഞ്ഞു.

ദൈവരാജ്യത്തിന്റെ ആഗമനം

20 ദൈവരാജ്യം എപ്പോഴാണു വരുന്നതെന്ന്
ഒരിക്കൽ പരീശന്മാർ ചോദിച്ചതിന് ഉത്തരമായി
യേശു പറഞ്ഞു: "ദൈവരാജ്യം ദൃശ്യമായ
അടയാളങ്ങളോടുകൂടെയല്ല വരുന്നത്.
21ദൈവരാജ്യം 'ഇതാ ഇവിടെ' എന്നോ 'അതാ,
അവിടെ' എന്നോ ആളുകൾ പറയുകയും ഇല്ല;
എന്തുകൊണ്ടെന്നാൽ ദൈവരാജ്യം നിങ്ങളുടെ
ഉള്ളിൽ[a] ആകുന്നു."

22അനന്തരം അദ്ദേഹം ശിഷ്യന്മാരോടു
പറഞ്ഞു: "മനുഷ്യപുത്രന്റെ ദിനങ്ങളിൽ ഒന്നു
കാണുവാൻ നിങ്ങൾ കൊതിക്കുന്ന കാലം വരും;
കാണുകയില്ലതാനും. 23 മനുഷ്യർ നിങ്ങളോട്
'അതാ, അദ്ദേഹം അവിടെ,' അഥവാ 'ഇതാ,
അദ്ദേഹം ഇവിടെ' എന്നു പറയും. നിങ്ങൾ
പോകരുത്, അവരെ അനുഗമിക്കുകയുമരുത്.

24 "മനുഷ്യപുത്രൻ തന്റെ ദിവസത്തിൽ,
ആകാശത്തിന്റെ ഒരറ്റം മുതൽ മറ്റെ അറ്റംവരെ
ക്ഷണത്തിൽ ജ്വലിച്ച് എല്ലായിടവും പ്രകാശിത
മാക്കുന്ന മിന്നൽ പോലെ ആയിരിക്കും.
25എന്നാൽ അവൻ ആദ്യം അനവധി കഷ്ടങ്ങൾ
സഹിക്കയും ഈ തലമുറ അവനെ തള്ളി
ക്കളകയും ചെയ്യേണ്ടതാകുന്നു.

26"നോഹയുടെ കാലത്തു സംഭവിച്ചതു
പോലെതന്നേ, മനുഷ്യപുത്രന്റെ നാളുകളിലും
സംഭവിക്കും. 27നോഹ പെട്ടകത്തിൽ
പ്രവേശിക്കുകയും ജലപ്രളയമുണ്ടായി
എല്ലാവരെയും നശിപ്പിക്കുകയും ചെയ്ത സമയം
വരെ ജനങ്ങൾ തിന്നുകയും കുടിക്കുകയും
വിവാഹം കഴിക്കയും വിവാഹം കഴിപ്പിക്കുകയും
ചെയ്തിരുന്നു.

28"ലോത്തിന്റെ കാലത്തും അങ്ങനെ തന്നേ
ആയിരുന്നു. ജനങ്ങൾ തിന്നും കുടിച്ചും
വാങ്ങിയും വിറ്റും നട്ടും പണിതും പോന്നു.
29എന്നാൽ ലോത്ത് സൊദോം വിട്ടുപോയ
ദിവസത്തിൽ ആകാശത്തുനിന്നു തീയും
ഗന്ധകവും വർഷിക്കുകയും അവരെയെല്ലാം
നശിപ്പിക്കുകയും ചെയ്തു. 30മനുഷ്യപുത്രൻ
വെളിപ്പെടുന്ന ദിവസത്തിൽ അങ്ങനെ തന്നേ
ആയിരിക്കും. 31അന്നു വീടിന്റെ മേൽക്കൂര
യിൽ ഇരിക്കുന്നവൻ അകത്തുള്ള സാധനങ്ങൾ
എടുക്കേണ്ടതിന് ഇറങ്ങിപ്പോകരുത്.
അതുപോലെ വയലിൽ ആയിരിക്കുന്നവനും,
ഒന്നിനു വേണ്ടിയും തിരികെപ്പോകരുത്.
32ലോത്തിന്റെ ഭാര്യയെ ഓർത്തുകൊൾവിൻ.
33തന്റെ ജീവനെ ഭദ്രമായി സൂക്ഷിക്കാൻ ശ്രമി
ക്കുന്നവൻ അതിനെ കളയും. തന്റെ ജീവനെ
കളയുന്നവൻ അതിനെ രക്ഷിക്കും. 34 ആ
രാത്രിയിൽ രണ്ടുപേർ ഒരു കിടക്കയിൽ
ആയിരിക്കും; ഒരാൾ എടുക്കപ്പെടും, മറ്റേയാൾ
ഉപേക്ഷിക്കപ്പെടും. 35 രണ്ടു സ്ത്രീകൾ ധാന്യം
പൊടിച്ചുകൊണ്ടിരിക്കും; ഒരുവൾ
എടുക്കപ്പെടും; മറ്റവൾ ഉപേക്ഷിക്കപ്പെടും
എന്നു ഞാൻ നിങ്ങളോടു പറയുന്നു.[36രണ്ടു
പേർ വയലിലായിരിക്കും; ഒരാൾ എടുക്കപ്പെടും,
മറ്റെയാൾ ഉപേക്ഷിക്കപ്പെടും.]

37 "കർത്താവേ, എവിടെ?" അവർ ചോദിച്ചു.
അതിന് അദ്ദേഹം, "ശവം ഉള്ളിടത്ത്
കഴുകന്മാർ കൂടും" എന്ന് ഉത്തരം പറഞ്ഞു.

മുട്ടിപ്പായി അപേക്ഷിച്ച വിധവയുടെ ഉപമ

18 മടുത്തുപോകാതെ എപ്പോഴും
പ്രാർത്ഥിക്കണമെന്ന് ശിഷ്യന്മാർക്കു
കാണിച്ചുകൊടുക്കുവാൻ യേശു ഒരു ഉപമ
പറഞ്ഞു. 2"ഒരു പട്ടണത്തിൽ, ദൈവത്തെ
ഭയപ്പെടുകയോ മനുഷ്യരെ ആദരിക്കുകയോ
ചെയ്യാത്ത ഒരു ന്യായാധിപൻ ഉണ്ടായിരുന്നു.
3ആ പട്ടണത്തിലെ ഒരു വിധവ, 'എന്റെ
പ്രതിയോഗിക്കെതിരേ എനിക്കു ന്യായം നടത്തി
ത്തരണമേ' എന്ന അപേക്ഷയുമായി അയാളുടെ
അടുക്കൽ കൂടെക്കൂടെ ചെന്നിരുന്നു.

4"കുറെ കാലത്തേക്ക് അയാൾ ഉപേക്ഷ
കാണിച്ചു. എന്നാൽ ഒടുവിൽ, 'ഞാൻ ദൈവ
ത്തെ ഭയപ്പെടുകയോ മനുഷ്യരെ വകവയ്ക്കു
കയോ ചെയ്യുന്നില്ലെങ്കിലും 5ഈ വിധവ എന്നെ
തുടർച്ചയായി അസഹ്യപ്പെടുത്തുന്നതുകൊണ്ട്
അവൾക്കു ഞാൻ ന്യായം നടത്തിക്കൊടുക്കും:
അല്ലെങ്കിൽ ഒടുവിൽ അവളുടെ തുടർച്ചയായ
വരവ് എനിക്ക് അസഹ്യമായിത്തീരും' എന്നു
തന്നോടു തന്നേ പറഞ്ഞു.

6"നീതികെട്ട ആ ന്യായാധിപൻ പറയുന്നതു
ശ്രദ്ധിക്കുവിൻ. 7അങ്ങനെയെങ്കിൽ രാവും
പകലും തന്നോടു നിലവിളിക്കുന്ന തന്റെ തി
രഞ്ഞെടുക്കപ്പെട്ട ജനത്തിനു ദൈവം ന്യായം
നടത്തിക്കൊടുക്കാതിരിക്കുമോ? അവിടുന്ന്
അവരുടെ കാര്യം നീട്ടിക്കൊണ്ടു പോകുമോ?

[a] 21 അഥവാ, *ഇടയിൽ*

8അവിടുന്ന് വേഗത്തിൽ അവർക്കു നീതി
നടത്തിക്കൊടുക്കും എന്നു ഞാൻ നിങ്ങളോടു
പറയുന്നു. എങ്കിലും മനുഷ്യപുത്രൻ വരുമ്പോൾ
അവൻ ഭൂമിയിൽ വിശ്വാസം കണ്ടെത്തുമോ?''

പരീശന്റെയും ചുങ്കക്കാരന്റെയും ഉപമ

9തങ്ങൾ നീതിമാന്മാരാണെന്നുറച്ചുകൊണ്ട്
മറ്റുള്ളവരെ പുച്ഛിക്കുന്ന ചിലരോട് യേശു
ഈ ഉപമ പറഞ്ഞു: 10''രണ്ടു മനുഷ്യർ
പ്രാർത്ഥിക്കുവാൻ ദൈവാലയത്തിൽ ചെന്നു;
ഒരുവൻ പരീശൻ, മറ്റവൻ ചുങ്കക്കാരൻ.
11പരീശൻ നിന്നുകൊണ്ടു തന്നെക്കുറിച്ചു
തന്നേ [a] ഇങ്ങനെ പ്രാർത്ഥിച്ചു; 'ദൈവമേ,
കൊള്ളക്കാർ, ദുഷ്പ്രവൃത്തിക്കാർ, വ്യഭി
ചാരികൾ മുതലായ മറ്റു മനുഷ്യരെപ്പോലെയോ
ഈ ചുങ്കക്കാരനെപ്പോലെയോ ഞാൻ
അല്ലായ്കയാൽ അങ്ങേയ്ക്കു നന്ദി പറയുന്നു.
12ഞാൻ ആഴ്ചയിൽ രണ്ടു തവണ ഉപവസി
ക്കുകയും എനിക്കു കിട്ടുന്ന എല്ലാറ്റിന്റെയും
ദശാംശം കൊടുക്കുകയും ചെയ്യുന്നു.'
13''ചുങ്കക്കാരനോ വളരെ അകലെ നിന്നു.
സ്വർഗ്ഗത്തേക്കു നോക്കുവാൻ പോലും അവൻ
തുനിഞ്ഞില്ല. അവൻ മാറത്തടിച്ചുകൊണ്ട്,
'ദൈവമേ, പാപിയായ എന്നോടു കരുണയു
ണ്ടാകേണമേ' എന്നു പറഞ്ഞു.
14''ഈ മനുഷ്യനാണ് ദൈവമുമ്പാകെ
നീതീകരിക്കപ്പെട്ടവനായി വീട്ടിലേക്കു പോയത്,
മറ്റവനല്ല എന്നു ഞാൻ നിങ്ങളോടു പറയുന്നു.
തന്നെത്താൻ ഉയർത്തുന്ന ഏവനും
താഴ്ത്തപ്പെടും, തന്നെത്താൻ താഴ്ത്തുന്ന
ഏവനും ഉയർത്തപ്പെടും''

യേശുവും ശിശുക്കളും

15യേശു തൊടേണ്ടതിനു ജനങ്ങൾ ശിശുക്ക
ളെയും അദ്ദേഹത്തിന്റെ അടുക്കൽ കൊണ്ടു
വന്നു. ശിഷ്യന്മാർ ഇതു കണ്ട് അവരെ ശാസിച്ചു.
16എന്നാൽ പൈതങ്ങളെ തന്റെ അടുത്തേക്ക്
വിളിച്ചുകൊണ്ട് യേശു പറഞ്ഞു: ''ശിശുക്കളെ
എന്റെ അടുക്കൽ വരുവാൻ അനുവദിക്കുവിൻ;
അവരെ തടയരുത്; ദൈവരാജ്യം ഇങ്ങനെ
യുള്ളവരുടേതാകുന്നുവല്ലോ! 17ഒരു
ശിശുവിനെപ്പോലെ ദൈവരാജ്യത്തെ
സ്വീകരിക്കാത്ത ആരും ഒരുനാളും അതിൽ
കടക്കുകയില്ല എന്നു സത്യമായി ഞാൻ
നിങ്ങളോടു പറയുന്നു''

ധനികനായ പ്രമാണി

18 ഒരു പ്രമാണി യേശുവിനോടു ചോദിച്ചു:
''നല്ല ഗുരോ, നിത്യജീവൻ അവകാശ
മാക്കുവാൻ ഞാൻ എന്തു ചെയ്യണം?''

19അതിന് ഉത്തരമായി യേശു അവനോട്: ''നീ
എന്നെ 'നല്ലവൻ' എന്നു വിളിക്കുന്നതെന്ത്?
ദൈവം ഒരുവനല്ലാതെ നല്ലവൻ ആരുമില്ല.
20'വ്യഭിചാരം ചെയ്യരുത്, കൊല ചെയ്യരുത്,
മോഷ്ടിക്കരുത്, കള്ളസ്സാക്ഷ്യം പറയരുത്,
നിന്റെ അപ്പനെയും അമ്മയെയും ബഹു
മാനിക്കുക' [b] എന്നീ കല്പനകൾ നിനക്ക്
അറിയാമല്ലോ.''

21''ഇവയെല്ലാം ഞാൻ ബാല്യം മുതൽ
പാലിച്ചുകൊണ്ടിരിക്കുന്നു.'' അവൻ മറുപടി
പറഞ്ഞു.

22 ഇതു കേട്ടിട്ട് യേശു അവനോടു പറഞ്ഞു:
''ഒരു കാര്യത്തിൽ നീ കുറവുള്ളവനാണ്;
നിനക്കുള്ളതെല്ലാം വിറ്റ് ദരിദ്രർക്കു കൊടു
ക്കുക. എന്നാൽ സ്വർഗ്ഗത്തിൽ നിനക്കു നിക്ഷേ
പം ഉണ്ടാകും. പിന്നെ വന്ന് എന്നെ അനുഗമി
ക്കുക.''

23അവൻ വളരെ സമ്പത്തുള്ളവനായിരു
ന്നതുകൊണ്ട് ഇതു കേട്ടു വളരെ ദുഃഖിത
നായിത്തീർന്നു. 24യേശു അവനെ നോക്കിയിട്ടു
പറഞ്ഞു: ''സമ്പത്തുള്ളവർ ദൈവരാജ്യത്തിൽ
കടക്കുന്നത് എത്ര പ്രയാസം! 25ഒരു ധനവാൻ
ദൈവരാജ്യത്തിൽ കടക്കുന്നതിനെക്കാൾ ഒട്ടകം
സൂചിക്കുഴയിലൂടെ കടക്കുന്നത് എളുപ്പം!''

26ഇതു കേട്ടവർ, ''എന്നാൽ രക്ഷിക്കപ്പെടു
വാൻ ആർക്കു കഴിയും?'' എന്നു ചോദിച്ചു.

27അതിന് യേശു: ''മനുഷ്യർക്ക് അസാധ്യ
മായത് ദൈവത്തിനു സാധ്യം തന്നേ'' എന്നു
ഉത്തരം പറഞ്ഞു.

28പത്രൊസ് അദ്ദേഹത്തോടു പറഞ്ഞു:
''ഇതാ, ഞങ്ങൾ സകലവും വിട്ട് അങ്ങയെ
അനുഗമിച്ചിരിക്കുന്നു.''

29യേശു അവരോടു പറഞ്ഞു: ''ദൈവ
രാജ്യത്തിനുവേണ്ടി വീടിനെയോ ഭാര്യയെയോ
സഹോദരന്മാരെയോ മാതാപിതാക്കളെയോ
മക്കളെയോ വിട്ടുകളഞ്ഞ ഒരുവനും 30 ഈ
കാലത്തുതന്നേ അനേകമടങ്ങും വരുവാനുള്ള
കാലത്തു നിത്യജീവനും ലഭിക്കാതിരിക്കു
കയില്ല എന്നു ഞാൻ സത്യമായിട്ടു നിങ്ങളോടു
പറയുന്നു.''

*യേശു സ്വന്തം മരണത്തെപ്പറ്റി വീണ്ടും
പ്രവചിക്കുന്നു*

31അനന്തരം യേശു പന്തിരുവരെ വേറിട്ടു
കൊണ്ടുപോയി അവരോടു പറഞ്ഞു: ''നോക്കൂ,
നാം യെരൂശലേമിലേക്കു പോകയാണ്;
മനുഷ്യപുത്രനെക്കുറിച്ചു പ്രവാചകന്മാർ
എഴുതിയിട്ടുള്ളതെല്ലാം നിറവേറും. 32അവനെ
വിജാതീയർക്ക് ഏല്പിച്ചുകൊടുക്കും. അവർ
അവനെ പരിഹസിക്കുകയും അപമാനിക്കു

[a] 11 അഥവാ, *തന്നോടുതന്നെ* [b] 20പുറപ്പാട് 20: 12-16; ആവർത്തനം 5: 16-20

കയും അവന്റെ മേൽ തുപ്പുകയും 33അവനെ ചാട്ടകൊണ്ട് അടിക്കുകയും കൊല്ലുകയും ചെയ്യും. മൂന്നാംദിവസം അവൻ ഉയിർത്തെഴുന്നേല്ക്കും.'' 34ഇതൊന്നും ശിഷ്യന്മാർക്കു മനസ്സിലായില്ല. ഇതിന്റെ അർത്ഥം അവർക്കു മറഞ്ഞിരുന്നു. അദ്ദേഹം എന്തിനെക്കുറിച്ചാണു സംസാരിച്ചതെന്ന് അവർ ഗ്രഹിച്ചില്ല.

അന്ധനായ യാചകൻ കാഴ്ച പ്രാപിക്കുന്നു

35യേശു യെരീഹോവിന് അടുത്തെത്തിയപ്പോൾ ഒരു അന്ധൻ വഴിയരികെ ഭിക്ഷയാചിച്ചുകൊണ്ടിരുന്നു. 36ജനക്കൂട്ടം കടന്നുപോകുന്നതു കേട്ട്, എന്താണു സംഭവമെന്ന് അയാൾ ചോദിച്ചു. 37അവർ അയാളോട്: ''നസറായനായ യേശു കടന്നുപോകുന്നു'' എന്ന് അറിയിച്ചു.

38അയാൾ, ''യേശുവേ, ദാവീദുപുത്രാ, എന്നോടു കരുണയുണ്ടാകേണമേ'' എന്നു നിലവിളിച്ചു.

39മുന്നിൽ നടക്കുന്നവർ അയാളെ ശാസിച്ചു; മിണ്ടാതിരിക്കുവാൻ പറഞ്ഞു. എന്നാൽ അയാൾ ഏറെ ഉച്ചത്തിൽ, ''ദാവീദുപുത്രാ, എന്നോടു കരുണയുണ്ടാകേണമേ'' എന്നു നിലവിളിച്ചു.

40യേശു നിന്ന് ആ മനുഷ്യനെ തന്റെ അടുക്കൽ കൊണ്ടുവരുവാൻ കല്പിച്ചു. അയാൾ അടുത്തുവന്നപ്പോൾ യേശു അയാളോടു ചോദിച്ചു: 41''ഞാൻ നിനക്ക് എന്തുചെയ്തു തരണമെന്നാണ് നീ ആഗ്രഹിക്കുന്നത്?''

''കർത്താവേ, എനിക്കു കാഴ്ച കിട്ടണം'' – അയാൾ ഉത്തരം പറഞ്ഞു.

42 ''നീ കാഴ്ച പ്രാപിക്കുക; നിന്റെ വിശ്വാസം നിന്നെ സൗഖ്യമാക്കിയിരിക്കുന്നു'' എന്നു യേശു അയാളോടു പറഞ്ഞു. 43 ഉടനേ അയാൾ കാഴ്ച പ്രാപിച്ച് ദൈവത്തെ സ്തുതിച്ചുകൊണ്ട് യേശുവിനെ അനുഗമിച്ചു. ഇതുകണ്ട് ജനങ്ങൾ എല്ലാവരും ദൈവത്തെ സ്തുതിച്ചു.

ചുങ്കക്കാരനായ സക്കായി

19 യേശു യെരീഹോവിൽ എത്തി കടന്നുപോകുകയായിരുന്നു. 2സക്കായി എന്നു പേരുള്ള ഒരു മനുഷ്യൻ അവിടെയുണ്ടായിരുന്നു. അയാൾ ചുങ്കക്കാരിൽ പ്രധാനിയും ധനവാനും ആയിരുന്നു. 3യേശു ആരെന്നു കാണാൻ അയാൾ ശ്രമിച്ചുവെങ്കിലും ഉയരം കുറഞ്ഞവനാകയാൽ ആൾക്കൂട്ടം നിമിത്തം സാധിച്ചില്ല. 4അതുകൊണ്ട് യേശുവിനു കടന്നുപോകേണ്ട വഴിയിൽക്കൂടെ അയാൾ മുന്നോട്ടോടി. അദ്ദേഹത്തെ കാണാൻ ഒരു കാട്ടത്തിമരത്തിൽ കയറി.

5യേശു ആ സ്ഥലത്തെത്തിയപ്പോൾ മേല്പോട്ടു നോക്കി അയാളോടു പറഞ്ഞു; ''സക്കായീ, വേഗം ഇറങ്ങിവരിക, ഞാൻ ഇന്നു നിന്റെ വീട്ടിൽ പാർക്കേണ്ടതാകുന്നു.'' 6അയാൾ ഉടൻതന്നേ ഇറങ്ങിവന്ന് അദ്ദേഹത്തെ സന്തോഷത്തോടെ സ്വീകരിച്ചു.

7ജനങ്ങൾ എല്ലാവരും ഇതുകണ്ട്: ''അദ്ദേഹം ഒരു 'പാപിയുടെ' അതിഥിയാകുവാൻ പോയിരിക്കുന്നു'' എന്നു പിറുപിറുത്തു.

8എന്നാൽ സക്കായി യേശുവിനോടു പറഞ്ഞു: ''കർത്താവേ, ഇതാ, ഇപ്പോൾത്തന്നേ എന്റെ സമ്പാദ്യത്തിന്റെ പകുതി ഞാൻ ദരിദ്രർക്കു കൊടുക്കുന്നു. ഞാൻ ആരോടെങ്കിലും ചതിവിൽ വല്ലതും വാങ്ങിയിട്ടുണ്ടെങ്കിൽ നാലിരട്ടി ഞാൻ തിരിച്ചുകൊടുത്തുകൊള്ളാം.''

9യേശു അവനോട്, ''ഇവനും അബ്രാഹാമിന്റെ മകൻ ആകയാൽ ഇന്ന് ഈ വീടിനു രക്ഷ വന്നിരിക്കുന്നു; 10കാണാതെ പോയതിനെ തിരഞ്ഞു രക്ഷിക്കുവാനാണല്ലോ മനുഷ്യപുത്രൻ വന്നത്'' എന്നു പറഞ്ഞു.

പത്തു നാണയത്തിന്റെ ഉപമ

11അവർ ഇതു കേട്ടുകൊണ്ടിരുന്നപ്പോൾ, അദ്ദേഹം യെരൂശലേമിനു സമീപത്തായിരുന്നതുകൊണ്ടും ദൈവരാജ്യം ഉടനേ വെളിപ്പെടുമെന്ന് അവർ വിചാരിച്ചതുകൊണ്ടും അവരോട് ഒരു ഉപമയുംകൂടെ പറഞ്ഞു: 12''കുലീനനായ ഒരു മനുഷ്യൻ രാജത്വം പ്രാപിച്ചു തിരിച്ചുവരേണ്ടതിനു വിദൂരദേശത്തേക്കു യാത്രയായി. 13അയാൾ തന്റെ ദാസന്മാരിൽ പത്തു പേരെ വിളിച്ച് അവർക്കു പത്തു സ്വർണ്ണനാണയം[a] കൊടുത്തിട്ട് 'ഞാൻ തിരിച്ചെത്തുന്നതുവരെ ഈ പണം കൊണ്ടു വ്യാപാരം ചെയ്തുകൊള്ളുവിൻ' എന്നുപറഞ്ഞു. 14എന്നാൽ പ്രജകൾ അയാളെ വെറുത്തു. 'ഈ മനുഷ്യൻ ഞങ്ങളെ ഭരിക്കുന്നതിൽ ഞങ്ങൾക്കു താത്പര്യമില്ല' എന്നു പറഞ്ഞ് പ്രതിനിധികളെ അയാളുടെ പിന്നാലെ അയച്ചു.

15''എന്നാൽ അദ്ദേഹം രാജാവായി മടങ്ങിയെത്തി. താൻ പണം കൊടുത്തിരുന്ന ദാസന്മാർ അതുകൊണ്ട് എന്തു നേടിയെന്ന് അറിയേണ്ടതിന് അദ്ദേഹം അവരെ വിളിപ്പിച്ചു.

16''ഒന്നാമൻ വന്നു പറഞ്ഞു. 'പ്രഭോ, അങ്ങയുടെ സ്വർണ്ണനാണയം കൊണ്ടു ഞാൻ പത്തുകൂടി സമ്പാദിച്ചിരിക്കുന്നു.'

17''അതിന് അയാൾ 'കൊള്ളാം, നല്ല ദാസാ, അല്പകാര്യത്തിൽ നീ വിശ്വസ്തനായിരുന്നു. ആയതിനാൽ നീ പത്തു പട്ടണത്തിന് അധികാരി ആയിരിക്കുക' എന്നു ഉത്തരം പറഞ്ഞു.

18''രണ്ടാമൻ വന്നു പറഞ്ഞു: 'പ്രഭോ, അങ്ങ

[a] 13 ഗ്രീക്കിൽ *പത്തു മിന്നാ*. ഒരു മിന്നാ ഏകദേശം മൂന്നു മാസത്തെ കൂലിക്കു തുല്യം.

യുടെ നാണയംകൊണ്ടു ഞാൻ അഞ്ചുകൂടെ നേടിയിരിക്കുന്നു.'
19"അതിന് രാജാവ് 'നീ അഞ്ചു പട്ടണത്തിന്റെ അധികാരം ഏറ്റുകൊള്ളുക' എന്നു മറുപടി പറഞ്ഞു.
20"പിന്നീട് മറ്റൊരുവൻ വന്ന് ഇങ്ങനെ പറഞ്ഞു: 'പ്രഭോ, ഇതാ താങ്കളുടെ പണം! ഞാൻ അത് ഒരു തൂവാലയിൽ കെട്ടി മാറ്റിവച്ചു. 21അങ്ങ് വയ്ക്കാത്തത് എടുക്കുകയും വിതയ്ക്കാത്തതു കൊയ്യുകയും ചെയ്യുന്ന കഠിന മനുഷ്യൻ ആകയാൽ ഞാൻ അങ്ങയെ ഭയപ്പെട്ടു.'
22"അദ്ദേഹം അവനോടു മറുപടി പറഞ്ഞു: 'ദുഷ്ടദാസനേ, നിന്റെ വാക്കുകളാൽത്തന്നേ ഞാൻ നിന്നെ വിധിക്കും. ഞാൻ വയ്ക്കാത്തത് എടുക്കുകയും വിതയ്ക്കാത്തത് കൊയ്യുകയും ചെയ്യുന്ന കഠിന മനുഷ്യൻ എന്നു നീ അറിഞ്ഞുവോ? 23പിന്നെ, നീ എന്തുകൊണ്ട് എന്റെ പണം പണമിടപാടുകാരുടെ പക്കൽ നിക്ഷേപിക്കാതിരുന്നു? ഞാൻ മടങ്ങിവന്ന് അതു പലിശയോടുകൂടി വാങ്ങുമായിരുന്നുവല്ലോ!'
24"പിന്നെ അദ്ദേഹം അരികെ നില്ക്കുന്നവരോട്: 'അവന്റെ നാണയം അവന്റെ പക്കൽ നിന്ന് എടുത്തു പത്തുള്ളവനു കൊടുക്കുക' എന്നു പറഞ്ഞു.
25" 'പ്രഭോ, അവനു പത്തുണ്ടല്ലോ!' അവർ പറഞ്ഞു.
26"ഉള്ളവന് ഏവനും കൂടുതൽ കൊടുക്കും; ഇല്ലാത്തവനിൽനിന്ന് ഉള്ളതുംകൂടി എടുത്തുകളയും. 27എന്നാൽ ഞാൻ തങ്ങളുടെ രാജാവായിരിക്കാൻ ഇഷ്ടപ്പെടാതിരുന്ന ശത്രുക്കളെ ഇവിടെ കൊണ്ടുവന്ന് എന്റെ മുമ്പിൽവച്ചു കൊന്നുകളയുവിൻ' എന്ന് രാജാവു കല്പിച്ചു."

ജേതാവിന്റെ പ്രവേശനം

28ഇതു പറഞ്ഞതിനുശേഷം യേശു മുമ്പായി നടന്ന് യെരൂശലേമിലേക്കു യാത്ര ചെയ്തു. 29അദ്ദേഹം ഒലിവുമലയുടെ അരികെയുള്ള ബേത്ത്ഫാഗെയ്ക്കും ബേഥാന്യയ്ക്കും അടുത്തെത്തിയപ്പോൾ തന്റെ ശിഷ്യന്മാരിൽ രണ്ടുപേരെ ഇങ്ങനെ പറഞ്ഞ് അയച്ചു: 30"നിങ്ങൾക്കു മുന്നിലുള്ള ഗ്രാമത്തിലേക്കു ചെല്ലുവിൻ; അതിൽ കടക്കുമ്പോൾ, ആരും ഒരിക്കലും കയറിയിട്ടില്ലാത്ത ഒരു കഴുതക്കുട്ടിയെ കെട്ടിയിരിക്കുന്നതു നിങ്ങൾ കാണും. അതിനെ അഴിച്ചുകൊണ്ടുവരുവിൻ. 31അതിനെ അഴിക്കുന്നതെന്ത് എന്ന് ആരെങ്കിലും നിങ്ങളോടു ചോദിച്ചാൽ, 'കർത്താവിന് ഇതിനെ ആവശ്യമുണ്ട്' എന്ന് അവനോടു പറയുവിൻ."
32അയയ്ക്കപ്പെട്ടവർ പോയി, തങ്ങളോടു പറഞ്ഞിരുന്നതുപോലെ കണ്ടു. 33അവർ കഴുതക്കുട്ടിയെ അഴിക്കുമ്പോൾ അതിന്റെ ഉടയവർ, "നിങ്ങൾ കഴുതക്കുട്ടിയെ അഴിക്കുന്നതെന്ത്?" എന്നു ചോദിച്ചു.
34 "കർത്താവിന് ഇതിനെ ആവശ്യമുണ്ട്" - അവർ മറുപടി പറഞ്ഞു.
35അവർ കഴുതക്കുട്ടിയെ യേശുവിന്റെ അടുക്കൽകൊണ്ടുവന്ന് തങ്ങളുടെ അങ്കികൾ അതിന്റെ പുറത്തു വിരിച്ച് യേശുവിനെ കയറ്റിയിരുത്തി. 36അദ്ദേഹം പോകുമ്പോൾ ജനങ്ങൾ തങ്ങളുടെ അങ്കികൾ വഴിയിൽ വിരിച്ചു.
37അദ്ദേഹം ഒലിവുമലയുടെ ഇറക്കത്തിന് അടുത്തെത്തിയപ്പോൾ ശിഷ്യന്മാരുടെ കൂട്ടം ഒന്നാകെ, തങ്ങൾ കണ്ട സകല അത്ഭുത പ്രവൃത്തികളെയുംകുറിച്ചു സന്തോഷിച്ച് അത്യുച്ചത്തിൽ ദൈവത്തെ വാഴ്ത്തി:

38"കർത്താവിന്റെ നാമത്തിൽ
വരുന്ന രാജാവു വാഴ്ത്തപ്പെട്ടവൻ!" *a*
"സ്വർഗ്ഗത്തിൽ സമാധാനവും
അത്യുന്നതങ്ങളിൽ മഹത്ത്വവും"

എന്നു പറഞ്ഞു.
39ജനസമൂഹത്തിൽ ഉണ്ടായിരുന്ന ചില പരീശന്മാർ യേശുവിനോട്: "ഗുരോ, അങ്ങയുടെ ശിഷ്യന്മാരെ ശാസിക്കുക!" എന്നു പറഞ്ഞു.
40 "അവർ മിണ്ടാതിരുന്നാൽ ഈ കല്ലുകൾ ആർത്തുവിളിക്കും." അദ്ദേഹം ഉത്തരം പറഞ്ഞു.
41യെരൂശലേമിനു സമീപം എത്തി ആ നഗരം കണ്ടപ്പോൾ അദ്ദേഹം അതിനെക്കുറിച്ചു വിലപിച്ചു. 42അദ്ദേഹം പറഞ്ഞു: "നിന്റെ സമാധാനത്തിനുള്ള കാര്യങ്ങൾ ഇന്നെങ്കിലും നീ അറിഞ്ഞിരുന്നെങ്കിൽ എത്ര നന്നായിരുന്നു! എന്നാൽ ഇപ്പോൾ അവ നിന്റെ കണ്ണുകൾക്കു മറഞ്ഞിരിക്കുകയാണ്. 43നിന്റെ ശത്രുക്കൾ നിനക്കു ചുറ്റും കിടങ്ങു കുഴിച്ച് നിന്നെ വലയം ചെയ്ത് എല്ലാവശത്തുനിന്നും നിന്നെ ഞെരുക്കുന്ന കാലം വരുന്നു. 44അവർ നിന്നെയും നിന്റെ മതിലുകൾക്കുള്ളിലുള്ള നിന്റെ മക്കളെയും നിലം പതിപ്പിക്കും. അവർ നിനക്ക് കല്ലിന്മേൽ കല്ലു ശേഷിപ്പിക്കുകയില്ല. ദൈവം നിന്നെ സന്ദർശിച്ച കാലം നീ തിരിച്ചറിയാതിരുന്നതുകൊണ്ട് ഇതു നിനക്കു സംഭവിക്കും."

യേശു ദൈവാലയത്തിൽ

45 പിന്നെ അദ്ദേഹം ദൈവാലയാങ്കണത്തിൽ പ്രവേശിച്ച്, അവിടെ വില്പന നടത്തിയിരുന്നവരെ പുറത്താക്കിത്തുടങ്ങി. 46അദ്ദേഹം അവരോടു പറഞ്ഞു: "എന്റെ ആലയം പ്രാർത്ഥനാലയം*b* ആയിരിക്കും." എന്ന് എഴുതപ്പെട്ടിരിക്കുന്നു; നിങ്ങളോ അതിനെ 'കൊള്ള

a 38 സങ്കീർത്തനം 118: 26 *b* 46 യെശയ്യാവ് 56: 7

ക്കാരുടെ ഗുഹ'യാക്കിയിരിക്കുന്നു.[a]
47അദ്ദേഹം ദിവസേന ദൈവാലയത്തിൽ
ഉപദേശിച്ചുപോന്നു. എന്നാൽ മുഖ്യപുരോ
ഹിതന്മാരും വേദജ്ഞരും ജനപ്രധാനികളും
അദ്ദേഹത്തെ കൊല്ലുവാൻ ശ്രമിച്ചു. 48എന്നാൽ
ജനങ്ങളെല്ലാം അദ്ദേഹത്തിന്റെ വചനത്തിൽ
ആകൃഷ്ടരായിരുന്നതിനാൽ, അതിനൊരു
മാർഗ്ഗവും കണ്ടെത്താൻ അവർക്കു കഴിഞ്ഞില്ല.

യേശുവിന്റെ അധികാരം ചോദ്യം
ചെയ്യപ്പെടുന്നു

20 ഒരു ദിവസം യേശു ദൈവാലയത്തിൽ
ജനങ്ങളെ ഉപദേശിക്കുകയും,
സുവിശേഷം അറിയിക്കുകയും ചെയ്തു
കൊണ്ടിരുന്നപ്പോൾ മുഖ്യപുരോഹിതന്മാരും
വേദജ്ഞരും മൂപ്പന്മാരോടൊത്ത് അദ്ദേഹ
ത്തിന്റെ അടുക്കൽ വന്നു. 2 "താങ്കൾ എന്ത്
അധികാരംകൊണ്ട് ഈ കാര്യങ്ങൾ ചെയ്യുന്നു?
ഈ അധികാരം താങ്കൾക്കുതന്നത് ആര്?"
അവർ ചോദിച്ചു.
3അതിനു മറുപടിയായി യേശു: "ഞാനും
നിങ്ങളോട് ഒന്നു ചോദിക്കട്ടെ: 4യോഹ
ന്നാന്റെ സ്നാനം സ്വർഗ്ഗത്തിൽനിന്നോ
മനുഷ്യരിൽ നിന്നോ? എന്നോടു പറയുവിൻ."
5അതെപ്പറ്റി അവർ തമ്മിൽത്തമ്മിൽ
ആലോചിച്ചു: "സ്വർഗ്ഗത്തിൽ നിന്ന് എന്നു നാം
പറഞ്ഞാൽ, 'നിങ്ങൾ എന്തുകൊണ്ട് അവനെ
വിശ്വസിച്ചില്ല?' എന്ന് അദ്ദേഹം ചോദിക്കും.
6'മനുഷ്യരിൽനിന്ന്' എന്നു നാം പറഞ്ഞാൽ
യോഹന്നാൻ ഒരു പ്രവാചകനാണെന്നു
ജനങ്ങൾക്കു ബോധ്യമായിരിക്കയാൽ അവർ
നമ്മെ കല്ലെറിയും." 7അതുകൊണ്ട് അവർ
മറുപടി പറഞ്ഞു. "അത് എവിടെനിന്ന് എന്നു
ഞങ്ങൾക്കറിഞ്ഞുകൂടാ. 8യേശു അവരോട്:
"എന്നാൽ എന്തധികാരം കൊണ്ടു ഞാൻ ഇവ
ചെയ്യുന്നുവെന്നു ഞാനും നിങ്ങളോടു
പറയുന്നില്ല." എന്നു പറഞ്ഞു.

കുടിയാന്മാരുടെ ഉപമ

9അനന്തരം അദ്ദേഹം ജനങ്ങളോട് ഈ ഉപമ
പറഞ്ഞു: "ഒരു മനുഷ്യൻ ഒരു മുന്തിരിത്തോട്ടം
നട്ടുണ്ടാക്കി: ഏതാനും കൃഷിക്കാരെ പാട്ടത്തിന്
ഏല്പിച്ചിട്ട് ഏറെക്കാലത്തേക്കു വിദേശത്തു
പോയി. 10വിളവെടുപ്പിനുള്ള സമയമായപ്പോൾ,
അയാൾ കുടിയാന്മാരിൽ നിന്ന് തോട്ടത്തിലെ
വിളവിന്റെ വീതം വാങ്ങേണ്ടതിന് അവരുടെ
അടുത്തേക്ക് ഒരു ദാസനെ അയച്ചു. എന്നാൽ
കുടിയാന്മാർ അവനെ അടിച്ച് വെറും
കൈയോടെ അയച്ചുകളഞ്ഞു. 11അയാൾ
മറ്റൊരു ദാസനെ അയച്ചു. എന്നാൽ അവ
നെയും അവർ അടിച്ച് അപമാനിച്ച് വെറും
കൈയോടെ അയച്ചു. 12മൂന്നാമത് ഒരുവനെ
അയാൾ അയച്ചു. അവനെ അവർ മുറി
വേല്പിച്ചു പുറത്താക്കിക്കളഞ്ഞു.
13"അപ്പോൾ മുന്തിരിത്തോപ്പിന്റെ ഉടമ
സ്ഥൻ പറഞ്ഞു: 'ഞാൻ എന്താണു ചെയ്യുക?
എന്റെ പ്രിയമകനെ ഞാൻ അയയ്ക്കും;
ഒരുപക്ഷേ അവർ അവനെ ആദരിക്കും.'
14"എന്നാൽ കുടിയാന്മാർ അയാളെ കണ്ട
പ്പോൾ തമ്മിൽ പറഞ്ഞു: 'ഇവനാണ് അവ
കാശി; നമുക്ക് ഇവനെ കൊന്നുകളയാം; എങ്കിൽ
അവകാശം നമുക്കാകും.' 15അങ്ങനെ അവർ
അയാളെ തോട്ടത്തിൽ നിന്നു പുറ
ത്താക്കികൊന്നുകളഞ്ഞു.
"മുന്തിരിത്തോട്ടത്തിന്റെ ഉടമസ്ഥൻ ഇനി
അവരോട് എന്താണു ചെയ്യുക? 16അയാൾ വന്ന്
ആ കുടിയാന്മാരെ നശിപ്പിച്ച് മുന്തിരിത്തോട്ടം
വേറേ ആളുകൾക്ക് ഏല്പിച്ചു കൊടുക്കും."
ഇതു കേട്ടിട്ട്: "അങ്ങനെ ഒരിക്കലും
സംഭവിക്കാതിരിക്കട്ടെ." എന്ന് അവർ പറഞ്ഞു.
17അപ്പോൾ യേശു അവരെ നോക്കിപ്പറഞ്ഞു,
" 'പണിയുന്നവർ തള്ളിക്കളഞ്ഞ കല്ല്
മൂലക്കല്ലായിത്തീർന്നിരിക്കുന്നു;'[b]
ഇതു കർത്താവു ചെയ്തു, നമ്മുടെ ദൃഷ്ടിയിൽ
ആശ്ചര്യകരവുമായിരിക്കുന്നു.' എന്നുള്ള തി
രുവെഴുത്ത് നിങ്ങൾ വായിച്ചിട്ടില്ലേ? 18ഈ
കല്ലിൻമേൽ വീഴുന്നവൻ തകർന്നുപോകും.
അത് ആരുടെമേലെങ്കിലും വീണാൽ അത്
അവനെ പൊടിയാക്കും."
19അദ്ദേഹം ഈ ഉപമ തങ്ങൾക്കു
വിരോധമായിട്ടാണു പറഞ്ഞത് എന്നു ഗ്രഹിച്ചിട്ട്
വേദജ്ഞരും മുഖ്യപുരോഹിതന്മാരും ഉടൻ
തന്നേ അദ്ദേഹത്തെ ബന്ധനസ്ഥനാക്കുവാൻ
മാർഗ്ഗം ആരാഞ്ഞു. എന്നാൽ അവർ ജനങ്ങളെ
ഭയപ്പെട്ടു.

കൈസർക്കു കരം കൊടുക്കുന്നത്

20അവർ യേശുവിനെ നിരീക്ഷണം ചെയ്തു
കൊണ്ടിരുന്നു. അദ്ദേഹത്തെ ദേശാധിപതി
യുടെ അധീനതയിലും അധികാരത്തിലും
ഏല്പിച്ചുകൊടുക്കുവാൻ തക്കവണ്ണം വാക്കിൽ
കുടുക്കാൻ ആശിച്ചുകൊണ്ട്, നീതിമാന്മാരെന്നു
നടിക്കുന്ന രഹസ്യദൂതന്മാരെ അദ്ദേഹത്തിന്റെ
അടുത്തേക്ക് അയച്ചു. 21അവർ അദ്ദേഹത്തോടു
ചോദിച്ചു: "ഗുരോ, അങ്ങ് ശരിയായിട്ടുള്ളതു
പ്രസ്താവിക്കുകയും ഉപദേശിക്കുകയും
മുഖപക്ഷം കാണിക്കാതെ സത്യത്തിന്
അനുസൃതമായി ദൈവത്തിന്റെ വഴി
പഠിപ്പിക്കുകയും ചെയ്യുന്നു എന്നു ഞങ്ങൾ
ക്കറിയാം. 22കൈസർക്കു കരം കൊടുക്കുന്നതു

[a] 46 യിരെമ്യാവ് 7: 11 [b] 17 സങ്കീർത്തനം 118:22

നമുക്കു നിയമാനുസൃതമോ അല്ലയോ?''

23 അവരുടെ കാപട്യം ഗ്രഹിച്ചിട്ട് അദ്ദേഹം
അവരോടു പറഞ്ഞു: 24 ''ഒരു ദിനാർ കാണട്ടെ.
ആരുടെ രൂപവും ലിഖിതവുമാണ് അതി
ന്മേലുള്ളത്?''

25 ''കൈസരുടേത്'' അവർ ഉത്തരം പറഞ്ഞു.

''എങ്കിൽ കൈസർക്കുള്ളത് കൈസർക്കും
ദൈവത്തിനുള്ളതു ദൈവത്തിനും കൊടുക്കു
വിൻ'' എന്ന് അദ്ദേഹം അവരോടു പറഞ്ഞു.

26 അങ്ങനെ ജനങ്ങളുടെ മുമ്പിൽവച്ച്
അദ്ദേഹത്തെ വാക്കിൽ കുടുക്കുവാൻ കഴി
യാതെ അവർ അദ്ദേഹത്തിന്റെ മറുപടികേട്ട്
ആശ്ചര്യപ്പെട്ടു മിണ്ടാതിരുന്നു.

പുനരുത്ഥാനവും വിവാഹവും

27 പുനരുത്ഥാനം ഇല്ല എന്നു പറയുന്ന
സദൂക്യരിൽ ചിലർ ഒരു ചോദ്യവുമായി
യേശുവിന്റെ അടുക്കൽ വന്നു. 28 അവർ
ചോദിച്ചു: ''ഗുരോ, ഒരാളുടെ സഹോദരൻ
മക്കളില്ലാതെ മരിച്ചുപോകയും ഭാര്യ
ശേഷിക്കുകയും ചെയ്യുന്നുവെങ്കിൽ അയാൾ ആ
വിധവയെ വിവാഹം ചെയ്തു സഹോദര
നുവേണ്ടി മക്കളെ ജനിപ്പിക്കണമെന്നു മോശെ
കല്പിച്ചിട്ടുണ്ട്. 29 ഏഴു സഹോദരന്മാർ
ഉണ്ടായിരുന്നു. ഒന്നാമൻ ഒരു സ്ത്രീയെ
വിവാഹം ചെയ്തു മക്കളില്ലാത്തവനായി മരിച്ചു.
30 രണ്ടാമനും മൂന്നാമനും അവളെ വിവാഹം
ചെയ്തു; 31 അങ്ങനെ ഏഴു പേരും വിവാഹം
ചെയ്ത് മക്കളില്ലാത്തവരായി മരിച്ചു. 32 ഒടുവിൽ,
ആ സ്ത്രീയും മരിച്ചു. 33 എന്നാൽ
പുനരുത്ഥാനത്തിൽ അവൾ ആരുടെ
ഭാര്യയായിരിക്കും? അവർ ഏഴുപേരും അവളെ
വിവാഹം ചെയ്തിരുന്നുവല്ലോ!''

34 യേശു അവരോടു പറഞ്ഞു: '' ഈ കാല
ത്ത് ജീവിക്കുന്നവർ വിവാഹം കഴിക്കയും
വിവാഹത്തിനു കൊടുക്കപ്പെടുകയും ചെയ്യു
ന്നു. 35 എന്നാൽ ആ കാലത്തിനും മരിച്ചവരിൽ
നിന്നുള്ള പുനരുത്ഥാനത്തിനും യോഗ്യരായിട്ടു
ള്ളവർ വിവാഹം കഴിക്കയോ വിവാഹത്തിനു
നല്കപ്പെടുകയോ ചെയ്യുന്നില്ല. 36 അവർ
പുനരുത്ഥാനത്തിന്റെ സന്താനങ്ങളാകയാൽ
ദൈവദൂതതുല്യരും ദൈവമക്കളും ആണ്.
അതുകൊണ്ട് അവർക്ക് ഇനി മരിപ്പാനും സാധ്യ
മല്ല. 37 മരിച്ചവർ ഉയിർത്തെഴുന്നേല്ക്കുന്നു
എന്നു മുൾപ്പടർപ്പിനെപ്പറ്റിയുള്ള വിവരണ
ത്തിൽ മോശെതന്നെ കാണിച്ചു തന്നിട്ടുണ്ട്;
കർത്താവിനെ 'അബ്രാഹാമിന്റെ ദൈവം,'
'യിസ്ഹാക്കിന്റെ ദൈവം,' 'യാക്കോബിന്റെ
ദൈവം' [a] എന്നിങ്ങനെ അദ്ദേഹം വിളിക്കുന്നു
വല്ലോ. 38 അവിടുന്നു മരിച്ചവരുടെ ദൈവമല്ല;
ജീവനുള്ളവരുടെ ദൈവമത്രേ. അവിടുത്തേക്ക്
എല്ലാവരും ജീവിക്കുന്നവർതന്നെ.''

39 ''ഗുരോ, അങ്ങു ഭംഗിയായി പറഞ്ഞു''
വേദജ്ഞരിൽ ചിലർ പ്രതികരിച്ചു. 40 പിന്നീട്
ആരും അദ്ദേഹത്തോട് ഒന്നും ചോദിക്കാൻ
മുതിർന്നില്ല.

ക്രിസ്തു ആരുടെ പുത്രൻ?

41 എന്നാൽ യേശു അവരോടു ചോദിച്ചു:
''ദാവീദിന്റെ പുത്രനാണ് ക്രിസ്തു എന്ന്
പറയുന്നതെങ്ങനെ? 42 എന്തെന്നാൽ ദാവീദു
തന്നേയും സങ്കീർത്തനപ്പുസ്തകത്തിൽ:

'കർത്താവ് എന്റെ കർത്താവിനോട്:
43 ഞാൻ നിന്റെ ശത്രുക്കളെ നിന്റെ
പാദപീഠമാക്കുന്നതുവരെയും നീ
എന്റെ വലത്തു ഭാഗത്തിരിക്കുക' [b]

എന്നു പറയുന്നു. 44 ദാവീദ് അദ്ദേഹത്തെ
'കർത്താവ്' എന്നു വിളിക്കുന്നു; പിന്നെ,
അദ്ദേഹം ദാവീദിന്റെ പുത്രൻ ആകുന്ന
തെങ്ങനെ?''

45 ജനങ്ങളെല്ലാം ശ്രദ്ധിച്ചുകൊണ്ടിരിക്കെ,
യേശു തന്റെ ശിഷ്യന്മാരോടു പറഞ്ഞു: 46 വേ
ദജ്ഞരെ സൂക്ഷിച്ചുകൊള്ളുക. അവർ നീണ്ട
അങ്കി ധരിച്ചുകൊണ്ട് നടക്കുവാനും ചന്തസ്ഥ
ലങ്ങളിൽ അഭിവാദനം ചെയ്യപ്പെടുവാനും പള്ളി
കളിൽ മുഖ്യാസനവും വിരുന്നുകളിൽ ബഹു
മാന്യസ്ഥാനവും കരസ്ഥമാക്കുവാനും ആ
ഗ്രഹിക്കുന്നു. 47 അവർ വിധവമാരുടെ വീടുകൾ
വിഴുങ്ങുകയും കേവലം പ്രകടനമായി നീണ്ട
പ്രാർത്ഥനകൾ ചൊല്ലുകയും ചെയ്യുന്നു. അങ്ങ
നെയുള്ളവർ ഏറ്റവും കഠിനമായി ശിക്ഷിക്ക
പ്പെടും.''

വിധവയുടെ വഴിപാട്

21 യേശു തലപൊക്കി നോക്കിയപ്പോൾ
ധനവാന്മാർ ദൈവാലയഭണ്ഡാരത്തിൽ
വഴിപാട് ഇടുന്നതു കണ്ടു. 2 ദരിദ്രയായ ഒരു
വിധവ രണ്ടു ചെറിയ ചെമ്പുകാശ് ഇടുന്നതും
അദ്ദേഹം കണ്ടു. 3 ''ഈ ദരിദ്രയായ വിധവ
മറ്റെല്ലാവരെക്കാളും കൂടുതൽ ഇട്ടിരിക്കുന്നു
എന്നു ഞാൻ സത്യമായി നിങ്ങളോടു പറ
യുന്നു. 4 ഇവരെല്ലാവരും തങ്ങളുടെ സമൃദ്ധി
യിൽനിന്നുള്ള വഴിപാടുകളാണ് അർപ്പിച്ചത്;
ഇവളോ തന്റെ ദാരിദ്ര്യത്തിൽനിന്ന്, ഉപജീവ
നത്തിനുണ്ടായിരുന്നതു മുഴുവൻ ഇട്ടിരി
ക്കുന്നു'' അദ്ദേഹം പറഞ്ഞു.

യുഗാവസാന ലക്ഷണങ്ങൾ

5 ചിലർ ദൈവാലയത്തെക്കുറിച്ച്, അതു
മനോഹരമായ കല്ലുകളാലും, വഴിപാടുകളാലും

[a] 37 പുറപ്പാട് 3: 6 [b] 43 സങ്കീർത്തനം 110: 1

അലങ്കരിക്കപ്പെട്ടിരിക്കുന്നു എന്നു പറഞ്ഞപ്പോൾ യേശു പറഞ്ഞു: 6 "നിങ്ങൾ ഈ കാണുന്നത്, കല്ലിന്മേൽ കല്ലു ശേഷിക്കാത്തവിധം എല്ലാം ഇടിച്ചു കളയുന്ന കാലം വരുന്നു."

7"ഗുരോ, എപ്പോഴാണ് ഈ കാര്യങ്ങൾ സംഭവിക്കുക? അവ സംഭവിക്കാറാകുമ്പോൾ അതിനുള്ള അടയാളം എന്തായിരിക്കും?" അവർ ചോദിച്ചു.

8അദ്ദേഹം പറഞ്ഞു: "ആരും നിങ്ങളെ വഴിതെറ്റിക്കാതിരിപ്പാൻ സൂക്ഷിച്ചുകൊൾവിൻ. 'ഞാനാണ്' എന്നും 'സമയം അടുത്തിരിക്കുന്നു' എന്നും അവകാശപ്പെട്ടുകൊണ്ടു പലർ എന്റെ നാമത്തിൽ വരും. അവരുടെ പിന്നാലെ പോകരുത്. 9നിങ്ങൾ യുദ്ധങ്ങളെയും കലാപങ്ങളെയും കുറിച്ചു കേൾക്കുമ്പോൾ പരിഭ്രമിച്ചു പോകരുത്. ഇവ ആദ്യം സംഭവിക്കേണ്ടതാകുന്നു. എന്നാൽ അവസാനം ഉടനേ ഉണ്ടാവുകയില്ല."

10തുടർന്ന് അദ്ദേഹം അവരോടു പറഞ്ഞു: "ഇനി ജാതി ജാതിയോടും രാഷ്ട്രം രാഷ്ട്രത്തോടും കലഹിക്കും. 11 വലിയ ഭൂകമ്പങ്ങളും വിവിധ സ്ഥലങ്ങളിൽ ക്ഷാമങ്ങളും പകർച്ചവ്യാധികളും ഭയങ്കര സംഭവങ്ങളും ആകാശത്തിൽ നിന്നു വലിയ അടയാളങ്ങളും ഉണ്ടാകും. 12എന്നാൽ ഇതിനെല്ലാംമുമ്പേ, എന്റെ നാമംനിമിത്തം അവർ നിങ്ങളെ പിടികൂടി പീഡിപ്പിക്കും. അവർ നിങ്ങളെ പള്ളികളിലും കാരാഗൃഹങ്ങളിലും ഏല്പിച്ചുകൊടുക്കും; രാജാക്കന്മാർക്കും നാടുവാഴികൾക്കും മുമ്പാകെ നിങ്ങളെ കൊണ്ടുചെല്ലും; 13അതു നിങ്ങൾക്ക് സാക്ഷ്യത്തിനുള്ള അവസരമായിരിക്കും. 14അതുകൊണ്ട് എങ്ങനെ പ്രതിവാദം നടത്തും എന്നു മുൻകൂട്ടി ഓർത്തു വിഷമിക്കേണ്ടതില്ല. 15എന്തുകൊണ്ടെന്നാൽ നിങ്ങളുടെ എതിരാളികളിൽ ആർക്കും ചെറുത്തു നില്ക്കുവാനോ എതിരുപറയുവാനോ കഴിയാത്ത വാക്കുകളും പരിജ്ഞാനവും ഞാൻ നിങ്ങൾക്കു നല്കും. 16മാതാപിതാക്കളും സഹോദരങ്ങളും ബന്ധുക്കളും സ്നേഹിതരും നിങ്ങളെ ഒറ്റിക്കൊടുക്കും. അവർ നിങ്ങളിൽ ചിലരെ കൊന്നുകളയും. 17ഞാൻ നിമിത്തം എല്ലാവരും നിങ്ങളെ വെറുക്കും. 18എന്നാൽ നിങ്ങളുടെ ഒരു തലമുടിപോലും നശിച്ചുപോകയില്ല. 19നിങ്ങൾ സഹിഷ്ണുതകൊണ്ടു നിങ്ങളുടെ ജീവനെ നേടും.

20"എന്നാൽ സൈന്യങ്ങൾ യെരൂശലേമിനെ വളഞ്ഞിരിക്കുന്നതു കാണുമ്പോൾ അതിന്റെ വിനാശം അടുത്തിരിക്കുന്നു എന്ന് അറിഞ്ഞുകൊൾക. 21അന്ന് യഹൂദ്യയിലുള്ളവർ പർവ്വതങ്ങളിലേക്ക് ഓടിപ്പോകട്ടെ; നഗരത്തിനകത്തുള്ളവർ അവിടംവിട്ടു പോകട്ടെ; നാട്ടൻപുറങ്ങളിലുള്ളവർ നഗരത്തിൽ കടക്കാതിരിക്കട്ടെ. 22എന്തുകൊണ്ടെന്നാൽ എഴുതിയിരിക്കുന്നതെല്ലാം നിറവേറുന്ന പ്രതികാരത്തിന്റെ കാലമാകുന്നു അത്. 23ആ ദിവസങ്ങളിൽ ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും അയ്യോ കഷ്ടം! ദേശത്തു വലിയ ഞെരുക്കവും ഈ ജനത്തിനു നേരേ ക്രോധവും ഉണ്ടാകും. 24 അവർ വാൾകൊണ്ടു വെട്ടേറ്റു വീഴുകയും അവരെ സകല രാഷ്ട്രങ്ങളിലേക്കും ബന്ധനസ്ഥരാക്കികൊണ്ടുപോകയും ചെയ്യും. വിജാതീയർ തങ്ങളുടെ കാലം തികയുവോളം യെരൂശലേമിനെ ചവിട്ടിമെതിക്കും.

25"സൂര്യനിലും ചന്ദ്രനിലും നക്ഷത്രങ്ങളിലും അടയാളങ്ങൾ ഉണ്ടാകും; കടൽ അലറുകയും ഇളകിമറിയുകയും ചെയ്യുകയാൽ ഭൂമിയിലെ രാഷ്ട്രങ്ങൾക്കു നിരാശയും പരിഭ്രമവും ഉണ്ടാകും. 26ആകാശഗോളങ്ങൾ ഇളകിപ്പോകുന്നതുകൊണ്ട് ഭൂലോകത്തിന് എന്തു ഭവിക്കുമെന്ന ആശങ്കയോടെ മനുഷ്യർ ഭീതിനിമിത്തം ബോധമറ്റുവീണുപോകും. 27അപ്പോൾ മനുഷ്യപുത്രൻ ശക്തിയോടും മഹാതേജസ്സോടുംകൂടെ മേഘത്തിൽ വരുന്നത് അവർ കാണും. 28 ഇവ സംഭവിച്ചു തുടങ്ങുമ്പോൾ, നിങ്ങളുടെ വീണ്ടെടുപ്പ് അടുത്തുകൊണ്ടിരിക്കയാൽ നിവിർന്നു തല ഉയർത്തുവിൻ".

29പിന്നെ യേശു അവരോട് ഈ ഉപമ പറഞ്ഞു: "അത്തിവൃക്ഷത്തെയും സകല വൃക്ഷങ്ങളെയും നോക്കുവിൻ. 30അവ തളിർക്കുമ്പോൾ വേനൽ അടുത്തിരിക്കുന്നു എന്നു നിങ്ങൾ സ്വതവേ മനസ്സിലാക്കുന്നു. 31അങ്ങനെതന്നേ, ഇവ സംഭവിക്കുന്നതു കാണുമ്പോൾ ദൈവരാജ്യം സമീപിച്ചിരിക്കുന്നുവെന്നു നിങ്ങൾക്കു ഗ്രഹിക്കാം.

32 "ഇവയെല്ലാം സംഭവിച്ചുതീരുവോളം ഈ തലമുറ [a] കടന്നുപോവുകയില്ല എന്നു ഞാൻ സത്യമായി നിങ്ങളോടു പറയുന്നു. 33ആകാശവും ഭൂമിയും നീങ്ങിപ്പോകും; എന്റെ വചനങ്ങളോ ഒരുനാളും നീങ്ങിപ്പോകയില്ല.

34"അമിതഭക്ഷണത്താലും മദ്യപാനത്താലും ജീവിതത്തിന്റെ ചിന്താകുലങ്ങളാലും നിങ്ങളുടെ ഹൃദയം ഭാരപ്പെടുകയും ആ നാൾ ഒരു കെണി എന്നപോലെ നിങ്ങളുടെ മേൽ വരികയും ചെയ്യാതിരിപ്പാൻ സൂക്ഷിച്ചുകൊൾവിൻ. 35അതു ഭൂതലത്തിൽ ജീവിക്കുന്ന സകലരുടെ മേലും വരും. 36സംഭവിപ്പാനിരിക്കുന്ന ഇവയെല്ലാറ്റിൽനിന്നും രക്ഷപെടുവാനും മനുഷ്യപുത്രന്റെ മുമ്പിൽ നില്ക്കുവാനും നിങ്ങൾ പ്രാപ്തരാകണമെന്നു പ്രാർത്ഥിച്ചുകൊണ്ട് എല്ലായ്പോഴും ജാഗ്രതയുള്ളവരായിരിപ്പിൻ."

37 യേശു പകൽതോറും ദൈവാലയത്തിൽ

[a] 32 അഥവാ, *ജാതി*

ഉപദേശിക്കുകയും സന്ധ്യതോറും പുറപ്പെട്ട് ഒലിവുമലയിൽ ചെന്നു രാത്രി ചെലവഴിക്കുകയും ചെയ്തിരുന്നു. 38ജനങ്ങൾ എല്ലാവരും അദ്ദേഹത്തിന്റെ വചനം കേൾക്കേണ്ടതിന് അതിരാവിലെ ദൈവാലയത്തിൽ വന്നുകൊണ്ടിരുന്നു.

യേശുവിനെ ഒറ്റിക്കൊടുക്കുവാൻ യൂദാ സമ്മതിക്കുന്നു

22 പെസഹാ എന്ന പുളിപ്പില്ലാത്ത അപ്പത്തിന്റെ പെരുനാൾ അടുത്തുവരികയായിരുന്നു. 2മുഖ്യപുരോഹിതന്മാരും വേദജ്ഞരും ജനത്തെ ഭയപ്പെടുകമൂലം യേശുവിനെ കൊന്നുകളയുവാനുള്ള മാർഗ്ഗം എന്തെന്ന് അന്വേഷിച്ചുകൊണ്ടിരുന്നു.

3അപ്പോൾ പന്തിരുവരിൽ ഒരുവനായ ഈസ്കാര്യോത്താ യൂദയിൽ സാത്താൻ പ്രവേശിച്ചു. 4യൂദാ മുഖ്യപുരോഹിതന്മാരുടെയും ദൈവാലയത്തിലെ പടനായകരുടെയും അടുക്കൽ ചെന്ന് യേശുവിനെ എങ്ങനെ ഒറ്റിക്കൊടുക്കണമെന്ന് അവരുമായി ആലോചിച്ചു. 5അവർ സന്തോഷിച്ച് അയാൾക്കു പണം കൊടുക്കാൻ സന്നദ്ധരായി. 6അയാൾ അതിനു സമ്മതിച്ചു; ജനക്കൂട്ടം ഇല്ലാത്തപ്പോൾ യേശുവിനെ അവർക്കു ഏല്പിച്ചുകൊടുക്കാൻ തക്കം നോക്കിപ്പോന്നു.

അന്ത്യ അത്താഴം

7പെസഹാക്കുഞ്ഞാടിനെ യാഗം കഴിക്കേണ്ടുന്ന പുളിപ്പില്ലാത്ത അപ്പത്തിന്റെ ദിവസം ആയി. 8"നിങ്ങൾ പോയി നമുക്കു പെസഹാ ഭക്ഷിക്കേണ്ടതിനുള്ള ഒരുക്കങ്ങൾ നടത്തുവിൻ" എന്നു പറഞ്ഞ് യേശു പത്രൊസിനെയും യോഹന്നാനെയും അയച്ചു.

9"ഞങ്ങൾ എവിടെ ഒരുക്കണമെന്നാണ് അങ്ങ് ഇച്ഛിക്കുന്നത്? "അവർ ചോദിച്ചു.

10അതിന് യേശു ഉത്തരം പറഞ്ഞത്: "നിങ്ങൾ പട്ടണത്തിൽ കടക്കുമ്പോൾ ഒരു കുടം വെള്ളം ചുമന്നുകൊണ്ടുപോകുന്ന ഒരാളെ കാണും. അയാൾ കടക്കുന്ന വീട്ടിലേക്ക് അയാളുടെ പിന്നാലെചെന്ന് 11ആ വീടിന്റെ ഉടമസ്ഥനോട്: "'ഞാൻ എന്റെ ശിഷ്യന്മാരോടൊത്തു പെസഹാ കഴിപ്പാനുള്ള വിരുന്നുശാല എവിടെ? എന്ന് ഗുരു ചോദിക്കുന്നു' എന്നു പറവിൻ. 12വിരിച്ചൊരുക്കിയ വിശാലമായൊരു മാളികമുറി അയാൾ നിങ്ങൾക്കു കാണിച്ചുതരും; അവിടെ ഒരുക്കുവിൻ."

13അവർ പോയി യേശു തങ്ങളോടു പറഞ്ഞിരുന്നതുപോലെ കണ്ടു പെസഹാ ഒരുക്കി.

14സമയം ആയപ്പോൾ യേശു അപ്പൊസ്തലന്മാരുമായി ഭക്ഷണത്തിന് ഇരുന്നു. 15 യേശു അവരോടു പറഞ്ഞു: "എന്റെ പീഡാനുഭവത്തിനുമുമ്പ് നിങ്ങളോടുകൂടെ ഈ പെസഹാ കഴിപ്പാൻ ഞാൻ അതിയായി വാഞ്ഛിച്ചു. 16അതു ദൈവരാജ്യത്തിൽ പൂർത്തിയാകുവോളം ഇനി ഞാൻ അതു ഭക്ഷിക്കുകയില്ല എന്നു ഞാൻ നിങ്ങളോടു പറയുന്നു."

17 പിന്നെ പാനപാത്രം എടുത്തു സ്തോത്രം ചെയ്തശേഷം പറഞ്ഞു: "ഇതുവാങ്ങി പങ്കിട്ടുകൊൾവിൻ. 18ദൈവരാജ്യം വരുവോളം മുന്തിരിയുടെ ഫലത്തിൽനിന്നു ഞാൻ വീണ്ടും കുടിക്കുകയില്ല എന്നു ഞാൻ നിങ്ങളോടു പറയുന്നു."

19അനന്തരം അവിടുന്ന് അപ്പം എടുത്തു വാഴ്ത്തി നുറുക്കി അവർക്കു കൊടുത്തുകൊണ്ടു പറഞ്ഞു: "ഇതു നിങ്ങൾക്കുവേണ്ടി നല്കുന്ന എന്റെ ശരീരമാകുന്നു. എന്റെ ഓർമ്മയ്ക്കായി ഇതു ചെയ്യുവിൻ."

20അങ്ങനെതന്നെ അത്താഴത്തിനുശേഷം അവിടുന്ന് പാനപാത്രം കൊടുത്തുകൊണ്ട് പറഞ്ഞു: "ഈ പാനപാത്രം നിങ്ങൾക്കുവേണ്ടി ചൊരിയുന്ന എന്റെ രക്തത്തിലെ പുതിയ ഉടമ്പടിയാകുന്നു. 21എന്നാൽ എന്നെ ഒറ്റിക്കൊടുക്കുന്നവന്റെ കൈ എന്റെ കൈക്ക് അരികെ മേശപ്പുറത്തുണ്ട്. 22നിർണ്ണയിച്ചിരിക്കുന്ന മനുഷ്യപുത്രൻ പോകുന്നു സത്യം; എന്നാൽ അവനെ ഒറ്റിക്കൊടുക്കുന്നവനു ഹാ കഷ്ടം!" 23 "ഇതു ചെയ്യാൻ പോകുന്നവൻ ആരായിരിക്കും" എന്ന് അവർ തമ്മിൽത്തമ്മിൽ ചോദിച്ചു തുടങ്ങി.

24തങ്ങളിൽ ആരെയാണ് ഏറ്റവും ശ്രേഷ്ഠനായി കരുതേണ്ടത് എന്നൊരു തർക്കവും അവരുടെ ഇടയിൽ ഉണ്ടായി. 25 യേശു അവരോടു പറഞ്ഞു: "വിജാതീയരുടെ രാജാക്കന്മാർ അവരുടെമേൽ കർത്തൃത്വം നടത്തുന്നു; അവരുടെമേൽ അധികാരം നടത്തുന്നവരെ ഉപകാരികൾ എന്നു വിളിക്കുകയും ചെയ്യുന്നു. 26 എന്നാൽ നിങ്ങളോ അങ്ങനെയല്ല ചെയ്യേണ്ടത്. നിങ്ങളിൽ ഏറ്റവും വലിയവൻ ഏറ്റവും ഇളയവനെപ്പോലെയും നായകൻ ശുശ്രൂഷിക്കുന്നവനെപ്പോലെയും ആയിരിക്കണം. 27ആരാണു വലിയവൻ? ഭക്ഷണത്തിനിരിക്കുന്നവനോ ശുശ്രൂഷിക്കുന്നവനോ? ഭക്ഷണത്തിനിരിക്കുന്നവനല്ലയോ? ഞാനോ നിങ്ങളുടെ ഇടയിൽ ശുശ്രൂഷകനെപ്പോലെയത്രേ. 28നിങ്ങളാകുന്നു എന്റെ പരീക്ഷകളിൽ എന്നോടുകൂടെ നിന്നവർ. 29എന്റെ പിതാവ് എനിക്ക് ഒരു രാജ്യം തന്നതുപോലെ ഞാൻ നിങ്ങൾക്കും തരുന്നു. 30അങ്ങനെ നിങ്ങൾ എന്റെ രാജ്യത്തിൽ, എന്റെ മേശയിൽനിന്നു തിന്നുകയും കുടിക്കുകയും സിംഹാസനങ്ങളിൽ ഇരുന്ന് യിസ്രായേൽ ഗോത്രം

പന്ത്രണ്ടിനേയും ന്യായം വിധിക്കുകയും ചെയ്യും.
31"ശിമോനേ, ശിമോനേ, സാത്താൻ നിങ്ങളെ ഗോതമ്പുപോലെ പാറ്റേണ്ടതിന് അനുവാദം ചോദിച്ചു; 32എന്നാൽ നിന്റെ വിശ്വാസം നഷ്ടപ്പെടാതിരിപ്പാൻ ഞാൻ നിനക്കുവേണ്ടി അപേക്ഷിച്ചു. നീ വീണ്ടും തിരിഞ്ഞുവന്ന ശേഷം നിന്റെ സഹോദരന്മാരെ ഉറപ്പിച്ചുകൊൾക."
33അതിന് അവൻ, "കർത്താവേ, അങ്ങയോടുകൂടെ തടവിലാകുവാനും മരിപ്പാനും ഞാൻ ഒരുക്കമാണ്" എന്ന് ഉത്തരം പറഞ്ഞു.
34 യേശു അവനോട്: "പത്രോസേ, ഞാൻ നിന്നോടു പറയുന്നു: എന്നെ അറിയുന്നില്ല എന്ന് നീ മൂന്നു പ്രാവശ്യം തള്ളിപ്പറയുംവരെ ഇന്നു കോഴി കൂവുകയില്ല" എന്നു പറഞ്ഞു.
35പിന്നെ യേശു അവരോട് ചോദിച്ചു: "ഞാൻ നിങ്ങളെ പണസഞ്ചിയോ ഭാണ്ഡമോ ചെരിപ്പോ കൂടാതെ അയച്ചപ്പോൾ നിങ്ങൾക്ക് എന്തിനെങ്കിലും കുറവുണ്ടായോ?"
"ഒന്നിനും കുറവുണ്ടായില്ല" അവർ മറുപടി പറഞ്ഞു.
36 അദ്ദേഹം അവരോടു പറഞ്ഞു: "എന്നാൽ ഇപ്പോൾ പണസ്സഞ്ചിയുള്ളവൻ അതു എടുത്തുകൊള്ളട്ടെ അതുപോലെ വാൾ ഉള്ളവനും. വാൾ ഇല്ലാത്തവൻ തന്റെ വസ്ത്രം വിറ്റ് ഒരെണ്ണം വാങ്ങട്ടെ. 37'അവനെ അധർമ്മികളുടെ കൂട്ടത്തിൽ എണ്ണി' [a]എന്ന് എഴുതിയിരിക്കുന്ന വചനം എന്നിൽ നിറവേറേണ്ടതാകുന്നു. അതേ, എന്നെക്കുറിച്ച് എഴുതിയിട്ടുള്ളത് പൂർത്തിയാകണം."
38 അതിനു ശിഷ്യന്മാർ, "ഇതാ, കർത്താവേ, ഇവിടെ രണ്ടു വാൾ ഉണ്ട്" എന്നു പറഞ്ഞു.
"മതി" അദ്ദേഹം ഉത്തരം പറഞ്ഞു.

യേശു ഒലിവുമലയിൽ പ്രാർത്ഥിക്കുന്നു

39പിന്നെ യേശു പുറത്തെത്തി പതിവുപോലെ ഒലിവുമലയിലേക്കു പോയി. ശിഷ്യന്മാർ അദ്ദേഹത്തെ അനുഗമിച്ചു. 40 ആ സ്ഥലത്ത് എത്തിയപ്പോൾ അദ്ദേഹം അവരോട്, "നിങ്ങൾ പരീക്ഷയിൽ അകപ്പെടാതിരിക്കാൻ പ്രാർത്ഥിപ്പിൻ" എന്നു പറഞ്ഞു.
41പിന്നെ അവരിൽനിന്ന് ഒരു കല്ലേറു ദൂരത്തോളം അപ്പുറം ചെന്നു മുട്ടുകുത്തി, 42"പിതാവേ, തിരുവിഷ്ടമെങ്കിൽ ഈ പാനപാത്രം എന്നിൽ നിന്നു നീക്കേണമേ; എങ്കിലും എന്റെ ഇഷ്ടമല്ല, അവിടുത്തെ ഇഷ്ടം തന്നേ ആകട്ടെ" എന്നു പ്രാർത്ഥിച്ചു. 43അദ്ദേഹത്തെ ശക്തിപ്പെടുത്തുവാൻ സ്വർഗ്ഗത്തിൽനിന്ന് ഒരു ദൂതൻ അദ്ദേഹത്തിനു പ്രത്യക്ഷനായി. 44പിന്നെ, അദ്ദേഹം അതിവേദനയിലായി അത്യധികം തീക്ഷ്ണതയോടെ പ്രാർത്ഥിച്ചു. അദ്ദേഹത്തിന്റെ വിയർപ്പ് നിലത്തുവീഴുന്ന വലിയ രക്തത്തുള്ളികൾപോലെ ആയി.
45 അദ്ദേഹം പ്രാർത്ഥന കഴിഞ്ഞ് എഴുന്നേറ്റു ശിഷ്യന്മാരുടെ അടുക്കൽ തിരിച്ചെത്തിയപ്പോൾ, അവർ സങ്കടംകൊണ്ടു തളർന്നു ഉറങ്ങിപ്പോയിരിക്കുന്നതു കണ്ടു; 46 "നിങ്ങൾ ഉറങ്ങുന്നത് എന്ത്? പരീക്ഷയിൽ അകപ്പെടാതിരിപ്പാൻ എഴുന്നേറ്റ് പ്രാർത്ഥിപ്പിൻ," അദ്ദേഹം അവരോടു പറഞ്ഞു.

യേശു ബന്ധനസ്ഥനാകുന്നു

47 യേശു സംസാരിച്ചുകൊണ്ടിരുന്നപ്പോൾത്തന്നേ ഒരു ജനക്കൂട്ടം അവിടെ വന്നുചേർന്നു. പന്തിരുവരിൽ ഒരുവനായ യൂദായാണ് അവരെ നയിച്ചിരുന്നത്. യേശുവിനെ ചുംബിക്കേണ്ടതിന് അയാൾ അദ്ദേഹത്തിന്റെ അടുത്തു ചെന്നു. 48എന്നാൽ യേശു അയാളോട്, "യൂദയേ, നീ ചുംബനം കൊണ്ടാണോ മനുഷ്യപുത്രനെ ഒറ്റിക്കൊടുക്കുന്നത്?" എന്നു ചോദിച്ചു.
49സംഭവിപ്പാൻ പോകുന്നത് എന്തെന്നു കണ്ടിട്ട് യേശുവിന്റെ ചുറ്റും നിന്നിരുന്നവർ, "കർത്താവേ, ഞങ്ങൾ വാളെടുത്തു വെട്ടണമോ?" എന്നു ചോദിച്ചു. 50അവരിൽ ഒരാൾ മഹാപുരോഹിതന്റെ ദാസനെ വെട്ടി, അവന്റെ വലത്തെ കാത് ഛേദിച്ചുകളഞ്ഞു. 51"അരുത്, അതു പാടില്ല" യേശു പറഞ്ഞു. പിന്നെ അദ്ദേഹം അവന്റെ കാതിൽ തൊട്ട് അവനെ സൗഖ്യമാക്കി.
52തനിക്കെതിരേവന്ന മുഖ്യപുരോഹിതന്മാരോടും ദൈവാലയത്തിലെ പടനായകരോടും മൂപ്പന്മാരോടും യേശു പറഞ്ഞു: "എന്ത്? നിങ്ങൾ വാളും വടിയുമായി എന്റെ നേരേ വരുവാൻ ഞാൻ ഒരു കൊള്ളക്കാരനോ? 53ഞാൻ ദിവസേന നിങ്ങളോടുകൂടെ ദൈവാലയത്തിൽ ഇരുന്നിട്ടും നിങ്ങൾ എന്റെ മേൽ കൈവച്ചില്ല. എന്നാൽ ഇതു നിങ്ങളുടെ സമയവും ഇരുട്ടിന്റെ അധികാരവുമാണ്" എന്നു പറഞ്ഞു.

പത്രോസ് യേശുവിനെ തള്ളിപ്പറയുന്നു

54അവർ അദ്ദേഹത്തെ പിടിച്ചു മഹാപുരോഹിതന്റെ വീട്ടിലേക്കു കൊണ്ടുപോയി. പത്രോസ് കുറെ അകലെയായി പിന്നാലെ ചെന്നു. 55 അവർ നടുമുറ്റത്തിനു നടുവിൽ തീ കത്തിച്ച് ഒന്നിച്ചിരുന്നപ്പോൾ പത്രോസും അവരോടുകൂടെയിരുന്നു. 56 അയാൾ തീയുടെ വെളിച്ചത്തിൽ ഇരിക്കുന്നത് ഒരു വേലക്കാരി പെൺകുട്ടി കണ്ട് അയാളെ സൂക്ഷിച്ചു നോക്കിയിട്ട് പറഞ്ഞു: "ഈ മനുഷ്യനും അയാളോടുകൂടെ ഉണ്ടായിരുന്നു."

[a] 37 യെശയ്യാവ് 53: 12

57 എന്നാൽ പത്രൊസ് അതു നിഷേധിച്ചു;
''സ്ത്രീയേ, ഞാൻ അയാളെ അറിയുന്നില്ല''
എന്നു പറഞ്ഞു.
58 കുറെ കഴിഞ്ഞു വേറേ ഒരാൾ അയാളെ
കണ്ടിട്ട്, "നീയും അവരുടെ കൂട്ടത്തിലുള്ളവൻ''
എന്നു പറഞ്ഞു.
''മനുഷ്യാ, ഞാൻ അല്ല'' പത്രൊസ് മറുപടി
പറഞ്ഞു.
59 ഏകദേശം ഒരു മണിക്കൂർ കഴിഞ്ഞു
മറ്റൊരാൾ ഉറപ്പിച്ചു പറഞ്ഞു: ''ഇയാൾ
നിശ്ചയമായും അയാളോടുകൂടെ ഉണ്ടാ
യിരുന്നു. ഇയാളും ഗലീലക്കാരനാണല്ലോ!''
60അതിനു പത്രൊസ്, ''മനുഷ്യാ, നീ
പറയുന്നത് എന്താണെന്ന് എനിക്കു മനസ്സിലാ
കുന്നില്ല'' എന്ന് ഉത്തരം പറഞ്ഞു. ഉടനേ,
അയാൾ പറഞ്ഞുകൊണ്ടിരിക്കുമ്പോൾത്തന്നേ,
കോഴി കൂവി. 61കർത്താവു തിരിഞ്ഞ് പത്രൊ
സിനെ സൂക്ഷിച്ചു നോക്കി. ''ഇന്നു കോഴി
കൂവുന്നതിനുമുൻപേ നീ മൂന്നു പ്രാവശ്യം
എന്നെ തള്ളിപ്പറയും'' എന്നു കർത്താവു
തന്നോടുപറഞ്ഞ വാക്ക് പത്രൊസ് ഓർത്തു.
62അയാൾ പുറത്തുപോയി അതിദുഃഖത്തോടെ
കരഞ്ഞു.

പടയാളികൾ യേശുവിനെ പരിഹസിക്കുന്നു

63യേശുവിനു കാവൽ നിന്നിരുന്നവർ
അദ്ദേഹത്തെ പരിഹസിക്കുവാനും അടിക്കു
വാനും തുടങ്ങി. 64അദ്ദേഹത്തിന്റെ കണ്ണു
മൂടിക്കെട്ടിയിട്ട്, ''പ്രവചിക്കുക, ആരാണു നിന്നെ
തല്ലിയത്?'' എന്ന് അവർ ചോദിച്ചു. 65മറ്റു
പലതും അദ്ദേഹത്തെ ദുഷിച്ചുകൊണ്ട് അവർ
പറഞ്ഞു.

യേശുവിനെ ന്യായാധിപസമിതി
വിസ്തരിക്കുന്നു

66നേരം വെളുത്തപ്പോൾ, മുഖ്യപുരോഹിത
ന്മാരും വേദജ്ഞരും ഉൾപ്പെട്ട ന്യായാധിപ
സമിതി സമ്മേളിച്ച് യേശുവിനെ തങ്ങളുടെ
മുമ്പാകെ വരുത്തി. 67 ''നീ ക്രിസ്തു എങ്കിൽ
ഞങ്ങളോടു പറയുക'' അവർ പറഞ്ഞു.
അതിന് യേശു, ''ഞാൻ നിങ്ങളോടു പറ
ഞ്ഞാൽ നിങ്ങൾ എന്നെ വിശ്വസിക്കുകയില്ല,
68ഞാൻ നിങ്ങളോടു ചോദിച്ചാൽ നിങ്ങൾ
ഉത്തരം പറയുകയുമില്ല. 69 എന്നാൽ ഇപ്പോൾ
മുതൽ മനുഷ്യപുത്രൻ ദൈവശക്തിയുടെ
വലത്തുഭാഗത്ത് ഇരിക്കും'' എന്ന് ഉത്തരം
പറഞ്ഞു.
70''അപ്പോൾ, നീ ദൈവപുത്രൻ തന്നെ
യോ?'' അവർ എല്ലാവരും ചോദിച്ചു.
''നിങ്ങൾ പറയുന്നതു ശരി; ഞാൻ ആകു
ന്നു'' യേശു ഉത്തരം പറഞ്ഞു.
71 അപ്പോൾ അവർ പറഞ്ഞു: ''ഇനി നമുക്ക്
വേറെ സാക്ഷ്യത്തിന്റെ ആവശ്യം എന്ത്? അവ
ന്റെ വായിൽ നിന്നുതന്നേ നാം അതു കേട്ടു
കഴിഞ്ഞിരിക്കുന്നുവല്ലോ.''

യേശു പീലാത്തോസിന്റെയും
ഹെരോദാവിന്റെയും മുന്നിൽ

23 അനന്തരം ആ സംഘം ഒന്നാകെ
എഴുന്നേറ്റ് അദ്ദേഹത്തെ പീലാത്തോ
സിന്റെ അടുത്തേക്കു കൊണ്ടുപോയി. 2 ''ഈ
മനുഷ്യൻ ഞങ്ങളുടെ ജനങ്ങളെ വഴിതെറ്റിക്കു
ന്നതായി ഞങ്ങൾ കണ്ടിരിക്കുന്നു. കൈസർക്കു
കരം കൊടുക്കുന്നത് ഇയാൾ വിലക്കുകയും
താൻ ക്രിസ്തു എന്ന രാജാവാകുന്നുവെന്ന്
അവകാശപ്പെടുകയും ചെയ്യുന്നു'' എന്നു
പറഞ്ഞുകൊണ്ട് അവർ അദ്ദേഹത്തിന്റെമേൽ
കുറ്റം ചുമത്തിത്തുടങ്ങി.
3പീലാത്തോസ് യേശുവിനോട്: ''നീ
യഹൂദരുടെ രാജാവാണോ?'' എന്നു ചോദിച്ചു.
അതിനു യേശു: ''അതേ, താങ്കൾ പറയുന്നതു
ശരിതന്നേ'' എന്ന് ഉത്തരം പറഞ്ഞു.
4അപ്പോൾ പീലാത്തോസ് മുഖ്യപുരോഹിത
ന്മാരോടും ജനക്കൂട്ടത്തോടും പ്രസ്താവിച്ചു:
''ഞാൻ ഈ മനുഷ്യനിൽ കുറ്റമൊന്നും
കാണുന്നില്ല.''
5അതിന് അവർ: ''ഇവൻ ഗലീലയിൽതുടങ്ങി
യഹൂദ്യയിൽ എല്ലായിടത്തും ഇവിടംവരെയും
ജനങ്ങളെ തന്റെ ഉപദേശം കൊണ്ട്
ഇളക്കിവിടുകയാണ്'' എന്നു തറപ്പിച്ചു പറഞ്ഞു.
6 ഇതുകേട്ടപ്പോൾ പീലാത്തോസ് ചോദിച്ചു:
''ഈ മനുഷ്യൻ ഗലീലക്കാരനോ?'' 7 യേശു
ഹെരോദാവിന്റെ അധികാരപരിധിയിൽ
ഉൾപ്പെട്ടവൻ എന്നു അറിഞ്ഞിട്ട് അയാൾ
അദ്ദേഹത്തെ ആ സമയത്തു യെരൂശലേമിൽ
ഉണ്ടായിരുന്ന ഹെരോദാവിന്റെ അടുത്തേക്കു
അയച്ചു.
8ഹെരോദാവ് യേശുവിനെ കണ്ടപ്പോൾ
അത്യന്തം സന്തോഷിച്ചു. അയാൾ വളരെ
ക്കാലമായി അദ്ദേഹത്തെ കാണാൻ ആഗ്രഹി
ച്ചുകൊണ്ടിരിക്കയായിരുന്നു; അദ്ദേഹത്തെക്കു
റിച്ചു കേട്ടിരുന്നതിന്റെ അടിസ്ഥാനത്തിൽ,
അദ്ദേഹം എന്തെങ്കിലും അത്ഭുതം പ്രവർത്തി
ക്കുന്നതു കാണാം എന്ന് ആശിച്ചു. 9അയാൾ
ഒട്ടേറെ ചോദ്യങ്ങൾ യേശുവിനോടു ചോദിച്ചു
വെങ്കിലും യേശു അയാളോട് ഉത്തരമൊന്നും
പറഞ്ഞില്ല. 10മുഖ്യപുരോഹിതന്മാരും വേദ
ജ്ഞരും അദ്ദേഹത്തെ കഠിനമായി കുറ്റം
ചുമത്തിക്കൊണ്ടു നിന്നു. 11ഹെരോദാവും
അയാളുടെ പടയാളികളും അദ്ദേഹത്തെ
പുച്ഛിക്കുകയും പരിഹസിക്കുകയും ചെയ്തു.
പിന്നെ, അദ്ദേഹത്തെ മോടിയുള്ള വസ്ത്രം

ധരിപ്പിച്ചു പീലാത്തോസിന്റെ അടുക്കലേക്കു മടക്കി അയച്ചു. 12അന്ന് ഹെരോദാവും പീലാത്തോസും സ്നേഹിതന്മാരായിത്തീർന്നു; അതിനുമുമ്പ് അവർ ശത്രുതയിലായിരുന്നു.

13പീലാത്തോസ് മുഖ്യപുരോഹിതന്മാരെയും ഭരണാധികാരികളെയും ജനങ്ങളെയും വിളിച്ചുകൂട്ടി അവരോടു പറഞ്ഞു: 14"ഈ മനുഷ്യൻ ജനങ്ങളെ കലഹത്തിനു പ്രേരിപ്പിക്കുന്നു എന്നു പറഞ്ഞ് നിങ്ങൾ ഇയാളെ എന്റെ അടുക്കൽ കൊണ്ടുവന്നു. ഞാൻ നിങ്ങളുടെ മുമ്പാകെ വിസ്തരിച്ചിട്ടും ഇയാൾക്കെതിരേ നിങ്ങൾ നടത്തുന്ന കുറ്റാരോപണങ്ങൾക്ക് അടിസ്ഥാനമൊന്നും കണ്ടില്ല; 15ഹെരോദാവും കണ്ടില്ല; അദ്ദേഹം ഇയാളെ നമ്മുടെ അടുക്കൽ മടക്കി അയച്ചിരിക്കുന്നുവല്ലോ. ഇയാൾ മരണയോഗ്യമായത് ഒന്നും ചെയ്തിട്ടില്ല. 16അതുകൊണ്ട് ഞാൻ ഇയാളെ അടിപ്പിച്ച് വിട്ടയയ്ക്കും." 17ഉത്സവസമയത്ത് ഒരുവനെ അവർക്ക് വിട്ടുകൊടുക്കുവാൻ അയാൾ കടപ്പെട്ടിരുന്നു.

18 അവർ ഒന്നിച്ചു നിലവിളിച്ചു: "ഇവനെ നീക്കിക്കളയുക, ബറബ്ബാസിനെ വിട്ടുതരിക!" 19(ബറബ്ബാസോ നഗരത്തിലുണ്ടായ ഒരു കലാപവും കൊലപാതകവും നിമിത്തം തടവിൽ അടയ്ക്കപ്പെട്ടവൻ ആയിരുന്നു.)

20 യേശുവിനെ വിട്ടയയ്ക്കാൻ ആഗ്രഹിച്ചിട്ടു പീലാത്തോസ് അവരോടു വീണ്ടും സംസാരിച്ചു. 21അവരോ, "അവനെ ക്രൂശിക്കുക, അവനെ ക്രൂശിക്കുക" എന്ന് അട്ടഹസിച്ച് ഉച്ചത്തിൽ നിലവിളിച്ചുകൊണ്ടിരുന്നു. 22അയാൾ മൂന്നാമതും അവരോടു പറഞ്ഞു: " അയാൾ എന്തു കുറ്റമാണ് ചെയ്തത്? മരണശിക്ഷയ്ക്കു യോഗ്യമായത് ഒന്നും ഞാൻ ഈയാളിൽ കണ്ടില്ല; അതുകൊണ്ട് ഞാൻ ഇവനെ അടിപ്പിച്ചു വിട്ടയയ്ക്കും."

23 അവരോ, "അവനെ ക്രൂശിക്കണം" എന്ന് ഉച്ചത്തിൽ നിലവിളിച്ച് നിർബ്ബന്ധപൂർവ്വം ആവശ്യപ്പെട്ടുകൊണ്ടിരുന്നു. അവരുടെ നിലവിളി ഫലിച്ചു. 24അങ്ങനെ, അവരുടെ അപേക്ഷ അനുവദിച്ചുകൊടുക്കാൻ പീലാത്തോസ് ഒടുവിൽ വിധികല്പിച്ചു. 25കലാപവും കൊലപാതകവും നിമിത്തം തടവിലാക്കിയിരുന്നവനെ അവർ ആവശ്യപ്പെട്ടതുപോലെ അയാൾ വിട്ടയയ്ക്കുകയും യേശുവിനെ അവരുടെ ഇഷ്ടത്തിനു വിട്ടുകൊടുക്കുകയും ചെയ്തു.

ക്രൂശീകരണം

26അദ്ദേഹത്തെ കൊണ്ടുപോകുമ്പോൾ, നാട്ടിൻപുറത്തുനിന്നു വരികയായിരുന്ന കുറേനക്കാരനായ ശിമോനെ അവർ പിടിച്ച് ക്രൂശ് ചുമപ്പിച്ച് യേശുവിന്റെ പിന്നാലെ നടത്തി. 27അദ്ദേഹത്തെക്കുറിച്ചു വിലപിക്കുകയും മുറവിളികൂട്ടുകയും ചെയ്യുന്ന സ്ത്രീകളടക്കം ഒരു വലിയ പുരുഷാരം അദ്ദേഹത്തെ പിന്തുടർന്നു. 28 യേശു തിരിഞ്ഞ് അവരോട്, "യെരൂശലേം പുത്രിമാരേ, എന്നെച്ചൊല്ലി കരയേണ്ടാ; നിങ്ങളെയും നിങ്ങളുടെ മക്കളെയും ചൊല്ലി കരയുവിൻ; 29എന്തുകൊണ്ടെന്നാൽ 'വന്ധ്യകളും പ്രസവിച്ചിട്ടില്ലാത്തവരും മുലകുടിപ്പിച്ചിട്ടില്ലാത്തവരും ഭാഗ്യവതികൾ!' എന്നു നിങ്ങൾ പറയുന്ന കാലം വരുന്നു.

30 "അന്ന്, അവർ മലകളോട്, 'ഞങ്ങളുടെ മേൽ വീഴുക' എന്നും കുന്നുകളോട് 'ഞങ്ങളെ മൂടുക' എന്നും പറയും. [a]

31"പച്ചമരത്തോട് മനുഷ്യൻ ഇങ്ങനെ ചെയ്യുന്നുവെങ്കിൽ ഉണങ്ങിയതിന് എന്താണു ഭവിക്കുക?"

32കുറ്റവാളികളായ രണ്ടുപേരെക്കൂടെ അദ്ദേഹത്തോടൊപ്പം കൊല്ലുവാൻ കൊണ്ടുപോയി. 33തലയോടിടം എന്നു പേരുള്ള സ്ഥലത്ത് എത്തിയപ്പോൾ അവിടെ അവർ അദ്ദേഹത്തെയും കുറ്റവാളികളെയും, ഒരുവനെ വലത്തും മറ്റവനെ ഇടത്തുമായി ക്രൂശിച്ചു. 34അപ്പോൾ യേശു: "പിതാവേ, തങ്ങൾ ചെയ്യുന്നത് എന്താണെന്ന് ഇവർ അറിയായ്കയാൽ ഇവരോടു ക്ഷമിക്കേണമേ" എന്നു പറഞ്ഞു. അനന്തരം അവർ അദ്ദേഹത്തിന്റെ വസ്ത്രങ്ങൾ നറുക്കിട്ടു വീതിച്ചെടുത്തു.

35ജനങ്ങൾ അരികെ നോക്കിനിന്നു. അധികാരികൾ ആകട്ടെ, അദ്ദേഹത്തെ പരിഹസിച്ചു. "ഇവൻ മറ്റുള്ളവരെ രക്ഷിച്ചു; ഇവൻ ദൈവത്തിന്റെ തിരഞ്ഞെടുക്കപ്പെട്ട ക്രിസ്തുവെങ്കിൽ സ്വയം രക്ഷിക്കട്ടെ" അവർ പറഞ്ഞു.

36പടയാളികളും അടുത്തുവന്ന് അദ്ദേഹത്തെ പരിഹസിച്ചു. അവർ അദ്ദേഹത്തിനു പുളിച്ച വീഞ്ഞു കൊടുത്തിട്ടു പറഞ്ഞു: 37"നീ യഹൂദന്മാരുടെ രാജാവാണെങ്കിൽ നിന്നെത്തന്നേ രക്ഷിക്കുക."

38"ഇത് യഹൂദന്മാരുടെ രാജാവ് ആണ്" എന്ന ഒരു മേലെഴുത്തും അദ്ദേഹത്തിനുമീതെ ഉണ്ടായിരുന്നു.

39തൂങ്ങിക്കിടന്ന കുറ്റവാളികളിൽ ഒരാൾ, "നീ ക്രിസ്തു അല്ലയോ? നിന്നെത്തന്നേയും ഞങ്ങളെയും രക്ഷിക്കുക" എന്നു പറഞ്ഞ് അദ്ദേഹത്തെ ദുഷിച്ചു.

40മറ്റേ കുറ്റവാളി അയാളെ ശാസിച്ചുകൊണ്ടു പറഞ്ഞു: "തുല്യശിക്ഷാവിധിയിൽ ആയിട്ടും നീ ദൈവത്തെ ഭയപ്പെടുന്നില്ലയോ? 41നമ്മൾ ശിക്ഷ അനുഭവിക്കുന്നതു ന്യായമായിട്ടുതന്നേ; നമ്മുടെ പ്രവൃത്തികൾക്കു തക്കതല്ലോ നമുക്കു

[a] 30 ഹോശേയാ 10:8

കിട്ടിയത്! ഈ മനുഷ്യനോ ഒരു ദോഷവും
ചെയ്തിട്ടില്ല".
42പിന്നെ അയാൾ പറഞ്ഞു: "യേശുവേ,
അങ്ങു രാജത്വം പ്രാപിച്ചു വരുമ്പോൾ എന്നെ
ഓർത്തുകൊള്ളണമേ."
43യേശു അയാളോട്: "ഇന്നു നീ
എന്നോടുകൂടെ പറുദീസയിൽ ആയിരിക്കും
എന്ന് ഞാൻ സത്യമായി നിന്നോടു പറയുന്നു"
എന്നു പറഞ്ഞു.

യേശുവിന്റെ മരണം

44അപ്പോൾ ഏകദേശം ആറാംമണിക്കൂർ
ആയിരുന്നു; സൂര്യൻ ഇരുണ്ടുപോയതുകൊണ്ട്
45ഒമ്പതാംമണിക്കൂർവരെ ദേശത്തെല്ലായി
ടത്തും അന്ധകാരം ഉണ്ടായി. ദൈവാലയ
ത്തിലെ തിരശ്ശീല രണ്ടായി ചീന്തിപ്പോയി.
46യേശു അത്യുച്ചത്തിൽ, "പിതാവേ, അങ്ങ
യുടെ കരങ്ങളിൽ ഞാൻ എന്റെ ആത്മാവിനെ
ഭരമേല്പിക്കുന്നു" എന്നു നിലവിളിച്ചു പറഞ്ഞു.
ഇതു പറഞ്ഞിട്ട് അദ്ദേഹം പ്രാണനെ വിട്ടു.
47സംഭവിച്ചതുകണ്ടിട്ട് ശതാധിപൻ ദൈവ
ത്തെ പുകഴ്ത്തിക്കൊണ്ട്, "നിശ്ചയമായും ഈ
മനുഷ്യൻ നീതിമാനായിരുന്നു" എന്നു പറഞ്ഞു.
48കാണ്മാൻ വന്നുകൂടിയവർ എല്ലാവരും
സംഭവിച്ചതുകണ്ട് നെഞ്ചത്തടിച്ചുകൊണ്ടു
തിരികെപ്പോയി. 49എന്നാൽ ഗലീലയിൽ നിന്ന്
അദ്ദേഹത്തെ അനുഗമിച്ച സ്ത്രീകൾ
ഉൾപ്പെടെ അദ്ദേഹത്തിന്റെ പരിചയക്കാർ
എല്ലാവരും ഇവയെല്ലാം നോക്കിക്കൊണ്ടു
ദൂരത്തുനിന്നു.

യേശുവിന്റെ ശവസംസ്കാരം

50അധികാരസമിതിലെ ഒരംഗവും നല്ലവനും
നീതിമാനും ആയ യോസേഫ് എന്നു പേരുള്ള
ഒരു മനുഷ്യൻ അവിടെ ഉണ്ടായിരുന്നു.
51അയാൾ അവരുടെ തീരുമാനത്തെയും
പ്രവൃത്തിയെയും അനുകൂലിച്ചിരുന്നില്ല.
അയാൾ അരിമഥ്യ എന്ന യഹൂദപട്ടണത്തിൽ
നിന്നുള്ളവനും ദൈവരാജ്യത്തിനായി കാത്തി
രുന്നവനും ആയിരുന്നു. 52അയാൾ പീലാ
ത്തോസിന്റെ അടുക്കൽ ചെന്ന് യേശുവിന്റെ
ശരീരം ആവശ്യപ്പെട്ടു; 53 പിന്നെ അതു
താഴെയിറക്കി വസ്ത്രത്തിൽ പൊതിഞ്ഞു
പാറയിൽ വെട്ടിയുണ്ടാക്കിയിരുന്നതും
ആരെയും അതുവരെ വച്ചിട്ടില്ലാത്തതുമായ ഒരു
കല്ലറയിൽ വച്ചു. 54അന്ന് ഒരുക്കനാളായിരുന്നു;
ശബ്ബത്ത് ആരംഭിക്കാനുള്ള സമയവും
അടുത്തിരുന്നു.
55ഗലീലയിൽ നിന്ന് യേശുവിനോടുകൂടെ
വന്ന സ്ത്രീകൾ യോസേഫിന്റെ പിന്നാലെ
ചെന്ന് കല്ലറയും അതിൽ ശരീരം വച്ച വിധവും
കണ്ടു. 56പിന്നെ അവർ വീട്ടിലേക്കു പോയി
സുഗന്ധദ്രവ്യങ്ങളും പരിമളതൈലവും ഒരുക്കി.
കല്പന അനുസരിച്ച് ശബ്ബത്തിൽ അവർ
വിശ്രമിച്ചു.

ഉയിർത്തെഴുന്നേല്പ്

24 ആഴ്ചയുടെ ആദ്യദിവസം അതി
രാവിലെ ആ സ്ത്രീകൾ തങ്ങൾ
തയ്യാറാക്കിയ സുഗന്ധദ്രവ്യങ്ങൾ എടുത്തു
കൊണ്ട് കല്ലറയ്ക്കൽ എത്തി. 2കല്ലറയിൽ നിന്ന്
കല്ല് ഉരുട്ടിമാറ്റിയിരുന്നതായി അവർ കണ്ടു.
3അകത്തു കടന്നപ്പോൾ അവർ കർത്താവായ
യേശുവിന്റെ ശരീരം കണ്ടില്ല.
4അതിനെക്കുറിച്ച് അവർ ആശ്ചര്യചകിതരാ
യിരിക്കുമ്പോൾ, പെട്ടെന്നു മിന്നൽപോലെ
തിളങ്ങുന്ന വസ്ത്രം ധരിച്ച രണ്ടു പുരുഷന്മാർ
അരികെ നില്ക്കുന്നതു കണ്ടു. 5അവർ ഭയപ്പെട്ടു
മുഖം കുനിച്ചപ്പോൾ ആ പുരുഷന്മാർ അവരോടു
പറഞ്ഞു: "നിങ്ങൾ ജീവിച്ചിരിക്കുന്നവനെ
മരിച്ചവരുടെ ഇടയിൽ അന്വേഷിക്കുന്നത്
എന്ത്? 6അദ്ദേഹം ഇവിടെ ഇല്ല; ഉയിർ
ത്തെഴുന്നേറ്റിരിക്കുന്നു. 7മുമ്പേ നിങ്ങളോടു
കൂടെ ഗലീലയിൽ ആയിരുന്നപ്പോൾ അദ്ദേഹം
നിങ്ങളോട്, 'മനുഷ്യപുത്രൻ പാപികളുടെ
കയ്യിൽ ഏല്പിക്കപ്പെട്ടു ക്രൂശിക്കപ്പെടുകയും
മൂന്നാംനാൾ ഉയിർത്തെഴുന്നേല്ക്കുകയും
വേണം' എന്നു പറഞ്ഞത് ഓർക്കുക" എന്നു
പറഞ്ഞു. 8 അപ്പോൾ അവർ അദ്ദേഹത്തിന്റെ
വാക്കുകൾ ഓർത്തു.
9കല്ലറയ്ക്കൽനിന്നു മടങ്ങിയെത്തിയ ശേഷം
അവർ ഈ കാര്യങ്ങളെല്ലാം പതിനൊ
രുവരോടും മറ്റെല്ലാവരോടും അറിയിച്ചു.
10മഗ്ദലക്കാരി മറിയ, യോഹന്ന, യാക്കോ
ബിന്റെ അമ്മ മറിയ എന്നിവരും അവരോടു
കൂടെ ഉണ്ടായിരുന്ന മറ്റു സ്ത്രീകളുമാണ് ഇത്
അപ്പൊസ്തലന്മാരോടു പറഞ്ഞത്. 11എന്നാൽ
അവരുടെ വാക്കുകൾ വെറും കെട്ടുകഥ പോലെ
തോന്നുകയാൽ അവർ അവരെ വിശ്വസിച്ചില്ല.
12എങ്കിലും പത്രൊസ് എഴുന്നേറ്റു
കല്ലറയ്ക്കലേക്ക് ഓടി. അയാൾ കുനിഞ്ഞു
നോക്കിയപ്പോൾ വസ്ത്രങ്ങൾ മാത്രം അവിടെ
കിടക്കുന്നതു കണ്ട് സംഭവിച്ചതെന്തെന്ന്
ആശ്ചര്യപ്പെട്ട് മടങ്ങിപ്പോന്നു.

എമ്മവൂസിലേക്കുള്ള വഴിയിൽ

13അന്നുതന്നേ അവരിൽ രണ്ടു പേർ യെരൂ
ശലേമിൽ നിന്ന് ഏഴു നാഴിക[a] അകലെയുള്ള
എമ്മവൂസ് എന്ന ഗ്രാമത്തിലേക്കു പോവുക
യായിരുന്നു. 14സംഭവിച്ച സകല കാര്യങ്ങളെ

[a] 13 ഗ്രീക്കിൽ, അറുപതു സ്റ്റേഡിയ (ഏകദേശം 11 കിലോമീറ്റർ)

ക്കുറിച്ചും അവർ അന്യോന്യം സംസാരിച്ചുകൊണ്ടിരുന്നു. 15അങ്ങനെ അവർ സംഭാഷിച്ചും ചർച്ച ചെയ്തുകൊണ്ടും പോകുമ്പോൾ യേശുതന്നേ അടുത്തുചെന്ന് അവരോടു ചേർന്നുനടന്നു. 16എന്നാൽ അദ്ദേഹത്തെ തിരിച്ചറിയാതെവണ്ണം അവരുടെ കണ്ണുകൾ നിരോധിക്കപ്പെട്ടിരുന്നു.

17 അദ്ദേഹം അവരോട്: "യാത്രയ്ക്കിടയിൽ നിങ്ങൾ എന്തു കാര്യമാണ് ചർച്ച ചെയ്യുന്നത്?" എന്നു ചോദിച്ചു.

അവർ വാടിയ മുഖത്തോടെ നിശ്ചലരായി നിലകൊണ്ടു. 18അവരിൽ ക്ലെയോപ്പാവ് എന്നു പേരുള്ള ആൾ അദ്ദേഹത്തോടു ചോദിച്ചു: "യെരൂശലേമിലെ സന്ദർശകരിൽ താങ്കൾ മാത്രമാണോ ഈ നാളുകളിൽ അവിടെ സംഭവിച്ച കാര്യങ്ങൾ അറിയാത്തത്?"

19 "ഏതു കാര്യങ്ങൾ?" അദ്ദേഹം ചോദിച്ചു.

അവർ ഇങ്ങനെ മറുപടി പറഞ്ഞു: "നസറായനായ യേശുവിനെക്കുറിച്ചുള്ളതു തന്നേ. അദ്ദേഹം ദൈവത്തിന്റെയും സകലജനത്തിന്റെയും മുമ്പാകെ പ്രവൃത്തിയിലും വാക്കിലും ശക്തിയുള്ള പ്രവാചകൻ ആയിരുന്നു. 20ഞങ്ങളുടെ മുഖ്യപുരോഹിതന്മാരും ഭരണാധികാരികളും അദ്ദേഹത്തെ മരണശിക്ഷയ്ക്ക് ഏല്പിച്ചുകൊടുക്കുകയും അവർ അദ്ദേഹത്തെ ക്രൂശിക്കുകയും ചെയ്തു. 21 ഞങ്ങളോ, യിസ്രായേലിനെ വീണ്ടെടുപ്പാൻ പോകുന്നത് അദ്ദേഹമാണെന്ന് ആശിച്ചിരുന്നു. എന്തിനു പറയുന്നു? ഇതൊക്കെ സംഭവിച്ചിട്ട് ഇന്നു മൂന്നാം നാൾ ആകുന്നു. 22അതുമാത്രവുമല്ല, ഞങ്ങളുടെ കൂട്ടത്തിലുള്ള ചില സ്ത്രീകൾ ഞങ്ങളെ അമ്പരപ്പിച്ചിരിക്കുന്നു; അവർ ഇന്ന് അതിരാവിലെ കല്ലറയ്ക്കൽ ചെന്നു; 23എന്നാൽ അദ്ദേഹത്തിന്റെ ശരീരം കണ്ടില്ല. അവർ വന്നു ഞങ്ങളോട്, അദ്ദേഹം ജീവിച്ചിരിക്കുന്നുവെന്നു പറയുന്ന ദൂതന്മാരെ ദർശനത്തിൽ കണ്ടതായി പറഞ്ഞു. 24അപ്പോൾ ഞങ്ങളുടെ കൂട്ടുകാരിൽ ചിലർ കല്ലറയ്ക്കലേക്കു പോയി, സ്ത്രീകൾ പറഞ്ഞിരുന്നതുപോലെതന്നേ കണ്ടു. അദ്ദേഹത്തെയോ അവർ കണ്ടില്ല."

25അദ്ദേഹം അവരോടു പറഞ്ഞു: "ഹാ! നിങ്ങൾ എത്ര ബുദ്ധിഹീനർ! പ്രവാചകന്മാർ പ്രസ്താവിച്ചിട്ടുള്ളതെല്ലാം വിശ്വസിക്കാതിരിക്കുന്ന മന്ദബുദ്ധികൾ! 26 ക്രിസ്തു ഇവയെല്ലാം സഹിച്ചതിനുശേഷം തന്റെ മഹത്ത്വത്തിൽ പ്രവേശിക്കേണ്ടതല്ലയോ?" 27 പിന്നെ അദ്ദേഹം തന്നെക്കുറിച്ചു മോശെയും സകലപ്രവാചകന്മാരും മുതൽ എല്ലാ തിരുവെഴുത്തുകളിലും പറഞ്ഞിട്ടുള്ളത് അവർക്കു വ്യാഖ്യാനിച്ചുകൊടുത്തു.

28അവർ തങ്ങൾക്കുപോകേണ്ടിയിരുന്ന ഗ്രാമത്തോടു സമീപിച്ചപ്പോൾ യേശു മുമ്പോട്ടുപോകുന്നതായി ഭാവിച്ചു. 29അപ്പോൾ അവർ, "ഞങ്ങളുടെകൂടെ താമസിക്കുക; നേരം വൈകാറായല്ലോ; പകൽ അവസാനിക്കാൻ തുടങ്ങുന്നു" എന്നു പറഞ്ഞ് അദ്ദേഹത്തെ നിർബ്ബന്ധിച്ചു. അങ്ങനെ അദ്ദേഹം അവരോടുകൂടെ പാർക്കാൻ ചെന്നു.

30അവരോടൊപ്പം ഭക്ഷണത്തിന് ഇരിക്കുമ്പോൾ അദ്ദേഹം അപ്പം എടുത്തു വാഴ്ത്തി നുറുക്കി അവർക്കു കൊടുത്തു. 31അപ്പോൾ അവരുടെ കണ്ണുകൾ തുറന്നു. അവർ അദ്ദേഹത്തെ തിരിച്ചറിഞ്ഞു; അദ്ദേഹം അവരുടെ ദൃഷ്ടിയിൽനിന്നു മറയുകയും ചെയ്തു. 32"അദ്ദേഹം വഴിയിൽ വച്ചു നമ്മോടു സംസാരിക്കുകയും തിരുവെഴുത്തുകൾ വിശദീകരിച്ചുതരികയും ചെയ്തപ്പോൾ നമ്മുടെ ഹൃദയം കത്തിക്കൊണ്ടിരുന്നില്ലേ?" അവർ തമ്മിൽത്തമ്മിൽ ചോദിച്ചു. 33അവർ ഉടൻതന്നേ എഴുന്നേറ്റ് യെരൂശലേമിലേക്കു മടങ്ങിപ്പോയി. 34 "ഇതു സത്യം! കർത്താവ് ഉയിർത്തെഴുന്നേറ്റിരിക്കുന്നു; അവിടുന്നു ശിമോനു പ്രത്യക്ഷനായി" എന്ന് കൂടിയിരുന്നു പറയുന്ന പതിനൊരുവരെയും കൂടെയുള്ളവരെയും കണ്ടു. 35തങ്ങളുടെ യാത്രയിൽ സംഭവിച്ചതും യേശു അപ്പം നുറുക്കുമ്പോൾ അദ്ദേഹത്തെ തങ്ങൾ തിരിച്ചറിഞ്ഞതും അവർ വിവരിച്ചു പറഞ്ഞു.

യേശു ശിഷ്യന്മാർക്കു പ്രത്യക്ഷനാകുന്നു

36ഇതേക്കുറിച്ച് അവർ സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ യേശു അവരുടെ നടുവിൽനിന്നുകൊണ്ട് അവരോട്, "നിങ്ങൾക്കു സമാധാനം." എന്നു പറഞ്ഞു.

37അവർ ഞെട്ടിപ്പോയി; ഒരു ഭൂതത്തെ കാണുന്നു എന്നു വിചാരിച്ച് അവർ വല്ലാതെ പേടിച്ചു. 38അദ്ദേഹം അവരോടു പറഞ്ഞു: "നിങ്ങൾ കലങ്ങുന്നതെന്ത്? നിങ്ങളുടെ മനസ്സിൽ സംശയങ്ങൾ ഉയരുന്നതും എന്ത്? 39എന്റെ കൈകളും കാലുകളും കാണുവിൻ. ഇതു ഞാൻ തന്നേ! എന്നെ തൊട്ടു നോക്കുവിൻ. എനിക്കുള്ളതായി നിങ്ങൾ കാണുന്നതുപോലെ ഭൂതത്തിനു മാംസവും അസ്ഥികളും ഇല്ലല്ലോ."

40ഇതു പറഞ്ഞിട്ട് അദ്ദേഹം തന്റെ കൈയും കാലും അവർക്കു കാണിച്ചുകൊടുത്തു. 41സന്തോഷത്താൽ വിശ്വസിക്കാനാകാതെ അവർ ആശ്ചര്യപ്പെട്ടുനില്ക്കുമ്പോൾ അദ്ദേഹം അവരോട്: "തിന്നുവാൻ എന്തെങ്കിലും ഇവിടെ നിങ്ങളുടെ പക്കൽ ഉണ്ടോ?" എന്നു ചോദിച്ചു. 42അവർ അദ്ദേഹത്തിന് ഒരു കഷണം വറുത്ത മീൻ കൊടുത്തു. 43അദ്ദേഹം അതെടുത്ത്

അവർ കാൺകെ തിന്നു.

44പിന്നെ അദ്ദേഹം അവരോടു പറഞ്ഞു: "ഇതാകുന്നു നിങ്ങളോടുകൂടെ ആയിരുന്നപ്പോൾ ഞാൻ നിങ്ങളോടു പറഞ്ഞത്: മോശെയുടെ ന്യായപ്രമാണത്തിലും പ്രവാചകപുസ്തകങ്ങളിലും സങ്കീർത്തനങ്ങളിലും എന്നെക്കുറിച്ച് എഴുതിയിരിക്കുന്നതെല്ലാം നിറവേറണം."

45പിന്നെ, തിരുവെഴുത്തുകൾ ഗ്രഹിക്കേണ്ടതിന് അദ്ദേഹം അവരുടെ മനസ്സുകൾ തുറന്നു. 46 അദ്ദേഹം അവരോടു പറഞ്ഞു: "ക്രിസ്തു കഷ്ടതകൾ സഹിക്കുകയും മരിച്ചവരിൽ നിന്നു മൂന്നാം ദിവസം ഉയിർത്തെഴുന്നേല്ക്കുകയും 47യെരൂശലേമിൽ തുടങ്ങി സകല ജാതികളോടും അവിടുത്തെ നാമത്തിൽ മാനസാന്തരവും പാപമോചനവും പ്രസംഗിക്കപ്പെടുകയും വേണം' എന്നിങ്ങനെ എഴുതിയിരിക്കുന്നു. 48ഈ കാര്യങ്ങൾക്കു നിങ്ങൾ സാക്ഷികൾ ആകുന്നു. 49എന്റെ പിതാവു വാഗ്ദാനം ചെയ്തത് ഞാൻ നിങ്ങളുടെമേൽ അയയ്ക്കും: എന്നാൽ നിങ്ങൾ ഉയരത്തിൽ നിന്നു ശക്തി ധരിക്കുന്നതുവരെ നഗരത്തിൽ താമസിക്കുവിൻ."

സ്വർഗ്ഗാരോഹണം

50 അനന്തരം അദ്ദേഹം അവരെ ബേഥാന്യവരെ കൂട്ടിക്കൊണ്ടുപോയി, കൈകൾ ഉയർത്തി അവരെ അനുഗ്രഹിച്ചു. 51അവരെ അനുഗ്രഹിച്ചുകൊണ്ടിരിക്കെ അദ്ദേഹം അവരെ വിട്ടു പിരിഞ്ഞു സ്വർഗ്ഗത്തിലേക്ക് എടുക്കപ്പെട്ടു. 52അവർ അദ്ദേഹത്തെ നമസ്കരിച്ചിട്ട് മഹാസന്തോഷത്തോടെ യെരൂശലേമിലേക്കു മടങ്ങിപ്പോന്നു; 53അവർ എല്ലായ്പോഴും ദൈവാലയത്തിലിരുന്നു ദൈവത്തെ സ്തുതിച്ചുപോന്നു.

യോഹന്നാൻ

വചനം ശരീരമായിത്തീർന്നു

1 ആദിയിൽ വചനം ഉണ്ടായിരുന്നു; വചനം
ദൈവത്തോടുകൂടെ ആയിരുന്നു; വചനം
ദൈവമായിരുന്നു. 2അവിടുന്ന് ആദിയിൽ
ദൈവത്തോടുകൂടെ ആയിരുന്നു.
3സകലവും വചനം മുഖാന്തരം ഉളവായി;
ഉളവായതൊന്നും അവിടുത്തെക്കൂടാതെ
ഉളവായതല്ല. 4വചനത്തിൽ ജീവൻ ഉണ്ടാ
യിരുന്നു; ജീവൻ മനുഷ്യരുടെ വെളിച്ചം ആയി
രുന്നു. 5വെളിച്ചം ഇരുളിൽ പ്രകാശിക്കുന്നു;
ഇരുളോ അതിനെ കീഴടക്കിയില്ല. *a*
6ദൈവം അയച്ച ഒരു മനുഷ്യൻ വന്നു;
അദ്ദേഹത്തിന്റെ പേർ യോഹന്നാൻ എന്നാ
യിരുന്നു. 7അദ്ദേഹം സാക്ഷ്യം വഹിക്കുവാൻ,
താൻ മുഖേന സകല മനുഷ്യരും വിശ്വസിക്കേ
ണ്ടതിന്, ആ വെളിച്ചത്തെക്കുറിച്ച് സാക്ഷ്യം
വഹിക്കുവാൻ തന്നേ, വന്നു. 8അദ്ദേഹം വെളിച്ചം
ആയിരുന്നില്ല; വെളിച്ചത്തിനു സാക്ഷിയായി
മാത്രമാണ് അദ്ദേഹം വന്നത്.
9ഏതു മനുഷ്യനെയും പ്രകാശിപ്പിക്കുന്ന
സത്യവെളിച്ചം ലോകത്തിലേക്കു വന്നു
കൊണ്ടിരുന്നു. *b*
10അവിടുന്നു ലോകത്തിൽ ഉണ്ടായിരുന്നു;
ലോകം ഉളവായതിനു ഹേതു അവിടുന്നുതന്നേ;
എങ്കിലും ലോകം അവിടുത്തെ തിരിച്ചറിഞ്ഞില്ല.
11അവിടുന്നു സ്വന്തമായതിലേക്കു വന്നു;
എന്നാൽ സ്വന്തക്കാർ അവിടുത്തെ സ്വീകരിച്ചില്ല.
12തന്നെ കൈക്കൊണ്ടു തന്റെ നാമത്തിൽ
വിശ്വസിക്കുന്ന എല്ലാവർക്കും ദൈവമക്കൾ
ആകുവാൻ അവിടുന്ന് അധികാരം കൊടുത്തു.
13അവർ വംശപരമ്പരയാലോ ജഡേച്ഛ
യാലോ മനുഷ്യഹിതത്താലോ ജനിച്ചവരല്ല;
പിന്നെയോ, ദൈവത്തിൽ നിന്നു ജനിച്ചവരത്രേ.
14വചനം ശരീരമായിത്തീർന്നു നമ്മുടെ
ഇടയിൽ പാർത്തു. ഞങ്ങൾ അവിടുത്തെ
തേജസ്സ്, പിതാവിന്റെ അടുക്കൽനിന്നു കൃപയും
സത്യവും നിറഞ്ഞവനായി വന്ന ഏകജാതന്റെ
തേജസ്സു തന്നേ, കണ്ടിരിക്കുന്നു.
15യോഹന്നാൻ അദ്ദേഹത്തെക്കുറിച്ചു
സാക്ഷ്യം വഹിച്ചുകൊണ്ട് ഇങ്ങനെ ഉദ്ഘോ
ഷിച്ചു: "എന്റെ പിന്നാലെ വരുന്നവൻ
എനിക്കുമുമ്പേ ഉള്ളവനാകയാൽ എന്നെക്കാൾ
ശ്രേഷ്ഠൻ എന്നു ഞാൻ പറഞ്ഞയാൾ ഇദ്ദേഹം
തന്നെ." 16അവിടുത്തെ നിറവിൽ നിന്നു
നമുക്കേവർക്കും കൃപമേൽകൃപ ലഭിച്ചിരിക്കുന്നു.
17എന്തെന്നാൽ ന്യായപ്രമാണം മോശെ
മുഖേന നല്കപ്പെട്ടു; കൃപയും സത്യവും യേശു
ക്രിസ്തു മുഖേന വന്നു. 18ദൈവത്തെ ആരും
ഒരിക്കലും കണ്ടിട്ടില്ല; പിതാവിനോടു ചേർ
ന്നിരിക്കുന്ന ദൈവമായ ഏകജാതൻ *d*
അവിടുത്തെ വെളിപ്പെടുത്തിയിരിക്കുന്നു.

താൻ ക്രിസ്തു അല്ല എന്നു
യോഹന്നാൻ സ്നാപകൻ

19താങ്കൾ ആരാകുന്നു എന്നു യോഹന്നാ
നോടു ചോദിക്കാൻ യെരൂശലേമിലെ യഹൂദർ
പുരോഹിതന്മാരെയും ലേവ്യരെയും അയച്ച
പ്പോൾ, അദ്ദേഹത്തിന്റെ സാക്ഷ്യം ഇതായി
രുന്നു: 20 "ഞാൻ ക്രിസ്തു അല്ല" ഒട്ടും മടി
ക്കാതെ അദ്ദേഹം ഏറ്റുപറഞ്ഞു.
21"താങ്കൾ ആരാകുന്നു? ഏലിയാവോ?" അവർ
ചോദിച്ചു. "അല്ല" അദ്ദേഹം പറഞ്ഞു.
"താങ്കൾ ആ പ്രവാചകനോ?"
"അല്ല" അദ്ദേഹം വീണ്ടും പറഞ്ഞു.
22ഒടുവിലായി അവർ ഇങ്ങനെ ചോദിച്ചു.
"എങ്കിൽ താങ്കൾ ആരാണ്? ഞങ്ങളെ
അയച്ചവരോടു പറയേണ്ടതിനു ഞങ്ങൾക്ക് ഒരു
മറുപടി തന്നാലും. താങ്കളെക്കുറിച്ചു താങ്കൾ ത
ന്നെ എന്തു പറയുന്നു?"
23അതിനു യോഹന്നാൻ യെശയ്യാപ്രവാ
ചകന്റെ വാക്കുകളിലൂടെ ഉത്തരം പറഞ്ഞു:
"കർത്താവിനുവേണ്ടി വഴി നേരെയാക്കുവിൻ
എന്നു മരുഭൂമിയിൽ വിളിച്ചുപറയുന്നവന്റെ
ശബ്ദമാണു ഞാൻ." *e*

a 5 അഥവാ *ഗ്രഹിച്ചില്ല.* *b* 9 അഥവാ, *ലോകത്തിലേക്കു വരുന്ന ഏതു മനുഷ്യനെയും പ്രകാശിപ്പിക്കുന്ന സത്യവെളിച്ചം ഇതായിരുന്നു.* *c* 13 ഗ്രീക്കിൽ, *രക്തത്താലോ* *d* 18ചില കയ്യെഴുത്തു പ്രതികളിൽ, *ചേർന്നിരിക്കുന്ന ഏകജാതനായ പുത്രൻ* *e* 23യെശയ്യാവ് 40:3

24അയയ്ക്കപ്പെട്ടിരുന്ന ചില പരീശന്മാർ:
25"താങ്കൾ ക്രിസ്തുവോ, ഏലിയാവോ ആ
പ്രവാചകനോ അല്ലെങ്കിൽ പിന്നെ എന്തുകൊണ്ട്
സ്നാനം കഴിപ്പിക്കുന്നു?" എന്നു ചോദിച്ചു.
26അതിനു യോഹന്നാൻ: "ഞാൻ വെള്ളം
കൊണ്ടു[a] സ്നാനം കഴിപ്പിക്കുന്നു; എന്നാൽ
നിങ്ങൾ അറിയാത്ത ഒരാൾ നിങ്ങളുടെ ഇടയിൽ
നില്ക്കുന്നുണ്ട്. 27അദ്ദേഹമാണ് എന്റെറ
പിന്നാലെ വരുന്നവൻ; അദ്ദേഹത്തിന്റെറ
ചെരിപ്പിന്റെറ വാറ് അഴിക്കുവാൻ ഞാൻ
യോഗ്യനല്ല" എന്ന് ഉത്തരം പറഞ്ഞു.
28ഇതെല്ലാം, യോഹന്നാൻ സ്നാനം
കഴിപ്പിച്ചുകൊണ്ടിരുന്ന യോർദ്ദാന്റെറ മറുകര
യിലുള്ള ബേഥാന്യയിൽ സംഭവിച്ചു.

യേശു ദൈവത്തിന്റെറ കുഞ്ഞാട്

29പിറ്റേന്നാൾ യേശു തന്റെറ അടുക്കലേക്കു
വരുന്നതു കണ്ടിട്ട് യോഹന്നാൻ പറഞ്ഞു: "ഇതാ,
ലോകത്തിന്റെറ പാപം ചുമന്നു നീക്കുന്ന
ദൈവത്തിന്റെറ കുഞ്ഞാട്! 30എന്റെറ പിന്നാലെ
വരുന്നവൻ എനിക്കു മുമ്പേ ഉള്ളവനാകയാൽ
എന്നെക്കാൾ ശ്രേഷ്ഠൻ എന്നു ഞാൻ പറഞ്ഞത്
ഇദ്ദേഹത്തെപ്പറ്റിയാണ്. 31ഞാൻ തന്നേയും
അദ്ദേഹത്തെ മനസ്സിലാക്കിയില്ല. എന്നാൽ
അദ്ദേഹം യിസ്രായേലിനു വെളിപ്പെ
ടേണ്ടതിനാണു ഞാൻ വെള്ളംകൊണ്ടു സ്നാനം
കഴിപ്പിക്കാൻ വന്നത്."
32യോഹന്നാൻ ഇങ്ങനെ സാക്ഷ്യം തുടർന്നു:
"ആത്മാവു പ്രാവുപോലെ സ്വർഗ്ഗത്തിൽനിന്ന്
ഇറങ്ങിവരുന്നതും അദ്ദേഹത്തിന്റെറമേൽ
ആവസിക്കുന്നതും ഞാൻ കണ്ടു. 33ഞാൻ
അദ്ദേഹത്തെ തിരിച്ചറിയാതെ പോകുമായിരുന്നു;
എന്നാൽ വെള്ളത്തിൽ സ്നാനം കഴിപ്പിക്കുവാൻ
എന്നെ അയച്ചവൻ എന്നോട്: "ആരുടെമേൽ
ആത്മാവ് ഇറങ്ങിവന്ന് ആവസിക്കുന്നതു നീ
കാണുമോ അവൻ പരിശുദ്ധാത്മാവിനാൽ
സ്നാനം കഴിപ്പിക്കുന്നവൻ ആകുന്നു" എന്നു
പറഞ്ഞിരുന്നു. 34ഞാൻ അതു കാണുകയും
അദ്ദേഹം ദൈവപുത്രനാണെന്നു സാക്ഷ്യ
പ്പെടുത്തുകയും ചെയ്തിരിക്കുന്നു.

യേശുവിന്റെറ ആദ്യശിഷ്യന്മാർ

35പിറ്റേ ദിവസം യോഹന്നാൻ തന്റെറ
ശിഷ്യന്മാരിൽ രണ്ടുപേരുമായി വീണ്ടും അവിടെ
നില്ക്കുകയായിരുന്നു. 36അപ്പോൾ, യേശു
പോകുന്നതു കണ്ട് അദ്ദേഹം "ഇതാ,
ദൈവത്തിന്റെറ കുഞ്ഞാട്!" എന്നു പറഞ്ഞു.
37ഇതു കേട്ട് ആ ശിഷ്യന്മാർ രണ്ടുപേരും
യേശുവിനെ അനുഗമിച്ചു. 38യേശു തിരിഞ്ഞ്
അവർ തന്റെറ പിന്നാലെ വരുന്നതു കണ്ട്
അവരോട്: "നിങ്ങൾ എന്ത് അന്വേഷിക്കുന്നു?"
എന്നു ചോദിച്ചു.
അവർ "റബ്ബീ (എന്നുവച്ചാൽ ഗുരോ) അങ്ങ്
എവിടെ പാർക്കുന്നു?" എന്നു ചോദിച്ചു.
39 "വന്നു കാണുവിൻ" അദ്ദേഹം മറുപടി
പറഞ്ഞു.
അങ്ങനെ അവർ ചെന്ന് അദ്ദേഹം പാർത്തി
രുന്ന സ്ഥലം കാണുകയും അന്ന് അദ്ദേഹ
ത്തോടുകൂടെ പാർക്കുകയും ചെയ്തു. അപ്പോൾ
സമയം ഏകദേശം പത്താംമണിക്കൂർ ആയിരുന്നു.
40യോഹന്നാൻ പറഞ്ഞതുകേട്ട് യേശുവിനെ
അനുഗമിച്ച രണ്ടു പേരിൽ ഒരാൾ ശിമോൻ
പത്രോസിന്റെറ സഹോദരനായ അന്ത്രെയാസ്
ആയിരുന്നു. 41അന്ത്രെയാസ് ആദ്യംതന്നേ
തന്റെറ സഹോദരനായ ശിമോനെ ചെന്നുകണ്ട്,
"ഞങ്ങൾ മശീഹയെ അതായത് ക്രിസ്തുവിനെ
കണ്ടെത്തിയിരിക്കുന്നു" എന്നു പറഞ്ഞു.
42അയാൾ ശിമോനെ യേശുവിന്റെറ അടുക്കൽ
കൊണ്ടുചെന്നു.
യേശു അയാളെ നോക്കി പറഞ്ഞു:
"നീ യോഹന്നാന്റെറ മകനായ ശിമോൻ
ആകുന്നു. നിനക്കു കേഫാ എന്നു പേരാകും."
കേഫാ എന്ന വാക്കിനു പത്രോസ് എന്നാ
ണർത്ഥം.[b]

യേശു ഫിലിപ്പൊസിനെയും
നഥനയേലിനെയും വിളിക്കുന്നു

43പിറ്റേ ദിവസം യേശു ഗലീലയ്ക്കു പോകു
വാൻ നിശ്ചയിച്ചു. അദ്ദേഹം ഫിലിപ്പൊസിനെ
കണ്ട്, "എന്നെ അനുഗമിക്കുക" എന്ന് അയാ
ളോടു പറഞ്ഞു.
44ഫിലിപ്പൊസ് അന്ത്രെയാസിനെയും
പത്രൊസിനെയുംപോലെ ബേത്ത്സയിദ
പട്ടണത്തിൽനിന്നുള്ളവൻ ആയിരുന്നു.
45ഫിലിപ്പൊസ് നഥനയേലിനെ കണ്ട്
അയാളോടു പറഞ്ഞു: "മോശെ ന്യായ
പ്രമാണത്തിലും പ്രവാചകന്മാർ അവരുടെ
ലിഖിതങ്ങളിലും എഴുതിയിരിക്കുന്നവനെ
ഞങ്ങൾ കണ്ടെത്തിയിരിക്കുന്നു - അതു
യോസേഫിന്റെറ പുത്രനായ നസറെത്തിലെ
യേശു തന്നേ."
46"നസറെത്തോ! അവിടെനിന്നു വല്ല നന്മയും
വരുമോ?" നഥനയേൽ ചോദിച്ചു. " വന്നു
കാണുക" ഫിലിപ്പൊസ് മറുപടി പറഞ്ഞു.
47നഥനയേൽ തന്റെറ അടുക്കലേക്കു
വരുന്നതു കണ്ട് യേശു പറഞ്ഞു: "ഇതാ, ഒരു
യഥാർത്ഥ യിസ്രായേല്യൻ; ഇയാളിൽ യാതൊരു
കാപട്യവും ഇല്ല."

[a] 26 അഥവാ *വെള്ളത്തിൽ* 31, 33 വാക്യങ്ങളും കാണുക. [b] 42 *കേഫാ*, (അരാമ്യപദം), *പത്രൊസ്* (ഗ്രീക്ക്) എന്നിവയുടെ അർത്ഥം *പാറ* എന്നാണ്.

48"അവിടുന്ന് എന്നെ എങ്ങനെ അറിയും?
"നഥനയേൽ ചോദിച്ചു. "ഫിലിപ്പൊസ് നിന്നെ
വിളിക്കുന്നതിനുമുമ്പ് നീ അത്തിമരത്തിനു
കീഴിലിരിക്കുമ്പോൾ ഞാൻ നിന്നെ കണ്ടു" എന്ന്
യേശു ഉത്തരം പറഞ്ഞു.
49"റബ്ബീ, അങ്ങു ദൈവപുത്രൻ; അങ്ങാണ്
യിസ്രായേലിന്റെ രാജാവ്" നഥനയേൽ
പ്രസ്താവിച്ചു.
50അതിന് യേശു, "ഞാൻ നിന്നെ
അത്തിമരത്തിന്റെ കീഴിലിരിക്കുന്നതായി കണ്ടു
എന്നു പറഞ്ഞതുകൊണ്ടു നീ വിശ്വസിക്കുന്നു.[a]
അതിലും വലിയ കാര്യങ്ങൾ നീ കാണും." എന്ന്
ഉത്തരം പറഞ്ഞു. 51അവിടുന്നു തുടർന്നു
പറഞ്ഞു: "സത്യമായി സത്യമായി ഞാൻ
നിങ്ങളോടു പറയുന്നു: സ്വർഗ്ഗം തുറന്നി
രിക്കുന്നതും ദൈവദൂതന്മാർ കയറുന്നതും
മനുഷ്യപുത്രന്റെമേൽ ഇറങ്ങുന്നതും നിങ്ങൾ
കാണും."

യേശു വെള്ളം വീഞ്ഞാക്കുന്നു

2 മൂന്നാം ദിവസം ഗലീലയിലെ കാനായിൽ
ഒരു വിവാഹം നടന്നു. യേശുവിന്റെ അമ്മ
അവിടെ ഉണ്ടായിരുന്നു. 2യേശുവിനെയും
ശിഷ്യന്മാരെയും വിവാഹത്തിനു ക്ഷണിച്ചിരുന്നു.
3വീഞ്ഞു തികയാതെ വന്നപ്പോൾ യേശുവിന്റെ
അമ്മ, "അവർക്കു വീഞ്ഞു തീർന്നുപോയി"
എന്നു യേശുവിനോടു പറഞ്ഞു.
4അതിന് യേശു: "സ്ത്രീയേ, എന്നെ ഇതിൽ
എന്തിനു ബന്ധപ്പെടുത്തുന്നു? എന്റെ സമയം
ഇതുവരെയും വന്നിട്ടില്ല" എന്ന് ഉത്തരം പറഞ്ഞു.
5യേശുവിന്റെ അമ്മ വേലക്കാരോട്:
"അദ്ദേഹം നിങ്ങളോട് എന്തു കല്പിച്ചാലും അതു
ചെയ്യുവിൻ" എന്നു പറഞ്ഞു.
6അവിടെ യഹൂദർ ആചാരപരമായ
ശുദ്ധീകരണത്തിനു വെള്ളം നിറയ്ക്കാൻ
ഉപയോഗിച്ചിരുന്നതും എഴുപത്തഞ്ചു മുതൽ
നൂറ്റിപ്പതിനഞ്ചുവരെ ലിറ്റർ കൊള്ളുന്നതുമായ
ആറു കല്ഭരണികൾ ഉണ്ടായിരുന്നു.
7യേശു വേലക്കാരോട്: " ഈ ഭരണികളിൽ
വെള്ളം നിറയ്ക്കുവിൻ"എന്നു പറഞ്ഞു; അവർ
വക്കുവരെ കോരി നിറച്ചു.
8"ഇപ്പോൾ കുറച്ചു പകർന്നെടുത്തു
കലവറക്കാരനു കൊടുക്കുക"എന്ന് അദ്ദേഹം
കല്പിച്ചു.
അവർ അങ്ങനെ ചെയ്തു. 9കലവറക്കാരൻ
വീഞ്ഞായിത്തീർന്ന വെള്ളം രുചിച്ചുനോക്കി.
അത് എവിടെനിന്നെന്നു വേലക്കാർക്ക്
അറിയാമായിരുന്നെങ്കിലും അയാൾക്ക്
അറിഞ്ഞുകൂടായിരുന്നു. അയാൾ മണവാളനെ
അരികിൽ വിളിച്ചു പറഞ്ഞു: 10എല്ലാവരും അതി
ഥികൾക്ക് ആദ്യം നല്ല വീഞ്ഞും, ഏറെ കുടിച്ചു
കഴിയുമ്പോൾ താണതരം വീഞ്ഞും വിളമ്പുന്നു;
എന്നാൽ താങ്കൾ ഏറ്റവും നല്ലതു സൂക്ഷിച്ചു
വച്ചിരുന്നല്ലോ.
11യേശു ഗലീലയിലെ കാനായിൽവച്ച്
അടയാളങ്ങളുടെ ആരംഭമായി ഇതു ചെയ്തു.
അങ്ങനെ അവിടുന്ന് തന്റെ മഹത്ത്വം
വെളിപ്പെടുത്തി. ശിഷ്യന്മാർ അദ്ദേഹത്തിൽ
വിശ്വസിച്ചു.

യേശു ദൈവാലയം ശുദ്ധീകരിക്കുന്നു

12അനന്തരം അവിടുന്നു തന്റെ അമ്മയോടും
സഹോദരന്മാരോടും ശിഷ്യന്മാരോടും കൂടെ
കഫർന്നഹൂമിലേക്ക് പോയി. അവിടെ അവർ
ഏതാനും ദിവസം താമസിച്ചു.
13യഹൂദരുടെ പെസഹാ സമീപിച്ചിരുന്നതു
കൊണ്ട് യേശു യെരൂശലേമിലേക്കു പോയി.
14ദൈവാലയാങ്കണത്തിൽ ആടുമാടുകൾ,
പ്രാവുകൾ എന്നിവ വില്ക്കുന്നവരെയും
മേശകൾക്കരികിലിരുന്നു നാണയം മാറിക്കൊ
ടുക്കുന്നവരെയും അദ്ദേഹം കണ്ടു. 15അപ്പോൾ
യേശു കയറുകൊണ്ട് ഒരു ചാട്ട ഉണ്ടാക്കി,
അവരെയും ആടുമാടുകളെയും എല്ലാം
ദൈവാലയപരിസരത്തുനിന്നു പുറത്താക്കി;
നാണയമാറ്റക്കാരുടെ നാണയങ്ങൾ ചിതറി
ക്കുകയും അവരുടെ മേശകൾ മറിച്ചിടുകയും
ചെയ്തു. 16പ്രാവുകളെ വില്ക്കുന്നവ
രോട്,"ഇവിടെനിന്ന് ഇവയെ കൊണ്ടുപോകു
വിൻ, എന്റെ പിതാവിന്റെ ഭവനം ഒരു
ചന്തസ്ഥലമാക്കരുത്" എന്നു പറഞ്ഞു.
17അപ്പോൾ അദ്ദേഹത്തിന്റെ ശിഷ്യന്മാർ,
"നിന്റെ ആലയത്തെക്കുറിച്ചുള്ള തീക്ഷ്ണത
എന്നെ ദഹിപ്പിച്ചുകളയുന്നു" [b] എന്നുള്ള തിരു
വെഴുത്ത് ഓർത്തു.
18യഹൂദർ അദ്ദേഹത്തോട്: " താങ്കൾക്ക്
ഇതെല്ലാം ചെയ്യുവാൻ എന്തധികാരം? അതു
തെളിയിക്കുവാൻ എന്ത് അടയാളമാണു താങ്കൾ
കാണിച്ചു തരുന്നത്?" എന്നു ചോദിച്ചു.
19അതിന് യേശു അവരോട്, "ഈ മന്ദിരം
നശിപ്പിക്കുവിൻ; ഞാൻ അതു മൂന്നു
ദിവസത്തിനകം പണിതുയർത്തും" എന്ന് ഉത്തരം
പറഞ്ഞു.
20യഹൂദർ അദ്ദേഹത്തോടു പറഞ്ഞു: "ഈ
മന്ദിരം പണിയുന്നതിനു നാല്പത്താറു
സംവത്സരം വേണ്ടിവന്നു; താങ്കൾ അതു കേവലം
മൂന്നു ദിവസംകൊണ്ടു പണിയുമെന്നോ ? "
21എന്നാൽ അവിടുന്നു സ്വന്തം ശരീരം എന്ന
മന്ദിരത്തെക്കുറിച്ചായിരുന്നു പറഞ്ഞത്. 22യേശു

[a] 50അഥവാ, *പറഞ്ഞതുകൊണ്ടാണോ നീ വിശ്വസിക്കുന്നത്?* [b] 17 സങ്കീർത്തനം 69: 9

മരിച്ചവരിൽനിന്ന് ഉയിർത്തെഴുന്നേറ്റശേഷം, അവിടുന്നു പറഞ്ഞിരുന്ന ഈ കാര്യം ശിഷ്യന്മാർ ഓർത്തു. അപ്പോൾ അവർ തിരുവെഴുത്തും യേശുവിന്റെ വചനവും വിശ്വസിച്ചു.

23പെസഹാപെരുന്നാളിൽ യെരൂശലേമിൽ ആയിരുന്നപ്പോൾ യേശു ചെയ്ത അടയാളങ്ങൾ കണ്ടു പലരും അവിടുത്തെ നാമത്തിൽ വിശ്വസിച്ചു. [a] 24യേശുവോ എല്ലാവരെയും അറിഞ്ഞിരുന്നതുകൊണ്ട് സ്വയം അവരുടെ പക്കൽ വിശ്വസിച്ചേല്പിച്ചില്ല. 25മനുഷ്യനിലുള്ളത് എന്തെന്ന് ഗ്രഹിച്ചിരുന്നതിനാൽ മനുഷ്യനെക്കുറിച്ച് അദ്ദേഹത്തിന് ആരുടെയും സാക്ഷ്യം ആവശ്യമായിരുന്നില്ല.

യേശു നിക്കോദേമൊസിനെ ഉപദേശിക്കുന്നു

3 യഹൂദരുടെ ഭരണസമിതിയിലെ അംഗമായ നിക്കോദേമൊസ് എന്ന് പേരുള്ള ഒരു പരീശൻ ഉണ്ടായിരുന്നു. 2അയാൾ രാത്രിയിൽ യേശുവിന്റെ അടുക്കൽ വന്ന്: "റബ്ബീ, അങ്ങു ദൈവത്തിന്റെ അടുക്കൽ നിന്നു വന്ന ഒരു ഗുരുവാണ് എന്നു ഞങ്ങൾ മനസ്സിലാക്കുന്നു. ദൈവം കൂടെയില്ലെങ്കിൽ അങ്ങു ചെയ്യുന്ന ഈ അടയാളങ്ങൾ ചെയ്യുവാൻ ആർക്കും സാധ്യമല്ല" എന്നു പറഞ്ഞു.

3യേശു മറുപടി പറഞ്ഞു: "സത്യമായി, സത്യമായി ഞാൻ നിന്നോടു പറയുന്നു, വീണ്ടും ജനിച്ചില്ല [b]എങ്കിൽ ദൈവരാജ്യം കാണുവാൻ ആർക്കും കഴികയില്ല."

4"പ്രായമായശേഷം ഒരു മനുഷ്യൻ ജനിക്കുന്നത് എങ്ങനെ?" നിക്കോദേമൊസ് ചോദിച്ചു, "രണ്ടാമതും മാതാവിന്റെ ഉദരത്തിൽ പ്രവേശിച്ചു ജനിക്കുക സാധ്യമല്ലല്ലോ!"

5യേശു മറുപടി പറഞ്ഞു: "സത്യമായി, സത്യമായി ഞാൻ നിന്നോടു പറയുന്നു, വെള്ളത്തിൽനിന്നും ആത്മാവിൽനിന്നും ജനിച്ചില്ലെങ്കിൽ ദൈവരാജ്യത്തിൽ കടക്കുവാൻ ആർക്കും കഴിയുകയില്ല. 6ശരീരം ശരീരത്തിനു ജന്മം നല്കുന്നു; ആത്മാവിനു ജന്മം നൽകുന്നതോ ആത്മാവാണ്. 7'നിങ്ങൾ വീണ്ടും ജനിക്കണം' എന്നു ഞാൻ പറഞ്ഞതിൽ നീ ആശ്ചര്യപ്പെടേണ്ടതില്ല. 8കാറ്റ് ഇഷ്ടമുള്ളേടത്തേക്കു വീശുന്നു. നീ അതിന്റെ ശബ്ദം കേൾക്കുന്നുവെങ്കിലും അത് എവിടെനിന്നു വരുന്നുവെന്നോ എവിടേയ്ക്കു പോകുന്നുവെന്നോ പറയുക സാധ്യമല്ല. ആത്മാവിൽനിന്നു ജനിച്ച ഏതൊരു വ്യക്തിയും അങ്ങനെതന്നേ."

9"ഇത് എങ്ങനെ സാധിക്കും?" നിക്കോദേമൊസ് ചോദിച്ചു.

10"നീ യിസ്രായേലിന്റെ ഉപദേഷ്ടാവായിരുന്നിട്ടും ഈ കാര്യങ്ങൾ ഗ്രഹിക്കുന്നില്ലയോ? 11സത്യമായി, സത്യമായി ഞാൻ നിന്നോടു പറയുന്നു, ഞങ്ങൾ അറിയുന്നതിനെപ്പറ്റി സംസാരിക്കുന്നു, ഞങ്ങൾ കണ്ടിരിക്കുന്നതിനെപ്പറ്റി സാക്ഷ്യം പറയുന്നു, എന്നിട്ടും നിങ്ങൾ ഞങ്ങളുടെ സാക്ഷ്യം കൈക്കൊള്ളുന്നില്ല. 12ഭൗമിക കാര്യങ്ങൾ ഞാൻ നിങ്ങളോടു പറഞ്ഞിട്ടു നിങ്ങൾ വിശ്വസിക്കുന്നില്ല എങ്കിൽ സ്വർഗ്ഗീയ കാര്യങ്ങൾ പറഞ്ഞാൽ എങ്ങനെ വിശ്വസിക്കും? 13സ്വർഗ്ഗത്തിൽനിന്ന് ഇറങ്ങിവന്ന [c] മനുഷ്യപുത്രൻ ഒഴികെ മറ്റാരും സ്വർഗ്ഗത്തിൽ കയറിപ്പോയിട്ടില്ല. 14മോശെ മരുഭൂമിയിൽ സർപ്പത്തെ ഉയർത്തിയതുപോലെ മനുഷ്യപുത്രനും ഉയർത്തപ്പെടേണ്ടതാണ്. 15അവനിൽ വിശ്വസിക്കുന്ന ഏതു വ്യക്തിയും നിത്യജീവൻ പ്രാപിക്കേണ്ടതിനു [d] തന്നേ."

16"തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന് ദൈവം അവനെ നല്കുവാൻ തക്കവണ്ണം അത്രമാത്രം ലോകത്തെ സ്നേഹിച്ചു. 17ദൈവം തന്റെ പുത്രനെ ലോകത്തിലേക്ക് അയച്ചത് ലോകത്തെ കുറ്റം വിധിക്കുവാനല്ല, അവനിലൂടെ ലോകത്തെ രക്ഷിക്കുവാനാണ്. 18അവനിൽ വിശ്വസിക്കുന്ന ആർക്കും ശിക്ഷാവിധി ഇല്ല; എന്നാൽ വിശ്വസിക്കാത്തവർക്കോ, ദൈവത്തിന്റെ ഏകജാതനായ പുത്രന്റെ നാമത്തിൽ വിശ്വസിക്കായ്കയാൽ, ശിക്ഷാവിധി വന്നു കഴിഞ്ഞു. 19ശിക്ഷാവിധി എന്നതോ, വെളിച്ചം ലോകത്തിലേക്കു വന്നിട്ടും മനുഷ്യരുടെ പ്രവൃത്തി ദോഷമുള്ളതാകയാൽ അവർ വെളിച്ചത്തിനു പകരം ഇരുളിനെ സ്നേഹിച്ചതുതന്നേ. 20തിന്മ ചെയ്യുന്ന ഏതൊരാളും വെളിച്ചത്തെ വെറുക്കുന്നു; തന്റെ പ്രവൃത്തികൾ പരസ്യമാകും എന്ന ഭയം നിമിത്തം വെളിച്ചത്തിലേക്കു വരുന്നതുമില്ല. 21എന്നാൽ സത്യം അനുസരിച്ചു ജീവിക്കുന്നവർ തങ്ങളുടെ പ്രവൃത്തി ദൈവംമുഖേന ചെയ്തതെന്നു വെളിപ്പെടുവാൻ വെളിച്ചത്തിലേക്കു വരുന്നു."[e]

യേശുവിനെപ്പറ്റി യോഹന്നാൻ സ്നാപകന്റെ സാക്ഷ്യം

22അനന്തരം യേശു ശിഷ്യന്മാരുമായി യഹൂദ്യദേശത്തെത്തി അവരോടുകൂടെ പാർത്തു സ്നാനം കഴിപ്പിച്ചുകൊണ്ടിരുന്നു. 23യോഹന്നാൻ ശലീമിനടുത്തുള്ള ഐനോനിൽ സ്നാനം കഴിപ്പിച്ചുപോന്നു. അവിടെ വെള്ളം

[a] 23 അഥവാ *പലരും അദ്ദേഹത്തെ വിശ്വസിച്ചു.* [b] 3 അഥവാ *ഉയരത്തിൽനിന്നു ജനിച്ചില്ല.* 7-ാം വാക്യവും കാണുക. [c] 13 അഥവാ *ഇറങ്ങിവന്ന, സ്വർഗ്ഗത്തിലുള്ള* [d] 15 അഥവാ, *അവനിൽ നിത്യജീവൻ പ്രാപിക്കേണ്ടതിന്* [e] 21 ചില വേദവ്യാഖ്യാനങ്ങളിൽ ഉദ്ധരണി 15-ാം വാക്യത്തിൽ അവസാനിക്കുന്നു.

സുലഭമായിരുന്നു, ജനങ്ങൾ സ്നാനം ഏല്ക്കുവാൻ വന്നുകൊണ്ടിരുന്നു. 24ഇത് യോഹന്നാനെ തടവിലാക്കുന്നതിനുമുമ്പായിരുന്നു. 25യോഹന്നാന്റെ ശിഷ്യന്മാരിൽ ചിലർക്ക് ആചാരപരമായ ശുദ്ധീകരണത്തെപ്പറ്റി ഒരു യഹൂദനുമായി[a] തർക്കം ഉണ്ടായി. 26അവർ യോഹന്നാന്റെ അടുക്കൽ വന്ന് അദ്ദേഹത്തോടു പറഞ്ഞു: "റബ്ബീ, യോർദ്ദാന്റെ മറുകരയിൽ അങ്ങയോടുകൂടെ ഉണ്ടായിരുന്ന ആ മനുഷ്യൻ -അങ്ങു സാക്ഷ്യപ്പെടുത്തിയിട്ടുള്ളവൻ- സ്നാനം കഴിപ്പിച്ചു കൊണ്ടിരിക്കുന്നു; എല്ലാവരും അദ്ദേഹത്തിന്റെ അടുക്കലേക്കു പോകുന്നു."

27യോഹന്നാൻ മറുപടി പറഞ്ഞു: "സ്വർഗ്ഗത്തിൽനിന്നു നല്കുന്നതു മാത്രമേ മനുഷ്യനു സ്വീകരിക്കാൻ കഴിയൂ. 28ഞാൻ ക്രിസ്തു അല്ലെന്നും അദ്ദേഹത്തിനു മുമ്പേ അയക്കപ്പെട്ടവൻ മാത്രമാണെന്നും പറഞ്ഞിട്ടുള്ളതിനു നിങ്ങൾ സാക്ഷികളാണല്ലോ. 29മണവാട്ടിയുള്ളവനാണ് മണവാളൻ. മണവാളന്റെ തോഴൻ മണവാളന്റെ സ്വരം കേട്ട് അത്യധികം ആനന്ദിക്കുന്നു; ആ ആനന്ദമാണ് എനിക്കുള്ളത്; അത് ഇപ്പോൾ പൂർണ്ണമായിരിക്കുന്നു. 30അവിടുന്നു വളരണം, ഞാനോ കുറയണം."

31"ഉയരത്തിൽനിന്നു വരുന്നവൻ എല്ലാവരിലും ഉയർന്നവൻ; ഭൂമിയിൽ നിന്നുള്ളവനോ ഭൗമികനാകുന്നു; അവൻ ഭൗമികമായതു സംസാരിക്കുന്നു. സ്വർഗ്ഗത്തിൽ നിന്നു വരുന്നവൻ എല്ലാവരിലും ഉന്നതനാകുന്നു. 32താൻ കണ്ടതും കേട്ടതുമായ കാര്യങ്ങൾക്ക് അദ്ദേഹം സാക്ഷ്യം വഹിക്കുന്നു. എന്നാൽ അദ്ദേഹത്തിന്റെ സാക്ഷ്യം ആരും സ്വീകരിക്കുന്നില്ല. 33അതു സ്വീകരിക്കുന്നവനോ ദൈവം സത്യവാൻ എന്നത് സ്ഥിരീകരിക്കുന്നു. 34എന്തെന്നാൽ ദൈവം അയച്ചിരിക്കുന്നവൻ ദൈവത്തിന്റെ വചനം പ്രസ്താവിക്കുന്നു. അവിടുന്ന് ആത്മാവിനെ അളവില്ലാതെ നല്കുന്നുവല്ലോ. 35പിതാവു പുത്രനെ സ്നേഹിക്കുന്നു; സകലവും അവന്റെ കൈയിൽ ഏല്പിച്ചുമിരിക്കുന്നു. 36പുത്രനിൽ വിശ്വസിക്കുന്നവനു നിത്യജീവൻ ഉണ്ട്. പുത്രനെ അനുസരിക്കാത്തവനോ ജീവനെ കാണുകയില്ല; എന്തെന്നാൽ ദൈവകോപം അവന്റെമേൽ വസിക്കുന്നു. "[b]

യേശു ശമര്യസ്ത്രീയോടു സംസാരിക്കുന്നു

4 യേശു യോഹന്നാനേക്കാൾ അധികം ശിഷ്യരെ ചേർത്തു സ്നാനം കഴിപ്പിക്കുന്നുവെന്ന് പരീശന്മാർ കേട്ടു; 2വാസ്തവത്തിൽ യേശു അല്ല, അവിടുത്തെ ശിഷ്യന്മാരാണു സ്നാനം കഴിപ്പിച്ചുകൊണ്ടിരുന്നത്. 3ഇതറിഞ്ഞപ്പോൾ അദ്ദേഹം യഹൂദ്യവിട്ടു വീണ്ടും ഗലീലയിലേക്കു പോയി.

4അദ്ദേഹത്തിനു ശമര്യയിലൂടെ കടന്നു പോകേണ്ടിയിരുന്നു. 5അങ്ങനെ അവിടുന്നു ശമര്യയിൽ, യാക്കോബ് തന്റെ പുത്രനായ യോസേഫിനു നൽകിയ സ്ഥലത്തിനു സമീപമുള്ള സുഖാർ പട്ടണത്തിൽ എത്തി. 6അവിടെ യാക്കോബിന്റെ കിണർ ഉണ്ടായിരുന്നു. യേശു യാത്രാക്ഷീണത്താൽ കിണറ്റിനരികെ ഇരുന്നു. അപ്പോൾ ഏകദേശം മധ്യാഹ്നമായിരുന്നു.

7ഒരു ശമര്യസ്ത്രീ വെള്ളം കോരുവാൻ അവിടെ എത്തി; യേശു അവളോട്: "എനിക്കു കുടിക്കാൻ തരുമോ?" എന്നു ചോദിച്ചു. 8ശിഷ്യന്മാർ ഭക്ഷണസാധനങ്ങൾ വാങ്ങുവാൻ പട്ടണത്തിൽ പോയിരുന്നു.

9ശമര്യസ്ത്രീ യേശുവിനോട് : "അങ്ങ് ഒരു യഹൂദനും ഞാൻ ഒരു ശമര്യസ്ത്രീയുമായിരിക്കെ എന്നോടു കുടിക്കാൻ ചോദിക്കുന്നത് എങ്ങനെ?" എന്നു പറഞ്ഞു. എന്തെന്നാൽ യഹൂദർക്കു ശമര്യരുമായി സമ്പർക്കമില്ല.[c]

10യേശു അവളോട്: "ദൈവത്തിന്റെ ദാനം എന്തെന്നും നിന്നോടു കുടിക്കാൻ ചോദിക്കുന്നത് ആരെന്നും അറിഞ്ഞിരുന്നുവെങ്കിൽ നീ അയാളോടു ചോദിക്കുകയും അയാൾ ജീവനുള്ള വെള്ളം നിനക്കു തരികയും ചെയ്യുമായിരുന്നു" എന്നു മറുപടി പറഞ്ഞു.

11സ്ത്രീ പറഞ്ഞു, "പ്രഭോ, കോരിയെടുക്കുവാൻ അങ്ങയുടെ കൈവശം ഒന്നുമില്ലല്ലോ, കിണറ് ആഴമുള്ളതുമാണ്. പിന്നെ ജീവനുള്ള വെള്ളം അങ്ങേയ്ക്ക് എവിടെനിന്നു കിട്ടും ? 12അങ്ങ് ഞങ്ങളുടെ പിതാവായ യാക്കോബിനെക്കാൾ വലിയവനോ? അദ്ദേഹമാണ് ഈ കിണറു ഞങ്ങൾക്കു തന്നത്. അദ്ദേഹവും പുത്രന്മാരും ആടുമാടുകളും എല്ലാം ഇതിൽ നിന്നാണ് കുടിച്ചിരുന്നത്."

13യേശു ഉത്തരം പറഞ്ഞു: "ഈ വെള്ളം കുടിക്കുന്നവനെല്ലാം പിന്നെയും ദാഹിക്കും; 14എന്നാൽ ഞാൻ കൊടുക്കുന്ന വെള്ളം കുടിക്കുന്നവനു പിന്നീടൊരിക്കലും ദാഹിക്കുകയില്ല; ഞാൻ കൊടുക്കുന്ന വെള്ളം അവനിൽ നിത്യജീവനിലേക്കു നിറഞ്ഞുവരുന്ന നീരുറവയായിത്തീരും."

15സ്ത്രീ പറഞ്ഞു: "പ്രഭോ, ആ വെള്ളം എനിക്കു തന്നാലും; എങ്കിൽ എനിക്കു ദാഹിക്കാതിരിക്കും; വെള്ളം കോരുവാൻ ഞാൻ ഇവിടെ വരേണ്ട ആവശ്യവും ഇല്ലാതാകും."

[a] 25ചില കയ്യെഴുത്തുപ്രതികളിൽ, *ചില യഹൂദരുമായി* [b] 36ചില വേദവ്യാഖ്യാനങ്ങളിൽ ഉദ്ധരണി 30-ാം വാക്യത്തിൽ അവസാനിക്കുന്നു. [c] 4:9 എന്തെന്നാൽ ശമര്യർ ഉപയോഗിച്ച പാത്രങ്ങൾ യഹൂദർ ഉപയോഗിക്കുകയില്ല.

16യേശു അവളോട്: "പോയി നിൻെറ
ഭർത്താവിനെ വിളിച്ചുകൊണ്ടുവരിക" എന്നു
പറഞ്ഞു.
17"എനിക്കു ഭർത്താവില്ല" അവൾ മറുപടി
പറഞ്ഞു. യേശു അവളോട്: നിനക്കു ഭർത്താ
വില്ല എന്നു നീ പറയുന്നതു ശരി. 18വാസ്തവ
ത്തിൽ, നിനക്ക് അഞ്ചു ഭർത്താക്കന്മാർ
ഉണ്ടായിരുന്നു. ഇപ്പോൾ നിനക്കുള്ള പുരുഷൻ
നിൻെറ ഭർത്താവല്ല; അതിനാൽ നീ പറഞ്ഞതു
ശരിതന്നേ." എന്നു പറഞ്ഞു.
19"പ്രഭോ, അങ്ങ് ഒരു പ്രവാചകനാണെന്നു
ഞാൻ മനസ്സിലാക്കുന്നു" സ്ത്രീ പറഞ്ഞു.
20ഞങ്ങളുടെ പിതാക്കന്മാർ ഈ മലയിലാണ്
ആരാധിച്ചിരുന്നത്. എന്നാൽ ആരാധനയ്ക്കുള്ള
സ്ഥലം യെരൂശലേം ആണെന്നു യഹൂദരായ
നിങ്ങൾ പറയുന്നുവല്ലോ?"
21യേശു പ്രസ്താവിച്ചു. "സ്ത്രീയേ, എന്നെ
വിശ്വസിക്കുക; നിങ്ങൾ പിതാവിനെ ആരാധി
ക്കുന്നത് ഈ മലയിലോ യെരൂശലേമിലോ അല്ല
എന്നുള്ള സമയം വരുന്നു. 22ശമര്യരായ നിങ്ങൾ
അറിയാത്തതിനെ ആരാധിക്കുന്നു. ഞങ്ങളോ
അറിയുന്നതിനെ ആരാധിക്കുന്നു. രക്ഷ
യഹൂദരിൽ നിന്നല്ലോ വരുന്നത്. 23എന്നാൽ
സത്യാരാധകർ പിതാവിനെ ആത്മാവിലും
സത്യത്തിലും ആരാധിക്കുന്ന സമയം വരുന്നു.
ഇപ്പോൾ വന്നുമിരിക്കുന്നു. ഇങ്ങനെയുള്ള
ആരാധകരെയത്രേ പിതാവ് അന്വേഷിക്കുന്നത്.
24ദൈവം ആത്മാവാകുന്നു. ദൈവത്തെ
ആരാധിക്കുന്നവർ ആത്മാവിലും സത്യത്തിലും
ആരാധിക്കണം."
25സ്ത്രീ പറഞ്ഞു: "മശീഹ അഥവാ ക്രിസ്തു
വരുന്നു എന്ന് എനിക്ക് അറിയാം. അവിടുന്നു
വരുമ്പോൾ ഞങ്ങൾക്കു സകലവും
വിശദീകരിച്ചുതരും."
26"നിന്നോടു സംസാരിക്കുന്ന ഞാൻ തന്നേ
മശീഹ" യേശു പറഞ്ഞു.

ശിഷ്യന്മാർ മടങ്ങി എത്തുന്നു

27അപ്പോൾ ശിഷ്യന്മാർ മടങ്ങിയെത്തി.
അദ്ദേഹം ഒരു സ്ത്രീയോടു സംസാരിച്ചു
കൊണ്ടിരിക്കുന്നതു കണ്ട് അവർ ആശ്ചര്യ
പ്പെട്ടു. എങ്കിലും അങ്ങ് എന്തു ചോദിക്കുന്നു
എന്നോ, അവളോട് എന്തിനു സംസാരിക്കുന്നു?"
എന്നോ ആരും ചോദിച്ചില്ല.
28ആ സ്ത്രീ കുടം വച്ചിട്ടു പട്ടണത്തിൽ
മടങ്ങിച്ചെന്നു ജനങ്ങളോടു പറഞ്ഞു. 29"ഞാൻ
ചെയ്തിട്ടുള്ള എല്ലാ കാര്യങ്ങളും എന്നോടു
പറഞ്ഞ ഒരു മനുഷ്യനെ വന്നു കാണുക. അദ്ദേഹം
ക്രിസ്തു ആയിരിക്കുമോ?" 30ജനങ്ങൾ പട്ട
ണത്തിൽനിന്ന് യേശുവിൻെറ അടുക്കൽ വന്നു.
31ഇതിനിടയിൽ ശിഷ്യന്മാർ, "റബ്ബീ, ആഹാരം
കഴിച്ചാലും" എന്നു അദ്ദേഹത്തെ നിർബ്ബന്ധിച്ചു.
32എന്നാൽ അദ്ദേഹം, "നിങ്ങൾ അറിയാത്ത
ആഹാരം എനിക്കു ഭക്ഷിക്കുവാനുണ്ട്" എന്നു
പറഞ്ഞു.
33"ആരെങ്കിലും അദ്ദേഹത്തിന് ആഹാരം
കൊണ്ടുവന്നു കൊടുത്തിരിക്കുമോ" എന്നു
ശിഷ്യന്മാർ പരസ്പരം പറഞ്ഞു.
34യേശു പറഞ്ഞു, " എന്നെ അയച്ചവൻെറ
ഇഷ്ടം ചെയ്ത് അവിടുത്തെ പ്രവൃത്തി
തികയ്ക്കുന്നതാണ് എൻെറ ആഹാരം. 35ഇനി
നാലു മാസം കഴിഞ്ഞാൽ കൊയ്ത്തായി എന്നു
നിങ്ങൾ പറയുന്നില്ലേ? ഞാൻ നിങ്ങളോടു
പറയുന്നു. കണ്ണുതുറന്നു വയലുകളിലേക്കു
നോക്കുക. അവ കൊയ്ത്തിനു പാകമാ
യിരിക്കുന്നു. 36ഇപ്പോൾത്തന്നേ കൊയ്ത്തു
കാരൻ കൂലി വാങ്ങുകയും നിത്യജീവനിലേക്കു
വിളവു ശേഖരിക്കുകയും ചെയ്യുന്നു. അങ്ങനെ
വിതയ്ക്കുന്നവനും കൊയ്യുന്നവനും ഒന്നിച്ചു
സന്തോഷിക്കുവാൻ ഇടയാകും. 37ഒരുവൻ
വിതയ്ക്കുന്നു, മറ്റൊരുവൻ കൊയ്യുന്നു എന്നുള്ള
പഴഞ്ചൊല്ല് ഇക്കാര്യത്തിൽ യാഥാർത്ഥ്യമാ
കുന്നു. 38നിങ്ങൾ അദ്ധ്വാനിച്ചിട്ടില്ലാത്തതു
കൊയ്യുവാൻ ഞാൻ നിങ്ങളെ അയച്ചു. മറ്റുള്ളവർ
അദ്ധ്വാനിച്ചു; അവരുടെ അദ്ധ്വാനഫലത്തിലേക്കു
നിങ്ങൾ പ്രവേശിച്ചിരിക്കുന്നു."

ശമര്യർ വിശ്വസിക്കുന്നു

39"ഞാൻ ചെയ്തതൊക്കെയും അദ്ദേഹം
എന്നോടു പറഞ്ഞു" എന്നു സ്ത്രീ പറഞ്ഞ
സാക്ഷ്യംനിമിത്തം ആ പട്ടണത്തിലുള്ള
ശമര്യരിൽ പലരും അദ്ദേഹത്തിൽ വിശ്വസിച്ചു.
40അതുകൊണ്ടു തങ്ങളോടുകൂടെ വന്നു
പാർക്കണമെന്നു ശമര്യർ അദ്ദേഹത്തോട്
അപേക്ഷിച്ചു. രണ്ടു ദിവസം യേശു അവരോടു
കൂടെ പാർത്തു. 41അദ്ദേഹത്തിൻെറ വചനം
നിമിത്തം പിന്നെയും ധാരാളം പേർ വിശ്വാസിക
ളായിത്തീർന്നു. 42അവർ സ്ത്രീയോടു പറഞ്ഞു:
"നീ പറഞ്ഞതു കൊണ്ടു മാത്രമല്ല ഇനി ഞങ്ങൾ
വിശ്വസിക്കുന്നത്; ഞങ്ങൾ തന്നേ നേരിട്ടു
കേട്ടിരിക്കുന്നു; ഇദ്ദേഹം സാക്ഷാൽ
ലോകരക്ഷിതാവ് എന്നു ഞങ്ങൾക്കു ബോധ്യം
വന്നുമിരിക്കുന്നു."

*യേശു ഉദ്യോഗസ്ഥൻെറ മകനെ
സൗഖ്യമാക്കുന്നു*

43രണ്ടു ദിവസം കഴിഞ്ഞു യേശു ഗലീലയ്ക്കു
പോയി. 44ഒരു പ്രവാചകനും സ്വദേശത്തു
മാനിക്കപ്പെടുന്നില്ല എന്നു യേശു തന്നേ
പറഞ്ഞിരുന്നു. 45ഗലീലയിലെത്തിയപ്പോൾ ആ
ദേശവാസികൾ അദ്ദേഹത്തെ സ്വാഗതം ചെയ്തു.
പെസഹാപെരുന്നാളിന് അവരും പോയിരുന്നതു

കൊണ്ടു യേശു യെരൂശലേമിൽ ചെയ്തതെല്ലാം അവർ കണ്ടിരുന്നു.

46താൻ വെള്ളം വീഞ്ഞാക്കിയ ഗലീലയിലെ കാനാവിൽ അദ്ദേഹം വീണ്ടും വന്നു. കഫർന്ന ഹൂമിലെ ഒരു രാജസേവകന്റെ മകൻ രോഗം ബാധിച്ചു കിടപ്പിലായിരുന്നു. 47യേശു യഹൂദ്യയിൽനിന്നു ഗലീലയിൽ വന്നിട്ടുണ്ടെന്നു കേട്ട് ആ മനുഷ്യൻ അദ്ദേഹത്തിന്റെ അടുക്കൽച്ചെന്നു മരിക്കാറായിക്കിടക്കുന്ന മകനെ സൗഖ്യമാക്കണമെന്ന് അപേക്ഷിച്ചു.

48യേശു അയാളോടു പറഞ്ഞു: "അടയാളങ്ങളും അത്ഭുതങ്ങളും കണ്ടാലല്ലാതെ നിങ്ങൾ ഒരിക്കലും വിശ്വസിക്കയില്ല."

49രാജസേവകൻ അദ്ദേഹത്തോട്: "പ്രഭോ, എന്റെ കുഞ്ഞു മരിക്കുന്നതിനുമുമ്പു വരണമേ" എന്നു പറഞ്ഞു.

50യേശു അയാളോട് : "പൊയ്ക്കൊള്ളുക, നിന്റെ മകൻ ജീവിക്കും" എന്ന് ഉത്തരം പറഞ്ഞു. ആ മനുഷ്യൻ യേശുവിന്റെ വാക്കു വിശ്വസിച്ച് അവിടെ നിന്നും പോയി. 51വഴിമദ്ധ്യേ, മകൻ ജീവിച്ചിരിക്കുന്നു എന്ന വാർത്തയുമായി ദാസന്മാർ അയാളെ എതിരേറ്റു. 52മകനു സൗഖ്യം ലഭിച്ചത് എപ്പോഴെന്നു ചോദിച്ചതിന്, "ഇന്നലെ ഏഴുമണിക്ക് അവന്റെ പനി വിട്ടുമാറി" എന്ന് അവർ പറഞ്ഞു.

53"നിന്റെ മകൻ ജീവിക്കും" എന്നു യേശു പറഞ്ഞ സമയം അതുതന്നെ ആയിരുന്നുവെന്ന് ആ പിതാവ് ഓർമ്മിച്ചു. അങ്ങനെ അയാളും ഭവനത്തിലുള്ളവർ എല്ലാവരും വിശ്വസിച്ചു.

54യഹൂദ്യയിൽനിന്നു ഗലീലയിൽ വന്നതിനു ശേഷം യേശു ചെയ്ത രണ്ടാമത്തെ അടയാളം ആയിരുന്നു ഇത്.

കുളക്കരയിലെ രോഗസൗഖ്യം

5 അതിനുശേഷം യഹൂദരുടെ ഒരു പെരുന്നാളിനു യേശു യെരൂശലേമിലേക്കു പോയി. 2ബേഥെസ്ദാ[a] എന്ന് അരാമ്യഭാഷയിൽ പേരുള്ള ഒരു കുളം യെരൂശലേമിൽ ആട്ടുവാതിലിനു സമീപമുണ്ട്. അതിന് അഞ്ചു മണ്ഡപങ്ങളുണ്ട്. 3അവയിൽ അന്ധർ, മുടന്തർ, തളർവാതം പിടിപെട്ടവർ എന്നിങ്ങനെ അവശരായ പലരും കിടന്നിരുന്നു. 4[ഇടയ്ക്കിടയ്ക്ക് ഒരു ദൂതൻ ഇറങ്ങിവന്നു വെള്ളം കലക്കും. വെള്ളം കലങ്ങിയശേഷം ആദ്യം കുളത്തിലിറങ്ങുന്നവൻ ഏതു രോഗം ബാധിച്ചവനായാലും സൗഖ്യം പ്രാപിക്കും.] 5മുപ്പത്തിയെട്ടുവർഷമായി രോഗിയായിരുന്ന ഒരാൾ അവിടെ ഉണ്ടായിരുന്നു. 6യേശു അയാളെ കണ്ട്, അയാൾ ഈ അവസ്ഥയിൽ ആയിട്ടു വളരെക്കാലമായി എന്നു മനസ്സിലാക്കി, അയാളോട്: "സൗഖ്യമാകുവാൻ നീ ആഗ്രഹിക്കുന്നുവോ?" എന്നു ചോദിച്ചു.

7രോഗി മറുപടി പറഞ്ഞു: "പ്രഭോ, വെള്ളം ഇളകുമ്പോൾ എന്നെ കുളത്തിൽ ഇറക്കുവാൻ എനിക്ക് ആരുമില്ല. ഞാൻ ഇറങ്ങാൻ ചെല്ലുമ്പോഴേയ്ക്ക് എനിക്കുമുമ്പേ മറ്റാരെങ്കിലും ഇറങ്ങുന്നു."

8അപ്പോൾ യേശു അയാളോട് "എഴുന്നേറ്റ് കിടക്കയെടുത്തു നടക്കുക" എന്നു പറഞ്ഞു.

9ഉടൻതന്നെ ആ മനുഷ്യൻ സൗഖ്യം പ്രാപിച്ചു; കിടക്കയെടുത്തു നടന്നു. ഇതു സംഭവിച്ചത് ഒരു ശബ്ബത്തു ദിവസമായിരുന്നു. 10അതുകൊണ്ട് സൗഖ്യം പ്രാപിച്ച മനുഷ്യനോടു യഹൂദർ: "ഇന്നു ശബ്ബത്തുദിവസമാകുന്നു; കിടക്കയെടുക്കുന്നതു നിയമവിരുദ്ധമാണ്" എന്നു പറഞ്ഞു.

11എന്നാൽ അയാൾ, "എന്നെ സൗഖ്യമാക്കിയവൻ എന്നോടു കിടക്കയെടുത്തു നടക്കുവാൻ പറഞ്ഞു" എന്നു മറുപടി നല്കി. 12അപ്പോൾ അവർ അയാളോട്: "കിടക്കയെടുത്തു നടക്കുവാൻ നിന്നോടു പറഞ്ഞ ആ മനുഷ്യൻ ആര്?" എന്നു ചോദിച്ചു.

13യേശു അവിടെ ഉണ്ടായിരുന്ന ജനക്കൂട്ടത്തിനിടയിലേക്കു മാറിപ്പോയിരുന്നതുകൊണ്ട് അത് ആരായിരുന്നുവെന്നു സൗഖ്യം പ്രാപിച്ച മനുഷ്യൻ അറിഞ്ഞിരുന്നില്ല.

14പിന്നീട് യേശു അയാളെ ദൈവാലയത്തിൽവെച്ചു കണ്ട് : "നോക്കൂ, നിനക്കു സൗഖ്യം ലഭിച്ചല്ലോ. കൂടുതൽ തിന്മയായതു സംഭവിക്കാതിരിക്കാൻ ഇനി പാപം ചെയ്യരുത്" എന്നു പറഞ്ഞു. 15ആ മനുഷ്യൻ പോയി തന്നെ സൗഖ്യമാക്കിയത് യേശുവാണെന്നു യഹൂദരോടു പറഞ്ഞു.

ജീവൻ പുത്രനിലൂടെ

16യേശു ശബ്ബത്തിൽ ഈ കാര്യങ്ങൾ ചെയ്തതുകൊണ്ടു യഹൂദർ അദ്ദേഹത്തെ പീഡിപ്പിച്ചു. 17യേശു അവരോടു പറഞ്ഞു: "എന്റെ പിതാവ് ഇന്നുവരെയും പ്രവർത്തിക്കുന്നു; ഞാനും പ്രവർത്തിക്കുന്നു."

18അങ്ങനെ, ശബ്ബത്തു ലംഘിച്ചതുകൊണ്ടു മാത്രമല്ല, ദൈവം സ്വന്തപിതാവ് എന്നു പറഞ്ഞു സ്വയം ദൈവത്തോടു സമനാക്കുകയും ചെയ്തതിനാൽ യഹൂദർ യേശുവിനെ കൊല്ലുവാൻ അധികം യത്നിച്ചു.

19യേശു അവരോടു പറഞ്ഞു: "സത്യമായി, സത്യമായിഞാൻ നിങ്ങളോടു പറയുന്നു, പുത്രനു തന്റെ പിതാവ് ചെയ്തു കാണുന്നതല്ലാതെ സ്വയം ഒന്നും ചെയ്യാൻ കഴിവില്ല. കാരണം പിതാവു ചെയ്യുന്നതെല്ലാം പുത്രനും ചെയ്യുന്നു. 20പിതാവു പുത്രനെ സ്നേഹിക്കുകയും തന്റെ സകല പ്രവൃത്തികളും അവനു കാണിച്ചു

[a] 2 ചില കൈയ്യെഴുത്തു പ്രതികളിൽ *ബേഥ്സദാ*, മറ്റു ചിലതിൽ *ബേഥ്സൈദാ*.

കൊടുക്കുകയും ചെയ്യുന്നു. നിങ്ങൾ
വിസ്മയിക്കത്തക്കവിധം ഇതിലും വലിയ
കാര്യങ്ങളും അവിടുന്ന് അവനെ കാണിക്കും.
21പിതാവു മരിച്ചവരെ എഴുന്നേല്പിച്ച് അവർക്കു
ജീവൻ നല്കുന്നതുപോലെതന്നെ പുത്രനും
തനിക്ക് ഇഷ്ടമുള്ളവർക്കു ജീവൻ നല്കുന്നു.
22തന്നെയുമല്ല, എല്ലാവരും പിതാവിനെ
ബഹുമാനിക്കുന്നതുപോലെ പുത്രനെയും
ബഹുമാനിക്കേണ്ടതിനു പിതാവ് ആരെയും
വിധിക്കാതെ ന്യായവിധി എല്ലാം പുത്രനെ
ഏല്പിച്ചിരിക്കുന്നു. 23പുത്രനെ ബഹുമാ
നിക്കാത്തവൻ, അവനെ അയച്ച പിതാവിനെയും
ബഹുമാനിക്കുന്നില്ല.

24"സത്യമായി, സത്യമായി ഞാൻ നിങ്ങളോടു
പറയുന്നു, എന്റെ വചനം കേട്ട് എന്നെ
അയച്ചവനെ വിശ്വസിക്കുന്നവനു നിത്യജീവൻ
ഉണ്ട്; അവനു ശിക്ഷാവിധി ഉണ്ടാവുകയില്ല;
അവൻ മരണത്തിൽനിന്നു ജീവനിലേക്കു
കടന്നിരിക്കുന്നു.

25"സത്യമായി, സത്യമായി ഞാൻ നിങ്ങളോടു
പറയുന്നു, മരിച്ചവർ ദൈവപുത്രന്റെ ശബ്ദം
കേൾക്കുകയും കേൾക്കുന്നവർ ജീവിക്കുകയും
ചെയ്യുന്ന സമയം വരുന്നു, ഇപ്പോൾ
വന്നുമിരിക്കുന്നു. 26പിതാവിനു തന്നിൽത്തന്നേ
ജീവൻ ഉള്ളതുപോലെ പുത്രനും തന്നിൽത്തന്നേ
ജീവൻ ഉള്ളവനായിരിക്കുവാൻ അവിടുന്ന്
അവനും വരം നൽകിയിരിക്കുന്നു. 27അവൻ
മനുഷ്യപുത്രൻ ആകയാൽ ന്യായവിധിക്കുള്ള
അധികാരവും അവിടുന്ന് അവനു
കൊടുത്തിരിക്കുന്നു.

28"നിങ്ങൾ ഇതിൽ ആശ്ചര്യപ്പെടരുത്;
ശവക്കുഴികളിലുള്ളവർ എല്ലാവരും അവന്റെ
ശബ്ദം കേട്ടു പുറത്തുവരുന്ന സമയം അടുത്തി
രിക്കുന്നു; 29നന്മ ചെയ്തവർ ജീവനായും തിന്മ
ചെയ്തവർ ശിക്ഷാവിധിക്കായും ഉയിർത്തെഴു
ന്നേൽക്കും. 30എനിക്കു സ്വയമായി ഒന്നും
ചെയ്യാൻ കഴിവില്ല; ഞാൻ കേൾക്കുന്നപ്രകാരം
ന്യായം വിധിക്കുന്നു, എന്റെ വിധി
നീതിയുള്ളതാണ്, എന്തെന്നാൽ ഞാൻ എന്റെ
ഇഷ്ടമല്ല, എന്നെ അയച്ചവന്റെ ഇഷ്ടമത്രേ
പ്രവർത്തിക്കുന്നത്.

യേശുവിനെക്കുറിച്ചുള്ള സാക്ഷ്യങ്ങൾ

31"ഞാൻ എന്നെക്കുറിച്ചുതന്നേ സാക്ഷ്യം
പറഞ്ഞാൽ അതു സത്യമാകുകയില്ല. 32എനി
ക്കുവേണ്ടി സാക്ഷ്യം വഹിക്കുന്ന മറ്റൊരാൾ ഉണ്ട്;
എന്നെക്കുറിച്ചുള്ള അവിടുത്തെ സാക്ഷ്യം
വാസ്തവമെന്നു ഞാൻ അറിയുന്നു."

33"നിങ്ങൾ യോഹന്നാന്റെ അടുക്കൽ
ആളയച്ചു; യോഹന്നാൻ സത്യത്തിനു സാക്ഷ്യം
പറഞ്ഞിരിക്കുന്നു. 34മനുഷ്യന്റെ സാക്ഷ്യം
ഞാൻ സ്വീകരിക്കുന്നു എന്നല്ല; എന്നാൽ നിങ്ങൾ
രക്ഷിക്കപ്പെടേണ്ടതിനു ഞാൻ ഇതു പറയുന്നു.
35യോഹന്നാൻ ജ്വലിച്ചു പ്രകാശിച്ച വിളക്ക്
ആയിരുന്നു; അല്പസമയത്തേക്കു അദ്ദേഹ
ത്തിന്റെ പ്രകാശത്തിൽ ഉല്ലസിക്കാൻ നിങ്ങൾ
ഇഷ്ടപ്പെട്ടു.

36"എന്നാൽ യോഹന്നാന്റെ സാക്ഷ്യത്തെ
ക്കാൾ വലിയ സാക്ഷ്യം എനിക്കുണ്ട്. പിതാവ്
എന്നെ ഏല്പിച്ചതും ഞാൻ ചെയ്തുകൊണ്ടി
രിക്കുന്നതുമായ പ്രവൃത്തികൾതന്നേ പിതാവ്
എന്നെ അയച്ചതിനു സാക്ഷ്യം വഹിക്കുന്നു.
37എന്നെ അയച്ച പിതാവു തന്നേ എന്നെക്കു
റിച്ചു സാക്ഷ്യം വഹിച്ചിട്ടുണ്ട്. നിങ്ങൾ ഒരിക്കലും
അവിടുത്തെ ശബ്ദം കേൾക്കുകയോ രൂപം
കാണുകയോ ചെയ്തിട്ടില്ല; 38അവിടുത്തെ വചനം
നിങ്ങളിൽ വസിക്കുന്നതുമില്ല; അവിടുന്ന്
അയച്ചവനെ നിങ്ങൾ വിശ്വസിക്കുന്നില്ലല്ലോ.
39നിങ്ങൾ തിരുവെഴുത്തുകൾ ശ്രദ്ധയോടെ
പഠിക്കുന്നു; [a]അവയിൽ നിങ്ങൾക്കു നിത്യജീവൻ
ഉണ്ടെന്നു നിങ്ങൾ വിചാരിക്കുന്നു; അവ
എന്നെക്കുറിച്ചു സാക്ഷ്യം വഹിക്കുന്നു.
40എങ്കിലും ജീവൻ പ്രാപിക്കേണ്ടതിന് എന്റെ
അടുക്കൽ വരുവാൻ നിങ്ങൾക്കു മനസ്സില്ല.

41"ഞാൻ മനുഷ്യരുടെ ബഹുമാനം
സ്വീകരിക്കുന്നില്ല, 42എന്നാൽ എനിക്കു നിങ്ങളെ
അറിയാം. നിങ്ങളുടെ ഹൃദയത്തിൽ
ദൈവസ്നേഹം ഇല്ല എന്നു ഞാൻ അറിഞ്ഞി
രിക്കുന്നു. 43ഞാൻ എന്റെ പിതാവിന്റെ
നാമത്തിൽ വന്നിരിക്കുന്നുവെങ്കിലും നിങ്ങൾ
എന്നെ അംഗീകരിക്കുന്നില്ല; എന്നാൽ മറ്റാരെ
ങ്കിലും സ്വന്തനാമത്തിൽ വന്നാൽ നിങ്ങൾ
അവനെ കൈക്കൊള്ളും. 44ഏകദൈവത്തിൽ
നിന്നുള്ള പുകഴ്ച അന്വേഷിക്കാതെ, അന്യോ
ന്യം പുകഴ്ചയേറ്റുവാങ്ങുന്ന നിങ്ങൾക്ക് എങ്ങനെ
വിശ്വസിക്കുവാൻ കഴിയും?

45"എന്നാൽ ഞാൻ പിതാവിന്റെ മുമ്പിൽ
നിങ്ങളെ കുറ്റം ചുമത്തും എന്നു വിചാരി
ക്കേണ്ടതില്ല. നിങ്ങൾ പ്രത്യാശ അർപ്പിച്ചിരി
ക്കുന്ന മോശെയാണു നിങ്ങളെ കുറ്റം ചുമ
ത്തുന്നത്. 46നിങ്ങൾ മോശെയെ വിശ്വസിച്ചിരു
ന്നുവെങ്കിൽ എന്നെയും വിശ്വസിക്കുമായിരുന്നു;
അദ്ദേഹം എന്നെക്കുറിച്ച് എഴുതിയിട്ടുണ്ടല്ലോ.
47എന്നാൽ, അദ്ദേഹം എഴുതിയതു നിങ്ങൾ
വിശ്വസിക്കുന്നില്ലെങ്കിൽ എന്റെ വാക്കുകൾ
നിങ്ങൾ എങ്ങനെ വിശ്വസിക്കും?"

[a] 39 അഥവാ, *പഠിപ്പിക്കുക*

യേശു അയ്യായിരം പേർക്ക് ആഹാരം നല്കുന്നു

6 അനന്തരം യേശു തിബെര്യാസ് എന്നു പേരുള്ള ഗലീലിക്കടലിന്റെ മറുകരയ്ക്കു പോയി. 2രോഗികളിൽ അദ്ദേഹം പ്രവർത്തിച്ച അടയാളങ്ങൾ കണ്ടിരുന്നതിനാൽ ഒരു വലിയ ജനക്കൂട്ടം അദ്ദേഹത്തെ അനുഗമിച്ചു. 3യേശു ഒരു മലയിൽ കയറി ശിഷ്യന്മാരുമൊത്ത് അവിടെ ഇരുന്നു. 4യഹൂദരുടെ പെസഹാ പെരുന്നാൾ അടുത്തിരുന്നു.

5യേശു തല ഉയർത്തി നോക്കി; ഒരു വലിയ ജനക്കൂട്ടം തന്റെ അടുത്തേക്കു വരുന്നതു കണ്ടിട്ട് ഫിലിപ്പൊസിനോട്: "ഈ ജനങ്ങൾക്കു ഭക്ഷിക്കുവാൻ നാം എവിടെനിന്ന് അപ്പം വാങ്ങും?" എന്നു ചോദിച്ചു. 6അയാളെ പരീക്ഷിക്കുന്നതിനായിരുന്നു ഇതു ചോദിച്ചത്; കാരണം, താൻ ചെയ്യുവാൻ പോകുന്നത് എന്തെന്ന് അദ്ദേഹത്തിനു നേരത്തേ അറിയാമായിരുന്നു.

7"ഓരോരുത്തനും ഒരു ചെറിയ കഷണമെങ്കിലും കിട്ടണമെങ്കിൽ ഇരുനൂറു ദിനാറിന് അപ്പം മതിയാവുകയില്ല" ഫിലിപ്പൊസ് പറഞ്ഞു.

8മറ്റൊരു ശിഷ്യനായ ശിമോൻ പത്രൊസിന്റെ സഹോദരൻ അന്ത്രെയാസ് പറഞ്ഞു: 9" ഇവിടെ ഒരു ബാലനുണ്ട്, അവന്റെ കൈവശം അഞ്ചു ബാർലിയപ്പവും രണ്ടു ചെറിയ മീനും ഉണ്ട്; എന്നാൽ ഇത്രയധികം ആളുകൾക്ക് അത് എന്തുള്ളൂ?"

10"ജനങ്ങളെ ഇരുത്തുവിൻ" യേശു പറഞ്ഞു. അവിടെ ധാരാളം പുല്ലുണ്ടായിരുന്നു; അയ്യായിരത്തോളം പുരുഷന്മാർ ഇരുന്നു. 11അനന്തരം യേശു അപ്പം എടുത്തു സ്തോത്രം ചെയ്ത് ഇരുന്നവർക്കു വിളമ്പിക്കൊടുത്തു; മീനും അങ്ങനെതന്നേ കൊടുത്തു.

12എല്ലാവരും മതിയാകുവോളം ഭക്ഷിച്ചു കഴിഞ്ഞപ്പോൾ യേശു ശിഷ്യന്മാരോട്; "ശേഷിച്ച കഷണങ്ങൾ ശേഖരിക്കുവിൻ, ഒട്ടും നഷ്ടപ്പെടുത്തരുത്" എന്നു പറഞ്ഞു. 13അങ്ങനെ അവർ ശേഖരിച്ചു; അഞ്ചു ബാർലിയപ്പത്തിൽനിന്നു ശേഷിച്ച കഷണങ്ങൾ പന്ത്രണ്ടു കുട്ട നിറച്ചെടുത്തു.

14യേശു ചെയ്ത അടയാളം കണ്ടിട്ടു ജനങ്ങൾ, "തീർച്ചയായും ലോകത്തിലേക്കു വരുവാനുള്ള പ്രവാചകൻ ഇദ്ദേഹം ആകുന്നു" എന്നു പറഞ്ഞു. 15അവർ വന്നു തന്നെ പിടിച്ചു രാജാവാക്കുവാൻ ഉദ്ദേശിക്കുന്നു എന്നറിഞ്ഞ് യേശു വീണ്ടും തനിയേ മലയിലേക്കു പിൻവാങ്ങി.

യേശു വെള്ളത്തിന്മീതെ നടക്കുന്നു

16സന്ധ്യയായപ്പോൾ യേശുവിന്റെ ശിഷ്യന്മാർ തടാകത്തിന്റെ തീരത്തേക്ക് ഇറങ്ങിപ്പോയി. 17അവർ ഒരു വഞ്ചിയിൽ കയറി മറുകരയുള്ള കഫർന്നഹൂമിലേക്കു യാത്ര തിരിച്ചു; നേരം ഇരുട്ടിക്കഴിഞ്ഞിരുന്നു. യേശു അവരുടെയടുക്കൽ എത്തിയിരുന്നില്ല. 18കൊടുങ്കാറ്റടിച്ചു കടൽ വളരെ ക്ഷോഭിച്ചു. 19നാലഞ്ചുമൈൽ തണ്ടു വലിച്ചു കഴിഞ്ഞപ്പോൾ യേശു വെള്ളത്തിനുമീതെ നടന്നു വഞ്ചിയെ സമീപിക്കുന്നത് അവർ കണ്ടു; അവർ വളരെ ഭയപ്പെട്ടു. 20"ഞാനാകുന്നു, ഭയപ്പെടേണ്ടാ" എന്നു യേശു അവരോടു പറഞ്ഞു. 21അപ്പോൾ അദ്ദേഹത്തെ വഞ്ചിയിൽ കയറ്റാൻ അവർ സന്നദ്ധരായി; വഞ്ചി പെട്ടെന്ന് അവർക്ക് എത്തേണ്ട തീരത്ത് എത്തിച്ചേർന്നു.

22ഒരു വഞ്ചി മാത്രമേ അവിടെ ഉണ്ടായിരുന്നുള്ളൂ എന്നും അതിൽ ശിഷ്യന്മാരോടുകൂടെ യേശു കയറാതെ അവർ തനിച്ചാണു പോയതെന്നും തടാകത്തിന്റെ മറുകരയിൽ ഉണ്ടായിരുന്ന ജനക്കൂട്ടം പിറ്റേന്നാൾ മനസ്സിലാക്കി. 23കർത്താവു സ്തോത്രം ചെയ്തു നല്കിയ അപ്പം, ജനങ്ങൾ ഭക്ഷിച്ച സ്ഥലത്തേക്കു തിബെര്യാസിൽ നിന്നു ചില വഞ്ചികൾ വന്നു ചേർന്നു. 24യേശുവോ ശിഷ്യന്മാരോ അവിടെ ഇല്ലെന്നു മനസ്സിലാക്കിയ ജനസമൂഹം യേശുവിനെ അന്വേഷിച്ചു വഞ്ചികളിൽ കയറി കഫർന്നഹൂമിലേക്കു യാത്രയായി.

യേശു ജീവന്റെ അപ്പം

25തടാകത്തിന്റെ മറുകരയിൽ യേശുവിനെ കണ്ടപ്പോൾ അവർ അദ്ദേഹത്തോട്, "റബ്ബീ, അങ്ങ് എപ്പോൾ ഇവിടെ എത്തി?" എന്നു ചോദിച്ചു.

26യേശു അതിന് ഉത്തരം പറഞ്ഞു: "സത്യമായി, സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, നിങ്ങൾ എന്നെ അന്വേഷിക്കുന്നത് അടയാളങ്ങൾ കണ്ടിട്ടല്ല, അപ്പം തിന്നു തൃപ്തരായതുകൊണ്ടാണ്. 27നശിച്ചു പോകുന്ന ആഹാരത്തിനുവേണ്ടിയല്ല, നിത്യജീവനിലേക്കു നിലനില്ക്കുന്ന ആഹാരത്തിനുവേണ്ടിത്തന്നേ പ്രവർത്തിപ്പിൻ; അതു മനുഷ്യപുത്രൻ നിങ്ങൾക്കു നല്കും. അവനെന്റെമേൽ പിതാവായ ദൈവം തന്റെ അംഗീകാരമുദ്ര പതിപ്പിച്ചിരിക്കുന്നു." 28അപ്പോൾ അവർ അദ്ദേഹത്തോടു ചോദിച്ചു. "ദൈവത്തിനു ഹിതകരമായി ഞങ്ങൾ ചെയ്യേണ്ടുന്ന പ്രവൃത്തികൾ എന്താണ്?"

29 "ദൈവം അയച്ചവനിൽ വിശ്വസിക്കുക; ഇതത്രേ ദൈവത്തിനു പ്രസാദമുള്ള പ്രവൃത്തി" യേശു ഉത്തരം പറഞ്ഞു.

30അപ്പോൾ അവർ ചോദിച്ചു: " ഞങ്ങൾ കണ്ട് അങ്ങയിൽ വിശ്വസിക്കേണ്ടതിന് എന്ത് അടയാളമാണ് അങ്ങു നല്കുന്നത്? 31ഞങ്ങളുടെ പിതാക്കന്മാർ മരുഭൂമിയിൽ മന്നാ ഭക്ഷിച്ചു; 'അവർക്കു ഭക്ഷിപ്പാൻ സ്വർഗ്ഗത്തിൽ നിന്നു അപ്പം

കൊടുത്തു' [a] എന്ന് എഴുതിയിരിക്കുന്നുവല്ലോ"
32യേശു അവരോടു: "സത്യമായി, സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, മോശെയല്ല നിങ്ങൾക്കു സ്വർഗ്ഗത്തിൽനിന്ന് അപ്പം തന്നത്; സ്വർഗ്ഗത്തിൽനിന്നുള്ള യഥാർത്ഥ അപ്പം നിങ്ങൾക്കു തരുന്നത് എന്റെ പിതാവാണ്. 33ദൈവത്തിന്റെ അപ്പമോ സ്വർഗ്ഗത്തിൽനിന്ന് ഇറങ്ങിവന്നു ലോകത്തിനു ജീവൻ നല്കുന്നവൻ ആകുന്നു" എന്നു പറഞ്ഞു.
34 "പ്രഭോ, ഇപ്പോൾ മുതൽ ഈ അപ്പം എല്ലായ്പ്പോഴും ഞങ്ങൾക്കു തരണമേ" അവർ അദ്ദേഹത്തോടു പറഞ്ഞു.
35അപ്പോൾ യേശു പറഞ്ഞു: "ഞാൻ ജീവന്റെ അപ്പം ആകുന്നു. എന്റെ അടുക്കൽ വരുന്നവന് ഒരുനാളും വിശക്കുകയില്ല; എന്നിൽ വിശ്വസിക്കുന്നവന് ഒരിക്കലും ദാഹിക്കുകയുമില്ല. 36എന്നാൽ നിങ്ങൾ എന്നെ കണ്ടിട്ടും വിശ്വസിക്കുന്നില്ല എന്നു ഞാൻ നിങ്ങളോടു പറഞ്ഞല്ലോ. 37പിതാവ് എനിക്കു തരുന്നത് എല്ലാം എന്റെ അടുക്കൽ വരും; എന്റെ അടുക്കൽ വരുന്നവനെ ഞാൻ ഒരുനാളും തള്ളിക്കളയുകയില്ല. 38ഞാൻ സ്വർഗ്ഗത്തിൽനിന്ന് ഇറങ്ങിവന്നിരിക്കുന്നത് എന്റെ ഇഷ്ടം ചെയ്വാനല്ല, എന്നെ അയച്ചവന്റെ ഇഷ്ടം ചെയ്വാനാണ്. 39എന്നെ അയച്ചവന്റെ ഇഷ്ടമോ, അവിടുന്ന് എനിക്കു തന്നിട്ടുള്ളവരിൽ ആരും നഷ്ടമാകാതെ എല്ലാവരെയും ഞാൻ അന്ത്യനാളിൽ ഉയിർപ്പിക്കണം എന്നാകുന്നു. 40പുത്രനെ നോക്കി അവനിൽ വിശ്വസിക്കുന്ന ഏവനും നിത്യജീവൻ ഉണ്ടാകണമെന്നാണ് എന്റെ പിതാവിന്റെ ഇഷ്ടം; അന്ത്യനാളിൽ ഞാൻ അവനെ ഉയിർപ്പിക്കും."
41"ഞാൻ സ്വർഗ്ഗത്തിൽനിന്ന് ഇറങ്ങിവന്ന അപ്പം ആകുന്നു" എന്ന് യേശു പറഞ്ഞതു കൊണ്ടു യഹൂദർ അദ്ദേഹത്തെക്കുറിച്ചു പിറുപിറുത്തു: 42"ഇയാൾ യോസേഫിന്റെ മകനായ യേശു അല്ലേ? ഇയാളുടെ പിതാവിനെയും മാതാവിനെയും നമുക്ക് അറിയാമല്ലോ. പിന്നെ, ഞാൻ സ്വർഗ്ഗത്തിൽ നിന്ന് ഇറങ്ങിവന്നിരിക്കുന്നു എന്ന് ഇയാൾ പറയുന്നത് എന്ത്?" അവർ പറഞ്ഞു.
43യേശു പറഞ്ഞു: "നിങ്ങൾ തമ്മിൽ പിറുപിറുക്കേണ്ടാ. 44എന്നെ അയച്ച പിതാവ് ആകർഷിച്ചിട്ടല്ലാതെ ആർക്കും എന്റെ അടുക്കൽ വരുവാൻ കഴിയുകയില്ല. 'അന്ത്യനാളിൽ ഞാൻ അവനെ ഉയിർപ്പിക്കും. 45എല്ലാവരും ദൈവത്താൽ പഠിപ്പിക്കപ്പെട്ടവരായിത്തീരും' [b] എന്നു പ്രവാചക പുസ്തകങ്ങളിൽ എഴുതിയിരിക്കുന്നു. പിതാവിന്റെ വാക്കുകൾ കേട്ടു പഠിച്ചവരെല്ലാം എന്റെ അടുക്കൽ വരും. 46ദൈവത്തിൽ നിന്നുള്ളവനല്ലാതെ മറ്റാരും പിതാവിനെ കണ്ടിട്ടില്ല; അവൻ മാത്രം പിതാവിനെ കണ്ടിരിക്കുന്നു. 47സത്യമായി, സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, എന്നിൽ വിശ്വസിക്കുന്നവനു നിത്യജീവൻ ഉണ്ട്. 48ഞാൻ ജീവന്റെ അപ്പം ആകുന്നു. 49നിങ്ങളുടെ പിതാക്കന്മാർ മരുഭൂമിയിൽവച്ചു മന്നാ തിന്നിട്ടും മരിച്ചു. 50എന്നാൽ തിന്നുന്നവർ മരിക്കാതിരിക്കേണ്ടതിനു സ്വർഗ്ഗത്തിൽനിന്ന് ഇറങ്ങിവരുന്ന അപ്പം ഇതാകുന്നു. 51സ്വർഗ്ഗത്തിൽ നിന്ന് ഇറങ്ങിവന്ന ജീവനുള്ള അപ്പം ഞാൻ ആകുന്നു; ഈ അപ്പം തിന്നുന്നവൻ എന്നേക്കും ജീവിക്കും. ലോകത്തിന്റെ ജീവനുവേണ്ടി ഞാൻ കൊടുക്കുന്ന അപ്പമോ എന്റെ ശരീരം ആകുന്നു."
52അപ്പോൾ യഹൂദർ തമ്മിൽത്തമ്മിൽ രൂക്ഷമായി തർക്കിച്ചുതുടങ്ങി: "നമുക്കു ഭക്ഷിക്കുവാൻ തന്റെ ശരീരം തരാൻ ഇദ്ദേഹത്തിന് എങ്ങനെ കഴിയും?"
53യേശു അവരോടു പറഞ്ഞു: "സത്യമായി, സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, നിങ്ങൾ മനുഷ്യപുത്രന്റെ ശരീരം ഭക്ഷിക്കാതെയും അവന്റെ രക്തം കുടിക്കാതെയും ഇരുന്നാൽ നിങ്ങളിൽ ജീവൻ ഇല്ല. 54എന്റെ ശരീരം ഭക്ഷിക്കുകയും എന്റെ രക്തം കുടിക്കുകയും ചെയ്യുന്നവനു നിത്യജീവൻ ഉണ്ട്. ഞാൻ അന്ത്യനാളിൽ അവനെ ഉയിർപ്പിക്കും. 55എന്റെ ശരീരം സാക്ഷാൽ ഭക്ഷണവും എന്റെ രക്തം സാക്ഷാൽ പാനീയവും ആകുന്നു. 56എന്റെ ശരീരം ഭക്ഷിക്കുകയും എന്റെ രക്തം കുടിക്കുകയും ചെയ്യുന്നവൻ എന്നിലും ഞാൻ അവനിലും വസിക്കും. 57ജീവിക്കുന്ന പിതാവ് എന്നെ അയച്ചിട്ടു ഞാൻ പിതാവിനാൽ ജീവിക്കുന്നതുപോലെ, എന്നെ ഭക്ഷിക്കുന്നവൻ ഞാൻമൂലം ജീവിക്കും. 58സ്വർഗ്ഗത്തിൽനിന്ന് ഇറങ്ങിവന്ന അപ്പം ഇതാകുന്നു. നമ്മുടെ പിതാക്കന്മാർ മന്നാ ഭക്ഷിക്കുകയും മരിക്കുകയും ചെയ്തു. എന്നാൽ ഈ അപ്പം ഭക്ഷിക്കുന്നവൻ എന്നേക്കും ജീവിക്കും." 59കഫർന്നഹൂമിലെ പള്ളിയിൽ ഉപദേശിച്ചുകൊണ്ടിരിക്കുമ്പോൾ യേശു ഇപ്രകാരം പ്രസ്താവിച്ചു.

ശിഷ്യന്മാരിൽ പലരും യേശുവിനെ വിട്ടുപോകുന്നു

60ഇതുകേട്ടു ശിഷ്യന്മാരിൽ പലരും പറഞ്ഞു: "ഇത് കഠിനമായ വാക്ക്; ഇതു സ്വീകരിക്കാൻ ആർക്കു കഴിയും?" 61ശിഷ്യന്മാർ ഇതേക്കുറിച്ചു പിറുപിറുക്കുന്നുവെന്നു മനസ്സിലാക്കിയിട്ടു യേശു അവരോടു പറഞ്ഞു: "ഇതു നിങ്ങൾക്ക് ഇടർച്ചയുണ്ടാക്കുന്നുവോ? 62മനുഷ്യപുത്രൻ മുമ്പേ

[a] 31 പുറപ്പാട് 16:4, നെഹമ്യാവ് 9:15, സങ്കീർത്തനം 78:24,25 [b] 45 യെശയ്യാവ് 54:13

ആയിരുന്നേടത്തേക്കു കയറിപ്പോകുന്നത് നിങ്ങൾ കാണുന്നുവെങ്കിലോ? 63ജീവിപ്പിക്കുന്നത് ആത്മാവാകുന്നു; ശരീരം ഒന്നിനും ഉപകരിക്കുന്നില്ല. ഞാൻ സംസാരിച്ചിട്ടുള്ള വചനങ്ങൾ ആത്മാവും ജീവനും ആകുന്നു. 64എങ്കിലും വിശ്വസിക്കാത്ത ചിലർ നിങ്ങളുടെ കൂട്ടത്തിൽ ഉണ്ട്." അവരിൽ ആരാണു വിശ്വസിക്കാത്തതെന്നും തന്നെ ഒറ്റിക്കൊടുക്കുന്നവൻ ആരെന്നും ആദ്യം മുതൽ യേശു അറിഞ്ഞിരുന്നു. 65അവിടുന്ന് തുടർന്നു പറഞ്ഞു: "ഇതുകൊണ്ടാണ് പിതാവ് വരം നല്കിയിട്ടല്ലാതെ ആർക്കും എന്റെ അടുക്കൽ വരുവാൻ സാധ്യമല്ലെന്നു ഞാൻ നിങ്ങളോടു പറഞ്ഞത്."

66അപ്പോൾ മുതൽ ശിഷ്യന്മാരിൽ പലരും അദ്ദേഹത്തെ വിട്ടുപോയി. അവർ പിന്നെ ഒരിക്കലും അദ്ദേഹത്തെ അനുഗമിച്ചില്ല.

67"നിങ്ങളും വിട്ടുപോകുവാൻ ആഗ്രഹിക്കുന്നുവോ?" യേശു പന്ത്രണ്ടു ശിഷ്യന്മാരോടു ചോദിച്ചു.

68ശിമോൻ പത്രൊസ് അദ്ദേഹത്തോടു പറഞ്ഞു: "കർത്താവേ, ഞങ്ങൾ ആരുടെ അടുത്തേക്കുപോകും? നിത്യജീവന്റെ വചനങ്ങൾ അങ്ങയുടെ പക്കൽ ഉണ്ടല്ലോ. 69അങ്ങ് ദൈവത്തിന്റെ പരിശുദ്ധൻ എന്നു ഞങ്ങൾ വിശ്വസിക്കുന്നു; അറിയുകയും ചെയ്യുന്നു."

70അപ്പോൾ യേശു പറഞ്ഞു: "നിങ്ങളെ പന്ത്രണ്ടുപേരെ, ഞാൻ തിരഞ്ഞെടുത്തില്ലയോ? എങ്കിലും നിങ്ങളിൽ ഒരുവൻ ഒരു പിശാചാണ്." 71ശിമോൻ ഈസ്കര്യോത്താവിന്റെ മകനായ യൂദയെ ഉദ്ദേശിച്ചാണ് അദ്ദേഹമിതു പറഞ്ഞത്. അയാൾ പന്ത്രണ്ടു പേരിൽ ഒരുവൻ എങ്കിലും പിന്നീട് അദ്ദേഹത്തെ ഒറ്റിക്കൊടുക്കാനുള്ളവനായിരുന്നു.

യേശു കൂടാരപ്പെരുന്നാളിനു പോകുന്നു

7 ഇതു കഴിഞ്ഞ്, യേശു ഗലീലയിൽ സഞ്ചരിച്ചു; യഹൂദർ അദ്ദേഹത്തെ കൊല്ലുവാൻ അന്വേഷിച്ചതുകൊണ്ട് അവിടുന്ന് ബോധപൂർവ്വം യഹൂദ്യയിൽനിന്ന് അകന്നു പാർത്തു. 2എന്നാൽ യഹൂദരുടെ കൂടാരപ്പെരുനാൾ സമീപിച്ചപ്പോൾ 3യേശുവിന്റെ സഹോദരന്മാർ അദ്ദേഹത്തോടു "താങ്കൾ ഇവിടംവിട്ടു യഹൂദ്യയിലേക്കു പോകണം; താങ്കൾ പ്രവർത്തിക്കുന്ന അത്ഭുതങ്ങൾ ശിഷ്യന്മാർ കാണട്ടെ. 4പൊതുജനമദ്ധ്യേ പ്രസിദ്ധി ആഗ്രഹിക്കുന്ന ആരും രഹസ്യമായി ഒന്നും പ്രവർത്തിക്കുന്നില്ലല്ലോ. ഈ കാര്യങ്ങൾ ചെയ്യുന്നപക്ഷം താങ്കൾ ലോകത്തിനു സ്വയം വെളിപ്പെടുത്തിക്കൊടുക്കണം." എന്നു പറഞ്ഞു. 5സ്വന്തസഹോദരന്മാർ പോലും അദ്ദേഹത്തിൽ വിശ്വസിച്ചിരുന്നില്ല.

6അതുകൊണ്ട് യേശു അവരോട്: "എന്റെ സമയം ഇതുവരെ വന്നിട്ടില്ല. നിങ്ങൾക്കോ എല്ലായ്പ്പോഴും സമയം തന്നേ. 7ലോകത്തിനു നിങ്ങളെ വെറുക്കാൻ കഴിയുകയില്ല; എന്നാൽ ലോകം ചെയ്യുന്നതു ദോഷമുള്ളതെന്നു ഞാൻ സാക്ഷ്യം പറയുന്നതുകൊണ്ട് അത് എന്നെ വെറുക്കുന്നു. 8നിങ്ങൾ പെരുന്നാളിനു പൊയ്ക്കൊള്ളുക, എന്റെ സമയം ആയിട്ടില്ലാത്തതിനാൽ പെരുന്നാളിന് ഞാൻ ഇപ്പോൾ പോകുന്നില്ല" 9ഇങ്ങനെ പറഞ്ഞിട്ട് യേശു ഗലീലയിൽത്തന്നേ പാർത്തു.

10എങ്കിലും, സഹോദരന്മാർ പെരുന്നാളിനു പോയിക്കഴിഞ്ഞപ്പോൾ യേശുവും പരസ്യമായല്ല, രഹസ്യമായിട്ടുപോയി. 11പെരുന്നാളിൽ യഹൂദർ ആ മനുഷ്യൻ എവിടെ എന്നു ചോദിച്ച് അദ്ദേഹത്തെ അന്വേഷിച്ചു.

12ജനസമൂഹത്തിൽ അദ്ദേഹത്തെക്കുറിച്ചു രഹസ്യസംഭാഷണം നടന്നു. അദ്ദേഹം നല്ലവനാണ് എന്നു ചിലരും അല്ല, ജനക്കൂട്ടത്തെ കബളിപ്പിക്കുകയാണ് എന്നു മറ്റുചിലരും പറഞ്ഞു. 13എന്നാൽ യഹൂദരെ പേടിച്ച് ആരും അദ്ദേഹത്തെക്കുറിച്ചു പരസ്യമായി ഒന്നും പറഞ്ഞില്ല.

യേശു പെരുന്നാളിൽ ഉപദേശിക്കുന്നു

14പെരുന്നാൾ പകുതി കഴിഞ്ഞപ്പോൾ യേശു ദൈവാലയത്തിൽ എത്തി ഉപദേശിച്ചു തുടങ്ങി. 15യഹൂദർ ആശ്ചര്യപ്പെട്ട്, "വിദ്യാഭ്യാസം ഇല്ലാത്ത ഈ മനുഷ്യന് ഇത്രയും അറിവു ലഭിച്ചത് എങ്ങനെ?" എന്നു ചോദിച്ചു.

16യേശു അതിനു മറുപടി പറഞ്ഞു: "എന്റെ ഉപദേശം എന്റെ സ്വന്തമല്ല; എന്നെ അയച്ചവന്റേതാണ്. 17ആരെങ്കിലും ദൈവത്തിന്റെ ഇഷ്ടം ചെയ്യാൻ ഇച്ചരിക്കുന്നുവെങ്കിൽ, അവൻ എന്റെ ഉപദേശം ദൈവത്തിൽ നിന്നുള്ളതോ ഞാൻ സ്വയമായി പറയുന്നതോ എന്നു മനസ്സിലാക്കും. 18സ്വന്തനിലയിൽ സംസാരിക്കുന്നവൻ തനിക്കായി ബഹുമാനം നേടാൻ ശ്രമിക്കുന്നു. എന്നാൽ തന്നെ അയച്ചവന്റെ മഹത്ത്വത്തിനായി പ്രവർത്തിക്കുന്നവൻ സത്യസന്ധൻ; അവനിൽ കാപട്യമില്ല. 19മോശെ നിങ്ങൾക്കു ന്യായപ്രമാണം തന്നില്ലയോ? എങ്കിലും നിങ്ങളിൽ ആരും അതനുസരിക്കുന്നില്ല; നിങ്ങൾ എന്നെ കൊല്ലാൻ ശ്രമിക്കുന്നത് എന്തിന്?"

20"നിന്നെ ഭൂതം ബാധിച്ചിരിക്കുകയാണ്" ജനക്കൂട്ടം മറുപടി പറഞ്ഞു, "ആരാണു നിന്നെ കൊല്ലാൻ ശ്രമിക്കുന്നത്?"

21യേശു അവരോടു പറഞ്ഞു: " ഞാൻ ഒരു പ്രവൃത്തി ചെയ്തു; നിങ്ങളെല്ലാവരും അതിൽ ആശ്ചര്യപ്പെട്ടു. 22 മോശെ നിങ്ങൾക്കു

പരിച്ഛേദന ഏർപ്പെടുത്തിയതുകൊണ്ട് നിങ്ങൾ ശബ്ബത്തിൽ മനുഷ്യനെ പരിച്ഛേദന കഴിപ്പിക്കുന്നു. (എന്നാൽ അത് മോശെയിൽ നിന്നല്ല ഗോത്രപിതാക്കന്മാരിൽ നിന്നാണ് ഉണ്ടായത്.) 23ശബ്ബത്തിൽ പരിച്ഛേദന നടത്തുന്നതുകൊണ്ട് മോശെയുടെ ന്യായ പ്രമാണം ലംഘിക്കപ്പെടുന്നില്ലെങ്കിൽ, ശബ്ബത്തിൽ ഒരു മനുഷ്യനു പൂർണ്ണമായ സൗഖ്യം നല്കിയതിനു നിങ്ങൾ എന്നോടു കോപിക്കുന്നതെന്തിന്? 24കാഴ്ചപ്രകാരം വിധിക്കാതെ നീതിപൂർവ്വം വിധിക്കുവിൻ."

യേശു തന്നെയോ ക്രിസ്തു?

25അപ്പോൾ, യെരൂശലേമിൽ നിന്നുള്ള ചിലർ പറഞ്ഞു: "ഈ മനുഷ്യനെ അല്ലയോ അവർ കൊല്ലാൻ ശ്രമിക്കുന്നത്? 26ഇതാ, ഇദ്ദേഹം പരസ്യമായി സംസാരിക്കുന്നു, അവർ ഒരു വാക്കുപോലും ഇദ്ദേഹത്തോടു പറയുന്നുമില്ല! ഇദ്ദേഹം ക്രിസ്തുവാണെന്ന് അധികാരികൾ അംഗീകരിച്ചിരിക്കുകയാണോ? 27എന്നാൽ ഇദ്ദേഹം എവിടെനിന്നുള്ളവനെന്നു നമുക്കറിയാം. ക്രിസ്തു വരുമ്പോഴോ, അദ്ദേഹം എവിടെ നിന്നെന്ന് ആരും അറിയുകയില്ല."

28അതുകൊണ്ട്, ദൈവാലയത്തിൽ ഉപദേശിച്ചുകൊണ്ടിരിക്കുമ്പോൾ യേശു ഇങ്ങനെ വിളിച്ചുപറഞ്ഞു: "അതേ, നിങ്ങൾക്ക് എന്നെ അറിയാം. ഞാൻ എവിടെനിന്നു വരുന്നുവെന്നും അറിയാം. ഞാൻ സ്വയമായി വന്നതല്ല. എന്നെ അയച്ചവൻ സത്യവാൻ ആകുന്നു; അവിടുത്തെ നിങ്ങൾ അറിയുന്നില്ല. 29എന്നാൽ ഞാൻ എന്നെ അയച്ചവന്റെ അടുക്കൽനിന്നു വരുന്നതുകൊണ്ടും അവിടുന്ന് എന്നെ അയച്ചിരിക്കുന്നതുകൊണ്ടും ഞാൻ അവിടുത്തെ അറിയുന്നു."

30അപ്പോൾ അവർ അദ്ദേഹത്തെ പിടിക്കാൻ ശ്രമിച്ചു. എന്നാൽ തന്റെ സമയം വന്നിട്ടില്ലായിരുന്നതുകൊണ്ട് അദ്ദേഹത്തിന്റെമേൽ കൈവയ്ക്കുവാൻ ആർക്കും സാധിച്ചില്ല.

31എങ്കിലും, ജനക്കൂട്ടത്തിൽ പലരും അദ്ദേഹത്തിൽ വിശ്വസിച്ചു. "ക്രിസ്തു വരുമ്പോൾ ഈ മനുഷ്യൻ ചെയ്യുന്നതിലും അധികം അടയാളങ്ങൾ ചെയ്യുമോ?" അവർ ചോദിച്ചു.

32യേശുവിനെപ്പറ്റി ജനക്കൂട്ടം ഇങ്ങനെ രഹസ്യമായി സംസാരിക്കുന്നുവെന്നു പരീശന്മാർ കേട്ടു. അപ്പോൾ മുഖ്യപുരോഹിതന്മാരും പരീശന്മാരും അദ്ദേഹത്തെ പിടിക്കുവാൻ ദൈവാലയത്തിലെ കാവൽഭടന്മാരെ നിയോഗിച്ചു.

33യേശു പറഞ്ഞു: "ഞാൻ ഇനി അല്പകാലം മാത്രമേ നിങ്ങളോടുകൂടെ ഉണ്ടായിരിക്കയുള്ളൂ, പിന്നീട് എന്നെ അയച്ചവന്റെ അടുത്തേക്കു പോകും. 34നിങ്ങൾ എന്നെ അന്വേഷിക്കും, എന്നാൽ കണ്ടെത്തുകയില്ല. ഞാൻ എവിടെ ആയിരിക്കുമോ അവിടെ നിങ്ങൾക്കു വന്നെത്തുവാൻ സാധ്യമല്ല." 35യഹൂദർ അന്യോന്യം പറഞ്ഞു: "നമുക്കു കണ്ടെത്താൻ സാധിക്കാത്തവിധം എവിടേയ്ക്കാണ് ഇദ്ദേഹം പോകാനുദ്ദേശിക്കുന്നത്? ഗ്രീക്കുകാരുടെ ഇടയിൽ നമ്മുടെ ആളുകൾ ചിതറിപ്പാർക്കുന്നേടത്തുചെന്ന് ഗ്രീക്കുകാരെ ഉപദേശിക്കുമെന്നോ? 36'നിങ്ങൾ എന്നെ അന്വേഷിക്കും, കണ്ടെത്തുകയില്ല,' എന്നും 'ഞാൻ ആയിരിക്കുന്നേടത്ത് നിങ്ങൾക്കു വരാൻ സാധ്യമല്ല' എന്നും പറയുന്നതുകൊണ്ട് അദ്ദേഹം എന്താണ് അർത്ഥമാക്കുന്നത്?"

37ഉത്സവത്തിന്റെ പ്രധാനദിനമായ ഒടുവിലത്തെ ദിവസം യേശുനിന്നുകൊണ്ട് ഇപ്രകാരം വിളിച്ചു പറഞ്ഞു: "ദാഹിക്കുന്നവരെല്ലാം എന്റെ അടുക്കൽ വന്നു കുടിക്കട്ടെ. 38എന്നിൽ വിശ്വസിക്കുന്ന ഏതൊരുവന്റെയും ഉള്ളിൽനിന്ന്, തിരുവെഴുത്തിൽ പറയുന്നതുപോലെ, ജീവജലത്തിന്റെ നദികൾ ഒഴുകും." 39തന്നിൽ വിശ്വസിക്കുന്നവർക്കു പിന്നീടു ലഭിക്കാനിരിക്കുന്ന ആത്മാവിനെപ്പറ്റിയാണ് യേശു ഇവിടെ സംസാരിച്ചത്. യേശു തേജസ്കരിക്കപ്പെട്ടിട്ടില്ലായിരുന്നതുകൊണ്ട് അതുവരെയും ആത്മാവ് വന്നിരുന്നില്ല.

40അദ്ദേഹത്തിന്റെ ഈ വാക്കുകൾ കേട്ടിട്ടു ജനങ്ങളിൽ ചിലർ "തീർച്ചയായും ഈ മനുഷ്യൻ ആ പ്രവാചകൻ തന്നേ" എന്നു പറഞ്ഞു.

41"ഇദ്ദേഹം ക്രിസ്തു ആകുന്നു" എന്നു മറ്റുചിലർ പറഞ്ഞു. 42എന്നാൽ വേറേ ചിലരാകട്ടെ, "ക്രിസ്തു ഗലീലയിൽ നിന്നോ വരുന്നത്? ദാവീദിന്റെ വംശത്തിൽ നിന്നും ദാവീദിന്റെ പട്ടണമായ ബേത്‌ലേഹെമിൽ നിന്നും വരുമെന്നല്ലേ തിരുവെഴുത്തു പറയുന്നത്?" എന്നു ചോദിച്ചു. 43അങ്ങനെ യേശുവിനെച്ചൊല്ലി ജനങ്ങൾക്കിടയിൽ ഭിന്നതയുണ്ടായി.

44ചിലർ അദ്ദേഹത്തെ പിടികൂടാൻ ആഗ്രഹിച്ചു. എന്നാൽ ആരും അദ്ദേഹത്തിന്റെമേൽ കൈവച്ചില്ല.

യഹൂദനേതാക്കളുടെ അവിശ്വാസം

45ഒടുവിൽ കാവൽഭടന്മാർ മുഖ്യപുരോഹിതന്മാരുടെയും പരീശന്മാരുടെയും അടുക്കൽ മടങ്ങിച്ചെന്നപ്പോൾ നിങ്ങൾ അയാളെ പിടിച്ചുകൊണ്ടുവരാതിരുന്നതെന്ത്?" എന്ന് അവർ അവരോടു ചോദിച്ചു.

46"ആ മനുഷ്യൻ സംസാരിക്കുന്നതുപോലെ ആരും ഒരുനാളും സംസാരിച്ചിട്ടില്ല" ഭടന്മാർ ബോധിപ്പിച്ചു.

ആയിരുന്നേടത്തേക്കു കയറിപ്പോകുന്നത് നിങ്ങൾ കാണുന്നുവെങ്കിലോ? 63ജീവിപ്പിക്കുന്നത് ആത്മാവാകുന്നു; ശരീരം ഒന്നിനും ഉപകരിക്കുന്നില്ല. ഞാൻ സംസാരിച്ചിട്ടുള്ള വചനങ്ങൾ ആത്മാവും ജീവനും ആകുന്നു. 64എങ്കിലും വിശ്വസിക്കാത്ത ചിലർ നിങ്ങളുടെ കൂട്ടത്തിൽ ഉണ്ട്." അവരിൽ ആരാണു വിശ്വസിക്കാത്തതെന്നും തന്നെ ഒറ്റിക്കൊടുക്കുന്നവൻ ആരെന്നും ആദ്യം മുതൽ യേശു അറിഞ്ഞിരുന്നു. 65അവിടുന്ന് തുടർന്നു പറഞ്ഞു: "ഇതുകൊണ്ടാണ് പിതാവ് വരം നല്കിയിട്ടല്ലാതെ ആർക്കും എന്റെ അടുക്കൽ വരുവാൻ സാധ്യമല്ലെന്നു ഞാൻ നിങ്ങളോടു പറഞ്ഞത്."

66അപ്പോൾ മുതൽ ശിഷ്യന്മാരിൽ പലരും അദ്ദേഹത്തെ വിട്ടുപോയി. അവർ പിന്നെ ഒരിക്കലും അദ്ദേഹത്തെ അനുഗമിച്ചില്ല.

67"നിങ്ങളും വിട്ടുപോകുവാൻ ആഗ്രഹിക്കുന്നുവോ?" യേശു പന്ത്രണ്ടു ശിഷ്യന്മാരോടു ചോദിച്ചു.

68ശിമോൻ പത്രൊസ് അദ്ദേഹത്തോടു പറഞ്ഞു: "കർത്താവേ, ഞങ്ങൾ ആരുടെ അടുത്തേക്കുപോകും? നിത്യജീവന്റെ വചനങ്ങൾ അങ്ങയുടെ പക്കൽ ഉണ്ടല്ലോ. 69അങ്ങ് ദൈവത്തിന്റെ പരിശുദ്ധൻ എന്നു ഞങ്ങൾ വിശ്വസിക്കുന്നു; അറിയുകയും ചെയ്യുന്നു."

70അപ്പോൾ യേശു പറഞ്ഞു: "നിങ്ങളെ പന്ത്രണ്ടുപേരെ, ഞാൻ തിരഞ്ഞെടുത്തില്ലയോ? എങ്കിലും നിങ്ങളിൽ ഒരുവൻ ഒരു പിശാചാണ്." 71ശിമോൻ ഈസ്കര്യോത്താവിന്റെ മകനായ യൂദയെ ഉദ്ദേശിച്ചാണ് അദ്ദേഹമിതു പറഞ്ഞത്. അയാൾ പന്ത്രണ്ടു പേരിൽ ഒരുവൻ എങ്കിലും പിന്നീട് അദ്ദേഹത്തെ ഒറ്റിക്കൊടുക്കാനുള്ള വനായിരുന്നു.

യേശു കൂടാരപ്പെരുന്നാളിനു പോകുന്നു

7 ഇതു കഴിഞ്ഞ്, യേശു ഗലീലയിൽ സഞ്ചരിച്ചു; യഹൂദർ അദ്ദേഹത്തെ കൊല്ലുവാൻ അന്വേഷിച്ചതുകൊണ്ട് അവിടുന്ന് ബോധപൂർവ്വം യഹൂദ്യയിൽനിന്ന് അകന്നു പാർത്തു. 2എന്നാൽ യഹൂദരുടെ കൂടാരപ്പെരുനാൾ സമീപിച്ചപ്പോൾ 3യേശുവിന്റെ സഹോദരന്മാർ അദ്ദേഹത്തോടു "താങ്കൾ ഇവിടംവിട്ടു യഹൂദ്യയിലേക്കു പോകണം; താങ്കൾ പ്രവർത്തിക്കുന്ന അത്ഭുതങ്ങൾ ശിഷ്യന്മാർ കാണട്ടെ. 4പൊതുജനമധ്യേ പ്രസിദ്ധി ആഗ്രഹിക്കുന്ന ആരും രഹസ്യമായി ഒന്നും പ്രവർത്തിക്കുന്നില്ലല്ലോ. ഈ കാര്യങ്ങൾ ചെയ്യുന്നപക്ഷം താങ്കൾ ലോകത്തിനു സ്വയം വെളിപ്പെടുത്തിക്കൊടുക്കണം." എന്നു പറഞ്ഞു. 5സ്വന്തം സഹോദരന്മാർ പോലും അദ്ദേഹത്തിൽ വിശ്വസിച്ചിരുന്നില്ല.

6അതുകൊണ്ട് യേശു അവരോട്: "എന്റെ സമയം ഇതുവരെ വന്നിട്ടില്ല. നിങ്ങൾക്കോ എല്ലായ്പ്പോഴും സമയം തന്നേ. 7ലോകത്തിനു നിങ്ങളെ വെറുക്കാൻ കഴിയുകയില്ല. എന്നാൽ ലോകം ചെയ്യുന്നതു ദോഷമുള്ളതെന്നു ഞാൻ സാക്ഷ്യം പറയുന്നതുകൊണ്ട് അത് എന്നെ വെറുക്കുന്നു. 8നിങ്ങൾ പെരുന്നാളിനു പൊയ്ക്കൊള്ളുക, എന്റെ സമയം ആയിട്ടില്ലാത്തതിനാൽ പെരുന്നാളിന് ഞാൻ ഇപ്പോൾ പോകുന്നില്ല" 9ഇങ്ങനെ പറഞ്ഞിട്ട് യേശു ഗലീലയിൽത്തന്നേ പാർത്തു.

10എങ്കിലും, സഹോദരന്മാർ പെരുന്നാളിനു പോയിക്കഴിഞ്ഞപ്പോൾ യേശുവും പരസ്യമായല്ല, രഹസ്യമായിട്ടുപോയി. 11പെരുന്നാളിൽ യഹൂദർ ആ മനുഷ്യൻ എവിടെ എന്നു ചോദിച്ച് അദ്ദേഹത്തെ അന്വേഷിച്ചു.

12ജനസമൂഹത്തിൽ അദ്ദേഹത്തെക്കുറിച്ചു രഹസ്യസംഭാഷണം നടന്നു. അദ്ദേഹം നല്ലവനാണ് എന്നു ചിലരും അല്ല, ജനക്കൂട്ടത്തെ കബളിപ്പിക്കുകയാണ് എന്നു മറ്റുചിലരും പറഞ്ഞു. 13എന്നാൽ യഹൂദരെ പേടിച്ച് ആരും അദ്ദേഹത്തെക്കുറിച്ചു പരസ്യമായി ഒന്നും പറഞ്ഞില്ല.

യേശു പെരുന്നാളിൽ ഉപദേശിക്കുന്നു

14പെരുന്നാൾ പകുതി കഴിഞ്ഞപ്പോൾ യേശു ദൈവാലയത്തിൽ എത്തി ഉപദേശിച്ചു തുടങ്ങി. 15യഹൂദർ ആശ്ചര്യപ്പെട്ട്, "വിദ്യാഭ്യാസം ഇല്ലാത്ത ഈ മനുഷ്യന് ഇത്രയും അറിവു ലഭിച്ചത് എങ്ങനെ?" എന്നു ചോദിച്ചു.

16യേശു അതിനു മറുപടി പറഞ്ഞു: "എന്റെ ഉപദേശം എന്റെ സ്വന്തമല്ല; എന്നെ അയച്ചവന്റേതാണ്. 17ആരെങ്കിലും ദൈവത്തിന്റെ ഇഷ്ടം ചെയ്യാൻ ഇച്ഛിക്കുന്നുവെങ്കിൽ, അവൻ എന്റെ ഉപദേശം ദൈവത്തിൽ നിന്നുള്ളതോ ഞാൻ സ്വയമായി പറയുന്നതോ എന്നു മനസ്സിലാക്കും. 18സ്വന്തനിലയിൽ സംസാരിക്കുന്നവൻ തനിക്കായി ബഹുമാനം നേടാൻ ശ്രമിക്കുന്നു. എന്നാൽ തന്നെ അയച്ചവന്റെ മഹത്ത്വത്തിനായി പ്രവർത്തിക്കുന്നവൻ സത്യസന്ധൻ; അവനിൽ കാപട്യമില്ല. 19മോശെ നിങ്ങൾക്കു ന്യായപ്രമാണം തന്നില്ലയോ? എങ്കിലും നിങ്ങളിൽ ആരും അതനുസരിക്കുന്നില്ല. നിങ്ങൾ എന്നെ കൊല്ലാൻ ശ്രമിക്കുന്നത് എന്തിന്?"

20"നിന്നെ ഭൂതം ബാധിച്ചിരിക്കുകയാണ്" ജനക്കൂട്ടം മറുപടി പറഞ്ഞു, "ആരാണു നിന്നെ കൊല്ലാൻ ശ്രമിക്കുന്നത്?"

21യേശു അവരോടു പറഞ്ഞു: " ഞാൻ ഒരു പ്രവൃത്തി ചെയ്തു; നിങ്ങളെല്ലാവരും അതിൽ ആശ്ചര്യപ്പെട്ടു. 22 മോശെ നിങ്ങൾക്കു

47"അയാൾ നിങ്ങളെയും കബളിപ്പിച്ചിരിക്കുന്നുവോ?" പരീശന്മാർ തിരിച്ചു ചോദിച്ചു. 48"ഭരണാധികാരികളിലോ പരീശന്മാരിലോ ആരെങ്കിലും അയാളിൽ വിശ്വസിച്ചിട്ടുണ്ടോ? 49ഇല്ല! എന്നാൽ ന്യായപ്രമാണം അറിയാത്ത ഈ ജനക്കൂട്ടം ശപിക്കപ്പെട്ടവരത്രേ."50നേരത്തെ യേശുവിന്റെ അടുക്കൽ ചെന്നിരുന്നവനും അവരുടെ കൂട്ടത്തിൽ ഉൾപ്പെട്ടവനുമായ നിക്കോദേമൊസ്, 51"ഒരു മനുഷ്യന്റെ മൊഴികേട്ട് അവൻ ചെയ്യുന്നതെന്തെന്നു മനസ്സിലാക്കാതെ, അവനു ശിക്ഷ വിധിക്കുവാൻ നമ്മുടെ ന്യായപ്രമാണം അനുവദിക്കുന്നുണ്ടോ?" എന്നു ചോദിച്ചു.

52അവർ മറുപടി പറഞ്ഞു: " താങ്കളും ഗലീലക്കാരനോ? പരിശോധിച്ചു നോക്കുക; ഗലീലയിൽ നിന്ന് ഒരു പ്രവാചകൻ എഴുന്നേല്ക്കുന്നില്ലെന്ന് അപ്പോൾ വ്യക്തമാകും."

[53പിന്നീട് ഓരോരുത്തൻ അവനവന്റെ വീട്ടിലേക്കുപോയി യേശുവോ ഒലിവുമല യിലേക്കു പോയി.

8 അതിരാവിലെ അദ്ദേഹം വീണ്ടും ദൈവാലയത്തിൽ എത്തി. ജനങ്ങൾ അദ്ദേഹത്തിന്റെ ചുറ്റും വന്നുകൂടി. അവിടുന്ന് അവരെ ഉപദേശിക്കാൻ ഇരുന്നു. 3വേദജ്ഞരും പരീശന്മാരും വ്യഭിചാരത്തിൽ പിടിക്കപ്പെട്ട ഒരു സ്ത്രീയെ കൊണ്ടുവന്നു. അവർ അവളെ നടുവിൽ നിറുത്തിയിട്ട് 4യേശുവിനോടു പറഞ്ഞു: "ഗുരോ, ഈ സ്ത്രീയെ വ്യഭിചാരകർമ്മത്തിൽ പിടിച്ചിരിക്കുന്നു. 5ഇങ്ങനെയുള്ള സ്ത്രീകളെ കല്ലെറിയണമെന്നു മോശെ ന്യായപ്രമാണത്തിൽ ഞങ്ങളോടു കല്പിച്ചി രിക്കുന്നു. അങ്ങ് എന്തു പറയുന്നു?" 6അദ്ദേഹത്തെ കുറ്റം ചുമത്തേണ്ട തിന് എന്തെങ്കിലും തക്ക കാരണം കിട്ടുന്നതിന് അവർ പ്രയോഗിച്ച ഒരു കെണിയായിരുന്നു ഈ ചോദ്യം.

എന്നാൽ യേശു കുനിഞ്ഞ് വിരൽ കൊണ്ടു നിലത്ത് എഴുതിക്കൊണ്ടിരുന്നു. 7അവർ ചോദ്യം തുടർന്നപ്പോൾ അദ്ദേഹം നിവിർന്ന് അവരോട്, "നിങ്ങളിൽ പാപം ഇല്ലാത്തവൻ ഇവളെ ആദ്യം കല്ലെറിയട്ടെ" എന്നു പറഞ്ഞു. 8അദ്ദേഹം വീണ്ടും കുനിഞ്ഞു നിലത്തെഴുതിക്കൊണ്ടിരുന്നു.

9അതുകേട്ട്, കുറ്റബോധത്താൽ, ഏറ്റവും മുതിർന്നവൻ മുതൽ എല്ലാവരും ഓരോ രുത്തരായി സ്ഥലം വിട്ടു. ഒടുവിൽ യേശുവും അവിടെ നിന്നിരുന്ന സ്ത്രീയും ശേഷിച്ചു. 10യേശു നിവിർന്ന് അവളോട്, "സ്ത്രീയേ, അവർ എവിടെ? ആരും നിനക്കു ശിക്ഷ വിധിച്ചില്ലേ?" എന്നു ചോദിച്ചു.

11"ഇല്ല പ്രഭോ" അവൾ പറഞ്ഞു.

യേശു പറഞ്ഞു: "പൊയ്ക്കൊള്ളുക. ഞാനും നിനക്കു ശിക്ഷ വിധിക്കുന്നില്ല. ഇനിമേൽ പാപം ചെയ്യരുത്."]

യേശുവിന്റെ സാക്ഷ്യം

12യേശു വീണ്ടും ജനങ്ങളോടു സംസാരിച്ചു: " ഞാൻ ലോകത്തിന്റെ വെളിച്ചം ആകുന്നു. എന്നെ അനുഗമിക്കുന്നവൻ ഒരിക്കലും ഇരുളിൽ നടക്കേണ്ടിവരികയില്ല; അവൻ ജീവന്റെ പ്രകാശം ഉള്ളവൻ ആയിരിക്കും."

13പരീശന്മാർ അദ്ദേഹത്തോട്, "താങ്കൾ താങ്കളെക്കുറിച്ചുതന്നേ സാക്ഷ്യം പറയുന്നു, അതു സത്യമല്ല" എന്നു പറഞ്ഞു.

14യേശു മറുപടി പറഞ്ഞു. "ഞാൻ എന്നെക്കുറിച്ചുതന്നേ സാക്ഷ്യം പറയുന്നു വെങ്കിലും എന്റെ സാക്ഷ്യം സത്യമാണ്. കാരണം, ഞാൻ എവിടെനിന്നു വന്നു എന്നും എവിടേക്കു പോകുന്നുവെന്നും എനിക്കറിയാം. എന്നാൽ ഞാൻ എവിടെനിന്നു വരുന്നുവെന്നോ എവിടേക്കു പോകുന്നുവെന്നോ നിങ്ങൾ അറിയുന്നില്ല. 15നിങ്ങൾ മനുഷ്യന്റെ മാനദണ്ഡം വച്ചു വിധിക്കുന്നു; ഞാൻ ആരെയും വിധിക്കുന്നില്ല. 16വിധിക്കുന്നെങ്കിലോ ഞാൻ തനിയേ അല്ല, എന്നെ അയച്ച പിതാവിനോടു കൂടെയാകയാൽ എന്റെ വിധി സത്യമാകുന്നു. 17രണ്ടുപേരുടെ സാക്ഷ്യം സത്യമെന്നു നിങ്ങളുടെ ന്യായപ്രമാണത്തിൽ എഴുതി യിട്ടുണ്ടല്ലോ. 18ഞാൻ എന്നെക്കുറിച്ചുതന്നേ സാക്ഷ്യം പറയുന്നു; എന്നെ അയച്ച പിതാവും എന്നെപ്പറ്റി സാക്ഷ്യം പറയുന്നു.

19 "താങ്കളുടെ പിതാവ് എവിടെ?" അവർ ചോദിച്ചു.

യേശു ഉത്തരം പറഞ്ഞു: "നിങ്ങൾക്ക് എന്നെയോ എന്റെ പിതാവിനെയോ അറിഞ്ഞുകൂടാ. നിങ്ങൾ എന്നെ അറി ഞ്ഞിരുന്നുവെങ്കിൽ എന്റെ പിതാവിനെയും അറിയുമായിരുന്നു.

20ദൈവാലയത്തിലെ ഭണ്ഡാരസ്ഥലത്തു വച്ചാണ് യേശു ഈ വാക്കുകൾ പറഞ്ഞത്. എങ്കിലും അദ്ദേഹത്തിന്റെ സമയം വന്നിട്ടില്ലായിരുന്നതുകൊണ്ട് ആരും അദ്ദേഹത്തെ പിടിച്ചില്ല.

21യേശു വീണ്ടും അവരോടു പറഞ്ഞു: "ഞാൻ പോകുന്നു; നിങ്ങൾ എന്നെ അന്വേഷിക്കും. നിങ്ങളുടെ പാപങ്ങളിൽ നിങ്ങൾ മരിക്കും. ഞാൻ പോകുന്നേടത്തു നിങ്ങൾക്കു വരുവാൻ കഴിയുകയില്ല."

22അതിനാൽ യഹൂദർ ചോദിച്ചു: " ഇയാൾ ആത്മഹത്യചെയ്യുമോ? അതുകൊണ്ടായിരി ക്കുമോ 'ഞാൻ പോകുന്നേടത്തു നിങ്ങൾക്കു വരാൻ കഴിയുകയില്ല' എന്ന് ഇയാൾ പറയുന്നത്?"

23യേശു ഇങ്ങനെ തുടർന്നു, "നിങ്ങൾ താഴെനിന്നുള്ളവരാണ്; ഞാൻ മുകളിൽ

നിന്നുള്ളവനും. നിങ്ങൾ ഈ ലോകത്തിനുള്ളവരാണ്, ഞാനോ ഈ ലോകത്തിനുള്ളവനല്ല. 24നിങ്ങളുടെ പാപങ്ങളിൽ നിങ്ങൾ മരിക്കും എന്നു ഞാൻ പറഞ്ഞുവല്ലോ; ഞാൻ [അങ്ങനെയുള്ളവൻ] ആകുന്നു എന്നു നിങ്ങൾ വിശ്വസിക്കുന്നില്ലെങ്കിൽ, നിങ്ങൾ നിങ്ങളുടെ പാപങ്ങളിൽ മരിക്കും.

25"താങ്കൾ ആരാണ്?" അവർ ചോദിച്ചു.

യേശു മറുപടി പറഞ്ഞു: "ഞാൻ എന്നെപ്പറ്റി ആദ്യംമുതലേ പറഞ്ഞുപോരുന്നതുതന്നേ. 26എനിക്കു നിങ്ങളെക്കുറിച്ചു പല കാര്യങ്ങൾ പറയുവാനും വിധിക്കുവാനുമുണ്ട്. എന്നെ അയച്ചവൻ സത്യവാൻ ആകുന്നു. അവിടുന്ന് എന്നോടു സംസാരിച്ച കാര്യങ്ങൾ ഞാൻ ലോകത്തെ അറിയിക്കുന്നു, 27അദ്ദേഹം തന്റെ പിതാവിനെക്കുറിച്ചാണു സംസാരിച്ചതെന്ന് അവർ ഗ്രഹിച്ചില്ല. 28അതുകൊണ്ട് യേശു പറഞ്ഞു: "നിങ്ങൾ മനുഷ്യപുത്രനെ ഉയർത്തിക്കഴിയുമ്പോൾ ഞാൻ ആരാകുന്നു എന്നും ഞാൻ സ്വയമായി ഒന്നുംചെയ്യാതെ എന്റെ പിതാവ് ഉപദേശിച്ചുതന്നതുമാത്രം സംസാരിക്കുന്നുവെന്നും നിങ്ങൾ അറിയും. 29എന്നെ അയച്ചവൻ എന്റെ കൂടെയുണ്ട്. അവിടുന്ന് എന്നെ ഏകനായി വിട്ടിട്ടില്ല; ഞാൻ എപ്പോഴും അവിടുത്തേക്ക് ഇഷ്ടമുള്ളതു പ്രവർത്തിക്കുന്നു." 30യേശു ഇതു സംസാരിച്ചപ്പോൾ പലരും അദ്ദേഹത്തിൽ വിശ്വസിച്ചു.

അബ്രാഹാമിന്റെ മക്കൾ

31തന്നിൽ വിശ്വസിച്ച യഹൂദരോട് യേശു പറഞ്ഞു: " എന്റെ വചനത്തിൽ നിലനിന്നാൽ നിങ്ങൾ വാസ്തവത്തിൽ എന്റെ ശിഷ്യന്മാരായിരിക്കും. 32അപ്പോൾ നിങ്ങൾ സത്യം അറിയുകയും സത്യം നിങ്ങളെ സ്വതന്ത്രരാക്കുകയും ചെയ്യും."

33അവർ അദ്ദേഹത്തോടു പറഞ്ഞു: "ഞങ്ങൾ അബ്രാഹാമിന്റെ സന്തതികളാണ്, ഞങ്ങൾ ഒരിക്കലും ആരുടെയും അടിമകളായിരുന്നിട്ടില്ല. പിന്നെ, ഞങ്ങളെ സ്വതന്ത്രരാക്കുമെന്നു താങ്കൾ പറയുന്നതെങ്ങനെ?"

34യേശു പറഞ്ഞു: " സത്യമായി, സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, പാപം ചെയ്യുന്നവൻ പാപത്തിന്റെ അടിമയാണ്. 35അടിമ സ്ഥിരമായി വീട്ടിൽ വസിക്കുന്നില്ല; പുത്രനോ എപ്പോഴും വസിക്കുന്നു. 36അതുകൊണ്ട് പുത്രൻ നിങ്ങളെ സ്വതന്ത്രരാക്കിയാൽ നിങ്ങൾ യഥാർത്ഥത്തിൽ സ്വതന്ത്രരാകും. 37നിങ്ങൾ അബ്രാഹാമിന്റെ സന്തതിയെന്ന് എനിക്കറിയാം. എന്നിട്ടും നിങ്ങൾ എന്നെ കൊല്ലാൻ ഭാവിക്കുന്നു; എന്റെ വചനത്തിനു നിങ്ങളിൽ സ്ഥാനമില്ലല്ലോ. 38പിതാവിന്റെ സന്നിധിയിൽ ഞാൻ കണ്ടിട്ടുള്ള കാര്യങ്ങളാണു നിങ്ങളോടു പ്രസ്താവിക്കുന്നത്; നിങ്ങളോ നിങ്ങളുടെ പിതാവിൽനിന്നു കേട്ടിട്ടുള്ളതു ചെയ്യുന്നു."

39"അബ്രാഹാമാണ് ഞങ്ങളുടെ പിതാവ് " അവർ മറുപടി പറഞ്ഞു.

അതിനു യേശു അവരോടു പറഞ്ഞത്: "നിങ്ങൾ അബ്രാഹാമിന്റെ സന്തതികൾ ആയിരുന്നെങ്കിൽ, അബ്രാഹാം ചെയ്ത കാര്യങ്ങൾ ചെയ്യുമായിരുന്നു. 40എന്നാൽ, ദൈവത്തിൽനിന്നു കേട്ട സത്യം നിങ്ങൾക്കുതന്ന മനുഷ്യനായ എന്നെ കൊല്ലുവാൻ നിങ്ങൾ ഭാവിക്കുന്നു. അബ്രാഹാം അങ്ങനെ ചെയ്തില്ലല്ലോ! 41നിങ്ങളുടെ പിതാവിന്റെ പ്രവൃത്തികൾതന്നേ നിങ്ങളും ചെയ്യുന്നു."

"ഞങ്ങൾ ജാരസന്തതികളല്ല" അവർ പ്രതിഷേധിച്ചു, "ഞങ്ങൾക്കൊരു പിതാവേയുള്ളു; ദൈവം തന്നേ."

പിശാചിന്റെ സന്തതികൾ

42യേശു അവരോടു പറഞ്ഞത്: "ദൈവം നിങ്ങളുടെ പിതാവായിരുന്നെങ്കിൽ നിങ്ങൾ എന്നെ സ്നേഹിക്കുമായിരുന്നു, ഞാൻ ദൈവത്തിന്റെ അടുക്കൽനിന്നു വന്നിരിക്കുന്നു. ഞാൻ സ്വമേധയാ വന്നതല്ല; അവിടുന്ന് എന്നെ അയച്ചതാണ്. 43എന്റെ വാക്കുകൾ നിങ്ങൾ മനസ്സിലാക്കാത്തത് എന്തുകൊണ്ട്? ഞാൻ പറയുന്നതു ഗ്രഹിക്കാൻ മനസ്സില്ലാത്തതുകൊണ്ടത്രേ. 44പിശാചെന്ന പിതാവിന്റെ മക്കളാണു നിങ്ങൾ. നിങ്ങളുടെ പിതാവിന്റെ ഇഷ്ടം നിറവേറ്റാൻ നിങ്ങൾ ഇച്ഛിക്കുന്നു. അവൻ ആദിമുതലേ കൊലപാതകൻ ആയിരുന്നു. അവനിൽ സത്യം ഇല്ലാത്തതുകൊണ്ട് അവൻ സത്യത്തിന്റെ വശത്തു നില്ക്കുന്നതുമില്ല. വ്യാജം പറയുമ്പോൾ അവൻ സ്വന്തം ഭാഷ സംസാരിക്കുന്നു. അവൻ വ്യാജം പറയുന്നവനും വ്യാജത്തിന്റെ അപ്പനും ആകുന്നു. 45എന്നാൽ ഞാൻ സത്യം പറയുന്നതുകൊണ്ടു നിങ്ങൾ എന്നെ വിശ്വസിക്കുന്നില്ല. 46നിങ്ങളിൽ ആർക്ക് എന്നിൽ പാപം ആരോപിക്കാൻ കഴിയും? ഞാൻ സത്യം പറയുന്നുവെങ്കിൽ നിങ്ങൾ എന്നെ വിശ്വസിക്കാത്തത് എന്ത്? 47ദൈവത്തിൽ നിന്നുള്ളവൻ ദൈവത്തിന്റെ വാക്കു കേൾക്കുന്നു. നിങ്ങൾ ദൈവത്തിൽ നിന്നുള്ളവർ അല്ലാത്തതുകൊണ്ടാണ് അവിടുത്തെ വാക്കു കേൾക്കാത്തത്."

യേശുവിന്റെ അവകാശവാദങ്ങൾ

48യഹൂദർ പറഞ്ഞു: "താങ്കൾ ഒരു ശമര്യാക്കാരൻ എന്നും ഭൂതം ബാധിച്ചവൻ എന്നും ഞങ്ങൾ പറയുന്നതു ശരിയല്ലേ?"

49യേശു പറഞ്ഞു: "എന്നെ ഭൂതം ബാധിച്ചിട്ടില്ല. ഞാൻ എന്റെ പിതാവിനെ ബഹുമാനിക്കുന്നു. നിങ്ങളോ എന്നെ അപമാനിക്കുന്നു. 50ഞാൻ സ്വന്തമഹത്ത്വം അന്വേഷിക്കുന്നില്ല; എന്നാൽ അത് അന്വേഷിക്കുന്ന ഒരുവൻ ഉണ്ട്. അവിടുന്നാണ് വിധികർത്താവ്. 51സത്യമായി, സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, എന്റെ വചനം പ്രമാണിക്കുന്നവൻ ഒരു നാളും മരണം കാണുകയില്ല."

52ഇതുകേട്ട് യഹൂദർ പറഞ്ഞു: "താങ്കൾ ഭൂതബാധിതനെന്ന് ഇപ്പോൾ ഞങ്ങൾക്കു മനസ്സിലായി. അബ്രാഹാം മരിച്ചു, പ്രവാചകന്മാരും മരിച്ചു. എന്നിട്ടും താങ്കൾ പറയുകയാണ്, ഒരുവൻ താങ്കളുടെ വചനം പ്രമാണിച്ചാൽ അവൻ ഒരിക്കലും മരണം ആസ്വദിക്കുകയില്ലെന്ന്! 53ഞങ്ങളുടെ പിതാവായ അബ്രഹാമിനേക്കാൾ താങ്കൾ വലിയവനോ? അദ്ദേഹം മരിച്ചു, അതു പോലെ പ്രവാചകന്മാരും മരിച്ചു. താങ്കൾ ആരെന്നാണ് താങ്കളുടെ വിചാരം?"

54യേശു മറുപടി പറഞ്ഞു: " ഞാൻ എന്നെത്തന്നെ മഹത്ത്വപ്പെടുത്തുന്നുവെങ്കിൽ എന്റെ മഹത്ത്വം ഏതുമില്ല. നിങ്ങളുടെ ദൈവം എന്ന് നിങ്ങൾ അവകാശപ്പെടുന്ന എന്റെ പിതാവാണ് എന്നെ മഹത്ത്വപ്പെടുത്തുന്നത്. 55നിങ്ങൾ അവിടുത്തെ അറിയുന്നില്ലെങ്കിലും ഞാൻ അറിയുന്നു. ഞാൻ അറിയുന്നില്ല എന്നു പറഞ്ഞാൽ ഞാനും നിങ്ങളെപ്പോലെ അസത്യവാദിയാകും; എന്നാൽ ഞാൻ അവിടുത്തെ അറിയുകയും അവിടുത്തെ വചനം പ്രമാണിക്കുകയും ചെയ്യുന്നു. 56നിങ്ങളുടെ പിതാവായ അബ്രാഹാം എന്റെ ദിവസം കാണും എന്നോർത്തു സന്തോഷിച്ചു; അദ്ദേഹം അതുകണ്ട് ആനന്ദിക്കുകയും ചെയ്തു."

57"താങ്കൾക്ക് അമ്പതു വയസ്സുപോലും ആയിട്ടില്ല," യഹൂദർ പറഞ്ഞു. "എന്നിട്ടും അബ്രാഹാമിനെ കണ്ടിട്ടുണ്ടെന്നോ?

58യേശു പറഞ്ഞു: "സത്യമായി, സത്യമായി ഞാൻ നിങ്ങളോടു പറയുന്നു. അബ്രാഹാം ജനിക്കുന്നതിനുമുമ്പേ ഞാൻ ഉണ്ട്." 59അപ്പോൾ അവർ അദ്ദേഹത്തെ എറിയുവാൻ കല്ലെടുത്തു. എന്നാൽ യേശു മറഞ്ഞു ദൈവാലയം വിട്ടുപോയി.

യേശു അന്ധന് കാഴ്ച നല്കുന്നു

9 യേശു കടന്നുപോകുമ്പോൾ പിറവിയിലേ അന്ധനായ ഒരു മനുഷ്യനെ കണ്ടു. 2ശിഷ്യന്മാർ ചോദിച്ചു: "റബ്ബീ, ആരു പാപം ചെയ്തിട്ടാണ് ഇവൻ അന്ധനായി ജനിച്ചത്? ഇവനോ ഇവന്റെ മാതാപിതാക്കളോ?"
3യേശു പറഞ്ഞു. "ഇവനോ ഇവന്റെ മാതാപിതാക്കളോ പാപം ചെയ്തിട്ടല്ല, പിന്നെയോ ദൈവത്തിന്റെ പ്രവൃത്തി ഇവനിൽ വെളിപ്പെടുവാനാണ്. 4പകൽ ഉള്ളേടത്തോളം എന്നെ അയച്ചവന്റെ പ്രവൃത്തി നാം ചെയ്യേണ്ടതാകുന്നു. ആർക്കും പ്രവർത്തിക്കുവാൻ സാധ്യമല്ലാത്ത രാത്രി വരുന്നു. 5ഞാൻ ലോകത്തിൽ ആയിരിക്കുമ്പോൾ ലോകത്തിന്റെ വെളിച്ചം ആകുന്നു."

6ഇതു പറഞ്ഞശേഷം അവിടുന്ന് നിലത്തു തുപ്പി, ഉമിനീരുകൊണ്ടു ചെളിയുണ്ടാക്കി ആ മനുഷ്യന്റെ കണ്ണിൽ പൂശി. 7"നീ ചെന്നു ശീലോഹാം കുളത്തിൽ കഴുകുക, എന്ന് അവനോടു പറഞ്ഞു. (ശീലോഹാം എന്ന വാക്കിന് അയയ്ക്കപ്പെട്ടവൻ എന്നർത്ഥം.) അങ്ങനെ ആ മനുഷ്യൻ പോയി, കഴുകി കാഴ്ചയുള്ളവനായി മടങ്ങിയെത്തി. 8അയാളുടെ അയല്ക്കാരും അയാൾ ഭിക്ഷയാചിക്കുന്നതു കണ്ടിട്ടുള്ളവരും ചോദിച്ചു. "ഇയാൾ തന്നെയല്ലേ അവിടെ ഭിക്ഷയാചിച്ചുകൊണ്ടിരുന്നത്?" 9"അവൻ തന്നേ" എന്നു ചിലർ വിളിച്ചു പറഞ്ഞു. മറ്റു ചിലരോ "അല്ല, ഇയാളെപ്പോലെയുള്ള ഒരുവനാണ്" എന്നു പറഞ്ഞു.

"ഞാൻതന്നേ ആ മനുഷ്യൻ" അയാൾ ഉറപ്പിച്ചു പറഞ്ഞു.10"നിന്റെകണ്ണുകൾ തുറന്നത് എങ്ങനെ?" അവർ അയാളോടു ചോദിച്ചു.

11അയാൾ ഉത്തരം പറഞ്ഞു: " യേശു എന്നു പേരുള്ള മനുഷ്യൻ ചേറുണ്ടാക്കി എന്റെ കണ്ണിൽ പൂശി, എന്നോട് ശീലോഹാം കുളത്തിൽ ചെന്നു കഴുകുവാൻ പറഞ്ഞു. ഞാൻ പോയി കഴുകി; അങ്ങനെ എനിക്കു കാഴ്ച കിട്ടുകയും ചെയ്തു."

12" ആ മനുഷ്യൻ എവിടെ?" അവർ ചോദിച്ചു. "എനിക്കറിഞ്ഞുകൂടാ" അയാൾ പറഞ്ഞു.

പരീശന്മാരുടെ അന്വേഷണം

13അന്ധനായിരുന്ന മനുഷ്യനെ അവർ പരീശന്മാരുടെ അടുക്കൽ കൊണ്ടുപോയി. 14യേശു ചേറുണ്ടാക്കി അയാളുടെ കണ്ണു തുറന്നത് ശബ്ബത്തുദിവസത്തിലായിരുന്നു. 15അതിനാൽ അയാൾക്കു കാഴ്ച ലഭിച്ചത് എങ്ങനെയെന്ന് പരീശന്മാർ ചോദിച്ചു. അയാൾ മറുപടി പറഞ്ഞു: "അദ്ദേഹം എന്റെ കണ്ണുകളിൽ ചേറു പുരട്ടി. ഞാൻ അതു കഴുകിക്കളഞ്ഞു. ഇപ്പോൾ എനിക്കു കാഴ്ചയുണ്ട്. "

16പരീശന്മാരിൽ ചിലർ: "ഈ മനുഷ്യൻ ശബ്ബത്ത് ആചരിക്കാത്തതിനാൽ ദൈവത്തിൽ നിന്നുള്ളവനല്ല" എന്നു പറഞ്ഞു.

മറ്റു ചിലർ ചോദിച്ചു: "പാപിയായ ഒരുവന് ഇങ്ങനെയുള്ള അടയാളങ്ങൾ ചെയ്യുവാൻ കഴിയുമോ?" അങ്ങനെ അവരുടെ ഇടയിൽ ഭിന്നതയുണ്ടായി.

17അന്ധനായിരുന്നവനോട് അവർ വീണ്ടും
ചോദിച്ചു: "നിനക്ക് അയാളെക്കുറിച്ച് എന്താണു
പറയുവാനുള്ളത്? അയാളാണല്ലോ നിന്റെ
കണ്ണുകൾ തുറന്നത്!" "അദ്ദേഹം ഒരു
പ്രവാചകനാണ്" ആ മനുഷ്യൻ മറുപടി പറഞ്ഞു.
18അയാൾ അന്ധനായിരുന്നുവെന്നും പിന്നീട്
കാഴ്ച പ്രാപിച്ചുവെന്നും അയാളുടെ
അമ്മയപ്പന്മാരെ വിളിച്ചുചോദിക്കുന്നതുവരെയും
യഹൂദർ വിശ്വസിച്ചില്ല. 19"ഇവൻ നിങ്ങളുടെ
മകനാണോ? ജന്മനാ കുരുടനായിരുന്നുവെന്നു
നിങ്ങൾ പറയുന്നവൻ ഇവൻ തന്നെയോ? ഇവന്
ഇപ്പോൾ കാഴ്ച ലഭിച്ചതെങ്ങനെ?" അവർ
ചോദിച്ചു.
20അവന്റെ മാതാപിതാക്കൾ മറുപടി പറഞ്ഞു:
"ഇവൻ ഞങ്ങളുടെ മകനാണ്, ജന്മനാ ഇവൻ
അന്ധനായിരുന്നുവെന്നും ഞങ്ങൾക്ക് അറിയാം.
21എന്നാൽ ഇപ്പോൾ ഇവനു കാഴ്ച ലഭിച്ചത്
എങ്ങനെയെന്നോ ഇവന്റെ കണ്ണു തുറന്നത്
ആരെന്നോ ഞങ്ങൾക്ക് അറിഞ്ഞുകൂടാ.
അവനോടു ചോദിക്കുക. അവനു പ്രായമുണ്ടല്ലോ.
അവൻ തന്നെ പറയട്ടേ." 22 യഹൂദരെ ഭയന്നാണ്
അവന്റെ മാതാപിതാക്കൾ ഇങ്ങനെ പറഞ്ഞത്;
യേശുവിനെ ക്രിസ്തുവായി ആരെങ്കിലും
അംഗീകരിച്ചാൽ അയാളെ പള്ളിയിൽ നിന്നു
പുറത്താക്കണമെന്നു യഹൂദർ മുമ്പേതന്നേ
തീരുമാനിച്ചിരുന്നു. 23 അതുകൊണ്ടാണ്,
"അവനു പ്രായമുണ്ടല്ലോ, അവനോടു
ചോദിക്കുക" എന്ന് അവന്റെ മാതാപിതാക്കൾ
പറഞ്ഞത്.
24അന്ധനായിരുന്ന മനുഷ്യനെ അവർ
രണ്ടാമതും വിളിപ്പിച്ചു; "ദൈവത്തിനു മഹത്ത്വം
കൊടുക്കുക,[a] ഈ മനുഷ്യൻ പാപിയാണെന്ന്
ഞങ്ങൾക്കറിയാം" എന്നു പറഞ്ഞു.
25അദ്ദേഹം പാപിയാണോ അല്ലയോ എന്ന്
എനിക്കറിഞ്ഞുകൂടാ," അയാൾ പറഞ്ഞു.
"ഒന്നെനിക്കറിയാം; ഞാൻ അന്ധനായിരുന്നു.
എന്നാൽ ഇപ്പോൾ എനിക്കു കാഴ്ചയുണ്ട്."
26അവർ അയാളോട്, "ഈ മനുഷ്യൻ നിനക്ക്
എന്തു ചെയ്തു? എങ്ങനെയാണ് അയാൾ
നിന്റെ കണ്ണു തുറന്നത്?" എന്നു പിന്നെയും
ചോദിച്ചു.
27അവൻ പറഞ്ഞു: "ഞാൻ നിങ്ങളോടു
പറഞ്ഞുകഴിഞ്ഞല്ലോ, നിങ്ങൾ ശ്രദ്ധിച്ചില്ല;
എന്തിനാണതു വീണ്ടും കേൾക്കുന്നത്?
നിങ്ങൾക്കും അദ്ദേഹത്തിന്റെ ശിഷ്യന്മാർ
ആകുവാൻ ആഗ്രഹമുണ്ടോ?"
28അപ്പോൾ അവർ അവനെ ശകാരിച്ചുകൊണ്ട്:
"നീ അയാളുടെ ശിഷ്യൻ! ഞങ്ങൾ മോശെയുടെ
ശിഷ്യന്മാർ! 29ദൈവം മോശെയോടു
സംസാരിച്ചുവെന്നു ഞങ്ങൾക്ക റിയാം. എന്നാൽ
ഇയാൾ, എവിടെനിന്നു വരുന്നു എന്നുപോലും
ഞങ്ങൾക്ക് അറിഞ്ഞുകൂടാ" എന്നു പറഞ്ഞു.
30അയാൾ ഉത്തരം പറഞ്ഞു: "ഇത് ആശ്ചര്യം
തന്നേ! അദ്ദേഹം എവിടെനിന്നു വന്നു എന്നു
നിങ്ങൾക്ക് അറിഞ്ഞുകൂടാ! എങ്കിലും അദ്ദേഹം
എന്റെ കണ്ണു തുറന്നിരിക്കുന്നു. 31പാപികളുടെ
പ്രാർത്ഥന ദൈവം കേൾക്കുന്നില്ല എന്നു
നമുക്കറിയാം. അവിടുത്തെ ഇഷ്ടം ചെയ്യുന്ന
ഭക്തന്മാരുടെ അപേക്ഷ അവിടുന്നു
കേൾക്കുന്നു. 32ജന്മനാ അന്ധനായിരുന്ന
ഒരുവന്റെ കണ്ണ് തുറന്നതായി ആരും ഒരിക്കലും
കേട്ടിട്ടില്ല. 33ഈ മനുഷ്യൻ ദൈവത്തിൽ
നിന്നുള്ളവൻ അല്ലായിരുന്നുവെങ്കിൽ
ഇദ്ദേഹത്തിന് ഒന്നും പ്രവർത്തിക്കാൻ സാധിക്കു
മായിരുന്നില്ല."
34അതിനു മറുപടിയായി അവർ പറഞ്ഞു:
"ജന്മനാ പാപത്തിൽ മുഴുകിയിരുന്ന നീ ഞങ്ങളെ
പഠിപ്പിക്കാൻ ഭാവിക്കുന്നുവോ?" അവർ അയാളെ
പുറത്താക്കി.

ആത്മിക അന്ധത

35അയാളെ പുറത്താക്കി എന്ന് യേശു കേട്ടു;
അയാളെ കണ്ടപ്പോൾ, "നീ മനുഷ്യപുത്രനിൽ
വിശ്വസിക്കുന്നുവോ?" എന്നു ചോദിച്ചു.
36"പ്രഭോ, അദ്ദേഹം ആരാണ്?" അയാൾ
ചോദിച്ചു. "ഞാൻ അദ്ദേഹത്തിൽ വിശ്വസിക്കേ
ണ്ടതിന് എന്നോടു പറഞ്ഞാലും."
37യേശു അവനോട്: "നീ അദ്ദേഹത്തെ
കണ്ടിരിക്കുന്നു; ഇപ്പോൾ നിന്നോട് സംസാ
രിച്ചുകൊണ്ടിരിക്കുന്നത് അദ്ദേഹമാണ്" എന്നു
പറഞ്ഞു.
38"കർത്താവേ, ഞാൻ വിശ്വസിക്കുന്നു" എന്നു
പറഞ്ഞ് ആ മനുഷ്യൻ യേശുവിനെ നമസ്കരിച്ചു.
39യേശു പറഞ്ഞു: "ന്യായവിധിക്കായി ഞാൻ
ഈ ലോകത്തിലേക്കു വന്നിരിക്കുന്നു; അന്ധർ
കാഴ്ച പ്രാപിക്കേണ്ടതിനും കാഴ്ചയുള്ളവർ
അന്ധരായിത്തീരേണ്ടതിനും തന്നേ."
40സമീപത്തു നിന്നിരുന്ന ചില പരീശന്മാർ
ഇതു കേട്ടിട്ട് "എന്ത്, ഞങ്ങളും അന്ധരോ?"
എന്നു ചോദിച്ചു.
41യേശു പറഞ്ഞു: "നിങ്ങൾ അന്ധരായി
രുന്നെങ്കിൽ പാപം ഇല്ലാതിരിക്കുമായിരുന്നു.
എന്നാൽ കാഴ്ചയുണ്ടെന്നു സ്വയം പറയു
ന്നതുകൊണ്ടു നിങ്ങളുടെ പാപം നില
നില്ക്കുന്നു."

ഇടയനും ആട്ടിൻകൂട്ടവും

10 "സത്യമായി, സത്യമായി ഞാൻ
നിങ്ങളോടു പറയുന്നു; ആട്ടിൻ
തൊഴുത്തിൽ വാതിലിലൂടെ അല്ലാതെ വേറേ

[a] 24 സത്യം പറയുവാൻ ആജ്ഞാപിക്കുന്ന ഒരു രീതി. യോശുവാ 7:19 കാണുക

വഴിയായി കടക്കുന്നവൻ കള്ളനും കൊള്ള
ക്കാരനും ആകുന്നു. 2വാതിലിലൂടെ
പ്രവേശിക്കുന്നവൻ ആടുകളുടെ ഇടയനാണ്.
3കാവൽക്കാരൻ അവനുവേണ്ടി വാതിൽ തുറന്നു
കൊടുക്കുന്നു. ആടുകൾ അവന്റെ ശബ്ദം
കേൾക്കുന്നു. ആടുകളെ അവൻ പേരുചൊല്ലി
വിളിച്ചു പുറത്തുകൊണ്ടുപോകുന്നു.
4തനിക്കുള്ളവയെ എല്ലാം പുറത്തുകൊണ്ടു
വന്നശേഷം അവൻ അവയ്ക്കു മുമ്പേ നടക്കുന്നു.
ആടുകൾ അവന്റെ ശബ്ദം തിരിച്ചറിഞ്ഞ്
അവനെ അനുഗമിക്കുന്നു. 5എന്നാൽ ഒരു
അപരിചിതനെ അവ ഒരിക്കലും
അനുഗമിക്കുകയില്ല. അപരിചിതന്റെ ശബ്ദം
തിരിച്ചറിയാത്തതുകൊണ്ട് അവ അയാളെ വിട്ട്
ഓടിപ്പോകും. 6യേശു ഇത് ഒരു ദൃഷ്ടാന്തമായി
പറഞ്ഞു; എങ്കിലും അദ്ദേഹം പറഞ്ഞതെ
ന്താണെന്ന് അവർ ഗ്രഹിച്ചില്ല.

7യേശു വീണ്ടും അവരോടു പറഞ്ഞു:
"സത്യമായി, സത്യമായി ഞാൻ നിങ്ങളോടു
പറയുന്നു, ആടുകളുടെ വാതിൽ ഞാൻ
ആകുന്നു. 8എനിക്കു മുമ്പു വന്നവരെല്ലാം
കള്ളന്മാരും കൊള്ളക്കാരും ആയിരുന്നു,
ആടുകൾ അവരെ ശ്രദ്ധിച്ചില്ല. 9ഞാൻ വാതിൽ
ആകുന്നു. എന്നിലൂടെ കടക്കുന്നവൻ
രക്ഷപെടും[a] അവൻ അകത്തു വരികയും പുറത്തു
പോവുകയും മേച്ചിൽ കണ്ടെത്തുകയും ചെയ്യും.
10മോഷ്ടിക്കുവാനും കൊല്ലുവാനും
മുടിക്കുവാനുമാണ് കള്ളൻ വരുന്നത്. എന്നാൽ
അവർക്കു ജീവൻ ഉണ്ടാകുവാനും അതു
സമൃദ്ധിയായി ഉണ്ടാകുവാനുമത്രേ ഞാൻ
വന്നിരിക്കുന്നത്. 11ഞാൻ നല്ല ഇടയൻ; നല്ല
ഇടയൻ ആടുകൾക്കുവേണ്ടി തന്റെ ജീവനെ
കൊടുക്കുന്നു. 12കൂലിക്കാരൻ ആടുകളുടെ
ഉടമസ്ഥനല്ലായ്കയാൽ ചെന്നായ് വരുന്നതു
കാണുമ്പോൾ ആടുകളെ വിട്ട് ഓടിപ്പോകുന്നു.
അപ്പോൾ ചെന്നായ് ആട്ടിൻപറ്റത്തെ ആക്രമിച്ചു
ചിതറിച്ചുകളയുന്നു. 13അവൻ കൂലിക്കാരനും
ആടുകളെക്കുറിച്ചു കരുതൽ ഇല്ലാത്തവനുമല്ലോ.

14"ഞാൻ നല്ല ഇടയൻ; 15പിതാവ് എന്നെയും
ഞാൻ പിതാവിനെയും അറിയുന്നതുപോലെ
ഞാൻ എന്റെ ആടുകളെയും എന്റെ ആടുകൾ
എന്നെയും അറിയുന്നു. ആടുകൾക്കുവേണ്ടി
ഞാൻ എന്റെ ജീവനെ കൊടുക്കുന്നു. 16ഈ
തൊഴുത്തിൽ ഉൾപ്പെടാത്ത വേറെയും ആടുകൾ
എനിക്കുണ്ട്. അവയെയും ഞാൻ
നയിക്കേണ്ടതാകുന്നു. അവയും എന്റെ ശബ്ദം
കേൾക്കും. അങ്ങനെ ഒരു ആട്ടിൻകൂട്ടവും ഒരു
ഇടയനും ആകും. 17എന്റെ ജീവൻ വീണ്ടും
പ്രാപിപ്പാനായി ഞാൻ അതിനെ
വച്ചുകൊടുക്കുന്നു. അതിനാൽ പിതാവ് എന്നെ
സ്നേഹിക്കുന്നു. 18അത് എന്നിൽനിന്ന് ആരും
എടുത്തു കളയുന്നില്ല, ഞാൻ അതു സ്വമേധയാ
വച്ചുകൊടുക്കുകയും തിരികെ പ്രാപിക്കുകയും
ചെയ്യുന്നു. അതു വച്ചുകൊടുക്കുവാനും
തിരിച്ചെടുക്കുവാനും എനിക്ക് അധികാരമുണ്ട്.
ഈ കല്പന എന്റെ പിതാവിൽനിന്ന് എനിക്കു
ലഭിച്ചിരിക്കുന്നു."

19ഈ വാക്കുകൾ മൂലം യഹൂദരുടെ ഇടയിൽ
വീണ്ടും ഭിന്നത ഉണ്ടായി. 20അവരിൽ പലരും
പറഞ്ഞു: "അയാൾ ഭൂതബാധിതനാണ്;
അയാൾക്കു ഭ്രാന്തുണ്ട്, അയാൾ പറയുന്നത്
എന്തിനു കേൾക്കണം?" 21എന്നാൽ മറ്റുള്ളവർ
പറഞ്ഞു: "ഇത് ഭൂതം ബാധിച്ചവന്റെ
വാക്കുകളല്ല; അന്ധനു കാഴ്ച നല്കുവാൻ
ഭൂതത്തിനു കഴിയുമോ?"

യഹൂദരുടെ അവിശ്വാസം

22യെരൂശലേമിൽ പ്രതിഷ്ഠോത്സവത്തിന്റെ
സമയമായി. അതു ശീതകാലമായിരുന്നു.
23യേശു ദൈവാലയത്തിൽ ശലോമോന്റെ
മണ്ഡപത്തിൽ നടന്നുകൊണ്ടിരുന്നു. 24യഹൂദർ
അദ്ദേഹത്തിന്റെ ചുറ്റും വന്നു: "താങ്കൾ
എത്രനാൾ ഞങ്ങളെ സംശയത്തിൽ നിർത്തും?
താങ്കൾ ക്രിസ്തുവാണെങ്കിൽ ഞങ്ങളോടു
തുറന്നുപറയുക" എന്നു പറഞ്ഞു.

25യേശു മറുപടി പറഞ്ഞു: "ഞാൻ നിങ്ങളോടു
പറഞ്ഞുകഴിഞ്ഞു. എന്നാൽ നിങ്ങൾ
വിശ്വസിക്കുന്നില്ല. എന്റെ പിതാവിന്റെ
നാമത്തിൽ ഞാൻ ചെയ്യുന്ന പ്രവൃത്തികൾ
എനിക്കുവേണ്ടി സംസാരിക്കുന്നു. 26എന്നാൽ
നിങ്ങൾ എന്റെ ആടുകൾ അല്ലാത്തതുകൊണ്ടു
വിശ്വസിക്കുന്നില്ല. 27എന്റെ ആടുകൾ എന്റെ
ശബ്ദം കേൾക്കുന്നു; ഞാൻ അവയെ അറിയുന്നു;
അവ എന്നെ അനുഗമിക്കുകയും ചെയ്യുന്നു.
28ഞാൻ അവയ്ക്കു നിത്യജീവൻ നല്കുന്നു,
അവ ഒരിക്കലും നശിച്ചുപോവുകയില്ല; എന്റെ
കയ്യിൽനിന്ന് അവയെ അപഹരിക്കുവാൻ
ആർക്കും സാദ്ധ്യമല്ല. 29അവയെ എനിക്കു
തന്നിരിക്കുന്ന എന്റെ പിതാവ് എല്ലാവരിലും
വലിയവൻ; എന്റെ പിതാവിന്റെ കയ്യിൽ നിന്നു
അവയെ അപഹരിക്കുവാൻ ആർക്കും സാദ്ധ്യമല്ല.
30ഞാനും പിതാവും ഒന്നാകുന്നു."

31യഹൂദർ വീണ്ടും അദ്ദേഹത്തെ എറിയുവാൻ
കല്ലെടുത്തു. 32എന്നാൽ യേശു അവരോടു
ചോദിച്ചു: "പിതാവിൽനിന്നുള്ള അനേകം നല്ല
പ്രവൃത്തികൾ ഞാൻ നിങ്ങളെ കാണിച്ചിരി
ക്കുന്നു; അവയിൽ ഏതു നിമിത്തമാണു നിങ്ങൾ
എന്നെ കല്ലെറിയുന്നത്?"

33യഹൂദർ മറുപടി പറഞ്ഞു: "അവ
ഒന്നുംകൊണ്ടല്ല, പിന്നെയോ കേവലം

[a] 9 അഥവാ, *സുരക്ഷിതനായിരിക്കും*

മനുഷ്യനായ നീ ദൈവമാണെന്ന് അവകാശപ്പെട്ടു ദൈവദൂഷണം പറയുന്നതുകൊണ്ടാണു ഞങ്ങൾ നിന്നെ കല്ലെറിയുന്നത്. "

34യേശു അവരോടു ഉത്തരം പറഞ്ഞു: 'നിങ്ങൾ ദേവന്മാർ ആകുന്നു എന്നു ഞാൻ പറഞ്ഞു'[a] എന്നു നിങ്ങളുടെ ന്യായപ്രമാണത്തിൽ എഴുതിയിട്ടില്ലേ? 35ദൈവവചനം ലഭിച്ചവരെ അവിടുന്ന് ദേവന്മാർ എന്നു വിളിച്ചുവെങ്കിൽ - തിരുവചനം ലംഘിക്കപ്പെടരുതല്ലോ - 36പിതാവ് തൻറെ സ്വന്തമായി വേർതിരിച്ചു ലോകത്തിലേക്ക് അയച്ചവനെപ്പറ്റി എന്താണു പറയേണ്ടത്? ഞാൻ ദൈവത്തിൻറെ പുത്രൻ എന്നു പറഞ്ഞതു കൊണ്ടു നിങ്ങൾ എൻറെമേൽ എന്തിനു ദൈവദൂഷണം ആരോപിക്കുന്നു? 37ഞാൻ എൻറെ പിതാവിൻറെ പ്രവൃത്തികൾ ചെയ്യുന്നില്ലെങ്കിൽ എന്നെ നിങ്ങൾ വിശ്വസിക്കേണ്ടാ. 38എന്നാൽ ഞാൻ അവ പ്രവർത്തിക്കുന്നെങ്കിൽ, നിങ്ങൾ എന്നെ വിശ്വസിക്കുന്നില്ലെങ്കിൽപോലും, എൻറെ പ്രവൃത്തികൾ വിശ്വസിക്കുവിൻ; അങ്ങനെ പിതാവ് എന്നിലും ഞാൻ പിതാവിലും ആകുന്നു എന്നു നിങ്ങൾക്ക് അറിയുവാനും ഗ്രഹിക്കുവാനും കഴിയും." 39അവർ വീണ്ടും യേശുവിനെ പിടിക്കുവാൻ ശ്രമിച്ചു, എന്നാൽ അദ്ദേഹം അവരുടെ പിടിയിൽപ്പെടാതെ മാറിപ്പോയി.

40അനന്തരം യേശു യോർദ്ദാൻറെ മറുകരയിൽ, യോഹന്നാൻ ആദ്യം സ്നാനം കഴിപ്പിച്ചുകൊണ്ടിരുന്ന സ്ഥലത്തു തിരിച്ചെത്തി അവിടെ പാർത്തു. 41ധാരാളം പേർ അദ്ദേഹത്തിൻറെ അടുക്കൽ വന്നു. യോഹന്നാൻ അടയാളം ഒന്നും ചെയ്തിട്ടില്ലെങ്കിലും അദ്ദേഹം യേശുവിനെക്കുറിച്ചു പറഞ്ഞിട്ടുള്ളതെല്ലാം സത്യം തന്നേ എന്ന് അവർ പറഞ്ഞു. 42അവിടെ പലരും യേശുവിൽ വിശ്വസിച്ചു.

ലാസറിൻറെ മരണം

11 ലാസർ എന്നു പേരുള്ള ബേഥാന്യക്കാരനായ ഒരു മനുഷ്യൻ രോഗിയായിരുന്നു. മറിയയുടെയും അവളുടെ സഹോദരി മാർത്തയുടെയും ഗ്രാമമായിരുന്നു ബേഥാന്യ. 2ഈ മറിയ ആയിരുന്നു കർത്താവിൻറെമേൽ പരിമളതൈലം പകരുകയും പാദങ്ങൾ തൻറെ തലമുടികൊണ്ടു തുടയ്ക്കുകയും ചെയ്തത്. രോഗിയായിരുന്ന ലാസർ അവളുടെ സഹോദരനായിരുന്നു. 3ആ സഹോദരിമാർ യേശുവിൻറെ അടുക്കൽ ആളയച്ച്, "കർത്താവേ, അങ്ങേയ്ക്കു പ്രിയനായവൻ രോഗിയായിരിക്കുന്നു" എന്ന് അറിയിച്ചു.

4ഇതു കേട്ട് യേശു പറഞ്ഞു: "ഈ രോഗം മരണത്തിൽ അവസാനിക്കുവാനുള്ളതല്ല; പിന്നെയോ ദൈവമഹത്ത്വത്തിനും അതിലൂടെ ദൈവപുത്രൻ മഹത്ത്വീകരിക്കപ്പെടേണ്ടതിനും ആണ്." 5യേശു മാർത്തയെയും അവളുടെ സഹോദരിയെയും ലാസറിനെയും സ്നേഹിച്ചിരുന്നു. 6എന്നിട്ടും ലാസർ രോഗിയായിരിക്കുന്നു എന്നു കേട്ടിട്ട് താൻ ആയിരുന്നേടത്തു രണ്ടുദിവസം കൂടി പാർത്തു.

7പിന്നീട് യേശു ശിഷ്യന്മാരോട് : "നമുക്കു യഹൂദ്യയിലേക്കു തിരിച്ചു പോകാം" എന്നു പറഞ്ഞു.

8അപ്പോൾ അവർ ചോദിച്ചു : "റബ്ബീ, അല്പകാലം മുമ്പല്ലേ യഹൂദർ അങ്ങയെ കല്ലെറിയുവാൻ ഭാവിച്ചത്?എന്നിട്ടും അങ്ങ് അവിടേക്കു തിരിച്ചുപോകുന്നുവോ?" 9യേശു മറുപടി പറഞ്ഞു: "പന്ത്രണ്ടു മണിക്കൂറല്ലേ പകലിനുള്ളത്? പകൽ സമയത്ത് ഈ ലോകത്തിൻറെ വെളിച്ചത്തിൽ നടക്കുന്ന മനുഷ്യനു കാണാൻ കഴിയുന്നതുകൊണ്ട് ഇടറി വീഴുന്നില്ല. 10എന്നാൽ അവൻ രാത്രിയിൽ നടക്കുമ്പോൾ വെളിച്ചമില്ലാത്തതുകൊണ്ടു കാലിടറി വീഴുന്നു.

11ഇതു പറഞ്ഞിട്ട് യേശു ഇപ്രകാരം തുടർന്നു: "നമ്മുടെ സ്നേഹിതനായ ലാസർ ഉറങ്ങുകയാണ്; എന്നാൽ ഞാൻ അവനെ ഉണർത്തുവാൻ അവിടേക്കു പോകുന്നു." 12ശിഷ്യന്മാർ ഉത്തരം പറഞ്ഞു. "കർത്താവേ, അയാൾ ഉറങ്ങുകയാണെങ്കിൽ സുഖം പ്രാപിക്കുമല്ലോ?" 13യേശു അയാളുടെ മരണത്തെക്കുറിച്ചായിരുന്നു സൂചിപ്പിച്ചത്; എന്നാൽ അവിടുന്ന് ഉറക്കത്തെക്കുറിച്ചു പറഞ്ഞുവെന്നു ശിഷ്യന്മാർ ധരിച്ചു. 14അപ്പോൾ യേശു സ്പഷ്ടമായി പറഞ്ഞു. ലാസർ മരിച്ചുപോയി. 15ഞാൻ അവിടെ ഇല്ലാതിരുന്നതിൽ നിങ്ങൾ നിമിത്തം സന്തോഷിക്കുന്നു; നിങ്ങൾ വിശ്വസിക്കാൻ ഇതു കാരണമാകുമല്ലോ. നമുക്ക് അവൻറെ അടുത്തേയ്ക്കു പോകാം." 16അപ്പോൾ ദിദിമോസ് എന്നു പേരുള്ള തോമാസ് മറ്റുള്ള ശിഷ്യന്മാരോടു പറഞ്ഞു. "അദ്ദേഹത്തോടു കൂടെ മരിക്കുവാൻ നമുക്കും പോകാം."

യേശു ആ സഹോദരിമാരെ ആശ്വസിപ്പിക്കുന്നു

17അവിടെ എത്തിയപ്പോൾ ലാസറിനെ കല്ലറയിൽ വച്ചിട്ടു നാലു ദിവസം കഴിഞ്ഞിരുന്നു എന്ന് യേശു മനസ്സിലാക്കി. 18യെരൂശലേമിൽ നിന്നു ബേഥാന്യയിലേക്കു രണ്ടുമൈലിൽ താഴെ ദൂരമേ ഉണ്ടായിരുന്നുള്ളൂ. 19മാർത്തയെയും മറിയയെയും സഹോദരൻറെ വേർപാടിൽ ആശ്വസിപ്പിക്കുവാൻ അനേകം യഹൂദർ എത്തിയിരുന്നു. 20യേശു വരുന്നു എന്നു കേട്ടപ്പോൾ അദ്ദേഹത്തെ എതിരേല്പാൻ മാർത്ത ഇറങ്ങിച്ചെന്നു; മറിയയാകട്ടെ വീട്ടിൽ ഇരുന്നു.

[a] 34 സങ്കീർത്തനം 82:6

21മാർത്ത യേശുവിനോട്: "കർത്താവേ, അങ്ങ് ഇവിടെ ഉണ്ടായിരുന്നുവെങ്കിൽ എന്റെ സഹോദരൻ മരിക്കുകയില്ലായിരുന്നു. 22"എങ്കിലും അങ്ങ് ചോദിക്കുന്നതെന്തും ദൈവം അങ്ങേയ്ക്കു തരുമെന്ന് ഇപ്പോഴും എനിക്കറിയാം." എന്നു പറഞ്ഞു.

23"നിന്റെ സഹോദരൻ ഉയിർത്തെഴുന്നേല്ക്കും."യേശു അവളോടു പറഞ്ഞു.

24"അവസാനനാളിലെ പുനരുത്ഥാനത്തിൽഅവൻ ഉയിർത്തെഴുന്നേല്ക്കുമെന്ന് എനിക്കറിയാം." മാർത്ത പറഞ്ഞു.

25അതിനു യേശു: "ഞാൻതന്നേ പുനരുത്ഥാനവും ജീവനും ആകുന്നു. എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും; 26ജീവിച്ചിരുന്ന് എന്നിൽ വിശ്വസിക്കുന്ന ആരും ഒരിക്കലും മരിക്കയില്ല. ഇതു നീ വിശ്വസിക്കുന്നുവോ?"

27"ഉവ്വ് കർത്താവേ," അവൾ പറഞ്ഞു. "ലോകത്തിലേക്കു വരുവാനുള്ള ദൈവപുത്രനായ ക്രിസ്തു അങ്ങുതന്നേ എന്നു ഞാൻ വിശ്വസിക്കുന്നു."

28ഇതു പറഞ്ഞശേഷം അവൾ തിരിച്ചു ചെന്നു സഹോദരിയായ മറിയയെ അടുക്കൽ വിളിച്ച്: "ഗുരു വന്നിട്ടുണ്ട്, നിന്നെ അന്വേഷിക്കുന്നു" എന്നു രഹസ്യമായി പറഞ്ഞു.

29ഇതുകേട്ടു മറിയ വേഗം എഴുന്നേറ്റ് അദ്ദേഹത്തിന്റെ അടുത്തേക്കു പോയി. 30യേശു ആ സമയംവരെ ഗ്രാമത്തിൽ കടക്കാതെ, മാർത്ത തന്നെ എതിരേറ്റ സ്ഥലത്തു നില്ക്കുകയായിരുന്നു. 31മറിയയെ ആശ്വസിപ്പിച്ചുകൊണ്ട് അവളുടെകൂടെ വീട്ടിൽ ഉണ്ടായിരുന്ന യഹൂദർ, അവൾ വേഗത്തിൽ എഴുന്നേറ്റു പുറത്തേക്കു പോകുന്നതു കണ്ട്, അവൾ കല്ലറയ്ക്കൽ ചെന്നു കരയാൻ പോകുന്നുവെന്നു വിചാരിച്ചു പിന്നാലെ ചെന്നു.

32യേശു നിന്നിരുന്ന സ്ഥലത്തു മറിയ എത്തി അദ്ദേഹത്തെ കണ്ടു കാല്ക്കൽ വീണു: "കർത്താവേ, അങ്ങ് ഇവിടെ ഉണ്ടായിരുന്നെങ്കിൽ എന്റെ സഹോദരൻ മരിക്കുകയില്ലായിരുന്നു" എന്നു പറഞ്ഞു.

33അവളും അവളോടുകൂടെ വന്ന യഹൂദരും കരയുന്നതു കണ്ടപ്പോൾ യേശുവിന്റെ ഹൃദയം നൊന്തു കലങ്ങി. 34 "നിങ്ങൾ അവനെ എവിടെയാണു വച്ചത്?" അവിടുന്ന് ചോദിച്ചു. "കർത്താവേ, വന്നു കണ്ടാലും" അവർ ഉത്തരം പറഞ്ഞു.

35യേശു കരഞ്ഞു.

36അപ്പോൾ യഹൂദർ പറഞ്ഞു: "നോക്കൂ, അദ്ദേഹം അവനെ എത്രമാത്രം സ്നേഹിച്ചിരുന്നു!"

37എന്നാൽ അവരിൽ ചിലർ ചോദിച്ചു: "അന്ധന്റെ കണ്ണു തുറന്ന ഇദ്ദേഹത്തിനു ഇവൻ മരിക്കാതെ നോക്കാമായിരുന്നില്ലേ?"

യേശു ലാസറിനെ
ഉയിർപ്പിക്കുന്നു

38യേശു പിന്നെയും ദുഃഖവിവശനായി കല്ലറയുടെ അടുത്തെത്തി. അതൊരു ഗുഹയായിരുന്നു. ഗുഹാമുഖത്തിൽ വിലങ്ങനെ ഒരു കല്ലു വച്ചിരുന്നു. 39"കല്ലു നീക്കുക" യേശു പറഞ്ഞു.

മരിച്ചവന്റെ സഹോദരിയായ മാർത്ത അപ്പോൾ പറഞ്ഞു: "കർത്താവേ, നാറ്റം വച്ചിട്ടുണ്ട്; നാലു ദിവസമായല്ലോ."

40"വിശ്വസിച്ചാൽ നീ ദൈവത്തിന്റെ മഹത്ത്വം കാണുമെന്ന് ഞാൻ നിന്നോടു പറഞ്ഞില്ലേ?" യേശു ചോദിച്ചു.

41അവർ കല്ലു നീക്കി. അപ്പോൾ യേശു മുകളിലേക്കു കണ്ണുകളുയർത്തി ഇപ്രകാരം പറഞ്ഞു: "പിതാവേ, അവിടുന്ന് എന്റെ അപേക്ഷ കേട്ടതുകൊണ്ടു ഞാൻ അങ്ങയെ വാഴ്ത്തുന്നു. 42അങ്ങ് എപ്പോഴും എന്റെ അപേക്ഷ കേൾക്കുന്നുവെന്ന് എനിക്കറിയാം. എങ്കിലും അവിടുന്നാണ് എന്നെ അയച്ചിരിക്കുന്നതെന്ന് ഈ നില്ക്കുന്നവർ വിശ്വസിക്കേണ്ടതിന് ഇവരുടെ നിമിത്തം ഞാൻ ഇതു പറയുന്നു."

43ഇതു പറഞ്ഞശേഷം യേശു ഉച്ചത്തിൽ "ലാസറേ, പുറത്തു വരിക" എന്നു വിളിച്ചു പറഞ്ഞു. 44മരിച്ചവൻ പുറത്തു വന്നു; അവന്റെ കൈകാലുകൾ ശീലകൾ ചുറ്റിയും മുഖം തൂവാലകൊണ്ടു മൂടിയുമിരുന്നു.

അവന്റെ കെട്ടുകൾ അഴിക്കുക, അവൻ പോകട്ടെ" യേശു പറഞ്ഞു.

യേശുവിനെ വധിക്കുവാൻ
ഗൂഢാലോചന

45മറിയയെ സന്ദർശിക്കുവാൻ വന്ന യഹൂദരിൽ പലരും യേശുവിന്റെ പ്രവൃത്തി കണ്ട് അദ്ദേഹത്തിൽ വിശ്വസിച്ചു. 46എന്നാൽ അവരിൽ ചിലർ പരീശന്മാരുടെ അടുക്കൽ ചെന്നു യേശു ചെയ്തത് അറിയിച്ചു. 47അപ്പോൾ മുഖ്യപുരോഹിതന്മാരും പരീശന്മാരുംകൂടി ന്യായാധിപസംഘത്തിന്റെ ഒരു യോഗം വിളിച്ചുകൂട്ടി. "എന്താണ് ഇനി നാം ചെയ്യുക?" അവർ ചോദിച്ചു. "ഈ മനുഷ്യൻ ഇതാ അനേകം അടയാളങ്ങൾ ചെയ്യുന്നു. 48അയാളെ ഇങ്ങനെ തുടരാൻ അനുവദിച്ചാൽ എല്ലാവരും അയാളിൽ വിശ്വസിക്കും; അപ്പോൾ റോമാക്കാർ വന്നു നമ്മുടെ നാടിനെയും ജനങ്ങളെയും പൂർണ്ണമായി കൈവശപ്പെടുത്തും."

49അവിടെ കൂടിയിരുന്നവരിൽ ഒരുവനും ആ വർഷത്തെ മഹാപുരോഹിതനും ആയ കയ്യഫാവ്

അവരോടു പറഞ്ഞു: "നിങ്ങൾക്ക് ഒന്നും
അറിഞ്ഞുകൂടാ. 50ഒരു ജനത മുഴുവൻ
നശിക്കുന്നതിനെക്കാൾ ഒരു മനുഷ്യൻ ജന
ങ്ങൾക്കുവേണ്ടി മരിക്കുന്നതാണു യുക്തമെന്നു
നിങ്ങൾ മനസ്സിലാക്കുന്നില്ല." 51ഇത് അയാൾ
സ്വമേധയാ പറഞ്ഞതല്ല, പിന്നെയോ ആ
വർഷത്തെ മഹാപുരോഹിതൻ എന്ന നിലയിൽ
52യേശു യഹൂദജനതയ്ക്കു വേണ്ടിയും
ചിതറിപ്പോയിരിക്കുന്ന ദൈവമക്കളെ ഒന്നായി
ചേർക്കുവാൻവേണ്ടിയും മരിക്കുമെന്നുള്ളതു
പ്രവചിക്കുകയായിരുന്നു. 53അന്നുമുതൽ അവർ
യേശുവിനെ കൊല്ലുവാൻ ഗൂഢാലോചന
തുടങ്ങി.

54അതുകൊണ്ട് യേശു യഹൂദരുടെ ഇടയിൽ
പിന്നീടു പരസ്യമായി സഞ്ചരിച്ചില്ല. എന്നാൽ
അദ്ദേഹം മരുഭൂമിക്കടുത്ത് എഫ്രയീം എന്ന
ഗ്രാമത്തിലേക്കു പിൻവാങ്ങി ശിഷ്യന്മാരുമായ്
അവിടെ പാർത്തു.

55യഹൂദരുടെ പെസഹ സമീപിച്ചിരുന്നു.
പെസഹയ്ക്കു മുമ്പുള്ള ശുദ്ധീകരണം
നടത്തേണ്ടതിന് അനേകർ ഗ്രാമപ്രദേശങ്ങളിൽ
നിന്നു യെരൂശലേമിലേക്കു പോയി.
56അവർ യേശുവിനെ അന്വേഷിച്ചുകൊ
ണ്ടിരുന്നു. ദൈവാലയത്തിൽവച്ച് അവർ,
"നിങ്ങൾക്കെന്തു തോന്നുന്നു? അദ്ദേഹം
പെരുന്നാളിനു വരാതിരിക്കുമോ?" എന്നു
പരസ്പരം ചോദിച്ചു.
57യേശു എവിടെയാണെന്ന് ആർക്കെങ്കിലും
അറിവു കിട്ടിയാൽ അദ്ദേഹത്തെ പിടികൂടു
ന്നതിനുവേണ്ടി വിവരം തങ്ങളെ അറിയിക്ക
ണമെന്നു മുഖ്യപുരോഹിതന്മാരും പരീശന്മാരും
കല്പന പുറപ്പെടുവിച്ചിരുന്നു.

യേശുവിനെ തൈലം പൂശുന്നു

12 പെസഹയ്ക്ക് ആറു ദിവസം മുമ്പ്
യേശു ബേഥാന്യയിൽ എത്തി. അവിടെ
ആയിരുന്നു യേശു മരിച്ചവരിൽനിന്ന് ഉയിർപ്പിച്ച
ലാസർ പാർത്തിരുന്നത്. 2യേശുവിനുവേണ്ടി
അവിടെ ഒരു അത്താഴവിരുന്ന് ഒരുക്കിയിരുന്നു.
മാർത്ത ശുശ്രൂഷ ചെയ്തു. ലാസറും അദ്ദേഹ
ത്തോടൊപ്പം ഭക്ഷണത്തിന് ഇരിക്കുന്നു
ണ്ടായിരുന്നു. 3അപ്പോൾ മറിയ വിലയേറിയതും
ശുദ്ധവുമായ അര ലിറ്ററോളം ജടാമാംസി തൈലം
എടുത്ത് യേശുവിന്റെ പാദങ്ങളിൽ പൂശുകയും
തന്റെ തലമുടി കൊണ്ടു തുവർത്തുകയും
ചെയ്തു. തൈലത്തിന്റെ സൗരഭ്യം വീടു
മുഴുവൻ നിറഞ്ഞു.

4എന്നാൽ യേശുവിന്റെ ശിഷ്യന്മാരിൽ
ഒരുവനും പിന്നീട് അദ്ദേഹത്തെ ഒറ്റിക്കൊടു
ത്തവനുമായ യൂദാ ഈസ്കര്യോത്താവ് ഇതിൽ
നീരസം പ്രകടിപ്പിച്ചുകൊണ്ട് 5 "ഈ സുഗ
ന്ധതൈലം വിറ്റ് ആ പണം ദരിദ്രർക്കു
കൊടുക്കാമായിരുന്നില്ലേ? അതു മുന്നൂറു ദിനാർ
വിലയുള്ളതാണല്ലോ?" എന്നു പറഞ്ഞു.
6ദരിദ്രരെക്കുറിച്ചുള്ള കരുതൽകൊണ്ടല്ല,
അയാൾ കള്ളനായിരുന്നതു കൊണ്ടാണ് ഇതു
പറഞ്ഞത്; പണസഞ്ചി സൂക്ഷിപ്പുകാരനായിരുന്ന
അയാൾ അതിൽനിന്നു കൂടെക്കൂടെ സ്വന്തം
ഉപയോഗത്തിനു എടുക്കാറുണ്ടായിരുന്നു.
7അതിന് യേശു ഇങ്ങനെ മറുപടി നല്കി:
"അവളെ ശല്യപ്പെടുത്തരുത്, എന്റെ
ശവസംസ്കാര ദിവസത്തിലേയ്ക്ക് അവൾ ഇതു
സൂക്ഷിച്ചു എന്നു കരുതിയാൽ മതി. 8ദരിദ്രർ
എപ്പോഴും നിങ്ങളുടെ ഇടയിൽ ഉണ്ടല്ലോ.
എന്നാൽ ഞാനോ എപ്പോഴും നിങ്ങളുടെകൂടെ
ഉണ്ടായിരിക്കുകയില്ല." 9യേശു അവിടെ
ഉണ്ടെന്നറിഞ്ഞ് യഹൂദരുടെ ഒരു വലിയ കൂട്ടം
അവിടെ എത്തി. യേശുനിമിത്തം മാത്രമല്ല,
അദ്ദേഹം മരിച്ചവരിൽനിന്ന് ഉയിർപ്പിച്ചലാസറിനെ
കാണുന്നതിനും കൂടിയാണ് അവർ വന്നത്.
10അതുകൊണ്ട് മുഖ്യപുരോഹിതന്മാർ
ലാസറിനെയും കൊല്ലുവാൻ ആലോചിച്ചു.
11അയാൾ നിമിത്തം അനേകം യഹൂദർ
യേശുവിന്റെ അടുക്കൽ ചെല്ലുകയും അദ്ദേഹ
ത്തിൽ വിശ്വസിക്കുകയും ചെയ്തിരുന്നു.

രാജകീയ പ്രവേശനം

12പിറ്റേ ദിവസം, പെരുന്നാളിനു വന്നിരുന്ന
വലിയ ജനക്കൂട്ടം യേശു യെരൂശലേമിലേക്കു
വരുന്നു എന്നുള്ള വാർത്ത കേട്ടു. 13അവർ
ഈന്തപ്പനയുടെ കുരുത്തോലകൾ എടുത്തു
കൊണ്ട്:

"ഹോശന്നാ!"[a]
"കർത്താവിന്റെ നാമത്തിൽ
വരുന്നവൻ വാഴ്ത്തപ്പെട്ടവൻ!"
"യിസ്രായേലിന്റെ രാജാവു
വാഴ്ത്തപ്പെട്ടവൻ!"[b]

എന്ന് ആർത്തുവിളിച്ചുകൊണ്ട് അദ്ദേഹത്തെ
എതിരേല്പാൻ പുറപ്പെട്ടു.
14യേശു ഒരു കഴുതക്കുട്ടിയെ കണ്ട് അതിന്റെ
പുറത്തു കയറി ഇരുന്നു.

15"സീയോൻപുത്രീ, ഭയപ്പെടേണ്ടാ, ഇതാ
നിന്റെ രാജാവ്
കഴുതക്കുട്ടിമേൽ കയറിവരുന്നു"[c]

എന്ന് എഴുതിയിരിക്കുന്നതുപോലെ തന്നേ.
16ശിഷ്യന്മാർക്ക് ആദ്യം ഈ കാര്യങ്ങൾ
മനസ്സിലായില്ല. അദ്ദേഹത്തെക്കുറിച്ചാണ് ഇവ
എഴുതപ്പെട്ടിരിക്കുന്നതെന്നും അവർ ഇതെല്ലാം

[a] 13 *ഹോശന്നാ* എന്ന എബ്രായപദത്തിന്, '*രക്ഷിക്കുക*' എന്ന് അർത്ഥം; ഒരു സ്തോത്രഘോഷണമായി
ഇത് ഉപയോഗിക്കപ്പെടുന്നു. [b] 13 സങ്കീർത്തനം 118: 25,26 [c] 15 സെഖര്യാവ് 9:9

ചെയ്തത് അദ്ദേഹത്തിനുവേണ്ടിയാണെന്നും മഹത്ത്വീകരണത്തിനുശേഷം മാത്രമേ അവർ ഗ്രഹിച്ചുള്ളു.

17ലാസറിനെ മരിച്ചവരിൽനിന്ന് ഉയിർപ്പിച്ച്, കല്ലറയ്ക്കുപുറത്തേയ്ക്കു വിളിച്ചുവരുത്തിയപ്പോൾ യേശുവിനോടൊപ്പമുണ്ടായിരുന്ന ജനസമൂഹം ആ വാർത്ത പ്രചരിപ്പിച്ചുകൊണ്ടിരുന്നു. 18യേശു ഈ അടയാളം പ്രവർത്തിച്ചുവെന്നു കേട്ടതുകൊണ്ട് അനേകം ആളുകൾ അദ്ദേഹത്തെ എതിരേറ്റു ചെന്നു. 19അപ്പോൾ പരീശന്മാർ പരസ്പരം പറഞ്ഞു: "നമ്മെക്കൊണ്ട് ഒന്നും സാധിക്കുന്നില്ലല്ലോ; നോക്കൂ, ലോകം മുഴുവൻ അയാളുടെ പിന്നാലെ ആയിരിക്കുന്നു!"

യേശു തന്റെ മരണത്തെക്കുറിച്ചു മുന്നറിയിപ്പു നല്കുന്നു

20പെരുന്നാളിന് ആരാധനയ്ക്കു വന്നവരിൽ ചില ഗ്രീക്കുകാർ ഉണ്ടായിരുന്നു. 21അവർ ഒരു അഭ്യർത്ഥനയുമായി ഗലീലയിലെ ബേത്ത്സയിദക്കാരനായ ഫിലിപ്പൊസിന്റെ അടുക്കൽ ചെന്നു, "പ്രഭോ, ഞങ്ങൾക്ക് യേശുവിനെ കാണുവാൻ താത്പര്യമുണ്ട്" എന്നു പറഞ്ഞു. 22ഫിലിപ്പോസ് ചെന്ന് ഇക്കാര്യം അന്ത്രെയാസിനോടു പറഞ്ഞു. അന്ത്രെയാസും ഫിലിപ്പൊസുംകൂടി യേശുവിനെ വിവരം അറിയിച്ചു.

23അപ്പോൾ യേശു പറഞ്ഞു: "മനുഷ്യപുത്രൻ മഹത്ത്വീകരിക്കപ്പെടുവാനുള്ള സമയം ആയിരിക്കുന്നു. 24സത്യമായി, സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, ഗോതമ്പു മണി നിലത്തുവീണു ചാകുന്നില്ല എങ്കിൽ അതു തനിയേ ഇരിക്കും. ചാകുന്നുവെങ്കിലോ ധാരാളം വിളവുണ്ടാകും. 25സ്വന്തം ജീവനെ സ്നേഹിക്കുന്നവൻ അതിനെ നഷ്ടപ്പെടുത്തും; ഈ ലോകത്തിൽ സ്വന്തം ജീവനെ ദ്വേഷിക്കുന്നവൻ അതിനെ നിത്യജീവനുവേണ്ടി സൂക്ഷിക്കും. 26എന്നെ ശുശ്രൂഷിക്കുന്നവൻ എന്നെ അനുഗമിക്കണം. ഞാൻ എവിടെ ആയിരിക്കുന്നുവോ അവിടെ എന്റെ ശുശ്രൂഷകനും ആയിരിക്കും. എന്നെ ശുശ്രൂഷിക്കുന്നവനെ എന്റെ പിതാവു മാനിക്കും. 27ഇപ്പോൾ എന്റെ ഹൃദയം കലങ്ങിയിരിക്കുന്നു; ഞാൻ എന്താണു പറയേണ്ടത്? പിതാവേ, ഈ നാഴികയിൽ നിന്ന് എന്നെ രക്ഷിക്കേണമേ എന്നോ? അല്ല, ഇതിനുവേണ്ടിത്തന്നേയാണല്ലോ ഞാൻ ഈ നാഴികയിൽ എത്തിയിരിക്കുന്നത്. 28പിതാവേ, അങ്ങയുടെ നാമം മഹത്ത്വപ്പെടുത്തണമേ!"

അപ്പോൾ സ്വർഗ്ഗത്തിൽ നിന്ന്, "ഞാൻ മഹത്ത്വപ്പെടുത്തിയിരിക്കുന്നു; ഇനിയും മഹത്ത്വപ്പെടുത്തും" എന്നൊരു ശബ്ദമുണ്ടായി. 29അവിടെയുണ്ടായിരുന്ന ജനസമൂഹത്തിൽ ചിലർ ആ ശബ്ദം കേട്ടിട്ട് "ഇടി മുഴങ്ങി" എന്നും മറ്റു ചിലർ "ഒരു ദൈവദൂതൻ അദ്ദേഹത്തോടു സംസാരിച്ചു" എന്നും പറഞ്ഞു.

30യേശു പറഞ്ഞു: "ഈ ശബ്ദം എനിക്കുവേണ്ടിയല്ല, നിങ്ങൾക്കുവേണ്ടിയാകുന്നു. 31ഈ ലോകത്തിന്മേൽ ന്യായവിധി നടക്കുന്ന സമയം ഇതാകുന്നു. ഇപ്പോൾ ലോകത്തിന്റെ അധിപതി പുറന്തള്ളപ്പെടും. 32 ഞാനോ ഭൂമിയിൽ നിന്ന് ഉയർത്തപ്പെടുമ്പോൾ സകല മനുഷ്യരെയും എന്നിലേക്ക് ആകർഷിക്കും." 33യേശു ഇതു പറഞ്ഞതു തന്റെ മരണം ഏതു വിധത്തിലായിരിക്കുമെന്നു സൂചിപ്പിക്കുന്നതിനായിരുന്നു.

34ജനക്കൂട്ടം ചോദിച്ചു: "ക്രിസ്തു എന്നേക്കും ജീവിക്കും എന്നാണല്ലോ ന്യായപ്രമാണത്തിൽനിന്നു ഞങ്ങൾ കേട്ടിരിക്കുന്നത്. അങ്ങനെയെങ്കിൽ മനുഷ്യപുത്രൻ ഉയർത്തപ്പെടും എന്ന് അങ്ങു പറയുന്നതെങ്ങനെ? ആരാണ് ഈ മനുഷ്യപുത്രൻ?"

35അപ്പോൾ യേശു അവരോടു പറഞ്ഞു: "ഇനി വെളിച്ചം അല്പകാലത്തേക്കുകൂടി മാത്രമേ നിങ്ങളുടെ മധ്യേ ഉണ്ടായിരിക്കുകയുള്ളൂ. ഇരുട്ടു നിങ്ങളെ കീഴടക്കുന്നതിനു മുമ്പ് വെളിച്ചം ഉള്ളകാലത്തോളം അതിൽ നടന്നുകൊള്ളുക; ഇരുട്ടിൽ നടക്കുന്നവൻ, താൻ എങ്ങോട്ടു പോകുന്നു എന്ന് അറിയുന്നില്ല. 36നിങ്ങൾ വെളിച്ചത്തിന്റെ മക്കൾ ആകേണ്ടതിന് വെളിച്ചം ഉള്ളപ്പോൾ അതിൽ വിശ്വസിപ്പിൻ." ഇതു പറഞ്ഞശേഷം യേശു അവരെ വിട്ടു മറഞ്ഞു.

യഹൂദരുടെ അവിശ്വാസം

37അവരുടെ സാന്നിധ്യത്തിൽ യേശു ഇത്രയേറെ അടയാളങ്ങൾ പ്രവർത്തിച്ചിട്ടും അവർ അദ്ദേഹത്തിൽ വിശ്വസിച്ചില്ല.

38"കർത്താവേ, ഞങ്ങളുടെ സന്ദേശം
ആരു വിശ്വസിച്ചു! കർത്താവിന്റെ ഭുജം
ആർക്കു വെളിപ്പെട്ടിരിക്കുന്നു." [a]

എന്നുള്ള യെശയ്യാപ്രവാചകന്റെ വാക്കുകൾ ഇങ്ങനെ നിറവേറി. 39അവർക്കു വിശ്വസിക്കുവാൻ കഴിയാത്തതിനെപ്പറ്റി യെശയ്യാവ് ഇപ്രകാരം മറ്റൊരിടത്തു പറയുന്നു:

40"കണ്ണുകൊണ്ടു കാണുകയോ,
ഹൃദയംകൊണ്ടു ഗ്രഹിക്കുകയോ,
എന്നിലേക്കു തിരിയുകയോ
ചെയ്തു സുഖം പ്രാപിക്കുവാൻ
ഇടവരാത്തവിധം അവിടുന്ന്
അവരുടെ കണ്ണുകൾ അന്ധമാക്കുകയും
ഹൃദയം മരവിപ്പിക്കുകയും ചെയ്തു." [b]

41യെശയ്യാവ് ഇങ്ങനെ പ്രസ്താവിച്ചത് യേശുവിന്റെ മഹത്ത്വം കണ്ട് അവിടുത്തെപ്പറ്റി

[a] 38 യെശയ്യാവ് 53:1 [b] 40 യെശയ്യാവ് 6:10

സംസാരിച്ചതുകൊണ്ടാണ്.

42അതേസമയം പലരും, പ്രമാണികൾ പോലും അദ്ദേഹത്തിൽ വിശ്വസിച്ചു. എന്നാൽ പള്ളിയിൽ നിന്നു പരീശന്മാർ തങ്ങളെ പുറത്താക്കും എന്നു ഭയന്ന് അവർ പരസ്യമായി തങ്ങളുടെ വിശ്വാസം ഏറ്റു പറഞ്ഞില്ല. 43എന്തെന്നാൽ അവർ ദൈവത്തിൽനിന്നുള്ള പുകഴ്ചയെക്കാൾ മനുഷ്യരിൽ നിന്നുള്ള പുകഴ്ച അധികം ഇഷ്ടപ്പെട്ടു.

44യേശു വിളിച്ചുപറഞ്ഞു: "എന്നിൽ വിശ്വസിക്കുന്നവൻ എന്നിൽ മാത്രമല്ല, എന്നെ അയച്ചവനിലും വിശ്വസിക്കുന്നു. 45എന്നെ കാണുന്നവൻ എന്നെ അയച്ചവനെ കാണുന്നു. 46എന്നിൽ വിശ്വസിക്കുന്ന ആരും ഇരുട്ടിൽ വസിക്കാതിരിക്കേണ്ടതിനു ഞാൻ വെളിച്ചമായി ലോകത്തിൽ വന്നിരിക്കുന്നു. 47എന്റെ വചനം കേട്ടിട്ടും അതു പ്രമാണിക്കാത്തവനെ ഞാൻ വിധിക്കുന്നില്ല; കാരണം ലോകത്തെ വിധിക്കാനല്ല, രക്ഷിക്കാനാണ് ഞാൻ വന്നത്. 48എന്നെ തിരസ്കരിക്കുകയും എന്റെ വാക്കുകൾ സ്വീകരിക്കാതിരിക്കുകയും ചെയ്യുന്നവനെ വിധിക്കുന്ന ഒരു വിധികർത്താവുണ്ട്; ഞാൻ സംസാരിച്ച വചനം തന്നെ അവസാനനാളിൽ അവനെ ന്യായം വിധിക്കും. 49ഞാൻ സ്വന്ത ഇഷ്ടപ്രകാരം സംസാരിച്ചിട്ടില്ല; ഞാൻ എന്തു പറയണമെന്നും എങ്ങനെ പറയണമെന്നും, എന്നെ അയച്ച പിതാവു കല്പിച്ചിരിക്കുന്നു. 50അവിടുത്തെ കല്പന നിത്യജീവനിലേക്കു നയിക്കുന്നുവെന്നു ഞാനറിയുന്നു. അതുകൊണ്ടു ഞാൻ സംസാരിക്കണമെന്നു പിതാവു കല്പിച്ചിട്ടുള്ളതു മാത്രം ഞാൻ സംസാരിക്കുന്നു.

യേശു ശിഷ്യന്മാരുടെ പാദങ്ങൾ കഴുകുന്നു

13 പെസഹാപെരുന്നാൾ സമീപിച്ചു. ഈ ലോകംവിട്ടു പിതാവിന്റെ അടുത്തേക്കു പോകുവാനുള്ള സമയം വന്നുവെന്നു യേശു മനസ്സിലാക്കി. ലോകത്തിൽ തനിക്കുള്ളവരെ സ്നേഹിച്ച കർത്താവ് അവസാനംവരെ അവരെ സ്നേഹിച്ചു.

2അത്താഴത്തിന്റെ നേരമായി. യേശുവിനെ ഒറ്റിക്കൊടുക്കുവാൻ ശിമോന്റെ മകനായ യൂദാ ഈസ്ക്കര്യോത്താവിനെ നേരത്തെ തന്നേ പിശാചു പ്രേരിപ്പിച്ചിരുന്നു. 3പിതാവു സകല കാര്യങ്ങളും തന്റെ അധികാരത്തിൽ തന്നിരിക്കുന്നുവെന്നും താൻ പിതാവിന്റെ അടുക്കൽനിന്നു വന്ന് പിതാവിന്റെ അടുത്തേക്കുതന്നേ മടങ്ങുന്നുവെന്നും യേശു അറിഞ്ഞിരുന്നു. 4അത്താഴത്തിൽ നിന്നു എഴുന്നേറ്റ്, യേശു മേലങ്കി ഊരിമാറ്റി ഒരു തൂവാല അരയിൽ ചുറ്റി. 5പിന്നീട് ഒരു പാത്രത്തിൽ വെള്ളം എടുത്തു ശിഷ്യന്മാരുടെ പാദങ്ങൾ കഴുകുവാനും അരയിൽ ചുറ്റിയിരുന്ന തൂവാലകൊണ്ടു തുവർത്തുവാനും തുടങ്ങി. 6ശിമോൻ പത്രോസിന്റെ അടുത്തെത്തിയപ്പോൾ അയാൾ യേശുവിനോടു ചോദിച്ചു: "കർത്താവേ, അങ്ങ് എന്റെ പാദങ്ങൾ കഴുകുവാൻ പോകുന്നുവോ?"

7യേശു ഉത്തരം പറഞ്ഞു: "ഞാൻ ചെയ്യുന്നത് എന്തെന്ന് ഇപ്പോൾ നീ അറിയുന്നില്ല; എന്നാൽ പിന്നീടു ഗ്രഹിക്കും."

8"ഇല്ല, അങ്ങ് ഒരിക്കലും എന്റെ പാദങ്ങൾ കഴുകാൻ പാടില്ല." പത്രോസ് പറഞ്ഞു. "ഞാൻ നിന്നെ കഴുകുന്നില്ലെങ്കിൽ നിനക്ക് എന്നോടുകൂടെ പങ്കില്ല." യേശു ഉത്തരം പറഞ്ഞു.

9അപ്പോൾ പത്രോസ് പറഞ്ഞു: "അങ്ങനെയെങ്കിൽ കർത്താവേ, എന്റെ പാദങ്ങൾ മാത്രമല്ല, കൈകളും തലയുംകൂടെ കഴുകിയാലും."

10അതിനു യേശു മറുപടി നല്കി: "കുളിച്ചവൻ പാദങ്ങൾമാത്രം കഴുകിയാൽ മതി; അവന്റെ ശരീരം മുഴുവൻ ശുദ്ധമാണ്. നിങ്ങൾ ശുദ്ധിയുള്ളവരാണ്; എന്നാൽ എല്ലാവരും അല്ല താനും." 11തന്നെ ഒറ്റിക്കൊടുക്കുവാൻ പോകുന്നത് ആരെന്ന് അറിഞ്ഞിരുന്നതു കൊണ്ടാണ് എല്ലാവരും ശുദ്ധരല്ല എന്നു യേശു പറഞ്ഞത്.

12അവരുടെ പാദങ്ങൾ കഴുകിയതിനുശേഷം മേലങ്കി ധരിച്ച് അദ്ദേഹം സ്വസ്ഥാനത്ത് ഇരുന്നു. "ഞാൻ നിങ്ങൾക്ക് എന്തു ചെയ്തിരിക്കുന്നു എന്നു ഗ്രഹിക്കുന്നുവോ?" അവിടുന്ന് ചോദിച്ചു. 13നിങ്ങൾ എന്നെ ഗുരു എന്നും കർത്താവ് എന്നും വിളിക്കുന്നു; ഞാൻ അങ്ങനെ ആകുന്നതുകൊണ്ട് അതു ശരിതന്നേ. 14നിങ്ങളുടെ കർത്താവും ഗുരുവുംമായ ഞാൻ നിങ്ങളുടെ പാദങ്ങൾ കഴുകിയെങ്കിൽ നിങ്ങളും അന്യോന്യം പാദങ്ങൾ കഴുകേണ്ടതാണ്. 15ഞാൻ നിങ്ങൾക്കു ചെയ്തതുപോലെ നിങ്ങളും ചെയ്യേണ്ടതിന് ഞാൻ നിങ്ങൾക്കൊരു മാതൃക കാണിച്ചുതന്നിരിക്കുന്നു. 16സത്യമായി, സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, ദാസൻ യജമാനനെക്കാൾ വലിയവനല്ല; ദൂതൻ തന്നെ അയച്ചവനെക്കാൾ വലിയവനുമല്ല. 17ഈ കാര്യങ്ങൾ ഇപ്പോൾ നിങ്ങൾക്കറിയാം. ഇതനുസരിച്ചു പ്രവർത്തിച്ചാൽ നിങ്ങൾ അനുഗ്രഹിക്കപ്പെടും.

ഒറ്റിക്കൊടുക്കുന്നതിനെപ്പറ്റി
യേശു മുൻകൂട്ടി പറയുന്നു

18"നിങ്ങളെ എല്ലാവരെയും ഉദ്ദേശിച്ചല്ല ഞാൻ പറയുന്നത്. ഞാൻ തിരഞ്ഞെടുത്തവരെ എനിക്കറിയാം. എന്നാൽ ഇത് 'എന്നോടുകൂടെ അപ്പം പങ്കിടുന്നവൻ എനിക്കു നേരേ കുതികാൽ ഉയർത്തിയിരിക്കുന്നു'[a] എന്നുള്ള തിരുവെഴുത്തു നിറവേറേണ്ടതിനാണ്

19"അതു സംഭവിക്കുമ്പോൾ ഞാനാകുന്നു

[a] 18 സങ്കീർത്തനം 41:9

മശീഹ എന്നു നിങ്ങൾ വിശ്വസിക്കേണ്ടതിന് അതു സംഭവിക്കുന്നതിനുമുമ്പുതന്നേ, ഞാൻ നിങ്ങളോടു പറയുകയാണ്. 20സത്യമായി, സത്യമായി ഞാൻ നിങ്ങളോടു പറയുന്നു,ഞാൻ അയയ്ക്കുന്നവനെ സ്വീകരിക്കുന്നവൻ എന്നെ സ്വീകരിക്കുന്നു; എന്നെ സ്വീകരിക്കുന്നവൻ എന്നെ അയച്ചവനെ സ്വീകരിക്കുന്നു."

21ഇതു പറഞ്ഞുകഴിഞ്ഞപ്പോൾ യേശു ആത്മാവിൽ അസ്വസ്ഥനായി ഇങ്ങനെ പറഞ്ഞു: " സത്യമായി, സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, നിങ്ങളിലൊരാൾ എന്നെ ഒറ്റിക്കൊടുക്കും. "

22തങ്ങളിൽ ആരെക്കുറിച്ചാണ് ഇതു പറഞ്ഞതെന്ന് അറിയാതെ ശിഷ്യന്മാർ അന്യോന്യം സംഭ്രമത്തോടെ നോക്കി. 23ശിഷ്യന്മാരിൽ യേശു സ്നേഹിച്ച ഒരുവൻ അവിടുത്തെ മാറോടുചേർന്ന് ഇരിക്കുകയായിരുന്നു. 24ആരെയാണ് ഉദ്ദേശിക്കുന്നതെന്ന് ചോദിക്കുവാൻ ശിമോൻ പത്രോസ് ആ ശിഷ്യനോട് ആംഗ്യം കാട്ടി പറഞ്ഞു.

25അയാൾ യേശുവിന്റെ മാറിൽ ചാരിക്കൊണ്ട്: "കർത്താവേ, ആരാണത്?" എന്നു ചോദിച്ചു.

26അതിന് യേശു ഉത്തരം പറഞ്ഞു: " ഈ അപ്പക്കഷണം മുക്കി ഞാൻ ആർക്കു കൊടുക്കുന്നുവോ അവൻ തന്നേ." പിന്നീട് അദ്ദേഹം അപ്പം മുക്കി ശിമോന്റെ മകനായ യൂദാ ഈസ്ക്കര്യോത്താവിനു കൊടുത്തു. 27അപ്പം വാങ്ങിയ ഉടനേ സാത്താൻ അയാളിൽ പ്രവേശിച്ചു.

"നീ ചെയ്യാൻ പോകുന്നതു വേഗത്തിൽ ചെയ്യുക" യേശു അയാളോടു പറഞ്ഞു. 28യേശു ഇതു പറഞ്ഞത് എന്തിനെന്ന് അത്താഴം കഴിച്ചുകൊണ്ടിരുന്നവരിൽ ആർക്കും മനസ്സിലായില്ല. 29യൂദായ്ക്കു പണത്തിന്റെ ചുമതല ഉണ്ടായിരുന്നതുകൊണ്ട് യേശു അയാളോട് പെരുന്നാളിനുവേണ്ടുന്ന വല്ലതും വാങ്ങണമെന്നോ സാധുക്കൾക്കു വല്ലതും കൊടുക്കണമെന്നോ പറയുകയായിരിക്കും എന്നു ചിലർ ചിന്തിച്ചു. 30അപ്പം സ്വീകരിച്ച ഉടനേ യൂദാ പുറത്തു പോയി. അപ്പോൾ രാത്രിയായിരുന്നു.

പത്രോസ് തള്ളിപ്പറയുമെന്ന്
യേശു മുൻകൂട്ടി പറയുന്നു

31അയാൾ പോയിക്കഴിഞ്ഞപ്പോൾ യേശു ഇങ്ങനെ പറഞ്ഞു: "ഇപ്പോൾ മനുഷ്യപുത്രൻ മഹത്ത്വപ്പെട്ടിരിക്കുന്നു. ദൈവവും അവനിൽ മഹത്ത്വീകരിക്കപ്പെട്ടിരിക്കുന്നു. 32ദൈവം അവനിൽ മഹത്ത്വപ്പെട്ടിരിക്കുന്നുവെങ്കിൽ അവിടുന്ന് പുത്രനെ തന്നിൽത്തന്നേ മഹത്ത്വപ്പെടുത്തുകയും ചെയ്യും; ഉടൻതന്നേ അവനെ മഹത്ത്വപ്പെടുത്തും.

33"എന്റെ കുഞ്ഞുങ്ങളേ, ഞാൻ അല്പസമയം കൂടി മാത്രമേ നിങ്ങളോടുകൂടെ ഉണ്ടായിരിക്കയുള്ളൂ. നിങ്ങൾ എന്നെ അന്വേഷിക്കും. ഞാൻ പോകുന്നേടത്തു വരുവാൻ നിങ്ങൾക്കു സാധ്യമല്ല എന്നു യഹൂദരോടു പറഞ്ഞതുപോലെ ഇപ്പോൾ നിങ്ങളോടും പറയുന്നു.

34"ഒരു പുതിയ കല്പന ഞാൻ നിങ്ങൾക്കു തരുന്നു: നിങ്ങൾ അന്യോന്യം സ്നേഹിക്കണം. ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും അന്യോന്യം സ്നേഹിക്കണം. 35നിങ്ങൾക്കു പരസ്പരം സ്നേഹം ഉണ്ടെങ്കിൽ നിങ്ങൾ എന്റെ ശിഷ്യർ എന്ന് എല്ലാവരും അറിയും."

36"കർത്താവേ, അവിടുന്ന് എവിടേയ്ക്കാണു പോകുന്നത്?" എന്നു ശിമോൻ പത്രോസ് ചോദിച്ചു. യേശു മറുപടി നല്കി :"ഞാൻ പോകുന്നേടത്തേക്ക് എന്നെ അനുഗമിക്കാൻ ഇപ്പോൾ നിനക്കു സാധ്യമല്ല. എന്നാൽ പിന്നീട് നീ എന്നെ അനുഗമിക്കും." 37പത്രോസ് ചോദിച്ചു: "കർത്താവേ, എന്തുകൊണ്ടാണ് ഇപ്പോൾതന്നെ എനിക്ക് അങ്ങയെ അനുഗമിക്കാൻ സാധിക്കാത്തത്? അങ്ങേയ്ക്കുവേണ്ടി ഞാൻ എന്റെ ജീവൻ ഉപേക്ഷിക്കും."

38"നീ എനിക്കുവേണ്ടി ജീവൻ ഉപേക്ഷിക്കുമെന്നോ? സത്യമായി, സത്യമായി ഞാൻ നിന്നോടു പറയുന്നു, കോഴി കൂവുന്ന തിനുമുമ്പ് നീ മൂന്നു പ്രാവശ്യം എന്നെ തള്ളിപ്പറയും "എന്നു മറുപടി പറഞ്ഞു.

യേശു ശിഷ്യന്മാരെ ആശ്വസിപ്പിക്കുന്നു

14 "നിങ്ങളുടെ ഹൃദയം കലങ്ങിപ്പോകരുത്; ദൈവത്തിൽ വിശ്വസിക്കുക, എന്നിലും വിശ്വസിക്കുക. 2എന്റെ പിതാവിന്റെ ഭവനത്തിൽ അനേകം വാസസ്ഥലങ്ങൾ ഉണ്ട്. ഇല്ലെങ്കിൽ ഞാൻ നിങ്ങളോടു പറയുമായിരുന്നു. ഞാൻ നിങ്ങൾക്കു സ്ഥലമൊരുക്കുവാൻ പോകുന്നു. 3ഞാൻ പോയി സ്ഥലം ഒരുക്കിയാൽ ഞാൻ ആയിരിക്കുന്നേടത്തു നിങ്ങളും ആയിരിക്കേണ്ടതിന്, മടങ്ങിവന്നു നിങ്ങളെ എന്റെ അടുക്കൽ ചേർത്തുകൊള്ളും. 4ഞാൻ പോകുന്ന സ്ഥലത്തേക്കുള്ള വഴി നിങ്ങൾക്കറിയാം."

യേശു പിതാവിങ്കലേക്കുള്ള വഴി

5തോമസ് അദ്ദേഹത്തോടു: "കർത്താവേ, അങ്ങ് എവിടേക്കു പോകുന്നുവെന്നു ഞങ്ങൾക്ക് അറിഞ്ഞുകൂടാ. പിന്നെ വഴി എങ്ങനെ അറിയും?" എന്നു ചോദിച്ചു. 6അതിന് യേശു പറഞ്ഞു: "ഞാൻ തന്നേ വഴിയും സത്യവും ജീവനും ആകുന്നു. എന്നിലൂടെയല്ലാതെ ആരും പിതാവിന്റെ അടുക്കൽ എത്തുന്നില്ല. 7നിങ്ങൾ

വാസ്തവമായി എന്നെ അറിഞ്ഞിരുന്നുവെങ്കിൽ
എന്റെ പിതാവിനെയും അറിയുമായിരുന്നു.
ഇപ്പോൾ മുതൽ നിങ്ങൾ പിതാവിനെ അറിയുന്നു;
കണ്ടുമിരിക്കുന്നു."

8ഫിലിപ്പൊസ് പറഞ്ഞു: കർത്താവേ,
പിതാവിനെ ഞങ്ങൾക്കു കാണിച്ചുതന്നാലും,
ഞങ്ങൾക്ക് അതുമാത്രം മതി. 9യേശു പറ
ഞ്ഞു: "ഇത്രയേറെക്കാലം ഞാൻ നിങ്ങളോ
ടുകൂടെ ആയിരുന്നിട്ടും നിനക്ക് എന്നെ മനസ്സി
ലായില്ലയോ ഫിലിപ്പോസേ? എന്നെ കണ്ടവൻ
പിതാവിനെ കണ്ടിരിക്കുന്നു; പിന്നെ പിതാവിനെ
ഞങ്ങൾക്കു കാണിച്ചു തരണം എന്നു നീ
പറയുന്നതെന്ത്? 10ഞാൻ പിതാവിലും പിതാവ്
എന്നിലും ആകുന്നു എന്നു നീ വിശ്വസിക്കു
ന്നില്ലേ? ഞാൻ നിങ്ങളോടു പറയുന്ന വചനം
എന്റെ സ്വന്തമല്ല; പിതാവ് എന്നിൽ വസിച്ചു
കൊണ്ട് തന്റെ പ്രവൃത്തിചെയ്യുകയാണ്.
11'പിതാവ് എന്നിലും ഞാൻ പിതാവിലും
ആകുന്നു' എന്നു ഞാൻ പറയുന്നത്
വിശ്വസിക്കുക; അല്ലെങ്കിൽ പ്രവൃത്തികൾ
നിമിത്തമെങ്കിലും വിശ്വസിക്കുക. 12സത്യമായി,
സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, ഞാൻ
ചെയ്യുന്ന പ്രവൃത്തി എന്നിൽ വിശ്വസിക്കു
ന്നവനും ചെയ്യും. ഞാൻ പിതാവിന്റെ അടുക്കൽ
പോകുന്നതുകൊണ്ട് അതിൽ വലിയതും അവൻ
ചെയ്യും. 13നിങ്ങൾ എന്റെ നാമത്തിൽ
അപേക്ഷിക്കുന്നതൊക്കെയും പിതാവ് പുത്രനിൽ
മഹത്ത്വപ്പെടേണ്ടതിന് ഞാൻ ചെയ്തു തരും.
14എന്റെ നാമത്തിൽ നിങ്ങൾ എന്നോട്
അപേക്ഷിക്കുന്നതെന്തും ഞാൻ ചെയ്തു തരും.

യേശു പരിശുദ്ധാത്മാവിനെ
വാഗ്ദാനം ചെയ്യുന്നു

15"നിങ്ങൾ എന്നെ സ്നേഹിക്കുന്നു എങ്കിൽ
എന്റെ കല്പനകൾ അനുസരിക്കും. 16അപ്പോൾ
ഞാൻ പിതാവിനോട് അപേക്ഷിക്കുകയും
അവിടുന്ന് നിങ്ങൾക്കു സത്യത്തിന്റെ ആത്മാവ്
എന്ന മറ്റൊരു കാര്യസ്ഥനെ നിങ്ങളോടുകൂടെ
എന്നേക്കും ഇരിക്കേണ്ടതിനു നല്കുകയും
ചെയ്യും. ലോകത്തിന് ഈ ആത്മാവിനെ
സ്വീകരിക്കാൻ കഴിയുകയില്ല. 17കാരണം, ലോകം
അവിടുത്തെ കാണുകയോ അറിയുകയോ ചെയ്യു
ന്നില്ല. എന്നാൽ നിങ്ങൾ സത്യാത്മാവിനെ
അറിയുന്നു. എന്തെന്നാൽ അവിടുന്നു
നിങ്ങളോടുകൂടെ ജീവിക്കുന്നു. ഇനിയും
നിങ്ങളിൽ വസിക്കുകയും ചെയ്യും. 18ഞാൻ
നിങ്ങളെ അനാഥരായി വിടുകയില്ല; ഞാൻ
നിങ്ങളുടെ അടുക്കൽ വരും. 19അല്പകാല
ത്തിനുശേഷം ലോകം എന്നെ കാണുകയില്ല.
എന്നാൽ നിങ്ങൾ എന്നെ കാണും. ഞാൻ
ജീവിക്കുന്നതുകൊണ്ടു നിങ്ങളും ജീവിക്കും.
20ഞാൻ എന്റെ പിതാവിലും നിങ്ങൾ എന്നിലും
ഞാൻ നിങ്ങളിലുമെന്ന് അന്ന് നിങ്ങൾ അറിയും.
21എന്റെ കല്പനകൾ സ്വീകരിച്ച്
അനുസരിക്കുന്നവനാണ് എന്നെ സ്നേഹി
ക്കുന്നവൻ; എന്നെ സ്നേഹിക്കുന്നവനെ എന്റെ
പിതാവു സ്നേഹിക്കും. ഞാനും അവനെ
സ്നേഹിക്കുകയും എന്നെത്തന്നെ അവനു വെളി
പ്പെടുത്തിക്കൊടുക്കുകയും ചെയ്യും." 22അപ്പോൾ
ഈസ്ക്കര്യോത്താ അല്ലാത്ത യൂദാ ചോദിച്ചു:
"കർത്താവേ, അവിടുന്നു ലോകത്തിനല്ല,
ഞങ്ങൾക്കുതന്നെ സ്വയം വെളിപ്പെടുത്താൻ
ഇച്ചരിക്കുന്നതെന്തുകൊണ്ട്?"

23യേശു മറുപടി നല്കി: "എന്നെ
സ്നേഹിക്കുന്നവൻ എന്റെ ഉപദേശം
അനുസരിക്കും. എന്റെ പിതാവ് അവനെ
സ്നേഹിക്കും; ഞങ്ങൾ അവനെന്റെ അടുക്കൽ
വന്ന് അവനോടുകൂടെ വസിക്കും. 24എന്നെ
സ്നേഹിക്കാത്തവൻ എന്റെ ഉപദേശം
അനുസരിക്കുകയില്ല. നിങ്ങൾ കേൾക്കുന്ന ഈ
വചനങ്ങൾ എന്റെ സ്വന്തമല്ല; എന്നെ അയച്ച
പിതാവിന്റേതാണ്. 25ഇപ്പോൾ, ഞാൻ
നിങ്ങളോടുകൂടെ ഉള്ളപ്പോൾതന്നേ ഇതെല്ലാം
നിങ്ങളോടു സംസാരിച്ചിരിക്കുന്നു. 26എന്നാൽ
പിതാവ് എന്റെ നാമത്തിൽ അയയ്ക്കു
വാനിരിക്കുന്ന കാര്യസ്ഥനായ പരിശുദ്ധാത്മാവ്
എല്ലാക്കാര്യങ്ങളും നിങ്ങൾക്ക് ഉപദേശിച്ചു
തരികയും ഞാൻ നിങ്ങളോടു പറഞ്ഞിട്ടുള്ള
കാര്യങ്ങളെല്ലാം നിങ്ങളെ ഓർമ്മിപ്പിക്കയും
ചെയ്യും. 27സമാധാനം ഞാൻ നിങ്ങൾക്കു
തന്നിട്ടുപോകുന്നു. എന്റെ സമാധാനം ഞാൻ
നിങ്ങൾക്കു തരുന്നു; ലോകം തരുന്നതുപോലെ
അല്ല ഞാൻ നിങ്ങൾക്കു തരുന്നത്. നിങ്ങളുടെ
ഹൃദയം കലങ്ങരുത്; ഭയപ്പെടുകയുമരുത്.

28ഞാൻ പോവുകയാണെന്നും നിങ്ങളുടെ
അടുക്കൽ മടങ്ങിവരുമെന്നും പറഞ്ഞതു നിങ്ങൾ
കേട്ടുവല്ലോ. നിങ്ങൾ എന്നെ സ്നേഹിക്കുന്നു
വെങ്കിൽ, എന്റെ പിതാവിന്റെ അടുത്തേക്കു
ഞാൻ പോകുന്നതിൽ സന്തോഷിക്കുമായിരുന്നു;
പിതാവ് എന്നെക്കാൾ വലിയവനാണല്ലോ.
29അതു സംഭവിക്കുംമുമ്പ്, ഇപ്പോൾതന്നേ
ഞാനതു പറയുന്നത് അതു സംഭവിക്കുമ്പോൾ
നിങ്ങൾ വിശ്വസിക്കേണ്ടതിനാണ്. 30ഇനിമേൽ
അധികമൊന്നും ഞാൻ നിങ്ങളോടു സംസാരി
ക്കുകയില്ല. ഈ ലോകത്തിന്റെ അധിപതി
വരുന്നു. അവന് എന്റെമേൽ ഒരധികാരവുമില്ല.
31എങ്കിലും ഞാൻ പിതാവിനെ സ്നേഹിക്കുന്നു
എന്നും പിതാവ് എന്നോടു കല്പിച്ചിട്ടുള്ളതു
മാത്രം ഞാൻ ചെയ്യുന്നു എന്നും ലോകം അറിയട്ടെ,
വരുവിൻ; നമുക്കുപോകാം."

മുന്തിരിച്ചെടിയും ശാഖകളും

15 ഞാൻ സാക്ഷാൽ മുന്തിരിവള്ളിയും
എന്റെ പിതാവ് തോട്ടക്കാരനും
ആകുന്നു. 2എന്നിലുള്ള കായ്ക്കാത്ത ശാഖ
കളെല്ലാം അവിടുന്നു മുറിച്ചു കളയുന്നു;
കായ്ക്കുന്നതെല്ലാം അധികം ഫലം കായ്ക്കേ
ണ്ടതിനു വെട്ടി വെടിപ്പാക്കുന്നു. 3ഞാൻ
നിങ്ങളോടു സംസാരിച്ചവചനം നിമിത്തം നിങ്ങൾ
ശുദ്ധിയുള്ളവരായിത്തീർന്നിരിക്കുന്നു. 4എന്നിൽ
വസിക്കുവിൻ; ഞാൻ നിങ്ങളിലും വസിക്കും.
മുന്തിരിച്ചെടിയിൽ വസിക്കാത്ത കൊമ്പിനു
സ്വയം കായ്ക്കാൻ കഴിയാത്തതുപോലെ
എന്നിൽ വസിക്കാതെ നിങ്ങൾക്കും കഴികയില്ല.
5"ഞാൻ മുന്തിരിച്ചെടിയും നിങ്ങൾ ശാഖകളും
ആകുന്നു. ഒരുവൻ എന്നിലും ഞാൻ അവനിലും
വസിക്കുന്നു എങ്കിൽ അവൻ ധാരാളം ഫലം
കായ്ക്കും; എന്നെക്കൂടാതെ നിങ്ങൾക്ക് ഒന്നും
ചെയ്യാൻ കഴികയില്ല. 6എന്നിൽ വസിക്കാ
ത്തവൻ, പുറന്തള്ളപ്പെട്ട് ഉണങ്ങിപ്പോകുന്ന
ശാഖയ്ക്കു തുല്യനാണ്. അങ്ങനെയുള്ള
ശാഖകൾ തീയിൽ ഇട്ടുകളയുകയും അവ
എരിഞ്ഞു പോകയും ചെയ്യുന്നു. 7നിങ്ങൾ
എന്നിലും എന്റെ വചനം നിങ്ങളിലും വസിച്ചാൽ,
നിങ്ങൾ ഇച്ഛിക്കുന്നതെന്തും അപേക്ഷിച്ചു
കൊള്ളുക; അതു നിങ്ങൾക്കു ലഭിക്കും. 8നിങ്ങൾ
ധാരാളം ഫലം കായ്ക്കുന്നതിനാൽ എന്റെ
പിതാവു മഹത്ത്വപ്പെടുന്നു; അങ്ങനെ നിങ്ങൾ
എന്റെ ശിഷ്യന്മാരാകും.
9"പിതാവ് എന്നെ സ്നേഹിക്കുന്നതുപോലെ
ഞാനും നിങ്ങളെ സ്നേഹിക്കുന്നു; എന്റെ
സ്നേഹത്തിൽ വസിക്കുവിൻ. 10ഞാൻ എന്റെ
പിതാവിന്റെ കല്പനകൾ പാലിച്ച് അവിടുത്തെ
സ്നേഹത്തിൽ വസിക്കുന്നതുപോലെ നിങ്ങൾ
എന്റെ കല്പനകൾ അനുസരിച്ചാൽ എന്റെ
സ്നേഹത്തിൽ വസിക്കും. 11എന്റെ സന്തോഷം
നിങ്ങളിൽ ആയിരിക്കുവാനും നിങ്ങളുടെ
സന്തോഷം സമ്പൂർണ്ണമാകുവാനുമാണ് ഞാൻ
ഇതു നിങ്ങളോടു സംസാരിച്ചത്. 12എന്റെ
കല്പന ഇതാണ്: ഞാൻ നിങ്ങളെ
സ്നേഹിച്ചതുപോലെ നിങ്ങളും അന്യോന്യം
സ്നേഹിക്കുക. 13സ്നേഹിതർക്കുവേണ്ടി
ജീവൻ ത്യജിക്കുന്നതിലും വലുതായ സ്നേഹം
ആർക്കും ഇല്ല. 14ഞാൻ കല്പിക്കുന്നതു
ചെയ്താൽ നിങ്ങൾ എന്റെ സ്നേഹിതരാണ്.
15യജമാനന്റെ പ്രവൃത്തികൾ ദാസൻ
അറിയാത്തതിനാൽ ഞാൻ നിങ്ങളെ ദാസന്മാർ
എന്ന് ഇനി വിളിക്കുന്നില്ല. ഞാൻ എന്റെ
പിതാവിൽനിന്നു കേട്ടതെല്ലാം നിങ്ങളെ അറിയിച്ച
തിനാൽ നിങ്ങളെ സ്നേഹിതന്മാർ എന്നു
വിളിച്ചിരിക്കുന്നു. 16നിങ്ങൾ എന്നെ തിര
ഞ്ഞെടുത്തു എന്നല്ല, ഞാൻ നിങ്ങളെ
തിരഞ്ഞെടുത്തു; നിങ്ങൾ പോയി ഫലം കായ്ക്കു
ന്നതിന്, നിലനില്ക്കുന്ന ഫലം കായ്ക്കേണ്ടതിനു
തന്നേ. അതിനാൽ നിങ്ങൾ എന്റെ നാമത്തിൽ
ചോദിക്കുന്നതെല്ലാം പിതാവു നിങ്ങൾക്കു തരും.
17നിങ്ങൾ തമ്മിൽത്തമ്മിൽ സ്നേഹിക്കണം
എന്നുള്ളതാണ് എന്റെ കല്പന.

ലോകം ശിഷ്യരെ വെറുക്കുന്നു

18"ലോകം നിങ്ങളെ വെറുക്കുന്നുവെങ്കിൽ
അത് നിങ്ങൾക്കുമുമ്പേ എന്നെ വെറുത്തു എന്ന്
ഓർത്തുകൊള്ളുക. 19നിങ്ങൾ ലോക
ത്തിനുള്ളവർ ആയിരുന്നെങ്കിൽ ലോകം നിങ്ങളെ
സ്വന്തമെന്നു കരുതി സ്നേഹിക്കുമായിരുന്നു.
എന്നാൽ നിങ്ങൾ ലോകത്തിനുള്ളവരല്ല, ഞാൻ
നിങ്ങളെ ലോകത്തിൽനിന്നു തിരഞ്ഞെടു
ത്തിരിക്കുന്നു. അതുകൊണ്ടാണു ലോകം
നിങ്ങളെ വെറുക്കുന്നത്. 20ദാസൻ യജമാനനെ
ക്കാൾ വലിയവനല്ല[a] എന്നു ഞാൻ നിങ്ങളോടു
പറഞ്ഞത് ഓർത്തുകൊള്ളുക. അവർ എന്നെ
പീഡിപ്പിച്ചുവെങ്കിൽ നിങ്ങളെയും പീഡിപ്പിക്കും;
അവർ എന്റെ ഉപദേശം അനുസരിച്ചുവെങ്കിൽ
നിങ്ങളുടേതും അനുസരിക്കും. 21എന്റെ നാമം
നിമിത്തം അവർ നിങ്ങളോട് ഇങ്ങനെയെല്ലാം
പെരുമാറും; എന്നെ അയച്ചവനെ അവർ
അറിയുന്നില്ലല്ലോ. 22ഞാൻ വന്ന് അവരോടു
സംസാരിച്ചിരുന്നില്ലെങ്കിൽ അവർക്കു പാപം
ഉണ്ടാകുമായിരുന്നില്ല. എന്നാൽ ഇപ്പോൾ
അവരുടെ പാപത്തിന് ഒഴികഴിവില്ല. 23എന്നെ
വെറുക്കുന്നവൻ എന്റെ പിതാവിനെയും
വെറുക്കുന്നു. 24മറ്റാരും ചെയ്തിട്ടില്ലാത്ത
പ്രവൃത്തികൾ ഞാൻ അവരുടെ ഇടയിൽ
ചെയ്തിരുന്നില്ലെങ്കിൽ അവർക്കു കുറ്റമില്ലാ
യിരുന്നു. എന്നാൽ ഇപ്പോൾ അവർ ഈ
പ്രവൃത്തികൾ കണ്ടിട്ടും എന്നെയും എന്റെ
പിതാവിനെയും വെറുത്തിരിക്കുന്നു. 25കാരണം[b]
കൂടാതെ അവർ എന്നെ ദ്വേഷിച്ചു എന്ന വചനം
നിറവേറുന്നതിനാണ് ഇതു സംഭവിച്ചത്.
26"പിതാവിൽനിന്നു പുറപ്പെടുന്ന സത്യ
ത്തിന്റെ ആത്മാവ് എന്ന കാര്യസ്ഥനെ ഞാൻ
പിതാവിന്റെ അടുക്കൽനിന്നു നിങ്ങളുടെ
അടുത്തേക്ക് അയക്കുമ്പോൾ അവിടുന്നു
എന്നെക്കുറിച്ചു സാക്ഷ്യം പറയും. 27നിങ്ങളും
ആദിമുതൽ എന്നോടുകൂടെ ആയിരുന്നതു
കൊണ്ട് എന്നെക്കുറിച്ചു സാക്ഷ്യം പറയുവിൻ.
16 "നിങ്ങൾ ഇടറിപ്പോകാതിരിക്കേണ്ടതി
നാണു ഞാൻ ഇതെല്ലാം നിങ്ങളോടു
സംസാരിച്ചത്. 2അവർ നിങ്ങളെ പള്ളികളിൽ
നിന്നു പുറത്താക്കും; നിങ്ങളെ കൊല്ലുന്നവൻ,
ദൈവത്തിന് ഒരു വഴിപാടുകഴിക്കുകയാണ് എന്നു

a 20യോഹന്നാൻ 13:16 *b* 25 സങ്കീർത്തനം 35:19; 69:4

കരുതുന്ന കാലംവരും. 3അവർ പിതാവിനെയോ
എന്നെയോ അറിഞ്ഞിട്ടില്ലാത്തതുകൊണ്ട്
അങ്ങനെ പ്രവർത്തിക്കും. 4ഞാൻ നിങ്ങൾക്കു
മുന്നറിയിപ്പു തന്നിരിക്കുന്നു എന്ന് ആ സമയം
വരുമ്പോൾ നിങ്ങൾ ഓർമ്മിക്കേണ്ട തിനു ഞാൻ
ഇതു നിങ്ങളോടു പറഞ്ഞിരിക്കുന്നു, ഞാൻ
നിങ്ങളോടുകൂടെ ഉണ്ടായിരുന്നതു കൊണ്ടാണ്
ആദ്യം ഇതു പറയാതിരുന്നത്.

പരിശുദ്ധാത്മാവിന്റെ പ്രവർത്തനം

5"ഇപ്പോൾ ഞാൻ എന്നെ അയച്ചവന്റെ
അടുത്തേക്കുപോകുന്നു. എങ്കിലും അങ്ങ്
എവിടെ പോകുന്നു? എന്ന് നിങ്ങളിൽ ആരും
എന്നോടു ചോദിക്കുന്നില്ല. 6ഞാൻ ഈ
കാര്യങ്ങൾ പറഞ്ഞതുകൊണ്ടു നിങ്ങളുടെ
ഉള്ളിൽ ദുഃഖം നിറഞ്ഞിരിക്കുന്നു. 7എന്നാൽ
ഞാൻ നിങ്ങളോടു സത്യം പറയുന്നു: നിങ്ങളുടെ
നന്മയ്ക്കുവേണ്ടിയാണു ഞാൻ പോകുന്നത്.
ഞാൻ പോകാതിരുന്നാൽ കാര്യസ്ഥൻ
നിങ്ങളുടെ അടുക്കൽ വരികയില്ല; ഞാൻ
പോയാൽ കാര്യസ്ഥനെ നിങ്ങളുടെ അടുത്തേക്ക്
അയയ്ക്കും. 8അവിടുന്നുവരുമ്പോൾ പാപം,
നീതി, ന്യായവിധി എന്നിവയെ സംബന്ധിച്ചു
ലോകത്തിനു ബോധ്യം വരുത്തും. 9മനുഷ്യർ
എന്നിൽ വിശ്വസിക്കാത്തതുകൊണ്ടു പാപത്തെ
ക്കുറിച്ചും 10നിങ്ങൾക്ക് ഇനി എന്നെ കാണാൻ
സാധിക്കാത്തവിധം പിതാവിന്റെ അടുക്കലേക്കു
ഞാൻ പോകുന്നതുകൊണ്ടു നീതിയെക്കുറിച്ചും
11ഈ ലോകത്തിന്റെ പ്രഭു വിധിക്കപ്പെട്ടിരി
ക്കയാൽ ന്യായവിധിയെക്കുറിച്ചും തന്നേ. 12ഇനി
വളരെ അധികം കാര്യങ്ങൾ എനിക്കു നിങ്ങളോടു
പറയുവാനുണ്ട്. എങ്കിലും അവ വഹിക്കുവാൻ
ഇപ്പോൾ നിങ്ങൾക്കു കഴിവില്ല. 13എന്നാൽ സത്യ
ത്തിന്റെ ആത്മാവു വരുമ്പോൾ, അവിടുന്നു
നിങ്ങളെ സകല സത്യത്തിലേക്കും നയിക്കും.
അവിടുന്നു സ്വയം സംസാരിക്കാതെ താൻ കേൾ
ക്കുന്നതുമാത്രം പറയുകയും വരുവാനുള്ളതു
നിങ്ങൾക്കു അറിയിച്ചുതരികയും ചെയ്യും.
14അവിടുന്ന് എനിക്കുള്ളതിൽനിന്ന് എടുത്തു
നിങ്ങൾക്ക് അറിയിച്ചുതരികയാൽ എന്നെ
മഹത്ത്വപ്പെടുത്തും. 15പിതാവിനുള്ള തെല്ലാം
എനിക്കുള്ളത്; അതുകൊണ്ടാണ് ആത്മാവ്
എനിക്കുള്ളതിൽ നിന്നും എടുത്തു നിങ്ങൾക്ക്
അറിയിച്ചുതരും എന്നു ഞാൻ പറഞ്ഞത്.

16അല്പസമയം കഴിഞ്ഞാൽ നിങ്ങൾ എന്നെ
കാണുകയില്ല. എന്നാൽ വീണ്ടും അല്പസമയ
ത്തിനുശേഷം നിങ്ങൾ എന്നെ കാണും."

ശിഷ്യന്മാരുടെ സങ്കടം
സന്തോഷമായിമാറുന്നു

17ശിഷ്യന്മാരിൽ ചിലർ പരസ്പരം ചോദിച്ചു;
"അല്പസമയം കഴിഞ്ഞാൽ നിങ്ങൾ എന്നെ
കാണുകയില്ലെന്നും എന്നാൽ വീണ്ടും
അല്പസമയം കഴിയുമ്പോൾ നിങ്ങൾ എന്നെ
കാണുമെന്നും പിതാവിന്റെ അടുക്കൽ പോകു
ന്നുവെന്നും പറയുന്നതിന്റെ അർത്ഥം എന്താണ്?
18'അല്പസമയം' എന്ന് ഈ പറയുന്നതെന്ത്?
അദ്ദേഹം സംസാരിക്കുന്നതു നമുക്കു
മനസ്സിലാകുന്നില്ലല്ലോ?"

19ഇതേപ്പറ്റി അവർ തന്നോടു ചോദിക്കുവാൻ
ആഗ്രഹിക്കുന്നുവെന്ന് അറിഞ്ഞിട്ട് യേശു
അവരോടു പറഞ്ഞു: "'അല്പസമയം
കഴിഞ്ഞാൽ നിങ്ങൾ എന്നെ കാണുകയില്ല,
എന്നാൽ പിന്നെയും അല്പം കൂടി കഴിയുമ്പോൾ
നിങ്ങൾ എന്നെ കാണും' എന്നു ഞാൻ പറഞ്ഞ
തിന്റെ അർത്ഥം എന്താണെന്നാണോ നിങ്ങൾ
അന്യോന്യം ചോദിക്കുന്നത്? 20സത്യമായി,
സത്യമായി ഞാൻ നിങ്ങളോടു പറയുന്നു: ലോകം
സന്തോഷിക്കും; നിങ്ങളോ കരഞ്ഞു വിലപിക്കും.
നിങ്ങൾ ദുഃഖിക്കും, എന്നാൽ നിങ്ങളുടെ ദുഃഖം
സന്തോഷമായി മാറും. 21കുഞ്ഞിനെ പ്രസവിക്കു
മ്പോൾ തന്റെ സമയം ആയിരിക്കുന്നതുകൊണ്ടു
സ്ത്രീ വേദനപ്പെടുന്നു. എന്നാൽ കുഞ്ഞു
പിറന്നതിനുശേഷമോ, ഒരു കുട്ടി ലോക
ത്തിലേക്കു പിറന്നതിന്റെ സന്തോഷത്താൽ
അവൾ തന്റെ വേദന മറക്കുന്നു. 22നിങ്ങളുടെ
കാര്യവും അങ്ങനെ തന്നേ. ഇപ്പോൾ നിങ്ങൾക്കു
സങ്കടത്തിന്റെ സമയം. എന്നാൽ ഞാൻ നിങ്ങളെ
വീണ്ടും കാണും; അപ്പോൾ നിങ്ങൾ സന്തോ
ഷിക്കും. നിങ്ങളുടെ സന്തോഷം ആരും എടുത്തു
കളയുകയില്ല. 23അന്നു നിങ്ങൾ എന്നോട് ഒന്നും
ചോദിക്കുകയില്ല. സത്യമായി, സത്യമായി ഞാൻ
നിങ്ങളോടു പറയുന്നു: നിങ്ങൾ എന്റെ
നാമത്തിൽ പിതാവിനോടു അപേക്ഷിക്കുന്ന
തെന്തും അവിടുന്നു നിങ്ങൾക്കുതരും. 24ഇതുവ
രെയും നിങ്ങൾ എന്റെ നാമത്തിൽ ഒന്നും
അപേക്ഷിച്ചിട്ടില്ല; അപേക്ഷിക്കുവിൻ നിങ്ങൾക്കു
ലഭിക്കും. അങ്ങനെ നിങ്ങളുടെ സന്തോഷം
പൂർണ്ണമായിത്തീരും.

25ഞാൻ അലങ്കാര ഭാഷയിൽ നിങ്ങളോടു
സംസാരിച്ചുകൊണ്ടിരുന്നു; എന്നാൽ ഈ
വിധത്തിലല്ലാതെ നിങ്ങളോട് എന്റെ
പിതാവിനെക്കുറിച്ചു സ്പഷ്ടമായി സംസാരി
ക്കുന്ന സമയം വരുന്നു. 26അന്നു നിങ്ങൾ എന്റെ
നാമത്തിൽ അപേക്ഷിക്കും. ഞാൻ നിങ്ങൾക്കു
വേണ്ടി പിതാവിനോട് അപേക്ഷിക്കും എന്നു
പറയുന്നില്ല. 27കാരണം, നിങ്ങളെന്നെ
സ്നേഹിക്കുകയും ഞാൻ പിതാവിന്റെ
അടുക്കൽനിന്നു വന്നിരിക്കുന്നു എന്നു
വിശ്വസിക്കുകയും ചെയ്തിരിക്കയാൽ പിതാവു
തന്നേ നിങ്ങളെ സ്നേഹിക്കുന്നു. 28ഞാൻ
പിതാവിന്റെ അടുക്കൽനിന്നു ലോകത്തിലേക്കു

വന്നു; ഇപ്പോൾ ലോകംവിട്ടു പിതാവിന്റെ
അടുക്കലേക്കു മടങ്ങുന്നു."
29അപ്പോൾ യേശുവിന്റെ ശിഷ്യന്മാർ
പറഞ്ഞു: "ഇപ്പോൾ അങ്ങ് അലങ്കാരമാ
യിട്ടല്ലാതെ സ്പഷ്ടമായി സംസാരിക്കുന്നു.
30അങ്ങ് സകലവും അറിയുന്നുവെന്നും
അങ്ങയോട് ആരും ഒന്നും ചോദിക്കേണ്ട ആവശ്യ
മില്ലെന്നും ഇപ്പോൾ ഞങ്ങൾ മനസ്സിലാക്കുന്നു.
അങ്ങ് പിതാവിന്റെ അടുക്കൽനിന്നു വന്നുഎന്ന്
ഇതിനാൽ ഞങ്ങൾ വിശ്വസിക്കുന്നു."
31അതിന് യേശു മറുപടി നല്കി: "ഇപ്പോൾ
നിങ്ങൾ വിശ്വസിക്കുന്നുവോ? 32എന്നാൽ
നിങ്ങളിൽ ഓരോരുത്തനും താന്താന്റെ
സ്ഥലത്തേക്കു ചിതറിപ്പോവുകയും എന്നെ
ഏകനായി വിടുകയും ചെയ്യുന്ന സമയം വരുന്നു;
അല്ല, വന്നുകഴിഞ്ഞു. എങ്കിലും പിതാവ്
എന്നോടുകൂടെ ഉള്ളതിനാൽ ഞാൻ ഏകനല്ല
താനും. 33നിങ്ങൾക്ക് എന്നിൽ സമാധാനം
ഉണ്ടാകേണ്ടതിനു ഞാൻ ഇതെല്ലാം നിങ്ങളോടു
സംസാരിച്ചിരിക്കുന്നു. ഈ ലോകത്തിൽ
നിങ്ങൾക്കു കഷ്ടത ഉണ്ട് എങ്കിലും
ധൈര്യപ്പെടുവിൻ; ഞാൻ ലോകത്തെ
ജയിച്ചിരിക്കുന്നു."

യേശു തനിക്കുവേണ്ടിത്തന്നേ
പ്രാർത്ഥിക്കുന്നു

17 ഇതു പറഞ്ഞതിനുശേഷം യേശു
സ്വർഗ്ഗത്തിലേക്കുനോക്കി പ്രാർത്ഥിച്ചു:
"പിതാവേ, സമയം വന്നിരിക്കുന്നു.
അങ്ങയുടെ പുത്രൻ അങ്ങയെ
മഹത്ത്വപ്പെടുത്തേണ്ടതിനു പുത്രനെ
മഹത്ത്വപ്പെടുത്തേണമേ. 2അങ്ങ് അവനു
നല്കിയിട്ടുള്ള എല്ലാവർക്കും അവൻ
നിത്യജീവൻ കൊടുക്കേണ്ടതിന് സകല
മനുഷ്യരുടെയുംമേൽ അവന് അധികാരം
നല്കിയിരിക്കുന്നുവല്ലോ. 3ഏക സത്യദൈ
വമായ അങ്ങയെയും അങ്ങ് അയച്ചിരി
ക്കുന്ന യേശുക്രിസ്തുവിനെയും അറിയുന്ന
തുതന്നേ നിത്യജീവൻ. 4അവിടുന്ന് എനിക്കു
ചെയ്യാൻ തന്ന പ്രവൃത്തി നിറവേറ്റി ഞാൻ
ഭൂമിയിൽ അങ്ങയെ മഹത്ത്വപ്പെടുത്തി
യിരിക്കുന്നു. 5ഇപ്പോൾ, പിതാവേ,
ലോകാരംഭത്തിനു മുമ്പേ അങ്ങയോടൊപ്പം
എനിക്കുണ്ടായിരുന്ന മഹത്ത്വത്താൽ
അവിടുത്തെ സന്നിധിയിൽ എന്നെ
മഹത്ത്വപ്പെടുത്തേണമേ.

യേശു ശിഷ്യന്മാർക്കുവേണ്ടി
പ്രാർത്ഥിക്കുന്നു

6"ലോകത്തിൽനിന്ന് അവിടുന്ന് എനിക്കു
നല്കിയിട്ടുള്ളവർക്കു ഞാൻ അവിടുത്തെ
നാമം വെളിപ്പെടുത്തി. അവർ അങ്ങയുടെ
സ്വന്തമായിരുന്നു; അങ്ങ് അവരെ എനിക്കു
തന്നു; അവർ അങ്ങയുടെ വചനം
അനുസരിച്ചിരിക്കുന്നു. 7അങ്ങ് എനിക്കു
നല്കിയിട്ടുള്ളതെല്ലാം അങ്ങയിൽനിന്നും
വന്നിട്ടുള്ളതാണെന്ന് അവർ ഇപ്പോൾ
അറിയുന്നു. 8അവിടുന്ന് എന്നെ ഏല്പിച്ച
വചനം ഞാൻ അവർക്കു കൊടുത്തു. അവർ
അതു സ്വീകരിക്കുകയും ഞാൻ അങ്ങയിൽ
നിന്നു വന്നുവെന്ന് ഉറപ്പായി അറിയുകയും
അവിടുന്ന് എന്നെ അയച്ചുവെന്നു വിശ്വസി
ക്കുകയും ചെയ്തിരിക്കുന്നു. 9ഞാൻ
അവർക്കുവേണ്ടി പ്രാർത്ഥിക്കുന്നു; ലോക
ത്തിനുവേണ്ടിയല്ല, അങ്ങ് എന്നെ ഏല്പി
ച്ചിട്ടുള്ളവർ അങ്ങേയ്ക്കുള്ളവരാകയാൽ
അവർക്കുവേണ്ടിയത്രേ ഞാൻ പ്രാർത്ഥി
ക്കുന്നത്. 10എനിക്കുള്ളതെല്ലാം അങ്ങയു
ടേതും അങ്ങേയ്ക്കുള്ളതെല്ലാം എന്റേതും
ആകുന്നു; അവരിലൂടെ എനിക്കു മഹത്ത്വം
കൈവന്നിരിക്കുന്നു. 11ഇനി ഞാൻ
ലോകത്തിൽ ഇരിക്കുന്നില്ല; അവരോ
ഇപ്പോഴും ലോകത്തിൽ ഇരിക്കുന്നു. ഞാൻ
അങ്ങയുടെ അടുത്തേക്കു വരുന്നു.
പരിശുദ്ധപിതാവേ, നാം ഒന്നായിരിക്കുന്നതു
പോലെ അവരും ഒന്നാകേണ്ടതിന്
അവിടുത്തെ നാമത്തിൽ - അവിടുന്ന്
എനിക്കു തന്നിരിക്കുന്ന നാമത്തിൽ തന്നേ
- അവരെ കാത്തുകൊള്ളണമേ. 12ഞാൻ
അവരോടുകൂടെ ആയിരുന്നപ്പോൾ
അവിടുന്ന് എനിക്കു നല്കിയ നാമത്താൽ
ഞാൻ അവരെ സംരക്ഷിക്കുകയും ഭദ്രമായി
സൂക്ഷിക്കുകയും ചെയ്തു; തിരുവെഴുത്തു
നിറവേറേണ്ടതിന്, ആ നാശപുത്രൻ ഒഴികെ
വേറെ ആരും നഷ്ടപ്പെട്ടുപോയിട്ടില്ല.
13"ഇപ്പോൾ ഞാൻ അങ്ങയുടെ അടു
ത്തേക്കു വരുന്നു; എന്നാൽ എന്റെ
സന്തോഷം അവരുടെ ഉള്ളിൽ പൂർണ്ണമാ
കേണ്ടതിന്, ഞാൻ ലോകത്തിൽ ഇരിക്കു
മ്പോൾതന്നേ ഇതു പറയുകയാണ്.
14അവിടുത്തെ വചനം ഞാൻ അവർക്കു
കൊടുത്തു; ഞാൻ ലൗകികനല്ലാത്തതു
പോലെ അവരും ലൗകികരല്ലാത്തതിനാൽ
ലോകം അവരെ വെറുത്തിരിക്കുന്നു.
15അവിടുന്ന് അവരെ ലോകത്തിൽ നിന്ന്
എടുത്തുകൊള്ളണമെന്നല്ല, പിന്നെയോ
ദുഷ്ടനിൽ നിന്നും കാത്തുകൊള്ളണം
എന്നാണ് എന്റെ പ്രാർത്ഥന. 16ഞാൻ
ലൗകികനല്ലാത്തതു പോലെ അവരും
ലൗകികരല്ല. 17സത്യത്താൽ അവരെ
വിശുദ്ധീകരിക്കണമേ. അവിടുത്തെ വചനം
സത്യം തന്നേ. 18അവിടുന്ന് എന്നെ

ലോകത്തിലേക്ക് അയച്ചതുപോലെ ഞാനും
അവരെ ലോകത്തിലേക്ക് അയച്ചിരിക്കുന്നു.
19സത്യത്താൽ അവരും വിശുദ്ധീകരി
ക്കപ്പെടേണ്ടതിന് അവർക്കുവേണ്ടി ഞാൻ
എന്നെത്തന്നേ വിശുദ്ധീകരിക്കുന്നു.

യേശു എല്ലാ വിശ്വാസികൾക്കും
വേണ്ടി പ്രാർത്ഥിക്കുന്നു

20"അവർക്കുവേണ്ടി മാത്രമല്ല, അവരുടെ
വചനം മുഖേന എന്നിൽ വിശ്വസി
ക്കുവാനിരിക്കുന്നവർക്കുവേണ്ടിയും ഞാൻ
പ്രാർത്ഥിക്കുന്നു. 21പിതാവേ, അങ്ങ് എന്നെ
അയച്ചുവെന്നു ലോകം വിശ്വസിക്കുവാൻ,
അങ്ങ് എന്നിലും ഞാൻ അങ്ങയിലും
ആയിരിക്കുന്നതുപോലെ, അവരും നമ്മിൽ
ഒന്നായിരിക്കണമേ. 22അവർ നമ്മെപ്പോലെ
ഒന്നായിരിക്കേണ്ടതിന് അവിടുന്ന് തന്ന
മഹത്ത്വം ഞാൻ അവർക്കു കൊടുത്തിരി
ക്കുന്നു. 23ഞാൻ അവരിലും അങ്ങ്
എന്നിലും ആകുന്നു. അങ്ങ് എന്നെ
അയച്ചിരിക്കുന്നുവെന്നും എന്നെ സ്നേഹിച്ച
തുപോലെ തന്നേ അവരേയും സ്നേഹിക്കു
ന്നുവെന്നും ലോകം അറിയുവാൻ
തക്കവണ്ണം അവരെ പൂർണ്ണ ഐക്യത്തി
ലേക്കു നയിക്കണമേ.
24"പിതാവേ, അവിടുന്നു ലോകസൃഷ്ടി
ക്കുമുമ്പേ എന്നെ സ്നേഹിച്ചിരുന്നതിനാൽ
എനിക്കു തന്ന മഹത്ത്വം അവിടുന്നു
എനിക്കു നല്കിയിട്ടുള്ളവർ കാണേണ്ടതിന്,
ഞാൻ ആയിരിക്കുന്നേടത്ത് അവരും
എന്നോടുകൂടെ ആയിരിക്കണമെന്നു ഞാൻ
ആഗ്രഹിക്കുന്നു.
25"നീതിമാനായ പിതാവേ, ലോകം അങ്ങയെ
അറിയുന്നില്ല; എന്നാൽ ഞാൻ അങ്ങയെ
അറിയുന്നു; അങ്ങ് എന്നെ അയച്ചിരിക്കു
ന്നുവെന്ന് ഇവരും അറിയുന്നു. 26അങ്ങേയ്ക്ക്
എന്നോടുള്ള സ്നേഹം അവരിൽ ആകുവാനും
ഞാൻ അവരിൽ ആകുവാനും ഞാൻ അങ്ങയെ
അവർക്കു വെളിപ്പെടുത്തിയിരിക്കുന്നു, ഇനിയും
വെളിപ്പെടുത്തും."

യേശുവിനെ ബന്ധനസ്ഥനാക്കുന്നു

18 പ്രാർത്ഥനയ്ക്കുശേഷം യേശു
അവിടം വിട്ടു ശിഷ്യന്മാരുമായി കെദ്രോൻ
താഴ്വരയുടെ മറുവശത്തേക്കു പോയി. അവിടെ
ഒരു ഒലിവുതോട്ടം ഉണ്ടായിരുന്നു. യേശു
ശിഷ്യന്മാരുമൊത്ത് അതിൽ പ്രവേശിച്ചു.
2യേശുവും ശിഷ്യന്മാരും പലപ്പോഴും അവിടെ
ഒരുമിച്ചുകൂടിയിരുന്നതിനാൽ അദ്ദേഹത്തെ
ഒറ്റിക്കൊടുത്ത യൂദാ ആ സ്ഥലം അറിഞ്ഞിരുന്നു.
3യൂദാ ഒരു സംഘം പടയാളികളെയും, മുഖ്യ
പുരോഹിതന്മാരും പരീശന്മാരും അയച്ച ഉദ്യോഗ
സ്ഥന്മാരെയും കൂട്ടിക്കൊണ്ടു തോട്ടത്തിലെത്തി.
അവർ തീപ്പന്തങ്ങളും റാന്തലുകളും ആയുധ
ങ്ങളും വഹിച്ചിരുന്നു.
4തനിക്കു നേരിടുവാനുള്ളതെല്ലാം അറിഞ്ഞിട്ട് യേശു പുറത്തുചെന്ന്, "നിങ്ങൾ ആരെയാണ് അന്വേഷിക്കുന്നത്?" എന്ന് അവരോടു ചോദിച്ചു.
5"നസറായനായ യേശുവിനെ" അവർ മറുപടി പറഞ്ഞു.
"അതു ഞാൻ ആകുന്നു." യേശു പറഞ്ഞു. അദ്ദേഹത്തെ ഒറ്റിക്കൊടുത്ത യൂദാ അവരോടു കൂടെ അവിടെ നിന്നിരുന്നു. 6"അതു ഞാൻ ആകുന്നു" എന്ന് യേശു പറഞ്ഞപ്പോൾ അവർ പിൻവാങ്ങി നിലത്തുവീണു.
7യേശു വീണ്ടും ചോദിച്ചു: "ആരെയാണ് നിങ്ങൾ അന്വേഷിക്കുന്നത്?"
"നസറായനായ യേശുവിനെ" അവർ പറഞ്ഞു.
8"അതു ഞാനാകുന്നു എന്നു നിങ്ങളോടു പറഞ്ഞുവല്ലോ! നിങ്ങൾ എന്നെയാണ് അന്വേ
ഷിക്കുന്നതെങ്കിൽ ഇവർ പൊയ്ക്കൊള്ളട്ടെ."
യേശു ഉത്തരം നല്കി. 9"അങ്ങ് എനിക്കു തന്നവരിൽ ആരും നഷ്ടപ്പെട്ടിട്ടില്ല"[a] എന്ന് യേശു പറഞ്ഞിരുന്ന വാക്കുകൾ നിറവേറുവാൻ ഇതു സംഭവിച്ചു.
10അപ്പോൾ ശിമോൻ പത്രോസ് കൈവശ
മുണ്ടായിരുന്ന വാൾ ഊരി മഹാപുരോഹിതന്റെ
ദാസനെ വെട്ടി അവന്റെ വലത്തെ കാത്
ഛേദിച്ചുകളഞ്ഞു. ആ ദാസന്റെ പേര്
മൽക്കൊസ് എന്നായിരുന്നു
11"വാൾ ഉറയിലിടുക" യേശു പത്രോസിനോട് ആജ്ഞാപിച്ചു. " പിതാവ് എനിക്കു തന്ന
പാനപാത്രം ഞാൻ കുടിക്കേണ്ടതല്ലേ?" അദ്ദേഹം
ചോദിച്ചു.

യേശു ഹന്നാവിന്റെ മുമ്പിൽ

12അനന്തരം സേനാധിപനും സൈന്യവിഭാ
ഗവും യഹൂദരായ ഉദ്യോഗസ്ഥന്മാരും കൂടി
യേശുവിനെ പിടിച്ചു. 13അവർ അദ്ദേഹത്തെ
ബന്ധിച്ച് ആദ്യം ഹന്നാവിന്റെ അടുത്തു
കൊണ്ടുചെന്നു. അയാൾ ആ വർഷത്തെ
മഹാപുരോഹിതനായ കയ്യഫാവിന്റെ
ഭാര്യാപിതാവ് ആയിരുന്നു. 14ഈ കയ്യഫാവ്
ആയിരുന്നു. " ജനങ്ങൾവേണ്ടി ഒരു മനുഷ്യൻ
മരിക്കുന്നത് ഉചിതം" എന്ന് യഹൂദർക്ക് ഉപദേശം
കൊടുത്തത്.

പത്രോസ് തള്ളിപ്പറയുന്നു

15ശിമോൻ പത്രോസും മറ്റൊരു ശിഷ്യനും
യേശുവിനെ അനുഗമിക്കുന്നുണ്ടായിരുന്നു. ഈ

[a] 9 യോഹന്നാൻ 6:39

ശിഷ്യൻ മഹാപുരോഹിതനു പരിചയമുള്ളവൻ ആയിരുന്നതുകൊണ്ട് യേശുവിനോടുകൂടെ മഹാപുരോഹിതന്റെ മുറ്റത്തു പ്രവേശിച്ചു. 16എന്നാൽ പത്രൊസിന് വാതിലിനു പുറത്തു നില്ക്കേണ്ടിവന്നു. മഹാപുരോഹിതനു പരിചയമുള്ള മറ്റേ ശിഷ്യൻ തിരികെവന്ന് വാതിൽ കാവൽക്കാരിയോടു പറഞ്ഞ് പത്രൊസിനെ അകത്തു പ്രവേശിപ്പിച്ചു.

17അപ്പോൾ വാതിൽ കാവൽക്കാരി പത്രൊസിനോട്, "താങ്കൾ ഈ മനുഷ്യന്റെ ശിഷ്യന്മാരിൽ ഒരാൾ അല്ലേ?" എന്നു ചോദിച്ചു.

"ഞാൻ അല്ല." അയാൾ മറുപടി പറഞ്ഞു.

18തണുപ്പുണ്ടായിരുന്നതുകൊണ്ട് ദാസന്മാരും ഉദ്യോഗസ്ഥന്മാരും കനൽ കൂട്ടി തീ കായുകയായിരുന്നു. പത്രൊസും തീ കാഞ്ഞുകൊണ്ട് അവരുടെകൂടെ നിന്നു.

മഹാപുരോഹിതൻ യേശുവിനെ ചോദ്യം ചെയ്യുന്നു

19ഈ സമയത്ത് മഹാപുരോഹിതൻ യേശുവിന്റെ ശിഷ്യന്മാരെയും ഉപദേശത്തെയുംപറ്റി അദ്ദേഹത്തെ ചോദ്യം ചെയ്തു.

20"ഞാൻ ലോകത്തോടു പരസ്യമായിട്ടാണു സംസാരിച്ചിട്ടുള്ളത്. എല്ലാ യഹൂദരും ഒരുമിച്ചുകൂടുന്ന പള്ളികളിലും ദൈവാലയത്തിലും ഞാൻ പഠിപ്പിച്ചുപോന്നു; രഹസ്യമായി ഒന്നും ഞാൻ പറഞ്ഞിട്ടില്ല. 21എന്തിന് എന്നെ ചോദ്യം ചെയ്യുന്നു? എന്റെ വാക്കുകൾ കേട്ടിട്ടുള്ളവരോടു ചോദിക്കുക. ഞാൻ പറഞ്ഞിട്ടുള്ളത് അവർക്കറിയാം." യേശു മറുപടി നല്കി.

22യേശു ഇതു പറഞ്ഞപ്പോൾ അടുത്തുണ്ടായിരുന്ന ഉദ്യോഗസ്ഥന്മാരിൽ ഒരാൾ, "മഹാപുരോഹിതനോട് ഇങ്ങനെയോ ഉത്തരം പറയുന്നത്?" എന്നു ചോദിച്ച് അദ്ദേഹത്തിന്റെ മുഖത്ത് അടിച്ചു.

23"ഞാൻ തെറ്റായി എന്തെങ്കിലും പറഞ്ഞെങ്കിൽ അതു തെളിയിക്കുക; ഞാൻ പറഞ്ഞതു സത്യമെങ്കിൽ നിങ്ങൾ എന്നെ അടിച്ചതെന്തിന്? എന്ന് യേശു ചോദിച്ചു. 24പിന്നീട് ഹന്നാവ് യേശുവിനെ ബന്ധിച്ച നിലയിൽ മഹാപുരോഹിതനായ കയ്യഫാവിന്റെ അടുത്തേക്ക് അയച്ചു.

പത്രൊസ് വീണ്ടും തള്ളിപ്പറയുന്നു

25ശിമോൻ പത്രൊസ് തീ കാഞ്ഞുകൊണ്ടു നില്ക്കുമ്പോൾ, "നിങ്ങൾ അയാളുടെ ശിഷ്യന്മാരിൽ ഒരുവനല്ലേ?" എന്ന് ചിലർ അയാളോടു ചോദിച്ചു.

"അല്ല" അയാൾ പിന്നെയും നിഷേധിച്ചു.

26മഹാപുരോഹിതന്റെ ദാസന്മാരിൽ ഒരുവനും പത്രൊസ് കാതറുത്തവന്റെ ബന്ധുവുമായ ഒരാൾ പത്രൊസിനോട്, "ഞാൻ നിങ്ങളെ അയാളുടെ കൂടെ തോട്ടത്തിൽവച്ചു കണ്ടല്ലോ?" എന്നു പറഞ്ഞു.

27പത്രൊസ് പിന്നെയും അതു നിഷേധിച്ചു. ആ നിമിഷം കോഴി കൂവി.

യേശു പീലാത്തോസിന്റെ മുമ്പിൽ

28അനന്തരം പുലർച്ചയ്ക്കു യഹൂദർ യേശുവിനെ കയ്യഫാവിന്റെ അടുക്കൽനിന്നു റോമാൻ ദേശാധിപതിയുടെ അരമനയിലേക്കു കൊണ്ടുപോയി. തങ്ങൾക്കു പെസഹാ ഭക്ഷിക്കേണ്ടിയിരുന്നതിനാൽ അശുദ്ധി ഒഴിവാക്കുവാൻ അവർ അരമനയിലേക്കു കടന്നില്ല.

29അതിനാൽ പീലാത്തൊസ് പുറത്തേക്കു വന്ന് അവരോട്, " ഈ മനുഷ്യന്റെ നേരെ നിങ്ങൾ ബോധിപ്പിക്കുന്ന കുറ്റം എന്ത്?" എന്നു ചോദിച്ചു.

30"കുറ്റവാളി അല്ലായിരുന്നെങ്കിൽ ഞങ്ങൾ ഇയാളെ അങ്ങയുടെ പക്കൽ ഏല്പിക്കുകയില്ലായിരുന്നു" അവർ ഉത്തരം പറഞ്ഞു.

31അതിനു പീലാത്തൊസ് " നിങ്ങൾ തന്നേ അയാളെ കൊണ്ടുപോയി നിങ്ങളുടെ ന്യായപ്രമാണം അനുസരിച്ചു വിധിച്ചു കൊൾക" എന്നു പറഞ്ഞു.

"മരണശിക്ഷ നല്കാനുള്ള അധികാരം ഞങ്ങൾക്കില്ലല്ലോ" അവർ പറഞ്ഞു. 32തന്റെ മരണം ഏതുവിധത്തിലാണ് എന്നതിനെപ്പറ്റി യേശു പറഞ്ഞ വാക്കുകൾ നിറവേറുന്നതിന് ഇതു സംഭവിച്ചു.

33പീലാത്തൊസ് അരമനയ്ക്കുള്ളിലേക്കു തിരികെപ്പോയി യേശുവിനെ വിളിപ്പിച്ച് അദ്ദേഹത്തോട്, " നീ യഹൂദരുടെ രാജാവോ?" എന്നു ചോദിച്ചു.

34"ഇതു താങ്കളുടെ അഭിപ്രായമോ?" യേശു ചോദിച്ചു "അതോ മറ്റുള്ളവർ താങ്കളോടു പറഞ്ഞതാണോ?"

35" ഞാൻ ഒരു യഹൂദനോ?" പീലാത്തൊസ് ചോദിച്ചു "നിന്റെ ജനങ്ങളും മുഖ്യപുരോഹിതന്മാരുമാണ് നിന്നെ എന്റെ പക്കൽ ഏല്പിച്ചത്. നീ എന്തു കുറ്റമാണ് ചെയ്തത്?"

36"എന്റെ രാജ്യം ഐഹികമല്ല" യേശു ഉത്തരം പറഞ്ഞു "അങ്ങനെയെങ്കിൽ യഹൂദർ എന്നെ പിടിക്കാതിരിക്കാൻ എന്റെ ഭൃത്യന്മാർ പോരാടുമായിരുന്നു. എന്നാൽ എന്റെ രാജ്യം ഐഹികമല്ല."

37"അപ്പോൾ നീ ഒരു രാജാവു തന്നേയോ?" പീലാത്തൊസ് ചോദിച്ചു.

"ഞാൻ ഒരു രാജാവെന്നു താങ്കൾ പറഞ്ഞതു ശരിതന്നേ. വാസ്തവത്തിൽ, സത്യത്തിനു സാക്ഷ്യം വഹിക്കാനാണു ഞാൻ ജനിച്ചതും

ലോകത്തിലേക്കു വന്നതും. സത്യത്തിന്റെ പക്ഷത്തുള്ളവൻ എന്റെ വാക്കു കേൾക്കുന്നു" എന്ന് യേശു മറുപടി പറഞ്ഞു.

38"എന്താണ് സത്യം?" പീലാത്തൊസ് ചോദിച്ചു. പിന്നെ അദ്ദേഹം യഹൂദരുടെ അടുക്കൽ ചെന്ന്, "അയാളിൽ ഞാൻ ഒരു കുറ്റവും കാണുന്നില്ല. 39പെസഹാ പെരുന്നാളിൽ ഒരു തടവുകാരനെ നിങ്ങൾക്കു വിട്ടു തരുന്ന പതിവുണ്ടല്ലോ. 'യഹൂദരുടെ രാജാവിനെ' ഞാൻ വിട്ടയക്കട്ടെയോ?" എന്നു പറഞ്ഞു.

40"വേണ്ടാ, ഇയാളെ വേണ്ടാ, ബറബ്ബാസിനെ ഞങ്ങൾക്കു വിട്ടുതരിക." എന്ന് അവർ ഉച്ചത്തിൽ ആർത്തു. ബറബ്ബാസോ ഒരു കവർച്ചക്കാരനായിരുന്നു.

യേശുവിനെ ക്രൂശിക്കുവാൻ വിധിക്കുന്നു

19 അനന്തരം പീലാത്തൊസ് യേശുവിനെകൊണ്ടുപോയി ചമ്മട്ടി കൊണ്ട് അടിപ്പിച്ചു. 2പടയാളികൾ ഒരു മുൾക്കിരീടം മെടഞ്ഞുണ്ടാക്കി അദ്ദേഹത്തിന്റെ ശിരസ്സിൽ വച്ചു. 3പിന്നീടുകടുംചുവപ്പു നിറമുള്ള ഒരു അങ്കി ധരിപ്പിച്ചു. "യഹൂദരുടെ രാജാവേ, ജയ! ജയ!" എന്നു പറഞ്ഞു കൈകൊണ്ട് യേശുവിന്റെ മുഖത്ത് അടിച്ചു.

4പീലാത്തൊസ് പിന്നെയും പുറത്തുവന്നു യഹൂദരോടു പറഞ്ഞു: "നോക്കൂ ഞാനയാളിൽ ഒരു കുറ്റവും കാണുന്നില്ല. അതു നിങ്ങൾ അറിയേണ്ടതിന് ഇതാ ഞാൻ അയാളെ നിങ്ങളുടെ അടുക്കൽ പുറത്തുകൊണ്ടുവരുന്നു."

5യേശു മുൾക്കിരീടവും ചുവന്ന അങ്കിയും ധരിച്ചു പുറത്തുവന്നപ്പോൾ പീലാത്തൊസ് അവരോട്, "ഇതാ ആ മനുഷ്യൻ" എന്നു പറഞ്ഞു.

6മുഖ്യപുരോഹിതന്മാരും അവരുടെ സേവകരും യേശുവിനെ കണ്ടപ്പോൾ "ക്രൂശിക്ക, ക്രൂശിക്ക" എന്ന് ഉച്ചത്തിൽ വിളിച്ചു പറഞ്ഞു. പീലാത്തൊസ് അവരോട്, "നിങ്ങൾ തന്നേ ഇയാളെ കൊണ്ടുപോയി ക്രൂശിക്കുക. ഞാൻ ഇയാളിൽ ഒരു കുറ്റവും കാണുന്നില്ല" എന്നു പറഞ്ഞു.

7യഹൂദർ പറഞ്ഞു: "ഞങ്ങൾക്കൊരു ന്യായപ്രമാണമുണ്ട്. ദൈവപുത്രൻ എന്നു സ്വയം അവകാശപ്പെടുകയാൽ ആ ന്യായപ്രമാണം അനുസരിച്ച് ഇയാൾ മരണയോഗ്യനാണ്."

8ഇതു കേട്ടപ്പോൾ പീലാത്തൊസ് അധികം ഭയപ്പെട്ടു.

9അയാൾ കൊട്ടാരത്തിനുള്ളിലേക്കു ചെന്ന് യേശുവിനോടു ചോദിച്ചു: "നിങ്ങൾ എവിടെ നിന്നുള്ളവനാണ്?" 10എന്നാൽ യേശു അയാളോടു മറുപടിയൊന്നും പറഞ്ഞില്ല. പീലാത്തൊസ് വീണ്ടും ചോദിച്ചു: "നിങ്ങൾ എന്നോടു സംസാരിക്കാത്തതെന്ത്? നിങ്ങളെ മോചിപ്പിക്കുവാനും ക്രൂശിക്കുവാനും എനിക്കധികാരമുണ്ടെന്ന് അറിയുന്നില്ലേ?"

11അതിന് യേശു ഉത്തരം പറഞ്ഞു: "മുകളിൽ നിന്നും നല്കപ്പെട്ടില്ലായിരുന്നുവെങ്കിൽ താങ്കൾക്ക് എന്റെ മേൽ ഒരധികാരവും ഉണ്ടാകുമായിരുന്നില്ല. അതുകൊണ്ട് എന്നെ താങ്കളുടെ പക്കൽ ഏല്പിച്ചുതന്നവനാണു കൂടുതൽ പാപം ഉള്ളത്."

12അപ്പോൾ മുതൽ യേശുവിനെ വിട്ടയയ്ക്കുവാൻ പീലാത്തൊസ് ശ്രമിച്ചു. എന്നാൽ യഹൂദർ, "ഈ മനുഷ്യനെ വിട്ടയച്ചാൽ, അങ്ങ് കൈസരുടെ സ്നേഹിതനല്ല. തന്നെത്താൻ രാജാവാക്കുന്നവൻ കൈസരോട് എതിർക്കുന്നു" എന്നു ഉച്ചത്തിൽ വിളിച്ചു പറഞ്ഞുകൊണ്ടിരുന്നു.

13ഇതുകേട്ടപ്പോൾ, പീലാത്തൊസ് യേശുവിനെ പുറത്തുകൊണ്ടുവന്നു; പിന്നെ, അരാമ്യഭാഷയിൽ ഗബ്ബഥാ എന്നു പേരുള്ളതും കല്ത്തളം എന്നറിയപ്പെടുന്നതുമായ സ്ഥലത്തുവന്നു ന്യായാസനത്തിൽ ഇരുന്നു.

14അപ്പോൾ പെസഹ ആഴ്ചയിലെ ഒരുക്കദിവസം ഏകദേശം പന്ത്രണ്ടു മണി ആയിരുന്നു.

പീലാത്തൊസ് യഹൂദരോട്: "ഇതാ നിങ്ങളുടെ രാജാവ് "എന്നു പറഞ്ഞു.

15എന്നാൽ അവർ: "അവനെ കൊണ്ടു പോകുക, കൊണ്ടുപോകുക, അവനെ ക്രൂശിക്കുക" എന്നിങ്ങനെ ഉറക്കെ വിളിച്ചു പറഞ്ഞു.

"നിങ്ങളുടെ രാജാവിനെ ഞാൻ ക്രൂശിക്കണമോ?" പീലാത്തൊസ് ചോദിച്ചു.

"ഞങ്ങൾക്കു കൈസരല്ലാതെ മറ്റൊരു രാജാവില്ല." മുഖ്യപുരോഹിതന്മാർ ഉത്തരം പറഞ്ഞു.

16ഒടുവിൽ പീലാത്തൊസ് യേശുവിനെ ക്രൂശിക്കുവാൻ അവർക്ക് ഏല്പിച്ചു കൊടുത്തു.

ക്രൂശീകരണം

പടയാളികൾ യേശുവിനെ ഏറ്റുവാങ്ങി.

17യേശു തന്റെ ക്രൂശു ചുമന്നുകൊണ്ട്, അരാമ്യഭാഷയിൽ ഗൊല്ഗൊഥാ എന്നറിയപ്പെടുന്ന, തലയോടിടം എന്ന സ്ഥലത്തേക്കു പോയി.

18അവിടെ അവർ യേശുവിനെ മധ്യത്തിലും വേറെ രണ്ടുപേരെ ഇരുവശങ്ങളിലുമായി ക്രൂശിച്ചു.

19പീലാത്തൊസ് ഒരു മേലെഴുത്ത് എഴുതി ക്രൂശിൽ പതിപ്പിച്ചു. അത് "നസറായനായ യേശു, യഹൂദരുടെ രാജാവ് എന്നായിരുന്നു. 20യേശുവിനെ ക്രൂശിച്ച സ്ഥലം നഗരത്തിനു സമീപമായിരുന്നതുകൊണ്ടും ആ മേലെഴുത്ത് അരാമ്യ, ലത്തീൻ, ഗ്രീക്കു ഭാഷകളിൽ എഴുതിയിരുന്നതു

കൊണ്ടും യഹൂദരിൽ പലരും അതു വായിച്ചു.
21ഇതിൽ പ്രതിഷേധിച്ചു യഹൂദരുടെ
മുഖ്യപുരോഹിതന്മാർ പീലാത്തൊസിനോട്,
'യഹൂദരുടെ രാജാവ് ' എന്ന് എഴുതരുത്,
'യഹൂദരുടെ രാജാവ് ഞാനാണ്' എന്ന് ഈ
മനുഷ്യൻ അവകാശപ്പെട്ടു എന്നാണ് എഴുതേ
ണ്ടത്" എന്നു പറഞ്ഞു.
22"ഞാൻ എഴുതിയത് എഴുതി" പീലാത്തൊസ്
പറഞ്ഞു.
23യേശുവിനെ ക്രൂശിച്ചതിനുശേഷം
പടയാളികൾ അദ്ദേഹത്തിന്റെ വസ്ത്രങ്ങൾ,
ഓരോ പടയാളിക്കും ഓരോ ഭാഗം ലഭിക്കത്തക്ക
വണ്ണം നാലായി ഭാഗിച്ചു; മേലങ്കി അവർ ഭാഗിച്ചില്ല,
അതു തുന്നൽ ഇല്ലാതെ മേൽതൊട്ട് അടിവരെ
നെയ്തതായിരുന്നു. 24"ഇതു നാം കീറരുത്.
ആർക്കു കിട്ടുമെന്ന് നറുക്കിട്ടു തീരുമാനിക്കാം"
അവർ തമ്മിൽ പറഞ്ഞു.
"എന്റെ വസ്ത്രങ്ങൾ
അവർ വീതിച്ചെടുത്തു.
എന്റെ അങ്കിക്കായി ചീട്ടിട്ടു" *a*
എന്നുള്ള തിരുവെഴുത്തു നിറവേറുന്നതിന് ഇതു
സംഭവിച്ചു; അതുകൊണ്ടു പടയാളികൾ
ഇങ്ങനെയെല്ലാം ചെയ്തു.
25ക്രൂശിനരികെ യേശുവിന്റെ അമ്മയും
അമ്മയുടെ സഹോദരിയും ക്ലെയോപ്പാവിന്റെ
ഭാര്യ മറിയയും മഗ്ദലക്കാരി മറിയയും
നിന്നിരുന്നു.
26അമ്മയും താൻ സ്നേഹിച്ച ശിഷ്യനും അടു
ക്കൽ നില്ക്കുന്നതുകണ്ടിട്ട് യേശു അമ്മയോട്, "
സ്ത്രീയേ, ഇതാ നിന്റെ മകൻ" എന്നും
27ശിഷ്യനോട്, "ഇതാ നിന്റെ അമ്മ" എന്നും
പറഞ്ഞു. ആ സമയംമുതൽ ആ ശിഷ്യൻ അവരെ
സ്വന്തം ഭവനത്തിൽ സ്വീകരിച്ചു.

യേശുവിന്റെ മരണം

28അതിനുശേഷം, സകലവും പൂർത്തിയാ
യിരിക്കുന്നു എന്നറിഞ്ഞ്, തിരുവെഴുത്തു
നിറവേറുന്നതിന് യേശു, "എനിക്കു ദാഹിക്കുന്നു"
എന്നു പറഞ്ഞു.
29അവിടെ പുളിച്ച വീഞ്ഞു നിറച്ച ഒരു പാത്രം
വച്ചിട്ടുണ്ടായിരുന്നു. അവർ ഒരു സ്പോഞ്ച്
അതിൽ മുക്കി ഈസോപ്പു ചെടിയുടെ തണ്ടിന്മേ
ലാക്കി ഉയർത്തി യേശുവിന്റെ വായോടടുപ്പിച്ചു.
30അതു കുടിച്ചശേഷം യേശു "എല്ലാം
പൂർത്തിയായി" എന്നു പറഞ്ഞു തല ചായ്ച്ചു
തന്റെ ആത്മാവിനെ ഏല്പിച്ചു കൊടുത്തു.
31അന്ന് ഒരുക്കദിവസവും പിറ്റേന്ന് ഒരു
വിശേഷശബ്ബത്തും ആയിരുന്നു. ശബ്ബത്തിൽ
ശവശരീരങ്ങൾ ക്രൂശിൽ കിടക്കുന്നത് ഒഴിവാക്കു
ന്നതിന് അവരുടെ കാലുകൾ ഒടിപ്പിച്ചു ശരീരങ്ങൾ
താഴെ ഇറക്കണമെന്ന് യഹൂദർ പീലാത്തൊസി
നോട് അപേക്ഷിച്ചു.
32അതുകൊണ്ടു പടയാളികൾ വന്ന്,
യേശുവിനോടു കൂടെ ക്രൂശിക്കപ്പെട്ടവരിൽ
ഒന്നാമന്റെയും പിന്നെ മറ്റവന്റെയും കാലുകൾ
ഒടിച്ചു. 33അവർ യേശുവിന്റെ അടുക്കൽ
വന്നപ്പോൾ അദ്ദേഹം മരിച്ചു കഴിഞ്ഞു എന്നു
മനസ്സിലാക്കിയിട്ടു കാലുകൾ ഒടിച്ചില്ല. 34എങ്കിലും
പടയാളികളിൽ ഒരുവൻ കുന്തംകൊണ്ട് യേശുവി
ന്റെ പാർശ്വത്തിൽ കുത്തി. ഉടനേ രക്തവും
വെള്ളവും പുറത്തേക്ക് ഒഴുകി. 35ഇതു കണ്ട ആൾ
സാക്ഷ്യം പറഞ്ഞിരിക്കുന്നു; അവന്റെ സാക്ഷ്യം
സത്യം തന്നേ; താൻ പറയുന്നതു സത്യം എന്ന്
അവൻ അറിയുന്നു; നിങ്ങളും വിശ്വസിക്കേണ്ട
തിനാണ് അവൻ ഇതു സാക്ഷ്യപ്പെടുത്തുന്നത്.
36"അവന്റെ അസ്ഥികളിൽ ഒന്നും
ഒടിഞ്ഞുപോവുകയില്ല" *b* എന്നുള്ള തിരുവെഴു
ത്തു നിറവേറുന്നതിന് ഇതൊക്കെയും സംഭവിച്ചു.
37"തങ്ങൾ കുത്തിയവങ്കലേക്ക് അവർ നോക്കും" *c*
എന്നു മറ്റൊരു തിരുവെഴുത്തും പറയുന്നു.

യേശുവിന്റെ ശവസംസ്കാരം

38അതിനുശേഷം, യഹൂദരോടുള്ള ഭയം
നിമിത്തം രഹസ്യശിഷ്യനായിക്കഴിഞ്ഞിരുന്ന
അരിമത്യയിലെ യോസേഫ് പീലാത്തൊസിനോട്
യേശുവിന്റെ ശരീരത്തിനുവേണ്ടി അപേക്ഷിച്ചു.
പീലാത്തൊസിന്റെ അനുവാദത്തോടെ അയാൾ
വന്നു ശരീരം എടുത്തു. 39മുമ്പൊരിക്കൽ
യേശുവിനെ രാത്രിയിൽ സന്ദർശിച്ച നിക്കോദേ
മൊസും അയാളുടെകൂടെ ഉണ്ടായിരുന്നു. നിക്കോ
ദേമൊസ് ഏകദേശം മുപ്പത്തിനാലു കിലോഗ്രാം
മൂറും അകിലും കൊണ്ടുള്ള സുഗന്ധമിശ്രിതം
കൊണ്ടുവന്നു. 40 ഇരുവരുംകൂടി യേശുവിന്റെ
ശരീരം എടുത്തു യഹൂദരുടെ ശവസംസ്കാര
സമ്പ്രദായം അനുസരിച്ച് ആ മിശ്രിതം പുരട്ടി
ലിനൻ കച്ചകളിൽ പൊതിഞ്ഞു. 41യേശുവിനെ
ക്രൂശിച്ച സ്ഥലത്ത് ഒരു തോട്ടവും ആ തോട്ടത്തി
ൽ, ആരെയും മുമ്പൊരിക്കലും അടക്കിയിട്ടില്ലാത്ത
ഒരു കല്ലറയും ഉണ്ടായിരുന്നു. 42അന്ന് യഹൂദരുടെ
ഒരുക്കനാൾ ആയിരുന്നതിനാലും ആ കല്ലറ
സമീപത്തായിരുന്നതിനാലും അവർ യേശുവിനെ
അവിടെ സംസ്കരിച്ചു.

ഒഴിഞ്ഞ കല്ലറ

20 ആഴ്ചയുടെ ഒന്നാം ദിവസം
അതിരാവിലെ, ഇരുട്ടുള്ളപ്പോൾ തന്നേ,
മഗ്ദലക്കാരി മറിയ കല്ലറയുടെ സമീപം വന്നു,
വാതിൽക്കൽ നിന്ന് കല്ലു നീക്കിയിരിക്കു

a 24 സങ്കീർത്തനം 22:18 *b* 36 പുറപ്പാട് 12:46 ; സംഖ്യ 9:12; സങ്കീർത്തനം 34:20
c 37 സെഖര്യാവ് 12:10

ന്നതുകണ്ടു. 2അവൾ ഓടി ശിമോൻ പത്രോസിന്റെയും യേശു സ്നേഹിച്ച മറ്റേ ശിഷ്യന്റെയും അടുത്തെത്തി അവരോടു: "അവർ കർത്താവിനെ കല്ലറയിൽനിന്ന് എടുത്തുകൊണ്ടുപോയി, എവിടെ വച്ചിരിക്കുന്നുവെന്ന് ഞങ്ങൾക്ക് അറിഞ്ഞുകൂടാ" എന്നു പറഞ്ഞു.

3പത്രോസും മറ്റേ ശിഷ്യനും കല്ലറയുടെ അടുത്തേയ്ക്കു പുറപ്പെട്ടു; രണ്ടുപേരും ഒരുമിച്ച് ഓടി. 4മറ്റേ ശിഷ്യൻ പത്രോസിനേക്കാൾ വേഗം ഓടി കല്ലറയുടെ അടുത്ത് ആദ്യം എത്തി. 5അയാൾ കുനിഞ്ഞ് അകത്തേക്കു നോക്കി, ലിനൻ കച്ചകൾ കിടക്കുന്നതു കണ്ടു; എന്നാൽ ഉള്ളിൽ കടന്നില്ല. 6അയാളുടെ പിന്നാലെ വന്ന ശിമോൻ പത്രോസ് കല്ലറയുടെ അകത്തുകടന്നു. 7കച്ചകളും യേശുവിന്റെ ശിരസ്സിൽ ചുറ്റിയിരുന്ന വസ്ത്രവും അയാൾ കണ്ടു. ശിരോവസ്ത്രം മടക്കി കച്ചകളിൽ നിന്നു മാറ്റിയാണു വച്ചിരുന്നത്. 8കല്ലറയുടെ അടുത്ത് ആദ്യം എത്തിയ മറ്റേ ശിഷ്യനും അപ്പോൾ അകത്തു ചെന്നു. അയാൾ കണ്ടു വിശ്വസിച്ചു. 9യേശു മരിച്ചവരിൽ നിന്ന് ഉയിർത്തെഴുന്നേല്ക്കേണ്ടതാകുന്നു എന്ന തിരുവെഴുത്ത് അപ്പോഴും അവർ ഗ്രഹിച്ചിരുന്നില്ല.

യേശു മഗ്ദലക്കാരി
മറിയയ്ക്കു പ്രത്യക്ഷപ്പെടുന്നു

10പിന്നെ ശിഷ്യന്മാർ അവരുടെ വീടുകളിലേക്കു മടങ്ങി. 11എന്നാൽ മറിയ കല്ലറയ്ക്കു പുറത്തു കരഞ്ഞുകൊണ്ടുനിന്നു. അവൾ കരയുന്നതിനിടയിൽ കുനിഞ്ഞു കല്ലറയുടെ ഉള്ളിലേക്കു നോക്കി. 12യേശുവിന്റെ ശരീരം വച്ചിരുന്ന സ്ഥലത്തുവെള്ള വസ്ത്രം ധരിച്ച രണ്ടു ദൂതന്മാർ, തലയ്ക്കലും കാല്ക്കലുമായി ഇരിക്കുന്നത് അവൾ കണ്ടു.

13അവർ അവളോട്: "സ്ത്രീയേ നീ എന്തിനു കരയുന്നു?" എന്നു ചോദിച്ചു.

"അവർ എന്റെ കർത്താവിനെ എടുത്തുകൊണ്ടുപോയിരിക്കുന്നു" അവൾ പറഞ്ഞു, "എവിടെയാണു വച്ചിരിക്കുന്നതെന്ന് എനിക്കറിഞ്ഞുകൂടാ." 14അതു പറഞ്ഞിട്ട് അവൾ തിരിഞ്ഞുനോക്കിയപ്പോൾ യേശു നില്ക്കുന്നതു കണ്ടു; എന്നാൽ അത് യേശുവാണെന്ന് അറിഞ്ഞില്ല.

15"സ്ത്രീയേ, നീ എന്തിനു കരയുന്നു? ആരെയാണ് അന്വേഷിക്കുന്നത്?" യേശു ചോദിച്ചു.

അതു തോട്ടക്കാരനായിരിക്കും എന്നു കരുതി അവൾ പറഞ്ഞു: " യജമാനനേ, അങ്ങ് അദ്ദേഹത്തെ എടുത്തു കൊണ്ടുപോയെങ്കിൽ എവിടെ വച്ചിരിക്കുന്നു എന്നു പറഞ്ഞുതരിക, ഞാൻ ചെന്ന് എടുത്തു കൊണ്ടുപൊയ്ക്കൊള്ളാം."

16യേശു അവളെ "മറിയേ" എന്നു വിളിച്ചു. അവൾ അദ്ദേഹത്തിന്റെ നേർക്കു തിരിഞ്ഞ് അരാമ്യഭാഷയിൽ "റബ്ബൂനീ" എന്നു ഉറക്കെ വിളിച്ചു ഗുരു എന്നാണ് അതിനർത്ഥം. 17യേശു അവളോടു പറഞ്ഞു: "എന്നെ പിടിക്കരുത്; എന്റെ പിതാവിന്റെ അടുക്കലേക്കു ഞാൻ ഇതുവരെ കയറിപ്പോയിട്ടില്ല. എന്റെ സഹോദരന്മാരുടെ അടുത്തു ചെന്ന് എന്റെ പിതാവും നിങ്ങളുടെ പിതാവും എന്റെ ദൈവവും നിങ്ങളുടെ ദൈവവും ആയവന്റെ അടുത്തേക്കു ഞാൻ കയറിപ്പോകുന്നു എന്നു പറയുക"

18മഗ്ദലക്കാരി മറിയ "ഞാൻ കർത്താവിനെ കണ്ടിരിക്കുന്നു" എന്ന വാർത്തയുമായി ശിഷ്യന്മാരുടെ അടുത്തെത്തി. അവിടുന്നു തന്നോടു പറഞ്ഞ കാര്യങ്ങൾ അവൾ അവരോടു പറഞ്ഞു.

യേശു ശിഷ്യന്മാർക്കു പ്രത്യക്ഷപ്പെടുന്നു

19ആഴ്ചയുടെ ഒന്നാം ദിവസമായ അന്നു വൈകുന്നേരം ശിഷ്യന്മാർ യഹൂദരെ പേടിച്ചു കതകടച്ച് അകത്തു ഒരുമിച്ചിരിക്കുമ്പോൾ യേശു വന്ന് അവരുടെ നടുവിൽ നിന്നുകൊണ്ട് "നിങ്ങൾക്കു സമാധാനം" എന്നു പറഞ്ഞു. 20ഇതു പറഞ്ഞതിനുശേഷം അവിടുന്നു തന്റെ കൈകളും പാർശ്വവും അവരെ കാണിച്ചു. കർത്താവിനെ കണ്ടപ്പോൾ ശിഷ്യന്മാർ അത്യധികം സന്തോഷിച്ചു.

21യേശു പിന്നെയും അവരോടു പറഞ്ഞു: "നിങ്ങൾക്കു സമാധാനം! പിതാവ് എന്നെ അയച്ചതുപോലെ ഞാനും നിങ്ങളെ അയയ്ക്കുന്നു." 22ഇതു പറഞ്ഞുകൊണ്ട് അവിടുന്ന് അവരുടെമേൽ ഊതി; "പരിശുദ്ധാത്മാവിനെ സ്വീകരിക്കുക. 23നിങ്ങൾ ആരുടെയെങ്കിലും പാപങ്ങൾ ക്ഷമിച്ചാൽ അവ ക്ഷമിക്കപ്പെട്ടിരിക്കും. നിങ്ങൾ ക്ഷമിക്കുന്നില്ലെങ്കിൽ അവ ക്ഷമിക്കപ്പെടാതിരിക്കും. " എന്നു പറഞ്ഞു.

യേശു തോമാസിനും പ്രത്യക്ഷപ്പെടുന്നു

24യേശു വന്നപ്പോൾ, പന്തിരുവരിൽ ഒരുവനും ദിദിമൊസ് എന്നു പേരുള്ളവനുമായ തോമാസ് ശിഷ്യന്മാരുടെ കൂടെ ഉണ്ടായിരുന്നില്ല. 25മറ്റേ ശിഷ്യന്മാർ അയാളോട്, "ഞങ്ങൾ കർത്താവിനെ കണ്ടു" എന്നു പറഞ്ഞപ്പോൾ അയാൾ: "ഞാൻ അദ്ദേഹത്തിന്റെ കൈകളിലെ ആണിപ്പാടുകൾ കാണുകയും ആണിപ്പഴുതുകളിലും പാർശ്വത്തിലും കൈവച്ചുനോക്കുകയും ചെയ്തിട്ടല്ലാതെ ഇതു വിശ്വസിക്കുകയില്ല" എന്നു പറഞ്ഞു.

26എട്ടു ദിവസത്തിനുശേഷം, അദ്ദേഹത്തിന്റെ ശിഷ്യന്മാർ വീട്ടിൽ കൂടിയിരിക്കുമ്പോൾ തോമാസും അവരോടുകൂടെ ഉണ്ടായിരുന്നു. കതകുകൾ പൂട്ടിയിരുന്നെങ്കിലും യേശു വന്ന് അവരുടെ മധ്യത്തിൽ നിന്നുകൊണ്ട് "നിങ്ങൾക്കു സമാധാനം" എന്നു പറഞ്ഞു. 27പിന്നെ അവിടുന്ന്

തോമാസിനോടു, "നിന്റെ വിരൽ ഇവിടെ ഇടുക; എന്റെ കൈകൾ കാണുക. നിന്റെ കൈ നീട്ടി എന്റെ പാർശ്വത്തിൽ വയ്ക്കുക. അവിശ്വാസി യാകാതെ വിശ്വാസിയായിരിക്കുക" എന്നു പറഞ്ഞു.

28തോമാസ് അദ്ദേഹത്തോട്; "എന്റെ കർത്താവും എന്റെ ദൈവവുമേ" എന്നു പറഞ്ഞു.

29അപ്പോൾ യേശു: "നീ എന്നെ കണ്ടതു കൊണ്ടു വിശ്വസിച്ചു. കാണാതെ വിശ്വസിച്ചവർ ഭാഗ്യവാൻമാർ" എന്നു പറഞ്ഞു.

30ഈ പുസ്തകത്തിൽ രേഖപ്പെടുത്തി യിട്ടില്ലാത്ത മറ്റനേകം അടയാളങ്ങളും, തന്റെ ശിഷ്യന്മാരുടെ സാന്നിധ്യത്തിൽ യേശു പ്രവർ ത്തിച്ചു. 31എന്നാൽ യേശു ദൈവപുത്രനായ ക്രിസ്തു എന്നു നിങ്ങൾ വിശ്വസിക്കേണ്ടതിനും വിശ്വസിച്ച് അവിടുത്തെ നാമത്തിൽ ജീവൻ പ്രാപിക്കേണ്ടതിനുമായി ഇവ എഴുത പ്പെട്ടിരിക്കുന്നു.

യേശുവും
അത്ഭുതകരമായ മീൻപിടുത്തവും

21 അതിനുശേഷം തിബെര്യാസ് കടലിന്റെ[a] തീരത്തുവച്ച് യേശു ശിഷ്യ ന്മാർക്കു വീണ്ടും പ്രത്യക്ഷനായി. അത് ഇപ്രകാരം ആയിരുന്നു: 2ശിമോൻ പത്രോസും ദിദിമൊസ് എന്നു പേരുള്ള തോമാസും ഗലീലയിലെ കാനായിൽനിന്നുള്ള നഥനയേലും സെബെദിപു ത്രന്മാരും വേറേ രണ്ടു ശിഷ്യന്മാരും ഒരുമിച്ചി രിക്കുകയായിരുന്നു. 3"ഞാൻ മീൻ പിടിക്കാൻ പോകുന്നു" ശിമോൻ പത്രോസ് പറഞ്ഞു. "ഞങ്ങളും പോരുന്നു" എന്ന് അവർ മറുപടി പറഞ്ഞു. അങ്ങനെ അവർ പോയി വഞ്ചിയിൽ ക്കയറി. എന്നാൽ ആ രാത്രിയിൽ ഒന്നും പിടിച്ചില്ല.

4അതിരാവിലെ, യേശു കടൽക്കരയിൽ നിന്നു. അത് യേശുവാണെന്ന് ശിഷ്യന്മാർ അറിഞ്ഞില്ല.

5യേശു അവരോടു വിളിച്ചുചോദിച്ചു: "കുഞ്ഞുങ്ങളേ, മീൻ വല്ലതും ഉണ്ടോ?" "ഇല്ല" അവർ മറുപടി പറഞ്ഞു.

6"വഞ്ചിയുടെ വലതുവശത്തു വല ഇറക്കുക, അപ്പോൾ നിങ്ങൾക്കു കിട്ടും" അവിടുന്നു പറഞ്ഞു. അവർ അങ്ങനെ ചെയ്തു. വളരെയേറെ മീൻ ഉണ്ടായിരുന്നതിനാൽ വല വലിച്ചു കയറ്റാൻ അവർക്കു കഴിഞ്ഞില്ല. 7യേശു സ്നേഹിച്ച ശിഷ്യൻ പത്രോസിനോട്, "അതു കർത്താ വാകുന്നു" എന്നു പറഞ്ഞു. അതുകേട്ട ഉടനേ പത്രോസ്, താൻ നഗ്നനായിരുന്നതിനാൽ പുറംകുപ്പായം അരയിൽ ചുറ്റിവെള്ളത്തിൽ ചാടി. 8മറ്റേ ശിഷ്യന്മാർ മീൻ നിറഞ്ഞ വല വലിച്ചുകൊണ്ട് വഞ്ചിയിൽ പിന്നാലെ ചെന്നു. അവർ കരയിൽ നിന്ന് അധികം ദൂരത്തല്ലാതെ, ഏതാണ്ടു നൂറു വാര[b] മാത്രം അകലെ ആയി രുന്നു. 9കരയ്ക്ക് ഇറങ്ങിയപ്പോൾ അവിടെ തീക്കനലുകൾ കൂട്ടി അതിന്മേൽ മീൻ വച്ചിരിക്കുന്നതും കുറെ അപ്പവും കണ്ടു.

10യേശു അവരോടു പറഞ്ഞു: "ഇപ്പോൾ പിടിച്ച കുറെ മീൻ കൊണ്ടുവരുവിൻ." 11ശിമോൻ പത്രോസ് വഞ്ചിയിൽ കയറി നൂറ്റിയമ്പത്തിമൂന്ന് വലിയ മീൻ ഉണ്ടായിരുന്ന വല കരയ്ക്കുവലിച്ചു കയറ്റി. അത്രയേറെ മീൻ ഉണ്ടായിരുന്നിട്ടും വല കീറിയില്ല.

12യേശു അവരോട്: "വന്നു പ്രാതൽ കഴിച്ചുകൊള്ളുവിൻ" എന്നു പറഞ്ഞു. ശിഷ്യന്മാരിൽ ആരും അദ്ദേഹത്തോട്, "അങ്ങ് ആരാണ്?" എന്നു ചോദിക്കുവാൻ തുനിഞ്ഞില്ല. അതു കർത്താവാണെന്ന് അവർ അറിഞ്ഞിരുന്നു. 13യേശു വന്ന് അപ്പം എടുത്ത് അവർക്കു കൊടുത്തു; അതുപോലെ മീനും. 14മരിച്ചവരിൽ നിന്ന് ഉയിർപ്പിക്കപ്പെട്ടതിനു ശേഷം യേശു ശിഷ്യന്മാർക്കു പ്രത്യക്ഷപ്പെട്ടത് ഇതു മൂന്നാംതവണ ആയിരുന്നു.

യേശു പത്രോസിനെ
യഥാസ്ഥാനപ്പെടുത്തുന്നു

15പ്രാതൽ കഴിച്ചശേഷം യേശു ശിമോൻ പത്രോസിനോട്, " യോഹന്നാന്റെ മകനായ ശിമോനേ, ഇവരെക്കാൾ അധികമായി നീ എന്നെ സ്നേഹിക്കുന്നുവോ?" എന്നു ചോദിച്ചു. "ഉവ്വ്, കർത്താവേ, എനിക്ക് അങ്ങയോടു പ്രിയമുണ്ടെന്ന് അങ്ങ് അറിയുന്നുവല്ലോ?" പത്രോസ് പറഞ്ഞു.

"എന്റെ കുഞ്ഞാടുകളെ മേയിക്കുക" യേശു പറഞ്ഞു. 16യേശു വീണ്ടും, "യോഹന്നാന്റെ മകനായ ശിമോനേ, നീ വാസ്തവമായി എന്നെ സ്നേഹിക്കുന്നുവോ?" എന്നു ചോദിച്ചു. അതിന് അയാൾ "ഉവ്വ്, എനിക്ക് അങ്ങയോടു പ്രിയമുണ്ടെന്ന് അവിടുന്ന് അറിയുന്നുവല്ലോ?" എന്നു ഉത്തരം പറഞ്ഞു.

"എന്റെ ആടുകളെ പരിപാലിക്കുക" യേശു പറഞ്ഞു.

17മൂന്നാം തവണയും യേശു അയാളോട് : "യോഹന്നാന്റെ മകനായ ശിമോനെ, നിനക്ക് എന്നോടു പ്രിയമുണ്ടോ?" എന്നു ചോദിച്ചു.

"നിനക്ക് എന്നോടു പ്രിയമുണ്ടോ?" എന്നു മൂന്നാമതും ചോദിച്ചതിനാൽ പത്രോസിന്റെ ഉള്ളം നൊന്തു. അയാൾ പറഞ്ഞു: "കർത്താവേ അവിടുന്നു സകലവും അറിയുന്നു; എനിക്കു അങ്ങയോടു പ്രിയമുണ്ടെന്നും അങ്ങ് അറിയുന്നുവല്ലോ."

a 1 അതായത്, ഗലീലക്കടൽ *b* 8 ഗ്രീക്കിൽ, *ഏകദേശം ഇരുനൂറു ക്യുബിറ്റ്* (ഏകദേശം 90 മീറ്റർ)

യേശു അയാളോടു പറഞ്ഞു: "എന്റെ ആടുകളെ മേയിക്കുക. 18സത്യമായി, സത്യമായി ഞാൻ നിന്നോടു പറയുന്നു. നീ യുവാവായിരുന്നപ്പോൾ സ്വയം വസ്ത്രം ധരിച്ച് ഇഷ്ടമുള്ളേടത്തേക്കു നടന്നു. വൃദ്ധനാകുമ്പോൾ നീ കൈനീട്ടുകയും മറ്റാരെങ്കിലും നിന്നെ വസ്ത്രം ധരിപ്പിച്ചു നിനക്കു പോകാൻ ഇഷ്ടമില്ലാത്ത സ്ഥലത്തേക്കു നിന്നെ കൊണ്ടുപോകുകയും ചെയ്യും."

19ഏതു വിധത്തിലുള്ള മരണത്താൽ പത്രോസ് ദൈവത്തെ മഹത്ത്വപ്പെടുത്തും എന്നു സൂചിപ്പിച്ചായിരുന്നു യേശു ഇതു പറഞ്ഞത്. പിന്നെ യേശു അയാളോട്: "എന്നെ അനുഗമിക്കുക"എന്നു പറഞ്ഞു. 20പത്രോസ് തിരിഞ്ഞു നോക്കി. യേശു സ്നേഹിച്ച ശിഷ്യൻ പിന്നാലേ വരുന്നതു കണ്ടു. അത്താഴസമയത്ത് യേശുവിന്റെ മാറിൽ ചാരിക്കൊണ്ട്, "കർത്താവേ, അങ്ങയെ ഒറ്റിക്കൊടുക്കുന്നത് ആരാണ്?" എന്നു ചോദിച്ചത് ഇയാൾ തന്നേ. 21അയാളെ കണ്ടിട്ടു പത്രോസ്, "കർത്താവേ, ഇവന്റെ കാര്യം എന്താകും?" എന്നു ചോദിച്ചു.

22അതിന് യേശു: "ഞാൻ മടങ്ങി വരുന്നതുവരെയും ഇവൻ ജീവിച്ചിരിക്കണം എന്നു ഞാൻ ആഗ്രഹിക്കുന്നുവെങ്കിൽ അതിനു നിനക്ക് എന്ത്? നീ എന്നെ അനുഗമിക്കുക" എന്നു പറഞ്ഞു. 23ഇതു നിമിത്തം, ആ ശിഷ്യൻ മരിക്കുകയില്ല എന്നൊരു സംസാരം സഹോദരന്മാരുടെ ഇടയിൽ പരന്നു. എന്നാൽ അയാൾ മരിക്കുകയില്ല എന്ന് യേശു പറഞ്ഞില്ല; അവിടുന്നു പറഞ്ഞത്, "ഞാൻ മടങ്ങിവരുന്നതുവരെ അവൻ ജീവിച്ചിരിക്കണമെന്നു ഞാൻ ആഗ്രഹിക്കുന്നുവെങ്കിൽ അതിനു നിനക്ക് എന്ത്?" എന്നു മാത്രം ആയിരുന്നു.

24ഈ ശിഷ്യൻ തന്നെയാണ് ഈ കാര്യങ്ങൾക്കു സാക്ഷ്യം വഹിക്കുന്നതും ഇവ എഴുതിയതും. അവന്റെ സാക്ഷ്യം സത്യമെന്നു ഞങ്ങൾ അറിയുന്നു.

25ഇവകൂടാതെ മറ്റ് അനേകകാര്യങ്ങളും യേശു ചെയ്തു. അവ ഓരോന്നും എഴുതിയാൽ എഴുതിയ പുസ്തകങ്ങൾ ലോകത്തിൽ തന്നേയും ഒതുങ്ങുകയില്ല എന്നു ഞാൻ കരുതുന്നു.

അപ്പൊസ്തലന്മാരുടെ
പ്രവൃത്തികൾ

യേശുവിന്റെ സ്വർഗ്ഗാരോഹണം

1 തെയോഫിലോസേ, യേശു താൻ തിര
ഞ്ഞെടുത്ത അപ്പൊസ്തലന്മാർക്കു പരി
ശുദ്ധാത്മാവിലൂടെ നിർദ്ദേശങ്ങൾ നല്കിയതി
നുശേഷം സ്വർഗ്ഗത്തിലേക്ക് എടുക്കപ്പെട്ട നാൾ
വരെ, പ്രവർത്തിച്ചും 2പഠിപ്പിച്ചും തുടങ്ങിയ
എല്ലാക്കാര്യങ്ങളെക്കുറിച്ചും ഞാൻ എന്റെ
ഒന്നാമത്തെ പുസ്തകത്തിൽ എഴുതിയിരുന്നു
വല്ലോ. 3അവിടുന്ന്, തന്റെ പീഡാനുഭവത്തി
നുശേഷം അവർക്കു തന്നെത്തന്നേ കാണിച്ചു
കൊടുത്തുകൊണ്ട് താൻ ജീവിച്ചിരിക്കുന്നു
എന്ന് അവരെ ബോധ്യപ്പെടുത്തുന്ന അനേകം
തെളിവുകൾ നല്കി. അദ്ദേഹം നാല്പതു നാൾ
അവർക്കു പ്രത്യക്ഷപ്പെടുകയും ദൈവരാജ്യ
ത്തെപ്പറ്റി അവരോടു സംസാരിക്കുകയും
ചെയ്തു. 4ഒരവസരത്തിൽ അവരുടെ കൂടെ
ഭക്ഷണം കഴിച്ചുകൊണ്ടിരിക്കുമ്പോൾ അവിടു
ന്ന് അവരോടു കല്പിച്ചു: "നിങ്ങൾ യെരൂശലേം
വിട്ടുപോകരുത്; മുമ്പിൽ നിന്നുകേട്ട ചിത്താവി
ന്റെ വാഗ്ദാനത്തിനായി കാത്തിരി
ക്കേണം. 5യോഹന്നാൻ വെള്ളം കൊണ്ടു [a]സ്നാ
നം കഴിപ്പിച്ചു. എന്നാൽ നിങ്ങൾക്ക് ഏറെനാൾ
കഴിയുംമുമ്പെ പരിശുദ്ധാത്മാവിനാൽ സ്നാ
നം ലഭിക്കും."

6അവർ ഒരുമിച്ചുകൂടിയിരിക്കുമ്പോൾ,
"കർത്താവേ, അവിടുന്ന് യിസ്രായേലിന് ഇക്കാ
ലത്താണോ രാജ്യം പുനഃസ്ഥാപിച്ചുകൊടു
ക്കുന്നത്?" എന്നു ചോദിച്ചു. 7അദ്ദേഹം അവ
രോടു പറഞ്ഞു: "പിതാവ് സ്വന്തം അധികാ
രത്താൽ നിശ്ചയിച്ചിട്ടുള്ള സമയങ്ങളും കാ
ലങ്ങളും നിങ്ങൾ അറിയേണ്ടതില്ല. 8എന്നാൽ
പരിശുദ്ധാത്മാവു നിങ്ങളുടെ മേൽ വരുമ്പോൾ
നിങ്ങൾ ശക്തി പ്രാപിക്കുകയും യെരൂശലേമി
ലും യെഹൂദ്യയിലെല്ലായിടത്തും ശമര്യയിലും
ഭൂമിയുടെ അതിരുകൾവരെയും എന്റെ സാ
ക്ഷികളായിത്തീരുകയും ചെയ്യും." 9ഇതുപറ
ഞ്ഞശേഷം അവർ നോക്കിക്കൊണ്ടിരിക്കെ
അവിടുന്ന് ഉയരത്തിലേക്ക് എടുക്കപ്പെട്ടു; ഒരു
മേഘം അദ്ദേഹത്തെ അവരുടെ കാഴ്ചയിൽ
നിന്നു മറച്ചു.

10അവിടുന്ന് പോകുമ്പോൾ അവർ ആകാ
ശത്തിലേക്ക് ഉറ്റുനോക്കിക്കൊണ്ടിരുന്നു.
വെള്ളവസ്ത്രം ധരിച്ച രണ്ടു പുരുഷന്മാർ
പെട്ടെന്ന് അവരുടെ അടുക്കൽ നിന്നു; 11അവർ
പറഞ്ഞു, "അല്ലയോ ഗലീലക്കാരേ, നിങ്ങൾ
എന്തിന് ആകാശത്തേക്ക് നോക്കി നില്ക്കുന്നു?
നിങ്ങളിൽനിന്നു സ്വർഗ്ഗത്തിലേക്ക് എടുക്കപ്പെട്ട
ഈ യേശു താൻ സ്വർഗ്ഗാരോഹണം ചെയ്തു
ന്നതായി നിങ്ങൾ കണ്ടതുപോലെതന്നേ
തിരികെവരും."

യൂദയ്ക്കു പകരം
മത്ഥിയാസിനെ തിരഞ്ഞെടുക്കുന്നു

12പിന്നീട് അവർ, നഗരത്തിൽ നിന്ന് ഒരു
ശബ്ബത്തുദിവസത്തെ നടപ്പിന്റെ [b] ദൂരമുള്ള
ഒലിവുമല വിട്ട് യെരൂശലേമിലേക്കു മടങ്ങി
13അവിടെച്ചെന്നശേഷം അവർ
തങ്ങൾ പാർത്തിരുന്ന മാളികമുറിയിൽ
പ്രവേശിച്ചു. പത്രൊസ്, യോഹന്നാൻ, യാക്കോ
ബ്, അന്ത്രെയാസ്, ഫിലിപ്പൊസ്, തോമസ്,
ബർത്തലോമായി, മത്തായി, അല്ഫായുടെ
മകനായ യാക്കോബ്, തീവ്രവാദിയായ ശിമോൻ,
യാക്കോബിന്റെ മകനായ യൂദാ എന്നിവരാണ്
അവിടെ സന്നിഹിതരായത്. 14അവരെല്ലാവരും
സ്ത്രീകളോടും യേശുവിന്റെ അമ്മയായ മറി
യയോടും യേശുവിന്റെ സഹോദരന്മാരോടും
ഒരുമിച്ച് ഏകമനസ്സോടെ പ്രാർത്ഥനയിൽ മുഴു
കിയിരുന്നു.

15 ആ കാലത്ത് പത്രൊസ് ഏകദേശം നൂറ്റി
യിരുപതുപേരടങ്ങുന്ന വിശ്വാസികളുടെ [c] ഒരു
സമൂഹത്തിൽ എഴുന്നേറ്റുനിന്ന് ഇങ്ങനെ
പറഞ്ഞു: 16"സഹോദരരേ, യേശുവിനെ പിടി
ച്ചവർക്കു വഴികാട്ടിയായിത്തീർന്ന യൂദായെ
ക്കുറിച്ചു പരിശുദ്ധാത്മാവ് ദാവീദിലൂടെ മുമ്പു
പ്രസ്താവിച്ചിരുന്ന തിരുവെഴുത്തു നിറവേ
റേണ്ടതാവശ്യമായിരുന്നു. 17അയാൾ ഞങ്ങളു

[a] 5 അഥവാ, *വെള്ളത്തിൽ* [b] 12 അതായത്, ഏകദേശം $^3/_4$ മൈൽ (1,100 മീറ്ററോളം ദൂരം)
[c] 15 ഗ്രീക്കിൽ, *സഹോദരരുടെ*

ടെ എണ്ണത്തിൽപ്പെട്ടവനും ഈ ശുശ്രൂഷയിൽ പങ്കാളിയും ആയിരുന്നുവല്ലോ!"

18അയാൾ തന്റെ ദുഷ്ടതയ്ക്കു ലഭിച്ച പ്രതിഫലംകൊണ്ട് ഒരു നിലം വാങ്ങി; അവിടെ തലകീഴായി വീണു. അയാളുടെ ശരീരം പിളർന്ന് കുടലെല്ലാം ചിതറിപ്പോയി. 19യെരൂശലേമിലുള്ള എല്ലാവരും ഇതേപ്പറ്റി കേട്ടു. അതുകൊണ്ട് ആ നിലത്തിന് അവരുടെ ഭാഷയിൽ രക്തനിലം എന്നർത്ഥമുള്ള 'അക്കല്ദാമാ' എന്ന പേർ ലഭിച്ചു.

20പത്രൊസ് ഇപ്രകാരം തുടർന്നു:

" 'അവന്റെ വാസസ്ഥലം ശൂന്യമായിപ്പോകട്ടെ: അതിൽ ആരും പാർക്കാതിരിക്കട്ടെ' [a]

എന്നും

'അവന്റെ നേതൃസ്ഥാനം മറ്റൊരുവനു ലഭിക്കട്ടെ' [b]

എന്നും സങ്കീർത്തനപ്പുസ്തകത്തിൽ എഴുതിയിരിക്കുന്നുവല്ലോ.

21"ആകയാൽ യോഹന്നാന്റെ സ്നാനം മുതൽ യേശു നമ്മിൽനിന്ന് എടുക്കപ്പെട്ട സമയംവരെ, കർത്താവായ യേശു നമ്മുടെ ഇടയിൽ സഞ്ചരിച്ച കാലമെല്ലാം 22നമ്മോടുകൂടെ ഉണ്ടായിരുന്നവരിൽനിന്ന് ഒരുവനെ, അയാൾ ഞങ്ങളോടുകൂടെ അവിടുത്തെ പുനരുത്ഥാനത്തിനു സാക്ഷിയായിരിക്കേണ്ടതിനു തിരഞ്ഞെടുക്കേണ്ടതാവശ്യമാണ്." 23അങ്ങനെ അവർ യൂസ്തൊസ് എന്നുമറുപേരുള്ള ബർശബാ എന്ന യോസേഫ്, മത്ഥിയാസ് എന്നീ രണ്ടുപേരെ നിർദ്ദേശിച്ചു. 24പിന്നീട് അവർ പ്രാർത്ഥിച്ചു: "കർത്താവേ, അവിടുന്ന് എല്ലാ ഹൃദയങ്ങളെയും അറിയുന്നുവല്ലോ. 25തനിക്കു പോകേണ്ട സ്ഥലത്തേക്കു പോകുന്നതിനുവേണ്ടിയൂദാ ഉപേക്ഷിച്ചുകളഞ്ഞ ഈ അപ്പൊസ്തലശുശ്രൂഷ ഏറ്റെടുക്കുവാൻ അങ്ങു തിരഞ്ഞെടുത്തിരിക്കുന്നത് ഈ രണ്ടുപേരിൽ ആരെയാണെന്നു ഞങ്ങൾക്കു കാണിച്ചുതരേണമേ." 26അനന്തരം അവർ നറുക്കിട്ടു; നറുക്കു മത്ഥിയാസിനു വീഴുകയും അങ്ങനെ അദ്ദേഹം പതിനൊന്ന് അപ്പൊസ്തലന്മാരുടെ കൂട്ടത്തിൽ ചേർക്കപ്പെടുകയും ചെയ്തു.

പരിശുദ്ധാത്മാവിന്റെ ആഗമനം

2 പെന്തക്കോസ്തുനാൾ വന്നപ്പോൾ എല്ലാവരും ഒരു സ്ഥലത്ത് ഒന്നിച്ചുകൂടിയിരുന്നു. 2പെട്ടെന്നു കൊടുങ്കാറ്റിന്റെ ഇരമ്പൽപോലെ ആകാശത്തുനിന്ന് ഒരു ശബ്ദം ഉണ്ടായി. അത് അവർ ഇരുന്ന വീടുമുഴുവനും നിറഞ്ഞു. 3തീജ്വാലപോലെ പിളർന്ന നാവുകൾ അവർക്കു പ്രത്യക്ഷമായി ഓരോരുത്തരുടെമേലും വന്ന് ആവസിച്ചു. 4അവരെല്ലാവരും പരിശുദ്ധാത്മാവു നിറഞ്ഞവരായി ആത്മാവ് അവർക്ക് ഉച്ചരിപ്പാൻ നല്കിയതുപോലെ അന്യഭാഷകളിൽ സംസാരിച്ചുതുടങ്ങി.

5ലോകത്തിലെ എല്ലാ രാജ്യങ്ങളിൽനിന്നും ഭക്തരായ യഹൂദർ അന്നു യെരൂശലേമിൽ വന്നുപാർക്കുന്നുണ്ടായിരുന്നു. 6ഈ ആരവം ഉണ്ടായപ്പോൾ പുരുഷാരം വന്നുകൂടി തങ്ങളിൽ ഓരോരുത്തരുടെയും ഭാഷയിൽ അവർ സംസാരിക്കുന്നതു കേട്ട് അമ്പരന്നുപോയി. 7അവർ ആശ്ചര്യഭരിതരായി ചോദിച്ചു: " ഈ സംസാരിക്കുന്നവർ എല്ലാവരും ഗലീലക്കാർ അല്ലേ? 8എങ്കിൽ അവർ സംസാരിക്കുന്നത് നമ്മിൽ ഓരോരുത്തരും നമ്മുടെ സ്വന്തഭാഷയിൽ കേൾക്കുന്നതെങ്ങനെ? 9പർത്thരും മേദ്യരും ഏലാമ്യരും മെസപ്പൊത്താമ്യ, യെഹൂദ്യാ, കപ്പദോക്യ, 10പൊന്തൊസ്, ഏഷ്യാപ്രവശ്യ, ഫ്രുഗ്യ, പംഫുല്യ, ഈജിപ്റ്റ്, കുറേനയ്ക്കു സമീപമുള്ള ലിബ്യാപ്രദേശങ്ങൾ എന്നിവിടങ്ങളിൽ വസിക്കുന്നവരും റോമിൽ നിന്നു വന്ന സന്ദർശകരും യഹൂദരും യഹൂദമതം സ്വീകരിച്ചവരും ക്രീറ്റുനിവാസികളും അറബികളുമായ നാം 11ദൈവത്തിന്റെ അത്ഭുതകാര്യങ്ങൾ നമ്മുടെ ഭാഷകളിൽ അവർ പ്രസ്താവിക്കുന്നതു കേൾക്കുന്നുവല്ലോ!" 12എല്ലാവരും വിസ്മയിച്ചു പരിഭ്രാന്തിയോടെ "എന്താണിതിന്റെ അർത്ഥം?" എന്ന് അന്യോന്യം ചോദിച്ചു. 13എന്നാൽ ചിലർ, "ഇവർ പുതുവീഞ്ഞു കുടിച്ചു മത്തരായിരിക്കുന്നു" എന്നു പറഞ്ഞ് അവരെ പരിഹസിച്ചു.

പത്രൊസിന്റെ പ്രസംഗം

14അപ്പോൾ പത്രൊസ് പതിനൊന്നു പേരോടുകൂടെ നിന്നുകൊണ്ട് ശബ്ദമുയർത്തി അവരോട് ഇപ്രകാരം പറഞ്ഞു: "യഹൂദാജനങ്ങളും യെരൂശലേമിൽ താമസിക്കുന്ന ഏവരുമേ, ഇതു നിങ്ങൾ മനസ്സിലാക്കുക. 15എന്റെ വാക്കു നിങ്ങൾ ശ്രദ്ധിക്കുവിൻ. നിങ്ങൾ ഊഹിക്കുന്നതുപോലെ ഇവർ ലഹരിപിടിച്ചവരല്ല; രാവിലെ ഒൻപതു മണിയല്ലേ ആയിട്ടുള്ളൂ? 16എന്നാൽ ഇതു യോവേൽ പ്രവാചകൻ പറഞ്ഞിട്ടുള്ളതത്രേ. അതെന്തെന്നാൽ:

17 'ദൈവം അരുളിച്ചെയ്യുന്നു:
അന്ത്യകാലത്തു ഞാൻ സകല
ജനങ്ങളിന്മേലും എന്റെ ആത്മാവിനെ
പകർന്നുകൊടുക്കും; നിങ്ങളുടെ പുത്രന്മാരും പുത്രിമാരും പ്രവചിക്കും: നിങ്ങളുടെ
യുവാക്കൾക്ക് ദർശനങ്ങൾ ഉണ്ടാകും;
നിങ്ങളുടെ വൃദ്ധന്മാർ സ്വപ്നങ്ങൾ
കാണും.

[a] 20 സങ്കീർത്തനം 69 : 25 [b] 20 സങ്കീർത്തനം 109: 8

18എന്റെ ദാസന്മാരുടെമേലും, ദാസി
മാരുടെമേലും കൂടെ ഞാൻ ആ നാളു
കളിൽ എന്റെ ആത്മാവിനെ പകരും;
അവർ പ്രവചിക്കും.
19ഞാൻ ഉയരെ, ആകാശത്തിൽ അത്ഭു
തങ്ങളും താഴെ, ഭൂമിയിൽ അടയാളങ്ങളും
കാണിക്കും; രക്തവും തീയും പുക
പടലങ്ങളും തന്നേ.
20കർത്താവിന്റെ വലുതും തേജസ്സേറി
യതുമായ ദിവസം വരുന്നതിനുമുമ്പേ
സൂര്യൻ ഇരുളായും ചന്ദ്രൻ രക്തമായും
മാറും.
21കർത്താവിന്റെ നാമം വിളിച്ചപേക്ഷി
ക്കുന്ന എല്ലാവരും രക്ഷിക്കപ്പെടും.' [a]
22"യിസ്രായേൽജനമേ ഇതു കേൾക്കുക: ന
സ്രായനായ യേശു എന്ന മനുഷ്യനെ ദൈവം
അദ്ദേഹത്തിലൂടെ നിങ്ങളുടെ ഇടയിൽ ചെയ്ത
വീര്യപ്രവർത്തികളും അത്ഭുതങ്ങളും അടയാ
ളങ്ങളും മുഖേന സാക്ഷ്യപ്പെടുത്തിയ വസ്തു
ത നിങ്ങൾക്ക് അറിയാമല്ലോ. 23ദൈവത്തിന്റെ
നിശ്ചിതപദ്ധതിയാലും മുൻനിർണ്ണയത്താലു
മാണ് അദ്ദേഹത്തെ നിങ്ങളുടെ കയ്യിൽ ഏല്പി
ച്ചുതന്നത്. നിങ്ങൾ അദ്ദേഹത്തെ അധർമ്മികളു
ടെ [b] കൈകളാൽ ക്രൂശിൽ തറച്ചുകൊന്നു.
24എന്നാൽ ദൈവം മരണപാശങ്ങളിൽനിന്ന് അ
ദ്ദേഹത്തെ സ്വതന്ത്രനാക്കി ഉയിർപ്പിച്ചു.
മരണത്തിന് അദ്ദേഹത്തെ പിടിച്ചുവയ്ക്കുന്നത്
അസാദ്ധ്യമായിരുന്നു.
25"ദാവീദ് അദ്ദേഹത്തെക്കുറിച്ച് പറയുന്നത്
ഇപ്രകാരമാണ്:

'ഞാൻ കർത്താവിനെ എപ്പോഴും എ
ന്റെ മുമ്പിൽ കണ്ടിരിക്കുന്നു: ഞാൻ കു
ലുങ്ങിപ്പോകാതവണ്ണം അവിടുന്ന് എന്റെ
വലത്തുഭാഗത്തുണ്ട്.
26അതുകൊണ്ട് എന്റെ ഹൃദയം സ
ന്തോഷിക്കുകയും എന്റെ നാവു ആനന്ദി
ക്കുകയും ചെയ്യും. തന്നെയുമല്ല എന്റെ
ജഡം പ്രത്യാശയോടെ വസിക്കും.
27എന്തെന്നാൽ എന്റെ പ്രാണനെ അവി
ടുന്ന് പാതാളത്തിൽ വിട്ടുകളയുകയില്ല.
അവിടുത്തെ പരിശുദ്ധനെ ദ്രവത്വം കാണു
വാൻ സമ്മതിക്കയുമില്ല.
28ജീവന്റെ വഴികൾ അവിടുന്ന് എന്നെ
അറിയിച്ചു തിരുസന്നിധിയിൽ എന്നെ
സന്തോഷപൂർണ്ണനാക്കും,' [c]

29"സഹോദരരേ, ഗോത്രപിതാവായ ദാവീദി
നെക്കുറിച്ച്, അദ്ദേഹം മരിച്ചു എന്നും അടക്ക
പ്പെട്ടു എന്നും എനിക്ക് നിങ്ങളോടു ഉറപ്പായി
പറയാം; അദ്ദേഹത്തിന്റെ കല്ലറ ഇന്നുവരെ
നമ്മുടെ ഇടയിൽ ഉണ്ടല്ലോ. 30ദാവീദ് ഒരു
പ്രവാചകൻ ആയിരുന്നു. അദ്ദേഹത്തിന്റെ പിൻ
ഗാമികളിൽ ഒരുവനെ ദൈവം അദ്ദേഹത്തിന്റെ
സിംഹാസനത്തിലിരുത്തും എന്നു തന്നോടു
ആണയാൽ പ്രതിജ്ഞ ചെയ്ത കാര്യം തനി
ക്കറിയാമായിരുന്നു. 31'അദ്ദേഹത്തെ പാതാ
ളത്തിൽ വിട്ടുകളഞ്ഞില്ല; അദ്ദേഹത്തിന്റെ
ശരീരം ജീർണ്ണത കണ്ടതുമില്ല' എന്നു
ക്രിസ്തുവിന്റെ പുനരുത്ഥാനം മുമ്പുകൂട്ടി
കണ്ടു ദാവീദ് പ്രസ്താവിച്ചു. 32ഈ യേശുവിനെ
യാണ് ദൈവം ഉയിർത്തെഴുന്നേല്പിച്ചത്. ഈ
വസ്തുതയ്ക്കു ഞങ്ങളെല്ലാവരും സാക്ഷികളാ
കുന്നു. 33അദ്ദേഹം ദൈവത്തിന്റെ വലത്തുഭാ
ഗത്തേക്ക് ഉയർത്തപ്പെടുകയും പരിശുദ്ധാത്മാ
വ് എന്ന വാഗ്ദാനം പിതാവിൽനിന്നു സ്വീകരി
ച്ച്, നിങ്ങൾ ഈ കാണുകയും കേൾക്കുകയും
ചെയ്യുന്നവ പകർന്നുതരികയും ചെയ്തിരിക്കു
ന്നു. 34ദാവീദ് സ്വർഗ്ഗാരോഹണം ചെയ്തില്ല
ല്ലോ! എങ്കിലും അദ്ദേഹം പറയുന്നത് ഇങ്ങ
നെയാണ്:

'കർത്താവ് എന്റെ കർത്താവിനോട്
അരുളിച്ചെയ്യുന്നു: 35'ഞാൻ നിന്റെ ശ
ത്രുക്കളെ നിന്റെ പാദപീഠം ആക്കുവോ
ളം നീ എന്റെ വലത്തുഭാഗത്ത് ഇരിക്ക.' [d]

36"ആകയാൽ നിങ്ങൾ ക്രൂശിച്ച ഈ
യേശുവിനെത്തന്നേ ദൈവം കർത്താവും
ക്രിസ്തുവുമാക്കിവച്ചു എന്നു യിസ്രായേൽ
ഗൃഹമൊക്കെയും നിശ്ചയമായി അറിഞ്ഞു
കൊള്ളട്ടെ."
37ജനങ്ങൾ ഇതുകേട്ടിട്ട് ഹൃദയത്തിൽ
കുത്തുകൊണ്ട് പത്രൊസിനോടും മറ്റു അപ്പൊ
സ്തലന്മാരോടും: "സഹോദരരേ, ഞങ്ങൾ
എന്താണ് ചെയ്യേണ്ടത്?" എന്നു ചോദിച്ചു.
38പത്രൊസ് അവരോടു പറഞ്ഞു: "നിങ്ങൾ മാ
നസാന്തരപ്പെട്ട് ഓരോരുത്തരും യേശുക്രിസ്തു
വിന്റെ നാമത്തിൽ സ്നാനം ഏല്ക്കുക; എ
ന്നാൽ നിങ്ങളുടെ പാപങ്ങൾ മോചിക്കപ്പെടും;
പരിശുദ്ധാത്മാവ് എന്ന ദാനം നിങ്ങൾക്കു ലഭി
ക്കും. 39ഈ വാഗ്ദാനം നമ്മുടെ ദൈവമായ
കർത്താവു തന്റെ അടുത്തേക്കു വിളിക്കുന്ന
എല്ലാവർക്കും വേണ്ടിയുള്ളതാണ്; നിങ്ങൾക്കും
നിങ്ങളുടെ മക്കൾക്കും വിദൂരസ്ഥരായ ഏവർ
ക്കും തന്നേ" 40മറ്റനേകം വാക്കുകളാൽ അ
ദ്ദേഹം അവർക്കു സാക്ഷ്യം നല്കി; "വക്രതയു
ള്ള ഈ തലമുറയിൽ നിന്നു രക്ഷിക്കപ്പെടുവിൻ"
എന്ന് ഉദ്ബോധിപ്പിച്ചു. 41അദ്ദേഹത്തിന്റെ സ
ന്ദേശം സ്വീകരിച്ചവർ സ്നാനം ഏറ്റു. അന്നു

a 21യോവേൽ 2: 28 - 32 *b* 23 അഥവാ, *ന്യായപ്രമാണം ഇല്ലാത്തവരുടെ* (അതായത്, വിജാതീയരുടെ)
c 28 സങ്കീർത്തനം 16: 8, 11 *d* 35 സങ്കീർത്തനം 110: 1

മൂവായിരത്തോളം പേർ അവരോടുചേർന്നു.

വിശ്വാസികളുടെ കൂട്ടായ്മ

42അവർ അപ്പൊസ്തലന്മാരുടെ ഉപദേശത്തിലും കൂട്ടായ്മയിലും അപ്പം മുറിക്കലിലും പ്രാർത്ഥനയിലും മുഴുകിയിരുന്നു. 43അപ്പൊസ്തലന്മാർ മുഖേന അനവധി അത്ഭുതങ്ങളും അടയാളങ്ങളും നടന്നു; എല്ലാവർക്കും ഭയമായി. 44വിശ്വാസികൾ എല്ലാവരും ഒരുമയോടെ ചേർന്നു വരികയും സകലവും പൊതുവക എന്നു കരുതുകയും ചെയ്തു. 45തങ്ങളുടെ സമ്പാദ്യങ്ങളും വിഭവങ്ങളും വിറ്റ് ഓരോരുത്തർക്ക് ആവശ്യമുള്ളതുപോലെ അവർ എല്ലാവർക്കും പങ്കിട്ടു. 46അവർ ഒരുമനപ്പെട്ട് ദിനമ്പ്രതി ദൈവാലയത്തിൽ കൂടിവരികയും വീട്ടിൽ അപ്പം മുറിച്ചുകൊണ്ട് ഉല്ലാസത്തോടും ഹൃദയപരമാർത്ഥതയോടുംകൂടെ ഭക്ഷണം കഴിക്കയും 47ദൈവത്തെ സ്തുതിക്കയും സകല ജനത്തിന്റെയും പ്രീതി അനുഭവിക്കയും ചെയ്തു. കർത്താവ് രക്ഷിക്കപ്പെടുന്നവരെ ദിനംപ്രതി സഭയോടു ചേർത്തുകൊണ്ടിരുന്നു.

പത്രൊസ് മുടന്തനായ
ഭിക്ഷക്കാരനെ സൗഖ്യമാക്കുന്നു

3 ഒരു ദിവസം പത്രൊസും യോഹന്നാനും ഉച്ചകഴിഞ്ഞ് മൂന്നുമണിക്കുള്ള പ്രാർത്ഥനാസമയത്ത് ദൈവാലയത്തിലേയ്ക്കു പോകുകയായിരുന്നു. 2ജന്മനാ മുടന്തനായ ഒരാളെ ചിലർ ദൈവാലയത്തിന്റെ സുന്ദരം എന്ന ഗോപുരത്തിങ്കലേക്ക് എടുത്തുകൊണ്ടുവന്നു. ദൈവാലയത്തിൽ ചെല്ലുന്നവരോട് ഭിക്ഷയാചിക്കുവാൻ അയാളെ ദിനംപ്രതി അവിടെ ഇരുത്തുക പതിവായിരുന്നു. 3പത്രൊസും യോഹന്നാനും ദൈവാലയത്തിലേക്കു പ്രവേശിക്കുന്നതു കണ്ട് അയാൾ അവരോടു ഭിക്ഷചോദിച്ചു. 4പത്രൊസും യോഹന്നാനും അയാളെ ഉറ്റുനോക്കിയിട്ട് " ഞങ്ങളെ നോക്കൂ" എന്നു പറഞ്ഞു. 5അവരിൽനിന്നും വല്ലതും കിട്ടും എന്ന ആശയോടെ അയാൾ അവരെ നോക്കി. 6അപ്പോൾ പത്രൊസ്: "വെള്ളിയോ പൊന്നോ എനിക്കില്ല; എന്നാൽ എനിക്കുള്ളതു ഞാൻ നിനക്കു തരുന്നു; നസറായനായ യേശുക്രിസ്തുവിന്റെ നാമത്തിൽ നടക്കുക" എന്നു പറഞ്ഞ് 7അയാളെ വലങ്കൈയ്ക്കു പിടിച്ചെഴുന്നേല്പിച്ചു. ഉടൻ തന്നേ അയാളുടെ പാദങ്ങളും കണങ്കാലുകളും ബലം പ്രാപിച്ചു. 8അയാൾ ചാടിയെഴുന്നേറ്റു നിന്നു; നടന്നും തുള്ളിച്ചാടിയും ദൈവത്തെ സ്തുതിച്ചും കൊണ്ട് അവരോടുകൂടെ ദൈവാലയത്തിൽ പ്രവേശിച്ചു. അയാൾ നടക്കുന്നതും ദൈവത്തെ സ്തുതിക്കുന്നതും എല്ലാവരും കണ്ടു. 9സുന്ദരം എന്ന ദൈവാലയ ഗോപുരത്തിങ്കൽ ഭിക്ഷ യാചിച്ചുകൊണ്ട് ഇരുന്നവനാണ് അയാളെന്ന് അവർ തിരിച്ചറിഞ്ഞു. 10അയാൾക്കു സംഭവിച്ചതിനെക്കുറിച്ച് അവർ ആശ്ചര്യവും വിസ്മയവും നിറഞ്ഞവരായിത്തീർന്നു.

പത്രൊസിന്റെ പ്രസംഗം

11അയാൾ പത്രൊസിനോടും യോഹന്നാനോടും ചേർന്നുനില്ക്കുമ്പോൾ ജനമെല്ലാം ആശ്ചര്യഭരിതരായി 'ശലോമോന്റെ മണ്ഡപം' എന്ന സ്ഥലത്ത് അവരുടെ അടുക്കൽ ഓടിക്കൂടി. 12അതുകണ്ടിട്ട് പത്രൊസ് അവരോടു പറഞ്ഞു: "യിസ്രായേൽ ജനമേ, ഇതിൽ നിങ്ങൾ ആശ്ചര്യപ്പെടുന്നത് എന്ത്? ഞങ്ങൾ സ്വന്ത ശക്തികൊണ്ടോ ഭക്തികൊണ്ടോ ഇയാളെ നടക്കുവാൻ പ്രാപ്തനാക്കി എന്ന ഭാവത്തിൽ ഞങ്ങളെ എന്തിന് ഉറ്റുനോക്കുന്നു? 13അബ്രാഹാമിന്റെയും യിസ്ഹാക്കിന്റെയും യാക്കോബിന്റെയും ദൈവം, നമ്മുടെ പിതാക്കന്മാരുടെ ദൈവം തന്നേ, തന്റെ ദാസനായ യേശുവിനെ മഹത്ത്വപ്പെടുത്തി; നിങ്ങൾ അദ്ദേഹത്തെ കൊല്ലുവാൻ ഏല്പിച്ചുകൊടുത്തു; പീലാത്തോസ് അദ്ദേഹത്തെ വിട്ടയപ്പാൻ വിധിച്ചിട്ടും നിങ്ങൾ അദ്ദേഹത്തെ തള്ളിക്കളഞ്ഞു. 14പരിശുദ്ധനും നീതിമാനുമായവനെ തള്ളിക്കളയുകയും ഒരു കൊലപാതകിയെ വിട്ടുതരണം എന്നപേക്ഷിക്കുകയും ചെയ്തു. 15ജീവന്റെ ഉടയവനെ നിങ്ങൾ കൊന്നുകളഞ്ഞു. എന്നാൽ ദൈവം അദ്ദേഹത്തെ മരിച്ചവരിൽനിന്നു ഉയിർപ്പിച്ചു; ഇതിന് ഞങ്ങൾ സാക്ഷികൾ ആകുന്നു. 16അവിടുത്തെനാമത്തിലാണ്, ആ നാമത്തിലുള്ള വിശ്വാസത്താലാണ്, നിങ്ങൾ കാണുകയും അറിയുകയും ചെയ്യുന്ന ഇയാൾ ബലം പ്രാപിച്ചിരിക്കുന്നത്; അദ്ദേഹത്തിലുള്ള വിശ്വാസമാണ്, നിങ്ങളെല്ലാം കാണുന്നതുപോലെ ഇയാളെ പൂർണ്ണസൗഖ്യം ഉള്ളവനാക്കിത്തീർത്തത്. 17സഹോദരരേ, നിങ്ങളുടെ പ്രമാണികളെപ്പോലെ നിങ്ങളും അജ്ഞത മൂലം ഇതു ചെയ്തുവെന്ന് എനിക്കറിയാം. 18എന്നാൽ തന്റെ ക്രിസ്തു കഷ്ടമനുഭവിക്കും എന്ന് സകല പ്രവാചകന്മാരും മുഖേന ദൈവം മുന്നറിയിച്ചത് ഇപ്രകാരം നിറവേറുവാൻ ഇടയായി. 19ഇപ്പോൾ നിങ്ങളുടെ പാപങ്ങൾ മായിക്കപ്പെടേണ്ടതിനു മാനസാന്തരപ്പെട്ട് അനുതപിച്ചു ദൈവത്തിങ്കലേക്കു തിരിഞ്ഞുകൊള്ളുവിൻ; 20എന്നാൽ കർത്താവിന്റെ സന്നിധിയിൽ നിന്ന് ആശ്വാസകാലങ്ങൾ വരികയും നിങ്ങൾക്കായി നിയോഗിക്കപ്പെട്ടിരിക്കുന്ന ക്രിസ്തുവാകുന്ന യേശുവിനെ അവിടുന്ന് അയയ്ക്കുകയും ചെയ്യും. 21പണ്ടുകാലം മുതൽ തന്റെ വിശുദ്ധപ്രവാചകരിലൂടെ ദൈവം വാഗ്ദാനം ചെയ്തിട്ടുള്ളത്

എല്ലാംഅവിടുന്ന് യഥാസ്ഥാനപ്പെടുത്തുന്ന കാലം വരെ യേശു സ്വർഗ്ഗത്തിൽ ആയിരിക്കേണ്ടതാകുന്നു. 22മോശെ ഇപ്രകാരം പറഞ്ഞുവല്ലോ,'നിങ്ങളുടെ ദൈവമായ കർത്താവ് നിങ്ങളുടെ സഹോദരരുടെ ഇടയിൽനിന്ന് എന്നെപ്പോലെയുള്ള ഒരു പ്രവാചകനെ നിങ്ങൾക്കുവേണ്ടി ഉയർത്തും; അദ്ദേഹം പറയുന്നതെല്ലാം നിങ്ങൾ ശ്രദ്ധയോടെ കേട്ടനുസരിക്കണം. 23ആ പ്രവാചകന്റെ വാക്കു കേൾക്കാത്ത ഏതൊരുവനും ജനത്തിന്റെ ഇടയിൽ നിന്നു ഛേദിക്കപ്പെടും.'[a]

24"മാത്രമല്ല, ശമൂവേൽ മുതലുള്ള എല്ലാ പ്രവാചകന്മാരും ഈ നാളുകളെക്കുറിച്ചു പ്രസ്താവിച്ചിട്ടുണ്ട്. 25'ഭൂമിയിലെ സകല കുടുംബങ്ങളും നിന്റെ സന്തതിയിലൂടെ അനുഗ്രഹിക്കപ്പെടും[b]' എന്നു ദൈവം അബ്രാഹാമിനോട് അരുളിച്ചെയ്തു. അപ്രകാരം നിങ്ങൾ ആ പ്രവാചകരുടെയും നിങ്ങളുടെ പിതാക്കന്മാരോട് ദൈവം ചെയ്ത ഉടമ്പടിയുടെയും മക്കളത്രേ. 26അങ്ങനെ നിങ്ങളിൽ ഓരോരുത്തരെയും നിങ്ങളുടെ ദുഷ്ടതയിൽ നിന്നു പിന്തിരിപ്പിച്ച് അനുഗ്രഹിക്കേണ്ടതിനു ദൈവം തന്റെ ദാസനായ യേശുവിനെ എഴുന്നേല്പിച്ച് ആദ്യം നിങ്ങളുടെ അടുത്തേക്കയച്ചു."

പത്രൊസും യോഹന്നാനും
ന്യായാധിപസംഘത്തിനു മുമ്പിൽ

4 പത്രൊസും യോഹന്നാനും ജനത്തോടു സംസാരിച്ചുകൊണ്ടിരുന്നപ്പോൾ പുരോഹിതന്മാരും ദൈവാലയത്തിലെ സൈന്യാധിപനും സദൂക്യരും അവരുടെ നേരെ വന്നു. 2ഈ അപ്പൊസ്തലന്മാർ ജനത്തെ ഉപദേശിക്കുകയും മരിച്ചവർക്ക് യേശുവിലൂടെ പുനരുത്ഥാനമുണ്ട് എന്നു പ്രസംഗിക്കുകയും ചെയ്യുകയാൽ അവർ വളരെ നീരസപ്പെട്ടു. 3അവർ അവരെ പിടിച്ചു; സന്ധ്യാസമയം ആയിരുന്നതുകൊണ്ട് പിറ്റേന്നാൾവരെ തടവിലാക്കി. 4എന്നാൽ വചനം കേട്ടവരിൽ വളരെപ്പേർ വിശ്വസിച്ചു; വിശ്വസിച്ചവരുടെ എണ്ണം ഏകദേശം അയ്യായിരം ആയി.

5പിറ്റേന്നാൾ അധികാരികളും മൂപ്പന്മാരും വേദജ്ഞരും യെരൂശലേമിൽ ഒന്നിച്ചുകൂടി; 6മഹാപുരോഹിതനായ ഹന്നാവും കയ്യഫാവും യോഹന്നാനും, അലക്സാണ്ടറും മഹാപുരോഹിതവംശത്തിൽപ്പെട്ട മറ്റുള്ളവരും അവിടെ ഉണ്ടായിരുന്നു. 7അവർ പത്രൊസിനെയും യോഹന്നാനെയും തങ്ങളുടെ മദ്ധ്യത്തിൽ നിർത്തി, "നിങ്ങൾ എന്ത് അധികാരത്തിൽ അഥവാ ഏതു നാമത്തിൽ ഇതു ചെയ്തു?" എന്നു ചോദിച്ചു. 8അപ്പോൾ പത്രൊസ് പരിശുദ്ധാത്മാവു നിറഞ്ഞവനായി അവരോടു പറഞ്ഞു: 9"ജനത്തിന്റെ അധികാരികളും മൂപ്പന്മാരും ആയുള്ളോരേ, മുടന്തനായ ഒരു മനുഷ്യനോടു കാണിച്ച കരുണയെയും അവനു സൗഖ്യം ലഭിച്ചത് എങ്ങനെ എന്നതിനെയും സംബന്ധിച്ചാണ് ഞങ്ങളെ ഇന്നു വിസ്തരിക്കുന്നതെങ്കിൽ, 10നിങ്ങൾ ക്രൂശിച്ചവനും ദൈവം മരിച്ചവരിൽനിന്ന് ഉയിർപ്പിച്ചവനുമായ നസറായനായ യേശുക്രിസ്തുവിന്റെ നാമത്താൽത്തന്നേ, ഇവൻ പൂർണ്ണസൗഖ്യമുള്ളവനായി നിങ്ങളുടെ മുമ്പിൽ നില്ക്കുന്നു എന്നു നിങ്ങളും എല്ലായിസ്രായേൽജനവും അറിഞ്ഞുകൊൾവിൻ.

11" 'വീടുപണിയുന്നവരായ നിങ്ങൾ തള്ളിക്കളഞ്ഞതെങ്കിലും മൂലക്കല്ലായിത്തീർന്ന കല്ല്[c] ' ഈ യേശു തന്നേ.

12"മറ്റൊരുവനിലും രക്ഷ ഇല്ല; നാം രക്ഷിക്കപ്പെടുവാൻ ആകാശത്തിൻകീഴിൽ, മനുഷ്യരുടെ ഇടയിൽ നല്കപ്പെട്ട വേറൊരു നാമവും ഇല്ല."

13അവർ പത്രൊസിന്റെയും യോഹന്നാന്റെയും ധൈര്യം കാണുകയും അവർ പഠിപ്പില്ലാത്ത സാധാരണമനുഷ്യർ എന്നു ഗ്രഹിക്കുകയും ചെയ്തപ്പോൾ ആശ്ചര്യപ്പെട്ടു; അവർ യേശുവിനോടുകൂടെ ആയിരുന്നവർ എന്ന് അവർ മനസ്സിലാക്കി. 14സൗഖ്യം പ്രാപിച്ച മനുഷ്യൻ അവിടെ അവരോടുകൂടെ നില്ക്കുന്നതു കണ്ടതുകൊണ്ട് അവർക്ക് ഒന്നും എതിർത്തു പറയുവാൻ കഴിഞ്ഞില്ല. 15അതുകൊണ്ട് അവരോടു ന്യായാധിപസംഘത്തിൽനിന്നു പുറത്തു പോകുവാൻ കല്പിച്ചിട്ട് അവർ തമ്മിൽ കൂടിയാലോചന നടത്തി; 16"ഈ മനുഷ്യരുടെ കാര്യത്തിൽ നാം എന്താണു ചെയ്യേണ്ടത്? വളരെ ശ്രദ്ധേയമായ ഒരു അത്ഭുതം അവർ ചെയ്തിരിക്കുന്നു എന്നു യെരൂശലേമിൽ പാർക്കുന്ന എല്ലാവർക്കും അറിയാം; അതു നിഷേധിക്കാൻ നമുക്കു സാധ്യവുമല്ല. 17എങ്കിലും അതു ജനമദ്ധ്യേ കൂടുതൽ പ്രചരിക്കാതിരിക്കാൻ ഇനിമേൽ ഈ നാമത്തിൽ ഒരു മനുഷ്യനോടും അവർ സംസാരിക്കരുതെന്നു താക്കീതു നല്കണം." എന്നു പറഞ്ഞു.

18പിന്നെ അവരെ വിളിച്ച്: "നിങ്ങൾ യേശുവിന്റെ നാമത്തിൽ സംസാരിക്കുകയോ ഉപദേശിക്കുകയോ അരുത്" എന്നു കല്പിച്ചു. 19അതിന് പത്രൊസും യോഹന്നാനും: "ദൈവത്തേക്കാൾ അധികം നിങ്ങളെ അനുസരിക്കുന്നതു ദൈവദൃഷ്ടിയിൽ ശരിയോ എന്നു നിങ്ങൾ തന്നേ വിധിപ്പിൻ. 20ഞങ്ങൾക്കോ ഞങ്ങൾ കാണുകയും കേൾക്കുകയും ചെയ്തതു പ്രസ്താവിക്കാതിരിപ്പാൻ സാദ്ധ്യമല്ല" എന്ന് ഉത്തരം പറഞ്ഞു. 21 ഈ സംഭവം നിമിത്തം ജനങ്ങൾ ദൈവത്തെ മഹത്വപ്പെടുത്തിക്കൊണ്ടിരുന്നതി

[a] 23 ആവർത്തനം 18 : 15, 18, 19 [b] 25 ഉല്പത്തി 22: 18, 26: 4 [c] 4: 11 സങ്കീർത്തനം 118 : 22

നാൽ അവരെ ശിക്ഷിക്കുവാനുള്ള മാർഗ്ഗ
മൊന്നും അവർ കണ്ടില്ല. വീണ്ടും അവരെ ഭീ
ഷണിപ്പെടുത്തിയശേഷം വിട്ടയച്ചു. 22അത്ഭു
തകരമായ രോഗസൗഖ്യംപ്രാപിച്ച ആ മനുഷ്യന്
നാല്പതിലധികം വയസ്സുണ്ടായിരുന്നു.

വിശ്വാസികളുടെ പ്രാർത്ഥന

23വിമോചിതരായശേഷം പത്രൊസും
യോഹന്നാനും സ്നേഹിതരുടെ അടുക്കൽ
മടങ്ങിച്ചെന്ന് മുഖ്യപുരോഹിതന്മാരും മൂപ്പന്മാ
രും തങ്ങളോടു പറഞ്ഞതെല്ലാം അവരെ അറി
യിച്ചു. 24അതു കേട്ടപ്പോൾ അവർ ഏകമന
സ്സോടെ ഉച്ചത്തിൽ ദൈവത്തോടു പ്രാർത്ഥിച്ചു:
"ആകാശവും ഭൂമിയും സമുദ്രവും അവയിലു
ള്ള സകലവും സൃഷ്ടിച്ച നാഥാ,
25'ജനതകൾ രോഷാകുലരായിത്തീരുന്നതും
വംശങ്ങൾ വ്യർത്ഥകാര്യങ്ങൾ നിരൂപിക്കുന്നതും
എന്തിന്? 26കർത്താവിനും അവിടുത്തെ അഭി
ഷിക്തനു[a] വിരോധമായി ഭൂമിയിലെ രാജാ
ക്കന്മാർ അണിനിരക്കുകയും അധിപതികൾ
ഒന്നിച്ചുകൂടുകയും ചെയ്തിരിക്കുന്നു'
എന്ന് അവിടുത്തെ ദാസനായ ദാവീദ് മു
ഖാന്തരം അവിടുന്ന് പരിശുദ്ധാത്മാവിനാൽ
അരുളിച്ചെയ്തിരിക്കുന്നു. 27അങ്ങ് അഭിഷേകം
ചെയ്ത അവിടുത്തെ പരിശുദ്ധദാസനായ
യേശുവിനു വിരോധമായി ഹെരോദാവും
പൊന്തിയൊസ് പീലാത്തോസും വിജാതീയരോ
ടും യിസ്രായേൽജനതയോടും ഒരുമിച്ച് ഈ
നഗരത്തിൽകൂടി, 28സംഭവിക്കേണം എന്ന് അവി
ടുത്തെ ഭുജബലവും ഇച്ഛയും മുൻനിയമിച്ച
തൊക്കെയും അവർ ചെയ്തിരിക്കുന്നു. 29ഇ
പ്പോൾ കർത്താവേ, അവരുടെ ഭീഷണികൾ
നോക്കേണമേ. അങ്ങയുടെ വചനം പൂർണ്ണ
ധൈര്യത്തോടെ പ്രസ്താവിക്കുവാൻ അവിടു
ത്തെ ദാസരെ ബലപ്പെടുത്തണമേ. 30അവിടു
ത്തെ പരിശുദ്ധദാസനായ യേശുവിന്റെ നാ
മത്തിൽ സൗഖ്യം വരുത്തുവാനും അടയാ
ളങ്ങളും അത്ഭുതങ്ങളും പ്രവർത്തിക്കുവാനും
അവിടുത്തെ കൈ നീട്ടണമേ" 31ഇങ്ങനെ
പ്രാർത്ഥിച്ചപ്പോൾ അവർ കൂടിയിരുന്ന സ്ഥലം
കുലുങ്ങി; എല്ലാവരും പരിശുദ്ധാത്മാവ്
നിറഞ്ഞവരായി പൂർണ്ണധൈര്യത്തോടെ
ദൈവവചനം പ്രസ്താവിച്ചു.

വിശ്വാസികൾ സമ്പത്തു പങ്കിടുന്നു

32വിശ്വാസികളെല്ലാവരും ഏകഹൃദയവും
ഏകമനസ്സും ഉള്ളവരായിരുന്നു; തങ്ങളുടെ
വസ്തുവകയൊന്നും സ്വന്തമെന്ന് അവരിലാരും
കരുതിയില്ല. അവർക്കുണ്ടായിരുന്നതെല്ലാം
പൊതുവകയായി അവർ കണക്കാക്കി.
33അപ്പൊസ്തലന്മാർ മഹാശക്തിയോടെ
കർത്താവായ യേശുവിന്റെ ഉയിർത്തെഴു
ന്നേല്പിനു സാക്ഷ്യം വഹിച്ചുപോന്നു. എല്ലാ
വരുടെമേലും വലിയ കൃപ ഉണ്ടായിരുന്നു.
34അവരുടെ യിടയിൽ ബുദ്ധിമുട്ടനുഭവി
ക്കുന്നവർ ആരും ഉണ്ടായിരുന്നില്ല; നിലങ്ങളോ
വീടുകളോ ഉണ്ടായിരുന്നവർ അവ വിറ്റു പണം
കൊണ്ടുവന്ന് അപ്പൊസ്തലന്മാരുടെ കാ
ല്ക്കൽ വച്ചു; 35പിന്നെ ഓരോരുത്തർക്ക്
അവരവരുടെ ആവശ്യമനുസരിച്ച് അതു വിഭാ
ഗിച്ചുകൊടുത്തു. 36സൈപ്രസുകാരനായ
യോസേഫ് എന്നൊരു ലേവ്യൻ ഉണ്ടായിരുന്നു.
അപ്പൊസ്തലന്മാർ അയാളെ ബർന്നബാസ്
എന്നു വിളിച്ചിരുന്നു. ആ പേരിനു
പ്രബോധനപുത്രൻ എന്നാണർത്ഥം. 37അയാൾ
തനിക്കുണ്ടായിരുന്ന നിലം വിറ്റു പണം
കൊണ്ടുവന്ന് അപ്പൊസ്തലന്മാരുടെ കാ
ല്ക്കൽ വച്ചു.

അനന്യാസും സഫീരയും

5 അനന്യാസ് എന്നു പേരുള്ള ഒരു മനുഷ്യൻ
അയാളുടെ ഭാര്യ സഫീരയോടുകൂടെ ഒരു
നിലം വിറ്റു. 2ഭാര്യയുടെ അറിവോടുകൂടെ
അയാൾ വിലയിൽ കുറെ തനിക്കായിത്തന്നേ
മാറ്റിവച്ചിട്ട് ബാക്കിയുള്ളതു കൊണ്ടുവന്ന് അ
പ്പൊസ്തലന്മാരുടെ കാല്ക്കൽ വച്ചു. 3അപ്പോൾ
പത്രൊസ് പറഞ്ഞു: "അനന്യാസേ, പരിശു
ദ്ധാത്മാവിനോടു വ്യാജം കാണിക്കാനും നില
ത്തിന്റെ വിലയിൽ കുറെയെടുത്തു മാറ്റി
വയ്ക്കാനും തക്കവണ്ണം സാത്താൻ നിന്റെ
ഹൃദയത്തെ കവർന്നതെന്ത്? 4അതു വില്ക്കു
ന്നതിനുമുമ്പേ നിന്റേതായിരുന്നില്ലേ? വിറ്റുകി
ട്ടിയ പണവും നിന്റെ കൈവശം ആയിരുന്നി
ല്ലേ? പിന്നെ ഈ പ്രവൃത്തി ചെയ്യുവാൻ നിനക്കു
മനസ്സു വന്നതെങ്ങനെ? നീ മനുഷ്യരോടല്ല
ദൈവത്തോടത്രേ വ്യാജം കാണിച്ചത്." 5ഈ
വാക്ക് കേട്ടപ്പോൾ അനന്യാസ് നിലത്തു വീണു
മരിച്ചു. ഇതു കേട്ടവർക്കെല്ലാം വലിയ ഭയമു
ണ്ടായി. 6 യുവാക്കൾ എഴുന്നേറ്റുചെന്ന് അയാ
ളുടെ ശരീരം തുണിയിൽ പൊതിഞ്ഞു പുറത്തു
കൊണ്ടുപോയി സംസ്കരിച്ചു.

7ഏകദേശം മൂന്നുമണിക്കൂർ കഴിഞ്ഞപ്പോൾ
അനന്യാസിന്റെ ഭാര്യ സംഭവിച്ചതൊന്നും അറി
യാതെ അകത്തുവന്നു. പത്രൊസ് അവളോട്:
8"പറയൂ! ഈ വിലയ്ക്കാണോ നിങ്ങൾ നിലം
വിറ്റത്?" എന്നു ചോദിച്ചു. 9"ഉവ്വ്, അത്രയ്ക്കു
തന്നേ" അവൾ പറഞ്ഞു. പത്രൊസ് അവളോട്:
"കർത്താവിന്റെ ആത്മാവിനെ പരീക്ഷിക്കാൻ
നിങ്ങൾ ഒത്തുചേർന്നതെങ്ങനെ? നിന്റെ
ഭർത്താവിനെ അടക്കം ചെയ്തവർ വാതില്ക്കൽ

[a] 26 *ക്രിസ്തു* അഥവാ *മശിഹാ*; സങ്കീർത്തനം 2: 1,2

ത്തന്നെ നില്ക്കുന്നുണ്ട്, അവർ നിന്നെയും പുറത്തുകൊണ്ടുപോകും." എന്നു പറഞ്ഞു. 10ഉടനെ അവൾ അദ്ദേഹത്തിന്റെ കാൽക്കൽ വീണുമരിച്ചു; യുവാക്കൾ അകത്തുവന്ന്, അവൾ മരിച്ചുവെന്നു കണ്ട് പുറത്തു കൊണ്ടുപോയി ഭർത്താവിന്റെ അരികെ സംസ്കരിച്ചു. 11സർവ്വസഭയ്ക്കും ഈ സംഭവം കേട്ട എല്ലാവർക്കും വലിയ ഭയം ഉണ്ടായി.

അപ്പൊസ്തലന്മാർ അനേകർക്കു
രോഗശാന്തി നല്കുന്നു

12അപ്പൊസ്തലന്മാർ ജനത്തിന്റെ ഇടയിൽ വളരെ അടയാളങ്ങളും അത്ഭുതങ്ങളും പ്രവർത്തിച്ചു. വിശ്വാസികളെല്ലാം ശലോമോന്റെ മണ്ഡപത്തിൽ കൂടിവരിക പതിവായിരുന്നു. 13മറ്റുള്ളവർ ആരും അവരോടു ചേർന്നു വരുവാൻ ധൈര്യപ്പെട്ടില്ല എങ്കിലും ജനങ്ങൾ അവരെ അത്യധികം ബഹുമാനിച്ചു. 14കർത്താവിൽ വിശ്വസിച്ച് അവരോടു ചേർന്ന സ്ത്രീപുരുഷന്മാരുടെ സംഖ്യ മേല്ക്കുമേൽ വർദ്ധിച്ചു. 15തൽഫലമായി ജനങ്ങൾ രോഗികളെ തെരുവീഥികളിൽ കൊണ്ടുവന്ന്, പത്രൊസ് കടന്നുപോകുമ്പോൾ അദ്ദേഹത്തിന്റെ നിഴലെങ്കിലും അവരുടെമേൽ പതിയേണ്ടതിന് അവരെ കിടക്കകളിലും പായകളിലും കിടത്തിപ്പോന്നു. 16യെരൂശലേമിനു ചുറ്റുമുള്ള പട്ടണങ്ങളിൽ നിന്നുപോലും ജനങ്ങൾ അവരുടെ രോഗികളെയും ദുരാത്മാക്കൾ [a] ബാധിച്ചവരെയും കൊണ്ടുവരികയും അവരെല്ലാവരും സൗഖ്യം പ്രാപിക്കുകയും ചെയ്തു.

അപ്പൊസ്തലന്മാർ
പീഡിപ്പിക്കപ്പെടുന്നു

17അപ്പോൾ മഹാപുരോഹിതനും അദ്ദേഹത്തിന്റെ പക്ഷക്കാരായ സദൂക്യരും അസൂയ നിറഞ്ഞവരായി. 18അവർ അപ്പൊസ്തലന്മാരെ ബന്ധിച്ചു പൊതുതടവിലാക്കി. 19എന്നാൽ രാത്രിയിൽ കർത്താവിന്റെ ദൂതൻ കാരാഗൃഹവാതിൽ തുറന്ന് അവരെ പുറത്തുകൊണ്ടുവന്നു. 20ദൂതൻ അവരോട്: "നിങ്ങൾ ദൈവാലയത്തിൽ ചെന്ന് ഈ ജീവന്റെ വചനം എല്ലാം ജനത്തെ അറിയിക്കുക" എന്നുപറഞ്ഞു.

21പ്രഭാതത്തിൽ അവർ ദൈവാലയത്തിൽ ചെന്നു തങ്ങളോടു നിർദ്ദേശിച്ചിരുന്നതുപോലെ ജനത്തെ ഉപദേശിച്ചു തുടങ്ങി. മഹാപുരോഹിതനും അദ്ദേഹത്തിന്റെ പക്ഷക്കാരും വന്നപ്പോൾ അവർ ന്യായാധിപസംഘത്തെ, യിസ്രായേൽമക്കളുടെ മൂപ്പന്മാരെയെല്ലാം, വിളിച്ചുകൂട്ടി അപ്പൊസ്തലന്മാരെ കൊണ്ടുവരുവാൻ കാരാഗൃഹത്തിലേക്ക് ആളയച്ചു. 22എന്നാൽ അവിടെ ചെന്നപ്പോൾ അവരെ കാണാഞ്ഞതിനാൽ സേവകർ മടങ്ങിവന്നു വിവരം അറിയിച്ചു. 23"കാരാഗൃഹം ഭദ്രമായി പൂട്ടിയിരിക്കുന്നതും കാവൽക്കാർ വാതില്ക്കൽ നില്ക്കുന്നതും ഞങ്ങൾ കണ്ടു; വാതിൽ തുറന്നപ്പോഴാകട്ടെ ആരെയും അകത്തു കണ്ടില്ല." 24ഇതു കേട്ടപ്പോൾ ദൈവാലയത്തിലെ കാവൽപ്പട്ടാളമേധാവിയും മുഖ്യപുരോഹിതന്മാരും ഇതെന്തായിത്തീരും എന്നോർത്ത് അവരെക്കുറിച്ചു പരിഭ്രാന്തരായിത്തീർന്നു.

25അപ്പോൾ ഒരാൾ വന്ന്, "നോക്കൂ, നിങ്ങൾ കാരാഗൃഹത്തിലടച്ച മനുഷ്യർ ദൈവാലയത്തിൽ നിന്നുകൊണ്ടു ജനങ്ങളെ ഉപദേശിക്കുന്നു" എന്നു പറഞ്ഞു. 26അപ്പോൾ പട്ടാളമേധാവി സേവകരോടൊപ്പം ചെന്ന്, ജനങ്ങൾ തങ്ങളെ കല്ലെറിയുമെന്നുള്ള ഭയം നിമിത്തം ബലപ്രയോഗം കൂടാതെ അപ്പൊസ്തലന്മാരെ കൂട്ടിക്കൊണ്ടുവന്നു. 27അവർ അവരെ കൊണ്ടുവന്നു ന്യായാധിപസംഘത്തിനു മുമ്പിൽ ഹാജരാക്കി. മഹാപുരോഹിതൻ അവരെ വിസ്തരിച്ചുകൊണ്ട് ഇപ്രകാരം പറഞ്ഞു: 28"ഈ നാമത്തിൽ ഉപദേശിക്കരുതെന്ന് ഞങ്ങൾ നിങ്ങളോടു കർശനമായി കല്പിച്ചിരുന്നു, എന്നിട്ടും നിങ്ങൾ നിങ്ങളുടെ ഉപദേശംകൊണ്ടു യെരൂശലേം നിറച്ചിരിക്കുന്നു. ഈ മനുഷ്യന്റെ രക്തത്തിനു ഞങ്ങളെ കുറ്റക്കാരാക്കുവാൻ ഉറച്ചിരിക്കയും ചെയ്തിരിക്കുന്നു."

29പത്രൊസും മറ്റ് അപ്പൊസ്തലന്മാരും ഇപ്രകാരം മറുപടി പറഞ്ഞു: "ഞങ്ങൾ മനുഷ്യരെയല്ല ദൈവത്തെയത്രേ അനുസരിക്കേണ്ടത്. 30നിങ്ങൾ മരത്തിൽ തൂക്കിക്കൊന്ന യേശുവിനെ നമ്മുടെ പിതാക്കന്മാരുടെ ദൈവം മരിച്ചവരിൽനിന്ന് ഉയിർപ്പിച്ചു. 31യിസ്രായേലിനു മാനസാന്തരവും പാപക്ഷമയും നല്കേണ്ടതിന് ദൈവം അദ്ദേഹത്തെ പ്രഭുവും രക്ഷകനുമായി തന്റെ വലത്തുഭാഗത്തേയ്ക്ക് ഉയർത്തിയിരിക്കുന്നു. 32ഈ വസ്തുതയ്ക്കു ഞങ്ങളും ദൈവം തന്നെ അനുസരിക്കുന്നവർക്കു നല്കിയ പരിശുദ്ധാത്മാവും സാക്ഷികളാണ്."

33ഇതുകേട്ടപ്പോൾ അവർ കോപാകുലരായി അവരെ കൊന്നുകളയുവാൻ ഭാവിച്ചു. 34എന്നാൽ ഒരു ന്യായപ്രമാണോപദേഷ്ടാവും എല്ലാവർക്കും ബഹുമാന്യനുമായിരുന്ന ഗമാലിയേൽ എന്നു പേരുള്ള ഒരു പരീശൻ ന്യായാധിപസംഘത്തിൽ എഴുന്നേറ്റുനിന്ന് ആ മനുഷ്യരെ കുറെ നേരത്തേയ്ക്കു പുറത്തുകൊണ്ടുപോകുവാൻ ആവശ്യപ്പെട്ടു. 35അനന്തരം അദ്ദേഹം അവരോടു പറഞ്ഞു: "യിസ്രായേൽജനമേ, നിങ്ങൾ ഈ മനുഷ്യരോട് എന്തു ചെയ്യുന്നുവെന്ന് സൂക്ഷിച്ചുകൊള്ളണം. 36കുറെനാൾമുമ്പ്

[a] 16 ഗ്രീക്കിൽ *അശുദ്ധാത്മാക്കൾ*

ത്യുദാസ് എന്നൊരാൾ മഹാനായി നടിച്ചുവന്നു. ഏകദേശം നാനൂറുപേർ അയാളോടു ചേർന്നു. അയാൾ കൊല്ലപ്പെടുകയും അയാളുടെ അനുയായികളെല്ലാം ചിതറി നാമാവശേഷമാവുകയും ചെയ്തു; 37അയാൾക്കുശേഷം ഗലീലക്കാരനായ യൂദാ ജനസംഖ്യയെടുപ്പിന്റെ കാലത്തു പ്രത്യക്ഷപ്പെട്ട് ആളുകളെവശീകരിച്ചു വിപ്ലവം നയിച്ചു. അയാളും നശിച്ചു, അയാളുടെ അനുയായികളെല്ലാം ചിതറിപ്പോയി. 38അതുകൊണ്ട് ഇക്കാര്യത്തിൽ എന്റെ ഉപദേശം ഇതാണ്: ഈ മനുഷ്യരെ വിട്ട് ഒഴിഞ്ഞു നില്ക്കുക. അവരുടെ ആലോചനയോ പ്രവർത്തനമോ മനുഷ്യനിൽ നിന്ന് എങ്കിൽ അതു നശിക്കും. 39അല്ല, അതു ദൈവത്തിൽനിന്നുള്ളതെങ്കിൽ നിങ്ങൾക്ക് അതിനെ നശിപ്പിക്കുവാൻ സാധ്യമല്ല; മാത്രമല്ല നിങ്ങൾ ദൈവത്തോടു പോരാടുന്നവരെന്നും വന്നേക്കാം."

40അദ്ദേഹം പറഞ്ഞത് അവർ അംഗീകരിച്ചു. അവർ അപ്പൊസ്തലന്മാരെ വിളിച്ചുവരുത്തി അടിപ്പിച്ചു. യേശുവിന്റെ നാമത്തിൽ മേലാൽ സംസാരിക്കരുതെന്ന് ആജ്ഞാപിച്ച് അവരെ വിട്ടയച്ചു. 41തിരുനാമത്തിനുവേണ്ടി അപമാനം സഹിക്കുവാൻ യോഗ്യരായി എണ്ണപ്പെട്ടതിൽ ആനന്ദിച്ചുകൊണ്ട് അപ്പൊസ്തലന്മാർ ന്യായാധിപസംഘത്തിനു മുമ്പിൽനിന്നും പോയി. 42അവർ ഓരോ ദിവസവും ദൈവാലയത്തിലും വീടുകളിലും മുടങ്ങാതെ ഉപദേശിക്കുകയും യേശു തന്നേ ക്രിസ്തു എന്നു പ്രസംഗിക്കുകയും ചെയ്തു കൊണ്ടിരുന്നു.

ഏഴുപേരുടെ തിരഞ്ഞെടുപ്പ്

6 ആ കാലത്ത് ശിഷ്യരുടെ എണ്ണം വർദ്ധിച്ചുകൊണ്ടിരുന്നപ്പോൾ, പ്രതിദിനമുള്ള ശുശ്രൂഷകളിൽ തങ്ങളുടെ വിധവമാർ അവഗണിക്കപ്പെടുന്നതായി ഗ്രീക്കുകാരായ യഹൂദന്മാർ എബ്രായർക്കെതിരേ പരാതിപ്പെട്ടു. 2അതിനാൽ പന്തിരുവർ ശിഷ്യരുടെ സമൂഹത്തെയെല്ലാം വിളിച്ചു കൂട്ടി അവരോടു പറഞ്ഞു: "ഞങ്ങൾ ദൈവവചന ശുശ്രൂഷ ഉപേക്ഷിച്ച് മേശയിൽ[a] ശുശ്രൂഷ ചെയ്യുന്നതു ശരിയല്ല. 3സഹോദരരേ, ആത്മാവും ജ്ഞാനവും നിറഞ്ഞവരായി നിങ്ങളുടെ ഇടയിൽ സാക്ഷ്യമുള്ള ഏഴുപേരെ തിരഞ്ഞെടുക്കുവിൻ. ഈ ചുമതല നമുക്ക് അവരെ ഏല്പിക്കാം. 4ഞങ്ങളോ പ്രാർത്ഥനയിലും വചനശുശ്രൂഷയിലും ശ്രദ്ധവയ്ക്കാം."

5ഈ നിർദ്ദേശം എല്ലാവർക്കും ഇഷ്ടമായി. അവർ വിശ്വാസവും പരിശുദ്ധാത്മാവും നിറഞ്ഞവനായ സ്തെഫാനോസിനെയും ഫിലിപ്പൊസ്, പ്രൊഖൊരോസ്, നിക്കാനോർ, തിമോൻ, പർമെനാസ്, യഹൂദമതത്തിൽ ചേർന്ന അന്ത്യോക്യക്കാരനായ നിക്കോലാവൊസ് എന്നിവരെയും തിരഞ്ഞെടുത്തു. 6അവരെ അപ്പൊസ്തലന്മാരുടെ മുമ്പിൽനിർത്തി; അപ്പൊസ്തലന്മാർ പ്രാർത്ഥിച്ച് അവരുടെ മേൽ കൈവയ്ക്കുകയും ചെയ്തു. 7അങ്ങനെ ദൈവവചനം വ്യാപിച്ചു. യെരൂശലേമിൽ ശിഷ്യന്മാരുടെ എണ്ണം വളരെ വർദ്ധിച്ചു. പുരോഹിതന്മാരിലും വളരെപ്പേർ വിശ്വാസത്തിനു വിധേയരായിത്തീർന്നു.

സ്തെഫാനോസ് ബന്ധിക്കപ്പെടുന്നു

8ദൈവകൃപയും ശക്തിയും നിറഞ്ഞവനായ സ്തെഫാനോസ് ജനങ്ങളുടെ ഇടയിൽ വലിയ അത്ഭുതങ്ങളും അടയാളങ്ങളും പ്രവർത്തിച്ചു. 9എങ്കിലും ലിബർത്തീനരുടെ[b] പള്ളിക്കാരിലും കുറേനക്കാരിലും അലക്സന്ത്രിയക്കാരിലും, കിലിക്യ, ഏഷ്യ, എന്നീ പ്രവശ്യക്കാരിലും ചിലർ എഴുന്നേറ്റു സ്തെഫാനോസിനോടു തർക്കിച്ചു തുടങ്ങി. 10എന്നാൽ അദ്ദേഹത്തിന്റെ വിവേകത്തെയും ആത്മപ്രചോദിതമായ വാക്കുകളെയും എതിർത്തു നില്പാൻ അവർക്കു സാധിച്ചില്ല. 11അപ്പോൾ അവർ, "മോശെയ്ക്കും ദൈവത്തിനും എതിരായി ഇയാൾ ദൂഷണം പറയുന്നതു ഞങ്ങൾ കേട്ടിരിക്കുന്നു" എന്നു പറയുവാൻ ചിലരെ രഹസ്യമായി പ്രേരിപ്പിച്ചു. 12അങ്ങനെ അവർ ജനങ്ങളെയും മൂപ്പന്മാരെയും വേദജ്ഞരെയും ഇളക്കി. അവർ സ്തെഫാനോസിനെ പിടികൂടി ന്യായാധിപസംഘത്തിനു മുമ്പിൽ ഹാജരാക്കി. 13അവർ കള്ളസാക്ഷികളെ കൊണ്ടുവന്നുഇപ്രകാരം പറയിച്ചു: "ഈ മനുഷ്യൻ വിശുദ്ധസ്ഥലത്തിനും ന്യായപ്രമാണത്തിനും വിരോധമായി നിരന്തരം സംസാരിച്ചുകൊണ്ടിരിക്കുന്നു. 14നസറായനായ യേശു ഈ സ്ഥലം നശിപ്പിക്കുമെന്നും മോശെ നമുക്കു നല്കിയിരിക്കുന്ന ആചാരങ്ങൾ നീക്കിക്കളയുമെന്നും അയാൾ പറയുന്നതു ഞങ്ങൾ കേട്ടു." 15ന്യായാധിപസംഘത്തിൽ ഇരുന്ന എല്ലാവരും സ്തെഫാനോസിനെ ഉറ്റുനോക്കി. അദ്ദേഹത്തിന്റെ മുഖം ഒരു ദൈവദൂതന്റെ മുഖം പോലെ കാണപ്പെട്ടു.

സ്തെഫാനോസിന്റെ പ്രസംഗം

7 അപ്പോൾ മഹാപുരോഹിതൻ ഈ ആരോപണങ്ങൾ സത്യമോ എന്നു സ്തെഫാനോസിനോടു ചോദിച്ചു. 2അതിന് അദ്ദേഹം ഇപ്രകാരം മറുപടി പറഞ്ഞു: "സഹോദരരേ, പിതാക്കന്മാരേ, ഇതു കേൾപ്പിൻ: നമ്മുടെ പിതാ

[a] 6:2 ഇതു ഭക്ഷണത്തിനോ കണക്കെഴുത്തിനോ ഉപയോഗിക്കുന്ന മേശയാകാം. [b] 9 ഇതിന്റെ അർത്ഥം *വിമോചിതർ* എന്നാണ്.

വായ അബ്രാഹാം ഹാരാനിൽ വന്നു പാർ
ക്കുന്നതിനു മുമ്പ് മെസ്സപ്പൊത്താമിയായിലായി
രുന്നപ്പോൾ, തേജോമയനായ ദൈവം അദ്ദേഹ
ത്തിനു പ്രത്യക്ഷനായി: 3'നിന്റെ ദേശത്തെയും
ചാർച്ചക്കാരെയും വിട്ടു ഞാൻ നിനക്കു കാണി
ക്കാനിരിക്കുന്ന ദേശത്തേക്കു പോകുക[a]' എന്നു
ദൈവം അദ്ദേഹത്തോട് അരുളിച്ചെയ്തു.

4"അങ്ങനെ അദ്ദേഹം കൽദായരുടെ നാടു
വിട്ട് ഹാരാനിൽ വന്നുപാർത്തു. പിതാവിന്റെ
മരണശേഷം ദൈവം അദ്ദേഹത്തെ നിങ്ങൾ ഇ
പ്പോൾ പാർക്കുന്ന ഈ ദേശത്തേക്ക് അയച്ചു.
5അവിടുന്ന് അദ്ദേഹത്തിന് ഇവിടെ ഒരവകാ
ശവും- ഒരു ചുവടു ഭൂമിപോലും - കൊടുത്തില്ല.
എന്നാൽ അക്കാലത്ത് അബ്രാഹാമിനു സന്തതി
ഇല്ലായിരുന്നുവെങ്കിലും താനും തനിക്കുശേഷം
തന്റെ പിൻഗാമികളും ഈ ദേശം കൈവശമാ
ക്കുമെന്നു ദൈവം അദ്ദേഹത്തിനു വാഗ്ദാനം
നല്കി. 6ദൈവം അദ്ദേഹത്തോട് ഇങ്ങനെ അരു
ളിച്ചെയ്തു: 'നിന്റെ പിൻഗാമികൾ സ്വന്ത
മല്ലാത്ത ഒരു ദേശത്ത് അന്യരായി ചെന്നു പാർ
ക്കും. നാനൂറു വർഷം അവർ അവിടെ അടി
മകളായി പീഡനം സഹിക്കും. 7എന്നാൽ അവർ
അടിമകളായി സേവിക്കുന്ന രാജ്യത്തെ ഞാൻ
ശിക്ഷിക്കും. അതിനുശേഷം അവർ ആ ദേശം
വിട്ടുപോരികയും ഈ സ്ഥലത്തു വന്ന് എന്നെ
ആരാധിക്കുകയും ചെയ്യും.'[b] 8പിന്നീട് ദൈവം
അബ്രാഹാമിന് പരിച്ഛേദനമെന്ന ഉടമ്പടി
നല്കി. അബ്രാഹാമിനു യിസ്ഹാക്ക് ജനിച്ചു.
എട്ടാംദിവസം കഴിഞ്ഞപ്പോൾ അദ്ദേഹം ശിശു
വിനു പരിച്ഛേദനം നടത്തി. യിസ്ഹാക്കിൽ
നിന്നു യാക്കോബും യാക്കോബിൽ നിന്നു പ
ന്ത്രണ്ടു ഗോത്രപിതാക്കന്മാരും ജനിച്ചു.

9"ഗോത്രപിതാക്കന്മാർ അസൂയനിമിത്തം
യോസേഫിനെ ഒരടിമയായി ഈജിപ്റ്റിലേക്കു
വിറ്റുകളഞ്ഞു. 10എന്നാൽ ദൈവം അദ്ദേഹ
ത്തോടുകൂടെയിരുന്ന് എല്ലാ ദുരിതങ്ങളിൽ
നിന്നും അദ്ദേഹത്തെ വിടുവിച്ചു. അവിടുന്ന്
യോസേഫിനു ജ്ഞാനം നല്കുകയും ഈജി
പ്റ്റിലെ രാജാവായിരുന്ന ഫറവോന്റെ
പ്രീതിനേടുവാൻ അദ്ദേഹത്തെ പ്രാപ്തനാക്കു
കയും ചെയ്തു. അതുകൊണ്ട് ഫറവോൻ
അദ്ദേഹത്തെ ഈജിപ്റ്റിന്റെയും തന്റെ ഭവനം
മുഴുവന്റെയും ഭരണാധിപനായി നിയമിച്ചു.

11"അനന്തരം ഈജിപ്റ്റിലെല്ലായിടത്തും
കനാനിലും ക്ഷാമവും വലിയ ദുരിതങ്ങളും
ഉണ്ടായി. നമ്മുടെ പിതാക്കന്മാർക്ക് ആഹാരം
കിട്ടാതായി. 12ഈജിപ്റ്റിൽ ധാന്യം ഉണ്ടെന്നു
കേട്ടു യാക്കോബ് നമ്മുടെ പിതാക്കന്മാരെ ആദ്യ
മായി അവിടേക്കയച്ചു. 13രണ്ടാമതുചെന്ന
പ്പോൾ യോസേഫ് താൻ ആരാണെന്ന് സഹോ
ദരന്മാരോടു പറഞ്ഞു. യോസേഫിന്റെ കുടും
ബത്തെക്കുറിച്ച് അങ്ങനെ ഫറവോൻ അറിയാൻ
ഇടയായി. 14പിന്നീട് യോസേഫ് തന്റെ പിതാ
വായ യാക്കോബിനെയും അദ്ദേഹത്തിന്റെ കു
ടുംബത്തെ മുഴുവനും കൂട്ടിക്കൊണ്ടുവരുവാൻ
ആളയച്ചു. അവർ ആകെ എഴുപത്തിയഞ്ചു
പേരുണ്ടായിരുന്നു. 15അങ്ങനെ യാക്കോബ്
ഈജിപ്റ്റിലേക്കു പോയി. അവിടെ അദ്ദേഹവും
നമ്മുടെ പിതാക്കന്മാരും മരിച്ചു. 16അവരുടെ
മൃതദേഹങ്ങൾ തിരികെ ശേഖേമിൽ കൊണ്ടു
വന്ന് അവിടെ ഹാമോരിന്റെ പുത്രന്മാരോട് അ
ബ്രാഹാം വിലകൊടുത്തു വാങ്ങിയിരുന്ന
കല്ലറയിൽ അടക്കം ചെയ്തു.

17"അബ്രാഹാമിനോടുള്ള ദൈവത്തിന്റെ
വാഗ്ദാനം നിറവേറുവാനുള്ള കാലം അടുത്ത
പ്പോഴേയ്ക്കും, ഈജിപ്റ്റിലുണ്ടായിരുന്ന നമ്മു
ടെ ജനം വളരെ വർദ്ധിച്ചിരുന്നു. 18പിന്നീട്
യോസേഫിനെ അറിയാത്ത ഒരു രാജാവ്
ഈജിപ്റ്റിന്റെ ഭരണാധിപനായിത്തീർന്നു.
19അയാൾ നമ്മുടെ ജനത്തോടു കൗശലപൂർവ്വം
പ്രവർത്തിക്കുകയും ഉപായം പ്രയോഗിച്ച് നമ്മു
ടെ പിതാക്കന്മാരെ പീഡിപ്പിക്കുകയും അവരു
ടെ ശിശുക്കൾ മരിക്കേണ്ടതിന് അവരെ പുറ
ത്തെറിഞ്ഞുകളവാൻ നിർബ്ബന്ധിക്കുകയും
ചെയ്തു.

20"ആ കാലത്തു മോശെ ജനിച്ചു. ദിവ്യ
സുന്ദരനായ ഒരു ശിശുവായിരുന്നു മോശെ.
അവൻ മൂന്നുമാസം അപ്പന്റെ വീട്ടിൽ വളർ
ന്നു. 21അനന്തരം കുട്ടിയെ പുറത്തുപേക്ഷിച്ചു
കളഞ്ഞപ്പോൾ ഫറവോന്റെ പുത്രി അവനെ
എടുത്തു സ്വന്തമകനായി വളർത്തി. 22മോശെ
ഈജിപ്റ്റുകാരുടെ എല്ലാ വിദ്യകളും അഭ്യസി
ച്ചു വാക്കിലും പ്രവൃത്തിയിലും ശക്തനാ
യിത്തീർന്നു.

23"നാല്പതു വയസ്സായപ്പോൾ യിസ്രായേല്യ
രായ തന്റെ സഹോദരങ്ങളെ സന്ദർശിക്കാൻ
തീരുമാനിച്ചു. 24ഒരു ഈജിപ്റ്റുകാരൻ അവരി
ലൊരാളെ ദ്രോഹിക്കുന്നതു കണ്ടിട്ട് മോശെ
അവന്റെ രക്ഷയ്ക്കുചെല്ലുകയും ഈജിപ്റ്റു
കാരനെ കൊന്ന് പീഡിതനുവേണ്ടി പ്രതികാരം
ചെയ്യുകയും ചെയ്തു. 25സ്വന്തം ജനങ്ങളെ വി
ടുവിക്കുവാൻ ദൈവം തന്നെ ഉപയോഗിക്കു
കയാണെന്ന് അവർ മനസ്സിലാക്കും എന്നു
മോശെ ചിന്തിച്ചു. എന്നാൽ അവരതു ഗ്രഹിച്ചില്ല.
26അടുത്തദിവസം മോശെ, പരസ്പരം ശണ്ഠകൂ
ടിക്കൊണ്ടിരുന്ന രണ്ടു യിസ്രായേല്യരുടെ സമീ
പത്തെത്തി, 'മനുഷ്യരേ, നിങ്ങൾ സഹോ
ദരങ്ങളല്ലേ? നിങ്ങൾ എന്തിനു പരസ്പരം ദ്രോഹി
ക്കുന്നു?' എന്നു പറഞ്ഞ് അവരെ രമ്യതപ്പെടു
ത്തുവാൻ ശ്രമിച്ചു.

[a] 7:3 ഉല്പത്തി 12:1 [b] 7 ഉല്പത്തി 15: 13, 14

27"എന്നാൽ അവരിൽ അക്രമം പ്രവർത്തിച്ചവൻ മോശെയെ തള്ളിമാറ്റിയിട്ടു ചോദിച്ചു:
'നിന്നെ ഞങ്ങളുടെ അധികാരിയും ന്യായാധിപനും ആക്കിയതാര്? 28ഇന്നലെ ഈജിപ്റ്റുകാരനെ കൊന്നതുപോലെ എന്നെയും കൊല്ലാനാണോ നിൻെറ ഭാവം[a]?' 29ഇതുകേട്ടപ്പോൾ മോശെ മിദ്യാനിലേയ്ക്ക് ഓടിപ്പോയി അവിടെ ഒരു പരദേശിയായി പാർത്തു. അവിടെവച്ച് അദ്ദേഹത്തിനു രണ്ടു പുത്രന്മാർ ജനിച്ചു.

30"നാല്പതു വർഷം കഴിഞ്ഞപ്പോൾ സീനായ്മലയുടെ മരുഭൂമിയിൽ, മുൾപ്പടർപ്പിലെ അഗ്നിജ്വാലയിൽ ഒരു ദൈവദൂതൻ മോശെയ്ക്കു പ്രത്യക്ഷനായി. 31 ആ കാഴ്ച കണ്ട് ആശ്ചര്യപ്പെട്ടു സൂക്ഷിച്ചുനോക്കുവാൻ അടുത്തുചെന്നപ്പോൾ അദ്ദേഹം കർത്താവിൻെറ ശബ്ദം കേട്ടു: 32'ഞാൻ നിൻെറ പിതാക്കന്മാരുടെ ദൈവമാണ്, അബ്രാഹാമിൻെറയും യിസ്ഹാക്കിൻെറയും യാക്കോബിൻെറയും ദൈവം തന്നെ[b].' ഭയംകൊണ്ടു വിറച്ച മോശെ പിന്നെ നോക്കുവാൻ ധൈര്യപ്പെട്ടില്ല. 33അപ്പോൾ കർത്താവ് അദ്ദേഹത്തോട് പറഞ്ഞു: 'നിൻെറ ചെരിപ്പഴിച്ചു മാറ്റുക. നീ നില്ക്കുന്ന സ്ഥലം വിശുദ്ധഭൂമിയാണ്. 34ഈജിപ്റ്റിൽ എൻെറ ജനം അനുഭവിക്കുന്ന കഷ്ടത ഞാൻ കണ്ടിരിക്കുന്നു നിശ്ചയം. അവരുടെ ഞരക്കം ഞാൻ കേട്ടിരിക്കുന്നു. അവരെ വിടുവിക്കുവാൻ ഞാൻ ഇറങ്ങിവന്നിരിക്കുന്നു; വരിക, ഞാൻ നിന്നെ ഈജിപ്റ്റിലേയ്ക്കു തിരികെ അയയ്ക്കും.'[c]

35"ഈ മോശെയെയാണ്, 'നിന്നെ ഞങ്ങളുടെ അധികാരിയും ന്യായാധിപനും ആക്കിയതാര്?' എന്നു പറഞ്ഞ് അവർ തള്ളിക്കളഞ്ഞത്. മുൾപ്പടർപ്പിൽ വെളിപ്പെട്ട ദൂതൻ മുഖേന ദൈവം അദ്ദേഹത്തെ അവർക്ക് അധികാരിയും ന്യായാധിപനുമായി നിയോഗിച്ചു. 36നാല്പതുവർഷം ഈജിപ്റ്റിലും ചെങ്കടലിലും മരുഭൂമിയിലും അത്ഭുതങ്ങളും അടയാളങ്ങളും പ്രവർത്തിച്ചുകൊണ്ട് അദ്ദേഹം അവരെ നയിച്ചു.

37"നിങ്ങളുടെ സ്വന്തജനത്തിൽ നിന്ന് എന്നെപ്പോലെയുള്ള ഒരു പ്രവാചകനെ ദൈവം നിങ്ങൾക്ക് അയച്ചുതരും[d]" എന്ന് യിസ്രായേല്യരോടു പറഞ്ഞത് ഈ മോശെയാണ്. 38 സീനായ് മലയിൽ തന്നോടു സംസാരിച്ച ദൂതനോടുകൂടെയും നമ്മുടെ പിതാക്കന്മാരോടുകൂടെയും മരുഭൂമിയിലെ സഭയിൽ ഉണ്ടായിരുന്നവനും നമുക്കു നല്കുവാൻ ജീവനുള്ള വചനം ലഭിച്ചവനുമായിരുന്നു അദ്ദേഹം.

39"എന്നാൽ നമ്മുടെ പിതാക്കന്മാർ അദ്ദേഹത്തെ അനുസരിക്കുവാൻ മനസ്സുവയ്ക്കാതെ അദ്ദേഹത്തെ ഉപേക്ഷിച്ചു; അവരുടെ ഹൃദയം ഈജിപ്റ്റിലേയ്ക്കു പിന്തിരിഞ്ഞു.

40"അവർ അഹരോനോട്: 'ഞങ്ങളെ നയിക്കുവാൻ ദൈവങ്ങളെ ഉണ്ടാക്കിത്തരിക. ഈജിപ്റ്റിൽ നിന്നു ഞങ്ങളെ പുറപ്പെടുവിച്ചുകൊണ്ടുവന്ന ഈ മോശെയ്ക്ക് എന്തു സംഭവിച്ചുവെന്നു ഞങ്ങൾക്ക് അറിഞ്ഞുകൂടാ'[e] എന്നു പറഞ്ഞു. 41അക്കാലത്താണ് അവർ കാളക്കുട്ടിയുടെ രൂപത്തിലുള്ള ഒരു വിഗ്രഹം ഉണ്ടാക്കിയത്. അവർ അതിനു യാഗം അർപ്പിക്കുകയും സ്വന്തകരങ്ങളുടെ സൃഷ്ടിയിൽ ആഹ്ലാദിക്കുകയും ചെയ്തു. 42ദൈവവും അവരെ വിട്ടുമാറി ആകാശശക്തികളെ ആരാധിക്കുവാൻ അവരെ ഉപേക്ഷിച്ചുകളഞ്ഞു. ഇതിനെപ്പറ്റി പ്രവാചകപുസ്തകത്തിൽ ഇപ്രകാരം എഴുതിയിരിക്കുന്നു:

" 'യിസ്രായേൽ ഗൃഹമേ, മരുഭൂമിയിൽ
നാല്പതു വർഷം നിങ്ങൾ യാഗങ്ങളും
വഴിപാടുകളും എനിക്കു നല്കിയോ?
43നിങ്ങൾ പൂജിക്കുവാനുണ്ടാക്കിയ
വിഗ്രഹങ്ങളായ മൊലോക്കിൻെറ കൂടാരവും നിങ്ങളുടെ ദേവനായ രേഫാൻെറ
നക്ഷത്രവും നിങ്ങൾ എഴുന്നള്ളിച്ചു.
ആകയാൽ ഞാൻ നിങ്ങളെ ബാബിലോണിനപ്പുറത്തേയ്ക്കു നാടുകടത്തും.'[f]

44"നമ്മുടെ പിതാക്കന്മാർക്കു മരുഭൂമിയിൽ സാക്ഷ്യകൂടാരം ഉണ്ടായിരുന്നു. അതു മോശെയ്ക്കു ദൈവം നല്കിയ കല്പനയ്ക്കും അദ്ദേഹത്തെ കാണിച്ച മാതൃകയ്ക്കും അനുസൃതമായി നിർമ്മിക്കപ്പെട്ടതായിരുന്നു. 45നമ്മുടെ പിതാക്കന്മാർ അത് ഏറ്റുവാങ്ങി; അവരുടെ മുമ്പിൽനിന്നു ദൈവം നീക്കിക്കളഞ്ഞ ജനതകളുടെ ദേശം അവർ യോശുവയുടെ നേതൃത്വത്തിൽ അവകാശമാക്കിയപ്പോൾ ആ സാക്ഷ്യകൂടാരം അവിടേയ്ക്കു കൊണ്ടുപോന്നു. ദാവീദിൻെറ കാലംവരെ അത് അവിടെ ഉണ്ടായിരുന്നു. 46ദാവീദിനു ദൈവപ്രീതി ലഭിക്കുകയും യാക്കോബിൻെറ ദൈവത്തിന്[g] ഒരു വാസസ്ഥലം നിർമ്മിക്കുവാൻ അനുവദിക്കണമെന്ന് അദ്ദേഹം അപേക്ഷിക്കുകയും ചെയ്തു. 47എന്നാൽ ശലോമോനായിരുന്നു ദൈവത്തിന് ഒരാലയം പണിതത്. 48എങ്കിലും അത്യുന്നതൻ മനുഷ്യനിർമ്മിതമായ മന്ദിരങ്ങളിൽ വസിക്കുന്നില്ല. പ്രവാചകൻ പറയുന്നതുപോലെ:

49'സ്വർഗ്ഗം എൻെറ സിംഹാസനവും ഭൂമി
എൻെറ പാദപീഠവുമാകുന്നു. നിങ്ങൾ
എനിക്കായി പണിയുന്ന മന്ദിരം എങ്ങനെയുള്ളത്? എൻെറ വിശ്രമസ്ഥലവും
എവിടെ?
50ഇക്കാണുന്ന സകലതും എൻെറ കൈ

[a] 28 പുറപ്പാട് 2:1 [b] 32 പുറപ്പാട് 3:6 [c] 34 പുറപ്പാട് 3: 5, 7, 8, 10 [d] 37 ആവർത്തനം18: 15 [e] 40 പുറപ്പാട് 32:1
[f] 43 ആമോസ് 5:25 -27 [g] 46 ചില പുരാതന കയ്യെഴുത്തുപ്രതികളിൽ, *യാക്കോബിൻെറ ഗൃഹത്തിന്*

ഉണ്ടാക്കിയിട്ടുള്ളതല്ലോ?
എന്നു കർത്താവു അരുളിച്ചെയ്യുന്നു.[a]
51"ഹേ, ശാഠ്യക്കാരേ, പരിച്ഛേദനയില്ലാത്ത
ഹൃദയവും ചെവിയുമുള്ളവരേ, നിങ്ങളുടെ പി
താക്കന്മാരെപ്പോലെ തന്നെയാണു നിങ്ങളും. നി
ങ്ങൾ എന്നും പരിശുദ്ധാത്മാവിനോടെതിർത്തു
നില്ക്കുന്നു. 52നിങ്ങളുടെ പിതാക്കന്മാർ പീഡി
പ്പിച്ചിട്ടില്ലാത്ത ഒരൊറ്റ പ്രവാചകനെങ്കിലും
ഉണ്ടോ? നീതിമാനായവന്റെ വരവിനെക്കുറി
ച്ചു പ്രവചിച്ചവരെ അവർ കൊന്നുകളഞ്ഞു.
53ദൂതന്മാർ മുഖാന്തരം നടപ്പിലാക്കിയ ന്യായ
പ്രമാണം ലഭിച്ചവരെങ്കിലും അതിനെ അനുസരി
ക്കാത്തവരായ നിങ്ങൾ അവിടുത്തെ തള്ളി
പ്പറയുകയും കൊല്ലുകയും ചെയ്തിരിക്കുന്നു."

സ്തെഫാനോസിനെ കല്ലെറിയുന്നു

54ഇതുകേട്ടപ്പോൾ അവർ ക്രോധം
നിറഞ്ഞവരായി അദ്ദേഹത്തിനു നേരേ പല്ലു
കടിച്ചു. 55എന്നാൽ സ്തെഫാനോസ് പരിശു
ദ്ധാത്മാവു നിറഞ്ഞവനായി സ്വർഗ്ഗത്തിലേക്കു
നോക്കി ദൈവതേജസ്സും ദൈവത്തിന്റെ
വലത്തുഭാഗത്തു യേശു നില്ക്കുന്നതും കണ്ടു.
56"ഇതാ, സ്വർഗ്ഗം തുറന്നിരിക്കുന്നതും മനുഷ്യ
പുത്രൻ ദൈവത്തിന്റെ വലത്തുഭാഗത്തു നി
ല്ക്കുന്നതും ഞാൻ കാണുന്നു" എന്ന് അദ്ദേഹം
പറഞ്ഞു.
57അപ്പോൾ, അവർ ചെവി പൊത്തിക്കൊണ്ട്
അത്യുച്ചത്തിൽ കൂകിവിളിച്ച് അദ്ദേഹത്തിനു
നേരെ ഒരുമിച്ചുപാഞ്ഞുചെന്നു. 58അവർ അ
ദ്ദേഹത്തെ നഗരത്തിനു പുറത്തേക്കു വലിച്ചി
ഴച്ചു കല്ലെറിഞ്ഞു. സാക്ഷികൾ അവരുടെ വസ്
ത്രം ശൗൽ എന്നുപേരായ ഒരു യുവാവിന്റെ
കാല്ക്കൽ വച്ചു. 59അവർ കല്ലെറിഞ്ഞുകൊണ്ടി
രിക്കുമ്പോൾ, "കർത്താവായ യേശുവേ, എന്റെ
ആത്മാവിനെ കൈക്കൊള്ളണമേ" എന്നു
സ്തെഫാനോസ് പ്രാർത്ഥിച്ചു. 60പിന്നെ
അദ്ദേഹം മുട്ടുകുത്തി "കർത്താവേ, ഈ പാപം
അവരുടെമേൽ നിർത്തരുതേ" എന്ന് ഉച്ചത്തിൽ
നിലവിളിച്ചു. ഇതു പറഞ്ഞശേഷം അദ്ദേഹം
നിദ്ര പ്രാപിച്ചു.

8 അദ്ദേഹത്തെ വധിച്ചതിനു ശൗലിന്റെ
സമ്മതമുണ്ടായിരുന്നു.

സഭയ്ക്കു പീഡനം

അന്ന്, യെരൂശലേമിലെ സഭയ്ക്കെതിരേ ഒരു
കഠിനമായ പീഡനം ഉണ്ടായി. അപ്പൊസ്തലന്മാ
രൊഴികെ എല്ലാവരും യഹൂദ്യയുടെയും ശമര്യ
യുടെയും പ്രദേശങ്ങളിലേക്കു ചിതറിപ്പോയി.
2ഭക്തരായ ചിലർ സ്തെഫാനോസിനെ സം
സ്കരിച്ചു. അവർ അദ്ദേഹത്തെക്കുറിച്ചു വള
രെയധികം വിലപിച്ചു. 3ശൗൽ വീടുതോറും
ചെന്നു പുരുഷന്മാരെയും സ്ത്രീകളെയും വലി
ച്ചിഴച്ചു തടവിലാക്കിക്കൊണ്ടു സഭയെ നശിപ്പി
ക്കുവാൻ ഉദ്യമിച്ചു.

ഫിലിപ്പൊസ് ശമര്യയിൽ

4ചിതറിപ്പോയവർ ചെന്ന സ്ഥലങ്ങളിലെല്ലാം
വചനം അറിയിച്ചു. 5ഫിലിപ്പൊസ് ശമര്യയിലെ
ഒരു പട്ടണത്തിൽച്ചെന്ന് അവിടെ
ക്രിസ്തുവിനെപ്പറ്റി പ്രസംഗിച്ചു. 6ഫിലിപ്പൊസ്
ചെയ്ത അടയാളങ്ങൾ കാണുകയും
കേൾക്കുകയും ചെയ്ത ജനസമൂഹം അദ്ദേഹം
സംസാരിച്ച കാര്യങ്ങൾ ഏകാഗ്രതയോടെ
ശ്രദ്ധിച്ചു. 7ദുരാത്മാക്കൾ ബാധിച്ചിരുന്ന
അനേകരിൽ നിന്ന് അവ ഉച്ചത്തിൽ അലറി
ക്കൊണ്ടു പുറത്തുപോയി. പല തളർവാതരോ
ഗികളും മുടന്തരും സുഖപ്പെടുകയും ചെയ്തു.
8അങ്ങനെ ആ പട്ടണത്തിൽ മഹാസന്തോ
ഷമുണ്ടായി.

മന്ത്രവാദിയായ ശിമോൻ

9ശിമോൻ എന്നു പേരുള്ള ഒരു മനുഷ്യൻ
കുറെക്കാലമായി മന്ത്രവാദവിദ്യ നടത്തി, താൻ
ഒരു മഹാൻ എന്നു നടിച്ച് ശമര്യയിലെ ആളുക
ളെയെല്ലാം വിഭ്രമിപ്പിച്ചിരുന്നു. 10"ഇയാൾ മഹതി
എന്നറിയപ്പെടുന്ന ദിവ്യശക്തിയാണ്" എന്നു
പറഞ്ഞുകൊണ്ട് വലിയവരും ചെറിയവരും
അയാളെ ശ്രദ്ധിച്ചു. 11അയാൾ തന്റെ മന്ത്രവാ
ദവിദ്യകൊണ്ട് ഏറെക്കാലമായി അവരെ
ഭ്രമിപ്പിച്ചതിനാലാണ് അവർ അയാളെ ശ്രദ്ധി
ച്ചത്. 12ദൈവരാജ്യത്തിന്റെ സുവിശേഷവും
യേശുക്രിസ്തുവിന്റെ നാമവും ഫിലിപ്പൊസ്
പ്രസംഗിച്ചതു കേട്ടപ്പോൾ സ്ത്രീകളും പുരു
ഷന്മാരും യേശുവിൽ വിശ്വസിച്ചു സ്നാനമേറ്റു.
13ശിമോനും വിശ്വസിച്ചു സ്നാനമേറ്റു. അവി
ടെ നടന്ന അടയാളങ്ങളും വീര്യപ്രവൃത്തികളും
കണ്ടു വിസ്മയിച്ച അയാൾ ഫിലിപ്പൊസിനെ
വിട്ടുമാറാതെ നിന്നു.
14ശമര്യയിലുള്ളവർ ദൈവവചനം സ്വീകരി
ച്ചുവെന്നു കേട്ടപ്പോൾ യെരൂശലേമിലുണ്ടായി
രുന്ന അപ്പൊസ്തലന്മാർ പത്രൊസിനെയും
യോഹന്നാനെയും അവരുടെ അടുത്തേക്കയച്ചു.
15അവർ വന്ന് ശമര്യർ പരിശുദ്ധാത്മാവിനെ
പ്രാപിക്കേണ്ടതിന് അവർക്കായി പ്രാർത്ഥിച്ചു.
16പരിശുദ്ധാത്മാവ് അന്നുവരെയും അവരിൽ
ആരുടെമേലും വന്നിട്ടില്ലായിരുന്നു; അവർ
കർത്താവായ യേശുവിന്റെ നാമത്തിൽ സ്നാ
നമേറ്റിരുന്നതേയുള്ളൂ. 17പത്രൊസും
യോഹന്നാനും അവരുടെമേൽ കൈകൾ വച്ച
പ്പോൾ അവർ പരിശുദ്ധാത്മാവിനെ പ്രാപിച്ചു.

[a] 50 യെശയ്യാവ് 66:1,2

18അപ്പൊസ്തലന്മാരുടെ കൈവെപ്പിനാൽ പരി
ശുദ്ധാത്മാവു ലഭിച്ചതു ശിമോൻ കണ്ടപ്പോൾ
അയാൾ അവർക്കു പണം വാഗ്ദാനം ചെയ്തു
കൊണ്ട്, 19"ഞാനും ആരുടെയെങ്കിലുംമേൽ
കൈവച്ചാൽ അവരും പരിശുദ്ധാത്മാവിനെ
പ്രാപിക്കേണ്ടതിന് ഈ ശക്തി എനിക്കും
നല്കണമേ" എന്നപേക്ഷിച്ചു. 20അതിനു പ
ത്രൊസ്: "ദൈവത്തിന്റെ ദാനം പണം
കൊടുത്തുവാങ്ങാമെന്നു നീ ചിന്തിച്ചതു
കൊണ്ട് നിന്റെ പണം നിന്നോടുകൂടെ നശിക്ക
ട്ടെ. 21നിന്റെ ഹൃദയം ദൈവസന്നിധിയിൽ
നേരുള്ളതല്ലാത്തതുകൊണ്ട് ഈ ശുശ്രൂഷയിൽ
നിനക്കു പങ്കും ഓഹരിയും ഇല്ല. 22നീ ഈ ദു
ഷ്ടതയെപ്പറ്റി അനുതപിച്ച് കർത്താവിനോടു
പ്രാർത്ഥിക്കുക. ഒരുപക്ഷേ അവിടുന്നു നിന്റെ
ഹൃദയത്തിലെ ദുഷ്ടവിചാരം ക്ഷമിച്ചുതരും.
23നീ കയ്പു നിറഞ്ഞവനും പാപത്താൽ ബന്ധി
ക്കപ്പെട്ടവനുമാണെന്ന് ഞാൻ മനസ്സിലാ
ക്കുന്നു" എന്നു പറഞ്ഞു. 24അപ്പോൾ ശിമോൻ,
"അങ്ങു പറഞ്ഞതൊന്നും എനിക്കു ഭവിക്കാതി
രിപ്പാൻ എനിക്കുവേണ്ടി കർത്താവിനോടു
പ്രാർത്ഥിക്കണമേ" എന്നു അപേക്ഷിച്ചു.

25കർത്താവിന്റെ വചനത്തിനു സാക്ഷ്യം
വഹിച്ചു പ്രസംഗിച്ചശേഷം പത്രൊസും യോഹ
ന്നാനും ശമര്യയിലെ ഒട്ടേറെ ഗ്രാമങ്ങളിൽ സു
വിശേഷം അറിയിച്ചുകൊണ്ട് യെരൂശലേമി
ലേക്കു മടങ്ങിപ്പോയി.

ഫിലിപ്പൊസും എത്യോപ്യനും

26കർത്താവിന്റെ ഒരു ദൂതൻ ഫിലിപ്പൊസി
നോട്: "നീ തെക്കോട്ട്, യെരൂശലേമിൽനിന്നു
ഗസ്സയിലേക്ക് മരുഭൂമിയിലൂടെ പോകുന്ന പാ
തയിലേക്കു ചെല്ലുക" എന്നു പറഞ്ഞു. 27അങ്ങ
നെ അദ്ദേഹം പോകുമ്പോൾ എത്യോപ്യാ[a]
രാജ്ഞിയായ കന്ദക്കയുടെ ധനകാര്യവിചാ
രകനും മന്ത്രിയുമായ ഒരു എത്യോപ്യാക്കാരൻ
ഷണ്ഡനെ കണ്ടുമുട്ടി. ഈ മനുഷ്യൻ യെരൂശ
ലേമിൽ ആരാധിക്കുവാൻ പോയിട്ടു 28തിരികെ
പോകുമ്പോൾ രഥത്തിലിരുന്നുകൊണ്ട്
യെശയ്യാപ്രവാചകന്റെ പുസ്തകം വായിക്കു
കയായിരുന്നു. 29അപ്പോൾ പരിശുദ്ധാത്മാവ് ഫി
ലിപ്പൊസിനോട്, "അടുത്തുചെന്ന് രഥത്തോടു
ചേർന്നു നടക്കുക" എന്നു പറഞ്ഞു. 30ഫിലി
പ്പൊസ് രഥത്തിന്റെയടുത്തേക്ക് ഓടിച്ചെന്ന
പ്പോൾ ആ മനുഷ്യൻ യെശയ്യാപ്രവചനം വായി
ക്കുന്നതു കേട്ടു. "താങ്കൾ വായിക്കുന്നതു
ഗ്രഹിക്കുന്നുണ്ടോ?" ഫിലിപ്പൊസ് ചോദിച്ചു.
31"ആരെങ്കിലും വിശദീകരിച്ചുതരാതെ ഞാൻ
എങ്ങനെ ഗ്രഹിക്കും?" അയാൾ ചോദിച്ചു.
രഥത്തിൽക്കയറിവന്ന് തന്നോടൊപ്പം ഇരിക്കു
വാൻ അയാൾ ഫിലിപ്പൊസിനെ ക്ഷണിച്ചു.
32ഷണ്ഡൻ വായിച്ചുകൊണ്ടിരുന്ന വേദഭാഗം
ഇതായിരുന്നു:

"കൊല്ലുവാനുള്ള ആടിനെപ്പോലെ
അവനെ കൊണ്ടുപോയി; രോമം കത്രി
ക്കുന്നവരുടെ മുമ്പിൽ മിണ്ടാതെ നി
ല്ക്കുന്ന കുഞ്ഞാടിനെപ്പോലെ അവൻ
വായ് തുറക്കാതെ നിന്നു.
33അപമാനിതനായ അവസ്ഥയിൽ
അവനു നീതി നിഷേധിക്കപ്പെട്ടു; അവന്റെ
പിൻതലമുറയെപ്പറ്റി വിവരിക്കുവാൻ
ആർക്കു കഴിയും? അവന്റെ ജീവൻ ഭൂമി
യിൽ നിന്ന് എടുക്കപ്പെട്ടുവല്ലോ! *b*"

34ഷണ്ഡൻ ഫിലിപ്പൊസിനോട്: "പ്രവാ
ചകൻ ഇത് ആരെക്കുറിച്ചാണ് പറയുന്നത്? ത
ന്നെക്കുറിച്ചോ അതോ മറ്റാരെയെങ്കിലുംകുറി
ച്ചോ? ദയവായി പറഞ്ഞുതരണം." എന്നപേക്ഷി
ച്ചു. 35ഫിലിപ്പൊസ് ഈ വേദഭാഗം ആധാരമാ
ക്കി യേശുവിനെപ്പറ്റിയുള്ള സുവിശേഷം അയാ
ളെ അറിയിച്ചു. 36അവർ യാത്ര തുടർന്നു
കൊണ്ടിരിക്കെ വെള്ളമുള്ള ഒരു സ്ഥല
ത്തെത്തി. ഷണ്ഡൻ ഫിലിപ്പൊസിനോട്, "ഇതാ,
ഇവിടെ വെള്ളമുണ്ട്; ഞാൻ സ്നാനമേല്ക്കു
ന്നതിന് എന്തു തടസ്സം?" എന്നു ചോദിച്ചു.
37[ഫിലിപ്പോസ് അയാളോട്, താങ്കൾ പൂർണ്ണഹൃ
ദയത്തോടെ വിശ്വസിക്കുന്നുവെങ്കിൽ ആകാം."
എന്നു പറഞ്ഞു. "യേശുക്രിസ്തു ദൈവപുത്രൻ
എന്നു ഞാൻ വിശ്വസിക്കുന്നു" എന്നു ഷണ്ഡൻ
ഉത്തരം പറഞ്ഞു.] 38രഥം നിർത്തുവാൻ അയാ
ൾ കല്പിച്ചു. പിന്നെ ഫിലിപ്പൊസും ഷണ്ഡനും
വെള്ളത്തിലിറങ്ങി. ഫിലിപ്പൊസ് ഷണ്ഡനെ
സ്നാനം കഴിപ്പിച്ചു. 39അവർ വെള്ളത്തിൽ
നിന്നു കയറിയ ഉടനേ കർത്താവിന്റെ
ആത്മാവ് ഫിലിപ്പൊസിനെ എടുത്തുകൊണ്ടു
പോയി. ഷണ്ഡൻ അദ്ദേഹത്തെ പിന്നെ കണ്ടില്ല.
അയാൾ സന്തോഷിച്ചുകൊണ്ട് തന്റെ വഴിക്കു
പോയി. 40ഫിലിപ്പൊസിനെ പിന്നീട് അസ്തോ
ദിൽ കണ്ടു; അദ്ദേഹം സഞ്ചരിച്ച് എല്ലാ
പട്ടണങ്ങളിലും സുവിശേഷം അറിയിച്ചുകൊണ്ട്
കൈസര്യയിലെത്തി.

ശൗലിന്റെ മാനസാന്തരം

9 ഈ കാലത്ത് ശൗൽ കർത്താവിന്റെ ശിഷ്യ
മാർക്കെതിരേ വധഭീഷണി നിശ്വസിച്ചു
കൊണ്ടിരുന്നു. അയാൾ മഹാപുരോഹിതന്റെ
അടുക്കൽചെന്ന്, 2ഈ മാർഗ്ഗത്തിൽപ്പെട്ട പുരു
ഷന്മാരെയോ സ്ത്രീകളെയോ കണ്ടാൽ
അവരെ ബന്ധിച്ച് യെരൂശലേമിലേയ്ക്കു
കൊണ്ടു വരാൻ ദമസ്കോസിലെ യഹൂ
ദപള്ളികൾക്ക് കത്തുകൾ നല്കണമെന്ന്

a 27 അതായത്, നൈലിന്റെ മുകളിലുള്ള പ്രദേശം. *b* 33 യെശയ്യാവ് 53:7,8

ആവശ്യപ്പെട്ടു. 3അങ്ങനെ അയാൾ യാത്ര പുറപ്പെട്ടു ദമസ്കോസിനടുത്തെത്തിയപ്പോൾ പെട്ടെന്ന് ആകാശത്തുനിന്ന് ഒരു പ്രകാശം അയാൾക്കു ചുറ്റും മിന്നി. 4അയാൾ നിലത്തു വീണു. "ശൗലേ, ശൗലേ, നീയെന്നെ പീഡിപ്പിക്കുന്നതെന്ത്?" എന്നു തന്നോടു ചോദിക്കുന്ന ഒരു ശബ്ദം അയാൾ കേട്ടു.

5"അങ്ങ് ആരാകുന്നു, കർത്താവേ?" ശൗൽ ചോദിച്ചു. "നീ പീഡിപ്പിക്കുന്ന യേശുവാണു ഞാൻ" അവിടുന്നു മറുപടി പറഞ്ഞു, 6"നീ എഴുന്നേറ്റ് പട്ടണത്തിൽ ചെല്ലുക. എന്തു ചെയ്യണമെന്ന് അവിടെവച്ച് നിനക്കു പറഞ്ഞുതരും." 7ശൗലിനോടുകൂടി യാത്ര ചെയ്തിരുന്നവർ സ്തബ്ധരായി നിന്നു. അവർ ശബ്ദം കേട്ടു; എങ്കിലും ആരെയും കണ്ടില്ല. 8ശൗൽ നിലത്തുനിന്നെഴുന്നേറ്റു. എന്നാൽ കണ്ണു തുറന്നപ്പോൾ ഒന്നും കാണാൻ കഴിഞ്ഞില്ല. അതുകൊണ്ട് അവർ അയാളെ ദമസ്കോസിലേക്കു കൈപിടിച്ചു നടത്തി. 9മൂന്നുദിവസം അയാൾ കാഴ്ച ഇല്ലാതെയും ഒന്നും തിന്നുകയോ കുടിക്കുകയോ ചെയ്യാതെയും ഇരുന്നു.

10ദമസ്കോസിൽ അനന്യാസ് എന്നുപേരുള്ള ഒരു ശിഷ്യൻ ഉണ്ടായിരുന്നു. കർത്താവ് അയാളെ ഒരു ദർശനത്തിൽ "അനന്യാസേ", എന്നു വിളിച്ചു. "ഇതാ ഞാൻ, കർത്താവേ," അയാൾ വിളികേട്ടു. 11കർത്താവ് അയാളോട്: "നീ നേർവീഥി എന്ന തെരുവിൽ യൂദായുടെ ഭവനത്തിൽ ചെന്ന് തർസോസുകാരനായ ശൗലിനെ അന്വേഷിക്കുക. അയാൾ പ്രാർത്ഥിച്ചുകൊണ്ടിരിക്കുന്നു. 12അനന്യാസ് എന്നൊരാൾ വന്ന് തനിക്കു വീണ്ടും കാഴ്ച ലഭിക്കുവാൻ തന്റെമേൽ കൈവയ്ക്കുന്നതായി അയാൾ ദർശനത്തിൽ കണ്ടിരിക്കുന്നു" എന്നു പറഞ്ഞു. 13അനന്യാസ് അതിനു മറുപടിയായി: "കർത്താവേ, ഈ മനുഷ്യൻ യെരൂശലേമിലുള്ള അവിടുത്തെ വിശുദ്ധർക്കു ചെയ്ത എല്ലാ ഉപദ്രവങ്ങളെക്കുറിച്ചും പലരിൽനിന്നും ഞാൻ കേട്ടിരിക്കുന്നു. 14അവിടുത്തെ നാമം വിളിച്ച പേക്ഷിക്കുന്ന ഏവരെയും പിടികൂടുവാൻ മുഖ്യപുരോഹിതന്മാരിൽനിന്നുള്ള അധികാരവുമായിട്ടാണ് അയാൾ ഇവിടെ എത്തിയിരിക്കുന്നത്" എന്നുപറഞ്ഞു. 15എന്നാൽ കർത്താവ് അനന്യാസിനോട്: "നീ പോകുക; വിജാതീയരുടെയും അവരുടെ രാജാക്കന്മാരുടെയും ഇസ്രായേൽ ജനത്തിന്റെയും മുമ്പാകെ എന്റെ നാമം വഹിക്കുവാൻ ഞാൻ തിരഞ്ഞെടുത്തിരിക്കുന്ന എന്റെ ഉപകരണമാണയാൾ. 16എന്റെ നാമത്തിനുവേണ്ടി അയാൾ എത്രയധികം കഷ്ടം സഹിക്കണം എന്നുള്ളത് ഞാൻ അയാൾക്കു കാണിച്ചുകൊടുക്കും" എന്നു പറഞ്ഞു. 17അനന്തരം അനന്യാസ് ആ വീട്ടിൽ ചെന്നു. അദ്ദേഹം ശൗലിന്റെമേൽ കൈകൾവച്ചു, "ശൗലേ, സഹോദരാ, നീ ഇവിടേയ്ക്കുവരുമ്പോൾ, വഴിയിൽവച്ചു നിനക്കു പ്രത്യക്ഷനായ കർത്താവായ യേശു, നിനക്കു വീണ്ടും കാഴ്ച ലഭിക്കുവാനും നീ പരിശുദ്ധാത്മാവിനാൽ നിറയുവാനുമായി എന്നെ അയച്ചിരിക്കുന്നു." എന്നു പറഞ്ഞു. 18തൽക്ഷണം ചെതുമ്പൽ പോലുള്ള ഏതോ ഒന്ന് ശൗലിന്റെ കണ്ണുകളിൽനിന്ന് വീണു; അയാൾക്ക് വീണ്ടും കാഴ്ചകിട്ടി. അയാൾ കാഴ്ച പ്രാപിച്ച് എഴുന്നേറ്റു സ്നാനമേല്ക്കുകയും 19ഭക്ഷണം കഴിച്ചു ബലം പ്രാപിക്കുകയും ചെയ്തു.

ശൗൽ ദമസ്കോസിലും
യെരൂശലേമിലും

ശൗൽ ദമസ്കോസിലെ ശിഷ്യന്മാരോടൊപ്പം കുറെ ദിവസങ്ങൾ ചെലവഴിച്ചു. 20യേശു ദൈവപുത്രൻതന്നേ എന്ന് താമസമെന്യേ അദ്ദേഹം പള്ളികളിൽ പ്രസംഗിച്ചു തുടങ്ങി. 21അദ്ദേഹത്തിന്റെ വാക്കുകൾ കേട്ടവരെല്ലാം വിസ്മയിച്ചു: "യെരൂശലേമിൽ ഈ നാമം വിളിച്ച പേക്ഷിക്കുന്നവർക്ക് നാശം വരുത്തിയ മനുഷ്യൻ ഇയാളല്ലേ? ഇയാൾ ഇവിടെ വന്നിരിക്കുന്നത് അവരെ ബന്ധിച്ചു മുഖ്യപുരോഹിതന്മാരുടെഅടുക്കൽ കൊണ്ടുപോകുന്നതിനു വേണ്ടിയല്ലേ?" എന്നു ചോദിച്ചു. 22എന്നാൽ ശൗൽ മേല്ക്കുമേൽ ശക്തിപ്രാപിച്ചു, യേശുതന്നേ ക്രിസ്തു എന്നു തെളിയിച്ചുകൊണ്ട് ദമസ്കോസിൽപാർക്കുന്ന യഹൂദന്മാരെ മിണ്ടാതാക്കി.

23കുറെ ദിവസങ്ങൾ കഴിഞ്ഞപ്പോൾ യഹൂദന്മാർ അദ്ദേഹത്തെ കൊല്ലുവാൻ ഗൂഢാലോചന നടത്തി. 24എന്നാൽ ശൗൽ അവരുടെ ഉപായം ഗ്രഹിച്ചു. അദ്ദേഹത്തെ കൊല്ലുവാൻ അവർ രാവും പകലും നഗരവാതിലുകളിൽ കാവൽ നിർത്തി. 25എന്നാൽ അദ്ദേഹത്തിന്റെ ശിഷ്യന്മാർ രാത്രിയിൽ അദ്ദേഹത്തെ ഒരു കുട്ടയിലാക്കി മതിലിനു മുകളിലൂടെ ഇറക്കിവിട്ടു.

26യെരൂശലേമിൽ വന്നപ്പോൾ ശിഷ്യന്മാരോടു ചേരുവാൻ അദ്ദേഹം ശ്രമിച്ചു. എന്നാൽ അദ്ദേഹം ഒരു യഥാർത്ഥശിഷ്യനാണ് എന്ന് അവർ വിശ്വസിക്കാതെ അദ്ദേഹത്തെ ഭയപ്പെട്ടു. 27 എന്നാൽ ബർന്നബാസ് അദ്ദേഹത്തെ കൂട്ടിക്കൊണ്ട് അപ്പൊസ്തലന്മാരുടെ അടുത്തെത്തി. ശൗൽ യാത്രാമധ്യേ കർത്താവിനെ കണ്ടതും കർത്താവ് അദ്ദേഹത്തോടു സംസാരിച്ചതും അദ്ദേഹം ദമസ്കോസിൽ കർത്താവിന്റെ നാമത്തിൽ നിർഭയം പ്രസംഗിച്ചതുമെല്ലാം ബർന്നബാസ് അവരെ പറഞ്ഞുകേൾപ്പിച്ചു. 28അങ്ങനെ, ശൗൽ അവരോടുകൂടെ പാർത്ത് കർത്താവിന്റെ നാമത്തിൽ ധൈര്യപൂർവ്വം

സംസാരിച്ചുകൊണ്ട് യെരൂശലേമിൽ യഥേഷ്ടം സഞ്ചരിച്ചു. 29ഗ്രീക്കുകാരായ യഹൂദരോട് അദ്ദേഹം സംസാരിക്കുകയും വാദിക്കുകയും ചെയ്തു. അവരാകട്ടെ, അദ്ദേഹത്തെ കൊല്ലുവാൻ ശ്രമിച്ചു. 30സഹോദരന്മാർ ഇതേപ്പറ്റി അറിഞ്ഞപ്പോൾ അദ്ദേഹത്തെ കൈസര്യവരെ കൊണ്ടുപോകയും അവിടെ നിന്ന് തർസോസിലേക്ക് യാത്രയാക്കുകയും ചെയ്തു.

31അങ്ങനെ യഹൂദ്യാ, ഗലീല, ശമര്യ എന്നിവിടങ്ങളിൽ എല്ലാം സഭയ്ക്ക് സമാധാനം ലഭിച്ചു. സഭ പരിശുദ്ധാത്മാവിനാൽ ശക്തിയും ഉത്സാഹവും പ്രാപിച്ചു; ദൈവഭയത്തിൽ നിലകൊണ്ടു,എണ്ണത്തിൽ വർദ്ധിക്കുകയും ചെയ്തു.

ഐനെയാസും തബീഥയും

32പത്രൊസ് ദേശത്തെല്ലായിടത്തും സഞ്ചരിക്കുമ്പോൾ, ലുദ്ദയിൽ പാർത്തിരുന്ന വിശുദ്ധരെയും സന്ദർശിക്കുവാൻ പോയി. 33അവിടെ അദ്ദേഹം, എട്ടുവർഷമായി തളർവാതം പിടിച്ചുകിടന്നിരുന്ന ഐനെയാസ് എന്നൊരാളെ കണ്ടു. 34പത്രൊസ് അയാളോട്: "ഐനെയാസേ, യേശുക്രിസ്തു നിന്നെ സൗഖ്യമാക്കുന്നു. എഴുന്നേല്ക്കുക; നിൻെറ കിടക്ക നീ സൂക്ഷിച്ചുകൊള്ളുക" എന്നു പറഞ്ഞു. ഉടൻതന്നേ ഐനെയാസ് എഴുന്നേറ്റു. 35ലുദ്ദയിലും ശാരോനിലും പാർത്തിരുന്ന എല്ലാവരും അയാളെ കണ്ട് കർത്താവിങ്കലേക്കു തിരിഞ്ഞു.

36പേടമാൻ[a] എന്നർത്ഥമുള്ള, തബീഥാ എന്ന ഒരു ശിഷ്യ യോപ്പയിൽ ഉണ്ടായിരുന്നു. അവൾ വളരെ നന്മ ചെയ്യുന്നവളും ദരിദ്രരെ സഹായിക്കുന്നവളും ആയിരുന്നു. 37ആയിടയ്ക്ക് അവൾ ദീനംപിടിച്ചു മരിച്ചു. അവർ അവളെ കുളിപ്പിച്ചു മാളികമുറിയിൽ കിടത്തി. 38ലുദ്ദ യോപ്പയ്ക്കു സമീപമായിരുന്നു. പത്രൊസ് ലുദ്ദയിലുണ്ടെന്നു ശിഷ്യന്മാർ കേട്ട് രണ്ടുപേരെ അദ്ദേഹത്തിൻെറ അടുത്തേക്കയച്ചു. "അങ്ങ് ഉടൻതന്നേ ഇവിടം വരെ വരേണം" എന്ന് അവർ അപേക്ഷിച്ചു. 39പത്രൊസ് അവരോടുകൂടെ പോയി. അവിടെ എത്തിയപ്പോൾ അദ്ദേഹത്തെ അവർ മാളികമുറിയിലേക്കു കൂട്ടിക്കൊണ്ടുപോയി. തബീഥാ തങ്ങളോടുകൂടെ ഉണ്ടായിരുന്നപ്പോൾ തുന്നിയ ഉടുപ്പുകളും മറ്റു വസ്ത്രങ്ങളും പത്രൊസിനെ കാണിച്ചുകൊണ്ട് വിധവമാർ അദ്ദേഹത്തിൻെറ ചുറ്റുംനിന്നു വിലപിച്ചു. 40പത്രൊസ് അവരെയെല്ലാം മുറിക്കു പുറത്തേക്കയച്ചശേഷം മുട്ടിന്മേൽനിന്നു പ്രാർത്ഥിച്ചു. അനന്തരം, മരിച്ചവളുടെ നേരെ തിരിഞ്ഞ് അദ്ദേഹം: "തബീഥയേ, എഴുന്നേല്ക്കുക" എന്നു പറഞ്ഞു. അവൾ കണ്ണുതുറന്നു. പത്രൊസിനെ കണ്ടിട്ട് എഴുന്നേറ്റിരുന്നു. 41അദ്ദേഹം അവളെ കൈക്കുപിടിച്ച് എഴുന്നേല്പിച്ചു. അതിനുശേഷം വിശുദ്ധരെയും വിധവമാരെയും വിളിച്ച് അവളെ ജീവനുള്ളവളായി അവരെ ഏല്പിച്ചു. 42യോപ്പയിലെല്ലായിടത്തും ഇതു പ്രസിദ്ധമായി; വളരെ ആളുകൾ കർത്താവിൽ വിശ്വസിച്ചു. 43യോപ്പയിൽ ശിമോൻ എന്നുപേരുള്ള ഒരു തോല്പണിക്കാരനോടു കൂടെ കുറെനാൾ പത്രൊസ് പാർത്തു.

കൊർന്നേല്യൊസും പത്രൊസും

10 കൈസര്യയിൽ കൊർന്നേല്യൊസ് എന്നുപേരുള്ള ഒരു മനുഷ്യൻ ഉണ്ടായിരുന്നു. അയാൾ "ഇറ്റലിക്കാരുടെ സൈന്യം" എന്നറിയപ്പെട്ടിരുന്ന സൈന്യവിഭാഗത്തിൽ ഒരു ശതാധിപനായിരുന്നു. 2അദ്ദേഹവും എല്ലാ കുടുംബാംഗങ്ങളും ഭക്തിയും ദൈവഭയവും ഉള്ളവരായിരുന്നു; അദ്ദേഹം ഔദാര്യമായി ദാനധർമ്മം ചെയ്യുകയും പതിവായി ദൈവത്തോടു പ്രാർത്ഥിക്കുകയും ചെയ്തുപോന്നു. 3ഒരുദിവസം ഉച്ചകഴിഞ്ഞ് ഒരു ദൂതൻ തൻെറ അടുത്തുവന്ന്, " കൊർന്നേല്യൊസേ" എന്നു വിളിക്കുന്നത് ഒരു ദർശനത്തിൽ അദ്ദേഹം വ്യക്തമായിക്കണ്ടു.

4കൊർന്നേല്യൊസ് ഭയപ്പെട്ട് ആ ദൂതനെ ഉറ്റുനോക്കി. "എന്താകുന്നു കർത്താവേ?" അദ്ദേഹം ചോദിച്ചു.

അതിനു ദൂതൻ, "നിൻെറ പ്രാർത്ഥനകളും ദാനധർമ്മങ്ങളും ദൈവസന്നിധിയിൽ എത്തിയിരിക്കുന്നു. 5യോപ്പയിലേക്ക് ആളയച്ചു പത്രൊസ് എന്നു വിളിക്കപ്പെടുന്ന ശിമോൻ എന്നയാളെ വരുത്തുക. 6അയാൾ തോല്പണിക്കാരനായ ശിമോനോടുകൂടെ പാർക്കുന്നു. അവൻെറ വീട് കടൽപ്പുറത്താണ്" എന്നു പറഞ്ഞു. 7തന്നോടു സംസാരിച്ച ദൂതൻ പോയശേഷം കൊർന്നേല്യൊസ് തൻെറ വേലക്കാരിൽ രണ്ടുപേരെയും പടയാളികളിൽ ഭക്തനായ ഒരുവനെയും വിളിച്ചു,8സംഭവിച്ചതെല്ലാം അവരോടു പറഞ്ഞിട്ട് അദ്ദേഹം അവരെ യോപ്പയിലേയ്ക്കയച്ചു.

പത്രൊസിൻെറ ദർശനം

9അവർ യാത്രചെയ്തു പിറ്റേദിവസം ഉച്ചസമയത്ത് പട്ടണത്തിനടുത്തെത്തി. അപ്പോൾ പത്രൊസ് പ്രാർത്ഥിക്കുവാൻ വീടിൻെറ മട്ടുപ്പാവിലേയ്ക്കു കയറി. 10വിശന്നതിനാൽ എന്തെങ്കിലും ഭക്ഷിക്കുവാൻ അദ്ദേഹം ആഗ്രഹിച്ചു. ഭക്ഷണം തയ്യാറായിക്കൊണ്ടിരിക്കുമ്പോൾ അദ്ദേഹം ആത്മവിവശതയിലായി. 11സ്വർഗ്ഗം തുറന്നിരിക്കുന്നതും നാലുകോണും കെട്ടിയ വലിയ വിരിപോലെയുള്ള ഒരു പാത്രം

[a] 36 *തബീഥാ* (അരാമ്യപദം) *ഡോർക്കസ്* (ഗ്രീക്ക്) എന്നിവയുടെ അർത്ഥം *പേടമാൻ* എന്നാണ്

ഭൂമിയിലേക്ക് ഇറങ്ങിവരുന്നതും അദ്ദേഹം കണ്ടു. 12അതിൽ സകലവിധ നാല്ക്കാലികളും ഇഴജന്തുക്കളും ആകാശത്തിലെ പക്ഷികളും ഉണ്ടായിരുന്നു. 13അപ്പോൾ ഒരു ശബ്ദം അദ്ദേഹത്തോട്: "പത്രൊസേ, എഴുന്നേറ്റു കൊന്നുതിന്നുക" എന്നു പറഞ്ഞു. 14"തീർച്ചയായും ഇല്ല, കർത്താവേ" പത്രൊസ് മറുപടി പറഞ്ഞു: "അശുദ്ധമോ മലിനമോ ആയതൊന്നും ഞാനൊരിക്കലും ഭക്ഷിച്ചിട്ടില്ല." 15രണ്ടാമതും ആ ശബ്ദം "ദൈവം ശുദ്ധീകരിച്ചതൊന്നും അശുദ്ധമെന്നു പറയരുത്" എന്നു പറഞ്ഞു. 16മൂന്നു പ്രാവശ്യം ഇപ്രകാരം സംഭവിച്ചു. ഉടൻതന്നേ ആ പാത്രം സ്വർഗ്ഗത്തിലേയ്ക്ക് തിരികെ എടുക്കപ്പെട്ടു. 17ഈ ദർശനത്തിന്റെ അർത്ഥം എന്തായിരിക്കും എന്ന് പത്രൊസ് ചിന്തിച്ചു കുഴങ്ങുമ്പോൾ കൊർന്നേല്യൊസ് അയച്ചിരുന്ന പുരുഷന്മാർ ശിമോന്റെ വീട് തേടിപ്പിടിച്ചു പടിവാതില്ക്കലെത്തി. 18"പത്രൊസ് എന്നറിയപ്പെടുന്ന ശിമോൻ ഇവിടെയാണോ പാർക്കുന്നത്?" എന്ന് അവർ വിളിച്ചു ചോദിച്ചു. 19പത്രൊസ് ദർശനത്തെപ്പറ്റി ചിന്തിച്ചുകൊണ്ടിരിക്കുമ്പോൾ ആത്മാവ് അദ്ദേഹത്തോട്: "ശിമോനേ, മൂന്നുപേർ [a] നിന്നെ അന്വേഷിക്കുന്നു. 20എഴുന്നേറ്റ് ഇറങ്ങിച്ചെല്ലുക. അവരോടുകൂടെ പോകാൻ മടിക്കേണ്ടാ; ഞാനാണ് അവരെ അയച്ചിരിക്കുന്നത്" എന്നു പറഞ്ഞു. 21അദ്ദേഹം താഴെ ഇറങ്ങിച്ചെന്ന് അവരോട്: "നിങ്ങൾ അന്വേഷിക്കുന്ന ആൾ ഞാൻ തന്നേ. നിങ്ങൾ വന്ന കാര്യം എന്ത്?" എന്നു ചോദിച്ചു. 22അവർ പറഞ്ഞു: "ഞങ്ങൾ ശതാധിപനായ കൊർന്നേല്യൊസിന്റെ അടുക്കൽ നിന്നാണു വരുന്നത്. അദ്ദേഹം നീതിമാനും ദൈവഭക്തനും എല്ലാ യഹൂദരാലും ബഹുമാനിക്കപ്പെടുന്നവനുമാണ്. അങ്ങേയ്ക്കു പറയുവാനുള്ളതു കേൾക്കുവാൻ അങ്ങയെ അദ്ദേഹത്തിന്റെ വീട്ടിലേയ്ക്കു വരുത്തണമെന്ന് ഒരു വിശുദ്ധദൂതനാൽ അദ്ദേഹത്തിന് അരുളപ്പാടുണ്ടായി എന്നു പറഞ്ഞു." 23അപ്പോൾ പത്രൊസ് അവരെ വീടിനുള്ളിലേക്കു ക്ഷണിച്ച് അവിടെ പാർപ്പിച്ചു.

പത്രൊസ് കൊർന്നേല്യൊസിന്റെ ഭവനത്തിൽ

പിറ്റേദിവസം പത്രൊസ് അവരോടുകൂടെ പുറപ്പെട്ടു. യോപ്പയിലെ ഏതാനും സഹോദരന്മാരും അദ്ദേഹത്തോടൊപ്പം പോയി. 24അടുത്തദിവസം അദ്ദേഹം കൈസര്യയിലെത്തി. കൊർന്നേല്യൊസ് അവരെ കാത്തിരിക്കുകയായിരുന്നു; ബന്ധുക്കളെയും ഉറ്റമിത്രങ്ങളെയും അദ്ദേഹം അവിടെ വിളിച്ചുകൂട്ടിയിരുന്നു. 25പത്രൊസ് ഭവനത്തിൽ പ്രവേശിച്ചപ്പോൾ കൊർന്നേല്യൊസ് അദ്ദേഹത്തെ കണ്ട് ആദരപൂർവ്വം കാല്ക്കൽവീണു വന്ദിച്ചു. 26പത്രൊസ് അദ്ദേഹത്തെ എഴുന്നേല്പിച്ചുകൊണ്ട്, "എഴുന്നേല്ക്കുക, ഞാൻ കേവലം ഒരു മനുഷ്യനത്രേ" എന്നു പറഞ്ഞു. 27കൊർന്നേല്യൊസിനോട് സംസാരിച്ചുകൊണ്ടു പത്രൊസ് അകത്തേക്കു ചെന്നു. അവിടെ ഒരു വലിയ ജനക്കൂട്ടം ഉണ്ടായിരുന്നു. 28അദ്ദേഹം അവരോടു പറഞ്ഞു: "ഒരു യഹൂദൻ വിജാതീയനായ ഒരാളോടു സഹകരിക്കുകയോ അവനെ സന്ദർശിക്കുകയോ ചെയ്യുന്നതു ഞങ്ങളുടെ ന്യായപ്രമാണത്തിനു വിരുദ്ധമാണെന്നു നിങ്ങൾക്കറിയാമല്ലോ! എന്നാൽ ഒരു മനുഷ്യനെയും അശുദ്ധനെന്നോ മലിനനെന്നോ വിളിക്കരുതെന്നു ദൈവം എനിക്കു കാണിച്ചു തന്നിരിക്കുന്നു. 29ആകയാൽ എനിക്ക് ആളയച്ചപ്പോൾ യാതൊരെതിർപ്പും പറയാതെ ഞാൻ പോരുകയാണുണ്ടായത്. ഇനി ഞാൻ ചോദിക്കട്ടെ, നിങ്ങൾ എന്തിനാണ്എന്നെ വിളിപ്പിച്ചത്?"

30കൊർന്നേല്യൊസ് മറുപടി പറഞ്ഞു: "നാലുദിവസം മുമ്പ് ഉച്ചയ്ക്കു ഞാൻ എന്റെ വീട്ടിൽ ഏകദേശം മൂന്നുമണി സമയത്ത് പ്രാർത്ഥിച്ചുകൊണ്ടിരിക്കുകയായിരുന്നു. പെട്ടെന്ന്, മിന്നുന്ന വസ്ത്രം ധരിച്ച ഒരു മനുഷ്യൻ എന്റെ മുന്നിൽ നിന്നുകൊണ്ട്: 31'കൊർന്നേല്യൊസേ, ദൈവം നിന്റെ പ്രാർത്ഥന കേൾക്കുകയും നിന്റെ ദാനധർമ്മങ്ങൾ ഓർക്കുകയും ചെയ്തിരിക്കുന്നു. 32ഇപ്പോൾ യോപ്പയിലേക്ക് ആളയച്ച് പത്രൊസ് എന്നു വിളിക്കപ്പെടുന്ന ശിമോനെ വരുത്തുക. അദ്ദേഹം കടൽപ്പുറത്തു തോല്പണിക്കാരനായ ശിമോന്റെ വീട്ടിൽ അതിഥിയായി പാർക്കുന്നു' എന്ന് എന്നോടു പറഞ്ഞു. 33അപ്പോൾ ഞാൻ ഉടൻതന്നേ അങ്ങേയ്ക്കായി ആളെ അയച്ചു. അങ്ങു വന്നതു വലിയ ഉപകാരം. ഇപ്പോൾ ഞങ്ങളോടു പറയുവാൻ ദൈവം അങ്ങയോടു കല്പിച്ചിട്ടുള്ളതൊക്കെയും കേൾക്കുവാൻ ഞങ്ങൾ ഇതാ ദൈവസന്നിധിയിൽ കൂടിയിരിക്കുന്നു."

പത്രൊസിന്റെ പ്രസംഗം

34അപ്പോൾ പത്രൊസ് ഇപ്രകാരം പറഞ്ഞു: "ദൈവത്തിനു പക്ഷപാതമില്ലെന്നും, 35ഏതൊരു ജനതയിലും ദൈവത്തെ ഭയപ്പെട്ട് നീതി പ്രവർത്തിക്കുന്നവരെ അവിടുന്ന് അംഗീകരിക്കുന്നുവെന്നും ഉള്ളത് എത്ര സത്യമെന്ന് ഞാനിപ്പോൾ മനസ്സിലാക്കുന്നു. 36എല്ലാവരുടെയും കർത്താവായ യേശുക്രിസ്തുവിലൂടെ സമാധാനത്തിന്റെ സുവിശേഷം അറിയിച്ചുകൊണ്ട് ദൈവം യിസ്രായേൽമക്കൾക്കു നല്കിയ സന്ദേശം ഇതാണ്: 37യോഹന്നാൻ പ്രസംഗിച്ച

[a] 10:19 ചില കയ്യെഴുത്തുപ്രതികളിൽ സംഖ്യ രേഖപ്പെടുത്തിയിട്ടില്ല.

സ്നാനത്തിനുശേഷം ഗലീലയിൽതുടങ്ങി
യഹൂദ്യയിലെല്ലായിടത്തും സംഭവിച്ച കാര്യ
ങ്ങളും 38നസറായനായ യേശുവിനെ ദൈവം
പരിശുദ്ധാത്മാവിനാലും ശക്തിയാലും അഭി
ഷേകം ചെയ്തതും ദൈവം തന്നോടുകൂടെയി
രുന്നതിനാൽ അദ്ദേഹം നന്മ ചെയ്തും
പൈശാചിക ശക്തിക്ക് അധീനരായിരുന്നവരെ
സൗഖ്യമാക്കിക്കൊണ്ട് സഞ്ചരിച്ചതും നിങ്ങൾ
ക്കറിവുണ്ടല്ലോ! 39യഹൂദരുടെ ദേശത്തും യെരൂ
ശലേമിലും അദ്ദേഹം ചെയ്തതിനെല്ലാം
ഞങ്ങൾ സാക്ഷികളാണ്. അവർ അദ്ദേഹത്തെ
മരത്തിൽ തൂക്കിക്കൊന്നു. 40എന്നാൽ മൂന്നാം
ദിവസം ദൈവം മരിച്ചവരിൽ നിന്ന് അദ്ദേഹത്തെ
ഉയിർത്തെഴുന്നേല്പിച്ചു പ്രത്യക്ഷനാക്കി.
41എല്ലാവർക്കുമല്ല, പിന്നെയോ സാക്ഷികളായി
രിക്കുവാൻ ദൈവം നേരത്തെതന്നേ തിര
ഞ്ഞെടുത്തിരുന്നവരായ ഞങ്ങൾക്കു പ്രത്യക്ഷ
നാക്കി. അദ്ദേഹം മരിച്ചവരിൽനിന്ന് ഉയിർ
ത്തെഴുന്നേറ്റശേഷം അദ്ദേഹത്തോടൊപ്പം
ഞങ്ങൾ തിന്നുകയും കുടിക്കുകയും ചെയ്തു.
42ജനങ്ങളോടു പ്രസംഗിക്കുവാനും, ജീവിച്ചിരി
ക്കുന്നവർക്കും മരിച്ചവർക്കും ന്യായാധിപതി
യായി ദൈവം നിയോഗിച്ചിരിക്കുന്നത് അദ്ദേഹ
ത്തെയാണെന്ന് സാക്ഷിപ്പാനും അവിടുന്നു
ഞങ്ങളോടു കല്പിച്ചിരിക്കുന്നു. 43അദ്ദേഹ
ത്തിൽ വിശ്വസിക്കുന്ന ഏവർക്കും അദ്ദേഹത്തി
ന്റെ നാമത്തിലൂടെ പാപക്ഷമ ലഭിക്കുമെന്ന്
എല്ലാ പ്രവാചകന്മാരും സാക്ഷ്യം പറയുന്നു."

44പത്രൊസ് ഈ വാക്കുകൾ പ്രസ്താവിക്കു
മ്പോൾതന്നേ വചനം ശ്രവിച്ച എല്ലാവരുടെ
മേലും പരിശുദ്ധാത്മാവു വന്നു. 45വിജാതീയരു
ടെമേലും പരിശുദ്ധാത്മാവ് എന്ന ദാനം
പകർന്നതിൽ പത്രൊസിനോടൊപ്പം വന്ന പരി
ച്ഛേദനക്കാരായ വിശ്വാസികൾ വിസ്മയഭരി
തരായി, 46എന്തെന്നാൽ അവർ അന്യഭാഷയിൽ
സംസാരിക്കുകയും ദൈവത്തെ സ്തുതിക്കു
കയും ചെയ്തു. 47അപ്പോൾ പത്രൊസ്, "നമ്മെ
പ്പോലെതന്നെ പരിശുദ്ധാത്മാവിനെ പ്രാപി
ച്ചിരിക്കുന്ന ഇവരെ ജലത്താൽ സ്നാനം
ഏല്ക്കുന്നതിൽനിന്നു വിലക്കുവാൻ ആർക്കു
കഴിയും?" എന്നു പറഞ്ഞു. 48അനന്തരം അവ
രെ യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നാ
നം കഴിപ്പിക്കുവാൻ അദ്ദേഹം കല്പിച്ചു. തങ്ങ
ളോടൊപ്പം ഏതാനും ദിവസം പാർക്കണമെന്ന്
അവർ പത്രൊസിനോട് അപേക്ഷിച്ചു.

പത്രൊസ് തന്റെ പ്രവർത്തനങ്ങൾ വിശദീകരിക്കുന്നു

11 വിജാതീയജനങ്ങളും ദൈവവചനം
സ്വീകരിച്ചുവെന്ന് അപ്പൊസ്തലന്മാരും
യഹൂദ്യയിൽ എല്ലായിടത്തുമുള്ള സഹോദരരും
കേട്ടു. 2പത്രൊസ് യെരൂശലേമിൽ എത്തിയ
പ്പോൾ പരിച്ഛേദനമേറ്റ വിശ്വാസികൾ അ
ദ്ദേഹത്തെ വിമർശിച്ചു. 3"താങ്കൾ പരിച്ഛേദന
മേല്ക്കാത്തവരുടെ വീട്ടിൽ പോയി അവരോടു
കൂടെ ഭക്ഷണം കഴിച്ചു" എന്നു പറഞ്ഞു.

4പത്രൊസ് എല്ലാക്കാര്യങ്ങളും സംഭവിച്ചതു
പോലെതന്നേ സൂക്ഷ്മമായി അവർക്കു വിശദീ
കരിച്ചുകൊടുത്തു. 5"ഞാൻ യോപ്പാ
നഗരത്തിൽ പ്രാർത്ഥിച്ചുകൊണ്ടിരുന്നപ്പോൾ,
ആത്മവിവശതയിൽ ഒരു ദർശനം കണ്ടു. വലി
യ വിരിപോലെയുള്ള ഒരു പാത്രം നാലുകോ
ണും കെട്ടി സ്വർഗ്ഗത്തിൽനിന്ന് ഇറക്കുന്നതായി
ഞാൻ കണ്ടു. അതു താണുവന്ന് ഞാനിരിക്കു
ന്നേടത്തെത്തി. 6ഞാൻ സൂക്ഷിച്ചുനോക്കിയ
പ്പോൾ ഭൂമിയിലെ നാല്ക്കാലികൾ, കാട്ടുജന്തു
ക്കൾ, ഇഴജാതികൾ, ആകാശത്തിലെ പക്ഷി
കൾ എന്നിവയെ അതിനുള്ളിൽ കണ്ടു.
7അനന്തരം, 'പത്രൊസേ, എഴുന്നേറ്റ് കൊന്നു
തിന്നുക' എന്ന് എന്നോടു പറയുന്ന ഒരു ശബ്ദം
ഞാൻ കേട്ടു.

8"'ഇല്ല കർത്താവേ, അശുദ്ധമോ മലിനമോ
ആയ യാതൊന്നും ഒരിക്കലും ഞാൻ കഴിച്ചി
ട്ടില്ല' എന്നു ഞാൻ ഉത്തരം പറഞ്ഞു.

9"ആ ശബ്ദം സ്വർഗ്ഗത്തിൽനിന്നു രണ്ടാമതും
എന്നോട്, 'ദൈവം ശുദ്ധീകരിച്ചതൊന്നും
അശുദ്ധമെന്നു പറയരുത്' എന്നരുളിച്ചെയ്തു.
10ഇങ്ങനെ മൂന്നു പ്രാവശ്യം ഉണ്ടായി. പിന്നെ
അതെല്ലാം സ്വർഗ്ഗത്തിലേക്കു തിരികെ എടു
ക്കപ്പെട്ടു.

11"അപ്പോൾത്തന്നെ കൈസര്യയിൽനിന്ന്
എന്റെ അടുത്തേയ്ക്ക് അയയ്ക്കപ്പെട്ട മൂന്നു
പേർ ഞാൻ പാർത്തിരുന്ന വീട്ടിലെത്തി. 12'മടി
ക്കാതെ അവരോടുകൂടെ പോവുക' എന്ന്
ആത്മാവ് എന്നോടു കല്പിച്ചു. ഈ ആറു സ
ഹോദരന്മാരും എന്റെ കൂടെ പോന്നു. അങ്ങനെ
ഞങ്ങൾ ആ മനുഷ്യന്റെ വീട്ടിലെത്തി. 13ത
ന്റെ ഭവനത്തിൽ ഒരു ദൈവദൂതൻ പ്രത്യക്ഷ
പ്പെട്ടത് കണ്ടുവെന്നും ആ ദൂതൻ അദ്ദേഹ
ത്തോട്, 'നീ യോപ്പയിലേയ്ക്ക് ആളയച്ചു
പത്രൊസ് എന്നുപേരുള്ള ശിമോനെ വരുത്തു
ക; 14നീയും നിന്റെ കുടുംബത്തിലുള്ളവരും
രക്ഷിക്കപ്പെടുവാനുള്ള സന്ദേശം അദ്ദേഹം
നിനക്കു നല്കും' എന്ന് അറിയിച്ചുവെന്നും
അദ്ദേഹം ഞങ്ങളോടു പറഞ്ഞു.

15"ഞാൻ സംസാരിച്ചുതുടങ്ങിയപ്പോൾ പരി
ശുദ്ധാത്മാവ് ആദിയിൽ നമ്മുടെമേൽ വന്നതു
പോലെ അവരുടെമേലും വന്നു. 16അപ്പോൾ:
'യോഹന്നാൻ വെള്ളംകൊണ്ടു സ്നാനം കഴി
പ്പിച്ചു, എന്നാൽ നിങ്ങൾക്കോ പരിശുദ്ധാത്മാ
വിനാൽ സ്നാനം ലഭിക്കും' എന്ന് കർത്താവു
പറഞ്ഞ വാക്ക് എനിക്ക് ഓർമ്മ വന്നു. 17അതു

കൊണ്ട് ദൈവം യേശുക്രിസ്തുവിൽ വിശ്വസിച്ചനമുക്കു തന്ന അതേ ദാനം അവർക്കും നല്കിയെങ്കിൽ ദൈവത്തോട് എതിർത്തു നില്ക്കുവാൻ ഞാനാര്?"

18ഇതു കേട്ടുകഴിഞ്ഞപ്പോൾ, അവർ മിണ്ടാതിരുന്നു. "അങ്ങനെയെങ്കിൽ ദൈവം വിജാതീയർക്കും ജീവനിലേക്കു നയിക്കുന്ന മാനസാന്തരം നല്കിയിരിക്കുന്നുവല്ലോ" എന്നു പറഞ്ഞ് അവർ ദൈവത്തെ സ്തുതിച്ചു.

അന്ത്യോക്യയിലെ സഭ

19സ്തെഫാനോസ് നിമിത്തം ഉണ്ടായ പീഡനത്താൽ ചിതറിപ്പോയവർ യഹൂദരോടു മാത്രം സുവിശേഷം അറിയിച്ചുകൊണ്ടു ഫൊയ്നീക്യ, സൈപ്രസ്, അന്ത്യോക്യ എന്നീ പ്രദേശങ്ങൾവരെ സഞ്ചരിച്ചു. 20അവരിൽ സൈപ്രസിൽനിന്നും കുറേനയിൽനിന്നുമുള്ള ചിലർ അന്ത്യോക്യയിലെത്തി യവനന്മാരോടും കർത്താവായ യേശുവിനെക്കുറിച്ചുള്ള സുവിശേഷം അറിയിച്ചു. 21കർത്താവിന്റെ കൈ അവരോടുകൂടെ ഉണ്ടായിരുന്നു; വലിയൊരു ജനസമൂഹം വിശ്വസിച്ചു കർത്താവിങ്കലേക്കു തിരിഞ്ഞു. 22ഈ വാർത്ത യെരൂശലേമിലെ സഭ കേട്ടു. അവർ ബർന്നബാസിനെ അന്ത്യോക്യയിലേക്കയച്ചു. 23അദ്ദേഹം അവിടെ എത്തി, ദൈവകൃപ വ്യാപരിച്ചതുകണ്ട് സന്തോഷിച്ചു, ഹൃദയനിർണ്ണയത്തോടെ കർത്താവിനോടു ചേർന്നു നില്ക്കുവാൻ അവരെ പ്രബോധിപ്പിച്ചു. 24അദ്ദേഹം ഒരു നല്ല മനുഷ്യനും പരിശുദ്ധാത്മാവും വിശ്വാസവും നിറഞ്ഞവനും ആയിരുന്നു. ഒരു വലിയകൂട്ടം ആളുകൾ കർത്താവിങ്കലേക്കു ചേർക്കപ്പെട്ടു. 25അനന്തരം, ശൗലിനെ അന്വേഷിക്കുവാൻ ബർന്നബാസ് തർസൊസിലേക്കു പോയി. 26അദ്ദേഹത്തെ കണ്ടെത്തി അന്ത്യോക്യയിലേക്കു കൂട്ടിക്കൊണ്ടുവന്നു. ബർന്നബാസും ശൗലും ഒരു വർഷം മുഴുവനും സഭായോഗങ്ങളിൽ പങ്കെടുക്കുകയും വളരെ ആളുകളെ പഠിപ്പിക്കുകയും ചെയ്തു. ശിഷ്യന്മാരെ ആദ്യം ക്രിസ്ത്യാനികൾ എന്നു വിളിച്ചത് അന്ത്യോക്യയിൽവച്ചാണ്.

27ആ കാലത്ത് പ്രവാചകർ യെരൂശലേമിൽനിന്ന് അന്ത്യോക്യയിൽ വന്നു. 28അവരിൽ അഗബൊസ് എന്നു പേരുള്ള ഒരാൾ എഴുന്നേറ്റുനിന്ന് റോമാസാമ്രാജ്യത്തിലെല്ലായിടത്തും ഒരു വലിയ ക്ഷാമം ഉണ്ടാകുമെന്ന് ആത്മാവിൽ പ്രവചിച്ചു. ക്ലൗദ്യോസിന്റെ കാലത്ത് ഇതു സംഭവിച്ചു. 29ശിഷ്യന്മാരെല്ലാവരും അവരവരുടെ കഴിവനുസരിച്ച് യഹൂദ്യയിൽ പാർക്കുന്ന സഹോദരർക്കു സഹായം നല്കുവാൻ നിശ്ചയിച്ചു. 30അവർ ബർന്നബാസിന്റെയും ശൗലിന്റെയും കൈവശം തങ്ങളുടെ ദാനം കൊടുത്തയച്ച് ഇക്കാര്യം നിറവേറ്റി.

പത്രൊസ് കാരാഗൃഹത്തിൽനിന്ന് അത്ഭുതകരമായി രക്ഷപ്പെടുന്നു

12 ഇക്കാലത്ത് ഹെരോദാരാജാവ് സഭയിൽപ്പെട്ട ചിലരെ, പീഡിപ്പിക്കുവാനായി പിടികൂടി. 2അയാൾ യോഹന്നാന്റെ സഹോദരനായ യാക്കോബിനെ വാൾകൊണ്ടു കൊന്നു. 3അതു യഹൂദരെ സന്തോഷിപ്പിച്ചു എന്നു കണ്ടപ്പോൾ അയാൾ പത്രൊസിനെയും ബന്ധനത്തിലാക്കുവാൻ ഒരുമ്പെട്ടു. പുളിപ്പില്ലാത്ത അപ്പത്തിന്റെ പെരുന്നാളിൽ ഇതു സംഭവിച്ചു. 4അയാൾ അദ്ദേഹത്തെ ബന്ധിച്ച് കാരാഗൃഹത്തിലാക്കി നാലു പടയാളികൾ വീതമുള്ള നാലു കൂട്ടങ്ങളുടെ കാവലിലാക്കി. പെസഹായ്ക്കു ശേഷം അദ്ദേഹത്തെ പുറത്തുകൊണ്ടുവന്ന് പരസ്യമായി വിസ്തരിക്കണമെന്നായിരുന്നു ഹെരോദാവിന്റെ ഉദ്ദേശ്യം.

5 പത്രൊസ് കാരാഗൃഹത്തിൽ ആയിരിക്കുമ്പോൾ സഭ അദ്ദേഹത്തിനുവേണ്ടി ജാഗ്രതയോടെ ദൈവത്തോടു പ്രാർത്ഥിച്ചുകൊണ്ടിരുന്നു.

6ഹെരോദാവ് അദ്ദേഹത്തെ വിസ്താരത്തിനായി കൊണ്ടുവരാനിരുന്നതിന്റെ തലേരാത്രി പത്രൊസ് രണ്ടു പടയാളികളുടെ നടുവിൽ, രണ്ടു ചങ്ങലകളാൽ ബന്ധിതനായി കിടന്നുറങ്ങുകയായിരുന്നു. കാവല്ക്കാർ കാരാഗൃഹത്തിന്റെ വാതില്ക്കൽ നില്ക്കുന്നുണ്ടായിരുന്നു. 7പെട്ടെന്ന്, കർത്താവിന്റെ ഒരു ദൂതൻ പ്രത്യക്ഷനായി. കാരാഗൃഹത്തിൽ ഒരു വെളിച്ചം പ്രകാശിച്ചു. ദൂതൻ പത്രൊസിനെ പാർശ്വത്തിൽ തട്ടിയുണർത്തി. "വേഗം എഴുന്നേല്ക്കൂ!" ദൂതൻ പറഞ്ഞു; പത്രൊസിന്റെ കൈകളിൽനിന്നു ചങ്ങലകൾ താഴെ വീണു.

8ദൂതൻ പത്രൊസിനോട്: "നിന്റെ വസ്ത്രവും ചെരുപ്പും ധരിക്കുക" എന്നു പറഞ്ഞു; അദ്ദേഹം അങ്ങനെ ചെയ്തു. "പുതപ്പു പുതച്ചുകൊണ്ട് എന്റെ പിന്നാലെ വരിക" ദൂതൻ പറഞ്ഞു. 9പത്രൊസ് ദൂതന്റെ പുറകെ നടന്ന് കാരാഗൃഹത്തിനു പുറത്തു വന്നു. എന്നാൽ ദൂതൻ മുഖേന സംഭവിച്ചത് യഥാർത്ഥമാണെന്ന് അദ്ദേഹം അറിഞ്ഞില്ല. താൻ ഒരു ദർശനം കാണുകയാണെന്ന് അദ്ദേഹം ചിന്തിച്ചു. 10അവർ ഒന്നാം കാവലും രണ്ടാം കാവലും കടന്ന് നഗരത്തിലേക്കു നയിക്കുന്ന ഇരുമ്പുവാതില്ക്കലെത്തി. അത് അവർക്കായി തനിയേ തുറന്നു. അവർ അതിലൂടെ പുറത്തുവന്ന് ഒരു തെരുവു കടന്നയുടൻ ദൂതൻ പെട്ടെന്ന് അദ്ദേഹത്തെ വിട്ടുപോയി.

11 അപ്പോൾ പത്രൊസിനു സ്വബോധം കൈവന്നു. " കർത്താവു തന്റെ ദൂതനെ അയച്ചു ഹെരോദാവിന്റെ പിടിയിൽനിന്നും

യഹൂദജനങ്ങൾ പ്രതീക്ഷിച്ചിരുന്ന എല്ലാറ്റിൽ
നിന്നും എന്നെ രക്ഷിച്ചിരിക്കുന്നു എന്ന് ഞാൻ
ഇപ്പോൾ നിശ്ചയമായി അറിയുന്നു" എന്ന് അ
ദ്ദേഹം പറഞ്ഞു.
12ഇതു ബോധ്യമായശേഷം അദ്ദേഹം, മർ
ക്കൊസ് എന്നും പേരുള്ള യോഹന്നാന്റെ
അമ്മയായ മറിയയുടെ വീട്ടിൽ ചെന്നു; അവിടെ
വളരെപ്പേർ ഒരുമിച്ചുകൂടി പ്രാർത്ഥിച്ചു കൊണ്ടി
രിക്കുകയായിരുന്നു. 13പത്രൊസ് പുറത്തെ വാ
തില്ക്കൽ മുട്ടി. അപ്പോൾ രോദാ എന്നു പേരുള്ള
ഒരു വേലക്കാരിപെൺകുട്ടി വിളികേൾപ്പാൻ
വാതില്ക്കൽ വന്നു. 14പത്രൊസിന്റെ ശബ്ദം
തിരിച്ചറിഞ്ഞപ്പോൾ അവൾ സന്തോഷാധി
ക്യത്താൽ കതകു തുറക്കാതെ തിരികെ ഓടി
ച്ചെന്ന്, "പത്രൊസ് അതാ വാതില്ക്കൽ നില്
ക്കുന്നു!" എന്ന് ആശ്ചര്യത്തോടെ പറഞ്ഞു.
15"നിനക്കു ഭ്രാന്താണ്," അവർ അവളോടു
പറഞ്ഞു. "അല്ല, അതങ്ങനെതന്നേ" എന്ന്
അവൾ തറപ്പിച്ചു പറഞ്ഞുകൊണ്ടിരുന്നു.
"എങ്കിൽ അത് അദ്ദേഹത്തിന്റെ ദൂതൻ
ആയിരിക്കും" എന്ന് അവർ പറഞ്ഞു.
16പത്രൊസ് വാതില്ക്കൽ പിന്നെയും മുട്ടി
ക്കൊണ്ടിരുന്നു. കതകു തുറന്നപ്പോൾ അവർ
അദ്ദേഹത്തെ കണ്ടു വിസ്മയഭരിതരായി.
17നിശ്ശബ്ദരായിരിക്കാൻ ആംഗ്യം കാട്ടിക്കൊണ്ട്
പത്രൊസ് അവരോട് കർത്താവ് തന്നെ കാരാ
ഗൃഹത്തിൽനിന്നു പുറത്തുകൊണ്ടുവന്നതെങ്ങ
നെയെന്ന് വിവരിച്ചുകേൾപ്പിച്ചു. "യാക്കോബി
നെയും സഹോദരന്മാരെയും ഇക്കാര്യം അറിയി
ക്കണം" എന്നു പറഞ്ഞിട്ട് അദ്ദേഹം മറ്റൊരു
സ്ഥലത്തേക്കു പോയി.
18പ്രഭാതമായപ്പോൾ, പത്രൊസിന് എന്തു സം
ഭവിച്ചിരിക്കും എന്നതിനെക്കുറിച്ച് പടയാളികൾ
ക്കിടയിൽ വലിയ പരിഭ്രമമുണ്ടായി. 19അദ്ദേഹ
ത്തെ കണ്ടുപിടിക്കാൻ സമഗ്രമായ ഒരന്വേ
ഷണം നടത്തിയിട്ടും കാണാഞ്ഞതിനാൽ
ഹെരോദാവ് കാവല്ക്കാരെ വിസ്തരിക്കുകയും
അവരെ വധിക്കുവാൻ ഉത്തരവിടുകയും
ചെയ്തു.

ഹെരോദാവിന്റെ മരണം

അനന്തരം ഹെരോദാവ് യഹൂദ്യയിൽനിന്ന്
കൈസര്യയിലെത്തി കുറേക്കാലം അവിടെ
പാർത്തു. 20അയാൾ സോരിലെയും സീദോനി
ലെയും ജനങ്ങളോടു കോപിച്ചിരിക്കുകയായി
രുന്നു. എന്നാൽ ഈ സമയത്ത് അവർ
ഒത്തുകൂടി അദ്ദേഹവുമായി ഒരു കൂടി
ക്കാഴ്ചയ്ക്ക് അവസരം അന്വേഷിച്ചു. അവർ
ഭക്ഷണസാധനങ്ങൾക്കായി രാജാവിന്റെ
ദേശത്തെ ആശ്രയിച്ചിരുന്നതുകൊണ്ട് രാജാവി
ന്റെ വിശ്വസ്തസേവകരിൽ ഒരുവനായ ബ്ലസ്
തോസിന്റെ സഹായത്തോടെ സമാധാനത്തി
നായി അപേക്ഷിച്ചു.
21നിശ്ചിതദിവസം ഹെരോദാവ് രാജകീ
യവസ്ത്രങ്ങൾ അണിഞ്ഞ്, സിംഹാസനത്തിൽ
ഇരുന്നുകൊണ്ട് ജനങ്ങളോടു പ്രസംഗിച്ചു. 22"ഇ
തു മനുഷ്യന്റെ ശബ്ദമല്ല, ദേവന്റെ ശബ്ദമ
ത്രേ" -ജനം ആർത്തുവിളിച്ചു. 23ഹെരോദാവ്
ദൈവത്തെ മഹത്ത്വപ്പെടുത്താതിരുന്നതു
കൊണ്ട് ഒരു ദൂതൻ തൽക്ഷണം അയാളെ അടി
ച്ചുവീഴ്ത്തി; അയാൾ കൃമികൾക്ക് ഇരയായി
മരണമടഞ്ഞു.
24എന്നാൽ ദൈവവചനം വളർന്നുവ്യാപിച്ചു
കൊണ്ടിരുന്നു.
25ബർന്നബാസും ശൗലും തങ്ങളുടെ ദൗത്യം
പൂർത്തിയാക്കിയശേഷം മർക്കൊസ് എന്നും
പേരുള്ള യോഹന്നാനെയും കൂട്ടി യെരൂശ
ലേമിൽനിന്നു[a] മടങ്ങിപ്പോന്നു.

ബർന്നബാസും ശൗലും
നിയോഗിക്കപ്പെടുന്നു

13 അന്ത്യോകൃയിലെ സഭയിൽ ബർന്ന
ബാസ്, നിഗർ എന്നു വിളിക്കപ്പെട്ട ശി
മോൻ, കുറേനക്കാരനായ ലൂക്യൊസ്, ഇടപ്രഭു
വായ ഹെരോദാവിനോടൊപ്പം വളർത്തപ്പെട്ട
മനായേൻ, ശൗൽ എന്ന പ്രവാചകരും ഉപ
ദേഷ്ടാക്കളും ഉണ്ടായിരുന്നു. 2അവർ കർത്താ
വിനെ ആരാധിച്ചും ഉപവസിച്ചുംകൊണ്ടിരിക്കു
മ്പോൾ, പരിശുദ്ധാത്മാവ് അവരോട്:
"ബർന്നബാസിനെയും ശൗലിനെയും ഞാൻ വി
ളിച്ചിരിക്കുന്ന പ്രവർത്തനത്തിനായി വേർതിരി
ക്കുവിൻ" എന്നു പറഞ്ഞു. 3അങ്ങനെ അവർ
ഉപവസിച്ചു പ്രാർത്ഥിച്ച് അവരുടെമേൽ
കൈകൾവച്ച് അവരെ പറഞ്ഞയച്ചു.

സൈപ്രസ് ദ്വീപിൽ

4പരിശുദ്ധാത്മനിയോഗത്താൽ അയയ്ക്ക
പ്പെട്ട അവർ രണ്ടുപേരും സെലൂക്യയിൽ ചെന്നു;
അവിടെനിന്നും സൈപ്രസിലേയ്ക്കു കപ്പൽ
കയറി. 5സലമീസിൽ എത്തിയിട്ട് യഹൂദപള്ളി
കളിൽ ദൈവവചനം പ്രസംഗിച്ചു. യോഹന്നാൻ
അവർക്കു സഹായിയായി ഉണ്ടായിരുന്നു.
6അവർ ദ്വീപിൽ എല്ലായിടത്തും സഞ്ചരിച്ച്
പാഫോസിലെത്തി; അവിടെ ബർ-യേശു എന്നു
പേരുള്ള കള്ള പ്രവാചകനായ ഒരു യഹൂദമന്ത്ര
വാദിയെ കണ്ടുമുട്ടി. 7അയാൾ സെർഗ്യോസ്പൗ
ലോസ് എന്ന ബുദ്ധിമാനായ ദേശാധിപതിയുടെ
കൂടെയായിരുന്നു. ദേശാധിപതി ബർന്നബാസി
നെയും ശൗലിനെയും വിളിച്ചുവരുത്തി
ദൈവവചനം കേൾക്കുവാൻ ആഗ്രഹിച്ചു.

[a] 25 ചില കയ്യെഴുത്തുപ്രതികളിൽ *യെരൂശലേമിലേക്ക്*

8എന്നാൽ 'എലീമാസ്' എന്ന ആ മന്ത്രവാദി
(അതാണ് അയാളുടെ പേരിന്റെ അർത്ഥം)
അവരെ എതിർക്കുകയും ദേശാധിപതിയെ വി
ശ്വാസത്തിൽനിന്നു പിന്തിരിപ്പിക്കുവാൻ
ശ്രമിക്കുകയും ചെയ്തു. 9അപ്പോൾ പൗലോസ്
എന്നും പേരുള്ള ശൗൽ പരിശുദ്ധാത്മാവു
നിറഞ്ഞവനായി എലീമാസിനെ ഉറ്റുനോക്കി
ഇങ്ങനെ പറഞ്ഞു: 10"ഹേ, പിശാചിന്റെ മക
നെ, എല്ലാ നന്മയുടെയും ശത്രുവെ, സകലവിധ
വഞ്ചനയും കൗശലവും നിന്നിൽ നിറഞ്ഞിരി
ക്കുന്നു. കർത്താവിന്റെ നേർപാതകൾ മറിച്ചു
കളയുന്നതു നീ നിറുത്തുകയില്ലേ? 11ഇപ്പോൾ,
കർത്താവിന്റെ കൈ നിനക്കു വിരോധമായിരി
ക്കുന്നു. കുറെക്കാലത്തേക്കു നീ അന്ധനായി,
സൂര്യന്റെ വെളിച്ചം കാണാൻ കഴിയാത്തവനാ
യിരിക്കും." ഉടൻതന്നേ ഇരുട്ടും ഒരു മൂടലും
അയാളെ ആവരണം ചെയ്തു. ആരെങ്കിലും ത
ന്നെ കൈപിടിച്ചു നടത്താനായി തിരഞ്ഞു
കൊണ്ട് അയാൾ തപ്പിത്തടഞ്ഞു നടന്നു.
12ദേശാധിപതി ഈ സംഭവിച്ചതുകണ്ട് വി
സ്മയംപൂണ്ടു കർത്താവിന്റെ ഉപദേശത്തിൽ
വിശ്വസിച്ചു.

പിസിദ്യയിലെ അന്ത്യോക്യയിൽ

13പൗലോസും കൂടെയുള്ളവരും പാഫോ
സിൽനിന്ന് കപ്പൽ കയറി പംഫുല്യയിലെ
പെർഗ്ഗയിൽ എത്തി. യോഹന്നാൻ അവരെ വിട്ട്
അവിടെനിന്ന് യെരൂശലേമിലേയ്ക്കു മടങ്ങി.
14പെർഗ്ഗയിൽനിന്ന് അവർ പിസിദ്യായിലെ അ
ന്ത്യോക്യയിൽ വന്നുചേർന്നു. ശബ്ബത്തുദിവസം
അവർ യഹൂദപ്പള്ളിയിൽച്ചെന്ന് അവിടെ
ഇരുന്നു. 15ന്യായപ്രമാണത്തിൽനിന്നും
പ്രവാചകപുസ്തകങ്ങളിൽനിന്നുമുള്ള വായന
യ്ക്കുശേഷം പള്ളി അധികാരികൾ അവരോട്:
"സഹോദരരേ, ജനത്തിനു നല്കുവാൻ വല്ല
പ്രബോധനവചനവും നിങ്ങൾക്കുണ്ടെങ്കിൽ
സംസാരിച്ചാലും" എന്ന് അറിയിച്ചു.

16പൗലോസ് എഴുന്നേറ്റുനിന്ന് ആംഗ്യം കാ
ട്ടിക്കൊണ്ട് ഇപ്രകാരം സംസാരിച്ചു: "യിസ്രാ
യേൽജനമേ, ദൈവത്തെ ആരാധിക്കുന്ന വിജാ
തീയരേ, എന്റെ വാക്കു ശ്രദ്ധിക്കുവിൻ.
17യിസ്രായേൽ ജനത്തിന്റെ ദൈവം നമ്മുടെ
പിതാക്കന്മാരെ തിരഞ്ഞെടുത്തു; അവർ ഈജി
പ്റ്റിൽ പാർക്കുന്ന കാലത്ത് അവർക്ക് അഭിവൃ
ദ്ധി വരുത്തി; തന്റെ മഹാശക്തിയാൽ അവരെ
ആ ദേശത്തുനിന്നു വിടുവിച്ചു; 18മരുഭൂമിയിൽ
നാല്പതു വർഷം അവരുടെ പെരുമാറ്റം ക്ഷമ
യോടെ സഹിച്ചു.[a] 19അവിടുന്ന് കനാനിലുണ്ടാ
യിരുന്ന ഏഴു ജാതികളെ പുറത്താക്കി അവരു
ടെ ദേശം അവർക്ക് അവകാശമായി കൊടുത്തു.
20അങ്ങനെ ഏകദേശം നാനൂറ്റമ്പതുവർഷം കഴി
ഞ്ഞു. അതിന്റെ ശേഷം, ദൈവം അവർക്കു
ശമൂവേൽപ്രവാചകന്റെ കാലംവരെ ന്യായാധി
പന്മാരെ കൊടുത്തു. 21പിന്നെ ജനങ്ങൾ ഒരു
രാജാവിനെ ആവശ്യപ്പെട്ടു. അപ്പോൾ അവിടുന്ന്
അവർക്ക് ബന്യാമീൻഗോത്രക്കാരനായ കീശി
ന്റെ മകൻ ശൗലിനെ കൊടുക്കുകയും അയാൾ
നാല്പതു വർഷം ഭരണം നടത്തുകയും
ചെയ്തു. 22ശൗലിനെ നീക്കം ചെയ്തിട്ട് അവി
ടുന്ന് ദാവീദിനെ അവരുടെ രാജാവാക്കി. ദാവീ
ദിനെക്കുറിച്ച് അവിടുന്ന്, 'ഞാൻ യിശ്ശായിയു
ടെ പുത്രനായ ദാവീദിനെ എന്റെ ഹൃദയത്തി
നു ചേർന്ന ഒരു മനുഷ്യനായി കണ്ടിരിക്കുന്നു.
അവൻ എന്റെ ഹിതമെല്ലാം നിറവേറ്റും'
എന്നരുളിച്ചെയ്തു.

23"അദ്ദേഹത്തിന്റെ സന്തതികളിൽനിന്നു
ദൈവം തന്റെ വാഗ്ദാനപ്രകാരം യേശു എന്ന
രക്ഷകനെ യിസ്രായേലിനു നല്കി. 24യേശു
വരുന്നതിനുമുമ്പേ യോഹന്നാൻ എല്ലാ യിസ്രാ
യേൽജനങ്ങളോടും മാനസാന്തരത്തിന്റെ
സ്നാനം പ്രസംഗിച്ചു. 25തന്റെ ദൗത്യം അവസാ
നിക്കാറായപ്പോൾ യോഹന്നാൻ, 'നിങ്ങൾ
എന്നെ ആരെന്നു കരുതുന്നു? ഞാൻ അല്ല,
ഒരുവൻ എന്റെ പിന്നാലെ വരുന്നുണ്ട്. അവിടു
ത്തെ ചെരിപ്പ് അഴിക്കാൻ ഞാൻ യോഗ്യനല്ല'
എന്നു പറഞ്ഞു.

26"സഹോദരരേ, അബ്രാഹാമിന്റെ മക്കളേ,
ദൈവത്തെ ഭയപ്പെടുന്ന യഹൂദേതരജനങ്ങളേ,
രക്ഷയുടെ ഈ സന്ദേശം ദൈവം അയച്ചിരി
ക്കുന്നതു നമുക്കുവേണ്ടിയാണ്. 27യെരൂശലേമി
ലെ ജനങ്ങളും അവരുടെ ഭരണകർത്താക്കളും
യേശുവിനെയോ ശബ്ബത്തുതോറും വായിച്ചു
പോരുന്ന പ്രവാചകവാക്യങ്ങളെയോ തിരിച്ചറി
യാതെ അദ്ദേഹത്തെ കൊല്ലുവാൻ വിധിച്ചതി
ലൂടെ, ആ വചനങ്ങളെ നിറവേറ്റി. 28മരണശി
ക്ഷയ്ക്കു മതിയായ അടിസ്ഥാനം കാണാഞ്ഞി
ട്ടുകൂടി അദ്ദേഹത്തെ വധിക്കണമെന്ന് അവർ
പീലാത്തോസിനോട് ആവശ്യപ്പെട്ടു. 29അദ്ദേഹ
ത്തെപ്പറ്റി എഴുതപ്പെട്ടിരുന്നതെല്ലാം നിറവേറ്റിയ
ശേഷം അവർ അദ്ദേഹത്തെ മരത്തിൽനിന്ന്
ഇറക്കി ഒരു കല്ലറയിൽ വച്ചു. 30എന്നാൽ
ദൈവമോ അദ്ദേഹത്തെ മരിച്ചവരിൽനിന്ന്
ഉയിർത്തെഴുന്നേല്പിച്ചു. 31ഗലീലയിൽനിന്നു
യെരൂശലേമിലേയ്ക്കു തന്നെ അനുഗമിച്ചവർ
ക്ക് അദ്ദേഹം പലദിവസം പ്രത്യക്ഷനായി.
അവരിപ്പോൾ നമ്മുടെ ജനത്തിന്റെ മുമ്പിൽ
അദ്ദേഹത്തിന്റെ സാക്ഷികളാണ്.

32"ഈ സുവാർത്ത ഞങ്ങൾ നിങ്ങളോടറി
യിക്കുന്നു. 33ദൈവം നമ്മുടെ പിതാക്കന്മാർക്കു
നല്കിയിരുന്ന വാഗ്ദാനം അവിടുന്ന്

[a] 18 ചില കയ്യെഴുത്തുപ്രതികളിൽ *ക്ഷമയോടെ സഹിച്ച് അവർക്കുവേണ്ടി കരുതി.*

യേശുവിനെ ഉയിർപ്പിച്ചതിലൂടെ അവരുടെ മക്കളായ നമുക്കുവേണ്ടി നിറവേറ്റിയിരിക്കുന്നു. രണ്ടാം സങ്കീർത്തനത്തിൽ:

'നീ എന്റെ പുത്രൻ, ഇന്നു ഞാൻ നിന്റെ പിതാവായിരിക്കുന്നു' [a]

എന്നെഴുതിയിരിക്കുന്നുവല്ലോ. 34യേശു ഇനി ഒരിക്കലും ജീർണ്ണതയ്ക്ക് അധീനനാകാത്തവിധം ദൈവം അദ്ദേഹത്തെ മരിച്ചവരിൽനിന്ന് ഉയിർപ്പിച്ചു എന്ന വസ്തുത,

"ദാവീദിനു വാഗ്ദാനം ചെയ്ത വിശുദ്ധവും ഉറപ്പുള്ളതുമായ അനുഗ്രഹങ്ങൾ ഞാൻ നിങ്ങൾക്കു നല്കും [b]"

എന്ന വചനത്തിൽ വ്യക്തമാക്കിയിരിക്കുന്നു. 35മറ്റൊരിടത്ത് ഇങ്ങനെ പറയുന്നു:

"നിന്റെ പരിശുദ്ധനെ ജീർണ്ണത കാണാൻ അങ്ങ് അനുവദിക്കുകയില്ല. [c] "

36"ദാവീദു തന്റെ തലമുറയിൽ ദൈവോദ്ദേശ്യം നിറവേറ്റിയശേഷം നിദ്ര പ്രാപിച്ചു; പിതാക്കന്മാരോടൊപ്പം അടക്കപ്പെട്ടു. അദ്ദേഹത്തിന്റെ ശരീരം ജീർണ്ണിച്ചുപോകയും ചെയ്തു. 37എന്നാൽ ദൈവം, മരിച്ചവരുടെ ഇടയിൽനിന്ന് ഉയിർത്തെഴുന്നേല്പിച്ചവനോ ജീർണ്ണത കണ്ടില്ല. 38അതിനാൽ സഹോദരരേ, നിങ്ങളോട് ഉദ്ഘോഷിച്ചിരിക്കുന്നതുപോലെ നിങ്ങൾക്കു പാപക്ഷമ യേശുവിലൂടെയെന്നു നിങ്ങൾ അറിയണമെന്നു ഞാനാഗ്രഹിക്കുന്നു. 39മോശെയുടെ ന്യായപ്രമാണത്താൽ നീതീകരണം പ്രാപിക്കുവാൻ സാധിക്കാഞ്ഞ എല്ലാറ്റിൽ നിന്നും വിശ്വസിക്കുന്ന ഏവനും യേശുവിലൂടെ നീതീകരിക്കപ്പെടുന്നു. 40പ്രവാചകന്മാർ പ്രസ്താവിച്ചിട്ടുള്ളതു നിങ്ങൾക്കു ഭവിക്കാതിരിപ്പാൻ സൂക്ഷിച്ചുകൊൾവിൻ:

41 'അല്ലയോ, പരിഹാസികളേ, നോക്കുവിൻ; ആശ്ചര്യപ്പെട്ടു നശിച്ചുപോകുവിൻ. ഞാൻ നിങ്ങളുടെ കാലത്ത് ഒരു പ്രവൃത്തി ചെയ്യുന്നു; ആരെങ്കിലും നിങ്ങളോട് അതു പറഞ്ഞാൽ നിങ്ങൾ വിശ്വസിക്കയില്ല.' [d]"

42പൗലൊസും ബർന്നബാസും പള്ളിവിട്ടു പോകുമ്പോൾ, അടുത്ത ശബ്ബത്തിലും ഈ കാര്യങ്ങളെപ്പറ്റി കൂടുതലായി സംസാരിക്കണമെന്നു ജനങ്ങൾ അവരോടപേക്ഷിച്ചു. 43യോഗം പിരിഞ്ഞശേഷം യഹൂദന്മാരിലും യഹൂദമതം സ്വീകരിച്ചവരിലും അനേകർ പൗലൊസിനെയും ബർന്നബാസിനെയും അനുഗമിച്ചു; അവർ അവരോടു സംസാരിക്കുകയും ദൈവകൃപയിൽ നിലനില്ക്കുവാൻ പ്രേരിപ്പിക്കുകയും ചെയ്തു.

44പിന്നത്തെ ശബ്ബത്തുദിവസം പട്ടണവാസികൾ ഏതാണ്ട് എല്ലാവരുംതന്നെ കർത്താവിന്റെ വചനം കേൾപ്പാൻ വന്നുകൂടി. 45യഹൂദർ ജനക്കൂട്ടത്തെ കണ്ടപ്പോൾ, അസൂയനിറഞ്ഞവരായി പൗലൊസ് പറഞ്ഞതിനെ എതിർക്കുകയും അദ്ദേഹത്തെ ദുഷിച്ചു സംസാരിക്കുകയും ചെയ്തു. 46അപ്പോൾ പൗലൊസും ബർന്നബാസും ധൈര്യപൂർവ്വം ഇങ്ങനെ പറഞ്ഞു: "ദൈവവചനം ആദ്യം നിങ്ങളോടു പറയേണ്ടത് ആവശ്യമായിരുന്നു. എന്നാൽ നിങ്ങൾ അതു നിരസിച്ച് നിങ്ങളെത്തന്നേ നിത്യജീവന് അയോഗ്യരെന്നു തെളിയിച്ചിരിക്കുകയാൽ ഞങ്ങളിപ്പോൾ വിജാതീയ ജനങ്ങളിലേക്കു തിരിയുന്നു.

47'നീ ഭൂമിയുടെ അതിരുകൾവരെ രക്ഷ
എത്തിക്കേണ്ടതിനു ഞാൻ നിന്നെ വി
ജാതീയർക്കു വെളിച്ചമാക്കിയിരിക്കുന്നു.' [e]

എന്നു കർത്താവു ഞങ്ങളോടു കല്പിച്ചിട്ടുണ്ട്."

48വിജാതീയർ ഇതുകേട്ടു സന്തോഷിച്ച് ദൈവവചനത്തെ പ്രകീർത്തിച്ചു. നിത്യജീവനായി നിയമിക്കപ്പെട്ടവർ എല്ലാവരും വിശ്വസിച്ചു. 49കർത്താവിന്റെ വചനം ആ പ്രദേശത്തെല്ലാം വ്യാപിച്ചു. 50എന്നാൽ യഹൂദർ ദൈവാരാധനക്കാരായ മാന്യസ്ത്രീകളെയും പട്ടണത്തിലെ പ്രധാനികളെയും ഇളക്കി; അവർ പൗലൊസിനും ബർന്നബാസിനുംനേരേ ഉപദ്രവമുണ്ടാക്കി അവരെ ആ പ്രദേശത്തുനിന്നു പുറത്താക്കി. 51അവരോ തങ്ങളുടെ കാലിലെ പൊടി അവർക്കെതിരെ തട്ടിക്കളഞ്ഞശേഷം ഇക്കോന്യയിലേയ്ക്കു പോയി. 52ശിഷ്യന്മാരാകട്ടെ സന്തോഷവും പരിശുദ്ധാത്മാവും നിറഞ്ഞവരായിത്തീർന്നു.

ഇക്കോന്യയിൽ

14 ഇക്കോന്യയിൽ, പൗലൊസും ബർന്നബാസും ഒരുമിച്ചു ശബ്ബത്തിൽ യഹൂദരുടെ പള്ളിയിൽ ചെന്നു. അവർ അവിടെ ശക്തിയോടെ പ്രസംഗിക്കുകയും യഹൂദരും ഗ്രീക്കുകാരുമായ നിരവധി ആളുകൾ വിശ്വസിക്കുകയും ചെയ്തു. 2എന്നാൽ വിശ്വസിക്കാതിരുന്ന യഹൂദരാകട്ടെ വിജാതീയരെ ഇളക്കിവിടുകയും സഹോദരർക്കു വിരോധമായി അവരുടെ ഹൃദയത്തിൽ വിദ്വേഷം ജനിപ്പിക്കുകയും ചെയ്തു. 3അതിനാൽ പൗലൊസും ബർന്നബാസും കർത്താവിനുവേണ്ടി ധൈര്യത്തോടെ പ്രസംഗിച്ചുകൊണ്ടു വളരെനാൾ അവിടെ ചെലവഴിച്ചു. അത്ഭുതങ്ങളും അടയാളങ്ങളും പ്രവർത്തിക്കുവാൻ അവരെ പ്രാപ്തരാക്കിക്കൊണ്ട് കർത്താവ് തന്റെ കൃപയുടെ സന്ദേശ

[a] 33 സങ്കീർത്തനം 2:7 [b] 34 യെശയ്യാവ് 55:3 [c] 35 സങ്കീർത്തനം 16:10 [d] 41 ഹബക്കൂക് 1:5
[e] 47 യെശയ്യാവ് 49:6

ത്തെ ഉറപ്പിച്ചു. 4പട്ടണത്തിലെ ജനങ്ങൾ ഭിന്നിച്ചു; ചിലർ യഹൂദപക്ഷത്തും മറ്റുള്ളവർ അപ്പൊസ്തലന്മാരുടെ പക്ഷത്തും ചേർന്നു. 5വിജാതീയരും യഹൂദന്മാരുമായ ചിലർ അവരുടെ നേതാക്കന്മാരോടുകൂടെ അപ്പൊസ്തലന്മാരെ ഉപദ്രവിക്കുവാനും കല്ലെറിയുവാനും ഗൂഢാലോചന നടത്തി. 6എന്നാൽ അവർ അതു മനസ്സിലാക്കി. ലുസ്ത്ര, ദെർബ്ബ എന്നീ ലുക്കവോന്യ പട്ടണങ്ങളിലേക്കും അവയുടെ സമീപപ്രദേശങ്ങളിലേക്കും ഓടിപ്പോയി, 7അവിടെ അവർ സുവിശേഷം അറിയിച്ചു.

ലുസ്ത്രയിലും ദെർബ്ബയിലും

8ലുസ്ത്രയിൽ ജന്മനാ മുടന്തനും ഒരിക്കലും നടന്നിട്ടില്ലാത്തവനുമായ ഒരു മനുഷ്യൻ ഉണ്ടായിരുന്നു. 9അയാൾ പൗലൊസിന്റെ വാക്കുകൾ ശ്രദ്ധിച്ചുകേട്ടു. പൗലൊസ് അയാളെ ഉറ്റുനോക്കി. സൗഖ്യം പ്രാപിക്കുവാനുള്ള വിശ്വാസമുണ്ടെന്നു മനസ്സിലാക്കിയിട്ട് 10"എഴുന്നേറ്റു കാലൂന്നി നിവർന്നു നില്ക്കുക" എന്നു ഉറക്കെ പ്പറഞ്ഞു. അതുകേട്ടയുടനെ ആ മനുഷ്യൻ ചാടിയെഴുന്നേറ്റു നടന്നുതുടങ്ങി.

11പൗലൊസ് ചെയ്തതുകണ്ടിട്ട് ജനങ്ങൾ, 'ദേവന്മാർ മനുഷ്യരൂപത്തിൽ നമ്മുടെ ഇടയിലേയ്ക്കു വന്നിരിക്കുന്നു' എന്നു ലുക്കവോന്യ ഭാഷയിൽ വിളിച്ചു പറഞ്ഞു. 12ബർന്നബാസിനെ അവർ സീയൂസ് (ഇന്ദ്രൻ) എന്നും പൗലൊസ് മുഖ്യപ്രസംഗകനായിരുന്നതിനാൽ അദ്ദേഹത്തെ ഹെർമിസ് (ബുധൻ) എന്നും വിളിച്ചു. 13നഗരത്തിനു തൊട്ടുവെളിയിലുള്ള ഇന്ദ്രക്ഷേത്രത്തിലെ പുരോഹിതനും ജനങ്ങളും അവർക്കു യാഗം കഴിക്കാൻ നിശ്ചയിച്ച് യാഗത്തിനായി കാളകൾ, പൂച്ചെണ്ടുകൾ എന്നിവ നഗരവാതില്ക്കൽ കൊണ്ടുവന്നു. 14അപ്പൊസ്തലന്മാരായ ബർന്നബാസും പൗലൊസും ഇതേപ്പറ്റി കേട്ടപ്പോൾ തങ്ങളുടെ വസ്ത്രം കീറിക്കൊണ്ട് ജനക്കൂട്ടത്തിലേയ്ക്ക് ഓടിച്ചെന്ന് ഇങ്ങനെ വിളിച്ചുപറഞ്ഞു: 15"ഹേ മനുഷ്യരേ, നിങ്ങളെന്താണു ചെയ്യുന്നത്? ഞങ്ങൾ നിങ്ങളെപ്പോലെ കേവലം മനുഷ്യരത്രേ. നിങ്ങൾ ഈ വ്യർത്ഥകാര്യങ്ങൾ വിട്ട് ആകാശവും ഭൂമിയും അവയിലുള്ള സകലവും സൃഷ്ടിച്ച ജീവനുള്ള ദൈവത്തിങ്കലേയ്ക്കു തിരിയണമെന്നുള്ള സുവിശേഷം ഞങ്ങൾ നിങ്ങളോടറിയിക്കുന്നു. 16കഴിഞ്ഞ കാലങ്ങളിൽ അവിടുന്ന് എല്ലാ ജനതകളെയും സ്വന്തം വഴികളിൽ നടക്കാൻ അനുവദിച്ചു. 17എങ്കിലും അവിടുന്നു ചെയ്യുന്ന നന്മകളാൽ ദൈവം തന്നെക്കുറിച്ചുള്ള സാക്ഷ്യം നല്കിയിട്ടുണ്ട്. യഥാകാലം ആകാശത്തുനിന്നു മഴ പെയ്യിക്കുകയും നിങ്ങൾക്കു വിളവുകൾ നല്കുകയും ചെയ്യുന്നു. അവിടുന്ന് നിങ്ങൾക്കു സമൃദ്ധിയായി ഭക്ഷണം തരുന്നു. നിങ്ങളുടെ ഹൃദയത്തെസന്തോഷംകൊണ്ടു നിറയ്ക്കുന്നു." 18ഇത്രയൊക്കെ പറഞ്ഞിട്ടും തങ്ങൾക്കു യാഗം കഴിക്കുന്നതിൽനിന്നും ജനക്കൂട്ടത്തെ പിന്തിരിപ്പിക്കുവാൻ അവർക്കു പിന്നെയും പാടുപെടേണ്ടിവന്നു. 19അനന്തരം അന്ത്യോകൃയിൽ നിന്നും ഇക്കോന്യയിൽനിന്നും ചില യഹൂദർ വന്ന് ജനക്കൂട്ടത്തെ അവരുടെ വശത്താക്കി. അവർ പൗലൊസിനെ കല്ലെറിഞ്ഞു. അദ്ദേഹം മരിച്ചുവെന്നു കരുതി പട്ടണത്തിനു വെളിയിലേയ്ക്കു വലിച്ചിഴച്ചു. 20എന്നാൽ ശിഷ്യന്മാർ തനിക്കുചുറ്റും വന്നുകൂടിയതിനു ശേഷം അദ്ദേഹം എഴുന്നേറ്റു പട്ടണത്തിലേക്കു തിരികെപ്പോയി. അടുത്തദിവസം അദ്ദേഹവും ബർന്നബാസും ദെർബ്ബയിലേക്കു പോയി.

സിറിയയിലെ
അന്ത്യോകൃയിലേയ്ക്കു മടക്കയാത്ര

21അവർ ആ പട്ടണത്തിൽ സുവിശേഷം പ്രസംഗിച്ച് ഒട്ടധികം പേരെ ശിഷ്യരാക്കിത്തീർത്തു. 22അതിനുശേഷം അവർ ലുസ്ത്ര, ഇക്കോന്യ, അന്ത്യോകൃ എന്നിവിടങ്ങളിലേയ്ക്കു മടങ്ങിച്ചെന്ന് ശിഷ്യന്മാരെ ശക്തിപ്പെടുത്തി. നാം അനേകം കഷ്ടതകളിലൂടെയാണ് ദൈവരാജ്യത്തിൽ കടക്കേണ്ടത് എന്നു പ്രബോധിപ്പിച്ച് വിശ്വാസത്തിൽ ഉറച്ചുനില്ക്കുവാൻ അവരെ പ്രോത്സാഹിപ്പിച്ചു. 23പൗലൊസും ബർന്നബാസും വിശ്വാസികൾക്കുവേണ്ടി ഓരോ സഭയിലും മൂപ്പന്മാരെ നിയമിച്ചു. അവർ പ്രാർത്ഥനയോടും ഉപവാസത്തോടുംകൂടെ തങ്ങൾ ആശ്രയംവച്ച കർത്താവിൽ അവരെ ഭരമേല്പിച്ചു. 24പിസിദ്യയിലൂടെ സഞ്ചരിച്ച് അവർ പംഫുല്യയിലെത്തി. 25പെർഗ്ഗയിൽ വചനം പ്രസംഗിച്ചശേഷം അവർ അത്തല്യയിലേക്കു പോയി. 26അത്തല്യയിൽ നിന്ന് അവർ കപ്പലിൽ തിരികെ അന്ത്യോകൃയിലേക്കു പോയി. തങ്ങൾ പൂർത്തിയാക്കിയ പ്രവർത്തനത്തിനായി അവരെ ദൈവകൃപയിൽ സമർപ്പിച്ചത് അവിടെവച്ചായിരുന്നുവല്ലോ. 27അവിടെയെത്തിയശേഷം അവർ സഭയെ വിളിച്ചുകൂട്ടി. ദൈവം തങ്ങളിലൂടെ ചെയ്ത എല്ലാക്കാര്യങ്ങളും, അവിടുന്നു വിജാതീയർക്കായി വിശ്വാസത്തിന്റെ വാതിൽ തുറന്നുകൊടുത്തതും അവരെ പറഞ്ഞുകേൾപ്പിച്ചു. 28അനന്തരം ശിഷ്യരോടുകൂടെ അവർ ഏറെനാൾ അവിടെ പാർത്തു.

യെരൂശലേമിലെ കൗൺസിൽ

15 യഹൂദ്യയിൽനിന്നു ചിലർ അന്ത്യോകൃയിൽ വന്ന്, "നിങ്ങൾ മോശെ പഠിപ്പിച്ച ആചാരമനുസരിച്ചു പരിച്ഛേദനം ഏല്ക്കാത്തപക്ഷം രക്ഷ പ്രാപിക്കുകയില്ല" എന്ന്

സഹോദരരെ ഉപദേശിച്ചു. 2ഇതുനിമിത്തം പൗ
ലോസിനും ബർന്നബാസിനും അവരോട്
അനല്പമായ അഭിപ്രായഭിന്നതയും തർക്കവും
ഉണ്ടായി. ഈ തർക്കസംഗതി സംബന്ധിച്ച്
യെരൂശലേമിൽചെന്ന് അപ്പൊസ്തലന്മാരെയും
മൂപ്പന്മാരെയും കാണുന്നതിന് പൗലൊസും
ബർന്നബാസും മറ്റുചില വിശ്വാസികളും നിയോ
ഗിക്കപ്പെട്ടു. 3സഭ അവരെ യാത്രയാക്കി; അവർ
ഫൊയ്നിക്യയിലും ശമര്യയിലും കൂടി
പോകുമ്പോൾ യഹൂദേതരർ മാനസാന്തര
പ്പെട്ടതിനെക്കുറിച്ചു വിവരിച്ചു; സഹോദരർ
ഇതുകേട്ട് വളരെ സന്തോഷിച്ചു. 4അവർ യെരൂ
ശലേമിൽ എത്തിയപ്പോൾ സഭയും അപ്പൊ
സ്തലന്മാരും മൂപ്പന്മാരും അവരെ സ്വാഗതം
ചെയ്തു; ദൈവം തങ്ങളിലൂടെ നിർവ്വഹിച്ച
എല്ലാകാര്യങ്ങളും അവർ അവരെ അറിയിച്ചു.
5അപ്പോൾ പരീശവിഭാഗത്തിൽപ്പെട്ട ഏതാനും
വിശ്വാസികൾ എഴുന്നേറ്റു നിന്ന് യഹൂദേതരവി
ശ്വാസികളോട് പരിച്ഛേദനം ഏല്ക്കുവാനും
മോശെയുടെ ന്യായപ്രമാണം അനുസരിക്കുവാ
നും കല്പിക്കണം എന്ന് അഭിപ്രായപ്പെട്ടു. 6ഈ
പ്രശ്നം പരിഗണിക്കുവാൻ അപ്പൊസ്തലന്മാ
രും മൂപ്പന്മാരും ഒരുമിച്ചുകൂടി.

7സുദീർഘമായ ചർച്ചയ്ക്കുശേഷം പത്രൊ
സ് എഴുന്നേറ്റുനിന്ന് അവരോടിങ്ങനെ പറഞ്ഞു:
"യഹൂദേതരർ എന്റെ അധരങ്ങളിൽനിന്നു
സുവിശേഷം കേൾക്കുകയും വിശ്വസിക്കുകയും
ചെയ്യേണ്ടതിനു കുറച്ചുനാൾമുമ്പ്, ദൈവം നി
ങ്ങളുടെ ഇടയിൽനിന്ന് എന്നെ തിരഞ്ഞെടുത്ത
വസ്തുത നിങ്ങൾക്കറിയാമല്ലോ! 8ഹൃദയങ്ങ
ളെ അറിയുന്നവനായ ദൈവം നമുക്കു നല്കി
യതുപോലെ അവർക്കും പരിശുദ്ധാത്മാവിനെ
നല്കിക്കൊണ്ട് അവരെ അംഗീകരിച്ചുവെന്നു
സാക്ഷ്യപ്പെടുത്തിയിരിക്കുന്നു. 9അവിടുന്ന് വി
ശ്വാസത്താൽ അവരുടെ ഹൃദയങ്ങളെ ശുദ്ധീ
കരിച്ചതുകൊണ്ട് നമുക്കും അവർക്കും തമ്മിൽ
വ്യത്യാസമൊന്നും വച്ചിട്ടില്ല. 10അതുകൊണ്ട്,
നമ്മുടെ പിതാക്കന്മാർക്കും നമുക്കും വഹിക്കാൻ
കഴിയാതിരുന്ന നുകം ശിഷ്യരുടെ കഴുത്തിൽ
വച്ച് ദൈവത്തെ പരീക്ഷിക്കുവാൻ നാം എന്തി
നു ശ്രമിക്കുന്നു? 11കർത്താവായ യേശുവിന്റെ
കൃപയാൽ രക്ഷ ലഭിക്കുമെന്നു നാം വിശ്വസി
ക്കുന്നതുപോലെ അവരും വിശ്വസിക്കുന്നു."

12ബർന്നബാസും പൗലൊസും തങ്ങളിലൂടെ
ദൈവം വിജാതീയരുടെ ഇടയിൽ പ്രവർത്തിച്ച
അടയാളങ്ങളും അത്ഭുതങ്ങളും വിവരിച്ചതു
സഭാജനങ്ങൾ ഒന്നടങ്കം നിശ്ശബ്ദരായി കേട്ടു
കൊണ്ടിരുന്നു. 13അവർ സംസാരിച്ചുകഴിഞ്ഞ
പ്പോൾ യാക്കോബ് ഇപ്രകാരം പ്രസ്താവിച്ചു:
"സഹോദരരേ, എന്റെ വാക്കു ശ്രദ്ധിക്കുവിൻ.
14വിജാതീയരിൽനിന്ന് ദൈവം ഒരു ജനതയെ
തന്റെ നാമത്തിനായി തിരഞ്ഞെടുത്തതിലൂടെ
ദൈവം അവരെ ആദ്യമായി കടാക്ഷിച്ചതി
നെപ്പറ്റി ശിമോൻ[a] നമ്മോടു സംസാരിച്ചുവല്ലോ.
15പ്രവാചകന്മാരുടെ വാക്കുകൾ ഇതിനോടു വള
രെ ചേർന്നുവരുന്നു:

16'ഇതിനുശേഷം ഞാൻ മടങ്ങിവരികയും
ദാവീദിന്റെ വീണുപോയ കൂടാരം വീണ്ടും
പണിയുകയും ചെയ്യും; ഞാൻ അതിന്റെ
ശൂന്യാവശിഷ്ടങ്ങൾ വീണ്ടും പണിത്
അതിനെ യഥാസ്ഥാനപ്പെടുത്തും; 17മനു
ഷ്യരിൽ ശേഷിക്കുന്നവരും എന്റെ നാമം
വഹിക്കുന്ന വിജാതീയരും കർത്താവിനെ
അന്വേഷിക്കും[b] എന്ന് 18ഇവ പുർവ്വകാലം
മുതൽ അറിയിക്കുന്ന കർത്താവ് അരുളി
ച്ചെയ്യുന്നു.'

19"ആകയാൽ, ദൈവത്തിങ്കലേക്കു തിരി
യുന്ന വിജാതീയർക്ക് നാം പ്രയാസങ്ങൾ സൃ
ഷ്ടിക്കരുതെന്നാണ് എന്റെ തീരുമാനം. 20വി
ഗ്രഹങ്ങളാൽ ഉള്ള മലിനൃം, വ്യഭിചാരം, ശ്വാ
സംമുട്ടിച്ചുകൊന്നവ, രക്തം എന്നിവയിൽനിന്ന്
അകന്നിരിക്കണമെന്നു നാം അവർക്ക് എഴുതി
അയയ്ക്കണം. 21മോശെയുടെ ന്യായപ്രമാണം,
പൂർവ്വകാലംമുതൽ എല്ലാ പട്ടണങ്ങളിലും
പ്രസംഗിച്ചുപോരുന്നതിനാൽ ശബ്ബത്തുതോറും
പള്ളികളിൽ വായിക്കുന്നുണ്ടല്ലോ!"

വിജാതീയ വിശ്വാസികൾക്കുള്ള കത്ത്

22അപ്പൊസ്തലന്മാരും മൂപ്പന്മാരും സഭ മുഴു
വനുംകൂടെ തങ്ങളുടെ കൂട്ടത്തിലുള്ള ചിലരെ
തിരഞ്ഞെടുത്ത് പൗലൊസിനോടും ബർന്നബാ
സിനോടുംകൂടെ അന്ത്യോക്യയിലേയ്ക്ക്
അയയ്ക്കണമെന്നു നിശ്ചയിച്ചു. സഹോദരന്മാ
രുടെ ഇടയിൽ നേതൃത്വം നല്കിയിരുന്ന ബർ
ശബാസ് എന്നു വിളിക്കുന്ന യൂദായെയും ശീ
ലാസിനെയും അവർ തിരഞ്ഞെടുത്തു.
23അവരുടെ കയ്യിൽ കൊടുത്തയച്ച കത്തിൽ
ഇങ്ങനെ എഴുതിയിരുന്നു:

അപ്പൊസ്തലന്മാരും മൂപ്പന്മാരുമായ
സഹോദരന്മാർ,
അന്ത്യോക്യ, സിറിയാ, കിലിക്യ എന്നിവി
ടങ്ങളിലുള്ള വിജാതീയ വിശ്വാസികൾ
ക്കെഴുതുന്നത്:
നിങ്ങൾക്കു വന്ദനം!

24ഞങ്ങളുടെയിടയിൽനിന്നു ചിലർ
വന്നു നിങ്ങളെ ശല്യപ്പെടുത്തുകയും
തങ്ങളുടെ വാക്കുകളാൽ നിങ്ങൾക്കു
മനഃപ്രയാസം ഉളവാക്കുകയും

[a] 14 ഗ്രീക്കിൽ, *ശിമെയോൻ. ശിമോൻ* എന്നതിന്റെ മറ്റൊരു രൂപമാണ്. ഇവിടെ, *പത്രൊസിനെ* സൂചിപ്പിച്ച് ഉപയോഗിക്കുന്നു. [b] 17 ആമോസ് 9:11,12

ചെയ്തുവെന്നു ഞങ്ങൾ കേട്ടു. അവരെ ഞങ്ങൾ അധികാരപ്പെടുത്തിയതല്ല. 25അതുകൊണ്ടു ചിലരെ തിരഞ്ഞെടുത്ത്, നമ്മുടെ പ്രിയസ്നേഹിതരായ ബർന്നബാസിനോടും പൗലൊസിനോടുംകൂടെ നിങ്ങളുടെ അടുത്തേക്ക് അയയ്ക്കണമെന്നു ഞങ്ങൾ ഏകമനസ്സോടെ തീരുമാനിച്ചു. 26അവർ ഇരുവരും നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ നാമത്തിനു വേണ്ടി സ്വജീവൻ പണയപ്പെടുത്തിയവരാണല്ലോ. 27ആകയാൽ, ഞങ്ങൾ എഴുതി അയയ്ക്കുന്ന കാര്യങ്ങൾ വാമൊഴിയാൽ ഉറപ്പാക്കുന്നതിനു വേണ്ടി അവരോടൊപ്പം യൂദയെയും ശീലാസിനെയും അയയ്ക്കുന്നു. 28താഴെപ്പറയുന്ന കാര്യങ്ങൾ ഒഴികെ മറ്റൊന്നുകൊണ്ടും നിങ്ങളെ ഭാരപ്പെടുത്തരുതെന്നു പരിശുദ്ധാത്മാവിനും ഞങ്ങൾക്കും തോന്നിയിരിക്കുന്നു: 29വിഗ്രഹാർപ്പിതഭക്ഷണം, രക്തം, ശ്വാസംമുട്ടിച്ചു കൊന്നവ, വ്യഭിചാരം എന്നിവ നിങ്ങൾ വർജ്ജിക്കണം; ഈ കാര്യങ്ങളിൽനിന്ന് ഒഴിഞ്ഞിരിക്കുന്നത് നല്ലത്.
നിങ്ങൾക്കു മംഗളം!

30അങ്ങനെ അവർ വിടവാങ്ങി അന്ത്യോക്യയിലെത്തി; സഭയെ കൂട്ടിവരുത്തി എഴുത്തുകൊടുത്തു. 31ജനങ്ങൾ അതു വായിച്ച് അതിലെ പ്രോത്സാഹജനകമായ സന്ദേശം നിമിത്തം സന്തോഷിച്ചു. 32പ്രവാചകർ കൂടിയായിരുന്ന യൂദയും ശീലാസും അനേകം വചനങ്ങളാൽ സഹോദരരെ പ്രബോധിപ്പിക്കുകയും ഉറപ്പിക്കുകയും ചെയ്തു. 33അവർ കുറെക്കാലം അവിടെ പാർത്തു. അതിനുശേഷം, അയച്ചവരുടെ അടുക്കലേക്ക് സഹോദരർ അവരെ സമാധാനാശംസയോടെ തിരികെ അയച്ചു.[a] 34എന്നാൽ പൗലൊസും ബർന്നബാസും അന്ത്യോക്യയിൽ പാർത്തു. മറ്റുപലരോടുംചേർന്ന് ദൈവവചനം പഠിപ്പിക്കുകയും പ്രസംഗിക്കുകയും ചെയ്തുപോന്നു.

പൗലൊസും ബർന്നബാസും
തമ്മിൽ അഭിപ്രായഭിന്നത

35കുറെ നാളുകൾക്കുശേഷം പൗലൊസ് ബർന്നബാസിനോട്, "കർത്താവിന്റെ വചനം പ്രസംഗിച്ച പട്ടണങ്ങളിലേക്കു നമുക്ക് മടങ്ങിച്ചെന്നു സഹോദരരെ സന്ദർശിക്കുകയും അവരുടെ ക്ഷേമം അന്വേഷിക്കുകയും ചെയ്യാം." എന്നു പറഞ്ഞു. 36മർക്കൊസ് എന്നും പേരുള്ള യോഹന്നാനെയുംകൂടി തങ്ങളുടെകൂടെ കൊണ്ടുപോകണമെന്നു ബർന്നബാസ് ആഗ്രഹിച്ചു. 37 പൗലൊസാകട്ടെ, പ്രവർത്തനത്തിൽ തുടർന്നു പങ്കെടുക്കാതെ പംഫുല്യയിൽ വച്ചു തങ്ങളെ ഉപേക്ഷിച്ചുപോയ ഒരാളെ കൂടെക്കൊണ്ടുപോകുന്നത് ഉചിതമല്ല എന്നു ചിന്തിച്ചു. 38അവർ തമ്മിൽ ശക്തമായ അഭിപ്രായഭിന്നതയുണ്ടാവുകയും അങ്ങനെ അവർ വേർപിരിയുകയും ചെയ്തു. ബർന്നബാസ് മർക്കൊസിനെയും കൂട്ടിക്കൊണ്ട് സൈപ്രസിലേയ്ക്കു കപ്പലിൽ യാത്രയായി. 39പൗലോസ് ശീലാസിനെയും കൂട്ടി, സഹോദരരാൽ ദൈവകൃപയിൽ ഭരമേല്പിക്കപ്പെട്ട് യാത്രതിരിച്ചു. 40അദ്ദേഹം സിറിയയിലും കിലിക്യയിലും കൂടെ സഞ്ചരിച്ച് സഭകളെ ശക്തിപ്പെടുത്തി.

തിമൊഥെയോസ് പൗലൊസിനോടും
ശീലാസിനോടും ചേരുന്നു

16 അദ്ദേഹം ദെർബ്ബയിലും ലുസ്ത്രയിലും ചെന്നു. ലുസ്ത്രയിൽ തിമൊഥെയോസ് എന്നു പേരുള്ള ഒരു ശിഷ്യൻ ഉണ്ടായിരുന്നു. അയാളുടെ അമ്മ വിശ്വാസിനിയായ ഒരു യഹൂദസ്ത്രീയും അപ്പൻ ഗ്രീക്കുകാരനും ആയിരുന്നു. 2ലുസ്ത്രയിലും ഇക്കോന്യയിലുമുള്ള സഹോദരരുടെ ഇടയിൽ അയാൾ നല്ല സാക്ഷ്യമുള്ളവനായിരുന്നു. 3അയാൾ തന്നോടുകൂടി പോരണമെന്നു പൗലൊസ് ആഗ്രഹിച്ചു. അയാളുടെ അപ്പൻ ഗ്രീക്കുകാരനെന്ന് ആ പ്രദേശത്തു പാർത്തിരുന്ന യഹൂദർ അറിഞ്ഞിരുന്നതുകൊണ്ട് പൗലൊസ് അവരെ ഓർത്ത് അയാൾക്കു പരിച്ഛേദനം നടത്തി. 4അവർ പട്ടണംതോറും സഞ്ചരിക്കുകയും ജനങ്ങൾ അനുസരിക്കേണ്ടതിന് യെരൂശലേമിലുള്ള അപ്പൊസ്തലന്മാരും മൂപ്പന്മാരും നല്കിയിരുന്ന നിർദ്ദേശങ്ങൾ അവരെ ഏല്പിക്കുകയും ചെയ്തു. 5അങ്ങനെ സഭകൾ വിശ്വാസത്തിൽ ശക്തിപ്പെട്ടും എണ്ണത്തിൽ ദിനംപ്രതി വർദ്ധിച്ചും കൊണ്ടിരുന്നു.

പൗലൊസിന്
മക്കദോന്യക്കാരനെക്കുറിച്ചുള്ള ദർശനം

6പൗലൊസും കൂടെയുള്ളവരുംകൂടി ഫ്രുഗ്യ, ഗലാത്യ എന്നീ പ്രദേശങ്ങളിലൂടെ യാത്രചെയ്തു; ഏഷ്യാപ്രവശ്യയിൽ വചനം പ്രസംഗിക്കരുതെന്നു പരിശുദ്ധാത്മാവു അവരെ വിലക്കിയിരുന്നു. 7മൂസ്യയുടെ അതിർത്തിയിൽ എത്തിയപ്പോൾ, അവർ ബിഥുന്യയിലേയ്ക്കു പ്രവേശിക്കുവാൻ ശ്രമിച്ചു; എന്നാൽ

[a] 33 ചില കയ്യെഴുത്തുപ്രതികളിൽ, *എന്നാൽ ശീലാസ് അവിടെ താമസിക്കുവാൻ തീരുമാനിച്ചു* എന്നുമുണ്ട്.

യേശുവിന്റെ ആത്മാവ് അവരെ അനുവദിച്ചില്ല. 8അതുകൊണ്ട് അവർ മുസ്യ കടന്ന് ത്രോവാസിൽ എത്തി. 9"മക്കദോന്യയിലേയ്ക്കു വന്നു ഞങ്ങളെ സഹായിക്കണമേ" എന്ന് ഒരു മക്കദോന്യക്കാരൻ നിന്നു യാചിക്കുന്നതായി പൗലൊസ് രാത്രിയിൽ ഒരു ദർശനം കണ്ടു. 10ദർശനം കണ്ടശേഷം, മക്കദോന്യരോടു സുവിശേഷം പ്രസംഗിക്കുവാൻ ദൈവം ഞങ്ങളെ വിളിച്ചിരിക്കുന്നു എന്ന ബോധ്യത്തിൽ അവിടേക്കു യാത്ര തിരിക്കുവാൻ ഞങ്ങൾ ഉടനെ തയ്യാറായി.

ലുദിയായുടെ മാനസാന്തരം

11ഞങ്ങൾ ത്രോവാസിൽനിന്നു കപ്പൽ നീക്കി നേരേ സമൊത്രൊക്കെയിലേക്കും പിറ്റേന്നാൾ നവപൊലിയിലേയ്ക്കും പോയി. 12അവിടെനിന്നു ഫിലിപ്പയിലേക്ക് യാത്ര ചെയ്തു. അത് ഒരു റോമൻ കോളനിയും മക്കദോന്യജില്ലയിലെ ഒരു പ്രമുഖനഗരവും ആയിരുന്നു. അവിടെ ഞങ്ങൾ കുറെനാൾ പാർത്തു. 13ശബ്ബത്തു ദിവസത്തിൽ ഞങ്ങൾ നഗരവാതിലിനുപുറത്ത് പുഴവക്കത്തേക്കു ചെന്നു. അവിടെ പ്രാർത്ഥനയ്ക്കൊരു സ്ഥലം കണ്ടെത്താമെന്നു ഞങ്ങൾ കരുതി. ഞങ്ങൾ അവിടെ ഇരുന്നു പുഴവക്കത്തു കൂടിവന്ന സ്ത്രീകളോടു സംസാരിച്ചു. 14കേട്ടുകൊണ്ടിരുന്നവരിൽ ലുദിയാ എന്നുപേരുള്ള ഒരു സ്ത്രീയുണ്ടായിരുന്നു. തുയത്തൈരാ പട്ടണക്കാരിയായ അവൾ ചുവന്ന പട്ടുവസ്ത്രങ്ങൾ വില്ക്കുന്നവളും[a] ദൈവത്തെ ആരാധിക്കുന്നവളും ആയിരുന്നു. പൗലൊസിന്റെ സന്ദേശം സ്വീകരിക്കുവാൻതക്കവണ്ണം കർത്താവ് അവളുടെ ഹൃദയം തുറന്നു. 15അവളും കുടുംബാംഗങ്ങളും സ്നാനം ഏറ്റശേഷം ഞങ്ങളെ അവളുടെ വീട്ടിലേക്കു ക്ഷണിച്ചു. "നിങ്ങൾ എന്നെ കർത്താവിൽ വിശ്വസ്തയെന്നു കരുതുന്നപക്ഷം വന്ന് എന്റെ വീട്ടിൽ പാർക്കണം" എന്ന് അപേക്ഷിച്ചു ഞങ്ങളെ സമ്മതിപ്പിച്ചു.

പൗലൊസും ശീലാസും
കാരാഗൃഹത്തിൽ

16ഒരിക്കൽ ഞങ്ങൾ പ്രാർത്ഥനാസ്ഥലത്തേക്കു പോകുമ്പോൾ ഒരു അടിമപ്പെൺകുട്ടിയെ കണ്ടു. അവളെ ഒരു ആത്മാവ് ബാധിച്ചിരുന്നു; അതിന്റെ സഹായത്താൽ അവൾ ഭാവിപ്രവചിക്കുകയും തന്റെ യജമാനന്മാർക്കു ധാരാളം പണം സമ്പാദിച്ചുകൊടുക്കുകയും ചെയ്തുപോന്നു. 17ഈ പെൺകുട്ടി പൗലൊസിനെയും ഞങ്ങളെല്ലാവരെയും പിന്തുടരുകയും "ഈ മനുഷ്യർ അത്യുന്നതനായ ദൈവത്തിന്റെ ദാസന്മാരാണ്, ഇവർ നിങ്ങൾക്കു രക്ഷപ്രാപിക്കുവാനുള്ള വഴി പറഞ്ഞുതരുന്നു" എന്നിങ്ങനെ വിളിച്ചു പറയുകയും ചെയ്തുകൊണ്ടിരുന്നു. 18അവൾ ഏറെനാൾ ഇതു തുടർന്നു. ഒടുവിൽ, ശല്യം സഹിക്കവയ്യാതെ പൗലൊസ് അവളുടെ നേർക്കു തിരിഞ്ഞ് ആ ആത്മാവിനോട്: "ഇവളിൽനിന്നു പുറത്തു പോകുവാൻ യേശുക്രിസ്തുവിന്റെ നാമത്തിൽ ഞാൻ നിന്നോടു കല്പിക്കുന്നു" എന്നു പറഞ്ഞു. അത് ആ നിമിഷത്തിൽ തന്നേ അവളെ വിട്ടുപോയി. 19തങ്ങളുടെ ധനാഗമനമാർഗ്ഗം നഷ്ടമായി എന്നു മനസ്സിലാക്കിയ ആ അടിമപ്പെൺകുട്ടിയുടെ യജമാനന്മാർ പൗലൊസിനെയും ശീലാസിനെയും പിടികൂടി; അധികാരികളുടെ മുമ്പിൽ നിറുത്തേണ്ടതിനു ചന്തസ്ഥലത്തേക്കു വലിച്ചിഴച്ചുകൊണ്ടുപോയി. 20അവരെ ന്യായാധിപന്മാരുടെ മുമ്പിൽ കൊണ്ടുവന്ന്: "ഈ മനുഷ്യർ യഹൂദന്മാരാണ്, റോമാക്കാരായ നമുക്ക് അംഗീകരിക്കാനോ ആചരിക്കാനോ നിയമം അനുവദിക്കാത്ത സമ്പ്രദായങ്ങൾ പ്രചരിപ്പിച്ചുകൊണ്ട് 21ഇവർ നഗരത്തിൽ കലക്കമുണ്ടാക്കുന്നു" എന്നു പറഞ്ഞു. 22പൗലൊസിനും ശീലാസിനും നേരെയുണ്ടായ ആക്രമണത്തിൽ പുരുഷാരവും കൂട്ടുചേർന്നു. അവരുടെ വസ്ത്രം ഉരിഞ്ഞ് അവരെ അടിക്കാൻ ന്യായാധിപന്മാർ കല്പന നല്കി. 23അങ്ങനെ അവരെ ചാട്ടവാറുകൊണ്ടു നിഷ്ഠൂരമായി അടിപ്പിച്ചശേഷം കാരാഗൃഹത്തിലടയ്ക്കുകയും കാരഗൃഹപ്രമാണിയോട് അവരെ ഭദ്രമായി സൂക്ഷിക്കുവാൻ നിർദ്ദേശിക്കുകയും ചെയ്തു. 24ഉത്തരവിൻപ്രകാരം, അയാൾ അവരെ കാരാഗൃഹത്തിന്റെ ഉള്ളറയിലാക്കി അവരുടെ കാൽ ആമത്തിലിട്ടു ബന്ധിച്ചു. 25അർദ്ധരാത്രിയോടെ പൗലൊസും ശീലാസും പ്രാർത്ഥിക്കുകയും ദൈവത്തിനു സ്തുതിഗീതങ്ങൾ പാടുകയും ചെയ്തുകൊണ്ടിരുന്നു. 26പെട്ടെന്ന്, ശക്തമായൊരു ഭൂകമ്പം ഉണ്ടായി. കാരാഗൃഹത്തിന്റെ അടിസ്ഥാനങ്ങൾ കുലുങ്ങി. ഉടൻതന്നേ, കാരാഗൃഹവാതിലുകൾ മലർക്കെ തുറന്നു. എല്ലാവരുടെയും ചങ്ങലകൾ അഴിഞ്ഞു. 27കാരാഗൃഹപ്രമാണി ഉണർന്നു; വാതിലുകൾ തുറന്നുകിടക്കുന്നതു കണ്ടിട്ട്, തടവുകാർ രക്ഷപ്പെട്ടുപോയി എന്നു വിചാരിച്ച് വാളൂരി തന്നെത്താൻ കൊല്ലുവാൻ ഭാവിച്ചു. 28അപ്പോൾ പൗലൊസ്: "താങ്കൾക്ക് ഒരു ദോഷവും ചെയ്യരുത്, ഞങ്ങളെല്ലാവരും ഇവിടെയുണ്ട്" എന്നു വിളിച്ചു പറഞ്ഞു. 29അയാൾ, വിളക്കു കൊണ്ടുവരുവാൻ ആവശ്യപ്പെട്ടു; അകത്തേക്ക് ഓടിച്ചെന്ന് വിറച്ചുകൊണ്ടു പൗലൊസിന്റെയും ശീലാസിന്റെയും മുമ്പാകെ വീണു. 30അനന്തരം അവരെ പുറത്തു കൊണ്ടുവന്നിട്ട്: "യജമാനന്മാരേ, രക്ഷപ്രാപിപ്പാൻ ഞാൻ എന്തു ചെയ്യണം?" എന്ന്

[a] 14 *തുയത്തൈരാ പട്ടണത്തിൽനിന്നുള്ള പട്ടുവസ്ത്രങ്ങൾ വില്ക്കുന്നവളും* എന്നുമാകാം.

അവരോടു ചോദിച്ചു. 31അതിന് അവർ: "കർത്താവായ യേശുവിൽ വിശ്വസിക്കുക, എന്നാൽ നീ രക്ഷ പ്രാപിക്കും; നീയും നിന്റെ കുടുംബവും തന്നേ" എന്ന് ഉത്തരം പറഞ്ഞു. 32പിന്നീട് അവർ അയാളോടും അയാളുടെ കുടുംബത്തിലുള്ള എല്ലാവരോടും കർത്താവിന്റെ വചനം പ്രസംഗിച്ചു. 33രാത്രിയുടെ ആ സമയത്തുതന്നേ അയാൾ അവരെ കൂട്ടിക്കൊണ്ടുപോയി അവരുടെ മുറിവുകൾ കഴുകി. എത്രയുംവേഗം അയാളും കുടുംബത്തിലുള്ള എല്ലാവരും സ്നാനമേറ്റു. 34കാരാഗൃഹപ്രമാണി അവരെ തന്റെ വീട്ടിൽ കൊണ്ടുചെന്ന് അവർക്കു ഭക്ഷണം തയ്യാറാക്കിക്കൊടുത്തു. ദൈവത്തിൽ വിശ്വസിപ്പാൻ ഇടയായതിൽ, അയാൾ കുടുംബാംഗങ്ങളെല്ലാവരോടും ചേർന്ന് ആനന്ദിച്ചു.

35നേരം പുലർന്നപ്പോൾ, ന്യായാധിപന്മാർ കാരാഗൃഹപ്രമാണിയുടെ അടുത്തേക്ക് സേവകരെ അയച്ചു: "ആ മനുഷ്യരെ വിട്ടയച്ചേക്കുക" എന്നു പറഞ്ഞു. 36 അയാൾ പൗലൊസിനോട്: "താങ്കളെയും ശീലാസിനെയും വിട്ടയയ്ക്കണമെന്നു ന്യായാധിപന്മാർ കല്പിച്ചിരിക്കുന്നു. നിങ്ങൾക്കുപോകാം, സമാധാനത്തോടെ പോകുവിൻ" എന്നു പറഞ്ഞു. 37എന്നാൽ പൗലൊസ് സേവകരോട്, "റോമപൗരന്മാരായ ഞങ്ങളെ വിചാരണകൂടാതെ അവർ പരസ്യമായി അടിപ്പിക്കുകയും തടവിലാക്കുകയും ചെയ്തു. എന്നാൽ ഇപ്പോൾ, രഹസ്യമായി ഞങ്ങളെ പറഞ്ഞയയ്ക്കുന്നുവോ? അങ്ങനെയല്ല; അവർ തന്നേ വന്നു ഞങ്ങളെ പുറത്തുകൊണ്ടുപോകട്ടെ" എന്നു പറഞ്ഞു. 38സേവകർ ഇക്കാര്യം ന്യായാധിപന്മാരെ അറിയിച്ചു; പൗലൊസും ശീലാസും റോമപൗരന്മാരെന്നു കേട്ടിട്ട് അവർ സംഭ്രമിച്ചു. 39അവർ വന്ന് അവരെ സമാധാനിപ്പിച്ച് കാരാഗൃഹത്തിനു പുറത്തേക്ക് ആനയിക്കുകയും നഗരം വിട്ടുപോകണമെന്ന് അവരോട് അപേക്ഷിക്കുകയും ചെയ്തു. 40പൗലൊസും ശീലാസും കാരാഗൃഹത്തിൽ നിന്നു പുറത്തുവന്ന് ലുദിയായുടെ വീട്ടിലേക്കു പോയി. അവിടെ അവർ സഹോദരരെ കണ്ട് ധൈര്യപ്പെടുത്തി. പിന്നീട് അവർ യാത്രയായി.

തെസ്സലൊനിക്യയിൽ

17 അവർ അംഫിപ്പൊലിസിലും അപ്പൊലോന്യയിലുംകൂടി കടന്ന് തെസ്സലൊനിക്യയിലെത്തി; അവിടെ യഹൂദരുടെ ഒരു പള്ളി ഉണ്ടായിരുന്നു. 2പൗലൊസ് തന്റെ പതിവനുസരിച്ച് അവിടെച്ചെന്നു, മൂന്നു ശബ്ബത്തുകളിൽ തിരുവെഴുത്തുകളെ ആധാരമാക്കി അവരുമായി സംവാദത്തിലേർപ്പെട്ടു; 3ക്രിസ്തു കഷ്ടമനുഭവിച്ചശേഷം മരിച്ചവരിൽനിന്ന് ഉയിർത്തെഴുന്നേല്ക്കേണ്ടത് ആവശ്യമായിരുന്നു എന്നും, ഞാൻ നിങ്ങളോടു പ്രസംഗിക്കുന്ന ഈ യേശുതന്നെയാണ് ക്രിസ്തു എന്നും അദ്ദേഹം അവർക്കു വിശദീകരിക്കുകയും തെളിയിക്കുകയും ചെയ്തു. 4അവരിൽ ചിലർക്കും ദൈവഭക്തിയുള്ള അനേകം ഗ്രീക്കുകാർക്കും മാന്യസ്ത്രീകളിൽ പലർക്കും ഇതു ബോധ്യമായി. അവർ പൗലൊസിനോടും ശീലാസിനോടും ചേർന്നു.

5എന്നാൽ യഹൂദർ അസൂയാലുക്കളായിത്തീർന്നു; അവർ മിനക്കെട്ടുനടക്കുന്ന കുറെ നീചന്മാരെ ഒരുമിച്ചുകൂട്ടി പട്ടണത്തിൽ ഒരു ലഹള ആരംഭിച്ചു. പൗലൊസിനെയും ശീലാസിനെയും കണ്ടുപിടിച്ചു ജനമധ്യത്തിലേക്കു കൊണ്ടുവരുന്നതിനായി അവർ യാസോന്റെ വീടു വളഞ്ഞു. 6എന്നാൽ അവരെ കണ്ടെത്താൻ കഴിയാതെ വന്നപ്പോൾ അവർ യാസോനെയും മറ്റു ചില സഹോദരന്മാരെയും നഗരാധികാരികളുടെ മുന്നിലേയ്ക്കു വലിച്ചിഴച്ചുകൊണ്ടുവന്നു. "ഭൂലോകത്തെ കീഴ്മേൽ മറിച്ചവർ ഇതാ ഇവിടെയും എത്തിയിരിക്കുന്നു. 7യാസോൻ അവരെ സ്വീകരിച്ചുമിരിക്കുന്നു. യേശു എന്നു പേരുള്ള മറ്റൊരു രാജാവുണ്ടെന്നു പറഞ്ഞ് ഇവരെല്ലാവരും കൈസരുടെ നിയമങ്ങളെ ധിക്കരിക്കുന്നു," എന്ന് അവർ വിളിച്ചുപറഞ്ഞു. 8ഇതു കേട്ട് ജനക്കൂട്ടവും നഗരാധിപന്മാരും അസ്വസ്ഥരായി, 9യാസോനോടും മറ്റുള്ളവരോടും ജാമ്യം വാങ്ങി അവരെ വിട്ടയച്ചു.

ബെരോവയിൽ

10രാത്രിയായ ഉടനെ സഹോദരർ പൗലൊസിനെയും ശീലാസിനെയും ബെരോവയിലേക്കു യാത്രയാക്കി. അവിടെ എത്തിയിട്ട് അവർ യഹൂദരുടെ പള്ളിയിൽ ചെന്നു. 11ബെരോവക്കാർ തെസ്സലോനിക്കയിലുള്ളവരെക്കാൾ മേന്മയേറിയവരായിരുന്നു; അവർ വളരെ താല്പര്യത്തോടെ വചനം കൈക്കൊള്ളുകയും പൗലൊസ് പ്രസ്താവിച്ചതു ശരിയോ എന്നറിയുവാൻ ദിനംപ്രതി തിരുവെഴുത്തുകൾ പരിശോധിക്കുകയും ചെയ്തുപോന്നു. 12യഹൂദരിൽ അനേകരും അതുപോലെതന്നേ ഗ്രീക്കുകാരിൽ പ്രമുഖരായ അനേകം സ്ത്രീകളും പുരുഷന്മാരും വിശ്വസിച്ചു. 13പൗലൊസ് ബെരോവയിൽ ദൈവവചനം പ്രസംഗിക്കുന്നുവെന്നു കേട്ടപ്പോൾ തെസ്സലോനിക്യയിലെ യഹൂദർ അവിടെയും ചെന്നു ജനക്കൂട്ടത്തെ ഇളക്കി പ്രക്ഷോഭണമുണ്ടാക്കി. 14സഹോദരർ ഉടനെതന്നെ പൗലൊസിനെ കടൽത്തീരത്തേക്കയച്ചു; ശീലാസും തിമൊഥെയോസും ബെരോവയിൽത്തന്നെ പാർത്തു. 15പൗലൊസിനു തുണയായി

കൂടെപ്പോയവർ അദ്ദേഹത്തെ അഥേനയിൽ എത്തിച്ചു. ശീലാസും തിമൊഥെയോസും കഴിയുന്നത്ര വേഗത്തിൽ തന്റെയടുക്കൽ വന്നു ചേരണമെന്ന പൗലൊസിന്റെ നിർദ്ദേശവും വാങ്ങി അവർ മടങ്ങിപ്പോയി.

അഥേനയിൽ

16പൗലൊസ് അവരെ പ്രതീക്ഷിച്ച് അഥേനയിൽ കഴിയുമ്പോൾ, നഗരം വിഗ്രഹങ്ങളാൽ നിറഞ്ഞിരിക്കുന്നതു കണ്ട് വളരെ അസ്വസ്ഥനായി. 17അതുകൊണ്ട് അദ്ദേഹം പള്ളിയിൽവച്ച് യഹൂദരോടും ദൈവഭക്തരായ ഗ്രീക്കുകാരോടും ചന്തയിൽവച്ച് അവിടെ വരുന്നവരോടും ദിനംപ്രതി സംവാദം നടത്തിപ്പോന്നു. 18എപ്പിക്കൂര്യരും സ്തോയിക്കരുമായ ഒരുകൂട്ടം തത്വചിന്തകന്മാർ അദ്ദേഹത്തോടു തർക്കിച്ചു. "ഈ വിടുവായൻ എന്താണു പറയുവാനുദ്ദേശിക്കുന്നത്?" എന്നു ചിലർ ചോദിച്ചു. "ഇയാൾ അന്യദൈവങ്ങളെ പ്രചരിപ്പിക്കുന്നവൻ ആണെന്നു തോന്നുന്നു" എന്നു മറ്റു ചിലർ അഭിപ്രായപ്പെട്ടു. അദ്ദേഹം യേശുക്രിസ്തുവിനെയും പുനരുത്ഥാനത്തെയും പറ്റിയുള്ള സുവിശേഷം പ്രസംഗിച്ചതുകൊണ്ടാണ് അവർ ഇതെല്ലാം പറഞ്ഞത്. 19പിന്നീട് അവർ അദ്ദേഹത്തെ അരയോപഗസ്ഥാനത്തേക്കു കൂട്ടിക്കൊണ്ടുപോയി. അവിടെവച്ച് അവർ: "താങ്കൾ അവതരിപ്പിക്കുന്ന ഈ പുതിയ ഉപദേശം എന്താണ്? 20താങ്കൾ ചില വിചിത്ര ആശയങ്ങൾ ഞങ്ങളുടെ ചെവിയിലേയ്ക്കു കടത്തിവിടുന്നു. അവയുടെ അർത്ഥം എന്താണെന്ന് അറിയാൻ ഞങ്ങൾക്കാഗ്രഹമുണ്ട്" എന്ന് അദ്ദേഹത്തോടു പറഞ്ഞു. 21അഥേനർക്കും, അവിടെ പാർത്തിരുന്ന പരദേശികളായ മറ്റുള്ളവർക്കും, ഏറ്റവും പുതുമയുള്ള കാര്യങ്ങൾ കേൾക്കുന്നതിനും ചർച്ച ചെയ്യുന്നതിനും അല്ലാതെ മറ്റൊന്നിനും സമയമുണ്ടായിരുന്നില്ല.

22അരയോപഗസ്ഥാനത്ത് എഴുന്നേറ്റുനിന്നുകൊണ്ട് പൗലോസ് ഇങ്ങനെ പ്രസംഗിച്ചു: "അഥേനയിലെ ജനങ്ങളേ, നിങ്ങൾ എല്ലാ വിധത്തിലും വളരെ മതനിഷ്ഠയുള്ളവർ എന്നു ഞാൻ കാണുന്നു. 23ഞാൻ ചുറ്റിനടന്ന് നിങ്ങളുടെ ആരാധ്യവസ്തുക്കൾ നിരീക്ഷിച്ചുവരുമ്പോൾ, 'അജ്ഞാതദേവന്' എന്നെഴുതിയിരിക്കുന്ന ഒരു ബലിവേദി കാണാനിടയായി. നിങ്ങൾ അറിവില്ലാതെ ആരാധിക്കുന്നതിനെക്കുറിച്ചാണ് ഞാൻ ഇപ്പോൾ നിങ്ങളെ അറിയിക്കുന്നത്.

24"പ്രപഞ്ചവും അതിലുള്ള സകലവും സൃഷ്ടിച്ച ദൈവം ആകാശത്തിന്റെയും ഭൂമിയുടെയും കർത്താവാകുന്നു; ദൈവം കൈപ്പണിയായ ആലയങ്ങളിൽ വസിക്കുന്നില്ല. 25അവിടുന്ന് എല്ലാവർക്കും ജീവനും ശ്വാസവും മറ്റുള്ള സകലവും നല്കുന്നവനാകയാൽ, എന്തെങ്കിലും ആവശ്യമുള്ളവൻ എന്നപോലെ മനുഷ്യകരങ്ങളാൽ ശുശ്രൂഷിക്കപ്പെടുന്നവനുമല്ല. 26ഭൂമിയിൽ എല്ലായിടത്തും അധിവസിക്കുവാൻ അവിടുന്ന് ഒരു മനുഷ്യനിൽനിന്നു സകലജനതകളെയും ഉളവാക്കി; അവർക്കു ജീവിക്കുവാനുള്ള കൃത്യമായ സ്ഥലങ്ങളും കാലാവധികളും നിശ്ചയിച്ചു. 27മനുഷ്യർ ദൈവത്തെ അന്വേഷിക്കുവാനും സാധ്യമെങ്കിൽ തപ്പിത്തിരഞ്ഞു കണ്ടെത്തുവാനും വേണ്ടിയാണ് ഇങ്ങനെ ചെയ്തിരിക്കുന്നത്; എന്നാൽ അവിടുന്ന് നമ്മിൽ ആരിൽനിന്നും അകന്നിരിക്കുന്നില്ല. 28നാം ജീവിക്കുന്നതും ചലിക്കുന്നതും നിലനില്ക്കുന്നതും ദൈവത്തിൽതന്നേ. നിങ്ങളുടെ കവികളിൽ തന്നേ ചിലർ, 'നാം അവിടുത്തെ സന്താനങ്ങളത്രേ' എന്നു പറഞ്ഞിട്ടുണ്ടല്ലോ!

29"അങ്ങനെ നാം ദൈവത്തിന്റെ സന്താനങ്ങളായിരിക്കയാൽ മനുഷ്യൻ പൊന്നിലോ, വെള്ളിയിലോ, കല്ലിലോ ശില്പചാതുരിയോടെ രൂപകല്പനചെയ്ത ഒരു രൂപത്തോടു സദൃശനാണ് ദൈവം എന്നു നാം ചിന്തിക്കരുത്. 30കഴിഞ്ഞകാലങ്ങളിൽ ദൈവം അങ്ങനെയുള്ള അജ്ഞതയെ അവഗണിച്ചിരുന്നു; എന്നാൽ ഇപ്പോൾ എല്ലായിടത്തുമുള്ള എല്ലാവരും മാനസാന്തരപ്പെടണമെന്ന് അവിടുന്ന് ആജ്ഞാപിക്കുന്നു. 31ദൈവം, താൻ നിയോഗിച്ചിട്ടുള്ള ഒരു മനുഷ്യൻ മുഖാന്തരം ലോകത്തെ ന്യായം വിധിക്കുവാൻ ഒരു ദിവസം നിശ്ചയിച്ചിരിക്കുന്നു; അദ്ദേഹത്തെ മരിച്ചവരിൽനിന്ന് ഉയിർപ്പിച്ചതിലൂടെ, ഇതിനുള്ള തെളിവായ ഉറപ്പു നമുക്കു നല്കിയിരിക്കുകയുമാണ്."

32മരിച്ചവരുടെ ഉയിർത്തെഴുന്നേല്പിനെക്കുറിച്ചു കേട്ടപ്പോൾ അവരിൽ ചിലർ പരിഹസിച്ചു; മറ്റു ചിലരോ, "ഈ വിഷയം സംബന്ധിച്ച് താങ്കളുടെ വാക്കുകൾ വീണ്ടും കേൾക്കുവാൻ ഞങ്ങളാഗ്രഹിക്കുന്നു" എന്നു പറഞ്ഞു. 33അങ്ങനെ പൗലൊസ് അവരെ വിട്ടുപോയി. 34ഏതാനും പേർ പൗലൊസിനോടു ചേർന്നുനില്ക്കുകയും വിശ്വസിക്കുകയും ചെയ്തു. അവരുടെ കൂട്ടത്തിൽ, അരയോപഗത്തിന്റെ അംഗമായിരുന്ന ദിയൊനുസ്യോസും ദമരിസ് എന്നുപേരുള്ള ഒരു സ്ത്രീയും മറ്റുചിലരും ഉണ്ടായിരുന്നു.

കൊരിന്തിൽ

18 ഇതിനുശേഷം പൗലൊസ് അഥേന വിട്ട് കൊരിന്തിലേക്കു പോയി. 2അവിടെ അദ്ദേഹം പൊന്തൊസ് സ്വദേശിയായ അകീലാസ് എന്നു പേരുള്ള ഒരു യഹൂദനെ കണ്ടു.

എല്ലാ യഹൂദരും റോം വിട്ടുപൊയ്ക്കൊള്ളണമെന്നു ക്ലൗദ്യൊസ് കല്പന പുറപ്പെടുവിച്ചതനുസരിച്ച് അകിലാസ് തന്റെ ഭാര്യയായ പ്രിസ്ക്കില്ലയെയുംകൂട്ടി ഇറ്റലിയിൽനിന്ന് കൊരിന്തിൽ ആയിടയ്ക്കു വന്നതായിരുന്നു. പൗലൊസ് അവരെ സന്ദർശിക്കാൻ ചെന്നു. 3അദ്ദേഹവും അവരെപ്പോലെ ഒരു കൂടാരപ്പണിക്കാരനായിരുന്നതുകൊണ്ട് അവരോടുകൂടെ പാർത്തു ജോലി ചെയ്തു. 4ശബ്ബത്തുതോറും അദ്ദേഹം പള്ളിയിൽ ചെന്നു സംവാദിക്കുകയും യഹൂദരെയും ഗ്രീക്കുകാരെയും സുവിശേഷം ബോധ്യപ്പെടുത്തുവാൻ ശ്രമിക്കുകയും ചെയ്തു.

5ശീലാസും തിമൊഥെയോസും മാസിഡോണിയായിൽനിന്നു വന്നപ്പോൾ പൗലൊസ് വചനഘോഷത്തിൽ ശുഷ്ക്കാന്തിപൂണ്ടു യേശു തന്നേ ക്രിസ്തു എന്ന് യഹൂദരോടു സാക്ഷീകരിച്ചു. 6എന്നാൽ യഹൂദർ അദ്ദേഹത്തെ എതിർക്കുകയും ദുഷിക്കുകയും ചെയ്തപ്പോൾ അദ്ദേഹം പ്രതിഷേധിച്ചു വസ്ത്രം കുടഞ്ഞുകൊണ്ട് അവരോട് പറഞ്ഞു: "നിങ്ങളുടെ രക്തം നിങ്ങളുടെ തലമേൽതന്നെ ഇരിക്കട്ടെ. എന്റെ ഉത്തരവാദിത്വം സംബന്ധിച്ച് ഞാൻ നിർമ്മലൻ, ഇനിമേൽ ഞാൻ വിജാതീയരുടെ അടുക്കലേക്കു പോകും."

7അതിനുശേഷം പള്ളി വിട്ട് അദ്ദേഹം ദൈവാരാധകനായ തീത്തൊസ് യുസ്തൊസിന്റെ ഭവനത്തിൽ ചെന്നു. അതു പള്ളിയുടെ തൊട്ടടുത്തായിരുന്നു. 8പള്ളിയുടെ അധികാരിയായ ക്രിസ്പൊസും അയാളുടെ കുടുംബത്തിലുള്ള എല്ലാവരും കർത്താവിൽ വിശ്വസിച്ചു; കൊരിന്ത്യരിൽ ഒട്ടധികം പേർ വിശ്വസിച്ചു സ്നാനം ഏറ്റു.

9രാത്രിയിൽ കർത്താവ് പൗലൊസിനോടു ദർശനത്തിൽ, "നീ ഭയപ്പെടരുത്; തുടർന്നും പ്രസംഗിച്ചു കൊള്ളുക, മിണ്ടാതിരിക്കരുത്. 10ഞാൻ നിന്നോടുകൂടെയുണ്ട്, ആരും നിന്നെ ആക്രമിക്കുകയോ ഹാനി വരുത്തുകയോ ഇല്ല, എനിക്ക് ഈ പട്ടണത്തിൽ അനേകരുണ്ട്" എന്ന് അരുളിച്ചെയ്തു. 11അങ്ങനെ പൗലൊസ് അവരെ ദൈവവചനം പഠിപ്പിച്ചുകൊണ്ട് ഒന്നരവർഷം അവിടെ പാർത്തു.

12ഗല്ലിയോൻ അഖായയിലെ ദേശാധിപതിയായിരിക്കുമ്പോൾ യഹൂദന്മാർ സംഘടിതമായി പൗലൊസിനെതിരെ തിരിഞ്ഞ് അദ്ദേഹത്തെ ന്യായാസനത്തിന്റെ മുമ്പിൽ കൊണ്ടുചെന്നു: 13"ഈ മനുഷ്യൻ യഹൂദനിയമത്തിനു വിപരീതമായ രീതിയിൽ ദൈവത്തെ ആരാധിപ്പാൻ മനുഷ്യരെ പ്രേരിപ്പിക്കുന്നു" എന്ന് അവർ ആരോപണം ഉന്നയിച്ചു. 14പൗലൊസ് സംസാരിക്കാൻ ഒരുങ്ങുമ്പോൾ ഗല്ലിയോൻ യഹൂദരോട്: "എന്തെങ്കിലും അന്യായമോ ഗൗരവതരമായ കുറ്റമോ സംബന്ധിച്ചാണു യഹൂദരായ നിങ്ങൾക്കു പരാതിയുള്ളതെങ്കിൽ ഞാൻ ക്ഷമയോടെ നിങ്ങളുടെ സങ്കടം കേൾക്കുമായിരുന്നു. 15എന്നാൽ ഇതു വാക്കുകളും നാമങ്ങളും നിങ്ങളുടെ സ്വന്തം ന്യായപ്രമാണവും സംബന്ധിച്ചുള്ള പ്രശ്നങ്ങളാണ് - ഇതു നിങ്ങൾതന്നേ പരിഹരിക്കുക. ഇങ്ങനെയുള്ള കാര്യങ്ങൾക്കു ഞാൻ ന്യായാധിപതിയായിരിക്കുകയില്ല" എന്നു പറഞ്ഞു. 16അങ്ങനെ അദ്ദേഹം അവരെ ന്യായാസനത്തിൽനിന്നു പുറത്താക്കി. 17അപ്പോൾ അവർ പള്ളി അധികാരിയായ സോസ്ഥനേസിന്റെ നേരേ തിരിഞ്ഞ് അയാളെ പിടിച്ചു കോടതിയുടെ മുമ്പിൽവച്ച് അടിച്ചു. എന്നാൽ ഗല്ലിയോൻ ഇതൊന്നും ഗൗനിച്ചില്ല.

പ്രിസ്ക്കില്ല, അകിലാസ്, അപ്പൊല്ലോസ്

18പൗലൊസ് കുറെക്കാലം കൂടി കൊരിന്തിൽ പാർത്തു. പിന്നീട് സഹോദരരെ വിട്ടു കപ്പൽകയറി സിറിയയിലേക്കു യാത്രയായി; പ്രിസ്ക്കില്ലയും അകിലാസും അദ്ദേഹത്തോടുകൂടെ ഉണ്ടായിരുന്നു. ഒരു നേർച്ച ഉണ്ടായിരുന്നതുകൊണ്ട്, യാത്രയ്ക്കുമുമ്പ് കെംക്രയയിൽവച്ച് അദ്ദേഹം തല ക്ഷൗരം ചെയ്യിച്ചു. 19അവർ എഫെസോസിൽ എത്തി. പൗലൊസ് പ്രിസ്ക്കില്ലയെയും അകിലാസിനെയും അവിടെ വിട്ടു. അദ്ദേഹം തനിയേ പള്ളിയിൽ ചെന്ന് യഹൂദരോടു സംവാദം നടത്തി. 20തങ്ങളോടുകൂടെ കൂടുതൽ സമയം ചെലവഴിക്കണമെന്ന് അവർ അപേക്ഷിച്ചുവെങ്കിലും അദ്ദേഹമതു നിരസിച്ചു. 21"ദൈവഹിതമെങ്കിൽ ഞാൻ മടങ്ങിവരും" എന്നു വിടവാങ്ങുമ്പോൾ അവർക്കു വാക്കുകൊടുത്തു. അനന്തരം എഫെസോസിൽനിന്ന് അദ്ദേഹം കപ്പൽകയറി. 22കൈസര്യയിൽ കരയ്ക്കിറങ്ങി സഭയെ അഭിവാദനം ചെയ്തശേഷം അദ്ദേഹം അന്ത്യോക്യയിലേയ്ക്കു പോയി. 23അന്ത്യോക്യയിൽ കുറെക്കാലം ചെലവഴിച്ചശേഷം പൗലൊസ് അവിടെനിന്നു യാത്രതിരിച്ചു. ഗലാത്യ, ഫ്രുഗ്യ പ്രദേശങ്ങളിൽ എല്ലാം സഞ്ചരിച്ച് അവിടെയുള്ള ശിഷ്യരെ ശക്തിപ്പെടുത്തി.

24ആയിടയ്ക്ക് അലക്സാന്ത്രിയ സ്വദേശിയും അപ്പൊല്ലോസ് എന്നുപേരുള്ളവനുമായ ഒരു യഹൂദൻ എഫെസോസിലെത്തി. അദ്ദേഹം വാഗ്മിയും തിരുവെഴുത്തുകളെ സംബന്ധിച്ചു സമഗ്രമായ അറിവുള്ളവനുമായിരുന്നു. 25അദ്ദേഹത്തിന് കർത്താവിന്റെ മാർഗ്ഗത്തെപ്പറ്റി പ്രബോധനം ലഭിച്ചിരുന്നു. യോഹന്നാന്റെ സ്നാനത്തെപ്പറ്റി മാത്രമേ അപ്പൊല്ലോസിന് അറിവുണ്ടായിരുന്നുള്ളുവെങ്കിലും ആത്മാവിൽ തീക്ഷ്ണതയോടെ പ്രസംഗിക്കുകയും യേശുവിനെക്കുറിച്ചു സൂക്ഷ്മമായി പഠിപ്പിക്കു

കയും ചെയ്തു. 26അദ്ദേഹം പള്ളികളിൽ ധൈര്യത്തോടെ പ്രസംഗിച്ചുതുടങ്ങി. പ്രിസ്ക്കില്ലയും അകിലാവും അദ്ദേഹത്തിന്റെ പ്രഭാഷണം കേട്ടപ്പോൾ അദ്ദേഹത്തെ വീട്ടിലേക്കു ക്ഷണിച്ചു. അവർ ദൈവത്തിന്റെ മാർഗ്ഗം കൂടുതൽ വ്യക്തമായി അദ്ദേഹത്തിനു വിശദീകരിച്ചുകൊടുത്തു. 27അപ്പൊല്ലോസ് അഖായയിലേയ്ക്കു പോകുവാൻ ആഗ്രഹിച്ചപ്പോൾ സഹോദരന്മാർ അദ്ദേഹത്തെ പ്രോത്സാഹിപ്പിക്കുകയും അദ്ദേഹത്തെ സ്വാഗതം ചെയ്യണമെന്ന് അവിടെയുള്ള ശിഷ്യന്മാർക്ക് എഴുതുകയും ചെയ്തു. അവിടെ എത്തിയപ്പോൾ, ദൈവകൃപയാൽ വിശ്വാസത്തിലേയ്ക്കു വന്നവർക്കു അദ്ദേഹം വലിയ സഹായമായിത്തീർന്നു. 28അദ്ദേഹം പരസ്യമായി യഹൂദന്മാരുടെ വാദഗതികളെ ശക്തിയായി ഖണ്ഡിക്കുകയും യേശുതന്നേ ക്രിസ്തുവെന്നു തിരുവെഴുത്തുകളിലൂടെ തെളിയിക്കുകയും ചെയ്തു.

പൗലൊസ് എഫെസോസിൽ

19 അപ്പൊല്ലോസ് കൊരിന്തിൽ ആയിരുന്നപ്പോൾ, പൗലൊസ് ഉൾപ്രദേശങ്ങളിലൂടെ യാത്രചെയ്ത് എഫെസോസിൽ എത്തിച്ചേർന്നു. അവിടെ ചില ശിഷ്യന്മാരെ കണ്ടുമുട്ടി. അദ്ദേഹം അവരോടു ചോദിച്ചു: 2"നിങ്ങൾ വിശ്വസിച്ചപ്പോൾ[a] പരിശുദ്ധാത്മാവിനെ പ്രാപിച്ചുവോ?" "ഇല്ല, പരിശുദ്ധാത്മാവ് ഉണ്ടെന്നുപോലും ഞങ്ങൾ കേട്ടിട്ടില്ല" അവർ ഉത്തരം പറഞ്ഞു. 3"എങ്കിൽ,നിങ്ങൾ സ്വീകരിച്ച സ്നാനം ഏതായിരുന്നു?" അദ്ദേഹം ചോദിച്ചു. "യോഹന്നാന്റെ സ്നാനം" അവർ ഉത്തരം പറഞ്ഞു. 4അതിനു പൗലൊസ്, "യോഹന്നാന്റെ സ്നാനം മാനസാന്തരസ്നാനമായിരുന്നു. തന്റെ പിന്നാലെ വരുന്നവനിൽ, അതായത്, യേശുവിൽ വിശ്വസിക്കുവാൻ യോഹന്നാൻ ജനങ്ങളെ ഉപദേശിച്ചു"എന്നു പറഞ്ഞു. 5അവർ കർത്താവായ യേശുവിന്റെ നാമത്തിൽ സ്നാനമേറ്റു. 6പൗലൊസ് അവരുടെമേൽ കൈകൾ വച്ചപ്പോൾ പരിശുദ്ധാത്മാവ് അവരുടെമേൽ വന്നു; അവർ അന്യഭാഷകളിൽ സംസാരിക്കുകയും പ്രവചിക്കുകയും ചെയ്തു. 7ആ പുരുഷന്മാർ ഏകദേശം പന്ത്രണ്ടുപേരായിരുന്നു.

8പൗലൊസ് സുനഗോഗിൽച്ചെന്ന് മൂന്നുമാസത്തോളം സധൈര്യം പ്രസംഗിക്കുകയും ജനങ്ങൾക്ക് ബോധ്യമാകത്തക്കവണ്ണം ദൈവരാജ്യത്തെക്കുറിച്ച് സംവാദിക്കുകയും ചെയ്തു. 9എന്നാൽ ചിലർ കഠിനചിത്തരായി വിശ്വസിക്കാതെ ഈ മാർഗ്ഗത്തെ ദുഷിച്ചു. അതുകൊണ്ട് പൗലൊസ് അവരെ വിട്ട് ശിഷ്യന്മാരെ കൂട്ടിക്കൊണ്ടു തുറന്നൊസിന്റെ പാഠശാലയിൽ ദിനംപ്രതി ചർച്ചകൾ നടത്തിപ്പോന്നു. 10ഇതു രണ്ടു വർഷത്തോളം തുടർന്നു. അതിന്റെ ഫലമായി ഏഷ്യാപ്രവശ്യയിൽ പാർത്തിരുന്ന എല്ലാ യഹൂദന്മാരും ഗ്രീക്കുകാരും കർത്താവിന്റെ വചനം കേൾക്കുവാനിടയായി. 11ദൈവം പൗലൊസിലൂടെ അസാധാരണങ്ങളായ അത്ഭുതപ്രവൃത്തികൾ ചെയ്തു. 12അദ്ദേഹത്തിന്റെ സ്പർശനമേറ്റ തൂവാലയും മേൽവസ്ത്രവും കൊണ്ടുവന്നു രോഗികളുടെമേൽ ഇടുമ്പോൾ അവരുടെ രോഗങ്ങൾ സുഖപ്പെടുകയും ദുരാത്മാക്കൾ വിട്ടുപോവുകയും ചെയ്തു.

13ദുഷ്ടാത്മാക്കളെ പുറത്താക്കിക്കൊണ്ട് ചുറ്റി സഞ്ചരിച്ചിരുന്ന ചില യഹൂദർ ഭൂതബാധിതരായ ചിലരെ യേശുവിന്റെ നാമം ഉപയോഗിച്ചു സൗഖ്യമാക്കുവാൻ ശ്രമിച്ചു. "പൗലൊസ് പ്രസംഗിക്കുന്ന യേശുവിന്റെ നാമത്തിൽ ഞാൻ നിന്നോടു പുറത്തുപോകുവാൻ കല്പിക്കുന്നു" എന്നാണവർ പറഞ്ഞുവന്നത്. 14ഒരു മുഖ്യപുരോഹിതനായ സ്കേവാ എന്ന യഹൂദന്റെ ഏഴുപുത്രന്മാരായിരുന്നു ഇങ്ങനെ ചെയ്തത്. 15ദുഷ്ടാത്മാവ് അവരോട്, "യേശുവിനെ എനിക്കറിയാം, പൗലൊസിനെയും എനിക്കറിയാം, എന്നാൽ നിങ്ങളാര്?" എന്നു ചോദിച്ചു. 16അനന്തരം, ദുരാത്മാവുണ്ടായിരുന്ന മനുഷ്യൻ അവരുടെമേൽ ചാടിവീണ് അവരെ കീഴടക്കി. അവർ നഗ്നരും മുറിവേറ്റവരുമായി ഓടിപ്പോകേണ്ടിവന്നു. 17എഫെസോസിൽ പാർത്തിരുന്ന യഹൂദരും ഗ്രീക്കുകാരും ഇത് അറിഞ്ഞു. അവർക്കെല്ലാവർക്കും ഭയം ഉണ്ടായി. കർത്താവായ യേശുവിന്റെ നാമം അത്യന്തം മഹിമപ്പെട്ടു. 18വിശ്വസിച്ചവരിൽ പലരുംവന്ന് തങ്ങളുടെ ദുഷ്പ്രവൃത്തികൾ പരസ്യമായി ഏറ്റുപറഞ്ഞു. 19ക്ഷുദ്രപ്രയോഗം നടത്തിവന്നവർ തങ്ങളുടെ പുസ്തകച്ചുരുളുകൾ കൊണ്ടുവന്ന് എല്ലാവരും കാൺകെ ചുട്ടുകളഞ്ഞു. ആ ചുരുളുകളുടെ വില കണക്കാക്കിയപ്പോൾ അതിന്റെ ആകെ തുക അമ്പതിനായിരം ദ്രഹ്മയായിരുന്നു.[b] 20ഇങ്ങനെ കർത്താവിന്റെ വചനം എല്ലായിടത്തും പ്രചരിക്കുകയും പ്രബലപ്പെടുകയും ചെയ്തു. 21ഇവയെല്ലാം സംഭവിച്ചതിനുശേഷം പൗലൊസ് യെരൂശലേമിലേയ്ക്കു പോകുവാൻ നിശ്ചയിച്ചു. "അവിടെച്ചെന്നതിനുശേഷം എനിക്കു റോമിലും പോകണം" എന്ന് അദ്ദേഹം പറഞ്ഞു. 22തന്റെ സഹായികളിൽ തിമൊഥെയോസ്, എരസ്തൊസ് എന്നീ രണ്ടുപേരെ മാസിഡോണിയായിലേക്ക് അയച്ചിട്ട് അദ്ദേഹം കുറെക്കാലംകൂടി ഏഷ്യയിൽ പാർത്തു.

എഫെസോസിലെ ലഹള

23ആ കാലത്ത് ഈ മാർഗ്ഗത്തിന്റെ പേരിൽ

[a] 2 അഥവാ, *വിശ്വസിച്ചശേഷം* [b] 19 *ദ്രഹ്മ*, ഒരു ദിവസത്തെ കൂലിക്കു തുല്യമായ വെള്ളി നാണയമാണ്

വലിയ കലഹമുണ്ടായി. 24വെള്ളികൊണ്ട് അർ
ത്തെമിസ്ദേവിയുടെ ക്ഷേത്രരൂപങ്ങൾ ഉണ്ടാ
ക്കിയിരുന്ന ദെമെത്രിയൊസ് എന്ന
വെള്ളിപ്പണിക്കാരൻ ശില്പികൾക്കു ധാരാളം
തൊഴിൽ ഉണ്ടാക്കിക്കൊടുത്തിരുന്നു.
25അയാൾ അവരെയും അതേ തൊഴിൽ
ചെയ്തിരുന്ന മറ്റുപണിക്കാരെയും കൂട്ടിവരുത്തി
യിട്ട് അവരോടിങ്ങനെ പറഞ്ഞു: "സുഹൃത്തു
ക്കളേ, ഈ തൊഴിലിൽനിന്നു നമുക്കു നല്ല ആദാ
യം ലഭിക്കുന്നുവെന്ന് നിങ്ങൾക്കറിയാമല്ലോ!
26എന്നാൽ ഈ പൗലൊസ് ഇവിടെ എഫെ
സോസിലും ഏഷ്യാപ്രദേശത്തെല്ലായിടത്തുമു
ള്ള ഒട്ടധികം ആളുകളോട്, "മനുഷ്യൻ ഉണ്ടാ
ക്കിയ ദൈവങ്ങൾ ദൈവങ്ങളേ അല്ല" എന്നു
പറഞ്ഞ് അവർക്കു ബോധ്യം വരുത്തി. അവരെ
വഴി തെറ്റിച്ചിരിക്കുന്നത് നിങ്ങൾ കാണുകയും
കേൾക്കുകയും ചെയ്തിരിക്കുന്നുവല്ലോ.
27നമ്മുടെ തൊഴിലിനുള്ള സൽപ്പേരു നഷ്ടമാ
കും എന്നുമാത്രമല്ല മഹാദേവിയായ അർത്തെമി
സിന്റെ ക്ഷേത്രം അപമാനിതമായിത്തീരും
എന്ന അപകടംകൂടി ഇതിലുണ്ട്; ഏഷ്യാപ്രവശ്യ
യിലെല്ലായിടത്തും ലോകത്തിലും ആരാധിക്ക
പ്പെടുന്ന ഈ ദേവിയുടെ പ്രതാപം നഷ്ടപ്പെടു
വാനും ഇതുമൂലം ഇടയാകും."

28ഇതു കേട്ടപ്പോൾ അവർ ക്രോധം
നിറഞ്ഞവരായി, "എഫെസ്യരുടെ അർത്തെമി
സ് ദേവി, മഹതിയാം ദേവി!" എന്നു ഉച്ചത്തിൽ
ആർത്തുവിളിച്ചു. 29പെട്ടെന്ന് പട്ടണം മുഴുവൻ
ബഹളമായി. മാസിഡോണിയായിൽനിന്നു പൗ
ലൊസിന്റെ സഹയാത്രികരായി വന്നിരുന്ന ഗാ
യൊസിനെയും അരിസ്തർഹോസിനെയും പി
ടിച്ചുകൊണ്ട് ജനങ്ങൾ പ്രദർശനശാ
ലയിലേയ്ക്ക് ഒന്നിച്ചു പാഞ്ഞുചെന്നു. 30പൗ
ലൊസ് ജനക്കൂട്ടത്തിലേക്കു ചെല്ലുവാൻ ആ
ഗ്രഹിച്ചു. എന്നാൽ ശിഷ്യന്മാർ അത് അനുവദി
ച്ചില്ല. 31പൗലൊസിന്റെ സ്നേഹിതരായ
ഏഷ്യാപ്രവിശ്യയിലെ ചില അധികാരികൾപോ
ലും അദ്ദേഹം പ്രദർശനശാലയിലേയ്ക്കു കടന്നു
ചെല്ലുവാൻ തുനിയരുതെന്ന് അപേക്ഷിച്ചു
കൊണ്ട് സന്ദേശം കൊടുത്തയച്ചു.

32 ജനക്കൂട്ടം ആകെ കലക്കത്തിലായി. ഒരു
കൂട്ടർ ഒരുവിധത്തിലും മറ്റുചിലർ മറ്റുവിധത്തി
ലും ആർത്തുവിളിച്ചു. അവരിൽ മിക്കവർക്കും
തങ്ങൾ വന്നുകൂടിയതെന്തിനെന്നുപോലും
അറിഞ്ഞുകൂടായിരുന്നു. 33യഹൂദർ അലക്സാ
ണ്ടറെ മുന്നിലേയ്ക്കു തള്ളിക്കൊണ്ടുവന്നു.
ജനക്കൂട്ടത്തിൽ ചിലർ ഉച്ചത്തിൽ അയാളോട്
എന്തൊക്കെയോ പറഞ്ഞുകൊണ്ടിരുന്നു.
ജനത്തിനുമുമ്പിൽ ന്യായവാദം നടത്താനാഗ്രാ
ഹിച്ചുകൊണ്ട് അയാൾ അവരോടു നിശ്ശബ്ദരാ
യിരിക്കാൻ ആംഗ്യം കാട്ടി. 34എന്നാൽ അയാൾ
ഒരു യഹൂദനാണെന്നറിഞ്ഞപ്പോൾ അവരെല്ലാ
വരുംകൂടിച്ചേർന്ന്, "എഫെസ്യരുടെ അർ
ത്തെമിസ് ദേവി, മഹതിയാം ദേവി!" എന്ന് രണ്ടു
മണിക്കൂറോളം ഉച്ചത്തിൽ വിളിച്ചുപറഞ്ഞു
കൊണ്ടിരുന്നു.

35നഗരകാര്യദർശി ജനക്കൂട്ടത്തെ ശാന്തമാ
ക്കിക്കൊണ്ട് ഇങ്ങനെ പറഞ്ഞു: "എഫെസൊ
സ് നിവാസികളേ, എഫെസൊസ് നഗരം
മഹതിയായ അർത്തെമിസ് മഹാദേവിയുടെ
ക്ഷേത്രത്തിന്റെയും സ്വർഗ്ഗത്തിൽനിന്നു
വീണ അർത്തെമിസ് പ്രതിമയുടെയും
സംരക്ഷകയാണെന്നുള്ളത് എല്ലാവർക്കും
അറിവുള്ള കാര്യമല്ലയോ? 36ഈ വസ്തു
തകൾ അനിഷേധ്യമായിരിക്കുന്ന സ്ഥിതിക്ക്,
നിങ്ങൾ ശാന്തരായിരിക്കുകയും തിടുക്കത്തിൽ
ഒന്നും ചെയ്യാതിരിക്കുകയും വേണം. 37ഈ മനു
ഷ്യരെ നിങ്ങൾ ഇവിടെ കൊണ്ടുവന്നിരി
ക്കുന്നു; എന്നാൽ ഇവരാകട്ടെ, ക്ഷേത്രങ്ങൾ
കവർച്ചചെയ്യുകയോ നമ്മുടെ ദേവിയെ ദുഷി
ക്കുകയോ ചെയ്തിട്ടില്ല. 38ദെമെത്രിയൊസി
നും സഹശില്പികൾക്കും ആരുടെയെങ്കിലും
നേർക്ക് എന്തെങ്കിലും പരാതിയുണ്ടെങ്കിൽ,
കോടതികൾ തുറന്നിട്ടുണ്ട്; അവിടെ
ദേശാധിപതികളുമുണ്ട്. അവിടെ അവർക്ക് ആ
രോപണങ്ങൾ ഉന്നയിക്കാവുന്നതാണ്. 39കൂ
ടുതലായി എന്തെങ്കിലും കാര്യം നിങ്ങൾക്കു
ള്ളപക്ഷം അതൊരു നിയമാനുസൃതസഭയിൽ
പരിഹരിക്കാവുന്നതാണ്. 40ഈ സ്ഥിതിയിൽ,
ഇന്നത്തെ സംഭവങ്ങൾനിമിത്തം നമ്മെ
പ്രക്ഷോഭകാരികൾ എന്നു കുറ്റപ്പെടുത്താനു
ള്ള അപകടസാധ്യതയുണ്ട്. അങ്ങനെ വന്നാൽ
ഈ ലഹളയ്ക്കു സമാധാനം ബോധിപ്പിക്കു
വാൻ നമുക്കു കഴിയാതെ പോകും; ലഹളയു
ണ്ടാക്കുവാൻ തക്ക കാരണമൊന്നും ഇല്ലല്ലോ."
41ഇത്രയും പറഞ്ഞതിനുശേഷം അയാൾ
സമ്മേളനം പിരിച്ചുവിട്ടു.

പൗലൊസ്
മാസിഡോണിയായിലും ഗ്രീസിലും

20 ലഹള അവസാനിച്ചപ്പോൾ പൗ
ലൊസ് ശിഷ്യന്മാരെ ആളയച്ചു
വരുത്തി; അവരെ ധൈര്യപ്പെടുത്തിയശേഷം
വിടവാങ്ങി മാസിഡോണിയായിലേക്കു യാ
ത്രതിരിച്ചു. 2ജനത്തെ പ്രോത്സാഹിപ്പിക്കുന്ന
വളരെ പ്രബോധനങ്ങൾ നല്കിക്കൊണ്ടു
സഞ്ചരിച്ച് അദ്ദേഹം ഒടുവിൽ ഗ്രീസിലെത്തി
ച്ചേർന്നു. 3അവിടെ മൂന്നുമാസം താമസിച്ചു.
അവിടെനിന്നു സിറിയായിലേക്കു കപ്പൽ
കയറാൻ തുടങ്ങുന്ന അവസരത്തിൽ യഹൂ
ദന്മാർ അദ്ദേഹത്തിനെതിരായി ഗൂഢാലോചന
നടത്തിയതുകൊണ്ട് മാസിഡോണിയാ

യിലേക്കു തിരികെപ്പോകുവാൻ അദ്ദേഹം തീരുമാനിച്ചു. 4ബെരോവയിലെ പുറൊസിന്റെ മകൻ സോപത്രൊസും തെസ്സലോനികൃരായ അരിസ്തർഹൊസും സെക്കുന്തോസും ദെർബ്ബെക്കാരനായ ഗായൊസും തിമൊഥെയോസും ഏഷ്യാപ്രവിശ്യക്കാരായ തുഹിക്കൊസും ത്രൊഫിമൊസും അദ്ദേഹത്തെ അനുഗമിച്ചു. 5അവർ ഞങ്ങൾക്കു മുമ്പായി യാത്ര ചെയ്തു ത്രൊവാസിലെത്തി, അവിടെ ഞങ്ങൾക്കായി കാത്തിരുന്നു. 6പുളിപ്പില്ലാത്ത അപ്പത്തിന്റെ പെരുന്നാൾ കഴിഞ്ഞാണ് ഞങ്ങൾ ഫിലിപ്പിയയിൽനിന്നു യാത്രതിരിച്ചത്. അഞ്ചു ദിവസത്തിനുശേഷം ഞങ്ങൾ ത്രോവാസിൽ അവരുടെ അടുക്കലെത്തി; ഏഴുദിവസം അവിടെ താമസിച്ചു.

യൂത്തിക്കൊസിനെ ഉയിർപ്പിക്കുന്നു

7ആഴ്ചയുടെ ആദ്യദിവസം, അപ്പം മുറിക്കുവാൻ ഞങ്ങൾ ഒന്നിച്ചുകൂടി. പൗലൊസ് ജനങ്ങളോടു സംസാരിച്ചു; പിറ്റേന്ന് യാത്രയാകുവാൻ ഉദ്ദേശിച്ചിരുന്നതുകൊണ്ട് അദ്ദേഹം അർദ്ധരാത്രിവരെയും പ്രസംഗം ദീർഘിപ്പിച്ചു. 8 ഞങ്ങൾ സമ്മേളിച്ച മാളികമുറിയിൽ ധാരാളം വിളക്കുകൾ ഉണ്ടായിരുന്നു. 9യൂത്തിക്കൊസ് എന്നു പേരുള്ള യുവാവ് ഒരു ജനൽപടിയിൽ ഇരിക്കുകയായിരുന്നു. പൗലൊസ് തന്റെ പ്രസംഗം ദീർഘിപ്പിച്ചപ്പോൾ, അയാൾ ഗാഢനിദ്രയിലായി, മൂന്നാംനിലയിൽനിന്നു താഴെ വീണു; അയാളെ എടുത്തപ്പോൾ മരിച്ചിരുന്നു. 10പൗലൊസ് ഇറങ്ങിച്ചെന്ന് അയാളുടെമേൽ കിടന്ന് അയാളെ കെട്ടിപ്പിടിച്ചു. "പരിഭ്രമിക്കേണ്ടാ, അയാൾക്കു ജീവനുണ്ട്!" എന്നു അദ്ദേഹം പറഞ്ഞു. 11പിന്നീട്, അദ്ദേഹം വീണ്ടും മുകൾത്തട്ടിലേക്കു പോയി, അപ്പം മുറിച്ചു ഭക്ഷിച്ചു. പ്രഭാതംവരെയും സംസാരിച്ചതിനുശേഷം അദ്ദേഹം യാത്രയായി. 12ജനങ്ങൾ ആ യുവാവിനെ ജീവനുള്ളവനായി വീട്ടിൽ കൊണ്ടുപോയി; അവർ അത്യന്തം ആശ്വസിച്ചു.

എഫെസോസിലെ മൂപ്പന്മാരോടു പൗലൊസ് യാത്രപറയുന്നു

13ഞങ്ങൾ കപ്പൽ കയറി നേരത്തെതന്നെ അസ്സൊസിലേക്കു പുറപ്പെട്ടു. അവിടെയെത്തുമ്പോൾ പൗലൊസിനെ കപ്പലിൽ കയറ്റാൻ ഉദ്ദേശിച്ചിരുന്നു. പൗലൊസ് അസ്സൊസിലേക്കു കാൽനടയായി യാത്രചെയ്തിരുന്നതുകൊണ്ടാണ് ഈ ക്രമീകരണം ചെയ്തത്. 14അങ്ങനെ അദ്ദേഹം ഞങ്ങളെ അസ്സൊസിൽ വച്ചു കണ്ടുമുട്ടി. അപ്പോൾ അദ്ദേഹത്തെക്കൂടി കയറ്റിക്കൊണ്ടു ഞങ്ങൾ മിതുലേനയിലേക്കു പോയി. 15പിറ്റേന്ന് ഞങ്ങൾ അവിടെനിന്നും കപ്പൽ നീക്കി ഖിയൊസ് ദ്വീപിന്റെ മറുവശത്തെത്തി. അതിന്റെ പിറ്റേന്ന് സാമോസ് ദ്വീപിലും അതിനടുത്ത ദിവസം മിലേത്തോസിലും എത്തിച്ചേർന്നു. 16സാധ്യമെങ്കിൽ പെന്തക്കൊസ്തു ദിവസമാകുമ്പോഴേക്കു യെരൂശലേമിൽ എത്തുവാൻ പൗലൊസ് തിടുക്കം കാട്ടി; അതുകൊണ്ട്, ഏഷ്യാ പ്രവിശ്യയിൽ സമയം ചെലവഴിക്കുന്നതൊഴിവാക്കാൻ അദ്ദേഹം എഫെസോസിൽ ഇറങ്ങാതെ യാത്ര തുടരാൻ തീരുമാനിച്ചു.

17മിലേത്തോസിൽനിന്ന് അദ്ദേഹം എഫെസോസിലേക്ക് ആളയച്ച് സഭയിലെ മൂപ്പന്മാരെ വരുത്തി. 18അവർ വന്നപ്പോൾ അദ്ദേഹം അവരോട് ഇങ്ങനെ പറഞ്ഞു:

"ഞാൻ ഏഷ്യയിൽ വന്നദിവസം മുതൽ, നിങ്ങളോടുകൂടെ ആയിരുന്ന കാലംമുഴുവൻ എങ്ങനെയാണു ജീവിച്ചതെന്നു നിങ്ങൾക്കറിയാമല്ലോ! 19യഹൂദരുടെ ഗൂഢാലോചനകൾ നിമിത്തം എനിക്കു തീക്ഷ്ണമായ പരിശോധനകൾ ഉണ്ടായെങ്കിലും ഞാൻ വളരെ താഴ്മയോടും കണ്ണുനീരോടുംകൂടെ കർത്താവിനെ സേവിച്ചു. 20 പ്രയോജനമുള്ളത് ഒന്നും മറച്ചുവെയ്ക്കാതെ പരസ്യമായും വീടുകളിൽവച്ചും നിങ്ങളെ അറിയിക്കുകയും പഠിപ്പിക്കുകയും ചെയ്തുവെന്നു നിങ്ങൾക്കറിയാം. 21മാനസാന്തരപ്പെട്ടു ദൈവത്തിങ്കലേക്കു തിരിയണമെന്നും നമ്മുടെ കർത്താവായ യേശുവിൽ വിശ്വസിക്കണമെന്നും ഞാൻ യഹൂദരോടും ഗ്രീക്കുകാരോടും പ്രസ്താവിച്ചിട്ടുണ്ട്.

22"ഇപ്പോൾ ഞാൻ ആത്മാവിനാൽ നിർബ്ബന്ധിതനായി യെരൂശലേമിലേയ്ക്കു പോകുന്നു. അവിടെ എനിക്ക് എന്താണു സംഭവിക്കുകയെന്നു ഞാൻ അറിയുന്നില്ല. 23കാരാഗൃഹവും കഷ്ടപ്പാടുകളും എന്നെ കാത്തിരിക്കുന്നുവെന്നു പരിശുദ്ധാത്മാവ് ഓരോ പട്ടണത്തിലും എനിക്കു മുന്നറിയിപ്പു തരുന്നുവെന്നുമാത്രം എനിക്കറിയാം. 24എങ്കിലും ഞാൻ എന്റെ ജീവനെ എനിക്കു വിലയേറിയതെന്നു കരുതുന്നില്ല; എന്റെ ഓട്ടവും ദൈവകൃപയുടെ സുവിശേഷത്തിനു സാക്ഷ്യം വഹിക്കുവാൻ കർത്താവായ യേശു എനിക്കു തന്ന ശുശ്രൂഷയും തികയ്ക്കണം എന്നു മാത്രമേ എനിക്കുള്ളൂ.

25"എന്നാൽ ദൈവരാജ്യം പ്രസംഗിച്ചുകൊണ്ടു നിങ്ങളുടെ ഇടയിൽ സഞ്ചരിച്ചിരുന്ന എന്നെ നിങ്ങളിലാരും ഇനിമേൽ കാണുകയില്ല എന്നു ഞാൻ അറിയുന്നു. 26അതുകൊണ്ട്, ഞാൻ ഇന്നു നിങ്ങളോടു പ്രഖ്യാപിക്കുന്നു: നിങ്ങളിലാരുടെയും രക്തത്തിനു ഞാൻ കുറ്റക്കാരനല്ല. 27ദൈവത്തിന്റെ മുഴുവൻ ആലോചനയും, ഒട്ടും മറച്ചുവയ്ക്കാതെ ഞാൻ നി

ങ്ങളെ അറിയിച്ചിട്ടുണ്ട്. 28നിങ്ങളെത്തന്നേയും പരിശുദ്ധാത്മാവു നിങ്ങളുടെ മേല്നോട്ടത്തിൽ ആക്കിവച്ചിട്ടുള്ള ആട്ടിൻകൂട്ടത്തെയും ഭദ്രമായി സൂക്ഷിച്ചുകൊള്ളുവിൻ. സ്വന്തരക്തത്താൽ കർത്താവ് വിലയ്ക്കു വാങ്ങിയ സഭയ്ക്ക് ഇടയന്മാരായിരിപ്പിൻ. 29ഞാൻ പോയശേഷം ആട്ടിൻകൂട്ടത്തെ നശിപ്പിക്കുവാൻ മടിയില്ലാത്ത ക്രൂരരായ ചെന്നായ്ക്കൾ നിങ്ങളുടെ ഇടയിൽ കടന്നുകൂടുമെന്ന് എനിക്കറിയാം. 30ശിഷ്യരെ തങ്ങളുടെ പിന്നാലെ വശീകരിച്ചുകൊണ്ടുപോകുവാനായി സത്യത്തെ വളച്ചു സംസാരിക്കുന്ന ചിലർ നിങ്ങളുടെ കൂട്ടത്തിൽനിന്നുതന്നേ എഴുന്നേല്ക്കും. 31അതുകൊണ്ട് ജാഗ്രതയുള്ളവരായിരിക്കുക. ഞാൻ മൂന്നു വർഷം, രാവും പകലും കണ്ണുനീരോടെ നിങ്ങൾക്കു മുന്നറിയിപ്പു തന്നുകൊണ്ടിരുന്നത് ഓർത്തുകൊൾവിൻ.

32"ഇപ്പോൾ ഞാൻ നിങ്ങളെ ദൈവത്തിലും, നിങ്ങൾക്ക് അഭിവൃദ്ധി വരുത്തി, വിശുദ്ധീകരിക്കപ്പെട്ട എല്ലാവരോടുംകൂടെ അവകാശം നല്കുവാൻ കഴിവുള്ള ദൈവകൃപയുടെ വചനത്തിലും ഭരമേല്പിക്കുന്നു. 33നിങ്ങളിലാരുടെയും വെള്ളിയൊ പൊന്നോ വസ്ത്രമോ ഒന്നും ഞാൻ മോഹിച്ചിട്ടില്ല. 34എന്റെ ഈ കൈകളാൽ പണിയെടുത്ത് എന്റെയും എന്റെ കൂടെയുള്ളവരുടെയും ആവശ്യത്തിനുള്ള വക ഞാൻ സമ്പാദിച്ചുവെന്നു നിങ്ങൾക്കറിയാമല്ലോ! 35ഇങ്ങനെയുള്ള കഠിനാധ്വാനംകൊണ്ടു നാം ബലഹീനരെ സഹായിക്കണമെന്നു ഞാൻ എന്റെ എല്ലാ പ്രവൃത്തികളിലൂടെയും നിങ്ങൾക്കു മാതൃക കാണിച്ചുതന്നിരിക്കുന്നു. "വാങ്ങുന്നതിനേക്കാൾ കൊടുക്കുന്നതു ഭാഗ്യം" എന്നുള്ള കർത്താവായ യേശുവിന്റെ വാക്കുകൾ ഓർത്തുകൊൾക."

36ഇതു പറഞ്ഞതിനുശേഷം അദ്ദേഹം അവരോടെല്ലാവരോടുംകൂടെ മുട്ടുകുത്തി പ്രാർത്ഥിച്ചു. 37എല്ലാവരും വളരെ കരഞ്ഞ് അദ്ദേഹത്തെ കെട്ടിപ്പിടിച്ചു ചുംബിച്ചു. 38"നിങ്ങൾ ഇനി എന്റെ മുഖം കാണുകയില്ല" എന്ന അദ്ദേഹത്തിന്റെ പ്രസ്താവനയാണ് അവർക്കേറ്റവും മധികം സങ്കടമുണ്ടാക്കിയത്. പിന്നെ അവർ കപ്പലിന്റെ അടുത്തുവരെ അദ്ദേഹത്തെ അനുയാത്രചെയ്തു.

യെരൂശലേമിലേക്ക്

21 അങ്ങനെ അവരെ വിട്ടുപിരിഞ്ഞശേഷം ഞങ്ങൾ കപ്പൽ കയറി കോസിലും അടുത്ത ദിവസം രൊദോസിലും അവിടെനിന്നു പത്തരയിലും എത്തി. 2ഫിനിഷ്യയിലേക്കു പോകുന്ന ഒരു കപ്പൽ കണ്ടു ഞങ്ങൾ അതിൽ കയറി യാത്ര തുടർന്നു. 3സൈപ്രസ്ദ്വീപു ദൃഷ്ടിയിൽപ്പെട്ടു. അതിനുശേഷം അതിന്റെ തെക്കു വശത്തുകൂടെ സിറിയയിലേക്കുപോയി. സോരിൽവന്ന് ഞങ്ങൾ കരയിൽ ഇറങ്ങി; അവിടെ ആ കപ്പലിലെ ചരക്ക് ഇറക്കേണ്ടിയിരുന്നു. 4അവിടെ ശിഷ്യന്മാരെ കണ്ടെത്തി ഞങ്ങൾ ഏഴു ദിവസം അവിടെ പാർത്തു. യെരൂശലേമിലേക്കു പോകരുതെന്ന് അവർ പൗലൊസിനോട് ആത്മപ്രേരണയാൽ നിർബ്ബന്ധിച്ചുപറഞ്ഞു. 5എന്നാൽ അവിടെയുള്ള താമസം കഴിഞ്ഞപ്പോൾ ഞങ്ങൾ അവിടം വിട്ടു യാത്ര തുടർന്നു. സകല ശിഷ്യന്മാരും അവരുടെ ഭാര്യമാരും കുഞ്ഞുങ്ങളും ഞങ്ങളോടുകൂടെ നഗരത്തിനു പുറത്തേക്കുവന്നു; കടൽത്തീരത്തു ഞങ്ങൾ മുട്ടുകുത്തി പ്രാർത്ഥിച്ചു; 6അന്യോന്യം യാത്ര പറഞ്ഞു പിരിഞ്ഞു. ഞങ്ങൾ കപ്പൽ കയറുകയും, അവർ വീട്ടിലേക്ക് മടങ്ങുകയും ചെയ്തു.

7സോരിൽനിന്നുള്ള കപ്പൽയാത്ര അവസാനിപ്പിച്ചു ഞങ്ങൾ പ്തൊലൈമായിസിൽ വന്നു കരയ്ക്കിറങ്ങി സഹോദരരെ അഭിവാദനം ചെയ്ത് അവരോടുകൂടെ ഒരുദിവസം പാർത്തു. 8പിറ്റേദിവസം ഞങ്ങൾ അവിടംവിട്ട് കൈസര്യയിൽ എത്തി; അവിടെ ഞങ്ങൾ സുവിശേഷകനായ ഫിലിപ്പൊസിന്റെ വീട്ടിൽ പാർത്തു. അദ്ദേഹം ഏഴുപേരിൽ ഒരുവനായിരുന്നു. 9അദ്ദേഹത്തിനു പ്രവചനവരമുള്ള അവിവാഹിതകളായ നാലു പുത്രിമാരുണ്ടായിരുന്നു.

10ഞങ്ങൾ അവിടെവന്നു ചില ദിവസങ്ങൾ കഴിഞ്ഞപ്പോൾ യഹൂദ്യയിൽനിന്ന് അഗബൊസ് എന്നു പേരുള്ള ഒരു പ്രവാചകൻ അവിടെ വന്നു. 11അദ്ദേഹം ഞങ്ങളുടെ അടുക്കൽവന്ന്, പൗലൊസിന്റെ അരക്കച്ച എടുത്ത് സ്വന്തം കൈകളും കാലുകളും കെട്ടിയശേഷം ഇങ്ങനെ പറഞ്ഞു: "ഈ അരക്കച്ചയുടെ ഉടമസ്ഥനെ യെരൂശലേമിലെ യഹൂദർ ഇതേവിധത്തിൽ ബന്ധിക്കുകയും വിജാതീയരുടെ കയ്യിൽ ഏല്പിച്ചുകൊടുക്കുകയും ചെയ്യുമെന്ന് പരിശുദ്ധാത്മാവ് അരുളിച്ചെയ്യുന്നു."

12ഇതുകേട്ടപ്പോൾ ഞങ്ങളും അവിടെയുണ്ടായിരുന്ന ആളുകളും പൗലൊസിനോട് യെരൂശലേമിലേക്കു പോകരുതെന്ന് അപേക്ഷിച്ചു. 13അപ്പോൾ പൗലൊസ്: "നിങ്ങൾ ഇങ്ങനെ കരഞ്ഞ് എന്റെ ഹൃദയം തകർക്കുന്നതെന്ത്? ബന്ധിക്കപ്പെടുവാൻ മാത്രമല്ല, കർത്താവായ യേശു വിന്റെ നാമത്തിനുവേണ്ടി യെരൂശലേമിൽ മരിക്കുവാനും ഞാൻ ഒരുക്കമാണ്" എന്നു മറുപടി പറഞ്ഞു. 14അദ്ദേഹത്തെ ഒരുവിധത്തിലും പിന്തിരിപ്പിക്കുവാൻ സാധ്യമല്ല എന്നു കണ്ടിട്ട്, "കർത്താവിന്റെ ഇഷ്ടം നടക്കട്ടെ" എന്നു പറഞ്ഞുകൊണ്ട് ഞങ്ങൾ പിന്മാറി.

15ഇതിനുശേഷം ഞങ്ങൾ യാത്രയ്ക്കു തയ്യാറാകുകയും യെരൂശലേമിലേക്കു പോവുകയും ചെയ്തു. 16കൈസര്യയിൽനിന്നുള്ള

ഏതാനും ശിഷ്യന്മാർ ഞങ്ങളുടെകൂടെ വരുകയും മ്നാസോന്റെ ഭവനത്തിൽ ഞങ്ങളെ എത്തിക്കുകയും ചെയ്തു; അവിടെയായിരുന്നു ഞങ്ങൾ താമസിക്കേണ്ടിയിരുന്നത്. മ്നാസോൻ സൈപ്രസുകാരനും പഴയശിഷ്യന്മാരിൽ ഒരുവനുമായിരുന്നു.

പൗലൊസ് യെരൂശലേമിൽ എത്തുന്നു

17യെരൂശലേമിൽ എത്തിയപ്പോൾ സഹോദരന്മാർ ഞങ്ങളെ സന്തോഷത്തോടെ സ്വീകരിച്ചു. 18അടുത്തദിവസം പൗലൊസും ഞങ്ങളെല്ലാവരുംകൂടി യാക്കോബിനെ കാണുവാൻ പോയി. മൂപ്പന്മാർ എല്ലാവരും അവിടെ ഉണ്ടായിരുന്നു. 19പൗലൊസ് അവരെ അഭിവാദനം ചെയ്തിട്ട്, തന്റെ ശുശ്രൂഷയിലൂടെ ദൈവം വിജാതീയരുടെ ഇടയിൽ ചെയ്ത കാര്യങ്ങൾ വിശദീകരിച്ചു പറഞ്ഞു.

20അവർ ഇതു കേട്ടു ദൈവത്തെ സ്തുതിച്ചു; പിന്നീട് പൗലൊസിനോട് ഇങ്ങനെ പറഞ്ഞു: "സഹോദരാ, വിശ്വസിച്ചവരായ അനേകായിരം യഹൂദർ ഉണ്ടെന്നു താങ്കൾക്ക് അറിയാമല്ലോ. അവരെല്ലാവരും ന്യായപ്രമാണത്തിൽ തീക്ഷ്ണതയുള്ളവരാണ്. 21എന്നാൽ മോശെയുടെ ന്യായപ്രമാണം ഉപേക്ഷിക്കുവാനും തങ്ങളുടെ മക്കളെ പരിച്ഛേദനം നടത്തുന്നതും നമ്മുടെ ആചാരങ്ങളനുഷ്ഠിച്ചു ജീവിക്കുന്നതു വിട്ടുകളയുവാനും അന്യജാതിക്കാരുടെ ഇടയിൽ പാർക്കുന്ന യഹൂദരെ താങ്കൾ ഉപദേശിക്കുന്നതായി അവർ ധരിച്ചിരിക്കുന്നു. 22ഇനി നാം എന്താണു ചെയ്യേണ്ടത്? താങ്കൾ വന്നിട്ടുണ്ടെന്നു തീർച്ചയായും അവർ കേൾക്കും; 23അതുകൊണ്ടു ഞങ്ങൾ പറയുന്നതുപോലെ താങ്കൾ ചെയ്യുക. ഒരു നേർച്ച നേർന്നിട്ടുള്ള നാല് ആളുകൾ ഇവിടെ ഞങ്ങളോടുകൂടെയുണ്ട്. 24അവരെ കൂട്ടിക്കൊണ്ടുപോയി അവരുടെ ശുദ്ധീകരണ ചടങ്ങുകളിൽ പങ്കെടുത്ത് അതിന്റെയും അവരുടെ തലക്ഷൗരം ചെയ്യിക്കുന്നതിന്റെയും ചെലവു താങ്കൾ വഹിക്കുക. അപ്പോൾ താങ്കളെക്കുറിച്ചു കേട്ട കാര്യങ്ങൾ സത്യമല്ല എന്നും താങ്കൾ ന്യായപ്രമാണം അനുസരിച്ചാണു ജീവിക്കുന്നതെന്നും എല്ലാവരും അറിഞ്ഞുകൊള്ളും. 25വിജാതീയരായ വിശ്വാസികളെ സംബന്ധിച്ചിടത്തോളം അവർ വിഗ്രഹാർപ്പിത ഭക്ഷണം, രക്തം, ശ്വാസംമുട്ടിച്ചുകൊന്നവ, ലൈംഗികമായ അധർമ്മം എന്നിവയിൽനിന്ന് അകന്നു ജീവിച്ചുകൊള്ളണമെന്നു നാം അവർക്ക് എഴുതിയിട്ടുണ്ടല്ലോ!"

26അടുത്തദിവസം പൗലൊസ് ആ പുരുഷന്മാരെ കൂട്ടിക്കൊണ്ട് അവരോടൊപ്പം തന്നെ ശുദ്ധീകരിച്ച് അവരിൽ ഓരോരുത്തനും വേണ്ടി വഴിപാടുകഴിക്കാനുള്ള ശുദ്ധീകരണകാലം തികഞ്ഞു എന്നു ബോധിപ്പിക്കുവാൻ ദൈവാലയത്തിൽ പ്രവേശിച്ചു.

പൗലൊസ് ബന്ധനസ്ഥനാകുന്നു

27ഏഴുദിവസം കഴിയാറായപ്പോൾ ഏഷ്യയിൽനിന്നുള്ള ചില യഹൂദർ പൗലൊസിനെ ദൈവാലയത്തിൽവച്ചു കണ്ടു. അവർ ജനക്കൂട്ടത്തെ മുഴുവൻ ഇളക്കി അദ്ദേഹത്തെ പിടികൂടി. 28"യിസ്രായേൽജനമേ, ഞങ്ങളെ സഹായിപ്പിൻ! നമ്മുടെ ജനങ്ങൾക്കും ന്യായപ്രമാണത്തിനും ഈ സ്ഥലത്തിനും എതിരായി എല്ലായിടത്തും എല്ലാവരെയും പഠിപ്പിക്കുന്നവൻ ഇയാളാണ്. മാത്രമല്ല, ഇയാൾ ഗ്രീക്കുകാരെ ദൈവാലയത്തിനുള്ളിൽ കൊണ്ടുവന്ന് ഈ വിശുദ്ധസ്ഥലം അശുദ്ധമാക്കുകയും ചെയ്തിരിക്കുന്നു!" എന്ന് അവർ വിളിച്ചു പറഞ്ഞു. 29എഫെസ്യനായ ത്രോഫിമോസിനെ അവർ നേരത്തേ നഗരത്തിൽവച്ചു പൗലൊസിനോടൊപ്പം കണ്ടിരുന്നു. പൗലൊസ് അയാളെ ദൈവാലയത്തിലേക്കു കൂട്ടിക്കൊണ്ടുവന്നിരിക്കുമെന്നു അവർ അനുമാനിച്ചു.

30നഗരം മുഴുവൻ ഇളകി; ജനങ്ങൾ ഓടിക്കൂടി. അവർ പൗലൊസിനെ ദൈവാലയത്തിൽനിന്നു പിടിച്ചിഴച്ചുകൊണ്ടുപോയി. ഉടൻതന്നെ വാതിലുകൾ അടച്ചുകളയുകയും ചെയ്തു. 31അവർ അദ്ദേഹത്തെ കൊല്ലുവാൻ ശ്രമിക്കുമ്പോൾ, യെരൂശലേംനഗരം മുഴുവൻ പ്രക്ഷുബ്ധമായിരിക്കുന്നുവെന്ന് റോമൻ സൈന്യാധിപന് അറിവു ലഭിച്ചു. 32അയാൾ പെട്ടെന്ന് ചില സേവകരെയും പടയാളികളെയും കൂട്ടിക്കൊണ്ട് ജനക്കൂട്ടത്തിനിടയിലേക്ക് ഓടിച്ചെന്നു. സൈന്യാധിപനെയും പട്ടാളക്കാരെയും കണ്ടപ്പോൾ അവർ പൗലൊസിനെ അടിക്കുന്നതു നിർത്തി.

33സൈന്യാധിപൻ ചെന്ന് അദ്ദേഹത്തെ പിടിച്ചു രണ്ടു ചങ്ങലകൊണ്ടു ബന്ധിക്കുവാൻ കല്പിച്ചു. അദ്ദേഹം ആരാണെന്നും എന്താണു ചെയ്തതെന്നും പിന്നീട് അയാൾ ചോദിച്ചു. 34ജനക്കൂട്ടത്തിൽ ഓരോരുത്തരും ഓരോവിധത്തിൽ വിളിച്ചുകൂവിക്കൊണ്ടിരുന്നു. ബഹളം നിമിത്തം സൈന്യാധിപനു സത്യാവസ്ഥ മനസ്സിലാക്കാൻ സാധിക്കാതെവന്നതുകൊണ്ട് പൗലൊസിനെ പാളയത്തിലേക്കു കൊണ്ടുപോകുവാൻ അയാൾ ആജ്ഞാപിച്ചു. 35പൗലൊസ് പടിക്കെട്ടിൽ എത്തിയപ്പോഴേയ്ക്കും ജനക്കൂട്ടം വല്ലാതെ അക്രമാസക്തമായിരുന്നു; അതുകൊണ്ടു പട്ടാളക്കാർക്ക് അദ്ദേഹത്തെ എടുത്തു കൊണ്ടുപോകേണ്ടിവന്നു. 36അവരുടെ പിന്നാലെ ചെന്ന ജനസമൂഹം, "അവനെ കൊന്നുകളയുക" എന്നു വിളിച്ചുപറഞ്ഞു

കൊണ്ടിരുന്നു.

പൗലൊസ് ജനസമൂഹത്തോടു
പ്രസംഗിക്കുന്നു

37പടയാളികൾ പൗലൊസിനെ പാളയത്തി
ലേക്കു കൊണ്ടുപോകുമ്പോൾ അദ്ദേഹം
സൈന്യാധിപനോട്: "അങ്ങയോടു ചില കാര്യ
ങ്ങൾ പറയുവാൻ അനുവദിക്കുമോ?" എന്നു
ചോദിച്ചു. അതുകേട്ട് അയാൾ, "നിങ്ങൾക്കു
ഗ്രീക്കുഭാഷ അറിയാമോ? 38കുറെ നാൾ മുമ്പ്
ഒരു വിപ്ലവം തുടങ്ങുകയും നാലായിരം ഭീകര
ന്മാരെ മരുഭൂമിയിലേക്കു നയിക്കുകയും ചെയ്ത
ഈജിപ്റ്റുകാരനല്ലേ നിങ്ങൾ" എന്നു ചോദിച്ചു.
39അപ്പോൾ പൗലൊസ് മറുപടി പറഞ്ഞു:
"ഞാൻ കിലിക്യയിലെ തർസോസിൽനിന്നുള്ള
ഒരു യഹൂദനാണ്; ഒരു പ്രധാന നഗരത്തിലെ
പൗരൻ. ദയവായി ജനങ്ങളോടു സംസാരി
ക്കാൻ എന്നെ അനുവദിക്കണം."
40സൈന്യാധിപന്റെ അനുമതി ലഭിച്ചപ്പോൾ
പൗലൊസ് പടിക്കെട്ടിൽ നിന്നുകൊണ്ടു
ജനങ്ങൾക്കു നേരേ ആംഗ്യംകാട്ടി; അവർ
നിശ്ശബ്ദരായപ്പോൾ അദ്ദേഹം അരാമ്യഭാ
ഷയിൽ [a] ഇപ്രകാരം പറഞ്ഞു:

22 "സഹോദരന്മാരേ, പിതാക്കന്മാരേ,
എനിക്കു ബോധിപ്പിക്കുവാനുള്ള
ന്യായം കേൾപ്പിൻ"

2അരാമ്യഭാഷയിൽ അവരെ അഭിസംബോ
ധന ചെയ്തതു കേട്ടപ്പോൾ അവർ വളരെ
ശാന്തരായി. പൗലൊസ് ഇങ്ങനെ തുടർന്നു:
3"കിലിക്യയിലെ തർസോസിൽ ജനിച്ച ഒരു
യഹൂദനാണു ഞാൻ. എന്നാൽ വളർന്നത് ഈ
നഗരത്തിലാണ്. ഗമാലിയേലിന്റെ കീഴിൽ
നമ്മുടെ പിതാക്കന്മാരുടെ ന്യായപ്രമാണം
സംബന്ധിച്ച് എനിക്ക് സമഗ്രമായ ശിക്ഷണം
ലഭിച്ചു. ഇന്നു നിങ്ങളിൽ ഏതൊരാളും ആയിരി
ക്കുന്നതുപോലെതന്നേ ഞാനും ദൈവത്തി
നുവേണ്ടി വളരെ തീക്ഷ്ണതയുള്ളവനായി
രുന്നു. 4ഈ മാർഗ്ഗത്തെ നശിപ്പിച്ച് ഇല്ലാതെയാ
ക്കുവാനായി ഞാൻ പുരുഷന്മാരെയും സ്ത്രീക
ളെയും പിടികൂടി ജയിലിലടയ്ക്കുകയും കൊ
ല്ലുവാൻപോലും മടിക്കാതെ പീഡിപ്പിക്കുകയും
ചെയ്തു. 5ഇതിനു മഹാപുരോഹിതനും ന്യായാ
ധിപസംഘത്തിലെ എല്ലാവരും സാക്ഷികളാണ്.
അവരിൽനിന്നു ദമസ്കോസിലുള്ള അവരുടെ
സഹോദരന്മാരുടെപേർക്ക് എഴുത്തുകളും വാ
ങ്ങി, ഈ മാർഗ്ഗക്കാരെ തടവുകാരാക്കി യെരൂ
ശലേമിൽ കൊണ്ടുവന്നു ശിക്ഷിക്കുവാൻ ഞാൻ
അവിടേക്കു പോയി.
6അങ്ങനെ യാത്രചെയ്തു ദമസ്കോസി
നടുത്തെത്തിയപ്പോൾ, ഏകദേശം ഉച്ചയ്ക്ക്
ആകാശത്തുനിന്ന് അത്യുജ്ജ്വലമായ ഒരു പ്രകാ
ശം പെട്ടെന്ന് എന്റെ ചുറ്റും മിന്നി. 7ഞാൻ നി
ലത്തുവീണു. "ശൗലേ, ശൗലേ, നീ എന്നെ പീ
ഡിപ്പിക്കുന്നതെന്തിന്?" എന്ന് എന്നോടു ചോ
ദിക്കുന്ന ഒരു ശബ്ദം ഞാൻ കേട്ടു.
8"അങ്ങ് ആരാകുന്നു കർത്താവേ?" എന്നു
ഞാൻ ചോദിച്ചു. "നീ ഉപദ്രവിക്കുന്ന നസറാ
യനായ യേശുവാണു ഞാൻ" അവിടുന്ന് ഉത്തരം
പറഞ്ഞു. 9എന്റെ കൂടെയിരുന്നവർ വെളിച്ചം
കണ്ടുവെങ്കിലും എന്നോടു സംസാരിച്ചയാ
ളിന്റെ ശബ്ദം കേട്ടില്ല.
10"കർത്താവേ, ഞാൻ എന്തു ചെയ്യണം"
എന്നു ചോദിച്ചു. അതിനു കർത്താവ് എന്നോട്,
"എഴുന്നേറ്റു ദമസ്കോസിലേക്കു പോകുക, നീ
ചെയ്യേണ്ടതെല്ലാം അവിടെവച്ചു നിന്നോടു
പറയും" എന്നു പറഞ്ഞു. 11ആ പ്രകാശ
ത്തിന്റെ തേജസ്സ് എനിക്ക് അന്ധത വരുത്തി
യിരുന്നതുകൊണ്ട് എന്റെ കൂട്ടുകാർ എന്നെ
കൈക്കുപിടിച്ചു ദമസ്കോസിലേക്കു നടത്തി.
12അനന്യാസ് എന്നു പേരുള്ള ഒരാൾ എന്നെ
കാണാനെത്തി. അദ്ദേഹം ഭക്തിയോടെ ന്യായ
പ്രമാണം പാലിക്കുന്നവനും ആ സ്ഥലത്തു
പാർത്തിരുന്ന എല്ലാ യഹൂദന്മാരാലും ബഹുമാ
നിക്കപ്പെടുന്നവനുമായിരുന്നു. 13അദ്ദേഹം എ
ന്റെ അടുക്കൽ നിന്നുകൊണ്ട് "ശൗലേ, സ
ഹോദരാ, കാഴ്ച പ്രാപിക്കുക" എന്നു പറഞ്ഞു.
ആ നിമിഷംതന്നേ ഞാൻ കാഴ്ച പ്രാപിച്ച് അ
ദ്ദേഹത്തെ കണ്ടു.
14പിന്നെ അദ്ദേഹം എന്നോട് ഇപ്രകാരം
പറഞ്ഞു: "നമ്മുടെ പിതാക്കന്മാരുടെ ദൈവം
നിന്നെ, തന്റെ ഇഷ്ടം അറിവാനും, നീതിമാ
നായവനെ കാണ്മാനും അദ്ദേഹത്തിന്റെ വാ
യിൽനിന്നുള്ള വചനങ്ങൾ കേൾപ്പാനും തിര
ഞ്ഞെടുത്തിരിക്കുന്നു. 15നീ കാണുകയും കേൾ
ക്കുകയും ചെയ്തിരിക്കുന്നതിനെക്കുറിച്ച്, നീ
സകലമനുഷ്യർക്കും മുമ്പാകെ അദ്ദേഹ
ത്തിന്റെ സാക്ഷിയായിത്തീരും. 16ഇനി താമസി
ക്കുന്നതെന്തിന്? എഴുന്നേറ്റ് അവിടുത്തെ നാമം
വിളിച്ചപേക്ഷിച്ച്, സ്നാനമേറ്റു നിന്റെ പാപ
ങ്ങൾ കഴുകിക്കളയുക."
17ഞാൻ യരൂശലേമിൽ തിരിച്ചെത്തി ദൈവാ
ലയത്തിൽ പ്രാർത്ഥിച്ചുകൊണ്ടിരിക്കുമ്പോൾ
ആത്മവിവശതയിലായി; എന്നോടു സംസാരി
ക്കുന്ന കർത്താവിനെ കണ്ടു. 18അവിടുന്ന് എ
ന്നോട്: "നീ ഉടൻതന്നേ യെരൂശലേം വിട്ടുപോ
കുക; എന്നെക്കുറിച്ചുള്ള നിന്റെ സാക്ഷ്യം
അവർ സ്വീകരിക്കുകയില്ല" എന്നു പറഞ്ഞു.
19അതിനു ഞാൻ, "കർത്താവേ, ഞാൻ പള്ളി
കൾതോറും ചെന്ന്, അങ്ങയിൽ വിശ്വസി
ക്കുന്നവരെ തടവിലാക്കുകയും അടിക്കുകയും

[a] 40 അഥവാ, *എബ്രായഭാഷയിൽ*; 22:2 കാണുക.

ചെയ്തുവെന്ന് ഇവർക്കു നന്നായി അറിയാം. 20അങ്ങേയ്ക്കുവേണ്ടി രക്തസാക്ഷിയായ [a] സ്തെഫാനോസിന്റെ രക്തം ചൊരിയുന്ന സമയം ഞാൻ അതിനു സമ്മതം നല്കിക്കൊണ്ട് അദ്ദേഹത്തെ കല്ലെറിയുന്നവരുടെ വസ്ത്രം സൂക്ഷിച്ച് അവിടെ നില്ക്കുകയായിരുന്നു" എന്നു മറുപടി പറഞ്ഞു.

21കർത്താവ് എന്നോട്: "നീ പോക, ഞാൻ നിന്നെ ദൂരെ വിജാതീയരുടെ അടുത്തേക്ക് അയയ്ക്കും" എന്നരുളിച്ചെയ്തു.

പൗലൊസ് എന്ന റോമാപൗരൻ

22ഇതു പറയുന്നതുവരെ ജനക്കൂട്ടം പൗലൊസിന്റെ വാക്കുകൾ ശ്രദ്ധിച്ചുകൊണ്ടിരുന്നു. പിന്നെ, അവർ അത്യുച്ചത്തിൽ " ഇവനെ ഭൂമിയിൽനിന്നു നീക്കിക്കളയുക, ഇവൻ ജീവിച്ചിരിക്കാൻ യോഗ്യനല്ല" എന്നു വിളിച്ചു പറഞ്ഞു.

23അവർ ഒച്ചപ്പാടുണ്ടാക്കുകയും കുപ്പായം ഊരി എറിഞ്ഞുകളയുകയും പൂഴിവാരി മേല് പോട്ടെറിയുകയും ചെയ്തുകൊണ്ടിരിക്കുന്നതിനിടയിൽ, 24സൈന്യാധിപൻ പൗലൊസിനെ പാളയത്തിലേക്കു കൊണ്ടു പോകുവാൻ കല്പിച്ചു. ജനങ്ങൾ അദ്ദേഹത്തിനെതിരേ എന്തുകൊണ്ട് ഇങ്ങനെ വിളിച്ചുകൂവുന്നു എന്നു കണ്ടുപിടിക്കുന്നതിന് അദ്ദേഹത്തെ ചാട്ടവാറുകൊണ്ട് അടിച്ച് ചോദ്യം ചെയ്യുവാൻ ഉത്തരവിട്ടു. 25അവർ അദ്ദേഹത്തെ അടിക്കാൻ പിടിച്ചു കെട്ടുമ്പോൾ, പൗലൊസ് അടുത്തുനിന്നിരുന്ന ശതാധിപനോട്: "ഒരു റോമാപൗരനെ, കുറ്റക്കാരനെന്നു തെളിയിക്കാതെ, അടിക്കുന്നതു നിയമാനുസൃതമോ?" എന്നു ചോദിച്ചു.

26ശതാധിപൻ ഇതു കേട്ടിട്ട് സൈന്യാധിപന്റെ അടുക്കൽ ചെന്നു വിവരം ധരിപ്പിച്ചു. "അങ്ങെന്താണു ചെയ്യാൻ പോകുന്നത്? ഈ മനുഷ്യൻ ഒരു റോമാപൗരനാണ്" അയാൾ സൈന്യാധിപനോടു പറഞ്ഞു.

27സൈന്യാധിപൻ പൗലൊസിന്റെ അടുത്തെത്തി. "താങ്കൾ ഒരു റോമാപൗരനോ? എന്നോടു പറയൂ" എന്നു പറഞ്ഞു.

"അതേ, ഞാൻ ആകുന്നു" പൗലൊസ് മറുപടി പറഞ്ഞു.

28"ഞാൻ വലിയൊരു വിലകൊടുത്താണ് ഈ പൗരത്വം സമ്പാദിച്ചിരിക്കുന്നത്" എന്നു സൈന്യാധിപൻ പറഞ്ഞതിനു പൗലൊസ്,"എന്നാൽ ഞാൻ ഒരു റോമാപൗരനായി ജനിച്ചവനാണ്" എന്നു മറുപടി പറഞ്ഞു.

29അദ്ദേഹത്തെ ചോദ്യം ചെയ്യാൻ ഭാവിച്ചവർ ഉടൻതന്നെ പിൻവാങ്ങി. പൗലൊസ് എന്ന റോമൻ പൗരനെയാണ് താൻ ചങ്ങലകളാൽ ബന്ധിച്ചതെന്നു മനസ്സിലാക്കിയ സൈന്യാധിപൻ പരിഭ്രാന്തനായിത്തീർന്നു.

ന്യായാധിപസംഘത്തിനു മുമ്പിൽ

30യഹൂദർ പൗലൊസിനെതിരേമേൽ ചുമത്തുന്ന കുറ്റത്തെക്കുറിച്ചു സൂക്ഷ്മമായി മനസ്സിലാക്കുവാൻ ആഗ്രഹിച്ചുകൊണ്ട്, സൈന്യാധിപൻ പിറ്റേന്ന് അദ്ദേഹത്തെ സ്വതന്ത്രനാക്കി, മുഖ്യ പുരോഹിതന്മാരും ന്യായാധിപസംഘവും കൂടിവരുവാൻ കല്പിച്ചു. പന്നീട് അയാൾ പൗലൊസിനെ കൊണ്ടുവന്ന് അവരുടെ മുമ്പിൽ നിറുത്തി.

23 പൗലൊസ് ന്യായാധിപസംഘത്തെ ഉറ്റുനോക്കിക്കൊണ്ട്, "സഹോദരന്മാരേ, ഇന്നുവരെ ഞാൻ നല്ല മനസ്സാക്ഷിയോടുകൂടെ ദൈവമുമ്പാകെ ജീവിച്ചു" എന്നു പറഞ്ഞു. 2അപ്പോൾ മഹാപുരോഹിതനായ അനന്യാസ് പൗലൊസിന്റെ അടുത്തു നില്ക്കുന്നവരോട്, അദ്ദേഹത്തിന്റെ മുഖത്ത് അടിക്കുവാൻ ആജ്ഞാപിച്ചു. 3അപ്പോൾ പൗലൊസ്: "വെള്ള തേച്ച ചുവരേ, ദൈവം നിന്നെ അടിക്കും. ന്യായപ്രമാണമനുസരിച്ച് എന്നെ വിധിക്കുവാൻ നീ അവിടെ ഇരിക്കുന്നു; എന്നാൽ എന്നെ അടിക്കുവാൻ കല്പിക്കുന്നതിലൂടെ നീ ന്യായപ്രമാണത്തെ ലംഘിക്കുന്നു" എന്നു പറഞ്ഞു.

4പൗലൊസിന്റെ അടുത്തുനിന്നവർ അദ്ദേഹത്തോട്: "നിങ്ങൾ ദൈവത്തിന്റെ മഹാപുരോഹിതനെ അധിക്ഷേപിക്കുന്നുവോ?" എന്നു ചോദിച്ചു.

5"സഹോദരരേ, അദ്ദേഹം മഹാപുരോഹിതനാണെന്നു ഞാൻ അറിഞ്ഞില്ല; 'നിന്റെ ജനത്തിന്റെ ഭരണകർത്താവിനെ നീ ദുഷിക്കരുത്' [b] എന്നെഴുതിയിട്ടുണ്ടല്ലോ" എന്നു പൗലൊസ് മറുപടി പറഞ്ഞു.

6ന്യായാധിപസംഘത്തിൽ ചിലർ സദൂക്യരും മറ്റുള്ളവർ പരീശരും ആകുന്നുവെന്നു മനസ്സിലാക്കിയിട്ട് പൗലൊസ്, "എന്റെ സഹോദരന്മാരേ, ഞാനൊരു പരീശനും പരീശന്റെ മകനുമത്രേ. മരിച്ചവരുടെ പുനരുത്ഥാനത്തിലുള്ള എന്റെ പ്രത്യാശനിമിത്തമാണ് ഞാനിപ്പോൾ വിസ്തരിക്കപ്പെടുന്നത്" എന്നു വിളിച്ചു പറഞ്ഞു, 7അദ്ദേഹം ഇതു പറഞ്ഞപ്പോൾ പരീശരും സദൂക്യരും തമ്മിൽ അഭിപ്രായഭിന്നതയുണ്ടായി. ജനക്കൂട്ടം ചേരിതിരിഞ്ഞു. 8പുനരുത്ഥാനം ഇല്ല, ദൈവദൂതരും ആത്മാക്കളും ഇല്ല എന്നു സദൂക്യർ പറയുന്നു, എന്നാൽ പരീശർ ഇവയിലെല്ലാം വിശ്വസിക്കുന്നു.

9വലിയ കോലാഹലമായി. പരീശരുടെ കൂട്ടത്തിലെ ചില വേദജ്ഞർ എഴുന്നേറ്റുനിന്നു വാദിച്ചു: "ഞങ്ങൾ ഈ മനുഷ്യനിൽ ഒരു

[a] 20 അഥവാ, *അങ്ങയുടെ സാക്ഷിയായ* [b] 5 പുറപ്പാട് 22:28

കുറ്റവും കാണുന്നില്ല. ഒരു ആത്മാവോ, ഒരു ദൂതനോ അയാളോടു സംസാരിച്ചുവെന്നു വരാമല്ലോ!" എന്ന് അവർ പറഞ്ഞു. 10അവരുടെ തർക്കം അക്രമാസക്തമായപ്പോൾ പൗലൊസിനെ അവർ പിച്ചിച്ചീന്തിക്കളഞ്ഞേക്കുമെന്നു സൈന്യാധിപൻ പേടിച്ചു. അയാൾ സൈന്യത്തോട് അവരുടെ ഇടയിലേക്ക് ഇറങ്ങിച്ചെന്നു ബലം പ്രയോഗിച്ച് അദ്ദേഹത്തെപ്പിടിച്ചു പാളയത്തിലെത്തിക്കുവാൻ ആജ്ഞാപിച്ചു.

11ആ രാത്രിയിൽ കർത്താവ് പൗലൊസിന്റെ അടുക്കൽ നിന്നുകൊണ്ട്: "ധൈര്യമായിരിക്ക, യെരൂശലേമിൽ നീ എന്നെക്കുറിച്ചു സാക്ഷ്യം വഹിച്ചതുപോലെ റോമിലും എന്റെ സാക്ഷിയാകും" എന്ന് അരുളിച്ചെയ്തു.

പൗലൊസിനെ കൊല്ലുവാൻ
ഗൂഢാലോചന

12 പ്രഭാതമായപ്പോൾ യഹൂദന്മാർ ഒന്നിച്ചുകൂടി ഒരു ഗൂഢാലോചന നടത്തി. പൗലൊസിനെ കൊന്നുകഴിഞ്ഞിട്ടല്ലാതെ തിന്നുകയോ കുടിക്കുകയോ ഇല്ല എന്ന് അവർ ശപഥം ചെയ്തു. 13ഈ ദ്രോഹപദ്ധതിയിൽ നാല്പതിലധികംപേർ പങ്കെടുത്തിരുന്നു. 14അവർ മുഖ്യപുരോഹിതന്മാരുടെയും മൂപ്പന്മാരുടെയും അടുക്കൽച്ചെന്ന്, "പൗലൊസിനെ വധിച്ചിട്ടല്ലാതെ ഞങ്ങൾ ആഹാരം കഴിക്കുകയില്ല എന്നു ദൃഢപ്രതിജ്ഞയെടുത്തിരിക്കുകയാണ്. 15ആകയാൽ അയാളെ സംബന്ധിച്ചുള്ള വിവരങ്ങൾ കൂടുതൽ സൂക്ഷ്മമായി അന്വേഷിക്കേണ്ടതുണ്ട് എന്നുള്ള ഭാവത്തിൽ അയാളെ നിങ്ങളുടെ മുമ്പാകെ കൊണ്ടുവരുന്നതിന് നിങ്ങളും ന്യായാധിപസംഘവും സൈന്യാധിപനോട് അപേക്ഷിക്കണം. അയാൾ ഇവിടെയെത്തുന്നതിനു മുമ്പുതന്നേ അയാളെ കൊല്ലുവാൻ ഞങ്ങളൊരുങ്ങിയിരിക്കുകയാണ്" എന്നു പറഞ്ഞു.

16എന്നാൽ പൗലൊസിന്റെ പെങ്ങളുടെ മകൻ ഈ പതിയിരിപ്പിനെപ്പറ്റി കേട്ടു. അയാൾ പാളയത്തിൽ ചെന്നു പൗലൊസിനെ വിവരം ധരിപ്പിച്ചു.

17അപ്പോൾ പൗലൊസ് ശതാധിപന്മാരിൽ ഒരാളെ വിളിച്ച്, "ഈ ചെറുപ്പക്കാരനെ സൈന്യാധിപന്റെ അടുക്കലെത്തിക്കണം. ഇയാൾക്ക് അദ്ദേഹത്തോട് ചിലതു പറയാനുണ്ട്" എന്നു പറഞ്ഞു. 18ശതാധിപൻ അയാളെ സൈന്യാധിപന്റെ അടുത്തു കൊണ്ടുപോയി, ഇപ്രകാരം പറഞ്ഞു: "തടവുകാരനായ പൗലൊസ് എന്നെ വിളിപ്പിച്ച് ഈ യുവാവിനെ താങ്കളുടെ അടുത്തെത്തിക്കുവാൻ ആവശ്യപ്പെട്ടു. ഇയാൾക്ക് താങ്കളോട് എന്തോ പറയാനുണ്ട്."

19സൈന്യാധിപൻ ആ ചെറുപ്പക്കാരന്റെ കൈക്കുപിടിച്ചു മാറ്റിനിർത്തി: "നിനക്ക് എന്നോടു പറയാനുള്ളത് എന്താണ്?" എന്നു രഹസ്യമായി ചോദിച്ചു.

20അതിന് അയാൾ, "പൗലൊസിനെപ്പറ്റി കൂടുതൽ സൂക്ഷ്മവിവരങ്ങൾ അന്വേഷിക്കുന്നതിനെന്ന ഭാവത്തിൽ അദ്ദേഹത്തെ നാളെ ന്യായാധിപസംഘത്തിന്റെ മുമ്പിൽ കൊണ്ടുവരണമെന്ന് അങ്ങയോട് അപേക്ഷിക്കുവാൻ യഹൂദർ തമ്മിൽ പറഞ്ഞൊത്തിരിക്കുകയാണ്. 21അങ്ങ് അവർക്കു വഴങ്ങിക്കൊടുക്കരുത്. അവരിൽ നാല്പതിലധികംപേർ അദ്ദേഹത്തിനായി പതിയിരിക്കുന്നുണ്ട്. അദ്ദേഹത്തെ കൊന്നതിനുശേഷം മാത്രമേ തിന്നുകയോ കുടിക്കുകയോ ചെയ്യുകയുള്ളൂ എന്ന് അവർ ഉഗ്രശപഥം ചെയ്തിരിക്കുകയാണ്. തങ്ങളുടെ അപേക്ഷയ്ക്ക് അങ്ങയുടെ അനുമതി കാത്തുകൊണ്ട് അവർ ഇപ്പോൾ തയ്യാറായിരിക്കുന്നു" എന്നു പറഞ്ഞു.

22"നീ ഈ വിവരം എന്നെ ധരിപ്പിച്ചുവെന്ന് ആരോടും പറയരുത്" എന്നു താക്കീതു കൊടുത്തിട്ട് സൈന്യാധിപൻ ആ ചെറുപ്പക്കാരനെ പറഞ്ഞയച്ചു.

പൗലൊസിനെ
കൈസര്യയിലേയ്ക്കു മാറ്റുന്നു

23അനന്തരം അയാൾ തന്റെ ശതാധിപന്മാരിൽ രണ്ടുപേരെ വിളിച്ച് അവരോട് ഇങ്ങനെ ആജ്ഞാപിച്ചു: "ഇന്നുരാത്രി ഒമ്പതുമണിക്ക് കൈസര്യയിലേക്കു പോകുവാൻ ഇരുനൂറു കാലാൾപ്പട്ടാളക്കാരെയും എഴുപതു കുതിരപ്പടയാളികളെയും ഇരുനൂറു കുന്തക്കാരെയും തയ്യാറാക്കി നിർത്തുക. 24പൗലൊസിനെ ദേശാധിപതിയായ ഫേലിക്സിന്റെ അടുക്കൽ സുരക്ഷിതമായി എത്തിക്കുവാൻ അദ്ദേഹത്തിനു യാത്ര ചെയ്യുന്നതിനു വാഹനമൃഗങ്ങളെയും കരുതണം."

25താഴെപ്പറയുന്ന പ്രകാരം അദ്ദേഹം ഒരെഴുത്തും എഴുതി:

26അഭിവന്ദ്യനായ ദേശാധിപതി ഫേലിക്സിന്:

ക്ലൗദ്യോസ് ലുസിയാസിന്റെ അഭിവാദനങ്ങൾ.

27ഈ മനുഷ്യനെ യഹൂദർ പിടിച്ചു കൊല്ലുവാൻ ഭാവിക്കുകയായിരുന്നു. എന്നാൽ അയാൾ റോമാപൗരൻ എന്നു മനസ്സിലാക്കിയപ്പോൾ ഞാൻ എന്റെ പടയാളികളുമായി ചെന്ന് അയാളെ രക്ഷപ്പെടുത്തി. 28അവർ അയാളുടെ മേൽ ആരോപിക്കുന്ന കുറ്റമെന്തെന്നറിയുവാൻ ഞാനാഗ്രഹിച്ചു; അയാളെ അവരുടെ ന്യായാധിപസംഘത്തിനു മുമ്പാകെ ഞാൻ കൊണ്ടുവന്നു.

29അവരുടെ ആരോപണങ്ങൾ,
തങ്ങളുടെ ന്യായപ്രമാണസംബന്ധമാ
യ പ്രശ്നങ്ങളെ അടിസ്ഥാനപ്പെടുത്തി
യുള്ളവ ആയിരുന്നു എന്നും മരണശി
ക്ഷയ്ക്കോ തടവിനോ അർഹമായ
കുറ്റങ്ങൾ ഒന്നുമില്ല എന്നും ഞങ്ങൾ
മനസ്സിലാക്കി. 30അയാൾക്കെതിരായി
ഒരു ഗൂഢാലോചന നടക്കുന്നുവെന്ന്
എനിക്ക് അറിവു ലഭിച്ച ഉടൻതന്നെ
ഞാൻ അയാളെ അങ്ങയുടെ
അടുത്തേക്കയയ്ക്കുകയാണ്. വാദിക
ളോട്, അവരുടെ പരാതി അങ്ങയോടു
ബോധിപ്പിക്കുവാൻ ഞാൻ ഉത്തരവിടു
കയും ചെയ്തു.

31തങ്ങൾക്കു ലഭിച്ച കല്പനയനുസരിച്ചു
പടയാളികൾ പൗലൊസിനെ രാത്രിയിൽ
കൂട്ടിക്കൊണ്ട് അന്തിപത്രിസ്വരെ എത്തിച്ചു.
32പിറ്റേന്നു കുതിരപ്പട്ടാളത്തെ അദ്ദേഹത്തി
നോടൊപ്പം അയച്ചിട്ട് അവർ താവളത്തിലേക്കു
മടങ്ങി. 33കുതിരപ്പട്ടാളംകൈസര്യയിൽ എത്തി;
അവർ എഴുത്തു ദേശാധിപതിക്കു കൊടുത്തു;
പൗലൊസിനെ അദ്ദേഹത്തിന്റെ മുമ്പിൽ
ഹാജരാക്കി. 34ദേശാധിപതി എഴുത്തു വായി
ച്ചിട്ട്, അദ്ദേഹം ഏതു സംസ്ഥാനത്തിൽനിന്നു
ള്ളവനാണ് എന്നു ചോദിച്ചു. കിലിക്യക്കാ
രനാണെന്നു മനസ്സിലാക്കിയിട്ട് 35"വാദികളും
കൂടെ വന്നതിനുശേഷം ഞാൻ നിന്നെ വിസ്
തരിക്കാം" എന്ന് അദ്ദേഹം പറഞ്ഞു. അനന്തരം,
ഹെരോദാവിന്റെ കൊട്ടാരത്തിൽ, പൗലൊ
സിനെ കാവലിൽ സൂക്ഷിക്കുവാൻ അദ്ദേഹം
ഉത്തരവിട്ടു.

ഫെലിക്സിന്റെ മുമ്പാകെയുള്ള വിചാരണ

24 അഞ്ചുദിവസം കഴിഞ്ഞ് മഹാപുരോ
ഹിതനായ അനന്യാസ് മൂപ്പന്മാരിൽ ചി
ലരെയും തെർത്തുല്ലോസ് എന്നുപേരുള്ള ഒരു
അഭിഭാഷകനെയും കൂട്ടി കൈസര്യയിൽ വന്നു.
അവർ പൗലൊസിനെതിരായി തങ്ങൾക്കുണ്ടാ
യിരുന്ന ആരോപണങ്ങൾ ദേശാധിപതിയെ
ബോധിപ്പിച്ചു. 2പൗലൊസിനെ അകത്തേക്കു
വിളിച്ചുവരുത്തിയശേഷം ഫെലിക്സിന്റെ
മുമ്പിൽ തെർത്തുല്ലോസ് ആരോപണങ്ങൾ
സമർപ്പിച്ചുകൊണ്ട് ഇങ്ങനെ പറഞ്ഞു:
"അങ്ങയുടെ ഭരണത്തിൻകീഴിൽ ഞങ്ങൾ ഏ
റെക്കാലമായി സമാധാനമനുഭവിച്ചുപോരുന്നു;
അങ്ങയുടെ ദീർഘദൃഷ്ടി നിമിത്തം ഈ
ദേശത്തിന് വളരെ പുരോഗതി ഉണ്ടായിട്ടുണ്ട്.
3അഭിവന്ദ്യനായ ഫെലിക്സേ, എല്ലായിടത്തും
എല്ലാവിധത്തിലും ഈ അഭ്യുന്നതി നിമിത്തം
അങ്ങയോട് ഞങ്ങൾ തികഞ്ഞ കൃതജ്ഞതയു
ള്ളവരാണ്. 4താങ്കളെ കൂടുതൽ അസഹ്യ
പ്പെടുത്താതെ ഞങ്ങൾക്കു പറയുവാനുള്ളതു
ചുരുക്കിപ്പറയാം, ദയവായി കേട്ടാലും:

5ഈ മനുഷ്യൻ ഒരു കലാപകാരിയാണ്,
ലോകമെങ്ങുമുള്ള യഹൂദരുടെ ഇടയിൽ
ഇയാൾ പ്രക്ഷോഭമുണ്ടാക്കിക്കൊണ്ടിരിക്കുന്നു.
6നസറായപക്ഷക്കാരുടെ ഒരു നേതാവായ ഈ
മനുഷ്യൻ ദൈവാലയം അശുദ്ധമാക്കുന്നതിനു
ശ്രമിക്കുകയുണ്ടായി; അതു കൊണ്ടു ഞങ്ങൾ
ഇയാളെ പിടികൂടി; ഞങ്ങളുടെ ന്യായപ്രമാ
ണമനുസരിച്ച് ഞങ്ങൾ ഇയാളെ വിസ്തരിക്കു
മായിരുന്നു. 7എന്നാൽ സഹസ്രാധിപനായ ലു
സിയാസ് ബലം പ്രയോഗിച്ച് അയാളെ
ഞങ്ങളിൽനിന്നും പിടിച്ചു കൊണ്ടുപോയി.
വാദികൾ നിന്റെ മുമ്പാകെ ഹാജരാകുവാൻ
ഉത്തരവിട്ടു. 8താങ്കൾ ഇയാളെ നേരിട്ടു വിസ്തരി
ക്കുമ്പോൾ, ഞങ്ങൾ ഇയാൾക്കെതിരായി
കൊണ്ടുവന്നിരിക്കുന്ന ആരോപണങ്ങളുടെ
സത്യാവസ്ഥ ഗ്രഹിക്കാൻ കഴിയുന്നതാണ്."

9ഈ കാര്യങ്ങളെല്ലാം സത്യമാണെന്ന് ഉറപ്പി
ച്ചുകൊണ്ട് യഹൂദർ കുറ്റാരോപണങ്ങളോടു
യോജിച്ചു.

10സംസാരിക്കുവാൻ ദേശാധിപതി ആംഗ്യം
കാട്ടിയപ്പോൾ പൗലൊസ് ഇങ്ങനെ പറഞ്ഞു:
"അവിടുന്ന് അനേകം വർഷങ്ങളായി ഈ
ദേശത്തിന്റെ ന്യായാധിപനായിരിക്കുന്നു
വെന്ന് എനിക്കറിയാം; അതുകൊണ്ട് ഞാൻ സ
ന്തോഷത്തോടുകൂടി എന്റെ പ്രതിവാദം നടത്തു
കയാണ്. 11ഞാൻ ആരാധനയ്ക്കായി യെരൂശ
ലേമിലേക്കു പോയിട്ട് പന്ത്രണ്ടു ദിവസത്തിൽ
അധികമായിട്ടില്ല എന്ന് അങ്ങേയ്ക്ക് അന്വേ
ഷിച്ച് ഉറപ്പുവരുത്താവുന്നതാണ്. 12ഞാൻ
ദൈവാലയത്തിൽ ആരോടെങ്കിലും തർക്കി
ക്കുന്നതായോ പള്ളിയിലോ നഗരത്തിൽ മറ്റെ
വിടെയെങ്കിലുമോ ജനക്കൂട്ടത്തെ ഇളക്കിവി
ടുന്നതായോ ഈ കുറ്റാരോപണം നടത്തു
ന്നവരിൽ ആരും കണ്ടിട്ടില്ല. 13എനിക്കു നേരേ
ഉന്നയിക്കുന്ന കുറ്റങ്ങൾ അങ്ങയുടെ മുമ്പാകെ
തെളിയിക്കാൻ ഇവർക്കു സാധ്യവുമല്ല. 14ഏതായാലും ഒരു കാര്യം ഞാൻ സമ്മതിക്കുന്നു. ഇവർ
മതഭേദം എന്നു പറയുന്ന ഈ മാർഗ്ഗത്തിന്റെ
അനുഗാമി എന്ന നിലയ്ക്കു ഞാൻ പിതാക്കന്മാ
രുടെ ദൈവത്തെ ആരാധിക്കുന്നു. ന്യായപ്രമാ
ണത്തിനു ചേരുന്ന എല്ലാക്കാര്യങ്ങളും പ്രവാ
ചകപുസ്തകങ്ങളിൽ എഴുതിയിരിക്കുന്നതും
ഞാൻ വിശ്വസിക്കുന്നു. 15നീതിമാന്മാർക്കും
ദുഷ്ടന്മാർക്കും പുനരുത്ഥാനം ഉണ്ടാകുമെന്ന്
ഇവർക്കു ദൈവത്തിലുള്ള അതേ പ്രത്യാശ
എനിക്കും ഉണ്ട്. 16അതുകൊണ്ട്, ദൈവ
ത്തിന്റെയും മനുഷ്യന്റെയും മുമ്പിൽ എന്റെ
മനസ്സാക്ഷിയെ നിർമ്മലമായി സൂക്ഷിക്കുവാൻ

ഞാൻ പരമാവധി ശ്രമിക്കുന്നു.

17"പലവർഷങ്ങൾക്കുശേഷം ഞാൻ സ്വന്ത
ജനത്തിൽപ്പെട്ട ദരിദ്രർക്കുവേണ്ടി ദാനങ്ങൾ
കൊണ്ടുവരുന്നതിനും വഴിപാട് അർപ്പിക്കുന്നതി
നുമായി യെരൂശലേമിൽ വന്നതാണ്. 18അതിൽ
ഏർപ്പെട്ടിരിക്കെ ദൈവാലയാങ്കണത്തിൽവച്ച് അവരെന്നെ കാണുമ്പോൾ ഞാൻ ആചാരപരമായി ശുദ്ധിയുള്ളവനായിരുന്നു; എന്നോടൊപ്പം ഒരു ജനക്കൂട്ടവും ഉണ്ടായിരുന്നുമില്ല. 19എന്നാൽ ഏഷ്യാപ്രവിശ്യക്കാരായ ചില യഹൂദർ എന്നോടൊപ്പം ഉണ്ടായിരുന്നു. അവർക്ക് എന്റെ നേരെ അന്യായമുണ്ടായിരുന്നെങ്കിൽ അവർ അത് അങ്ങയുടെ മുമ്പിൽ വന്നു ബോധിപ്പിക്കേണ്ടതായിരുന്നു. 20അല്ലെങ്കിൽ ന്യായാധിപസംഘത്തിനു മുമ്പിൽ നിന്നപ്പോൾ എന്നിൽ എന്തെങ്കിലും കുറ്റം കണ്ടെത്തിയോ എന്ന് ഇവിടെയുള്ളവർ പറയട്ടെ. 21"മരിച്ചവരുടെ പുനരുത്ഥാനത്തെപ്പറ്റിയാണ് ഞാൻ ഇന്നു നിങ്ങളുടെ മുമ്പിൽ വിസ്തരിക്കപ്പെടുന്നത്" എന്ന് അവരുടെ ഇടയിൽ നിന്നപ്പോൾ വിളിച്ചുപറഞ്ഞതൊഴിച്ചു മറ്റൊന്നും ഞാൻ ചെയ്തിട്ടില്ലല്ലോ?"

22ഈ മാർഗ്ഗത്തെക്കുറിച്ച് നല്ല അറിവ് ഉണ്ടായിരുന്നിട്ടും, "സൈന്യാധിപനായ ലൂസിയാസ് വരുമ്പോൾ ഞാൻ നിങ്ങളുടെ കാര്യം തീരുമാനിക്കാം." എന്ന് പറഞ്ഞ് ഫെലിക്സ് നടപടികൾ മാറ്റിവച്ചു. 23പൗലൊസിനെ കാവലിൽ സൂക്ഷിക്കണമെന്നും അതേസമയം അദ്ദേഹത്തിനു കുറെ സ്വാതന്ത്ര്യം കൊടുക്കണമെന്നും, അദ്ദേഹത്തെ ശുശ്രൂഷിക്കുവാൻ സ്നേഹിതരെ അനുവദിക്കണമെന്നും ശതാധിപനോടു കല്പിച്ചു.

24കുറേദിവസങ്ങൾക്കുശേഷം ഫേലിക്സ്, യഹൂദസ്ത്രീയായ തന്റെ ഭാര്യ ദ്രുസില്ലയോടുകൂടി വന്നു. അദ്ദേഹം പൗലൊസിനെ വരുത്തി. ക്രിസ്തുയേശുവിലുള്ള വിശ്വാസത്തെക്കുറിച്ച് അദ്ദേഹത്തിന്റെ പ്രസംഗം കേട്ടു. 25എന്നാൽ നീതി, ആത്മനിയന്ത്രണം, വരാനിരിക്കുന്ന ന്യായവിധി എന്നിവയെപ്പറ്റി പൗലൊസ് വിശദമായി പ്രതിപാദിച്ചപ്പോൾ ഫേലിക്സിനു ഭയമായി; "ഇപ്പോൾ ഇത്രയും മതി, നിങ്ങൾക്കുപോകാം, സൗകര്യമുള്ളപ്പോൾ ഞാൻ നിങ്ങൾക്ക് ആളയയ്ക്കാം." എന്ന് അയാൾ പറഞ്ഞു. 26അതേസമയം പൗലൊസ് അയാൾക്കു കൈക്കൂലി കൊടുക്കുമെന്ന് അയാൾ ആശിച്ചിരുന്നു; അതിനാൽ കൂടെക്കൂടെ അദ്ദേഹത്തെ ആളയച്ചുവരുത്തി അദ്ദേഹത്തോടു സംഭാഷണം നടത്തുമായിരുന്നു.

27രണ്ടുവർഷം കഴിഞ്ഞപ്പോൾ ഫേലിക്സിന്റെ പിൻഗാമിയായി പൊർക്യൊസ് ഫെസ്തൊസ് സ്ഥാനമേറ്റു; യഹൂദന്മാരോട് ആനുകൂല്യം കാണിക്കുവാൻ ആഗ്രഹിച്ചതുകൊണ്ട് ഫേലിക്സ് പൗലൊസിനെ തടവുകാരനായി വിട്ടിട്ടു പോയി.

ഫെസ്തൊസന്റെ മുമ്പിൽ
ന്യായവിസ്താരം

25 സംസ്ഥാനത്തുവന്ന് മൂന്നുദിവസം കഴിഞ്ഞപ്പോൾ ഫെസ്തൊസ് കൈസര്യയിൽനിന്നു യെരൂശലേമിലേക്കു പോയി. 2അവിടെ മുഖ്യപുരോഹിതന്മാരും യഹൂദനേതാക്കന്മാരും അയാളുടെ മുമ്പിൽ ഹാജരായി പൗലൊസിനെതിരെയുള്ള ആരോപണങ്ങൾ ഉന്നയിച്ചു. 3തങ്ങൾക്കുള്ള ഒരു ആനുകൂല്യമെന്ന നിലയിൽ പൗലൊസിനെ യെരൂശലേമിലേക്കു വരുത്തണമെന്ന് അവർ നിർബ്ബന്ധമായി അഭ്യർത്ഥിച്ചു: അദ്ദേഹത്തെ വഴിക്കുവച്ച് കൊന്നുകളയുവാൻ അവർ ഒരു പതിയിരുപ്പിനു വട്ടംകൂട്ടുന്നുണ്ടായിരുന്നു. 4ഫെസ്തൊസ് അവരോട്: "പൗലൊസിനെ കൈസര്യയിൽ സൂക്ഷിച്ചിരിക്കുകയാണ്, ഞാൻ ഉടനെതന്നേ അവിടേയ്ക്കു പോകുന്നുണ്ട്. 5നിങ്ങളുടെ നേതാക്കന്മാരിൽ ചിലർക്ക് എന്റെകൂടെ വന്ന് അവിടെവച്ച് അയാൾക്കെതിരെയുള്ള ആരോപണങ്ങൾ ഉന്നയിക്കാവുന്നതാണ്" എന്നു മറുപടി പറഞ്ഞു.

6അവരോടുകൂടെ എട്ടുപത്തുദിവസം താമസിച്ചശേഷം അയാൾ കൈസര്യയിലേക്കു പോയി; പിറ്റേദിവസം അയാൾ കോടതി വിളിച്ചുകൂട്ടി പൗലൊസിനെ തന്റെ മുമ്പിൽ ഹാജരാക്കുവാൻ ആജ്ഞാപിച്ചു. 7പൗലൊസ് ഹാജരായപ്പോൾ, യെരൂശലേമിൽനിന്നു വന്നിരുന്ന യഹൂദർ അദ്ദേഹത്തിനുചുറ്റും നിന്നുകൊണ്ട് ഗുരുതരമായ അനവധി ആരോപണങ്ങൾ അദ്ദേഹത്തിന്നെതിരേ ഉന്നയിച്ചു; എന്നാൽ അവ തെളിയിക്കുവാൻ അവർക്കു കഴിഞ്ഞില്ല.

8അനന്തരം പൗലൊസ് തന്റെ പ്രതിവാദത്തിൽ: "ഞാൻ യഹൂദരുടെ ന്യായപ്രമാണത്തിനും ദൈവാലയത്തിനും വിപരീതമായോ കൈസർക്കു വിരോധമായോ ഒരു തെറ്റും ചെയ്തിട്ടില്ല" എന്നു പ്രസ്താവിച്ചു.

9യഹൂദർക്ക് ഒരു ആനുകൂല്യം ചെയ്തുകൊടുക്കണമെന്ന ആഗ്രഹത്തോടെ ഫെസ്തൊസ് പൗലൊസിനോട്: "നിങ്ങൾക്ക് യെരൂശലേമിൽപോയി അവിടെ എന്റെ മുമ്പാകെ ഈ ആരോപണങ്ങൾ സംബന്ധിച്ചു വിസ്തരിക്കപ്പെടാൻ സമ്മതമാണോ?" എന്നു ചോദിച്ചു.

10അതിനു പൗലൊസ്: "ഞാൻ ഇപ്പോൾ കൈസരുടെ കോടതിയുടെ മുമ്പാകെ നില്ക്കുന്നു, അവിടെയാണ് എന്നെ വിസ്തരിക്കേണ്ടത്. അങ്ങേയ്ക്കുതന്നേ നന്നായി അറിയാവുന്നതുപോലെ ഞാൻ യഹൂദർക്ക് ഒരു തെറ്റും ചെയ്തിട്ടില്ല. 11മരണത്തിന് അർഹമായ എന്തെങ്കിലും കുറ്റം ഞാൻ ചെയ്തി

ട്ടുണ്ടെങ്കിൽ, മരണശിക്ഷ ഏല്ക്കുന്നതിന് എനിക്ക് ഒരു വിസമ്മതവുമില്ല. എന്നാൽ എനിക്കു വിരോധമായി ഈ യഹൂദന്മാർ കൊണ്ടുവന്നിരിക്കുന്ന ആരോപണങ്ങൾ സത്യമല്ലെങ്കിൽ, എന്നെ അവരുടെ കൈയിൽ ഏല്പിച്ചുകൊടുക്കാൻ ആർക്കും അവകാശമില്ല.. കൈസരുടെ മുമ്പാകെ ഉപരിവിചാരണയ്ക്ക് ഞാൻ അപേക്ഷിക്കുന്നു!" എന്നു മറുപടി പറഞ്ഞു.

12അപ്പോൾ ഫെസ്തൊസ് തന്റെ ഉപദേശകസമിതിയുമായി കൂടിയാലോചന നടത്തിയിട്ട്: "കൈസരുടെ മുമ്പാകെ ഉപരിവിചാരണയ്ക്ക് അപേക്ഷിച്ചിരിക്കുന്ന നിങ്ങൾ കൈസരുടെ അടുത്തേക്കുതന്നേ പോകും" എന്നു പ്രഖ്യാപിച്ചു.

ഫെസ്തൊസ് അഗ്രിപ്പാരാജാവിന്റെ ഉപദേശം തേടുന്നു

13ഏതാനും ദിവസം കഴിഞ്ഞപ്പോൾ അഗ്രിപ്പാരാജാവും ബർന്നീക്കയുംകൂടി ഫെസ്തൊസിന് അഭിവാദനം അർപ്പിക്കുവാൻ കൈസര്യയിൽ എത്തി. 14അവർ കുറെ അധികം ദിവസങ്ങൾ അവിടെ ചെലവഴിച്ചതിനാൽ ഫെസ്തൊസ് പൗലൊസിന്റെ കേസ് അഗ്രിപ്പാരാജാവുമായി ചർച്ച ചെയ്തു. അദ്ദേഹം ഇങ്ങനെ പറഞ്ഞു: "ഫേലിക്സ് തടവുകാരനായി വിട്ടേച്ചുപോയ ഒരു മനുഷ്യൻ ഇവിടെയുണ്ട്. 15ഞാൻ യെരൂശലേമിൽ ചെന്നപ്പോൾ, യഹൂദന്മാരുടെ മുഖ്യപുരോഹിതന്മാരും പ്രമാണികളും അയാൾക്കെതിരേ ആരോപണങ്ങൾ ഉന്നയിക്കുകയും അയാളെ ശിക്ഷയ്ക്കു വിധിക്കണമെന്ന് അപേക്ഷിക്കുകയും ചെയ്തു.

16എന്നാൽ തനിക്കെതിരേ ആരോപണം നടത്തുന്നവരെ മുഖാമുഖം കണ്ട് അവരുടെ ആരോപണങ്ങൾക്കെതിരായി പ്രതിവാദം നടത്തുവാൻ അവസരം ലഭിക്കുന്നതിനുമുമ്പ് ഒരു മനുഷ്യനെ ഏല്പിച്ചുകൊടുക്കുന്നതു റോമാക്കാരുടെ സമ്പ്രദായമല്ല എന്നു ഞാൻ അവരോടു പറഞ്ഞു. 17അവർ എന്നോടുകൂടെ ഇവിടെയെത്തിയപ്പോൾ ഞാൻ പ്രശ്നം വൈകിക്കാതെ പിറ്റേന്നുതന്നേ കോടതി വിളിച്ചുകൂട്ടുകയും ആ മനുഷ്യനെ കൊണ്ടുവരാൻ കല്പിക്കുകയും ചെയ്തു. 18എന്നാൽ വാദികൾ സംസാരിക്കാൻ എഴുന്നേറ്റപ്പോൾ, ഞാൻ പ്രതീക്ഷിച്ചിരുന്നതുപോലുള്ള ഒരു കുറ്റവും അവർ അയാളുടെമേൽ ആരോപിച്ചില്ല. 19അവരുടെ മതത്തെയും മരിച്ചുപോയവനെങ്കിലും ജീവിച്ചിരിക്കുന്നുവെന്ന് പൗലൊസ് അവകാശപ്പെടുന്ന യേശു എന്ന മനുഷ്യനെയും സംബന്ധിച്ചുള്ള ചില തർക്കങ്ങൾ മാത്രമേ അവർക്കുണ്ടായിരുന്നുള്ളൂ. 20ഇത്തരം കാര്യങ്ങളെപ്പറ്റി അന്വേഷണം നടത്തേണ്ടതെങ്ങനെയെന്ന് എനിക്കറിവില്ലായിരുന്നതിനാൽ ഞാൻ അയാളോടു യെരൂശലേമിലേക്കു പോകുവാനും അവിടെ ഈ ആരോപണങ്ങൾ സംബന്ധിച്ച് വിസ്തരിക്കപ്പെടുവാനും ഒരുക്കമാണോ എന്നു ചോദിച്ചു. 21എന്നാൽ ചക്രവർത്തിയുടെ തീരുമാനത്തിനായി തന്നെ തടവിൽ സൂക്ഷിക്കണമെന്ന് പൗലൊസ് അപേക്ഷിക്കയാൽ കൈസരുടെ അടുത്തേക്ക് അയയ്ക്കുവാൻ കഴിയുന്നതുവരെ, അയാളെ തടവിൽ വയ്ക്കുവാൻ ഞാൻ ആജ്ഞ കൊടുത്തു."

22പിന്നീട് അഗ്രിപ്പാ ഫെസ്തൊസിനോട്: "എനിക്ക് ആ മനുഷ്യന്റെ വാക്കുകൾ നേരിട്ടു കേൾക്കാൻ താത്പര്യമുണ്ട്" എന്നു പറഞ്ഞു.

"അയാൾക്കു പറയുവാനുള്ളത് നാളെ അങ്ങേയ്ക്കു കേൾക്കാം." ഫെസ്തൊസ് മറുപടി പറഞ്ഞു.

പൗലൊസ് അഗ്രിപ്പാവിന്റെ മുമ്പിൽ

23പിറ്റേന്ന് അഗ്രിപ്പാവും ബർന്നീക്കയും ഉയർന്ന ഉദ്യോഗസ്ഥന്മാരോടും നഗരത്തിലെ പ്രമുഖന്മാരോടുംകൂടെ, ആഡംബരപൂർവ്വം സമ്മേളനമുറിയിലേക്കു പ്രവേശിച്ചു. ഫെസ്തൊസിന്റെ ആജ്ഞപ്രകാരം പൗലൊസിനെ അകത്തേക്കു കൊണ്ടുവന്നു. 24അപ്പോൾ ഫെസ്തൊസ് ഇങ്ങനെ പ്രസ്താവിച്ചു: "അഗ്രിപ്പാരാജാവേ, ഞങ്ങളോടൊപ്പം സന്നിഹിതരായിരിക്കുന്ന ഏവരുമേ, നിങ്ങൾ ഈ മനുഷ്യനെ കാണുന്നുവല്ലോ! യഹൂദസമൂഹം ഒന്നടങ്കം യെരൂശലേമിലും ഇവിടെ കൈസര്യയിലും ഇയാളെക്കുറിച്ചാണ് എന്നോടു പരാതിപ്പെടുകയും ഇയാൾ ഒരു നിമിഷംപോലും ജീവിച്ചിരുന്നുകൂടാ എന്ന് ഒച്ചപ്പാടുണ്ടാക്കുകയും ചെയ്തത്. 25 മരണത്തിനർഹമായതൊന്നും ഇയാൾ ചെയ്തിട്ടില്ല എന്നു ഞാൻ മനസ്സിലാക്കി; എന്നാൽ ഇയാൾ ചക്രവർത്തിക്കു മുമ്പിൽ മേൽവിചാരണയ്ക്ക് അപേക്ഷിച്ചിരിക്കയാൽ ഇയാളെ റോമിലേക്കയയ്ക്കാൻ ഞാൻ തീരുമാനിച്ചു. 26എങ്കിലും ഇയാളെക്കുറിച്ചു തിരുമനസ്സിലേക്ക് എഴുതുവാൻ വ്യക്തമായ കാര്യമൊന്നും ഞാൻ കാണുന്നില്ല. അതുകൊണ്ട് ഞാൻ ഇയാളെ നിങ്ങളുടെ എല്ലാവരുടെയും മുമ്പാകെ, വിശിഷ്യ, അഗ്രിപ്പാരാജാവേ, അങ്ങയുടെ മുമ്പിൽ കൊണ്ടുവന്നിരിക്കുകയാണ്; ഈ വിചാരണയുടെ ഫലമായി എഴുതുവാനുള്ള വക ലഭിക്കുമെന്നാണെന്റെ പ്രതീക്ഷ. 27ആരോപണങ്ങൾ വ്യക്തമാക്കാതെ തടവുകാരനെ അയയ്ക്കുന്നതു യുക്തമല്ല എന്നു ഞാൻ കരുതുന്നു."

26 അഗ്രിപ്പാ പൗലൊസിനോട്: "നിന്റെ കാര്യം പറയുവാൻ നിനക്ക് അനുവാദമുണ്ട്" എന്നു പറഞ്ഞു. പൗലൊസ് കൈ നീട്ടിക്കൊണ്ട് പ്രതിവാദം ആരംഭിച്ചു:

2"അഗ്രിപ്പാരാജാവേ, യഹൂദരുടെ എല്ലാ ആരോപണങ്ങൾക്കും എതിരായി, അങ്ങയുടെ മുമ്പിൽനിന്നുകൊണ്ട് എന്റെ പ്രതിവാദം നടത്തുവാനിടയായതിൽ, ഞാൻ എന്നെത്തന്നേ ഭാഗ്യവാൻ എന്നു കരുതുന്നു. 3പ്രത്യേകിച്ചും യഹൂദ ആചാരങ്ങളെയും തർക്കങ്ങളെയുംപറ്റി അങ്ങേയ്ക്കു നല്ല പരിചയമുണ്ടല്ലോ. ആകയാൽ എനിക്കു പറയുവാനുള്ളതു ക്ഷമയോടെ കേൾക്കണമെന്നു ഞാൻ അപേക്ഷിക്കുന്നു.

4"ജീവിതാരംഭം മുതൽ, ബാല്യത്തിൽ സ്വന്ത ജനതയുടെ മധ്യത്തിലും പിന്നീട് യെരൂശലേമിലും, ഞാൻ ജീവിച്ചുപോന്നിട്ടുള്ളത് ഏതു വിധമെന്ന് എല്ലാ യഹൂദർക്കും അറിവുള്ളതാണ്. 5ഞങ്ങളുടെ മതത്തിൽ ഏറ്റവുമധികം നിഷ്ഠ പുലർത്തുന്ന വിഭാഗത്തിൽ ഒരു പരീശനായിട്ടാണ് ഞാൻ ജീവിച്ചതെന്ന് അവർക്കു മനസ്സുണ്ടെങ്കിൽ എന്നെക്കുറിച്ചു സാക്ഷ്യം പറയാം, ദീർഘകാലമായി അവർക്കെന്നെ അറിയാമല്ലോ! 6ദൈവം ഞങ്ങളുടെ പിതാക്കന്മാർക്കു നല്കിയ വാഗ്ദാനത്തിലുള്ള എന്റെ പ്രത്യാശ നിമിത്തമത്രേ എന്നെ ഇന്നു വിസ്തരിക്കുന്നത്. 7ഞങ്ങളുടെ പന്ത്രണ്ടു ഗോത്രങ്ങളും രാപ്പകൽ ശ്രദ്ധയോടെ ദൈവത്തെ ആരാധിച്ചുപോരുന്നത് ഈവാഗ്ദാനം പ്രാപിക്കാമെന്ന പ്രത്യാശയോടെയാണ്. അല്ലയോ രാജാവേ, ഈ പ്രത്യാശ നിമിത്തമാണ് യഹൂദർ എന്റെമേൽ ആരോപണം നടത്തുന്നത്. 8ദൈവം മരിച്ചവരെ ഉയിർപ്പിക്കുന്നുവെങ്കിൽ അതു വിശ്വാസയോഗ്യമല്ല എന്നു നിങ്ങൾക്കു തോന്നുന്നത് എന്തുകൊണ്ട്?

9"അങ്ങനെ നസറായനായ യേശുവിന്റെ നാമത്തിനു വിരോധമായി പലതും പ്രവർത്തിക്കണമെന്നു ഞാനും ചിന്തിച്ചിരുന്നു. എങ്ങനെയും എതിർക്കേണ്ടതാണെന്നായിരുന്നു എന്റെയും ബോധ്യം. 10യെരൂശലേമിൽ ഞാൻ ചെയ്തതും അതുതന്നേ; മുഖ്യപുരോഹിതന്മാരുടെ അധികാരപത്രം വാങ്ങി ഞാൻ അനേകം വിശുദ്ധരെ തടവിലാക്കുകയും അവരെ നിഗ്രഹിക്കുമ്പോൾ എന്റെ സമ്മതം നല്കുകയും ചെയ്തിട്ടുണ്ട്. 11ഞാൻ പലതവണ പള്ളികൾതോറും ചെന്ന് അവരെ ശിക്ഷിക്കുകയും ദൈവദൂഷണത്തിനു നിർബ്ബന്ധിക്കുകയും ചെയ്തു. അവർക്കെതിരേ ഭ്രാന്തു പിടിച്ച്, അവരെ പീഡിപ്പിക്കുവാൻ ഞാൻ അന്യനഗരങ്ങളിലും പോയിരുന്നു.

12"അങ്ങനെയുള്ള ഒരു യാത്രയിൽ, ഞാൻ മുഖ്യപുരോഹിതന്മാരിൽനിന്ന് അധികാരവും ആജ്ഞയും വാങ്ങി ദമസ്കോസിലേക്കു പോവുകയായിരുന്നു. 13അല്ലയോ രാജാവേ, ഉച്ചയോടടുത്ത സമയം, ഞാൻ വഴിയിലൂടെ പോകുമ്പോൾ ആകാശത്തുനിന്നു സൂര്യനേക്കാൾ ഉജ്ജ്വലമായ ഒരു പ്രകാശം എന്റെയും എന്റെ സഹയാത്രികരുടെയും ചുറ്റും മിന്നുന്നതുകണ്ടു. 14ഞങ്ങളെല്ലാവരും നിലത്തു വീണു; "ശൗലേ, ശൗലേ, നീ എന്നെ പീഡിപ്പിക്കുന്നതെന്ത്? മുള്ളാണിയിൽ തൊഴിക്കുന്നതു നിനക്കു വിഷമം" എന്ന് എബ്രായഭാഷയിൽ പറയുന്ന ഒരു ശബ്ദം ഞാൻ കേട്ടു.

15"അപ്പോൾ ഞാൻ 'അങ്ങ് ആരാകുന്നു, കർത്താവേ?' എന്നു ചോദിച്ചു. 'നീ ഉപദ്രവിക്കുന്ന യേശുവാണു ഞാൻ' കർത്താവ് ഉത്തരം പറഞ്ഞു. 16'നീ എഴുന്നേറ്റ് നിവിർന്നു നില്ക്കുക; നീ കണ്ടതിനും ഇനി ഞാൻ നിനക്കു കാണിച്ചുതരാനുള്ളതിനും നിന്നെ ഒരു ശുശ്രൂഷകനും സാക്ഷിയുമാക്കേണ്ടതിനാണു ഞാൻ നിനക്കു പ്രത്യക്ഷനായത്. 17നിന്റെ സ്വന്തജനങ്ങളിൽനിന്നും വിജാതീയരിൽനിന്നും ഞാൻ നിന്നെ രക്ഷിക്കും. 18അവരുടെ കണ്ണുകൾ തുറക്കുവാനും അവരെ ഇരുട്ടിൽനിന്നു വെളിച്ചത്തിലേക്കും സാത്താന്റെ അധികാരത്തിൽനിന്നു ദൈവത്തിങ്കലേക്കും തിരിക്കുവാനും അങ്ങനെ എന്നിലുള്ള വിശ്വാസത്താൽ അവർക്കു പാപക്ഷമയും വിശുദ്ധീകരിക്കപ്പെടുന്നവരുടെ ഇടയിൽ സ്ഥാനവും ലഭിക്കുവാനും ഞാൻ നിന്നെ അവരുടെ അടുക്കലേക്ക് അയയ്ക്കുന്നു.'

19"അതുകൊണ്ട് അഗ്രിപ്പാരാജാവേ, ഞാൻ സ്വർഗ്ഗീയദർശനത്തിന് അനുസരണക്കേടു കാണിച്ചില്ല. 20ഒന്നാമത് ദമസ്കോസിലുള്ളവരോടും പിന്നെ യെരൂശലേമിലും യഹൂദ്യയിലെങ്ങുമുള്ളവരോടും വിജാതീയരോടും, അവർ മാനസാന്തരപ്പെട്ടു ദൈവത്തിങ്കലേക്കു തിരിയണമെന്നും അവരുടെ മാനസാന്തരം പ്രവൃത്തികളിലൂടെ തെളിയിക്കണമെന്നും ഞാൻ പ്രസംഗിച്ചു. 21അതുകൊണ്ടാണ് യഹൂദന്മാർ ദൈവാലയത്തിൽവച്ച് എന്നെ പിടിച്ചുകൊല്ലാൻ ശ്രമിച്ചത്. 22ദൈവത്തിന്റെ സഹായം ലഭിക്കുക നിമിത്തം ഞാൻ ഈ ദിവസം വരെയും ഉറച്ചു നില്ക്കയും ചെറിയവരോടും വലിയവരോടും സാക്ഷ്യം പറകയും ചെയ്തുപോരുന്നു. 23ക്രിസ്തു കഷ്ടമനുഭവിക്കുമെന്നും മരിച്ചവരിൽനിന്നും ആദ്യനായി ഉയിർത്തെഴുന്നേറ്റ് സ്വന്ത ജനത്തിനും വിജാതീയർക്കും വെളിച്ചം വിളമ്പരം ചെയ്യുമെന്നും പ്രവാചകന്മാരും മോശെയും ഭാവികാലത്തെക്കുറിച്ചു പ്രസ്താവിച്ച തൊഴികെ മറ്റൊന്നും ഞാൻ പറയുന്നില്ല."

24പൗലൊസ് ഇങ്ങനെ പ്രതിവാദിച്ചുകൊണ്ടി

രിക്കുമ്പോൾ ഫെസ്തോസ് ഉച്ചത്തിൽ പറഞ്ഞു, "പൗലൊസേ, നീനക്കു ഭ്രാന്താണ്. വിദ്യാബഹുത്വത്താൽ നിനക്കു ഭ്രാന്തു പിടിച്ചിരിക്കുന്നു."

25അതിനു പൗലൊസ്: "ബഹുമാന്യനായ ഫെസ്തൊസേ, എനിക്കു ഭ്രാന്തില്ല; ഞാൻ പറയുന്നത് സത്യവും യുക്തവുമാണ്. 26രാജാവിന് ഈ കാര്യങ്ങൾ നന്നായി അറിയാവുന്നതുകൊണ്ട്, എനിക്ക് അദ്ദേഹത്തോടു സ്വതന്ത്രമായി സംസാരിക്കാം. ഇത് ഏതോ ഒരു കോണിൽ നടന്ന കാര്യമല്ല. അതുകൊണ്ട് ഇത് അദ്ദേഹത്തിന്റെ ശ്രദ്ധയിൽപ്പെടാതെ പോയിട്ടില്ല എന്ന് എനിക്കുറപ്പുണ്ട്. 27അഗ്രിപ്പാ രാജാവേ, അങ്ങു പ്രവാചകന്മാരെ വിശ്വസിക്കുന്നുവോ? വിശ്വസിക്കുന്നുവെന്ന് എനിക്കറിയാം." 28അപ്പോൾ അഗ്രിപ്പാ പൗലൊസിനോട്: "ഈ അല്പസമയത്തിനുള്ളിൽ എന്നെ ഒരു ക്രിസ്ത്യാനിയാക്കാമെന്നാണോ നീ ചിന്തിക്കുന്നത്?" എന്നു ചോദിച്ചു. 29അതിനു പൗലൊസ്, "അല്പസമയത്തിനുള്ളിലോ അധികസമയത്തിനുള്ളിലോ, എങ്ങനെയായാലും, അങ്ങുമാത്രമല്ല, ഇന്ന് എന്റെ വാക്കു കേൾക്കുന്ന എല്ലാവരും, ഈ ചങ്ങലയൊഴികെ, എന്നെപ്പോലെ ആയിത്തീരണം എന്നു ഞാൻ ദൈവത്തോടു പ്രാർത്ഥിക്കുന്നു" എന്നു മറുപടി പറഞ്ഞു.

30രാജാവും ദേശാധിപതിയും ബർന്നീക്കയും അവരോടുകൂടെ ഇരുന്നവരും എഴുന്നേറ്റു. 31അവർ മുറി വിട്ടുപോകുമ്പോൾ, "ഈ മനുഷ്യൻ മരണത്തിനോ തടവിനോ അർഹമായതൊന്നും ചെയ്തിട്ടില്ല" എന്ന് അന്യോന്യം പറഞ്ഞു. 32 അഗ്രിപ്പാ ഫെസ്തൊസിനോട്: "ഇയാൾ കൈസരുടെ മുമ്പാകെ മേൽവിചാരണയ്ക്ക് അഭ്യർത്ഥിച്ചിരുന്നില്ലെങ്കിൽ ഇയാളെ വിട്ടയയ്ക്കാമായിരുന്നു" എന്നു പറഞ്ഞു.

റോമിലേയ്ക്കുള്ള കപ്പൽയാത്ര

27 ഞങ്ങൾ ഇറ്റലിയിലേക്കു കപ്പൽയാത്ര ചെയ്യണമെന്നു തീരുമാനമായപ്പോൾ അവർ പൗലൊസിനെയും മറ്റു ചില തടവുകാരെയും ഔഗുസ്ത്യ സേനാവിഭാഗത്തിൽപ്പെട്ട, യൂലിയൊസ് എന്ന ശതാധിപനെ ഏല്പിച്ചു. 2ഏഷ്യയുടെ തീരത്തുള്ള സ്ഥലങ്ങൾക്കു സമീപേകൂടി യാത്ര ചെയ്യുവാൻപുറപ്പെടുന്ന ഒരു അദ്രമുത്ത്യക്കപ്പലിൽ ഞങ്ങൾ യാത്രയാരംഭിച്ചു. തെസ്സലോനിക്യയിൽ നിന്നുള്ള മാസിഡോണിയക്കാരനായ അരിസ്തർഹോസും ഞങ്ങളോടുകൂടെയുണ്ടായിരുന്നു.

3പിറ്റേദിവസം ഞങ്ങൾ സീദോനിൽ ഇറങ്ങി: യൂലിയൊസ് പൗലൊസിനോടുള്ള ദയ നിമിത്തം അദ്ദേഹത്തിനു തന്റെ സ്നേഹിതന്മാരുടെ അടുക്കൽ പോകുവാനും ആവശ്യമുള്ള സൽക്കാരങ്ങൾ സ്വീകരിക്കുവാനും അനുവാദം നല്കി. 4അവിടെനിന്നും ഞങ്ങൾ കപ്പൽയാത്ര തുടർന്നു; കാറ്റു പ്രതികൂലമായിരുന്നതുകൊണ്ട് സൈപ്രസ്ദ്വീപിന്റെ മറ പറ്റിയാണ് ഓടിയത്. 5കിലിക്യയുടെയും പംഫുല്യയുടെയും തീരത്തോടുചേർന്ന്, യാത്ര ചെയ്ത് ഞങ്ങൾ ലുക്കിയയിലെ മുറായിൽ എത്തി. 6അവിടെ ഇറ്റലിയിലേയ്ക്കു പോകുന്ന ഒരു അലക്സാന്ത്രിയാക്കപ്പൽ കണ്ടിട്ടു ശതാധിപൻ ഞങ്ങളെ അതിൽ കയറ്റി. 7ഞങ്ങളുടെ യാത്ര പല ദിവസങ്ങളോളം തീരെ മന്ദഗതിയിലായിരുന്നു; വളരെ പ്രയാസപ്പെട്ട് ഞങ്ങൾ ക്നീദോസിനു സമീപത്തെത്തി. മുമ്പോട്ടുപോകുവാൻ കാറ്റനുവദിക്കാതിരുന്നതുകൊണ്ട് ഞങ്ങൾ സാല്മോനെതിരേയുള്ള ക്രീറ്റ് ദ്വീപിന്റെ മറവിലേക്കു കപ്പലോടിച്ചു. 8തീരത്തോടു ചേർന്നു ക്ലേശിച്ചു മുമ്പോട്ടുനീങ്ങി, ലസയ്യ പട്ടണത്തിനടുത്തുള്ള 'ശുഭതുറമുഖം' എന്നറിയപ്പെടുന്ന സ്ഥലത്തെത്തി.

9ഇതിനോടകം ഞങ്ങൾക്കു വളരെ സമയം നഷ്ടമായി. ഉപവാസകാലം കഴിഞ്ഞിരുന്നു. അപ്പോഴേക്കും, സമുദ്രയാത്ര ആപൽക്കരമായിത്തീർന്നിരുന്നതിനാൽ 10പൗലൊസ് അവർക്കു മുന്നറിയിപ്പു നല്കിക്കൊണ്ടു പറഞ്ഞു: "പുരുഷന്മാരേ, നമ്മുടെ സമുദ്രയാത്ര വിനാശകരമാവും. അതു കപ്പലിനും ചരക്കിനും നമ്മുടെ ജീവനുപോലും നഷ്ടം വരുത്തുവാൻ പോകുന്നതായി ഞാൻ കാണുന്നു." 11എന്നാൽ ശതാധിപൻ പൗലൊസിന്റെ വാക്കുകളെക്കാൾ കപ്പിത്താന്റെയും കപ്പലുടമയുടെയും ഉപദേശമാണു കൂടുതൽ ശ്രദ്ധിച്ചത്.

12ആ തുറമുഖം ശീതകാലം ചെലവഴിക്കാൻ യോജിച്ചതല്ലായിരുന്നതുകൊണ്ട്, ഫൊയ്നീക്യയിലെത്തി ശീതകാലത്ത് അവിടെ പാർക്കാമെന്ന പ്രതീക്ഷയിൽ യാത്ര തുടരണമെന്നു ഭൂരിപക്ഷം ആളുകളും അഭിപ്രായപ്പെട്ടു. തെക്കു പടിഞ്ഞാറോട്ടും വടക്കു പടിഞ്ഞാറോട്ടും കടലിലേക്കു ദർശനമുള്ള ക്രേത്തയിലെ തുറമുഖമാണു ഫൊയ്നീക്യ.

കൊടുങ്കാറ്റ്

13തെക്കൻകാറ്റു മന്ദമായി വീശിത്തുടങ്ങിയപ്പോൾ, തങ്ങളുടെ ഉദ്ദേശ്യം സാധിച്ചു എന്ന് അവർ വിചാരിച്ചു. അതുകൊണ്ടു നങ്കൂരം ഉയർത്തി, ക്രേത്തയുടെ തീരംചേർന്ന് അവർ യാത്ര തുടർന്നു. 14എന്നാൽ അധികം സമയം ആകുന്നതിനു മുമ്പുതന്നേ, 'വടക്കു കിഴക്കൻ' എന്ന കൊടുങ്കാറ്റു ദ്വീപിൽനിന്ന് ആഞ്ഞടിച്ചു. 15കപ്പൽ കൊടുങ്കാറ്റിൽ അകപ്പെട്ടു; കാറ്റിനെ

തിരായി മുമ്പോട്ടുപോകുവാൻ സാധ്യമല്ലാതായി. അതുകൊണ്ട് ഞങ്ങൾ കാറ്റിനു വിധേയപ്പെടുകയും അതു ഞങ്ങളെ ഒഴുക്കിക്കൊണ്ടുപോവുകയും ചെയ്തു. 16ക്ലൌദ എന്ന കൊച്ചുദ്വീപിന്റെ മറപറ്റി ഞങ്ങൾ ഓടിക്കൊണ്ടിരുന്നപ്പോൾ, പ്രാണരക്ഷയ്ക്കുപയോഗിക്കുന്ന തോണി സുരക്ഷിതമായി വയ്ക്കുവാൻ ഞങ്ങൾ വളരെ പ്രയാസപ്പെട്ടു. 17അതു വലിച്ചുപൊക്കി കപ്പലിനോടു ചേർത്തുകെട്ടി ഉറപ്പിച്ചു. അതിനുശേഷം, കപ്പൽ സീർതീസിലെ മണൽത്തിട്ടകളിൽ ചെന്നുകയറുമെന്നു പേടിച്ച് കപ്പൽപ്പായ്കൾ താഴ്ത്തി, കപ്പലിനെ അതിന്റെ ഗതിക്കുവിട്ടു. 18പിറ്റേന്ന് ഉഗ്രമായ കൊടുങ്കാറ്റിൽപ്പെട്ട് കപ്പൽ ആടിയുലഞ്ഞതിനാൽ, അവർ ചരക്കുകൾ കടലിലേക്ക് എറിഞ്ഞുകളയാൻ തുടങ്ങി. 19മൂന്നാം ദിവസം അവർ സ്വന്തകൈകൊണ്ടു കപ്പലിന്റെ ഉപകരണങ്ങളും എറിഞ്ഞുകളഞ്ഞു. 20അനേകം ദിവസങ്ങൾ സൂര്യനെയോ നക്ഷത്രങ്ങളെയോ കാണാൻ കഴിഞ്ഞില്ല; കൊടുങ്കാറ്റ് തുടരെയടിച്ചുകൊണ്ടിരുന്നു; രക്ഷപ്പെടുമെന്നുള്ള സകലപ്രതീക്ഷയും ഒടുവിൽ ഞങ്ങൾക്കു നഷ്ടമായി.

21അവർ ദിവസങ്ങളായി ഭക്ഷണം കഴിക്കാതിരുന്നപ്പോൾ, പൗലൊസ് അവരുടെ മുമ്പിൽ എഴുന്നേറ്റു നിന്നുകൊണ്ട് ഇങ്ങനെ പറഞ്ഞു: "മാന്യരേ, ക്രേത്തയിൽനിന്നു യാത്ര പുറപ്പെടരുതെന്നുള്ള എന്റെ ഉപദേശം നിങ്ങൾ സ്വീകരിക്കേണ്ടതായിരുന്നു; എങ്കിൽ ഈ നാശനഷ്ടങ്ങൾ ഒഴിവാക്കാമായിരുന്നു. 22എങ്കിലും ഇപ്പോൾ ധൈര്യത്തോടെയിരിപ്പാൻ ഞാൻ നിങ്ങളോടു നിർബ്ബന്ധമായി പറയുന്നു. നിങ്ങളിലാർക്കും ജീവഹാനി സംഭവിക്കുകയില്ല, കപ്പൽ മാത്രമേ നശിക്കുകയുള്ളു. 23ഞാൻ സേവിക്കുന്ന എന്റെ ഉടയവനായ ദൈവത്തിന്റെ ഒരു ദൂതൻ കഴിഞ്ഞ രാത്രിയിൽ എന്റെ അടുക്കൽ വന്നുനിന്ന് 24എന്നോടു, "പൗലൊസേ, ഭയപ്പെടേണ്ടാ, നീ കൈസരുടെ മുമ്പിൽ വിസ്താരത്തിനു നില്ക്കേണ്ടവനാകുന്നു. നിന്നോടൊപ്പം യാത്രചെയ്യുന്നവരെ ദൈവം നിനക്കു നല്കിയിരിക്കുന്നു" എന്നു പറഞ്ഞു. 25ആകയാൽ മാന്യരേ, ധൈര്യപ്പെട്ടിരിപ്പിൻ, എന്നോട് അരുളിച്ചെയ്തതുപോലെതന്നേ സംഭവിക്കുമെന്ന് ദൈവത്തിൽ എനിക്കു വിശ്വാസമുണ്ട്. 26എങ്കിലും നാം ഒരു ദ്വീപിന്റെ കരയ്ക്കടിയേണ്ടതാകുന്നു."

കപ്പൽച്ചേതം

27പതിന്നാലാം രാത്രിയിൽ, ഞങ്ങൾ അദ്രിയ കടലിലൂടെ [a] ഒഴുക്കിൽപ്പെട്ടു പോകുമ്പോൾ, ഏതാണ്ട് അർദ്ധരാത്രിക്ക്, തങ്ങൾ കരയോടടുക്കുന്നുവെന്നു നാവികർക്കു തോന്നി 28അവിടെ വെള്ളത്തിന്റെ ആഴം അളന്നു നോക്കിയപ്പോൾ ഏകദേശം നൂറ്റിയിരുപത് അടിയെന്നു [b] മനസ്സിലാക്കി. അല്പംകൂടി കഴിഞ്ഞിട്ടു വീണ്ടും അളന്നു; ആഴം ഏകദേശം തൊണ്ണൂറ് അടിയെന്നു [c] കണ്ടു. 29ഞങ്ങൾ പാറക്കെട്ടുകളിൽ തട്ടിത്തകരുമെന്നുള്ള ഭയത്താൽ അവർ നാലു നങ്കൂരങ്ങൾ അമരത്തുനിന്നു താഴ്ത്തി, നേരം പുലരുന്നതിനുവേണ്ടി പ്രാർത്ഥിച്ചുകൊണ്ടിരുന്നു. 30അണിയത്തുനിന്നു നങ്കൂരം ഇറക്കുന്നു എന്ന ഭാവത്തിൽ പ്രാണരക്ഷയ്ക്കുപയോഗിക്കുന്ന തോണി കടലിലിറക്കി നാവികർ കപ്പലിൽനിന്നു രക്ഷപ്പെടാൻ ശ്രമിച്ചു. 31അപ്പോൾ പൗലൊസ് ശതാധിപനോടും പട്ടാളക്കാരോടും: "ഈ ആളുകൾ കപ്പലിൽത്തന്നേ നിന്നില്ലെങ്കിൽ നിങ്ങൾക്കു രക്ഷപ്പെടാൻ കഴിയുകയില്ല എന്നു പറഞ്ഞു. 32അപ്പോൾ പട്ടാളക്കാർ കയർ മുറിച്ചു തോണി കടലിൽ തള്ളി.

33പുലർച്ചയ്ക്ക് അല്പംമുമ്പ് പൗലൊസ് അവരെയെല്ലാവരെയും ആഹാരം കഴിക്കുവാൻ നിർബ്ബന്ധിച്ചു. "കഴിഞ്ഞ പതിന്നാലു ദിവസമായി നിങ്ങൾ നിരന്തരമായ അനിശ്ചിതത്വംമൂലം ആഹാരംവെടിഞ്ഞു കഴിയുകയായിരുന്നുവല്ലോ. 34അല്പം ആഹാരം കഴിക്കണമെന്ന് ഞാനിപ്പോൾ നിങ്ങളോടു നിർബ്ബന്ധപൂർവ്വം അപേക്ഷിക്കുന്നു. നിങ്ങളുടെ ജീവരക്ഷയ്ക്ക് അത് ആവശ്യമാണ്. നിങ്ങളിൽ ആരുടെയും ഒരു തലമുടിപോലും നഷ്ടമാവുകയില്ല" എന്ന് അദ്ദേഹം അവരോടു പറഞ്ഞു. 35ഇതു പറഞ്ഞതിനുശേഷം അദ്ദേഹം അപ്പമെടുത്ത് എല്ലാവരും കാൺകെ ദൈവത്തിനു സ്തോത്രം ചെയ്തു മുറിച്ചു തിന്നുതുടങ്ങി. 36അപ്പോൾ അവർക്കെല്ലാവർക്കും ധൈര്യമായി; അവരും ഭക്ഷണം കഴിച്ചു. 37കപ്പലിൽ ഞങ്ങളെല്ലാവരും കൂടി ഇരുനൂറ്റിയെഴുപത്തിയാറു പേരുണ്ടായിരുന്നു. 38എല്ലാവരും വേണ്ടുവോളം ഭക്ഷിച്ചതിനുശേഷം ധാന്യം കടലിലേക്കു കളഞ്ഞ് കപ്പലിന്റെ ഭാരം കുറച്ചു.

39നേരം വെളുത്തപ്പോൾ, സ്ഥലം ഏതെന്നു തിരിച്ചറിയാൻ അവർക്കു കഴിഞ്ഞില്ല. എങ്കിലും മണൽത്തീരമുള്ള ഒരു ഉൾക്കടൽ കണ്ടിട്ട്, കഴിയുമെങ്കിൽ കപ്പൽ അവിടെ അടുപ്പിക്കാൻ അവർ നിശ്ചയിച്ചു.

40 അവർ നങ്കൂരങ്ങൾ മുറിച്ചു കടലിൽത്തള്ളുകയും ചുക്കാൻ ബന്ധിച്ചിരുന്ന കയർ അഴിച്ചുവിടുകയും ചെയ്തു. പിന്നീട് കാറ്റിനെതിരേ പായ നിവർത്തി കരയ്ക്കു നേരേ നീങ്ങി. 41എന്നാൽ കപ്പൽ ഇരുകടൽസന്ധിയിലെ ഒരു

[a] 27 പുരാതനകാലത്ത് ഇറ്റലിക്കു തെക്കുവശത്തേക്കു വ്യാപിച്ചിരുന്ന മേഖല [b] 28 ഗ്രീക്കിൽ, *20 ഒർഗ്വസ്* (ഏകദേശം 37 മീറ്റർ) [c] 28 ഗ്രീക്കിൽ *15 ഒർഗ്വസ്* (ഏകദേശം 27 മീറ്റർ)

മണൽത്തിട്ടയിൽ കയറി ഉറച്ചുപോയി. അണിയം അനക്കമില്ലാതാവുകയും അമരം തിരകളുടെ ആഘാതത്തിൽ തകർന്നുപോവുകയും ചെയ്തു.

42തടവുകാരിൽ ആരും നീന്തി രക്ഷപ്പെടാതിരിക്കാൻ അവരെ കൊന്നുകളയണമെന്നു പടയാളികൾ ആലോചിച്ചു. 43എന്നാൽ ശതാധിപൻ പൗലൊസിന്റെ ജീവൻ രക്ഷിക്കാൻ ആഗ്രഹിച്ചതുകൊണ്ട് ആ ആലോചനയിൽ നിന്ന് അവരെ തടഞ്ഞു. നീന്താൻ കഴിവുള്ളവർ കപ്പലിൽ നിന്ന് ആദ്യം ചാടി നീന്തി കരയ്ക്കെത്തിക്കൊള്ളുവാനും 44ശേഷമുള്ളവർ പലകകളിലോ കപ്പലിന്റെ അവശിഷ്ടങ്ങളിലോ പിടിച്ചു കരയിൽ എത്തുവാനും അദ്ദേഹം ഉത്തരവിട്ടു. ഇങ്ങനെ എല്ലാവരും സുരക്ഷിതരായി കരയ്ക്കെത്തി.

മാൾട്ടാദ്വീപിൽ

28 രക്ഷപ്പെട്ടുകഴിഞ്ഞപ്പോൾ, അത് മാൾട്ടാ എന്നു പേരുള്ള ഒരു ദ്വീപാണെന്ന് ഞങ്ങൾ മനസ്സിലാക്കി. 2ദ്വീപുനിവാസികൾ ഞങ്ങളോട് അസാധാരണമായ കനിവു കാണിച്ചു. മഴയും തണുപ്പും ഉണ്ടായിരുന്നതുകൊണ്ട് അവർ തീകൂട്ടി ഞങ്ങളെ എല്ലാവരെയും സ്വാഗതം ചെയ്തു. 3പൗലൊസ് ഒരു കെട്ട് ചുള്ളിക്കമ്പുകൾ ശേഖരിച്ചു തീയിലേക്കിടുമ്പോൾ ഒരണലി ചൂടുകൊണ്ടു പുറത്തുചാടി അദ്ദേഹത്തിന്റെ കയ്യിൽ ചുറ്റി. 4ഇങ്ങനെ പൗലൊസിന്റെ കയ്യിൽ പാമ്പു തൂങ്ങിക്കിടക്കുന്നതു കണ്ടിട്ട് ദ്വീപുനിവാസികൾ, "ഈ മനുഷ്യൻ തീർച്ചയായും ഒരു കൊലപാതകനാണ്; കടലിൽനിന്നു രക്ഷപ്പെട്ടിട്ടും നീതിദേവി ഇയാളെ ജീവിക്കാൻ അനുവദിക്കുന്നില്ലല്ലോ!" എന്നു തമ്മിൽ പറഞ്ഞു. 5എന്നാൽ, പൗലൊസ് ആ പാമ്പിനെ തീയിലേക്കു കുടഞ്ഞുകളഞ്ഞു; ദോഷമൊന്നും സംഭവിച്ചില്ല. 6അദ്ദേഹം നീരു വച്ചു വീങ്ങുകയോ പൊടുന്നനെ മരിച്ചുവീഴുകയോ ചെയ്യുമെന്നു ജനങ്ങൾ പ്രതീക്ഷിച്ചു; എന്നാൽ ഏറെനേരം കാത്തിരുന്നിട്ടും അനർത്ഥമൊന്നും സംഭവിക്കുന്നില്ല എന്നു കണ്ടപ്പോൾ അവർ മനസ്സുമാറ്റി, അദ്ദേഹം ഒരു ദേവൻതന്നേ എന്നു പറഞ്ഞു.

7ദ്വീപു പ്രമാണിയായിരുന്ന പുബ്ലിയൊസിന് അവിടെയടുത്ത് കുറെ സ്ഥലം ഉണ്ടായിരുന്നു. അദ്ദേഹം ഞങ്ങളെ വീട്ടിലേക്കു ക്ഷണിച്ചു മൂന്നുദിവസം ആദരവോടെ സൽക്കരിച്ചു. 8അവന്റെ പിതാവ് പനിയും അതിസാരവും പിടിപെട്ടു കിടപ്പിലായിരുന്നു. പൗലൊസ് അദ്ദേഹത്തെ കാണാൻ അകത്തേക്കു ചെന്നു; പ്രാർത്ഥിച്ച് അദ്ദേഹത്തിന്റെമേൽ കൈവച്ചു സൗഖ്യമാക്കി. 9ഈ സംഭവത്തെത്തുടർന്നു ദ്വീപിലെ മറ്റു രോഗികളും വന്നു സൗഖ്യം പ്രാപിച്ചു. 10അവർ പല സമ്മാനങ്ങൾ നല്കി ഞങ്ങളെ ബഹുമാനിച്ചു. യാത്ര പുറപ്പെട്ടപ്പോൾ, ഞങ്ങൾക്കാവശ്യമായിരുന്നതെല്ലാം കൊണ്ടുവന്നു തന്നു.

റോമിൽ എത്തുന്നു

11മൂന്നു മാസത്തിനുശേഷം, ആ ദ്വീപിൽ ശീതകാലം കഴിയുന്നതുവരെ നങ്കൂരമടിച്ചു കിടന്നിരുന്ന അശ്വനിചിഹ്നമുള്ള[a] ഒരു അലക്സന്ത്രിയാ കപ്പലിൽ ഞങ്ങൾ യാത്ര പുറപ്പെട്ടു. 12ഞങ്ങൾ സുറക്കൂസയിലെത്തി മൂന്നുദിവസം അവിടെ പാർത്തു. 13അവിടെനിന്നു യാത്രതിരിച്ച് രെഗ്യൊനിൽ എത്തി. പിറ്റേന്ന് തെക്കൻകാറ്റു വീശിയതിനാൽ അതിന്റെ അടുത്തദിവസം ഞങ്ങൾ പുത്യൊലിയിൽ എത്തി. 14അവിടെ ഏതാനും സഹോദരരെ കാണുകയും അവർ ഞങ്ങളെ ഒരാഴ്ചത്തേക്ക് അവരോടുകൂടെ പാർക്കുവാൻ ക്ഷണിക്കുകയും ചെയ്തു. പിന്നെ ഞങ്ങൾ റോമിലേക്കു പോയി. 15അവിടെയുള്ള സഹോദരർ, ഞങ്ങൾ വരുന്നുവെന്നു കേട്ടിരുന്നു; അവർ ഞങ്ങളെ സ്വീകരിക്കുവാൻ അപ്പുപുരവും ത്രിമണ്ഡപവും വരെ വന്നു. അവരെ കണ്ടപ്പോൾ പൗലൊസ് ദൈവത്തിനു നന്ദി പറയുകയും ധൈര്യപ്പെടുകയും ചെയ്തു. 16ഞങ്ങൾ റോമിലെത്തിയശേഷം പൗലൊസിന്, തന്റെ കാവലിനു നിയോഗിക്കപ്പെട്ട പടയാളിയോടൊപ്പം വേറിട്ടു താമസിക്കുവാൻ അനുവാദം കിട്ടി.

പൗലൊസ് റോമിൽ പ്രസംഗിക്കുന്നു

17മൂന്നുദിവസം കഴിഞ്ഞ് അദ്ദേഹം യഹൂദനേതാക്കളെ വിളിച്ചുകൂട്ടി. അവർ വന്നുകൂടിയപ്പോൾ പൗലൊസ് അവരോടു പ്രസ്താവിച്ചു: "എന്റെ സഹോദരന്മാരേ, ഞാൻ നമ്മുടെ ജനങ്ങൾക്കോ നമ്മുടെ പിതാക്കന്മാരുടെ ആചാരങ്ങൾക്കോ എതിരായി ഒന്നും പ്രവർത്തിച്ചിട്ടില്ല. എങ്കിലും യെരൂശലേമിൽവച്ച് എന്നെ തടവുകാരനാക്കി റോമാക്കാരുടെ കയ്യിൽ ഏല്പിച്ചു. 18മരണശിക്ഷയ്ക്ക് അർഹമായ കുറ്റകൃത്യമൊന്നും ഞാൻ ചെയ്തിട്ടില്ലായിരുന്നതുകൊണ്ട് അവരെന്നെ വിചാരണ ചെയ്ത ശേഷം സ്വതന്ത്രനായി വിടാൻ ആഗ്രഹിച്ചു. 19എന്നാൽ യഹൂദർ എതിർത്തപ്പോൾ ഞാൻ കൈസറുടെ മുമ്പാകെ മേൽവിചാരണയ്ക്ക് അപേക്ഷിക്കുവാൻ നിർബ്ബന്ധിതനായി. സ്വജനങ്ങൾക്കെതിരേ എന്തെങ്കിലും പരാതിയുണ്ടായിരുന്നതുകൊണ്ടല്ല ഇങ്ങനെ ചെയ്തത്. 20ഇക്കാരണത്താൽ, നിങ്ങളെ കാ

[a] 11 അല്ലെങ്കിൽ, *കാസ്റ്റർ, പൊലക്സ് എന്നീ ഇരട്ട ദേവന്മാരുടെ ചിഹ്നമുള്ള*

ണണമെന്നും നിങ്ങളോടു സംസാരിക്കണമെന്നും ഞാൻ ആവശ്യപ്പെട്ടു. യിസ്രായേലിന്റെ പ്രത്യാശ നിമിത്തമത്രേ ഞാൻ ഈ ചങ്ങലയാൽ ബന്ധിതനായിരിക്കുന്നത്."

21"താങ്കളെ സംബന്ധിച്ച് ഞങ്ങൾക്കു യഹൂദ്യയിൽനിന്ന് കത്തുകളൊന്നും ലഭിച്ചിട്ടില്ല; അവിടെനിന്നു വന്ന സഹോദരങ്ങളിലാരും താങ്കളെപ്പറ്റി ദോഷമായ വിവരങ്ങൾ അറിയിക്കുകയോ സംസാരിക്കുകയോ ചെയ്തിട്ടുമില്ല. 22എന്നാൽ എല്ലായിടത്തുമുള്ള ജനങ്ങൾ ഈ മതവിഭാഗത്തെ എതിർത്തു സംസാരിക്കുന്നതായി അറിയുന്നതുകൊണ്ട്, താങ്കളുടെ അഭിപ്രായം കേൾക്കാൻ ഞങ്ങളാഗ്രഹിക്കുന്നു."

23അവർ ഒരു ദിവസം നിശ്ചയിച്ചു; അന്നു നിരവധി ആളുകൾ അദ്ദേഹം താമസിച്ചിരുന്ന സ്ഥലത്തു വന്നെത്തി. രാവിലെമുതൽ സന്ധ്യവരെ അദ്ദേഹം അവരോടു ദൈവരാജ്യത്തെപ്പറ്റി വിശദീകരിച്ചു പ്രസംഗിക്കുകയും മോശെയുടെ ന്യായപ്രമാണത്തിൽനിന്നും പ്രവാചകപുസ്തകങ്ങളിൽനിന്നും യേശുവിനെപ്പറ്റി അവരെ ബോധ്യപ്പെടുത്തുവാൻ ശ്രമിക്കുകയും ചെയ്തു. 24അദ്ദേഹം പറഞ്ഞതു ചിലർക്കു ബോധ്യപ്പെട്ടു; മറ്റുചിലർ വിശ്വസിച്ചില്ല. 25അവർ തമ്മിൽ യോജിപ്പിലെത്താതെ സ്ഥലംവിടാൻ തുടങ്ങിയപ്പോൾ പൗലൊസ് ഇങ്ങനെ പ്രസ്താവിച്ചു:

26"ഈ ജനത്തിന്റെ അടുത്തുചെന്ന് അവരോടു പറയേണ്ടത്: 'നിങ്ങൾ ചെവികൊണ്ടു കേട്ടിട്ടും ഗ്രഹിക്കുകയില്ല; കണ്ണുകൊണ്ടു കണ്ടിട്ടും മനസ്സിലാക്കുകയില്ല, അവർ കണ്ണുകൊണ്ടു കാണുകയോ ചെവികൊണ്ടു കേൾക്കുകയോ, ഹൃദയംകൊണ്ടു ഗ്രഹിക്കുകയോ മനം തിരിയുകയോ ഞാനവരെ സൗഖ്യമാക്കുകയോ ചെയ്യാതിരിക്കേണ്ടതിന് ഈ ജനത്തിന്റെ ഹൃദയം തടിച്ചിരിക്കുന്നു. അവരുടെ ചെവികേൾക്കാതെ മന്ദമായിരിക്കുന്നു; അവരുടെ കണ്ണ് അടഞ്ഞിരിക്കുന്നു എന്ന് ഈ ജനത്തിന്റെ അടുക്കൽ പോയിപ്പറയുക'[a]എന്ന് പരിശുദ്ധാത്മാവ് യെശയ്യാപ്രവാചകനിലൂടെ നിങ്ങളുടെ പിതാക്കന്മാരോട് പറഞ്ഞിട്ടുള്ളത് സത്യം തന്നേ."

28ആകയാൽ ദൈവം തന്റെ രക്ഷ വിജാതീയർക്ക് അയച്ചിരിക്കുന്നു, അവർ ശ്രദ്ധിക്കും എന്നു നിങ്ങളറിയണമെന്നു ഞാൻ ആഗ്രഹിക്കുന്നു."

29പൗലൊസ് രണ്ടുവർഷം മുഴുവൻ താൻ വാടകയ്ക്കെടുത്ത വീട്ടിൽ പാർത്തുകൊണ്ട്, തന്നെ കാണാൻ വന്ന എല്ലാവരെയും സ്വീകരിച്ചു. 30ധൈര്യത്തോടെയും തടസ്സംകൂടാതെയും അദ്ദേഹം ദൈവരാജ്യം പ്രസംഗിച്ചും കർത്താവായ യേശുക്രിസ്തുവിനെപ്പറ്റി പഠിപ്പിച്ചുംകൊണ്ടിരുന്നു.

റോമർ

1 ക്രിസ്തുയേശുവിന്റെ ദാസനും സുവിശേഷത്തിനുവേണ്ടി വേർതിരിച്ചു വിളിക്കപ്പെട്ട അപ്പൊസ്തലനുമായ പൗലൊസ് ദൈവത്തിനു പ്രിയരും വിളിക്കപ്പെട്ട വിശുദ്ധരുമായ റോമിലുള്ള എല്ലാവർക്കും എഴുതുന്നത്.

2തന്റെ പുത്രനെക്കുറിച്ചുള്ള ഈ സുവിശേഷം, ദൈവം തന്റെ പ്രവാചകന്മാർ മുഖേന മുമ്പു തിരുവെഴുത്തുകളിൽ വാഗ്ദാനം ചെയ്തിട്ടുള്ളതാണ്; 3ജഡം സംബന്ധിച്ചു ദാവീദിന്റെ വംശത്തിൽ ജനിച്ചവനും, 4മരിച്ചവരിൽനിന്നുള്ള ഉയിർത്തെഴുന്നേല്പിനാൽ വിശുദ്ധിയുടെ ആത്മാവു സംബന്ധിച്ചു, ദൈവപുത്രനെന്നു ശക്തിയോടെ പ്രഖ്യാപിക്കപ്പെട്ടവനുമായ [a] നമ്മുടെ കർത്താവായ യേശുക്രിസ്തുവിനെക്കുറിച്ചുള്ളതാണ് ഈ സുവിശേഷം.

5അദ്ദേഹത്താൽ, അവിടുത്തെ നാമത്തിനുവേണ്ടി സകലജനതകളുടെയും ഇടയിൽ വിശ്വാസത്തിന് അനുസരണം വരുത്തുവാനാണ് ഞങ്ങൾക്കു കൃപയും അപ്പൊസ്തലത്വവും ലഭിച്ചത്. 6അവരിൽ യേശുക്രിസ്തുവിനായി വിളിക്കപ്പെട്ട നിങ്ങളും ഉൾപ്പെട്ടിരിക്കുന്നു. 7നമ്മുടെ പിതാവായ ദൈവത്തിൽനിന്നും കർത്താവായ യേശുക്രിസ്തുവിൽ നിന്നും നിങ്ങൾക്കു കൃപയും സമാധാനവും ഉണ്ടാകട്ടെ.

റോം സന്ദർശിക്കുവാനുള്ള പൗലൊസിന്റെ അഭിവാഞ്ഛ

8നിങ്ങളുടെ വിശ്വാസം ലോകത്തിൽ എല്ലായിടത്തും പ്രസിദ്ധമായിരിക്കുന്നതിനാൽ ഞാൻ ആദ്യംതന്നെ നിങ്ങൾക്കെല്ലാവർക്കുംവേണ്ടി യേശുക്രിസ്തു മുഖേന എന്റെ ദൈവത്തിനു സ്തോത്രം ചെയ്യുന്നു. 9എന്റെ പ്രാർത്ഥനയിൽ നിങ്ങളെ എപ്പോഴും ഓർത്തുകൊണ്ട്, എനിക്ക് എപ്പോഴെങ്കിലും നിങ്ങളുടെയടുക്കൽ എത്തുവാൻ ദൈവഹിതത്താൽ വഴി തുറന്നുകിട്ടണമെന്ന് ഞാൻ പ്രാർത്ഥിക്കുന്നു. 10തന്റെ പുത്രനെക്കുറിച്ചുള്ള സുവിശേഷഘോഷണത്തിൽ ഞാൻ സർവ്വാത്മനാ സേവിക്കുന്ന ദൈവം ഇതിനു സാക്ഷി.

11നിങ്ങളെ ശക്തീകരിക്കുവാൻ എന്തെങ്കിലും ആത്മീയവരം നല്കുന്നതിനാണ് ഞാൻ നിങ്ങളെ കാണുവാൻ അതിയായി ആഗ്രഹിക്കുന്നത് 12അങ്ങനെ എന്റെയും നിങ്ങളുടെയും വിശ്വാസത്താൽ നമുക്കു പരസ്പരം, പ്രോത്സാഹനം, ലഭിക്കുവാനിടയാകും. 13സഹോദരരേ, എനിക്കു മറ്റു ജനതകളിൽനിന്നെന്നപോലെ നിങ്ങളിൽനിന്നും 'ഒരു വിളവെടുപ്പ്' ഉണ്ടാകുന്നതിനു നിങ്ങളുടെ അടുക്കൽ വരുവാൻ ഞാൻ പലതവണ ഒരുങ്ങി. എന്നാൽ ഇതുവരെയും എനിക്കു തടസ്സം നേരിട്ടുകൊണ്ടിരുന്നത് നിങ്ങൾ അറിയാതിരിക്കരുതെന്ന് ഞാനാഗ്രഹിക്കുന്നു.

14ഗ്രീക്കുകാരെന്നോ ഗ്രീക്കുകാരല്ലാത്തവരെന്നോ ജ്ഞാനികളെന്നോ മൂഢരെന്നോ ഭേദം കൂടാതെ എല്ലാവർക്കും ഞാൻ കടപ്പെട്ടിരിക്കുന്നു. 15അതുകൊണ്ട് റോമിലുള്ള നിങ്ങളോടും സുവിശേഷം അറിയിക്കുവാൻ ഞാൻ വാഞ്ഛിക്കുന്നു.

16സുവിശേഷത്തെക്കുറിച്ചു ഞാൻ ലജ്ജിക്കുന്നില്ല; എന്തുകൊണ്ടെന്നാൽ വിശ്വസിക്കുന്ന എല്ലാവർക്കും, ആദ്യം യഹൂദനും പിന്നെ യഹൂദേതരനും അതു രക്ഷയ്ക്കായി ദൈവശക്തിയാകുന്നു. 17അതിൽ, ദൈവത്തിന്റെ നീതി വെളിപ്പെട്ടിരിക്കുന്നു. അതു വിശ്വാസത്തിൽനിന്നു വിശ്വാസത്തിലേക്കു നയിക്കുന്നതാണ്, 'നീതിമാൻ വിശ്വാസത്താൽ ജീവിക്കും[b]' എന്ന് എഴുതിയിരിക്കുന്നതുപോലെ തന്നെ.

മനുഷ്യന്റെ അധർമ്മത്തിനെതിരേ ദൈവത്തിന്റെ കോപം

18അധർമ്മംകൊണ്ടു സത്യത്തെ എതിർക്കുന്ന സകല ദൈവനിഷേധത്തിനും ദുഷ്ടതയ്ക്കും എതിരേ ദൈവകോപം സ്വർഗ്ഗത്തിൽനിന്നു വെളിപ്പെട്ടുകൊണ്ടിരിക്കുന്നു. 19ദൈവത്തെക്കുറിച്ച് അറിയാൻ സാധ്യമായതെല്ലാം അവർക്കു വ്യക്തമായിരിക്കുന്നു. കാരണം ദൈവം അതെല്ലാം അവർക്കു വെളിപ്പെടുത്തിക്കൊടുത്തിരിക്കുന്നു;

[a] 4 അഥവാ: *ദൈവപുത്രനാകുവാൻ ശക്തിയോടെ നിയമിക്കപ്പെട്ടവനായ* [b] 17 ഹബക്കൂക്ക് 2:4

20ലോകസൃഷ്ടിമുതൽ ദൈവത്തിന്റെ അദൃശ്യമായ നിത്യശക്തിയും ദിവ്യസ്വഭാവവും അവിടുത്തെ സൃഷ്ടികളിലൂടെ കണ്ടു മനസ്സിലാക്കുവാൻ അവർക്കു കഴിഞ്ഞിട്ടുണ്ട്. അതിനാൽ മനുഷ്യനു യാതൊരു ഒഴികഴിവും പറയാൻ സാധ്യമല്ല.

21അവർ ദൈവത്തെ അറിഞ്ഞിട്ടും ദൈവമെന്ന നിലയിൽ അവിടുത്തെ മഹത്ത്വപ്പെടുത്തുകയോ നന്ദികാണിക്കുകയോ ചെയ്തില്ല; അവരുടെ യുക്തിചിന്ത ഫലശൂന്യമായി; അവരുടെ മൂഢഹൃദയം ഇരുളടഞ്ഞതായി; 22വിവേകികൾ എന്നു സ്വയം അവകാശപ്പെട്ടുവെങ്കിലും അവർ മൂഢരായിത്തീർന്നു; 23അനശ്വരനായ ദൈവത്തിനു നല്കേണ്ട മഹത്ത്വം അവർ നശ്വരനായ മനുഷ്യന്റെറയും പക്ഷി, മൃഗം, ഇഴജന്തു എന്നിവയുടെയും സാദൃശ്യത്തിലുള്ള രൂപങ്ങൾക്കു നല്കി.

24അതുകൊണ്ടു ദൈവം അവരെ, തങ്ങളുടെ ഹൃദയത്തിലെ പാപമോഹങ്ങളിൽ, അന്യോന്യം ശരീരങ്ങളെ നികൃഷ്ടമാക്കുന്ന ലൈംഗികാശുദ്ധിയിലേക്കു വിട്ടുകളഞ്ഞു. 25അവർ ദൈവത്തിന്റെ സത്യത്തെ വ്യാജമാക്കി മാറ്റി; സ്രഷ്ടാവിനെ ആരാധിക്കുന്നതിനുപകരം സൃഷ്ടിയെ ആരാധിക്കുകയും സേവിക്കുകയും ചെയ്തു. സ്രഷ്ടാവായ ദൈവം എന്നേക്കും വാഴ്ത്തപ്പെട്ടവൻ, ആമേൻ.

26ഇതുനിമിത്തം ദൈവം അവരെ നികൃഷ്ടമോഹങ്ങളിലേക്കു വിട്ടുകളഞ്ഞു. അവരുടെ സ്ത്രീജനങ്ങൾപോലും സ്വാഭാവികവേഴ്ചയ്ക്കു പകരം സ്വഭാവവിരുദ്ധമായതു സ്വീകരിച്ചു. 27അതുപോലെ, സ്ത്രീകളോടുള്ള സ്വാഭാവികബന്ധം ഉപേക്ഷിച്ച് പുരുഷന്മാരും കാമാസക്തരായി പരസ്പരം ഹീനകൃത്യങ്ങളിൽ മുഴുകി; തങ്ങളുടെ ലൈംഗികവൈകൃതത്തിന് യോഗ്യമായ ശിക്ഷ അവർക്കു ലഭിക്കുകയും ചെയ്തു.

28ദൈവത്തെക്കുറിച്ചുള്ള പരിജ്ഞാനത്തിൽ നിലനില്ക്കുന്നത് ഉചിതമെന്ന് അവർ കരുതിയില്ല. അതുകൊണ്ട് ദൈവം അവരെ, അരുതാത്തതു ചെയ്യുന്ന അധമബുദ്ധിയിലേക്കു വിട്ടുകളഞ്ഞു. 29അവർ എല്ലാവിധ അധർമ്മവും ദോഷവും അത്യാഗ്രഹവും നികൃഷ്ടതയും നിറഞ്ഞവരാണ്; അസൂയ, കൊലപാതകം, ശണ്ഠ, വഞ്ചന, ദുഷ്ടത എന്നിവയാൽ നിറഞ്ഞവർ. 30വ്യർത്ഥസംസാരക്കാരും പരദൂഷകരും ദൈവദ്വേഷികളും നിഷ്ഠുരരും ഗർവ്വിഷ്ഠരും ആത്മപ്രശംസക്കാരുമത്രേ അവർ; തിന്മയുടെ പുതിയ വഴികൾ അവർ കണ്ടുപിടിക്കുന്നു.

31അവർ മാതാപിതാക്കളെ അനുസരിക്കാത്തവരും അവിവേകികളും വിശ്വാസവഞ്ചകരും ഹൃദയശൂന്യരും നിർദ്ദയരും ആണ്. 32ഇങ്ങനെയുള്ളവർ മരണയോഗ്യർ എന്ന ദൈവകല്പന അറിഞ്ഞിട്ടും അവർ ഇക്കാര്യങ്ങൾതന്നേ തുടർന്നു ചെയ്യുകയും അപ്രകാരം ചെയ്യുന്നവരെ അംഗീകരിക്കുകയും ചെയ്യുന്നു.

ദൈവത്തിന്റെ നീതിയുള്ള ന്യായവിധി

2 ആകയാൽ മറ്റുള്ളവനെ വിധിക്കുന്ന മനുഷ്യാ, നീ ആരായാലും നിനക്ക് ഒഴികഴിവൊന്നുമില്ല; കാരണം നീ ഏതു കാര്യത്തിനു മറ്റൊരാളെ വിധിക്കുന്നുവോ അതേകാര്യത്തിൽ നിന്നെത്തന്നേ കുറ്റം വിധിക്കുന്നു. വിധിക്കുന്ന നീ അതേകാര്യം പ്രവർത്തിക്കുന്നുവല്ലോ. 2ഇത്തരം കാര്യങ്ങൾ പ്രവർത്തിക്കുന്നവർക്കെതിരായുള്ള ദൈവത്തിന്റെ ന്യായവിധി സത്യത്തിൽ അധിഷ്ഠിതമാണെന്ന് നമുക്കറിയാം. 3അതുകൊണ്ട് അന്യരെ വിധിക്കുകയും അതേകാര്യങ്ങൾ പ്രവർത്തിക്കുകയും ചെയ്യുന്ന വെറുമൊരു മനുഷ്യനായ നീ ദൈവത്തിന്റെ ന്യായവിധിയിൽനിന്നും തെറ്റി ഒഴിയാമെന്ന് ചിന്തിക്കുന്നുവോ? 4ദൈവത്തിന്റെ ദയ നിന്നെ മാനസാന്തരത്തിലേക്കു നയിക്കുന്നുവെന്നറിയാതെ നീ അവിടുത്തെ സമൃദ്ധമായ കരുണ, സഹിഷ്ണുത, ദീർഘക്ഷമ എന്നിവയെ അവഗണിക്കുന്നുവോ?

5നിന്റെ ശാഠ്യവും, അനുതാപമില്ലാത്ത ഹൃദയവും നിമിത്തം ദൈവത്തിന്റെ നീതിയുള്ള വിധി വെളിപ്പെടുന്ന ക്രോധദിവസത്തേക്കു നീ നിനക്കുതന്നേ ദൈവക്രോധം ശേഖരിച്ചുവയ്ക്കുകയാണു ചെയ്യുന്നത്. 6ദൈവം "ഓരോരുത്തനും അവനവൻ ചെയ്തിട്ടുള്ളതിനു തക്കവണ്ണം പകരം നല്കും.[a] " 7നിരന്തരം നന്മ ചെയ്തുകൊണ്ടു മഹത്ത്വവും മാനവും അനശ്വരതയും അന്വേഷിക്കുന്നവർക്ക് അവിടുന്നു നിത്യജീവൻ നല്കും. 8എന്നാൽ സ്വാർത്ഥം തേടുകയും സത്യം നിരസിച്ചു തിന്മ പിൻതുടരുകയും ചെയ്യുന്നവർക്കെതിരേ കോപവും ക്രോധവും ഉണ്ടാകും. 9തിന്മ ചെയ്യുന്ന ഏതു മനുഷ്യനും, ആദ്യം യഹൂദനും പിന്നെ വിജാതീയനും, കഷ്ടതയും യാതനയും ഉണ്ടാകും. 10എന്നാൽ നന്മ പ്രവർത്തിക്കുന്ന ഏവർക്കും, ആദ്യം യഹൂദനും പിന്നെ വിജാതീയനും, മഹത്ത്വവും ബഹുമാനവും സമാധാനവും ലഭിക്കും; 11ദൈവത്തിനു പക്ഷഭേദമില്ലല്ലോ.

12ന്യായപ്രമാണം ലഭിക്കാതെ പാപം ചെയ്തവരെല്ലാം ന്യായപ്രമാണം കൂടാതെതന്നേ നശിക്കും. ന്യായപ്രമാണം ഉണ്ടായിട്ടും, പാപം ചെയ്തവരെല്ലാം ന്യായപ്രമാണത്താൽ വിധിക്കപ്പെടും. 13ന്യായപ്രമാണം കേൾക്കുന്നവരല്ല ദൈവസന്നിധിയിൽ നീതിമാന്മാർ; അതനുസരി

[a] 6 സങ്കീർത്തനം 62:2, സുഭാഷിതങ്ങൾ 24:12

ക്കുന്നവരാണു നീതിമാന്മാരായി അംഗീകരിക്ക
പ്പെടുന്നത്. 14ന്യായപ്രമാണം ഇല്ലാത്തവരായ
വിജാതീയർ ന്യായപ്രമാണം അനുശാസിക്കുന്ന
കാര്യങ്ങൾ സ്വാഭാവികമായി ചെയ്യുമ്പോൾ
അവർ തങ്ങൾക്കുതന്നേ ഒരു ന്യായപ്രമാണമാ
യിത്തീരുന്നു. 15അവരുടെ മനസ്സാക്ഷി ഇതിനു
സാക്ഷ്യം വഹിച്ചും അവരുടെ ചിന്തകൾ അവ
രെ കുറ്റപ്പെടുത്തുകയോ നീതീകരിക്കുകയോ
ചെയ്തുംകൊണ്ടു ന്യായപ്രമാണം നിർദ്ദേശി
ക്കുന്ന കാര്യങ്ങൾ തങ്ങളുടെ ഹൃദയത്തിൽ
എഴുതപ്പെട്ടിരിക്കുന്നതായി അവർ വ്യക്തമാ
ക്കുന്നു. 16ദൈവം സകലമനുഷ്യരുടെയും
രഹസ്യങ്ങളെ ഞാൻ പ്രസംഗിക്കുന്ന സു
വിശേഷത്തിനനുസരണമായി യേശുക്രിസ്തു
വിലൂടെ ന്യായം വിധിക്കുന്ന ദിവസത്തിൽ ഇതു
സംഭവിക്കും

യഹൂദരും ന്യായപ്രമാണവും

17എന്നാൽ നീ നിന്നെത്തന്നേ യഹൂദൻ
എന്നു വിളിക്കുന്നു; ന്യായപ്രമാണത്തിൽ ആ
ശ്രയിച്ചുകൊണ്ടു ദൈവത്തോടുള്ള ബന്ധത്തെ
ക്കുറിച്ചു നീ ആത്മപ്രശംസ ചെയ്യുന്നു. 18ന്യാ
യപ്രമാണത്തിൽനിന്നു പഠിച്ചതിന്റെ ഫലമാ
യ ദൈവഹിതം തിരിച്ചറിയുകയും ശ്രേഷ്ഠമാ
യത് അംഗീകരിക്കുകയും ചെയ്യുന്നു; 19ന്യായ
പ്രമാണത്തിൽനിന്നു ജ്ഞാനത്തിന്റെയും
സത്യത്തിന്റെയും സാരാംശം ലഭിച്ചിട്ടുള്ളതു
കൊണ്ടു നീ കുരുടർക്കു വഴികാട്ടിയും ഇരുട്ടി
ലുള്ളവർക്കു വെളിച്ചവും 20മൂഢർക്കു അദ്ധ്യാ
പകനും ശിശുക്കൾക്ക് ഉപദേഷ്ടാവും ആണെ
ന്നു നീ ഭാവിക്കുന്നു. 21ഇതു വാസ്തവമെങ്കിൽ,
അന്യരെ ഉപദേശിക്കുന്ന നീ എന്തുകൊണ്ട്
നിന്നെത്തന്നേ ഉപദേശിക്കുന്നില്ല? മോഷ്ടി
ക്കരുത് എന്നു പ്രസംഗിക്കുന്ന നീ മോഷ്ടിക്കു
ന്നുവോ? 22വ്യഭിചാരം ചെയ്യരുത് എന്നു ജനങ്ങ
ളോടു പറയുന്ന നീ വ്യഭിചാരം ചെയ്യുന്നുവോ?
വിഗ്രഹങ്ങളെ വെറുക്കുന്ന നീ ക്ഷേത്രങ്ങൾ
കൊള്ള ചെയ്യുന്നുവോ? 23ന്യായപ്രമാണ
ത്തെപ്പറ്റി ആത്മപ്രശംസ ചെയ്യുന്ന നീ ന്യായ
പ്രമാണം ലംഘിച്ചുകൊണ്ട് ദൈവത്തെ അപമാ
നിക്കുന്നുവോ? 24"നിങ്ങൾനിമിത്തം ദൈവ
നാമം വിജാതീയരുടെയിടയിൽ നിന്ദിക്ക
പ്പെടുന്നു[a] " എന്നെഴുതിയിരിക്കുന്നുവല്ലോ!
25നീ ന്യായപ്രമാണം പാലിക്കുന്നുവെങ്കിൽ പരി
ച്ഛേദനം പ്രയോജനമുള്ളതാകും; ന്യായപ്രമാ
ണം ലംഘിച്ചാൽ നീ പരിച്ഛേദനമേല്ക്കാത്ത
വനു തുല്യനാകും. 26പരിച്ഛേദനം സ്വീകരി
ച്ചിട്ടില്ലാത്തവർ ന്യായപ്രമാണത്തിലെ വിധികൾ
അനുസരിക്കുന്നുവെങ്കിൽ പരിച്ഛേദന മു
ള്ളവരെപ്പോലെ അവർ പരിഗണിക്കപ്പെടു
കയില്ലേ? 27നിനക്ക് എഴുതപ്പെട്ട ന്യായപ്രമാ
ണവും പരിച്ഛേദനവും ഉണ്ടെങ്കിൽതന്നെയും
നീ ന്യായപ്രമാണം ലംഘിക്കുന്നുവെങ്കിൽ, ശാരീ
രികമായി പരിച്ഛേദനം ഏല്ക്കാതെതന്നേ
ന്യായപ്രമാണം അനുസരിക്കുന്നവൻ നിന്നെ
കുറ്റം വിധിക്കും.

28പുറമേ യഹൂദനായിരിക്കുന്നവൻ യഹൂ
ദനല്ല; യഥാർത്ഥ പരിച്ഛേദനം കേവലം ബാ
ഹ്യവും ശാരീരികവും അല്ല. 29അകമേ യഹൂ
ദനായവൻ മാത്രമാണു യഹൂദൻ; അക്ഷരാ
ർത്ഥത്തിലുള്ളതല്ല, ആത്മാവിനാൽ ഹൃദയത്തി
ലുണ്ടാകുന്നതാണ് ശരിയായ പരിച്ഛേദനം.
അതുള്ളവനു മനുഷ്യരിൽനിന്നല്ല, ദൈവത്തിൽ
നിന്നുതന്നേ പുകഴ്ച ലഭിക്കും.

ദൈവത്തിന്റെ വിശ്വസ്തത

3 അങ്ങനെയെങ്കിൽ യഹൂദന് എന്താണു
മേന്മ? അഥവാ പരിച്ഛേദനംകൊണ്ട്
എന്തുപ്രയോജനം? 2എല്ലാവിധത്തിലും വള
രെയുണ്ട്: ഒന്നാമത്, ദൈവത്തിന്റെ അരുളപ്പാ
ടുകൾ അവരെ ഭരമേല്പിച്ചിരിക്കുന്നു എന്നതു
തന്നേ. 3ചിലർ വിശ്വസിച്ചില്ലെങ്കിൽ അതുകൊ
ണ്ടെന്ത്? അവരുടെ വിശ്വാസരാഹിത്യം ദൈവ
ത്തിന്റെ വിശ്വസ്തതയെ നിഷ്ഫലമാക്കുമോ?
4ഒരിക്കലുമില്ല! എല്ലാ മനുഷ്യരും വ്യാജം
പറയുന്നവരാണെങ്കിലും ദൈവം സത്യവാൻ
ആയിരിക്കട്ടെ.

> "അങ്ങയുടെ വാക്കുകളിൽ അങ്ങ്
> നീതിമാനെന്ന് തെളിയിക്കപ്പെടുവാനും
> ന്യായവിസ്താരത്തിൽ അങ്ങ് വിജയി
> ക്കുവാനും[b] "

എന്ന് എഴുതിയിരിക്കുന്നുവല്ലോ!

5 എന്നാൽ നമ്മുടെ അനീതി ദൈവത്തിന്റെ
നീതിയെ വ്യക്തമാക്കുന്നുവെങ്കിൽ നാം എന്തു
പറയും? തന്റെ കോപം നമ്മുടെമേൽ വരുത്തു
ന്നതുകൊണ്ട് ദൈവം അനീതിയുള്ളവൻ
എന്നോ? (മാനുഷികമായ ഒരു വാദം ഞാൻ
ഉന്നയിക്കുകയാണ്.) 6ഒരിക്കലുമല്ല, അങ്ങ
നെയെങ്കിൽ, ദൈവം എങ്ങനെ ലോകത്തെ വി
ധിക്കും? 7"എന്റെ അസത്യം ദൈവത്തിന്റെ
സത്യത്തെ പരിപോഷിപ്പിച്ച് അവിടുത്തെ
മഹത്ത്വം വർദ്ധിപ്പിക്കുന്നുവെങ്കിൽ, എന്നെയൊ
രു പാപിയെന്നു വിധിക്കുന്നതെന്തിന്?" എന്ന്
ചിലർ വാദിച്ചേക്കാം, 8അങ്ങനെയെങ്കിൽ,
"നന്മവരേണ്ടതിന് നമുക്കു തിന്മ പ്രവർത്തിക്കാം"
എന്നുകൂടി പറയരുതോ? ഞങ്ങൾ ഇങ്ങനെ പ
റയുന്നതായി ചിലർ ആരോപിക്കുന്നു; അവ
ർക്കു വരുന്ന ശിക്ഷാവിധി നീതിയുക്തംതന്നേ.

[a] 24 യെശയ്യാവ് 52:5; യെഹസ്കേൽ 36:22 [b] 4 സങ്കീർത്തനം 51:4

നീതിമാൻ ആരുമില്ല

9അതുകൊണ്ടെന്ത്? യഹൂദരായ നമുക്ക് എ
ന്തെങ്കിലും മേന്മയുണ്ടോ[a] ? ഒന്നുംതന്നെയില്ല.
നാം മുമ്പുപറഞ്ഞതുപോലെ യഹൂദരും വിജാ
തീയരുമെല്ലാം ഒരുപോലെ പാപത്തിന് അധീ
നരാണ്.

10"നീതിമാൻ ആരുമില്ല,
ഒരുവൻ പോലുമില്ല.
11ഗ്രഹിക്കുന്നവൻ ആരുമില്ല,
ദൈവത്തെ അന്വേഷിക്കുന്നവ
നുമില്ല. 12എല്ലാവരും വഴിതെറ്റി
ഒന്നടങ്കം കൊള്ളരുതാത്തവരാ
യിത്തീർന്നിരിക്കുന്നു; നന്മ
ചെയ്യുന്നവൻ ആരുമില്ല,
ഒരാൾപോലുമില്ല.[b]"

13"അവരുടെ തൊണ്ട തുറന്ന ശവ
ക്കുഴി; അവരുടെ നാവു വഞ്ചന പ്രവർ
ത്തിക്കുന്നു; അവരുടെ അധരങ്ങളിൽ
അണലിവിഷമുണ്ട്.[c]"

14"ശാപവും കയ്പും അവരുടെ
വായിൽ നിറഞ്ഞിരിക്കുന്നു.[d]"

15"അവരുടെ കാലുകൾ രക്തം
ചൊരിയാൻ തിടുക്കം കൂട്ടുന്നു.
16നാശവും ദുരിതവും അവരുടെ
പാതകളിൽ ഉണ്ട്.
17സമാധാനത്തിന്റെ മാർഗ്ഗം
അവർ അറിയുന്നില്ല.[e]"

18"അവരുടെ ദൃഷ്ടിയിൽ
ദൈവഭയമില്ല."[f]

എന്നിങ്ങനെ എഴുതിയിരിക്കുന്നുവല്ലോ!

19ന്യായപ്രമാണം പറയുന്നതെല്ലാം അതിനു
കീഴിലുള്ളവരോടാണ് എന്നു നമുക്കറിയാം.
എല്ലാ അധരങ്ങളും നിശ്ശബ്ദമാകുവാനും ലോ
കം മുഴുവൻ ദൈവത്തോട് ഉത്തരവാദിത്വപ്പെട്ടി
രിക്കുന്നുവെന്ന് വ്യക്തമാക്കുവാനുംതന്നേ.
20അതിനാൽ ന്യായപ്രമാണം അനുഷ്ഠി
ക്കുന്നതുകൊണ്ട് ആരും അവിടുത്തെമുമ്പിൽ
നീതിമാനാവുകയില്ല; ന്യായപ്രമാണം മുഖേന
ലഭിക്കുന്നത് പാപത്തെക്കുറിച്ചുള്ള ബോധം
മാത്രമാണ്.

വിശ്വാസത്തിലൂടെ നീതീകരണം

21എന്നാൽ ഇപ്പോഴാകട്ടെ, ദൈവത്തിൽ
നിന്നുള്ള നീതി ന്യായപ്രമാണംകൂടാതെ പ്രത്യ
ക്ഷമായിരിക്കുന്നു: ന്യായപ്രമാണവും പ്രവാ
ചകന്മാരും അതിനു സാക്ഷ്യം വഹിക്കുന്നുണ്ട്.
22ദൈവത്തിൽനിന്നുള്ള ഈ നീതി, വിശ്വസി
ക്കുന്ന എല്ലാവർക്കും യേശുക്രിസ്തുവിലുള്ള
വിശ്വാസത്താലാണു ലഭ്യമാകുന്നത്. 23ഒരു വ്യ
ത്യാസവുമില്ല, എല്ലാവരും പാപംചെയ്തു ദൈവ
തേജസ്സിൽനിന്ന് അകന്നുപോയിരിക്കുന്നു.
24എങ്കിലും അവിടുത്തെ കൃപയാൽ, ക്രി
സ്തുയേശു മുഖേനയുള്ള വീണ്ടെടുപ്പിലൂടെ
അവർ സൗജന്യമായി നീതീകരിക്കപ്പെടുന്നു.
25യേശുവിനെ പാപപരിഹാരയാഗമാകുവാൻ
ദൈവം നിയോഗിച്ചു. അവിടുത്തെ രക്തത്തി
ലുള്ള വിശ്വാസത്താലാണ് അതു ഫലപ്രദമാ
കുന്നത്. തന്റെ നീതി വെളിപ്പെടുത്തുന്നതി
നാണു ദൈവം അങ്ങനെ ചെയ്തത്. മുൻകാ
ലപാപങ്ങൾക്കു ദൈവം ശിക്ഷ വിധിച്ചില്ലെങ്കി
ലും 26അവിടുന്നു സ്വയം നീതിമാനാണെന്നും
യേശുവിൽ വിശ്വസിക്കുന്നവരെ നീതീകരി
ക്കുന്നുവെന്നും ഇവിടെ വ്യക്തമാകുന്നു.

27അങ്ങനെയെങ്കിൽ പ്രശംസ എവിടെ? അതു
നീങ്ങിപ്പോയിരിക്കുന്നു. ഏതു പ്രമാണത്തിന്റെ
അടിസ്ഥാനത്തിൽ? കർമ്മങ്ങൾ അനുഷ്ഠി
ക്കുന്നതിലൂടെയോ? അല്ല, വിശ്വാസത്തിന്റെ
അടിസ്ഥാനത്തിൽതന്നേ. 28അങ്ങനെ ന്യായ
പ്രമാണത്തിന്റെ അനുഷ്ഠാനം കൂടാതെ വി
ശ്വാസത്താൽതന്നേ മനുഷ്യൻ നീതികരിക്ക
പ്പെടുന്നു എന്നു നാം നിർണ്ണയിക്കുന്നു.
29ദൈവം യഹൂദരുടെമാത്രം ദൈവമോ? അവി
ടുന്നു യഹൂദരല്ലാത്തവരുടെയും ദൈവം അല്ല
യോ? അതേ, അവിടുന്ന് അവരുടെയും ദൈവമാ
ണ്. 30ദൈവം ഒരുവൻമാത്രമല്ലോ; പരിച്
ഛേദനം ഏറ്റവരെ അവിടുന്നു വിശ്വാസത്താൽ
നീതീകരിക്കുന്നു. അതേ വിശ്വാസത്താൽ പരി
ച്ഛേദനം ഏല്ക്കാത്തവരെയും അവിടുന്നു നീ
തീകരിക്കുന്നു. 31അപ്പോൾ, നാം വിശ്വാ
സത്താൽ ന്യായപ്രമാണത്തെ നിഷ്ഫലമാ
ക്കുന്നുവോ? ഒരിക്കലുമില്ല, നാം ന്യായപ്രമാണ
ത്തെ ഉറപ്പിക്കുകയത്രേ ചെയ്യുന്നത്.

അബ്രാഹാം വിശ്വാസത്താൽ
നീതീകരിക്കപ്പെടുന്നു

4 അങ്ങനെയെങ്കിൽ, നമ്മുടെ പൂർവ്വപിതാ
വായ അബ്രാഹാമിന്റെ അനുഭവത്തെപ്പറ്റി
നമുക്ക് എന്തു പറയാം? 2അബ്രാഹാം നീതീ
കരിക്കപ്പെട്ടതു പ്രവൃത്തികളാൽ ആയിരുന്നെ
ങ്കിൽ അദ്ദേഹത്തിനു പ്രശംസിക്കുവാൻ വകയു
ണ്ടായിരുന്നു. എന്നാൽ ദൈവസന്നിധിയിൽ
അതിനു വകയില്ല, 3തിരുവെഴുത്ത് എന്തു
പറയുന്നു?"അബ്രാഹാം ദൈവത്തിൽ വിശ്വസി
ച്ചു, അത് അദ്ദേഹത്തിനു നീതിയായി പരിഗണി
ക്കപ്പെട്ടു.[g]" എന്നുതന്നെ.

4പണിയെടുക്കുന്നവനു കൂലി ദാനമായിട്ടല്ല

---

[a] 9 അഥവാ *കുറവുണ്ടോ?* [b] 12 സങ്കീർത്തനം 14:1-3; സഭാപ്രസംഗി 7:20 [c] 13 സങ്കീർത്തനം5:9
[d] 14 സങ്കീർത്തനം 10:7 [e] 17 യെശയ്യാവ്59:7.8 , [f] 18 സങ്കീർത്തനം 36:1 [g] 3 ഉല്പത്തി 15:6; 22-ാം വാക്യവും
കാണുക.

അവകാശമായിട്ടാണു പരിഗണിക്കുന്നത്. 5എന്നാൽ പാപിയെ നീതീകരിക്കുന്ന ദൈവത്തിൽ വിശ്വസിക്കുന്നവന് അവൻ കർമ്മങ്ങൾ ചെയ്യാത്തവനെങ്കിലും, അവന്റെ വിശ്വാസം നീതിയായി പരിഗണിക്കപ്പെടുന്നു. 6കർമ്മങ്ങൾ പരിഗണിക്കാതെ ദൈവം നീതിമാനായി അംഗീകരിക്കുന്ന മനുഷ്യന്റെ അനുഗൃഹീതാവസ്ഥയെപ്പറ്റി ദാവീദും ഇപ്രകാരം പറയുന്നു:

7"ലംഘനം ക്ഷമിച്ചും പാപം മറച്ചും
കിട്ടിയവർ അനുഗൃഹീതർ,
8കർത്താവ് ഒരിക്കലും പാപം കണക്കിടാത്ത മനുഷ്യൻ അനുഗൃഹീതൻ.[a]"

9അപ്പോൾ ഈ അനുഗ്രഹം പരിച്ഛേദന മേറ്റവർക്കു മാത്രമോ? അതോ, പരിച്ഛേദനം ഇല്ലാത്തവർക്കും കൂടിയുള്ളതോ? അബ്രാഹാമിന്റെ വിശ്വാസം അദ്ദേഹത്തിനു നീതിയായി പരിഗണിക്കപ്പെട്ടു എന്നാണല്ലോ നാം പറയുന്നത്. 10ഏതു സാഹചര്യത്തിലാണ് അങ്ങനെ പരിഗണിക്കപ്പെട്ടത്? പരിച്ഛേദനം ഏറ്റതിനു ശേഷമോ അതിനുമുമ്പോ? ശേഷമല്ല, മുമ്പുതന്നേ. 11പരിച്ഛേദനം ഏല്ക്കുന്നതിനുമുമ്പുതന്നേ അദ്ദേഹത്തിനു വിശ്വാസത്താലുണ്ടായ നീതീകരണത്തിന്റെ മുദ്രയായിട്ടാണ് പരിച്ഛേദനം എന്ന അടയാളം ലഭിച്ചത്. പരിച്ഛേദനം ഏറ്റിട്ടില്ലാത്തവരെങ്കിലും വിശ്വാസത്താൽ നീതീകരിക്കപ്പെടുന്ന എല്ലാവർക്കും അദ്ദേഹം പിതാവായിത്തീരുക എന്നതായിരുന്നു അതിന്റെ ഉദ്ദേശ്യം. 12പരിച്ഛേദനം ഏറ്റവർക്കും അദ്ദേഹം പിതാവാകുന്നു. അത് അവർ പരിച്ഛേദനം ഏറ്റതു കൊണ്ടുമാത്രമല്ല, നമ്മുടെ പിതാവായ അബ്രാഹാമിനു പരിച്ഛേദനം ഏല്ക്കുന്നതിനു മുമ്പുണ്ടായിരുന്ന വിശ്വാസത്തിന്റെ മാതൃക പിന്തുടരുന്നതു കൊണ്ടത്രേ.

13ലോകാവകാശിയായിത്തീരുമെന്നുള്ള വാഗ്ദാനം അബ്രാഹാമിനും അദ്ദേഹത്തോടൊപ്പം തന്റെ സന്തതിക്കും ന്യായപ്രമാണത്തിലൂടെയല്ല, വിശ്വാസത്താലുള്ള നീതിയിലൂടെയാണ് ലഭിച്ചത്. 14ന്യായപ്രമാണം പിന്തുടരുന്നവരാണ് അവകാശികളെങ്കിൽ, വിശ്വാസം വിലയില്ലാത്തതും വാഗ്ദാനം വ്യർത്ഥവുമാണ്. 15എന്തെന്നാൽ ന്യായപ്രമാണം കോപത്തിന് കാരണമാകുന്നു. ന്യായപ്രമാണമില്ലാത്തേടത്തു ലംഘനവുമില്ല.

16അതുകൊണ്ട്, വാഗ്ദാനം നല്കപ്പെടുന്നതു വിശ്വാസത്തിന്റെ അടിസ്ഥാനത്തിലാണ്; അങ്ങനെ വാഗ്ദാനം കൃപയാലുള്ളതെന്നും അബ്രാഹാമിന്റെ സന്തതികൾക്കെല്ലാം, ന്യായപ്രമാണമുള്ളവർക്കു മാത്രമല്ല, അബ്രാഹാമിന്റെ വിശ്വാസമുള്ളവർക്കുംകൂടെ- ഉറപ്പായി നല്കപ്പെട്ട അവകാശമാണെന്നും വരുന്നു. അദ്ദേഹം നമ്മുടെ എല്ലാവരുടെയും പിതാവാണ്. 17"ഞാൻ നിന്നെ അനേകം ജനതകളുടെ പിതാവാക്കിയിരിക്കുന്നു[b]" എന്ന് എഴുതിയിരിക്കുന്നുവല്ലോ! താൻ വിശ്വസിച്ച ദൈവത്തിന്റെ ദൃഷ്ടിയിൽ, മരിച്ചവരെ ജീവിപ്പിക്കുകയും ഇല്ലാത്തവയെ ഉള്ളവയെപ്പോലെ വിളിക്കുകയും ചെയ്യുന്ന ദൈവത്തിന്റെ ദൃഷ്ടിയിൽത്തന്നേ, അദ്ദേഹം നമ്മുടെ പിതാവാകുന്നു.

18"നിന്റെ സന്തതി ഇങ്ങനെ ആകും[c]" എന്നു തന്നോട് അരുളിച്ചെയ്തതു, സകല ആശയ്ക്കും വിപരീതമായി ആശയോടെ അബ്രാഹാം വിശ്വസിക്കുകയും അങ്ങനെ അനവധി ജനതകളുടെ പിതാവായിത്തീരുകയും ചെയ്തു. 19അബ്രാഹാമിന് ഏകദേശം നൂറുവയസ്സു പ്രായമുണ്ടായിരുന്നതിനാൽ അദ്ദേഹത്തിന്റെ ശരീരം മൃതപ്രായമായിരുന്നു. സാറായുടെ ഗർഭപാത്രവും നിർജ്ജീവമായിരുന്നു. എന്നിട്ടും അദ്ദേഹം വിശ്വാസത്തിൽ ക്ഷീണിച്ചില്ല. 20ദൈവത്തിന്റെ വാഗ്ദാനത്തെക്കുറിച്ച്, അവിശ്വാസത്താൽ ചഞ്ചലപ്പെടാതെ, 21ദൈവം വാഗ്ദാനം ചെയ്തതു നിവർത്തിപ്പാൻ ദൈവം ശക്തനാണെന്നുള്ള പൂർണ്ണബോധ്യത്തോടെ, അദ്ദേഹം വിശ്വാസത്തിൽ ശക്തിപ്പെട്ടു ദൈവത്തെ മഹത്ത്വപ്പെടുത്തി. 22അങ്ങനെ "അത് അദ്ദേഹത്തിനു നീതിയായി പരിഗണിക്കപ്പെട്ടു." 23"നീതിയായി പരിഗണിക്കപ്പെട്ടു" എന്ന വാക്കുകൾ അദ്ദേഹത്തിനു വേണ്ടി മാത്രമല്ല നമുക്കുവേണ്ടിയുംകൂടെയാണ് എഴുതപ്പെട്ടിരിക്കുന്നത്. 24കർത്താവായ യേശുവിനെ മരിച്ചവരുടെ ഇടയിൽനിന്ന് ഉയിർപ്പിച്ചവനിൽ വിശ്വസിക്കുന്ന നമുക്കുവേണ്ടിയും ഇതു പരിഗണിക്കപ്പെടും. 25അവിടുന്ന് നമ്മുടെ പാപങ്ങൾ നിമിത്തം മരണത്തിന് ഏല്പിക്കപ്പെടുകയും നമ്മുടെ നീതീകരണത്തിനായി ഉയിർപ്പിക്കപ്പെടുകയും ചെയ്തുവല്ലോ.

സമാധാനവും, സന്തോഷവും

5 അതുകൊണ്ട്,വിശ്വാസത്താൽ നീതീകരിക്കപ്പെട്ടിട്ടു നമ്മുടെ കർത്താവായ യേശുക്രിസ്തുമുഖേന നമുക്കു ദൈവത്തോടു സമാധാനം ഉണ്ട്. 2അദ്ദേഹത്തിലൂടെയാണ് നാം ഇപ്പോൾ നില്ക്കുന്ന ഈ കൃപയിലേക്കു നമുക്കു പ്രവേശനം ലഭിച്ചിരിക്കുന്നത്. ദൈവതേജസ്സിന്റെ പ്രത്യാശയിൽ നാം ആനന്ദിക്കുന്നു. 3അതുമാത്രമല്ല, നമ്മുടെ കഷ്ടതയിലും നാം ആനന്ദിക്കുന്നു. 4എന്തുകൊണ്ടെന്നാൽ കഷ്ടത സഹിഷ്ണുതയെയും സഹിഷ്ണുത പരിപക്വതയെയും പരിപക്വത പ്രത്യാശയെയും ഉളവാക്കുന്നു എന്നും നാം അറിയുന്നു. 5പ്രത്യാ

[a] 8 സങ്കീർത്തനം 32:1,2 [b] 17 ഉൽപത്തി 17:5 [c] 18 ഉൽപത്തി 15:5

ശ നമ്മെ ലജ്ജിതരാക്കുന്നില്ല; ദൈവസ്നേഹം, താൻ നമുക്കു നല്കിയ പരിശുദ്ധാത്മാവിനാൽ, നമ്മുടെ ഹൃദയങ്ങളിൽ പകർന്നിരിക്കുന്നുവല്ലോ.

6നാം ശക്തിഹീനരായിരുന്നപ്പോൾത്തന്നേ ക്രിസ്തു തക്കസമയത്ത് അധർമ്മികൾക്കു വേണ്ടി മരിച്ചു. 7നീതിമാനുവേണ്ടിപ്പോലും ആരെങ്കിലും മരിക്കുന്നത് അപൂർവ്വമാണ്. നല്ലവനായ ഒരു മനുഷ്യനുവേണ്ടി ആരെങ്കിലും മരിക്കാൻ തയ്യാറായേക്കാം. 8എന്നാൽ നാം പാപികളായിരിക്കുമ്പോൾതന്നേ ക്രിസ്തു നമുക്കുവേണ്ടി മരിച്ചു; അങ്ങനെ അവിടുന്നു, തനിക്കു നമ്മോടുള്ള സ്നേഹം വെളിപ്പെടുത്തുന്നു.

9ക്രിസ്തുവിന്റെ രക്തത്താൽ നാം ഇപ്പോൾത്തന്നെ നീതീകരിക്കപ്പെട്ടിരിക്കുന്നുവെങ്കിൽ അദ്ദേഹംമുഖേന ഇനിമേൽ നാം എത്രയധികമായി ദൈവക്രോധത്തിൽനിന്നു രക്ഷിക്കപ്പെടും! 10നാം ദൈവത്തിന്റെ ശത്രുക്കളായിരുന്നപ്പോൾത്തന്നേ അവിടുത്തെ പുത്രന്റെ മരണത്താൽ നമുക്കു ദൈവത്തോടു നിരപ്പു ലഭിച്ചുവെങ്കിൽ, നിരപ്പു പ്രാപിച്ചശേഷം അവിടുത്തെ ജീവനാൽ നാം എത്രയധികമായി രക്ഷിക്കപ്പെടും! 11അതുമാത്രമല്ല, നമുക്ക് ഇപ്പോൾ നിരപ്പു ലഭിക്കുവാൻ ഇടയാക്കിയ നമ്മുടെ കർത്താവായ യേശുക്രിസ്തുവിലൂടെ ദൈവത്തിൽ നാം പ്രമോദിക്കുകയും ചെയ്യുന്നു.

ആദാമിലൂടെ മരണം, ക്രിസ്തുവിലൂടെ ജീവൻ

12ഏകമനുഷ്യൻമൂലം പാപവും, പാപംമൂലം മരണവും ലോകത്തിൽ കടന്നു. ഇങ്ങനെ, എല്ലാവരും പാപം ചെയ്തതിനാൽ മരണം എല്ലാവരിലും വ്യാപിച്ചു. 13ന്യായപ്രമാണം നല്കപ്പെടുന്നതിനുമുമ്പും പാപം ലോകത്തിൽഉണ്ടായിരുന്നു. എന്നാൽ ന്യായപ്രമാണം ഇല്ലാതിരിക്കുമ്പോൾ പാപം പരിഗണിക്കപ്പെടുന്നില്ല. 14എങ്കിലും ആദാംമുതൽ മോശെവരെ, ആദാമിനെപ്പോലെ കല്പന ലംഘിച്ചു പാപം ചെയ്യാത്തവരുടെമേലും, മരണം വാഴ്ച നടത്തിയിരുന്നു; ആദാം വരുവാനുള്ളവന്റെ പ്രതിരൂപമത്രേ.

15എന്നാൽ കൃപാവരം ലംഘനംപോലെയല്ല.ഏകമനുഷ്യന്റെ ലംഘനത്താൽ അനേകർ മരിച്ചുവെങ്കിൽ ദൈവകൃപയും നാം ഇനി യേശുക്രിസ്തു എന്ന ഏകമനുഷ്യന്റെ കൃപയാലുള്ള ദാനവും അനേകരിലേക്ക് ഏറ്റവും അധികം കവിഞ്ഞൊഴുകിയിരിക്കുന്നു! 16ഏകമനുഷ്യന്റെ പാപത്തിന്റെ ഫലം പോലെയല്ല ദൈവത്തിന്റെ ദാനം; ആ ഒരു പാപത്തെത്തുടർന്നു ന്യായവിധിയും തൽഫലമായി ശിക്ഷാവിധിയും ഉണ്ടായി. എന്നാൽ അനവധി ലംഘനങ്ങളെ തുടർന്നുണ്ടായ കൃപാവരമാകട്ടെ, നീതീകരണത്തിനു കാരണമായിത്തീർന്നു. 17ഏകമനുഷ്യന്റെ ലംഘനത്താൽ, ആ മനുഷ്യനിലൂടെ, മരണം വാഴ്ച നടത്തിയെങ്കിൽ, ദൈവം സമൃദ്ധിയായി നല്കുന്ന കൃപയും നീതിയെന്ന ദാനവും പ്രാപിക്കുന്നവർ യേശുക്രിസ്തുവെന്ന ഏകമനുഷ്യനിലൂടെ എത്രയോ അധികമായി ജീവനിൽ വാഴും!

18അങ്ങനെ ഒരു ലംഘനം മനുഷ്യരെ ശിക്ഷാവിധിയിലേക്കു നയിച്ചതുപോലെ ഒരു നീതിപ്രവൃത്തി എല്ലാ മനുഷ്യരെയും ജീവദായകമായ നീതീകരണത്തിലേക്കു നയിക്കുന്നു. 19ഏകമനുഷ്യന്റെ അനുസരണക്കേടിലൂടെ അനേകർ പാപികളായിത്തീർന്നതുപോലെ ഏകമനുഷ്യന്റെ അനുസരണത്തിലൂടെ അനേകർ നീതിമാന്മാരായിത്തീരും.

20ന്യായപ്രമാണം ഇടയിൽ വന്നുചേർന്നതിനാൽ ലംഘനം പെരുകി. എന്നാൽ പാപം വർദ്ധിച്ചേടത്തു കൃപ അതിലും അധികമായി വർദ്ധിച്ചു. 21പാപം മരണത്തിലൂടെ വാഴ്ച നടത്തിയതുപോലെ, കൃപയും നമ്മുടെ കർത്താവായ യേശുക്രിസ്തുവിലൂടെ നിത്യജീവൻ ലഭിക്കുവാൻ തക്കവണ്ണം, നീതിയാൽ വാഴ്ചനടത്തിനുതന്നേ.

പാപത്തിനു മരിച്ചു ക്രിസ്തുവിൽ ജീവിക്കുക

6 അതുകൊണ്ടു നാം എന്താണു പറയേണ്ടത്? കൃപ വർദ്ധിക്കുന്നതിനുവേണ്ടി നാം പാപം ചെയ്തുകൊണ്ടിരിക്കാമെന്നോ? 2ഒരിക്കലും പാടില്ല! പാപത്തിനു മരിച്ചവരായ നാം തുടർന്ന് അതിൽ ജീവിക്കുന്നതെങ്ങനെ? 3സ്നാനമേറ്റു ക്രിസ്തുവിനോടു ചേർന്നവരായ നാം സ്നാനത്തിൽ അവിടുത്തെ മരണത്തോടു ഏകീഭവിച്ചിരിക്കുന്നുവെന്നു നിങ്ങൾക്ക് അറിഞ്ഞുകൂടേ? 4അതുകൊണ്ട്, നാം സ്നാനം മുഖേന ക്രിസ്തുവിനോടുകൂടെ, മരിക്കയും കുഴിച്ചിടപ്പെടുകയും ചെയ്തു. ക്രിസ്തു പിതാവിന്റെ മഹത്ത്വത്താൽ മരിച്ചവരിൽനിന്നും ഉയിർപ്പിക്കപ്പെട്ടതുപോലെ നാമും ജീവനിൽ പുതുക്കത്തിൽ നടക്കേണ്ടതിനുതന്നേ.

5അങ്ങനെ നാം ക്രിസ്തുവിന്റെ മരണത്തിന്റെ സാദൃശ്യത്തോട് ഏകീഭവിച്ചിരിക്കുന്നുവെങ്കിൽ തീർച്ചയായും അവിടുത്തെ പുനരുത്ഥാനത്തിന്റെ സാദൃശ്യത്തോടും ഏകീഭവിക്കും. 6നാം ഇനിപാപത്തിന്റെ അടിമകൾ ആകാതിരിക്കുവാൻ പാപശരീരം ഇല്ലാതാകേണ്ടതിനു[a] നമ്മുടെ പഴയ മനുഷ്യൻ അവിടുത്തോടുകൂടെ ക്രൂശിക്കപ്പെട്ടിരിക്കുന്നു എന്നു നാം അറിയുന്നു. 7അങ്ങനെ മരിച്ചവൻ പാപത്തിൽനിന്നു സ്വതന്ത്രനാക്കപ്പെട്ടിരിക്കുന്നു.

8നാം ക്രിസ്തുവിനോടുകൂടെ മരിച്ചുവെങ്കിൽ, അവിടുത്തോടൊപ്പം ജീവിക്കുമെന്നും വിശ്വസി

[a] 6 അഥവാ, ശക്തിരഹിതമാകേണ്ടതിന്

ക്കുന്നു. 9ക്രിസ്തു മരിച്ചവരിൽനിന്ന് ഉയിർപ്പിക്കപ്പെട്ടതിനാൽ അവിടുന്ന് ഇനി ഒരിക്കലും മരിക്കയില്ല എന്നു നാം അറിയുന്നു; മരണത്തിന് അദ്ദേഹത്തിന്റെ മേൽ ഇനി അധികാരമില്ല. 10അവിടുത്തെ മരണം, പാപസംബന്ധമായി ഒരിക്കൽമാത്രമുള്ള മരണമായിരുന്നു. എന്നാൽ അവിടുന്നു ജീവിക്കുന്നതോ ദൈവത്തിനുവേണ്ടിയുള്ള ജീവിതമത്രേ. 11അതുപോലെ, നിങ്ങളും പാപത്തിനു മരിച്ചവരെന്നും ക്രിസ്തുയേശുവിൽ ദൈവത്തിനുവേണ്ടി ജീവിക്കുന്നവരെന്നും നിങ്ങളെത്തന്നേ എണ്ണുവിൻ. 12പാപത്തിന്റെ മോഹങ്ങളെ അനുസരിക്കുവാൻതക്കവണ്ണം പാപം നിങ്ങളുടെ മർത്യശരീരത്തിൽ ഇനി വാഴരുത്. 13നിങ്ങളുടെ അവയവങ്ങളെ അധർമ്മത്തിന്റെ ഉപകരണങ്ങളായി പാപത്തിനു സമർപ്പിക്കുകയും അരുത്; മരണത്തിൽനിന്നു ജീവനിലേക്ക് ആനയിക്കപ്പെട്ടവരായി നിങ്ങളെത്തന്നേ ദൈവത്തിനു സമർപ്പിക്കുക; നിങ്ങളുടെ അവയവങ്ങളെ നീതിയുടെ ഉപകരണങ്ങളായി ദൈവത്തിനു കാഴ്ചവയ്ക്കുക. 14നിങ്ങൾ ന്യായപ്രമാണത്തിനല്ല, കൃപയ്ക്ക് അധീനരാകയാൽ പാപത്തിന് ഇനി നിങ്ങളുടെമേൽ അധികാരം ഉണ്ടായിരിക്കുകയില്ല.

നീതിക്ക് അടിമകൾ

15അതുകൊണ്ടെന്ത്? ന്യായപ്രമാണത്തിനല്ല കൃപയ്ക്ക് അധീനരായിരിക്കുകയാൽ നമുക്കു പാപം ചെയ്യാമെന്നോ? ഒരിക്കലും പാടില്ല. 16നിങ്ങൾ അനുസരണയുള്ള അടിമകളായി ആർക്കെങ്കിലും നിങ്ങളെത്തന്നേ ഏല്പിച്ചുകൊടുക്കുമ്പോൾ, നിങ്ങൾ അനുസരിക്കുന്ന ആ വ്യക്തിക്ക് അടിമയായിത്തീരുകയാണെന്ന് അറിയുന്നില്ലേ? ഒന്നുകിൽ മരണത്തിലേക്കു നയിക്കുന്ന പാപത്തിന്റെ അടിമകൾ, അല്ലെങ്കിൽ നീതിയിലേക്കു നയിക്കുന്ന അനുസരണത്തിന്റെ അടിമകൾ. 17എന്നാൽ നിങ്ങൾ ഒരിക്കൽ പാപത്തിന്റെ അടിമകൾ ആയിരുന്നുവെങ്കിലും, നിങ്ങളെ ഭരമേല്പിച്ച ഉപദേശം ഹൃദയപൂർവ്വം അനുസരിച്ചതുകൊണ്ടു ദൈവത്തിനു സ്തോത്രം. 18നിങ്ങൾ പാപത്തിൽനിന്നു സ്വതന്ത്രരാക്കപ്പെടുകയും നീതിക്കു അടിമകളായിത്തീരുകയും ചെയ്തിരിക്കുന്നു.

19നിങ്ങളുടെ സ്വാഭാവിക പരിമിതി നിമിത്തം ഞാൻ ഇതു മാനുഷികരീതിയിൽ പറയുന്നു: നിങ്ങളുടെ അവയവങ്ങളെ, അശുദ്ധിക്കും അത്യധികമായ അധർമ്മത്തിനും അടിമകളായി സമർപ്പിച്ചിരുന്നതുപോലെ, ഇപ്പോൾ അവയെ, വിശുദ്ധീകരണത്തിനായി നീതിക്ക് അടിമകളായി സമർപ്പിക്കുവിൻ. 20നിങ്ങൾ പാപത്തിന് അടിമകളായിരുന്നപ്പോൾ നീതിയുടെ നിയന്ത്രണത്തിനു വിധേയരല്ലായിരുന്നു. 21അന്നു നിങ്ങൾക്ക് എന്തു പ്രയോജനമാണ് ഉണ്ടായത്? ഇന്നു നിങ്ങൾക്കു ലജ്ജ തോന്നുന്ന കാര്യങ്ങൾ തന്നേ. അവയുടെ അന്ത്യം മരണകരമാണ് . 22എന്നാൽ ഇപ്പോൾ പാപത്തിൽനിന്നു സ്വതന്ത്രരാക്കപ്പെട്ടു ദൈവത്തിന്റെ ദാസരായിത്തീർന്നിരിക്കയാൽ, നിങ്ങൾക്കു ലഭിക്കുന്ന പ്രയോജനം വിശുദ്ധീകരണവും, അതിന്റെ ഫലം നിത്യജീവനും ആകുന്നു. 23പാപത്തിന്റെ ശമ്പളം മരണം; ദൈവത്തിന്റെ കൃപാവരമോ[a] നമ്മുടെ കർത്താവായ ക്രിസ്തുയേശുവിൽ നിത്യജീവൻതന്നേ.

വിവാഹത്തിൽനിന്ന് ഒരു ഉദാഹരണം

7 സഹോദരരേ, ന്യായപ്രമാണം അറിയുന്നവരോടാണല്ലോ ഞാൻ സംസാരിക്കുന്നത്. ഒരു മനുഷ്യൻ ജീവിച്ചിരിക്കുന്ന കാലത്തോളം മാത്രമേ ന്യായപ്രമാണത്തിന് അവന്റെമേൽ അധികാരമുള്ളു എന്നു നിങ്ങൾക്ക് അറിഞ്ഞുകൂടേ? 2ഭർത്താവു ജീവിച്ചിരിക്കുമ്പോൾ മാത്രമാണ് ഭാര്യ നിയമംമൂലം അയാളോടു ബന്ധിക്കപ്പെട്ടിരിക്കുന്നത്. എന്നാൽ ഭർത്താവു മരിച്ചുകഴിഞ്ഞാൽ അവൾ അയാളുമായുള്ള വിവാഹനിയമത്തിൽനിന്നു സ്വതന്ത്രയായിത്തീരുന്നു. 3ഭർത്താവു ജീവിച്ചിരിക്കുമ്പോൾ അവൾ മറ്റൊരു പുരുഷനെ സ്വീകരിച്ചാൽ വ്യഭിചാരിണി എന്നു വിളിക്കപ്പെടും. ഭർത്താവു മരിച്ചുകഴിഞ്ഞാൽ അവൾ ആ നിയമത്തിൽ നിന്നു സ്വതന്ത്രയായിത്തീരുന്നു, പിന്നെ വേറൊരു പുരുഷനെ സ്വീകരിച്ചാൽ അവൾ വ്യഭിചാരിണിയാവുകയില്ല.

4അതുകൊണ്ട്, എന്റെ സഹോദരരേ, നിങ്ങളും ക്രിസ്തുവിന്റെ ശരീരംവഴി ന്യായപ്രമാണം സംബന്ധിച്ചു മരിച്ചിരിക്കുന്നു.ഇതു നിങ്ങൾ മറ്റൊരാളുടെ വകയായിത്തീരുവാനാണ്, മരിച്ചവരിൽനിന്ന് ഉയിർപ്പിക്കപ്പെട്ടവന്റെതന്നേ; ദൈവത്തിനായി ഫലം പുറപ്പെടുവിക്കുക എന്നതാണ് ഇതിന്റെ ഉദ്ദേശ്യം. 5നാം പാപസ്വഭാവത്തിന്റെ നിയന്ത്രണത്തിലായിരുന്നപ്പോൾ, ന്യായപ്രമാണംനിമിത്തം ഉയർന്നുവന്ന പാപവികാരങ്ങൾ മരണത്തിനുള്ള ഫലം പുറപ്പെടുവിക്കത്തക്കവണ്ണം നമ്മുടെ അവയവങ്ങളിൽ [b]പ്രവർത്തിച്ചു. 6എന്നാൽ നമ്മെ ബന്ധനസ്ഥരാക്കിയ ന്യായപ്രമാണത്തിൽനിന്നു നാം ഇപ്പോൾ സ്വതന്ത്രരായിരിക്കുന്നു; അതുസംബന്ധിച്ചു നാം മരിച്ചിരിക്കയാണല്ലോ? അതുകൊണ്ട് എഴുതപ്പെട്ട പഴയ ചട്ടങ്ങൾ അനുസരിച്ചല്ല, ആത്മാവിന്റെ പുതുമയിലത്രേ നാം സേവനം അനുഷ്ഠിക്കുന്നത്.

a 23 അഥവാ *യേശുക്രിസ്തുവിൽകൂടി* *b* 5 "ജഡം"

പാപത്തോടുള്ള പോരാട്ടം

7ആകയാൽ നാം എന്താണ് പറയുക? ന്യായ
പ്രമാണം പാപം എന്നോ? നിശ്ചയമായും അല്ല.
എങ്കിലും ന്യായപ്രമാണത്തിലൂടെ അല്ലാതെ പാ
പം എന്തെന്നു ഞാൻ അറിയുമായിരുന്നില്ല. "മോ
ഹിക്കരുത് "[a] എന്നു ന്യായപ്രമാണം പറ ഞ്ഞി
രുന്നില്ലെങ്കിൽ മോഹം എന്തെന്നു ഞാൻ അറി
യുകയില്ലായിരുന്നു. 8എന്നാൽ കല്പനയിലൂടെ
ലഭിച്ച അവസരം ഉപയോഗിച്ചു പാപം എന്നിൽ
എല്ലാവിധ ദുർമോഹങ്ങളും ഉളവാക്കി. ന്യായ
പ്രമാണം കൂടാതെ പാപം നിർജ്ജീവമാകുന്നു.
9ഒരുകാലത്ത്, ഞാൻ ന്യായപ്രമാണംകൂടാതെ
ജീവിച്ചിരുന്നു; എന്നാൽ കല്പന വന്നപ്പോൾ
പാപം എന്നിൽ സജീവമാകുകയും ഞാൻ മരി
ക്കുകയും ചെയ്തു. 10ജീവൻ നല്കുവാൻ ഉ
ദ്ദേശിക്കപ്പെട്ടിരുന്ന കല്പനതന്നേ എനിക്കു
മരണഹേതുവായിത്തീർന്നു എന്നു വ്യക്തമാ
യി. 11കല്പനമൂലം ഉളവായ അവസരം ഉപ
യോഗിച്ചു പാപം എന്നെ ചതിക്കുകയും കൊ
ല്ലുകയും ചെയ്തു. 12ആകയാൽ ന്യായപ്രമാ
ണം വിശുദ്ധം; കല്പന വിശുദ്ധവും നീതിയു
ക്തവും നല്ലതും തന്നേ. 13അങ്ങനെയെങ്കിൽ
നന്മയായത് എനിക്കു മരണഹേതുവായി ഭവി
ച്ചുവെന്നോ? ഒരിക്കലുമില്ല. നന്മയായതിലൂടെ
എനിക്ക് മരണം വരുത്തിയതു പാപമാണ്. പാ
പത്തിന്റെ തനിസ്വഭാവം വെളിപ്പെടേണ്ടതിനും
കല്പനയിലൂടെ പാപം അത്യന്തം പാപകരമാ
യിത്തീരേണ്ടതിനുംതന്നേ.

14ന്യായപ്രമാണം ആത്മീയം എന്നു നാം അറി
യുന്നു; ഞാനോ അനാത്മീയൻ, പാപത്തിന്
അടിമയായി വില്ക്കപ്പെട്ടവൻ. 15ഞാൻ
പ്രവർത്തിക്കുന്നതെന്തെന്നു ഞാൻതന്നേ അറി
യുന്നില്ല. കാരണം, ഞാൻ ആഗ്രഹിക്കുന്നതല്ല
ഞാൻ ചെയ്യുന്നത്; പിന്നെയോ വെറുക്കുന്നതാ
ണ്. 16ഇങ്ങനെ ഞാൻ ചെയ്യരുതാത്തതു
ചെയ്യുന്നുവെങ്കിൽ, ന്യായപ്രമാണം നല്ലതെന്നു
ഞാൻ സമ്മതിക്കുന്നു. 17അപ്പോൾ അതു
പ്രവർത്തിക്കുന്നതു ഞാനല്ല, എന്നിൽ വസി
ക്കുന്ന പാപമാണ്. 18എന്നിൽ, അതായത്
എന്റെ ജഡത്തിൽ ഒരു നന്മയും വസിക്കുന്നി
ല്ലെന്നു ഞാൻ അറിയുന്നു. നന്മ പ്രവർത്തിക്കു
വാൻ എനിക്ക് ആഗ്രഹമുണ്ടെങ്കിലും, അതു
പ്രവർത്തിക്കുവാൻ കഴിയുന്നില്ല. 19കാരണം
ഞാൻ, ചെയ്യുവാൻ ആഗ്രഹിക്കുന്ന നന്മയല്ല,
ആഗ്രഹിക്കാത്ത തിന്മയാണ് ചെയ്യുന്നത്.
20അങ്ങനെ, ആഗ്രഹിക്കാത്തതാണ് ഞാൻ
പ്രവർത്തിക്കുന്നതെങ്കിൽ, പ്രവർത്തിക്കുന്നത്
ഞാനല്ല എന്നിൽ വസിക്കുന്ന പാപമാണ്; ഇതു
ഞാൻ ചെയ്തുകൊണ്ടേയിരിക്കുന്നു.

21അതുകൊണ്ടു നന്മ ചെയ്യുവാൻ ഞാൻ ആ
ഗ്രഹിക്കുമ്പോൾത്തന്നേ, തിന്മ എന്നോടൊ
പ്പമുണ്ട് എന്നൊരു പ്രമാണം ഞാൻ കാണുന്നു.
22എന്റെ അന്തരംഗത്തിൽ ഞാൻ ദൈവിക
പ്രമാണത്തിൽ പ്രമോദിക്കുന്നു; 23എന്നാൽ എ
ന്റെ ബുദ്ധിയുടെ പ്രമാണത്തോടു പോരാടുന്ന
മറ്റൊരു പ്രമാണം എന്റെ അവയവങ്ങളിൽ
ഉള്ളതായി ഞാൻ കാണുന്നു; അത് എന്റെ
അവയവങ്ങളിലുള്ള പാപപ്രമാണത്തിന് എന്നെ
അടിമയാക്കുകയും ചെയ്യുന്നു. 24ഹാ! ഞാൻ
എത്ര അരിഷ്ടമനുഷ്യൻ! മരണത്തിന് അധീ
നമായ ഈ ശരീരത്തിൽനിന്ന് എന്നെ ആരു വി
ടുവിക്കും? 25നമ്മുടെ കർത്താവായ യേശുക്രി
സ്തുവിലൂടെ ദൈവത്തിനു സ്തോത്രം, ഇങ്ങ
നെ ഞാൻ ബുദ്ധികൊണ്ടു ദൈവികപ്രമാണ
ത്തെയും ജഡം കൊണ്ടു പാപപ്രമാണത്തെയും
സേവിക്കുന്നു.

ആത്മാവിലൂടെയുള്ള ജീവിതം

8 അതുകൊണ്ട്, ഇപ്പോൾ ക്രിസ്തുയേശു
വിലുള്ളവർക്ക് [b]ഒരു ശിക്ഷാവിധിയും ഇല്ല.
2ക്രിസ്തുയേശുവിലുള്ള ജീവന്റെ ആത്മാ
വിന്റെ പ്രമാണം എനിക്കു പാപത്തിന്റെയും
മരണത്തിന്റെയും പ്രമാണത്തിൽനിന്നു സ്വാ
തന്ത്ര്യം നല്കിയിരിക്കുന്നു. 3ജഡത്താലുള്ള
ബലഹീനതമൂലം ന്യായപ്രമാണത്തിനു ചെയ്യു
വാൻ സാധ്യമല്ലാതിരുന്നതു ദൈവം സാധ്യ
മാക്കി; അവിടുന്നു സ്വന്തപുത്രനെ പാപിയായ
മനുഷ്യന്റെ സാദൃശ്യത്തിൽ പാപപരിഹാ
രമായി അയച്ചു പാപത്തിനു ജഡത്തിൽ
ശിക്ഷവിധിച്ചു. 4ജഡത്തെ അനുസരിക്കാതെ,
ആത്മാവിനെ അനുസരിച്ചു ജീവിക്കുന്ന നമ്മിൽ
ന്യായപ്രമാണം അനുശാസിക്കുന്ന കാര്യങ്ങൾ
നിവൃത്തിയാകേണ്ടതിനു തന്നേ.

5ജഡത്തെ അനുസരിച്ചു ജീവിക്കുന്നവർ
പാപത്തിന്റെ കാര്യങ്ങളിലും, ആത്മാവിനെ
അനുസരിച്ചു ജീവിക്കുന്നവർ ആത്മീയകാര്യ
ങ്ങളിലും മനസ്സുറപ്പിക്കുന്നു. 6ജഡത്തിന്റെ
ചിന്ത മരണത്തിൽ കലാശിക്കുന്നു; ആത്മാ
വിന്റെ ചിന്തയോ ജീവനും സമാധാനവും
ആകുന്നു. 7ജഡമനസ്സ് ദൈവത്തോടു ശത്രു
തയുള്ളതാണ്; അതു ദൈവിക പ്രമാണത്തിനു
കീഴ്പ്പെടുന്നില്ല; കീഴ്പ്പെടുവാൻ അതിനു സാ
ധിക്കുകയുമില്ല. 8ജഡസ്വഭാവമുള്ളവർക്കു
ദൈവത്തെ പ്രസാദിപ്പിക്കുവാൻ കഴിയുകയില്ല.

9നിങ്ങളോ, ദൈവത്തിന്റെ ആത്മാവു നി
ങ്ങളിൽ വസിക്കുന്നുവെങ്കിൽ ജഡസ്വഭാവത്താ
ലല്ല, ആത്മാവിനാലാണ് നിയന്ത്രിക്കപ്പെടുന്നത്.
ക്രിസ്തുവിന്റെ ആത്മാവില്ലാത്തവൻ ക്രിസ്തു

a 7 പുറപ്പാട് 20:17 *b* 1 അഥവാ, *ക്രിസ്തുവിലുള്ളവർക്ക് ജഡത്തെ അനുസരിക്കാതെ ആത്മാവിനെ അനുസരിച്ചു ജീവിക്കുന്നവർക്കുതന്നേ.*

വിനുള്ളവനല്ല. 10എന്നാൽ, ക്രിസ്തു നിങ്ങളിൽ
ഉണ്ടെങ്കിൽ, ശരീരം പാപം നിമിത്തം മരിക്കു
മെങ്കിലും ആത്മാവ് നീതി നിമിത്തം ജീവനു
ള്ളതായിരിക്കും. 11യേശുവിനെ മരിച്ചവരിൽ
നിന്ന് ഉയിർപ്പിച്ചവന്റെ ആത്മാവു നിങ്ങളിൽ
വസിക്കുന്നുവെങ്കിൽ, ക്രിസ്തുവിനെ മരി
ച്ചവരിൽ നിന്നുയിർപ്പിച്ചവൻ, നിങ്ങളിൽ വസി
ക്കുന്ന തന്റെ ആത്മാവിനാൽ നിങ്ങളുടെ മർ
ത്യശരീരങ്ങളെയും ജീവിപ്പിക്കും.

12ആകയാൽ, സഹോദരരേ, നാം ജഡത്തെ
അനുസരിച്ചു ജീവിക്കേണ്ടതിന് അതിനോടു
കടപ്പാടുള്ളവരല്ല. 13ജഡത്തെ അനുസരിച്ചു ജീ
വിച്ചാൽ നിങ്ങൾ തീർച്ചയായും മരിക്കും;
എന്നാൽ ആത്മാവിനാൽ ശരീരത്തിന്റെ ദുഷ്
പ്രവൃത്തികളെ ഇല്ലാതാക്കുന്നുവെങ്കിൽ നി
ങ്ങൾ ജീവിക്കും. 14ദൈവാത്മാവിനാൽ നയി
ക്കപ്പെടുന്നവർ എല്ലാവരും ദൈവമക്കളാകുന്നു.
15നിങ്ങളെ വീണ്ടും ഭയത്തിലേക്കു നയിക്കുന്ന
അടിമത്തത്തിന്റെ ആത്മാവിനെയല്ല,
പുത്രത്വത്തിന്റെ[a] ആത്മാവിനെയാണു നി
ങ്ങൾ പ്രാപിച്ചിട്ടുള്ളത്. അതേ ആത്മാവിനാൽ
നാം "*അബ്ബാ*[b] പിതാവേ" എന്നു വിളിക്കുന്നു.
16അങ്ങനെ നാം ദൈവത്തിന്റെ മക്കളാണെന്ന്
ആത്മാവുതന്നേ നമ്മുടെ ആത്മാവോടു
ചേർന്നു സാക്ഷ്യപ്പെടുത്തുന്നു. 17നാം മക്ക
ളെങ്കിൽ അവകാശികളുമാണ്;ദൈവത്തിന്റെ
അവകാശികളും ക്രിസ്തുവിനോടുകൂടെ കൂ
ട്ടവകാശികളും തന്നേ. നാം ക്രിസ്തുവിനോടു
കൂടെ അവിടുത്തെ കഷ്ടതയിൽ പങ്കാളികളാ
കുന്നുവെങ്കിൽ, അവിടുത്തെ മഹത്ത്വത്തിന്റെ
യും പങ്കാളികളായിത്തീരും.

വരുവാനുള്ള തേജസ്സ്

18നമ്മിൽ വെളിപ്പെടുവാനുള്ള തേജസ്സിനോ
ടു തുലനം ചെയ്യുവാൻ അർഹമല്ലാത്തവിധം
നിസ്സാരമാണ് ഇക്കാലത്തെ കഷ്ടതകൾ എന്നു
ഞാൻ കരുതുന്നു. 19ദൈവമക്കൾ
വെളിപ്പെടുന്നതിനുവേണ്ടി സർവ്വസൃഷ്ടിയും
അത്യാകാംക്ഷയോടെ കാത്തിരിക്കുന്നു. 20സൃ
ഷ്ടി വ്യർത്ഥതയ്ക്ക് വിധേയമാക്കപ്പെട്ടു;
അതിന്റെ സ്വന്തഇഷ്ടപ്രകാരമല്ല, പ്രത്യാ
ശയാൽ അതിനെ വിധേയപ്പെടുത്തിയവന്റെ
ഇഷ്ടത്താൽത്തന്നേ. 21ഈ പ്രത്യാശയോ, സൃ
ഷ്ടിതന്നെയും ജീർണ്ണതയുടെ ബന്ധനത്തിൽ
നിന്നും വിടുവിക്കപ്പെട്ടു ദൈവമക്കളുടെ മഹ
ത്ത്വകരമായ സ്വാതന്ത്ര്യം പ്രാപിക്കുമെന്നത്രേ.

22സർവ്വസൃഷ്ടിയും ഇന്നുവരെ ഈറ്റുനോ
വിൽ എന്നതുപോലെ, ഞരങ്ങിക്കൊണ്ടിരി
ക്കുന്നുവെന്നു നാം അറിയുന്നു. 23തന്നെയുമല്ല,
ആത്മാവെന്ന ആദ്യഫലം ലഭിച്ചവരായ നാമും
നമ്മുടെ ശരീരത്തിന്റെ വീണ്ടെടുപ്പായ
പുത്രത്വത്തിലേക്കു ദത്തെടുക്കപ്പെടുവാൻ കാ
ത്തുകൊണ്ട് ഉള്ളിൽ ഞരങ്ങുന്നു. 24ഈ പ്രത്യാ
ശയിലാണ് നാം രക്ഷിക്കപ്പെട്ടത്. എന്നാൽ, കാ
ണുന്നതിനെക്കുറിച്ചുള്ള പ്രത്യാശയാകട്ടെ,
പ്രത്യാശയല്ല. കാണുന്നതിനുവേണ്ടി ഇനി
പ്രത്യാശിക്കുന്നതെന്തിന്? 25എന്നാൽ ഇതുവ
രെയും കാണാത്തതിനുവേണ്ടി പ്രത്യാശിക്കു
ന്നുവെങ്കിൽ അതിനായി നാം ക്ഷമയോടെ
കാത്തിരിക്കുന്നു.

26അതുപോലെതന്നേ, ആത്മാവ് നമ്മുടെ
ബലഹീനതയിൽ നമ്മെ സഹായിക്കുന്നു.
വേണ്ടതുപോലെ പ്രാർത്ഥിക്കേണ്ടതെങ്ങനെ
യെന്നു നമുക്കറിഞ്ഞുകൂടാ! എന്നാൽ ആത്മാ
വുതന്നേ, വാക്കുകളിലൂടെ വ്യക്തമാക്കാനാ
വാത്ത ഞരക്കങ്ങളാൽ നമുക്കുവേണ്ടി മധ്യ
സ്ഥത ചെയ്യുന്നു. 27ആത്മാവു വിശുദ്ധർക്കു
വേണ്ടി ദൈവഹിതപ്രകാരം മധ്യസ്ഥത ചെ
യ്യുന്നു; ആത്മാവിന്റെ ചിന്ത എന്തെന്നുഹൃ
ദയങ്ങളെ പരിശോധിക്കുന്നവൻ അറിയുന്നു.

സമ്പൂർണ്ണ വിജയം

28എന്നാൽ, ദൈവത്തെ സ്നേഹിക്കുന്നവർ
ക്കുവേണ്ടി, അവിടുത്തെ ഉദ്ദേശ്യപ്രകാരം വിളി
ക്കപ്പെട്ടവർക്കുവേണ്ടിത്തന്നേ, എല്ലാക്കാര്യ
ങ്ങളിലും അവിടുന്നു നന്മയ്ക്കായി പ്രവർത്തി
ക്കുന്നുവെന്നു നാം അറിയുന്നു[c]. 29ദൈവം
മുൻകൂട്ടി അറിഞ്ഞവരെ, തന്റെ പുത്രന്റെ സാ
ദൃശ്യത്തോട് അനുരൂപരാകുവാൻ അവിടുന്നു
മുൻനിയമിച്ചിരിക്കുന്നു. അത് അവിടുത്തെ
പുത്രൻ അനേകം സഹോദരരിൽ ആദ്യജാ
തനാകേണ്ടതിനാണ്. 30അവിടുന്ന് മുൻനിയമി
ച്ചവരെ വിളിച്ചു; വിളിച്ചവരെ നീതീകരിച്ചു; നീ
തീകരിച്ചവരെ തേജസ്കരിക്കുകയും ചെയ്തി
രിക്കുന്നു.

31ഇതിനെ സംബന്ധിച്ചു നാം എന്താണു പറ
യേണ്ടത്? ദൈവം നമുക്ക് അനുകൂലമെങ്കിൽ
നമുക്കു പ്രതികൂലം ആര്? 32സ്വന്തപുത്രനെ ഒഴി
വാക്കാതെ, നമുക്കെല്ലാവർക്കുംവേണ്ടി ഏല്പി
ച്ചുതന്നവൻ, പുത്രനോടൊപ്പം സകലവും കൃ
പയാൽ നമുക്കു നല്കാതിരിക്കുമോ? 33ദൈവം
തിരഞ്ഞെടുത്തവരെ ആരു കുറ്റം ചുമത്തും?
ദൈവമാണു നീതീകരിക്കുന്നവൻ; ശിക്ഷവിധി
ക്കുന്നവൻ ആര്? 34മരിച്ചവനും മരിച്ചിട്ട് ഉയിർ
ത്തെഴുന്നേറ്റവനുമായ ക്രിസ്തുയേശു ദൈ
വത്തിന്റെ വലത്തുഭാഗത്തിരുന്നുകൊണ്ടു
നമുക്കുവേണ്ടി മധ്യസ്ഥത വഹിക്കുന്നു.

35ക്രിസ്തുവിന്റെ സ്നേഹത്തിൽനിന്നു

a 15 അഥവാ *ദത്തെടുക്കലിന്റെ* *b* 15 പിതാവ് എന്നതിന്റെ അരാമ്യപദം
c 28 ചില കയ്യെഴുത്തുപ്രതികളിൽ *എല്ലാകാര്യങ്ങളും നന്മയ്ക്ക് ആയിത്തീരുന്നുവെന്നു നാം അറിയുന്നു.*

നമ്മെ വേർപിരിക്കുവാൻ ആർക്കു കഴിയും? ക്ലേശങ്ങൾക്കോ, കഷ്ടതകൾക്കോ, പീഡനത്തിനോ, പട്ടിണിക്കോ, നഗ്നതയ്ക്കോ, ആപത്തിനോ, വാളിനോ അതുചെയ്യാൻ കഴിയുമോ?

36 "അങ്ങേയ്ക്കുവേണ്ടി ഞങ്ങൾ
ദിവസം മുഴുവൻ മരണത്തെ നേരിടുന്നു:
അറുക്കപ്പെടുവാനുള്ള ആടുകളായി ഞങ്ങൾ എണ്ണപ്പെടുന്നു[a]"

എന്ന് എഴുതിയിരിക്കുന്നുവല്ലോ.

37നാമോ, നമ്മെ സ്നേഹിച്ചവൻ മുഖേന ഇവയിലെല്ലാറ്റിലും പരിപൂർണ്ണവിജയം നേടുന്നു. 38മരണത്തിനോ ജീവനോ, ദൂതന്മാർക്കോ വാഴ്ചകൾക്കോ അധികാരങ്ങൾക്കോ, ഇപ്പോഴുള്ളതിനോ, വരുവാനുള്ളതിനോ, 39ഉയരത്തിനോ ആഴത്തിനോ, സൃഷ്ടിയിലുള്ള മറ്റെന്തിനെങ്കിലുമോ നമ്മുടെ കർത്താവായ ക്രിസ്തുയേശുവിലുള്ള ദൈവസ്നേഹത്തിൽ നിന്നു നമ്മെ വേർപിരിക്കുവാൻ സാധ്യമല്ല എന്ന് എനിക്കു പൂർണ്ണബോധ്യമുണ്ട്.

ദൈവത്തിന്റെ തിരഞ്ഞെടുപ്പ്

9 ഞാൻ ക്രിസ്തുവിൽ സത്യം സംസാരിക്കുന്നു, വ്യാജമല്ല ഞാൻ പറയുന്നത്; എന്റെ മനസ്സാക്ഷി പരിശുദ്ധാത്മാവിൽ അതിനു സാക്ഷ്യം വഹിക്കുന്നു. 2അതേ, എന്റെ ഹൃദയത്തിൽ വലിയ സങ്കടവും നിരന്തരമായ വേദനയും ഉണ്ട്. 3എന്റെ സഹോദരരും സ്വന്തം ശത്തിൽപ്പെട്ടവരുമായ യിസ്രായേൽജനത്തിനുവേണ്ടി ഞാൻ സ്വയം ശാപഗ്രസ്തനാകുവാനും ക്രിസ്തുവിനോടുള്ള ബന്ധത്തിൽനിന്നും മാറ്റപ്പെടുവാൻ തന്നെയും തയ്യാറാണ്. 4മക്കളായി ദത്തെടുക്കപ്പെട്ടത് അവരാണ്; ദൈവികതേജസ്സ്, ഉടമ്പടികൾ, ന്യായപ്രമാണസ്വീകാരം, ആരാധന, വാഗ്ദാനങ്ങൾ ഇവയെല്ലാം അവർക്കുള്ളതാണ്. 5ഗോത്രപിതാക്കന്മാർ അവർക്കുള്ളവർ, ക്രിസ്തു മനുഷ്യനായി ജനിച്ചതും അവരിൽനിന്നാണല്ലോ, അവിടുന്ന് എല്ലാറ്റിനും മീതെ ദൈവമായി എന്നേക്കും വാഴ്ത്തപ്പെട്ടവൻ![b] ആമേൻ.

6ദൈവത്തിന്റെ വചനം വ്യർത്ഥമായി എന്നല്ല; യിസ്രായേലിന്റെ പിൻഗാമികളായി ജനിച്ചവരെല്ലാം യിസ്രായേല്യരല്ല. 7അബ്രാഹാമിന്റെ പിൻഗാമിയായതുകൊണ്ട് അവരെല്ലാവരും അബ്രാഹാമിന്റെ മക്കൾ ആകുന്നുമില്ല. നേരേമറിച്ച് "യിസ്ഹാക്കിൽനിന്നു ജനിക്കുന്നവൻ നിന്റെ സന്തതി എന്നു വിളിക്കപ്പെടുക[c]" എന്നാണ് പറഞ്ഞിരിക്കുന്നത്. 8അതിന്റെ അർത്ഥം ഇതാണ്: ശാരീരികമായി ജനിക്കുന്ന കുട്ടികളല്ല ദൈവത്തിന്റെ മക്കൾ, പിന്നെയോ വാഗ്ദാനപ്രകാരം ജനിച്ചവരാണ് അബ്രാഹാമിന്റെ സന്തതി എന്നു കണക്കാക്കപ്പെടുന്നത്. 9വാഗ്ദാനം ഇപ്രകാരമാണ്: "നിശ്ചിതസമയത്തു ഞാൻ മടങ്ങിവരും; അപ്പോൾ സാറയ്ക്ക് ഒരു മകൻ ഉണ്ടായിരിക്കും[d]" 10അതുമാത്രമല്ല, നമ്മുടെ പിതാവായ യിസ്ഹാക്ക് എന്ന ഒരുവനിൽ നിന്നു റിബേക്കയും ഗർഭം ധരിച്ചു. 11എങ്കിലും ആ ഇരട്ട ശിശുക്കൾ ജനിക്കുകയും, ഗുണമോ ദോഷമോ പ്രവർത്തിക്കുകയും ചെയ്യുന്നതിനു മുമ്പുതന്നെ, "മൂത്തവൻ ഇളയവനെ സേവിക്കും[e]" എന്നു ദൈവം അവളോട് അരുളി ചെയ്തു; 12പ്രവൃത്തികളാലല്ല, വിളിക്കുന്നവന്റെ ഇഷ്ടത്താൽ തിരഞ്ഞെടുപ്പിലുള്ള ദൈവത്തിന്റെ ഉദ്ദേശ്യം നിറവേറേണ്ടതിനു തന്നേ. 13"യാക്കോബിനെ ഞാൻ സ്നേഹിച്ചു, ഏശാവിനെ ഞാൻ വെറുത്തു[f]" എന്ന് എഴുതിയിരിക്കുന്നുവല്ലോ. 14അങ്ങനെയെങ്കിൽ നാം എന്താണു പറയേണ്ടത്? ദൈവം അനീതിയുള്ളവൻ എന്നോ? ഒരിക്കലുമല്ല!

15അവിടുന്നു മോശെയോട്:

"എനിക്കു കരുണ കാണിക്കണമെന്നുള്ളവനോടു ഞാൻ കരുണ കാണിക്കുകയും അനുകമ്പതോന്നണമെന്നുള്ളവനോട് അനുകമ്പ കാണിക്കുകയും ചെയ്യും." [g]

എന്ന് അരുളിച്ചെയ്യുന്നു. 16അതുകൊണ്ടു, മനുഷ്യന്റെ ആഗ്രഹത്തിലോ പ്രയത്നത്തിലോ അല്ല, ദൈവത്തിന്റെ കാരുണ്യത്തിലാണ് എല്ലാം അടിസ്ഥാനപ്പെട്ടിരിക്കുന്നത്. 17തിരുവെഴുത്തു ഫറവോനോട് ഇപ്രകാരം പറയുന്നു: "ഈ ഉദ്ദേശ്യത്തിനായിത്തന്നേ ഞാൻ നിന്നെ ഉയർത്തിയിരിക്കുന്നു. എന്റെ ശക്തി നിന്നിലൂടെ പ്രദർശിപ്പിക്കുവാനും എന്റെ നാമം ഭൂമിയിലെല്ലായിടത്തും പ്രഖ്യാപിക്കുവാനും തന്നേ.[h]" 18അതുകൊണ്ടു, ദൈവം തന്റെ ഇഷ്ടപ്രകാരം ഒരുവനോടു കരുണ കാണിക്കുന്നു; മറ്റൊരുവനെ കഠിനനാക്കുന്നു.

19എങ്കിൽ, "ദൈവം കുറ്റപ്പെടുത്തുന്നതെന്തുകൊണ്ട്? ആർക്ക് അവിടുത്തെ ഇച്ഛയോടു മറുത്തു നില്ക്കാൻ കഴിയും?" എന്നു നിങ്ങൾ എന്നോടു ചോദിച്ചേക്കാം. 20അല്ലയോ മനുഷ്യാ, ദൈവത്തോട് എതിർവാദം നടത്താൻ നീ ആര്? "മനഞ്ഞുണ്ടാക്കിയതു മനഞ്ഞവനോട് "നീയെന്നെ ഇങ്ങനെ ഉണ്ടാക്കിയതെന്തിന്?" എന്നു ചോദിക്കുമോ?[i] 21കുശവനു കളിമണ്ണിന്റെ ഒരു

---

a 8:36 സങ്കീർത്തനം 44:22 *b* 9:5 *അവിടുന്ന് എല്ലാറ്റിനും മീതെ ഉള്ളവൻ. ദൈവം എന്നേക്കും വാഴ്ത്തപ്പെട്ടവൻ!* എന്നും *ക്രിസ്തു മനുഷ്യനായി ജനിച്ചതും അവരിൽ നിന്നാണല്ലോ. എല്ലാറ്റിനും മീതെ ഉള്ളവനായ ദൈവം എന്നേക്കും വാഴ്ത്തപ്പെട്ടവൻ!* എന്നും പാഠഭേദങ്ങൾ *c* 7 ഉല്പത്തി 21:12
d 9 ഉല്പത്തി 18:10,14 *e* 11 ഉല്പത്തി 25:23 *f* 13 മലാഖി 1:2,3 *g* 15 പുറപ്പാട് 33:19. *h* 17പുറപ്പാട് 9:16
i 20 യെശയ്യാവ് 29:16 ;45:9

പിണ്ഡത്തിൽനിന്നുതന്നേ ചില പാത്രങ്ങൾ മാന്യ കാര്യങ്ങൾക്കും മറ്റു ചിലതു സാധാരണ ഉപയോഗത്തിനും മനഞ്ഞുണ്ടാക്കുവാൻ അധികാരമില്ലേ?

22ദൈവം തന്റെ കോപം പ്രദർശിപ്പിക്കുവാനും ശക്തി വെളിപ്പെടുത്തുവാനുംവേണ്ടി, നാശത്തിനായി ഒരുക്കപ്പെട്ട കോപപാത്രങ്ങളെ ദീർഘക്ഷമയോടെ സഹിച്ചു; 23യഹൂദരിൽ നിന്നു മാത്രമല്ല, വിജാതീയരിൽനിന്നുകൂടി വിളിച്ചു 24 തേജസ്സിനായി മുന്നൊരുക്കിയ കരുണാപാത്രങ്ങളായ നമ്മിൽ അവിടുത്തെ ധന്യമായ മഹത്ത്വം വെളിപ്പെടുത്തുവാൻ ദൈവം ഇപ്രകാരം പ്രവർത്തിച്ചുവെങ്കിൽ അതിലെന്ത്? 25അവിടുന്നു ഹോശെയായുടെ പുസ്തകത്തിൽ ഇപ്രകാരം അരുളിച്ചെയ്യുന്നു:

"എന്റെ ജനം അല്ലാത്തവരെ
'എന്റെ ജനം' എന്നും
എന്റെ പ്രിയ അല്ലാത്തവളെ
'എന്റെ പ്രിയ' എന്നും ഞാൻ വിളിക്കും[a]."

26വീണ്ടും,

"നിങ്ങൾ എന്റെ ജനമല്ല, എന്ന് അരുളിച്ചെയ്തേടത്തുതന്നേ, അവർ ജീവനുള്ള ദൈവത്തിന്റെ മക്കൾ എന്നും വിളിക്കപ്പെടും[b]."

27യെശയ്യാവ് യിസ്രായേല്യരെക്കുറിച്ചു വിളിച്ചുപറയുന്നു: "യിസ്രായേല്യരുടെ സംഖ്യ കടൽപ്പുറത്തെ മണൽത്തരിപോലെയെങ്കിലും ഒരു ശേഷിപ്പുമാത്രമേ രക്ഷിക്കപ്പെടുകയുള്ളൂ.
28"യഹോവ ഭൂമിയിൽ തന്റെ ന്യായവിധി അതിവേഗത്തിലും അന്തിമമായും നിർവ്വഹിക്കും[c]."
29"സർവ്വശക്തനായ ദൈവം നമുക്കു പിൻതലമുറയെ ശേഷിപ്പിച്ചിരുന്നില്ലെങ്കിൽ, നാം സൊദോമിനെപ്പോലെ ആകുമായിരുന്നു; ഗോമോറയ്ക്കു സദൃശമാകുമായിരുന്നു.[d]"

എന്ന് യെശയ്യാവ് മുമ്പുകൂട്ടി തന്നേ പറഞ്ഞിരുന്നുവല്ലോ!

യിസ്രായേലിന്റെ അവിശ്വാസം

30ആകയാൽ നാം എന്താണു പറയേണ്ടത്? നീതിയെ പിന്തുടരാതിരുന്ന വിജാതീയർ നീതി പ്രാപിച്ചു; വിശ്വാസത്താലുള്ള നീതി തന്നേ. 31എന്നാൽ നീതിയുടെ ന്യായപ്രമാണം പിന്തുടർന്ന യിസ്രായേലാകട്ടെ, അത് പ്രാപിച്ചില്ല. 32എന്തുകൊണ്ടാണവർ പ്രാപിക്കാതിരുന്നത്? വിശ്വാസത്താൽ അതിനെ പിന്തുടരാതെ പ്രവൃത്തികളാൽ സാധിക്കുമെന്നു വിചാരിച്ച് അനേഷിച്ചതു കൊണ്ടാണ് അവർ ഇടർച്ചക്കല്ലിൽ തട്ടിവീണത്.

33"ഇതാ, ഞാൻ സീയോനിൽ, മനുഷ്യർ ഇടറിവീഴുവാൻ ഇടയാക്കുന്ന
ഒരു കല്ലും വീഴ്ചയ്ക്കു കാരണമാകുന്ന
ഒരു പാറയും വയ്ക്കുന്നു.
അദ്ദേഹത്തിൽ ആശ്രയിക്കുന്നവൻ ഒരു
നാളും ലജ്ജിച്ചുപോകയില്ല[e]"

എന്ന് എഴുതിയിരിക്കുന്നുവല്ലോ.

10 സഹോദരരേ, യിസ്രായേല്യർ രക്ഷിക്കപ്പെടണമെന്നുള്ളതാണ് എന്റെ ഹൃദയവാഞ്ഛയും ദൈവത്തോടുള്ള പ്രാർത്ഥനയും. 2അവർ ദൈവത്തിനുവേണ്ടി തീക്ഷ്ണതയുള്ളവരാണെന്നു സാക്ഷ്യപ്പെടുത്തുവാൻ എനിക്കു കഴിയും, എന്നാൽ അവരുടെ ശുഷ്കാന്തി ജ്ഞാനത്തിൽ അധിഷ്ഠിതമല്ല. 3ദൈവത്തിൽനിന്നു വരുന്ന നീതി അറിയാതെ, സ്വന്തനീതി സ്ഥാപിക്കാൻ ശ്രമിച്ചതുകൊണ്ട് അവർ ദൈവനീതിക്കു കീഴ്പ്പെട്ടില്ല. 4വിശ്വസിക്കുന്ന ഏവനും നീതീകരിക്കപ്പെടേണ്ടതിനു ക്രിസ്തു ന്യായപ്രമാണത്തിന്റെ പൂർത്തീകരണം ആകുന്നു.

5ന്യായപ്രമാണത്താലുള്ള നീതിയെ സംബന്ധിച്ചു മോശെ: "ഈ കാര്യങ്ങൾ അനുഷ്ഠിക്കുന്ന മനുഷ്യൻ ഇവയാൽ ജീവിക്കും[f]" എന്ന് എഴുതിയിരിക്കുന്നു. 6എന്നാൽ വിശ്വാസത്താലുള്ള നീതിയോ ഇപ്രകാരമാണു പറയുന്നത്: ക്രിസ്തുവിനെ താഴേക്കു കൊണ്ടുവരുവാൻ "ആരു സ്വർഗ്ഗത്തിൽക്കയറും?[g]" എന്നോ ക്രിസ്തുവിനെ മരിച്ചവരിൽനിന്ന് ആനയിക്കുവാൻ 7"ആരു പാതാളത്തിൽ ഇറങ്ങും?[h]" എന്നോ നിന്റെ ഹൃദയത്തിൽ പറയരുത്. 8എന്നാൽ അതെന്തുപറയുന്നു? "വചനം നിനക്കു സമീപമാകുന്നു; അതു നിന്റെ അധരത്തിലും നിന്റെ ഹൃദയത്തിലും ഇരിക്കുന്നു; [i] "ഞങ്ങൾ ഉദ്ഘോഷിക്കുന്ന വിശ്വാസത്തിന്റെ വചനം തന്നെയാണത്. 9"യേശു കർത്താവാകുന്നു" എന്ന് അധരംകൊണ്ട് ഏറ്റുപറയുകയും ദൈവം അദ്ദേഹത്തെ മരിച്ചവരിൽനിന്ന് ഉയിർപ്പിച്ചുവെന്നു ഹൃദയത്തിൽ വിശ്വസിക്കുകയും ചെയ്താൽ നീ രക്ഷിക്കപ്പെടും. 10അങ്ങനെ ഒരുവൻ ഹൃദയത്തിൽ വിശ്വസിച്ചു നീതീകരിക്കപ്പെടുകയും വായ്കൊണ്ട് ഏറ്റുപറഞ്ഞു രക്ഷപ്രാപിക്കുകയും ചെയ്യുന്നു. 11"അദ്ദേഹത്തിൽ വിശ്വസിക്കുന്നവന് ഒരുനാളും ലജ്ജിക്കേണ്ടിവരികയില്ല[j]" എന്നു തിരുവെഴുത്തു പറയുന്നുവല്ലോ. 12യഹൂദനും വി

[a] 25 ഹോശേയാ2:23 [b] 26 ഹോശേയാ1:10 [c] 28 യെശയ്യാവ് 10:22,23 [d] 29യെശയ്യാവ് 1:9
[e] 33യെശയ്യാവ് 8:14; 28:16 [f] 10:5 ലേവ്യ18:5 [g] 6 ആവർത്തനം 30:12 [h] 7 ആവർത്തനം 30:13
[i] ആവർത്തനം 30:14 [j] 11യെശയ്യാവ് 28:16

ജാതീയനും തമ്മിൽ ഒരു വ്യത്യാസവുമില്ല. എല്ലാവരുടെയും കർത്താവ് ഒരുവൻ അത്രേ. തന്നെ വിളിച്ചപേക്ഷിക്കുന്ന എല്ലാവരെയും അനുഗ്രഹിക്കുവാൻ തക്കവണ്ണം അവിടുന്നു സമ്പന്നനാകുന്നു. 13"കർത്താവിന്റെ നാമം വിളിച്ചപേക്ഷിക്കുന്ന ഏവനും രക്ഷിക്കപ്പെടും[a] എന്നുണ്ടല്ലോ. 14എന്നാൽ തങ്ങൾ വിശ്വസിച്ചിട്ടില്ലാത്തവനെ അവർ എങ്ങനെ വിളിച്ചപേക്ഷിക്കും? കേട്ടിട്ടില്ലാത്തവനിൽ അവർ എങ്ങനെ വിശ്വസിക്കും? ആരെങ്കിലും പ്രസംഗിക്കാതെ എങ്ങനെ കേൾക്കും? 15അയയ്ക്കപ്പെടാതെ എങ്ങനെ പ്രസംഗിക്കും? "സുവാർത്തയുമായി വരുന്നവരുടെ പാദം എത്ര മനോഹരം![b]" എന്ന് എഴുതിയിരിക്കുന്നുവല്ലോ. 16എന്നാൽ എല്ലാ യിസ്രായേല്യരും സുവിശേഷം അനുസരിച്ചിട്ടില്ല. "കർത്താവേ, ഞങ്ങളുടെ സന്ദേശം ആരു വിശ്വസിച്ചിരിക്കുന്നു?[c]" എന്ന് യെശയ്യാവു ചോദിക്കുന്നുണ്ടല്ലോ. 17അങ്ങനെ വിശ്വാസം ദൈവിക സന്ദേശത്തിന്റെ കേൾവിയാലും കേൾവി ക്രിസ്തുവിനെക്കുറിച്ചുള്ള വചനത്താലും ഉണ്ടാകുന്നു. 18എന്നാൽ അവർ കേട്ടില്ലയോ എന്നു ഞാൻ ചോദിക്കുന്നു. തീർച്ചയായും അവർ കേട്ടിരിക്കുന്നു.

"അവരുടെ ശബ്ദം സർവ്വഭൂമിയിലും,
അവരുടെ വാക്കുകൾ ലോകത്തിന്റെ
അതിർത്തിവരെയും ചെന്നെത്തിയിരിക്കുന്നു[d]"

എന്ന് എഴുതിയിരിക്കുന്നുവല്ലോ.

19യിസ്രായേൽ ഗ്രഹിച്ചില്ലയോ? എന്നു ഞാൻ വീണ്ടും ചോദിക്കുന്നു.

"ജനമല്ലാത്തവരെക്കൊണ്ടു ഞാൻ
നിങ്ങൾക്ക് അസൂയ ജനിപ്പിക്കും;
പരിജ്ഞാനമില്ലാത്ത ഒരു ജനതയെ
ക്കൊണ്ടു ഞാൻ നിങ്ങളെ കോപിപ്പിക്കും.[e]"

എന്നു മോശെ പറയുന്നു.

20അതുപോലെ യെശയ്യാവും ധൈര്യപൂർവ്വം പറയുന്നു:

"എന്നെ അന്വേഷിക്കാത്തവർ എന്നെ
കണ്ടെത്തി; എന്നെ ആവശ്യപ്പെടാത്തവർക്കു ഞാൻ എന്നെത്തന്നേ
വെളിപ്പെടുത്തി[f]"

21എന്നാൽ യിസ്രായേല്യരെക്കുറിച്ചോ,

"അനുസരണംകെട്ടവരും നിഷേധികളുമായ ജനങ്ങളിലേക്കു ഞാൻ ദിവസം
മുഴുവനും കൈനീട്ടി[g]"

എന്ന് അദ്ദേഹം പറയുന്നു.

യിസ്രായേലിലെ ശേഷിപ്പ്

11 ദൈവം തന്റെ ജനത്തെ ഉപേക്ഷിച്ചുവോ എന്നു ഞാൻ ചോദിക്കുന്നു. ഒരിക്കലുമില്ല. ഞാൻതന്നേ ഒരു യിസ്രായേല്യനും അബ്രാഹാമിന്റെ പിൻഗാമിയും ബെന്യാമീൻഗോത്രക്കാരനും ആണല്ലോ. 2ദൈവം മുന്നറിഞ്ഞ തന്റെ ജനത്തെ ഉപേക്ഷിച്ചിട്ടില്ല. തിരുവെഴുത്തിൽ ഏലിയാവിനെക്കുറിച്ചുള്ള വിവരണത്തിൽ പറയുന്നതെന്തെന്നു നിങ്ങൾക്കറിഞ്ഞുകൂടേ? 3അദ്ദേഹം യിസ്രായേലിനെതിരായി ഇപ്രകാരം വാദിച്ചു: "കർത്താവേ, അവർ അവിടുത്തെ പ്രവാചകന്മാരെ കൊല്ലുകയും യാഗപീഠങ്ങൾ ഇടിച്ചു നിരത്തുകയും ചെയ്തിരിക്കുന്നു. ഞാൻ ഒരുവൻ മാത്രം ശേഷിച്ചിരിക്കുന്നു. അവർ എന്നെയും കൊല്ലുവാൻ ശ്രമിക്കുന്നു.[h]" 4ദൈവം അദ്ദേഹത്തിനു നല്കിയ മറുപടി എന്തായിരുന്നു? "ബാലിനു മുട്ടു മടക്കാത്ത ഏഴായിരം പേരെ ഞാൻ എനിക്കായി സൂക്ഷിച്ചിരിക്കുന്നു.[i]" 5അങ്ങനെതന്നേ, ഇക്കാലത്തും കൃപയാൽ തിരഞ്ഞെടുക്കപ്പെട്ട ഒരു ശേഷിപ്പുണ്ട്. 6കൃപയാൽ എങ്കിൽ, അതു പ്രവൃത്തികളാൽ ആയിരിക്കുകയില്ല; പ്രവൃത്തികളാലെങ്കിൽ കൃപ ഒരിക്കലും കൃപയായിരിക്കുകയുമില്ല.

7എങ്കിൽ പിന്നെയെന്ത്? യിസ്രായേൽ അന്വേഷിച്ചത് അവർ പ്രാപിച്ചില്ല. എന്നാൽ തിരഞ്ഞെടുക്കപ്പെട്ടവർ അതു പ്രാപിച്ചു. ശേഷമുള്ളവരോ കഠിനപ്പെട്ടു.

8"ദൈവം അവർക്കു മരവിച്ച
ആത്മാവും കാണാത്ത കണ്ണുകളും
കേൾക്കാത്ത ചെവികളും നല്കി.
അത് ഇന്നും ആ നിലയിൽത്തന്നേ[j]"

എന്നെഴുതിയിരിക്കുന്നുവല്ലോ!

9ദാവീദ് ഇങ്ങനെ പറയുന്നു:

"അവരുടെ ഭക്ഷണമേശ അവർക്കൊരു
കെണിയും കുടുക്കും ആകട്ടെ; അത്
അവർക്ക് ഇടർച്ചയും പ്രതികാരവുമായിത്തീരട്ടെ.
10കാണാൻ കഴിയാതവണ്ണം അവരുടെ
കണ്ണുകൾ ഇരുണ്ടുപോകട്ടെ; അവരുടെ മുതുക് എന്നേക്കും കുനിഞ്ഞുപോകട്ടെ[k]."

ഒട്ടിച്ചുചേർത്ത കൊമ്പുകൾ

11ഞാൻ വീണ്ടും ചോദിക്കുന്നു: "എന്നേക്കുമായി വീണുപോകേണ്ടതിനോ യിസ്രായേൽ ഇടറിയത്?" ഒരിക്കലുമല്ല, പിന്നെയോ, അവർക്ക്

---

a 13 യോവേൽ 2:32 b 15 യെശയ്യാവ് 52:7 c 16 യെശയ്യാവ് 53:1 d 18 സങ്കീർത്തനം 19:4
e 19 ആവർത്തനം32:2 f 20 യെശയ്യാവ് 65:1 g 21 യെശയ്യാവ് 65:2 h 11:3 1രാജാക്കന്മാർ 19:10,14
i 41 രാജക്കന്മാർ 19:8 j 8 ആവർത്തനം. 29:4; യെശയ്യാവ് 29:10 k 10 സങ്കീർത്തനം 69:22,23

അസൂയ ഉളവാക്കുവാൻ, അവരുടെ ലംഘനംമൂലം വിജാതീയർക്കു രക്ഷ വന്നു എന്നേയുള്ളു. 12എന്നാൽ അവരുടെ ലംഘനം ലോകത്തിനു ധനവും അവരുടെ തോൽവി വിജാതീയർക്കു സമ്പത്തും വരുത്തിയെങ്കിൽ അവർ പൂർണ്ണമായി ചേർക്കപ്പെടുമ്പോൾ ഉണ്ടാകുന്ന സമൃദ്ധി എത്ര മഹത്തരമായിരിക്കും!

13ഇനി യഹൂദരല്ലാത്തവരോടു ഞാൻ പറയുന്നു: വിജാതീയരുടെ അപ്പൊസ്തലൻ എന്ന നിലയിൽ ഞാൻ എന്റെ ശുശ്രൂഷയിൽ അഭിമാനിക്കുന്നു; 14കാരണം, സ്വന്തജനത്തിന് എങ്ങനെയെങ്കിലും അസൂയ ഉളവാക്കി അവരിൽ ചിലരെയെങ്കിലും രക്ഷപ്പെടുത്താമല്ലോ. 15അവരെ തിരസ്കരിച്ചതു ലോകത്തിന്റെ അനുരജ്ഞനത്തിനു കാരണമായെങ്കിൽ അവരുടെ അംഗീകാരം മരിച്ചവരിൽ നിന്നുള്ള ഉയിർപ്പല്ലാതെ മറ്റെന്താണ്? 16ആദ്യഫലമായി അർപ്പിക്കപ്പെടുന്ന ധാന്യമാവിന്റെ അംശം വിശുദ്ധമെങ്കിൽ മാവു മുഴുവനും വിശുദ്ധം ആയിരിക്കും. വേരു വിശുദ്ധമെങ്കിൽ കൊമ്പുകളും വിശുദ്ധംതന്നേ.

17നല്ല ഒലിവുവൃക്ഷത്തിന്റെ ചില കൊമ്പുകൾ വെട്ടിമാറ്റിയിട്ട്, പകരം കാട്ടൊലിവിന്റെ കൊമ്പായ നിന്നെ മറ്റു കൊമ്പുകളുടെ ഇടയിൽ ഒട്ടിച്ചുചേർത്തതുമൂലം ഒലിവിന്റെ വേരിൽ നിന്നുള്ള പോഷകരസത്തിനു പങ്കാളിയായിത്തീർന്നതോർത്ത് 18ആ കൊമ്പുകളുടെ മുമ്പിൽ നീ പ്രശംസിക്കരുത്. പ്രശംസിക്കുന്നുവെങ്കിൽ, നീ വേരിനെയല്ല, വേരു നിന്നെയാണു വഹിക്കുന്നത് എന്ന് ചിന്തിച്ചുകൊൾക. 19എന്നെ ഒട്ടിച്ചുചേർക്കേണ്ടതിന് ആ കൊമ്പുകൾ ഒടിച്ചുനീക്കിയെന്നു നീ പറഞ്ഞേക്കാം. 20ശരിതന്നേ, എന്നാൽ അവിശ്വാസം നിമിത്തമാണ് അവരെ ഒടിച്ചുമാറ്റിയത്. നീ ചേർന്നു നില്ക്കുന്നതു വിശ്വാസത്താലുമാണ്. അഹങ്കരിക്കാതെ ഭയപ്പെടുക. 21സ്വാഭാവികശാഖകളോടു ദൈവം ദാക്ഷിണ്യം കാണിച്ചില്ല എങ്കിൽ നിന്നോടും കാണിക്കുകയില്ല.

22അതുകൊണ്ടു ദൈവത്തിന്റെ ദയയും കർക്കശത്വവും ഓർത്തുകൊള്ളുക; വീണവരോട് കർക്കശത്വവും നിന്നോടോ, നീ അവിടുത്തെ ദയയിൽ നിലനിന്നാൽ കാരുണ്യവും അവിടുന്നു കാണിക്കും. അല്ലെങ്കിൽ നീയും ഛേദിക്കപ്പെടും. 23അവർ അവിശ്വാസത്തിൽ തുടരാത്തപക്ഷം അവരെ വീണ്ടും ഒട്ടിച്ചുചേർക്കും; ഒട്ടിക്കുവാൻ ദൈവത്തിനു കഴിയുമല്ലോ! 24പ്രകൃത്യാ കാട്ടൊലിവിന്റെ ശാഖയായിരുന്ന നിന്നെ മുറിച്ചെടുത്ത്, നട്ടുവളർത്തപ്പെട്ട ഒലിവുമരത്തിൽ അസാധാരണമാംവിധം ഒട്ടിച്ചുചേർത്തുവെങ്കിൽ സ്വാഭാവികശാഖകളെ സ്വന്തം ഒലിവുമരത്തിൽ ഒട്ടിച്ചുചേർക്കുന്നതിനുള്ള സാധ്യത എത്രയധികം!

രക്ഷ എല്ലാ യിസ്രായേല്യർക്കും

25സഹോദരരേ, നിങ്ങൾ ദുരഭിമാനികളാകാതിരിക്കേണ്ടതിനു നിങ്ങൾ ഈ രഹസ്യം അറിയാതിരിക്കരുതെന്നു ഞാനാഗ്രഹിക്കുന്നു. വിജാതീയരുടെ സംഖ്യ പൂർണ്ണമാകുവോളം യിസ്രായേലിനു ഭാഗികമായി കാഠിന്യം സംഭവിച്ചിരിക്കുന്നു. 26അങ്ങനെ യിസ്രായേൽ മുഴുവനും രക്ഷിക്കപ്പെടും.

"വിടുവിക്കുന്നവൻ സീയോനിൽനിന്നു വരും; അവിടുന്നു യാക്കോബിൽനിന്ന് അഭക്തി അകറ്റിക്കളയും.
27ഞാൻ അവരുടെ പാപങ്ങൾ നീക്കിക്കളയുമ്പോൾ ഇത് അവരോടുള്ള എന്റെ ഉടമ്പടിയായിരിക്കും[a]"

എന്ന് എഴുതപ്പെട്ടിരിക്കുന്നുവല്ലോ.

28സുവിശേഷത്തെ സംബന്ധിച്ചിടത്തോളം അവർ നിങ്ങൾ നിമിത്തം ദൈവത്തിന്റെ ശത്രുക്കൾ; എന്നാൽ തിരഞ്ഞെടുപ്പു സംബന്ധിച്ചു പിതാക്കന്മാർ നിമിത്തം ദൈവത്താൽ സ്നേഹിക്കപ്പെടുന്നവർ. 29എന്തെന്നാൽ ദൈവത്തിന്റെ കൃപാവരങ്ങളും വിളിയും മാറ്റം വരാത്തവയാണ്. 30ഒരു കാലത്ത് ദൈവത്തോട് അനുസരണമില്ലാത്തവരായിരുന്ന നിങ്ങൾക്ക് ഇപ്പോൾ അവരുടെ അനുസരണക്കേടു നിമിത്തം കരുണ ലഭിച്ചിരിക്കുന്നു. 31അതുപോലെ, നിങ്ങളോടുള്ള ദൈവത്തിന്റെ കരുണനിമിത്തം അവർക്കും കരുണ ലഭിക്കേണ്ടതിന് അവരും ഇപ്പോൾ അനുസരണം കെട്ടവരായിത്തീർന്നിരിക്കുന്നു. 32ദൈവം എല്ലാവരെയും അനുസരണക്കേടിൽ അടച്ചുകളഞ്ഞതിന്റെ ലക്ഷ്യം എല്ലാവരോടും കരുണ കാണിക്കുക എന്നതായിരുന്നു.

സ്തുതിഗീതം

33ഹാ, ദൈവത്തിന്റെ ജ്ഞാനം, അറിവ് എന്നിവയുടെ ധന്യത എത്ര അഗാധം![b]
അവിടുത്തെ വിധികൾ എത്ര അപ്രമേയം!
അവിടുത്തെ വഴികൾ എത്ര അഗോചരം!
34"കർത്താവിന്റെ മനസ്സ് അറിഞ്ഞതാര്?
അവിടുത്തെ ഉപദേഷ്ടാവായിരുന്നത് ആര്?[c]
35"തിരിച്ചുകിട്ടുവാനായി ദൈവത്തിന് എന്തെങ്കിലും കൊടുത്തിട്ടുള്ളത് ആര്?[d]
36സകലവും ദൈവത്തിൽനിന്ന്, ദൈവത്തിലൂടെ, ദൈവത്തിങ്കലേക്കുതന്നേ. അവിടുത്തേക്ക് എന്നേക്കും മഹത്ത്വം ആമേൻ.

[a] 27യെശയ്യാവ് 59:20,21;27:9; യിരെമ്യാവ്31:33,34 [b] 33 അഥവാ, *ഹാ, ദൈവത്തിന്റെ ധനം, ജ്ഞാനം, അറിവ് എന്നിവ എത്ര അഗാധം!* [c] 34 യെശയ്യാവ് 40:13 [d] 35 ഇയ്യോബ് 41:11

ജീവനുള്ള യാഗം

12 ആകയാൽ സഹോദരരേ, ദൈവത്തിന്റെ കാരുണ്യംമൂലം ഞാൻ നിങ്ങളെ പ്രബോധിപ്പിക്കുന്നു: നിങ്ങളുടെ ശരീരങ്ങളെ വിശുദ്ധവും ദൈവത്തിനു പ്രസാദകരവുമായ ജീവനുള്ള യാഗമായി സമർപ്പിക്കുവിൻ; ഇതത്രേ നിങ്ങളുടെ ആത്മീയാരാധന. 2ഈ ലോകവ്യവസ്ഥയ്ക്ക് അനുരൂപരാകാതെ, മനസ്സിന്റെ പുതുക്കത്തിലൂടെ നിങ്ങൾ രൂപാന്തരപ്പെടുവിൻ. അപ്പോൾ നല്ലതും പ്രസാദകരവും പരിപൂർണ്ണവുമായ ദൈവഹിതം എന്തെന്നു ശോധനചെയ്ത് അംഗീകരിക്കുവാൻ നിങ്ങൾ പ്രാപ്തരാകും.

3എനിക്കു ലഭിച്ചിരിക്കുന്ന കൃപയാൽ ഞാൻ നിങ്ങളിൽ ഓരോരുത്തരോടും പറയുന്നു: നിങ്ങൾ നിങ്ങളെക്കുറിച്ചുതന്നേ വേണ്ടതിലധികം ഭാവിക്കരുത്. ദൈവം നല്കിയ വിശ്വാസത്തിന്റെ അളവനുസരിച്ചു നിങ്ങളെത്തന്നേ സമചിത്തതയോടെ വിലയിരുത്തുവിൻ. 4നമ്മിൽ ഓരോരുത്തർക്കും ഒരു ശരീരവും അതിൽ പല അവയവങ്ങളുമുണ്ടല്ലോ. ഈ അവയവങ്ങൾക്കെല്ലാം ഒരേ പ്രവൃത്തിയല്ല ഉള്ളത്. 5അതുപോലെ, പലരായ നാം ക്രിസ്തുവിൽ ഏകശരീരമത്രേ. ഓരോരുത്തരും മറ്റെല്ലാവരുടെയും വകയുമാണ്. 6നമുക്കു ലഭിച്ച കൃപയനുസരിച്ചു വിഭിന്ന വരങ്ങളാണു നമുക്കുള്ളത്. ഒരുവന്റെ വരം പ്രവചനമാണെങ്കിൽ അവൻ അതു തന്റെ വിശ്വാസത്തിന്റെ അളവനുസരിച്ചു[a] വിനിയോഗിക്കട്ടെ. 7സേവനത്തിനുള്ള വരമാണെങ്കിൽ സേവിക്കുകയും പഠിപ്പിക്കുവാനുള്ള വരമാണെങ്കിൽ പഠിപ്പിക്കുകയും ചെയ്യട്ടെ. 8പ്രോത്സാഹനത്തിനുള്ള വരമാണുള്ളതെങ്കിൽ പ്രോത്സാഹിപ്പിക്കട്ടെ; മറ്റുള്ളവരുടെ ആവശ്യങ്ങൾക്കുവേണ്ടി നല്കുവാനുള്ള വരമെങ്കിൽ ഔദാര്യത്തോടെ നല്കട്ടെ; നേതൃത്വത്തിനുള്ള വരമെങ്കിൽ ശുഷ്കാന്തിയോടെ ഭരിക്കട്ടെ; കരുണ കാണിക്കുവാനുള്ള വരമെങ്കിൽ അതു സന്തോഷപൂർവ്വം ചെയ്യട്ടെ.

സ്നേഹം

9സ്നേഹം നിർവ്യാജം ആയിരിക്കണം. തിന്മയെ വെറുക്കുകയും നന്മയോടു പറ്റിച്ചേരുകയും വേണം. 10സഹോദരതുല്യം അന്യോന്യം സ്നേഹിക്കുവിൻ. തങ്ങളെക്കാൾ അധികം മറ്റുള്ളവരെ ബഹുമാനിക്കുവിൻ. 11ഉത്സാഹത്തിൽ ക്ഷീണിക്കാതെ ആത്മാവിൽ ജ്വലിക്കുന്നവരായി കർത്താവിനെ സേവിക്കുവിൻ. 12പ്രത്യാശയിൽ സന്തോഷിക്കുവിൻ; ക്ലേശങ്ങളിൽ സ്ഥിരത ഉള്ളവരായിരിപ്പിൻ. 13വിശുദ്ധരുടെ ആവശ്യങ്ങളിൽ കൂട്ടായ്മ കാണിക്കുകയും അതിഥിസൽക്കാരം ആചരിക്കുകയും ചെയ്യുവിൻ.

14 നിങ്ങളെ പീഡിപ്പിക്കുന്നവരെ അനുഗ്രഹിക്കുവിൻ; ശപിക്കാതെ അനുഗ്രഹിക്കുവിൻ. 15സന്തോഷിക്കുന്നവരോടുകൂടെ സന്തോഷിക്കുകയും വിലപിക്കുന്നവരോടുകൂടെ വിലപിക്കുകയും ചെയ്യുവിൻ. 16പരസ്പര ഐക്യത്തിൽ ജീവിക്കുവിൻ; അഹങ്കരിക്കാതെ എളിയവരോടു സഹകരിച്ചു ജീവിക്കുവാൻ സന്നദ്ധരാകുവിൻ; ദുരഭിമാനികളാകരുത്. 17ആർക്കും തിന്മയ്ക്കു പകരം തിന്മ ചെയ്യരുത്. എല്ലാവരുടെയും ദൃഷ്ടിയിൽ ശരിയായിട്ടുള്ളതു ചെയ്യാൻ ശ്രദ്ധിക്കുവിൻ. 18കഴിവതും എല്ലാവരോടും സമാധാനത്തിൽ വർത്തിക്കുവിൻ. 19പ്രിയരേ, നിങ്ങൾ തന്നേ പ്രതികാരം ചെയ്യാതെ, ദൈവക്രോധത്തിന് ഇടം കൊടുക്കുവിൻ. ഇങ്ങനെ എഴുതപ്പെട്ടിരിക്കുന്നു: "പ്രതികാരം എനിക്കുള്ളത്, ഞാൻ പകരം ചെയ്യും[b]" എന്ന് കർത്താവ് അരുളിച്ചെയ്യുന്നു. 20നേരേമറിച്ച്,

> "ശത്രുവിനു വിശക്കുന്നുവെങ്കിൽ,
> ഭക്ഷണം നല്കുക; ദാഹിക്കുന്നുവെങ്കിൽ, കുടിക്കാൻ കൊടുക്കുക. ഇങ്ങനെ ചെയ്യുമ്പോൾ, നീ അവന്റെ തലമേൽ തീക്കനൽ കോരിക്കൂട്ടും.[c]"

21തിന്മയോടു തോല്ക്കരുത്; പിന്നെയോ നന്മയാൽ തിന്മയെ കീഴടക്കുവിൻ.

അധികാരികളോടുള്ള വിധേയത്വം

13 ഓരോരുത്തനും ഭരണാധികാരികൾക്കു കീഴ്പ്പെട്ടിരിക്കണം, എന്തെന്നാൽ ദൈവത്തിൽനിന്നല്ലാതെ ഒരധികാരവുമില്ല. നിലവിലുള്ള അധികാരങ്ങളോ ദൈവത്താൽ സ്ഥാപിതമാണ്. 2അതുകൊണ്ട് അധികാരത്തെ ധിക്കരിക്കുന്നവൻ ദൈവവ്യവസ്ഥയെ ധിക്കരിക്കുന്നു. അങ്ങനെ ചെയ്യുന്നവർ തങ്ങൾക്കുതന്നേ ശിക്ഷാവിധി വരുത്തിവയ്ക്കും. 3സന്മാർഗ്ഗികൾക്കല്ല ദുർമ്മാർഗ്ഗികൾക്കാണ് ഭരണാധികാരികളെ ഭയപ്പെടേണ്ടിവരുന്നത്. അധികാരിയോടുള്ള ഭയത്തിൽനിന്നു സ്വതന്ത്രനായിരിപ്പാൻ നീ ആഗ്രഹിക്കുന്നുവോ? എങ്കിൽ, നല്ലതു പ്രവർത്തിക്കുക. അയാൾ നിന്നെ പുകഴ്ത്തും. 4അയാൾ നിന്റെ നന്മയ്ക്കായി നിയോഗിക്കപ്പെട്ട ദൈവശുശ്രൂഷകനത്രേ. എന്നാൽ നീ തെറ്റു ചെയ്യുന്നു എങ്കിലോ ഭയപ്പെടണം. വെറുതെയല്ല അയാൾ വാൾ വഹിക്കുന്നത്. അയാൾ ദൈവത്തിന്റെ ഭൃത്യനും തെറ്റു ചെയ്യുന്നവനെ ശിക്ഷിക്കുവാൻ ദൈവകോപത്തിന്റെ കാര്യസ്ഥനുമാണ്. 5ആകയാൽ, ശിക്ഷയെ ഭയന്നുമാത്രമല്ല, മനസ്സാക്ഷിയെ വിചാരിച്ചും അധികാരികൾക്കു കീഴട

[a] 12:6 അഥവാ, *വിശ്വാസത്തിനു ചേർന്നവിധം.* [b] 19 ആവർത്തനം 32:35 [c] 20 സുഭാഷിതങ്ങൾ 25:21,22

ങ്ങേണ്ടത് ആവശ്യമാണ്.

6ഇക്കാരണത്താലാണു നിങ്ങൾ നികുതി കൊടുക്കുന്നത്. അധികാരികൾ മുഴുവൻസമയവും ഭരണകാര്യത്തിൽ വ്യാപൃതരായ ദൈവദൂതരാണ്. 7ഓരോരുത്തർക്കും കടപ്പെട്ടിരിക്കുന്നതു കൊടുക്കുവിൻ. നികുതിയെങ്കിൽ നികുതി; ചുങ്കമെങ്കിൽ ചുങ്കം; ആദരവെങ്കിൽ ആദരവ്; ബഹുമാനമെങ്കിൽ ബഹുമാനം.

സ്നേഹിക്കുക, ദിവസം അടുത്തിരിക്കുന്നു

8സ്നേഹിപ്പാനുള്ള കടപ്പാടൊഴികെ ആരോടും ഒന്നും കടപ്പെട്ടിരിക്കരുത്. അയൽക്കാരനെ സ്നേഹിക്കുന്നവൻ ന്യായപ്രമാണം നിറവേറ്റിയിരിക്കുന്നു. 9"വ്യഭിചാരം ചെയ്യരുത്", "കൊല ചെയ്യരുത്", "മോഷ്ടിക്കരുത്", "മോഹിക്കരുത്[a]" എന്നു തുടങ്ങി എന്തെല്ലാം കല്പനകൾ ഉണ്ടോ അവയെല്ലാം "നിന്റെ അയല്ക്കാരനെ നിന്നെപ്പോലെ സ്നേഹിക്കുക[b]" എന്ന ഒരേയൊരു കല്പനയിൽ സംക്ഷേപിച്ചിരിക്കുന്നു. 10സ്നേഹം അയല്ക്കാരനു ദോഷം വരുത്തുന്നില്ല; അതിനാൽ സ്നേഹം ന്യായപ്രമാണത്തിന്റെ പൂർത്തീകരണം തന്നേ.

11ഈ കാലം ഏതെന്നും നിദ്രയിൽനിന്ന് ഉണരേണ്ട സമയം വന്നെത്തിയിരിക്കുന്നു എന്നും അറിഞ്ഞ് ഇതൊക്കെയും ചെയ്യുക. നാം ആദ്യം വിശ്വസിച്ച സമയത്തേക്കാൾ, രക്ഷ ഇപ്പോൾ നമുക്കു കൂടുതൽ അടുത്തിരിക്കുന്നു. 12രാത്രി കഴിയാറായി, പകൽ സമീപിച്ചിരിക്കുന്നു. അതിനാൽ നമുക്ക് ഇരുട്ടിന്റെ പ്രവൃത്തികളെ വിട്ടു കളഞ്ഞിട്ടു വെളിച്ചത്തിന്റെ ആയുധവർഗ്ഗം ധരിക്കാം. 13പകൽസമയത്ത് എന്നപോലെ നമുക്കു മാന്യമായി ജീവിക്കാം, പാനോത്സവങ്ങളിലും മദ്യലഹരിയിലുമല്ല, ദുർവൃത്തിയിലും ഭോഗാസക്തിയിലുമല്ല, ഭിന്നതയിലും അസൂയയിലുമല്ല നാമിനി ജീവിക്കേണ്ടത്. 14പിന്നെയോ, കർത്താവായ യേശുക്രിസ്തുവിനെത്തന്നേ ധരിച്ചുകൊൾവിൻ. ജഡത്തിന്റെ മോഹങ്ങളെ തൃപ്തിപ്പെടുത്തുവാൻ ആഗ്രഹിക്കരുത്.

ശക്തരും അശക്തരും

14 വിശ്വാസത്തിൽ ബലഹീനനായവനെ സ്വീകരിക്കുവിൻ. അവന്റെ വിവാദപരമായ അഭിപ്രായങ്ങളെപ്പറ്റി വിധി കല്പിക്കരുത്. 2ഒരുവന്റെ വിശ്വാസം എന്തും ഭക്ഷിക്കുവാൻ അവനെ അനുവദിക്കുന്നു; എന്നാൽ വിശ്വാസത്തിൽ ബലഹീനനായവൻ സസ്യാദികൾമാത്രം ഭക്ഷിക്കുന്നു. 3എല്ലാം തിന്നുന്നവൻ തിന്നാത്തവനെറനേരേ അവജ്ഞ കാണിക്കരുത്. അതുപോലെതന്നേ, എല്ലാം തിന്നാത്തവൻ തിന്നുന്നവനെ കുറ്റം വിധിക്കയുമരുത്, ദൈവം അവനെ അംഗീകരിച്ചിരിക്കുന്നുവല്ലോ! 4മറ്റൊരുവന്റെ ദാസനെ വിധിക്കാൻ നീയാര്? അവൻ നില്ക്കുന്നതോ വീഴുന്നതോ അവന്റെ സ്വന്തം യജമാനന്റെ ദൃഷ്ടിയിലാണ്, അവനെ താങ്ങി നിർത്തുവാൻ കഴിയുന്ന യജമാനൻ അവനെ നിർത്തിക്കൊള്ളും; നിർത്തുവാൻ കർത്താവിനു കഴിയുമല്ലോ!

5ഒരുവൻ ഒരു ദിവസത്തെ മറ്റൊരു ദിവസത്തേക്കാൾ ശ്രേഷ്ഠമെന്നു കരുതുന്നു; മറ്റൊരാൾ എല്ലാ ദിവസങ്ങളെയും തുല്യമായി പരിഗണിക്കുന്നു. ഓരോരുത്തനും അവനവന്റെ മനസ്സിൽ പൂർണ്ണബോധ്യം ഉണ്ടായിരിക്കട്ടെ. 6ഒരു ദിവസത്തിനു വിശേഷത കല്പിക്കുന്നവൻ കർത്താവിനുവേണ്ടി അങ്ങനെ ചെയ്യുന്നു. മാംസം ഭക്ഷിക്കുന്നവനും അതിനായി ദൈവത്തെ സ്തുതിക്കുന്നതുകൊണ്ടു കർത്താവിന്റെ മഹത്ത്വത്തിനുവേണ്ടി ഭക്ഷിക്കുന്നു. അതു വർജ്ജിക്കുന്നവനും കർത്താവിനുവേണ്ടി വർജ്ജിക്കുകയും സ്തോത്രം ചെയ്യുകയും ചെയ്യുന്നു. 7എന്തെന്നാൽ നമ്മിലാരും തനിക്കുവേണ്ടിത്തന്നേ ജീവിക്കുന്നില്ല; ആരും തനിക്കുവേണ്ടിത്തന്നേ മരിക്കുന്നതുമില്ല. 8ജീവിക്കുന്നുവെങ്കിൽ നാം കർത്താവിനുവേണ്ടി ജീവിക്കുന്നു; മരിക്കുന്നുവെങ്കിൽ കർത്താവിനുവേണ്ടി മരിക്കുന്നു. അതുകൊണ്ടു, ജീവിച്ചാലും മരിച്ചാലും നാം കർത്താവിനുള്ളവരാണ്.

9മരിച്ചവരുടെയും ജീവിച്ചിരിക്കുന്നവരുടെയും കർത്താവായിരിക്കേണ്ടതിനല്ലോ ക്രിസ്തു മരിക്കുകയും വീണ്ടും ജീവിക്കുകയും ചെയ്തത്. 10എങ്കിൽ പിന്നെ, നീ എന്തിനു സഹോദരനെ വിധിക്കുന്നു? അഥവാ എന്തിനു സഹോദരനെ അവജ്ഞയോടെ വീക്ഷിക്കുന്നു? നാമെല്ലാവരും ദൈവത്തിന്റെ ന്യായാസനത്തിനുമുമ്പിൽ നില്ക്കേണ്ടിവരുമല്ലോ. 11തിരുവെഴുത്തിൽ ഇങ്ങനെ എഴുതിയിരിക്കുന്നു:

> "എന്റെ മുമ്പിൽ എല്ലാ മുഴങ്കാലും
> മടങ്ങും, എല്ലാനാവും ദൈവത്തോട്
> ഏറ്റുപറയും[c]"

എന്നിങ്ങനെ കർത്താവ് ആണയിട്ടു പറയുന്നു.

12അതിനാൽ നാം ഓരോരുത്തരും അവനവനെക്കുറിച്ചു ദൈവത്തോടു കണക്കു ബോധിപ്പിക്കേണ്ടിവരും.

13അതുകൊണ്ടു നാം ഇനി അന്യോന്യം വിധിക്കുന്നതു നിർത്തുക. നേരേ മറിച്ച്, സഹോദരന്റെ വഴിയിൽ ഇടർച്ചയോ തടസ്സമോ വയ്ക്കാതിരിക്കാൻ തീരുമാനിച്ചുകൊൾക. 14ഒരു ഭക്ഷണവും[d] അതിൽത്തന്നേ അശുദ്ധമല്ല

[a] 9 പുറപ്പാട് 20:13-15,17; ആവർത്തനം 5:17-19, 21 [b] 9 ലേവ്യ 19:18 [c] 11 യെശയ്യാവ് 45:23 [d] 14 അഥവാ, യാതൊന്നും.

എന്നു കർത്താവായ യേശുവിൽ ആയിരിക്കുന്ന എനിക്കു തികഞ്ഞ ബോധ്യമുണ്ട്. എന്നാൽ ഏതെങ്കിലും വസ്തു അശുദ്ധമെന്നു കരുതുന്നവന് അത് അശുദ്ധം തന്നേ. 15നിന്റെ ഭക്ഷണം സഹോദരനു മനഃക്ലേശമുളവാക്കുന്നുവെങ്കിൽ നീ സ്നേഹത്തിൽ നടക്കുന്നില്ല. ആർക്കുവേണ്ടി ക്രിസ്തു മരിച്ചുവോ ആ സഹോദരനെ നിന്റെ ഭക്ഷണംകൊണ്ട് നശിപ്പിക്കരുത്.

16നിങ്ങൾ ശരിയെന്നു കരുതി ചെയ്യുന്ന ഒരു കാര്യത്തെ അന്യർ ദുഷിച്ചു പറയുവാൻ ഇടവരുത്തരുത്. 17എന്തെന്നാൽ ദൈവരാജ്യം ഭക്ഷണത്തിന്റെയും പാനീയത്തിന്റെയും കാര്യമല്ല, നീതിയും സമാധാനവും പരിശുദ്ധാത്മാവിലുള്ള സന്തോഷവുമത്രേ. 18ഇങ്ങനെ ക്രിസ്തുവിനെ സേവിക്കുന്നവൻ ദൈവത്തിനു പ്രസാദമുള്ളവനും മനുഷ്യർക്കു സ്വീകാര്യനുമാണ്. 19ആകയാൽ നമുക്ക് സമാധാനത്തിനും അന്യോന്യം ആത്മിക പരിപോഷണത്തിനും വേണ്ടി ഉറ്റു ശ്രമിക്കാം. 20ദൈവത്തിന്റെ പ്രവൃത്തിയെ ഭക്ഷണത്തിന്റെ പേരിൽ നശിപ്പിക്കരുത്. എല്ലാ ഭക്ഷണവും ശുദ്ധമാണ്. എന്നാൽ മറ്റുള്ളവർക്ക് ഇടർച്ചയുണ്ടാക്കുന്ന വസ്തു ഭക്ഷിക്കുന്നത് ദോഷംതന്നേ. 21മാംസം തിന്നാതെയും വീഞ്ഞു കുടിക്കാതെയും നിന്റെ സഹോദരന്റെ വീഴ്ചയ്ക്കിടയാക്കുന്ന യാതൊന്നും ചെയ്യാതെയും ഇരിക്കുന്നതു നല്ലത്.

22ഈ കാര്യങ്ങളെക്കുറിച്ചുള്ള നിന്റെ വിശ്വാസം നീയും ദൈവവും തമ്മിലുള്ള ഒരു കാര്യമായി കരുതിക്കൊൾക, താൻ അംഗീകരിക്കുന്ന കാര്യത്തിൽ തന്നെത്താൻ കുറ്റം വിധിക്കാത്തവൻ ഭാഗ്യവാൻ. 23സംശയത്തോടെ ഭക്ഷിക്കുന്നവനോ താൻ ഭക്ഷിക്കുന്നതു വിശ്വാസത്തിന്റെ അടിസ്ഥാനത്തിലല്ലാത്തതിനാൽ കുറ്റക്കാരനാകുന്നു. വിശ്വാസത്തിൽനിന്നു ഉത്ഭവിക്കാത്തതെല്ലാം പാപംതന്നേ.

15 ശക്തരായ നാം അശക്തരുടെ ദൗർബ്ബല്യങ്ങൾ വഹിക്കണം; നമ്മെത്തന്നേ പ്രീതിപ്പെടുത്തുകയല്ല വേണ്ടത്. 2നാം ഓരോരുത്തരും അയൽക്കാരന്റെ നന്മയ്ക്കായി, അയാളുടെ ഉന്നമനം മുൻനിർത്തി അയാളെ പ്രീതിപ്പെടുത്താൻ ശ്രമിക്കണം. 3ക്രിസ്തുവും സ്വയം പ്രസാദിപ്പിച്ചില്ല: "നിന്നെ നിന്ദിക്കുന്നവരുടെ നിന്ദ എന്റെമേൽ വീണു[a]" എന്നാണല്ലോ എഴുതിയിരിക്കുന്നത്. 4മുമ്പ് എഴുതപ്പെട്ടവയെല്ലാം, നമ്മുടെ പ്രബോധനത്തിനായിട്ടാണ്. സഹിഷ്ണുതയാലും തിരുവെഴുത്തുകളിൽനിന്നു ലഭിക്കുന്ന പ്രോത്സാഹനത്താലും നമുക്കു പ്രത്യാശയുണ്ടാകുവാൻ അവ എഴുതപ്പെട്ടിരിക്കുന്നു. 5സഹിഷ്ണുതയും പ്രോത്സാഹനവും നല്കുന്ന ദൈവം, ക്രിസ്തുയേശുവിന് അനുരൂപരായി പരസ്പരൈക്യത്തിൽ ജീവിക്കാൻ നിങ്ങളെ സഹായിക്കട്ടെ. 6അങ്ങനെ നിങ്ങൾ ഏകഹൃദയത്തോടും ഏകസ്വരത്തിലും നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ പിതാവായ ദൈവത്തെ മഹത്ത്വപ്പെടുത്തുവാൻ ഇടയാകട്ടെ.

7അതുകൊണ്ട് ദൈവമഹത്ത്വത്തിനായി ക്രിസ്തു നിങ്ങളെ സ്വീകരിച്ചതുപോലെ നിങ്ങളും അന്യോന്യം സ്വീകരിക്കുവിൻ. 8ക്രിസ്തു യഹൂദരുടെ ശുശ്രൂഷകനായിത്തീർന്നത്, പൂർവ്വപിതാക്കന്മാർക്കു നല്കപ്പെട്ട വാഗ്ദാനങ്ങൾ ദൈവത്തിന്റെ സത്യപ്രകാരം ഉറപ്പാക്കുവാൻ മാത്രമല്ല, 9പിന്നെയോ,

"വിജാതീയരും ദൈവത്തെ,
അവിടുത്തെ കരുണനിമിത്തം,
മഹത്ത്വീകരിക്കേണ്ടതിനാണെന്ന്
ഞാൻ കീർത്തനങ്ങൾ പാടും."[b]

എന്നെഴുതിയിരിക്കുന്നു.

10വീണ്ടും

"വിജാതീയരേ, അവിടുത്തെ ജനത്തോടു ചേർന്നു സന്തോഷിപ്പിൻ"[c]

എന്നും

11"വിജാതീയരായ സകലരുമേ,
കർത്താവിനെ സ്തുതിപ്പിൻ, സകല
ജനങ്ങളും ദൈവത്തെ പുകഴ്ത്തട്ടെ"[d]

എന്നു എഴുതിയിരിക്കുന്നു.

12പിന്നെയും, യെശയ്യാവ് പറയുന്നു:

"യിശ്ശായിയുടെ വേരിൽനിന്നു ജനതകളെ ഭരിപ്പാനുള്ളവൻ ഉത്ഭവിക്കും.
അന്യജനസമൂഹങ്ങൾ അദ്ദേഹത്തിൽ
പ്രത്യാശിക്കും."[e]

13പ്രത്യാശ നൽകുന്ന ദൈവം തന്നിൽ വിശ്വാസം അർപ്പിക്കുന്ന നിങ്ങളെ സകല സന്തോഷത്താലും സമാധാനത്താലും നിറയ്ക്കട്ടെ. അങ്ങനെ പരിശുദ്ധാത്മാവിന്റെ ശക്തിയാൽ നിങ്ങളിൽ പ്രത്യാശ കവിഞ്ഞൊഴുകുകയും ചെയ്യുമാറാകട്ടെ.

പൗലൊസ്, വിജാതീയരുടെ ശുശ്രൂഷകൻ

14എന്റെ സഹോദരരേ, നിങ്ങൾതന്നേ നന്മനിറഞ്ഞവരും പരിജ്ഞാനപൂർണ്ണരും പരസ്പരം പ്രബോധിപ്പിക്കുവാൻ സമർത്ഥരും ആണെന്ന് എനിക്കുറപ്പുണ്ട്. എന്നാൽ നിങ്ങളെ വീണ്ടും ഓർമ്മപ്പെടുത്തുവാനെന്നവണ്ണം ചില കാര്യങ്ങളെക്കുറിച്ചു ധൈര്യമായി ഞാൻ നിങ്ങൾക്കെഴുതിയിരിക്കുന്നു. ദൈവത്തിന്റെ സുവിശേഷം അറിയിക്കുക എന്ന പുരോഹി

[a] 15:3സങ്കീർത്തനം 69:9 [b] 9 2ശമൂവേൽ 22:9; സങ്കീർത്തനം 18:49 [c] 10 ആവർത്തനം 32:43
[d] 11സങ്കീർത്തനം 117:1 [e] 12 യെശയ്യാവ് 11:10

തധർമ്മത്തോടുകൂടി 16വിജാതീയർക്കു ക്രിസ്തുയേശുവിന്റെ ശുശ്രൂഷകനായിരിപ്പാൻ ദൈവം എനിക്കു നല്കിയ കൃപ നിമിത്തമത്രേ അങ്ങനെ എഴുതിയത്. ഈ ശുശ്രൂഷയുടെ ഉദ്ദേശ്യം, വിജാതീയർ ദൈവത്തിനു സ്വീകാര്യവും പരിശുദ്ധാത്മാവിനാൽ വിശുദ്ധീകരിക്കപ്പെട്ടതുമായ വഴിപാടായിത്തീരുക എന്നതത്രേ.

17അതുകൊണ്ടു ദൈവത്തിനുവേണ്ടിയുള്ള എന്റെ ശുശ്രൂഷ സംബന്ധിച്ചു ക്രിസ്തുയേശുവിൽ ഞാൻ അഭിമാനിക്കുന്നു. 18പരിശുദ്ധാത്മാവിന്റെ ശക്തിയാൽ അത്ഭുതങ്ങളുടെയും അടയാളങ്ങളുടെയും പ്രഭാവത്തോടെ 19ഞാൻ സംസാരിച്ചതും പ്രവർത്തിച്ചതുമായ കാര്യങ്ങൾ മുഖാന്തരം ദൈവത്തോടുള്ള അനുസരണത്തിലേക്കു വിജാതീയരെ നയിക്കുവാൻ എന്നിലൂടെ ക്രിസ്തു നിർവ്വഹിച്ച കാര്യങ്ങളെക്കുറിച്ചല്ലാതെ മറ്റൊന്നും സംസാരിക്കുവാൻ ഞാൻ മുതിരുകയില്ല. അങ്ങനെ ഞാൻ യെരൂശലേം മുതൽ ഇല്ലൂര്യവരെയും ചുറ്റിസഞ്ചരിച്ചു ക്രിസ്തുവിന്റെ സുവിശേഷം പൂർണ്ണമായി ഘോഷിച്ചിരിക്കുന്നു. 20മറ്റൊരാളിന്റെ അടിസ്ഥാനത്തിന്മേൽ ഞാൻ പണിയുന്നു എന്നു വരാതിരിക്കാൻ, ക്രിസ്തുവിനെ അറിഞ്ഞിട്ടില്ലാത്ത സ്ഥലങ്ങളിൽ സുവിശേഷം അറിയിക്കുക എന്നതാണ് എന്റെ അഭിവാഞ്ഛ.

21"അവിടുത്തെക്കുറിച്ച് അറിവു ലഭിച്ചിട്ടില്ലാത്തവർ കാണും;
കേട്ടിട്ടില്ലാത്തവർ മനസ്സിലാക്കും[a]"

എന്നല്ലോ എഴുതിയിരിക്കുന്നത്.

22ഇക്കാരണത്താലാണ് എനിക്കു നിങ്ങളുടെ അടുത്തെത്തുന്നതിനു പലപ്പോഴും തടസ്സം നേരിട്ടത്.

റോം സന്ദർശിക്കുവാനുള്ള പൗലൊസിന്റെ ഉദ്ദേശ്യം

23എന്നാൽ ഇപ്പോൾ ഈ പ്രദേശങ്ങളിൽ എനിക്കു പ്രവർത്തിക്കാൻ ഇനിയും സ്ഥലമൊന്നും അവശേഷിക്കാത്തതുകൊണ്ടും, ഏറെ വർഷങ്ങളായി നിങ്ങളെ കാണാൻ ആഗ്രഹിച്ചിരിക്കുന്നതു കൊണ്ടും, 24സ്പെയിനിലേക്കുള്ള എന്റെ യാത്രാമധ്യേ ഞാൻ നിങ്ങളെ സന്ദർശിക്കുവാൻ ഉദ്ദേശിക്കുന്നു. കുറച്ചുസമയം നിങ്ങളോടുള്ള കൂട്ടായ്മയിൽ സന്തോഷിച്ചിട്ട്, നിങ്ങളുടെ സഹായത്തോടെ യാത്ര തുടരാമെന്നു ഞാൻ ആശിക്കുന്നു. 25എങ്കിലും ഇപ്പോൾ യെരൂശലേമിലുള്ള വിശുദ്ധരുടെ ശുശ്രൂഷയ്ക്കായി അവിടേക്കു പോകുകയാണ്. 26യെരൂശലേമിലെ വിശുദ്ധരിൽ ദരിദ്രരായവർക്ക് ഒരു സംഭാവന നല്കുവാൻ മാസിഡോണിയായിലും അഖായയിലും ഉള്ളവർക്കു താൽപര്യമുണ്ടായി. 27തങ്ങളുടെ സന്മനസ്സുകൊണ്ടാണ് അവരതു ചെയ്തത്; അവർക്കു വാസ്തവത്തിൽ അതിനുള്ള കടപ്പാടും ഉണ്ട്. എന്തെന്നാൽ അവർ യഹൂദന്മാരുടെ ആത്മീയാനുഗ്രഹങ്ങളിൽ പങ്കാളികളെങ്കിൽ തങ്ങളുടെ ഭൗതികാനുഗ്രഹങ്ങൾ യഹൂദരുമായി പങ്കുവയ്ക്കുവാനും അവർക്കു ബാധ്യതയുണ്ട്. 28അതുകൊണ്ട്, ഈ ജോലി പൂർത്തിയാക്കുകയും ശേഖരിച്ചത് അവരെ ഏല്പിക്കുകയും ചെയ്തശേഷം ഞാൻ സ്പെയിനിലേക്കു പോകുന്നവഴി നിങ്ങളെ സന്ദർശിക്കും. 29ഞാൻ നിങ്ങളുടെ അടുത്തെത്തുന്നതു ക്രിസ്തുവിന്റെ അനുഗ്രഹപൂർണ്ണതയോടെ ആയിരിക്കുമെന്ന് എനിക്കറിയാം.

30സഹോദരരേ, നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെയും ആത്മാവിലുള്ള സ്നേഹത്തിന്റെയും പേരിൽ ഞാൻ നിങ്ങളോട് അഭ്യർത്ഥിക്കുന്നു. എനിക്കുവേണ്ടി ദൈവത്തോടുള്ള പ്രാർത്ഥനയിലൂടെ നിങ്ങൾ എന്റെ പോരാട്ടത്തിൽ എന്നോടു സഹകരിക്കണം. 31യഹൂദ്യയിലെ അവിശ്വാസികളിൽനിന്നു ഞാൻ വിടുവിക്കപ്പെടുന്നതിനും യെരൂശലേമിലെ എന്റെ സേവനം അവിടെയുള്ള വിശുദ്ധർക്കു സ്വീകാര്യമാകുന്നതിനും വേണ്ടി പ്രാർത്ഥിക്കുവിൻ. 32അങ്ങനെ ദൈവേഷ്ടത്താൽ, ഞാൻ സന്തോഷത്തോടെ നിങ്ങളുടെ അടുക്കൽ വരുവാനും നിങ്ങളോടൊപ്പം നവോന്മേഷം പ്രാപിക്കുവാനും എനിക്ക് ഇടയാകട്ടെ. 33സമാധാനത്തിന്റെ ദൈവം നിങ്ങളെല്ലാവരോടുംകൂടെ ഇരിക്കട്ടെ, ആമേൻ.

വ്യക്തിപരമായ അഭിവാദനങ്ങൾ

16 കെംക്രെയസഭയിലെ ശുശ്രൂഷകയായ, നമ്മുടെസഹോദരി ഫേബയ്ക്കു വേണ്ടി ഞാൻ നിങ്ങൾക്ക് എഴുതുന്നു. 2വിശുദ്ധർക്കു യോഗ്യമായ വിധത്തിൽ, നിങ്ങൾ ഫേബയെ കർത്താവിന്റെ നാമത്തിൽ സ്വീകരിച്ചു നിങ്ങളിൽനിന്ന് ആവശ്യമായേക്കാവുന്ന ഏതു സഹായവും അവർക്കു ചെയ്തുകൊടുക്കണമെന്ന് ഞാൻ ആവശ്യപ്പെടുന്നു. എനിക്കും മറ്റു പലർക്കും അവർ വലിയ സഹായി ആയിരുന്നു.

3ക്രിസ്തുയേശുവിൽ എന്റെ സഹപ്രവർത്തകരായ പ്രിസ്കില്ലയെയും അക്വിലാവിനെയും എന്റെ അഭിവാദനം അറിയിക്കുവിൻ.
4അവർ എനിക്കുവേണ്ടി ജീവൻ പണയപ്പെടുത്തിയവരാണ്. ഞാൻ മാത്രമല്ല, യഹൂദരുടേതല്ലാത്ത സകലസഭകളും അവരോടു നന്ദിയുള്ളവരാണ്.
5അവരുടെ ഭവനത്തിൽ കൂടിവരുന്ന സഭയെയും അഭിവാദനം ചെയ്യുവിൻ.

[a] 21യെശയ്യാവ് 52:15

ഏഷ്യ പ്രവിശ്യയിൽ ക്രിസ്തുവിലാദ്യ
ഫലമായവനും എന്റെ പ്രിയ സ്നേഹി
തനുമായ എപ്പൈനത്തൊസിനു
വന്ദനം പറയണം.
6നിങ്ങൾക്കുവേണ്ടി വളരെ അദ്ധ്വാനി
ച്ച മറിയയ്ക്കു വന്ദനം പറയണം.
7എന്നോടുകൂടെ ജയിലിൽ ഉണ്ടായി
രുന്ന എന്റെ ചാർച്ചക്കാരായ അന്ത്രോ
നിക്കൊസിനെയും യൂനിയാവിനെയും
അഭിവാദനം ചെയ്യുക. അവർ അപ്പൊ
സ്തലരിൽ മികച്ചവരും എന്നെക്കാൾ
മുമ്പേ ക്രിസ്തുവിൽ വിശ്വസിച്ചവരു
മാണ്.
8ഞാൻ കർത്താവിൽ സ്നേഹിക്കുന്ന
അംപ്ലിയാത്തൊസിനു വന്ദനം പറയുക.
9ക്രിസ്തുവിൽ നമ്മുടെ കൂട്ടുവേലക്കാ
രനായ ഉർബാനൊസിനും എന്റെ പ്രി
യമിത്രമായ സ്താക്കുവിനും വന്ദനം
പറയണം.
10ക്രിസ്തുവിൽ അംഗീകാരയോഗ്യ
നായ അപ്പെലേസിനെ അഭിവാദനം
ചെയ്യുക. അരിസ്തൊബുലോസിന്റെ
ഭവനത്തിലുള്ളവരെ വന്ദനം ചെയ്യുക.
11എന്റെ ബന്ധുവായ ഹെരോദിയോ
നു വന്ദനം പറയുക. നർക്കിസ്സൊ
സിന്റെ ഭവനത്തിൽ, കർത്താവിൽ വി
ശ്വസിക്കുന്നവരെ അഭിവാദനം
ചെയ്താലും.
12കർത്താവിൽ അത്യദ്ധ്വാനം ചെയ്യുന്ന
ത്രുഫൈന, ത്രുഫോസെ എന്നീ വനി
തകളെ അഭിവാദനം ചെയ്യുവിൻ.
കർത്താവിനുവേണ്ടി വളരെയേറെ
പ്രവർത്തിക്കുന്ന എന്റെ പ്രിയസ്
നേഹിത പെർസിസിനു വന്ദനം
പറയണം.
13കർത്താവിൽ തിരഞ്ഞെടുക്ക
പ്പെട്ടവരായ രൂഫോസിനെയും എനി
ക്കും അമ്മയായ അവന്റെ അമ്മ
യെയും അഭിവാദനം ചെയ്യുവിൻ.
14അസുംക്രിതൊസിനും ഫ്ലെഗോനും
ഹെർമ്മോസിനും പത്രോബാസിനും
ഹെർമാസിനും കൂടെയുള്ള സഹോ
ദരർക്കും വന്ദനം ചൊല്ലുക.
15ഫിലൊലോഗൊസിനും
യൂലിയെയ്ക്കും നെരെയുസിനും
അവന്റെ സഹോദരിക്കും ഒലുമ്പാ
സിനും അവരോടുകൂടെയുള്ള സകല
വിശുദ്ധർക്കും വന്ദനം പറയണം.
16എല്ലാവരും വിശുദ്ധചുംബനത്താൽ
പരസ്പരം അഭിവാദനം ചെയ്യുവിൻ.
ക്രിസ്തുവിന്റെ സകലസഭകളും
നിങ്ങൾക്ക് ആശംസകൾ അയയ്
ക്കുന്നു.
17സഹോദരരേ, നിങ്ങൾ പഠിച്ച ഉപദേശ
ത്തിനു വിപരീതമായി നിങ്ങളുടെ ഇടയിൽ
ഭിന്നിപ്പ് ഉണ്ടാക്കുകയും ഇടർച്ച വരുത്തുകയും
ചെയ്യുന്നവരെ സൂക്ഷിച്ചുകൊള്ളണമെന്ന്
ഞാൻ നിർബ്ബന്ധമായി ആവശ്യപ്പെടുന്നു.
അവരിൽനിന്ന് അകന്നു നിന്നുകൊള്ളണം.
18അവർ നമ്മുടെ കർത്താവായ ക്രിസ്തു
വിനെയല്ല, സ്വന്തം വയറിനെയാണു സേവി
ക്കുന്നത്. ചക്കരവാക്കും മുഖസ്തുതി
യുംകൊണ്ട് അവർ ശുദ്ധഗതിക്കാരുടെ
ഹൃദയങ്ങളെ വഞ്ചിച്ചുകളയുന്നു. 19നിങ്ങളുടെ
അനുസരണത്തെപ്പറ്റി എല്ലാവരും കേട്ടിരി
ക്കുന്നു. അതുകൊണ്ട് എനിക്കു നിങ്ങളെ സം
ബന്ധിച്ചു വളരെ സന്തോഷമുണ്ട്; എന്നാൽ നി
ങ്ങൾ നന്മയെക്കുറിച്ചു അറിവുള്ളവരും തിന്മ
യെ സംബന്ധിച്ച് നിഷ്കളങ്കരും ആയിരിക്കണ
മെന്നു ഞാൻ ആഗ്രഹിക്കുന്നു.
20 സമാധാനത്തിന്റെ ദൈവം വേഗത്തിൽ
സാത്താനെ നിങ്ങളുടെ കാൽക്കീഴിൽ ചതച്ചു
കളയും. നമ്മുടെ കർത്താവായ യേശുവിന്റെ
കൃപ നിങ്ങളോടുകൂടെ ഉണ്ടായിരിക്കട്ടെ.
21എന്റെ സഹപ്രവർത്തകനായ തിമൊഥെ
യൊസും ബന്ധുക്കളായ ലൂക്യൊസും യാസോ
നും സോസിപത്രൊസും നിങ്ങളെ അഭിവാദനം
ചെയ്യുന്നു. 22ഈ ലേഖനത്തിന്റെ കൈപ്പടക്കാ
രനായ തെർത്യൊസ് എന്ന ഞാനും കർത്താ
വിൽ നിങ്ങളെ അഭിവാദ്യം ചെയ്യുന്നു. 23എനി
ക്കും ഇവിടുത്തെ സഭയ്ക്കു മുഴുവനും ആതി
ഥ്യം നല്കുന്ന ഗായൊസ് തന്റെ ആശംസകൾ
നിങ്ങൾക്ക് അയയ്ക്കുന്നു.
24നമ്മുടെ കർത്താവായ യേശുക്രിസ്തു
വിന്റെ കൃപ നിങ്ങളോടെല്ലാവരോടുംകൂടെ
ഉണ്ടായിരിക്കട്ടെ. നഗരത്തിലെ പൊതുമരാ
മത്തിന്റെ അധികാരിയായ എരസ്തൊസും
നമ്മുടെ സഹോദരനായ ക്വർത്തൊസും
നിങ്ങൾക്ക് ആശംസകൾ അയയ്ക്കുന്നു.
25അനേകയുഗങ്ങളായി മറഞ്ഞിരുന്നതും
ഇപ്പോൾ വെളിപ്പെട്ടിരിക്കുന്നതുമായ മർമ്മം, നി
ത്യദൈവത്തിന്റെ നിയോഗത്താൽ സകല
ജനങ്ങൾക്കും, വിശ്വാസത്തിന്റെ അനു
സരണത്തിനായി പ്രവാചകന്മാരുടെ എഴുത്തു
കളിലൂടെ വെളിപ്പെട്ടു. 26എന്റെ
സുവിശേഷവും യേശുക്രിസ്തുവിനെക്കുറി
ച്ചുള്ള പ്രസംഗവും മുഖേന ഏകനും സർ
വ്വജ്ഞനുമായ ദൈവത്തിന് നിങ്ങളെ വിശ്വാ
സത്തിൽ സ്ഥിരപ്പെടുത്തുവാൻ കഴിയും.
27അവിടുത്തേക്ക് യേശുക്രിസ്തുവിലൂടെ
എന്നെന്നേക്കും മഹത്ത്വം ഉണ്ടാകട്ടെ,
ആമേൻ

1 കൊരിന്ത്യർ

1 ദൈവേഷ്ടത്താൽ ക്രിസ്തുയേശുവിന്റെ
അപ്പൊസ്തലനായി വിളിക്കപ്പെട്ട
പൗലൊസും നമ്മുടെ സഹോദരനായ സോസ്
തെനേസും,

2കൊരിന്തിലുള്ള ദൈവസഭയ്ക്ക് എഴു
തുന്നത്: നമ്മുടെ കർത്താവായ യേശുക്രിസ്തു
വിന്റെ നാമം വിളിച്ചപേക്ഷിക്കുന്നവരായി
എല്ലായിടങ്ങളിലുമുള്ള എല്ലാവരോടുംകൂടെ
നിങ്ങൾ ക്രിസ്തുയേശുവിൽ വിശുദ്ധീകരിക്ക
പ്പെട്ടവരും വിശുദ്ധരായി വിളിക്കപ്പെട്ടവരും
ആകുന്നു. അവിടുന്ന് നമ്മുടെയും അവരുടെയും
കർത്താവുതന്നേ.

3നമ്മുടെ പിതാവായ ദൈവത്തിൽനിന്നും
കർത്താവായ യേശുക്രിസ്തുവിൽനിന്നും
നിങ്ങൾക്കു കൃപയും സമാധാനവും
ഉണ്ടാകട്ടെ.

സ്തോത്രാർപ്പണം

4ക്രിസ്തുയേശുവിൽ നിങ്ങൾക്കു നല്കപ്പെട്ട
കൃപ നിമിത്തം ഞാൻ നിങ്ങൾക്കുവേണ്ടി എ
പ്പോഴും ദൈവത്തിനു സ്തോത്രം ചെയ്യുന്നു.
5നിങ്ങൾക്കു ക്രിസ്തുയേശുവിൽ എല്ലാവി
ധത്തിലും- നിങ്ങളുടെ സകല സംസാരത്തിലും
സകല ജ്ഞാനത്തിലുംതന്നെ- സമൃദ്ധി ലഭിച്ചി
രിക്കുന്നു; 6എന്തെന്നാൽ ക്രിസ്തുവിനെക്കുറി
ച്ചുള്ള ഞങ്ങളുടെ സാക്ഷ്യം നിങ്ങളിൽ ഉറപ്പാ
യിരിക്കുന്നുവല്ലോ. 7ആകയാൽ നമ്മുടെ
കർത്താവായ യേശുക്രിസ്തുവിന്റെ പ്രത്യ
ക്ഷതയ്ക്കായി കാത്തിരിക്കുന്ന നിങ്ങൾക്ക്
ആത്മീയവരങ്ങളിൽ ഒന്നിലും കുറവില്ല.
8നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ
ദിവസത്തിൽ നിങ്ങൾ കുറ്റമറ്റവരായി
രിക്കേണ്ടതിന് അവിടുന്ന് നിങ്ങളെ അവസാന
ത്തോളം ശക്തീകരിക്കും. 9തന്റെ പുത്രനും
നമ്മുടെ കർത്താവുമായ യേശുക്രിസ്തു
വിന്റെ കൂട്ടായ്മയിലേക്കു നിങ്ങളെ വിളിച്ചിരി
ക്കുന്ന ദൈവം വിശ്വസ്തൻ.

സഭയിലെ വിഭാഗീയത

10സഹോദരരേ, നിങ്ങളുടെ ഇടയിൽ ഒരു
ഭിന്നിപ്പുമില്ലാതെ, നിങ്ങൾ ഒരേ മനസ്സും ഒരേ
ചിന്തയും ഉള്ളവരായിരിക്കാൻ തക്കവണ്ണം തി
കഞ്ഞ ഐകമത്യം പാലിക്കണമെന്നു നമ്മുടെ
കർത്താവായ യേശുക്രിസ്തുവിന്റെ നാ
മത്തിൽ ഞാൻ അപേക്ഷിക്കുന്നു. 11എന്റെ സ
ഹോദരരേ, നിങ്ങളുടെയിടയിൽ ഭിന്നതകൾ ഉ
ണ്ടെന്നു ക്ലോവയുടെ കുടുംബത്തിൽപ്പെട്ട
ചിലർ എന്നെ അറിയിക്കുകയുണ്ടായി. 12അതാ
യത്, നിങ്ങളിൽ ഒരാൾ "ഞാൻ പൗലൊസിന്റെ
പക്ഷക്കാരൻ" എന്നും മറ്റൊരാൾ "ഞാൻ അ
പ്പൊല്ലോസിന്റെ പക്ഷക്കാരൻ" എന്നും വേ
റൊരാൾ "ഞാൻ കേഫാവിന്റെ പക്ഷക്കാരൻ"
എന്നും ഇനിയും ഒരാൾ "ഞാൻ ക്രിസ്തു
വിന്റെ പക്ഷക്കാരൻ" എന്നും പറയുന്നു.

13ക്രിസ്തു വിഭജിക്കപ്പെട്ടിരിക്കുന്നുവോ?
പൗലൊസാണോ നിങ്ങൾക്കുവേണ്ടി ക്രൂശിക്ക
പ്പെട്ടത്? പൗലൊസിന്റെ നാമത്തിലോ നിങ്ങൾ
സ്നാനപ്പെട്ടത്? 14ക്രിസ്പൊസിനെയും
ഗായൊസിനെയും ഒഴികെ നിങ്ങളിൽ മറ്റാരെയും
ഞാൻ സ്നാനം കഴിപ്പിച്ചിട്ടില്ലാത്തതിനാൽ
ദൈവത്തെ സ്തുതിക്കുന്നു. 15അതുകൊണ്ട്
എന്റെ നാമത്തിൽ സ്നാനപ്പെട്ടിരി
ക്കുന്നുവെന്ന് നിങ്ങളിലാർക്കും പറയാൻ സാ
ധ്യമല്ല. (16സ്തെഫാനൊസിന്റെ വീട്ടു
കാരെയും ഞാൻ സ്നാനം കഴിപ്പിച്ചു; വേറെ
ആരെയെങ്കിലും സ്നാനം കഴിപ്പിച്ചതായി ഞാൻ
ഓർക്കുന്നില്ല.) 17ക്രിസ്തു എന്നെ അയച്ചിരി
ക്കുന്നതു സ്നാനം കഴിപ്പിക്കുവാനല്ല, സുവി
ശേഷം അറിയിക്കുവാനാണ്- അതാകട്ടെ, ക്രി
സ്തുവിന്റെ ക്രൂശിനുള്ള ശക്തി നഷ്ടമാകാ
തിരിപ്പാൻ, ജ്ഞാനത്തിന്റെ വാഗ്വൈ
ഭവത്തോടെ അല്ല താനും.

ക്രിസ്തു- ദൈവിക ജ്ഞാനവും
ദൈവിക ശക്തിയും

18ക്രൂശിന്റെ വചനം നശിച്ചുപോകുന്നവർ
ക്കു ഭോഷത്തവും രക്ഷിക്കപ്പെടുന്ന നമുക്കോ
ദൈവശക്തിയും ആകുന്നു.

19"ജ്ഞാനികളുടെ ജ്ഞാനം ഞാൻ
നശിപ്പിക്കും; ബുദ്ധിമാന്മാരുടെ ബുദ്ധി

ഞാൻ നിഷ്ഫലമാക്കും."[a]
എന്ന് എഴുതിയിരിക്കുന്നുവല്ലോ.
20ജ്ഞാനി എവിടെ? പണ്ഡിതൻ എവിടെ?
ഈ ലോകത്തിലെ തത്ത്വജ്ഞാനി എവിടെ?
ലോകത്തിന്റെ ജ്ഞാനത്തെ ദൈവം ഭോ
ഷത്തമാക്കിയില്ലയോ? 21ലോകം അതിന്റെ
ജ്ഞാനത്തിൽ ദൈവത്തെ അറിയാ
ഞ്ഞതുകൊണ്ട് വിശ്വസിക്കുന്നവരെ തന്റെ
ജ്ഞാനത്തിൽ, പ്രസംഗത്തിന്റെ ഭോഷത്തം
മുഖേന രക്ഷിക്കാൻ ദൈവത്തിനു പ്രസാദം
തോന്നി. 22യഹൂദർ അടയാളങ്ങൾ
ആവശ്യപ്പെടുന്നു. ഗ്രീക്കുകാർ ജ്ഞാനം അ
ന്വേഷിക്കുന്നു. 23ഞങ്ങളാകട്ടെ യഹൂദർക്ക്
ഇടർച്ചയും വിജാതീയർക്കു ഭോഷത്തവുമായ
ക്രൂശിക്കപ്പെട്ട ക്രിസ്തുവിനെ പ്രസംഗിക്കുന്നു.
24ദൈവത്താൽ വിളിക്കപ്പെട്ട ഏവർക്കും-
യഹൂദർക്കും ഗ്രീക്കുകാർക്കും- ക്രിസ്തു
ദൈവശക്തിയും ദൈവജ്ഞാനവും ആകുന്നു.
25ദൈവത്തിന്റെ ഭോഷത്തം മനുഷ്യന്റെ
ജ്ഞാനത്തെക്കാൾ വിവേകമുള്ളതും
ദൈവത്തിന്റെ ബലഹീനത മനുഷ്യന്റെ
ബലത്തെക്കാൾ ശക്തവുമാണ്.

26സഹോദരരേ, നിങ്ങളുടെ വിളിയെപ്പറ്റി
ചിന്തിക്കുവിൻ. മാനുഷിക മാനദണ്ഡമനുസരി
ച്ചു നിങ്ങളിൽ മിക്കവരും വിവേകശാലികളായി
രുന്നില്ല; സമൂഹത്തിൽ സ്വാധീനമുള്ളവരോ കു
ലീനരോ ആയിരുന്നതുമില്ല. 27എന്നാൽ ജ്ഞാ
നികളെ ലജ്ജിപ്പിക്കുവാൻ ദൈവം ലോകത്തിൽ
ഭോഷത്തമായവ തിരഞ്ഞെടുത്തു. ശക്തമായവ
യെ ലജ്ജിപ്പിക്കുവാൻ ദൈവം ബലഹീനമായവ
തിരഞ്ഞെടുത്തു. 28ഉള്ളതിനെ ഇല്ലാതെയാക്കു
വാൻ ദൈവം ഈ ലോകത്തിലെ ഹീനവും നിന്ദി
തവുമായ കാര്യങ്ങൾ, ഒന്നുമല്ലാത്തവയെത്ത
ന്നേ തിരഞ്ഞെടുത്തു; 29അവിടുത്തെ സന്നിധി
യിൽ ആരും പ്രശംസിക്കാതിരിക്കേണ്ടതിനുത
ന്നേ. 30അവിടുന്നു മുഖേനയാണ് നിങ്ങൾ ക്രി
സ്തുയേശുവിലായിരിക്കുന്നത്. ക്രിസ്തു നമു
ക്കുവേണ്ടി ദൈവത്തിൽനിന്നുള്ള ജ്ഞാനവും
നീതിയും വിശുദ്ധിയും വീണ്ടെടുപ്പും
ആയിത്തീർന്നു. 31അതുകൊണ്ട്, എഴുതപ്പെട്ടി
രിക്കുന്നതുപോലെ "പ്രശംസിക്കുന്നവൻ
കർത്താവിൽ പ്രശംസിക്കട്ടെ."[b]

2 സഹോദരരേ, ഞാൻ നിങ്ങളുടെ അടു
ക്കൽ വന്നപ്പോൾ, ദൈവത്തെക്കുറിച്ചുള്ള
സാക്ഷ്യം നിങ്ങളോടു പ്രസ്താവിച്ചതു വാഗ്
വൈഭവമോ ജ്ഞാനമോ കൂടാതെ ആയിരുന്നു.
2യേശുക്രിസ്തുവിനെ, ക്രൂശിതനായ ക്രിസ്തു
വിനെത്തന്നേ- അല്ലാതെ മറ്റൊന്നും അറി
യാത്തവനായി നിങ്ങളുടെ ഇടയിൽ ഇരിക്കണ
മെന്ന് ഞാൻ നിർണ്ണയിച്ചു. 3ബലഹീനതയോ
ടും ഭയത്തോടും വളരെ നടുക്കത്തോടും
കൂടെയാണു ഞാൻ നിങ്ങളുടെ അടുത്തെത്തി
യത്. 4എന്റെ വാക്കും എന്റെ പ്രസംഗവും ജ്ഞാ
നത്തിന്റെ വശീകരണവാക്കുകളാലായിരുന്നി
ല്ല; പിന്നെയോ ആത്മാവിന്റെ ശക്തിയുടെ
പ്രദർശനത്തോടെ ആയിരുന്നു; 5നിങ്ങളുടെ
വിശ്വാസം മാനുഷിക ജ്ഞാനത്തിലല്ല,
ദൈവശക്തിയിൽ അടിസ്ഥാനപ്പെട്ടി
രിക്കേണ്ടതിനുതന്നേ.

ആത്മാവിൽനിന്നുള്ള ജ്ഞാനം

6എങ്കിലും, പക്വതയുള്ളവരുടെ ഇടയിൽ
ഞങ്ങൾ ജ്ഞാനത്തിന്റെ വാക്കു പ്രസ്താവി
ക്കുന്നു. എന്നാൽ അത് ഈ കാലത്തിന്റെയോ
ഇക്കാലത്തെ നശിച്ചുപോകുന്ന ഭരണാധികാ
രികളുടെയോ ജ്ഞാനമല്ല. 7ദൈവത്തിന്റെ നി
ഗൂഢജ്ഞാനം, മറഞ്ഞിരുന്നതും നമ്മുടെ
തേജസ്സിനായി ദൈവം കാലത്തിനുമുമ്പേ നി
ശ്ചയിച്ചിരുന്നതുമായ ജ്ഞാനംതന്നേ, ഞങ്ങൾ
പ്രസ്താവിക്കുന്നു. 8ഇക്കാലത്തെ അധികാരി
കളാരും അതു ഗ്രഹിച്ചില്ല; ഗ്രഹിച്ചി
രുന്നുവെങ്കിൽ അവർ തേജസ്സിന്റെ കർത്താ
വിനെ ക്രൂശിക്കുകയില്ലായിരുന്നു.

9"തന്നെ സ്നേഹിക്കുന്നവർക്കായി
ദൈവം ഒരുക്കിയിട്ടുള്ളതു കണ്ണു കണ്ടി
ട്ടില്ല, ചെവി കേട്ടിട്ടില്ല, ഒരു മനുഷ്യന്റെ
യും മനസ്സിൽ തോന്നിയിട്ടുമില്ല"[c]
എന്ന് എഴുതപ്പെട്ടിരിക്കുന്നുവല്ലോ.

10എങ്കിലും ദൈവം തന്റെ ആത്മാവിനാൽ
നമുക്ക് അതു വെളിപ്പെടുത്തിയിരിക്കുന്നു.
ആത്മാവു സകലവും- ദൈവത്തെ സംബന്ധി
ച്ച അഗാധകാര്യങ്ങൾപോലും - ആരാഞ്ഞറി
യുന്നു. 11ഒരു മനുഷ്യന്റെ ചിന്തകൾ അയാ
ളുടെ ആത്മാവല്ലാതെ വേറെ ആരാണറിയുക?
അങ്ങനെതന്നേ ദൈവത്തിന്റെ ചിന്തകൾ
ദൈവാത്മാവൊഴികെ മറ്റാരും ഗ്രഹിക്കുന്നില്ല.
12ദൈവം നമുക്കു സൗജന്യമായി നല്കിയിരി
ക്കുന്നതു മനസ്സിലാക്കുവാൻ സാധിക്കേണ്ടതി
ന്, നാം ലോകത്തിന്റെ ആത്മാവിനെയല്ല,
ദൈവത്തിൽനിന്നുള്ള ആത്മാവിനെയത്രേ പ്രാ
പിച്ചിരിക്കുന്നത്. 13മനുഷ്യജ്ഞാനം പഠിപ്പിച്ച
വാക്കുകളാലല്ല, ആത്മാവു പഠിപ്പിച്ച വാക്കു
കളാലത്രേ ഇക്കാര്യങ്ങൾ ഞങ്ങൾ സംസാരി
ക്കുന്നത് - അങ്ങനെ ഞങ്ങൾ ആത്മീയസത്യ
ങ്ങൾ ആത്മീയ വചനത്താൽത്തന്നേ വ്യക്തമാ
ക്കുന്നു.[d] 14ആത്മാവില്ലാത്തവൻ ദൈവാത്മാ
വിൽനിന്നുള്ള കാര്യങ്ങൾ സ്വീകരിക്കുന്നില്ല,
അവ അവനു ഭോഷത്തമാകുന്നു; ആത്മീയമാ

[a] 19 യെശയ്യാവ് 29:14 [b] 31 യിരെമ്യാവ് 9:24 [c] 2:9 യെശയ്യാവ് 64:4 [d] 13 അഥവാ, *അങ്ങനെ ഞങ്ങൾ ആത്മീയമനുഷ്യർക്ക് ആത്മീയസത്യങ്ങൾ മനസ്സിലാക്കി കൊടുക്കുന്നു.*

യി വിവേചിക്കേണ്ടതാകയാൽ അവയെ ഗ്രഹിപ്പാൻ അവനു സാധ്യവുമല്ല. 15ആത്മീയമനുഷ്യൻ സകലകാര്യങ്ങളും വിവേചിക്കുന്നു; താൻ മറ്റാരുടെയും വിവേചനത്തിനു വിധേയനാകുന്നതുമില്ല.

16"കർത്താവിനു ആലോചന നല്കുവാൻ തക്കവണ്ണം അവിടുത്തെ മനസ്സ് അറിഞ്ഞിട്ടുള്ളവൻ ആര്?"[a]

നാമോ ക്രിസ്തുവിന്റെ മനസ്സുള്ളവർ ആകുന്നു.

സഭയിലെ ഭിന്നിപ്പ്

3 സഹോദരരേ, എനിക്കു നിങ്ങളോടു ആത്മികരോട് എന്നപോലെയല്ല, പിന്നെയോ ലൗകികരോട്- ക്രിസ്തുവിൽ കേവലം ശിശുക്കളോട് - എന്നപോലെ മാത്രമേ സംസാരിക്കാൻ സാധിച്ചുള്ളു. 2ഞാൻ നിങ്ങൾക്കു പാലാണ് തന്നത് കട്ടിയായ ഭക്ഷണമല്ല; കട്ടിയുള്ളതു കഴിക്കാൻ നിങ്ങൾക്കു കഴിവില്ലായിരുന്നു, ഇപ്പോഴും ഇല്ല. 3നിങ്ങൾ ഇപ്പോഴും ലൗകികരാണ്. നിങ്ങളുടെ ഇടയിൽ അസൂയയും പിണക്കവും ഉണ്ടായിരിക്കെ നിങ്ങൾ ലൗകികരല്ലേ? സാധാരണക്കാരെപ്പോലെ തന്നെയല്ലേ നിങ്ങൾ പെരുമാറുന്നത്? 4"ഞാൻ പൗലൊസിന്റെ പക്ഷക്കാരൻ" എന്ന് ഒരാളും "ഞാൻ അപ്പൊല്ലോസിന്റെ പക്ഷക്കാരൻ" എന്നു മറ്റൊരാളും പറയുമ്പോൾ നിങ്ങൾ സാധാരണമനുഷ്യരല്ലയോ?

5അപ്പൊല്ലോസ് ആര്? പൗലൊസ് ആര്? കർത്താവ് തങ്ങളെ നിയോഗിച്ചതിൻപ്രകാരം, നിങ്ങൾ വിശ്വസിക്കുവാൻ മുഖാന്തരമായിത്തീർന്ന ശുശ്രൂഷക്കാർ മാത്രമല്ലേ? 6ഞാൻ നട്ടു, അപ്പൊല്ലോസ് നനച്ചു; വളർത്തിയതോ ദൈവമാണ്. 7ആകയാൽ വളർത്തുന്ന ദൈവമല്ലാതെ നടുന്നവനോ നനയ്ക്കുന്നവനോ ഏതുമില്ല. 8നടുന്നവനും നനയ്ക്കുന്നവനും ഒരുപോലെതന്നേ. ഓരോരുത്തനും അവനവന്റെ പ്രയത്നത്തിനു തക്കവണ്ണം പ്രതിഫലം കിട്ടും. 9ഞങ്ങൾ ദൈവത്തിന്റെ കൂട്ടുവേലക്കാർ; നിങ്ങൾ ദൈവത്തിന്റെ വയൽ, ദൈവത്തിന്റെ ഗൃഹനിർമ്മാണം.

10ദൈവം എനിക്കു നല്കിയ കൃപയാൽ, ഞാൻ ജ്ഞാനമുള്ള ഒരു മുഖ്യശില്പിയെന്ന നിലയിൽ അടിസ്ഥാനം ഇട്ടു. അതിന്മേൽ വേറൊരാൾ പണിയുന്നു. എന്നാൽ താൻ എങ്ങനെ പണിയുന്നുവെന്ന് ഓരോരുത്തനും ശ്രദ്ധിക്കണം. 11യേശുക്രിസ്തു എന്ന ഇട്ടുകഴിഞ്ഞിരിക്കുന്ന അടിസ്ഥാനമല്ലാതെ മറ്റൊന്നിടുവാൻ ആർക്കും സാധ്യമല്ല. 12ഈ അടിസ്ഥാനത്തിന്മേൽ സ്വർണ്ണം, വെള്ളി, രത്നം, തടി, പുല്ല്, വൈക്കോൽ എന്നിവ ഉപയോഗിച്ചു ആരെങ്കിലും പണിതാൽ 13അയാളുടെ പണി വെളിപ്പെട്ടുവരും; ആ ദിവസം അതിനെ വെളിച്ചത്താക്കും. അതു തീയോടെ വെളിപ്പെടുകയും ഓരോരുത്തന്റെയും പ്രവൃത്തി ഏതുവിധത്തിലുള്ളതെന്നു തീതന്നേ പരിശോധിക്കുകയും ചെയ്യും. 14ഒരാൾ പണിതതു നിലനിന്നാൽ അയാൾക്കു പ്രതിഫലം ലഭിക്കും. 15അത് എരിഞ്ഞുപോകുന്നുവെങ്കിലോ അയാൾക്കു നഷ്ടം സഹിക്കേണ്ടിവരും; അയാളോ തീയിലൂടെ എന്നപോലെ രക്ഷപ്പെടും.

16നിങ്ങൾ ദൈവത്തിന്റെ ആലയമെന്നും ദൈവത്തിന്റെ ആത്മാവു നിങ്ങളിൽ വസിക്കുന്നുവെന്നും അറിയുന്നില്ലേ? 17ആരെങ്കിലും ദൈവത്തിന്റെ ആലയം നശിപ്പിച്ചാൽ അയാളെ ദൈവം നശിപ്പിക്കും; ദൈവത്തിന്റെ ആലയം വിശുദ്ധം, ആ ദൈവാലയം നിങ്ങൾതന്നേ.

18ആരും തന്നെത്താൻ വഞ്ചിക്കരുത്. നിങ്ങളിലാരെങ്കിലും ഇക്കാലത്തെ തോതുവച്ച്, സ്വയം ജ്ഞാനിയെന്ന് ചിന്തിക്കുന്നപക്ഷം അയാൾ ജ്ഞാനിയായിത്തീരേണ്ടതിന് ഭോഷൻ ആകണം. 19ഈ ലോകത്തിന്റെ ജ്ഞാനം ദൈവത്തിന്റെ ദൃഷ്ടിയിൽ ഭോഷത്തമാണ്. "അവിടുന്ന് ജ്ഞാനികളെ അവരുടെ കൗശലത്തിൽ പിടിക്കുന്നു" [b] എന്നും 20"കർത്താവു ജ്ഞാനികളുടെ ചിന്തകൾ വ്യർത്ഥമെന്ന് അറിയുന്നു"[c] എന്നും എഴുതിയിരിക്കുന്നുവല്ലോ. 21അതുകൊണ്ട് ഇനിമേൽ മനുഷ്യരെക്കുറിച്ചുള്ള പ്രശംസ പാടില്ല! എല്ലാം നിങ്ങൾക്കുള്ളവയാണ്, 22പൗലൊസോ അപ്പൊല്ലോസോ കേഫാവോ ലോകമോ ജീവനോ മരണമോ ഇപ്പോഴുള്ളതോ വരുവാനുള്ളതോ- എല്ലാം നിങ്ങളുടേതാണ്. 23നിങ്ങളോ ക്രിസ്തുവിനുള്ളവർ, ക്രിസ്തു ദൈവത്തിനുള്ളവൻ.

ക്രിസ്തുവിന്റെ അപ്പൊസ്തലന്മാർ

4 അതുകൊണ്ട് ക്രിസ്തുവിന്റെ ശുശ്രൂഷകരും ദൈവമർമ്മങ്ങളുടെ ഗൃഹവിചാരകരുമെന്ന് എല്ലാവരും ഞങ്ങളെ കരുതേണ്ടതാണ്. 2ഗൃഹവിചാരകരെപ്പറ്റിയുള്ള പ്രതീക്ഷ, അവർ വിശ്വസ്തരായിരിക്കണം എന്നതാണ്. 3നിങ്ങളോ മാനുഷികമായ ഏതെങ്കിലും കോടതിയോ എന്നെ വിധിച്ചാൽ അത് എനിക്ക് ഒരു ലഘുകാര്യമാണ്. വാസ്തവത്തിൽ ഞാൻതന്നെയും എന്നെ വിധിക്കുന്നില്ല. 4എനിക്കു യാതൊന്നിനെപ്പറ്റിയും കുറ്റബോധമില്ല, എന്നാൽ അതുകൊണ്ടു ഞാൻ കുറ്റമില്ലാത്തവൻ എന്നു വരുന്നില്ല. എന്നെ വിധിക്കുന്നത് കർത്താവാണ്. 5ആകയാൽ,

[a] 16 യെശയ്യാവ് 40:13 [b] 3:19 ഇയ്യോബ് 5:13 [c] 20 സങ്കീർത്തനം 94:11

സമയത്തിനുമുമ്പേ കർത്താവു വരുന്നതുവരെ ഒന്നിനെയും വിധിക്കരുതു; അവിടുന്ന് ഇരുട്ടിൽ മറഞ്ഞിരിക്കുന്നത് വെളിച്ചത്താക്കുകയും മനുഷ്യഹൃദയങ്ങളിലെ ഉദ്ദേശ്യങ്ങൾ തുറന്നുകാട്ടുകയും ചെയ്യും. അപ്പോൾ ഓരോരുത്തനും ദൈവത്തിൽനിന്നുള്ള പുകഴ്ച ലഭിക്കും.

6സഹോദരരേ, ഇവയെല്ലാം എന്നെയും അപ്പൊല്ലോസിനെയും സൂചിപ്പിച്ചു ഞാൻ പറഞ്ഞത്, നിങ്ങളുടെ പ്രയോജനത്തിനുവേണ്ടിയാണ്; "എഴുതിയിരിക്കുന്നതിനപ്പുറം പോകരുത്" എന്നു പറയുന്നതിന്റെ സാരം നിങ്ങൾ പഠിക്കേണ്ടതിനുതന്നേ. അപ്പോൾ നിങ്ങൾ ഒരാൾക്കെതിരേ മറ്റൊരാളെപ്പറ്റി വലിപ്പം ഭാവിക്കുകയില്ല. 7നിങ്ങളെ മറ്റുള്ളവരിൽനിന്നു വ്യത്യസ്തരാക്കുന്നത് ആര്? ലഭിച്ചതല്ലാതെ നിങ്ങൾക്ക് എന്താണുള്ളത്? ലഭിച്ചതെങ്കിൽ, ലഭിച്ചതല്ല എന്ന ഭാവത്തിൽ പ്രശംസിക്കുന്നതെന്തിന്?

8ഇപ്പോൾത്തന്നെ നിങ്ങൾക്ക് എല്ലാം തികഞ്ഞിരിക്കുന്നുവെന്നോ! നിങ്ങൾ സമ്പന്നരായിക്കഴിഞ്ഞിരിക്കുന്നുവെന്നോ? നിങ്ങൾ രാജാക്കന്മാരായി - അതും, ഞങ്ങളെക്കൂടാതെ; ഞങ്ങൾ നിങ്ങളോടുകൂടെ വാഴേണ്ടതിന്, നിങ്ങൾ യഥാർത്ഥത്തിൽ രാജാക്കന്മാർ ആയിരുന്നെങ്കിൽ എന്നു ഞാൻ ആഗ്രഹിക്കുന്നു. 9ദൈവം അപ്പൊസ്തലന്മാരായ ഞങ്ങളെ മരണശിക്ഷയ്ക്കു വിധിക്കപ്പെട്ടവരെയെന്നപോലെ ഘോഷയാത്രയുടെ ഒടുവിലത്തെ നിരയിൽ പ്രദർശനത്തിനു നിറുത്തിയിരിക്കുന്നുവെന്ന് എനിക്കു തോന്നുന്നു. ലോകത്തിനുമുഴുവൻ - ദൂതന്മാർക്കും മനുഷ്യർക്കും - ഞങ്ങൾ കൂത്തു കാഴ്ചയായിരിക്കുന്നു. 10ഞങ്ങൾ ക്രിസ്തുവിനുവേണ്ടി ഭോഷന്മാർ; നിങ്ങളോ ക്രിസ്തുവിൽ ജ്ഞാനികൾ! ഞങ്ങൾ ബലഹീനർ, നിങ്ങളോ ബലശാലികൾ! നിങ്ങൾക്കു ബഹുമാനം, ഞങ്ങൾക്ക് അപമാനം! 11ഈ നിമിഷംവരെയും ഞങ്ങൾ വിശന്നും ദാഹിച്ചും വസ്ത്രമില്ലാതെയും മുഷ്ടിയേറ്റും പാർപ്പിടമില്ലാതെയും കഴിയുന്നു. 12ഞങ്ങൾ സ്വന്തകൈയാൽ അധ്വാനിക്കുന്നു. ശാപമേറ്റിട്ട് ആശീർവ്വദിക്കുന്നു; ഉപദ്രവമേറ്റിട്ട് സഹിക്കുന്നു; 13ദുഷിക്കപ്പെടുമ്പോൾ ദയാപൂർവ്വം മറുപടി പറയുന്നു. ഈ നിമിഷംവരെയും ഞങ്ങൾ ഭൂമിയുടെ ചവറും ലോകത്തിന്റെ മാലിന്യവും ആയിരിക്കുന്നു.

14ഞാൻ ഇതു നിങ്ങൾക്കെഴുതുന്നത് നിങ്ങളെ ലജ്ജിപ്പിക്കുവാനല്ല, എന്റെ പ്രിയമക്കളെ എന്നപോലെ ഗുണദോഷിക്കുവാനാണ്. 15നിങ്ങൾക്കു ക്രിസ്തുവിൽ പതിനായിരം രക്ഷാകർത്താക്കൾ ഉണ്ടെങ്കിലും പിതാക്കന്മാർ ഏറെയില്ല; സുവിശേഷംമുഖേന ക്രിസ്തുയേശുവിൽ ഞാൻ നിങ്ങൾക്കു പിതാവായിത്തീർന്നിരിക്കുന്നു. 16ആകയാൽ എന്നെ അനുകരിപ്പാൻ ഞാൻ നിങ്ങളെ പ്രബോധിപ്പിക്കുന്നു. 17ഇക്കാരണത്താൽ ക്രിസ്തുവിൽ വിശ്വസ്തനും എന്റെ പ്രിയ മകനുമായ തിമൊഥെയൊസിനെ നിങ്ങളുടെ അടുത്തേക്ക് അയയ്ക്കുകയാണ്. ഞാൻ എല്ലായിടത്തും എല്ലാ സഭകളിലും ഉപദേശിക്കുന്നതുപോലെ ക്രിസ്തുയേശുവിലുള്ള എന്റെ വഴികൾ അയാൾ നിങ്ങളെ ഓർപ്പിക്കും.

18ഞാൻ നിങ്ങളുടെ അടുക്കൽ വരികയില്ല എന്ന ഭാവത്തിൽ, നിങ്ങളിൽ ചിലർ ഗർവ്വിച്ചിരിക്കുന്നു. 19എന്നാൽ ദൈവഹിതമായാൽ ഞാൻ എത്രയുംവേഗം നിങ്ങളുടെ അടുക്കൽ വരും. അപ്പോൾ, ഈ ഗർവ്വിഷ്ഠന്മാരുടെ വാക്കുകൾ മാത്രമല്ല, അവരുടെ ശക്തിതന്നേ ഞാൻ കണ്ടറിയും. 20ദൈവരാജ്യം വാക്കുകളിലല്ല ശക്തിയിലാണ് അധിഷ്ഠിതമായിരിക്കുന്നത്. 21നിങ്ങൾക്ക് എന്താണ് വേണ്ടത്? ഞാനൊരു വടിയുമായിട്ടോ, അതോ സ്നേഹത്തിലും സൗമ്യതയുടെ ആത്മാവിലുമോ നിങ്ങളുടെ അടുക്കൽ വരേണ്ടത്?

ദുർമ്മാർഗ്ഗിയായ സഹോദരനെ പുറത്താക്കുക

5 നിങ്ങളുടെ ഇടയിൽ, ദുർമ്മാർഗ്ഗജീവിതമുള്ളതായി കേൾക്കുന്നു. ഒരാൾ തന്റെ പിതാവിന്റെ ഭാര്യയെ സ്വന്തമാക്കിയിരിക്കുന്നു. ഇതു വിജാതീയരുടെ ഇടയിൽപ്പോലും ഇല്ലാത്ത ദുർന്നടപ്പാണ്. 2എന്നിട്ടും നിങ്ങൾ അഹങ്കരിക്കുന്നു! നിങ്ങൾ വിലപിച്ച് അതു പ്രവർത്തിച്ചവനെ നിങ്ങളുടെയിടയിൽനിന്നു പുറത്താക്കുകയല്ലേ വേണ്ടിയിരുന്നത്? 3ഞാൻ ശാരീരികമായി അല്ലെങ്കിലും ആത്മാവിൽ നിങ്ങളോടുകൂടെയുണ്ട്. 4നിങ്ങളുടെ അടുക്കൽ ഉള്ളവൻ എന്നപോലെ ഞാൻ ഇതു പ്രവർത്തിച്ചവനെ നമ്മുടെ കർത്താവായ യേശുവിന്റെ നാമത്തിൽ നേരത്തെതന്നേ വിധിച്ചിരിക്കുന്നു. നിങ്ങൾ കൂടിവരുമ്പോൾ, ആത്മാവിൽ ഞാൻ നിങ്ങളോടുകൂടെ ഉണ്ടായിരിക്കുകയും നമ്മുടെ കർത്താവായ യേശുവിന്റെ ശക്തി സന്നിഹിതമായിരിക്കുകയും ചെയ്യുമ്പോൾതന്നേ, 5ഈ മനുഷ്യനെ സാത്താന് ഏല്പിച്ചുകൊടുക്കുവിൻ. അങ്ങനെ അയാളുടെ ജഡസ്വഭാവം[a] നശിപ്പിക്കപ്പെട്ടിട്ട് ആത്മാവ് കർത്താവിന്റെ ദിവസത്തിൽ രക്ഷപ്പെടുവാൻ ഇടയാകട്ടെ.

6നിങ്ങളുടെ ആത്മപ്രശംസ നന്നല്ല. ലേശം പുളിമാവു മാവിനെ മുഴുവൻ പുളിപ്പിക്കുന്നുവെന്നു നിങ്ങൾ അറിയുന്നില്ലേ? 7നിങ്ങൾ യഥാർത്ഥത്തിൽ പുളിപ്പില്ലാത്ത മാവ് ആണല്ലോ.

[a] 5 *ശരീരം* അല്ലെങ്കിൽ *ജഡം* എന്നും കാണുന്നു.

മുഴുവനും പുതിയ മാവ് ആയിത്തീരേണ്ടതിനു പഴയ പുളിമാവ് നീക്കിക്കളയുവിൻ. നമ്മുടെ പെസഹാക്കുഞ്ഞാടായ ക്രിസ്തു യാഗമായി അർപ്പിക്കപ്പെട്ടിരിക്കുന്നു. 8അതുകൊണ്ടു വിദ്വേഷവും ദുഷ്ടതയുമാകുന്ന പഴയ പുളിമാവുകൊണ്ടല്ല, ആത്മാർത്ഥതയും സത്യവുമാകുന്ന പുളിപ്പില്ലാത്ത മാവുകൊണ്ടുതന്നേ നമുക്ക് ഉത്സവം ആചരിക്കാം.

9ദുർമ്മാർഗ്ഗജീവിതം നയിക്കുന്നവരോടു സംസർഗ്ഗം പാടില്ല എന്നു ഞാൻ എന്റെ കത്തിൽ എഴുതിയിരുന്നുവല്ലോ. 10ഈ ലോകത്തിലെ അധർമ്മികൾ, അത്യാഗ്രഹികൾ, വഞ്ചകന്മാർ, വിഗ്രഹാരാധികൾ എന്നിവരെയല്ല ഞാനുദ്ദേശിച്ചത്. അങ്ങനെ ആയാൽ നിങ്ങൾ ഈ ലോകം തന്നേ വിട്ടുപോകേണ്ടിവരും. 11എന്നാൽ, ഇപ്പോൾ ഞാൻ എഴുതുകയാണ്, സഹോദരൻ എന്നു സ്വയം കരുതുന്ന ഒരാൾ ദുർമ്മാർഗ്ഗിയോ അത്യാഗ്രഹിയോ വിഗ്രഹാരാധകനോ ദൂഷകനോ മദ്യപാനിയോ വഞ്ചകനോ ആയിത്തീർന്നാൽ അയാളോടു സംസർഗ്ഗം അരുത്. അങ്ങനെയുള്ളവനോടുകൂടെ ഭക്ഷണം കഴിക്കാൻപോലും പാടില്ല.

12സഭയ്ക്കു പുറത്തുള്ളവരെ വിധിക്കാൻ എനിക്കെന്തു കാര്യം? അകത്തുള്ളവരെയല്ലേ നിങ്ങൾ വിധിക്കേണ്ടത്? 13പുറത്തുള്ളവരെ ദൈവം വിധിക്കും. "ആ ദുഷ്ടനെ നിങ്ങളുടെ ഇടയിൽനിന്നു നീക്കിക്കളയുക."[a]

വിശ്വാസികൾ തമ്മിലുള്ള വ്യവഹാരം

6 നിങ്ങളിൽ ഒരാൾക്കു മറ്റൊരാളോടു തർക്കം ഉണ്ടെങ്കിൽ അതിന്റെ തീർപ്പിനായി, വിശുദ്ധരുടെ മുമ്പിലല്ല, അഭക്തരുടെ മുമ്പിലോ നിങ്ങൾ പോകുന്നത്? 2വിശുദ്ധർ ലോകത്തെ ന്യായം വിധിക്കും എന്നു നിങ്ങൾ അറിയുന്നില്ലേ? നിങ്ങൾ ലോകത്തെ വിധിക്കാനുള്ളവരെങ്കിൽ നിസ്സാരവിവാദങ്ങൾ തീരുമാനിക്കാൻ അയോഗ്യർ എന്നു വരുമോ? 3നാം ദൂതന്മാരെ വിധിക്കും എന്നറിയുന്നില്ലേ? എങ്കിൽ ഈ ലോകത്തിലെ കാര്യങ്ങളെ എത്രയധികം! 4അതുകൊണ്ട് അങ്ങനെയുള്ള കാര്യങ്ങളെപ്പറ്റി തർക്കമുണ്ടെങ്കിൽ സഭയ്ക്കു യാതൊരു മതിപ്പുമില്ലാത്തവരെ നിങ്ങൾ വിധികർത്താക്കളായി നിയമിക്കുമോ? 5ഞാൻ ഇതു നിങ്ങളുടെ ലജ്ജയ്ക്കായി പറയുന്നു. വിശ്വാസികൾക്കു തമ്മിലുള്ള കാര്യം തീർക്കാൻ തക്ക ജ്ഞാനമുള്ള ഒരാൾപോലും നിങ്ങളുടെ കൂട്ടത്തിൽ ഇല്ലെന്നുവരുമോ? 6എന്നാൽ അതിനു പകരം, ഒരു സഹോദരൻ മറ്റൊരു സഹോദരനോടു വ്യവഹാരം നടത്താൻ പോകുന്നു – അതും അവിശ്വാസികളുടെ മുമ്പിൽ!

7നിങ്ങൾക്കു തമ്മിൽ വ്യവഹാരമുണ്ട് എന്നതുതന്നേ നിങ്ങളുടെ പരാജയമാണ്. നിങ്ങൾ അന്യായം സഹിച്ചുകൊള്ളുന്നതല്ലേ ഇതിലും ഭേദം? ചതിവ് ഏറ്റുകൊള്ളുന്നതല്ലേ കൂടുതൽ ഉത്തമം? 8അല്ല, അതിനുപകരം നിങ്ങൾതന്നേ ചതിക്കുകയും ദ്രോഹിക്കുകയും ചെയ്യുന്നു! അതും നിങ്ങളുടെ സഹോദരരെ!

9അന്യായം പ്രവർത്തിക്കുന്നവർ ദൈവരാജ്യം അവകാശമാക്കുകയില്ല എന്നു നിങ്ങൾ അറിയുന്നില്ലേ? വഞ്ചിക്കപ്പെടരുത്: ദുർന്നടപ്പുകാർ, വിഗ്രഹാരാധികൾ, വ്യഭിചാരികൾ, പുരുഷകാമികൾ, സ്വവർഗ്ഗഭോഗികൾ, 10കള്ളന്മാർ, അത്യാഗ്രഹികൾ, മദ്യപന്മാർ, പരദൂഷകർ, വഞ്ചകർ എന്നിവർ ദൈവരാജ്യം അവകാശമാക്കുകയില്ല. 11നിങ്ങളിൽ ചിലർ അങ്ങനെയുള്ളവരായിരുന്നു. എന്നാൽ കർത്താവായ യേശുക്രിസ്തുവിന്റെ നാമത്തിലും നമ്മുടെ ദൈവത്തിന്റെ ആത്മാവിനാലും നിങ്ങൾ കഴുകപ്പെട്ടവരും വിശുദ്ധീകരിക്കപ്പെട്ടവരും നീതീകരിക്കപ്പെട്ടവരും ആയിത്തീർന്നു.

ലൈംഗികാധർമ്മം

12"എനിക്കെല്ലാം അനുവദനീയമാണ്" – എന്നാൽ എല്ലാം പ്രയോജനകരമല്ല. "എനിക്കെല്ലാം അനുവദനീയമാണ്" – എന്നാൽ ഞാൻ ഒന്നിനും അധീനനാകുകയില്ല. 13"ആഹാരം ഉദരത്തിന്, ഉദരം ആഹാരത്തിന്" – എന്നാൽ ദൈവം ഇവ രണ്ടും ഇല്ലാതാക്കും. ശരീരം ലൈംഗികാധർമ്മത്തിനുള്ളതല്ല; ശരീരം കർത്താവിനും കർത്താവ് ശരീരത്തിനും അത്രേ. 14ദൈവം തന്റെ ശക്തിയാൽ കർത്താവിനെ മരിച്ചവരിൽനിന്ന് ഉയിർപ്പിച്ചു. അവിടുന്നു നമ്മെയും ഉയിർപ്പിക്കും. 15നിങ്ങളുടെ ശരീരങ്ങൾ ക്രിസ്തുവിന്റെ അവയവങ്ങളാകുന്നു എന്നറിയുന്നില്ലേ? അങ്ങനെയെങ്കിൽ, ക്രിസ്തുവിന്റെ അവയവങ്ങൾ എടുത്തു വേശ്യയുടെ അവയവങ്ങളാക്കാമോ? ഒരുനാളും അരുത്. 16വേശ്യയുമായി ചേരുന്നവൻ അവളുമായി ഏകശരീരം ആകുന്നുവെന്ന് അറിയുന്നില്ലേ? "ഇരുവരും ഒരു ദേഹമായിത്തീരും."[b] എന്നു പ്രസ്താവിച്ചിട്ടുണ്ടല്ലോ. 17എന്നാൽ കർത്താവിനോടു പറ്റിച്ചേരുന്നവൻ ആത്മാവിൽ അവിടുത്തോട് ഒന്നായിത്തീരുന്നു.

18ദുർന്നടപ്പുവിട്ട് ഓടിപ്പോകുവിൻ. ഒരാൾ ചെയ്യുന്ന ഏതു പാപവും തന്റെ ശരീരത്തിനു പുറത്താകുന്നു; എന്നാൽ ലൈംഗികമായ പാപം ചെയ്യുന്നവൻ സ്വന്തദേഹത്തിനു വിരോധമായി പാപം ചെയ്യുന്നു. 19ദൈവത്തിൽനിന്നു നിങ്ങൾക്കു ലഭിച്ചതും നിങ്ങളിൽ വസിക്കുന്നതുമായ

[a] 13 ആവർത്തനം 17:7,19:19, 21:21, 22:21, 24, 24:7 [b] 16 ഉല്പത്തി 2:24

പരിശുദ്ധാത്മാവിന്റെ മന്ദിരമാകുന്നു നിങ്ങളുടെ ശരീരം എന്ന് അറിയുന്നില്ലേ? നിങ്ങൾ നിങ്ങളുടെ സ്വന്തമല്ല; 20നിങ്ങളെ വിലയ്ക്കു വാങ്ങിയിരിക്കുന്നു. ആകയാൽ നിങ്ങളുടെ ശരീരംകൊണ്ടു ദൈവത്തെ മഹത്ത്വപ്പെടുത്തുക.

വിവാഹം

7 ഇനി നിങ്ങൾ എഴുതിയ കാര്യങ്ങളെപ്പറ്റി പറയട്ടെ: സ്ത്രീയെ സ്പർശിക്കാതിരിക്കുന്നതു പുരുഷനു നല്ലത്. 2എന്നാൽ ദുർന്നടപ്പുനിമിത്തം ഓരോ പുരുഷനും സ്വന്തം ഭാര്യയും, ഓരോ സ്ത്രീക്കും സ്വന്തം ഭർത്താവും ഉണ്ടായിരിക്കട്ടെ. 3ഭർത്താവ് ഭാര്യയോടുള്ള ദാമ്പത്യധർമ്മം നിറവേറ്റണം, അതുപോലെ ഭാര്യ ഭർത്താവിനോടും. 4ഭാര്യയുടെ ശരീരത്തിന്മേൽ അവൾക്കല്ല, ഭർത്താവിനാണ് അവകാശമുള്ളത്. അതുപോലെ ഭർത്താവിന്റെ ശരീരത്തിന്മേൽ അയാൾക്കല്ല ഭാര്യയ്ക്കാണ് അവകാശം. 5ഭാര്യാഭർത്താക്കന്മാർ ഉഭയസമ്മതപ്രകാരം പ്രാർത്ഥനയ്ക്കുവേണ്ടി നിശ്ചിതസമയത്തേക്ക് പിരിഞ്ഞിരിക്കുന്നതല്ലാതെ പരസ്പരം അവകാശങ്ങൾ നിഷേധിക്കരുത്. ആത്മനിയന്ത്രണത്തിന്റെ അഭാവംനിമിത്തം സാത്താൻ നിങ്ങളെ പ്രലോഭിപ്പിക്കാതിരിക്കുവാൻ, വീണ്ടും ഒന്നിച്ചുചേരുവിൻ. 6ആജ്ഞയായിട്ടല്ല, അനുവാദമായിട്ടാണു ഞാൻ ഇതു പറയുന്നത്. 7എല്ലാവരും എന്നെപ്പോലെ ആയിരുന്നെങ്കിൽ എന്നു ഞാൻ ആഗ്രഹിക്കുന്നു. എങ്കിലും ഓരോരുത്തനും ദൈവത്തിൽനിന്നു തനതായ വരം ലഭിച്ചിട്ടുണ്ടല്ലോ; ഒരുവന് ഒരുവിധം; മറ്റൊരുവന് മറ്റൊരുവിധം.

8അവിവാഹിതരോടും വിധവമാരോടും ഞാൻ പറയുന്നത്: എന്നെപ്പോലെ ജീവിക്കുന്നതാണ് അവർക്കു നല്ലത്. 9എന്നാൽ സംയമനം സാധ്യമല്ലെങ്കിൽ അവർ വിവാഹിതരാകണം, വികാരത്താൽ ജ്വലിക്കുന്നതിനേക്കാൾ വിവാഹിതരാകുന്നത് ഏറെ നല്ലത്.

10വിവാഹിതർക്ക് ഞാനല്ല, കർത്താവുതന്നെ കൊടുക്കുന്ന കല്പന ഇതാണ്: ഭാര്യ ഭർത്താവിൽനിന്നു വേർപിരിയരുത്. 11അഥവാ വേർപിരിയുന്നുവെങ്കിൽ അവൾ വിവാഹം കൂടാതെ ജീവിക്കണം. അല്ലാത്തപക്ഷം ഭർത്താവുമായി രമ്യതയിലായിക്കൊള്ളണം. ഭർത്താവ് ഭാര്യയെ ഉപേക്ഷിക്കുകയുമരുത്.

12ശേഷമുള്ളവരോട് കർത്താവല്ല, ഞാൻ തന്നെ പറയുന്നത്: ഒരു സഹോദരന് വിശ്വാസിനിയല്ലാത്ത ഭാര്യയുണ്ടായിരിക്കുകയും അവൾക്ക് അയാളോടുചേർന്നു ജീവിക്കാൻ സമ്മതമായിരിക്കുകയും ചെയ്യുന്നുവെങ്കിൽ അയാൾ അവളെ ഉപേക്ഷിക്കരുത്. 13ഒരു സ്ത്രീക്ക് വിശ്വാസിയല്ലാത്ത ഭർത്താവുണ്ടായിരിക്കുകയും അയാൾക്ക് അവളോടൊപ്പം ജീവിക്കാൻ മനസ്സായിരിക്കുകയും ചെയ്യുന്നപക്ഷം അവൾ അയാളെ ഉപേക്ഷിക്കരുത്. 14കാരണം, അവിശ്വാസിയായ ഭർത്താവ് തന്റെ ഭാര്യ മുഖാന്തരവും അവിശ്വാസിനിയായ ഭാര്യ തന്റെ ഭർത്താവു മുഖാന്തരവും വിശുദ്ധീകരിക്കപ്പെട്ടിരിക്കുന്നു. അല്ലെങ്കിൽ നിങ്ങളുടെ കുട്ടികൾ അശുദ്ധരെന്നു വരും. എന്നാൽ ഇപ്പോഴോ അവർ വിശുദ്ധർ ആണ്.

15അവിശ്വാസി വേർപിരിഞ്ഞു പോകുന്നെങ്കിൽ പോകട്ടെ. വിശ്വാസിയോ വിശ്വാസിനിയോ ഇത്തരം സാഹചര്യങ്ങളിൽ പരസ്പരം ബദ്ധരായിരിക്കുന്നില്ല. സമാധാനത്തിൽ ജീവിക്കുവാനാണല്ലോ ദൈവം നമ്മെ വിളിച്ചിരിക്കുന്നത്. 16വിവാഹിതയായ സ്ത്രീയേ, നീ ഭർത്താവിനെ രക്ഷയിലേക്കു നയിക്കുമോ എന്നു എങ്ങനെ അറിയാം? വിവാഹിതനായ പുരുഷാ, നീ ഭാര്യയെ രക്ഷയിലേക്കു നയിക്കുമോ എന്ന് എങ്ങനെ അറിയാം?

17ദൈവം ഓരോരുത്തനു നിശ്ചയിച്ചതുപോലെയും ഓരോരുത്തനെ വിളിച്ചതുപോലെയും അവനവൻ ജീവിക്കട്ടെ. ഇതാണു ഞാൻ എല്ലാ സഭകൾക്കും നല്കുന്ന നിർദ്ദേശം. 18വിളിക്കപ്പെട്ടപ്പോൾ ഒരാൾ പരിച്ഛേദനയേറ്റിരുന്നുവോ? എങ്കിൽ അതു വേണ്ടായിരുന്നു എന്നു ചിന്തിക്കരുത്. മറ്റൊരാൾ വിളിക്കപ്പെട്ടപ്പോൾ പരിച്ഛേദന ഏല്ക്കാത്തവനായിരുന്നുവോ? എങ്കിൽ പരിച്ഛേദന ഏല്ക്കരുത്. 19പരിച്ഛേദന ഉണ്ടോ ഇല്ലയോ എന്നതല്ല കാര്യം, ദൈവകല്പനകൾ പാലിക്കുന്നുവോ എന്നതാണു പ്രധാനം. 20ഒരാളെ ദൈവം വിളിച്ചപ്പോൾ അയാൾ ഏതവസ്ഥയിലായിരുന്നുവോ അതേ അവസ്ഥയിൽ തുടരട്ടെ. 21നിന്നെ വിളിച്ചപ്പോൾ നീയൊരു അടിമയായിരുന്നുവോ? അതേക്കുറിച്ചു വിഷമിക്കരുത്; വിടുതൽ നേടാൻ സാധിക്കുമെങ്കിൽ അങ്ങനെ ചെയ്തുകൊള്ളുക. 22കർത്താവു വിളിച്ചപ്പോൾ അടിമയായിരുന്നവൻ കർത്താവിന്റെ സ്വതന്ത്രനാണ്. അതുപോലെതന്നേ, വിളിക്കപ്പെട്ടപ്പോൾ സ്വതന്ത്രനായിരുന്നവൻ ക്രിസ്തുവിന്റെ അടിമയാണ്. 23നിങ്ങളെ വിലകൊടുത്തു വാങ്ങിയിരിക്കുന്നു; നിങ്ങൾ മനുഷ്യരുടെ അടിമകൾ ആകരുത്. 24സഹോദരരേ, ഓരോരുത്തരും, വിളിക്കപ്പെട്ട അവസ്ഥയിൽ ദൈവത്തോടുകൂടെ നിലനില്ക്കേണ്ടതാണ്. 25ഇനി കന്യകമാരെക്കുറിച്ച്: കർത്താവിൽനിന്നുള്ള കല്പന ഇക്കാര്യത്തിൽ എനിക്കു ലഭിച്ചിട്ടില്ല, എങ്കിലും കർത്താവിന്റെ കരുണയാൽ വിശ്വസ്തനായിത്തീർന്നവൻ എന്ന നിലയിൽ ഞാൻ അഭിപ്രായം പറയുകയാണ്. 26ഇപ്പോഴത്തെ പ്രതിസന്ധി നിമിത്തം, നിങ്ങൾ ഏതവസ്ഥ

യിലാണോ, അതിൽത്തന്നേ തുടരുന്നതാണു നല്ലതെന്ന് ഞാൻ കരുതുന്നു. 27നീ വിവാഹിത നോ? എങ്കിൽ വിവാഹമോചനം അന്വേഷിക്കരു ത്. നീ അവിവാഹിതനോ? എങ്കിൽ വിവാഹം കഴിക്കാൻ മുതിരരുത്. 28വിവാഹം ചെയ്യുന്നുവെങ്കിൽ അതിൽ പാപമില്ല; കന്യക വിവാഹം കഴിക്കുന്നുവെങ്കിൽ അവളും പാപം ചെയ്യുന്നില്ല. എന്നാൽ വിവാഹിതരാകുന്നവർ ക്ക് ഈ ജീവിതത്തിൽ നിരവധി ക്ലേശങ്ങളെ നേരിടേണ്ടിവരും, അവ നിങ്ങൾക്കുണ്ടാ കരുതെന്നു ഞാൻ ആഗ്രഹിക്കുന്നു.

29സഹോദരരേ, ഇനി കാലം അല്പമേയു ള്ളൂ എന്നു ഞാൻ നിങ്ങളോടു പറയുന്നു. ഭാര്യ മാരുള്ളവർ ഇനിമേൽ ഇല്ലാത്തവരെപ്പോലെ ജീ വിക്കണം; 30വിലപിക്കുന്നവർ വിലപിക്കാത്തവ രെപ്പോലെയും സന്തോഷിക്കുന്നവർ സന്തോ ഷിക്കാത്തവരെപ്പോലെയും വാങ്ങുന്നവർ കൈവശമാക്കാത്തവരെപ്പോലെയും, 31ഈ ലോ കകാര്യങ്ങളിൽ വ്യാപൃതരാകുന്നവർ അവയിൽ മുഴുകിപ്പോകാത്തവരെപ്പോലെയും ജീവി ക്കണം. ഈ ലോകത്തിന്റെ ഇന്നത്തെ രൂപം മാറിക്കൊണ്ടിരിക്കുന്നു.

32നിങ്ങൾക്ക് ആകുലചിന്ത ഇല്ലാതിരിക്കണ മെന്നു ഞാൻ ഇച്ഛിക്കുന്നു. അവിവാഹിതൻ കർത്താവിനെ എങ്ങനെ പ്രസാദിപ്പിക്കാം എന്നു കരുതി കർത്താവിന്റെ കാര്യങ്ങളെപ്പറ്റി ചിന്തി ക്കുന്നു. 33വിവാഹിതനോ ഭാര്യയെ എങ്ങനെ സന്തോഷിപ്പിക്കാം എന്നു കരുതി ലോകകാര്യ ങ്ങൾ ചിന്തിക്കുന്നു; 34അവന്റെ താല്പര്യങ്ങൾ വിഭജിക്കപ്പെട്ടിരിക്കുന്നു. അവിവാഹിത അഥവാ കന്യക കർത്താവിന്റെ കാര്യങ്ങളെപ്പറ്റിയാണു ചിന്തിക്കുക; അവളുടെ ലക്ഷ്യം ശരീരത്തിലും മനസ്സിലും കർത്താവിനോടു ഭക്തിയുള്ളവളാ യിരിക്കുക എന്നതാണ്. എന്നാൽ വിവാഹിതയാ കട്ടെ, ഈ ലോകത്തിന്റെ കാര്യങ്ങളിൽ- ഭർത്താവിനെ എങ്ങനെ സന്തോഷിപ്പി ക്കാമെന്നു ചിന്തിച്ചു ലോകകാര്യങ്ങളെപ്പറ്റി ശ്രദ്ധിക്കുന്നു. 35നിങ്ങളുടെ നന്മയ്ക്കായിട്ടാണു ഞാൻ ഇതു സംസാരിക്കുന്നത്, നിങ്ങളുടെ സ്വാ തന്ത്ര്യം പരിമിതപ്പെടുത്തുവാനല്ല, പിന്നെയോ കർത്താവിനോടുള്ള ഏകാഗ്രഭക്തിയിൽ, യോ ഗ്യമായ വിധത്തിൽ നിങ്ങൾ ജീവിതം നയിക്കേണ്ടതിനാണ്.

36തനിക്കു വിവാഹനിശ്ചയം ചെയ്തിരിക്കു ന്ന കന്യകയോട് അനുചിതമായിട്ടാണു പെരു മാറുന്നതെന്ന് ഒരാൾക്കു തോന്നിയാൽ - അവൾ ക്കു പ്രായം കടന്നുപൊയ്ക്കൊണ്ടിരിക്കുകയും വിവാഹം ചെയ്യണമെന്ന് അയാൾക്കു തോന്നു കയും ചെയ്താൽ- അയാൾ സ്വന്തഹിതമനു സരിച്ചു പ്രവർത്തിക്കട്ടെ. അവർ വിവാഹിതരാ കട്ടെ, അതു പാപമല്ല. 37എന്നാൽ നിർബ്ബന്ധത്തി നു വഴങ്ങാതെ, ആത്മനിയന്ത്രണം പാലിക്കുന്ന ഒരാൾ തനിക്കു വിവാഹം നിശ്ചയിച്ചവൾ കന്യ കയായി തുടരട്ടെ എന്നു ഹൃദയത്തിൽ തീരുമാ നിക്കുന്നു എങ്കിൽ അയാളും ഉചിതമായി പ്രവർത്തിക്കുന്നു. 38അതുകൊണ്ട്, തന്റെ കന്യ കയെ വിവാഹം കഴിക്കുന്നയാൾ യോഗ്യമായത് ചെയ്യുന്നു; എന്നാൽ വിവാഹം കഴിക്കാതിരി ക്കുന്നത് ഏറെ നല്ലത്.

39ഭർത്താവു ജീവിച്ചിരിക്കുന്ന കാലമത്രയും ഭാര്യ അയാളോടു ബന്ധിതയായിരിക്കുന്നു. എന്നാൽ ഭർത്താവു മരിച്ചാൽ അവൾ ആഗ്രഹി ക്കുന്ന വേറൊരാളെ വിവാഹം ചെയ്യാം; അയാൾ കർത്താവിൽ വിശ്വസിക്കുന്നവൻ ആയിരി ക്കണം. 40എന്നാൽ അവൾ ആയിരുന്ന അവസ്ഥയിൽത്തന്നേ തുടർന്നാൽ ഏറെ സന്തു ഷ്ടയായിരിക്കുമെന്നാണ് എന്റെ അഭിപ്രായം. എനിക്കും ദൈവാത്മാവുണ്ടെന്നു ഞാൻ കരു തുന്നു.

വിഗ്രഹാർപ്പിത ഭക്ഷണം

8 ഇനി വിഗ്രഹങ്ങൾക്കു അർപ്പിച്ച ഭക്ഷണ ത്തെക്കുറിച്ച്: നാം എല്ലാവരും അറിവു ള്ളവരാണെന്നു നമുക്കറിയാം. അറിവ് ഒരുവനെ നിഗളിയാക്കിത്തീർക്കുന്നു; സ്നേഹമോ ആത്മീയാഭിവൃദ്ധി വരുത്തുന്നു. 2'എനിക്കറി വുണ്ട്' എന്നു വിചാരിക്കുന്നവൻ വേണ്ടവണ്ണമു ള്ള അറിവ് ഇനിയും നേടേണ്ടിയിരിക്കുന്നു. 3എന്നാൽ ദൈവത്തെ സ്നേഹിക്കുന്നവനെ ദൈവം അറിഞ്ഞിരിക്കുന്നു.

4വിഗ്രഹങ്ങൾക്ക് അർപ്പിച്ച ഭക്ഷണത്തെപ്പറ്റി പറഞ്ഞാൽ, ലോകത്തിൽ വിഗ്രഹം ഏതുമല്ല എന്നും ഏകദൈവമല്ലാതെ വേറേ ദൈവമില്ല എന്നും നാം അറിയുന്നു. 5ആകാശത്തിലും ഭൂമി യിലും ദേവന്മാർ എന്നു പറയപ്പെടുന്ന പലരുണ്ട്; 'ദൈവങ്ങളും' 'കർത്താക്കളും' ധാരാളമുണ്ട ല്ലോ. 6എന്നാൽ നമുക്കു പിതാവായ ഏകദൈവം മാത്രമേ ഉള്ളൂ. സകലവും ഉളവാ യത് ആ ദൈവത്തിൽനിന്നും ആകുന്നു. നാം ജീവിക്കുന്നത് അവിടുത്തേക്കു വേണ്ടിയാണ്; യേശുക്രിസ്തു എന്ന ഏക കർത്താവും നമു ക്കുണ്ട്. സർവ്വവും ഉളവായത് ആ കർത്താവിലൂ ടെയാണ്; നാം ജീവിക്കുന്നതും തന്നി ലൂടെതന്നേ.

7എന്നാൽ എല്ലാവർക്കും ഈ അറിവില്ല. ചിലർക്കു വിഗ്രഹങ്ങളോടുള്ള പരിചയം നിമിത്തം അവയ്ക്കു നിവേദിച്ച ഭക്ഷണം കഴി ക്കുമ്പോൾ, 'ഇതു വിഗ്രഹാർപ്പിതം ആണല്ലോ' എന്ന ചിന്ത ഉണ്ടാകുന്നു. ദുർബ്ബലചിത്ത രാകയാൽ അവരുടെ മനസ്സാക്ഷി മലിനപ്പെടു കയും ചെയ്യുന്നു. 8ഭക്ഷണം നമ്മെ ദൈവത്തോട് അടുപ്പിക്കുന്നില്ല; തിന്നാതിരുന്നാൽ ദോഷമോ

തിന്നാൽ കൂടുതൽ പ്രയോജനമോ ഉണ്ടാകുന്നുമില്ല.

9 എന്നാൽ, നിങ്ങൾക്കുള്ള ഈ സ്വാതന്ത്ര്യം
ബലഹീനർക്ക് ഇടർച്ചയ്ക്കു കാരണമാകരുത്.
10അറിവുള്ള നീ ക്ഷേത്രത്തിൽ ഇരുന്നു ഭക്ഷി
ക്കുന്നതു കാണുമ്പോൾ, ബലഹീനമനസ്സാക്ഷി
യുള്ളവനും വിഗ്രഹാർപ്പിതം ഭക്ഷിക്കുവാൻ
ധൈര്യപ്പെടുകയില്ലേ? 11ഏതൊരു ബലഹീ
നസഹോദരനുവേണ്ടി ക്രിസ്തു മരിച്ചുവോ
അയാൾ ഇങ്ങനെ, നിന്റെ അറിവിനാൽ നശി
ച്ചുപോകാനിടയാകുന്നു. 12ഈ വിധത്തിൽ, സ
ഹോദരർക്കെതിരായി പാപം ചെയ്ത് അവരുടെ
ബലഹീന മനസ്സാക്ഷിയെ മുറിപ്പെടുത്തു
മ്പോൾ, നിങ്ങൾ ക്രിസ്തുവിനു വിരോധമായി
പാപം ചെയ്യുന്നു. 13അതുകൊണ്ട് എന്റെ
ഭക്ഷണംനിമിത്തം സഹോദരൻ പാപത്തിൽ വീ
ഴുന്നുവെങ്കിൽ ഞാൻ ഒരിക്കലും മാംസം ഭക്ഷി
ക്കുകയില്ല; അവന്റെ വീഴ്ചയ്ക്കു ഞാൻ കാ
രണക്കാരനാകരുതല്ലോ.

അപ്പൊസ്തലന്റെ അവകാശങ്ങൾ

9 ഞാൻ സ്വതന്ത്രനല്ലേ? ഞാൻ ഒരു അപ്പൊ
സ്തലനല്ലേ? നമ്മുടെ കർത്താവായ യേശു
വിനെ ഞാൻ കണ്ടിട്ടില്ലയോ? ക്രിസ്തുവിലു
ള്ള എന്റെ വേലയുടെ ഫലമല്ലേ നിങ്ങൾ? 2മറ്റു
ള്ളവർക്കു ഞാനൊരു അപ്പൊസ്തലൻ അ
ല്ലെങ്കിൽപോലും നിങ്ങൾക്കു ഞാൻ അപ്പൊ
സ്തലൻതന്നേ. കർത്താവിൽ എന്റെ അപ്പൊ
സ്തലത്വത്തിന്റെ മുദ്ര നിങ്ങളാണ്.
3എന്നെ ചോദ്യം ചെയ്യുന്നവരോട് എനി
ക്കുള്ള പ്രതിവാദം ഇതാണ്: 4ഭക്ഷണപാ
നീയങ്ങൾക്കുള്ള അവകാശം ഞങ്ങൾക്കില്ലേ?
5മറ്റ് അപ്പൊസ്തലന്മാരെയും കർത്താവിന്റെ
സഹോദരന്മാരെയും കേഫാവിനെയുംപോലെ
വിശ്വാസിനിയായ ഒരു ഭാര്യയോടുകൂടെ
സഞ്ചരിക്കുവാൻ ഞങ്ങൾക്ക് അവകാശമില്ലേ?
6വേല ചെയ്യാതെ കഴിയുവാൻ എനിക്കും
ബർന്നബാസിനും അവകാശം ഇല്ലെന്നോ?
7സ്വന്തം ചെലവിൽ സൈനികസേവനം
നടത്തുന്നതാര്? മുന്തിരിത്തോട്ടം നട്ടുപിടിപ്പിച്ചി
ട്ട് അതിലെ മുന്തിരിപ്പഴം തിന്നാത്തവനായി ആരു
ള്ളൂ? ആട്ടിൻകൂട്ടത്തെ പാലിച്ചിട്ട് അതിന്റെ
പാൽ കുടിക്കാത്തത് ആരാണ്? 8കേവലം മാനു
ഷികമായ കാഴ്ചപ്പാടിലൂടെയോ ഞാൻ ഇതു
പറയുന്നത്? ന്യായപ്രമാണത്തിൽ ഇതേ കാര്യം
പ്രസ്താവിച്ചിട്ടില്ലേ? 9"ധാന്യം മെതിക്കുന്ന
കാളയ്ക്കു മുഖക്കൊട്ട കെട്ടരുത്"[a] എന്നു
മോശെയുടെ ന്യായപ്രമാണത്തിൽ എഴുതിയി
രിക്കുന്നുവല്ലോ. കാളകളെ ഉദ്ദേശിച്ചോ ദൈവം
ഈ പറയുന്നത്? 10വാസ്തവത്തിൽ നമു
ക്കുവേണ്ടി അല്ലേ അവിടുന്ന് ഇതു പ്രസ്താവി
ച്ചിരിക്കുന്നത്? ഉവ്വ്, നമുക്കുവേണ്ടിത്തന്നേ.
കാരണം, ഉഴുന്നവൻ ഉഴുകയും മെതിക്കുന്നവൻ
മെതിക്കയും ചെയ്യുമ്പോൾ വിളവിന്റെ ഓഹരി
തങ്ങൾക്കും ലഭിക്കുമെന്ന പ്രതീക്ഷയോടെയാ
ണ് അതു ചെയ്യേണ്ടത്. 11ഞങ്ങൾ നിങ്ങളുടെ
ഇടയിൽ ആത്മീയമായ വിത്തു വിതച്ചിട്ട്, നി
ങ്ങളിൽനിന്നു ഭൗതികമായ ഒരു വിളവെടുപ്പു
നടത്തിയാൽ അത് അധികമായിപ്പോകുമോ?
12മറ്റുള്ളവർക്കു നിങ്ങളുടെമേൽ ഈ അവകാ
ശം ഉണ്ടെങ്കിൽ ഞങ്ങൾക്ക് എത്രയോ അധികം!
എങ്കിലും ഞങ്ങൾ ഈ അവകാശം വിനിയോഗി
ച്ചിട്ടില്ല. സുവിശേഷത്തിനു തടസ്സം വരാതിരി
ക്കുവാൻ ഞങ്ങൾ എല്ലാം സഹിക്കുന്നു.
13ദൈവാലയത്തിൽ ജോലി ചെയ്യുന്നവർക്കു
ദൈവാലയത്തിൽനിന്നുതന്നേ ഭക്ഷണം ലഭി
ക്കുന്നുവെന്നും യാഗപീഠത്തിങ്കൽ ശുശ്രൂഷ
ചെയ്യുന്നവർക്കു വഴിപാടിന്റെ വീതം
കിട്ടുന്നുവെന്നും നിങ്ങളറിയുന്നില്ലേ? 14അതു
പോലെതന്നേ, സുവിശേഷം പ്രസംഗിക്കുന്നവർ
സുവിശേഷത്താൽ ഉപജീവിക്കണമെന്നു
കർത്താവു കല്പിച്ചിരിക്കുന്നു.
15എങ്കിലും ഈ അവകാശങ്ങളൊന്നും ഞാൻ
ഉപയോഗിച്ചിട്ടില്ല. ആ കാര്യങ്ങൾ നിങ്ങൾ എനി
ക്കു ചെയ്തു തരണമെന്ന് ആശിച്ചുകൊണ്ടു
മല്ല ഞാൻ ഇതെഴുതുന്നത്. എന്റെ ഈ പ്രശം
സ ആരെങ്കിലും ഇല്ലാതാക്കുന്നതിനേക്കാൾ, മരി
ക്കുന്നതാണ് എനിക്കു നല്ലത്. 16എങ്കിലും, സു
വിശേഷം അറിയിക്കുന്നുവെങ്കിൽ എനിക്കു
പ്രശംസിക്കുവാൻ ഒന്നുമില്ല. ഞാൻ അതിനു
നിർബ്ബന്ധിതനാണ്. സുവിശേഷം അറിയി
ക്കുന്നില്ല എങ്കിൽ എനിക്ക് അയ്യോ കഷ്ടം!
17ഞാൻ സ്വമേധയാ അതു ചെയ്യുന്നുവെങ്കിൽ,
എനിക്കു പ്രതിഫലമുണ്ട്; സ്വമേധയാ അ
ല്ലെങ്കിലോ, എന്നെ ഭരമേല്പിച്ചതു നിറവേറ്റു
കമാത്രമാണു ഞാൻ ചെയ്യുന്നത്. 18അപ്പോൾ
എനിക്കുള്ള പ്രതിഫലം എന്താണ്? സുവിശേഷം
എനിക്കു നല്കുന്ന അവകാശംമുഴുവൻ ഉപയോ
ഗിക്കാതെ ഞാൻ സൗജന്യമായി സുവിശേഷം
അറിയിക്കുന്നു എന്നതുതന്നേ.
19ഞാൻ എല്ലാ മനുഷ്യനിൽനിന്നും സ്വത
ന്ത്രനെങ്കിലും അധികംപേരെ നേടേണ്ടതിന് എ
ന്നെത്തന്നേ എല്ലാവർക്കും അടിമയാക്കിയിരി
ക്കുന്നു. 20യഹൂദരെ നേടുവാൻ, യഹൂദർക്കു
ഞാൻ യഹൂദനെപ്പോലെ ആയി. ന്യായപ്രമാ
ണത്തിന് അധീനൻ അല്ലെങ്കിൽപോലും ന്യായ
പ്രമാണത്തിനു കീഴിലുള്ളവരെ നേടുവാൻ
ഞാൻ ന്യായപ്രമാണത്തിനു കീഴിലുള്ളവനെ
പ്പോലെ ആയി. 21ന്യായപ്രമാണമില്ലാത്തവരെ
നേടുവാൻ ഞാൻ അവർക്കു ന്യായപ്രമാണം

[a] 9 ആവർത്തനം 25:4

ഇല്ലാത്തവനെപ്പോലെ ആയി. ക്രിസ്തുവിന്റെ പ്രമാണത്തിനു വിധേയനാകയാൽ വാസ്തവത്തിൽ ഞാൻ ദൈവത്തിന്റെ ന്യായപ്രമാണത്തിൽനിന്നു സ്വതന്ത്രനല്ലതാനും. 22ബലഹീനരെ നേടുവാൻ ഞാൻ ബലഹീനർക്കു ബലഹീനനായി. ഏതെങ്കിലും വിധത്തിൽ ചിലരെ രക്ഷിക്കുവാൻ ഞാൻ എല്ലാവർക്കും എല്ലാം ആയിത്തീർന്നു. 23സുവിശേഷത്തിന്റെ അനുഗ്രഹങ്ങളിൽ പങ്കാളിയാകുവാൻ സുവിശേഷത്തിനുവേണ്ടി ഞാൻ ഇതെല്ലാം ചെയ്യുന്നു.

24ഓട്ടക്കളത്തിൽ ഓട്ടക്കാർ എല്ലാവരും ഓടുന്നുവെങ്കിലും ഒരാൾമാത്രമേ സമ്മാനം നേടുന്നുള്ളു എന്നു നിങ്ങൾ അറിയുന്നില്ലേ? നിങ്ങളും സമ്മാനം നേടുവാൻ തക്കവണ്ണം ഓടുവിൻ. 25കായികമത്സരങ്ങളിൽ പങ്കെടുക്കുന്ന ഓരോ വ്യക്തിയും കർശനമായ ആത്മനിയന്ത്രണം പാലിക്കുന്നു. വാടുന്ന കിരീടത്തിനുവേണ്ടിയാണ് അവർ അതു ചെയ്യുന്നത്; നാമോ വാടാത്ത കിരീടത്തിനുവേണ്ടിയും. 26ആകയാൽ ലക്ഷ്യമില്ലാതെയല്ല ഞാൻ ഓടുന്നത്. വായുവിൽ കുത്തുന്നവനെപ്പോലെയല്ല ഞാൻ മുഷ്ടിയുദ്ധം ചെയ്യുന്നത്. 27മറ്റുള്ളവരോടു പ്രസംഗിച്ചശേഷം ഞാൻതന്നേ അയോഗ്യനായിപ്പോകാതിരിക്കേണ്ടതിന് എന്റെ ശരീരത്തെ ഞാൻ ദണ്ഡിപ്പിച്ച് അടിമയാക്കുന്നു.

യിസ്രായേൽ ചരിത്രത്തിൽനിന്നുള്ള മുന്നറിയിപ്പുകൾ

10 സഹോദരരേ, നമ്മുടെ പൂർവ്വപിതാക്കന്മാർ എല്ലാവരും മേഘത്തിൻ കീഴിലായിരുന്നുവെന്നും അവരെല്ലാവരും സമുദ്രത്തിലൂടെ കടന്നുവെന്നും നിങ്ങൾ മനസ്സിലാക്കണമെന്നു ഞാൻ ആഗ്രഹിക്കുന്നു. 2അവരെല്ലാവരും മേഘത്തിലും സമുദ്രത്തിലും സ്നാനമേറ്റു മോശെയോടു ചേർന്നു. 3എല്ലാവരും ഒരേ ആത്മിക ആഹാരം കഴിക്കയും 4ഒരേ ആത്മികപാനീയം കുടിക്കയും ചെയ്തു. തങ്ങളെ അനുഗമിച്ച ആത്മികപാറയിൽനിന്നത്രേ അവർ പാനം ചെയ്തത്; ആ പാറ ക്രിസ്തു ആയിരുന്നു. 5എങ്കിലും അവരിൽ മിക്കവരിലും ദൈവം പ്രസാദിച്ചില്ല; അവർ മരുഭൂമിയിൽ വീണുപോയി.

6ഈ കാര്യങ്ങൾ നമുക്കു ദൃഷ്ടാന്തമായിത്തീർന്നിരിക്കുന്നു. അവരെപ്പോലെ നാമും ദുർമ്മോഹികളാകാതിരിക്കേണ്ടതിനുതന്നേ. 7അവരിൽ ചിലരെപ്പോലെ നിങ്ങൾ ബിംബാരാധികൾ ആകരുത്. "ജനം തിന്നുവാനും കുടിക്കുവാനും ഇരുന്നു, കൂത്താടുവാൻ എഴുന്നേറ്റു"[a] എന്നെഴുതിയിരിക്കുന്നുവല്ലോ. 8അവരിൽ ചിലരെപ്പോലെ നാം ദുർമ്മാർഗ്ഗികളാകരുത്; പരസംഗംനിമിത്തം അവരിൽ ഇരുപത്തിമൂവായിരംപേർ ഒരു ദിവസംകൊണ്ടു മരിച്ചുപോയി. 9അവരിൽ ചിലർ ചെയ്തതു പോലെ നാം കർത്താവിനെ പരീക്ഷിക്കരുത് - അവർ സർപ്പങ്ങളാൽ കൊല്ലപ്പെട്ടു. 10അവരിൽ ചിലരെപ്പോലെ നാം പിറുപിറുക്കയുമരുത് - അവരെ സംഹാരദൂതൻ കൊന്നുകളഞ്ഞുവല്ലോ.

11ഈ കാര്യങ്ങൾ അവർക്കു ദൃഷ്ടാന്തങ്ങളായി സംഭവിച്ചു; യുഗാന്ത്യത്തിലെത്തിയിരിക്കുന്ന നമുക്കു പ്രബോധനത്തിനായി എഴുതപ്പെട്ടിരിക്കുന്നു. 12അതുകൊണ്ട്, താനുറച്ചുനില്ക്കുന്നുവെന്നു കരുതുന്നവൻ വീഴാതിരിക്കുവാൻ സൂക്ഷിച്ചുകൊള്ളട്ടെ. 13മനുഷ്യർക്കു സാധാരണമല്ലാത്ത പ്രലോഭനങ്ങൾ നിങ്ങൾക്ക് ഉണ്ടായിട്ടില്ല. ദൈവം വിശ്വസ്തൻ; നിങ്ങളുടെ ശക്തിക്കതീതമായ പ്രലോഭനം അവിടുന്ന് അനുവദിക്കുകയില്ല. പ്രലോഭനം ഉണ്ടാകുമ്പോൾ നിങ്ങൾക്കു സഹിക്കുവാൻ കഴിയേണ്ടതിനു അവിടുന്ന് അതോടൊപ്പം പോംവഴിയും ഉണ്ടാക്കിത്തരും.

തിരുവത്താഴം

14അതുകൊണ്ട് എന്റെ പ്രിയസഹോദരരേ, വിഗ്രഹാരാധന വിട്ടോടുവിൻ, 15വിവേകശാലികളോടാണല്ലോ ഞാൻ സംസാരിക്കുന്നത്; ഞാൻ പറയുന്നതു നിങ്ങൾ വിവേചിക്കുവിൻ. 16നാം സ്തോത്രംചെയ്യുന്ന സ്തോത്രത്തിന്റെ പാനപാത്രം ക്രിസ്തുവിന്റെ രക്തത്തിന്റെ കൂട്ടായ്മ അല്ലേ? നാം നുറുക്കുന്ന അപ്പം ക്രിസ്തുവിന്റെ ശരീരത്തിന്റെ കൂട്ടായ്മ അല്ലേ? 17അപ്പം ഒന്നേയുള്ളൂ; പലരായ നാം ആ ഒരേ അപ്പത്തിൽ പങ്കുചേരുന്നതുകൊണ്ട് ഒരു ശരീരമാകുന്നു.

18യിസ്രായേൽജാതിയെക്കുറിച്ചു ചിന്തിച്ചുനോക്കുവിൻ: യാഗങ്ങൾ ഭക്ഷിക്കുന്നവർ യാഗപീഠത്തിനു പങ്കാളികൾ അല്ലേ? 19വിഗ്രഹത്തിന് അർപ്പിച്ച ബലിക്കോ വിഗ്രഹത്തിനോ എന്തെങ്കിലും പ്രത്യേകതയുണ്ടെന്നാണോ ഞാൻ അർത്ഥമാക്കുന്നത്? 20അല്ല, എന്നാൽ വിജാതീയരുടെ ബലികൾ ഭൂതങ്ങൾക്ക് അർപ്പിച്ചതാണ്, ദൈവത്തിനർപ്പിച്ചതല്ല. നിങ്ങൾ ഭൂതങ്ങളുടെ പങ്കാളികളാകുവാൻ ഞാൻ ആഗ്രഹിക്കുന്നില്ല. 21നിങ്ങൾക്കു കർത്താവിന്റെ പാനപാത്രത്തിൽനിന്നും അതോടൊപ്പം ഭൂതങ്ങളുടെ പാനപാത്രത്തിൽനിന്നും കുടിക്കുവാൻ സാധ്യമല്ല. കർത്താവിന്റെ മേശയിലും ഭൂതങ്ങളുടെ മേശയിലും നിങ്ങൾക്കു പങ്കുണ്ടായിരിക്കുവാൻ പാടില്ല. 22നാം കർത്താവിനു രോഷം ജ്വലിപ്പിക്കുവാൻ ശ്രമിക്കുന്നുവോ? നാം അവിടുത്തേക്കാൾ ശക്തരോ?

[a] 7 പുറപ്പാട് 32:6

വിശ്വാസിയുടെ സ്വാതന്ത്ര്യം

23"എല്ലാം അനുവദനീയമാണ്" എന്നാൽ
എല്ലാം ഗുണകരമല്ല. "എല്ലാം അനുവദനീയമാ
ണ്" എന്നാൽ എല്ലാം ആത്മീയ അഭിവൃദ്ധി
വരുത്തുന്നില്ല. 24ആരും സ്വന്തം നന്മയല്ല, മറ്റു
ള്ളവരുടെ നന്മയത്രേ അന്വേഷിക്കേണ്ടത്.
25കമ്പോളത്തിൽ വില്ക്കുന്നതെന്തും മനസ്സാ
ക്ഷിക്കുത്തുകൂടാതെ ഭക്ഷിക്കുക. 26എന്തെ
ന്നാൽ "ഭൂമിയും അതിലുള്ള സകലവും കർത്താ
വിനുള്ളതാണ്." [a]
27ഒരു അവിശ്വാസി നിങ്ങളെ ഭക്ഷണത്തിനു
ക്ഷണിക്കുകയും നിങ്ങൾ പോകാൻ ആഗ്രഹി
ക്കുകയും ചെയ്യുന്നുവെങ്കിൽ, നിങ്ങളുടെ
മുമ്പിൽ വിളമ്പിവയ്ക്കുന്നതെന്തും മനസ്സാക്ഷി
ക്കുത്തുകൂടാതെ ഭക്ഷിക്കാം. 28എന്നാൽ "ഇതു
നിവേദ്യമാണ്" എന്ന് ആരെങ്കിലും നിങ്ങളോടു
പറഞ്ഞാൽ, അതു പറഞ്ഞ ആളിനെയും മനസ്സാ
ക്ഷിയെയും വിചാരിച്ച് അതു കഴിക്കരുത് - 29നി
ങ്ങളുടെ മനസ്സാക്ഷിയല്ല, അയാളുടേതാണു
ഞാൻ ഉദ്ദേശിക്കുന്നത്. മറ്റൊരാളിന്റെ മനസ്സാ
ക്ഷി നിമിത്തം എന്റെ സ്വാതന്ത്ര്യം വിധിക്ക
പ്പെടുന്നതെന്തിന്? 30ഞാൻ നന്ദിയോടെ ആ
ഭക്ഷണം കഴിക്കുന്നുവെങ്കിൽ, ഞാൻ
ദൈവത്തിനു സ്തോത്രം ചെയ്ത വസ്തു നി
മിത്തം എന്നെ കുറ്റപ്പെടുത്തുന്നതെന്തിന്?
31നിങ്ങൾ തിന്നാലും കുടിച്ചാലും എന്തു
ചെയ്താലും, എല്ലാം ദൈവമഹത്ത്വത്തിനായി
ചെയ്യുവിൻ. 32യഹൂദർക്കോ ഗ്രീക്കുകാർക്കോ
ദൈവസഭയ്ക്കോ ഇടർച്ച വരുത്തരുത്. 33ഞാ
നും എല്ലാവരെയും എല്ലാ വിധത്തിലും പ്രസാ
ദിപ്പിക്കുവാൻ ശ്രമിക്കുന്നുണ്ടല്ലോ. ഞാൻ
എന്റെ നന്മയല്ല, അനേകർ രക്ഷിക്കപ്പെടുവാൻ
അവരുടെ നന്മയാണ് അന്വേഷിക്കുന്നത്.

11 ഞാൻ ക്രിസ്തുവിന്റെ മാതൃക പിന്തു
ടരുന്നതുപോലെ നിങ്ങൾ എന്റെ
മാതൃക പിന്തുടരുക.

ആരാധനയിൽ ശിരോവസ്ത്രം

2നിങ്ങൾ എല്ലാ കാര്യങ്ങളിലും എന്നെ ഓർ
ക്കുന്നതുകൊണ്ടും ഞാൻ ഏല്പിച്ച ഉപ
ദേശങ്ങൾ മുറുകെ പിടിക്കുന്നതുകൊണ്ടും
ഞാൻ നിങ്ങളെ പ്രശംസിക്കുന്നു.
3പുരുഷന്റെ തല ക്രിസ്തു; സ്ത്രീയുടെ തല
പുരുഷൻ; ക്രിസ്തുവിന്റെ തല ദൈവം. ഇതു
നിങ്ങൾ മനസ്സിലാക്കണമെന്ന് ഞാൻ ആഗ്രഹി
ക്കുന്നു. 4ശിരസ്സു മൂടിക്കൊണ്ടു പ്രാർത്ഥിക്കുക
യോ പ്രവചിക്കുകയോ ചെയ്യുന്ന പുരുഷൻ ത
ന്റെ ശിരസ്സിനെ അപമാനിക്കുന്നു. 5ശിരസ്സു മൂ
ടാതെ പ്രാർത്ഥിക്കുകയോ പ്രവചിക്കുകയോ
ചെയ്യുന്ന സ്ത്രീ തന്റെ ശിരസ്സിനെ അപമാനി
ക്കുന്നു; ശിരസ്സു മുണ്ഡനം ചെയ്യുന്നതിനു തു
ല്യമാണത്. 6സ്ത്രീ തലയിൽ മൂടുപടം ധരി
ക്കുന്നില്ലെങ്കിൽ അവൾ മുടി മുറിച്ചുകളയേ
ണ്ടതാണ്. മുടി മുറിക്കുന്നതോ തല മുണ്ഡനം
ചെയ്യുന്നതോ തനിക്കു ലജ്ജാകരമെന്ന് അവൾ
ക്കു തോന്നുന്നുവെങ്കിൽ അവൾ മൂടുപടം
ധരിച്ചേ മതിയാകൂ. 7പുരുഷൻ ദൈവത്തിന്റെ
പ്രതിരൂപവും തേജസ്സും ആകയാൽ ശിരസ്സു
മറയ്ക്കേണ്ടതില്ല; എന്നാൽ സ്ത്രീയോ പുരുഷ
ന്റെ തേജസ്സാണ്. 8പുരുഷൻ സ്ത്രീയിൽ
നിന്നല്ല, സ്ത്രീ പുരുഷനിൽനിന്നത്രേ ഉണ്ടാ
യത്; 9പുരുഷൻ സ്ത്രീക്കു വേണ്ടിയല്ല, സ്ത്രീ
പുരുഷനുവേണ്ടിയാണു സൃഷ്ടിക്കപ്പെട്ടത്.
10ഈ കാരണത്താലും ദൂതന്മാർനിമിത്തവും
സ്ത്രീക്കു തലയ്ക്കുമീതെ ഒരു അധികാ
രചിഹ്നം ഉണ്ടായിരിക്കേണ്ടതാണ്.
11എങ്കിലും കർത്താവിൽ, പുരുഷനെ കൂ
ടാതെ സ്ത്രീയില്ല, സ്ത്രീയെ കൂടാതെ പുരു
ഷനുമില്ല. 12സ്ത്രീ പുരുഷനിൽനിന്ന് ഉളവാ
യതുപോലെ പുരുഷൻ സ്ത്രീയിൽനിന്നു ജനി
ക്കുന്നു. എന്നാൽ എല്ലാം ദൈവത്തിൽ നിന്നുത
ന്നേ ഉളവാകുന്നു. 13നിങ്ങൾതന്നേ വിധിക്കുക:
സ്ത്രീ മൂടുപടം അണിയാതെ ദൈവത്തോടു
പ്രാർത്ഥിക്കുന്നതു ഉചിതമോ? 14നീണ്ടമുടി
ഉണ്ടായിരിക്കുന്നതു പുരുഷന് അപമാ
നമാണെന്നും 15സ്ത്രീക്കു അത് അഭിമാനകര
മെന്നും പ്രകൃതിതന്നെ കാണിക്കുന്നില്ലേ?
നീണ്ടമുടി സ്ത്രീക്കു മൂടുപടമായി നല്കപ്പെട്ടി
രിക്കുന്നു. 16ഇതിനെപ്പറ്റി ആരെങ്കിലും തർക്കി
ക്കാൻ ആഗ്രഹിക്കുന്നുവെങ്കിൽ - ഇതിൽനിന്നു
വ്യത്യസ്തമായ ഒരു കീഴ്വഴക്കം ഞങ്ങൾക്കി
ല്ല, ദൈവസഭകൾക്കും ഇല്ല.

കർത്താവിന്റെ അത്താഴം

17ഇനിയുള്ള നിർദ്ദേശങ്ങളിൽ ഞാൻ നി
ങ്ങളെ പ്രശംസിക്കുന്നില്ല. കാരണം, നിങ്ങൾ
സഭായോഗം കൂടുന്നതു ഗുണത്തേക്കാൾ അധി
കം ദോഷം ചെയ്യുന്നു. 18ഒന്നാമത്, നിങ്ങൾ
സഭയായി സമ്മേളിക്കുമ്പോൾ നിങ്ങളുടെ
ഇടയിൽ ഭിന്നതകൾ ഉള്ളതായി ഞാൻ കേൾ
ക്കുന്നു; ഒരു പരിധിവരെ വിശ്വസിക്കുകയും
ചെയ്യുന്നു. 19നിങ്ങളുടെ ഇടയിൽ ദൈവത്താൽ
അംഗീകരിക്കപ്പെട്ടവർ ആരെന്നു വെളിപ്പെ
ടേണ്ടതിന് ഭിന്നതകൾ ഉണ്ടാകേണ്ടതാണ്.
20നിങ്ങൾ ഒരുമിച്ചുകൂടുമ്പോൾ കർത്താവിന്റെ
അത്താഴമല്ല ഭക്ഷിക്കുന്നത്. 21എന്തുകൊ
ണ്ടെന്നാൽ ഓരോരുത്തരും മറ്റാർക്കുംവേണ്ടി
കാത്തുനില്ക്കാതെ ഭക്ഷണം കഴിക്കുന്നു.
ഒരാൾ വിശന്നിരിക്കുമ്പോൾ മറ്റൊരാൾ കുടിച്ചു
മത്തനായിരിക്കുന്നു. 22തിന്നാനും കുടിക്കാനും

[a] 26 സങ്കീർത്തനം 24:1

നിങ്ങൾക്കു വീടുകൾ ഇല്ലേ? നിങ്ങൾ ദൈവസഭയോട് അവജ്ഞ കാട്ടുകയും ഒന്നുമില്ലാത്തവരെ നിന്ദിക്കുകയും ചെയ്യുന്നുവോ? എന്താണു നിങ്ങളോടു ഞാൻ പറയേണ്ടത്? ഇതിൽ ഞാൻ നിങ്ങളെ പ്രശംസിക്കുകയോ? ഒരിക്കലുമില്ല.

23ഞാൻ കർത്താവിൽനിന്നു പ്രാപിക്കുകയും നിങ്ങൾക്ക് ഏല്പിച്ചു തരികയും ചെയ്തത് ഇതാണ്: കർത്താവായ യേശുവിനെ ഒറ്റിക്കൊടുത്ത രാത്രിയിൽ, അവിടുന്ന് അപ്പം എടുത്ത് 24സ്തോത്രം ചെയ്തു നുറുക്കി "ഇതു നിങ്ങൾക്കുവേണ്ടിയുള്ള എന്റെ ശരീരം; എന്റെ ഓർമ്മയ്ക്കായി ഇതു ചെയ്യുവിൻ" എന്നു പറഞ്ഞു. 25അതുപോലെതന്നേ, അവിടുന്ന് അത്താഴം കഴിഞ്ഞ് പാനപാത്രം എടുത്ത്, "ഈ പാനപാത്രം എന്റെ രക്തത്തിലുള്ള പുതിയ ഉടമ്പടി, ഇതു കുടിക്കുമ്പോഴൊക്കെയും എന്റെ ഓർമ്മയ്ക്കായി ഇതു ചെയ്യുവിൻ" എന്നു പറഞ്ഞു. 26നിങ്ങൾ ഈ അപ്പം തിന്നുകയും ഈ പാനപാത്രം കുടിക്കുകയും ചെയ്യുമ്പോഴൊക്കെയും കർത്താവു വരുന്നതുവരെയും അവിടുത്തെ മരണത്തെ പ്രഖ്യാപിക്കുന്നു.

27അതുകൊണ്ട്, അയോഗ്യമായി അപ്പം തിന്നുകയോ കർത്താവിന്റെ പാനപാത്രം കുടിക്കുകയോ ചെയ്യുന്നവൻ കർത്താവിന്റെ ശരീരവും രക്തവും സംബന്ധിച്ച് കുറ്റക്കാരനാവുന്നു. 28ഓരോരുത്തനും തന്നെത്താൻ പരിശോധിച്ചിട്ടുവേണം അപ്പം തിന്നുകയും പാനപാത്രത്തിൽനിന്നു കുടിക്കുകയും ചെയ്യേണ്ടത്. 29ആരെങ്കിലും കർത്താവിന്റെ ശരീരത്തെ വിവേചിക്കാതെ തിന്നുകയോ കുടിക്കുകയോ ചെയ്താൽ അയാൾ തനിക്കുതന്നേ ശിക്ഷാവിധി തിന്നുകയും കുടിക്കുകയും ചെയ്യുന്നു. 30ഇക്കാരണത്താൽ നിങ്ങളിൽ പലരും ബലഹീനരും രോഗികളും ആയിരിക്കുന്നു. ചിലർ നിദ്ര പ്രാപിക്കുകയും ചെയ്തിരിക്കുന്നു. 31നാം നമ്മെത്തന്നേ വിധിക്കുന്നുവെങ്കിൽ നാം വിധിക്കപ്പെടുകയില്ല. 32കർത്താവു നമ്മെ വിധിക്കുമ്പോൾ, നാം ലോകത്തോടൊപ്പം ശിക്ഷാവിധിയിൽ അകപ്പെടാതിരിക്കാൻ അവിടുന്നു നമുക്കു ബാലശിക്ഷ നല്കുകയാണ്.

33അതുകൊണ്ട് എന്റെ സഹോദരരേ, നിങ്ങൾ ഭക്ഷണത്തിനായി ഒന്നിച്ചു കൂടുമ്പോൾ പരസ്പരം കാത്തിരിക്കുവിൻ. 34നിങ്ങളിൽ ആർക്കെങ്കിലും വിശക്കുന്നുവെങ്കിൽ, വീട്ടിൽവച്ചു ഭക്ഷണം കഴിച്ചുകൊള്ളണം, അല്ലാത്ത പക്ഷം നിങ്ങൾ ഒന്നിച്ചുചേരുമ്പോൾ അതു ന്യായവിധിക്കു ഹേതുവാകും.

ശേഷം കാര്യങ്ങൾ ഞാൻ വരുമ്പോൾ ക്രമീകരിച്ചുകൊള്ളാം.

ആത്മീയ വരങ്ങൾ

12 സഹോദരരേ, ആത്മീയവരങ്ങളെക്കുറിച്ചു നിങ്ങൾ അറിവില്ലാത്തവരായിരിക്കരുത് എന്നു ഞാൻ ആഗ്രഹിക്കുന്നു. 2വിജാതീയരായിരുന്നപ്പോൾ നിങ്ങൾ വശീകരിക്കപ്പെട്ട് ഊമവിഗ്രഹങ്ങളുടെ അടുത്തേക്ക് വഴിതെറ്റിപ്പോയതു നിങ്ങൾക്കറിയാമല്ലോ? 3അതിനാൽ ദൈവാത്മാവിൽ സംസാരിക്കുന്ന ആരും "യേശു ശപിക്കപ്പെട്ടവൻ" എന്നു പറയുകയില്ല; പരിശുദ്ധാത്മാവിനാലല്ലാതെ ആർക്കും "യേശു കർത്താവാകുന്നു" എന്നു പറയുവാനും സാധ്യമല്ല.

4വിവിധ കൃപാവരങ്ങൾ ഉണ്ട്; ആത്മാവോ ഒന്നുമാത്രം; 5ശുശ്രൂഷകൾ പലവിധമുണ്ട്, കർത്താവോ ഒരുവൻതന്നേ. 6പ്രവൃത്തികളും ബഹുവിധം, എന്നാൽ എല്ലാവരിലും എല്ലാം പ്രവർത്തിക്കുന്നത് ഒരേ ദൈവം തന്നെ.

7ഓരോരുത്തനും ആത്മാവിന്റെ പ്രകാശനം നല്കിയിരിക്കുന്നതു പൊതുനന്മയ്ക്കുവേണ്ടിയാണ്. 8ഒരാൾക്ക് ആത്മാവിലൂടെ ജ്ഞാനത്തിന്റെ വചനം നല്കിയിരിക്കുന്നു; മറ്റൊരാൾക്ക് അതേ ആത്മാവിനാൽ പരിജ്ഞാനത്തിന്റെ വചനവും. 9ഇനി വേറൊരാൾക്ക് അതേ ആത്മാവിനാൽ വിശ്വാസം, മറ്റൊരാൾക്ക് ആ ആത്മാവിനാൽത്തന്നേ രോഗശാന്തിക്കുള്ള വരങ്ങൾ, 10ഒരാൾക്ക് അത്ഭുതപ്രവൃത്തികളുടെ വരം, മറ്റൊരാൾക്കു പ്രവചനങ്ങളുടെ വരം, വേറൊരാൾക്കു ആത്മാക്കളുടെ വിവേചനം, ഇനിയൊരാൾക്കു ബഹുവിധഭാഷകൾ, ഇനി ഒരുവനു ഭാഷകളുടെ വ്യാഖ്യാനം. 11ഇവയെല്ലാം ഒരേ ആത്മാവിന്റെ പ്രവർത്തനമാണ്. അവിടുന്നു നിശ്ചയിക്കുന്നതുപോലെ ഓരോരുത്തന് അതതു വരം നല്കുന്നു.

ഒരു ശരീരം,
പല അവയവങ്ങൾ

12പല അവയവങ്ങളോടുകൂടിയതെങ്കിലും ശരീരം ഒന്നാണ്: വിവിധ അവയവങ്ങൾ ചേർന്ന് ഒരു ശരീരമായിരിക്കുന്നു. ക്രിസ്തുവിനെ സംബന്ധിച്ചും ഇങ്ങനെതന്നേ. 13നാം യഹൂദരോ ഗ്രീക്കുകാരോ അടിമകളോ സ്വതന്ത്രരോ ആരായിരുന്നാലും ഒരേ ആത്മാവിനാൽ ഒരേ ശരീരത്തിലേക്കു സ്നാനമേറ്റും,[a] ഒരേ ആത്മാവിനെ പാനം ചെയ്തുമിരിക്കുന്നു.

14ശരീരത്തിൽ അവയവം ഒന്നല്ല, പലതുണ്ട്. 15"ഞാൻ കൈ അല്ലാത്തതുകൊണ്ടു ശരീരത്തിലുള്ളതല്ല" എന്നു കാൽ പറയുന്നുവെങ്കിൽ അക്കാരണത്താൽ അതു ശരീരത്തിന്റെ

[a] 13 അഥവാ, *ആരായിരുന്നാലും ഒരേ ആത്മാവിൽ സ്നാനമേറ്റും*

അവയവം അല്ലാതാകുന്നില്ല. 16"ഞാൻ കണ്ണല്ലാത്തതുകൊണ്ടു ശരീരത്തിലുള്ളതല്ല" എന്നു ചെവി പറയുന്നുവെങ്കിൽ അക്കാരണത്താൽ അതു ശരീരഭാഗം അല്ല എന്നു വരുന്നില്ല. 17ശരീരം ആകമാനം കണ്ണായിരുന്നുവെങ്കിൽ കേൾക്കുന്നതെങ്ങനെ? ശരീരം മുഴുവൻ ചെവിയായിരുന്നുവെങ്കിൽ ഗന്ധം അറിയുന്നതെങ്ങനെ? 18എന്നാൽ ദൈവമോ അവിടുത്തെ ഇഷ്ടപ്രകാരം അവയവങ്ങളെ ശരീരത്തിൽ ക്രമീകരിച്ചിരിക്കുന്നു. 19അവ എല്ലാം കൂടി ഒരവയവം മാത്രമായിരുന്നെങ്കിൽ ശരീരം എവിടെ? 20എന്നാൽ ഇപ്പോൾ അവയവങ്ങൾ പലതെങ്കിലും ശരീരം ഒന്നാണ്.

21"എനിക്കു നിന്നെ ആവശ്യമില്ല" എന്നു കണ്ണിനു കൈയോടു പറയുവാൻ സാധ്യമല്ല. തലയ്ക്കു കാലുകളോട്, "എനിക്കു നിങ്ങളെ ആവശ്യമില്ല" എന്നു പറയുവാനും സാധിക്കുകയില്ല. 22നേരേ മറിച്ച് ബലഹീനമായി കാണപ്പെടുന്ന അവയവങ്ങൾ അവശ്യം വേണ്ടവയത്രേ. 23മാന്യത കുറവെന്നു കരുതുന്ന അവയവങ്ങൾക്കു നാം സവിശേഷ മാന്യത നല്കുന്നു; ഭംഗി കുറഞ്ഞവയ്ക്ക് ഭംഗി വരുത്തുന്നു. 24ഭംഗിയുള്ള അവയവങ്ങൾക്കു പ്രത്യേക കരുതൽ ആവശ്യമില്ല. 25ശരീരത്തിൽ ഭിന്നിപ്പുണ്ടാകാതെ, അവയവങ്ങൾ അന്യോന്യം കരുതുവാൻ തക്കവണ്ണം ദൈവം അവയെ സംയോജിപ്പിച്ച്, മാന്യത കുറഞ്ഞവയ്ക്ക് മാന്യത വരുത്തിയിരിക്കുന്നു. 26ആകയാൽ ഒരവയവം കഷ്ടം അനുഭവിക്കുന്നുവെങ്കിൽ മറ്റുള്ളവയും അതിനോടൊപ്പം കഷ്ടത അനുഭവിക്കുന്നു; ഒന്നു മാനിക്കപ്പെടുന്നുവെങ്കിൽ മറ്റെല്ലാം അതിനോടുകൂടെ സന്തോഷിക്കുന്നു.

27നിങ്ങൾ ക്രിസ്തുവിന്റെ ശരീരവും ഓരോരുത്തരും അവയവങ്ങളുമാകുന്നു. 28ദൈവം ഒന്നാമത് അപ്പൊസ്തലന്മാരെയും രണ്ടാമത് പ്രവാചകരെയും മൂന്നാമത് ഉപദേഷ്ടാക്കളെയും പിന്നെ അത്ഭുതങ്ങൾ പ്രവർത്തിക്കുന്നവർ, രോഗശാന്തി വരമുള്ളവർ, സഹായം ചെയ്യുവാൻ കഴിവുള്ളവർ, ഭരിക്കുവാൻ വരമുള്ളവർ, ബഹുഭാഷാവരം ലഭിച്ചവർ എന്നിവരെയും സഭയിൽ നിയോഗിച്ചിരിക്കുന്നു. 29എല്ലാവരും അപ്പൊസ്തലന്മാരോ? എല്ലാവരും പ്രവാചകരോ? എല്ലാവരും ഉപദേഷ്ടാക്കളോ? എല്ലാവരും അത്ഭുതങ്ങൾ പ്രവർത്തിക്കുന്നുവോ? 30എല്ലാവർക്കും രോഗശാന്തിവരമുണ്ടോ? എല്ലാവരും അന്യഭാഷകൾ സംസാരിക്കുന്നുവോ? എല്ലാവരും വ്യാഖ്യാനിക്കുന്നുവോ? 31ശ്രേഷ്ഠവരങ്ങൾ ഹൃദയ പൂർവ്വം വാഞ്ഛിക്കുക.[a]

സ്നേഹം

ഇനി ഏറ്റവും ശ്രേഷ്ഠമായ മാർഗ്ഗം ഞാൻ നിങ്ങൾക്കു കാണിച്ചു തരാം.

13 ഞാൻ മനുഷ്യരുടെയും ദൂതന്മാരുടെയും ഭാഷകളിൽ സംസാരിച്ചാലും എനിക്കു സ്നേഹമില്ലെങ്കിൽ ഞാൻ മുഴങ്ങുന്ന ചേങ്ങലയോ കിലുങ്ങുന്ന കൈത്താളമോ മാത്രമാണ്. 2എനിക്കു പ്രവചനവരം ലഭിച്ചാലും, സകല ദിവ്യരഹസ്യങ്ങളും സകലജ്ഞാനവും ഗ്രഹിക്കുവാൻ കഴിഞ്ഞാലും മലകളെ നീക്കുവാൻ തക്ക വിശ്വാസം ഉണ്ടായിരുന്നാലും സ്നേഹം ഇല്ലെങ്കിൽ ഞാൻ ഒന്നുമല്ല. 3എനിക്കുള്ളതെല്ലാം ദാനംചെയ്താലും എന്റെ ശരീരം ദഹിപ്പിക്കുവാൻ ഏല്പിച്ചാലും,[b] സ്നേഹം ഇല്ലെങ്കിൽ ഞാൻ ഒന്നും നേടുന്നില്ല.

4സ്നേഹം ദീർഘക്ഷമയും ദയയും ഉള്ളതാണ്. സ്നേഹം അസൂയപ്പെടുകയോ, വമ്പു പറയുകയോ, അഹങ്കരിക്കുകയോ ചെയ്യുന്നില്ല; 5പരുഷമായി പെരുമാറുന്നില്ല, സ്വാർത്ഥം അന്വേഷിക്കുന്നില്ല, കോപിക്കുന്നില്ല, ദോഷം കണക്കിടുന്നില്ല. 6സ്നേഹം തിന്മയിൽ രസിക്കാതെ സത്യത്തിൽ സന്തോഷിക്കുന്നു. 7എല്ലാം വഹിക്കുന്നു, എല്ലാം വിശ്വസിക്കുന്നു, എല്ലാം പ്രത്യാശിക്കുന്നു, എല്ലാം സഹിക്കുന്നു.

8സ്നേഹം ഒരുനാളും പരാജയപ്പെടുന്നില്ല. പ്രവചനവരം ഇല്ലാതാകും; ഭാഷാവരം നിന്നുപോകും, ജ്ഞാനം നീങ്ങിപ്പോകും; 9നാം ഭാഗികമായിമാത്രം അറിയുകയും ഭാഗികമായി മാത്രം പ്രവചിക്കുകയും ചെയ്യുന്നു. 10പൂർണ്ണമായതു വരുമ്പോൾ ഭാഗികമായതു നീങ്ങിപ്പോകും. 11ഞാൻ ശിശുവായിരുന്നപ്പോൾ ശിശുവിനെപ്പോലെ സംസാരിച്ചു, ശിശുവിനെപ്പോലെ ചിന്തിച്ചു, ശിശുവിനെപ്പോലെ വിവേചിച്ചു. പുരുഷനായപ്പോൾ ശിശുസഹജമായ കാര്യങ്ങൾ വിട്ടുകളഞ്ഞു. 12ഇപ്പോൾ നാം കണ്ണാടിയിലെന്നപോലെ അവ്യക്തമായി കാണുന്നു; അപ്പോഴോ നാം അഭിമുഖമായി കാണും. ഇപ്പോൾ ഞാൻ ഭാഗികമായി അറിയുന്നു; അപ്പോഴോ, ഞാൻ അറിയപ്പെട്ടിരിക്കുന്നതു പോലെ പൂർണ്ണമായി അറിയും.

13അങ്ങനെ വിശ്വാസം, പ്രത്യാശ, സ്നേഹം ഇവ മൂന്നും നിലനില്ക്കും; ഇവയിൽ ഏറ്റവും ശ്രേഷ്ഠമായതോ സ്നേഹം തന്നേ.

പ്രവചനവരം, ഭാഷാവരം

14 സ്നേഹം നിങ്ങളുടെ ലക്ഷ്യമായിരിക്കട്ടെ. ആത്മീയവരങ്ങൾക്കായി, വിശേഷാൽ പ്രവചനവരത്തിനായി, വാഞ്ഛിപ്പിൻ.

[a] 31 അഥവാ, *നിങ്ങളോ ശ്രേഷ്ഠ വരങ്ങൾ വാഞ്ഛിക്കുന്നു* [b] 13:3 ചില കയ്യെഴുത്തുപ്രതികളിൽ, *എന്റെ ശരീരം ഏല്പിച്ചുകൊടുക്കുന്നതിൽ സ്വയം പ്രശംസിച്ചാലും*

2അന്യഭാഷയിൽ സംസാരിക്കുന്നവൻ മനുഷ്യരോടല്ല, ദൈവത്തോടത്രേ സംസാരിക്കുന്നത്. അയാൾ പറയുന്നത് ആരും ഗ്രഹിക്കുന്നില്ല; അയാൾ ആത്മാവിൽ മർമ്മങ്ങൾ സംസാരിക്കുന്നു. 3എന്നാൽ പ്രവചിക്കുന്ന ആൾ മനുഷ്യരോട്, അവരുടെ ആത്മീയപോഷണത്തിനും പ്രബോധനത്തിനും ആശ്വാസത്തിനുമായി സംസാരിക്കുന്നു. 4അന്യഭാഷയിൽ സംസാരിക്കുന്നയാൾ തനിക്കുതന്നേ ആത്മീയവർദ്ധന വരുത്തുന്നു; പ്രവചിക്കുന്നയാളാകട്ടെ, സഭയ്ക്ക് ആത്മീയവർദ്ധന വരുത്തുന്നു. 5നിങ്ങളെല്ലാവരും അന്യഭാഷകളിൽ സംസാരിക്കണമെന്നു ഞാൻ ആഗ്രഹിക്കുന്നു. അതിലുമുപരി, നിങ്ങൾ പ്രവചിക്കണമെന്നാണ് ഞാൻ ഏറെ ആഗ്രഹിക്കുന്നത്. അന്യഭാഷകളിൽ സംസാരിക്കുന്നതു സഭയുടെ ആത്മീയാഭിവൃദ്ധിക്കായി വ്യാഖ്യാനിക്കപ്പെടുന്നില്ലെങ്കിൽ, അങ്ങനെ സംസാരിക്കുന്നവനെക്കാൾ പ്രവചിക്കുന്നവനാണു മികച്ചവൻ.

6സഹോദരരേ, ഞാൻ നിങ്ങൾക്കായി എന്തെങ്കിലും വെളിപ്പാടോ ജ്ഞാനമോ പ്രവചനമോ പ്രബോധനമോ നല്കാതെ നിങ്ങളുടെ അടുക്കൽ വന്ന് അന്യഭാഷകളിൽ സംസാരിക്കുന്നുവെങ്കിൽ എന്നെക്കൊണ്ടു നിങ്ങൾക്ക് എന്തു പ്രയോജനം? 7കുഴൽ, വീണ മുതലായ നിർജ്ജീവവസ്തുക്കളുടെ കാര്യത്തിൽപോലും, ശ്രുതിഭേദം ഇല്ലാതിരുന്നാൽ എന്താണ് ആലപിച്ചതെന്ന് എങ്ങനെ അറിയും? 8കാഹളം വ്യക്തമായ നാദം നല്കാതിരുന്നാൽ ആരെങ്കിലും യുദ്ധത്തിനു തയ്യാറാകുമോ? 9നിങ്ങളുടെ കാര്യത്തിലും അങ്ങനെതന്നേ. നാവിനാൽ അർത്ഥമുള്ള വാക്കുകൾ ഉച്ചരിക്കാതിരുന്നാൽ, നിങ്ങൾ പറയുന്നത് എന്തെന്ന് മറ്റുള്ളവർ എങ്ങനെ അറിയും? നിങ്ങൾ വായുവിനോടു സംസാരിക്കുന്നവർ ആകും! 10ലോകത്തിൽ വിവിധ ഭാഷകൾ ഉണ്ട്, അവയിൽ ഒന്നുപോലും അർത്ഥമില്ലാത്തതല്ല. 11എന്നാൽ, ആരെങ്കിലും പറയുന്നതിന്റെ അർത്ഥം ഞാൻ ഗ്രഹിക്കുന്നില്ലെങ്കിൽ അയാൾക്കു ഞാൻ അപരിചിതനായിരിക്കും, അയാൾ എനിക്കും അങ്ങനെതന്നേ. 12നിങ്ങളെ സംബന്ധിച്ചും ഇങ്ങനെതന്നേ. നിങ്ങൾ ആത്മീയവരങ്ങൾ വാഞ്ഛിക്കുകയാൽ സഭയുടെ വളർച്ചയ്ക്കു ഉതകുന്ന വരങ്ങളിൽ മികവു നേടുവിൻ,

13അതുകൊണ്ട് അന്യഭാഷയിൽ സംസാരിക്കുന്നവൻ താൻ പറയുന്നതു വ്യാഖ്യാനിക്കാനുള്ള കഴിവിനുവേണ്ടി പ്രാർത്ഥിക്കണം. 14ഞാൻ അന്യഭാഷയിൽ പ്രാർത്ഥിക്കുന്നുവെങ്കിൽ എന്റെ ആത്മാവു പ്രാർത്ഥിക്കുന്നു, എന്റെ ബുദ്ധി അഫലമായിരിക്കുന്നു. 15അപ്പോൾ, ഞാൻ എന്താണു ചെയ്യേണ്ടത്? ഞാൻ ആത്മാവുകൊണ്ടു പ്രാർത്ഥിക്കും, ബുദ്ധികൊണ്ടും പ്രാർത്ഥിക്കും; ആത്മാവു കൊണ്ടു പാടും, ബുദ്ധികൊണ്ടും പാടും. 16നീ ആത്മാവുകൊണ്ടു ദൈവത്തെ സ്തുതിക്കുന്നുവെങ്കിൽ അതു ഗ്രഹിക്കാത്ത ഒരാൾ നിന്റെ സ്തോത്രാർപ്പണത്തിന് എങ്ങനെ "ആമേൻ" പറയും? നീ പറയുന്നത് അയാൾ മനസ്സിലാക്കുന്നില്ലല്ലോ? 17നീ നന്നായി സ്തോത്രം അർപ്പിക്കുന്നുണ്ടായിരിക്കാം, എന്നാൽ മറ്റേയാൾക്ക് അതിനാൽ ആത്മീയവർദ്ധന ഉണ്ടാകുന്നില്ല.

18ഞാൻ നിങ്ങളെല്ലാവരെക്കാളും അധികമായി അന്യഭാഷകളിൽ സംസാരിക്കുന്നതുകൊണ്ട് ദൈവത്തെ സ്തുതിക്കുന്നു. 19എന്നാൽ സഭയിൽ പതിനായിരം വാക്കുകൾ അന്യഭാഷയിൽ സംസാരിക്കുന്നതിനേക്കാൾ, മറ്റുള്ളവരെ ഉപദേശിക്കുവാൻ അഞ്ചു വാക്കുകൾ ബുദ്ധികൊണ്ട് സംസാരിക്കുവാൻ ഞാൻ ഇഷ്ടപ്പെടുന്നു.

20സഹോദരരേ, ചിന്തയിൽ ശിശുക്കളായിരിക്കരുത്. തിന്മയ്ക്ക് ശിശുക്കളും ചിന്തയിലോ മുതിർന്നവരും ആയിരിക്കുക. 21ന്യായപ്രമാണത്തിൽ ഇങ്ങനെ എഴുതിയിരിക്കുന്നു:

"അപരിചിതഭാഷക്കാരിലൂടെയും
വിദേശികളുടെ അധരങ്ങളിലൂടെയും
ഞാൻ ഈ ജനത്തോടു സംസാരിക്കും,
എങ്കിലും അവർ എന്റെ വാക്കു
കേൾക്കയില്ല"[a]

എന്ന് കർത്താവു അരുളിച്ചെയ്യുന്നു.

22അങ്ങനെ അന്യഭാഷകൾ വിശ്വാസികൾക്കല്ല, അവിശ്വാസികൾക്കാണ് അടയാളമായിരിക്കുന്നത്. എന്നാൽ പ്രവചനവരമോ അവിശ്വാസികൾക്കല്ല, വിശ്വാസികൾക്കു വേണ്ടിയുള്ളതാണ്. 23അതുകൊണ്ട് സഭ മുഴുവനും സമ്മേളിക്കുകയും എല്ലാവരും അന്യഭാഷകളിൽ സംസാരിക്കുകയും ചെയ്യുമ്പോൾ ആത്മവരമില്ലാത്തവരോ അവിശ്വാസികളോ അകത്തുവന്നാൽ, നിങ്ങൾക്കു ചിത്തഭ്രമം പിടിപെട്ടിരിക്കുന്നുവെന്ന് അവർ പറയുകയില്ലേ? 24എന്നാൽ എല്ലാവരും പ്രവചിച്ചുകൊണ്ടിരിക്കുമ്പോൾ അവിശ്വാസിയോ ആത്മവരമില്ലാത്തവനോ അകത്തുവന്നാൽ അയാൾക്ക് പാപബോധമുണ്ടാകുകയും അയാൾ എല്ലാവരാലും വിവേചിക്കപ്പെടുകയും ചെയ്യും; 25അയാളുടെ ഹൃദയത്തിലെ രഹസ്യങ്ങളും വെളിപ്പെടും; അയാൾ സാഷ്ടാംഗം വീണ്, "ദൈവം വാസ്തവമായി നിങ്ങളുടെ ഇടയിൽ ഉണ്ട്" എന്നു പറഞ്ഞു ദൈവത്തെ ആരാധിക്കും.

ക്രമമുള്ള ആരാധന

26സഹോദരരേ, ആകയാൽ എന്താണു പറ

[a] 21യെശയ്യാവ് 28:11,12

യേണ്ടത്? നിങ്ങൾ കൂടിവരുമ്പോൾ ഓരോരുത്തനു കീർത്തനമുണ്ട്, പ്രബോധനമുണ്ട്, വെളിപ്പാടുണ്ട്, അന്യഭാഷയുണ്ട്, വ്യാഖ്യാനമുണ്ട്. ഇവയെല്ലാം സഭയുടെ ആത്മീയാഭിവൃദ്ധിക്ക് ഉപകരിക്കണം. 27 അന്യഭാഷയിൽ സംസാരിക്കുന്നുവെങ്കിൽ രണ്ടോ, കൂടിയാൽ മൂന്നോ പേർക്കു സംസാരിക്കാം. അവർ ഓരോരുത്തരായി സംസാരിക്കുകയും ഒരാൾ വ്യാഖ്യാനിക്കുകയും വേണം. 28വ്യാഖ്യാനി ഇല്ലാത്തപക്ഷം സംസാരിക്കുന്നയാൾ സഭയിൽ മൗനമായിരുന്ന്, തന്നോടുതന്നേയും ദൈവത്തോടും സംസാരിക്കട്ടെ.

29പ്രവാചകർ രണ്ടോ മൂന്നോ പേർ സംസാരിക്കുകയും, മറ്റുള്ളവർ അവരുടെ വാക്കുകൾ വിവേചിക്കുകയും വേണം. 30ഇരിക്കുന്നവരിൽ ഒരാൾക്ക് ഒരു വെളിപ്പാടുണ്ടാകുന്നുവെങ്കിൽ സംസാരിച്ചുകൊണ്ടിരിക്കുന്നയാൾ നിർത്തണം. 31എല്ലാവർക്കും പ്രബോധനവും പ്രോത്സാഹനവും ലഭിക്കത്തക്കവണ്ണം നിങ്ങൾക്കെല്ലാം ഓരോരുത്തരായി പ്രവചിക്കാവുന്നതാണ്. 32 പ്രവാചകരുടെ ആത്മാക്കൾ പ്രവാചകരുടെ നിയന്ത്രണത്തിന് അധീനമാണ്. 33ദൈവം കലക്കത്തിന്റെ ദൈവമല്ല, സമാധാനത്തിന്റെ ദൈവമാണ്.

വിശുദ്ധരുടെ സകലസഭകളിലും എന്നപോലെ 34സ്ത്രീകൾ സഭകളിൽ നിശ്ശബ്ദരായിരിക്കണം. ന്യായപ്രമാണം പറയുന്നതുപോലെ സംസാരിക്കാൻ അവരെ അനുവദിച്ചിട്ടില്ല; അവർ കീഴ്പ്പെട്ടിരിക്കണം. 35എന്തിനെപ്പറ്റിയെങ്കിലും അറിയുവാൻ അവർ ആഗ്രഹിക്കുന്നുവെങ്കിൽ വീട്ടിൽവച്ചു ഭർത്താക്കന്മാരോട് ചോദിക്കട്ടെ; സ്ത്രീ സഭയിൽ സംസാരിക്കുന്നത് ലജ്ജാകരമത്രേ.

36ദൈവവചനം നിങ്ങളിൽനിന്നാണോ പുറപ്പെട്ടത്? അഥവാ, അതു നിങ്ങളുടെ അടുക്കൽ വരെ മാത്രമോ എത്തിച്ചേർന്നത്? 37ആരെങ്കിലും തന്നെത്തന്നേ ഒരു പ്രവാചകൻ എന്നോ ആത്മീയവരങ്ങൾ ലഭിച്ചവനെന്നോ കരുതുന്നുവെങ്കിൽ, ഞാൻ നിങ്ങൾക്കു എഴുതുന്നത് കർത്താവിന്റെ കല്പനയാണ് എന്ന് അയാൾ മനസ്സിലാക്കിക്കൊള്ളട്ടെ. 38അയാൾ ഇത് അവഗണിക്കുന്നു എങ്കിൽ അയാളും അവഗണിക്കപ്പെടും.[a]

39ആകയാൽ സഹോദരരേ, പ്രവചിക്കുവാൻ വാഞ്ഛിക്കുവിൻ, അന്യഭാഷകളിൽ സംസാരിക്കുന്നതു വിലക്കുകയുമരുത്. 40സകലവും ഉചിതമായും ക്രമമായും ചെയ്യുവിൻ.

ക്രിസ്തുവിന്റെ പുനരുത്ഥാനം

15 സഹോദരരേ, ഞാൻ നിങ്ങളോടു അറിയിച്ചതും നിങ്ങൾ സ്വീകരിച്ചതും നിങ്ങൾ ഉറച്ചുനില്ക്കുന്നതുമായ സുവിശേഷത്തെപ്പറ്റി നിങ്ങളെ ഓർമ്മിപ്പിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. 2ഞാൻ നിങ്ങളോടു അറിയിച്ച വചനം നിങ്ങൾ മുറുകെപ്പിടിക്കുന്നുവെങ്കിൽ, ഈ സുവിശേഷംമുഖേന നിങ്ങൾ രക്ഷിക്കപ്പെടുന്നു. അല്ലാത്തപക്ഷം നിങ്ങൾ വിശ്വസിച്ചതു വ്യർത്ഥമായിത്തീരും.

3ക്രിസ്തു നമ്മുടെ പാപങ്ങൾക്കുവേണ്ടി തിരുവെഴുത്തുകളിൻപ്രകാരം മരിച്ച് 4അടക്കപ്പെട്ടശേഷം മൂന്നാംദിവസം തിരുവെഴുത്തുകളിൻപ്രകാരം ഉയിർപ്പിക്കപ്പെട്ടു എന്നിങ്ങനെ എനിക്കു ലഭിച്ച വചനം ഞാൻ ആദ്യമായി[b] നിങ്ങൾക്ക് ഏല്പിച്ചുതന്നല്ലോ. 5അവിടുന്ന് പത്രൊസിനും അനന്തരം പന്ത്രണ്ടു ശിഷ്യന്മാർക്കും പ്രത്യക്ഷനായി. 6അതിനുശേഷം അവിടുന്ന് അഞ്ഞൂറിലധികം സഹോദരന്മാർക്ക് ഒരേസമയം പ്രത്യക്ഷപ്പെട്ടു, അവരിൽ ചിലർ നിദ്രപ്രാപിച്ചെങ്കിലും അധികംപേരും ഇപ്പോഴും ജീവനോടെയിരിക്കുന്നു. 7പിന്നീട് അവിടുന്ന് യാക്കോബിനും അതിനുശേഷം സകല അപ്പൊസ്തലന്മാർക്കും വെളിപ്പെട്ടു; 8ഏറ്റവുമൊടുവിൽ, അകാലജാതനെപോലെയുള്ള എനിക്കും പ്രത്യക്ഷനായി.

9ഞാൻ അപ്പൊസ്തലന്മാരിൽ ഏറ്റവും ചെറിയവനാണ്. ദൈവസഭയെ പീഡിപ്പിച്ചതുകൊണ്ട് അപ്പൊസ്തലൻ എന്ന പേരിനു യോഗ്യനുമല്ല. 10എന്നാൽ ഞാൻ ആയിരിക്കുന്നതു ദൈവകൃപയാൽ ആകുന്നു. എന്നോടുള്ള അവിടുത്തെ കൃപ നിഷ്ഫലമായില്ല. ഞാൻ അവരെക്കാളെല്ലാം അധികം അധ്വാനിച്ചു. എങ്കിലും ഞാൻ അല്ല, എന്നോടുകൂടെയുള്ള ദൈവകൃപയത്രേ. 11അതുകൊണ്ടു ഞാനാകട്ടെ, അവരാകട്ടെ, ഞങ്ങൾ ഇതത്രേ പ്രസംഗിക്കുന്നത്; നിങ്ങൾ വിശ്വസിച്ചതും ഇതുതന്നേ.

മരിച്ചവരുടെ ഉയിർത്തെഴുന്നേല്പ്

12ക്രിസ്തു മരിച്ചവരിൽനിന്ന് ഉയിർപ്പിക്കപ്പെട്ടു എന്നു പ്രസംഗിച്ചുപോരുന്ന നിലയ്ക്ക് മരിച്ചവർക്കു പുനരുത്ഥാനം ഇല്ല എന്നു നിങ്ങളിൽ ചിലർ പറയുന്നതെങ്ങനെ? 13മരിച്ചവരുടെ പുനരുത്ഥാനം ഇല്ല എങ്കിൽ ക്രിസ്തുവും ഉയിർപ്പിക്കപ്പെട്ടിട്ടില്ല. 14ക്രിസ്തു ഉയിർപ്പിക്കപ്പെട്ടിട്ടില്ല എങ്കിൽ ഞങ്ങളുടെ പ്രസംഗം വ്യർത്ഥം, നിങ്ങളുടെ വിശ്വാസവും വ്യർത്ഥം.

---

[a] 38 ചില കയ്യെഴുത്തുപ്രതികളിൽ, *അയാളിത് അറിയുന്നില്ലെങ്കിൽ അറിവില്ലാത്തവനായി തുടരട്ടെ*

[b] 4 അഥവാ, *ഞാൻ പരമപ്രധാനമായി*

15തന്നേയുമല്ല, ദൈവം ക്രിസ്തുവിനെ മരിച്ചവരിൽനിന്ന് ഉയിർപ്പിച്ചിരിക്കുന്നു എന്നു ദൈവത്തെക്കുറിച്ചു സാക്ഷ്യം പറഞ്ഞിരിക്കുന്ന ഞങ്ങൾ ദൈവത്തിനെതിരേ കള്ള സാക്ഷികൾ എന്നും വരും. എന്തെന്നാൽ, മരിച്ചവർ വാസ്തവത്തിൽ ഉയിർപ്പിക്കപ്പെടുന്നില്ലെങ്കിൽ, ദൈവം ക്രിസ്തുവിനെയും ഉയിർപ്പിച്ചിട്ടില്ല. 16മരിച്ചവർക്കു പുനരുത്ഥാനം ഇല്ലെങ്കിൽ ക്രിസ്തുവിനും പുനരുത്ഥാനം ഉണ്ടായിട്ടില്ല. 17ക്രിസ്തു ഉയിർപ്പിക്കപ്പെട്ടിട്ടില്ല എങ്കിൽ നിങ്ങളുടെ വിശ്വാസം വ്യർത്ഥം; നിങ്ങൾ ഇപ്പോഴും നിങ്ങളുടെ പാപങ്ങളിൽ ഇരിക്കുന്നു. 18ക്രിസ്തുവിൽ നിദ്രപ്രാപിച്ചവരും നശിച്ചുപോയിരിക്കുന്നു. 19ഈ ആയുസ്സിൽമാത്രമേ നമുക്കു ക്രിസ്തുവിൽ പ്രത്യാശയുള്ളുവെങ്കിൽ നാം സകല മനുഷ്യരിലും ദയനീയരത്രേ.

20എന്നാൽ ക്രിസ്തു നിദ്രപ്രാപിച്ചവരിൽനിന്ന് ആദ്യഫലമായി, മരിച്ചവരിൽനിന്ന് ഉയിർപ്പിക്കപ്പെട്ടിരിക്കുന്നു. 21ഒരു മനുഷ്യനിലൂടെ മരണം ഉണ്ടായതുപോലെ, മരിച്ചവരുടെ പുനരുത്ഥാനവും ഒരു മനുഷ്യനിലൂടെ ഉണ്ടായി. 22ആദാമിൽ എല്ലാവരും മരിക്കുന്നതുപോലെ ക്രിസ്തുവിൽ എല്ലാവരും ജീവിപ്പിക്കപ്പെടും. 23എന്നാൽ ഓരോരുത്തരും അവരവരുടെ ക്രമമനുസരിച്ചുതന്നേ: ആദ്യഫലം ക്രിസ്തു; പിന്നെ ക്രിസ്തുവിന്റെ വരവിങ്കൽ അവിടുത്തേക്ക് ഉള്ളവർ; 24അനന്തരം അവസാനം; അപ്പോൾ അവിടുന്നു സകല ഭരണവും അധികാരവും ശക്തിയും നീക്കിക്കളഞ്ഞിട്ട് രാജ്യം പിതാവായ ദൈവത്തെ ഏല്പിക്കും. 25സകല ശത്രുക്കളെയും തന്റെ കാൽക്കീഴിലാക്കുന്നതുവരെ അവിടുന്നു വാഴേണ്ടതാകുന്നു. 26ഒടുവിലായി നശിപ്പിക്കപ്പെടുന്ന ശത്രുവാണു മരണം. 27എന്തെന്നാൽ ദൈവം "സകലവും അവിടുത്തെ കാൽക്കീഴിലാക്കിയിരിക്കുന്നു."[a] "സകലവും" എന്നു പറയുമ്പോൾ എല്ലാം ക്രിസ്തുവിന് അധീനമാക്കിക്കൊടുത്ത ദൈവം ഒഴികെയാണ് എന്നതു സ്പഷ്ടം. 28സമസ്തവും തനിക്കു കീഴ്പ്പെട്ടശേഷം, പുത്രൻ സകലവും തനിക്കു കീഴാക്കിക്കൊടുത്ത ദൈവത്തിനു കീഴ്പ്പെട്ടിരിക്കും; അങ്ങനെ ദൈവം സകലത്തിലും സകലവും ആയിത്തീരും.

29മരിച്ചവരുടെ പുനരുത്ഥാനം ഇല്ലെങ്കിൽ, മരിച്ചവർക്കുവേണ്ടി സ്നാനം ഏല്ക്കുന്നതെന്തിന്? മരിച്ചവർ ഉയിർപ്പിക്കപ്പെടുന്നില്ല എങ്കിൽ അവർക്കുവേണ്ടി സ്നാനം ഏല്ക്കുന്നതിന് എന്താണു പ്രസക്തി? 30ഞങ്ങളും നാഴികതോറും ആപത്തിലാകുന്നതെന്തിന്? 31സഹോദരരേ, നമ്മുടെ കർത്താവായ ക്രിസ്തുയേശുവിൽ എനിക്കു നിങ്ങളെപ്പറ്റിയുള്ള പ്രശംസയുടെ ഉറപ്പിൽ ഞാൻ തീർത്തു പറയട്ടെ, ദിവസേന ഞാൻ മരിക്കയാണ്. 32എഫെസൊസിൽവച്ചു ഞാൻ വന്യമൃഗങ്ങളോടു പോരാടിയതു കേവലം മാനുഷികകാരണങ്ങളാൽ എങ്കിൽ അതുകൊണ്ട് എനിക്കെന്തു നേട്ടം? മരിച്ചവർ ഉയിർക്കുന്നില്ല എങ്കിൽ,

"തിന്നുക, കുടിക്കുക, നാളെ നാം
മരിക്കുമല്ലോ."[b]

33വഞ്ചിക്കപ്പെടരുത്. "ദുഷിച്ച കൂട്ടുകെട്ടു സദ്സ്വഭാവത്തെ ദുഷിപ്പിക്കുന്നു." 34സുബോധമുള്ളവരായിരിപ്പിൻ. പാപം ചെയ്യാതിരിപ്പിൻ. ചിലർക്കു ദൈവത്തെക്കുറിച്ച് അറിവില്ല; ഇതു ഞാൻ നിങ്ങളുടെ ലജ്ജയ്ക്കായി പറയുന്നു.

പുനരുത്ഥാനശരീരം

35"മരിച്ചവർ എങ്ങനെ ഉയിർപ്പിക്കപ്പെടുന്നു? ഏതുതരം ശരീരത്തോടെ അവർ വരുന്നു?" എന്നു ചിലർ ചോദിച്ചേക്കാം. 36ബുദ്ധികെട്ട മനുഷ്യാ, നീ വിതയ്ക്കുന്നതു ചാകുന്നില്ലെങ്കിൽ ജീവിക്കുകയില്ല. 37നീ വിതയ്ക്കുമ്പോൾ ഉണ്ടാവാനിരിക്കുന്ന ശരീരമല്ല പിന്നെയോ ഗോതമ്പിന്റെയോ മറ്റെന്തിന്റെയോ വിത്തു മാത്രമാണു വിതയ്ക്കുന്നത്. 38എന്നാൽ ദൈവം തന്റെ ഹിതപ്രകാരം അതിനൊരു ശരീരവും, ഓരോതരം വിത്തിനും അതതിന്റെ ശരീരവും കൊടുക്കുന്നു. 39എല്ലാ മാംസവും ഒരേ തരത്തിലുള്ളതല്ല. മനുഷ്യരുടെ മാംസം ഒരുതരം, മൃഗങ്ങളുടേതു മറ്റൊരുതരം, പക്ഷികളുടേതു വേറേ, മത്സ്യങ്ങളുടേതു വേറേ; 40സ്വർഗ്ഗീയശരീരങ്ങളും ഭൗമശരീരങ്ങളും ഉണ്ട്. സ്വർഗ്ഗീയശരീരങ്ങളുടെ തേജസ്സ് ഒരു വിധത്തിലുള്ളത്, ഭൗമശരീരങ്ങളുടെ തേജസ്സു മറ്റൊരു വിധത്തിലുള്ളത്. 41സൂര്യന്റെ തേജസ്സ് ഒരു വിധം, ചന്ദ്രന്റേതു മറ്റൊരു വിധം, നക്ഷത്രങ്ങളുടെ തേജസ്സു വേറൊരു വിധം. നക്ഷത്രവും നക്ഷത്രവും തമ്മിൽ തേജസ്സിൽ വ്യത്യാസമുണ്ട്.

42മരിച്ചവരുടെ പുനരുത്ഥാനവും അങ്ങനെതന്നേ. നശ്വരമായ ഒരു ശരീരം വിതയ്ക്കപ്പെടുന്നു, അനശ്വരമായ ഒരു ശരീരം ഉയിർപ്പിക്കപ്പെടുന്നു. 43അപമാനത്തിൽ വിതയ്ക്കപ്പെടുന്നു, തേജസ്സിൽ ഉയിർപ്പിക്കപ്പെടുന്നു; ബലഹീനതയിൽ വിതയ്ക്കപ്പെടുന്നു, ശക്തിയിൽ ഉയിർപ്പിക്കപ്പെടുന്നു. 44ഭൗതികശരീരമാണു വിതയ്ക്കപ്പെടുന്നത്. ഉയിർപ്പിക്കപ്പെടുന്നതോ ആത്മീയശരീരമത്രേ.

ഭൗതികശരീരം ഉണ്ടെങ്കിൽ ആത്മീയശരീരവും ഉണ്ട്. 45"ആദ്യമനുഷ്യനായ ആദാം ജീവനുള്ള ദേഹിയായിത്തീർന്നു"[c] എന്നെഴുതിയിരിക്കുന്നുവല്ലോ; അവസാനത്തെ ആദാം ജീവൻ

[a] 27 സങ്കീർത്തനം 8:6 [b] 32 യെശയ്യാവ് 22:13 [c] 45 ഉല്പത്തി 2:7

നല്കുന്ന ആത്മാവായി. 46ഒന്നാമത്തേത് ആത്മികമല്ല, ഭൗതികമായിരുന്നു. ആത്മികം അതിനുശേഷം വരുന്നു. 47ഒന്നാം മനുഷ്യൻ ഭൂമിയിൽനിന്നുള്ളവൻ; രണ്ടാംമനുഷ്യനോ സ്വർഗ്ഗത്തിൽനിന്നുള്ളവൻ. 48ഭൂമിയിൽനിന്നുള്ളവനെപ്പോലെ ഭൗമികരും സ്വർഗ്ഗത്തിൽനിന്നുള്ളവനെപ്പോലെ സ്വർഗ്ഗീയരും ആകുന്നു. 49നാം ഭൗമികന്റെ സാദൃശ്യം വഹിച്ചതുപോലെ സ്വർഗ്ഗീയന്റെ സാദൃശ്യവും വഹിക്കും.

50സഹോദരരേ, മാംസരക്തങ്ങൾക്കു ദൈവരാജ്യം അവകാശമാക്കുവാൻ സാധ്യമല്ലെന്നു ഞാൻ പറയുന്നു; നശ്വരമായത് അനശ്വരതയെ അവകാശമാക്കുകയില്ല. 51ശ്രദ്ധിക്കുവിൻ, ഞാൻ ഒരു മർമ്മം നിങ്ങളോടു പറയാം. നാം എല്ലാവരും നിദ്രപ്രാപിക്കുകയില്ല. 52എന്നാൽ അന്ത്യകാഹളധ്വനിയിൽ, മിന്നൽവേഗത്തിൽ, കണ്ണിമയ്ക്കുന്നതിനിടയിൽ നാം എല്ലാവരും രൂപാന്തരപ്പെടും. കാഹളം ധ്വനിക്കും; മരിച്ചവർ അക്ഷയരായി ഉയിർപ്പിക്കപ്പെടും; നാം രൂപാന്തരം പ്രാപിക്കുകയും ചെയ്യും. 53ഈ നശ്വരമായത് അനശ്വരതയെയും ഈ മർത്യമായത് അമർത്യതയെയും ധരിക്കേണ്ടതാകുന്നു. 54ഇങ്ങനെ ഈ നശ്വരമായത് അനശ്വരതയെയും ഈ മർത്യമായത് അമർത്യതയെയും ധരിച്ചുകഴിയുമ്പോൾ, "മരണത്തെ വിജയം ഗ്രസിച്ചു" [a] എന്നു എഴുതിയ വചനം നിറവേറും.

55"ഹേ മരണമേ, നിന്റെ ജയം
എവിടെ? ഹേ മരണമേ, നിന്റെ
വിഷമുള്ള് എവിടെ?" [b]

56മരണത്തിന്റെ വിഷമുള്ളു പാപം; പാപത്തിന്റെ ശക്തി ന്യായപ്രമാണം. 57നമ്മുടെ കർത്താവായ യേശുക്രിസ്തുമുഖേന നമുക്കു വിജയം നല്കുന്ന ദൈവത്തിനു സ്തോത്രം!

58അതുകൊണ്ട് എന്റെ പ്രിയസഹോദരരേ, നിങ്ങൾ ഉറച്ചു നില്പിൻ. ഒന്നിനാലും ഇളകിപ്പോകരുത്. കർത്താവിൽ നിങ്ങളുടെ അദ്ധ്വാനം വ്യർത്ഥമല്ല എന്നറിയുന്നതു കൊണ്ടു കർത്താവിന്റെ വേലയിൽ എപ്പോഴും അഭിവൃദ്ധിപ്പെടുവിൻ.

വിശുദ്ധർക്കുവേണ്ടിയുള്ള
ധനശേഖരം

16 വിശുദ്ധർക്കുവേണ്ടിയുള്ള ധനശേഖരത്തെപ്പറ്റി, ഗലാത്യസഭകളോടു ഞാൻ നിർദ്ദേശിച്ചതുതന്നേ നിങ്ങളും ചെയ്യുവിൻ. 2ആഴ്ചയുടെ ഒന്നാംദിവസം നിങ്ങളിൽ ഓരോരുത്തരും തങ്ങളുടെ വരുമാനം അനുസരിച്ച് ഒരു തുക മാറ്റിസൂക്ഷിക്കണം. എങ്കിൽ ഞാൻ വന്നതിനുശേഷം ധനശേഖരം നടത്തേണ്ടിവരികയില്ലല്ലോ. 3ഞാൻ വന്നശേഷം നിങ്ങളുടെ ദാനം യെരൂശലേമിലേക്ക് കൊണ്ടുപോകുവാൻ നിങ്ങൾക്കു സമ്മതമുള്ളവരെ കത്തുമായി അയയ്ക്കാം. 4ഞാനും പോകുന്നതു നല്ലതെന്നു തോന്നിയാൽ അവർക്ക് എന്നോടുകൂടെ പോരാം.

വ്യക്തിപരമായ
അപേക്ഷകൾ

5ഞാൻ മാസിഡോണിയായിൽകൂടി കടന്നു നിങ്ങളുടെ അടുത്തെത്തും; അതുവഴിയാണു ഞാൻ വരുന്നത്. 6ഒരുപക്ഷേ ഞാൻ കുറച്ചുകാലം നിങ്ങളോടുകൂടെ താമസിക്കും. ശൈത്യകാലം മുഴുവൻ അവിടെ ചെലവഴിച്ചെന്നും വരാം. അപ്പോൾ എന്റെ തുടർന്നുള്ള യാത്രയ്ക്കു വേണ്ടുന്ന സഹായം ചെയ്തുതരാൻ നിങ്ങൾക്കു കഴിയുമല്ലോ. 7യാത്രാമധ്യേ വേഗം നിങ്ങളെ കണ്ടിട്ടു മടങ്ങുവാനല്ല ഇപ്പോൾ ഞാൻ ആഗ്രഹിക്കുന്നത്. കർത്താവ് അനുവദിച്ചാൽ കുറച്ചുകാലം നിങ്ങളോടൊപ്പം പാർക്കുവാൻ ഞാൻ ആശിക്കുന്നു. 8എന്നാൽ പെന്തക്കോസ്തുവരെ ഞാൻ എഫെസൊസിൽ താമസിക്കും. 9കാരണം, ഫലപ്രദമായ വേലയ്ക്കു വേണ്ടി വലിയോരു വാതിൽ എനിക്കു തുറന്നുകിട്ടിയിരിക്കുന്നു; എന്നെ എതിർക്കുന്നവരും പലരുണ്ട്.

10തിമൊഥെയൊസ് വന്നാൽ, അവൻ നിങ്ങളോടുകൂടെ നിർഭയനായി വസിക്കുവാൻ നിങ്ങൾ ശ്രദ്ധിക്കണം. അവനും എന്നെപ്പോലെതന്നേ കർത്താവിന്റെ വേല ചെയ്യുന്നുവല്ലോ. 11ആരും അവനെ അനാദരിക്കരുത്. എന്റെ അടുക്കൽ മടങ്ങിയെത്തേണ്ടതിന് അവനെ സമാധാനത്തോടെ യാത്ര അയയ്ക്കണം. ഞാനും സഹോദരന്മാരും അയാളെ കാത്തിരിക്കുകയാണ്.

12നമ്മുടെ സഹോദരനായ അപ്പൊല്ലോസിന്റെ കാര്യമോ, മറ്റു സഹോദരരോടുകൂടെ നിങ്ങളുടെ അടുത്തേക്കു വരുവാൻ ഞാൻ അവനെ നിർബ്ബന്ധിച്ചു. ഉടനേ വരാൻ അവനു തീരെ താല്പര്യമില്ലായിരുന്നു. എങ്കിലും അവസരം ലഭിക്കുമ്പോൾ അവൻ വരും.

13ജാഗ്രതയോടിരിപ്പിൻ, വിശ്വാസത്തിൽ ഉറച്ചുനില്പിൻ, ധീരത കാണിക്കുവിൻ, ശക്തിപ്പെടുവിൻ. 14നിങ്ങൾ ചെയ്യുന്നതെല്ലാം സ്നേഹത്തിൽ ചെയ്യുവിൻ.

15സഹോദരരേ, അഖായയിൽ ആദ്യഫലമായതു സ്തെഫാനാസിന്റെ കുടുംബമാണെന്നു നിങ്ങൾക്ക് അറിയാമല്ലോ. വിശുദ്ധരുടെ ശുശ്രൂഷയ്ക്കായി അവർ തങ്ങളെത്തന്നേ സമർപ്പിച്ചിരിക്കുകയാണ്. 16അങ്ങനെയുള്ളവർക്കും ഈ

[a] 54 യെശയ്യാവ് 25:8 [b] 55 ഹോശേയാ 13:14

ശുശ്രൂഷയിൽ അവരോടൊപ്പം അധ്വാനിക്കുന്നവർക്കും നിങ്ങൾ വിധേയരായിരിക്കണമെന്നു ഞാൻ നിങ്ങളെ നിർബ്ബന്ധിക്കുന്നു. 17സ്തെഫാനാസും ഫൊർത്തുനാതൊസും അഖായിക്കോസും വന്നതിൽ ഞാൻ സന്തോഷിക്കുന്നു. എന്തെന്നാൽ നിങ്ങളുടെ കുറവ് അവർ നികത്തി. 18അവർ എന്റെയും നിങ്ങളുടെയും ആത്മാവിനു കുളിർമ്മ നല്കിയിരിക്കുന്നു. ഇങ്ങനെയുള്ളവരെ അംഗീകരിക്കുവിൻ.

അഭിവാദനം

19ആസ്യയിലെ സഭകൾ നിങ്ങളെ അഭിവാദനം ചെയ്യുന്നു. അകിലാസും പ്രിസ്ക്കില്ലയും അവരുടെ ഭവനത്തിൽ കൂടിവരുന്ന സഭയും കർത്താവിൽ നിങ്ങളെ ഹൃദയപൂർവ്വം വന്ദനം ചെയ്യുന്നു. 20ഇവിടെയുള്ള എല്ലാ സഹോദരരും അഭിവാദനങ്ങൾ അയയ്ക്കുന്നു. വിശുദ്ധചുംബനത്താൽ അന്യോന്യം വന്ദനം ചെയ്യുവിൻ.

21പൗലൊസ് എന്ന ഞാൻ സ്വന്തകൈയാൽ ഈ വന്ദനം എഴുതുന്നു.

22കർത്താവിനെ സ്നേഹിക്കാത്ത ഏവനും ശാപഗ്രസ്തൻ, കർത്താവേ, വരണമേ.

23കർത്താവായ യേശുവിന്റെ കൃപ നിങ്ങളോടുകൂടെ ഉണ്ടായിരിക്കട്ടെ.

24നിങ്ങൾക്ക് എല്ലാവർക്കും ക്രിസ്തുയേശുവിൽ എന്റെ സ്നേഹം, ആമേൻ.

2 കൊരിന്ത്യർ

1 ദൈവേഷ്ടത്താൽ ക്രിസ്തുയേശുവിന്റെ
അപ്പൊസ്തലനായ പൗലൊസും സഹോ
ദരനായ തിമൊഥെയോസും,

കൊരിന്തിലുള്ള ദൈവസഭയ്ക്കും അഖാ
യയിൽ എല്ലായിടത്തുമുള്ള സകലവിശുദ്ധർക്കും
എഴുതുന്നത്:

2നമ്മുടെ പിതാവായ ദൈവത്തിൽനിന്നും
കർത്താവായ യേശുക്രിസ്തുവിൽനിന്നും നിങ്ങൾ
ക്കു കൃപയും സമാധാനവും ഉണ്ടാകട്ടെ.

സകല ആശ്വാസത്തിന്റെയും ദൈവം

3മനസ്സലിവുള്ള പിതാവും സർവ്വ ആശ്വാ
സത്തിന്റെയും ദൈവവുമായി നമ്മുടെ കർത്താ
വായ യേശുക്രിസ്തുവിന്റെ പിതാവായ ദൈവം
വാഴ്ത്തപ്പെട്ടവൻ! 4ഞങ്ങളുടെ സകല
കഷ്ടതകളിലും അവിടുന്നു ഞങ്ങളെ ആശ്വസി
പ്പിക്കുന്നു; അങ്ങനെ ദൈവത്തിൽനിന്നു ലഭിച്ചി
രിക്കുന്ന ആശ്വാസത്താൽ, ഏതു കഷ്ടതയി
ലും ആയിരിക്കുന്നവരെ സഹായിപ്പാൻ ഞങ്ങൾ
പ്രാപ്തരായിരിക്കുന്നു. 5ക്രിസ്തുവിന്റെ
കഷ്ടതകൾ ഞങ്ങളിൽ വർദ്ധി
ക്കുന്നതുപോലെതന്നേ ക്രിസ്തുവിലൂടെ ലഭി
ക്കുന്ന ആശ്വാസത്തിലും ഞങ്ങൾ സമൃദ്ധിയു
ള്ളവരായിത്തീരുന്നു. 6ഞങ്ങൾ ഉപദ്രവം സഹി
ക്കുന്നുവെങ്കിൽ അതു നിങ്ങളുടെ ആശ്വാ
സത്തിനും രക്ഷയ്ക്കും വേണ്ടിയാണ്; ഞങ്ങൾ
ക്ക് ആശ്വാസം ലഭിക്കുന്നുവെങ്കിൽ അതും നി
ങ്ങളുടെ ആശ്വാസത്തിനുവേണ്ടിത്തന്നേ. തൽ
ഫലമായി, ഞങ്ങൾ സഹിക്കുന്ന അതേ
കഷ്ടതകൾ ക്ഷമയോടെ സഹിക്കുവാനുള്ള
പ്രാപ്തി നിങ്ങൾക്കും ലഭിക്കുന്നു. 7ഞങ്ങളുടെ
കഷ്ടതകളിലെന്നപോലെ ആശ്വാസത്തിലും
നിങ്ങൾ പങ്കാളികളാകുന്നുവെന്ന് അറി
യുന്നതുകൊണ്ടു നിങ്ങൾക്കുവേണ്ടിയുള്ള
ഞങ്ങളുടെ പ്രത്യാശ ഉറപ്പുള്ളതുതന്നേ.

8സഹോദരരേ, ആസ്യയിൽ ഞങ്ങൾ സഹിച്ച
ഉപദ്രവങ്ങളെക്കുറിച്ചു നിങ്ങൾ അറിയാതിരി
ക്കരുതെന്നു ഞങ്ങൾ ആഗ്രഹിക്കുന്നു. ജീവ
നോടിരിക്കുമോ എന്നു നിരാശപ്പെടുമാറ്
ഞങ്ങളുടെ കഴിവിനപ്പുറമായി ഞങ്ങൾ ഭാര
പ്പെട്ടിരുന്നു. 9മരണത്തിനു വിധിക്കപ്പെട്ടിരി
ക്കുന്നതായിത്തന്നേ ഞങ്ങൾക്കു തോന്നി.
എന്നാൽ ഞങ്ങളിലല്ല, മരിച്ചവരെ ഉയിർപ്പി
ക്കുന്ന ദൈവത്തിൽതന്നേ ഞങ്ങൾ ആ
ശ്രയിക്കേണ്ടതിനാണ് ഇതു സംഭവിച്ചത്.
10ഇത്രവലിയ മരണ വിപത്തിൽനിന്ന് അവി
ടുന്ന് ഞങ്ങളെ വിടുവിച്ചു; മേലിലും വിടുവിക്കും.
ഞങ്ങൾ പ്രത്യാശ വച്ചിരിക്കുന്ന ദൈവം ഭാവി
യിലും ഞങ്ങളെ വിടുവിക്കുന്നവൻതന്നേ;
11പ്രാർത്ഥനയാൽ നിങ്ങളും ഞങ്ങൾക്കു തുണ
നല്കുന്നുവല്ലോ. അനേകം പേരുടെ
പ്രാർത്ഥനയ്ക്ക് ഉത്തരമായി ദൈവം ഞങ്ങളെ
കൃപയോടെ സഹായിച്ചിരിക്കുന്നു. അതുനി
മിത്തം അവരെല്ലാം ഞങ്ങൾക്കുവേണ്ടി [a]അവി
ടുത്തേക്കു സ്തോത്രം ചെയ്യുവാൻ ഇടയാകും.

പൗലൊസിന്റെ
പരിപാടികളിൽ മാറ്റം

12ഞങ്ങൾ ലോകത്തിൽ ജീവിച്ചതും
വിശേഷാൽ നിങ്ങളോട് ഇടപെട്ടതും
ദൈവത്തിൽനിന്നുള്ള വിശുദ്ധിയോടും
ആത്മാർത്ഥതയോടുംകൂടെ ആയിരുന്നുവെന്നു
ഞങ്ങളുടെ മനസ്സാക്ഷി സാക്ഷ്യം പറയുന്നു:
ഇതിൽ ഞങ്ങൾ അഭിമാനിക്കുന്നു. ലൗകി
കമായ ജ്ഞാനത്താലല്ല, ദൈവകൃപയാലത്രേ
ഞങ്ങൾക്ക് അതു സാധ്യമായിത്തീർന്നത്. 13നി
ങ്ങൾക്കു വായിക്കാനോ ഗ്രഹിക്കാനോ കഴി
യാത്തതൊന്നും ഞങ്ങൾ നിങ്ങൾക്ക് എഴുതുന്നി
ല്ല. 14കർത്താവായ യേശുക്രിസ്തുവിന്റെ നാ
ളിൽ ഞങ്ങൾ നിങ്ങളെക്കുറിച്ച് അഭിമാനിക്കു
വാൻ ഇടയാകുന്നതുപോലെ നിങ്ങൾ ഞങ്ങ
ളെക്കുറിച്ചും അഭിമാനിക്കുവാൻ ഇടയാകും.
ഞങ്ങളെക്കുറിച്ചു ഭാഗികമായി മനസ്സിലാക്കി
യിട്ടുള്ള നിങ്ങൾ ഇതു പൂർണ്ണമായി മനസ്സിലാ
ക്കുമെന്നാണ് എന്റെ പ്രത്യാശ.

15ഈ വിശ്വാസം ഉണ്ടായിരുന്നതുകൊണ്ടാ
ണു ഞാൻ മുമ്പുതന്നേ നിങ്ങളെ സന്ദർശിക്കണ
മെന്നും ഇപ്പോൾ നിങ്ങൾക്കു രണ്ടാമതും പ്രയോ

[a] 11 പല കയ്യെഴുത്തുപ്രതികളിലും, *നിങ്ങൾക്കുവേണ്ടി*

ജനം ഉണ്ടാകണമെന്നും ഉദ്ദേശിച്ചത്. 16മാസിഡോണിയയിലേക്കു പോകുമ്പോൾ നിങ്ങളെ സന്ദർശിക്കണമെന്നും അവിടെ നിന്നുള്ള മടക്കയാത്രയിൽ വീണ്ടും നിങ്ങളുടെ അടുക്കൽ എത്തി നിങ്ങളാൽ യഹൂദ്യയിലേക്കു യാത്രയാക്കപ്പെടണമെന്നും ആയിരുന്നു എന്റെ തീരുമാനം. 17ചാഞ്ചല്യത്തോടെയാണോ ഞാൻ ഈ തീരുമാനം എടുത്തത്? "ഉവ്വ്, ഉവ്വ്" എന്നും "ഇല്ല, ഇല്ല" എന്നും ഒരേ സമയം പറയത്തക്കവണ്ണം കേവലം മാനുഷികരീതിയിലോ, ഞാൻ കാര്യങ്ങൾ ക്രമീകരിക്കുന്നത്?

18നിങ്ങളോടുള്ള ഞങ്ങളുടെ വാക്ക് ഒരേ സമയം "ഉവ്വ്" എന്നും "ഇല്ല" എന്നും ആയിരുന്നില്ല എന്നു ദൈവത്തിന്റെ വിശ്വസ്തതയെച്ചൊല്ലി ഞാൻ പറയുന്നു. 19ഞാനും സിൽവാനോസും [a] തിമൊഥെയോസും നിങ്ങളുടെ ഇടയിൽ പ്രസംഗിച്ച ദൈവപുത്രനായ യേശുക്രിസ്തു "ഉവ്വ്" എന്നും "ഇല്ല" എന്നും ആയിരുന്നില്ല; തന്നിൽ എല്ലായ്പ്പോഴും "ഉവ്വ്" മാത്രമേ ഉണ്ടായിരുന്നിട്ടുള്ളൂ. 20ദൈവത്തിന്റെ വാഗ്ദാനങ്ങൾ എത്ര ഉണ്ടായിരുന്നാലും അവയെല്ലാം ക്രിസ്തുവിൽ "ഉവ്വ്" എന്നുതന്നേ. അതുകൊണ്ടത്രേ ഞങ്ങൾ ദൈവമഹത്ത്വത്തിനായി ക്രിസ്തുവിലൂടെ "ആമേൻ" പറയുന്നത്. 21ഞങ്ങളെയും നിങ്ങളെയും ക്രിസ്തുവിൽ ഉറപ്പിച്ചു നിറുത്തുന്നവനും നമ്മെ അഭിഷേകം ചെയ്തവനും ദൈവംതന്നേ. 22അവിടുന്ന് നമ്മുടെമേൽ തന്റെ മുദ്ര പതിക്കുകയും, അച്ചാരമായി തന്റെ ആത്മാവിനെ നമ്മുടെ ഹൃദയങ്ങളിൽ പകരുകയും ചെയ്തിരിക്കുന്നു.

23നിങ്ങളുടെ നന്മ കരുതിയാണു ഞാൻ കൊരിന്തിലേയ്ക്കു വരാതിരുന്നത്. അതിനു ദൈവം സാക്ഷി. 24നിങ്ങളുടെ വിശ്വാസത്തിന്മേൽ ഞങ്ങൾ ആധിപത്യം ചെലുത്തുന്നില്ല. നിങ്ങൾ വിശ്വാസത്തിൽ ഉറച്ചു നില്ക്കുന്നവരാകയാൽ നിങ്ങളുടെ സന്തോഷത്തിനായി ഞങ്ങൾ നിങ്ങളോടൊത്തു പ്രവർത്തിക്കുകയാണു ചെയ്യുന്നത്.

2 വേദനയുളവാക്കുന്ന മറ്റൊരു സന്ദർശനത്തിനായി നിങ്ങളുടെ അടുക്കൽ വരരുതെന്നു ഞാൻ തീരുമാനിച്ചു. 2ഞാൻ നിങ്ങളെ വേദനിപ്പിച്ചാൽ, ഞാൻ വേദനിപ്പിച്ച നിങ്ങൾ തന്നെയല്ലാതെ എന്നെ ആശ്വസിപ്പിക്കാൻ മറ്റാരാണുള്ളത്? 3എന്നെ സന്തോഷിപ്പിക്കേണ്ടവർനിമിത്തം ഞാൻ ദുഃഖിതനായിത്തീരാതിരിക്കേണ്ടതിനാണ് ഞാൻ അപ്രകാരം നിങ്ങൾക്കെഴുതിയത്. എന്റെ സന്തോഷം നിങ്ങളുടെയെല്ലാം സന്തോഷം തന്നേയെന്ന് എനിക്കുറപ്പുണ്ട്. 4മഹാദുഃഖത്തോടും ഹൃദയവ്യഥയോടും വളരെ കണ്ണുനീരോടും കൂടെയാണു ഞാൻ നിങ്ങൾക്ക് എഴുതിയത്. അതു നിങ്ങളെ ദുഃഖിപ്പിക്കുവാനല്ല, എനിക്കു നിങ്ങളോടുള്ള സ്നേഹം എത്ര ആഴമേറിയത് എന്നു നിങ്ങൾ ഗ്രഹിക്കേണ്ടതിനാണ്.

കുറ്റം ചെയ്തവനു മാപ്പ്

5ഒരുവൻ എന്നെ ദുഃഖിപ്പിച്ചുവെങ്കിൽ അവൻ എന്നെയല്ല, അതിശയോക്തികൂടാതെ പറഞ്ഞാൽ, ഒരളവുവരെ നിങ്ങളെ എല്ലാവരെയുമാണു ദുഃഖിപ്പിച്ചിരിക്കുന്നത്. 6ഭൂരിപക്ഷംപേർ അവനു നല്കിക്കഴിഞ്ഞ ശിക്ഷ ധാരാളം മതി. 7ഇനി, അവൻ അതിരറ്റ ദുഃഖത്തിൽ ആണ്ടുപോകാതിരിക്കേണ്ടതിനു നിങ്ങൾ അവനോടു ക്ഷമിക്കുകയും അവനെ ആശ്വസിപ്പിക്കുകയുമാണു വേണ്ടത്. 8ആകയാൽ അവനോടുള്ള സ്നേഹം നിങ്ങൾ ഉറപ്പിച്ചുകൊടുക്കണമെന്നു ഞാൻ താല്പര്യപ്പെടുന്നു. 9ഞാൻ നിങ്ങൾക്ക് എഴുതിയതുതന്നേ, നിങ്ങൾ എല്ലാറ്റിലും അനുസരണം പാലിക്കുമോ എന്നു പരീക്ഷിക്കേണ്ടതിനായിരുന്നു. 10നിങ്ങൾ ക്ഷമിക്കുന്നവനോടു ഞാനും ക്ഷമിക്കുന്നു. ഞാൻ വല്ലതും ക്ഷമിച്ചിട്ടുണ്ടെങ്കിൽ, ക്രിസ്തുവിന്റെ സന്നിധിയിൽ നിങ്ങൾക്കുവേണ്ടിയാണ് ക്ഷമിച്ചിരിക്കുന്നത്. 11സാത്താൻ നമ്മെ തോല്പിക്കരുത്; നാം അവന്റെ തന്ത്രങ്ങൾ അറിയാത്തവരല്ലല്ലോ?

പുതിയ ഉടമ്പടിയുടെ ശുശ്രൂഷകർ

12ക്രിസ്തുവിന്റെ സുവിശേഷം അറിയിക്കുവാൻ ഞാൻ ത്രോവാസിൽ എത്തിയപ്പോൾ കർത്താവ് എനിക്ക് ഒരു വാതിൽ തുറന്നു തന്നു. 13എന്നാൽ, എന്റെ സഹോദരനായ തീത്തോസിനെ അവിടെ കാണാഞ്ഞതുകൊണ്ട് എനിക്ക് ഉള്ളിൽ സ്വസ്ഥതയുണ്ടായില്ല. അതു കൊണ്ട് ഞാൻ അവരോടു യാത്ര പറഞ്ഞ് മാസിഡോണിയയിലേക്കു പോയി.

14ക്രിസ്തുവിൽ ഞങ്ങളെ എല്ലായ്പോഴും ജയോത്സവമായി നടത്തുകയും ഞങ്ങളിലൂടെ തന്നെക്കുറിച്ചുള്ള പരിജ്ഞാനത്തിന്റെ പരിമളം എല്ലായിടത്തും പരത്തുകയും ചെയ്യുന്ന ദൈവത്തിനു സ്തോത്രം. 15രക്ഷിക്കപ്പെടുന്നവരുടെയും നശിക്കുന്നവരുടെയും ഇടയിൽ ഞങ്ങൾ ദൈവത്തിനു ക്രിസ്തു യേശുവിന്റെ പരിമളം ആകുന്നു. 16നശിച്ചുപോകുന്നവർക്കു മരണത്തിൽനിന്നു മരണത്തിലേക്കുള്ള ഗന്ധം: രക്ഷിക്കപ്പെടുന്നവർക്കോ ജീവനിൽനിന്നു ജീവനിലേക്കുള്ള സൗരഭ്യം. എന്നാൽ ഇതിന് ആരാണ് പ്രാപ്തൻ? 17പലരും ചെയ്യുന്നതു പോലെ ഞങ്ങൾ ദൈവവചനത്തെ ഒരു വാണിഭമാ

[a] 19 *ശീലാസ്* എന്നതിന്റെ മറ്റൊരു രൂപം

ക്കുന്നില്ല; മറിച്ച് ദൈവത്താൽ അയയ്ക്കപ്പെട്ടവർ എന്ന നിലയ്ക്ക് ഞങ്ങൾ ദൈവസന്നിധിയിൽ ആത്മാർത്ഥതയോടെ ക്രിസ്തുവിൽ സംസാരിക്കുന്നു.

3 ഞങ്ങൾ വീണ്ടും ഞങ്ങൾക്കായിത്തന്നേ ശുപാർശ നടത്തുകയോ? മറ്റുചിലർ ചെയ്യുന്നതുപോലെ നിങ്ങളിൽനിന്നു ശുപാർശക്കത്തുകൾ വാങ്ങുവാനോ, നിങ്ങൾക്കു ശുപാർശക്കത്തുകൾ നല്കുവാനോ ഞങ്ങൾക്ക് എന്താണാവശ്യം? 2നിങ്ങൾതന്നേയാണ് ഞങ്ങളുടെ കത്ത്; അതു നിങ്ങളുടെ ഹൃദയത്തിന്മേൽ എഴുതിയിട്ടുള്ളതും എല്ലാവരും അറിയുകയും വായിക്കുകയും ചെയ്യുന്നതുമത്രേ. 3ഞങ്ങളുടെ ശുശ്രൂഷയാൽ ഉണ്ടായ "ക്രിസ്തുവിന്റെ കത്ത്" ആയി നിങ്ങൾ വെളിപ്പെടുന്നു. അത് എഴുതിയിരിക്കുന്നതു മഷികൊണ്ടല്ല ജീവനുള്ള ദൈവത്തിന്റെ ആത്മാവിനാലാണ്; കല്പലകകളിൽ അല്ല, മനുഷ്യഹൃദയങ്ങളെന്ന പലകകളിന്മേൽ അത്രേ.

4ഈ വിധത്തിലുള്ള ഉറപ്പ് ഞങ്ങൾക്കു ക്രിസ്തു മുഖാന്തരം ദൈവസന്നിധിയിൽ ഉണ്ട്. 5ഞങ്ങളിൽ എന്തെങ്കിലും മേന്മയുള്ളതായി അവകാശപ്പെടാൻ ഞങ്ങൾക്കു യോഗ്യതയില്ല; ഞങ്ങളുടെ യോഗ്യത ദൈവത്തിൽനിന്നു വരുന്നു. 6അവിടുന്ന് ഞങ്ങളെ പുതിയ ഉടമ്പടിയുടെ ശുശ്രൂഷകരായിരിക്കുവാൻ പ്രാപ്തരാക്കി. അക്ഷരത്തിന്റെയല്ല, ആത്മാവിന്റെ തന്നേ ശുശ്രൂഷക്കാർ. അക്ഷരം കൊല്ലുന്നു, ആത്മാവോ ജീവിപ്പിക്കുന്നു.

പുതിയ ഉടമ്പടിയുടെ തേജസ്സ്

7കല്ലിൽ അക്ഷരമായി കൊത്തിയ മരണത്തിന്റെ ശുശ്രൂഷ തേജസ്സോടെയാണു വെളിപ്പെട്ടത്. അതിന്റെ തേജസ്സ് മാഞ്ഞുപോകുന്നതായിരുന്നിട്ടും, മോശെയുടെ മുഖത്തേക്കു നോക്കുവാൻ യിസ്രായേല്യർക്കു സാധ്യമല്ലായിരുന്നു. 8അങ്ങനെയെങ്കിൽ ആത്മാവിന്റെ ശുശ്രൂഷ അധികം തേജസ്സുള്ളതായിരിക്കയില്ലേ? 9ശിക്ഷാവിധിയുടെ ശുശ്രൂഷ തേജോമയമെങ്കിൽ നീതിയുടെ ശുശ്രൂഷ അധികം തേജസ്സുള്ളതാകയില്ലേ? 10ഒരിക്കൽ തേജസ്സുണ്ടായിരുന്നത്, അതിമഹത്തായ ഇപ്പോഴത്തെ തേജസ്സുമൂലം തേജസ്സില്ലാത്തതായിത്തീർന്നിരിക്കുന്നു. 11മാഞ്ഞുപോകുന്നത് തേജസ്സോടെ വന്നു എങ്കിൽ നിലനില്ക്കുന്നത് എത്രയധികം തേജസ്സുള്ളതായിരിക്കും!

12ഇങ്ങനെയൊരു പ്രത്യാശയുള്ളതുകൊണ്ടു നാം വളരെ ധൈര്യശാലികളായിരിക്കുന്നു. 13മാഞ്ഞുപോയ്ക്കൊണ്ടിരുന്ന മുഖതേജസ്സ് യിസ്രായേല്യർ കാണാതിരിക്കുവാൻ മോശെ തന്റെ മുഖം മൂടുപടംകൊണ്ടു മറച്ചു; നമ്മുടെ സ്ഥിതി അങ്ങനെയല്ല. 14എന്നാൽ യിസ്രായേല്യരുടെ മനസ്സ് കഠിനമായിപ്പോയിരുന്നു. പഴയ ഉടമ്പടി വായിക്കുമ്പോഴൊക്കെയും അതേ മൂടുപടം ഇന്നും മാറാതെ ശേഷിക്കുന്നു. അതു ക്രിസ്തുവിൽ മാത്രമാണ് നീങ്ങിപ്പോകുന്നത്. 15ഇന്നുവരെയും മോശെയുടെ പുസ്തകം വായിക്കുമ്പോൾ ഒരു മൂടുപടം അവരുടെ ഹൃദയങ്ങളിൽ ശേഷിക്കുന്നു. 16എന്നാൽ ഒരുവൻ കർത്താവിങ്കലേക്കു തിരിയുമ്പോൾ മൂടുപടം നീങ്ങിപ്പോകുന്നു. 17കർത്താവ് ആത്മാവാകുന്നു, കർത്താവിന്റെ ആത്മാവുള്ളേടത്ത് സ്വാതന്ത്ര്യം ഉണ്ട്. 18മൂടുപടം നീങ്ങിയ മുഖത്തു കർത്താവിന്റെ തേജസ്സിനെ പ്രതിഫലിപ്പിക്കുന്നവരായ നാം ആത്മാവായ കർത്താവിൽ നിന്നുള്ള തേജസ്സിന്മേൽ തേജസ്സു പ്രാപിച്ചു അവിടുത്തെ സാദൃശ്യത്തിലേക്കു രൂപാന്തരം പ്രാപിച്ചുകൊണ്ടിരിക്കുന്നു.

നിക്ഷേപം മൺപാത്രങ്ങളിൽ

4 ദൈവത്തിന്റെ കരുണയാൽ ഞങ്ങൾക്ക് ഈ ശുശ്രൂഷ ലഭിച്ചിരിക്കുന്നതുകൊണ്ടു ഞങ്ങൾ അധൈര്യപ്പെടുന്നില്ല. 2തന്നേയുമല്ല, ലജ്ജാകരമായ രഹസ്യങ്ങളെ ഞങ്ങൾ പരിത്യജിക്കുന്നു. ചതിവു പ്രയോഗിക്കുകയോ ദൈവത്തിന്റെ വചനം കോട്ടിക്കളയുകയോ ചെയ്യാതെ സത്യം വെളിപ്പെടുത്തിക്കൊണ്ടു ഞങ്ങൾ ഞങ്ങളെത്തന്നേ ദൈവസന്നിധിയിൽ എല്ലാവരുടെയും മനസ്സാക്ഷിക്കു സ്വീകാര്യരായി സമർപ്പിക്കുന്നു. 3ഞങ്ങളുടെ സുവിശേഷം മൂടുപടത്താൽ മറഞ്ഞിരിക്കുന്നുവെങ്കിൽ അതു നശിച്ചുകൊണ്ടിരിക്കുന്നവർക്കു മാത്രമാണ്. 4ദൈവപ്രതിരൂപമായ ക്രിസ്തുവിന്റെ തേജസ്സുള്ള സുവിശേഷത്തിന്റെ വെളിച്ചം തങ്ങളുടെമേൽ പ്രകാശിക്കാതിരിക്കത്തക്കവണ്ണം ഈ ലോകത്തിന്റെ ദൈവം അവിശ്വാസികളുടെ മനസ്സ് അന്ധമാക്കിയിരിക്കുന്നു. 5ഞങ്ങൾ ഞങ്ങളെക്കുറിച്ചല്ല, യേശുക്രിസ്തുവിനെക്കുറിച്ച് അവിടുന്ന് കർത്താവ് എന്നും ഞങ്ങൾ യേശുനിമിത്തം നിങ്ങളുടെ ദാസരെന്നും പ്രസംഗിക്കുന്നു. 6"ഇരുളിൽനിന്നു വെളിച്ചം പ്രകാശിക്കട്ടെ" [a]എന്നു കല്പിച്ച ദൈവം, ക്രിസ്തുവിന്റെ മുഖത്തുള്ള ദൈവതേജസ്സിന്റെ പരിജ്ഞാനമാകുന്ന പ്രകാശം ഞങ്ങളുടെ ഹൃദയങ്ങളിൽ പ്രകാശിപ്പിച്ചിരിക്കുന്നു.

7എന്നാൽ സർവ്വോന്നതമായ ഈ ശക്തി ഞങ്ങളിൽനിന്നുള്ളതല്ല, ദൈവത്തിൽനിന്നുതന്നേ ഉള്ളതാണെന്നു വെളിപ്പെടേണ്ടതിന്, ഈ നിക്ഷേപം മൺപാത്രങ്ങളിലാണു ഞങ്ങൾക്കു ലഭിച്ചിരിക്കുന്നത്. 8ഞങ്ങൾ എല്ലാ വശത്തു

[a] 6 ഉല്പത്തി 1:3

നിന്നും ഞെരുക്കം അനുഭവിക്കുന്നുണ്ട്. എങ്കിലും തകർന്നുപോകുന്നില്ല; ആശങ്കാകുലർ എങ്കിലും നിരാശപ്പെടുന്നില്ല; 9പീഡിതർ എങ്കിലും ഉപേക്ഷിക്കപ്പെടുന്നില്ല; അടിയേറ്റു വീഴുന്നുണ്ട്, എങ്കിലും നശിച്ചുപോകുന്നില്ല. 10യേശുവിന്റെ ജീവൻ ഞങ്ങളുടെ ശരീരങ്ങളിൽ വെളിപ്പെടുവാൻ ഞങ്ങൾ എല്ലായ്പ്പോഴും യേശുവിന്റെ മരണം ഞങ്ങളുടെ ശരീരങ്ങളിൽ വഹിക്കുന്നു. 11ഞങ്ങളുടെ മർത്യശരീരങ്ങളിൽ യേശുവിന്റെ ജീവൻ വെളിപ്പെടേണ്ടതിന്, ജീവനോടിരിക്കുമ്പോൾത്തന്നേ ഞങ്ങൾ യേശുനിമിത്തം എപ്പോഴും മരണത്തിന് ഏല്പിക്കപ്പെടുന്നു. 12അങ്ങനെ ഞങ്ങളിൽ മരണവും നിങ്ങളിൽ ജീവനും വ്യാപരിക്കുന്നു.

13"ഞാൻ വിശ്വസിച്ചു; അതുകൊണ്ട് ഞാൻ സംസാരിച്ചു"[a] എന്ന് എഴുതിയിരിക്കുന്നു; വിശ്വാസത്തിന്റെ അതേ ആത്മാവിനാൽ ഞങ്ങളും വിശ്വസിക്കുകയും സംസാരിക്കുകയും ചെയ്യുന്നു. 14എന്തുകൊണ്ടെന്നാൽ, കർത്താവായ യേശുവിനെ മരിച്ചവരിൽനിന്ന് ഉയിർപ്പിച്ചവൻ ഞങ്ങളെയും യേശുവിനോടുകൂടെ ഉയിർപ്പിച്ച് നിങ്ങളോടൊപ്പം തന്റെ സന്നിധിയിലേക്കു കൊണ്ടുവരുമെന്നു ഞങ്ങൾ അറിയുന്നു. 15ഇതെല്ലാം നിങ്ങളുടെ പ്രയോജനത്തിനായി തന്നേ; അധികമധികം ആളുകൾക്കു കൃപ ലഭിക്കുവാനും അതു നിമിത്തം ദൈവമഹത്ത്വത്തിനായി അവരിൽനിന്നു സ്തുതിസ്തോത്രങ്ങൾ നിറഞ്ഞുകവിയുവാനും ഇടയാകുമല്ലോ.

16അതുകൊണ്ടു ഞങ്ങൾ അധൈര്യപ്പെടുന്നില്ല. ഞങ്ങളിലെ ബാഹ്യമനുഷ്യൻ ക്ഷയിച്ചുകൊണ്ടിരിക്കുന്നുവെങ്കിലും ആന്തരികമനുഷ്യൻ നാൾക്കുനാൾ പുതുക്കം പ്രാപിച്ചുകൊണ്ടിരിക്കുന്നു. 17ലഘുവും ക്ഷണികവുമായ ഞങ്ങളുടെ കഷ്ടതകൾ, അത്യന്തം ഘനമേറിയ നിത്യതേജസ്സ് ഞങ്ങൾക്കു നേടിത്തരുന്നു. 18അതുകൊണ്ട്, കാണുന്നതിനെയല്ല, കാണാത്തതിനെത്തന്നേ ഞങ്ങൾ നോക്കിക്കൊണ്ടിരിക്കുന്നു. കാണുന്നതു താൽക്കാലികം, കാണാത്തതോ നിത്യം.

സ്വർഗ്ഗീയ ഭവനം

5 ഞങ്ങളുടെ ഭൗമികകൂടാരം അഴിഞ്ഞുപോയാൽ, മനുഷ്യകരങ്ങളാൽ നിർമ്മിതമല്ലാത്ത നിത്യഭവനമായി ദൈവികദാനമായ ഒരു കെട്ടിടം സ്വർഗ്ഗത്തിലുണ്ടെന്നു ഞങ്ങൾ അറിയുന്നു. 2ഞങ്ങളുടെ സ്വർഗ്ഗീയ വാസസ്ഥാനത്തെ ധരിക്കുവാൻ വാഞ്ഛിച്ചുകൊണ്ട് ഈ ഭവനത്തിൽ ഞങ്ങൾ ഞരങ്ങുന്നു. 3അതു ധരിക്കുമ്പോൾ ഞങ്ങൾ നഗ്നരായി കാണപ്പെടുകയില്ല. 4മർത്യമായതു ജീവനാൽ ഗ്രസിക്കപ്പെടേണ്ടതിന് ഞങ്ങൾ വസ്ത്രഹീനരായിരിക്കാതെ സ്വർഗ്ഗീയമായതിനെ ധരിച്ചവരായിരിപ്പാൻ വാഞ്ഛിക്കുന്നു. 4അതുകൊണ്ട് ഈ കൂടാരത്തിൽ ഇരിക്കുന്നേടത്തോളംകാലം ഞങ്ങൾ ഭാരപ്പെട്ടു ഞരങ്ങുന്നു. 5ഈ ലക്ഷ്യത്തിനായി ഞങ്ങളെ സന്നദ്ധരാക്കിയതും വരുവാനുള്ളതിന്റെ അച്ചാരമായി ആത്മാവെന്ന നിക്ഷേപം ഞങ്ങൾക്കു നല്കിയതും ദൈവമാണ്.

6ആകയാൽ ഞങ്ങൾ എല്ലായ്പ്പോഴും ധൈര്യപ്പെട്ടിരിക്കുന്നു; ഈ ശരീരത്തിൽ വസിക്കുന്നകാലത്തോളം ഞങ്ങൾ കർത്താവിൽ നിന്ന് അകലെ ആയിരിക്കുന്നുവെന്നു അറിയുന്നു. 7കാഴ്ചയാലല്ല, വിശ്വാസത്താലത്രേ ഞങ്ങൾ ജീവിക്കുന്നത്. 8ഈ ഉറപ്പോടെ, ശരീരം വിട്ടകന്നു കർത്താവിനോടുകൂടെ വസിക്കാൻ ഞങ്ങൾ ഏറെ ഇഷ്ടപ്പെടുന്നു. 9അതുകൊണ്ടു ശരീരത്തിൽ വസിച്ചാലും ശരീരം വിട്ടാലും കർത്താവിനെ പ്രസാദിപ്പിക്കുകയാണു ഞങ്ങളുടെ ജീവിതലക്ഷ്യം. 10ഓരോ വ്യക്തിയും ശരീരത്തിൽ ഇരിക്കുമ്പോൾ ചെയ്ത നന്മയ്ക്കോ തിന്മയ്ക്കോ തക്കവണ്ണം പ്രാപിക്കുവാൻ നാമെല്ലാവരും ക്രിസ്തുവിന്റെ ന്യായാസനത്തിനുമുമ്പിൽ വെളിപ്പെടേണ്ടതാകുന്നു.

നിരപ്പിന്റെ ശുശ്രൂഷ

11കർത്താവിനെ ഭയപ്പെടുക എന്നത് എന്തെന്ന് ഞങ്ങൾ അറിയുന്നു. അതുകൊണ്ടാണ് ഞങ്ങൾ മനുഷ്യരെ പ്രേരിപ്പിക്കുന്നത്. ഞങ്ങളെ ദൈവം നന്നായി അറിയുന്നു. നിങ്ങളുടെ മനസ്സാക്ഷിക്കും അതു വ്യക്തമാണല്ലോ. 12ഞങ്ങൾ പിന്നെയും നിങ്ങളോടു ഞങ്ങളെത്തന്നേ പ്രശംസിച്ചുപറയുകയല്ല, പിന്നെയോ ഞങ്ങളെപ്പറ്റി അഭിമാനിക്കാൻ നിങ്ങൾക്ക് അവസരം തരികയാണ്. 13ഞങ്ങൾ സുബോധം ഇല്ലാത്തവരെങ്കിൽ അതു ദൈവത്തിനുവേണ്ടിയാണ്; സുബോധമുള്ളവരെങ്കിലോ അതു നിങ്ങൾക്കുവേണ്ടിയാണ്. 14ക്രിസ്തുവിന്റെ സ്നേഹം ഞങ്ങളെ നിർബ്ബന്ധിക്കുന്നു; എല്ലാവർക്കും വേണ്ടി ഒരുവൻ മരിച്ചുവെന്നും അതുകൊണ്ട് എല്ലാവരും മരിച്ചു എന്നും ഞങ്ങൾക്കു ബോധ്യമുണ്ട്. 15ജീവിക്കുന്നവർ ഇനിമേൽ തങ്ങൾക്കായിട്ടല്ല, തങ്ങൾക്കുവേണ്ടി മരിച്ച് ഉയിർത്തെഴുന്നേറ്റവനുവേണ്ടിത്തന്നേ ജീവിക്കേണ്ടതിന് അവിടുന്ന് എല്ലാവർക്കുംവേണ്ടി മരിച്ചു.

16അതുകൊണ്ട് ഇപ്പോൾമുതൽ ഞങ്ങൾ ജഡപ്രകാരം ആരെയും വീക്ഷിക്കുന്നില്ല. ഒരിക്കൽ ക്രിസ്തുവിനെ ജഡപ്രകാരം അറിഞ്ഞിരുന്നുവെങ്കിലും ഇനിമേൽ അങ്ങനെ ചെയ്യുന്നില്ല. 17ഒരു വ്യക്തി ക്രിസ്തുവിലായാൽ

[a] 13 സങ്കീർത്തനം 116:10

അയാൾ പുതിയ സൃഷ്ടിയാകുന്നു; പഴയതു നീങ്ങിപ്പോയി, പുതിയതു വന്നിരിക്കുന്നു. 18ഇവയെല്ലാം ദൈവത്തിൽനിന്നുതന്നെയാണ്. അവിടുന്ന് ഞങ്ങളെ ക്രിസ്തുമുഖാന്തരം തന്നോടു നിരപ്പിച്ചു; നിരപ്പിന്റെ ശുശ്രൂഷ ഞങ്ങളെ ഏല്പിച്ചിരിക്കുന്നു. 19ദൈവം മനുഷ്യരുടെ പാപങ്ങളെ അവർക്കെതിരായി കണക്കാക്കാതെ ക്രിസ്തു മുഖാന്തരം ലോകത്തെ തന്നോടുതന്നേ നിരപ്പിച്ചുപോന്നു. നിരപ്പിന്റെ സന്ദേശം അവിടുന്ന് ഞങ്ങളെ ഭരമേല്പിച്ചിരിക്കുന്നു. 20അതുകൊണ്ട് ഞങ്ങൾ ക്രിസ്തുവിന്റെ സ്ഥാനപതികളായി, ദൈവത്തോടു നിരന്നുകൊള്ളുവിൻ എന്നു ക്രിസ്തുവിനുവേണ്ടി നിങ്ങളോട് അപേക്ഷിക്കുന്നു. അതു ദൈവംതന്നേ ഞങ്ങളിലൂടെ അപേക്ഷിക്കുന്നതാണ്. 21ദൈവം പാപരഹിതനെ നമുക്കുവേണ്ടി പാപമാക്കിത്തീർത്തു; തന്നിലൂടെ നാം ദൈവത്തിനു നീതിയാകേണ്ടതിനുതന്നേ.

6 ദൈവത്തിന്റെ സഹപ്രവർത്തകരെന്ന നിലയിൽ ഞങ്ങൾ നിങ്ങളോട് അപേക്ഷിക്കുന്നു: നിങ്ങൾ പ്രാപിച്ച ദൈവകൃപ വ്യർത്ഥമാക്കരുത്.

2"പ്രസാദകാലത്തു ഞാൻ നിന്റെ
പ്രാർത്ഥന കേട്ടു. രക്ഷാദിവസത്തിൽ
ഞാൻ നിന്നെ സഹായിച്ചു"[a]

എന്ന് അവിടുന്നു അരുളിച്ചെയ്യുന്നുവല്ലോ. ഇപ്പോൾ ആകുന്നു ദൈവത്തിന്റെ സുപ്രസാദകാലം, ഇപ്പോൾ ആകുന്നു രക്ഷാദിവസം.

പൗലൊസിന്റെ വൈഷമ്യങ്ങൾ

3ഞങ്ങളുടെ ശുശ്രൂഷയെ ആരും പഴിക്കാതിരിക്കേണ്ടതിനു ഞങ്ങൾ ആർക്കും പ്രതിബന്ധം സൃഷ്ടിക്കുന്നില്ല. 4ഞങ്ങൾ എല്ലാവിധത്തിലും ദൈവത്തിന്റെ ശുശ്രൂഷകരെന്നു മഹാസഹിഷ്ണുതയിലൂടെ ഞങ്ങളെത്തന്നേ കാണിക്കുന്നു; കഷ്ടതകൾ, വൈഷമ്യങ്ങൾ, ദുരിതങ്ങൾ, 5തല്ല്, തടങ്കൽ, കലഹം, അധ്വാനം, ഉറക്കിളപ്പ്, പട്ടിണി എന്നിവയിലും 6നിർമ്മലത, പരിജ്ഞാനം, ദീർഘക്ഷമ, ദയ എന്നിവയിലും പരിശുദ്ധാത്മാവിലും ആത്മാർത്ഥസ്നേഹത്തിലും 7സത്യഭാഷണത്തിലും ദൈവശക്തിയിലും തന്നേ; ഞങ്ങൾ ഇടത്തും വലത്തും നീതിയുടെ ആയുധങ്ങൾ വഹിച്ചുകൊണ്ടു 8മാനാപമാനങ്ങളിലൂടെയും ദുഷ്കീർത്തി സൽകീർത്തികളിലൂടെയും കടന്നുപോകുന്നു; പരമാർത്ഥികളെങ്കിലും വഞ്ചകരായും, 9അറിയപ്പെടുന്നവരെങ്കിലും അറിയപ്പെടാത്തവരായും കരുതപ്പെടുന്നു. ഞങ്ങൾ മരിക്കുന്നുവെങ്കിലും ജീവിക്കുന്നു. അടികൊള്ളുന്നുവെങ്കിലും കൊല്ലപ്പെടുന്നില്ല, 10ദുഃഖിതരെങ്കിലും എപ്പോഴും സന്തോഷിക്കുന്നു; ദരിദ്രരെങ്കിലും പലരെയും സമ്പന്നരാക്കുന്നു. ഒന്നുമില്ലാത്തവർ എങ്കിലും എല്ലാം ഉള്ളവർ തന്നേ.

11കൊരിന്ത്യരേ, ഞങ്ങൾ നിങ്ങളോടു തുറന്നു സംസാരിച്ചിരിക്കുന്നു. ഞങ്ങളുടെ ഹൃദയം വിശാലമാക്കിയിരിക്കുന്നു. 12ഞങ്ങളുടെ ഹൃദയങ്ങളിൽ നിങ്ങൾക്കു പരിമിതിയില്ല, നിങ്ങളുടെ ഹൃദയങ്ങളിലാണ് അതുള്ളത്. 13മക്കളോടെന്നപോലെ നിങ്ങളോടു പറയട്ടെ, നിങ്ങളും ഹൃദയവിശാലതയുള്ളവരായിരിക്കുവിൻ.

അവിശ്വാസികളുമായി
സഹകാരിത്വം അരുത്

14അവിശ്വാസികളുമായി ചേർച്ചയില്ലാത്ത പങ്കാളിത്തം അരുത്. നീതിക്കും ദുഷ്ടതയ്ക്കും തമ്മിൽ എന്താണു യോജിപ്പ്? വെളിച്ചത്തിനും ഇരുളിനും തമ്മിൽ എന്തു കൂട്ടായ്മ? 15ക്രിസ്തുവിനും ബേലിയാലിനും തമ്മിൽ ഐക്യമോ? വിശ്വാസിക്കും അവിശ്വാസിക്കും പൊതുവായിട്ട് എന്താണുള്ളത്? 16ദൈവത്തിന്റെ ആലയവും വിഗ്രഹങ്ങളും തമ്മിൽ എന്തു ബന്ധം? നാം ജീവനുള്ള ദൈവത്തിന്റെ ആലയമല്ലോ. "ഞാൻ അവരോടുകൂടെ വസിക്കുകയും അവരുടെ ഇടയിൽ നടക്കുകയും ചെയ്യും; ഞാൻ അവരുടെ ദൈവവും അവർ എന്റെ ജനവും ആയിരിക്കും."[b] എന്നു ദൈവം അരുളിച്ചെയ്തിരിക്കുന്നു.

17"ആകയാൽ അവരുടെ ഇടയിൽ
നിന്നു പുറത്തുവന്നു വേർപെട്ടിരിക്കുവിൻ, എന്നു കർത്താവ് അരുളിച്ചെയ്യുന്നു. അശുദ്ധമായതൊന്നും
തൊടരുത്; എന്നാൽ ഞാൻ നിങ്ങളെ
കൈക്കൊള്ളും."[c]
18 "ഞാൻ നിങ്ങൾക്കു പിതാവും
നിങ്ങൾ എനിക്കു പുത്രന്മാരും പുത്രിമാരും ആയിരിക്കും എന്നു സർവ്വശക്തനായ കർത്താവ് അരുളിച്ചെയ്യുന്നു."[d]

7 പ്രിയസ്നേഹിതരേ, ഈ വാഗ്ദാനങ്ങൾ നമുക്കുള്ളതിനാൽ ശരീരത്തെയും ആത്മാവിനെയും മലിനമാക്കുന്ന എല്ലാറ്റിൽനിന്നും നമ്മെത്തന്നേ ശുദ്ധീകരിച്ച് ദൈവഭയത്തിൽ വിശുദ്ധിയുടെ പൂർണ്ണതയിലെത്തിച്ചേരാം.

പൗലൊസിന്റെ സന്തോഷം

2നിങ്ങളുടെ ഹൃദയങ്ങളിൽ ഞങ്ങൾക്ക് ഇടം നല്കുവിൻ. ഞങ്ങൾ ആരോടും അന്യായം പ്രവർത്തിച്ചിട്ടില്ല. ആരെയും ദുഷിപ്പിച്ചില്ല, ആരെയും ചൂഷണം ചെയ്തിട്ടുമില്ല. 3നിങ്ങളെ

[a] 2 യെശയ്യാവ് 49:8 [b] 16 ലേവ്യ 26:12, യിരെമ്യാവ് 32:38, യെഹസ്കേൽ 37:27 [c] 17 യെശയ്യാവ് 52:11, യെഹസ്കേൽ 20:34,41 [d] 18 2ശമുവേൽ 7:14, 7:8

കുറ്റം വിധിക്കുവാനല്ല ഞാൻ ഇതു പറയുന്നത്; ഞങ്ങൾ നിങ്ങളോടുകൂടെ ജീവിക്കുകയോ മരിക്കുകയോ ചെയ്വാൻ തക്കവണ്ണം നിങ്ങൾ ഞങ്ങളുടെ ഹൃദയങ്ങളിൽ വസിക്കുന്നുവെന്നു ഞാൻ മുമ്പേ പറഞ്ഞിട്ടുണ്ടല്ലോ. 4എനിക്കു നിങ്ങളിൽ ഉത്തമ വിശ്വാസമുണ്ട്. നിങ്ങളെ സംബന്ധിച്ചു ഞാൻ അത്യന്തം അഭിമാനിക്കുന്നു. എനിക്കു വളരെ ധൈര്യം ലഭിച്ചിരിക്കുന്നു. ഞങ്ങളുടെ കഷ്ടതകളിലെല്ലാം ഞാൻ അളവറ്റ ആനന്ദം അനുഭവിക്കുന്നു.

5മാസിഡോണിയായിൽ വന്നപ്പോൾ ഞങ്ങളുടെ ശരീരത്തിന് ഒരു സ്വസ്ഥതയും ഉണ്ടായിരുന്നില്ല; മറിച്ച് എല്ലാതരത്തിലും പീഡനമാണുണ്ടായത്; പുറമേ സംഘർഷം, ഉള്ളിൽ ഭയം. 6എങ്കിലും എളിയവരെ ആശ്വസിപ്പിക്കുന്ന ദൈവം തീത്തോസിന്റെ വരവിനാൽ ഞങ്ങളെ ആശ്വസിപ്പിച്ചു. 7അവന്റെ വരവു മാത്രമല്ല നിങ്ങൾ അവനു നല്കിയ ആശ്വാസവും അതിനു കാരണമായിത്തീർന്നു. എന്നെ കാണാനുള്ള നിങ്ങളുടെ അഭിവാഞ്ഛയും തീവ്രദുഃഖവും എന്നെക്കുറിച്ചുള്ള ഉറ്റകരുതലും അവൻ ഞങ്ങളെ അറിയിച്ചു. അങ്ങനെ എന്റെ സന്തോഷം അധികം വർദ്ധിച്ചു.

8ലേഖനത്താൽ ഞാൻ നിങ്ങളെ ദുഃഖിപ്പിച്ചുവെങ്കിലും എനിക്കതിൽ ഖേദമില്ല. ആ ലേഖനം നിങ്ങളെ അല്പസമയത്തേക്കു മുറിപ്പെടുത്തി എന്നു ഞാൻ മനസ്സിലാക്കുന്നു. എനിക്കതിൽ ഖേദമുണ്ടായിരുന്നെങ്കിൽത്തന്നേ 9ഇപ്പോൾ ഞാൻ സന്തോഷിക്കുന്നു; നിങ്ങൾ ദുഃഖിച്ചതിലല്ല, നിങ്ങളുടെ ദുഃഖം നിങ്ങളെ മാനസാന്തരത്തിലേക്കു നയിച്ചുവെന്നതിലാണ് എന്റെ സന്തോഷം. ദൈവഹിതപ്രകാരം നിങ്ങൾ ദുഃഖിച്ചതിനാൽ ഞങ്ങൾമൂലം നിങ്ങൾക്ക് ഒരു നഷ്ടവും ഉണ്ടായില്ല.10ദൈവഹിതപ്രകാരമുള്ള ദുഃഖം രക്ഷയിലേക്കു നയിക്കുന്ന മാനസാന്തരം ഉളവാക്കുന്നു; അതിനെപ്പറ്റി ഖേദിക്കേണ്ടി വരുന്നില്ല. എന്നാൽ ലൗകികമായ ദുഃഖം മരണത്തിലേക്കു നയിക്കുന്നതാണ്. 11ദൈവികമായ ഈ ദുഃഖം നിങ്ങളിൽ എത്ര ഉത്സാഹം ഉളവാക്കി. നിങ്ങളുടെ നിരപരാധിത്വം തെളിയിക്കുവാൻ എത്ര ശുഷ്കാന്തി, എത്ര ധാർമ്മിക രോഷം, എത്ര ഭയം, എത്ര അഭിവാഞ്ഛ, എത്ര തീഷ്ണത, എത്ര നീതിബോധം! ഇതിൽ നിങ്ങൾ എത്ര നിഷ്കളങ്കരെന്നു സ്വയം തെളിയിച്ചിരിക്കുന്നു. 12ഞാൻ നിങ്ങൾക്കെഴുതിയെങ്കിലും അതു ആ ദ്രോഹം പ്രവർത്തിച്ചവൻ നിമിത്തമോ ദ്രോഹിക്കപ്പെട്ടയാൾ നിമിത്തമോ ആയിരുന്നില്ല. അതിലുപരിയായി, ഞങ്ങളോടു നിങ്ങൾക്കുള്ള സ്നേഹാദരങ്ങൾ എത്രയെന്നു ദൈവ സന്നിധിയിൽ, നിങ്ങൾക്കുതന്നേ കണ്ടു മനസ്സിലാക്കുവാൻവേണ്ടി ആയിരുന്നു. 13ഇതെല്ലാം ഞങ്ങളെ ധൈര്യപ്പെടുത്തിയിരിക്കുന്നു. ഞങ്ങൾക്കു ലഭിച്ച പ്രോത്സാഹനത്തിനു പുറമേ, നിങ്ങൾ തീത്തോസിന്റെ ഹൃദയത്തെ ആശ്വസിപ്പിച്ചതുമൂലം അവനുണ്ടായ സന്തോഷം നിമിത്തവും ഞങ്ങൾ അത്യന്തം ആനന്ദിച്ചു. 14ഞാൻ നിങ്ങളെക്കുറിച്ചു പ്രശംസിച്ച് അവനോടു സംസാരിച്ചിരുന്നു; ഇതിൽ ഞാൻ ലജ്ജിക്കുന്നില്ല. ഞങ്ങൾ നിങ്ങളോടു സംസാരിച്ചതെല്ലാം സത്യമായിരുന്നതുപോലെ, തീത്തോസിനോടു നിങ്ങളെപ്പറ്റി പ്രശംസിച്ചതും സത്യമെന്നു തെളിഞ്ഞിരിക്കുന്നു. 15നിങ്ങൾ എത്ര അനുസരണമുള്ളവരായിരുന്നുവെന്നും എത്ര ഭയത്തോടും വിറയലോടുംകൂടെയാണു നിങ്ങൾ അവനെ സ്വീകരിച്ചതെന്നും ഓർക്കുമ്പോൾ നിങ്ങളോടുള്ള അവന്റെ സ്നേഹം വളരെ വർദ്ധിക്കുന്നു. 16നിങ്ങളിൽ സമ്പൂർണ്ണവിശ്വാസം അർപ്പിക്കാമെന്നുള്ളതിൽ എനിക്ക് സന്തോഷമുണ്ട്.

ഔദാര്യത്തിനു പ്രോത്സാഹനം

8 സഹോദരരേ, മാസിഡോണിയയിലെ സഭകൾക്കു ദൈവം നല്കിയ കൃപയെപ്പറ്റി നിങ്ങൾ അറിഞ്ഞിരിക്കണമെന്നു ഞങ്ങൾ ആഗ്രഹിക്കുന്നു. 2കഷ്ടതയുടെ വലിയ ശോധനയിൽ ആയിരുന്നിട്ടും അവരുടെ സന്തോഷസമൃദ്ധിയും കഠിനദാരിദ്ര്യവും ഔദാര്യത്തിന്റെ ഒരു വലിയ സമ്പത്തായി കവിഞ്ഞൊഴുകുവാൻ ഇടയായി. 3അവർ തങ്ങളുടെ കഴിവനുസരിച്ചും അതിനപ്പുറവും ദാനം ചെയ്തു എന്നതിനു ഞാൻ സാക്ഷി. 4വിശുദ്ധർക്കുവേണ്ടിയുള്ള ഈ ശുശ്രൂഷയിൽ പങ്കു വഹിക്കുക എന്ന പദവിക്കായി അവർ താല്പര്യമായി ഞങ്ങളോട് അപേക്ഷിച്ചു. 5അതും ഞങ്ങൾ പ്രതീക്ഷിച്ചിരുന്നതുപോലെയല്ല, അവർ ഒന്നാമതു കർത്താവിനും പിന്നെ ദൈവഹിതപ്രകാരം ഞങ്ങൾക്കും തങ്ങളെത്തന്നേ ഏല്പിച്ചു. 6അതുകൊണ്ടു ഞങ്ങൾ തീത്തോസിനോട്, അയാൾ തുടങ്ങിവച്ചിരുന്ന ധർമ്മശേഖരം നിങ്ങളുടെ ഇടയിൽ പൂർത്തിയാക്കണമെന്ന് അപേക്ഷിച്ചു. 7വിശ്വാസം, പ്രസംഗം, പരിജ്ഞാനം, തികഞ്ഞ ശുഷ്കാന്തി, ഞങ്ങളോടുള്ള സ്നേഹം എന്നിങ്ങനെ എല്ലാറ്റിലും നിങ്ങൾ മികച്ചു നില്ക്കുന്നതുപോലെ ദാനധർമ്മത്തിന്റെ ഇക്കാര്യത്തിലും ഏറ്റവും മുന്നിലായിരിക്കണം.

8ഞാൻ നിങ്ങളോട് ആജ്ഞാപിക്കുകയല്ല, എന്നാൽ മറ്റുള്ളവരുടെ ശുഷ്കാന്തിയോടു തുലനം ചെയ്ത നിങ്ങളുടെ സ്നേഹത്തിന്റെ പരമാർത്ഥത പരിശോധിക്കുവാൻ ആഗ്രഹിക്കുകയാണ്. 9നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ കൃപ നിങ്ങൾ അറിയുന്നുവല്ലോ; അവിടുന്ന് സമ്പന്നൻ ആയിരുന്നിട്ടും നിങ്ങൾ

ക്കുവേണ്ടി ദരിദ്രനായിത്തീർന്നു; അവിടുത്തെ ദാരിദ്ര്യത്തിലൂടെ നിങ്ങൾ സമ്പന്നരായിത്തീരേണ്ടതിനു തന്നേ.

10ഈ കാര്യത്തിൽ നിങ്ങൾക്കുള്ള എന്റെ ഉപദേശം ഇതാണ്: ഏറ്റവും ആദ്യം സംഭാവന നല്കിയതും നല്കാൻ ആഗ്രഹിച്ചതും നിങ്ങളാണ്. ഒരുവർഷംമുമ്പു നിങ്ങൾ അതാരംഭിച്ചു. 11നിങ്ങൾ ആരംഭിച്ചതു നിങ്ങളുടെ പ്രാപ്തിക്കൊത്തവണ്ണം ഇപ്പോൾ പൂർത്തിയാക്കുകയാണ് ഏറ്റവും നല്ലത്. അങ്ങനെ ഇക്കാര്യം ചെയ്യുന്നതിനുള്ള നിങ്ങളുടെ ആകാംക്ഷാപൂർവ്വമായ മനസ്സൊരുക്കം അതിന്റെ പൂർത്തീകരണത്തിൽകൂടി നിറവേറ്റപ്പെടും. 12ഒരാൾക്കു താല്പര്യമുള്ളപക്ഷം പ്രാപ്തിയില്ലാത്തതുപോലെയല്ല, പ്രാപ്തിക്കനുസരണമായി അയാൾ നല്കുന്ന സംഭാവന സ്വീകാര്യമായിരിക്കും.

13നിങ്ങളെ ബുദ്ധിമുട്ടിച്ചു മറ്റുള്ളവരെ സുഭിക്ഷരാക്കണമെന്നല്ല, സമതുലം ഉണ്ടാകണം എന്നത്രേ ഞങ്ങൾ ആഗ്രഹിക്കുന്നത്. 14ഇപ്പോൾ നിങ്ങളുടെ സമൃദ്ധി അവരുടെ ആവശ്യങ്ങൾ നിർവ്വഹിക്കുവാനും പിന്നീട് അവരുടെ സമൃദ്ധി നിങ്ങളുടെ ആവശ്യങ്ങൾ നിർവ്വഹിക്കുവാനും സഹായകമാകും. അങ്ങനെ സമതുലമുണ്ടാകും. 15"ഏറെ പെറുക്കിയവന് ഏറെയും കുറെ പെറുക്കിയവന് കുറവും കണ്ടില്ല" [a]എന്ന് എഴുതിയിരിക്കുന്നതുപോലെ തന്നേ.

തീത്തോസിനെ കൊരിന്തിലേക്ക് അയയ്ക്കുന്നു

16നിങ്ങളെക്കുറിച്ച് എനിക്കുള്ള അതേ കരുതൽ തീത്തോസിന്റെ ഹൃദയത്തിലും നല്കിയ ദൈവത്തിനു സ്തോത്രം. 17തീത്തോസ് ഞങ്ങളുടെ അഭ്യർത്ഥന സ്വീകരിച്ചുവെന്നു മാത്രമല്ല, വളരെ ഉത്സാഹത്തോടും സ്വന്ത താല്പര്യത്തോടുംകൂടി നിങ്ങളുടെ അടുത്തേക്കു വരികയുമാണ്. 18ഞങ്ങൾ അയാളോടുകൂടെ ഒരു സഹോദരനെയും അയയ്ക്കുന്നു. ആ സഹോദരൻ സുവിശേഷത്തിനുവേണ്ടിയുള്ള തന്റെ ശുശ്രൂഷ നിമിത്തം സകല സഭകളുടെയും പ്രശംസയ്ക്കു പാത്രമായിത്തീർന്നിട്ടുള്ളവനാണ്. 19തന്നേയുമല്ല, കർത്താവിന്റെ മഹത്ത്വത്തിനും, നമ്മുടെ സന്മനസ്സു കാണിപ്പാനുമായി നിർവ്വഹിക്കപ്പെടുന്ന ഈ ശുശ്രൂഷയിൽ തുണയായി ഞങ്ങളോടൊപ്പം സഞ്ചരിക്കുവാൻ തിരഞ്ഞെടുക്കപ്പെട്ടവനുമാണ് ഈ സഹോദരൻ. 20ഈ ഉദാരസംഭാവന കൈകാര്യം ചെയ്യുന്നതു സംബന്ധിച്ച് ഒരു വിമർശനവും ഉണ്ടാകരുതെന്നു ഞങ്ങൾക്കു ആഗ്രഹമുണ്ട്. 21കർത്താവിന്റെ മുമ്പാകെ മാത്രമല്ല, മനുഷ്യരുടെ മുമ്പാകെയും യോഗ്യമായതു നിർവ്വഹിപ്പാൻ ഞങ്ങൾ ബദ്ധപ്പെടുകയാണ്.

22പല കാര്യങ്ങളിലും ജാഗ്രതയുള്ളവനെന്നു ഞങ്ങൾ പലപ്പോഴും പരീക്ഷിച്ചറിഞ്ഞ ഞങ്ങളുടെ സഹോദരനെയും അവരോടൊപ്പം അയയ്ക്കുന്നു. നിങ്ങളിൽ അദ്ദേഹത്തിനുള്ള വിശ്വാസംമൂലം ഇപ്പോൾ അദ്ദേഹം കൂടുതൽ ഉത്സാഹിയാണ്. 23തീത്തോസ് എന്റെ കൂട്ടാളിയും നിങ്ങളുടെ ഇടയിൽ എന്റെ സഹപ്രവർത്തകനുമാണ്; മറ്റു സഹോദരരോ, സഭകളാൽ അയയ്ക്കപ്പെട്ടവരും ക്രിസ്തുവിന്റെ മഹത്ത്വവുമാണ്. 24അതുകൊണ്ട്, ഈ ആളുകളോടു നിങ്ങൾക്കുള്ള സ്നേഹവും നിങ്ങളിൽ ഞങ്ങൾക്കുള്ള അഭിമാനവും സഭകളുടെ മുമ്പിൽ തെളിയിച്ചുകൊടുക്കുവിൻ.

9 വിശുദ്ധർക്കുവേണ്ടിയുള്ള ഈ ശുശ്രൂഷയെ സംബന്ധിച്ചു ഞാൻ നിങ്ങൾക്ക് എഴുതേണ്ട കാര്യമില്ല. 2സഹായിപ്പാനുള്ള നിങ്ങളുടെ ഉത്സാഹം എനിക്കറിയാം. അഖായയിലുള്ള നിങ്ങൾ കഴിഞ്ഞവർഷംമുതലേ സംഭാവന ചെയ്യുവാൻ ഉത്സുകരായിരിക്കുന്നുവെന്നു നിങ്ങളെപ്പറ്റി മാസിഡോണിയക്കാരോടു ഞാൻ പ്രശംസിച്ചുകൊണ്ടാണിരുന്നത്; നിങ്ങളുടെ ഉത്സാഹം അവരെ മിക്കപേരെയും പ്രവർത്തനത്തിനു തൽപരരാക്കിയിരിക്കുന്നു. 3ഈ കാര്യത്തിൽ നിങ്ങളെക്കുറിച്ചു ഞങ്ങൾക്കുള്ള അഭിമാനം പൊള്ളയല്ല എന്നു തെളിയിക്കുവാനും ഞാൻ പറഞ്ഞിരുന്നതുപോലെ നിങ്ങൾ തയ്യാറായിരിക്കുവാനും വേണ്ടിയാണു സഹോദരരെ അയയ്ക്കുന്നത്. 4മാസിഡോണിയക്കാരായ ആരെങ്കിലും എന്റെകൂടെ വരികയും നിങ്ങളെ ഒരുക്കമില്ലാത്തവരായി കാണുകയും ചെയ്താൽ, നിങ്ങളെ സംബന്ധിച്ച അമിതവിശ്വാസം നിമിത്തം ഞങ്ങൾ ലജ്ജിക്കേണ്ടിവരും; നിങ്ങളുടെ സ്ഥിതി പറയുകയേ വേണ്ട. 5അതുകൊണ്ട് നിങ്ങളെ മുൻകൂട്ടി സന്ദർശിച്ചു നിങ്ങൾ വാഗ്ദാനം ചെയ്തിരുന്ന ഉദാരസംഭാവനയുടെ ക്രമീകരണം പൂർത്തിയാക്കുവാൻ സഹോദരരോട് ആവശ്യപ്പെടണമെന്നു ഞാൻ ചിന്തിച്ചു. അപ്പോൾ അത് വൈമനസ്യത്തോടെയല്ല, ഔദാര്യത്തോടെ നല്കപ്പെടുന്ന ഒരു ദാനമാണെന്നു വ്യക്തമാകും.

ഉദാരമായി വിതയ്ക്കുക

6ഇത് ഓർത്തുകൊള്ളുക: അല്പം വിതയ്ക്കുന്നവൻ അല്പം കൊയ്യും; ധാരാളം വിതയ്ക്കുന്നവൻ ധാരാളം കൊയ്യും. 7ഓരോരുത്തരും ഹൃദയത്തിൽ നിശ്ചയിച്ചതുപോലെ കൊടുക്കട്ടെ. വൈമനസ്യത്തോടെ അരുത്, നിർബ്ബന്ധത്താലുമരുത്. കാരണം, സന്തോഷത്തോടെ കൊടുക്കുന്നവനെ ദൈവം സ്നേഹിക്കുന്നു.

[a] 15 പുറപ്പാട് 6:18

8നിങ്ങളുടെ എല്ലാ ആവശ്യങ്ങൾക്കു
തക്കവണ്ണവും സകല സൽപ്രവൃത്തികളിലും
വർദ്ധിച്ചുവരത്തക്കവണ്ണവും, സമൃദ്ധിയായ
അനുഗ്രഹം നല്കുവാൻ ദൈവം പ്രാപ്തനാണ്.
9"അവിടുന്ന് വാരി വിതറി ദരിദ്രർക്കു
കൊടുക്കുന്നു; അവിടുത്തെ നീതി
എന്നേക്കും നിലനില്ക്കുന്നു."[a]
എന്ന് എഴുതിയിരിക്കുന്നതുപോലെ തന്നേ.
10വിതയ്ക്കുവാൻ വിത്തും ഭക്ഷിക്കുവാൻ
ആഹാരവും നല്കുന്നവൻ നിങ്ങളുടെ വിത്തി
ന്റെ ശേഖരം വർദ്ധിപ്പിക്കുകയും നീതിയുടെ
വിളവെടുപ്പു സമൃദ്ധമാക്കുകയും ചെയ്യും. 11നി
ങ്ങൾ എല്ലാ സന്ദർഭത്തിലും ഔദാര്യമനസ്ക
രായിരിക്കുവാൻ തക്കവണ്ണം എല്ലാവിധത്തിലും
അവിടുന്ന് നിങ്ങളെ സമ്പന്നരാക്കും. അങ്ങനെ
നിങ്ങളുടെ ഔദാര്യദാനം ഞങ്ങൾമുഖേന
ദൈവത്തിനു സ്തോത്രാർപ്പണമായിത്തീരും.
12നിങ്ങൾ ചെയ്യുന്ന ഈ സേവനം വിശുദ്ധരു
ടെ ആവശ്യനിർവ്വഹണം മാത്രമല്ല, ദൈവത്തോ
ടുള്ള അനവധിയായ നന്ദിപ്രകാശനത്തിന്റെ
കവിഞ്ഞൊഴുക്കും കൂടിയാണ്. 13നിങ്ങളുടെ സ്വ
ഭാവം തെളിയിച്ച ഈ ശുശ്രൂഷയുടെ ഫലമായി
ജനങ്ങൾ ദൈവത്തെ മഹത്ത്വപ്പെടുത്തും. ക്രി
സ്തുവിന്റെ സുവിശേഷം സ്വീകരിച്ചതിനെ തു
ടർന്നുള്ള നിങ്ങളുടെ അനുസരണത്തിനായും
നിങ്ങളുടെ ഓഹരി അവർക്കും മറ്റുള്ളവർക്കും
പങ്കിടുവാൻ കാണിച്ച സന്മനസ്സിനായുംതന്നേ.
14ദൈവം നിങ്ങൾക്കു തന്ന അളവില്ലാത്ത
കൃപനിമിത്തം, നിങ്ങളെ കാണുവാൻ വാഞ്ഛി
ച്ചുകൊണ്ടു അവർ നിങ്ങൾക്കുവേണ്ടി പ്രാർത്ഥി
ക്കും. 15അവർണ്ണനീയമായ ദാനത്തിനുവേണ്ടി
ദൈവത്തിനു സ്തോത്രം.

പൗലൊസിന്റെ ശുശ്രൂഷ

10 നിങ്ങളെ അഭിമുഖമായി കാണു
മ്പോൾ വിനീതനും അകലെയായിരി
ക്കുമ്പോൾ ധീരനും എന്നു നിങ്ങൾ കരുതുന്ന
പൗലൊസ് എന്ന ഞാൻ ക്രിസ്തുവിന്റെ
സൗമ്യതയിലും ശാന്തതയിലും നിങ്ങളോടും
അഭ്യർത്ഥിക്കുന്നു! 2ഞാൻ വരുമ്പോൾ ഞങ്ങൾ
ഈ ലോകത്തിന്റെ മാനദണ്ഡങ്ങളനുസരിച്ചു
ജീവിക്കുന്നു എന്നു കരുതുന്ന ചിലരോടു ഞാൻ
ചെയ്യണമെന്നു ഉദ്ദേശിക്കുന്നവിധത്തിലുള്ള
ധൈര്യംകാണിപ്പാൻ ഇടവരുത്തരുതെന്നു നി
ങ്ങളോട് അപേക്ഷിക്കുന്നു. 3ഞങ്ങൾ ലോ
കത്തിൽ ജീവിക്കുന്നവരെങ്കിലും ലോകരെപ്പോ
ലെ പോരാടുന്നവരല്ല. 4പോരാട്ടത്തിനുള്ള
ഞങ്ങളുടെ ആയുധങ്ങൾ ജഡികമല്ല, നേരെമറി
ച്ച്, കോട്ടകളെ തകർത്തുകളയുവാൻതക്ക ദിവ്യ
ശക്തിയുള്ളവയാണ്. 5ദൈവപരിജ്ഞാനത്തി
നെതിരായി ഉയർന്നുവരുന്ന എല്ലാ വാദമുഖങ്ങ
ളെയും ഉന്നതഭാവങ്ങളെയും ഞങ്ങൾ ഇടിച്ചു
കളയുകയും ക്രിസ്തുവിനോടുള്ള അനു
സരണത്തിനായി ഏതു ചിന്തയെയും കീഴടക്കു
കയും ചെയ്യുന്നു. 6നിങ്ങളുടെ അനുസരണം
പൂർണ്ണമായിക്കഴിയുമ്പോൾ ഏത് അനുസരണ
ക്കേടിനും ശിക്ഷ നല്കുവാൻ ഞങ്ങൾ
സന്നദ്ധരായിരിക്കും.
7നിങ്ങൾ കാര്യങ്ങളെ ബാഹ്യമായി മാത്രമേ
കാണുന്നുള്ളൂ, ആരെങ്കിലും ക്രിസ്തുവിനു
ള്ളവൻ എന്നു സ്വയം കരുതുന്നുവെങ്കിൽ,
ഞങ്ങളും അയാളെപ്പോലെതന്നേ ക്രിസ്തുവി
നുള്ളവർ എന്നു മനസ്സിലാക്കണം. 8നിങ്ങളെ
ഇടിച്ചുകളയുവാനല്ല, ആത്മീയമായി പണിതു
യർത്തുവാൻ കർത്താവു ഞങ്ങൾക്കു നല്കിയ
അധികാരത്തെ സംബന്ധിച്ച് അല്പംകൂടുതൽ
പ്രശംസിച്ചാലും അതിൽ എനിക്കു ലജ്ജയില്ല.
9ലേഖനങ്ങൾകൊണ്ടു ഞാൻ നിങ്ങളെ ഭയ
പ്പെടുത്താൻ ശ്രമിക്കുന്നുവെന്നു നിങ്ങൾക്കു
തോന്നരുത്. 10"അദ്ദേഹത്തിന്റെ ലേഖനങ്ങൾ
ഘനഗംഭീരവും കരുത്തുറ്റവയുമാണ്, എന്നാൽ
ശാരീരികസാന്നിധ്യം മതിപ്പുതോന്നാത്തതും
സംസാരം കഴമ്പില്ലാത്തതുമാണ്" എന്നു ചിലർ
പറയുന്നുവല്ലോ. 11എന്നാൽ അകലെയായിരി
ക്കുമ്പോൾ ലേഖനങ്ങളിൽ ഞങ്ങൾ
പറയുന്നതുതന്നേ ആയിരിക്കും. അടുത്തിരി
ക്കുമ്പോൾ ഞങ്ങൾ പ്രവർത്തിക്കുന്നത് എന്ന്
അക്കൂട്ടർ മനസ്സിലാക്കിക്കൊള്ളട്ടെ.
12ആത്മപ്രശംസ നടത്തുന്ന ചിലരുടെ കൂ
ട്ടത്തിൽ ഉൾപ്പെടുവാനോ അവരോടു ഞങ്ങളെ
താരതമ്യപ്പെടുത്തുവാനോ ഞങ്ങൾ തുനിയുന്നി
ല്ല. അവർ തങ്ങളെ തങ്ങളാൽത്തന്നേ അളക്കു
കയും തങ്ങളോടുതന്നേ ഉപമിക്കുകയും
ചെയ്യുന്നതുകൊണ്ട് വിവേകികളല്ല. 13ഞങ്ങൾ
അതിരുവിട്ടു പ്രശംസിക്കുന്നില്ല; ദൈവം നിയമി
ച്ചുതന്ന പരിധിയിൽതന്നേ ഞങ്ങളുടെ പ്രശം
സ ഒതുക്കി നിറുത്തും. ആ പരിധിയിൽ നിങ്ങളും
ഉൾപ്പെടുന്നു. 14ഞങ്ങൾ നിങ്ങളുടെയടുത്തു
വന്നിട്ടില്ലായിരുന്നുവെങ്കിൽ ഞങ്ങളുടെ പ്രശം
സ പരിധിക്കപ്പുറമാകുമായിരുന്നു; ക്രിസ്തുവി
ന്റെ സുവിശേഷവുമായി ഞങ്ങൾ നിങ്ങളുടെ
അടുക്കൽവരെ വന്നുവല്ലോ. 15മറ്റുള്ളവർ
ചെയ്ത പ്രവർത്തനത്തെപ്പറ്റിയും ഞങ്ങൾ പരി
ധിവിട്ട് അഭിമാനിക്കുന്നില്ല. നിങ്ങളുടെ വിശ്വാ
സം വർദ്ധിക്കുമ്പോൾ നിങ്ങളുടെ ഇടയിൽ
ഞങ്ങളുടെ പ്രവർത്തനമേഖല വികസിക്കു
മെന്നു ഞങ്ങൾ പ്രത്യാശിക്കുന്നു. 16അപ്പോൾ
നിങ്ങളുടെ പ്രദേശത്തിനപ്പുറമുള്ള മേഖലകളി
ലും സുവിശേഷം അറിയിക്കുവാൻ ഞങ്ങൾക്കി
ടയാകും; മറ്റൊരാളുടെ മേഖലയിൽ നടന്ന

[a] 9 സങ്കീർത്തനം 112:9

പ്രവർത്തനം സംബന്ധിച്ചു ഞങ്ങൾ പുകഴുന്നില്ല. 17"പ്രശംസിക്കുന്നവർ കർത്താവിൽ പ്രശംസിക്കട്ടെ."[a] 18തന്നെത്താൻ പുകഴ്ത്തുന്നവനല്ല, കർത്താവു പുകഴ്ത്തുന്നവനാണു കൊള്ളാവുന്നവൻ.

വ്യാജ അപ്പൊസ്തലന്മാർ

11 എന്റെ അല്പഭോഷത്തം നിങ്ങൾ ക്ഷമിക്കുമെന്നു ഞാൻ പ്രതീക്ഷിക്കുന്നു; ഇപ്പോൾത്തന്നേ ക്ഷമിക്കുന്നുണ്ടല്ലോ. 2ദൈവിക തീക്ഷ്ണതയോടെ ഞാൻ നിങ്ങളെപ്പറ്റി ആശങ്കാകുലനായിരിക്കുന്നു. ക്രിസ്തു എന്ന ഏകപുരുഷനു ഞാൻ നിങ്ങളെ നിർമ്മലകന്യകയായി ഏല്പിച്ചുകൊടുക്കുവാൻ വിവാഹനിശ്ചയം ചെയ്തു. 3എന്നാൽ സർപ്പം ഹവ്വായെ കൗശലത്താൽ വഞ്ചിച്ചതുപോലെ നിങ്ങളുടെ മനസ്സ് ക്രിസ്തുവിനോടുള്ള ഏകാഗ്രവും ശുദ്ധവുമായ ഭക്തി വിട്ടു തെറ്റിപ്പോകുമോ എന്നു ഞാൻ ഭയപ്പെടുന്നു. 4ആരെങ്കിലും നിങ്ങളുടെ അടുക്കൽവന്നു ഞങ്ങൾ പ്രസംഗിച്ച യേശുവിനെ അല്ലാതെ വേറൊരു യേശുവിനെ പ്രസംഗിക്കുകയോ നിങ്ങൾ നേരത്തേ പ്രാപിച്ചതിൽനിന്നും വ്യത്യസ്തമായ ഒരാത്മാവിനെ പ്രാപിക്കുകയോ നേരത്തേ അംഗീകരിച്ചതിൽനിന്നു വ്യത്യസ്തമായ മറ്റൊരു സുവിശേഷം സ്വീകരിക്കുകയോ ചെയ്താൽ നിങ്ങൾ വേഗത്തിൽ അതിനോട് ഇണങ്ങിച്ചേരുന്നുണ്ടല്ലോ. 5അതിശ്രേഷ്ഠരായ ഈ അപ്പൊസ്തലന്മാരെക്കാൾ അല്പമെങ്കിലും ഞാൻ താഴ്ന്നവനാണെന്നു കരുതുന്നില്ല. 6ഞാൻ പരിശീലനം ലഭിച്ച പ്രസംഗകൻ അല്ലായിരിക്കാം, എങ്കിലും പരിജ്ഞാനം ഉള്ളവൻ തന്നേ. ഇതു ഞങ്ങൾ എല്ലാവിധത്തിലും നിങ്ങൾക്കു തെളിയിച്ചു തന്നിട്ടുള്ളതാണ്.

7പ്രതിഫലം പറ്റാതെ ദൈവത്തിന്റെ സുവിശേഷം അറിയിച്ചുകൊണ്ടു നിങ്ങളെ ഉയർത്തുവാൻ വേണ്ടി എന്നെത്തന്നേ താഴ്ത്തിയത് എന്റെ ഭാഗത്ത് ഒരു പാപമായിപ്പോയോ? 8നിങ്ങളെ ശുശ്രൂഷിപ്പാൻ സാധിക്കേണ്ടതിനു ഞാൻ മറ്റു സഭകളെ കവർന്ന് അവരിൽനിന്നു സഹായം സ്വീകരിച്ചു. 9നിങ്ങളോടുകൂടെ ആയിരുന്നപ്പോൾ ബുദ്ധിമുട്ടുകൾ ഉണ്ടായിട്ടും നിങ്ങളിൽ ആർക്കും ഞാൻ ഭാരമായിത്തീർന്നിട്ടില്ല; മാസിഡോണിയായിൽനിന്നു വന്ന സഹോദരർ എന്റെ ആവശ്യങ്ങൾ നിറവേറ്റിത്തന്നു. നിങ്ങൾക്ക് ഒരു വിധത്തിലും ഭാരമാകാതെ ഞാൻ എന്നെത്തന്നേ സൂക്ഷിച്ചു; മേലിലും സൂക്ഷിക്കും. 10എന്റെ ഈ പ്രശംസ ഇല്ലാതാക്കുവാൻ അഖായപ്രദേശങ്ങളിലുള്ള ആർക്കും സാധ്യമല്ല എന്നത് എന്നിലുള്ള ക്രിസ്തുവിൻ സത്യം പോലെതന്നേ സുനിശ്ചിതമാണ്. 11അതെന്തുകൊണ്ട്? ഞാൻ നിങ്ങളെ സ്നേഹിക്കാത്തതുകൊണ്ടാണോ? ഞാൻ സ്നേഹിക്കുന്നുവെന്നു ദൈവം അറിയുന്നു. 12ചിലർ അഭിമാനം കൊള്ളുന്ന കാര്യങ്ങളിൽ അവർ ഞങ്ങളോടു സമന്മാർ എന്നു പരിഗണിക്കപ്പെടുവാൻ അവസരം കാത്തിരിക്കുകയാണ്. അതിന് ഇടകൊടുക്കാതിരിക്കാൻ, ഞാൻ ചെയ്തുപോരുന്നതു മേലിലും ചെയ്യും.

13അവർ കള്ളഅപ്പൊസ്തലന്മാർ, വഞ്ചകരായ വേലക്കാർ, ക്രിസ്തുവിന്റെ അപ്പൊസ്തലന്മാരുടെ വേഷം കെട്ടുന്നവർ തന്നേ. 14സാത്താൻതന്നേയും വെളിച്ചദൂതന്റെ വേഷം ധരിക്കുന്നുവെങ്കിൽ അതിലെന്ത് അത്ഭുതം? 15ആകയാൽ അവന്റെ വേലക്കാർ നീതിയുടെ വേഷം ധരിക്കുന്നതിലും ആശ്ചര്യപ്പെടാനില്ല. അവരുടെ അവസാനം അവരുടെ പ്രവൃത്തികൾക്കു തക്കതായിരിക്കും.

സ്വന്തം കഷ്ടതകളെപ്പറ്റി പൗലൊസിന്റെ പ്രശംസ

16ഞാൻ വീണ്ടും പറയട്ടെ: എന്നെ ഒരു ഭോഷൻ എന്ന് ആരും കരുതരുത്; കരുതുന്നുവെങ്കിൽ, ഒരു ഭോഷനെ എന്നപോലെ എന്നെ സ്വീകരിച്ചുകൊൾവിൻ. അപ്പോൾ കുറച്ചൊന്നു പ്രശംസിക്കുവാൻ എനിക്കു കഴിയുമല്ലോ. 17ആത്മവിശ്വാസത്തോടെയുള്ള ഈ പ്രശംസയിൽ ഞാൻ കർത്താവിന്റെ ഹിതപ്രകാരമല്ല, ഒരു ഭോഷനെപ്പോലെയാണു സംസാരിക്കുന്നത്. 18ജഡപ്രകാരം പലരും പ്രശംസിക്കുന്നതുകൊണ്ടു ഞാനും പ്രശംസിക്കുന്നു. 19നിങ്ങൾ ജ്ഞാനികൾ ആയിരിക്കെ സന്തോഷപൂർവ്വം ഭോഷന്മാരെ വഹിക്കുന്നുവല്ലോ! 20വാസ്തവം പറഞ്ഞാൽ, ഒരുവൻ നിങ്ങളെ അടിമപ്പെടുത്തുകയോ, ചൂഷണം ചെയ്യുകയോ, മുതലെടുക്കുകയോ, നിങ്ങളുടെ ഇടയിൽ മേധാവിചമയുകയോ, നിങ്ങളുടെ മുഖത്തടിക്കുകയോ ചെയ്താലും നിങ്ങൾ അതെല്ലാം സഹിക്കുന്നു! 21ഞങ്ങൾക്കതിനുള്ള കഴിവില്ലായിരുന്നു എന്നു ഞാൻ ലജ്ജയോടെ സമ്മതിക്കുന്നു.

മറ്റാരെങ്കിലും പ്രശംസിക്കുവാൻ മുതിരുന്ന കാര്യത്തിൽ ഒരു ഭോഷനെപ്പോലെ ഞാൻ പറയട്ടെ; ഞാനും പ്രശംസിക്കാൻ മുതിരുന്നു. 22അവർ എബ്രായരോ? ഞാനും അങ്ങനെതന്നേ. അവർ യിസ്രായേല്യരോ? ഞാനും അതേ. അവർ അബ്രാഹാമിന്റെ പിൻഗാമികളോ? ഞാനും അതുതന്നേ. 23അവർ ക്രിസ്തുവിന്റെ ദാസരോ? (സുബോധമില്ലാത്തവനെപ്പോലെ ഞാൻ പറയുന്നു) ഞാൻ മികച്ച ദാസൻ തന്നേ. ഞാൻ അധികം

[a] 10:17 യിരമ്യാവ് 9:24

അധ്വാനിച്ചു. ഏറെത്തവണ തടങ്കലിലായി. ഏറെ ക്രൂരമായി ചാട്ടയടി ഏറ്റു, വീണ്ടും വീണ്ടും മരണഭീതിക്ക് അധീനനായിത്തീർന്നു. 24അഞ്ചു പ്രാവശ്യം യഹൂദരാൽ ഞാൻ ഒന്നുകുറയെ നാല്പത് അടിയേറ്റു. 25മൂന്നുതവണ കോലി നാൽ അടികൊണ്ടു. ഒരിക്കൽ കല്ലേറ് ഏറ്റു. മൂന്നുപ്രാവശ്യം കപ്പലപകടത്തിൽ പെട്ടു. ഒരു രാത്രിയും ഒരുപകലും കടലിൽ കിടന്നു. 26വിശ്രമം ഇല്ലാതെ യാത്ര ചെയ്തു. നദികളിലെ ആപത്ത്, കൊള്ളക്കാരാലുള്ള ആപത്ത്, സ്വജനത്തിൽനിന്നുള്ള ആപത്ത്, വിജാതീയരിൽനിന്നുള്ള ആപത്ത്, നഗരത്തിലെ ആപത്ത്, വിജനസ്ഥലങ്ങളിലെ ആപത്ത്, സമുദ്രത്തിലെ ആപത്ത്, കള്ളസഹോദരരിൽ നിന്നുള്ള ആപത്ത് എന്നിവയിലെല്ലാം ഞാൻ അകപ്പെട്ടു. 27ഞാൻ അധ്വാനിക്കുകയും ക്ലേശം സഹിച്ചു പണിയെടുക്കുകയും മിക്കപ്പോഴും ഉറക്കമിളയ്ക്കുകയും ചെയ്തിട്ടുണ്ട്. വിശപ്പും ദാഹവും സഹിച്ചു, ആഹാരമില്ലാതെ വലഞ്ഞു; ശൈത്യവും നഗ്നതയും സഹിക്കേണ്ടിവന്നു. 28ഇവയ്ക്കെല്ലാം പുറമേ എല്ലാസഭകളെയും കുറിച്ചുള്ള ചിന്താഭാരം എന്ന സമ്മർദ്ദവും ദിനംതോറും ഞാൻ സഹിക്കുന്നു. 29ആരു ബലഹീനനായിട്ട് ഞാൻ ബലഹീനൻ ആകാതിരിക്കുന്നു? ആര് ഇടറിപ്പോയിട്ടു എന്റെ ഹൃദയം എരിയാതിരിക്കുന്നു?

30എനിക്കു പ്രശംസിക്കണമെങ്കിൽ, എന്റെ ബലഹീനതകളെ സംബന്ധിച്ചു ഞാൻ പ്രശംസിക്കും. 31എന്നേക്കും വാഴ്ത്തപ്പെടുന്നവനായ നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ ദൈവവും പിതാവുമായവൻ, ഞാൻ പറയുന്നതു വ്യാജമല്ല എന്നറിയുന്നു. 32ദമസ്കോസിൽവച്ച് അരേതാരാജാവിന്റെ കീഴിലുള്ള ഗവർണർ എന്നെ പിടികൂടുന്നതിനായി ദമസ്കനഗരത്തിനു കാവൽ ഏർപ്പെടുത്തി. 33എന്നാൽ എന്നെ കുട്ടയിലാക്കി മതിലിലുള്ള ഒരു ജനാലയിലൂടെ താഴേയ്ക്കിറക്കുകയും ഞാൻ അയാളുടെ കൈകളിൽനിന്നു രക്ഷപ്പെട്ടുപോരികയും ചെയ്തു.

പൗലൊസിന്റെ ദർശനവും
ജഡത്തിലെ ശൂലവും

12 പ്രശംസകൊണ്ടു പ്രയോജനമില്ലെങ്കിലും അത് ആവശ്യമായിരിക്കുന്നു. ഞാൻ കർത്താവിൽനിന്നുള്ള ദർശനങ്ങളിലേക്കും വെളിപ്പാടുകളിലേക്കും ഇനി കടക്കട്ടെ. 2ക്രിസ്തുവിലുള്ള ഒരു മനുഷ്യനെ എനിക്കറിയാം. പതിന്നാലു വർഷംമുമ്പ് അയാൾ മൂന്നാം സ്വർഗ്ഗത്തോളം എടുക്കപ്പെട്ടു. അതു ശരീരത്തോടുകൂടിയോ ശരീരംകൂടാതെയോ എന്ന് എനിക്കറിഞ്ഞുകൂടാ, ദൈവത്തിനറിയാം. 3ആ മനുഷ്യൻ പറുദീസയോളം എടുക്കപ്പെട്ടു. ശരീരത്തോടുകൂടിയോ ശരീരം കൂടാതെയോ എന്ന് എനിക്കറിഞ്ഞുകൂടാ, ദൈവം അറിയുന്നു. 4അവാച്യവും ഉച്ചരിച്ചുകൂടാത്തതുമായ കാര്യങ്ങൾ അയാൾ കേട്ടു. 5ആ മനുഷ്യനെക്കുറിച്ചു ഞാൻ അഭിമാനിക്കും; എന്നെക്കുറിച്ചോ, എന്റെ ബലഹീനതകളുടെ കാര്യത്തിലല്ലാതെ ഞാൻ അഭിമാനിക്കുകയില്ല. 6പ്രശംസിക്കണമെന്ന് ആഗ്രഹിച്ചാൽപ്പോലും ഞാൻ ഭോഷനാകുകയില്ല. സത്യമായിരിക്കും ഞാൻ പറയുന്നത്. എങ്കിലും, പ്രവർത്തിക്കുന്നതിനും പ്രസ്താവിക്കുന്നതിനും അപ്പുറമായി ആരും എന്നെക്കുറിച്ചു ചിന്തിക്കാതിരിക്കേണ്ടതിനു ഞാൻ അതിൽനിന്നു പിൻവാങ്ങുകയാണ്.

7അതിമഹത്തായ ഈ വെളിപാടുകളാൽ ഞാൻ നിഗളിച്ചുപോകാതിരിക്കുവാൻ എനിക്കു ജഡത്തിൽ ഒരു ശൂലം നല്കപ്പെട്ടിരിക്കുന്നു, എന്നെ പീഡിപ്പിക്കുവാൻ സാത്താന്റെ ദൂതനെത്തന്നേ. 8അത് എന്നിൽനിന്നു നീക്കിക്കളയണമേ എന്നു മൂന്നുപ്രാവശ്യം ഞാൻ കർത്താവിനോട് അപേക്ഷിച്ചു. 9എന്നാൽ അവിടുന്ന് എന്നോട്, "എന്റെ കൃപ നിനക്കുമതി, എന്റെ ശക്തി ബലഹീനതയിൽ തികഞ്ഞുവരുന്നു" എന്നു പറഞ്ഞു. അതുകൊണ്ടു ക്രിസ്തുവിന്റെ ശക്തി എന്റെമേൽ ആവസിക്കേണ്ടതിനു ഞാൻ അധികം സന്തോഷത്തോടെ എന്റെ ബലഹീനതകളെപ്പറ്റി പ്രശംസിക്കും. 10തന്മൂലമാണ് ക്രിസ്തുവിനുവേണ്ടിയുള്ള ബലഹീനതകൾ, പരിഹാസങ്ങൾ, ഞെരുക്കങ്ങൾ, പീഡനങ്ങൾ, വൈഷമ്യങ്ങൾ എന്നിവയിൽ ഞാൻ ആനന്ദിക്കുന്നത്. എന്തെന്നാൽ ബലഹീനനായിരിക്കുമ്പോൾത്തന്നേ ഞാൻ ശക്തനാകുന്നു.

കൊരിന്ത്യരെപ്പറ്റി
പൗലൊസിനുള്ള കരുതൽ

11ഞാൻ എന്നെത്തന്നേ ഒരു ഭോഷനാക്കി; നിങ്ങളാണ് അതിലേക്ക് എന്നെ നയിച്ചത്. നിങ്ങൾ എന്നെ പുകഴ്ത്തേണ്ടതായിരുന്നു; എന്തുകൊണ്ടെന്നാൽ, ഞാൻ നിസ്സാരനെങ്കിലും 'അതിശ്രേഷ്ഠരായ' അപ്പൊസ്തലന്മാരെക്കാൾ ഒട്ടും താഴ്ന്നവനല്ല. 12അപ്പൊസ്തലന്റെ ലക്ഷണങ്ങളായ അത്ഭുതങ്ങളും അടയാളങ്ങളും വീര്യപ്രവൃത്തികളും മഹാസഹിഷ്ണുതയോടുകൂടി നിങ്ങളുടെ ഇടയിൽ വെളിപ്പെട്ടിരിക്കുന്നുവല്ലോ. 13ഞാൻ നിങ്ങൾക്ക് ഒരിക്കലും ഭാരമായിത്തീർന്നില്ല എന്നുള്ളതല്ലാതെ മറ്റു സഭകളെക്കാൾ നിങ്ങൾക്കു ഏതു കാര്യത്തിലാണ് കുറവു വന്നിട്ടുള്ളത്? ഈ തെറ്റ് എന്നോടു ക്ഷമിച്ചാലും!

14ഇപ്പോൾ, മൂന്നാം പ്രാവശ്യം നിങ്ങളെ സന്ദർശിക്കാൻ ഞാൻ ഒരുങ്ങിയിരിക്കുകയാണ്;

ഞാൻ നിങ്ങൾക്ക് ഒരു ഭാരമാവുകയില്ല, കാരണം, എനിക്കു വേണ്ടതു നിങ്ങൾക്കുള്ളവയേയല്ല, നിങ്ങളെത്തന്നേയാണ്. അമ്മയപ്പന്മാർക്കുവേണ്ടി മക്കളല്ല, മക്കൾക്കു വേണ്ടി അമ്മയപ്പന്മാരത്രേ സമ്പാദിച്ചുവയ്ക്കേണ്ടത്. 15അതുകൊണ്ടു ഞാൻ എനിക്കുള്ളതെല്ലാം വളരെ സന്തോഷത്തോടെ നിങ്ങൾക്കുവേണ്ടി ചിലവാക്കുകയും ഞാൻതന്നേ നിങ്ങൾക്കായി ചിലവായിപ്പോകയും ചെയ്യും. ഞാൻ നിങ്ങളെ അധികമായി സ്നേഹിച്ചാൽ നിങ്ങൾ എന്നെ അല്പമായിട്ടോ സ്നേഹിക്കുന്നത്? 16അതെന്തായാലും ഞാൻ നിങ്ങളെ ഭാരപ്പെടുത്തിയില്ല; എന്നിട്ടും നിങ്ങൾ കരുതുന്നത് ഞാൻ കൗശലക്കാരനായി നിങ്ങളെ വഞ്ചിച്ചുവെന്നോ? 17നിങ്ങളുടെ അടുക്കൽ അയച്ച ആരിൽക്കൂടെയെങ്കിലും ഞാൻ നിങ്ങളെ ചൂഷണം ചെയ്തിട്ടുണ്ടോ? 18ഞാൻ തീത്തോസിനെ അങ്ങോട്ടു പറഞ്ഞയച്ചു, ഒരു സഹോദരനെയും അയാളോടുകൂടെ അയച്ചു. തീത്തോസ് നിങ്ങളെ വഞ്ചിച്ചുവോ? ഞങ്ങൾ ഒരേ മനോഭാവത്തോടെ പ്രവർത്തിക്കുകയും ഒരേ മാർഗ്ഗം പിന്തുടരുകയുമല്ലേ ചെയ്തത്?

19ഞങ്ങൾ ഇത്രത്തോളം ഞങ്ങളെത്തന്നേ ന്യായീകരിക്കുകയായിരുന്നുവെന്നാണോ നിങ്ങൾ ചിന്തിച്ചുകൊണ്ടിരുന്നത്? വാസ്തവത്തിൽ ക്രിസ്തുവിൽ ജീവിക്കുന്നവർ എന്ന നിലയിൽ ദൈവമുമ്പാകെയാണ് ഞങ്ങൾ സംസാരിച്ചുകൊണ്ടിരുന്നത്. പ്രിയ സ്നേഹിതരേ, അവയെല്ലാം നിങ്ങളുടെ ആത്മീയ പോഷണത്തിനു വേണ്ടിയാണ്. 20ഞാൻ വരുമ്പോൾ, ഞാൻ ഇഷ്ടപ്പെടാത്ത വിധത്തിൽ നിങ്ങളെ കാണുകയും നിങ്ങൾക്ക് ഇഷ്ടമില്ലാത്തവിധത്തിൽ നിങ്ങൾ എന്നെ കാണുകയും ചെയ്യുമോ എന്നു ഭയപ്പെടുന്നു; ശണ്ഠ, ഈർഷ്യ, ക്രോധം, ഭിന്നത, അപവാദം, ഏഷണി, അഹങ്കാരം, കലഹം എന്നിവ ഉണ്ടായിരിക്കുമോയെന്നും എനിക്കു ആശങ്കയുണ്ട്. 21ഞാൻ വീണ്ടും വരുമ്പോൾ എന്റെ ദൈവം എന്നെ നിങ്ങളുടെ മുമ്പിൽ താഴ്ത്തുമെന്നും, പാപം ചെയ്തിട്ടു തങ്ങൾ ഏർപ്പെട്ടിരുന്ന അശുദ്ധി, ലൈംഗികാധർമ്മം, വ്യഭിചാരം എന്നിവയെപ്പറ്റി അനുതപിക്കാത്തപലരെപ്പറ്റിയും സങ്കടപ്പെടേണ്ടിവരുമെന്നും ഞാൻ ഭയപ്പെടുന്നു.

അവസാന മുന്നറിയിപ്പുകൾ

13 ഇപ്പോൾ മൂന്നാംതവണയാണു ഞാൻ നിങ്ങളെ സന്ദർശിക്കുവാൻ പോകുന്നത്. "ഏതു കാര്യവും രണ്ടോമൂന്നോ സാക്ഷികളുടെ മൊഴിയാൽ ഉറപ്പാക്കേണ്ടതാണ്." [a] 2ഇനി ഞാൻ അവിടെ വരുമ്പോൾ, മുമ്പു പാപം ചെയ്തവരോടും മറ്റ് ആരോടും വിട്ടുവീഴ്ച കാണിക്കുകയില്ല. ക്രിസ്തു എന്നിലൂടെ സംസാരിക്കുന്നുവെന്നതിനു നിങ്ങൾ ആവശ്യപ്പെട്ട തെളിവായിരിക്കും അത്. 3നിങ്ങളോട് ഇടപെടുന്നതിൽ ക്രിസ്തു ബലഹീനനല്ല, നിങ്ങളുടെയിടയിൽ അവിടുന്ന് ശക്തൻതന്നേ. 4ബലഹീനതയിൽ അവിടുന്ന് ക്രൂശിക്കപ്പെട്ടുവെങ്കിലും ദൈവശക്തിയാൽ ജീവിക്കുന്നു. അതുപോലെ ഞങ്ങളും ക്രിസ്തുവിൽ ബലഹീനരെങ്കിലും നിങ്ങളെ ശുശ്രൂഷിക്കേണ്ടതിനു ദൈവത്തിന്റെ ശക്തിയാൽ ക്രിസ്തുവിനോടുകൂടെ ജീവിക്കുന്നു.

5നിങ്ങൾ വിശ്വാസത്തിൽത്തന്നെയോ എന്നു നിങ്ങളെത്തന്നേ പരിശോധിക്കുവിൻ. നിങ്ങളെത്തന്നേ ശോധന ചെയ്യുവിൻ. ഇല്ലെങ്കിൽ ഈ പരീക്ഷയിൽ നിങ്ങൾ തോറ്റിരിക്കുന്നു. ക്രിസ്തുയേശു നിങ്ങളിലുണ്ട് എന്നു നിങ്ങൾ അറിയുന്നില്ലേ? 6ഈ പരീക്ഷയിൽ ഞങ്ങൾ തോറ്റിട്ടില്ല എന്ന് നിങ്ങൾ മനസ്സിലാക്കുമെന്നു ഞാൻ ആശിക്കുന്നു. 7നിങ്ങൾ ഒരു തിന്മയും ചെയ്യാതിരിക്കാൻ ഞങ്ങൾ ദൈവത്തോടു പ്രാർത്ഥിക്കുന്നു. ഞങ്ങൾ പരീക്ഷയിൽ പതറിയിട്ടില്ല എന്നു ജനങ്ങൾ കാണണമെന്നല്ല, പിന്നെയോ ഞങ്ങൾ പരാജിതരായി കാണപ്പെട്ടാൽപോലും നിങ്ങൾ നന്മചെയ്യുന്നവരായിരിക്കണം എന്നതിനത്രേ. 8സത്യത്തിന് അനുകൂലമായിട്ടല്ലാതെ പ്രതികൂലമായി ഒന്നും ചെയ്യുവാൻ ഞങ്ങൾക്കു കഴിവില്ല. 9ഞങ്ങൾ ബലഹീനരും നിങ്ങൾ ശക്തരും ആയിരിക്കുമ്പോൾ ഞങ്ങൾ സന്തോഷിക്കുന്നു; നിങ്ങൾ പരിപൂർണ്ണത പ്രാപിക്കുന്നതിനായി ഞങ്ങൾ പ്രാർത്ഥിക്കുന്നു. 10കർത്താവ് എനിക്കു തന്ന അധികാരം നിങ്ങളുടെ ആത്മികവർദ്ധനയ്ക്കു വേണ്ടിയുള്ളതാണ്. നിങ്ങളെ ഇടിച്ചുകളയുവാനല്ല, ഞാൻ വരുമ്പോൾ ഈ അധികാരം ഉപയോഗിക്കുന്നതിൽ കാർക്കശ്യം വരാതിരിക്കുവാനാണ് അകലെ ഇരുന്ന് ഈ കാര്യങ്ങൾ എഴുതുന്നത്.

അഭിവാദനങ്ങൾ

11ഒടുവിൽ സഹോദരരേ, നിങ്ങൾക്കു വന്ദനം. പൂർണ്ണത ലക്ഷ്യമാക്കുവിൻ, ആശ്വസിച്ചുകൊള്ളുവിൻ. ഒരേ മനസ്സുള്ളവരായി സമാധാനത്തിൽ ജീവിക്കുവിൻ. 12വിശുദ്ധചുംബനത്താൽ അന്യോന്യം അഭിവാദനം ചെയ്യുവിൻ. 13സകല വിശുദ്ധരും നിങ്ങളെ അഭിവാദനം ചെയ്യുന്നു. 14കർത്താവായ യേശുക്രിസ്തുവിന്റെ കൃപയും ദൈവത്തിന്റെസ്നേഹവും പരിശുദ്ധാത്മാവിന്റെ കൂട്ടായ്മയും നിങ്ങളെല്ലാവരോടുംകൂടെ ഉണ്ടായിരിക്കട്ടെ.

[a] 1 ആവർത്തനം 19:15

ഗലാത്യർ

1 മനുഷ്യരിൽനിന്നോ മനുഷ്യനാലോ അല്ല,
യേശുക്രിസ്തുവിനാലും അദ്ദേഹത്തെ മരിച്ചവരിൽനിന്ന് ഉയിർപ്പിച്ച പിതാവായ ദൈവത്താലുംതന്നെ അപ്പൊസ്തലൻ ആയ പൗലൊസും 2കൂടെയുള്ള സകല സഹോദരന്മാരും,

ഗലാത്യസഭകൾക്ക് എഴുതുന്നത്:

3പിതാവായ ദൈവത്തിൽനിന്നും, നമ്മുടെ പിതാവും ദൈവവുമായവന്റെ ഇഷ്ടപ്രകാരം ഈ ദുഷ്ടലോകത്തിൽനിന്നു നമ്മെ വീണ്ടെടുക്കുന്നതിനു നമ്മുടെ പാപങ്ങൾ നിമിത്തം തന്നെത്താൻ ഏല്പിച്ചുകൊടുത്ത 4കർത്താവായ യേശുക്രിസ്തുവിൽനിന്നും നിങ്ങൾക്കു കൃപയും സമാധാനവും ഉണ്ടാകട്ടെ. 5അവിടുത്തേക്ക് എന്നെന്നേക്കും മഹത്ത്വം, ആമേൻ.

മറ്റൊരു സുവിശേഷവുമില്ല

6ക്രിസ്തുവിന്റെ കൃപയാൽ നിങ്ങളെ വിളിച്ചവനെ വിട്ട് ഇത്രവേഗം നിങ്ങൾ വേറൊരു സുവിശേഷത്തിലേക്കു തിരിയുന്നതിൽ ഞാൻ ആശ്ചര്യപ്പെടുന്നു. 7അതു വാസ്തവത്തിൽ സുവിശേഷമേയല്ല. ചിലർ നിങ്ങളെ ചിന്താക്കുഴപ്പത്തിലാക്കി ക്രിസ്തുവിന്റെ സുവിശേഷം കോട്ടിക്കളയുവാൻ ശ്രമിക്കുകയത്രേ ചെയ്യുന്നത്. 8എന്നാൽ ഞങ്ങൾ നിങ്ങളോടു അറിയിച്ചത് അല്ലാതെ മറ്റൊരു സുവിശേഷം ഞങ്ങളോ സ്വർഗ്ഗത്തിൽനിന്നുള്ള ഒരു ദൂതനോ അറിയിച്ചാൽ അയാൾ ശപിക്കപ്പെട്ടവൻ. 9ഞങ്ങൾ മുമ്പേ പറഞ്ഞതുപോലെതന്നേ ഇപ്പോൾ ഞാൻ വീണ്ടും പറയുകയാണ്: നിങ്ങൾ സ്വീകരിച്ചത് അല്ലാതെ വേറൊരു സുവിശേഷം ആരെങ്കിലും നിങ്ങളോട് അറിയിച്ചാൽ അയാൾ ശപിക്കപ്പെട്ടവൻ.

10ഞാൻ ഇപ്പോൾ മനുഷ്യരെയോ ദൈവത്തെയോ പ്രസാദിപ്പിക്കുന്നത്? മനുഷ്യരെയാണോ ഞാൻ പ്രസാദിപ്പിക്കുവാൻ ശ്രമിക്കുന്നത്? ഇപ്പോഴും മനുഷ്യരെ പ്രസാദിപ്പിക്കുന്നുവെങ്കിൽ ഞാൻ ക്രിസ്തുവിന്റെ ദാസൻ ആകുകയില്ല.

പൗലൊസിന്റെ വിളി

11സഹോദരരേ, ഞാൻ അറിയിച്ച സുവിശേഷം മാനുഷമല്ല എന്നു നിങ്ങൾ അറിയണമെന്നു ഞാൻ ആഗ്രഹിക്കുന്നു. 12ഞാൻ അതു മനുഷ്യനിൽനിന്നല്ല പ്രാപിച്ചത്, ആരും എന്നെ പഠിപ്പിച്ചതുമല്ല; യേശുക്രിസ്തുവിൽനിന്നുള്ള വെളിപ്പാടിനാൽ അത്രേ പ്രാപിച്ചത്.

13യഹൂദമതത്തിലെ എന്റെ മുൻകാല **ജീ**വിതരീതിയെപ്പറ്റി നിങ്ങൾ കേട്ടിട്ടുണ്ടല്ലോ. ഞാൻ ദൈവസഭയെ കഠിനമായി പീഡിപ്പിക്കുകയും നശിപ്പിക്കാൻ ശ്രമിക്കുകയും ചെയ്തു. 14എന്റെ സമപ്രായക്കാരായ പലരെക്കാളും ഞാൻ യഹൂദമതത്തിൽ അധികം ശുഷ്കാന്തി കാണിച്ചിരുന്നു. എന്റെ പിതൃപാരമ്പര്യങ്ങളെ കുറിച്ചു ഞാൻ അത്യന്തം തീക്ഷ്ണതയുള്ളവനുമായിരുന്നു. 15എന്നാൽ അമ്മയുടെ ഗർഭംമുതൽ എന്നെ വേർതിരിച്ച ദൈവം, തന്റെ കൃപയാൽ എന്നെ വിളിച്ച്, തന്റെ പുത്രനെക്കുറിച്ചുള്ള സുവിശേഷം ഞാൻ വിജാതീയരുടെ ഇടയിൽ അറിയിക്കേണ്ടതിന് 16അദ്ദേഹത്തെ എന്നിൽ വെളിപ്പെടുത്തുവാൻ പ്രസാദിച്ചപ്പോൾ, ഞാൻ മനുഷ്യരോട് ആലോചന ചോദിക്കുകയോ 17എനിക്കുമുമ്പേ അപ്പൊസ്തലന്മാരായവരെ കാണാൻ യെരൂശലേമിലേക്കു പോകുകയോ ചെയ്തില്ല; ഞാൻ ഉടൻതന്നേ അറേബ്യയിലേക്കു പോകയും പിന്നെ ദമസ്കോസിലേക്കു മടങ്ങിപ്പോരുകയും ചെയ്തു.

18മൂന്നു വർഷത്തിനുശേഷം പത്രൊസിനെ[a] പരിചയപ്പെടുവാൻ ഞാൻ യെരൂശലേമിലേക്കു പോയി, അദ്ദേഹത്തോടുകൂടെ പതിനഞ്ചുദിവസം പാർത്തു. 19കർത്താവിന്റെ സഹോദരനായ യാക്കോബിനെ അല്ലാതെ അപ്പൊസ്തലന്മാരിൽ മറ്റാരെയും ഞാൻ കണ്ടില്ല. 20ഞാൻ നിങ്ങൾക്കെഴുതുന്നതു വ്യാജമല്ല എന്നതിനു ദൈവം സാക്ഷി. 21പിന്നീട് ഞാൻ സിറിയയിലേക്കും കിലിക്യയിലേക്കും പോയി. 22യഹൂദ്യയിലെ ക്രിസ്തുസഭകൾക്കു ഞാൻ അപരിചിതനായിരുന്നു. 23"മുമ്പെ നമ്മെ

[a] 18 ഗ്രീക്കിൽ കേഫാ

പീഡിപ്പിച്ചവൻ, ഒരിക്കൽ താൻ നശിപ്പിക്കാൻ
ശ്രമിച്ച വിശ്വാസം ഇപ്പോൾ അറിയിക്കുന്നു"
എന്നുമാത്രമേ അവർ എന്നെക്കുറിച്ചു കേട്ടി
രുന്നുള്ളു. 24എന്റെ നിമിത്തം അവർ ദൈവ
ത്തെ മഹത്ത്വപ്പെടുത്തി.

പൗലൊസിന് അപ്പൊസ്തലന്മാരുടെ
അംഗീകാരം

2 പതിന്നാലു വർഷങ്ങൾക്കുശേഷം
ബർന്നബാസിനോടൊപ്പം ഞാൻ തീത്തോ
സിനെയും കൂട്ടി വീണ്ടും യെരൂശലേമിലേക്കു
പോയി. 2ഒരു വെളിപ്പാട് അനുസരിച്ചാണു ഞാൻ
പോയത്. വിജാതീയരുടെ ഇടയിൽ ഞാൻ പ്രസം
ഗിക്കുന്ന സുവിശേഷം അവരോടു വിവരിച്ചു.
ഞാൻ ഓടിയതും ഇപ്പോൾ ഓടിക്കൊണ്ടിരി
ക്കുന്നതും വ്യർത്ഥമാകരുതെന്നു കരുതി പ്രമാ
ണികളോടു സ്വകാര്യമായിട്ട് ഇതറിയിച്ചു. 3എ
ന്നോടൊപ്പം ഉണ്ടായിരുന്ന തീത്തോസ് ഗ്രീക്കു
കാരൻ ആയിരുന്നെങ്കിലും അയാളെപ്പോലും
പരിച്ഛേദനമേല്ക്കാൻ ആരും നിർബ്ബന്ധിച്ചി
ല്ല. 4ക്രിസ്തുയേശുവിൽ ഞങ്ങൾക്കുള്ള സ്വാ
തന്ത്ര്യം ഒറ്റുനോക്കുവാനും ഞങ്ങളെ അടിമ
പ്പെടുത്തുവാനുമായി നുഴഞ്ഞുകയറിവന്ന
കള്ളസ്സഹോദരന്മാർ നിമിത്തമാണ് ഈ
പ്രശ്നമുണ്ടായത്. 5സുവിശേഷത്തിന്റെ
സത്യം നിങ്ങളോടുകൂടെ നിലനില്ക്കേണ്ടതി
നു ഞങ്ങൾ അല്പനേരംപോലും അവർക്കു
വഴങ്ങിക്കൊടുത്തില്ല.

6പ്രമാണികളായി കരുതപ്പെട്ടവരെക്കുറിച്ച്,
അവർ ആരുതന്നേ ആയിരുന്നാലും എനിക്കു
പ്രത്യേക പരിഗണനയൊന്നുമില്ല. ദൈവം മു
ഖപക്ഷം കാണിക്കുന്നില്ല. പ്രമാണികളിൽനിന്ന്
എനിക്കൊന്നും വിശേഷമായി ലഭിച്ചുമില്ല. 7മറി
ച്ച്, യഹൂദരോടു[a] സുവിശേഷം പ്രസംഗി
ക്കുന്നതിനുള്ള ചുമതല പത്രൊസിനെ ഏല്പി
ച്ചിരിക്കുന്നതുപോലെ വിജാതീയരോടുള്ള[b] സു
വിശേഷഘോഷണം എന്നെ ഏല്പിച്ചിരി
ക്കുന്നുവെന്ന് അവർ മനസ്സിലാക്കി. 8യഹൂ
ദരുടെ അപ്പൊസ്തലൻ എന്ന നിലയ്ക്ക് പത്രൊ
സിന്റെ ശുശ്രൂഷയിൽ വ്യാപരിച്ച ദൈവം വിജാ
തീയരുടെ അപ്പൊസ്തലനായ എന്റെ ശുശ്രൂ
ഷയിലും വ്യാപരിച്ചു. 9തൂണുകളായി അറിയ
പ്പെട്ടിരുന്ന യാക്കോബും കേഫാവും യോ
ഹന്നാനും എനിക്കു ലഭിച്ച ദൈവകൃപയെപ്പറ്റി
മനസ്സിലാക്കിയപ്പോൾ ഞങ്ങൾ വിജാതീ
യരുടെയും അവർ യഹൂദരുടെയും അടുക്ക
ലേക്കു പോകേണ്ടതിന് എനിക്കും ബർന്നബാ
സിനും കൂട്ടായ്മയുടെ വലങ്കൈ തന്നു.
10ദരിദ്രരെ ഓർത്തുകൊള്ളണം എന്നു
മാത്രമാണ് അവർ ഞങ്ങളോട് ആവശ്യപ്പെട്ടത്.
അതു ചെയ്യുന്നതിൽ ഞാനും ശുഷ്കാന്തി
നിലനിർത്തിയിരിക്കുന്നു.

പൗലൊസ് പത്രൊസിനെ എതിർക്കുന്നു

11എന്നാൽ പത്രൊസ് അന്ത്യോക്യയിൽ വന്ന
പ്പോൾ, അദ്ദേഹത്തിൽ കുറ്റം കണ്ടതിനാൽ
ഞാൻ അദ്ദേഹത്തോട് അഭിമുഖമായി
എതിർത്തുനിന്നു. 12യാക്കോബിന്റെ അടു
ക്കൽനിന്നു ചിലർ വരുന്നതിനുമുമ്പ് അദ്ദേഹം
വിജാതീയരുടെകൂടെ ഭക്ഷണം കഴിച്ചിരുന്നു.
എന്നാൽ അവർ വന്നതോടെ പരിച്
ഛേദനക്കാരെ ഭയന്ന് വിജാതീയരിൽനിന്നു
പിൻവാങ്ങി വേർപെട്ടു നിന്നു. 13മറ്റു യഹൂദരും
അദ്ദേഹത്തോടൊപ്പം കാപട്യം കാണിച്ചതിനാൽ
ബർന്നബാസ് പോലും വഴിതെറ്റിപ്പോയി.

14സുവിശേഷത്തിന്റെ സത്യം അനുസരിച്ച്
അവർ നേർവഴിയിൽ നടക്കുന്നില്ലെന്നു കണ്ട
പ്പോൾ ഞാൻ എല്ലാവരുടെയും മുന്നിൽവച്ചു
കേഫാവിനോടു ചോദിച്ചു: "അങ്ങ് ഒരു യഹൂ
ദനായിരിക്കെ, യഹൂദന്മാരെപ്പോലെയല്ല, വിജാ
തീയരെപ്പൊലെയാണു ജീവിച്ചുവരുന്ന
തെങ്കിൽ, യഹൂദമര്യാദ അനുസരിക്കുവാൻ വി
ജാതീയരെ നിർബ്ബന്ധിക്കുന്നതെന്ത്?

15"നാം വിജാതീയരായ പാപികൾ അല്ല,
ജന്മനാ യഹൂദരാണ്. 16എന്നാൽ യേശുക്രി
സ്തുവിലുള്ള വിശ്വാസത്താലല്ലാതെ ന്യായ
പ്രമാണത്താൽ മനുഷ്യൻ നീതീകരിക്ക
പ്പെടുന്നില്ലെന്നു നമുക്കറിയാം. അതുകൊണ്ടു
നാമും ന്യായപ്രമാണം ആചരിക്കുന്നതിനാലല്ല,
പിന്നെയോ ക്രിസ്തുവിലുള്ള വിശ്വാസത്താൽ
ത്തന്നേ നീതീകരിക്കപ്പെടേണ്ടതിനു ക്രി
സ്തുയേശുവിൽ വിശ്വാസം അർപ്പിച്ചിരി
ക്കുന്നു. ന്യായപ്രമാണത്തിന്റെ പ്രവൃത്തി
കളാൽ ഒരുവനും നീതീകരിക്കപ്പെടുകയില്ല.

17"ക്രിസ്തുവിൽ നീതീകരണം തേടുമ്പോൾ
നാംതന്നേ പാപികളെന്നു വരുന്നുവെങ്കിൽ ക്രി
സ്തു പാപത്തിന്റെ പരിപോഷകൻ എന്നോ?
ഒരിക്കലുമല്ല! 18ഞാൻ നശിപ്പിച്ചതു ഞാൻ ത
ന്നേ പണിയുന്നുവെങ്കിൽ ഞാൻ കുറ്റക്കാരൻ
എന്നു തെളിയിക്കുകയല്ലേ? 19ദൈവത്തി
നുവേണ്ടി ജീവിക്കേണ്ടതിനു ഞാൻ ന്യായപ്രമാ
ണം മുഖേന ന്യായപ്രമാണത്തിനു മരിച്ചു.
20ഞാൻ ക്രിസ്തുവിനോടു കൂടെ ക്രൂശിക്ക
പ്പെട്ടിരിക്കുന്നു. ഇനി ജീവിക്കുന്നതു ഞാനല്ല,
ക്രിസ്തുവത്രേ എന്നിൽ ജീവിക്കുന്നത്.
ഇപ്പോൾ ഞാൻ ശരീരത്തിൽ ജീവിക്കുന്നതോ
എന്നെ സ്നേഹിച്ച് എനിക്കുവേണ്ടി തന്നെ
ത്താൻ ഏല്പിച്ചുകൊടുത്ത ദൈവപുത്രനിലു
ള്ള വിശ്വാസത്താലാണ്. 21ഞാൻ ദൈവ
ത്തിന്റെ കൃപയെ വ്യർത്ഥമാക്കുന്നില്ല, ന്യായ

[a] 7 ഗ്രീക്കിൽ, *പരിച്ഛേദനക്കാരോട്* [b] 7 ഗ്രീക്കിൽ *അഗ്രചർമ്മികളോടുള്ള*. 8,9 വാക്യങ്ങളും കാണുക.

പ്രമാണത്തിലൂടെ നീതി ലഭിക്കുമെങ്കിൽ ക്രിസ്തു മരിച്ചതു വ്യർത്ഥമല്ലോ!"

വിശ്വാസമോ ന്യായപ്രമാണമോ?

3 ഹാ! ബുദ്ധികെട്ട ഗലാത്യരേ, ക്രിസ്തുയേശുവിനെ ക്രൂശിക്കപ്പെട്ടവനായി നിങ്ങളുടെ കണ്ണിൻമുമ്പിൽ വരച്ചുകാട്ടിയിരിക്കെ, നിങ്ങളെ ആഭിചാരത്താൽ വശീകരിച്ചത് ആര്? 2ഇതൊന്നുമാത്രം നിങ്ങളിൽനിന്നു ഗ്രഹിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു: ന്യായപ്രമാണത്തിൻറെ പ്രവൃത്തിയാലോ വിശ്വാസത്തിൻറെ പ്രസംഗത്താലോ നിങ്ങൾക്ക് ആത്മാവ് ലഭിച്ചത്? 3നിങ്ങൾ ഇത്ര ബുദ്ധിശൂന്യരോ? ആത്മാവിനാൽ ആരംഭിച്ചിട്ട് ഇപ്പോൾ ജഡംകൊണ്ടോ പൂർത്തിയാക്കുന്നത്? 4നിങ്ങൾ ഇത്രയെല്ലാം കഷ്ടം സഹിച്ചതു വെറുതേ എന്നോ? ഇതെല്ലാം നിഷ്ഫലപ്രയത്നമെന്നോ? 5എങ്കിൽ ദൈവം തൻറെ ആത്മാവിനെ നിങ്ങൾക്കു നല്കുന്നതും നിങ്ങളുടെ ഇടയിൽ അത്ഭുതങ്ങൾ പ്രവർത്തിക്കുന്നതും ന്യായപ്രമാണത്തിൻറെ പ്രവൃത്തിയാലോ അതോ വിശ്വാസത്തിൻറെ പ്രസംഗം കേട്ടതുകൊണ്ടോ?

6"അബ്രാഹാം ദൈവത്തിൽ വിശ്വസിച്ചു; അത് അദ്ദേഹത്തിനു നീതിയായി കണക്കിട്ടു"[a]എന്നുണ്ടല്ലോ? 7അതുകൊണ്ട്, വിശ്വസിക്കുന്നവരത്രേ അബ്രാഹാമിൻറെ മക്കൾ എന്ന് അറിഞ്ഞുകൊൾവിൻ. 8ദൈവം വിജാതീയരെ വിശ്വാസത്താൽ നീതീകരിക്കുന്നുവെന്നു തിരുവെഴുത്തു മുൻകണ്ടിട്ട്, "നിന്നിൽ സകല ജനതകളും അനുഗ്രഹിക്കപ്പെടും" [b]എന്നുള്ള സുവിശേഷം അബ്രാഹാമിനെ മുൻകൂട്ടി അറിയിച്ചു. 9അങ്ങനെ, വിശ്വാസികൾ വിശ്വാസിയായ അബ്രാഹാമിനോടൊപ്പം അനുഗ്രഹിക്കപ്പെടുന്നു.

10എന്നാൽ ന്യായപ്രമാണത്തിൻറെ പ്രവൃത്തിയിൽ ആശ്രയിക്കുന്ന ഏതൊരുവനും ശാപത്തിൻകീഴിലാണ്; "ന്യായപ്രമാണപുസ്തകത്തിൽ എഴുതിയിരിക്കുന്നതെല്ലാം ചെയ്യുവാൻ തക്കവണ്ണം അതിൽ നിലനിൽക്കാത്ത ഏവനും ശാപഗ്രസ്തൻ"[c] എന്ന് എഴുതിയിരിക്കുന്നുവല്ലോ. 11ന്യായപ്രമാണത്താൽ ആരും ദൈവസന്നിധിയിൽ നീതികരിക്കപ്പെടുകയില്ല എന്നതു സ്പഷ്ടം: "നീതിമാൻ വിശ്വാസത്താൽ ജീവിക്കും" [d]എന്നുണ്ടല്ലോ. 12ന്യായപ്രമാണമോ വിശ്വാസത്തിൽനിന്നല്ല ഉത്ഭവിക്കുന്നത്; "അതു ചെയ്യുന്നവൻ അതിനാൽ ജീവിക്കും"[e]എന്നുണ്ടല്ലോ. 13"മരത്തിന്മേൽതൂങ്ങുന്ന ഏവനും ശപിക്കപ്പെട്ടവൻ" [f]എന്ന് എഴുതിയിരിക്കുന്നതു പോലെ, ക്രിസ്തു നമുക്കുവേണ്ടി ശാപമായിത്തീർന്നു, ന്യായപ്രമാണത്തിൻറെ ശാപത്തിൽനിന്നു നമ്മെ വീണ്ടെടുത്തു; 14അബ്രാഹാമിൻറെ അനുഗ്രഹം ക്രിസ്തുയേശുവിൽ വിജാതീയർക്കു ലഭിക്കേണ്ടതിനു നാം ആത്മാവെന്ന വാഗ്ദാനം വിശ്വാസത്താൽ പ്രാപിക്കുവാൻതന്നേ.

ന്യായപ്രമാണവും വാഗ്ദാനവും

15സഹോദരരേ, മനുഷ്യരുടെയിടയിൽ നടപ്പുള്ള ഒരു ദൃഷ്ടാന്തം ഞാൻ പറയാം. ഒരു മനുഷ്യൻ ചെയ്യുന്ന ഉടമ്പടി പോലും ഉറപ്പാക്കിക്കഴിഞ്ഞാൽപിന്നെ അതിനെ അസാധുവാക്കുവാനോ അതിനോട് എന്തെങ്കിലും കൂട്ടിച്ചേർക്കുവാനോ ആർക്കും സാധ്യമല്ല. 16അബ്രാഹാമിനും അദ്ദേഹത്തിൻറെ സന്തതിക്കുമാണ് വാഗ്ദാനം ലഭിച്ചത്. "സന്തതികൾക്ക്" എന്ന് പലരെക്കുറിച്ചല്ല, "സന്തതിക്ക്"[g] എന്ന് ഒരുവനെക്കുറിച്ചാണു തിരുവെഴുത്തു പറയുന്നത്. അതു ക്രിസ്തു തന്നേ. 17ഞാൻ പറയുന്നതിൻറെ താല്പര്യം ഇതാണ്: നാനൂറ്റി മുപ്പതു വർഷത്തിനുശേഷമുണ്ടായ ന്യായപ്രമാണം ദൈവത്താൽ മുമ്പുകൂട്ടി ഉറപ്പിച്ച ഉടമ്പടിയെ അസാധുവാക്കുന്നില്ല. അങ്ങനെ ന്യായപ്രമാണം വാഗ്ദാനത്തെ ദുർബ്ബലമാക്കുന്നില്ല. 18ന്യായപ്രമാണത്തിനാലാണ് അവകാശം ലഭിക്കുന്നതെങ്കിൽ അതു വാഗ്ദാനത്താലല്ല. എന്നാൽ ദൈവം ഒരു വാഗ്ദാനത്തിലൂടെയാണ് അബ്രാഹാമിന് അവകാശം നല്കിയത്.

19എന്നാൽ, ന്യായപ്രമാണം എന്തിന്? വാഗ്ദത്തസന്തതി വരുന്നതുവരെ, ലംഘനങ്ങൾ നിമിത്തം കൂട്ടിച്ചേർത്തതും ദൂതന്മാരിലൂടെ മധ്യസ്ഥൻറെ കയ്യിൽ ഏല്പിച്ചതുമാണ് അത്. 20ഒരുവൻമാത്രമുള്ളപ്പോൾ മധ്യസ്ഥൻ ആവശ്യമില്ല; ദൈവമോ ഒരുവൻ മാത്രം.

21അപ്പോൾ ന്യായപ്രമാണം ദൈവത്തിൻറെ വാഗ്ദാനങ്ങൾക്കു വിരുദ്ധമോ? ഒരിക്കലുമല്ല. ജീവൻ നല്കുവാൻ പര്യാപ്തമായ ഒരു ന്യായപ്രമാണം നൽകപ്പെട്ടിരുന്നുവെങ്കിൽ അതിലൂടെ നീതീകരണം ലഭിക്കുമായിരുന്നു. 22എന്നാൽ വിശ്വസിക്കുന്നവർക്കു വാഗ്ദാനം യേശുക്രിസ്തുവിലെ വിശ്വാസംമൂലം ലഭിക്കേണ്ടതിനു തിരുവെഴുത്തു സകലരെയും പാപത്തിനുകീഴിൽ അടച്ചുകളഞ്ഞു.

23വിശ്വാസം വരുംമുമ്പേ വെളിപ്പെടുവാനിരുന്ന ആ വിശ്വാസത്തിനുവേണ്ടി നമ്മെ ന്യായപ്രമാണത്തിൻറെ തടവിൽ അടച്ചു സൂക്ഷിച്ചിരുന്നു. 24വിശ്വാസത്താൽ നാം നീതീകരിക്കപ്പെടേണ്ടതിനു ന്യായപ്രമാണം നമ്മെ ക്രിസ്തു

[a] 6 ഉല്പത്തി 15:6 [b] 8 ഉല്പത്തി 12:3,18:18, 22:18 [c] 10 ആവർത്തനം 27:26 [d] 11ഹബക്കൂക് 2:4
[e] 12 ലേവ്യ 18:5 [f] 13 ആവർത്തനം 21:23 [g] 16 ഉല്പത്തി 12:7; 13:15; 24:7

വിലേക്കു നയിക്കുന്ന ശിശുപാലകനായിത്തീർന്നു. 25വിശ്വാസം വന്നശേഷമോ, നാം ഇനി ശിശുപാലകന്റെ കീഴിൽ അല്ല.

ദൈവമക്കൾ

26ക്രിസ്തുയേശുവിലെ വിശ്വാസത്താൽ നിങ്ങളെല്ലാവരും ദൈവമക്കളാണ്. 27ക്രിസ്തുവിലേക്കു സ്നാനമേറ്റ നിങ്ങൾ എല്ലാവരും ക്രിസ്തുവിനെ ധരിച്ചിരിക്കുന്നുവല്ലോ. 28അതിൽ യഹൂദനോ ഗ്രീക്കുകാരനോ എന്നില്ല; അടിമയോ സ്വതന്ത്രനോ എന്നില്ല; പുരുഷനോ സ്ത്രീയോ എന്നുമില്ല. നിങ്ങൾ എല്ലാവരും ക്രിസ്തുയേശുവിൽ ഒന്നത്രേ. 29ക്രിസ്തുവിനുള്ളവരെങ്കിലോ നിങ്ങൾ അബ്രാഹാമിന്റെ സന്തതിയും വാഗ്ദാനപ്രകാരം അവകാശികളും ആകുന്നു.

4 അവകാശി ബാലനായിരിക്കുന്നേടത്തോളം കാലം എല്ലാറ്റിന്റെയും ഉടമസ്ഥനെങ്കിലും അടിമയിൽനിന്നു വ്യത്യസ്തനല്ല എന്നാണു ഞാൻ പറയുന്നത്. 2പിതാവു നിശ്ചയിച്ച സമയംവരെയും അവൻ രക്ഷാകർത്താക്കളുടെയും കാര്യസ്ഥന്മാരുടെയും അധീനതയിലാണ്. 3അങ്ങനെതന്നേ, നാമും ശിശുക്കളായിരുന്നപ്പോൾ ലോകത്തിന്റെ ആദിപാഠങ്ങൾക്ക് അടിമപ്പെട്ടിരുന്നു. 4എന്നാൽ കാലസമ്പൂർണ്ണത വന്നപ്പോൾ ദൈവം തന്റെ പുത്രനെ സ്ത്രീയിൽനിന്നു ജനിച്ചവനായി, ന്യായപ്രമാണത്തിനു കീഴിൽ ജനിച്ചവനായി അയച്ചു. 5ന്യായപ്രമാണത്തിൻകീഴിലായിരുന്നവരെ വീണ്ടെടുപ്പാൻ തന്നേ. 6നിങ്ങൾ മക്കൾ ആയിരിക്കയാൽ, "അബ്ബാ, പിതാവേ" എന്നു വിളിക്കുന്ന പുത്രത്വത്തിന്റെ ആത്മാവിനെ തന്നേ ദൈവം നമ്മുടെ ഹൃദയങ്ങളിലേക്ക് അയച്ചു. 7അതിനാൽ നീ ഇനി അടിമയല്ല, പുത്രനാണ്. പുത്രനെങ്കിലോ, ദൈവത്താൽ അവകാശിയുമാണ്.

ഗലാത്യരെക്കുറിച്ചുള്ള കരുതൽ

8മുമ്പ്, നിങ്ങൾ ദൈവത്തെ അറിയാതിരുന്ന കാലത്ത്, വാസ്തവത്തിൽ ദൈവങ്ങളല്ലാത്തവർക്ക് അടിമപ്പെട്ടിരുന്നു. 9എന്നാൽ ഇപ്പോഴാകട്ടെ നിങ്ങൾ ദൈവത്തെ അറിയുകയും, വിശേഷിച്ച് ദൈവം നിങ്ങളെ അറിയുകയും ചെയ്തിരിക്കെ, നിങ്ങൾ ദുർബ്ബലവും വ്യർത്ഥവുമായപ്രമാണങ്ങളിലേക്കു പിന്തിരിയുന്നതെങ്ങനെ? വീണ്ടും അവയുടെ അടിമകൾ ആകാനോ നിങ്ങൾ ആഗ്രഹിക്കുന്നത്? 10വിശേഷദിവസങ്ങളും മാസങ്ങളും കാലങ്ങളും വർഷങ്ങളും നിങ്ങൾ ആചരിക്കുന്നുവല്ലോ! 11നിങ്ങൾക്കുവേണ്ടിയുള്ള എന്റെ അധ്വാനമെല്ലാം നിഷ്ഫലമായിപ്പോയോ എന്നു ഞാൻ ഭയപ്പെടുന്നു.

12സഹോദരരേ, ഞാൻ നിങ്ങളെപ്പോലെ ആയതിനാൽ നിങ്ങൾ എന്നെപ്പോലെ ആകണമെന്നു ഞാൻ അപേക്ഷിക്കുന്നു. നിങ്ങൾ എന്നോട് ഒരു ദോഷവും ചെയ്തിട്ടില്ല. 13ഞാൻ ആദ്യം നിങ്ങളോടു സുവിശേഷം അറിയിക്കാൻ ഇടയായത് എന്റെ ദേഹാസ്വാസ്ഥ്യം നിമിത്തമാണെന്നു നിങ്ങൾക്ക് അറിയാമല്ലോ. 14എന്റെ അസ്വാസ്ഥ്യം നിങ്ങൾക്കൊരു പരിശോധനയായിരുന്നെങ്കിലും നിങ്ങൾ എന്നെ വെറുക്കുകയോ നിന്ദിക്കുകയോ ചെയ്തില്ല; പിന്നെയോ ദൈവത്തിന്റെ ഒരു ദൂതനെയോ യേശുക്രിസ്തുവിനെയോ എന്നപോലെ സ്വീകരിക്കുകയാണുണ്ടായത്. 15നിങ്ങൾക്കുണ്ടായിരുന്ന ആ ഭാഗ്യകരമായ അനുഭവം ഇപ്പോൾ എവിടെ? കഴിയുമെങ്കിൽ നിങ്ങളുടെ കണ്ണുകൾ ചൂഴ്ന്നെടുത്ത് എനിക്കു തരുമായിരുന്നു എന്നതിനു ഞാൻ സാക്ഷി. 16ഇപ്പോൾ നിങ്ങളോടു സത്യം പറഞ്ഞതുകൊണ്ടു ഞാൻ നിങ്ങൾക്കു ശത്രുവായിത്തീർന്നുവോ?

17സ്വപക്ഷത്തു നിങ്ങളെ ചേർക്കുവാനാണ് അവർ ഇത്ര ആവേശം കാട്ടുന്നത്. അതു നന്മയ്ക്കായിട്ടല്ല. നിങ്ങളെ ഞങ്ങളിൽനിന്ന് അകറ്റുവാനും അവർക്കുവേണ്ടി നിങ്ങൾ ശുഷ്കാന്തി കാട്ടുവാനുമാണ് അവർ ആഗ്രഹിക്കുന്നത്. 18ഞാൻ നിങ്ങളോടുകൂടെയുള്ളപ്പോൾ മാത്രമല്ല, എല്ലായ്പ്പോഴും നല്ലൊരു കാര്യത്തിനുവേണ്ടി ശുഷ്കാന്തി കാണിക്കുന്നതു നല്ലതുതന്നേ. 19എന്റെ കുഞ്ഞുങ്ങളേ, ക്രിസ്തു നിങ്ങളിൽ രൂപപ്പെടുന്നതുവരെയും ഞാൻ വീണ്ടും ഈറ്റുനോവനുഭവിക്കുന്നു; 20ഇപ്പോൾ നിങ്ങളോടുകൂടെ ആയിരിക്കുവാനും എന്റെ സ്വരം മാറ്റുവാനും കഴിഞ്ഞെങ്കിൽ എന്നു ഞാൻ ആഗ്രഹിക്കുന്നു. കാരണം നിങ്ങളെക്കുറിച്ചു ഞാൻ അത്രയ്ക്കു ദുഃഖിതനാണ്.

ഹാഗറും സാറയും

21ന്യായപ്രമാണത്തിൻ കീഴിലിരിപ്പാൻ ഇച്ഛിക്കുന്നവരേ, പറയുവിൻ, ന്യായപ്രമാണത്തെ നിങ്ങൾ ശ്രദ്ധിക്കുന്നില്ലേ? 22അബ്രാഹാമിന് രണ്ടു പുത്രന്മാർ ഉണ്ടായിരുന്നു. ഒരുവൻ ദാസിയിൽനിന്നു ജനിച്ചവൻ, മറ്റവൻ സ്വതന്ത്രയിൽനിന്നു ജനിച്ചവൻ. 23ദാസിയിൽനിന്നുള്ളവൻ ജഡപ്രകാരവും സ്വതന്ത്രയിൽനിന്നുള്ളവൻ വാഗ്ദാനപ്രകാരവും ജനിച്ചു എന്നു തിരുവെഴുത്തിൽ എഴുതിയിരിക്കുന്നു.

24ഈ കാര്യങ്ങൾ സാദൃശ്യങ്ങളാണ്. ഈ സ്ത്രീകൾ രണ്ട് ഉടമ്പടികളെ പ്രതിനിധാനം ചെയ്യുന്നു. ഒരു ഉടമ്പടി സീനായ് മലയിൽനിന്നുള്ളതും അടിമകളെ പ്രസവിക്കുന്നതുമാണ്;

അതാണു ഹാഗർ. 25ഹാഗർ അറബിദേശത്തുള്ള സീനായ്മലയെ സൂചിപ്പിക്കുന്നു. അത് ഇപ്പോഴത്തെ യെരൂശലേമിനു തുല്യം. കാരണം, അവൾ തന്റെ മക്കളുമായി അടിമത്തത്തിലാണു കഴിയുന്നത്. 26മീതേയുള്ള യെരൂശലേമോ സ്വതന്ത്രയാണ്, അവൾ തന്നേ നമ്മുടെ അമ്മ.

27"ഹേ, പ്രസവിക്കാത്തവളേ, നീ
സന്തോഷിക്കുക, ഈറ്റുനോവ്
അറിഞ്ഞിട്ടില്ലാത്തവളേ, ആർത്തു
ഘോഷിക്കുക: ഭർത്താവുള്ളവളുടെ
മക്കളേക്കാൾ ഏകാകിനിയുടെ
മക്കൾ എണ്ണത്തിൽ അധികം."[a]

എന്ന് എഴുതിയിരിക്കുന്നുവല്ലോ.

28സഹോദരരേ, നാം യിസ്ഹാക്കിനെപ്പോലെ വാഗ്ദാനസന്തതികളാണ്. 29അന്നു ജഡപ്രകാരം ജനിച്ചവൻ ആത്മപ്രകാരം ജനിച്ചവനെ പീഡിപ്പിച്ചു. ഇന്നും അങ്ങനെതന്നേ. 30എന്നാൽ തിരുവെഴുത്ത് എന്തു പറയുന്നു? "ദാസിയെയും മകനെയും പുറത്താക്കുക, ദാസിയുടെ മകൻ സ്വതന്ത്രയുടെ മകനോടൊപ്പം ഒരിക്കലും അവകാശത്തിൽ പങ്കാളി ആകുകയില്ല." [b] 31അതുകൊണ്ടു സഹോദരരേ, നാം ദാസിയുടെ മക്കളല്ല, സ്വതന്ത്രയുടെ മക്കളത്രേ.

ക്രിസ്തുവിലുള്ള സ്വാതന്ത്ര്യം

5 സ്വാതന്ത്ര്യത്തിനായി ക്രിസ്തു നമ്മെ സ്വതന്ത്രരാക്കിയിരിക്കുന്നു. അതുകൊണ്ട് അതിൽ ഉറച്ചുനില്ക്കുവിൻ. അടിമനുകത്തിൽ വീണ്ടും അകപ്പെട്ടുപോകരുത്.

2ശ്രദ്ധിക്കുക, നിങ്ങൾ പരിച്ഛേദനം ഏല്ക്കുന്നുവെങ്കിൽ ക്രിസ്തുവിനെക്കൊണ്ടു നിങ്ങൾക്കു യാതൊരു പ്രയോജനവും ഇല്ല എന്നു പൗലൊസ് ആയ ഞാൻ നിങ്ങളോടു പറയുന്നു. 3പരിച്ഛേദനം ഏല്ക്കുന്ന ഏതൊരുവനോടും അവൻ ന്യായപ്രമാണം മുഴുവനും അനുസരിപ്പാൻ കടപ്പെട്ടിരിക്കുന്നുവെന്നു ഞാൻ വീണ്ടും സാക്ഷ്യം പറയുന്നു. 4ന്യായപ്രമാണത്താൽ നീതീകരിക്കപ്പെടുവാൻ ശ്രമിക്കുന്ന നിങ്ങൾ ക്രിസ്തുവിൽനിന്നു വേർപെട്ടുപോയി. നിങ്ങൾ കൃപയിൽനിന്നു വീണുപോയി. 5ഞങ്ങളോ വിശ്വാസത്താലുള്ള നീതിക്കായി ആത്മാവിൽ ജാഗ്രതയോടെ കാത്തിരിക്കുന്നു. 6ക്രിസ്തുയേശുവിൽ, പരിച്ഛേദനം ഏല്ക്കുന്നതോ ഏല്ക്കാതിരിക്കുന്നതോ അല്ല, സ്നേഹത്താൽ വ്യാപരിക്കുന്ന വിശ്വാസമാണു പ്രധാനം.

7നിങ്ങൾ നന്നായി ഓടിക്കൊണ്ടിരുന്നു. സത്യം അനുസരിക്കാതിരിക്കാൻ നിങ്ങളെ തടഞ്ഞതാര്? 8ഈ പ്രേരണ നിങ്ങളെ വിളിച്ചവനിൽനിന്നുണ്ടായതല്ല. 9"അല്പം പുളിമാവു മുഴുവൻ മാവിനെയും പുളിപ്പിക്കുന്നു." 10നിങ്ങൾക്കു മറ്റൊരു കാഴ്ചപ്പാട് ഉണ്ടാകയില്ലെന്നു കർത്താവിൽ എനിക്ക് ഉറപ്പുണ്ട്. നിങ്ങളിൽ കലക്കമുണ്ടാക്കുന്നവൻ ആരായാലും ശിക്ഷ അനുഭവിക്കേണ്ടിവരും. 11സഹോദരരേ, ഞാൻ ഇപ്പോഴും പരിച്ഛേദനമാണു പ്രസംഗിക്കുന്നതെങ്കിൽ, എന്തിനു ഞാൻ പീഡനം സഹിക്കണം? അങ്ങനെയെങ്കിൽ ക്രൂശിന്റെ ഇടർച്ച നീങ്ങിപ്പോയല്ലോ. 12നിങ്ങളെ കലക്കുന്നവർ അംഗച്ഛേദം ചെയ്തിരുന്നെങ്കിൽ എന്നു ഞാൻ ആശിക്കുന്നു.

13സഹോദരരേ, നിങ്ങൾ സ്വതന്ത്രരായിരിപ്പാൻ വിളിക്കപ്പെട്ടിരിക്കുന്നു. നിങ്ങളുടെ സ്വാതന്ത്ര്യം ജഡത്തിന് അവസരമാക്കാതെ, സ്നേഹത്താൽ അന്യോന്യം സേവിക്കുവിൻ. 14"നിന്റെ അയൽക്കാരനെ നിന്നെപ്പോലെതന്നേ സ്നേഹിക്കണം."[c] എന്ന ഏകകല്പനയിൽ ന്യായപ്രമാണം മുഴുവൻ സംക്ഷേപിച്ചിരിക്കുന്നു. 15നിങ്ങൾ അന്യോന്യം കടിക്കുകയും വിഴുങ്ങുകയും ചെയ്യുന്നതിലൂടെ ഒരുവനാൽ മറ്റൊരുവൻ നശിക്കാതെ സൂക്ഷിച്ചുകൊൾവിൻ.

ആത്മാവിനാലുള്ള ജീവിതം

16ആത്മാവിനെ അനുസരിച്ചു നടപ്പിൻ, എന്നാൽ നിങ്ങൾ ജഡത്തിന്റെ മോഹം ഒരിക്കലും നിറവേറ്റുകയില്ല എന്നു ഞാൻ പറയുന്നു. 17ജഡത്തിന്റെ ആഗ്രഹം ആത്മാവിനും ആത്മാവിന്റെ ആഗ്രഹം ജഡത്തിനും വിരുദ്ധമാണ്. നിങ്ങൾ ഇച്ഛിക്കുന്ന കാര്യങ്ങൾ ചെയ്യാൻ സാധിക്കാത്തവിധം ഇവ അന്യോന്യം പ്രതികൂലമാണ്. 18നിങ്ങൾ ആത്മാവിനാൽ നയിക്കപ്പെടുന്നുവെങ്കിൽ നിങ്ങൾ ന്യായപ്രമാണത്തിൻ കീഴിലല്ല.

19ജഡത്തിന്റെ പ്രവൃത്തികളോ, ദുർവൃത്തി, അശുദ്ധി, ദുഷ്കാമം, 20വിഗ്രഹാരാധന, ആഭിചാരം, പക, പിണക്കം, ദുശ്ശങ്ക, ക്രോധം, മൽസരം, ദ്വന്ദ്വപക്ഷം, ഭിന്നത, അസൂയ, മദ്യപാനം, വെറിക്കൂത്ത് മുതലായവയെന്നു വ്യക്തമാണ്. 21ഈ കാര്യങ്ങൾ പ്രവർത്തിക്കുന്നവർ ദൈവരാജ്യം അവകാശമാക്കുകയില്ല എന്നു ഞാൻ മുമ്പേ പറഞ്ഞതുപോലെ ഇപ്പോൾ വീണ്ടും പറയുന്നു.

22എന്നാൽ ആത്മാവിന്റെ ഫലമോ, സ്നേഹം, സന്തോഷം, സമാധാനം, ദീർഘക്ഷമ, ദയ, പരോപകാരം, വിശ്വസ്തത, സൗമ്യത, ആത്മനിയന്ത്രണം എന്നിവയാണ്. 23ഈ കാര്യങ്ങൾക്കു വിപരീതമായി ഒരു ന്യായപ്രമാണവുമില്ല. 24ക്രിസ്തുയേശുവിനുള്ളവർ ജഡത്തെ അതിന്റെ രാഗമോഹങ്ങളോടുകൂടി ക്രൂശിച്ചിരിക്കുന്നു. 25ആത്മാവിനാൽ നാം ജീവി

[a] 27 യെശയ്യാവ് 54:1 [b] 30 ഉല്പത്തി 21:10 [c] 14 ലേവ്യ 19:18

ക്കുന്നുവെങ്കിൽ ആത്മാവിനെ അനുസരിച്ചു നടക്കുകയും വേണം. 26നാം അന്യോന്യം പ്രകോപിപ്പിച്ചും അസൂയപ്പെട്ടുംകൊണ്ടു ദുരഭിമാനികളാകരുത്.

എല്ലാവർക്കും നന്മ ചെയ്യുക

6 സഹോദരരേ, ഒരു മനുഷ്യൻ വല്ല തെറ്റിലും അകപ്പെട്ടുപോയാൽ ആത്മീയരായ നിങ്ങൾ അവനെ സൗമ്യതയുടെ ആത്മാവിൽ യഥാസ്ഥാനപ്പെടുത്തുക. നിങ്ങളും പ്രലോഭനത്തിൽ അകപ്പെടാതിരിപ്പാൻ സ്വയം സൂക്ഷിച്ചുകൊൾവിൻ. 2തമ്മിൽത്തമ്മിൽ ഭാരങ്ങൾ ചുമക്കുവിൻ. ഇങ്ങനെ ക്രിസ്തുവിന്റെ ന്യായപ്രമാണം നിറവേറ്റുവിൻ. 3താൻ ഒന്നുമല്ലാതിരിക്കെ, മഹാൻ ആണെന്ന് ഒരുവൻ ചിന്തിച്ചാൽ, തന്നെത്താൻ വഞ്ചിക്കുന്നു. 4ഓരോരുത്തരും താന്താന്റെ പ്രവൃത്തി വിലയിരുത്തട്ടെ; അപ്പോൾ മറ്റാരുമായും താരതമ്യപ്പെടുത്താതെ അവനു തന്നിൽത്തന്നേ അഭിമാനിക്കാം; 5ഓരോരുത്തൻ സ്വന്തം ഭാരം വഹിക്കേണ്ടതാണല്ലോ.

6വചനം പഠിക്കുന്ന ഏതൊരാളും പഠിപ്പിക്കുന്ന ആളിന് എല്ലാ നന്മയുടെയും ഓഹരി നല്കേണ്ടതാണ്.

7വഞ്ചിക്കപ്പെടരുത്; ദൈവത്തെ പരിഹസിക്കുവാൻ പാടില്ല. മനുഷ്യൻ വിതയ്ക്കുന്നതുതന്നേ കൊയ്യും. 8ജഡത്തിൽ വിതയ്ക്കുന്നവൻ ജഡത്തിൽനിന്നു നാശം കൊയ്യും; ആത്മാവിൽ വിതയ്ക്കുന്നവൻ ആത്മാവിൽനിന്നു നിത്യജീവൻ കൊയ്യും. 9നന്മ ചെയ്യുന്നതിൽ നാം മടുത്തുപോകരുത്. തളർന്നുപോകാഞ്ഞാൽ തക്കസമയത്തു നാം കൊയ്യും. 10അതുകൊണ്ട് അവസരം ലഭിക്കുമ്പോഴെല്ലാം നമുക്കു സകല മനുഷ്യർക്കും, വിശേഷാൽ സഹവിശ്വാസികൾക്കും നന്മ ചെയ്യാം.

പരിച്ഛേദനമല്ല
പുതിയ സൃഷ്ടിയത്രേ വേണ്ടത്

11നോക്കുവിൻ, ഞാൻ സ്വന്തം കൈയാൽ, എത്ര വലിയ അക്ഷരങ്ങളിലാണു നിങ്ങൾക്ക് എഴുതിയിരിക്കുന്നത്!

12ജഡത്തിൽ പുറമെ മാന്യത പ്രദർശിപ്പിക്കുവാൻ ആഗ്രഹിക്കുന്നവർ ക്രിസ്തുവിന്റെ ക്രൂശു നിമിത്തം പീഡനമേൽക്കാതിരിപ്പാൻവേണ്ടി മാത്രമാണു പരിച്ഛേദനമേല്പ്പാൻ നിങ്ങളെ നിർബ്ബന്ധിക്കുന്നത്. 13പരിച്ഛേദനം ഏറ്റവർ തന്നെയും ന്യായപ്രമാണം പാലിക്കുന്നില്ലല്ലോ, എന്നിട്ടും നിങ്ങളുടെ ശരീരത്തെ സംബന്ധിച്ച് അവർക്കു പ്രശംസ ലഭിക്കേണ്ടതിനാണു നിങ്ങളെ പരിച്ഛേദനം ചെയ്യിക്കുവാൻ അവർ ആഗ്രഹിക്കുന്നത്. 14എനിക്കോ നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ ക്രൂശിൽ അല്ലാതെ പ്രശംസിപ്പാൻ ഇടയാകരുത്; അതിലൂടെ [a]ലോകം എനിക്കും ഞാൻ ലോകത്തിനും ക്രൂശിക്കപ്പെട്ടിരിക്കുന്നു. 15പരിച്ഛേദനം ഏല്ക്കുന്നതോ ഏല്ക്കാതിരിക്കുന്നതോ അല്ല, പുതിയ സൃഷ്ടിയാണ് പ്രധാനം. 16ഈ പ്രമാണമനുസരിച്ചു ജീവിക്കുന്ന ഏവർക്കും, ദൈവത്തിന്റെ യിസ്രായേലിനും സമാധാനവും കരുണയും ഉണ്ടാകട്ടെ.

17ഇനി, ആരും എനിക്കു പ്രയാസം ഉണ്ടാക്കരുത്; ഞാൻ യേശുവിന്റെ ചൂടടയാളം എന്റെ ശരീരത്തിൽ വഹിക്കുന്നു.

18സഹോദരരേ, നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ കൃപ നിങ്ങളുടെ ആത്മാവിനോടുകൂടെ ഇരിക്കുമാറാകട്ടെ. ആമേൻ.

[a] 14 അല്ലെങ്കിൽ *അദ്ദേഹത്താൽ*

എഫെസ്യർ

1 ദൈവേഷ്ടത്താൽ ക്രിസ്തുയേശുവിന്റെ അപ്പൊസ്തലനായ പൗലൊസ്,
എഫെസൊസിൽ ഉള്ള വിശുദ്ധരും ക്രിസ്തുയേശുവിൽ വിശ്വസ്തരുമായവർക്ക് എഴുതുന്നത്:

2നമ്മുടെ പിതാവായ ദൈവത്തിൽനിന്നും കർത്താവായ യേശുക്രിസ്തുവിൽനിന്നും നിങ്ങൾക്കു കൃപയും സമാധാനവും ഉണ്ടാകട്ടെ.

ക്രിസ്തുവിലുള്ള
ആത്മീയാനുഗ്രഹങ്ങൾ

3സ്വർഗ്ഗത്തിലെ സകല ആത്മീയാനുഗ്രഹങ്ങളാലും ക്രിസ്തുവിൽ നമ്മെ അനുഗ്രഹിച്ചിരിക്കുന്ന, നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ ദൈവവും പിതാവുമായവൻ വാഴ്ത്തപ്പെട്ടവൻ. 4തന്റെ സന്നിധിയിൽ നാം വിശുദ്ധരും നിഷ്കളങ്കരും ആകേണ്ടതിന് ദൈവം ലോകസ്ഥാപനത്തിനുമുമ്പേ നമ്മെ ക്രിസ്തുവിൽ തിരഞ്ഞെടുത്തു. 5തിരുഹിതത്തിന്റെ പ്രസാദപ്രകാരം, ക്രിസ്തുയേശുവിൽ നമ്മെ പുത്രന്മാരായി ദത്തെടുക്കുവാൻ, 6തന്റെ പ്രിയനിൽ നമുക്കു സൗജന്യമായി നല്കിയ കൃപാമഹത്ത്വത്തിന്റെ പുകഴ്ചയ്ക്കായി ദൈവം നമ്മെ സ്നേഹത്തിൽ മുൻനിയമിച്ചു. 7സകല വിവേകത്തോടും ജ്ഞാനത്തോടുംകൂടെ ദൈവം നമുക്കു സമൃദ്ധമായി നല്കിയ തന്റെ കൃപാധനത്തിനൊത്തവണ്ണം 8നമുക്കു ക്രിസ്തുവിൽ, അവിടുത്തെ രക്തത്താൽ അതിക്രമങ്ങളുടെ മോചനമെന്ന വീണ്ടെടുപ്പുണ്ട്. 9ക്രിസ്തുവിൽ താൻ മുൻനിർണ്ണയിച്ചിരുന്ന തന്റെ പ്രസാദം അനുസരിച്ചു തിരുഹിതത്തിന്റെ മർമ്മം ദൈവം നമ്മെ അറിയിച്ചു. 10സ്വർഗ്ഗത്തിലും ഭൂമിയിലുമുള്ള സകലവും കാലസമ്പൂർണ്ണതയിലെ വ്യവസ്ഥ അനുസരിച്ച് ക്രിസ്തുവിൽ ഒന്നായിച്ചേർക്കുക എന്നതാണ് ഈ മർമ്മം.

11ക്രിസ്തുവിൽ ആദ്യം പ്രത്യാശവച്ചവരായ ഞങ്ങൾ അവിടുത്തെ മഹത്ത്വത്തിന്റെ പുകഴ്ചയാകേണ്ടതിന്, 12സ്വന്തം ഹിതത്തിന്റെ ആലോചനയനുസരിച്ചു സകലവും പ്രവർത്തിക്കുന്ന ദൈവം മുൻനിർണ്ണയിച്ചതുപോലെ ഞങ്ങളെയും ക്രിസ്തുവിൽ അവകാശത്തിനായി തിരഞ്ഞെടുത്തിരിക്കുന്നു. 13രക്ഷയുടെ സുവിശേഷമായ സത്യവചനം കേട്ടു ക്രിസ്തുവിൽ വിശ്വസിച്ചവരായ നിങ്ങളെ 14തന്റെ മഹത്ത്വത്തിന്റെ പുകഴ്ചയ്ക്കായി അവിടുന്നു വീണ്ടെടുക്കുന്നതുവരെയും നമ്മുടെ അവകാശത്തിന്റെ അച്ചാരമായ വാഗ്ദത്തത്തിൻ പരിശുദ്ധാത്മാവിനാൽ അവിടുന്നു മുദ്രയിട്ടിരിക്കുന്നു.

ജ്ഞാനത്തിന്റെ
ആത്മാവിനുവേണ്ടിയുള്ള പ്രാർത്ഥന

15അതുകൊണ്ടു നിങ്ങൾക്കു കർത്താവായ യേശുവിലുള്ള വിശ്വാസത്തെയും സകല വിശുദ്ധരോടുമുള്ള സ്നേഹത്തെയുംകുറിച്ചു കേട്ടതുമുതൽ 16എന്റെ പ്രാർത്ഥനയിൽ നിങ്ങളെ ഓർത്തുകൊണ്ടു നിങ്ങൾക്കുവേണ്ടി ഞാൻ നിരന്തരം സ്തോത്രം ചെയ്തുകൊണ്ടിരിക്കുന്നു. 17നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ ദൈവവും മഹത്ത്വമുള്ള പിതാവുമായവൻ നിങ്ങൾക്കു തന്നെക്കുറിച്ചുള്ള പരിജ്ഞാനത്തിൽ, ജ്ഞാനത്തിന്റെയും വെളിപാടിന്റെയും ആത്മാവിനെ നല്കണമെന്നും 18നിങ്ങളുടെ ഹൃദയദൃഷ്ടി പ്രകാശിച്ചിട്ട് അവിടുത്തെ വിളിയുടെ പ്രത്യാശയും വിശുദ്ധരിൽ അവിടുത്തെ അവകാശത്തിന്റെ മഹിമാധനവും 19അവിടുത്തെ മഹത്തായ ബലത്തിന്റെ വ്യാപാരപ്രകാരം വിശ്വസിക്കുന്നവരായ നമുക്കുവേണ്ടി വ്യാപരിക്കുന്ന അവിടുത്തെ ശക്തിയുടെ അളവറ്റ വലിപ്പവും എന്തെന്നു നിങ്ങൾ അറിയേണ്ടതിനു ഞാൻ പ്രാർത്ഥിക്കുന്നു. 20ദൈവം തന്റെ ഈ മഹത്തായ ശക്തി ക്രിസ്തുവിൽ വ്യാപരിപ്പിച്ച് അദ്ദേഹത്തെ മരിച്ചവരുടെ ഇടയിൽനിന്ന് ഉയിർപ്പിക്കുകയും 21എല്ലാ ഭരണത്തിനും അധികാരത്തിനും ശക്തിക്കും കർത്തൃത്വത്തിനും, ഈ യുഗത്തിൽ മാത്രമല്ല, വരുവാനുള്ളതിലും വിളിക്കപ്പെട്ട എല്ലാ നാമത്തിനും അത്യന്തം മീതെ സ്വർഗ്ഗത്തിൽ ഇരുത്തുകയും ചെയ്തു. 22തന്നെയുമല്ല, അവിടുന്നു സകലവും ക്രിസ്തുവിന്റെ കാല്ക്കീഴിലാക്കിയിട്ട് അദ്ദേഹത്തെ എല്ലാ

റ്റിന്റെയും ശിരസ്സായിരിപ്പാൻ സഭയ്ക്കു നല്കിയിരിക്കുന്നു. 23എല്ലാറ്റിനെയും എല്ലാ വിധത്തിലും നിറയ്ക്കുന്ന സമ്പൂർണ്ണതയായ ക്രിസ്തുവിന്റെ ശരീരമത്രേ സഭ.

മരണത്തിൽനിന്നു ജീവനിലേക്ക്

2 അതിക്രമങ്ങളിലും പാപങ്ങളിലും മരിച്ചവരായിരുന്ന നിങ്ങളെയും അവിടുന്ന് ഉയിർപ്പിച്ചു. 2അവയിൽ നിങ്ങൾ മുമ്പേ ഈ ലോകത്തിന്റെ കാലഗതി പിൻതുടർന്നു; ആകാശത്തിലെ അധികാരത്തിനും, അനുസരണം കെട്ടവരിൽ ഇപ്പോൾ വ്യാപരിക്കുന്ന ആത്മാവിനും അധിപതിയായവനെ അനുസരിച്ചു പോന്നു. 3അവരുടെയിടയിൽ നാമെല്ലാവരും മുമ്പു നമ്മുടെ ജഡമോഹങ്ങളിൽ[a] ജീവിച്ചു, ജഡത്തിന്റെയും മനോവികാരങ്ങളുടെയും ഇഷ്ടം പ്രവർത്തിച്ചുകൊണ്ട്, മറ്റുള്ളവരെപ്പോലെ പ്രകൃതിയാൽ കോപത്തിന്റെ മക്കൾ ആയിരുന്നു. 4എന്നാൽ കരുണാസമ്പന്നനായ ദൈവം, നമ്മോടുള്ള തന്റെ മഹാസ്നേഹം നിമിത്തം, 5നാം അതിക്രമങ്ങളിൽ മരിച്ചവരായിരുന്നപ്പോൾത്തന്നെ നമ്മെ ക്രിസ്തുവിനോടുകൂടെ ജീവിപ്പിച്ചു; നിങ്ങൾ രക്ഷിക്കപ്പെട്ടിരിക്കുന്നതു കൃപയാലത്രേ. 6ക്രിസ്തുയേശുവിൽ നമ്മോടുള്ള ദയാവായ്പിൽ, തന്റെ അതുല്യകൃപാധനം വരുംകാലങ്ങളിൽ വെളിപ്പെടുത്തേണ്ടതിനു 7ദൈവം അവിടുത്തോടുകൂടെ നമ്മെയും ഉയർത്തി, സ്വർഗ്ഗത്തിൽ തന്നോടൊപ്പം ക്രിസ്തുയേശുവിൽ ഇരുത്തിയിരിക്കുന്നു. 8കൃപയാലത്രേ, നിങ്ങൾ വിശ്വാസംമൂലം രക്ഷിക്കപ്പെട്ടിരിക്കുന്നത്- അതിനും നിങ്ങളല്ല കാരണം, ദൈവത്തിന്റെ ദാനമത്രേ; 9ആരും അഹങ്കരിക്കാതിരിപ്പാൻ അതു പ്രവൃത്തികളാൽ ലഭിച്ചതുമല്ല. 10നാം സൽപ്രവൃത്തികൾക്കായി ക്രിസ്തുയേശുവിൽ സൃഷ്ടിക്കപ്പെട്ട ദൈവത്തിന്റെ കൈപ്പണിയാണ്; നാം അവചെയ്യേണ്ടതിന് ദൈവം അവയെ മുൻകൂട്ടി ഒരുക്കിയിരിക്കുന്നു.

ക്രിസ്തുയേശുവിലുള്ള ഐക്യം

11ആകയാൽ, മുമ്പേ നിങ്ങൾ ജന്മനാ വിജാതീയർ ആയിരുന്നുവെന്ന് ഓർത്തുകൊൾവിൻ, അപ്പോൾ നിങ്ങൾ മനുഷ്യകരങ്ങളാൽ ജഡത്തിൽ പരിച്ഛേദനമേല്ക്കുകയും, 'പരിച്ഛേദനക്കാർ' എന്നറിയപ്പെട്ടിരുന്നവരാൽ അഗ്രചർമ്മികളെന്നു വിളിക്കപ്പെടുകയും ചെയ്തിരുന്നു. 12ആ കാലത്തു നിങ്ങൾ ക്രിസ്തുവിൽ നിന്ന് അകന്നു കഴിഞ്ഞിരുന്നവരും യിസ്രായേൽ പൗരത്വത്തോട് ബന്ധമില്ലാത്തവരും വാഗ്ദാന വ്യവസ്ഥകൾക്ക് അന്യരും, പ്രത്യാശയില്ലാത്തവരും ലോകത്തിൽ ദൈവമില്ലാത്തവരും ആയിരുന്നു എന്നും ഓർത്തുകൊൾവിൻ. 13എന്നാൽ മുമ്പേ ദൂരസ്ഥരായിരുന്ന നിങ്ങൾ ഇപ്പോൾ ക്രിസ്തുവിന്റെ രക്തത്താൽ ക്രിസ്തുയേശുവിൽ സമീപസ്ഥരായിത്തീർന്നിരിക്കുന്നു.

14അവിടുന്നുതന്നേ നമ്മുടെ സമാധാനം; അവിടുന്ന് ഇരുപക്ഷത്തെയും ഒന്നാക്കി, 15തന്റെ ശരീരത്തിൽ ചട്ടങ്ങളും കല്പനകളുമാകുന്ന ന്യായപ്രമാണം എന്ന ശത്രുതാ നീക്കം ചെയ്ത് വേർപാടിന്റെ നടുച്ചുവർ ഇടിച്ചു കളഞ്ഞിരിക്കുന്നു. സമാധാനം സ്ഥാപിച്ചുകൊണ്ട് ഇരുപക്ഷത്തെയും ഒരു പുതുമനുഷ്യനാക്കിത്തീർക്കുവാനും 16ക്രൂശിൽ ഇരുകൂട്ടരെയും ഏകശരീരത്തിൽ ദൈവത്തോടു നിരപ്പിക്കുവാനുമത്രേ അവിടുന്ന് അപ്രകാരം ചെയ്തത്. 17അവിടുന്ന് വന്നു ദൂരസ്ഥരായ നിങ്ങളോടും സമീപസ്ഥരായ ഞങ്ങളോടും സമാധാനം അറിയിച്ചു. 18ക്രിസ്തു മുഖാന്തരം നമുക്ക് ഇരുകൂട്ടർക്കും ഒരേ ആത്മാവിൽ പിതാവിങ്കലേക്കു പ്രവേശനം ഉണ്ട്.

19അതിനാൽ നിങ്ങൾ ഇനിമേൽ അന്യരും പരദേശികളുമല്ല, വിശുദ്ധരുടെ സഹപൗരരും ദൈവഭവനത്തിലെ അംഗങ്ങളുമാണ്. 20ക്രിസ്തുയേശു തന്നേ മൂലക്കല്ലായിരിക്കെ നിങ്ങളെ അപ്പൊസ്തലന്മാരും പ്രവാചകന്മാരും എന്ന അടിസ്ഥാനത്തിന്മേൽ പണിതിരിക്കുന്നു. 21ക്രിസ്തുവിൽ കെട്ടിടം ഒന്നാകെ നന്നായി ചേർന്ന് കർത്താവിൽ വിശുദ്ധമന്ദിരമായി വളരുന്നു. 22ക്രിസ്തുവിൽ നിങ്ങളെയും, ദൈവത്തിന്റെ നിവാസമാകേണ്ടതിന് ആത്മാവിനാൽ ഒന്നായി പണിതുവരുന്നു,

വിജാതീയർക്കുവേണ്ടി പൗലൊസിന്റെ ശുശ്രൂഷ

3 ഇക്കാരണത്താൽ, പൗലൊസ് എന്ന ഞാൻ വിജാതീയരായ നിങ്ങൾക്കുവേണ്ടി ക്രിസ്തുയേശുവിന്റെ തടവുകാരനായിരിക്കുന്നു.

2നിങ്ങൾക്കുവേണ്ടി ദൈവം എന്നെ ഏല്പിച്ച ദൈവകൃപയുടെ കാര്യവിചാരകത്വം എന്തെന്നു നിങ്ങൾ കേട്ടിട്ടുണ്ടല്ലോ. 3ഞാൻ മുമ്പേതന്നേ ചുരുക്കത്തിൽ എഴുതിയിട്ടുള്ളതുപോലെ, വെളിപ്പാടിനാൽ എനിക്കൊരു മർമ്മം അറിയുവാൻ കഴിഞ്ഞു. 4ഇതു നിങ്ങൾ വായിച്ചാൽ, ക്രിസ്തുവിനെ സംബന്ധിച്ച മർമ്മത്തെക്കുറിച്ച് എനിക്കുള്ള ഉൾക്കാഴ്ച ഗ്രഹിക്കുവാൻ സാധിക്കും. 5ഈ മർമ്മം ദൈവത്തിന്റെ വിശുദ്ധ അപ്പൊസ്തലന്മാർക്കും പ്രവാചകന്മാർക്കും ആത്മാവിനാൽ ഇപ്പോൾ വെളിപ്പെട്ടിരിക്കുന്ന

[a] 3 അല്ലെങ്കിൽ *പാപസ്വഭാവത്തിൽ*

തു പോലെ മുൻതലമുറകളിലെ മനുഷ്യർക്കു വെളിപ്പെട്ടിരുന്നില്ല. 6വിജാതീയർ സുവിശേഷത്താൽ യിസ്രായേലിനോടൊപ്പം അവകാശികളും ഏകശരീരസ്ഥരും ക്രിസ്തുയേശുവിൽ വാഗ്ദാനത്തിന്റെ പങ്കാളികളും ആകുന്നു എന്നതാണ് ഈ മർമ്മം.

7ദൈവശക്തിയുടെ വ്യാപാരത്താൽ, എനിക്കു ലഭിച്ച ദൈവികകൃപാദാനം മുഖേന, ഞാൻ ഈ സുവിശേഷത്തിനു ശുശ്രൂഷകനായിത്തീർന്നു. 8ഞാൻ എല്ലാ വിശുദ്ധരിലും ഏറ്റവും ചെറിയവനെങ്കിലും ക്രിസ്തുവിലുള്ള അപ്രമേയധനത്തെപ്പറ്റി വിജാതീയരോട് അറിയിക്കുവാനും 9സകലവും സൃഷ്ടിച്ച ദൈവത്തിൽ അനാദികാലംമുതൽ മറഞ്ഞിരുന്ന മർമ്മത്തിന്റെ വ്യവസ്ഥ എന്തെന്ന് എല്ലാവരെയും ഗ്രഹിപ്പിക്കുവാനുമായി ഈ കൃപ എനിക്കു നല്കിയിരിക്കുന്നു. 10ദൈവത്തിന്റെ ബഹുവിധമായ ജ്ഞാനം, നമ്മുടെ കർത്താവായ യേശുക്രിസ്തുവിൽ അവിടുന്നു നിറവേറ്റിയ നിത്യനിർണ്ണയപ്രകാരം 11സ്വർഗ്ഗത്തിലെ വാഴ്ചകൾക്കും അധികാരങ്ങൾക്കും സഭ മുഖാന്തരം ഇപ്പോൾ അറിയുവാൻ സാധിക്കുന്നു. 12ക്രിസ്തു മുഖാന്തരം ക്രിസ്തുവിലെ വിശ്വാസത്താൽ നമുക്കു ദൈവസന്നിധിയിലേക്ക് അടുത്തുചെല്ലുവാൻ ധൈര്യവും പ്രവേശനവും ലഭിച്ചിരിക്കുന്നു. 13അതുകൊണ്ട്, നിങ്ങൾക്കു വേണ്ടിയുള്ള എന്റെ കഷ്ടതകൾ നിങ്ങളുടെ മഹത്ത്വം ആകയാൽ അവനിമിത്തം നിങ്ങൾ അധൈര്യപ്പെട്ടുപോകരുതെന്നു ഞാൻ അപേക്ഷിക്കുന്നു.

എഫെസ്യർക്കുവേണ്ടിയുള്ള പ്രാർത്ഥന

14അതു നിമിത്തം സ്വർഗ്ഗത്തിലും ഭൂമിയിലുമുള്ള സകലകുടുംബത്തിനും പേരു ലഭിക്കുവാൻ കാരണമായ 15പിതാവിന്റെ സന്നിധിയിൽ ഞാൻ മുട്ടുകുത്തുന്നു. 16അവിടുന്നു തന്റെ മഹിമാധനത്തിന് ഒത്തവണ്ണം നിങ്ങൾ തന്റെ ആത്മാവിനാൽ അകത്തെ മനുഷ്യനെ സംബന്ധിച്ചു ശക്തിയോടെ ബലപ്പെടുവാനും 17വിശ്വാസത്താൽ ക്രിസ്തു നിങ്ങളുടെ ഹൃദയങ്ങളിൽ വസിക്കുവാനും വരം നൽകണമെന്നും 18നിങ്ങൾ സ്നേഹത്തിൽ വേരൂന്നി അടിസ്ഥാനപ്പെട്ട് വീതിയും നീളവും ഉയരവും ആഴവും എന്തെന്നു സകല വിശുദ്ധരോടുമൊപ്പം ഗ്രഹിക്കുവാൻ പ്രാപ്തരായിത്തീരണമെന്നും 19അറിവിനെ കവിയുന്ന ക്രിസ്തുവിൻ സ്നേഹം അറിഞ്ഞ് ദൈവത്തിന്റെ എല്ലാ നിറവോളം നിറഞ്ഞുവരണമെന്നും ഞാൻ പ്രാർത്ഥിക്കുന്നു.

20എന്നാൽ നാം ചോദിക്കുകയോ ചിന്തിക്കുകയോ ചെയ്യുന്നതിനുപരിയായി, നമ്മിൽ വ്യാപരിക്കുന്ന തന്റെ ശക്തിയാൽ പ്രവർത്തിക്കുവാൻ കഴിയുന്നവനു 21സഭയിലും ക്രിസ്തുയേശുവിലും എല്ലാ തലമുറകളിലും എന്നേക്കും മഹത്ത്വമുണ്ടാകട്ടെ! ആമേൻ.

ക്രിസ്തുവിന്റെ ശരീരമായ സഭയുടെ ഐക്യം

4 കർത്താവിനുവേണ്ടി തടവുകാരനായിത്തീർന്ന ഞാൻ നിങ്ങളോട് അപേക്ഷിക്കുന്നു: നിങ്ങളെ വിളിച്ചിരിക്കുന്ന വിളിക്കുയോഗ്യമായി ജീവിക്കുവിൻ. 2പൂർണ്ണവിനയത്തോടും സൗമ്യതയോടും സഹിഷ്ണുതയോടുംകൂടി സ്നേഹത്തിൽ അന്യോന്യം ക്ഷമിക്കുവിൻ. 3ആത്മാവിലുള്ള ഐക്യം സമാധാനബന്ധത്തിൽ നിലനിർത്തുവാൻ ജാഗ്രത കാണിക്കുവിൻ. 4ഏകപ്രത്യാശയ്ക്കായി നിങ്ങൾ വിളിക്കപ്പെട്ടു; അതുപോലെ ശരീരം ഒന്ന്, ആത്മാവ് ഒന്ന്, 5കർത്താവ് ഒരുവൻ, വിശ്വാസം ഒന്ന്, സ്നാനം ഒന്ന്, 6എല്ലാവർക്കും മീതേയുള്ളവനും എല്ലാവരിലും വ്യാപരിക്കുന്നവനും വസിക്കുന്നവനുമായി എല്ലാവർക്കും ദൈവവും പിതാവും ആയവൻ ഒരുവൻ.

7എന്നാൽ നമ്മിൽ ഓരോരുത്തർക്കും ക്രിസ്തുവിന്റെ ദാനത്തിന്റെ അളവനുസരിച്ച് കൃപ ലഭിച്ചിരിക്കുന്നു. 8അതിനാൽ "അവിടുന്ന് ബന്ധനസ്ഥരെ പിടിച്ചുകൊണ്ടുപോയി ഉയരത്തിൽ കയറി മനുഷ്യർക്കു ദാനങ്ങൾ കൊടുത്തു"[a] എന്നെഴുതിയിരിക്കുന്നുവല്ലോ. 9"അവിടുന്ന് ഉയരത്തിൽ കയറി" എന്നതുകൊണ്ട്, അവിടുന്ന് ഭൂമിയുടെ അധോഭാഗങ്ങളിലേക്ക് ഇറങ്ങി എന്നും വരുന്നില്ലേ? 10ഇറങ്ങിയവൻ എല്ലാറ്റിനെയും നിറയ്ക്കേണ്ടതിന് എല്ലാ സ്വർഗ്ഗാധിസ്വർഗ്ഗങ്ങൾക്കും മീതെ കയറിയവനും ആകുന്നു. 11അവിടുന്നു ചിലരെ അപ്പൊസ്തലന്മാരായും ചിലരെ പ്രവാചകന്മാരായും ചിലരെ സുവിശേഷകന്മാരായും ചിലരെ ഇടയന്മാരായും ഉപദേഷ്ടാക്കന്മാരായും നിയമിച്ചിരിക്കുന്നു. 12അതു ക്രിസ്തുവിന്റെ ശരീരത്തിന് ആത്മീയവർദ്ധന വരുത്തുന്ന ശുശ്രൂഷയ്ക്കായി വിശുദ്ധരെ സജ്ജരാക്കുന്നതിനാണ്. 13അങ്ങനെ നാമെല്ലാവരും വിശ്വാസത്തിലും ദൈവപുത്രനെക്കുറിച്ചുള്ള പരിജ്ഞാനത്തിലും ഐക്യം പ്രാപിച്ചു ക്രിസ്തുവിന്റെ നിറവിനനുസരണമായി പൂർണ്ണമനുഷ്യത്വത്തിലേക്കു വളർന്നുവരുവാൻ ഇടയാകും.

14തൽഫലമായി, നമ്മെ വഞ്ചിക്കുന്ന മനുഷ്യരുടെ കൗശലങ്ങൾമൂലം മേലാൽ നാം ഉപദേശത്തിന്റെ ഓരോ കാറ്റിനാലും ആടിയുലയുന്ന ശിശുക്കളായിത്തീരാതെ 15സ്നേഹത്തിൽ

[a] 4:8 സങ്കീർത്തനം 68:18

സത്യം സംസാരിച്ചുകൊണ്ട് എല്ലാക്കാര്യങ്ങളിലും ക്രിസ്തു എന്ന ശിരസ്സോളം വളരുവാൻ ഇടയാകും. 16ക്രിസ്തു മുഖേന മുഴുവൻ ശരീരവും, സകല സന്ധിബന്ധങ്ങളാലും സംയോജിതമായിട്ട്, അവയവങ്ങൾ ഓരോന്നും അതതിന്റെ ധർമ്മം നിർവ്വഹിച്ചുകൊണ്ടു സ്നേഹത്തിലുള്ള വർദ്ധനയ്ക്കായി വളർച്ച പ്രാപിക്കുന്നു.

വെളിച്ചത്തിന്റെ മക്കളായി ജീവിക്കുക

17ആകയാൽ ഞാൻ നിങ്ങളോടു കർത്താവിൽ നിഷ്കർഷയായി പറയുകയാണ്: വിജാതീയർ വ്യർത്ഥവിചാരങ്ങളിൽ നടക്കുന്നതുപോലെ നിങ്ങൾ ഇനി നടക്കരുത്. 18ഹൃദയകാഠിന്യത്തിന്റെ ഫലമായ അജ്ഞതനിമിത്തം അവരുടെ മനസ്സ് ഇരുളടഞ്ഞതായിത്തീരുകയും ദൈവത്തിന്റെ ജീവനിൽനിന്നു വേർപെട്ടുപോകയും ചെയ്തിരിക്കുന്നു. 19അവർ മനസ്സു മരവിച്ചവരായി, ആവേശപൂർവ്വം സകല അശുദ്ധിയും പ്രവർത്തിക്കുവാൻ, വിഷയാസക്തിക്കു തങ്ങളെത്തന്നെ ഏല്പിച്ചിരിക്കുന്നു.

20എന്നാൽ, യേശുവിൽ സത്യം ഉള്ളതുപോലെ നിങ്ങൾ അദ്ദേഹത്തെപ്പറ്റിയഥാർത്ഥമായി കേൾക്കുകയും അദ്ദേഹത്തിൽനിന്നു ഉപദേശം പ്രാപിക്കുകയും ചെയ്തിട്ടുണ്ടെങ്കിൽ 21ക്രിസ്തുവിനെക്കുറിച്ച് ഈവിധത്തിലല്ല നിങ്ങൾ പഠിച്ചിട്ടുള്ളത്. 22നിങ്ങളുടെ മുൻകാല ജീവിതരീതി പരിഗണിക്കുമ്പോൾ വഞ്ചനാപരമായ മോഹങ്ങളാൽ മലിനനായിത്തീർന്ന പഴയ മനുഷ്യനെ ഉരിഞ്ഞുകളഞ്ഞിട്ട് 23നിങ്ങളുടെ ഉള്ളിലുള്ള ആത്മാവിൽ പുതുക്കം പ്രാപിച്ച് 24സത്യത്തിന്റെ ഫലമായ നീതിയിലും വിശുദ്ധിയിലും ദൈവാനുരൂപമായി സൃഷ്ടിക്കപ്പെട്ട പുതിയ മനുഷ്യനെ ധരിച്ചുകൊൾവിൻ.

25അതിനാൽ വ്യാജം ഉപേക്ഷിച്ച് ഓരോരുത്തനും താന്താന്റെ അയൽക്കാരനോടു സത്യം സംസാരിക്കണം; നാം ഒരേ ശരീരത്തിന്റെ അവയവങ്ങളാണല്ലോ. 26"കോപിച്ചാൽ പാപം ചെയ്യരുത്"; [a] നിങ്ങൾ കോപിച്ചിരിക്കെ സൂര്യൻ അസ്തമിക്കാൻ ഇടയാകരുത്; 27പിശാചിന് ഇടം കൊടുക്കരുത്. 28മോഷ്ടിക്കുന്നവൻ ഇനി മേൽ മോഷ്ടിക്കരുത്; ഞെരുക്കത്തിൽ ഇരിക്കുന്നവർക്കു ദാനം ചെയ്യുവാൻ വക ഉണ്ടാകേണ്ടതിനു കൈകൊണ്ടു നന്മ പ്രവർത്തിച്ച് അധ്വാനിക്കുകയാണു വേണ്ടത്.

29കേൾക്കുന്നവർക്കു കൃപ ലഭിക്കേണ്ടതിന്, ആത്മികവർദ്ധനയ്ക്കു സഹായകമായ നല്ല വാക്കുകളല്ലാതെ അരുതാത്തതൊന്നും നിങ്ങളുടെ വായിൽനിന്നു പുറപ്പെടരുത്. 30ദൈവത്തിന്റെ പരിശുദ്ധാത്മാവിനെ ദുഃഖിപ്പിക്കരുത്; പരിശുദ്ധാത്മാവിനാലാണല്ലോ നിങ്ങളെ വീണ്ടെടുപ്പു നാളിലേക്കു മുദ്രയിട്ടിരിക്കുന്നത്. 31എല്ലാ കയ്പും കോപവും ക്രോധവും കലഹവും ദൂഷണവും സകല ദുർഗുണവുമായി നിങ്ങളെ വിട്ടൊഴിഞ്ഞു പോകട്ടെ. 32നിങ്ങൾ തമ്മിൽ ദയയും കരുണയും ഉള്ളവരായി, ദൈവം ക്രിസ്തുവിൽ നിങ്ങളോടു ക്ഷമിച്ചതുപോലെ അന്യോന്യം ക്ഷമിക്കുക.

5 ആകയാൽ പ്രിയമക്കൾ എന്നപോലെ ദൈവത്തിന്റെ അനുകാരികൾ ആകുവിൻ. 2ക്രിസ്തുവും നമ്മെ സ്നേഹിച്ചു നമുക്കുവേണ്ടി സൗരഭ്യമുള്ള വഴിപാടും യാഗവുമായി തന്നെത്തന്നെ ദൈവത്തിന് ഏല്പിച്ചുകൊടുത്തതുപോലെ സ്നേഹത്തിൽ നടപ്പിൻ.

3നിങ്ങളുടെ ഇടയിൽ ദുർന്നടപ്പിന്റെയോ ഏതെങ്കിലും അശുദ്ധിയുടെയോ അത്യാഗ്രഹത്തിന്റെയോ പേരുപോലും കേൾക്കരുത്; അങ്ങനെയാണു വിശുദ്ധർ ജീവിക്കേണ്ടത്. 4അസഭ്യം, വ്യർത്ഥഭാഷണം, അശ്ലീലഫലിതം ഇങ്ങനെ അയോഗ്യമായ യാതൊന്നും പാടില്ല; സ്തോത്രമത്രേ വേണ്ടത്. 5ദുർവൃത്തൻ, അശുദ്ധൻ, വിഗ്രഹാരാധിയായ അത്യാഗ്രഹി- ഇവർക്ക് ആർക്കും ക്രിസ്തുവിന്റെയും ദൈവത്തിന്റെയും രാജ്യത്തിൽ യാതൊരു അവകാശവുമില്ല എന്നു നിങ്ങൾക്കറിയാമല്ലോ. 6വ്യർത്ഥവാക്കുകളാൽ ആരും നിങ്ങളെ ചതിക്കരുത്.ഇവയാൽ ദൈവക്രോധം അനുസരണംകെട്ടവരുടെമേൽ വരുന്നു. 7നിങ്ങൾ അവരുടെ പങ്കാളികൾ ആകരുത്.

8മുമ്പ് നിങ്ങൾ ഇരുളായിരുന്നു; ഇപ്പോഴോ കർത്താവിൽ വെളിച്ചമാകുന്നു. 9കർത്താവിനു പ്രസാദകരമായതെന്തെന്നു പരിശോധിച്ചുകൊണ്ട് വെളിച്ചത്തിന്റെ മക്കളായി നടക്കുവിൻ. 10സകല നന്മയും നീതിയും സത്യവുമാണു വെളിച്ചത്തിന്റെ ഫലം. 11ഇരുട്ടിന്റെ നിഷ്ഫലപ്രവൃത്തികളോട് ഒരു ബന്ധവും പാടില്ല; അവയെ ശാസിക്കുകയാണു വേണ്ടത്. 12അവർ രഹസ്യമായി ചെയ്യുന്നതു പറയുകപോലും ലജ്ജാവഹമാണ്. 13എന്നാൽ വെളിച്ചത്താൽ വെളിപ്പെടുത്തുന്നതെന്തും പ്രകടമായിത്തീരുന്നു. ദൃശ്യമായതെല്ലാം വെളിച്ചമാണല്ലോ. 14"അതിനാൽ ഉറങ്ങുന്നവനേ, ഉണരൂ, മരിച്ചവരിൽനിന്ന് എഴുന്നേല്ക്കൂ, എങ്കിൽ ക്രിസ്തു നിന്റെമേൽ ശോഭിക്കും" എന്ന് എഴുതിയിരിക്കുന്നുവല്ലോ.

15അതുകൊണ്ട് അവിവേകികളായിട്ടല്ല വിവേകികളായിത്തന്നേ സൂക്ഷ്മതയോടെ ജീവിപ്പിൻ. 16ഇതു ദുഷ്കാലമാകയാൽ സമയം പരമാവധി പ്രയോജനപ്പെടുത്തുവിൻ. 17ഭോഷരാകാതെ, കർത്താവിന്റെ ഹിതം

[a] 26 സങ്കീർത്തനം 4:4

എന്തെന്നു ഗ്രഹിച്ചുകൊൾവിൻ. 18വീഞ്ഞു കുടിച്ചു മത്തരാകരുത്; അത് ദുർമ്മാർഗ്ഗജീവിതത്തിലേക്കു വഴിതെളിക്കും. എന്നാൽ ആത്മാവു നിറഞ്ഞവരാകുവിൻ. 19സങ്കീർത്തനങ്ങളാലും സ്തുതികളാലും ആത്മീയഗീതങ്ങളാലും തമ്മിൽ സംസാരിച്ചും 20നിങ്ങളുടെ ഹൃദയങ്ങളിൽ കർത്താവിനു പാടിയും കീർത്തനം ചെയ്തും നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ നാമത്തിൽ പിതാവായ ദൈവത്തിന് എല്ലായ്പ്പോഴും എല്ലാറ്റിനുവേണ്ടിയും സ്തോത്രം ചെയ്തുകൊണ്ടിരിപ്പിൻ.

21ക്രിസ്തുവിനെക്കുറിച്ചുള്ള ഭയത്തിൽ അന്യോന്യം കീഴടങ്ങിയിരിപ്പിൻ.

ഭാര്യമാരും ഭർത്താക്കന്മാരും

22ഭാര്യമാരേ, കർത്താവിന് എന്നപോലെ നിങ്ങളുടെ സ്വന്തം ഭർത്താക്കന്മാർക്കു വിധേയരായിരിപ്പിൻ. 23ക്രിസ്തു തന്റെ ശരീരമാകുന്ന സഭയുടെ ശിരസ്സും അതിന്റെ രക്ഷകനുമായിരിക്കുന്നതുപോലെ ഭർത്താവ് ഭാര്യയുടെ ശിരസ്സാകുന്നു. 24സഭ ക്രിസ്തുവിനു കീഴ്പെട്ടിരിക്കുന്നതുപോലെ ഭാര്യമാരും തങ്ങളുടെ ഭർത്താക്കന്മാർക്കു സകലത്തിലും കീഴ്പ്പെട്ടിരിക്കട്ടെ.

25ഭർത്താക്കന്മാരേ, ക്രിസ്തു സഭയെ സ്നേഹിച്ചതുപോലെ നിങ്ങളുടെ ഭാര്യമാരെ സ്നേഹിക്കുവിൻ. 26ക്രിസ്തു സഭയെ വചനത്തോടുകൂടിയ ജലസ്നാനത്താൽ വെടിപ്പാക്കി വിശുദ്ധീകരിക്കേണ്ടതിനും 27കറ, ചുളുക്കം, മാലിന്യം എന്നിവ അശേഷം ഇല്ലാതെ വിശുദ്ധയും നിഷ്കളങ്കയും ആയി തേജസ്സോടെ തനിക്കായി നിറുത്തേണ്ടതിനും തന്നെത്തന്നേ അവൾക്കുവേണ്ടി ഏല്പിച്ചുകൊടുത്തു. 28ഈ വിധത്തിൽ ഭർത്താക്കന്മാരും തങ്ങളുടെ ഭാര്യമാരെ സ്വന്തശരീരങ്ങളെപ്പോലെ സ്നേഹിക്കേണ്ടതാകുന്നു. ഭാര്യയെ സ്നേഹിക്കുന്നവൻ തന്നെത്തന്നേ സ്നേഹിക്കുന്നു. 29ആരും ഒരിക്കലും തന്റെ ശരീരത്തെ വെറുത്തിട്ടില്ലല്ലോ. ക്രിസ്തു സഭയെ എന്നപോലെ അതിനെ പോറ്റിപ്പുലർത്തുകയത്രേ ചെയ്യുന്നത്. 30നാം അവിടുത്തെ ശരീരത്തിന്റെ അവയവങ്ങളല്ലോ 31"ഇക്കാരണത്താൽ ഒരു പുരുഷൻ തന്റെ അപ്പനെയും അമ്മയെയും വിട്ട് ഭാര്യയോടു പറ്റിച്ചേരും; ഇരുവരും ഒരു ശരീരമായിത്തീരും."[a] 32ഈ മർമ്മം വലിയത്. ഞാൻ ക്രിസ്തുവിനെയും സഭയെയുംകുറിച്ചത്രേ സംസാരിക്കുന്നത്. 33എന്നാൽ നിങ്ങളിൽ ഓരോരുത്തനും തന്റെ ഭാര്യയെ തന്നെപ്പോലെതന്നേ സ്നേഹിക്കണം, ഭാര്യയോ ഭർത്താവിനെ ബഹുമാനിക്കേണ്ടതാണ്.

മക്കളും മാതാപിതാക്കന്മാരും

6 മക്കളേ, നിങ്ങളുടെ മാതാപിതാക്കന്മാരെ കർത്താവിൽ അനുസരിപ്പിൻ, അതു ന്യായമാകുന്നു. 2"നിനക്കു നന്മ ഉണ്ടാകുവാനും നീ ഭൂമിയിൽ ദീർഘായുസ്സോടിരിപ്പാനും 3നിന്റെ അപ്പനെയും അമ്മയെയും ബഹുമാനിക്കുക"[b] എന്നതു വാഗ്ദാനത്തോടുകൂടിയ ആദ്യ കല്പനയാണ്.

4പിതാക്കന്മാരേ, നിങ്ങളുടെ മക്കളെ കോപിപ്പിക്കരുത്; കർത്താവിന്റെ ശിക്ഷണത്തിലും സദുപദേശത്തിലും അവരെ വളർത്തുവിൻ.

അടിമകളും യജമാനന്മാരും

5ദാസന്മാരേ, ലോകത്തിൽ നിങ്ങൾക്കുള്ള യജമാനന്മാരെ ക്രിസ്തുവിനെയെന്നപോലെ ബഹുമാനത്തോടും ഭയത്തോടും ഹൃദയപരമാർത്ഥതയോടുംകൂടെ, അനുസരിപ്പിൻ. 6മനുഷ്യരെ പ്രീണിപ്പിക്കുന്നവരെപ്പോലെ ദൃഷ്ടിസേവ ചെയ്യുന്നവരായിട്ടല്ല, പിന്നെയോ ക്രിസ്തുവിന്റെ ദാസന്മാരെപ്പോലെ ഹൃദയപൂർവ്വം ദൈവഹിതം അനുഷ്ഠിക്കുവിൻ.

7മനുഷ്യർക്കെന്നപോലെയല്ല, കർത്താവിനെന്നപോലെ സദ്ഭാവനയോടെ സേവ ചെയ്വിൻ. 8അടിമയോ സ്വതന്ത്രനോ, ഏതൊരുവനും താൻ ചെയ്യുന്ന സൽപ്രവൃത്തികൾക്കു യോഗ്യമായ പ്രതിഫലം കർത്താവിൽനിന്നു പ്രാപിക്കുമെന്നു നിങ്ങൾക്കറിയാമല്ലോ.

9യജമാനന്മാരേ, നിങ്ങളുടെ അടിമകളോടു നിങ്ങളും അങ്ങനെതന്നേ വർത്തിക്കണം. അവരെ ഭീഷണിപ്പെടുത്തരുത്. അവരുടെയും നിങ്ങളുടെയും യജമാനൻ സ്വർഗ്ഗത്തിൽ ഉണ്ടെന്നും അവിടുത്തേക്കു മുഖപക്ഷമില്ലെന്നും നിങ്ങൾ അറിയുന്നുവല്ലോ.

ദൈവത്തിന്റെ സർവ്വായുധ വർഗ്ഗം

10ഒടുവിൽ, കർത്താവിലും അവിടുത്തെ മഹാബലത്തിലും ശക്തിപ്പെടുവിൻ. 11പിശാചിന്റെ തന്ത്രങ്ങളോട് എതിർത്തു നില്പാൻ കഴിയേണ്ടതിനു ദൈവത്തിന്റെ സർവ്വായുധവർഗ്ഗം ധരിച്ചുകൊൾവിൻ. 12നമുക്കു പോരാട്ടമുള്ളത് ജഡരക്തങ്ങളോടല്ല, ഈ അന്ധകാര ലോകത്തിന്റെ ഭരണകർത്താക്കളോടും അധിപതികളോടും സ്വർല്ലോകങ്ങളിലെ ദുഷ്ടാത്മശക്തികളോടും അത്രേ. 13അതുകൊണ്ടു ദുർദ്ദിവസത്തിൽ എതിർത്തു നില്പാനും സകലവും നിറവേറ്റിയതിനുശേഷം ഉറച്ചു നില്പാനും സാധിക്കേണ്ടതിനു ദൈവത്തിന്റെ സർവ്വായുധവർഗ്ഗം ധരിച്ചുകൊൾവിൻ. 14നിങ്ങളുടെ അരയ്ക്കു സത്യം കെട്ടിയും നീതി

a 31 ഉല്പത്തി 2:24 *b* 6:3 ആവർത്തനം 5:16

എന്ന കവചം ധരിച്ചും 15സമാധാനസുവിശേ
ഷത്തിനുള്ള ഒരുക്കം കാലിനു ചെരിപ്പാക്കിയും
16എല്ലാറ്റിനുംമീതേ ദുഷ്ടന്റെ എല്ലാ തീയമ്പു
കളെയും കെടുത്തുവാൻ തക്ക വിശ്വാസം എന്ന
പരിച എടുത്തുംകൊണ്ട് നില്ക്കുവിൻ. 17രക്ഷ
എന്ന ശിരസ്ത്രവും ദൈവവചനം എന്ന ആത്മാ
വിന്റെ വാളും എടുത്തുകൊൾവിൻ. 18സകല
പ്രാർത്ഥനയാലും യാചനയാലും ഏതുസമ
യവും ആത്മാവിൽ പ്രാർത്ഥിച്ചും അതിനായി
ജാഗരിച്ചുംകൊണ്ട് സകലവിശുദ്ധർക്കും എനി
ക്കും വേണ്ടി പ്രാർത്ഥിച്ചുകൊണ്ടിരിക്കുവിൻ.

19ഞാൻ ചങ്ങല ധരിച്ചു സ്ഥാനപതിയായി
സേവിക്കുന്ന സുവിശേഷത്തിന്റെ മർമ്മം
ധൈര്യത്തോടെ അറിയിപ്പാൻ വായ് തുറക്കു
മ്പോൾ 20എനിക്കു വചനം നല്കപ്പെടേണ്ടതി
നും അതു ഞാൻ പ്രാഗല്ഭ്യത്തോടെ സംസാ
രിക്കേണ്ടതിനും എനിക്കുവേണ്ടിയും
പ്രാർത്ഥിക്കുവിൻ.

അഭിവാദനങ്ങൾ

21നിങ്ങൾ എന്റെ വസ്തുത അറിയേണ്ടതി
നും ഞാൻ എങ്ങനെയിരിക്കുന്നുവെന്നു
ഗ്രഹിക്കേണ്ടതിനും പ്രിയ സഹോദരനും
കർത്താവിൽ വിശ്വസ്ത ശുശ്രൂഷകനുമായ
തിഹിക്കൊസ് വന്ന് എല്ലാ വിവരങ്ങളും നിങ്ങ
ളെ അറിയിക്കും. 22ഞങ്ങളുടെ അവസ്ഥ നിങ്ങ
ളോട് അറിയിക്കുവാനും നിങ്ങളുടെ ഹൃദയങ്ങ
ളെ ആശ്വസിപ്പിക്കുവാനുമായി ഞാൻ അവനെ
അങ്ങോട്ടയയ്ക്കുന്നു.

23പിതാവായ ദൈവത്തിൽനിന്നും കർത്താ
വായ യേശുക്രിസ്തുവിൽനിന്നും സഹോ
ദരന്മാർക്കു സമാധാനവും വിശ്വാസത്തോടെയു
ള്ള സ്നേഹവും ഉണ്ടാകട്ടെ. 24നമ്മുടെ കർത്താ
വായ യേശുക്രിസ്തുവിനെ അക്ഷയമായി
സ്നേഹിക്കുന്ന ഏവരോടുംകൂടെ കൃപ ഉണ്ടാ
യിരിക്കുമാറാകട്ടെ.

ഫിലിപ്പിയർ

1 ക്രിസ്തുയേശുവിന്റെ ദാസന്മാരായ പൗലൊസും തിമൊഥെയൊസും, ഫിലിപ്പിയിൽ ക്രിസ്തുയേശുവിലുള്ള സകല വിശുദ്ധർക്കും അധ്യക്ഷന്മാർക്കും ശുശ്രൂഷകന്മാർക്കുമായി എഴുതുന്നത്:

2 നമ്മുടെ പിതാവായ ദൈവത്തിൽനിന്നും കർത്താവായ യേശുക്രിസ്തുവിൽനിന്നും നിങ്ങൾക്കു കൃപയും സമാധാനവും ഉണ്ടാകുമാറാകട്ടെ.

സ്തോത്രാർപ്പണവും പ്രാർത്ഥനയും

3 ഞാൻ നിങ്ങളെ ഓർക്കുമ്പോഴെല്ലാം എന്റെ ദൈവത്തിനു സ്തോത്രം ചെയ്യുന്നു. 4 ആദ്യദിവസം മുതൽ ഇന്നുവരെയും സുവിശേഷത്തിൽ നിങ്ങൾക്കുള്ള പങ്കാളിത്തം നിമിത്തം 5 എന്റെ സകല പ്രാർത്ഥനകളിലും ഞാൻ സന്തോഷത്തോടെ നിങ്ങൾക്കെല്ലാവർക്കുംവേണ്ടി അപേക്ഷിക്കുന്നു. 6 നിങ്ങളിൽ നല്ല പ്രവൃത്തി ആരംഭിച്ചവൻ ക്രിസ്തുയേശുവിന്റെ നാൾവരെ അതു തുടരുമെന്നും പൂർത്തിയാക്കുമെന്നും ഞാൻ ഉറപ്പായി വിശ്വസിക്കുന്നു.

7 എന്റെ ബന്ധനങ്ങളിലും സുവിശേഷത്തിനുവേണ്ടിയുള്ള പ്രതിവാദത്തിലും സ്ഥിരീകരണത്തിലും എന്നോടൊപ്പം ദൈവകൃപയിൽ പങ്കാളികളായ നിങ്ങളെയെല്ലാം ഞാൻ എന്റെ ഹൃദയത്തിൽ വഹിച്ചിരിക്കുകയാൽ നിങ്ങളെ എല്ലാവരെപ്പറ്റിയും അങ്ങനെ ചിന്തിക്കുന്നത് യുക്തമാണല്ലോ. 8 ക്രിസ്തുയേശുവിന്റെ വാത്സല്യത്തോടെ ഞാൻ നിങ്ങളെയെല്ലാം കാണുവാൻ എത്ര വാഞ്ഛിക്കുന്നു എന്നതിനു ദൈവംതന്നെ സാക്ഷി.

9 നിങ്ങളുടെ സ്നേഹം സകല ജ്ഞാനത്തോടും വിവേകത്തോടുംകൂടെ അധികമധികം വർദ്ധിച്ചുവരട്ടെ. 10 അങ്ങനെ നിങ്ങൾ ഉത്തമകാര്യം സ്വീകരിക്കുന്നവരായി, ക്രിസ്തുവിന്റെ നാളിൽ വിശുദ്ധരും നിഷ്കളങ്കരും 11 ദൈവത്തിന്റെ മഹത്ത്വത്തിനും പുകഴ്ചയ്ക്കുമായി യേശുക്രിസ്തുവിനാലുള്ള നീതിഫലങ്ങൾ നിറഞ്ഞവരുമായിത്തീരണമെന്നു ഞാൻ പ്രാർത്ഥിക്കുന്നു.

പൗലൊസിന്റെ ബന്ധനം സുവിശേഷാഭിവൃദ്ധിക്ക്

12 ഇപ്പോൾ സഹോദരരേ, എനിക്കു ഭവിച്ചതു സുവിശേഷത്തിന്റെ അഭിവൃദ്ധിക്കായിത്തീർന്നുവെന്നു നിങ്ങൾ അറിയുവാൻ ഞാൻ ആഗ്രഹിക്കുന്നു. 13 ഞാൻ ചങ്ങല ധരിക്കുന്നതു ക്രിസ്തുനിമിത്തമാണെന്ന് എല്ലാ അകമ്പടിപ്പട്ടാളത്തിന്റെയും മറ്റുള്ളവരുടെയും ഇടയിൽ വ്യക്തമായിത്തീർന്നിരിക്കുന്നു. 14 എന്റെ ബന്ധനം നിമിത്തം സഹോദരർ മിക്കവരും കർത്താവിൽ ധൈര്യംപൂണ്ട് ദൈവവചനം ഭയംകൂടാതെ, തന്റേടത്തോടെ സംസാരിക്കുവാൻ തുനിഞ്ഞിരിക്കുന്നു.

15 ചിലർ ക്രിസ്തുവിനെ അസൂയയും മത്സരവുംനിമിത്തവും മറ്റുള്ളവർ സന്മനസ്സോടെയും പ്രസംഗിക്കുന്നുവെന്നതു വാസ്തവംതന്നേ. 16 രണ്ടാമത്തെ കൂട്ടർ ഞാൻ സുവിശേഷത്തിന്റെ പ്രതിവാദത്തിനായി ഇവിടെ കിടക്കുന്നു എന്നറിഞ്ഞിട്ട് അതു സ്നേഹത്തിൽ ചെയ്യുന്നു. 17 ആദ്യം പറഞ്ഞവരാകട്ടെ, ആത്മാർത്ഥതയോടെയല്ല, പിന്നെയോ സ്വാർത്ഥതാൽപര്യംമൂലം, കാരാഗൃഹവാസത്തിൽ എനിക്കു ക്ലേശം വർദ്ധിപ്പിക്കണമെന്ന ചിന്തയോടെ അതു ചെയ്യുന്നു. 18 എന്നാലെന്ത്? കാപട്യത്താലാകട്ടെ, ആത്മാർത്ഥതയാലാകട്ടെ, ക്രിസ്തു പ്രസംഗിക്കപ്പെടുന്നു എന്നതാണു മുഖ്യകാര്യം. അതിൽ ഞാൻ സന്തോഷിക്കുന്നു; തുടർന്നും സന്തോഷിക്കും.

19 എന്തുകൊണ്ടെന്നാൽ എനിക്കു സംഭവിച്ചതു നിങ്ങളുടെ പ്രാർത്ഥനയാലും യേശുക്രിസ്തുവിന്റെ ആത്മാവിന്റെ സഹായത്താലും എനിക്കു രക്ഷാകാരണമായിത്തീരുമെന്ന് 20 ഞാൻ ഒരിക്കലും ലജ്ജിതനാവുകയില്ലെന്നും ജീവിതത്താലാകട്ടെ മരണത്താലാകട്ടെ ക്രിസ്തു എന്റെ ശരീരത്തിൽ എക്കാലവുമെന്നപോലെ ഇപ്പോഴും മഹത്ത്വപ്പെടുവാനിടയാ

a 19 അല്ലെങ്കിൽ *വിടുതലിനു കാരണമായിത്തീരും*

കുമെന്നും ഞാൻ പ്രതീക്ഷിക്കയും പ്രത്യാശിക്കയും ചെയ്യുന്നു. 21എനിക്കു ജീവിക്കുന്നതു ക്രിസ്തുവും മരിക്കുന്നതു ലാഭവും ആകുന്നു. 22ഞാൻ തുടർന്നും ശരീരത്തിൽ ജീവിക്കുന്നുവെങ്കിൽ അതു ഫലപ്രദമായ പ്രവർത്തനത്തിനുവേണ്ടിയാണ്. അതിനാൽ എന്തു തിരഞ്ഞെടുക്കണം എന്ന് എനിക്കറിഞ്ഞുകൂടാ. 23ഇവ രണ്ടിനാലും ഞാൻ ഞെരുങ്ങുന്നു. വിട്ടുപിരിഞ്ഞു ക്രിസ്തുവിനോടുകൂടെ ഇരിപ്പാൻ എനിക്കാഗ്രഹമുണ്ട്; അത് ഏറെ നല്ലത്. 24എന്നാൽ ഞാൻ ശരീരത്തിലിരിക്കേണ്ടതു നിങ്ങൾനിമിത്തം അധികം ആവശ്യം. 25ഈ ബോധ്യമുള്ളതിനാൽ ഞാൻ ജീവനോടെയിരിക്കുമെന്നും നിങ്ങളുടെ വിശ്വാസത്തിൻെറ അഭിവൃദ്ധിക്കും സന്തോഷത്തിനുമായി നിങ്ങളോടൊപ്പം ഉണ്ടായിരിക്കുമെന്നും ഞാൻ അറിയുന്നു. 26അങ്ങനെ ഞാൻ വീണ്ടും നിങ്ങളോടുകൂടെ ജീവിക്കുകമൂലം ക്രിസ്തുയേശുവിലുള്ള നിങ്ങളുടെ സന്തോഷം ഞാൻനിമിത്തം നിറഞ്ഞുകവിയുവാൻ ഇടയാകും.

27ഞാൻ അവിടെ വന്നു നിങ്ങളെ കണ്ടാലും, നിങ്ങളിൽനിന്ന് അകലെയായിരുന്നാലും എതിരാളികൾമൂലം നിങ്ങൾ ഒന്നിലും ഭയപ്പെടാതെ ഏകാത്മാവിൽ ഉറച്ചുനിന്ന് ഏകമനസ്സോടെ സുവിശേഷത്തിൻെറ വിശ്വാസത്തിനുവേണ്ടി പോരാടുന്നുവെന്നു ഞാൻ കേൾക്കുവാൻ ഇടയാകേണ്ടതിനു ക്രിസ്തുവിൻെറ സുവിശേഷത്തിനു യോഗ്യമാംവണ്ണം മാത്രം നടക്കുവിൻ. 28അത് അവരുടെ നാശത്തിനും നിങ്ങളുടെ രക്ഷയ്ക്കും ഒരടയാളമാണ്; അതു ദൈവത്തിൽനിന്നുള്ളതും അത്രേ. 29ക്രിസ്തുവിൽ വിശ്വസിക്കുവാൻ മാത്രമല്ല, അവിടുത്തേക്കുവേണ്ടി പീഡനം സഹിപ്പാനും നിങ്ങൾക്കു വരം ലഭിച്ചിരിക്കുന്നു. 30എനിക്കുണ്ടായിരുന്നതായി നിങ്ങൾ കണ്ടതും ഇപ്പോഴും കേൾക്കുന്നതുമായ അതേ പോരാട്ടത്തിലൂടെ നിങ്ങളും കടന്നുപൊയ്ക്കൊണ്ടിരിക്കുകയാണല്ലോ.

ക്രിസ്തുവിൻെറ താഴ്മ അനുകരിക്കുവിൻ

2 ക്രിസ്തുവിൽ നിങ്ങൾക്ക് എന്തെങ്കിലും പ്രോത്സാഹനമോ, അവിടുത്തെ സ്നേഹത്താലുള്ള എന്തെങ്കിലും ആശ്വാസമോ, ആത്മാവിലുള്ള എന്തെങ്കിലും കൂട്ടായ്മയോ ഉണ്ടെങ്കിൽ, അല്പമെങ്കിലും ആർദ്രതയോ അനുകമ്പയോ ഉണ്ടെങ്കിൽ, 2നിങ്ങൾ ഏകഹൃദയവും ഏകസ്നേഹവും ഉള്ളവരായി, ആത്മാവിലും ലക്ഷ്യത്തിലും ഏകീഭവിച്ച്, എൻെറ സന്തോഷം സമ്പൂർണ്ണമാക്കുവിൻ. 3സ്വാർത്ഥതാൽപര്യത്താലോ വ്യാഥാഭിമാനത്താലോ ഒന്നും ചെയ്യാതെ താഴ്മയോടെ മറ്റുള്ളവരെ നിങ്ങളെക്കാൾ ശ്രേഷ്ഠരെന്നു കരുതിക്കൊൾവിൻ. 4നിങ്ങളിൽ ഓരോരുത്തരും സ്വന്തതാൽപര്യം മാത്രമല്ല, മറ്റുള്ളവരുടെ താൽപര്യംകൂടെ അന്വേഷിക്കേണ്ടതാണ്.

5ക്രിസ്തുയേശുവിലുള്ള ഭാവംതന്നേ നിങ്ങളിലും ഉണ്ടായിരിക്കട്ടെ.

6അവിടുന്നു ദൈവരൂപത്തിൽ ഇരിക്കെ,
ദൈവത്തോടുള്ള സമത്വം മുറുകെപ്പിടിച്ചുകൊള്ളണം എന്നു ചിന്തിക്കാതെ
7ദാസവേഷം ധരിച്ച് മനുഷ്യ
സാദൃശ്യത്തിലായി തന്നെത്തന്നേ
ശൂന്യനാക്കി, മനുഷ്യാകൃതിയിൽ
കാണപ്പെട്ടു.
8അവിടുന്ന് അങ്ങനെ
തന്നെത്താൻ താഴ്ത്തുകയും മരണത്തോളം,
ക്രൂശിലെ മരണത്തോളംതന്നേ,
അനുസരണമുള്ളവനായിത്തീരുകയും
ചെയ്തു.
9അതിനാൽ ദൈവം
അദ്ദേഹത്തെ ഏറ്റവും അധികം
ഉയർത്തി,
എല്ലാ നാമത്തിനും മേലായ
ഒരു നാമം അവിടുത്തേക്കു നല്കി.
10തന്മൂലം സ്വർഗ്ഗത്തിലും
ഭൂമിയിലും ഭൂമിക്കു കീഴിലും
ഉള്ള എല്ലാ മുഴങ്കാലും
യേശുവിൻെറ നാമത്തിങ്കൽ മടങ്ങുകയും
11എല്ലാനാവും യേശുക്രിസ്തു
കർത്താവ് എന്നു പിതാവായ
ദൈവത്തിൻെറ മഹത്ത്വത്തിനായി
ഏറ്റു പറയുകയും ചെയ്യും.

ജ്യോതിസ്സുകളെപ്പോലെ പ്രകാശിപ്പിൻ

12അതുകൊണ്ട് എൻെറ പ്രിയ സ്നേഹിതരേ, നിങ്ങൾ എല്ലായ്പോഴും അനുസരിച്ചിട്ടുള്ളതുപോലെ - എൻെറ സാന്നിധ്യത്തിൽമാത്രമല്ല, ഇപ്പോൾ അതിലധികമായി എൻെറ അസാന്നിധ്യത്തിലും - ഭയത്തോടും വിറയലോടുംകൂടെ നിങ്ങളുടെ രക്ഷയെ പ്രാവർത്തികമാക്കിക്കൊള്ളുവിൻ. 13തൻെറ പ്രസാദപ്രകാരം ഇച്ഛിക്കുവാനും പ്രവർത്തിക്കുവാനും ദൈവമാണല്ലോ നിങ്ങളിൽ വ്യാപരിക്കുന്നത്.

14വക്രവും വഴിപിഴച്ചതുമായ തലമുറയിൽ നിഷ്കളങ്കരും, നിർമ്മലരും കുറ്റമറ്റവരുമായ ദൈവമക്കളായിത്തീരേണ്ടതിനു നിങ്ങൾ എല്ലാം പിറുപിറുപ്പും വാഗ്വാദവുംകൂടാതെ ചെയ്യുവിൻ. 15അവരുടെയിടയിൽ നിങ്ങൾ ജീവൻെറ വചനം മുറുകെപ്പിടിച്ചുകൊണ്ട്, ലോകത്തിൽ ജ്യോതിസ്സുകളെപ്പോലെ പ്രകാശിക്കുന്നു. 16അങ്ങനെ ഞാൻ ഓടിയതും അധ്വാനിച്ചതും വ്യർത്ഥമായിട്ടില്ലെന്നു ക്രിസ്തുവിൻെറ നാളിൽ എനിക്കു

പ്രശംസിക്കുവാൻ ഇടയാകും. 17നിങ്ങളുടെ വിശ്വാസമെന്ന യാഗത്തിന്റെയും ശുശ്രൂഷയുടെയുംമേൽ ഒരു പാനീയയാഗമായി എന്നെത്തന്നേ അർപ്പിക്കേണ്ടിവന്നാലും ഞാൻ സന്തോഷിക്കും, നിങ്ങളെല്ലാവരോടുംകൂടെ സന്തോഷിക്കും. 18അങ്ങനെ, നിങ്ങളും സന്തോഷിക്കുവിൻ എന്നോടുകൂടെ സന്തോഷിക്കുവിൻ.

തിമൊഥെയൊസും എപ്പഫ്രൊദിത്തൊസും

19നിങ്ങളെക്കുറിച്ചുള്ള വിവരങ്ങളറിഞ്ഞ് ആശ്വസിക്കുന്നതിനുവേണ്ടി വേഗത്തിൽ തിമൊഥെയൊസിനെ അങ്ങോട്ടയയ്ക്കാമെന്നു ഞാൻ കർത്താവിൽ ആശിക്കുന്നു. 20നിങ്ങളുടെ നന്മയ്ക്കായി കരുതുവാൻ തുല്യചിത്തനായി എനിക്കു വേറെ ആരുമില്ല. 21എന്തെന്നാൽ യേശുക്രിസ്തുവിന്റെ താൽപര്യമല്ല, സ്വന്തതാൽപര്യമത്രേ എല്ലാവരും അന്വേഷിക്കുന്നത്. 22എന്നാൽ തിമൊഥെയൊസ്, തന്റെ വിശിഷ്ടസ്വഭാവം തെളിയിച്ചവനാണെന്നു നിങ്ങൾക്കറിയാമല്ലോ. സുവിശേഷപ്രവർത്തനത്തിൽ, മകൻ അപ്പനോടുകൂടെയെന്നപോലെ, അവൻ എന്നോടൊപ്പം അധ്വാനിച്ചിട്ടുണ്ട്. 23എന്റെ കാര്യങ്ങൾ എങ്ങനെയാകുമെന്ന് അറിവായാലുടൻ അവനെ അങ്ങോട്ടയയ്ക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. 24ഞാനും വേഗത്തിൽ വരുമെന്നു കർത്താവിൽ പ്രത്യാശിക്കുകയും ചെയ്യുന്നു.

25എന്നാൽ എന്റെ സഹോദരനും കൂട്ടുവേലക്കാരനും സഹഭടനുമായ എപ്പഫ്രൊദിത്തൊസിനെ നിങ്ങളുടെ അടുക്കലേക്കു തിരിച്ചയയ്ക്കേണ്ടത് ആവശ്യമാണെന്നു ഞാൻ കരുതുന്നു. എന്റെ ആവശ്യങ്ങൾക്കുവേണ്ടി കരുതുവാൻ നിങ്ങൾ അയച്ച ദൂതനാണല്ലോ അയാൾ. 26നിങ്ങൾക്കെല്ലാവർക്കുംവേണ്ടി അയാൾ വാഞ്ഛയോടെ കാത്തിരിക്കുന്നു; താൻ രോഗിയാണെന്നു നിങ്ങൾ കേട്ടതിനാൽ വ്യാകുലചിത്തനായിക്കഴിയുകയും ചെയ്യുന്നു. 27വാസ്തവത്തിൽ അയാൾ രോഗിയും ആസന്നമരണനും ആയിരുന്നു. എന്നാൽ ദൈവം അയാളോടു കരുണ കാണിച്ചു. അയാളോടുമാത്രമല്ല, എനിക്കു ദുഃഖത്തിനുമേൽ ദുഃഖം വരാതിരിക്കേണ്ടതിന് എന്നോടും കരുണ ചെയ്തു. 28നിങ്ങൾ തമ്മിൽ വീണ്ടും കണ്ടു സന്തോഷിക്കുവാനും എന്റെ ദുഃഖം കുറയുവാനുമായി അയാളെ അങ്ങോട്ടയയ്ക്കണമെന്നു ഞാൻ വളരെ ആഗ്രഹിക്കുന്നു. 29ഏറ്റവും സന്തോഷപൂർവ്വം അയാളെ സ്വാഗതം ചെയ്യുവിൻ. ഇപ്രകാരമുള്ളവരെ ബഹുമാനിക്കുവിൻ. 30എന്തെന്നാൽ ക്രിസ്തുവിന്റെ വേലനിമിത്തമാണല്ലോ നിങ്ങൾ എനിക്കു നല്കുവാനാഗ്രഹിച്ച സഹായം പൂർത്തിയാക്കുന്നതിന് അയാൾ മരണത്തിന്റെ വക്കോളമെത്തിയത്.

ജഡത്തിൽ ആശ്രയിക്കുന്നില്ല

3 ഒടുവിൽ സഹോദരരേ, കർത്താവിൽ സന്തോഷിക്കുവിൻ. ഈ ഒരു കാര്യംതന്നേ വീണ്ടും നിങ്ങൾക്കെഴുതുന്നതിൽ എനിക്ക് ഒട്ടും മടുപ്പില്ല. നിങ്ങളുടെ ഭദ്രതയ്ക്ക് അത് നല്ലതുമാണ്.

2നായ്ക്കളെ സൂക്ഷിക്കുവിൻ; ദുഷ്ടരായ പ്രവർത്തകരെ സൂക്ഷിക്കുവിൻ. വിച്ഛേദനക്കാരെ സൂക്ഷിക്കുവിൻ. 3നാമല്ലോ പരിച്ഛേദനക്കാർ, ദൈവത്തെ ആത്മാവിൽ ആരാധിക്കുകയും ക്രിസ്തുയേശുവിൽ പ്രശംസിക്കുകയും ജഡത്തിൽ ആശ്രയിക്കാതിരിക്കുകയും ചെയ്യുന്ന നാംതന്നേ. 4എനിക്കോ ജഡത്തിലും ആശ്രയിക്കുവാൻ വകയുണ്ട്. ജഡത്തിൽ ആശ്രയിക്കാമെന്നു മറ്റാരെങ്കിലും കരുതുന്നുവെങ്കിൽ എനിക്ക് അതിലധികം: 5എട്ടാംനാളിൽ പരിച്ഛേദനമേറ്റവൻ; യിസ്രായേൽ വംശജൻ; ബന്യാമീൻ ഗോത്രക്കാരൻ; എബ്രായരിൽവച്ച് എബ്രായൻ; ന്യായപ്രമാണം സംബന്ധിച്ചു പരീശൻ; 6തീക്ഷ്ണതയുടെ കാര്യത്തിൽ സഭയെ ഉപദ്രവിച്ചവൻ; ന്യായപ്രമാണത്തിലുള്ള നീതിയെ സംബന്ധിച്ച് അനിന്ദ്യൻ.

7എങ്കിലും എനിക്കു ലാഭമായിരുന്നതെല്ലാം യേശുക്രിസ്തുവിനുവേണ്ടി ഞാൻ നഷ്ടമായി കണക്കാക്കുന്നു. 8അതുമാത്രമല്ല, എന്റെ കർത്താവായ യേശുക്രിസ്തുവിനെപ്പറ്റിയുള്ള പരമമായ ജ്ഞാനംനിമിത്തം ഞാൻ എല്ലാം നഷ്ടമെന്നെണ്ണുന്നു. അവിടുത്തേക്കുവേണ്ടി ഞാൻ സകലവും നഷ്ടമെന്നു കരുതുന്നു. 9ക്രിസ്തുവിനെ നേടുവാനും ന്യായപ്രമാണത്തിലൂടെ ലഭിക്കുന്ന എന്റെ സ്വന്തനീതിയല്ല, ദൈവം വിശ്വസിക്കുന്നവർക്കു നല്കുന്ന നീതിതന്നേ പ്രാപിച്ചു ക്രിസ്തുവിൽ ആയിരിക്കുവാനും, 10ക്രിസ്തുവിനെയും അവിടുത്തെ പുനരുത്ഥാനത്തിന്റെ ശക്തിയെയും കഷ്ടാനുഭവങ്ങളുടെ കൂട്ടായ്മയെയും അനുഭവിച്ചറിഞ്ഞ് അവിടുത്തെ മരണത്തോട് അനുരൂപപ്പെടുവാനും 11അങ്ങനെ ഏതുപ്രകാരവും മരിച്ചവരിൽനിന്നുള്ള പുനരുത്ഥാനം പ്രാപിക്കുവാനുമായി ഞാൻ സകലവും ത്യജിച്ചു ചവറ് എന്നു എണ്ണുന്നു.

ലക്ഷ്യത്തിലേക്ക്

12ഇതെല്ലാം നേടിക്കഴിഞ്ഞുവെന്നോ പരിപൂർണ്ണനായെന്നോ ഞാൻ ചിന്തിക്കുന്നില്ല. ക്രിസ്തു എന്തിനുവേണ്ടി എന്നെ പിടിച്ചിരിക്കുന്നുവോ അതു പിടിക്കാമോ എന്നുവച്ചു മുന്നോട്ടായുക മാത്രമാണു ഞാൻ ചെയ്യുന്നത്. 13സഹോദരരേ, ഇപ്പോഴും അതു ഞാൻ പിടി

ച്ചുവെന്നു കരുതുന്നില്ല. എന്നാൽ ഒന്നു ഞാൻ ചെയ്യുന്നു: പിമ്പിലുള്ളതു മറന്നും മുമ്പിലുള്ളതിന് ആഞ്ഞുംകൊണ്ട് 14ദൈവം ക്രിസ്തുയേശുവിൽ എന്നെ വിളിച്ച സ്വർഗ്ഗീയവിളിയുടെ വിരുതിനായി ലക്ഷ്യത്തിലേക്ക് ഓടുന്നു.

15നമ്മിൽ പക്വത പ്രാപിച്ചവർക്കെല്ലാം ഇപ്രകാരമൊരു വീക്ഷണമാണ് ഉണ്ടാകേണ്ടത്. ഏതെങ്കിലും കാര്യത്തിൽ വ്യത്യസ്തമായി നിങ്ങൾ ചിന്തിക്കുന്നുവെങ്കിൽ അതും ദൈവം നിങ്ങൾക്കു വ്യക്തമാക്കിത്തരും. 16നാം പ്രാപിച്ചിട്ടുള്ളതിന് അനുസൃതമായി നമുക്കു ജീവിക്കാം.

17സഹോദരരേ, എന്റെ അനുകാരികളായിത്തീരുവിൻ. ഞങ്ങൾ നിങ്ങൾക്കു കാണിച്ചുതന്ന മാതൃകയനുസരിച്ചു ജീവിക്കുന്നവരെയും ശ്രദ്ധിച്ചുകൊള്ളുവിൻ. 18ക്രൂശിന്റെ ശത്രുക്കളായി പലരും നടക്കുന്നുവെന്നു ഞാൻ നിങ്ങളോടു മുമ്പു പറഞ്ഞിട്ടുള്ളതുപോലെ ഇപ്പോൾ കണ്ണുനീരോടുകൂടെ വീണ്ടും പറയുന്നു. 19അവരുടെ അന്ത്യം നാശം; അവരുടെ ദൈവം വയറ്; ലജ്ജാകരമായതിൽ അവർ അഭിമാനിക്കുന്നു; അവരുടെ മനസ്സു ഭൗമികകാര്യങ്ങളിലത്രേ. 20എന്നാൽ നമ്മുടെ പൗരത്വമോ സ്വർഗ്ഗത്തിലാകുന്നു. അവിടെനിന്നും കർത്താവായ യേശുക്രിസ്തു രക്ഷകനായി വരുമെന്നോർത്തു നാം ആകാംക്ഷയോടെ കാത്തിരിക്കുന്നു. 21അവിടുന്നു സകലത്തെയും നിയന്ത്രിക്കുവാൻ മതിയായ തന്റെ ശക്തിയാൽ നമ്മുടെ താഴ്ചയുള്ള ശരീരത്തെ തന്റെ മഹത്ത്വമുള്ള ശരീരത്തിന് അനുരൂപമായി രൂപാന്തരപ്പെടുത്തും.

4 അതുകൊണ്ടു ഞാൻ വാഞ്ഛയോടെ കാത്തിരിക്കുന്ന എന്റെ പ്രിയസഹോദരരേ, എന്റെ സന്തോഷവും കിരീടവുമായ എന്റെ പ്രിയപ്പെട്ടവരേ, ഇപ്രകാരം കർത്താവിൽ നിലനില്ക്കുവിൻ.

പ്രബോധനങ്ങൾ

2കർത്താവിൽ ഏകഭാവത്തോടെ ജീവിക്കുവാൻ യുവോദ്യയെയും സുന്തുകയെയും ഞാൻ പ്രബോധിപ്പിക്കുന്നു. 3അതേ, ജീവപുസ്തകത്തിൽ പേരുള്ള ക്ളെമന്റിനോടും എന്റെ മറ്റു കൂട്ടുവേലക്കാരോടുംകൂടെ സുവിശേഷഘോഷണത്തിൽ എന്നോടൊപ്പം പോരാടിയ ഈ സ്ത്രീകളെ സഹായിക്കുവാൻ എന്റെ വിശ്വസ്ത സഹപ്രവർത്തകാ, ഞാൻ താങ്കളോട് അപേക്ഷിക്കുന്നു.

4കർത്താവിൽ എപ്പോഴും സന്തോഷിക്കുവിൻ; അതുതന്നേ ഞാൻ വീണ്ടും പറയുന്നു, സന്തോഷിക്കുവിൻ. 5നിങ്ങളുടെ സൗമ്യത സകലമനുഷ്യരും അറിയട്ടെ. കർത്താവു അടുത്തായിരിക്കുന്നു. 6ഒന്നിനെക്കുറിച്ചും വ്യാകുലപ്പെടരുത്. എല്ലാറ്റിലും പ്രാർത്ഥനയാലും അപേക്ഷയാലും നിങ്ങളുടെ ആവശ്യങ്ങൾ സ്തോത്രത്തോടുകൂടെ ദൈവത്തിനു സമർപ്പിക്കയത്രേ വേണ്ടത്. 7അങ്ങനെയെങ്കിൽ സകല അറിവിനെയും കവിയുന്ന ദൈവികസമാധാനം നിങ്ങളുടെ ഹൃദയങ്ങളെയും മനസ്സുകളെയും ക്രിസ്തുയേശുവിൽ കാത്തുകൊള്ളും.

8ഒടുവിൽ സഹോദരരേ, സത്യമായതൊക്കെയും നീതിയായതൊക്കെയും നിർമ്മലമായതൊക്കെയും സുന്ദരമായതൊക്കെയും അഭിനന്ദനാർഹമായതൊക്കെയും അത്യുത്തമമോ പ്രശംസാർഹമോ ആയതൊക്കെയും ചിന്തിച്ചുകൊൾവിൻ. 9എന്നിൽനിന്നു നിങ്ങൾ പഠിക്കയും കൈക്കൊൾകയും കേൾക്കയും ചെയ്തതെല്ലാം പ്രയോഗത്തിൽ വരുത്തുവിൻ. എന്നാൽ സമാധാനത്തിന്റെ ദൈവം നിങ്ങളോടുകൂടെ ഇരിക്കും.

ദാനങ്ങൾക്കു നന്ദി

10നിങ്ങൾ എനിക്കുവേണ്ടി വീണ്ടും കരുതൽ കാണിച്ചതിനാൽ ഞാൻ കർത്താവിൽ ഏറ്റവും സന്തോഷിക്കുന്നു. വാസ്തവമായും നിങ്ങൾ കരുതലുള്ളവരായിരുന്നു; എങ്കിലും അതു പ്രദർശിപ്പിക്കുവാൻ നിങ്ങൾക്ക് അവസരം ലഭിച്ചില്ല. 11ബുദ്ധിമുട്ടിലിരിക്കുന്നതുകൊണ്ടല്ല ഞാനിതു പറയുന്നത്. ഏതു സാഹചര്യത്തിലും സംതൃപ്തനായിരിക്കുവാൻ ഞാൻ ശീലിച്ചിരിക്കുന്നു. 12ബുദ്ധിമുട്ടിലിരിക്കുവാനും സമൃദ്ധിയിലിരിക്കുവാനും എനിക്കറിയാം. ഏതു സാഹചര്യത്തിലും എപ്പോഴും തൃപ്തനായിരിക്കുന്നതിന്റെ രഹസ്യം ഞാൻ മനസ്സിലാക്കിയിട്ടുണ്ട്. തിന്നു തൃപ്തനായിരിപ്പാനും വിശന്നിരിപ്പാനും സമൃദ്ധിയിലിരിപ്പാനും ദാരിദ്ര്യത്തിലിരിപ്പാനും എനിക്കു പരിശീലനം ലഭിച്ചിരിക്കുന്നു. 13എന്നെ ശക്തനാക്കുന്നവൻ മുഖാന്തരം സകലവും ചെയ്യുവാൻ ഞാൻ പ്രാപ്തനാകുന്നു.

14എങ്കിലും എന്റെ പ്രയാസങ്ങളിൽ നിങ്ങൾ പങ്കാളികളായിത്തീർന്നതു നല്ലതുതന്നേ. 15മാത്രമല്ല, ഫിലിപ്പിയരേ, നിങ്ങൾക്ക് അറിവുള്ളതുപോലെ സുവിശേഷം നിങ്ങൾ ആദ്യമായി കേട്ട നാളുകളിൽ, ഞാൻ മാസിഡോണിയായിൽ നിന്നും യാത്ര തിരിക്കുമ്പോൾ, നിങ്ങളൊഴികെ മറ്റൊരു സഭയും കൊടുക്കൽവാങ്ങലുകളിൽ എന്നോടു പങ്കാളിത്തം കാണിച്ചില്ല. 16ഞാൻ തെസ്സലോനികയിലായിരുന്നപ്പോഴും നിങ്ങൾ എന്റെ ആവശ്യങ്ങൾക്കായി ഒന്നുരണ്ടു തവണ സഹായം അയച്ചുതന്നു. 17ദാനം ലഭിക്കുവാൻ ഞാൻ കാത്തിരിക്കുന്നുവെന്നല്ല, പിന്നെയോ നിങ്ങളുടെ കണക്കിലേക്കു കൂടുതൽ പ്രതിഫലം ചേർക്കപ്പെടുവാൻ ആഗ്രഹിക്കുകയാണ്. 18എനിക്കു വേണ്ടതും അതിലധികവും ഇപ്പോ

ഴുണ്ട്. എപ്പഫ്രൊദിത്തൊസിന്റെ പക്കൽ നിങ്ങൾ കൊടുത്തയച്ച ദാനങ്ങൾ സ്വീകരിച്ച് ഇപ്പോൾ ഞാൻ തൃപ്തനായിരിക്കുന്നു. അവ ദൈവത്തിനു പ്രസാദവും സൗരഭ്യവാസനയുമായ വഴിപാടും യാഗവുമായിത്തീർന്നിരിക്കുന്നു. 19എന്റെ ദൈവമോ നിങ്ങളുടെ ബുദ്ധിമുട്ടൊക്കെയും തന്റെ മഹിമാധനത്തിനൊത്തവണ്ണം ക്രിസ്തുയേശുവിൽ സമ്പൂർണ്ണമായി തീർത്തുതരും.

20നമ്മുടെ ദൈവവും പിതാവുമായവന് എന്നെന്നേക്കും മഹത്വം. ആമേൻ.

അന്തിമാഭിവാദനങ്ങൾ

21എല്ലാ വിശുദ്ധരെയും ക്രിസ്തുയേശുവിൽ അഭിവാദനം ചെയ്യുവിൻ. എന്നോടൊപ്പമുള്ള സഹോദരർ നിങ്ങളെ അഭിവാദനം ചെയ്യുന്നു. 22വിശുദ്ധർ എല്ലാവരും, വിശിഷ്യ കൈസറുടെ അരമനയിലുള്ളവരും നിങ്ങൾക്കു വന്ദനം പറയുന്നു.

23കർത്താവായ യേശുക്രിസ്തുവിന്റെ കൃപ നിങ്ങളുടെ ആത്മാവോടുകൂടെ ഇരിക്കുമാറാകട്ടെ. ആമേൻ.

കൊലൊസ്യർ

1 ദൈവേഷ്ടത്താൽ ക്രിസ്തുയേശുവിന്റെ
അപ്പൊസ്തലനായ പൗലൊസും സ
ഹോദരനായ തിമൊഥെയോസും,

2ക്രിസ്തുവിൽ വിശുദ്ധരും വിശ്വസ്തരു
മായി[a] കൊലൊസ്യയിലുള്ള സഹോദരർക്ക്
എഴുതുന്നത്:

നമ്മുടെ പിതാവായ ദൈവത്തിൽനിന്നും[b]
നിങ്ങൾക്കു കൃപയും സമാധാനവും ഉണ്ടാകട്ടെ.

സ്തോത്രവും പ്രാർത്ഥനയും

3സുവിശേഷത്തിന്റെ സത്യവചനത്തിൽ നി
ങ്ങൾ മുമ്പു കേട്ടതായി സ്വർഗ്ഗത്തിൽ നിങ്ങൾ
ക്കുവേണ്ടി സൂക്ഷിച്ചിട്ടുള്ള പ്രത്യാശനിമിത്തം
4ക്രിസ്തുയേശുവിൽ നിങ്ങൾക്കുള്ള വിശ്വാസ
ത്തെയും സകലവിശുദ്ധരോടും നിങ്ങൾക്കുള്ള
സ്നേഹത്തെയും പറ്റി കേട്ടിട്ടു നിങ്ങൾ
ക്കുവേണ്ടി എപ്പോഴും പ്രാർത്ഥിച്ചുകൊണ്ടു
5ഞങ്ങൾ നമ്മുടെ കർത്താവായ യേശുക്രിസ്തു
വിന്റെ പിതാവായ ദൈവത്തിനു സ്തോത്രം
ചെയ്യുന്നു. 6ആ സുവിശേഷം ലോകത്തിൽ
എല്ലായിടത്തും എന്നപോലെ നിങ്ങളുടെ അടു
ക്കലും എത്തി; നിങ്ങൾ അതു കേൾക്കുകയും
ദൈവകൃപ യഥാർത്ഥമായി ഗ്രഹിക്കുകയും
ചെയ്ത നാൾമുതൽ സർവ്വലോകത്തിലും എന്ന
പോലെ നിങ്ങളുടെ ഇടയിലും അതു ഫലം പുറ
പ്പെടുവിച്ചും വളർന്നുംകൊണ്ടിരിക്കുന്നു.
7ഞങ്ങളുടെ പ്രിയ സഹഭൃത്യനും നിങ്ങൾ
ക്കുവേണ്ടി ക്രിസ്തുവിന്റെ വിശ്വസ്തശുശ്രൂ
ഷകനുമായ എപ്പഫ്രാസിൽനിന്നു നിങ്ങൾ
അതു ഗ്രഹിച്ചിട്ടുണ്ടല്ലോ. 8നിങ്ങൾക്ക് ആത്മാ
വിലുള്ള സ്നേഹം അദ്ദേഹം ഞങ്ങളെ അറിയി
ച്ചിട്ടുമുണ്ട്.

9അതുകൊണ്ടു ഞങ്ങൾ അതു കേട്ടനാൾ
മുതൽ നിങ്ങൾക്കുവേണ്ടി നിരന്തരം പ്രാർത്ഥി
ക്കുന്നു. 10നിങ്ങൾ എല്ലാ വിവേകത്തോടും
ആത്മികജ്ഞാനത്തോടുംകൂടി ദൈവഹിത
ത്തെക്കുറിച്ചുള്ള പരിജ്ഞാനംകൊണ്ടു
നിറഞ്ഞവരാകണമെന്നും എല്ലാ കാര്യത്തിലും
കർത്താവിനെ പ്രസാദിപ്പിച്ചുകൊണ്ടു അവിടു
ത്തേക്കു യോഗ്യമായവിധം നടന്നും സകല
സൽപ്രവൃത്തികളിലും ഫലം കായിച്ചും ദൈവി
ക പരിജ്ഞാനത്തിൽ വളരണമെന്നും 11സന്തോ
ഷപൂർവ്വം സകല സഹിഷ്ണുതയും ദീർ
ഘക്ഷമയും കാണിക്കുവാൻവേണ്ടി അവി
ടുത്തെ മഹത്ത്വകരമായ വല്ലഭത്വത്തിനൊ
ത്തവണ്ണം എല്ലാ ശക്തിയും പ്രാപിച്ചു
ബലപ്പെടണമെന്നും 12വിശുദ്ധർക്കു വെളി
ച്ചത്തിലുള്ള അവകാശത്തിന്റെ ഓഹരിക്കു
നമ്മെ യോഗ്യരാക്കുകയും ഇരുട്ടിന്റെ അധി
കാരത്തിൽനിന്നു വിടുവിച്ച് 13തന്റെ
സ്നേഹസ്വരൂപനായ പുത്രന്റെ രാജ്യത്തിൽ
നമ്മെ പ്രവേശിപ്പിക്കുകയും ചെയ്ത പിതാവിനു
സന്തോഷത്തോടെ സ്തോത്രം ചെയ്യുന്നവരാ
യിത്തീരണമെന്നും ഞങ്ങൾ അപേക്ഷിക്കുന്നു.
14ആ പുത്രനിൽ നമുക്കു പാപമോചനമെന്ന
വീണ്ടെടുപ്പുണ്ട്[c].

ക്രിസ്തു പരമോന്നതൻ

15ക്രിസ്തു അദൃശ്യനായ ദൈവത്തിന്റെ
പ്രതിരൂപവും സകല സൃഷ്ടിക്കും ആദ്യജാ
തനും ആകുന്നു. 16സ്വർഗ്ഗത്തിലും ഭൂമിയിലും
ഉള്ള ദൃശ്യവും അദൃശ്യവും ആയ സകലവും,
സിംഹാസനങ്ങളോ കർത്തൃത്വങ്ങളോ വാഴ്ചക
ളോ അധികാരങ്ങളോ എല്ലാംതന്നേ ക്രിസ്തു
മുഖാന്തരവും ക്രിസ്തുവിനായിട്ടും സൃഷ്ടിക്ക
പ്പെട്ടിരിക്കുന്നു. 17അവിടുന്ന് എല്ലാറ്റിനുംമുമ്പേ
ഉള്ളവൻ; സകലത്തിനും അവിടുന്ന് ആധാരമാ
യിരിക്കുന്നു. 18അവിടുന്ന് സഭയെന്ന ശരീ
രത്തിന്റെ ശിരസ്സ് ആകുന്നു; സകലത്തിലും
തനിക്കു പ്രഥമസ്ഥാനം ലഭിക്കേണ്ടതിന് അവി
ടുന്ന് ആരംഭവും മരിച്ചവരിൽനിന്ന് ആദ്യജാ
തനും ആകുന്നു. 19ദൈവത്തിന്റെ സർ
വ്വസമ്പൂർണ്ണതയും ക്രിസ്തുവിൽ വസിക്കുവാ
നും 20ക്രിസ്തു ക്രൂശിൽ ചൊരിഞ്ഞ

a 2 അല്ലെങ്കിൽ *വിശ്വാസികളുമായി* *b* 2 ചില കയ്യെഴുത്തുപ്രതികളിൽ *കർത്താവായ യേശുക്രിസ്തുവിൽ നിന്നും* എന്നുംകൂടി കാണുന്നു. *c* 14 ചില കയ്യെഴുത്തുപ്രതികളിൽ *അവിടുത്തെ രക്തത്താലുള്ള വീണ്ടെടുപ്പ്*

രക്തംകൊണ്ടു സമാധാനം ഉണ്ടാക്കി, ഭൂമിയിലുള്ളതോ സ്വർഗ്ഗത്തിലുള്ളതോ ആയ സകലത്തെയും തന്നോടു നിരപ്പിക്കുവാനും പിതാവിനു പ്രസാദം തോന്നി.

21മുമ്പേ ദുഷ്പ്രവൃത്തികളാൽ ദൈവത്തിൽ നിന്ന് അകന്നുപോയവരും ശത്രുക്കളും ആയിരുന്ന നിങ്ങളെ 22ഇപ്പോൾ വിശുദ്ധരും നിഷ്കളങ്കരും അനിന്ദ്യരുമായി തന്റെ മുമ്പിൽ നിറുത്തേണ്ടതിന് അവിടുന്ന് ക്രിസ്തുവിന്റെ ജഡശരീരത്തിൽ, ക്രിസ്തുവിന്റെ മരണത്താൽ നിരപ്പിച്ചിരിക്കുന്നു. 23ആകാശത്തിൻകീഴിൽ സകലസൃഷ്ടികളോടും ഘോഷിച്ചും നിങ്ങൾ കേട്ടും പൗലൊസ് എന്ന ഞാൻ ശുശ്രൂഷകനായും ഇരിക്കുന്ന സുവിശേഷത്തിന്റെ പ്രത്യാശയിൽനിന്ന് ഇളകിപ്പോകാതെ നിങ്ങൾ വിശ്വാസത്തിൽ വേരൂന്നിയവരും അടിസ്ഥാനപ്പെട്ടവരുമായി തുടരുമെങ്കിൽ നിങ്ങൾ അങ്ങനെ അവിടുത്തെ മുമ്പിൽ നില്ക്കും.

സഭയ്ക്കുവേണ്ടി
പൗലൊസിന്റെ അദ്ധ്വാനം

24നിങ്ങൾക്കുവേണ്ടിയുള്ള കഷ്ടതകളിൽ ഇപ്പോൾ ഞാൻ സന്തോഷിക്കുകയും ക്രിസ്തുവിന്റെ കഷ്ടതകളിൽ കുറവുള്ളത് സഭയോകുന്ന അവിടുത്തെ ശരീരത്തിനുവേണ്ടി എന്റെ ശരീരത്തിൽ പൂർത്തിയാക്കുകയും ചെയ്യുന്നു. 25നിങ്ങൾക്കുവേണ്ടി ദൈവം എനിക്കു നല്കിയ നിയോഗപ്രകാരം ദൈവവചനഘോഷണം പൂർണ്ണമായി നിറവേറ്റുവാൻ ഞാൻ സഭയുടെ ശുശ്രൂഷകനായിത്തീർന്നു. 26ഈ വചനം യുഗങ്ങൾക്കും തലമുറകൾക്കും മറഞ്ഞിരുന്ന മർമ്മം എങ്കിലും ഇപ്പോൾ അവിടുത്തെ വിശുദ്ധർക്കു വെളിപ്പെട്ടിരിക്കുന്നു. 27വിജാതീയരുടെയിടയിൽ ഈ മർമ്മത്തിന്റെ മഹിമാധനം എന്തെന്നു വെളിപ്പെടുത്തുവാൻ ദൈവത്തിന് ഇഷ്ടമായി; മഹത്ത്വത്തിന്റെ പ്രത്യാശയായ ക്രിസ്തു നിങ്ങളിൽ ഇരിക്കുന്നു എന്നതാണ് ആ മർമ്മം.

28ഏതു മനുഷ്യനെയും ക്രിസ്തുവിൽ തികഞ്ഞവനായി നിറുത്തേണ്ടതിന് ഏതു മനുഷ്യനോടും പ്രബോധിപ്പിക്കയും ഏതു മനുഷ്യനെയും ഉപദേശിക്കുകയും ചെയ്തുകൊണ്ടു ഞങ്ങൾ ക്രിസ്തുവിനെ പ്രസംഗിക്കുന്നു. 29ഈ ലക്ഷ്യത്തിനുവേണ്ടി ഞാൻ എന്നിൽ ബലത്തോടെ വ്യാപരിക്കുന്ന അവിടുത്തെ ശക്തിക്ക് അനുസൃതമായി പോരാടിക്കൊണ്ട് അദ്ധ്വാനിക്കുന്നു.

2 നിങ്ങൾക്കും ലവുദിക്യയിലുള്ളവർക്കും എന്നെ അഭിമുഖമായി കണ്ടിട്ടില്ലാത്ത എല്ലാവർക്കുംവേണ്ടി ഞാൻ എത്രയധികം പോരാടുന്നെന്നു നിങ്ങൾ അറിയാൻ ഞാൻ ആഗ്രഹിക്കുന്നു. 2അവർ ക്രിസ്തുവെന്ന ദൈവമർമ്മത്തിന്റെ പൂർണ്ണമായ അറിവും പരിജ്ഞാനത്തിന്റെ പൂർണ്ണബോധ്യമെന്ന സമ്പത്തും പ്രാപിക്കുവാൻ തക്കവണ്ണം ഹൃദയത്തിൽ ഉത്സാഹംപൂണ്ട് സ്നേഹത്തിൽ ഏകീഭവിച്ച വരായിത്തീരണമെന്നാണ് എന്റെ താല്പര്യം. 3ദൈവമർമ്മമായ ക്രിസ്തുവിൽ വിവേകത്തിന്റെയും ജ്ഞാനത്തിന്റെയും എല്ലാ നിക്ഷേപങ്ങളും മറഞ്ഞിരിക്കുന്നു. 4പ്രലോഭനവാക്കുകളാൽ ആരും നിങ്ങളെ വഞ്ചിക്കാതിരിക്കാനാണു ഞാൻ ഇതു പറയുന്നത്. 5ഞാൻ ശരീരംകൊണ്ടു ദൂരസ്ഥനെങ്കിലും ആത്മാവിൽ സമീപസ്ഥനായി നിങ്ങളുടെ ക്രമീകൃതജീവിതവും ക്രിസ്തുവിലുള്ള സുസ്ഥിരമായ വിശ്വാസവും കണ്ട് സന്തോഷിക്കുന്നു.

ക്രിസ്തുവിലുള്ള പൂർണ്ണജീവിതം

6അതിനാൽ നിങ്ങൾ ക്രിസ്തുയേശുവിനെ കർത്താവായി കൈക്കൊണ്ടതുപോലെ അവിടുത്തോടുള്ള കൂട്ടായ്മയിൽ നടക്കുവിൻ. 7ക്രിസ്തുവിൽ വേരൂന്നി അടിസ്ഥാനപ്പെട്ടവരായി, നിങ്ങളെ പഠിപ്പിച്ചിട്ടുള്ളതുപോലെ, വിശ്വാസത്തിൽ ഉറച്ചും സ്തോത്രത്തിൽ നിറഞ്ഞുകവിഞ്ഞും ഇരിക്കുവിൻ.

8തത്വജ്ഞാനവും വെറും വഞ്ചനയും കൊണ്ട് ആരും നിങ്ങളെ വശീകരിച്ച് അടിമപ്പെടുത്തരുത്. അത് ക്രിസ്തുവിന്റെയല്ല, മാനുഷിക പാരമ്പര്യത്തിന്റെയും ലോകത്തിന്റെ ആദ്യപാഠങ്ങളുടെയും മാർഗ്ഗമാണ്.

9ക്രിസ്തുവിൽ ദൈവത്തിന്റെ സർവ്വസമ്പൂർണ്ണതയും ദേഹരൂപമായി വസിക്കുന്നു; 10എല്ലാ വാഴ്ചയ്ക്കും അധികാരത്തിനും തലയായ ക്രിസ്തുവിൽ നിങ്ങളും പൂർണ്ണത പ്രാപിച്ചിരിക്കുന്നു. 11അദ്ദേഹത്തിൽ നിങ്ങൾക്കും, ക്രിസ്തുവിനാലുള്ള പരിച്ഛേദനം മുഖാന്തരം ജഡശരീരം നീക്കം ചെയ്തതിലൂടെ, കൈകൊണ്ടല്ലാത്ത പരിച്ഛേദനവും ലഭിച്ചു. 12സ്നാനത്തിൽ നിങ്ങൾ ക്രിസ്തുവിനോടുകൂടെ കുഴിച്ചിടപ്പെടുകയും ക്രിസ്തുവിനെ മരിച്ചവരിൽനിന്ന് ഉയിർപ്പിച്ച ദൈവശക്തിയിലുള്ള വിശ്വാസത്താൽ അവിടുത്തോടൊപ്പം ഉയിർപ്പിക്കപ്പെടുകയും ചെയ്തു.

13അതിക്രമങ്ങളിലും പരിച്ഛേദനം ഏല്ക്കാത്ത പാപപ്രകൃതിയിലും മരിച്ചവരായ നിങ്ങളെ ദൈവം ക്രിസ്തുവിനോടുകൂടെ ഉയിർപ്പിച്ചു. അതിക്രമങ്ങളെല്ലാം നമ്മോടു ക്ഷമിച്ചു; 14ചട്ടങ്ങളാൽ നമുക്കു വിരോധവും പ്രതികൂലവുമായിരുന്ന കയ്യെഴുത്ത് അവിടുന്ന് മായ്ച്ചുകളയുകയും ക്രൂശിൽ തറച്ചു നമ്മുടെ മധ്യത്തിൽനിന്നു നീക്കിക്കളയുകയും ചെയ്തു. 15അവിടുന്ന് വാഴ്ചകളെയും അധികാരങ്ങളെയും നിരായുധരാ

ക്കി ക്രൂശിൽ അവയുടെമേൽ ജയോത്സവം കൊണ്ടാടി; അവയെ പരസ്യമായ കാഴ്ചയാക്കി.

16അതുകൊണ്ട് ഭക്ഷണപാനീയങ്ങൾ സംബന്ധിച്ചോ, പെരുന്നാൾ, അമാവാസി, ശബ്ബത്ത് എന്നിവയിലോ ആരും നിങ്ങളെ വിധിക്കുവാൻ ഇടയാകരുത്. 17ഇവ വരുവാനുള്ളവയുടെ പ്രതിരൂപം മാത്രമാണ്. എന്നാൽ സ്വരൂപം ക്രിസ്തുവത്രേ. 18സ്വന്ത ദർശനങ്ങളിൽ ആശ്രയിച്ച്, ജഡമനസ്സിൽ ദുരഭിമാനംപൂണ്ട്, ശിരസ്സിനെ മുറുകെ പിടിക്കാതെ കപടവിനയത്തിലും ദൂതന്മാരെ ആരാധിക്കുന്നതിലും രസിക്കുന്ന ഒരുവനും നിങ്ങളെ സമ്മാനത്തിന് അയോഗ്യരാക്കരുത്. 19ശിരസ്സായ ക്രിസ്തുവിൽ നിന്നാണല്ലോ ശരീരം മുഴുവനും സന്ധിബന്ധങ്ങളാലും ഞരമ്പുകളാലും ഏകീഭവിച്ചും പോഷണം സ്വീകരിച്ചും ദൈവത്തിൽനിന്നുള്ള വളർച്ച പ്രാപിക്കുന്നത്.

20നിങ്ങൾ ക്രിസ്തുവിനോടുകൂടെ ഈ ലോകത്തിന്റെ പ്രാഥമിക പ്രമാണങ്ങൾക്കു മരിച്ചുവെങ്കിൽ, ഇപ്പോഴും ലൗകികരെപ്പോലെ 21 'തൊടരുത്! രുചിക്കരുത്! പിടിക്കരുത്' എന്നിങ്ങനെയുള്ള ചട്ടങ്ങൾക്കു കീഴ്പ്പെടുന്നതെന്തുകൊണ്ട്? 22മാനുഷികകല്പനകളെയും ഉപദേശങ്ങളെയും ആശ്രയിച്ചുള്ള ഇവയെല്ലാം ഉപയോഗത്താൽ നശിച്ചുപോകുന്നവയാണ്. 23സ്വേച്ഛാരാധന, കപടവിനയം, ശരീരപീഡനം എന്നിവയിൽ രസിക്കുന്നവർക്കു ജ്ഞാനത്തിന്റെ ബാഹ്യരൂപംമാത്രമുള്ള കാര്യങ്ങളാണ് ഇവയെല്ലാം; ജഡാഭിലാഷങ്ങളെ നിയന്ത്രിക്കുന്നതിന് ഇവയൊന്നും ഉപകരിക്കുന്നില്ല.

വിശുദ്ധജീവിതത്തിനുള്ള നിയമങ്ങൾ

3 അതുകൊണ്ട് നിങ്ങൾ ക്രിസ്തുവിനോടുകൂടെ ഉയിർപ്പിക്കപ്പെട്ടിരിക്കുന്നുവെങ്കിൽ ക്രിസ്തു ദൈവത്തിന്റെ വലത്തുഭാഗത്ത് ഇരിക്കുന്നേടമായ ഉയരത്തിലുള്ളത് അന്വേഷിക്കുവിൻ. 2ഭൂമിയിലുള്ളതല്ല, ഉയരത്തിലുള്ളതുതന്നേ ചിന്തിപ്പിൻ. 3നിങ്ങൾ മരിച്ച്, നിങ്ങളുടെ ജീവൻ ക്രിസ്തുവിനോടുകൂടെ ദൈവത്തിൽ മറഞ്ഞിരിക്കുന്നു. 4നിങ്ങളുടെ[a] ജീവനായ ക്രിസ്തു വെളിപ്പെടുമ്പോൾ അവിടുത്തോടൊപ്പം നിങ്ങളും തേജസ്സിൽ വെളിപ്പെടും.

5അതിനാൽ ദുർവ്യത്തി, അശുദ്ധി, ദുഷ്കാമം, ദുരാഗ്രഹം, വിഗ്രഹാരാധനയായ അത്യാഗ്രഹം എന്നിങ്ങനെ നിങ്ങളുടെ ഭൗമികസ്വഭാവങ്ങളെ മരിപ്പിക്കുവിൻ. 6ഇവ നിമിത്തം ദൈവകോപം[b] ഉണ്ടാകുന്നു. 7ഇവയിൽ ജീവിച്ചിരുന്ന കാലത്തു നിങ്ങളും ഇവയെ അനുസരിച്ചു നടന്നിരുന്നു. 8എന്നാൽ ഇപ്പോൾ കോപം, ക്രോധം, വിദ്വേഷം, ദൂഷണം, അശ്ലീലഭാഷണം ഇവയൊക്കെയും വിട്ടുകളയുക. 9അന്യോന്യം വ്യാജം പറയരുത്; നിങ്ങൾ പഴയ മനുഷ്യനെ അവന്റെ പ്രവൃത്തികളോടുകൂടെ ഉരിഞ്ഞുകളഞ്ഞിട്ട്, 10തന്റെ സൃഷ്ടാവിന്റെ പ്രതിരൂപത്തിൽ പരിജ്ഞാനപ്രകാരം പുതുക്കം പ്രാപിച്ച പുതുമനുഷ്യനെ ധരിച്ചിരിക്കുന്നുവല്ലോ. 11ഇതിൽ ഗ്രീക്കുകാരനെന്നോ, യഹൂദനെന്നോ, പരിച്ഛേദനം ഏറ്റവനെന്നോ, ഏല്ക്കാത്തവനെന്നോ, ബർബ്ബരൻ, സിഥിയൻ, ദാസൻ, സ്വതന്ത്രൻ എന്നോ ഭേദം ഇല്ല; ക്രിസ്തുവത്രേ എല്ലാവരിലും എല്ലാം ആയിരിക്കുന്നത്.

12അതുകൊണ്ട് ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ടവരും വിശുദ്ധരും പ്രിയരുമായി മനസ്സലിവ്, ദയ, വിനയം, സൗമ്യത, ക്ഷമ, എന്നിവ ധരിച്ചുകൊൾവിൻ. 13അന്യോന്യം ക്ഷമിക്കുകയും സഹിക്കുകയും ചെയ്വിൻ; ഒരാൾക്കു മറ്റൊരാൾക്കെതിരേ പരാതി ഉണ്ടായാൽ ക്രിസ്തു നിങ്ങളോടു ക്ഷമിച്ചതുപോലെ നിങ്ങളും ക്ഷമിപ്പിൻ. 14ഇതിനെല്ലാം ഉപരി സമ്പൂർണ്ണതയുടെ പരസ്പരബന്ധമായ സ്നേഹം ധരിപ്പിൻ.

15ക്രിസ്തുവിന്റെ സമാധാനം നിങ്ങളുടെ ഹൃദയങ്ങളിൽ വാഴട്ടെ. അതിനായിട്ടാണല്ലോ ഏകശരീരമായി നിങ്ങൾ വിളിക്കപ്പെട്ടത്. നന്ദിയുള്ളവരായിരിപ്പിൻ. 16നിങ്ങൾ സകല പരിജ്ഞാനത്തോടുംകൂടി അന്യോന്യം പഠിപ്പിക്കുകയും ബുദ്ധിയുപദേശിക്കുകയും ദൈവത്തിനു നന്ദിനിറഞ്ഞ ഹൃദയത്തോടെ സങ്കീർത്തനങ്ങളും സ്തുതിഗീതങ്ങളും ആത്മീയഗാനങ്ങളും ആലപിക്കുകയും ചെയ്വിൻ. ഇങ്ങനെ ക്രിസ്തുവിന്റെ വചനം നിങ്ങളിൽ ധൈര്യമായി വാഴട്ടെ. 17വാക്കിനാലോ പ്രവൃത്തിയാലോ എന്തുചെയ്താലും അതെല്ലാം കർത്താവായ യേശുവിന്റെ നാമത്തിൽ ചെയ്തും അവിടുന്ന് മുഖാന്തരം പിതാവായ ദൈവത്തിനു സ്തോത്രം അർപ്പിച്ചുംകൊണ്ടിരിക്കുവിൻ.

ക്രിസ്തീയ കുടുംബം

18ഭാര്യമാരേ, കർത്താവിൽ യോഗ്യമായവിധം, നിങ്ങളുടെ ഭർത്താക്കന്മാർക്കു കീഴ്പെട്ടിരിക്കുവിൻ.

19ഭർത്താക്കന്മാരേ, നിങ്ങളുടെ ഭാര്യമാരെ സ്നേഹിക്കുവിൻ, അവരോടു കൈപ്പായിരിക്കരുത്.

20മക്കളേ, നിങ്ങളുടെ അമ്മയപ്പന്മാരെ സകലത്തിലും അനുസരിപ്പിൻ, അതു കർത്താവിനു പ്രസാദമല്ലോ.

21പിതാക്കന്മാരേ, നിങ്ങളുടെ മക്കൾ മനസ്സു

[a] 4 ചില കയ്യെഴുത്തുപ്രതികളിൽ *നമ്മുടെ* എന്നും കാണുന്നു

[b] 6 ചില കയ്യെഴുത്തുപ്രതികളിൽ *അനുസരണംകെട്ടവരുടെമേൽ* എന്നുകൂടി കാണുന്നു.

തളർന്നവരാകാതിരിക്കേണ്ടതിന് അവരെ
കോപിപ്പിക്കരുത്. അങ്ങനെ ചെയ്താൽ അവർ
അധൈര്യപ്പെട്ടു പോകും.
22ദാസന്മാരേ, ഭൂമിയിലുള്ള നിങ്ങളുടെ
യജമാനന്മാരെ അനുസരിക്കുവിൻ: മനുഷ്യരെ
പ്രസാദിപ്പിക്കുന്നതുപോലെ ദൃഷ്ടിസേവയാ
ലല്ല, ഏകാഗ്രഹൃദയത്തോടും ദൈവഭയ
ത്തോടുംകൂടി അവരെ അനുസരിപ്പിൻ. 23നി
ങ്ങൾ ചെയ്യുന്നതൊക്കെയും മനുഷ്യർക്കെന്നല്ല,
കർത്താവിനെന്നപോലെ ഹൃദയപൂർവ്വം
ചെയ്‌വിൻ: 24അവകാശം എന്ന പ്രതിഫലം
കർത്താവിൽനിന്നു ലഭിക്കുമെന്ന് അറി
ഞ്ഞുകൊൾവിൻ. കർത്താവായ ക്രിസ്തു
വിനെയാണല്ലോ നിങ്ങൾ സേവിക്കുന്നത്.
25തെറ്റു ചെയ്തവന്, താൻ ചെയ്ത തെറ്റിനു
തക്ക ശിക്ഷ കിട്ടും; അവിടെ മുഖപക്ഷം ഇല്ല.

4 യജമാനന്മാരേ, നിങ്ങൾക്കും സ്വർഗ്ഗത്തിൽ
ഒരു യജമാനൻ ഉണ്ടെന്നോർത്തു ദാ
സരോടു നീതിയും ന്യായവും പുലർത്തുവിൻ.

കൂടുതൽ നിർദ്ദേശങ്ങൾ

2പ്രാർത്ഥനയിൽ ജാഗരിപ്പിൻ, സ്തോത്ര
ത്തോടെ അതിൽ തുടരുവിൻ. 3എന്റെ
ബന്ധനത്തിനു കാരണമായ ക്രിസ്തുവിന്റെ
മർമ്മം പ്രസ്താവിക്കുവാൻവേണ്ടി ദൈവം
ഞങ്ങൾക്കു വചനത്തിന്റെ വാതിൽ തുറന്നു
തരേണ്ടതിനും 4എനിക്ക് അതു വേണ്ടുംവണ്ണം
വ്യക്തമായി ഘോഷിക്കാൻ കഴിയേണ്ടതിനും
ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കുവിൻ. 5സമയം
തക്കത്തിൽ ഉപയോഗിച്ചുകൊണ്ടു പുറത്തു
ള്ളവരോടു വിവേകപൂർവ്വം പെരുമാറുവിൻ.
6ഓരോ വ്യക്തിയോടും എങ്ങനെ ഉത്തരം
പറയണമെന്നു ഗ്രഹിക്കുവാൻതക്കവണ്ണം സം
ഭാഷണം ഉപ്പിനാൽ രുചിവരുത്തിയതുപോലെ
എപ്പോഴും കൃപനിറഞ്ഞതായിരിക്കട്ടെ.

ആശംസകൾ

7കർത്താവിൽ പ്രിയ സഹോദരനും വിശ്വസ്
ത ശുശ്രൂഷകനും സഹഭൃത്യനുമായ തിഹി
ക്കൊസ് എന്റെ വാർത്തയെല്ലാം നിങ്ങളെ
അറിയിക്കും. 8ഞങ്ങളുടെ അവസ്ഥ നിങ്ങളെ
അറിയിക്കുവാനും[a] നിങ്ങളുടെ ഹൃദയങ്ങളെ
ആശ്വസിപ്പിക്കുവാനുമായി ഞാൻ അദ്ദേഹത്തെ
അയച്ചിരിക്കുന്നു. 9നിങ്ങളിൽ ഒരുവനായ ഒനേ
സിമൊസ് എന്ന വിശ്വസ്തനും പ്രിയനുമായ
സഹോദരനോടൊപ്പമാണ് അദ്ദേഹം അങ്ങോ
ട്ടു വരുന്നത്; ഇവിടുത്തെ വസ്തുതകളെല്ലാം
അവർ നിങ്ങളെ അറിയിക്കും.
10എന്റെ സഹബദ്ധനായ അരിസ്തർഹൊ
സും ബർന്നബാസിന്റെ മച്ചുനനായ മർക്കൊ
സും നിങ്ങളെ അഭിവാദനം ചെയ്യുന്നു. മർക്കൊ
സിനെപ്പറ്റി നിങ്ങൾക്കു നിർദ്ദേശം ലഭിച്ചിട്ടുണ്ട
ല്ലോ. നിങ്ങളുടെ അടുക്കൽ വന്നാൽ അദ്ദേഹ
ത്തെ സ്വാഗതം ചെയ്‌വിൻ. 11യുസ്തൊസ്
എന്നു വിളിക്കുന്ന യേശുവും നിങ്ങളെ വന്ദനം
ചെയ്യുന്നു. ദൈവരാജ്യത്തിനുവേണ്ടി പ്രവർത്തി
ക്കുന്ന എന്റെ സഹപ്രവർത്തകരിൽ പരിച്
ഛേദനക്കാർ ഇവർ മാത്രമാണ്. ഇവർ എനിക്കു
ആശ്വാസമായിത്തീർന്നിരിക്കുന്നു. 12നിങ്ങളിൽ
ഒരുവനും ക്രിസ്തുയേശുവിന്റെ ദാസനുമായ
എപ്പഫ്രാസ് നിങ്ങൾക്ക് ആശംസകൾ
അയയ്ക്കുന്നു. നിങ്ങൾ ദൈവഹിതത്തെപ്പറ്റി
പൂർണ്ണനിശ്ചയമുള്ളവരായി നിലനില്ക്കേ
ണ്ടതിന് അദ്ദേഹം നിങ്ങൾക്കുവേണ്ടി പ്രാർത്ഥ
നയിൽ നിരന്തരം പോരാടിക്കൊണ്ടിരിക്കുന്നു.
13നിങ്ങളെയും ലവുദിക്യയിലും ഹിയരപ്പൊലി
യിലും ഉള്ളവരെയുംപറ്റി അദ്ദേഹത്തിനു വള
രെ ഹൃദയഭാരമുണ്ട് എന്നതിനു ഞാൻ സാക്ഷി.
14നമ്മുടെ പ്രിയവൈദ്യനായ ലൂക്കൊസും ദേമാ
സും നിങ്ങളെ അഭിവാദനം ചെയ്യുന്നു. 15ലവുദി
ക്യയിലുള്ള സഹോദരരെയും നുംഫയെയും
അവളുടെ ഭവനത്തിലെ സഭയെയും എന്റെ
സ്നേഹാന്വേഷണം അറിയിക്കുക.
16ഈ ലേഖനം നിങ്ങൾ വായിച്ചതിനുശേഷം
ലവുദിക്യസഭയിലും വായിപ്പിക്കുകയും ലവുദി
ക്യയിൽനിന്നുള്ള ലേഖനം നിങ്ങളും വായിക്കു
കയും ചെയ്യണം.
17"കർത്താവിൽ നിനക്കു ലഭിച്ച ശുശ്രൂഷ നി
റവേറ്റുക" എന്ന് അർഹിപ്പൊസിനോടു പറയണം.
18പൗലൊസ് എന്ന ഞാൻ സ്വന്തം കൈ
കൊണ്ട് ഈ ആശംസ എഴുതുന്നു. എന്റെ
ബന്ധനങ്ങളെ ഓർത്തുകൊള്ളുവിൻ. കൃപ
നിങ്ങളോടുകൂടെ ഇരിക്കുമാറാകട്ടെ.

[a] 8 ചില കയ്യെഴുത്തുപ്രതികളിൽ *നിങ്ങളുടെ അവസ്ഥ അറിവാനും* എന്നും കാണുന്നു.

1 തെസ്സലൊനിക്യർ

1 പൗലൊസും ശീലാസും[a] തിമൊഥെയോസും,

പിതാവായ ദൈവത്തിലും കർത്താവായ യേശുക്രിസ്തുവിലും ഉള്ള തെസ്സലൊനിക്യ സഭയ്ക്ക് എഴുതുന്നത്:

നിങ്ങൾക്കു[b] കൃപയും സമാധാനവും ഉണ്ടാകട്ടെ.

തെസ്സലോനിക്യർക്കുവേണ്ടി പ്രാർത്ഥിക്കുന്നു

2ഞങ്ങൾ, നമ്മുടെ ദൈവവും പിതാവുമായവന്റെ സന്നിധിയിൽ, നിങ്ങളുടെ വിശ്വാസത്തിന്റെ ഫലമായ പ്രവൃത്തിയും സ്നേഹത്തിന്റെ പ്രയത്നവും നമ്മുടെ കർത്താവായ യേശുക്രിസ്തുവിലുള്ള പ്രത്യാശയുടെ സ്ഥിരതയും, 3പ്രാർത്ഥനയിൽ നിരന്തരം ഓർത്തുകൊണ്ടു നിങ്ങൾക്കെല്ലാവർക്കുംവേണ്ടി ദൈവത്തിന് എപ്പോഴും സ്തോത്രം ചെയ്യുന്നു.

4ദൈവത്താൽ സ്നേഹിക്കപ്പെട്ട സഹോദരരേ, നിങ്ങളെ അവിടുന്നു തിരഞ്ഞെടുത്തിരിക്കുന്നുവെന്നു ഞങ്ങൾ അറിയുന്നു. 5ഞങ്ങളുടെ സുവിശേഷം വചനമായി മാത്രമല്ല, ശക്തിയോടും പരിശുദ്ധാത്മാവോടും ഏറെ നിശ്ചയത്തോടും കൂടെയായിരുന്നു നിങ്ങളുടെ അടുക്കൽ എത്തിയത്. ഞങ്ങൾ നിങ്ങളുടെ ഇടയിൽ, നിങ്ങൾക്കുവേണ്ടി എങ്ങനെ ജീവിച്ചുവെന്നു നിങ്ങൾക്ക് അറിയാമല്ലോ. 6കഠിനമായ കഷ്ടതയിലും പരിശുദ്ധാത്മാവിന്റെ സന്തോഷത്തോടെ വചനം സ്വീകരിച്ചുകൊണ്ടു നിങ്ങൾ ഞങ്ങളുടെയും കർത്താവിന്റെയും അനുകാരികൾ ആയിത്തീർന്നു. 7അങ്ങനെ നിങ്ങൾ മാസിഡോണിയായിലും അഖായയിലും ഉള്ള സകല വിശ്വാസികൾക്കും മാതൃകയായിത്തീർന്നു. 8കർത്താവിന്റെ വചനം നിങ്ങളിൽനിന്നു മാസിഡോണിയായിലും അഖായയിലും പ്രതിധ്വനിച്ചുവെന്നു മാത്രമല്ല നിങ്ങൾക്കു ദൈവത്തിലുള്ള വിശ്വാസം എല്ലായിടത്തും പ്രസിദ്ധമാകുകയും ചെയ്തിരിക്കുന്നു. അതുകൊണ്ട്, ഞങ്ങൾ ഇനി ഒന്നും പറയേണ്ടതില്ല; 9നിങ്ങൾ ഞങ്ങളെ സ്വാഗതം ചെയ്തത് ഏതു വിധമായിരുന്നുവെന്ന് അവർതന്നേ വിവരിക്കുന്നുവല്ലോ. ജീവനുള്ള സത്യദൈവത്തെ സേവിക്കുവാനും 10അവിടുന്നു മരിച്ചവരിൽ നിന്ന് ഉയിർപ്പിച്ച തന്റെ പുത്രനും വരുവാനുള്ള ക്രോധത്തിൽനിന്നു നമ്മെ വിടുവിക്കുന്നവനുമായ യേശു സ്വർഗ്ഗത്തിൽനിന്നു വരുന്നതു കാത്തിരിക്കുവാനുമായി നിങ്ങൾ വിഗ്രഹങ്ങളെ വിട്ടു ദൈവത്തിങ്കലേക്ക് എങ്ങനെ തിരിഞ്ഞുവെന്നും അവർ പ്രസ്താവിക്കുന്നു.

തെസ്സലോനിക്യയിൽ പൗലൊസിന്റെ ശുശ്രൂഷ

2 സഹോദരരേ, ഞങ്ങൾ നിങ്ങളുടെ അടുക്കൽ വന്നത് നിഷ്ഫലമായില്ല എന്നു നിങ്ങൾ അറിയുന്നുവല്ലോ. 2ഞങ്ങൾ ഫിലിപ്പിയിൽവച്ച് മുമ്പ് കഷ്ടവും അപമാനവും സഹിച്ചുവെങ്കിലും, നിങ്ങൾ അറിയുന്നതുപോലെ, കഠിനമായ എതിർപ്പു വകവയ്ക്കാതെ, ദൈവത്തിന്റെ സുവിശേഷം അവിടുത്തെ സഹായത്താൽ നിങ്ങളോടറിയിക്കുവാൻ ധൈര്യപ്പെട്ടു. 3ഞങ്ങളുടെ പ്രബോധനം തെറ്റിൽ നിന്നോ അശുദ്ധിയിൽനിന്നോ കാപട്യത്തിൽ നിന്നോ ഉണ്ടായതല്ല; 4നേരേമറിച്ച്, സുവിശേഷം ഭരമേല്പിക്കുന്നതിനു യോഗ്യരായി ദൈവം ഞങ്ങളെ അംഗീകരിച്ചതനുസരിച്ച്, മനുഷ്യരെ അല്ല, ഹൃദയം ശോധന ചെയ്യുന്ന ദൈവത്തെത്തന്നേ പ്രസാദിപ്പിച്ചുകൊണ്ടു ഞങ്ങൾ സംസാരിക്കുന്നു. 5ഞങ്ങൾ മുഖസ്തുതി പറയുകയോ ദുരാഗ്രഹത്താൽ കൗശലം പ്രയോഗിക്കുകയോ ചെയ്തിട്ടില്ലെന്നു നിങ്ങൾക്ക് അറിയാം; അതിനു ദൈവം സാക്ഷി. 6ക്രിസ്തുവിന്റെ അപ്പൊസ്തലന്മാർ എന്ന നിലയിൽ ഞങ്ങൾക്കു ഗൗരവം ഭാവിക്കാമായിരുന്നുവെങ്കിലും, ഞങ്ങൾ നിങ്ങളിൽനിന്നാകട്ടെ, മറ്റു മനുഷ്യരിൽ നിന്നാകട്ടെ, മാനം അന്വേഷിച്ചില്ല.

7ഒരമ്മ കുഞ്ഞുങ്ങളെ പരിചരിക്കുന്നതുപോലെ, ഞങ്ങൾ നിങ്ങളോട് ആർദ്രത

a 1ഗ്രീക്കിൽ *സിൽവാനസ്* *b* 1ചില കയ്യെഴുത്തുപ്രതികളിൽ *പിതാവായ ദൈവത്തിൽ നിന്നും കർത്താവായ യേശുക്രിസ്തുവിൽ നിന്നും നിങ്ങൾക്കു*

യോടെയാണു പെരുമാറിയത്. 8ഇപ്രകാരം നിങ്ങളോടു ഗാഢമായ വാത്സല്യം പൂണ്ട്, ദൈവത്തിന്റെ സുവിശേഷം മാത്രമല്ല, നിങ്ങൾ ഞങ്ങൾക്കു പ്രിയരാകയാൽ, ഞങ്ങളുടെ പ്രാണൻപോലും നിങ്ങൾക്കായി നൽകുവാൻ ഞങ്ങൾക്ക് ഇഷ്ടം തോന്നി. 9സഹോദരരേ, ഞങ്ങളുടെ കഠിനാധ്വാനവും കഷ്ടപ്പാടുമെല്ലാം നിങ്ങൾ നിശ്ചയമായും ഓർമ്മിക്കുമല്ലോ; നിങ്ങളിൽ ആർക്കും ഭാരമാകാതിരിക്കാൻ വേണ്ടി രാവും പകലും പണിയെടുത്തുകൊണ്ടു ഞങ്ങൾ ദൈവത്തിന്റെ സുവിശേഷം നിങ്ങളെ അറിയിച്ചു.

10വിശ്വാസികളായ നിങ്ങളുടെ ഇടയിൽ ഞങ്ങൾ എത്ര വിശുദ്ധരും നീതിനിഷ്ഠരും നിഷ്കളങ്കരും ആയിരുന്നുവെന്നതിനു നിങ്ങൾ സാക്ഷികൾ, ദൈവവും സാക്ഷി. 11തന്റെ രാജ്യത്തിലേക്കും മഹത്ത്വത്തിലേക്കും നിങ്ങളെ വിളിക്കുന്ന ദൈവത്തിനു യോഗ്യരായി ജീവിതം നയിക്കുവാൻ 12നിങ്ങളെ ഓരോരുത്തരെയും, അപ്പൻ മക്കളെയെന്നപോലെ ഞങ്ങൾ പ്രബോധിപ്പിച്ചും ഉത്സാഹിപ്പിച്ചും നിങ്ങളോടു സാക്ഷ്യംപറഞ്ഞും പോന്നുവെന്നു നിങ്ങൾക്കറിയാമല്ലോ.

13ഞങ്ങളിൽനിന്നു കേട്ട ദൈവവചനം നിങ്ങൾ സ്വീകരിച്ചപ്പോൾ അതു കേവലം മനുഷ്യരുടെ വാക്ക് ആയിട്ടല്ല, അതു വാസ്തവത്തിൽ ആയിരിക്കുന്നതുപോലെ, ദൈവത്തിന്റെതന്നേ വചനമായിട്ടാണു നിങ്ങൾ അംഗീകരിച്ചത്; വിശ്വസിക്കുന്ന നിങ്ങളിൽ ഇപ്പോഴും അതു വ്യാപരിച്ചുകൊണ്ടിരിക്കുന്നു: ഇതു നിമിത്തം ഞങ്ങൾ ദൈവത്തിനു നിരന്തരം സ്തോത്രം ചെയ്യുന്നു. 14സഹോദരരേ, നിങ്ങൾ യഹൂദ്യയിൽ ക്രിസ്തുയേശുവിലുള്ള ദൈവസഭകളുടെ അനുകാരികളായിത്തീർന്നു. യഹൂദ്യയിലെ സഭകൾ യഹൂദരിൽനിന്നു സഹിച്ചവ നിങ്ങളുടെ നാട്ടുകാരിൽനിന്നു നിങ്ങളും സഹിച്ചിരിക്കുന്നു. 15യഹൂദർ കർത്താവായ യേശുവിനെയും സ്വന്തപ്രവാചകന്മാരെയും കൊന്നവരും ഞങ്ങളെ പുറത്താക്കിയവരുമാണ്; വിജാതീയർ രക്ഷിക്കപ്പെടുവാൻ തക്കവണ്ണം ഞങ്ങൾ അവരോടു പ്രസംഗിക്കുന്നതിൽനിന്നു അവർ ഞങ്ങളെ വിലക്കുകയും അതിലൂടെ ദൈവത്തിന് അനിഷ്ടം ജനിപ്പിക്കുകയും അങ്ങനെ സകല മനുഷ്യരുടെയും ശത്രുക്കൾ ആകുകയും ചെയ്തിരിക്കുന്നു. 16ഇങ്ങനെ അവർ തങ്ങളുടെ പാപങ്ങളുടെ അളവു പൂർത്തിയാക്കുന്നു. എന്നാൽ, ദൈവക്രോധം പരമാവധി[a] അവരുടെ മേൽ വന്നിരിക്കുന്നു.

തെസ്സലോനിക്യരെ കാണ്മാൻ പൗലൊസ് വാഞ്ഛിക്കുന്നു

17എന്നാൽ സഹോദരരേ, ഞങ്ങൾ അല്പനേരത്തേക്കു ഹൃദയംകൊണ്ടല്ല, ശരീരംകൊണ്ടു നിങ്ങളെ വിട്ടുപിരിഞ്ഞു. അതിനാൽ നിങ്ങളുടെ മുഖം കാണുവാൻ അത്യന്തം വാഞ്ഛിക്കുകയും അതിനായി ശ്രമിക്കുകയും ചെയ്തു. 18നിങ്ങളുടെ അടുത്തെത്താൻ ഞങ്ങൾ, പ്രത്യേകിച്ചും പൗലൊസ് എന്ന ഞാൻ, ഒന്നുരണ്ടു തവണ ആഗ്രഹിച്ചു. എന്നാൽ സാത്താൻ ഞങ്ങളെ തടഞ്ഞു. 19നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ പ്രത്യക്ഷതയിൽ, തിരുമുമ്പിൽ ഞങ്ങളുടെ ആശയോ, ആനന്ദമോ, അഭിമാനകിരീടമോ ആരാണ്? നിങ്ങൾതന്നേ അല്ലയോ? 20അതേ, ഞങ്ങളുടെ മഹത്ത്വവും സന്തോഷവും നിങ്ങൾതന്നേ.

3 അതുകൊണ്ട് ഇനിയും സഹിച്ചിരിക്കുവാൻ ഞങ്ങൾക്കു സാധ്യമല്ല എന്നു വന്നപ്പോൾ, അഥേനയിൽ തനിയേ കഴിയുന്നതാണു നല്ലതെന്നു ഞങ്ങൾ കരുതി. 2ഈ പീഡനങ്ങളിൽ ആരും ഇളകിപ്പോകാതിരിക്കേണ്ടതിനു നിങ്ങളെ ഉറപ്പിക്കുവാനും വിശ്വാസം സംബന്ധിച്ചു ധൈര്യപ്പെടുത്തുവാനുമായി, ഞങ്ങൾ നമ്മുടെ സഹോദരനും ക്രിസ്തുവിന്റെ സുവിശേഷഘോഷണത്തിൽ ഞങ്ങളുടെ സഹപ്രവർത്തകനുമായ തിമൊഥെയോസിനെ നിങ്ങളുടെ അടുക്കലേക്ക് അയച്ചു. 3നാം കഷ്ടങ്ങൾക്കായി നിയമിക്കപ്പെട്ടിരിക്കുന്നുവെന്നു നിങ്ങൾക്കറിയാമല്ലോ. 4നമുക്കു പീഡനം ഉണ്ടാകുമെന്നു ഞങ്ങൾ നിങ്ങളോടുകൂടെ ആയിരുന്നപ്പോൾ മുൻകൂട്ടി പറഞ്ഞിരുന്നതുതന്നേ സംഭവിച്ചുവെന്നും നിങ്ങൾക്കറിയാമല്ലോ. 5അതുകൊണ്ട് എനിക്കു തീരെ സഹിച്ചുനില്ക്കാൻ കഴിയാതെ വന്നപ്പോൾ പരീക്ഷകൻ നിങ്ങളെ ഏതുവിധത്തിലെങ്കിലും പരീക്ഷിച്ചുവോ എന്നും ഞങ്ങളുടെ പ്രയത്നങ്ങൾ വ്യർത്ഥമായോ എന്നും ഭയപ്പെട്ട് നിങ്ങളുടെ വിശ്വാസത്തിന്റെ സ്ഥിതി അറിയുവാൻ ഞാൻ ആളയച്ചു.

തിമൊഥെയോസ് നൽകിയ വിവരങ്ങൾ

6എന്നാൽ തിമൊഥെയോസ് നിങ്ങളുടെ വിശ്വാസത്തെയും സ്നേഹത്തെയും കുറിച്ചു ശുഭവാർത്തയുമായി മടങ്ങിവന്നിരിക്കുന്നു. നിങ്ങൾ എപ്പോഴും ഞങ്ങളെ സ്നേഹപൂർവ്വം സ്മരിക്കുന്നുണ്ടെന്നും നിങ്ങളെ കാണാൻ ഞങ്ങൾ കൊതിക്കുന്നതുപോലെതന്നേ നിങ്ങൾ ഞങ്ങളെയും കാണാൻ വാഞ്ഛിക്കുന്നുവെന്നും അയാൾ പറഞ്ഞു. 7അതിനാൽ

[a] 16 അല്ലെങ്കിൽ *ഒടുവിൽ*

സഹോദരരേ, ഞങ്ങളുടെ സകല ക്ലേശത്തിലും കഷ്ടത്തിലും നിങ്ങളുടെ വിശ്വാസം നിമിത്തം ഞങ്ങൾ ആശ്വസിച്ചു. 8നിങ്ങൾ കർത്താവിൽ ഉറച്ചു നില്ക്കുന്നുവെന്നറിഞ്ഞ് ഇപ്പോൾ ഞങ്ങൾ ജീവിക്കുന്നു. 9നിങ്ങൾ നിമിത്തം ഞങ്ങൾക്കു ദൈവസന്നിധിയിലുള്ള സകല സന്തോഷത്തിനും, മതിയായ വിധം ദൈവത്തിനു നന്ദി പറയുവാൻ ഞങ്ങൾക്കെങ്ങനെ കഴിയും! 10നിങ്ങളുടെ മുഖം കാണുവാനും നിങ്ങളുടെ വിശ്വാസത്തിന്റെ കുറവു നികത്തുവാനും വേണ്ടി ഞങ്ങൾ രാപ്പകൽ ശുഷ്കാന്തിയോടെ പ്രാർത്ഥിക്കുന്നു.

11നമ്മുടെ ദൈവവും പിതാവുമായവനും നമ്മുടെ കർത്താവായ യേശുവും നിങ്ങളുടെ അടുത്തെത്താൻ ഞങ്ങൾക്കു വഴിയൊരുക്കട്ടെ. 12ഞങ്ങൾക്കു നിങ്ങളോടുള്ള സ്നേഹം വർദ്ധിക്കുന്നതുപോലെ, നിങ്ങൾക്കു തമ്മിലും എല്ലാവരോടും ഉള്ള സ്നേഹം നിറഞ്ഞുകവിയാൻ കർത്താവ് ഇടയാക്കട്ടെ. 13നമ്മുടെ കർത്താവായ യേശു തന്റെ സകല വിശുദ്ധരുമായി പ്രത്യക്ഷനാകുമ്പോൾ നിങ്ങൾ നമ്മുടെ ദൈവവും പിതാവുമായവന്റെ സന്നിധിയിൽ, വിശുദ്ധിയിൽ, അനിന്ദ്യരായി വെളിപ്പെടുംവണ്ണം ദൈവം നിങ്ങളുടെ ഹൃദയങ്ങളെ ഉറപ്പിക്കട്ടെ.

ദൈവത്തെ
പ്രസാദിപ്പിക്കുന്ന ജീവിതം

4 ഒടുവിൽ, സഹോദരരേ, നിങ്ങൾ, ദൈവത്തെ പ്രസാദിപ്പിക്കുവാൻ തക്കവണ്ണം ജീവിക്കേണ്ടതെങ്ങനെയെന്നു ഞങ്ങളിൽനിന്നു പഠിച്ചിരുന്നതുപോലെ, ഇപ്പോൾ ജീവിച്ചുപോരുന്നുവല്ലോ; അതിൽ നിങ്ങൾ അധികം വർദ്ധിച്ചുവരണമെന്നു ഞങ്ങൾ നിങ്ങളോട് അപേക്ഷിക്കുകയും പ്രബോധിപ്പിക്കുകയും ചെയ്യുന്നു. 2കർത്താവായ യേശുവിന്റെ അധികാരത്താൽ ഞങ്ങൾ നിങ്ങൾക്കു നല്കിയിരുന്ന കല്പനകൾ എന്തൊക്കെ എന്നു നിങ്ങൾക്കറിയാമല്ലോ.

3ദൈവത്തിന്റെ ഇഷ്ടമോ നിങ്ങളുടെ ശുദ്ധീകരണംതന്നേ: നിങ്ങൾ ദുർന്നടപ്പ് ഉപേക്ഷിക്കണം. 4നിങ്ങളിൽ ഓരോരുത്തനും, ദൈവത്തെ അറിഞ്ഞിട്ടില്ലാത്ത അന്യജാതിക്കാരെപ്പോലെ കാമാസക്തിയിലല്ല, 5വിശുദ്ധിയിലും മാനത്തിലും താന്താന്റെ പാത്രത്തെ നേടിക്കൊള്ളണം[4], 6ഈ കാര്യത്തിൽ ആരും അതിരുലംഘിക്കുകയോ സഹോദരനെ വഞ്ചിക്കുകയോ അരുത്. ഞങ്ങൾ നിങ്ങൾക്കു ഗൗരവപൂർവ്വം താക്കീതു തന്നിട്ടുള്ളതുപോലെ, ഈ കാര്യങ്ങളിലെല്ലാം പ്രതികാരം നടത്തുന്നതു കർത്താവാണ്. 7ദൈവം നമ്മെ അശുദ്ധിക്കല്ല വിശുദ്ധിക്കത്രേ വിളിച്ചിരിക്കുന്നത്. 8അതുകൊണ്ട് ഈ പ്രബോധനം നിരസിക്കുന്നവൻ മനുഷ്യനെയല്ല, തന്റെ പരിശുദ്ധാത്മാവിനെ നിങ്ങൾക്കു നല്കുന്ന ദൈവത്തെതന്നേ നിരസിക്കുന്നു.

9സഹോദരസ്നേഹത്തെപ്പറ്റി നിങ്ങൾക്ക് എഴുതേണ്ട ആവശ്യമില്ല; അന്യോന്യം സ്നേഹിക്കുവാൻ ദൈവംതന്നെ നിങ്ങളെ പഠിപ്പിച്ചിരിക്കുന്നു; 10മാസിഡോണിയായിൽ എല്ലായിടത്തുമുള്ള എല്ലാ സഹോദരരോടും നിങ്ങൾ അപ്രകാരം ആചരിച്ചു പോരുകയുംചെയ്യുന്നുവല്ലോ. ഇതിൽ, അധികം വർദ്ധിച്ചുവരുവാൻ ഞങ്ങൾ നിങ്ങളെ പ്രബോധിപ്പിക്കുന്നു.

11പുറത്തുള്ളവരോട് ഉചിതമായി പെരുമാറുവാനും ഒന്നിനും ബുദ്ധിമുട്ടു വരാതിരിക്കുവാനുംവേണ്ടി 12ഞങ്ങൾ നിങ്ങളോട് ആജ്ഞാപിച്ചതുപോലെ ശാന്തമായൊരു ജീവിതം നയിക്കുവാനും സ്വന്തകാര്യം നോക്കുവാനും സ്വന്തം കൈകൊണ്ടു വേല ചെയ്യുവാനും നിങ്ങൾ ജാഗ്രതയുള്ളവരായിരിക്കണം.

കർത്താവിന്റെ ആഗമനം

13സഹോദരരേ, നിങ്ങൾ പ്രത്യാശയില്ലാത്ത മറ്റു മനുഷ്യരെപ്പോലെ ദുഃഖിക്കാതിരിക്കേണ്ടതിനു നിദ്രപ്രാപിക്കുന്നവരെക്കുറിച്ച് അറിവില്ലാത്തവർ ആയിരിക്കരുതെന്നു ഞങ്ങൾ ആഗ്രഹിക്കുന്നു. 14യേശു മരിക്കുകയും ഉയിർത്തെഴുന്നേല്ക്കുകയും ചെയ്തുവെന്നു നാം വിശ്വസിക്കുന്നുവെങ്കിൽ യേശുവിൽ നിദ്രപ്രാപിച്ചവരെയും ദൈവം അവിടുത്തോടൊപ്പം മടക്കിവരുത്തും. 15കർത്താവിന്റെ പ്രത്യക്ഷതവരെ ജീവിച്ചിരിക്കുന്നവരായ നാം നിദ്രകൊണ്ടവർക്കു മുമ്പാകയില്ല എന്നു കർത്താവിന്റെ വചനത്താൽ ഞങ്ങൾ നിങ്ങളോടു പറയുന്നു. 16കർത്താവു താൻ ഗംഭീരനാദത്തോടും പ്രധാനദൂതന്റെ ശബ്ദത്തോടും ദൈവത്തിന്റെ കാഹളധ്വനിയോടുംകൂടെ സ്വർഗ്ഗത്തിൽനിന്ന് ഇറങ്ങിവരികയും ക്രിസ്തുവിൽ മരിച്ചവർ ആദ്യം ഉയിർത്തെഴുന്നേല്ക്കുകയും ചെയ്യും. 17അതിനുശേഷം, ജീവനോടെ ശേഷിക്കുന്നവരായ നാം അവരോടൊപ്പം ആകാശത്തിൽ കർത്താവിനെ എതിരേല്ക്കുവാൻ മേഘങ്ങളിൽ എടുക്കപ്പെടും. ഇങ്ങനെ നാം എന്നേക്കും കർത്താവിനോടുകൂടെ വസിക്കും. 18അതുകൊണ്ട് ഈ വചനങ്ങളാൽ അന്യോന്യം ആശ്വസിച്ചുകൊൾവിൻ.

5 സഹോദരരേ, കാലങ്ങളെയും സമയങ്ങളെയുംകുറിച്ചു നിങ്ങൾക്ക് എഴുതേണ്ട ആവശ്യമില്ല. 2കള്ളൻ രാത്രിയിൽ വരുന്നതുപോലെ കർത്താവിന്റെ ദിവസം വരുമെന്നു നിങ്ങൾക്കു നന്നായി അറിയാമല്ലോ. 3"സമാധാനം, സുരക്ഷിതത്വം" എന്ന് അവർ പറഞ്ഞു

[4] 4:5 അല്ലെങ്കിൽ *താന്താന്റെ ഭാര്യയോടൊത്ത് ജീവിക്കാൻ പഠിക്കണം*

കൊണ്ടിരിക്കുമ്പോൾ, ഗർഭിണിക്കു പ്രസവ
വേദന എന്നപോലെ അവർക്കു പെട്ടെന്നു നാ
ശം വന്നുഭവിക്കും; ഒഴിഞ്ഞുമാറുവാൻ അവർ
ക്കു സാധ്യമല്ല.
4എന്നാൽ സഹോദരരേ, ആ ദിവസം കള്ളൻ
എന്നപോലെ നിങ്ങളെ പിടികൂടുവാൻ നിങ്ങൾ
ഇരുട്ടിലുള്ളവരല്ല, 5നിങ്ങളെല്ലാവരും വെളി
ച്ചത്തിന്റെ മക്കളും പകലിന്റെ മക്കളും
ആകുന്നു. നാം രാത്രിക്കോ ഇരുട്ടിനോ
ഉള്ളവരല്ല. 6അതുകൊണ്ടു മറ്റുള്ളവരെപ്പോലെ
ഉറങ്ങാതെ, നമുക്കു ജാഗ്രതയും സംയമവും
പാലിക്കാം. 7ഉറങ്ങുന്നവർ രാത്രിയിൽ
ഉറങ്ങുന്നു. മദ്യപിക്കുന്നവർ രാത്രിയിൽ മദ്യ
പിക്കുന്നു. 8നാമോ പകലിനുള്ളവരാകയാൽ,
വിശ്വാസവും സ്നേഹവും കവചമായും
രക്ഷയുടെ പ്രത്യാശ ശിരസ്ത്രമായും ധരി
ച്ചുകൊണ്ടു നമുക്കു സുബോധത്തോടെ ജീവി
ക്കാം. 9ദൈവം നമ്മെ ക്രോധത്തിനല്ല നമ്മുടെ
കർത്താവായ യേശുക്രിസ്തുവിലൂടെയുള്ള
രക്ഷയ്ക്കാണു നിയമിച്ചിരിക്കുന്നത്. 10അവി
ടുന്ന് നമുക്കുവേണ്ടി മരിച്ചത്, നാം ഉണർന്നി
രുന്നാലും ഉറങ്ങിയാലും തന്നോടുകൂടെ ജീവി
ക്കേണ്ടതിനാണ്. 11അതിനാൽ നിങ്ങൾ ഇ
പ്പോൾ ചെയ്തുവരുന്നതുപോലെ അന്യോന്യം
പ്രബോധിപ്പിക്കുകയും ആത്മീയവർദ്ധന
വരുത്തുകയും ചെയ്വിൻ.

സമാപന നിർദ്ദേശങ്ങൾ

12സഹോദരരേ, നിങ്ങളുടെ ഇടയിൽ അധ്വാ
നിക്കുകയും കർത്താവിൽ നിങ്ങളെ ഭരിക്കു
കയും ഉപദേശിക്കുകയും ചെയ്യുന്നവരെ ബഹു
മാനിക്കണമെന്നു ഞങ്ങൾ അപേക്ഷിക്കുന്നു.
13അവരുടെ അധ്വാനം നിമിത്തം അവരെ
സ്നേഹത്തോടെ അത്യന്തം ആദരിക്കുവിൻ.
പരസ്പരം സമാധാനത്തോടെ ജീവിക്കുവിൻ.
14സഹോദരരേ, ഞങ്ങൾ നിങ്ങളെ പ്രബോധി
പ്പിക്കുന്നത്: അലസരെ ശാസിക്കുവിൻ, ഉൾ
ക്കരുത്തില്ലാത്തവരെ ധൈര്യപ്പെടുത്തുവിൻ,
ബലഹീനരെ താങ്ങുവിൻ, എല്ലാവരോടും ദീർ
ഘക്ഷമ കാണിപ്പിൻ. 15ആരും തിന്മയ്ക്കു പകരം
തിന്മ ചെയ്യാതിരിപ്പാൻ ശ്രദ്ധിക്കുവിൻ. നിങ്ങൾ
തമ്മിലും എല്ലാവരോടും എപ്പോഴും നന്മ
ചെയ്തുകൊണ്ടിരിപ്പിൻ.
16എപ്പോഴും സന്തോഷിപ്പിൻ; 17എല്ലായ്പ്പോ
ഴും പ്രാർത്ഥിപ്പിൻ; 18എല്ലാറ്റിനും സ്തോത്രം
ചെയ്യുവിൻ; ഇതാകുന്നു ക്രിസ്തുയേശുവിൽ
നിങ്ങളെക്കുറിച്ചുള്ള ദൈവേഷ്ടം.
19ആത്മാവിന്റെ അഗ്നി കെടുത്തരുത്;
20പ്രവചനം അലക്ഷ്യമാക്കരുത്. 21സകലതും
സശ്രദ്ധം പരിശോധിച്ച് നല്ലതു മുറുകെപ്പിടി
ക്കുക. 22എല്ലാവിധ ദോഷവും വിട്ടകലുക.
23സമാധാനത്തിന്റെ ദൈവം നിങ്ങളെ
സമ്പൂർണ്ണമായി ശുദ്ധീകരിക്കട്ടെ. നിങ്ങളുടെ
ആത്മാവും പ്രാണനും ദേഹവും നമ്മുടെ
കർത്താവായ യേശുക്രിസ്തുവിന്റെ
പ്രത്യക്ഷതയിൽ തികച്ചും അനിന്ദ്യമായി
വെളിപ്പെടുവാൻതക്കവണ്ണം പരിപാലിക്ക
പ്പെടട്ടെ. 24നിങ്ങളെ വിളിക്കുന്നവൻ വിശ്വ
സ്തനാണ്; അവിടുന്ന് അതു നിറവേറ്റും.
25സഹോദരരേ, ഞങ്ങൾക്കുവേണ്ടി പ്രാർത്ഥി
പ്പിൻ. 26സകല സഹോദരരെയും വിശുദ്ധചും
ബനത്താൽ വന്ദനം ചെയ്യുവിൻ. 27ഈ ലേഖനം
എല്ലാ സഹോദരരെയും വായിച്ചു കേൾപ്പിക്കണ
മെന്നു കർത്താവിന്റെ നാമത്തിൽ ഞാൻ നി
ങ്ങളോട് ആവശ്യപ്പെടുന്നു.
28നമ്മുടെ കർത്താവായ യേശുക്രിസ്തു
വിന്റെ കൃപ നിങ്ങളോടുകൂടെ ഉണ്ടായി
രിക്കട്ടെ.

2 തെസ്സലൊനിക്യർ

1 പൗലൊസും ശീലാസും തിമൊഥെയൊസും,

നമ്മുടെ പിതാവായ ദൈവത്തിലും കർത്താവായ യേശുക്രിസ്തുവിലും ഉള്ള തെസ്സലൊനിക്യസഭയ്ക്ക് എഴുതുന്നത്:

2പിതാവായ ദൈവത്തിൽനിന്നും കർത്താവായ യേശുക്രിസ്തുവിൽനിന്നും നിങ്ങൾക്കു കൃപയും സമാധാനവും ഉണ്ടാകട്ടെ.

സ്തോത്രാർപ്പണവും പ്രാർത്ഥനയും

3സഹോദരരേ, നിങ്ങളുടെ വിശ്വാസം ഏറ്റവും വർദ്ധിച്ചും നിങ്ങൾക്കെല്ലാവർക്കും അന്യോന്യമുള്ള സ്നേഹം വളർന്നും ഇരിക്കയാൽ ഞങ്ങൾ നിങ്ങൾക്കുവേണ്ടി ദൈവത്തിന് എല്ലായ്പ്പോഴും സ്തോത്രംചെയ്യുവാൻ കടപ്പെട്ടിരിക്കുന്നു; അതു തികച്ചും ഉചിതം തന്നേ. 4അതുകൊണ്ടു നിങ്ങൾ സഹിക്കുന്ന സകല പീഡനങ്ങളിലും പരിശോധനകളിലും നിങ്ങൾക്കുള്ള സഹിഷ്ണുതയെയും വിശ്വാസത്തെയും കുറിച്ചു ഞങ്ങൾ ദൈവത്തിന്റെ സഭകളിൽ പ്രശംസിക്കുന്നു.

5നിങ്ങൾ കഷ്ടം അനുഭവിക്കുവാൻ ഹേതുവായിരിക്കുന്ന ദൈവരാജ്യത്തിനു നിങ്ങൾ യോഗ്യരായിത്തീരും എന്നിങ്ങനെ ദൈവത്തിന്റെ നീതിപൂർവ്വമായ വിധിക്ക് ഇതു വ്യക്തമായ തെളിവാണ്. 6കർത്താവായ യേശു തന്റെ ശക്തിയുള്ള ദൂതന്മാരുമായി സ്വർഗ്ഗത്തിൽനിന്ന്, അഗ്നിജ്വാലയിൽ പ്രത്യക്ഷനാകുമ്പോൾ, 7നിങ്ങളെ പീഡിപ്പിക്കുന്നവർക്കു പീഡയും പീഡിതരായ നിങ്ങൾക്കു ഞങ്ങളോടുകൂടെ ആശ്വാസവും പകരം നല്കും എന്നതു ദൈവത്തിന്റെ നീതിതന്നേ. 8ദൈവത്തെ അറിയാത്തവരോടും നമ്മുടെ കർത്താവായ യേശുവിന്റെ സുവിശേഷം അനുസരിക്കാത്തവരോടും അവിടുന്ന് പ്രതികാരം ചെയ്യും. 9ഞങ്ങളുടെ സാക്ഷ്യം നിങ്ങൾ വിശ്വസിച്ചതുപോലെ, വിശ്വസിച്ച എല്ലാവരിലും താൻ ഒരു ആശ്ചര്യവിഷയം ആകേണ്ടതിനും തന്റെ വിശുദ്ധരിൽ മഹത്ത്വപ്പെടേണ്ടതിനും അവിടുന്നു പ്രത്യക്ഷനാകുമ്പോൾ, 10ഇക്കൂട്ടർ കർത്താവിന്റെ സന്നിധിയിൽനിന്നും അവിടുത്തെ മഹത്ത്വകരമായ തേജസ്സിൽനിന്നും അകന്നു നിത്യനാശം എന്ന ശിക്ഷ അനുഭവിക്കും.

11നമ്മുടെ ദൈവത്തിന്റെയും കർത്താവായ യേശുക്രിസ്തുവിന്റെയും കൃപയാൽ, യേശുക്രിസ്തുവിന്റെ നാമം നിങ്ങളിലും നിങ്ങൾ യേശുവിലും മഹത്ത്വപ്പെടേണ്ടതിന്, 12നമ്മുടെ ദൈവം നിങ്ങളെ തന്റെ വിളിക്കു യോഗ്യരായി എണ്ണി, നന്മയിലുള്ള നിങ്ങളുടെ ആഗ്രഹവും വിശ്വാസത്തിന്റെ പ്രവൃത്തിയും തന്റെ ശക്തിയാൽ പൂർത്തിയാക്കിത്തരേണ്ടതിനു ഞങ്ങൾ നിങ്ങൾക്കുവേണ്ടി നിരന്തരം പ്രാർത്ഥിക്കുന്നു.

അധർമ്മമൂർത്തി

2 സഹോദരരേ, നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ ആഗമനത്തെയും നമ്മെ തന്റെ അടുക്കൽ കൂട്ടിച്ചേർക്കുന്നതിനെയുംപറ്റി ഞങ്ങൾ നിങ്ങളോട് അപേക്ഷിക്കുന്നത്: 2ക്രിസ്തുവിന്റെ ദിവസം വന്നിരിക്കുന്നു എന്നറിയിക്കുന്ന വല്ല ആത്മാവിനാലോ വചനത്താലോ ഞങ്ങൾ എഴുതിയെന്നു തോന്നിക്കുന്ന ലേഖനത്താലോ നിങ്ങൾ വേഗത്തിൽ ചഞ്ചലചിത്തരോ അസ്വസ്ഥരോ ആകരുത്. 3ആരും ഒരുവിധത്തിലും നിങ്ങളെ ചതിക്കരുത്. ആ ദിവസത്തിനുമുമ്പു വിശ്വാസത്യാഗം സംഭവിക്കുകയും നാശയോഗ്യനായ അധർമ്മമൂർത്തി പ്രത്യക്ഷപ്പെടുകയും ചെയ്യും. 4അവൻ ദൈവം എന്നോ പൂജാവിഷയം എന്നോ പേരുള്ള എല്ലാറ്റിനെയും എതിർക്കുകയും അവയ്ക്കു മീതെ തന്നെത്താൻ ഉയർത്തി താൻതന്നേ ദൈവം എന്ന് അവകാശപ്പെട്ടുകൊണ്ടു ദൈവാലയത്തിൽ ഇരിക്കുകയും ചെയ്യും.

5ഞാൻ നിങ്ങളോടുകൂടെ ഇരുന്നപ്പോൾ ഈ കാര്യങ്ങൾ പറഞ്ഞത് ഓർക്കുന്നില്ലേ? 6തക്കസമയത്ത് അവൻ വെളിപ്പെടേണ്ടതിന് ഇപ്പോൾ അവനെ തടയുന്നത് എന്തെന്ന് നിങ്ങൾക്കറിയാം. 7അധർമ്മത്തിന്റെ മർമ്മം ഇപ്പോൾതന്നേ വ്യാപരിക്കുന്നുണ്ട്. ഇപ്പോൾ അതിനെ തടയുന്നവൻ വഴിയിൽനിന്നു നീങ്ങുകമാത്രം വേണം. 8അപ്പോൾ അധർമ്മമൂർത്തി വെളിപ്പെടും; അവനെ കർത്താവായ യേശു തന്റെ വായിലെ ശ്വാസത്താൽ ദഹിപ്പിച്ച് തന്റെ പ്രത്യക്ഷതയുടെ പ്രഭാവത്താൽ ഒടുക്കിക്കളയും. 9അധർമ്മമൂർത്തിയുടെ പ്രത്യക്ഷത, നശിച്ചുപോകുന്നവരുടെ മധ്യത്തിൽ സാത്താ

ന്റെ പ്രവർത്തനരീതിക്ക് അനുസരണമായി
വ്യാജമായ എല്ലാ ശക്തികളോടും അടയാളങ്ങ
ളോടും അത്ഭുതപ്രവൃത്തികളോടും അനീതി
യുടെ സകല വഞ്ചനയോടുംകൂടെയായിരിക്കും.
10അവർ രക്ഷിക്കപ്പെടുവാൻ തക്കവണ്ണം
സത്യത്തെ സ്നേഹിച്ചു കൈക്കൊള്ളാതി
രുന്നതിനാൽത്തന്നേ അങ്ങനെ സംഭവിക്കും.
11അതിനാൽ സത്യത്തെ വിശ്വസിക്കാതെ അനീ
തിയിൽ രസിക്കുന്ന എല്ലാവർക്കും ശിക്ഷാവിധി
വരേണ്ടതിന് 12അവർ വ്യാജം വിശ്വസിക്കത്ത
ക്കവണ്ണം ദൈവം അവരുടെമേൽ ശക്തമാ
യൊരു മിഥ്യാബോധം അയയ്ക്കും.

ഉറച്ചുനില്ക്കുക

13കർത്താവിനു പ്രിയരായ സഹോദരരേ,
ദൈവം നിങ്ങളെ ആത്മാവിന്റെ വിശുദ്ധീ
കരണത്താലും സത്യത്തിലുള്ള വിശ്വാസത്താലും
ആദിമുതൽത്തന്നേ രക്ഷയ്ക്കായി തിരഞ്ഞെ
ടുത്തിരിക്കയാൽ[a], ഞങ്ങൾ നിങ്ങൾക്കുവേണ്ടി
ദൈവത്തിന് എപ്പോഴും സ്തോത്രം അർപ്പി
ക്കുവാൻ കടപ്പെട്ടിരിക്കുന്നു. 14നമ്മുടെ കർത്താ
വായ യേശുക്രിസ്തുവിന്റെ തേജസ്സു പ്രാപിക്കു
വാനാണല്ലോ ദൈവം നിങ്ങളെ ഞങ്ങളുടെ സു
വിശേഷം മുഖാന്തരം രക്ഷയ്ക്കായി വിളിച്ചത്.
15അതിനാൽ സഹോദരരേ, നിങ്ങൾ ഉറച്ചുനിന്ന്,
വാക്കിനാലോ ലേഖനത്താലോ ഞങ്ങൾ നി
ങ്ങൾക്ക് ഉപദേശിച്ചുതന്നിട്ടുള്ള പ്രമാണങ്ങളെ
മുറുകെപ്പിടിച്ചുകൊള്ളുവിൻ.

16നമ്മുടെ കർത്താവായ യേശുക്രിസ്തുവും,
നമ്മെ സ്നേഹിച്ച്, കൃപയാൽ നമുക്കു നിത്യാ
ശ്വാസവും നല്ല പ്രത്യാശയും നല്കിയിരിക്കുന്ന
നമ്മുടെ പിതാവായ ദൈവവും 17നിങ്ങളുടെ ഹൃ
ദയങ്ങളെ ആശ്വസിപ്പിച്ചു സകല സൽപ്രവൃത്തി
യിലും വാക്കിലും നിങ്ങളെ ശക്തീകരിക്കട്ടെ.

പ്രാർത്ഥനയ്ക്കായുള്ള അപേക്ഷ

3 ഒടുവിൽ സഹോദരരേ, കർത്താവിന്റെ
വചനം നിങ്ങളുടെ അടുക്കൽ എത്തിയതു
പോലെ അതിവേഗം പ്രചരിക്കുവാനും
മഹത്ത്വപ്പെടുവാനും 2അധർമ്മികളും ദുഷ്ടരു
മായ മനുഷ്യരിൽനിന്നു ഞങ്ങൾ വിടുവിക്ക
പ്പെടുവാനുമായി ഞങ്ങൾക്കുവേണ്ടി പ്രാർത്ഥി
പ്പിൻ, വിശ്വാസം എല്ലാവർക്കും ഇല്ലല്ലോ.
3കർത്താവോ വിശ്വസ്തൻ; അവിടുന്ന് നിങ്ങ
ളെ ശക്തരാക്കി ദുഷ്ടനിൽനിന്നു കാത്തുകൊ
ള്ളും. 4ഞങ്ങൾ കല്പിക്കുന്ന കാര്യങ്ങൾ നിങ്ങൾ
ചെയ്യുന്നുവെന്നും മേലിലും ചെയ്യുമെന്നും
കർത്താവിൽ ഞങ്ങൾക്കു നല്ല ഉറപ്പാണ്.
5കർത്താവു നിങ്ങളുടെ ഹൃദയങ്ങളെ ദൈവസ്
നേഹത്തിലേക്കും ക്രിസ്തുവിന്റെ സഹിഷ്ണു
തയിലേക്കും നയിക്കുമാറാകട്ടെ.

അലസതയ്ക്കെതിരേ താക്കീത്

6സഹോദരരേ, ഞങ്ങളിൽനിന്നു നിങ്ങൾ
പ്രാപിച്ചിട്ടുള്ള പ്രമാണങ്ങൾ പാലിക്കാതെ
ക്രമംകെട്ടു നടക്കുന്ന എല്ലാ സഹോദരന്മാരിൽ
നിന്നും അകന്നുകൊള്ളണമെന്നു കർത്താവാ
യ യേശുക്രിസ്തുവിന്റെ നാമത്തിൽ ഞങ്ങൾ
നിങ്ങളോടു കല്പിക്കുന്നു. 7ഞങ്ങളുടെ മാതൃ
ക പിന്തുടരേണ്ടത് എങ്ങനെയെന്നു നിങ്ങൾ
തന്നേ അറിയുന്നുവല്ലോ. ഞങ്ങൾ നിങ്ങളുടെ
മധ്യേ ക്രമംകെട്ടവരായി ജീവിച്ചിട്ടില്ല. 8ആരു
ടെയും ആഹാരം ഞങ്ങൾ വെറുതെ ഭക്ഷിച്ചിട്ടി
ല്ല. നേരേമറിച്ച്, നിങ്ങളിൽ ആർക്കും ഭാരമാകാ
തിരിക്കേണ്ടതിനു ഞങ്ങൾ രാവും പകലും
ക്ലേശിച്ച് അധ്വാനിക്കുകയാണുണ്ടായത്.
9സഹായം സ്വീകരിക്കുവാനുള്ള അവകാശം
ഞങ്ങൾക്ക് ഇല്ലാഞ്ഞതുകൊണ്ടല്ല, പിന്നെയോ
നിങ്ങൾക്കു പിന്തുടരുവാൻ ഒരു മാതൃക നല്കു
വാനാണു ഞങ്ങൾ അപ്രകാരം ചെയ്തത്.
10"ജോലിചെയ്യാത്തവൻ ഭക്ഷിക്കയുമരുത്"
എന്നൊരുകല്പന, ഞങ്ങൾ നിങ്ങളോടുകൂടെ
ആയിരുന്നപ്പോൾ നിങ്ങൾക്കു നൽകിയിരു
ന്നുവല്ലോ.

11നിങ്ങളിൽ ചിലർ ജോലിയൊന്നും
ചെയ്യാതെ പരകാര്യതല്പരരായി അച്ചടക്കംവി
ട്ടു നടക്കുന്നുവെന്നു ഞങ്ങൾ കേൾക്കുന്നു.
12അത്തരക്കാരോട്, ശാന്തരായി വേലചെയ്ത്
ഉപജീവനം നേടണമെന്നു കർത്താവായ യേശു
ക്രിസ്തുവിൽ ഞങ്ങൾ കല്പിക്കുകയും പ്രബോ
ധിപ്പിക്കുകയും ചെയ്യുന്നു. 13നിങ്ങളോ സഹോ
ദരരേ, നന്മ ചെയ്യുന്നതിൽ തളർന്നുപോകരുത്.

14ഈ ലേഖനത്തിലുള്ള ഞങ്ങളുടെ നിർദ്ദേ
ശം അനുസരിക്കാത്തവൻ ലജ്ജിക്കേണ്ടതിന്
അവനെ വേർതിരിക്കയും അവനോടുള്ള സമ്പ
ർക്കം വെടിയുകയും ചെയ്യുവിൻ. 15എങ്കിലും
അവനെ ഒരു ശത്രുവായി കണക്കാക്കാതെ
സഹോദരൻ എന്ന നിലയ്ക്ക് ഉപദേശിക്കുകയാ
ണുവേണ്ടത്.

16സമാധാനത്തിന്റെ ദൈവംതന്നേ നിങ്ങൾ
ക്ക് എല്ലായ്പ്പോഴും എല്ലാ വിധത്തിലും സമാ
ധാനം നല്കുമാറാകട്ടെ. കർത്താവു നിങ്ങ
ളോടെല്ലാവരോടുംകൂടെ ഇരിക്കുമാറാകട്ടെ.

17പൗലൊസായ ഞാൻ എന്റെ സ്വന്തം കൈ
കൊണ്ട് ഈ ആശംസകൾ എഴുതുന്നു. എന്റെ
എല്ലാ ലേഖനത്തിലുമുള്ള പ്രത്യേക അടയാളം
ഇതുതന്നേ.

18നമ്മുടെ കർത്താവായ യേശുക്രിസ്തു
വിന്റെ കൃപ നിങ്ങളോടെല്ലാവരോടുംകൂടെ ഇരി
ക്കുമാറാകട്ടെ.

[a] 2:13 ചില കയ്യെഴുത്തുപ്രതികളിൽ *രക്ഷയ്ക്കായി ആദ്യഫലമായി തിരഞ്ഞെടുത്തിരിക്കയാൽ*

1 തിമൊഥെയോസ്

1 നമ്മുടെ രക്ഷകനായ ദൈവത്തിന്റെയും
നമ്മുടെ പ്രത്യാശയായ ക്രിസ്തുയേശു
വിന്റെയും കല്പനയാൽ അപ്പൊസ്തലനായ
പൗലൊസ് എന്ന ഞാൻ 2വിശ്വാസത്തിൽ
എന്റെ വിശ്വസ്തപുത്രനായ തിമൊഥെ
യോസിന് എഴുതുന്നത്:

പിതാവായ ദൈവത്തിൽനിന്നും നമ്മുടെ
കർത്താവായ ക്രിസ്തുയേശുവിൽനിന്നും
നിനക്കു കൃപയും കരുണയും സമാധാനവും
ഉണ്ടാകട്ടെ.

വ്യാജോപദേഷ്ടാക്കന്മാരെപ്പറ്റി
മുന്നറിയിപ്പ്

3ഞാൻ മാസിഡോണിയയ്ക്കു പോയപ്പോൾ
നിന്നോട് ആവശ്യപ്പെട്ടിരുന്നതുപോലെ, നീ എ
ഫെസൊസിൽ താമസിക്കുക. 4വ്യത്യസ്തമാ
യ ഉപദേശങ്ങൾ പഠിപ്പിക്കരുതെന്നും വിശ്വാ
സത്തിലുള്ള ദൈവികപരിശീലനത്തിനല്ല, തർ
ക്കങ്ങൾക്കുമാത്രം ഉതകുന്ന കെട്ടുകഥകളെയും
അന്തമറ്റ വംശാവലികളെയും ശ്രദ്ധിക്ക
രുതെന്നും ചിലരോട് ആജ്ഞാപിക്കുവാനാണ്
അവിടെ താമസിക്കേണ്ടത്. 5ആജ്ഞയുടെ ഉ
ദ്ദേശ്യമോ, ശുദ്ധഹൃദയം, നല്ല മനസ്സാക്ഷി,
ആത്മാർത്ഥവിശ്വാസം ഇവയിൽനിന്നുളവാ
കുന്ന സ്നേഹംതന്നേ. 6ചിലർ ഇവയിൽ
നിന്നകന്നു വഴിതെറ്റി, വ്യർഥവാദങ്ങളിൽ
ഏർപ്പെട്ടു 7ന്യായപ്രമാണം പഠിപ്പിക്കുന്നവരാകു
വാൻ ആഗ്രഹിക്കുന്നു; തങ്ങൾ പറയുന്നതോ
സ്ഥാപിക്കുന്നതോ എന്താണെന്ന് അവർക്കു
തന്നേ അറിഞ്ഞുകൂടാ.

8ന്യായോചിതമായി പ്രയോഗിക്കുന്നുവെ
ങ്കിൽ ന്യായപ്രമാണം നല്ലതുതന്നെയെന്നു നമു
ക്കറിയാം. 9നീതിമാന്മാർക്കുവേണ്ടിയല്ല,
പിന്നെയോ അധർമ്മികൾ, അനുസരണം
കെട്ടവർ, അഭക്തർ, പാപികൾ, അശുദ്ധർ,
അനാത്മികർ, പിതൃഹന്താക്കൾ, മാതൃഹന്താ
ക്കൾ, കൊലപാതകർ, 10ദുർവൃത്തർ, സ്വവർഗ്ഗ
ഭോഗികൾ, നരാപഹാരികൾ, വ്യാജഭാഷകർ,
കള്ളസത്യം ചെയ്യുന്നവർ എന്നിവരെയും
പഥ്യോപദേശവിരുദ്ധമായ മറ്റെല്ലാക്കാര്യങ്ങ
ളെയും ഉദ്ദേശിച്ചത്രേ ന്യായപ്രമാണം ഏർ
പ്പെടുത്തിയിട്ടുള്ളത്. 11വാഴ്ത്തപ്പെട്ട ദൈവം എ
ന്നെ ഭരമേല്പിച്ചിരിക്കുന്ന തേജസ്സുള്ള സു
വിശേഷത്തിന് അനുരൂപമായിട്ടുള്ളതാണ് ഈ
പഥ്യോപദേശം.

പൗലൊസിനു ലഭിച്ച ദൈവകൃപ

12എനിക്കു ശക്തി നല്കി, എന്നെ വിശ്വ
സ്തനായി പരിഗണിച്ച് തന്റെ ശുശ്രൂഷയ്ക്കു
നിയോഗിച്ച നമ്മുടെ കർത്താവായ
ക്രിസ്തുയേശുവിനെ ഞാൻ സ്തുതിക്കുന്നു.
13മുമ്പ് ഞാൻ ദൈവദൂഷകനും പീഡകനും നി
ഷ്ഠുരനും ആയിരുന്നു; എങ്കിലും അവിശ്വാ
സത്തിൽ അറിവില്ലാതെ പ്രവർത്തിച്ചതാ
യതുകൊണ്ട് എനിക്കു കരുണ ലഭിച്ചു.
14നമ്മുടെ കർത്താവിന്റെ കൃപ ക്രിസ്തുയേശു
വിലുള്ള വിശ്വാസത്തോടും സ്നേഹത്തോടും
കൂടെ എന്നിലേക്കു കവിഞ്ഞൊഴുകിയിരി
ക്കുന്നു.

15ക്രിസ്തുയേശു പാപികളെ രക്ഷിപ്പാൻ ലോ
കത്തിൽ വന്നു എന്നതു വിശ്വാസ്യവും തികച്ചും
അംഗീകാരയോഗ്യവും ആയ വചനമാകുന്നു.
ആ പാപികളിൽ ഞാൻ ഒന്നാമൻ. 16എന്നിട്ടും,
ക്രിസ്തുയേശുവിൽ വിശ്വസിച്ചു നിത്യജീവൻ
പ്രാപിക്കുന്നവർക്ക് ഒരു ദൃഷ്ടാന്തമായി, പാപി
കളിൽ ഒന്നാമനായ എന്നിൽ തന്റെ അളവി
ല്ലാത്ത ദീർഘക്ഷമ കാണിക്കേണ്ടതിന് എനി
ക്കു കരുണ ലഭിച്ചു. 17നിത്യരാജാവും,
അക്ഷയനും, അദൃശ്യനുമായ ഏകദൈവത്തി
ന് എന്നെന്നേക്കും ബഹുമാനവും മഹത്ത്വവും
ഉണ്ടാകട്ടെ, ആമേൻ.

18മകനേ, തിമൊഥെയോസേ, നിന്നെക്കുറി
ച്ചു മുമ്പുണ്ടായ പ്രവചനങ്ങൾക്ക് അനുസൃതമാ
യി ഈ നിർദ്ദേശം ഞാൻ നിനക്കു നല്കുന്നു.
19വിശ്വാസവും നല്ല മനസ്സാക്ഷിയും ഉള്ളവനാ
യി അവയ്ക്കൊത്തവണ്ണം നീ നന്നായി പോരാ
ടുക. ചിലർ നല്ല മനസ്സാക്ഷി ഉപേക്ഷിച്ച്
അവരുടെ വിശ്വാസക്കപ്പൽ തകർത്തുകളഞ്ഞു.

20ഹൂമനയൊസും അലക്സാണ്ടറും ഇക്കൂട്ടത്തിൽപ്പെട്ടവരാണ്. അവർ ദൈവദൂഷണം പറയാതിരിക്കാൻ പഠിക്കേണ്ടതിനു ഞാൻ അവരെ സാത്താന് ഏല്പിച്ചുകൊടുത്തിരിക്കുന്നു.

പ്രാർത്ഥനയും ആരാധനയും

2 എല്ലാവർക്കുവേണ്ടിയും, തികഞ്ഞ ഭക്തിയോടും വിശുദ്ധിയോടുംകൂടെ സമാധാനവും ശാന്തതയുമുള്ള ജീവിതം നയിക്കുവാൻ സാധിക്കേണ്ടതിനു 2വിശേഷാൽ രാജാക്കന്മാർക്കും എല്ലാ അധികാരസ്ഥന്മാർക്കും വേണ്ടിയും അപേക്ഷകളും പ്രാർത്ഥനകളും മധ്യസ്ഥതയും സ്തോത്രവും അർപ്പിക്കണമെന്നു ഞാൻ എല്ലാറ്റിനുംമുമ്പേ നിങ്ങളെ പ്രബോധിപ്പിക്കുന്നു. 3ഇതു നല്ലതും നമ്മുടെ രക്ഷിതാവായ ദൈവത്തിന്റെ മുമ്പിൽ സ്വീകാര്യവുമാണ്. 4സകല മനുഷ്യരും രക്ഷിക്കപ്പെടണമെന്നും സത്യത്തിന്റെ പരിജ്ഞാനത്തിൽ എത്തിച്ചേരണമെന്നും അവിടുന്ന് ആഗ്രഹിക്കുന്നു. 5ദൈവം ഏകൻ; ദൈവത്തിനും മനുഷ്യർക്കും മധ്യസ്ഥനും ഏകൻ മാത്രം; 6എല്ലാവർക്കുംവേണ്ടി വീണ്ടെടുപ്പു വിലയായി സ്വയം അർപ്പിച്ച മനുഷ്യനായ ക്രിസ്തുയേശുതന്നെ. ഈ സാക്ഷ്യം തക്കസമയത്തു നല്കപ്പെട്ടു.

7ഇത് അറിയിക്കുന്നതിനായി എന്നെ പ്രസംഗകനായും അപ്പൊസ്തലനായും വിജാതീയർക്ക് വിശ്വാസത്തിലും സത്യത്തിലും പ്രബോധകനായും നിയോഗിച്ചിരിക്കുന്നു. ഞാൻ പറയുന്നത് സത്യമാണ്; വ്യാജമല്ല.

8അതുകൊണ്ട് കോപവും വാഗ്വാദവും വെടിഞ്ഞ് പുരുഷന്മാർ എല്ലായിടത്തും വിശുദ്ധകരങ്ങൾ ഉയർത്തി പ്രാർത്ഥിക്കണമെന്നു ഞാൻ ആഗ്രഹിക്കുന്നു.

9അതുപോലെ സ്ത്രീകളും ശാലീനതയോടും വിവേകത്തോടുംകൂടെ ഉചിതമായി വസ്ത്രധാരണം ചെയ്യണം. 10പിന്നിയ മുടി, സ്വർണ്ണം, മുത്ത്, വിലയേറിയ വസ്ത്രം എന്നിവകൊണ്ടല്ല, ദൈവഭക്തിയുള്ള സ്ത്രീകൾക്ക് യോഗ്യമായവിധം സൽപ്രവൃത്തികളെക്കൊണ്ട് അവർ തങ്ങളെത്തന്നേ അലങ്കരിക്കേണ്ടതാകുന്നു.

11സ്ത്രീ ശാന്തതയോടെ ഇരുന്ന് പൂർണ്ണ വിധേയത്വത്തോടെ പഠിക്കട്ടെ. 12ശാന്തമായിരിപ്പാനല്ലാതെ പഠിപ്പിക്കുന്നതിനോ പുരുഷന്റെമേൽ അധികാരം നടത്തുന്നതിനോ ഞാൻ സ്ത്രീയെ അനുവദിക്കുന്നില്ല; 13ആദാം ആദ്യം സൃഷ്ടിക്കപ്പെട്ടു; പിന്നെ ഹവ്വാ. 14വഞ്ചിക്കപ്പെട്ടത് ആദാം അല്ല, സ്ത്രീയത്രേ വഞ്ചിതയായി, ലംഘനത്തിൽ അകപ്പെട്ടത്. 15എന്നാൽ സ്ത്രീകൾ വിശ്വാസത്തിലും സ്നേഹത്തിലും വിശുദ്ധിയിലും സംയമശീലത്തോടെ തുടരുന്നുവെങ്കിൽ മക്കൾക്കു ജന്മം നല്കുന്നതിൽ സംരക്ഷിക്കപ്പെടും.

അധ്യക്ഷരും ശുശ്രൂഷകരും

3 ഇതു വിശ്വാസയോഗ്യമായ പ്രസ്താവനയാണ്: ഒരാൾ അധ്യക്ഷസ്ഥാനം കാംക്ഷിക്കുന്നുവെങ്കിൽ നല്ല വേല ആഗ്രഹിക്കുന്നു. 2അധ്യക്ഷൻ അപവാദരഹിതനും, ഏകഭാര്യയുടെ ഭർത്താവും നിർമ്മദനും വിവേകശാലിയും സുശീലനും അതിഥിപ്രിയനും പഠിപ്പിക്കുവാൻ കഴിവുള്ളവനും ആയിരിക്കണം. 3മദ്യപ്രിയനോ അക്രമാസക്തനോ ആയിരിക്കരുത്; ശാന്തനും കലഹിക്കാത്തവനും ദ്രവ്യാഗ്രഹമില്ലാത്തവനും ആയിരിക്കണം. 4കുടുംബകാര്യങ്ങൾ നന്നായി നോക്കുന്നവനും മക്കളെ പൂർണ്ണഗൗരവത്തോടെ അനുസരണത്തിൽ വളർത്തുന്നവനും ആയിരിക്കണം. 5സ്വന്തകുടുംബം നിയന്ത്രിക്കുവാൻ അറിയാത്തവൻ ദൈവസഭയെ എങ്ങനെ പരിപാലിക്കും? 6നിഗളം ബാധിച്ച് പിശാചിനുണ്ടായ ശിക്ഷാവിധിയിൽ വീണുപോകാതിരിപ്പാൻ അയാൾ പുതുതായി വിശ്വാസത്തിലേക്കുവന്നവനും ആയിരിക്കരുത്. 7അപമാനത്തിലും പിശാചിന്റെ കെണിയിലും അകപ്പെട്ടുപോകാതിരിക്കേണ്ടതിന് അയാൾ പുറത്തുള്ളവരിൽനിന്നു നല്ല സാക്ഷ്യം പ്രാപിച്ചവനും ആയിരിക്കണം.

8ശുശ്രൂഷകരും അതുപോലെതന്നേ ബഹുമാന്യരായിരിക്കണം. വാക്കുമാറുന്നവരോ മദ്യാസക്തരോ ദുർലാഭമോഹികളോ അരുത്. 9നിർമ്മലമനസ്സാക്ഷിയിൽ വിശ്വാസത്തിന്റെ മർമ്മം സൂക്ഷിക്കുന്നവരായിരിക്കണം അവർ. 10അവരെ ആദ്യം പരീക്ഷിക്കണം; കുറ്റമറ്റവരെന്നു കണ്ടാൽ അവർ ശുശ്രൂഷകർ ആകട്ടെ.

11അതുപോലെതന്നേ, അവരുടെ ഭാര്യമാരും ബഹുമാന്യരായിരിക്കണം. അവർ ഏഷണി പറയാത്തവരും സംയമശീലരും എല്ലാറ്റിലും വിശ്വസ്തരുമായിരിക്കട്ടെ.

12ശുശ്രൂഷകർ ഏകഭാര്യയുടെ ഭർത്താക്കന്മാരും മക്കളെയും കുടുംബത്തെയും നന്നായി പാലിക്കുന്നവരും ആയിരിക്കട്ടെ. 13തങ്ങളുടെ ശുശ്രൂഷയോഗ്യമായി നിറവേറ്റിയിട്ടുള്ളവർക്കു നല്ല ബഹുമതിയും ക്രിസ്തുയേശുവിലുള്ള വിശ്വാസത്തിൽ വളരെ പ്രാഗത്ഭ്യവും ഉണ്ട്.

14വേഗത്തിൽ നിന്റെ അടുക്കൽ വരാമെന്ന് ഞാൻ ആശിക്കുന്നു. 15താമസം നേരിടുന്നുവെങ്കിലോ, സത്യത്തിന്റെ തൂണും അടിസ്ഥാനവുമായി, ജീവനുള്ള ദൈവത്തിന്റെ സഭയാകുന്ന ദൈവഭവനത്തിൽ ഒരാൾ എങ്ങനെ പെരുമാറണമെന്നു നീ അറിയേണ്ടതിന് ഞാൻ ഈ നിർദ്ദേശങ്ങൾ എഴുതുന്നു.

16അവിടുന്ന് ജഡത്തിൽ വെളിപ്പെട്ടു, ആത്മാവിൽ നീതീകരിക്കപ്പെട്ടു, ദൂതന്മാർക്കു പ്രത്യ

ക്ഷനായി, വിജാതീയരുടെ ഇടയിൽ പ്രസംഗിക്കപ്പെട്ടു, ലോകത്തിൽ വിശ്വസിക്കപ്പെട്ടു, തേജസ്സിൽ എടുക്കപ്പെട്ടു: ദൈവഭക്തിയുടെ ഈ മർമ്മം സർവ്വസമ്മതമാംവിധം മഹത്വമുള്ളതാണ്.

തിമൊഥെയോസിനുള്ള നിർദ്ദേശങ്ങൾ

4 എന്നാൽ ഭാവികാലത്ത് കപടാത്മാക്കളെയും ഭൂതങ്ങളുടെ ഉപദേശങ്ങളെയും ശ്രദ്ധിച്ച് ചിലർ വിശ്വാസം തൃജിക്കും എന്ന് ആത്മാവ് വ്യക്തമായി പറയുന്നു. 2അത്തരം ഉപദേശങ്ങൾ പ്രചരിക്കുന്നതു ഭോഷ്കു പറയുന്നവരുടെ കാപട്യംനിമിത്തമാണ്. അവരുടെ മനസ്സാക്ഷി ചുട്ടുപഴുത്ത ഇരുമ്പിനാൽ കുത്തിക്കരിഞ്ഞതുപോലെ ആയിരിക്കുന്നു. 3അവർ വിവാഹം വിലക്കുകയും സത്യത്തിന്റെ പരിജ്ഞാനം ലഭിച്ചിട്ടുള്ള വിശ്വാസികൾ സ്തോത്രത്തോടെ അനുഭവിക്കുവാൻദൈവം സൃഷ്ടിച്ച ഭോജ്യങ്ങൾ വർജ്ജിക്കുവാൻ അവരോടു കല്പിക്കുകയും ചെയ്യും. 4ദൈവം സൃഷ്ടിച്ചവയെല്ലാം നല്ലതുതന്നേ; സ്തോത്രത്തോടെ അനുഭവിക്കുന്നുവെങ്കിൽ ഒന്നും വർജ്ജിക്കേണ്ടതല്ല; 5ദൈവവചനത്താലും പ്രാർത്ഥനയാലും അതു വിശുദ്ധീകരിക്കപ്പെടുന്നുവല്ലോ.

6ഈ കാര്യങ്ങൾ സഹോദരർക്കു മനസ്സിലാക്കിക്കൊടുത്താൽ വിശ്വാസത്തിന്റെ വചനത്താലും നീ അനുസരിച്ചു പോന്നിട്ടുള്ള പത്ഥ്യോപദേശത്താലും പോഷിപ്പിക്കപ്പെട്ട് നീ ക്രിസ്തുയേശുവിന്റെ ഉത്തമശുശ്രൂഷകനാകും. 7ഭക്തിവിരുദ്ധമായ കെട്ടുകഥകളെ ഒഴിവാക്കി, ദൈവഭക്തിയിൽ അഭ്യസനം തേടുക. 8കായികാഭ്യാസം അല്പംമാത്രം പ്രയോജനമുള്ളതാണ്; ദൈവഭക്തിയോ ഇപ്പോഴുള്ളതും വരുവാനുള്ളതുമായ ജീവിതത്തെക്കുറിച്ചുള്ള വാഗ്ദാനങ്ങളുള്ളതാകയാൽ സകലകാര്യങ്ങളെയും സംബന്ധിച്ച് പ്രയോജനമുള്ളതാണ്.

9ഇതു തികച്ചും അംഗീകാരയോഗ്യവും വിശ്വസനീയവുമായ വചനമാണ്: 10സകല മനുഷ്യരുടെയും, പ്രത്യേകിച്ചു വിശ്വാസികളുടെയും രക്ഷിതാവായ, ജീവനുള്ള ദൈവത്തിൽ ഞങ്ങൾ പ്രത്യാശവച്ചിരിക്കുന്നു- ഇതിനായിട്ടത്രേ ഞങ്ങൾ അധ്വാനിക്കുന്നതും പോരാടുന്നതും.

11ഈ കാര്യങ്ങൾ നീ ആജ്ഞാപിക്കുകയും ഉപദേശിക്കുകയും ചെയ്യുക. 12നിന്റെ യൗവ്വനം ആരും പുച്ഛിക്കുവാൻ ഇടയാക്കരുത്. പിന്നെയോ വാക്കിലും പെരുമാറ്റത്തിലും സ്നേഹത്തിലും വിശ്വാസത്തിലും നിർമ്മലതയിലും വിശ്വാസികൾക്കു മാതൃകയായിരിക്കണം. 13ഞാൻ വരുന്നതുവരെ തിരുവചനം വായിച്ചു കേൾപ്പിക്കുന്നതിലും പ്രബോധിപ്പിക്കുന്നതിലും പഠിപ്പിക്കുന്നതിലും ശ്രദ്ധിക്കുക. 14മൂപ്പന്മാർചേർന്നു നിന്റെമേൽ കൈവച്ചപ്പോൾ പ്രവചനത്താൽ നിനക്കു ലഭിച്ച കൃപാവരം അവഗണിക്കരുത്.

15ഇവയെല്ലാം ശ്രദ്ധിക്കുക; ഇവയ്ക്കായി സ്വയം അർപ്പിക്കുക; അങ്ങനെ നിന്റെ പുരോഗതി എല്ലാവരും കാണ്മാൻ ഇടയാകട്ടെ. 16നിന്നെത്തന്നെയും ഉപദേശത്തെയും സൂക്ഷിച്ചുകൊള്ളുക. അവയിൽ നിലനില്ക്കുക. അങ്ങനെ ചെയ്താൽ നീ നിന്നെയും നിന്റെ ശ്രോതാക്കളെയും രക്ഷിക്കും.

വിധവമാർ, മൂപ്പന്മാർ

5 പ്രായംചെന്നവനെ ശകാരിക്കാതെ, പിതാവിനെ എന്നപോലെ പ്രബോധിപ്പിക്കുക. 2പ്രായംകുറഞ്ഞ പുരുഷന്മാരെ സഹോദരന്മാരെപ്പോലെയും പ്രായംചെന്ന സ്ത്രീകളെ അമ്മമാരെപ്പോലെയും ഇളയസ്ത്രീകളെ പൂർണ്ണനിർമ്മലതയോടെ സഹോദരിമാരെപ്പോലെയും കരുതി പ്രബോധിപ്പിക്കണം.

3സാക്ഷാൽ വിധവമാരായിരിക്കുന്ന വിധവമാരെ മാനിക്കുക. 4എന്നാൽ ഒരു വിധവയ്ക്കു മക്കളോ കൊച്ചുമക്കളോ ഉണ്ടെങ്കിൽ അവർ സ്വന്തകുടുംബത്തിൽതന്നേ ദൈവഭക്തി പ്രായോഗികമാക്കി തങ്ങളുടെ മാതാപിതാക്കൾക്കു പ്രത്യുപകാരം ചെയ്യുവാൻ പഠിക്കട്ടെ. ഇതു ദൈവദൃഷ്ടിയിൽ സ്വീകാര്യമാണ്. 5യഥാർത്ഥത്തിൽ വിധവയും ഏകാകിനിയുമായവൾ ദൈവത്തിൽ പ്രത്യാശ അർപ്പിച്ചുകൊണ്ടു രാപ്പകൽ യാചനയിലും പ്രാർത്ഥനയിലും തുടരുന്നു. 6എന്നാൽ ഭോഗാസക്തയായി ജീവിക്കുന്ന വിധവ ജീവിച്ചിരിക്കെത്തന്നേ മരിച്ചവളാണ്. 7വിധവമാർ അപവാദരഹിതരായിരിക്കേണ്ടതിന് ഇവ നീ ആജ്ഞാപിക്കുക. 8ബന്ധുക്കൾക്കും പ്രത്യേകിച്ച് കുടുംബാംഗങ്ങൾക്കുംവേണ്ടി കരുതാത്തവൻ വിശ്വാസം വെടിഞ്ഞവനും അവിശ്വാസിയെക്കാൾ അധമനുമാണ്.

9അറുപതു വയസ്സിൽ കുറയാതെ പ്രായമുള്ളവളും ഏകഭർത്താവിന്റെ ഭാര്യയായിരുന്നവളും, 10കുഞ്ഞുങ്ങളെ വളർത്തുക, അതിഥികളെ സൽക്കരിക്കുക, വിശുദ്ധരുടെ പാദങ്ങൾ കഴുകുക, പ്രയാസത്തിൽ കഴിയുന്നവരെ സഹായിക്കുക തുടങ്ങിയ സൽക്കർമ്മങ്ങളാൽ കീർത്തി നേടിയവളുമായ വിധവയെ മാത്രമേ വിധവമാരുടെ പട്ടികയിൽ ഉൾപ്പെടുത്താവൂ.

11പ്രായംകുറഞ്ഞ വിധവമാരെ ആ കൂട്ടത്തിൽ നിന്ന് ഒഴിവാക്കുക. അവർ ക്രിസ്തുവിനെതിരായി ഭോഗാസക്തിക്കു വിധേയരാകുമ്പോൾ വിവാഹം ചെയ്യുവാൻ ആഗ്രഹിക്കും. 12അങ്ങനെ ആദ്യപ്രതിജ്ഞ ലംഘിക്കയാൽ അവർ കുറ്റക്കാരായിത്തീരും. 13അവർ അലസരായി,

വീടുതോറും നടന്നു മിനക്കെടുക മാത്രമല്ല, വായാടികളായി അരുതാത്തതു സംസാരിച്ചുകൊണ്ട് പരകാര്യപ്രസക്തരായിത്തീരുകയും ചെയ്യും. 14അതിനാൽ പ്രായംകുറഞ്ഞവർ, പുനർവിവാഹം ചെയ്ത് അമ്മമാരായും കുടുംബകാര്യങ്ങൾ നടത്തിയുംകൊണ്ട്, ശത്രുവിന് അപവാദത്തിനുള്ള അവസരം ഒട്ടും കൊടുക്കാതിരിക്കണമെന്നു ഞാൻ ഇച്ചരിക്കുന്നു. 15ചിലർ, ഇപ്പോൾത്തന്നെ സാത്താന്റെ പിന്നാലെ പോയിക്കഴിഞ്ഞിരിക്കുന്നു. 16ഒരു വിശ്വാസിനിക്ക് കുടുംബത്തിൽ വിധവമാരുണ്ടെങ്കിൽ അവൾതന്നെ അവരെ സഹായിക്കണം. സഭയെ ഭാരപ്പെടുത്തരുത്. അങ്ങനെയെങ്കിൽ, യഥാർത്ഥത്തിൽ ബുദ്ധിമുട്ട് അനുഭവിക്കുന്ന വിധവമാരെ സഹായിക്കാൻ സഭയ്ക്കു സാധിക്കുമല്ലോ.

17നന്നായി സഭാപരിപാലനം നടത്തുന്ന മൂപ്പന്മാരെ, പ്രത്യേകിച്ചും വചനത്തിന്റെ പ്രബോധനത്തിലും ഉപദേശത്തിലും അധ്വാനിക്കുന്നവരെ ഇരട്ടി മാനത്തിനു യോഗ്യരായി എണ്ണണം. 18'മെതിക്കുന്ന കാളയ്ക്കു മുഖക്കൊട്ട കെട്ടരുത്,'[a] എന്നും 'വേലക്കാരൻ തന്റെ കൂലിക്കു യോഗ്യൻ'[b]എന്നും തിരുവെഴുത്തു പറയുന്നുവല്ലോ. 19രണ്ടോ മൂന്നോ സാക്ഷികൾ കൂടാതെ ഒരു മൂപ്പനെതിരേ ആരോപണം സ്വീകരിക്കരുത്. 20പാപത്തിൽ തുടരുന്നവരെ പരസ്യമായി ശാസിക്കണം. മറ്റുള്ളവർ അതുകേട്ട് ഭയപ്പെടട്ടെ. 21നീ മുഖപക്ഷം കൂടാതെ പ്രവർത്തിക്കണമെന്നും മുൻവിധികൂടാതെ ഈ നിർദ്ദേശങ്ങൾ പാലിക്കണമെന്നും ഞാൻ ദൈവത്തെയും ക്രിസ്തുയേശുവിനെയും ശ്രേഷ്ഠദൂതന്മാരെയും സാക്ഷിയാക്കി നിന്നോടു കല്പിക്കുന്നു.

22കൈവയ്പു നടത്തുന്നതിൽ തിടുക്കം കാട്ടരുത്. അന്യരുടെ പാപങ്ങളിൽ പങ്കാളിയാവുകയും അരുത്. നിന്നെത്തന്നേ നിർമ്മലനായി കാത്തുകൊള്ളുക.

23നിന്റെ ഉദരാസ്വാസ്ഥ്യവും കൂടെക്കൂടെയുള്ള അസുഖങ്ങളുംനിമിത്തം മേലാൽ വെള്ളം മാത്രം കുടിക്കാതെ അല്പം വീഞ്ഞും ഉപയോഗിച്ചുകൊള്ളുക.

24ചിലരുടെ പാപങ്ങൾ അവർക്കുമുമ്പേ ന്യായവിധിക്കായി എത്തുന്നു; അവ അത്ര പ്രകടമാണ്. മറ്റു ചിലരുടെ പാപങ്ങളോ അവരെ പിന്തുടരുന്നതേയുള്ളൂ. 25അതുപോലെ സൽപ്രവൃത്തികളും പ്രകടമാണ്; പ്രകടമല്ലാത്തവയും മറഞ്ഞിരിക്കുകയില്ല.

അടിമകൾ

6 അടിമനുകത്തിൻ കീഴിലുള്ളവരൊക്കെയും ദൈവനാമവും ഉപദേശവും ദുഷിക്കപ്പെടാതിരിപ്പാൻ തങ്ങളുടെ യജമാനന്മാരെ പൂർണ്ണബഹുമാനത്തിനു യോഗ്യരായി കരുതേണ്ടതാകുന്നു.

2വിശ്വാസികളായ യജമാനന്മാർ ഉള്ളവർ 'അവർ സഹോദരന്മാരാണല്ലോ' എന്നുവച്ച് അവരോട് അനാദരവു കാണിക്കരുത്. എന്നാൽ തങ്ങളുടെ സേവനത്തിന്റെ പ്രയോജനം അനുഭവിക്കുന്നവർ വിശ്വാസികളും പ്രിയപ്പെട്ടവരുമാകയാൽ അവരെ കൂടുതൽ മെച്ചമായി സേവിക്കുകയാണു വേണ്ടത്. ഈ കാര്യങ്ങൾ നീ പഠിപ്പിക്കുകയും പ്രബോധിപ്പിക്കുകയും ചെയ്യുക.

ദ്രവ്യാഗ്രഹം

3നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ ഉൽകൃഷ്ടമായ വചനങ്ങളും ഭക്തിക്കു യോജിച്ച ഉപദേശവും സ്വീകരിക്കാതെ 4വ്യത്യസ്തമായി ഉപദേശിക്കുന്നവൻ അഹങ്കരിച്ച് തിരിച്ചറിവില്ലാത്തവനായിത്തീർന്നിരിക്കുന്നു. അയാൾ തർക്കവിഷയങ്ങളിലും വാക്കുകളെക്കുറിച്ചുള്ള വിവാദങ്ങളിലും ദുർവാസന പുലർത്തുന്നവനാണ്. തൽഫലമായി അസൂയ, ഭിന്നത, ദൂഷണം, ദുസ്സംശയം, 5ദുർബ്ബുദ്ധികളും, സത്യത്യാഗികളുമായ മനുഷ്യർ തമ്മിലുള്ള വാദകോലാഹലം എന്നിവ ഉണ്ടാകുന്നു; അവർ ദൈവഭക്തിയെ ഒരു ആദായമാർഗ്ഗമായി കരുതുന്നു.

6എന്നാൽ സംതൃപ്തിയോടുകൂടിയ ദൈവഭക്തി വലിയ ആദായംതന്നെ. 7ഈ ലോകത്തിലേക്കു നാം ഒന്നും കൊണ്ടുവന്നില്ല. ഇവിടെനിന്നു നമുക്ക് ഒന്നും കൊണ്ടുപോകാനും കഴിയുന്നതല്ല. 8ഉണ്ണാനും ഉടുക്കാനും ഉണ്ടെങ്കിൽ അതുകൊണ്ടു നമുക്കു തൃപ്തിപ്പെടാം. 9ധനികരാകുവാൻ ആഗ്രഹിക്കുന്നവർ പ്രലോഭനത്തിലും കെണിയിലും കുടുങ്ങി, തകർച്ചയിലും നാശത്തിലും മനുഷ്യരെ മുക്കിക്കളയുന്ന ബുദ്ധിഹീനവും ദോഷകരവുമായ മോഹങ്ങളിൽ വീണുപോകുന്നു. 10ദ്രവ്യാഗ്രഹം സകലവിധ ദോഷങ്ങളുടെയും വേരാണ്. ചിലർ ദ്രവ്യമോഹിച്ചിട്ട്, വിശ്വാസത്തിൽനിന്നു വഴിതെറ്റിപ്പോവുകയും ദാരുണവേദനകൾക്ക് അധീനരാകുകയും ചെയ്തിരിക്കുന്നു.

വിശ്വാസത്തിന്റെ നല്ല പോരാട്ടം

11എന്നാൽ ദൈവത്തിന്റെ മനുഷ്യാ, നീ ഇവയിൽനിന്ന് ഓടിയകലുക. നീതി, ഭക്തി, വിശ്വാസം, സ്നേഹം, സഹിഷ്ണുത, സൗമ്യത എന്നിവ പിന്തുടരുക. 12വിശ്വാസത്തിന്റെ നല്ല പോർ പൊരുതുക. നിത്യജീവനെ മുറുകെപ്പിടിക്കുക; അതിനായി നീ വിളിക്കപ്പെടുകയും അനേകസാക്ഷികളുടെ മുമ്പിൽ ആ കാര്യം ഏറ്റുപറയുകയും ചെയ്തിട്ടുണ്ടല്ലോ. 13നമ്മുടെ

[a] 18 ആവർത്തനം 25:4 [b] 18 ലൂക്കൊസ് 10:7

കർത്താവായ യേശുക്രിസ്തുവിന്റെ പ്രത്യക്ഷതവരെ നീ ഈ കല്പനകൾ നിഷ്കളങ്കമായും നിരാക്ഷേപമായും പ്രമാണിച്ചുകൊള്ളണമെന്നു 14സകലത്തെയും ജീവിപ്പിക്കുന്ന ദൈവത്തെയും പൊന്തിയൊസ് പീലാത്തോസിന്റെ മുമ്പിൽ നല്ല സാക്ഷ്യം നിർവ്വഹിച്ച ക്രിസ്തുയേശുവിനെയും സാക്ഷിയാക്കി ഞാൻ നിന്നോട് ആജ്ഞാപിക്കുന്നു.

15വാഴ്ത്തപ്പെട്ട ഏകാധിപതിയും രാജാധിരാജാവും കർത്താധികർത്താവും 16താൻമാത്രം അമർത്യതയുള്ളവനും അടുത്തുകൂടാത്ത പ്രകാശത്തിൽ വസിക്കുന്നവനും മനുഷ്യരാരും കണ്ടിട്ടില്ലാത്തവനും ആർക്കും കാണാൻ കഴിയാത്തവനുമായ ദൈവം തക്കസമയത്ത് ആ പ്രത്യക്ഷത വരുത്തും. അവിടുത്തേക്കു ബഹുമാനവും ശക്തിയും എന്നേക്കും ഉണ്ടായിരിക്കട്ടെ. ആമേൻ.

17ഈ ലോകത്തിലെ ധനികരോട്, അഹങ്കാരികളായിരിക്കരുതെന്നും അനിശ്ചിതമായ സമ്പത്തിലല്ല, നമുക്ക് അനുഭവിപ്പാൻ ആവശ്യമായതെല്ലാം ധാരാളമായി തരുന്ന ദൈവത്തിൽ തന്നേ പ്രത്യാശ വയ്ക്കണമെന്നും നീ ആജ്ഞാപിക്കുക. 18നന്മ ചെയ്യുവാനും സുകൃതങ്ങളിൽ സമ്പന്നരാകുവാനും തങ്ങൾക്കുള്ളത് ഔദാര്യത്തോടെ പങ്കുവയ്ക്കുവാൻ സന്നദ്ധത കാണിക്കുവാനും അവരെ ഉദ്ബോധിപ്പിക്കുക. 19അങ്ങനെ ചെയ്താൽ യഥാർത്ഥജീവൻ അവകാശമാക്കുവാൻ തക്കവണ്ണം ഭാവിയിലേക്ക് ഉറപ്പുള്ള അടിസ്ഥാനമാകുന്ന നിക്ഷേപം സംഗ്രഹിച്ചു വയ്ക്കാൻ അവർക്കു സാധിക്കും.

20അല്ലയോ തിമൊഥെയോസേ, നിന്നെ ഭരമേല്പിച്ചിട്ടുള്ളതു സൂക്ഷിച്ചുകൊള്ളുക. ഭക്തിവിരുദ്ധമായ വ്യർത്ഥജല്പനങ്ങളും ജ്ഞാനം എന്നു വ്യാജമായി പറയപ്പെടുന്ന വിരുദ്ധവാദങ്ങളും ഉപേക്ഷിക്കുക. 21ചിലർ ഈ ജ്ഞാനം സ്വീകരിച്ചിട്ടു വിശ്വാസംവിട്ട് തെറ്റിപ്പോയിരിക്കുന്നു.

കൃപ നിന്നോടുകൂടെ ഇരിക്കുമാറാകട്ടെ.

2 തിമൊഥെയോസ്

1 ക്രിസ്തുയേശുവിലുള്ള ജീവന്റെ വാഗ്ദാനപ്രകാരം ദൈവഹിതത്താൽ ക്രിസ്തുയേശുവിന്റെ അപ്പൊസ്തലനായ പൗലൊസ്,

2പ്രിയപുത്രനായ തിമൊഥെയൊസിന് എഴുതുന്നത്:

പിതാവായ ദൈവത്തിൽനിന്നും നമ്മുടെ കർത്താവായ ക്രിസ്തുയേശുവിൽനിന്നും നിനക്കു കൃപയും കരുണയും സമാധാനവും ഉണ്ടാകട്ടെ.

വിശ്വസ്തനായിരിപ്പാൻ പ്രോത്സാഹനം

3എന്റെ പ്രാർത്ഥനയിൽ രാവും പകലും നിരന്തരമായി നിന്നെ ഓർത്തുകൊണ്ട്, എന്റെ പിതാക്കന്മാർ ചെയ്തതുപോലെ നിർമ്മലമനസ്സാക്ഷിയോടെ ഞാൻ സേവിക്കുന്ന ദൈവത്തിനു സ്തോത്രം ചെയ്യുന്നു. 4നിന്റെ കണ്ണുനീർ ഓർക്കുമ്പോൾ, നിന്നെ ഒന്നു കണ്ടു സന്തോഷപൂർണ്ണനാകുവാൻ ഞാൻ വാഞ്ഛിക്കുന്നു. 5നിന്റെ നിർവ്യാജ വിശ്വാസത്തെപ്പറ്റിയും എനിക്ക് ഓർമ്മയുണ്ട്. ആ വിശ്വാസം ആദ്യം നിന്റെ വലിയമ്മ ലോവീസിലും അമ്മ യൂനിക്കയിലും ഉണ്ടായിരുന്നു; ഇപ്പോൾ നിന്നിലും ഉണ്ടെന്നു ഞാൻ ഉറച്ചിരിക്കുന്നു. 6അതുകൊണ്ട്. എന്റെ കൈവയ്പിനാൽ ദൈവത്തിൽനിന്നു നിനക്കു ലഭിച്ച കൃപാവരം ജ്വലിപ്പിക്കണമെന്നു ഞാൻ നിന്നെ ഓർപ്പിക്കുന്നു. 7ഭീരുത്വത്തിന്റെ ആത്മാവിനെയല്ല, പിന്നെയോ ശക്തിയുടെയും സ്നേഹത്തിന്റെയും സംയമനത്തിന്റെയും ആത്മാവിനെയാണു ദൈവം നമുക്കു നല്കിയിട്ടുള്ളത്.

8അതുകൊണ്ട് നമ്മുടെ കർത്താവിന്റെ സാക്ഷ്യത്തെയും അവിടുത്തെ തടവുകാരനായ എന്നെയുംകുറിച്ചു ലജ്ജിക്കാതെ, സുവിശേഷത്തിനു വേണ്ടിയുള്ള കഷ്ടതയിൽ നീയും ദൈവശക്തിക്കൊത്തവണ്ണം പങ്കുകാരനാകുക. 9അവിടുന്നു നമ്മെ രക്ഷിക്കുകയും വിശുദ്ധവിളിയാൽ വിളിക്കുകയും ചെയ്തത് നമ്മുടെ പ്രവൃത്തികൾ നിമിത്തമല്ല അനാദികാലം മുതലേ ക്രിസ്തുയേശുവിൽ നമുക്കു നല്കപ്പെട്ടതും നമ്മുടെ രക്ഷിതാവായ ക്രിസ്തുയേശുവിന്റെ പ്രത്യക്ഷതയാൽ ഇപ്പോൾ വെളിപ്പെട്ടിരിക്കുന്നതുമായ തന്റെ സ്വന്തനിർണ്ണയവും കൃപയും അനുസരിച്ചത്രേ. 10അവിടുന്ന് സുവിശേഷം മുഖാന്തരം മരണം നീക്കുകയും ജീവനും അമർത്യതയും വെളിപ്പെടുത്തുകയും ചെയ്തിരിക്കുന്നു. 11ആ സുവിശേഷത്തിനു ഞാൻ പ്രസംഗകനും അപ്പൊസ്തലനും ഉപദേഷ്ടാവുമായി നിയമിക്കപ്പെട്ടിരിക്കുന്നു. 12അതുകൊണ്ട് ഞാൻ ഈ കഷ്ടപ്പാടുകൾ സഹിക്കുന്നു; എങ്കിലും ലജ്ജിക്കുന്നില്ല; എന്തുകൊണ്ടെന്നാൽ ഞാൻ ആരെ വിശ്വസിച്ചിരിക്കുന്നു എന്ന് അറിയുന്നു. എന്റെ ഉപനിധി ആ ദിവസംവരെ സൂക്ഷിപ്പാൻ അവിടുന്നു ശക്തൻ എന്നു ഞാൻ ഉറച്ചിരിക്കുന്നു.

13നീ എന്നിൽനിന്നു കേട്ട വിശുദ്ധവചനത്തെ ക്രിസ്തുയേശുവിലുള്ള വിശ്വാസത്തിലും സ്നേഹത്തിലും മാതൃകയാക്കിക്കൊള്ളുക. 14നിന്നെ ഭരമേല്പിച്ചിരിക്കുന്ന നല്ല ഉപനിധി നമ്മിൽ വസിക്കുന്ന പരിശുദ്ധാത്മാവിനാൽ കാത്തുകൊള്ളുക.

15ഫുഗലൊസും ഹെർമ്മോഗനേസും ഉൾപ്പെടെ ആസ്യയിലുള്ള എല്ലാവരും എന്നെ ഉപേക്ഷിച്ചു പൊയ്ക്കളഞ്ഞു എന്നു നിനക്കറിയാമല്ലോ.

16ഒനേസിഫൊരൊസ് എന്നെ കൂടെക്കൂടെ ഉത്തേജിപ്പിക്കുകയും എന്റെ ചങ്ങലയെക്കുറിച്ചു ലജ്ജിക്കാതിരിക്കുകയും ചെയ്തതുകൊണ്ട്, കർത്താവ് അയാളുടെ കുടുംബത്തോടു കരുണ കാണിക്കട്ടെ. 17റോമിൽ ആയിരുന്നപ്പോൾ അയാൾ വളരെ ക്ലേശിച്ച് എന്നെ അന്വേഷിച്ചു കണ്ടെത്തി. 18ആ നാളിൽ കർത്താവിൽനിന്നു കരുണ ലഭിക്കുവാൻ അവിടുന്ന് അയാളെ സഹായിക്കട്ടെ. എഫെസൊസിൽവച്ച് അയാൾ എന്നെ എങ്ങനെയെല്ലാം ശുശ്രൂഷിച്ചുവെന്നു നിനക്കു നന്നായി അറിയാമല്ലോ.

2 എന്റെ മകനേ, ക്രിസ്തുയേശുവിലുള്ള കൃപയാൽ ശക്തിപ്പെടുക. 2അനേകം സാക്ഷികളുടെ മുമ്പാകെ നീ എന്നിൽനിന്നു കേട്ടതെല്ലാം, മറ്റുള്ളവരെ പഠിപ്പിക്കുവാൻ കഴിവു

ള്ള വിശ്വസ്തരായ മനുഷ്യരെ ഭരമേല്പിക്കുക. 3ക്രിസ്തുയേശുവിന്റെ നല്ല ഭടനായി നീയും എന്നോടുകൂടെ കഷ്ടം സഹിക്ക. 4പടയാളിയായി സേവനം അനുഷ്ഠിക്കുന്ന ഒരാളും, തന്നെ സൈന്യത്തിൽ ചേർത്തവനെ പ്രസാദിപ്പിക്കേണ്ടതുകൊണ്ട് ദൈനംദിനജീവിതകാര്യങ്ങളിൽ ഏർപ്പെടുന്നില്ല. 5കായികമത്സരത്തിൽ പങ്കെടുക്കുന്ന ഒരാൾ നിയമപ്രകാരം മത്സരിക്കുന്നില്ലെങ്കിൽ അയാൾക്കു വിജയകിരീടം ലഭിക്കുകയില്ല. 6അധ്വാനിക്കുന്ന കർഷകനാണ് വിളവിന്റെ ആദ്യഓഹരി എടുക്കേണ്ടത്. 7ഞാൻ പറയുന്നതു ചിന്തിച്ചുകൊള്ളുക. കർത്താവു സകലത്തിലും നിനക്കു വിവേകം നല്കും.

8ദാവീദിന്റെ സന്തതിയായി ജനിച്ചു മരിച്ച് ഉയിർപ്പിക്കപ്പെട്ട യേശുക്രിസ്തുവിനെ ഓർത്തുകൊൾക. അതാകുന്നു എന്റെ സുവിശേഷം. 9അതിനുവേണ്ടി ദുഷ്പ്രവൃത്തിക്കാരനെപ്പോലെ ഞാൻ ചങ്ങല ധരിച്ചു കഷ്ടം സഹിക്കുന്നു. ദൈവവചനമോ ബന്ധിക്കപ്പെട്ടിട്ടില്ല. 10അതുകൊണ്ടു തിരഞ്ഞെടുക്കപ്പെട്ടവർ ക്രിസ്തുയേശുവിലുള്ള രക്ഷ നിത്യതേജസ്സോടുകൂടെ പ്രാപിക്കേണ്ടതിനു ഞാൻ അവർക്കുവേണ്ടി സകലതും സഹിക്കുന്നു.

11നാം ക്രിസ്തുവിനോടുകൂടെ മരിച്ചുവെങ്കിൽ കൂടെ ജീവിക്കും;
12സഹിക്കുന്നുവെങ്കിൽ കൂടെ വാഴും.
നാം അവിടുത്തെ തള്ളിപ്പറയുമെങ്കിൽ
അവിടുന്നു നമ്മെയും തള്ളിപ്പറയും.
13നാം അവിശ്വസ്തരായിത്തീർന്നാലും
അവിടുന്ന് വിശ്വസ്തനായിത്തന്നെ ജീവിക്കുന്നു. തന്റെ സ്വഭാവം തൃജിപ്പാൻ
അവിടുത്തേക്കു സാധ്യമല്ല.

ഈ വചനം വിശ്വാസയോഗ്യം തന്നേ.

ദൈവം അംഗീകരിച്ച വേലക്കാരൻ

14നീ ഈ കാര്യങ്ങൾ അവരെ ഓർമ്മിപ്പിക്കണം. വാക്കുകളെച്ചൊല്ലി തർക്കിക്കരുതെന്നു ദൈവസന്നിധിയിൽ അവർക്കു താക്കീതു നല്കണം; കേൾക്കുന്നവരെ നശിപ്പിക്കുകയല്ലാതെ അതുകൊണ്ട് യാതൊരു പ്രയോജനവുമില്ല. 15സത്യവചനം സൂക്ഷ്മമായി കൈകാര്യം ചെയ്തുകൊണ്ട്, ലജ്ജിപ്പാൻ സംഗതിയില്ലാത്ത വേലക്കാരനായി, ദൈവത്തിന് അംഗീകാരയോഗ്യനായി തിരുസന്നിധിയിൽ നില്പാൻ ശ്രമിക്കുക. 16ഭക്തിവിരുദ്ധമായ വ്യർത്ഥസംസാരത്തിൽനിന്ന് ഒഴിഞ്ഞിരിക്കുക. അതിനാൽ അഭക്തി വർദ്ധിക്കുവാൻ ഇടയാകുമല്ലോ. 17അവരുടെ വാക്ക് അർബ്ബുദംപോലെ പടർന്നുകൊണ്ടിരിക്കും. ഹുമനയോസും ഫിലേത്തൊസും ആ കൂട്ടത്തിൽപ്പെട്ടവരാണ്. 18അവർ സത്യത്തിൽനിന്നു തെറ്റിയകന്നുപോയിരിക്കുന്നു; "പുനരുത്ഥാനം കഴിഞ്ഞു" എന്നു പറഞ്ഞ് അവർ ചിലരുടെ വിശ്വാസം മറിച്ചുകളയുന്നു. 19എങ്കിലും ദൈവത്തിന്റെ ഉറപ്പുള്ള അടിസ്ഥാനം നിലനില്ക്കുന്നു: "കർത്താവു തനിക്കുള്ളവരെ അറിയുന്നു"[a] എന്നും "കർത്താവിന്റെ നാമം ഉച്ചരിക്കുന്ന ഏവനും അധർമ്മത്തിൽനിന്ന് അകന്നു കൊള്ളണം" എന്നും ആ അടിസ്ഥാനത്തിന്മേൽ മുദ്രണം ചെയ്തിരിക്കുന്നു.

20ഒരു വലിയ വീട്ടിൽ സ്വർണ്ണവും വെള്ളിയും കൊണ്ടുള്ള സാധനങ്ങൾമാത്രമല്ല മരവും കളിമണ്ണും കൊണ്ടുള്ളവയും ഉണ്ടായിരിക്കും; ചിലതു മാന്യകാര്യങ്ങൾക്കും ചിലതു ഹീനകാര്യങ്ങൾക്കും ഉള്ളവയാണ്. 21അതിനാൽ ഒരുവൻ ഹീനകാര്യങ്ങൾ വിട്ട്, സ്വയം നിർമ്മലീകരിക്കുന്നുവെങ്കിൽ അവൻ വിശുദ്ധവും ഉടമസ്ഥനു പ്രയോജനകരവും എല്ലാ സൽപ്രവൃത്തിക്കും ഒരുക്കപ്പെട്ടതുമായ ഒരു മാനപാത്രമായിത്തീരും.

22യൗവനമോഹങ്ങളെ വിട്ടോടി, ശുദ്ധഹൃദയത്തോടെ കർത്താവിനെ വിളിച്ചപേക്ഷിക്കുന്ന എല്ലാവരോടും ചേർന്ന് നീതി, വിശ്വാസം, സ്നേഹം, സമാധാനം എന്നിവ പിന്തുടരുക. 23മൂഢവും ബാലിശവുമായ വാദപ്രതിവാദങ്ങൾ കലഹം ഉളവാക്കുമെന്നറിഞ്ഞ് അവ ഉപേക്ഷിക്കുക. 24കർത്താവിന്റെ ദാസൻ കലഹിക്കാതെ എല്ലാവരോടും സൗമ്യതയുള്ളവനും പഠിപ്പിക്കുവാൻ സമർത്ഥനും ക്ഷമാശീലനും 25എതിർക്കുന്നവരെ സൗമ്യതയോടെ തിരുത്തുന്നവനും ആയിരിക്കണം; അവർക്കു ദൈവം സത്യത്തിന്റെ പരിജ്ഞാനത്തിനായി മാനസാന്തരം നല്കേണ്ടതിനും 26പിശാചിന്റെ ഇഷ്ടം നിറവേറ്റുവാൻ അവന് അടിമകളായിത്തീർന്നവരാകയാൽ അവർ സുബോധം കൈക്കൊണ്ട് അവന്റെ കെണിയിൽനിന്നു വിടുതൽ പ്രാപിക്കേണ്ടതിനുമാണ് ഇതു ചെയ്യേണ്ടത്.

അന്ത്യനാളുകളിലെ അഭക്തി

3 അന്ത്യകാലത്തു ദുർഘടസമയങ്ങൾ ഉണ്ടാകും എന്നറിഞ്ഞുകൊൾക. 2മനുഷ്യർ സ്വാർത്ഥപ്രിയരും ദ്രവ്യാഗ്രഹികളും വമ്പു പറയുന്നവരും അഹങ്കാരികളും ദൂഷകരും മാതാപിതാക്കളെ അനുസരിക്കാത്തവരും നന്ദികെട്ടവരും അശുദ്ധരും 3മനുഷ്യപ്രിയമില്ലാത്തവരും വഴങ്ങാത്തവരും ഏഷണിക്കാരും ആത്മനിയന്ത്രണമില്ലാത്തവരും ക്രൂരരും സൽഗുണദ്വേഷികളും ആയിത്തീരും. 4അവർ ചതിക്കുന്നവരും സാഹസികരും ഗർവ്വിഷ്ഠരും, ദൈവത്തെ സ്നേഹിക്കാത്ത ഭോഗപ്രിയരും,

[a] 19 സംഖ്യ 16:5

5കേതിയുടെ ബാഹ്യവേഷം ധരിച്ച് അതിന്റെ
ശക്തി തൃജിക്കുന്നവരും ആയിരിക്കും. അവരെ
വിട്ടകന്നുകൊള്ളുക.
6ഭവനങ്ങളിൽ നുഴഞ്ഞുകയറി, പാപത്തിനടി
മകളും വിഷയാസക്തകളും 7എപ്പോഴും പഠി
ച്ചിട്ടും ഒരിക്കലും സത്യത്തിന്റെ പരിജ്ഞാ
നത്തിൽ എത്താത്തവരുമായ ദുർബ്ബല
സ്ത്രീകളെ വശീകരിക്കുന്നത് ഈ കൂട്ടരാണ്.
8യന്നേസും യംബ്രേസും മോശെയോട്
എതിർത്തുനിന്നതുപോലെ ഇവരും സത്യത്തോ
ടു മറുത്തു നില്ക്കുന്നു. ഇവർ ദുർബ്ബുദ്ധികളും
വിശ്വാസം സംബന്ധിച്ചു പുറംതള്ളപ്പെട്ടവരുമ
ത്രേ. 9ഇവർക്കു പുരോഗതിയുണ്ടാവുകയില്ല.
മേൽപറഞ്ഞവരുടെ കാര്യത്തിൽ എന്നപോലെ
അവരുടെയും ബുദ്ധിശൂന്യത എല്ലാവർക്കും
വെളിവാകും.

തിമൊഥെയൊസിനുള്ള നിർദ്ദേശങ്ങൾ

10നീയോ, എന്റെ ഉപദേശം, പെരുമാറ്റം, ജീ
വിതലക്ഷ്യം, വിശ്വാസം, ദീർഘക്ഷമ, സ്നേഹം,
സഹിഷ്ണുത, 11പീഡനങ്ങൾ, അന്ത്യോക്യയി
ലും ഇക്കൊന്യയിലും ലുസ്ത്രയിലും എനി
ക്കുണ്ടായ കഷ്ടതകൾ എന്നിവയെല്ലാം ഗ്രഹി
ച്ചിരിക്കുന്നു; ഞാൻ എന്തെല്ലാം ഉപദ്രവങ്ങൾ
സഹിച്ചു! അവയിൽനിന്നെല്ലാം കർത്താവ് എ
ന്നെ വിടുവിച്ചു. 12എന്നാൽ ക്രിസ്തുയേശു
വിൽ ഭക്തിയോടെ ജീവിക്കുവാൻ ആഗ്രഹി
ക്കുന്ന എല്ലാവരും പീഡിപ്പിക്കപ്പെടും. 13ദുഷ്ട
മനുഷ്യരും വഞ്ചകരും ചതിച്ചും ചതിക്ക
പ്പെട്ടുംകൊണ്ട് തിന്മയിൽനിന്ന് അധികം
തിന്മയിലേക്കു പൊയ് ക്കൊണ്ടിരിക്കും.
14നീയോ ആരിൽനിന്നു പഠിച്ചു എന്ന് ഓർക്കു
കയും ക്രിസ്തുയേശുവിലുള്ള വിശ്വാസത്താൽ
നിന്നെ രക്ഷയ്ക്കു ജ്ഞാനിയാക്കുവാൻ പര്യാ
പ്തമായ തിരുവെഴുത്തുകൾ 15ബാല്യം മുതൽ
അറിയുകയും ചെയ്യുന്നതുകൊണ്ട്, നീ പഠിച്ചും
നിശ്ചയം പ്രാപിച്ചും ഇരിക്കുന്നതിൽ നിലനി
ല്ക്കുക. 16എല്ലാ തിരുവെഴുത്തും ദൈവപ്രചോ
ദിതമാകയാൽ ദൈവത്തിന്റെ മനുഷ്യൻ സകല
സൽപ്രവൃത്തികൾക്കും ഒരുക്കപ്പെട്ടവനും തി
കഞ്ഞവനുമാകേണ്ടതിന് 17ഉപദേശത്തിനും ശാ
സനത്തിനും തിരുത്തലിനും നീതിയിലെ അഭ്യ
സനത്തിനും പ്രയോജനമുള്ളതാണ്.

4 ദൈവത്തിന്റെയും, ജീവിച്ചിരിക്കുന്ന
വർക്കും മരിച്ചവർക്കും ന്യായവിധി നടത്തു
വാനിരിക്കുന്നവനുമായ ക്രിസ്തുയേശുവി
ന്റെയും മുമ്പാകെ, അവിടുത്തെ പ്രത്യക്ഷ
തയും രാജ്യവും ചൊല്ലി ഞാൻ നിന്നോടു ദൃ
ഢമായി കല്പിക്കുകയാണ്: 2വചനം പ്രസംഗി
ക്കുക; സമയത്തും അസമയത്തും സന്നദ്ധനാ
യിരിക്കുക; എത്രയും ക്ഷമയോടും ഉപദേശ
ത്തോടുംകൂടെ കുറ്റബോധം വരുത്തുക. ശാസി
ക്കുക, പ്രബോധിപ്പിക്കുക. 3മനുഷ്യർ പഥ്യോ
പദേശം കൈക്കൊള്ളാതെ സ്വന്തമോ
ഹങ്ങൾക്കൊത്തവിധം കേൾക്കാൻ ഇമ്പമുള്ളവ
പറഞ്ഞുകേൾപ്പിക്കുന്ന ഉപദേഷ്ടാക്കന്മാരെ
വർദ്ധിപ്പിക്കുന്ന കാലം വരുന്നു. 4അന്ന് അവർ
സത്യത്തിനു ചെവികൊടുക്കാതെ കെട്ടു
കഥകളിലേക്കു ശ്രദ്ധതിരിക്കും. 5നീയോ
സകലത്തിലും സംയമശീലനായിരിക്കുക;
കഷ്ടത സഹിക്കുക; സുവിശേഷകന്റെ
പ്രവൃത്തിചെയ്യുക; നിന്റെ ശുശ്രൂഷ പൂർണ്ണമാ
യി നിറവേറ്റുക.
6ഞാനോ ഇപ്പോൾത്തന്നെ പാനീയയാഗമാ
യി ഒഴിക്കപ്പെടുന്നു. എന്റെ നിര്യാണകാലവും
അടുത്തിരിക്കുന്നു. 7ഞാൻ നല്ല പോർ പൊ
രുതി; ഓട്ടം തികച്ചു; വിശ്വാസം കാത്തു. 8ഇനി,
നീതിയുടെ കിരീടം എനിക്കായി സൂക്ഷിച്ചിരി
ക്കുന്നു. അതു നീതിയുള്ള ന്യായാധിപതിയാ
യ കർത്താവ് ആ നാളിൽ എനിക്കു നല്കും.
എനിക്കു മാത്രമല്ല, അവിടുത്തെ പ്രത്യക്ഷത
യ്ക്കായി വാഞ്ഛിച്ചിട്ടുള്ള എല്ലാവർക്കുംകൂടെ.

വ്യക്തിപരമായ കാര്യങ്ങൾ

9എത്രയുംവേഗം എന്റെ അടുക്കലെത്തു
വാൻ ഉത്സാഹിക്കുക. 10ദേമാസ് ഈ ലോക
ത്തെ സ്നേഹിച്ചതുകൊണ്ട് എന്നെ ഉപേക്ഷി
ച്ചു തെസ്സലൊനിക്യയിലേക്കു പോയി.
ക്രേസ്കേസ് ഗലാത്യയ്ക്കും തീത്തൊസ് ദല്മാ
ത്യയ്ക്കും പോയിരിക്കുന്നു. 11ലൂക്കൊസ് മാത്ര
മേ എന്റെ കൂടെയുള്ളൂ. ശുശ്രൂഷയിൽ എനി
ക്കു പ്രയോജനമുള്ളവനാകയാൽ മർക്കൊ
സിനെ കൂട്ടിക്കൊണ്ടുവരിക. 12തിഹിക്കൊ
സിനെ ഞാൻ എഫെസൊസിലേക്ക് അയച്ചു.
13നീ വരുമ്പോൾ ത്രോവാസിൽ കർപ്പൊ
സിന്റെ അടുക്കൽ ഞാൻ വച്ചിട്ടുപോന്ന പുറം
കുപ്പായവും പുസ്തകങ്ങളും വിശേഷാൽ ചർ
മ്മലിഖിതങ്ങളും കൊണ്ടുവരണം.
14ചെമ്പുപണിക്കാരനായ അലക്സാണ്ടർ
എനിക്കു വളരെ ദോഷം ചെയ്തു. അവൻ
ചെയ്തതിനു തക്കവണ്ണം കർത്താവ് അവനു
പകരം നല്കും. 15നമ്മുടെ വാക്കുകളെ അവൻ
ശക്തിയായി എതിർത്തതുകൊണ്ടു നീയും
അവനെക്കുറിച്ചു ജാഗ്രതയുള്ളവനായിരി
ക്കണം.
16എന്റെ ഒന്നാം പ്രതിവാദത്തിൽ ആരും എ
ന്നെ സഹായിച്ചില്ല, എല്ലാവരും എന്നെ കൈവി
ട്ടു. അത് അവർക്കെതിരേ കണക്കിടാതിരിക്ക
ട്ടെ. 17എന്നാൽ കർത്താവ് എനിക്കു തുണനിന്ന്,
വചനം സമ്പൂർണ്ണമായി ഘോഷിക്കുവാനും
സകല വിജാതീയരും അതു കേൾക്കുവാനും

തക്കവണ്ണം എന്നെ ശക്തിപ്പെടുത്തി. അങ്ങനെ
സിംഹത്തിന്റെ വായിൽനിന്നും ഞാൻ വിടുവി
ക്കപ്പെട്ടു. 18കർത്താവ് എന്നെ സകല ദു
ഷ്ടതകളിൽനിന്നും വിടുവിച്ച് തന്റെ സ്വർഗ്ഗീ
യരാജ്യത്തിനായി സുക്ഷിക്കും. അവിടുത്തേക്ക്
എന്നെന്നേക്കും മഹത്ത്വമുണ്ടാകട്ടെ. ആമേൻ.

ആശംസകൾ

19പ്രിസ്ക്കയ്ക്കും[a] അകിലാവിനും
ഒനേസിഫൊരൊസിന്റെ കുടുംബത്തിനും
വന്ദനം പറയുക. 20എരസ്തൊസ് കൊരിന്തിൽ
താമസിച്ചു. ത്രൊഫിമൊസിനെ ഞാൻ മിലേ
ത്തോസിൽ രോഗിയായി വിട്ടേച്ചു പോന്നു.
21ശീതകാലത്തിനു മുമ്പേ ഇവിടെയെത്താൻ
നീ പരമാവധി ശ്രമിക്കണം. യൂബൂലൊസും
പൂദെസും ലീനോസും ക്ലൌദിയയും സകല
സഹോദരരും നിന്നെ അഭിവാദനം ചെയ്യുന്നു.

22കർത്താവു നിന്റെ ആത്മാവോടുകൂടെ
ഇരിക്കട്ടെ. കൃപ നിങ്ങളോടുകൂടെ ഉണ്ടാ
യിരിക്കട്ടെ.

തീത്തൊസ്

1 നമ്മുടെ രക്ഷിതാവായ ദൈവത്തിന്റെ
കല്പനപ്രകാരം എന്നെ ഭരമേല്പിച്ച പ്രസം
ഗത്തിലൂടെ നിശ്ചിതസമയത്ത് തന്റെ വചനം
വെളിപ്പെടുത്തിയവനും വ്യാജം പറയാത്ത
വനുമായ ദൈവം, 2യുഗങ്ങൾക്കുമുമ്പുതന്നെ
വാഗ്ദാനംചെയ്തിരുന്ന നിത്യജീവന്റെ പ്രത്യാ
ശയുടെ അടിസ്ഥാനത്തിൽ, 3തന്റെ തിര
ഞ്ഞെടുക്കപ്പെട്ട ജനത്തിനുണ്ടാകേണ്ട വിശ്വാ
സത്തിനും ഭക്തിക്കനുസാരമായ സത്യത്തി
ന്റെ പരിജ്ഞാനത്തിനുംവേണ്ടി, ദൈവത്തി
ന്റെ ഭൃത്യനും യേശുക്രിസ്തുവിന്റെ അപ്പൊ
സ്തലനുമായിത്തീർന്ന പൗലൊസ്,

4 പൊതുവിശ്വാസത്തിൽ വിശ്വസ്ത
പുത്രനായ തീത്തൊസിന് എഴുതുന്നത്:

പിതാവായ ദൈവത്തിൽനിന്നും നമ്മുടെ
രക്ഷകനായ യേശുക്രിസ്തുവിൽനിന്നും
നിനക്കു കൃപയും കരുണയും സമാധാനവും
ഉണ്ടാകട്ടെ.

ക്രീറ്റിൽ തീത്തൊസിന്റെ ദൗത്യം

5 ഞാൻ നിന്നെ ക്രീറ്റിൽ വിട്ടിട്ടുപോന്നത്,
ശേഷിച്ച കാര്യങ്ങൾ എന്റെ നിർദ്ദേശപ്രകാരം
ക്രമപ്പെടുത്തുന്നതിനും പട്ടണംതോറും മൂപ്പന്മാ
രെ നിയമിക്കേണ്ടതിനും ആയിരുന്നുവല്ലോ. 6മൂ
പ്പൻ കുറ്റമറ്റവനും ഏകഭാര്യയുടെ ഭർത്താവും
ആയിരിക്കണം; അയാളുടെ മക്കൾ വിശ്വാസി
കളും, ദുർന്നടപ്പും അനുസരണക്കേടും
ഇല്ലാത്തവരും ആയിരിക്കണം. 7അധ്യക്ഷൻ
ദൈവത്തിന്റെ കാര്യവിചാരകനാകയാൽ
അനിന്ദ്യനായിരിക്കണം; തന്നിഷ്ടക്കാരനും മുൻ
കോപിയും മദ്യപനും അക്രമാസക്തനും ദുർ
ല്ലാഭമോഹിയും ആയിരിക്കരുത്. 8എന്നാൽ
അതിഥിസൽക്കാരപ്രിയനും നന്മയെ സ്നേഹി
ക്കുന്നവനും സംയമശീലനും നീതിനിഷ്ഠനും
വിശുദ്ധനും അച്ചടക്കമുള്ളവനും ആയിരി
ക്കേണ്ടതാകുന്നു. 9സത്യോപദേശത്താൽ പ്ര
ബോധിപ്പിക്കുവാനും എതിർക്കുന്നവർക്കു ബോ
ധ്യം വരുത്തുവാനും പ്രാപ്തനാകേണ്ടതിന്
അയാൾ താൻ പഠിച്ചറിഞ്ഞ വിശ്വാസ്യവചനം
മുറുകെപ്പിടിക്കുന്നവനായിരിക്കണം.

10 വ്യർഥാലാപക്കാരും, വഞ്ചകരും, മത്സരി
കളുമായ പലരും, വിശേഷാൽ പരിച്ഛേദന
വാദികളും അവിടെയുണ്ട്. 11ദുർല്ലാഭമോഹി
കളായി, അരുതാത്ത കാര്യങ്ങൾ പഠിപ്പിച്ചു
കൊണ്ട് കുടുംബങ്ങളെ അപ്പാടെ തകർക്കുന്ന
അത്തരക്കാരെ നിശ്ശബ്ദരാക്കേണ്ടതാണ്.
12 "ക്രീറ്റ് നിവാസികൾ എപ്പോഴും അസത്യവാ
ദികളും, ദുഷ്ടജന്തുക്കളും അലസരായ ഭോജന
പ്രിയരുമാണ് " എന്ന് അവരുടെ ഒരു പ്രവാ
ചകൻ തന്നെ പ്രസ്താവിച്ചിട്ടുണ്ട്. 13ഈ സാ
ക്ഷ്യം സത്യമത്രേ. അതിനാൽ അവർ വിശ്വാ
സത്തിൽ ഉറച്ചുനില്ക്കേണ്ടതിനും 14യഹൂദരു
ടെ കെട്ടുകഥകൾക്കും സത്യം നിഷേധി
ക്കുന്നവരുടെ കല്പനകൾക്കും ചെവികൊടു
ക്കാതിരിക്കേണ്ടതിനും അവരെ കർശനമായി
ശാസിക്കണം. 15ശുദ്ധിയുള്ളവർക്ക് എല്ലാം ശു
ദ്ധംതന്നെ. എന്നാൽ അശുദ്ധർക്കും അവിശ്വാ
സികൾക്കും ഒന്നും ശുദ്ധമല്ല; അവരുടെ മനസ്സും
മനസ്സാക്ഷിയും മലിനപ്പെട്ടുപോയിരിക്കുന്നു.
16അവർ ദൈവത്തെ അറിയുന്നു എന്ന് അവകാ
ശപ്പെടുന്നുവെങ്കിലും പ്രവൃത്തികളാൽ അവിടു
ത്തെ നിഷേധിക്കുന്നു. അവർ നിന്ദ്യരും അനു
സരണംകെട്ടവരും യാതൊരു സൽ
പ്രവൃത്തിക്കും കൊള്ളരുതാത്തവരുമാണ്.

സത്യോപദേശം

2 നീയാകട്ടെ, സത്യോപദേശത്തിനു
ചേർന്ന കാര്യങ്ങൾ പഠിപ്പിക്കുക. 2 പ്രാ
യംചെന്ന പുരുഷന്മാർ പക്വമതികളും ആദരണീ
യരും ആത്മനിയന്ത്രണമുള്ളവരും, വിശ്വാസം,
സ്നേഹം, സഹിഷ്ണുത എന്നിവയിൽ ഉറപ്പു
ള്ളവരുമായിരിക്കുവാൻ ഉപദേശിക്കുക.

3 അതുപോലെ, പ്രായംചെന്ന സ്ത്രീകൾ
പെരുമാറ്റത്തിൽ മാന്യതയുള്ളവരും, ഏഷണി
പറയാത്തവരും, മദ്യത്തിന് അടിമപ്പെടാ
ത്തവരും നന്മ ഉപദേശിക്കുന്നവരുമായിരിക്കു
വാൻ അവരെ പഠിപ്പിക്കുക. 4അപ്പോൾ, ഭർത്താ
ക്കന്മാരെയും മക്കളെയും സ്നേഹിക്കുന്ന
വരും, വിവേകികളും, പതിവ്രതകളും 5വീട്ടുകാ
ര്യം നോക്കുന്നവരും, ദയയുള്ളവരും, ഭർത്താ

ക്കന്മാരെ അനുസരിക്കുന്നവരും ആയിരിക്കണമെന്നു യുവതികളെ പ്രബോധിപ്പിക്കുവാൻ അവർക്കു കഴിയും. അങ്ങനെയായാൽ ദൈവവചനം ദൂഷിക്കപ്പെടുവാൻ ഇടയാവുകയില്ല.

6അതുപോലെ, യുവാക്കന്മാർ ആത്മനിയന്ത്രണം പാലിക്കുവാൻ പ്രബോധിപ്പിക്കുക. 7എതിരാളി നിന്നെക്കുറിച്ച് ഒരു ദോഷവും പറയുവാൻ വക കാണാതെ ലജ്ജിക്കേണ്ടതിന് എല്ലാ കാര്യത്തിലും നിന്നെത്തന്നേ സൽപ്രവൃത്തികൾക്ക് മാതൃകയാക്കി കാണിക്കുക. 8ഉപദേശത്തിൽ നിർമ്മലതയും ഗൗരവവും ഭാഷണത്തിൽ ഔചിത്യവും ഉള്ളവനായിരിക്കുക.

9ദാസന്മാരോട്, എല്ലാക്കാര്യങ്ങളിലും യജമാനന്മാർക്കു കീഴടങ്ങിയിരിക്കാനും അവരെ പ്രസാദിപ്പിക്കാനും അവരോടു മറുത്തു സംസാരിക്കാതിരിക്കാനും ഒന്നും വഞ്ചിച്ചെടുക്കാതിരിക്കാനും ഉപദേശിക്കണം. 10അങ്ങനെ അവർ എല്ലാറ്റിലും വിശ്വസ്തരായി, നമ്മുടെ രക്ഷകനായ ദൈവത്തിന്റെ ഉപദേശത്തെ ഒരു ഭൂഷണമാക്കിത്തീർക്കും.

11സകലമനുഷ്യർക്കും രക്ഷാകരമായ ദൈവകൃപ ഉദിച്ചിരിക്കുന്നുവല്ലോ. 12മഹാദൈവവും നമ്മുടെ രക്ഷകനുമായ യേശുക്രിസ്തുവിന്റെ മഹത്ത്വപ്രത്യക്ഷതയെന്ന ഭാഗ്യകരമായ പ്രത്യാശയ്ക്കായി കാത്തിരുന്നുകൊണ്ട്, 13നാം അഭക്തിയും ലോകമോഹങ്ങളും വർജ്ജിച്ച്, ഈ കാലഘട്ടത്തിൽ ആത്മനിയന്ത്രണവും നീതിയും ദൈവഭക്തിയുമുള്ള ജീവിതം നയിക്കുവാൻ അതു നമ്മെ അഭ്യസിപ്പിക്കുന്നു. 14സകല അധർമ്മത്തിൽ നിന്നും നമ്മെ വീണ്ടെടുത്ത്, സൽപ്രവൃത്തികളിൽ ശുഷ്കാന്തിയുള്ള സ്വന്ത ജനമായി ശുദ്ധീകരിക്കേണ്ടതിന് യേശുക്രിസ്തു നമുക്കു വേണ്ടി തന്നെത്താൻ അർപ്പിച്ചു.

15ഈ കാര്യങ്ങൾ പ്രസംഗിക്കുകയും സകല അധികാരത്തോടുംകൂടെ പ്രബോധിപ്പിക്കുകയും ശാസിക്കുകയും ചെയ്യുക. ആരും നിന്നെ നിന്ദിക്കാതിരിക്കട്ടെ.

നന്മ ചെയ്യുക

3 ഭരണകർത്താക്കൾക്കും അധികാരികൾക്കും കീഴടങ്ങിയിരിക്കാനും അവരെ അനുസരിക്കാനും സകല സൽപ്രവൃത്തിക്കും ഒരുങ്ങിയിരിക്കാനും 2ആരെക്കുറിച്ചും ദൂഷണം പറയാതെ, ശാന്തരായി സകല മനുഷ്യരോടും പൂർണ്ണസൗമ്യത കാണിക്കാനും അവരെ ഓർപ്പിക്കുക.

3ഒരു കാലത്തു നാമും ബുദ്ധിഹീനരും അനുസരണംകെട്ടവരും തെറ്റായ മാർഗ്ഗത്തിലൂടെ നയിക്കപ്പെട്ടവരും പലവിധ മോഹങ്ങൾക്കും സുഖഭോഗങ്ങൾക്കും അധീനരും ആയിരുന്നു. അന്യോന്യം വെറുത്തും വെറുക്കപ്പെട്ടുംകൊണ്ടു വിദ്വേഷത്തിലും അസൂയയിലും നാം ജീവിച്ചുപോന്നു. 4എന്നാൽ നമ്മുടെ രക്ഷകനായ ദൈവത്തിന്റെ മനസ്സലിവും സ്നേഹവും വെളിപ്പെട്ടപ്പോൾ, 5നാം ചെയ്ത നീതിപ്രവൃത്തികളാലല്ല, അവിടുത്തെ കരുണയാൽ തന്നെ പുനർജനനസ്നാനത്താലും പരിശുദ്ധാത്മാവിന്റെ നവീകരണത്താലും അവിടുന്ന് നമ്മെ രക്ഷിച്ചു. 7അവിടുത്തെ കൃപയാൽ നീതീകരിക്കപ്പെട്ടിട്ട്, നിത്യജീവന്റെ പ്രത്യാശപ്രകാരം നാം അവിടുത്തെ അവകാശികളായിത്തീരുവാൻ നമ്മുടെ രക്ഷകനായ യേശുക്രിസ്തുമൂലം അവിടുന്ന് ആ ആത്മാവിനെ നമ്മുടെമേൽ സമൃദ്ധിയായി പകർന്നിരിക്കുന്നു. 8ഇതു വിശ്വാസയോഗ്യമായ വചനമാണ്. ദൈവത്തിൽ വിശ്വസിച്ചവർ സൽപ്രവൃത്തികളിൽ ജാഗ്രത പുലർത്തുവാൻ ഈ കാര്യങ്ങൾ നീ ശക്തിയായി പ്രബോധിപ്പിക്കണം. ഇവ നല്ലതും മനുഷ്യർക്കു പ്രയോജനകരവുമാകുന്നു.

9ബുദ്ധികെട്ട വാദപ്രതിവാദങ്ങളും വംശാവലികളും ന്യായപ്രമാണത്തെക്കുറിച്ചുള്ള തർക്കങ്ങളും കലഹങ്ങളും ഒഴിഞ്ഞിരിക്കുക; ഇവ നിഷ്പ്രയോജനവും വ്യർത്ഥവുമത്രേ. 10ഭിന്നിപ്പുണ്ടാക്കുന്നവനെ, ഒന്നുരണ്ടുവട്ടം താക്കീതുചെയ്തശേഷം ഒഴിവാക്കേണ്ടതാണ്. 11അയാൾ വക്രബുദ്ധിയും പാപം നിറഞ്ഞവനുമായി തനിക്കുതന്നേ ശിക്ഷവിധിച്ചിരിക്കുന്നുവെന്ന് നിനക്കറിയാമല്ലോ.

സമാപന വാക്കുകൾ

12ഞാൻ അർത്തെമാസിനെയോ തിഹിക്കൊസിനെയോ നിന്റെ അടുക്കൽ അയയ്ക്കുന്നയുടൻ നിക്കൊപ്പൊലിസിൽ എന്റെ അടുത്തെത്താൻ ശ്രമിക്കണം. അവിടെ ശീതകാലം ചെലവഴിക്കാൻ ഞാൻ തീരുമാനിച്ചിരിക്കുന്നു. 13നിയമജ്ഞനായ സേനാസിനും അപ്പൊല്ലൊസിനും ഒന്നിനും പോരായ്മ വരാതവണ്ണം നിന്നാൽ കഴിയുന്ന സഹായങ്ങളെല്ലാം ചെയ്ത് അവരെ യാത്രയാക്കുക. 14നമ്മുടെ ആളുകൾ പ്രയോജനരഹിതരാകാതെ, അത്യാവശ്യകാര്യങ്ങളിൽ സഹായിക്കുവാൻ കഴിവുള്ളവരാകേണ്ടതിനു സൽപ്രവൃത്തികളിൽ മുമ്പരാകുവാൻ പഠിക്കട്ടെ.

15എന്നോടുകൂടെയുള്ള എല്ലാവരും നിനക്ക് അഭിവാദനം ചൊല്ലുന്നു. വിശ്വാസത്തിൽ ഞങ്ങളെ സ്നേഹിക്കുന്ന എല്ലാവർക്കും വന്ദനം പറയുക.

കൃപ നിങ്ങളെല്ലാവരോടുംകൂടെ ഇരിക്കുമാറാകട്ടെ.

ഫിലേമോൻ

1 ക്രിസ്തുയേശുവിനുവേണ്ടി തടവുകാരനായ പൗലൊസും നമ്മുടെ സഹോദരനായ തിമൊഥെയോസും, ഞങ്ങളുടെ പ്രിയ സ്നേഹിതനും സഹപ്രവർത്തകനുമായ ഫിലേമോനും
2 ഞങ്ങളുടെ സഹോദരിയായ അപ്പിയെക്കും ഞങ്ങളുടെ സഹഭടനായ അർക്കിപ്പൊസിനും നിന്റെ ഭവനത്തിലെ സഭയ്ക്കും എഴുതുന്നത്:
3 നമ്മുടെ പിതാവായ ദൈവത്തിൽനിന്നും കർത്താവായ യേശുക്രിസ്തുവിൽനിന്നും നിങ്ങൾക്കു കൃപയും സമാധാനവും ഉണ്ടാകട്ടെ.

സ്തോത്രവും പ്രാർത്ഥനയും

4 കർത്താവായ യേശുവിൽ നിനക്കുള്ള വിശ്വാസത്തെയും സകല വിശുദ്ധരോടുമുള്ള നിന്റെ സ്നേഹത്തെയും കുറിച്ചു കേട്ടിട്ട് 5 എന്റെ പ്രാർത്ഥനകളിൽ നിന്നെ ഓർത്ത് ഞാൻ എന്റെ ദൈവത്തിന് എല്ലായ്പോഴും സ്തോത്രം ചെയ്യുന്നു. 6 ക്രിസ്തുയേശുവിൽ നമുക്കു ലഭിച്ചിട്ടുള്ള സകല നന്മകളെയുംപറ്റിയുള്ള പൂർണ്ണമായ അറിവിൽ നിന്റെ വിശ്വാസത്തിന്റെ കൂട്ടായ്മ അധികം ഫലപ്രദമാകട്ടെ എന്നു ഞാൻ പ്രാർത്ഥിക്കുന്നു. 7 സഹോദരാ, നീ വിശുദ്ധരുടെ ഉള്ളം കുളിർപ്പിച്ചിരിക്കുകയാൽ നിന്റെ സ്നേഹം എനിക്കു മഹാസന്തോഷവും പ്രോത്സാഹനവും തന്നിരിക്കുന്നു.

ഒനെസിമോസിനുവേണ്ടിയുള്ള അപേക്ഷ

8 ആകയാൽ നീ ചെയ്യേണ്ട കാര്യം നിന്നോടു കല്പിക്കുവാൻ ക്രിസ്തുവിൽ എനിക്കു ധൈര്യമുണ്ടെങ്കിലും 9 വൃദ്ധനും, ഇപ്പോൾ ക്രിസ്തുയേശുവിന്റെ തടവുകാരനുമായ പൗലൊസ് എന്ന ഞാൻ 10 കാരാഗൃഹത്തിൽവച്ചു ജനിപ്പിച്ച എന്റെ മകൻ ഒനെസിമോസിനു[a] വേണ്ടി സ്നേഹത്തിൽ നിന്നോട് അപേക്ഷിക്കുകയാണ്. 11 മുമ്പ് അവൻ നിനക്കു പ്രയോജനമില്ലാത്തവൻ ആയിരുന്നു; എന്നാൽ ഇപ്പോൾ നിനക്കും എനിക്കും പ്രയോജനമുള്ളവൻ ആയിരിക്കുന്നു.

12 എന്റെ പ്രാണനു തുല്യനായ അവനെ ഇപ്പോൾ നിന്റെ അടുക്കലേക്കു തിരിച്ചയയ്ക്കുന്നു. 13 സുവിശേഷത്തിനുവേണ്ടി ബന്ധനത്തിൽ കഴിയുന്ന എന്നെ ശുശ്രൂഷിക്കുവാൻ നിനക്കു പകരം അവനെ എന്റെ അടുക്കൽ നിറുത്താൻ എനിക്ക് ആഗ്രഹമുണ്ടായിരുന്നു. 14 എങ്കിലും നിന്റെ സമ്മതം കൂടാതെ ഒന്നും ചെയ്യാൻ എനിക്കിഷ്ടമില്ല; നീ ചെയ്യുന്ന ഏതു നന്മയും നിർബ്ബന്ധത്താലല്ല, മനസ്സോടെ ചെയ്യുന്നതായിരിക്കണമല്ലോ. 15 അല്പകാലം അവൻ നിന്നിൽനിന്ന് അകന്നു പോയത് അവനെ എന്നേക്കുമായി നിനക്കു തിരിച്ചുകിട്ടേണ്ടതിനായിരിക്കാം; 16 അതും, അടിമയായിട്ടല്ല, അതിലുപരി പ്രിയസഹോദരനായിത്തന്നേ. അവൻ എനിക്ക് ഏറ്റവും പ്രിയമുള്ളവനാണ്; എങ്കിൽ ലൗകികമായും കർത്താവിലും അവൻ നിനക്ക് എത്രയധികം പ്രിയപ്പെട്ടവൻ!

17 അതുകൊണ്ടു നീ ഒരു കൂട്ടാളിയായി എന്നെ കരുതുന്നുവെങ്കിൽ, എന്നെ എന്നപോലെ അവനെ സ്വീകരിച്ചുകൊള്ളുക. 18 അവൻ നിന്നോട് എന്തെങ്കിലും ദോഷം ചെയ്യുകയോ കടപ്പെടുകയോ ചെയ്തിട്ടുണ്ടെങ്കിൽ അത് എന്റെ പേരിൽ കണക്കിട്ടുകൊള്ളുക. 19 പൗലൊസ് എന്ന ഞാൻ എന്റെ സ്വന്തകൈയാൽ എഴുതുകയാണ്- ഞാൻ തന്നുതീർത്തുകൊള്ളാം. നീ നിന്നോത്തന്നേ എനിക്കു തരുവാൻ കടപ്പെട്ടവനാണെന്ന് ഞാൻ പറയേണ്ടതില്ലല്ലോ. 20 അതേ സഹോദരാ, എനിക്കു നിന്നിൽ നിന്നു കർത്താവിൽ ഒരു പ്രയോജനം ഉണ്ടാകണമെന്ന് ആഗ്രഹമുണ്ട്. ക്രിസ്തുവിൽ എന്റെ ഹൃദയം തണുപ്പിക്കുക. 21 ഞാൻ പറയുന്നതിലധികം നീ ചെയ്യുമെന്ന് നിന്റെ അനുസരണത്തെപ്പറ്റിയുള്ള ഉറപ്പോടെയാണ് ഇതു ഞാൻ എഴുതുന്നത്.

22 ഒരു കാര്യംകൂടി: എനിക്കു താമസിക്കാൻ ഒരു പാർപ്പിടം ഒരുക്കിക്കൊൾക. നിങ്ങളുടെ പ്രാർത്ഥനയുടെ ഫലമായി എന്നെ നിങ്ങൾക്കു തിരിച്ചുകിട്ടുമെന്നു ഞാൻ പ്രത്യാശിക്കുന്നു.

23 ക്രിസ്തുയേശുവിൽ എന്റെ കൂട്ടുതടവുകാരനായ എപ്പഫ്രാസ് നിങ്ങളെ വന്ദനം ചെയ്യുന്നു. 24 അങ്ങനെതന്നേ എന്റെ കൂട്ടുവേലക്കാരനായ മർക്കൊസും അരിസ്തർക്കൊസും ദേമാസും ലൂക്കൊസും നിങ്ങളെ അഭിവാദനം ചെയ്യുന്നു.

25 കർത്താവായ യേശുക്രിസ്തുവിന്റെ കൃപ നിങ്ങളുടെ ആത്മാവോടുകൂടെ ഇരിക്കുമാറാകട്ടെ.

[a] 9 *പ്രയോജനമുള്ളവൻ* എന്ന് ഈ പേരിന് അർത്ഥം.

ക്കന്മാരെ അനുസരിക്കുന്നവരും ആയിരിക്കണമെന്നു യുവതികളെ പ്രബോധിപ്പിക്കുവാൻ അവർക്കു കഴിയും. അങ്ങനെയായാൽ ദൈവവചനം ദുഷിക്കപ്പെടുവാൻ ഇടയാവുകയില്ല.

6അതുപോലെ, യുവാക്കന്മാർ ആത്മനിയന്ത്രണം പാലിക്കുവാൻ പ്രബോധിപ്പിക്കുക. 7എതിരാളി നിന്നെക്കുറിച്ച് ഒരു ദോഷവും പറയുവാൻ വക കാണാതെ ലജ്ജിക്കേണ്ടതിന് എല്ലാ കാര്യത്തിലും നിന്നെത്തന്നേ സൽപ്രവൃത്തികൾക്ക് മാതൃകയാക്കി കാണിക്കുക. 8ഉപദേശത്തിൽ നിർമ്മലതയും ഗൗരവവും ഭാഷണത്തിൽ ഔചിത്യവും ഉള്ളവനായിരിക്കുക.

9ദാസന്മാരോട്, എല്ലാക്കാര്യങ്ങളിലും യജമാനന്മാർക്കു കീഴടങ്ങിയിരിക്കാനും അവരെ പ്രസാദിപ്പിക്കാനും അവരോടു മറുത്തു സംസാരിക്കാതിരിക്കാനും ഒന്നും വഞ്ചിച്ചെടുക്കാതിരിക്കാനും ഉപദേശിക്കണം. 10അങ്ങനെ അവർ എല്ലാറ്റിലും വിശ്വസ്തരായി, നമ്മുടെ രക്ഷകനായ ദൈവത്തിന്റെ ഉപദേശത്തെ ഒരു ഭൂഷണമാക്കിത്തീർക്കും.

11സകലമനുഷ്യർക്കും രക്ഷാകരമായ ദൈവകൃപ ഉദിച്ചിരിക്കുന്നുവല്ലോ. 12മഹാദൈവവും നമ്മുടെ രക്ഷകനുമായ യേശുക്രിസ്തുവിന്റെ മഹത്ത്വപ്രത്യക്ഷതയെന്ന ഭാഗ്യകരമായ പ്രത്യാശയ്ക്കായി കാത്തിരുന്നുകൊണ്ട്, 13നാം അഭക്തിയും ലോകമോഹങ്ങളും വർജ്ജിച്ച്, ഈ കാലഘട്ടത്തിൽ ആത്മനിയന്ത്രണവും നീതിയും ദൈവഭക്തിയുമുള്ള ജീവിതം നയിക്കുവാൻ അതു നമ്മെ അഭ്യസിപ്പിക്കുന്നു. 14സകല അധർമ്മത്തിൽ നിന്നും നമ്മെ വീണ്ടെടുത്ത്, സൽപ്രവൃത്തികളിൽ ശുഷ്കാന്തിയുള്ള സ്വന്ത ജനമായി ശുദ്ധീകരിക്കേണ്ടതിന് യേശുക്രിസ്തു നമുക്കു വേണ്ടി തന്നെത്താൻ അർപ്പിച്ചു.

15ഈ കാര്യങ്ങൾ പ്രസംഗിക്കുകയും സകല അധികാരത്തോടുംകൂടെ പ്രബോധിപ്പിക്കുകയും ശാസിക്കുകയും ചെയ്യുക. ആരും നിന്നെ നിന്ദിക്കാതിരിക്കട്ടെ.

നന്മ ചെയ്യുക

3 ഭരണകർത്താക്കൾക്കും അധികാരികൾക്കും കീഴടങ്ങിയിരിക്കാനും അവരെ അനുസരിക്കാനും സകല സൽപ്രവൃത്തിക്കും ഒരുങ്ങിയിരിക്കാനും 2ആരെക്കുറിച്ചും ദൂഷണം പറയാതെ, ശാന്തരായി സകല മനുഷ്യരോടും പൂർണ്ണസൗമ്യത കാണിക്കാനും അവരെ ഓർപ്പിക്കുക.

3ഒരു കാലത്തു നാമും ബുദ്ധിഹീനരും അനുസരണംകെട്ടവരും തെറ്റായ മാർഗ്ഗത്തിലൂടെ നയിക്കപ്പെട്ടവരും പലവിധ മോഹങ്ങൾക്കും സുഖഭോഗങ്ങൾക്കും അധീനരും ആയിരുന്നു. അന്യോന്യം വെറുത്തും വെറുക്കപ്പെട്ടുംകൊണ്ടു വിദ്വേഷത്തിലും അസൂയയിലും നാം ജീവിച്ചുപോന്നു. 4എന്നാൽ നമ്മുടെ രക്ഷകനായ ദൈവത്തിന്റെ മനസ്സലിവും സ്നേഹവും വെളിപ്പെട്ടപ്പോൾ, 5നാം ചെയ്ത നീതിപ്രവൃത്തികളാലല്ല, അവിടുത്തെ കരുണയാൽ തന്നെ പുനർജനനസ്നാനത്താലും പരിശുദ്ധാത്മാവിന്റെ നവീകരണത്താലും അവിടുന്ന് നമ്മെ രക്ഷിച്ചു. 7അവിടുത്തെ കൃപയാൽ നീതീകരിക്കപ്പെട്ടിട്ട്, നിത്യജീവന്റെ പ്രത്യാശപ്രകാരം നാം അവിടുത്തെ അവകാശികളായിത്തീരുവാൻ നമ്മുടെ രക്ഷകനായ യേശുക്രിസ്തുമൂലം അവിടുന്ന് ആ ആത്മാവിനെ നമ്മുടെമേൽ സമൃദ്ധിയായി പകർന്നിരിക്കുന്നു. 8ഇതു വിശ്വാസയോഗ്യമായ വചനമാണ്. ദൈവത്തിൽ വിശ്വസിച്ചവർ സൽപ്രവൃത്തികളിൽ ജാഗ്രത പുലർത്തുവാൻ ഈ കാര്യങ്ങൾ നീ ശക്തിയായി പ്രബോധിപ്പിക്കണം. ഇവ നല്ലതും മനുഷ്യർക്കു പ്രയോജനകരവുമാകുന്നു.

9ബുദ്ധികെട്ട വാദപ്രതിവാദങ്ങളും വംശാവലികളും ന്യായപ്രമാണത്തെക്കുറിച്ചുള്ള തർക്കങ്ങളും കലഹങ്ങളും ഒഴിഞ്ഞിരിക്കുക; ഇവ നിഷ്പ്രയോജനവും വ്യർത്ഥവുമത്രേ. 10ഭിന്നിപ്പുണ്ടാക്കുന്നവനെ, ഒന്നുരണ്ടുവട്ടം താക്കീതുചെയ്തശേഷം ഒഴിവാക്കേണ്ടതാണ്. 11അയാൾ വക്രബുദ്ധിയും പാപം നിറഞ്ഞവനുമായി തനിക്കുതന്നേ ശിക്ഷ വിധിച്ചിരിക്കുന്നുവെന്ന് നിനക്കറിയാമല്ലോ.

സമാപന വാക്കുകൾ

12ഞാൻ അർത്തെമാസിനെയോ തിഹിക്കൊസിനെയോ നിന്റെ അടുക്കൽ അയയ്ക്കുന്നയുടൻ നിക്കൊപ്പൊലിസിൽ എന്റെ അടുത്തെത്താൻ ശ്രമിക്കണം. അവിടെ ശീതകാലം ചെലവഴിക്കാൻ ഞാൻ തീരുമാനിച്ചിരിക്കുന്നു. 13നിയമജ്ഞനായ സേനാസിനും അപ്പൊല്ലൊസിനും ഒന്നിനും പോരായ്മ വരാതവണ്ണം നിന്നാൽ കഴിയുന്ന സഹായങ്ങളെല്ലാം ചെയ്ത് അവരെ യാത്രയാക്കുക. 14നമ്മുടെ ആളുകൾ പ്രയോജനരഹിതരാകാതെ, അത്യാവശ്യകാര്യങ്ങളിൽ സഹായിക്കുവാൻ കഴിവുള്ളവരാകേണ്ടതിനു സൽപ്രവൃത്തികളിൽ മുമ്പരാകുവാൻ പഠിക്കട്ടെ.

15എന്നോടുകൂടെയുള്ള എല്ലാവരും നിനക്ക് അഭിവാദനം ചൊല്ലുന്നു. വിശ്വാസത്തിൽ ഞങ്ങളെ സ്നേഹിക്കുന്ന എല്ലാവർക്കും വന്ദനം പറയുക.

കൃപ നിങ്ങളെല്ലാവരോടുംകൂടെ ഇരിക്കുമാറാകട്ടെ.

എബ്രായർ

പുത്രൻ ദൂതന്മാരെക്കാൾ ഉന്നതൻ

1 ദൈവം പണ്ടു ഭാഗംഭാഗമായി, വിവിധ
മാർഗ്ഗങ്ങളിലൂടെ പ്രവാചകന്മാർ മുഖേന പി
താക്കന്മാരോട് അരുളിച്ചെയ്തിട്ട്, 2ഈ അന്ത്യ
കാലത്തു പുത്രൻ മുഖാന്തരം നമ്മോട് അരു
ളിച്ചെയ്തിരിക്കുന്നു. അവിടുന്ന് പുത്രനെ
സകലത്തിനും അവകാശിയാക്കി നിയമിച്ചു; അ
ദ്ദേഹത്തിലൂടെ ലോകത്തെ സൃഷ്ടിച്ചു. 3പുത്രൻ
ദൈവതേജസ്സിന്റെ പ്രഭയും അവിടുത്തെ
നന്മയുടെ സാക്ഷാൽ പ്രതിരൂപവും സകല
ത്തെയും തന്റെ ശക്തിയുള്ള വചനത്താൽ
വഹിക്കുന്നവനും അത്രേ. പാപങ്ങൾക്കു ശുദ്ധീ
കരണം വരുത്തിയശേഷം അവിടുന്ന്
ഉയരത്തിൽ ദൈവമഹിമയുടെ വലത്തുഭാഗത്ത്
ഇരുന്നു. 4അങ്ങനെ അവിടുന്ന് ദൈവദൂ
തന്മാരുടേതിനെക്കാൾ ശ്രേഷ്ഠമായ നാമത്തി
ന് അവകാശിയായതിന് ഒത്തവണ്ണം അവ
രെക്കാൾ ശ്രേഷ്ഠനായിത്തീർന്നു.

5"നീ എന്റെ പുത്രൻ; ഇന്നു ഞാൻ നി
നക്കു ജന്മം നല്കിയിരിക്കുന്നു" [a]
എന്നും
"ഞാൻ അവന്റെ പിതാവും അവൻ
എന്റെ പുത്രനും ആയിരിക്കും." [b]
എന്നും ദൂതന്മാരിൽ ആരോടെങ്കിലും
എപ്പോഴെങ്കിലും ദൈവം അരുളിച്ചെയ്തി
ട്ടുണ്ടോ?

6വീണ്ടും, ദൈവം തന്റെ ആദ്യജാതനെ ലോ
കത്തിലേക്കു പ്രവേശിപ്പിക്കുമ്പോൾ,
"സകല ദൈവദൂതന്മാരും
അവനെ ആരാധിക്കണം." [c]
എന്ന് അരുളിച്ചെയ്യുന്നു.

7"താൻ ദൂതന്മാരെ കാറ്റുകളും തന്റെ
സേവകന്മാരെ അഗ്നിജ്വാലകളും
ആക്കുന്നു" [d]
എന്നിങ്ങനെ ദൂതന്മാരെക്കുറിച്ച് അവിടുന്ന്
പ്രസ്താവിക്കുന്നു.

8എന്നാൽ പുത്രനെക്കുറിച്ച് അവിടുന്ന്
ഇപ്രകാരം അരുളിച്ചെയ്തിരിക്കുന്നു:
"ദൈവമേ, അവിടുത്തെ സിംഹാസനം
എന്നും എന്നേക്കും നിലനില്ക്കുന്നു;
അങ്ങയുടെ രാജത്വത്തിന്റെ
ചെങ്കോൽ നീതിയുടെ ചെങ്കോൽ
തന്നേ.
9അങ്ങു നീതിയെ ഇഷ്ടപ്പെടുകയും ദു
ഷ്ടതയെ വെറുക്കുകയും ചെയ്തിരി
ക്കയാൽ ദൈവം, അങ്ങയുടെ ദൈവം
തന്നേ,
കൂട്ടുകാരിൽപരമായി അങ്ങയെ ആനന്ദ
തൈലംകൊണ്ട് അഭിഷേകം ചെയ്തി
രിക്കുന്നു." [e]
10മാത്രമല്ല,
"കർത്താവേ, ആദിയിൽ അങ്ങു ഭൂമിക്ക്
അടിസ്ഥാനമിട്ടു.
ആകാശവും അവിടുത്തെ കൈകളുടെ
പ്രവൃത്തിയാകുന്നു. 11അവ നശിക്കും;
എന്നാൽ അങ്ങ് നിലനില്ക്കും. അവ
എല്ലാം വസ്ത്രംപോലെ പഴകിപ്പോകും.
12അങ്ങ് അവയെ മേലങ്കിപോലെ ചുരു
ട്ടും; വസ്ത്രംപോലെ അവ മാറ്റപ്പെടും,
എന്നാൽ അങ്ങ് അനന്യനായി നില
കൊള്ളും. അങ്ങയുടെ സംവത്സരങ്ങൾ
അവസാനിക്കുകയുമില്ല." [f]
13"ഞാൻ നിന്റെ ശത്രുക്കളെ നിനക്കു
പാദപീഠമാക്കുവോളം നീ എന്റെ
വലത്തു ഭാഗത്തിരിക്കുക" [g]
എന്നു ദൂതന്മാരിൽ ആരോടെങ്കിലും
എപ്പോഴെങ്കിലും ദൈവം അരുളിച്ചെയ്തി
ട്ടുണ്ടോ? 14അവരെല്ലാവരും, രക്ഷപ്രാപി
ക്കുന്നവരുടെ ശുശ്രൂഷയ്ക്കായി നിയോഗിക്ക
പ്പെടുന്ന സേവകാത്മാക്കളല്ലയോ?

ശ്രദ്ധിക്കുവാൻ നിർദ്ദേശം

2 അതുകൊണ്ട്, നാം ഒഴുകിപ്പോകാതി
രിക്കേണ്ടതിന്, കേട്ടത് അധികം ശ്രദ്ധ

[a] 5 സങ്കീർത്തനം 2:7 [b] 5 2ശമുവേൽ 7:14, 1 ദിനവൃത്താന്തം 17:13 [c] 6 ആവർത്തനം 32:43
[d] 7 സങ്കീർത്തനം 104:4 [e] 9 സങ്കീർത്തനം 45:6,7 [f] 12 സങ്കീർത്തനം 102:25-27
[g] 13 സങ്കീർത്തനം 110:1

യോടെ കരുതിക്കൊള്ളേണ്ടതാവശ്യമാണ്. 2ദൂതന്മാർ മുഖേന സംസാരിച്ച വചനം സ്ഥിരമായിരിക്കയും ഓരോ ലംഘനത്തിനും അനുസരണക്കേടിനും തക്ക ശിക്ഷ ലഭിക്കുകയും ചെയ്തുവെങ്കിൽ, 3കർത്താവുതന്നേ ആദ്യമായി പ്രസ്താവിച്ചതും കേട്ടവർ നമുക്കു ഉറപ്പിച്ചുതന്നതും 4ദൈവം അടയാളങ്ങളാലും അത്ഭുതങ്ങളാലും വിവിധ വീര്യപ്രവൃത്തികളാലും തിരുഹിതപ്രകാരം നൽകിയ പരിശുദ്ധാത്മാവിന്റെ കൃപാവരങ്ങളാലും സാക്ഷ്യപ്പെടുത്തിയതുമായ ഇത്ര വലിയ രക്ഷ അവഗണിക്കുന്നപക്ഷം നാമെങ്ങനെ തെറ്റിയൊഴിയും?

യേശു തന്റെ സഹോദരന്മാർക്കു സമൻ

5നാം പരാമർശിക്കുന്ന ഭാവിലോകത്തെ ദൂതന്മാർക്കല്ല ദൈവം കീഴ്പ്പെടുത്തിയത്. 6ഒരുവൻ ഒരിടത്ത് ഇങ്ങനെ സാക്ഷ്യപ്പെടുത്തുന്നു:

"മനുഷ്യനെ അങ്ങ് ഓർക്കേണ്ടതിന്
അവൻ എന്ത്? മനുഷ്യപുത്രനുവേണ്ടി
കരുതേണ്ടതിന് അവൻ എന്തുള്ളൂ? 7അങ്ങ്
അവനെ ദൂതന്മാരെക്കാൾ അല്പംമാത്രം[a]
താഴ്ത്തി; തേജസ്സും ബഹുമാനവുംകൊണ്ട്
അവനെ കിരീടമണിയിച്ചിരിക്കുന്നു.
8അങ്ങ് സകലവും അവന്റെ കാല്ക്കീഴിലാക്കിയിരിക്കുന്നു."[b]

സകലവും ക്രിസ്തുവിനു കീഴാക്കിയപ്പോൾ ഒന്നിനെയും കീഴ്പ്പെടുത്താതെ വിട്ടിട്ടില്ല; എന്നാൽ ഇപ്പോൾ സകലവും അവിടുത്തേക്ക് അധീനമായിരിക്കുന്നതായി കാണുന്നില്ല. 9എങ്കിലും ദൈവകൃപയാൽ എല്ലാവർക്കും വേണ്ടി മരണം അനുഭവിക്കേണ്ടതിനു ദൂതന്മാരെക്കാൾ അല്പം താഴ്ത്തപ്പെട്ടവനായ യേശു മരണം ആസ്വദിച്ചതുകൊണ്ട് അദ്ദേഹത്തെ മഹത്ത്വവും ബഹുമാനവും അണിഞ്ഞവനായി നാം കാണുന്നു.

10സകലത്തിന്റെയും ലക്ഷ്യവും സകലത്തിന്റെയും ആധാരവുമായ ദൈവം അനേകം പുത്രന്മാരെ തേജസ്സിലേക്കു നയിക്കുമ്പോൾ അവരുടെ രക്ഷാനായകനെ കഷ്ടങ്ങളാൽ സമ്പൂർണ്ണനാക്കുന്നതു യുക്തം ആയിരുന്നു. 11വിശുദ്ധീകരിക്കുന്നവനും വിശുദ്ധീകരിക്കപ്പെടുന്നവരും ഒരേ പിതാവിന്റെ മക്കളാണ്; അതുകൊണ്ട് അവിടുന്ന് അവരെ സഹോദരർ എന്നു വിളിപ്പാൻ ലജ്ജിക്കുന്നില്ല.

12"അവിടുത്തെ നാമത്തെ ഞാൻ
എന്റെ സഹോദരരോടു കീർത്തിക്കും;
സഭയുടെ മുമ്പാകെ ഞാൻ അവിടുത്തേക്ക് സ്തുതിപാടും."[c]എന്നും

13"ഞാൻ ദൈവത്തിൽ ആശ്രയിക്കും."[d]
എന്നും

"ഇതാ ഞാനും ദൈവം എനിക്കു തന്ന
മക്കളും."[e]

എന്നും അവിടുന്നു പ്രസ്താവിക്കുന്നു.

14മക്കൾ മാംസരക്തങ്ങളോടുകൂടിയവരാകയാൽ അദ്ദേഹവും മാംസരക്തങ്ങളുള്ളവനായി, മരണത്തിന്റെ അധികാരിയായ പിശാചിനെ തന്റെ മരണത്താൽ നീക്കിക്കളഞ്ഞ് 15ജീവപര്യന്തം മരണഭീതിക്ക് അടിമകളായിരുന്നവരെ വിടുവിച്ചു. 16തീർച്ചയായും, ദൂതന്മാരുടെ പ്രകൃതിയല്ല, അബ്രാഹാമിന്റെ സന്തതിയുടെ പ്രകൃതിയാണ് അവിടുന്നു സ്വീകരിച്ചത്. 17അതുകൊണ്ട് അവിടുന്നു ദൈവികശുശ്രൂഷയിൽ കരുണയും വിശ്വസ്തതയുമുള്ള ഒരു മഹാപുരോഹിതനായി ജനങ്ങളുടെ പാപങ്ങൾക്ക് പ്രായശ്ചിത്തം വരുത്തേണ്ടതിന് എല്ലാവിധത്തിലും തന്റെ സഹോദരരോടു സദൃശനായിത്തീരേണ്ടത് ആവശ്യമായിരുന്നു. 18അവിടുന്ന് പരീക്ഷിതനായി കഷ്ടമനുഭവിച്ചതുകൊണ്ടു പരീക്ഷിക്കപ്പെടുന്നവരെ സഹായിപ്പാൻ കഴിവുള്ളവനാണ്.

യേശു മോശെയെക്കാൾ ശ്രേഷ്ഠൻ

3 അതുകൊണ്ട് സ്വർഗ്ഗീയവിളിക്ക് ഓഹരിക്കാരായ വിശുദ്ധസഹോദരരേ, നാം ഏറ്റു പറയുന്ന അപ്പൊസ്തലനും മഹാപുരോഹിതനുമായ യേശുവിനെ ശ്രദ്ധിച്ചു നോക്കുവിൻ. 2മോശെ ദൈവഭവനത്തിലെല്ലാം വിശ്വസ്തനായിരുന്നതുപോലെ യേശുവും തന്നെ നിയോഗിച്ചവനോടു വിശ്വസ്തനായിരുന്നു. 3ഭവനം നിർമ്മിക്കുന്നവൻ ഭവനത്തെക്കാൾ അധികം ബഹുമാനം അർഹിക്കുന്നതുപോലെ യേശു മോശെയെക്കാൾ അധികം ആദരവിന് അർഹനായിരിക്കുന്നു. 4ഏതു ഭവനവും നിർമ്മിക്കാൻ ഒരുവൻ വേണം; സകലവും നിർമ്മിച്ചവനോ ദൈവംതന്നേ. 5പിന്നീട് അരുളിച്ചെയ്വാനിരുന്നതിനു സാക്ഷ്യം വഹിക്കുന്ന ഒരു ഭൃത്യനെന്നനിലയിൽ മോശെ ദൈവഭവനത്തിലെല്ലാം വിശ്വസ്തനായിരുന്നു; 6ക്രിസ്തുവോ ദൈവഭവനത്തിന്റെ അധികാരിയായ പുത്രൻ എന്ന നിലയിൽത്തന്നേ. നമ്മുടെ പ്രത്യാശയുടെ അഭിമാനവും ധൈര്യവും നാം അവസാനത്തോളം മുറുകെപ്പിടിക്കുമെങ്കിൽ നാം തന്നേയാണ് അവിടുത്തെ ഭവനം.

അവിശ്വാസത്തിനെതിരെ മുന്നറിയിപ്പ്

7ആകയാൽ പരിശുദ്ധാത്മാവ് അരുളിച്ചെയ്യുന്നതുപോലെ:

"ഇന്നു നിങ്ങൾ അവിടുത്തെ ശബ്ദം

[a] 7 ചില തർജ്ജമകളിൽ *അല്പനേരത്തേക്കുമാത്രം* എന്നും കാണുന്നു [b] 8 സങ്കീർത്തനം 8:4-6
[c] 12 സങ്കീർത്തനം 22:22 [d] 13 യെശയ്യാവ് 8:17 [e] 13 യെശയ്യാവ് 8:18

കേൾക്കുന്നുവെങ്കിൽ
8മരുഭൂമിയിൽവച്ചു പരീക്ഷാദിവസ
ത്തിലെ മത്സരത്തിൽ എന്നപോലെ നി
ങ്ങളുടെ ഹൃദയം കഠിനമാക്കരുത്.
9അവിടെ വച്ചു നിങ്ങളുടെ പിതാക്ക
ന്മാർ എന്നെ ശോധനചെയ്തു പരീക്ഷി
ക്കുകയും നാല്പതു വർഷം എന്റെ
പ്രവൃത്തികൾ കാണുകയും ചെയ്തു.
10അതുകൊണ്ട് ആ തലമുറയോടു
ഞാൻ കോപിച്ചു; അവർ എപ്പോഴും
വഴിതെറ്റിപ്പോകുന്ന ഹൃദയമുള്ളവർ,
എന്റെ വഴികൾ അറിയാത്തവർ എന്നു
ഞാൻ പറഞ്ഞു.
11അതുകൊണ്ട് അവർ എന്റെ സ്വസ്
ഥതയിൽ പ്രവേശിക്കുകയില്ല എന്നു
ഞാൻ എന്റെ കോപത്തിൽ സത്യം
ചെയ്തു."

12സഹോദരരേ, ജീവനുള്ള ദൈവത്തെ ത്യ
ജിച്ചുകളയുവാൻ തക്കവണ്ണം അവിശ്വാസമുള്ള
ദുഷ്ടഹൃദയം നിങ്ങളിൽ ആർക്കും ഉണ്ടാകാ
തിരിപ്പാൻ ശ്രദ്ധിക്കുവിൻ. 13പാപത്തിന്റെ
വഞ്ചനയാൽ നിങ്ങളിൽ ആരും കഠിനപ്പെട്ടുപോ
കാതിരിപ്പാൻ, "ഇന്ന്" എന്നു പറയുന്നേടത്തോ
ളം, ദിനംതോറും പരസ്പരം പ്രബോധിപ്പിച്ചുകൊ
ള്ളുവിൻ. 14ആദ്യവിശ്വാസം അവസാനത്തോ
ളം മുറുകെപ്പിടിച്ചുകൊള്ളുന്ന പക്ഷം നാം ക്രി
സ്തുവിൽ പങ്കുകാരായിത്തീർന്നിരിക്കുന്നു.

15"ഇന്നു നിങ്ങൾ അവിടുത്തെ ശബ്ദം
കേൾക്കുന്നുവെങ്കിൽ, മത്സരത്തിൽ
എന്നപോലെ നിങ്ങളുടെ ഹൃദയങ്ങളെ
കഠിനമാക്കരുത്" *b*

എന്നു പ്രസ്താവിക്കുമ്പോൾ,

16കേട്ടു മത്സരിച്ചവർ ആരാണ്? മോശെ ഈജി
പ്റ്റിൽനിന്നു വിടുവിച്ചു കൊണ്ടുപോന്നവർ
എല്ലാവരുമല്ലയോ?
17നാല്പതുവർഷം അവിടുന്നു കോപിച്ചത്
ആരോടായിരുന്നു? പാപം ചെയ്തവരോടല്ലേ?
അവരുടെ ശരീരങ്ങൾ മരുഭൂമിയിൽ വീണുപോ
യി. 18അവർ അവിടുത്തെ സ്വസ്ഥതയിൽ ഒരു
നാളും പ്രവേശിക്കുകയില്ല എന്നു ദൈവം
ആണയിട്ട് അരുളിച്ചെയ്തത് അനുസരണം
കെട്ടവരോടല്ലാതെ മറ്റാരോടാണ്? 19ഇങ്ങനെ
അവിശ്വാസം നിമിത്തം അവർക്കു പ്രവേശിപ്പാൻ
സാധിച്ചില്ല എന്നു നാം കാണുന്നു.

ദൈവജനങ്ങൾക്ക് ഒരു ശബ്ബത്തനുഭവം

4 അതുകൊണ്ട് അവിടുത്തെ സ്വസ്ഥത
യിൽ പ്രവേശിപ്പാനുള്ള വാഗ്ദാനം നി
ലനില്ക്കയാൽ നിങ്ങളിൽ ആർക്കെങ്കിലും
അതു ലഭിക്കാതെപോയി എന്നു വരാതിരിപ്പാൻ
നമുക്കു ഭയത്തോടെയിരിക്കാം. 2അവരെ
പ്പോലെ നാമും, ഒരു സുവാർത്ത കേട്ടവരാണ്;
എന്നാൽ, തങ്ങൾ കേട്ട വചനം അവർക്കു പ്ര
യോജനപ്പെടാതെ പോയി. കാരണം, കേട്ടവരിൽ
അതു വിശ്വാസമായി പരിണമിച്ചില്ല. *d* 3വിശ്വ
സിച്ചവരായ നാമാണ് ആ സ്വസ്ഥതയിലേക്കു
പ്രവേശിക്കുന്നത്; ദൈവത്തിന്റെ പ്രവൃത്തി
ലോകസ്ഥാപനം മുതൽതന്നേ പൂർത്തീകരി
ക്കപ്പെട്ടിട്ടുള്ളതാണെങ്കിലും,

"അവർ എന്റെ സ്വസ്ഥതയിൽ
പ്രവേശിക്കുകയില്ല എന്നു ഞാൻ
എന്റെ ക്രോധത്തിൽ സത്യം
ചെയ്തു" *e*

എന്നു ദൈവം അരുളിച്ചെയ്തിരിക്കുന്നു
വല്ലോ. 4"ഏഴാം നാളിൽ ദൈവം തന്റെ സകല
പ്രവൃത്തികളിൽനിന്നും വിശ്രമിച്ചു" *f* എന്നു
ഏഴാം നാളിനെക്കുറിച്ച് അവിടുന്ന് ഒരിടത്ത്
പ്രസ്താവിക്കുന്നു. 5"അവർ എന്റെ
സ്വസ്ഥതയിൽ കടക്കുകയില്ല" എന്നു മേലു
ദ്ധരിച്ച ഭാഗത്തു വീണ്ടും പ്രസ്താവിക്കുകയും
ചെയ്യുന്നു.

6ചിലർ അതിൽ പ്രവേശിക്കുവാൻ അവസരം
ശേഷിച്ചിരിക്കയാലും, മുമ്പ് ഈ സുവാർത്ത
കേട്ടവർ അനുസരണക്കേടു നിമിത്തം പ്രവേശി
ക്കാതെപോകയാലും, 7ഇവിടെ പറഞ്ഞതു
പോലെ, ദീർഘകാലത്തിനുശേഷം ദാവീദുമു
ഖാന്തരം, "ഇന്ന്" എന്നൊരു ക്ലിപ്തദിവസം
ദൈവം പിന്നെയും വച്ചിരിക്കുന്നു.

"ഇന്നു നിങ്ങൾ അവിടുത്തെ ശബ്ദം
കേൾക്കുന്നുവെങ്കിൽ നിങ്ങളുടെ
ഹൃദയം കഠിനമാക്കരുത്" *b*

എന്നാണ് ദാവീദു സംസാരിച്ച വചനം. 8യോ
ശുവ അവർക്കു വിശ്രമം നല്കിയിരുന്നു
വെങ്കിൽ പിന്നീടു മറ്റൊരു ദിവസത്തെക്കുറിച്ചു
ദൈവം അരുളിച്ചെയ്യുകയില്ലായിരുന്നു. 9അതി
നാൽ ദൈവജനത്തിന് ഒരു ശബ്ബത്തനുഭവം
ശേഷിച്ചിരിക്കുന്നു. 10ദൈവം തന്റെ പ്രവൃത്തി
യിൽനിന്നു സ്വസ്ഥനായതുപോലെ,
ദൈവത്തിന്റെ സ്വസ്ഥതയിൽ പ്രവേശി
ച്ചവനും തന്റെ പ്രവൃത്തിയിൽനിന്നു വിശ്രമി
ച്ചിരിക്കുന്നു. 11അതിനാൽ അനുസരണ
ക്കേടിന്റെ അതേ ദൃഷ്ടാന്തം പിൻതുടർന്ന്,
ആരും വീണു പോകാതെ, ആ വിശ്രമത്തിൽ
പ്രവേശിക്കുവാൻ നമുക്കും അദ്ധ്വാനിക്കാം.

12ദൈവത്തിന്റെ വചനം ജീവനും
ചൈതന്യവും ഉള്ളതും, ഇരുവായ്ത്തലയുള്ള

a 11 സങ്കീർത്തനം 95:7-11 *b* 15,4:7 സങ്കീർത്തനം 95:7,8 *c* 18 അല്ലെങ്കിൽ *വിശ്വസിക്കാത്തവരോടല്ലാതെ*
d 4:2 പല കയ്യെഴുത്തു പ്രതികളിലും, *കാരണം, അനുസരിച്ചവരുടെ വിശ്വാസത്തിൽ അവർ പങ്കുകാരായിത്തീർന്നില്ല.* *e* 3സങ്കീർത്തനം 95:11;വാക്യം 5-ഉം കാണുക. *f* 4 ഉല്പത്തി 2:2

ഏതു വാളിനെക്കാളും മൂർച്ചയേറിയതും പ്രാണനെയും ആത്മാവിനെയും സന്ധിമജ്ജകളെയും വേർപെടുത്തുംവരെ തുളച്ചുകയറുന്നതും ഹൃദയത്തിലെ ചിന്തകളെയും ഭാവങ്ങളെയും വിവേചിക്കുന്നതും ആകുന്നു. 13അവിടുത്തെ ദൃഷ്ടിയിൽനിന്നു മറഞ്ഞിരിക്കുന്ന ഒരു സൃഷ്ടിയുമില്ല. സകലവും അവിടുത്തെ കണ്ണുകൾക്കു മുമ്പിൽ നഗ്നവും തുറന്നതുമായി കിടക്കുന്നു. അവിടുത്തോടത്രേ നമുക്കു കാര്യമുള്ളത്.

യേശു ശ്രേഷ്ഠമഹാപുരോഹിതൻ

14ആകയാൽ ദൈവപുത്രനായ യേശു ആകാശത്തിലൂടെ[a] കടന്നുപോയ ശ്രേഷ്ഠമഹാപുരോഹിതനായി നമുക്കുള്ളതുകൊണ്ടു നാം ഏറ്റുപറയുന്ന വിശ്വാസം മുറുകെപ്പിടിക്കാം. 15നമ്മുടെ ബലഹീനതകളിൽ സഹതപിക്കുവാൻ കഴിയാത്ത ഒരു മഹാപുരോഹിതനല്ല നമുക്കുള്ളത്; പിന്നെയോ, സകലത്തിലും നമ്മെപ്പോലെതന്നേ പരീക്ഷിക്കപ്പെട്ടവനാണ്; എങ്കിലും അവിടുന്ന് പാപം ചെയ്തിട്ടില്ല. 16അതുകൊണ്ടു കരുണ ലഭിക്കുവാനും യഥാസമയം സഹായത്തിനുള്ള കൃപ പ്രാപിക്കുവാനും നമുക്കു ധൈര്യത്തോടെ കൃപാസനത്തിങ്കലേക്ക് അടുത്തു ചെല്ലാം.

5 മനുഷ്യരിൽനിന്നു തിരഞ്ഞെടുക്കപ്പെടുന്ന ഏതു മഹാപുരോഹിതനും ദൈവകാര്യങ്ങളിൽ മനുഷ്യർക്കുവേണ്ടി പാപങ്ങൾക്കുള്ള വഴിപാടുകളും യാഗങ്ങളും അർപ്പിക്കുവാൻ നിയമിക്കപ്പെടുന്നു. 2താൻതന്നേ ബലഹീനതയുള്ളവനാകയാൽ അറിവില്ലാത്തവരോടും വഴിതെറ്റിപ്പോകുന്നവരോടും സൗമ്യതയോടെ പെരുമാറുവാൻ അദ്ദേഹത്തിനു കഴിയും. 3ബലഹീനതനിമിത്തം ജനത്തിനുവേണ്ടി എന്നപോലെ തനിക്കുവേണ്ടിയും പാപയാഗങ്ങളർപ്പിക്കുവാൻ അദ്ദേഹം കടപ്പെട്ടവനാണ്.

4ഈ മാന്യപദവി ആരും സ്വയം ഏറ്റെടുക്കുന്നില്ല. അഹരോനെപ്പോലെ അയാൾ ദൈവത്താൽ വിളിക്കപ്പെട്ടവൻ ആയിരിക്കണം. 5അങ്ങനെ ക്രിസ്തുവും മഹാപുരോഹിതൻ ആകുവാനുള്ള മഹത്ത്വം സ്വയം എടുത്തില്ല; എന്നാൽ,

"നീ എന്റെ പുത്രൻ; ഇന്നു ഞാൻ
നിനക്കു ജന്മം നല്കിയിരിക്കുന്നു"[b]

എന്ന് അരുളിച്ചെയ്തവനാണ് നിയമിച്ചത്.

6"നീ മെല്ക്കീസേദെക്കിന്റെ
ക്രമപ്രകാരം എന്നേക്കും ഒരു
പുരോഹിതൻ"[c]

എന്ന് അവിടുന്ന് മറ്റൊരേടത്തും അരുളിച്ചെയ്യുന്നു.

7ക്രിസ്തു തന്റെ ഐഹികജീവിതകാലത്ത്, തന്നെ മരണത്തിൽനിന്നു രക്ഷിപ്പാൻ കഴിയുന്നവനോട് ഉറച്ച നിലവിളിയോടും കണ്ണുനീരോടുംകൂടെ അപേക്ഷകളും യാചനകളും കഴിച്ചു; ദൈവഭയം നിമിത്തം അതിന് ഉത്തരം ലഭിക്കുകയും ചെയ്തു. 8പുത്രനെങ്കിലും താൻ അനുഭവിച്ച കഷ്ടങ്ങളാൽ അനുസരണം പഠിച്ചു തികഞ്ഞവനായി, 9തന്നെ അനുസരിക്കുന്ന എല്ലാവർക്കും നിത്യരക്ഷയ്ക്ക് കാരണഭൂതനായിത്തീർന്നു; 10മെല്ക്കീസേദെക്കിന്റെ ക്രമപ്രകാരം മഹാപുരോഹിതൻ എന്ന പദവിയിൽ ദൈവത്താൽ നിയോഗിക്കപ്പെടുകയും ചെയ്തു.

വീഴാതിരിപ്പാൻ സൂക്ഷിപ്പിൻ

11ഇതു സംബന്ധിച്ചു ഞങ്ങൾക്കു വളരെ പറയുവാനുണ്ട്, എന്നാൽ നിങ്ങൾ ഗ്രഹിപ്പാൻ മന്ദതയുള്ളവരാകയാൽ വിശദീകരിക്കുക വിഷമമാണ്. 12വാസ്തവത്തിൽ, നിങ്ങൾ ഇതിനോടകം ഉപദേഷ്ടാക്കന്മാർ ആകേണ്ടതായിരുന്നു; എന്നാൽ ദൈവവചനത്തിന്റെ പ്രാഥമികസത്യങ്ങൾ ആരെങ്കിലും ഇപ്പോഴും നിങ്ങൾക്ക് ഉപദേശിച്ചുതരേണ്ടിയിരിക്കുന്നു. കട്ടിയായ ആഹാരമല്ല പാൽ ആണു നിങ്ങൾ ആവശ്യപ്പെടുന്നത്. 13പാൽകുടിച്ചു ജീവിക്കുന്നവൻ ഇപ്പോഴും ശിശുവാകയാൽ അവനു നീതിയുടെ വചനത്തിൽ പരിചയം സിദ്ധിച്ചിട്ടില്ല. 14തഴക്കത്താൽ ഇന്ദ്രിയങ്ങൾക്ക് അഭ്യസനം ലഭിച്ചു പൂർണ്ണവളർച്ചയിൽ എത്തിയവർക്കു മാത്രമേ കട്ടിയായ ആഹാരം പറ്റുകയുള്ളൂ.

6 അതുകൊണ്ട് നിർജ്ജീവപ്രവൃത്തികളിൽനിന്നുള്ള മാനസാന്തരം, ദൈവത്തിലുള്ള വിശ്വാസം, സ്നാനങ്ങളെപ്പറ്റിയുള്ള ഉപദേശം, കൈവെപ്പ്, മരിച്ചവരുടെ പുനരുത്ഥാനം, നിത്യശിക്ഷാവിധി എന്നിങ്ങനെയുള്ള അടിസ്ഥാനം പിന്നെയും ഇടാതെ 2ക്രിസ്തുവിനെക്കുറിച്ചുള്ള പ്രാഥമികപാഠങ്ങൾ വിട്ടു പരിജ്ഞാനപൂർണ്ണതയിലേക്കു വളരുവാൻ നമുക്ക് ഉത്സാഹിക്കാം. 3ദൈവം അനുവദിച്ചാൽ നാം അതു ചെയ്യും.

4ഒരിക്കൽ പ്രകാശനം ലഭിച്ചു സ്വർഗ്ഗീയദാനം ആസ്വദിക്കുകയും പരിശുദ്ധാത്മാവിൽ ഓഹരിക്കാരാവുകയും 5ദൈവവചനത്തിന്റെ നന്മയും വരുവാനുള്ള ലോകത്തിന്റെ ശക്തിയും അനുഭവിച്ചറിയുകയും ചെയ്തിട്ടുള്ളവർ വിശ്വാസത്തിൽനിന്നു വീണുപോയാൽ 6അവരെ വീണ്ടും മാനസാന്തരത്തിലേക്കു മടക്കിക്കൊണ്ടുവരുവാൻ സാധ്യമല്ല. കാരണം, അവർ തങ്ങൾക്കുതന്നേ ദൈവപുത്രനെ വീണ്ടും ക്രൂശിക്കുകയും പരസ്യമായി അപഹാസ്യനാക്കുകയും ചെയ്യുന്നു.

[a] 14 അല്ലെങ്കിൽ *ആകാശത്തിലേയ്ക്കു* [b] 5:5 സങ്കീർത്തനം 2:7 [c] 6 സങ്കീർത്തനം 110:4

7കൂടെക്കൂടെ പെയ്യുന്ന മഴ കുടിച്ച് ഭൂമി, കൃഷി
ചെയ്യുന്നവർക്കു പ്രയോജനമുള്ള വിളവു പുറ
പ്പെടുവിക്കുന്നുവെങ്കിൽ ദൈവാനുഗ്രഹം പ്രാ
പിക്കുന്നു. 8മുള്ളും ഞെരിഞ്ഞിലും മുളപ്പി
ക്കുന്നുവെങ്കിലോ, അതു കൊള്ളരുതാത്തതും
ശാപഗ്രസ്തവുമാണ്. അത് ഒടുവിൽ അഗ്നി
ക്കിരയാകും.

9പ്രിയരേ, ഞങ്ങൾ ഇങ്ങനെ സംസാരിക്കു
ന്നുവെങ്കിലും രക്ഷയെ സംബന്ധിച്ച ശ്രേഷ്ഠകാ
ര്യങ്ങൾ നിങ്ങൾക്കുണ്ടെന്നു ഞങ്ങൾക്കുറപ്പാ
ണ്. 10വിശുദ്ധർക്കുവേണ്ടിനിങ്ങൾ ചെയ്തതും
ഇപ്പോൾ ചെയ്യുന്നതുമായ ശുശ്രൂഷയിലൂടെ
തന്റെ നാമത്തോടു നിങ്ങൾ കാണിച്ച സ്
നേഹം മറന്നു കളയുവാൻ തക്കവണ്ണം ദൈവം
അനീതിയുള്ളവനല്ല. 11നിങ്ങൾ ഓരോരുത്തരും
പ്രത്യാശയുടെ പൂർണ്ണനിശ്ചയം പ്രാപി
ക്കേണ്ടതിന് ഇതേ ശുഷ്കാന്തി അവസാന
ത്തോളം നിലനിർത്തണമെന്നു ഞങ്ങൾ
ആഗ്രഹിക്കുന്നു. 12അങ്ങനെ നിങ്ങൾ മന്ദതയു
ള്ളവരാകാതെ, വിശ്വാസത്താലും ദീർഘ
ക്ഷമയാലും വാഗ്ദാനങ്ങൾ അവകാശമാ
ക്കുന്നവരുടെ അനുകാരികൾ ആകും.

ദൈവികവാഗ്ദാനത്തിന്റെ
സുനിശ്ചിതത്വം

13ദൈവം അബ്രാഹാമിനോടു വാഗ്ദാനം
ചെയ്തപ്പോൾ, തന്നെക്കാൾ വലിയവനെ
ക്കൊണ്ടു സത്യം ചെയ്യുവാൻ ഇല്ലാത്തതുമൂലം
തന്നെക്കൊണ്ടുതന്നേ സത്യം ചെയ്തു:
14"ഞാൻ നിന്നെ നിശ്ചയമായും അനുഗ്രഹി
ച്ചു വർദ്ധിപ്പിക്കും."[a] എന്ന് അരുളിച്ചെയ്തു.
15അങ്ങനെ അബ്രാഹാം ദീർഘക്ഷമയോടെ
കാത്തിരുന്നു വാഗ്ദാനപൂർത്തി പ്രാപിച്ചു.

16തങ്ങളെക്കാൾ വലിയവരെക്കൊണ്ടാണു
മനുഷ്യർ സത്യം ചെയ്യുന്നത്. അത് വാഗ്ദാന
ത്തെ ഉറപ്പിക്കുകയും എല്ലാ തർക്കത്തിനും തീർ
പ്പുവരുത്തുകയും ചെയ്യുന്നു. 17തന്റെ ഉദ്ദേശ്യം
മാറ്റമില്ലാത്തതെന്നു വാഗ്ദാനത്തിന്റെ അവകാ
ശികൾക്കു തെളിയിച്ചു കൊടുക്കാൻ ആഗ്രഹി
ച്ചിട്ടു ദൈവം അതിനെ സത്യം ചെയ്ത് ഉറപ്പി
ച്ചു. 18മാറ്റംവരാത്ത ഈ രണ്ടു കാര്യങ്ങളിലും
ദൈവത്തിന്റെ വാക്കു വ്യാജമായിത്തീരുക സാ
ദ്ധ്യമല്ല. നമ്മുടെ മുമ്പിൽ വച്ചിട്ടുള്ള പ്രത്യാശ
മുറുകെപ്പിടിക്കുവാൻ അഭയം തേടി ഓടി വന്ന
നാം ഇവയിലൂടെ ശക്തിയായ ധൈര്യം പ്രാപി
ക്കുന്നു.

19ഈ പ്രത്യാശ നമുക്ക് ആത്മാവിന്റെ ദൃ
ഢവും ഭദ്രവുമായ ഒരു നങ്കൂരം തന്നേ. അതു ന
മ്മെ തിരശ്ശീലയ്ക്കകത്തേക്കു പ്രവേശിപ്പി
ക്കുന്നു. 20അവിടേക്കു യേശു മെല്ക്കീസേ
ദെക്കിന്റെ ക്രമപ്രകാരം നമ്മെ പ്രതിനിധാനം
ചെയ്തുകൊണ്ട് എന്നേക്കുമുള്ള മഹാപുരോ
ഹിതനായി നമുക്കു മുമ്പേ പ്രവേശിച്ചിരിക്കുന്നു.

മെല്ക്കീസേദെക്കിന്റെ പൗരോഹിത്യം

7 ശാലേംരാജാവും അത്യുന്നതദൈവ
ത്തിന്റെ പുരോഹിതനുമായ ഈ മെല്ക്കീ
സേദെക്ക് രാജാക്കന്മാരെ ജയിച്ചു മടങ്ങിവരുന്ന
അബ്രാഹാമിനെ എതിരേറ്റുചെന്ന് അനുഗ്രഹി
ച്ചു. 2അബ്രാഹാം തനിക്കുണ്ടായിരുന്ന
സകലത്തിന്റെയും പത്തിലൊന്ന് അദ്ദേഹത്തി
നുകൊടുത്തു. അദ്ദേഹത്തിന്റെ പേരിന്, ആദ്യം
"നീതിയുടെ രാജാവ്" എന്നും പിന്നീട് "ശാലേം
രാജാവ്" അഥവാ "സമാധാനത്തിന്റെ രാജാ
വ്" എന്നും അർത്ഥം. 3അദ്ദേഹം, പിതാവോ മാ
താവോ, വംശാവലിയോ, ജീവാരംഭമോ ജീവാ
വസാനമോ ഇല്ലാത്തവനായും, ദൈവപുത്രനു
സദൃശ്യനായും എന്നേക്കുമുള്ള പുരോഹിതൻ
ആയിരിക്കുന്നു.

4അദ്ദേഹം എത്ര മഹാൻ എന്നു നോക്കുവിൻ!
ഗോത്രപിതാവായ അബ്രാഹാംപോലും അ
ദ്ദേഹത്തിനു കൊള്ളമുതലിന്റെ പത്തിലൊന്നു
കൊടുത്തു! 5ലേവിയുടെ പിൻതലമുറക്കാരിൽ
പുരോഹിതന്മാരാകുന്നവർക്കു ജനങ്ങളിൽ
നിന്ന്, അതായത് തങ്ങളുടെ സഹോദരങ്ങളിൽ
നിന്നുതന്നേ, അവർ അബ്രാഹാമിന്റെ സന്തതി
കൾ ആയിരുന്നിട്ടുപോലും ദശാംശം വാങ്ങു
വാൻ ന്യായപ്രമാണത്തിൽ കല്പനയുണ്ട്.
6എന്നാൽ ഇദ്ദേഹം ലേവിയുടെ വംശാവലിയിൽ
ഉൾപ്പെടാത്തവനായിരുന്നിട്ടും അബ്രാഹാ
മിനോടു ദശാംശം വാങ്ങുകയും വാഗ്ദാനങ്ങൾ
ലഭിച്ചിരുന്നവനായ അദ്ദേഹത്തെ അനുഗ്രഹി
ക്കുകയും ചെയ്തു. 7ഉയർന്നവൻ താണവനെ
അനുഗ്രഹിക്കുന്നു എന്നതിൽ സംശയമില്ലല്ലോ.
8ഇവിടെ, മരണമുള്ള മനുഷ്യർ ദശാംശം വാ
ങ്ങുന്നു; അവിടെയൊ, ജീവിച്ചിരിക്കുന്നുവെന്നു
സാക്ഷ്യം പ്രാപിച്ചവൻതന്നേ ദശാംശം വാങ്ങി.
9ദശാംശം സ്വീകരിക്കുന്നവനായ ലേവിതന്നേ
അബ്രാഹാമിലൂടെ ദശാംശം നല്കി എന്നു
വേണമെങ്കിൽ പറയാം. 10കാരണം, മെല്ക്കീസേ
ദെക്ക് അബ്രാഹാമിനെ എതിരേറ്റപ്പോൾ ലേവി
തന്റെ പൂർവ്വികനായ അബ്രാഹാമിൽ ഉണ്ടാ
യിരുന്നുവല്ലോ.

യേശുവും മെല്ക്കീസേദെക്കും

11ലേവ്യപൗരോഹിത്യം വഴിയാണല്ലോ
ന്യായപ്രമാണം നല്കപ്പെട്ടത്. അതിലൂടെ
സമ്പൂർണ്ണത കൈവരുത്തുവാൻ കഴിയുമായി
രുന്നെങ്കിൽ, അഹരോന്റെ ക്രമപ്രകാരം
ആകാതെ, മെല്ക്കീസേദെക്കിന്റെ ക്രമ

[a] 14 ഉല്പത്തി 22:17

പ്രകാരംതന്നേ മറ്റൊരു പുരോഹിതൻ വരേണ്ട ആവശ്യം എന്തായിരുന്നു? 12പൗരോഹിത്യത്തിനു മാറ്റം വരുമ്പോൾ ന്യായപ്രമാണത്തിനും മാറ്റം വരണം. 13ഈ കാര്യങ്ങൾ ആരെക്കുറിച്ചു പറഞ്ഞിരിക്കുന്നുവോ അദ്ദേഹം വേറൊരു ഗോത്രത്തിൽപ്പെട്ടവനാണ്; ആ ഗോത്രത്തിൽ നിന്ന് ആരും യാഗപീഠത്തിങ്കൽ ശുശ്രൂഷ ചെയ്തിട്ടില്ല. 14നമ്മുടെ കർത്താവ് യഹൂദാഗോത്രത്തിൽ ജനിച്ചു എന്നതു സ്പഷ്ടം. ആ ഗോത്രത്തെക്കുറിച്ചു പറയുമ്പോൾ മോശെ പൗരോഹിത്യസംബന്ധമായി ഒന്നും കല്പിച്ചിട്ടില്ല. 15മെല്ക്കീസേദെക്കിനു തുല്യനായ വേറൊരു പുരോഹിതൻ വന്നപ്പോൾ ഇക്കാര്യം അധികം വ്യക്തമാകുന്നു. 16പൂർവ്വപരമ്പരയുടെ നിബന്ധന അനുസരിച്ചല്ല, അനശ്വരമായ ജീവശക്തിയാലാണ് അദ്ദേഹം പുരോഹിതനായിത്തീർന്നത്.

> 17"മെല്ക്കീസേദെക്കിന്റെ ക്രമപ്രകാരം നീ എന്നേക്കും ഒരു പുരോഹിതൻ" [a]

എന്നു സാക്ഷ്യപ്പെടുത്തിയിട്ടുണ്ടല്ലോ.

18ഇവിടെ ദുർബ്ബലവും നിഷ്പ്രയോജനവുമായ മുമ്പത്തെ കല്പന നീക്കം ചെയ്തിട്ട് 19ദൈവത്തോടടുക്കാൻ നമ്മെ സഹായിക്കുന്ന ശ്രേഷ്ഠതരമായ ഒരു പ്രത്യാശ സ്ഥാപിക്കപ്പെടുന്നു. ന്യായപ്രമാണം ഒന്നിനെയും പൂർണ്ണമാക്കുന്നില്ലല്ലോ.

20ഈ പൗരോഹിത്യം ഉറപ്പിക്കപ്പെട്ടത് ആണകൂടാതെയല്ല. മറ്റുള്ളവർ ആണ കൂടാതെ പുരോഹിതന്മാരായിത്തീർന്നു. 21അദ്ദേഹമോ,

> "നീ എന്നേക്കും പുരോഹിതൻ
> എന്നു കർത്താവു സത്യം ചെയ്തിരിക്കുന്നു; അതിനു മാറ്റമില്ല"

എന്നു ദൈവം നല്കിയ ആണയനുസരിച്ചു പുരോഹിതൻ ആയിരിക്കുന്നു.

22ഈ ആണനിമിത്തം യേശു ഏറെ വിശിഷ്ടമായ ഉടമ്പടിക്ക് ഉറപ്പു നല്കിയിരിക്കുന്നു.

23പുരോഹിതന്മാർ അനവധി ഉണ്ടായിട്ടുണ്ട്; ആ സ്ഥാനത്തു തുടരാൻ ആരെയും മരണം അനുവദിച്ചില്ല; 24എന്നാൽ യേശുവോ എന്നേക്കും ജീവിക്കുന്നതുകൊണ്ട്, ശാശ്വതമായ പൗരോഹിത്യം പ്രാപിച്ചിരിക്കുന്നു. 25അതുകൊണ്ട്, താൻ മുഖാന്തരം ദൈവത്തോടു അടുക്കുന്നവർക്കുവേണ്ടി പക്ഷവാദം ചെയ്യുന്നതിനു സദാ ജീവിക്കുന്നവനാകയാൽ അവിടുന്ന് അവരെ പൂർണ്ണമായി[b] രക്ഷിപ്പാൻ പ്രാപ്തനാകുന്നു.

26ഇങ്ങനെയുള്ള മഹാപുരോഹിതനത്രേ നമുക്കു ആവശ്യം: പവിത്രൻ, നിഷ്കളങ്കൻ, നിർമ്മലൻ, പാപികളിൽനിന്നു വേർപെട്ടവൻ, സ്വർഗ്ഗത്തെക്കാൾ ഉന്നതൻ. 27മറ്റു മഹാപുരോഹിതന്മാരിൽനിന്ന് അവിടുന്നു വ്യത്യസ്തനാണ്. ആദ്യം സ്വന്തം പാപങ്ങൾക്കുവേണ്ടിയും പിന്നെ ജനത്തിന്റെ പാപങ്ങൾക്കുവേണ്ടിയും ദിവസംതോറും യാഗം കഴിക്കേണ്ട ആവശ്യം അവിടുത്തേക്കില്ല. തന്നെത്താൻ യാഗം അർപ്പിച്ചുകൊണ്ട് അവിടുന്ന് അത് എന്നേക്കുമായി നിർവ്വഹിച്ചുവല്ലോ. 28ന്യായപ്രമാണം ബലഹീനരായ മനുഷ്യരെ മഹാപുരോഹിതന്മാരാക്കുന്നു; എന്നാൽ ന്യായപ്രമാണത്തിനുശേഷം വന്ന ആണയുടെ വചനമോ, സമ്പൂർണ്ണനായിരിക്കുന്ന പുത്രനെ എന്നേക്കും മഹാപുരോഹിതനായി നിയമിച്ചു.

പുതിയ ഉടമ്പടിയുടെ മഹാപുരോഹിതൻ

8 നാം ഈ പറയുന്നതിന്റെ സാരം ഇതാണ്: സ്വർഗ്ഗത്തിൽ മഹിമാസനത്തിന്റെ വലത്തുഭാഗത്ത് ഇരുന്നവനായ ഒരു മഹാപുരോഹിതൻ നമുക്കുണ്ട്. 2അവിടുന്ന് വിശുദ്ധസ്ഥലത്തിന്റെയും, മനുഷ്യനല്ല, കർത്താവുതന്നേ സ്ഥാപിച്ച സത്യകൂടാരത്തിന്റെയും ശുശ്രൂഷ ചെയ്യുന്നവനാണ്.

3വഴിപാടുകളും യാഗങ്ങളും അർപ്പിക്കുവാനാണ് ഓരോ മഹാപുരോഹിതനും നിയമിക്കപ്പെടുന്നത്. അതുകൊണ്ട് അർപ്പിക്കുവാൻ ഇദ്ദേഹത്തിനും വല്ലതും വേണം. 4അവിടുന്ന് ഭൂമിയിൽ ആയിരുന്നെങ്കിൽ പുരോഹിതൻ ആകുമായിരുന്നില്ല, കാരണം, ന്യായപ്രമാണപ്രകാരമുള്ള വഴിപാടുകൾ അർപ്പിക്കുന്ന പുരോഹിതന്മാർ ഉണ്ടല്ലോ. 5മോശെ കൂടാരം പണിയുവാനാരംഭിച്ചപ്പോൾ, "പർവ്വതത്തിൽ നിനക്കു കാണിച്ചുതന്ന മാതൃകപ്രകാരം സകലവും നിർമ്മിക്കുക"[c] എന്നു ദൈവത്തിൽനിന്ന് അദ്ദേഹത്തിനു കല്പന ലഭിച്ചതനുസരിച്ച് അവർ സ്വർഗ്ഗീയമായതിന്റെ നിഴലും സദൃശവുമായതിൽ ശുശ്രൂഷ ചെയ്യുന്നു. 6യേശുവോ വിശേഷതയേറിയ വാഗ്ദാനങ്ങളിൽ അധിഷ്ഠിതമായ ഒരു ശ്രേഷ്ഠ ഉടമ്പടിയുടെ മധ്യസ്ഥനാകയാൽ കൂടുതൽ ഉൽകൃഷ്ടമായ ഒരു ശുശ്രൂഷ പ്രാപിച്ചിരിക്കുന്നു.

7ഒന്നാമത്തെ ഉടമ്പടി കുറ്റമറ്റതായിരുന്നെങ്കിൽ മറ്റൊരു ഉടമ്പടിയുടെ ആവശ്യം വരികയില്ലായിരുന്നു. 8എന്നാൽ അവരെ കുറ്റപ്പെടുത്തിക്കൊണ്ടു ദൈവം ഇപ്രകാരം അരുളിച്ചെയ്യുന്നു:

> "ഞാൻ യിസ്രായേൽഗൃഹത്തോടും
> യഹൂദാഗൃഹത്തോടും പുതിയൊരു
> ഉടമ്പടി ചെയ്യുന്ന കാലം വരുമെന്നു
> കർത്താവിന്റെ അരുളപ്പാട്.
> 9ഞാൻ അവരുടെ പിതാക്കന്മാരെ

[a] 17 സങ്കീർത്തനം 110:4 [b] 25 അല്ലെങ്കിൽ *എന്നന്നേക്കും* [c] 5 പുറപ്പാട് 25:40

കൈക്കു പിടിച്ച് ഈജിപ്റ്റിൽനിന്നു വിടുവിച്ചു കൊണ്ടുപോന്നപ്പോൾ അവരോടു ചെയ്തിരുന്ന ഉടമ്പടിപോലെ ആയിരിക്കുകയില്ല അത്. കാരണം, അവർ എന്റെ ഉടമ്പടിയോടു വിശ്വസ്തരായിരുന്നില്ല; ഞാൻ അവരെ അംഗീകരിച്ചതുമില്ല എന്നു കർത്താവിന്റെ അരുളപ്പാട്.
10ആ കാലത്തിനുശേഷം ഞാൻ യിസ്രായേൽഗൃഹത്തോടു ചെയ്യുവാനിരിക്കുന്ന ഉടമ്പടി ഇതാകുന്നുവെന്ന് കർത്താവ് അരുളിച്ചെയ്യുന്നു. ഞാൻ എന്റെ നിയമങ്ങൾ അവരുടെ ഉള്ളിലാക്കി അവരുടെ ഹൃദയങ്ങളിൽ എഴുതും. ഞാൻ അവർക്കു ദൈവവും അവർ എനിക്കു ജനവും ആയിരിക്കും.
11ഇനിമേൽ അവരിൽ ആരും തന്റെ അയൽക്കാരനെയോ സഹോദരനെയോ കർത്താവിനെ അറിയുക എന്ന് ഉപദേശിക്കുകയില്ല. എന്തുകൊണ്ടെന്നാൽ അവരിൽ ചെറിയവൻമുതൽ വലിയവൻവരെ എല്ലാവരും എന്നെ അറിയും.
12ഞാൻ അവരുടെ അനീതിയിൽ കരുണ കാണിക്കും; അവരുടെ പാപങ്ങൾ ഇനി ഓർക്കുകയുമില്ല."[a]
13ഈ ഉടമ്പടി പുതിയത് എന്നു പറയുമ്പോൾ ആദ്യത്തേതിനെ പഴയതാക്കിയിരിക്കുന്നു. പഴയതും ജീർണ്ണിക്കുന്നതും വേഗം നീങ്ങിപ്പോകും.

ഭൗമികകൂടാരത്തിലെ ആരാധന

9 ആദ്യത്തെ ഉടമ്പടിയിൽ ആരാധനയെ സംബന്ധിച്ച നിബന്ധനകളും ഭൗമികമായ ഒരു വിശുദ്ധമന്ദിരവും ഉണ്ടായിരുന്നു. 2അങ്ങനെ ഒരു കൂടാരം നിർമ്മിച്ചു. അതിന്റെ ആദ്യഭാഗത്തു നിലവിളക്കും മേശയും കാഴ്ചയപ്പവും ഉണ്ടായിരുന്നു. അതിനു വിശുദ്ധസ്ഥലം എന്നു പേർ. 3രണ്ടാം തിരശ്ശീലയ്ക്കു പിന്നിൽ അതിവിശുദ്ധസ്ഥലം എന്നു പേരുള്ള ഒരു ഭാഗം ഉണ്ടായിരുന്നു. 4അവിടെ സ്വർണ്ണം കൊണ്ടുള്ള ധൂപപീഠവും മുഴുവനും സ്വർണ്ണംകൊണ്ടു പൊതിഞ്ഞ നിയമപെട്ടകവും പെട്ടകത്തിൽ, മന്നാ ഇട്ടുവച്ചിരുന്ന പൊൻപാത്രവും അഹരോന്റെ തളിർത്ത വടിയും നിയമത്തിന്റെ കല്പലകകളും ഉണ്ടായിരുന്നു. 5പെട്ടകത്തിനുമീതെ, കൃപാസനത്തെ മറയ്ക്കുന്ന തേജസ്സിന്റെ കെരൂബുകളും ഉണ്ടായിരുന്നു. ഇപ്പോൾ ഈ കാര്യങ്ങൾ ഓരോന്നായി വിവരിക്കുവാൻ കഴിയുന്നതല്ല.

6ഇങ്ങനെ സകലവും ക്രമീകരിച്ചതിനുശേഷം പുരോഹിതന്മാർ തങ്ങളുടെ ശുശ്രൂഷ അനുഷ്ഠിക്കുന്നതിനു കൂടാരത്തിന്റെ ആദ്യഭാഗത്തു പതിവായി പ്രവേശിച്ചിരുന്നു. 7എന്നാൽ രണ്ടാംഭാഗത്ത്, മഹാപുരോഹിതൻ മാത്രം, തനിക്കുവേണ്ടിയും ജനങ്ങൾ അറിയാതെ ചെയ്തുപോയ തെറ്റുകൾക്കുവേണ്ടിയും അർപ്പിക്കുവാനുള്ള രക്തവുമായി ആണ്ടിലൊരിക്കൽ മാത്രം പ്രവേശിച്ചിരുന്നു. 8ഒന്നാമത്തെ കൂടാരം നിലനിന്നിരുന്നേടത്തോളംകാലം അതിവിശുദ്ധസ്ഥലത്തേക്കുള്ള വഴി വെളിപ്പെട്ടിരുന്നില്ല എന്നു പരിശുദ്ധാത്മാവ് ഇതിനാൽ സൂചിപ്പിക്കുന്നു. 9അർപ്പിക്കപ്പെട്ടുപോന്നിരുന്ന വഴിപാടുകളും യാഗങ്ങളും ആരാധകന്റെ മനസ്സാക്ഷിയെ ശുദ്ധമാക്കുവാൻ പര്യാപ്തമായിരുന്നില്ല എന്നതിന് ഈ കാലത്തേക്കുള്ള ദൃഷ്ടാന്തമത്രേ ഇത്. 10അവയെല്ലാം- ഭക്ഷണപാനീയങ്ങൾ, വിവിധകഴുകലുകൾ എന്നിവ - പുതിയ വ്യവസ്ഥിതിയുടെ കാലംവരെ മാത്രം ബാധകമായിരുന്ന ബാഹ്യനിബന്ധനകളത്രേ.

ക്രിസ്തുവിന്റെ രക്തം

11വരുവാനുള്ള നന്മകളുടെ മഹാപുരോഹിതനായി വന്ന ക്രിസ്തു, മനുഷ്യനിർമ്മിതമല്ലാത്ത, അതായത് ഈ സൃഷ്ടിയിൽ ഉൾപ്പെടാത്ത, വലിപ്പവും പൂർണ്ണതയുമുള്ള കൂടാരത്തിൽകൂടി കടന്ന്, 12കോലാടുകളുടെയോ പശുക്കുട്ടികളുടെയോ രക്തത്താൽ അല്ല, സ്വന്തരക്തത്താൽതന്നേ വിശുദ്ധസ്ഥലത്ത് ഒരിക്കലായി പ്രവേശിച്ചു നിത്യമായ വീണ്ടെടുപ്പു സാധിച്ചു. 13ആട്ടു കൊറ്റന്മാരുടെയും കാളകളുടെയും രക്തം തളിക്കുന്നതും പശുഭസ്മം വിതറുന്നതും അശുദ്ധർക്കു ശാരീരികശുദ്ധി വരുത്തുന്നുവെങ്കിൽ, 14നിത്യാത്മാവിനാൽ ദൈവത്തിനു തന്നെത്തന്നേ നിഷ്കളങ്കനായി അർപ്പിച്ച ക്രിസ്തുവിന്റെ രക്തം, ജീവനുള്ള ദൈവത്തെ ആരാധിക്കേണ്ടതിനു, നമ്മുടെ മനസ്സാക്ഷിയെ നിർജ്ജീവപ്രവൃത്തികളിൽ നിന്ന് എത്ര അധികം ശുദ്ധീകരിക്കും!
15അതിനാൽ വാഗ്ദാനപ്രകാരമുള്ള നിത്യാവകാശം വിളിക്കപ്പെട്ടവർക്കു ലഭിക്കേണ്ടതിന്, ആദ്യ ഉടമ്പടിയുടെ കീഴിലെ ലംഘനങ്ങളിൽ നിന്ന് അവരെ വീണ്ടെടുക്കുന്ന ഒരു പ്രായശ്ചിത്തമരണത്തിലൂടെ ക്രിസ്തു പുതിയ ഉടമ്പടിയുടെ മധ്യസ്ഥൻ ആയിത്തീർന്നിരിക്കുന്നു.
16ഒരു മരണപത്രം പ്രാബല്യത്തിൽ വരണമെങ്കിൽ അത് എഴുതിവച്ച ആളിന്റെ മരണം തെളിയിക്കേണ്ടത് ആവശ്യമാണ്; 17കാരണം, അയാളുടെ കാലശേഷം മാത്രമേ മരണപത്രം

[a] 12 യിരെമ്യാവ് 31:31-34

സാധുവാകുന്നുള്ളൂ; അത് എഴുതിയ ആൾ ജീ
വിച്ചിരിക്കുന്നേടത്തോളം കാലം അതു നടപ്പി
ലാകുന്നില്ല.18ഒന്നാമത്തെ ഉടമ്പടിയും രക്തം
കൂടാതെയല്ല സ്ഥാപിക്കപ്പെട്ടത്. 19മോശെ ന്യാ
യപ്രമാണത്തിലെ ഓരോ കല്പനയും സകല
ജനത്തെയും അറിയിച്ചശേഷം പശുക്കിടാ
ക്കളുടെയും ആട്ടു കൊറ്റന്മാരുടെയും രക്തം
എടുത്തു വെള്ളം കലർത്തി ചുവന്ന ആട്ടിൻ
രോമവും ഈസോപ്പുതണ്ടും കൊണ്ട് പു
സ്തകച്ചുരുളിന്മേലും സകല ജനങ്ങളിന്മേലും
തളിച്ചു. 20"ഇതു ദൈവം നിങ്ങൾക്കു നിയമിച്ചു
തന്ന ഉടമ്പടിയുടെ രക്തം."[a] എന്ന് അദ്ദേഹം
പ്രസ്താവിച്ചു. 21അങ്ങനെ തന്നേ അദ്ദേഹം
കൂടാരത്തിന്മേലും ആരാധനയ്ക്ക് ഉപയോഗി
ച്ചിരുന്ന സകല ഉപകരണങ്ങളിന്മേലും രക്തം
തളിച്ചു. 22ന്യായപ്രമാണപ്രകാരം എല്ലാംതന്നേ,
രക്തത്താൽ ശുദ്ധീകരിക്കപ്പെടുന്നു; രക്തം
ചൊരിഞ്ഞിട്ടല്ലാതെ വിമോചനം ഇല്ല.

23സ്വർഗ്ഗീയമായവയുടെ പ്രതിരൂപങ്ങളെ ഈ
യാഗങ്ങളാൽ ശുദ്ധീകരിക്കേണ്ടതാവശ്യമായി
രുന്നു. സ്വർഗ്ഗീയമായവയ്ക്കോ ഇവയെക്കാൾ
മികച്ച യാഗങ്ങളാണു വേണ്ടത്. 24യഥാർത്ഥമാ
യതിന്റെ പ്രതിരൂപവും മനുഷ്യനിർമ്മിത
വുമായ വിശുദ്ധമന്ദിരത്തിലേയ്ക്കല്ല, നമുക്കു
വേണ്ടി ദൈവസന്നിധിയിൽ പ്രത്യക്ഷനാ
കുവാൻ, സ്വർഗ്ഗത്തിലേക്കുതന്നേയാണ് ക്രി
സ്തു പ്രവേശിച്ചിരിക്കുന്നത്. 25മഹാപുരോഹി
തൻ ആണ്ടുതോറും അന്യരക്തവുമായി
അതിവിശുദ്ധസ്ഥലത്തേക്കു പ്രവേശിക്കുന്ന
തുപോലെ, അവിടുന്ന് കൂടെക്കൂടെ തന്നെ
ത്താൻ അർപ്പിക്കേണ്ടതില്ല. 26അങ്ങനെയാ
യാൽ ലോകസ്ഥാപനംമുതലേ ക്രിസ്തു പല
പ്പോഴും കഷ്ടമനുഭവിക്കേണ്ടിവരുമായിരുന്നു.
എന്നാൽ അവിടുന്ന് യുഗാവസാനത്തിൽ പാപ
പരിഹാരത്തിനു തന്നെത്താൻ യാഗമായി അർ
പ്പിച്ചുകൊണ്ട് ഒരിക്കൽ പ്രത്യക്ഷനായി. 27ഒരി
ക്കൽ മരണവും പിന്നെ ന്യായവിധിയും മനു
ഷ്യർക്കു നിയമിച്ചിരിക്കുകയാൽ 28ക്രിസ്തുവും
അങ്ങനെതന്നേ അനേകരുടെ പാപങ്ങളെ നീ
ക്കിക്കളയുവാൻ ഒരിക്കൽ അർപ്പിക്കപ്പെട്ടു;
ഇനി പാപം വഹിക്കുവാനല്ല, തനിക്കായി
കാത്തുനില്ക്കുന്നവർക്കു രക്ഷ നല്കുവാൻ
അവിടുന്നു രണ്ടാമതും പ്രത്യക്ഷനാകും.

ക്രിസ്തുവിന്റെ ഏകയാഗം

10 ന്യായപ്രമാണം വരുവാനുള്ള
നന്മകളുടെ നിഴൽ മാത്രമാണ്;
അവയുടെ സാക്ഷാൽ രൂപമല്ല. അതുകൊണ്ട്
ആണ്ടുതോറും ആവർത്തിച്ചുപോരുന്ന അതേ
യാഗങ്ങളാൽ, അടുത്തുവരുന്നവരെ പരി
പൂർണ്ണരാക്കുവാൻ അതിന് ഒരിക്കലും കഴിവില്ല.
2കഴിയുമായിരുന്നുവെങ്കിൽ, ഒരിക്കലായി ശു
ദ്ധീകരിക്കപ്പെട്ട ആരാധകർക്കു പിന്നെ പാപ
ബോധമില്ലാതാക്കുന്നതിനാൽ യാഗങ്ങൾ
നിന്നുപോകുമായിരുന്നില്ലേ? 3എന്നാൽ അവ
ആണ്ടുതോറും പാപങ്ങളുടെ ഓർമ്മ ഉളവാ
ക്കുന്നു. 4എന്തുകൊണ്ടെന്നാൽ കാളകളു
ടെയും ആട്ടു കൊറ്റന്മാരുടെയും രക്തത്തിനു
പാപങ്ങൾ നീക്കുവാൻ സാധ്യമല്ല.

5ആകയാൽ, ലോകത്തിലേക്കു വന്നപ്പോൾ
"യാഗവും വഴിപാടും അങ്ങ് ആഗ്രഹി
ച്ചില്ല. എന്നാൽ ഒരു ശരീരം അങ്ങ്
എനിക്ക് ഒരുക്കിയിരിക്കുന്നു;
6ഹോമയാഗങ്ങളിലും പാപയാഗങ്ങളി
ലും അങ്ങു പ്രസാദിച്ചില്ല.
7അപ്പോൾ ഞാൻ പറഞ്ഞു, 'ഇതാ
ഞാൻ വരുന്നു; പുസ്തകച്ചുരുളിൽ
എന്നെക്കുറിച്ച് എഴുതിയിരിക്കുന്നു-
ദൈവമേ, അങ്ങയുടെ ഇഷ്ടം
ചെയ്യുവാൻ ഞാൻ വരുന്നു' "[b]

എന്ന് അവിടുന്ന് പ്രസ്താവിക്കുന്നു.

8ന്യായപ്രമാണപ്രകാരം അനുഷ്ഠിച്ചുപോന്ന
"യാഗങ്ങളും വഴിപാടുകളും ഹോമയാഗങ്ങളും
പാപയാഗങ്ങളും അവിടുന്ന് ആഗ്രഹിച്ചില്ല,
അവയിൽ പ്രസാദിച്ചുമില്ല" എന്ന് പ്രസ്താവിച്ച
ശേഷം, 9"ഇതാ അങ്ങയുടെ ഇഷ്ടം ചെയ്വാൻ
ഞാൻ വന്നിരിക്കുന്നു" എന്ന് അവിടുന്ന്
പറയുന്നു. രണ്ടാമത്തേതിനെ സ്ഥാപിക്കുവാൻ
അവിടുന്ന് ഒന്നാമത്തേതിനെ നീക്കിക്കളയുന്നു.
10ഈ ഇഷ്ടത്താൽ, യേശുക്രിസ്തു ഒരിക്കലാ
യി നടത്തിയ ശരീരയാഗത്തിലൂടെ നാം വിശു
ദ്ധീകരിക്കപ്പെട്ടിരിക്കുന്നു.

11പാപങ്ങൾ നീക്കിക്കളയുവാൻ കഴിവി
ല്ലാത്ത അതേ യാഗങ്ങൾ വീണ്ടും വീണ്ടും അർ
പ്പിച്ചുകൊണ്ടുനില്ക്കുന്ന ഓരോ പുരോഹി
തനും തന്റെ ശുശ്രൂഷ ദിനംപ്രതി നിർവഹി
ക്കുന്നു. 12എന്നാൽ ഈ പുരോഹിതനോ, പാ
പങ്ങൾക്കുവേണ്ടി എന്നേക്കുമായി ഏകയാഗം
അർപ്പിച്ചിട്ട്, ദൈവത്തിന്റെ വലത്തുഭാഗത്ത്
ഇരുന്നശേഷം 13തന്റെ ശത്രുക്കൾ പാദപീഠം
ആകുവോളം കാത്തിരിക്കുന്നു. 14ഏകയാ
ഗത്താൽ അവിടുന്നു വിശുദ്ധീകരിക്കപ്പെടു
ന്നവരെ എന്നേക്കുമായി പരിപൂർണ്ണരാക്കിയി
രിക്കുന്നു.

15പരിശുദ്ധാത്മാവും ഇതേപ്പറ്റി നമ്മോടു സാ
ക്ഷ്യം പറയുന്നു:

16"ആ കാലത്തിനു ശേഷം ഞാൻ
അവരോടു ചെയ്യുന്ന ഉടമ്പടി ഇതത്രേ:
ഞാൻ എന്റെ നിയമങ്ങൾ അവരുടെ
ഉള്ളിലാക്കി, അവയെ അവരുടെ ഹൃ

[a] 20 ഉല്പത്തി 24:8 [b] 10:7 സങ്കീർത്തനം 40:6-8

ദയങ്ങളിൽ എഴുതും എന്നു കർത്താ
വിന്റെ അരുളപ്പാട്"[a]
എന്ന് അവിടുന്ന് ആദ്യം പ്രസ്താവിക്കുന്നു.
17അനന്തരം അവിടുന്ന്,
"അവരുടെ പാപങ്ങളും അകൃത്യങ്ങളും
ഞാൻ ഇനി ഓർക്കുകയില്ല"[b]
എന്നും പറയുന്നു.
18ഇവയുടെ മോചനം ഉള്ളേടത്ത് ഇനി പാ
പങ്ങൾക്കു വേണ്ടി ഒരു യാഗവും ആവശ്യമില്ല.

സഹിഷ്ണുതയ്ക്കുവേണ്ടിയുള്ള ആഹ്വാനം

19അതുകൊണ്ടു സഹോദരരേ, യേശു
വിന്റെ ശരീരം എന്ന തിരശ്ശീലയിലൂടെ നമു
ക്കു തുറന്നുതന്ന ജീവനുള്ള പുതുവഴിയായി,
20യേശുവിന്റെ രക്തത്താൽ അതിവിശു
ദ്ധസ്ഥലത്തേക്കു പ്രവേശിക്കുവാനുള്ള
ധൈര്യവും 21ദൈവഭവനത്തിന്മേൽ അധികാ
രമുള്ള ഒരു മഹാപുരോഹിതനും നമുക്കു
ള്ളതു കൊണ്ട് 22നാം ദുർമ്മനസ്സാക്ഷി നീങ്ങു
വാൻ തക്കവണ്ണം ഹൃദയങ്ങളിൽ തളിക്ക
പ്പെട്ടവരും ശുദ്ധജലത്താൽ ശരീരം കഴുക
പ്പെട്ടവരുമായി വിശ്വാസത്തിന്റെ പൂർണ്ണനി
ശ്ചയത്തോടും ആത്മാർത്ഥഹൃദയത്തോടും
കൂടി ദൈവത്തോട് അടുത്തുചെല്ലുക.
23നമ്മുടെ പ്രത്യാശ ഏറ്റുപറയുന്നതിൽ നമുക്ക്
അചഞ്ചലരായി ഉറച്ചുനില്ക്കാം. വാഗ്ദാനം
ചെയ്തവൻ വിശ്വസ്തനല്ലോ. 24സ്നേഹത്തി
നും സൽപ്രവൃത്തികൾക്കുംവേണ്ടി പരസ്പരം
പ്രേരിപ്പിക്കുവാൻ നമുക്കു തീക്ഷ്ണത കാണി
ക്കാം. 25ചിലർ പതിവാക്കിയിട്ടുള്ളതുപോലെ
സഭായോഗങ്ങളെ ഉപേക്ഷിക്കാതെ, നമുക്കു
തമ്മിൽത്തമ്മിൽ പ്രബോധിപ്പിക്കാം, നാൾ സമീ
പിക്കുന്നു എന്നു കാണുന്തോറും അത് അധി
കമധികം ചെയ്യേണ്ടതാണ്.

26സത്യത്തിന്റെ പരിജ്ഞാനം ലഭിച്ചശേഷം
നാം മനഃപൂർവ്വം പാപം ചെയ്താൽ പാപങ്ങൾ
ക്കുവേണ്ടി ഇനി ഒരു യാഗവും ശേഷിക്കുന്നില്ല;
27പിന്നെയോ ന്യായവിധിയുടെ ഭയാനകമായ
സാധ്യതയും എതിരാളികളെ ദഹിപ്പിക്കുന്ന
ക്രോധാഗ്നിയുമേ ഉള്ളൂ. 28മോശെയുടെ ന്യായ
പ്രമാണം അനുസരിക്കാത്തവൻ കരുണ ലഭി
ക്കാതെ രണ്ടോ മൂന്നോ സാക്ഷികളുടെ മൊഴി
യാൽ മരിക്കുന്നു. 29ദൈവപുത്രനെ ചവിട്ടി
ക്കളയുകയും തന്നെ വിശുദ്ധീകരിച്ച ഉടമ്പടി
യുടെ രക്തത്തെ അശുദ്ധമെന്നു കരുതുകയും
കൃപയുടെ ആത്മാവിനെ നിന്ദിക്കുകയും
ചെയ്തവൻ എത്രയോ കഠിനതരമായ ശി
ക്ഷയ്ക്കാണു പാത്രമാകുന്നത് എന്നു ആലോ
ചിക്കുവിൻ. 30"പ്രതികാരം എനിക്കുള്ളത്,
ഞാൻ പകരം വീട്ടും"[c]എന്നും "കർത്താവു ത
ന്റെ ജനത്തെ ന്യായം വിധിക്കും"[d]എന്നും അരു
ളിച്ചെയ്തവനെ നാം അറിയുന്നുവല്ലോ. 31ജീ
വനുള്ള ദൈവത്തിന്റെ കൈകളിൽ വീഴുന്നതു
ഭയങ്കരം തന്നേ.

32പ്രകാശനം ലഭിച്ചശേഷം നിങ്ങൾ കഷ്ടത
കളാൽ പോരാട്ടം സഹിച്ചുനിന്ന ആദ്യകാലം
ഓർത്തുകൊൾവിൻ. 33ചിലപ്പോൾ നിങ്ങൾ
പരസ്യമായി നിന്ദിക്കപ്പെടുകയും പീഡിപ്പിക്ക
പ്പെടുകയും ചെയ്തു. മറ്റു ചിലപ്പോൾ,
അധിക്ഷേപവും പീഡനവും ഏറ്റവരോടു
ചേർന്നുനിന്നു. 34തടവുകാരോടു നിങ്ങൾ
സഹതാപം കാണിച്ചു. നിങ്ങളുടെ സ്വത്തുക്കൾ
അപഹരിക്കപ്പെട്ടപ്പോൾ, മികച്ചതും ശാശ്വത
വുമായ സമ്പത്തു നിങ്ങൾക്കുണ്ടെന്ന് അറി
ഞ്ഞുകൊണ്ട് നിങ്ങൾ അതു സന്തോഷത്തോടെ
സഹിച്ചു.

35അതുകൊണ്ടു മഹാപ്രതിഫലമുള്ള നി
ങ്ങളുടെ ധൈര്യം ഉപേക്ഷിക്കരുത്. 36ദൈ
വേഷ്ടം നിറവേറ്റി വാഗ്ദാനം പ്രാപിക്കുവാൻ
സഹിഷ്ണുതയാണു നിങ്ങൾക്ക് ആവശ്യം.
37ഇനി അല്പകാലം കഴിഞ്ഞ്
"വരുവാനുള്ളവൻ വരും,
താമസിക്കയുമില്ല."
38എന്നാൽ
"എന്റെ നീതിമാൻ വിശ്വാസത്താൽ ജീ
വിക്കും. പിന്മാറുന്നുവെങ്കിൽ എന്റെ
ഉള്ളത്തിന് അവനിൽ പ്രസാദമില്ല."[e]
39നാമോ പിന്മാറി നാശത്തിലേക്കു പോ
കുന്നവരുടെ കൂട്ടത്തിലല്ല, വിശ്വസിച്ചു ജീവ
രക്ഷ നേടുന്നവരുടെ കൂട്ടത്തിൽ ഉള്ളവരാണ്.

വിശ്വാസം

11 വിശ്വാസം എന്നതോ പ്രത്യാശി
ക്കുന്നവയുടെ ഉറപ്പും അദൃശ്യകാ
ര്യങ്ങളുടെ നിശ്ചയവും ആകുന്നു. 2അതിനാ
ലല്ലോ പൂർവ്വികർക്കു സാക്ഷ്യം ലഭിച്ചത്.
3ലോകം ദൈവത്തിന്റെ വചനത്താൽ നിർ
മ്മിക്കപ്പെട്ടു; അങ്ങനെ, ഈ കാണുന്നവയെല്ലാം
ദൃശ്യമായതിൽനിന്നല്ല ഉളവായത് എന്നു നാം
വിശ്വാസത്താൽ അറിയുന്നു.

4വിശ്വാസത്താൽ ഹാബേൽ ദൈവത്തിനു
കയീന്റേതിലും വിശിഷ്ടമായ യാഗം അർപ്പി
ച്ചു; അതിനാൽ അദ്ദേഹത്തിനു നീതിമാൻ
എന്നു സാക്ഷ്യം ലഭിച്ചു; ദൈവം
അദ്ദേഹത്തിന്റെ വഴിപാട് അംഗീകരിച്ചു.
മരണശേഷവും അദ്ദേഹം വിശ്വാസത്താൽ
സംസാരിച്ചുകൊണ്ടിരിക്കുന്നു.

5വിശ്വാസത്താൽ ഹാനോക്ക് മരണം കാണാ

[a] 16 യിരമ്യാവ് 31:33 [b] 17 യിരമ്യാവ് 31:34 [c] 30 ആവർത്തനം 32:35 [d] 30 ആവർത്തനം 32:36; സങ്കീർത്തനം 135:14 [e] 38 ഹബക്കൂക്ക് 2:3,4

തെ എടുക്കപ്പെട്ടു; ദൈവം അദ്ദേഹത്തെ എടുത്തുകൊണ്ടതിനാൽ അദ്ദേഹത്തെ പിന്നെ കണ്ടതേയില്ല; താൻ എടുക്കപ്പെടുന്നതിനുമുമ്പ്, ദൈവത്തെ പ്രസാദിപ്പിച്ചവൻ എന്ന സാക്ഷ്യം അദ്ദേഹത്തിനു ലഭിച്ചു. 6എന്നാൽ വിശ്വാസം കൂടാതെ ദൈവത്തെ പ്രസാദിപ്പിക്കുക സാധ്യമല്ല; ദൈവത്തിന്റെ അടുക്കൽ വരുന്നവൻ ദൈവം ഉണ്ടെന്നും തന്നെ ജാഗ്രതയോടെ അന്വേഷിക്കുന്നവർക്ക് അവിടുന്ന് പ്രതിഫലം നല്കുന്നുവെന്നും വിശ്വസിക്കേണ്ടതത്രേ.

7വിശ്വാസത്താൽ നോഹ, അതുവരെയും കാണാതിരുന്ന കാര്യങ്ങളെക്കുറിച്ചു മുന്നറിയിപ്പു ലഭിച്ചപ്പോൾ തന്റെ കുടുംബത്തെ രക്ഷിക്കുന്നതിനു ഭയഭക്തിയോടെ ഒരു പെട്ടകം പണിതു; അതിനാൽ അദ്ദേഹം ലോകത്തെ കുറ്റംവിധിച്ച്, വിശ്വാസത്താലുള്ള നീതിക്ക് അവകാശിയായിത്തീർന്നു.

8വിശ്വാസത്താൽ അബ്രാഹാം പില്ക്കാലത്തു തനിക്ക് അവകാശമായി ലഭിക്കാനിരുന്ന ദേശത്തേക്കു പോകുവാൻ വിളിക്കപ്പെട്ടപ്പോൾ അനുസരിച്ച്, താൻ എവിടേക്കു പോകുന്നുവെന്നറിയാതെ ഇറങ്ങിപ്പുറപ്പെട്ടു. 9വിശ്വാസത്താൽ അദ്ദേഹം വാഗ്ദത്തദേശത്ത് പരദേശിയെപ്പോലെ, അതേ വിശ്വാസത്തിന് അവകാശികളായിരുന്ന യിസ്ഹാക്കിനോടും യാക്കോബിനോടുംകൂടെ കൂടാരങ്ങളിൽ പാർത്തുകൊണ്ട് 10ദൈവം ശില്പിയായി നിർമ്മിച്ചതും അടിസ്ഥാനങ്ങളുള്ളതുമായ നഗരത്തിനായി കാത്തിരുന്നു.

11വിശ്വാസത്താൽ സാറയും, വാഗ്ദാനം ചെയ്തവനെ വിശ്വസ്തൻ എന്നു കരുതിയതുകൊണ്ട് പ്രായം കഴിഞ്ഞിട്ടും പുത്രോല്പാദനത്തിനു ശക്തയായിത്തീർന്നു. 12അതിനാൽ ഒരുവന്, മൃതപ്രായനായവനുതന്നേ, ആകാശത്തിലെ നക്ഷത്രങ്ങൾ പോലെയും സമുദ്രതീരത്തെ മണൽപോലെയും അസംഖ്യം സന്തതി ഉത്ഭവിച്ചു.

13ഇവരെല്ലാവരും വാഗ്ദത്തനിവൃത്തി പ്രാപിക്കാതെ, ദൂരെനിന്നു അവയെ കണ്ട് അഭിവാദ്യം ചെയ്തു; ലോകത്തിൽ തങ്ങൾ അന്യരും പരദേശികളും എന്ന് ഏറ്റുപറഞ്ഞുകൊണ്ടു അവർ വിശ്വാസത്തിൽ മരിച്ചു. 14ഇങ്ങനെ പറയുമ്പോൾ അവർ സ്വന്തമായ ഒരു ദേശം അന്വേഷിക്കുന്നുവെന്നു വ്യക്തമാക്കുകയാണ്. 15തങ്ങൾ വിട്ടുപോന്ന ദേശത്തെക്കുറിച്ച് ഓർമ്മിച്ചിരുന്നെങ്കിൽ അവർ തിരിച്ചുപോകുവാൻ ഇടയാകുമായിരുന്നു. 16അവരാകട്ടെ, അധികം ശ്രേഷ്ഠമായതിനെ, സ്വർഗ്ഗീയമായതിനെത്തന്നേ വാഞ്ഛിച്ചുകൊണ്ടിരുന്നു. അതുകൊണ്ടു അവരുടെ ദൈവം എന്നു വിളിക്കപ്പെടുവാൻ ദൈവം ലജ്ജിക്കുന്നില്ല; അവിടുന്ന് അവർക്കായി ഒരു നഗരം ഒരുക്കിയിരിക്കുന്നുവല്ലോ.

17വിശ്വാസത്താൽ അബ്രാഹാം, താൻ പരീക്ഷിക്കപ്പെട്ടപ്പോൾ യിസ്ഹാക്കിനെ യാഗമായി അർപ്പിച്ചു. 18"യിസ്ഹാക്കിൽനിന്നു ജനിക്കുന്നവൻ നിന്റെ സന്തതി എന്നു വിളിക്കപ്പെടും"[a] എന്ന് അബ്രാഹാമിനോടു ദൈവം അരുളിച്ചെയ്തിരുന്നുവെങ്കിലും, അങ്ങനെ വാഗ്ദാനം പ്രാപിച്ച അബ്രാഹാം തന്റെ ഏകജാതനെ യാഗം കഴിക്കാൻ ഒരുമ്പെട്ടു. 19മരിച്ചവരെ ഉയിർപ്പിക്കുവാൻ ദൈവം ശക്തൻ എന്ന് അബ്രാഹാം എണ്ണുകയും, മരിച്ചവരിൽനിന്ന് ഉയിർത്തവനെന്റെ സാദൃശ്യത്തിൽ അവനെ തിരികെ പ്രാപിക്കുകയും ചെയ്തു.

20വിശ്വാസത്താൽ യിസ്ഹാക്ക് യാക്കോബിനെയും ഏശാവിനെയും അവരുടെ ഭാവിസംബന്ധിച്ച് അനുഗ്രഹിച്ചു.

21വിശ്വാസത്താൽ യാക്കോബ് മരണസമയത്ത് യോസേഫിന്റെ പുത്രന്മാരെ ഇരുവരെയും അനുഗ്രഹിക്കുകയും തന്റെ വടിയുടെ അഗ്രത്തിൽ ചാരിക്കൊണ്ട് നമസ്കരിക്കുകയും ചെയ്തു.

22വിശ്വാസത്താൽ യോസേഫ്, തന്റെ ജീവിതാന്ത്യത്തിൽ, യിസ്രായേല്യരുടെ പുറപ്പാടിന്റെ കാര്യം ഓർമ്മിപ്പിക്കുകയും തന്റെ അസ്ഥികളെപ്പറ്റി കല്പന കൊടുക്കുകയും ചെയ്തു.

23വിശ്വാസത്താൽ മോശെയുടെ മാതാപിതാക്കൾ, അദ്ദേഹത്തിന്റെ ജനനശേഷം, ശിശു സുന്ദരനെന്നു കണ്ടിട്ട്, രാജകല്പന ഭയപ്പെടാതെ ശിശുവിനെ മൂന്നുമാസം ഒളിച്ചുവച്ചു; രാജാവിന്റെ ആജ്ഞയെ അവർ ഭയപ്പെട്ടതേയില്ല.

24വിശ്വാസത്താൽ, മോശെ താൻ വളർന്നപ്പോൾ ഫറവോന്റെ പുത്രിയുടെ മകൻ എന്നു വിളിക്കപ്പെടാൻ വിസമ്മതിച്ചു. 25അദ്ദേഹം പാപത്തിന്റെ താൽക്കാലിക ഭോഗത്തെക്കാൾ ദൈവജനത്തോടുകൂടെയുള്ള കഷ്ടാനുഭവം തിരഞ്ഞെടുത്തു; 26പ്രതിഫലം നോക്കിയതുകൊണ്ട് അദ്ദേഹം ഈജിപ്റ്റിലെ നിക്ഷേപങ്ങളെക്കാൾ ക്രിസ്തുവിനുവേണ്ടിയുള്ള നിന്ദ വലിയ ധനം എന്നു കണക്കാക്കി. 27വിശ്വാസത്താൽ അദ്ദേഹം രാജകോപം ഭയപ്പെടാതെ ഈജിപ്റ്റ് വിട്ടുപോന്നു; അദൃശ്യനായവനെ ദർശിച്ചാലെന്നപോലെ അദ്ദേഹം ഉറച്ചുനിന്നു. 28സംഹാരകൻ യിസ്രായേലിലെ ആദ്യജാതന്മാരെ തൊടാതിരിക്കേണ്ടതിന് അദ്ദേഹം വിശ്വാസത്താൽ പെസഹ ആചരിക്കുകയും രക്തം തളിക്കുകയും ചെയ്തു.

29വിശ്വാസത്താൽ, ജനങ്ങൾ ഉണങ്ങിയ

[a] 11:18 ഉല്പത്തി 21:12

നിലത്തുകൂടി എന്നപോലെ ചെങ്കടലിലൂടെ കടന്നു; എന്നാൽ മിസ്രയീമ്യർ അതിനു ശ്രമിച്ചപ്പോൾ മുങ്ങിപ്പോയി.

30വിശ്വാസത്താൽ, ജനങ്ങൾ യെരിഹോമതിലിനു ചുറ്റും ഏഴുദിവസം നടന്നപ്പോൾ അതു നിലംപതിച്ചു.

31വിശ്വാസത്താൽ, രാഹാബ് എന്ന വേശ്യ ചാരന്മാരെ സമാധാനത്തോടെ സ്വീകരിച്ചതുകൊണ്ട് അനുസരണംകെട്ടവരോടൊപ്പം[a] നശിക്കാതിരുന്നു.

32ഇതിലധികം എന്തു പറയേണ്ടു? ഗിദെയോൻ, ബാരാക്ക്, ശിംശോൻ, യിപ്താഹ്, ദാവീദ്, ശമൂവേൽ എന്നിവരെക്കുറിച്ചും പ്രവാചകന്മാരെക്കുറിച്ചും വിവരിപ്പാൻ സമയം പോരാ. 33വിശ്വാസത്താൽ അവർ രാജ്യങ്ങൾ പിടിച്ചടക്കി, നീതി നടത്തി, വാഗ്ദാനം പ്രാപിച്ചു, സിംഹങ്ങളുടെ വായ് അടച്ചു, 34തീയുടെ ബലം കെടുത്തി, വാളിന്റെ വായ്ത്തലയ്ക്കു തെറ്റി, ബലഹീനതയിൽ ശക്തി പ്രാപിച്ചു, യുദ്ധത്തിൽ വീരന്മാരായി, ശത്രുസൈന്യങ്ങളെ ചിതറിച്ചു. 35സ്ത്രീകൾക്കു തങ്ങളുടെ മരിച്ചവരെ ജീവനോടെ തിരികെ കിട്ടി, മറ്റു ചിലർ ശ്രേഷ്ഠമായ പുനരുത്ഥാനം ലഭിക്കേണ്ടതിനു വിടുതൽ കൈക്കൊള്ളാതെ പ്രഹരം ഏറ്റു. 36വേറേ ചിലർ പരിഹാസം, ചമ്മട്ടി, ചങ്ങല, തടവ് എന്നിവ സഹിച്ചു. 37കല്ലേറ് ഏറ്റു, ഈർച്ചവാളാൽ അറുക്കപ്പെട്ടു, വാളിനാൽ കൊല്ലപ്പെട്ടു. ചെമ്മരിയാടുകളുടെയും കോലാടുകളുടെയും തോൽ ധരിച്ച് 38നിരാശ്രയരും പീഡിതരും നിന്ദിതരുമായി കാടുകളിലും മലകളിലും ഗുഹകളിലും ഭൂമിയുടെ പിളർപ്പുകളിലും ഉഴന്നുവലഞ്ഞു; ലോകം അവർക്കു യോഗ്യമായിരുന്നില്ല.

39അവർ എല്ലാവരും വിശ്വാസത്താൽ അംഗീകാരം പ്രാപിച്ചുവെങ്കിലും അവരിൽ ആരും വാഗ്ദാനനിവൃത്തി പ്രാപിച്ചില്ല. 40നമ്മെക്കൂടാതെ അവർ രക്ഷാപൂർണ്ണത പ്രാപിക്കാതിരിക്കേണ്ടതിനു ദൈവം നമുക്കുവേണ്ടി ഏറ്റവും ശ്രേഷ്ഠമായ ഒന്ന് കരുതിവച്ചിരുന്നു.

ദൈവത്തിന്റെ ശിക്ഷണം

12 അതുകൊണ്ടു സാക്ഷികളുടെ ഇത്ര വലിയോരു സംഘം നമ്മെ ചുറ്റി നില്ക്കുന്നതിനാൽ സകല ഭാരവും മുറുകെപ്പറ്റുന്ന പാപവും വിട്ട്, നമ്മുടെ മുമ്പിൽ വച്ചിരിക്കുന്ന ഓട്ടം സ്ഥിരോത്സാഹത്തോടെ ഓടാം. 2വിശ്വാസത്തിന്റെ നായകനും പൂർത്തിവരുത്തുന്നവനുമായ യേശുവിനെ നോക്കാം. അവിടുന്ന്, തന്റെ മുമ്പിൽ വച്ചിരുന്ന സന്തോഷം ഓർത്ത് അപമാനം അവഗണിച്ച് ക്രൂശിനെ സഹിക്കുകയും ദൈവസിംഹാസനത്തിന്റെ വലത്തുഭാഗത്ത് ഇരിക്കുകയും ചെയ്തു. 3നിങ്ങളുടെ ഹൃദയം ക്ഷീണിച്ചു നിരാശപ്പെട്ടുപോകാതിരിപ്പാൻ പാപികളിൽനിന്ന് ഇത്രമാത്രം എതിർപ്പു സഹിച്ചവനെ ധ്യാനിച്ചുകൊള്ളുവിൻ.

4പാപത്തോടുള്ള പോരാട്ടത്തിൽ നിങ്ങൾ ഇതുവരെ രക്തം ചൊരിയുവോളം എതിർത്തു നിന്നിട്ടില്ല.

5"മകനേ, കർത്താവിന്റെ ശിക്ഷണം
നിസ്സാരമാക്കരുത്, അവിടുന്ന് ശാസിക്കുമ്പോൾ നിരാശപ്പെടുകയുമരുത്.
6കർത്താവു താൻ സ്നേഹിക്കുന്നവന്
ശിക്ഷണം നല്കുന്നു, താൻ കൈക്കൊള്ളുന്ന ഏതു മകനെയും അടിക്കുന്നു"[b]

എന്നിങ്ങനെ മക്കളോട് എന്നപോലെ നിങ്ങളോടു സംവാദിക്കുന്ന പ്രബോധനം നിങ്ങൾ മറന്നുകളഞ്ഞുവോ?

7നിങ്ങൾ ശിക്ഷ സഹിച്ചാൽ ദൈവം മക്കളോട് എന്നപോലെ നിങ്ങളോടു പെരുമാറുന്നു. അപ്പൻ ശിക്ഷിക്കാത്ത ഏതു മകനാണുള്ളത്? 8എല്ലാവർക്കും ലഭിക്കുന്ന ബാലശിക്ഷ നിങ്ങൾക്കുണ്ടാകുന്നില്ലെങ്കിൽ, നിങ്ങൾ മക്കളല്ല, ജാരസന്തതികളത്രേ. 9നമ്മുടെ ജഡസംബന്ധമായ പിതാക്കന്മാർ നമ്മെ ശിക്ഷിച്ചപ്പോൾ നാം അവരെ ബഹുമാനിച്ചുപോന്നുവല്ലോ. ആത്മാക്കളുടെ പിതാവിനു നാം എത്രയധികം കീഴടങ്ങി ജീവിക്കേണ്ടതാണ്! 10അവർ നമ്മെ ശിക്ഷിച്ചത് അല്പകാലത്തേക്കും, തങ്ങൾക്ക് ഉത്തമമെന്ന് തോന്നിയവിധത്തിലും ആയിരുന്നു; ദൈവമോ, നാം അവിടുത്തെ വിശുദ്ധിയിൽ പങ്കുകാരാകേണ്ടതിനു നമ്മുടെ പ്രയോജനത്തിനായിട്ടത്രേ ശിക്ഷിക്കുന്നത്. 11ഏതു ശിക്ഷയും തൽക്കാലത്തേക്കു സന്തോഷകരമല്ല, ദുഃഖകരമായി തോന്നും; എന്നാൽ അതിനാൽ പരിശീലനം ലഭിക്കുന്നവർക്ക് അത് പിന്നീട് നീതി എന്ന സമാധാനഫലം നൽകുന്നു.

12അതുകൊണ്ട് കുഴഞ്ഞ കൈയും തളർന്ന കാൽമുട്ടും നിവിർത്തുവിൻ. 13അങ്ങനെ, മുടന്തുള്ളത് ഉളുക്കിപ്പോകാതെ സൗഖ്യമാകേണ്ടതിനു "നിങ്ങളുടെ പാദങ്ങൾക്കു പാത നിരപ്പാക്കുവിൻ."[c]

ദൈവകൃപ നിരസിക്കരുത്

14എല്ലാവരോടും സമാധാനത്തിൽ വർത്തിച്ചു വിശുദ്ധീകരണം പ്രാപിപ്പാൻ ഉത്സാഹിപ്പിൻ; വിശുദ്ധീകരണം കൂടാതെ ആരും കർത്താവിനെ കാണുകയില്ല. 15ആരും ദൈവകൃപയിൽനിന്നു വീണുപോകാതിരിപ്പാനും കയ്പുള്ള വല്ല വേരും മുളച്ച് അതിനാൽ കലക്കമുണ്ടായി അനേകർ മലിനരാകാതിരിപ്പാനും സൂക്ഷിച്ചുകൊള്ളു

[a] 31അല്ലെങ്കിൽ *അവിശ്വാസിച്ചവരോടൊപ്പം* [b] 6 സുഭാഷിതങ്ങൾ 3:11,12 [c] 13 സുഭാഷിതങ്ങൾ 4:26

വിൻ. 16ആരും ദുർവൃത്തനോ, ഒരു ഊണിനു ജ്യേഷ്ഠാവകാശം വിറ്റുകളഞ്ഞ ഏശാവിനെപ്പോലെ അഭക്തനോ ആകാതെ സൂക്ഷിച്ചുകൊള്ളുക. 17പിന്നീട് അനുഗ്രഹം ലഭിപ്പാൻ ആഗ്രഹിച്ച് കണ്ണുനീരോടുകൂടെ അപേക്ഷിച്ചിട്ടും അയാൾ തള്ളപ്പെട്ടു; മാനസാന്തരത്തിന് അവസരം ലഭിച്ചില്ല എന്നും നിങ്ങൾക്ക് അറിയാമല്ലോ.

18സ്പർശിക്കാവുന്നതും തീ കത്തുന്നതുമായ പർവ്വതത്തെയും, മേഘതമസ്സ്, കൂരിരുട്ട്, കൊടുങ്കാറ്റ്, 19കാഹളധ്വനി, വാക്കുകളുടെ ശബ്ദം എന്നിവയെയും അല്ല നിങ്ങൾ സമീപിക്കുന്നത്. ആ ശബ്ദം കേട്ടവർ 'ഇനി ഒരു വാക്കും ഞങ്ങളോടു പറയരുതേ' എന്ന് അപേക്ഷിച്ചു. 20"ഒരു മൃഗമെങ്കിലും പർവ്വതത്തെ തൊട്ടാൽ അതിനെ കല്ലെറിഞ്ഞുകൊല്ലണം."[a] എന്നുള്ള കല്പന അവർക്കു വഹിച്ചുകൂടായിരുന്നു. 21"ഞാൻ അത്യന്തം പേടിച്ചു വിറയ്ക്കുന്നു"[b] എന്നു മോശെയും പറയത്തക്കവണ്ണം ആ കാഴ്ച ഭയങ്കരമായിരുന്നു.

22എന്നാൽ സീയോൻ പർവ്വതത്തിനും ജീവനുള്ള ദൈവത്തിന്റെ നഗരമായ സ്വർഗ്ഗീയയെരൂശലേമിനും അസംഖ്യം ദൂതന്മാരുടെ സന്തുഷ്ടസമൂഹത്തിനും 23സ്വർഗ്ഗത്തിൽ പേരെഴുതിയിട്ടുള്ള ആദ്യജാതന്മാരുടെ സഭയ്ക്കും എല്ലാവരുടെയും ന്യായാധിപതിയായ ദൈവത്തിനും സിദ്ധന്മാരായ നീതിമാന്മാരുടെ ആത്മാക്കൾക്കും 24പുതിയ നിയമത്തിന്റെ മദ്ധ്യസ്ഥനായ യേശുവിനും ഹാബേലിന്റെ രക്തത്തെക്കാൾ ശ്രേഷ്ഠമായി സംസാരിക്കുന്ന, തളിക്കപ്പെട്ട രക്തത്തിനും അടുക്കലത്രേ നിങ്ങൾ വന്നിരിക്കുന്നത്.

25അരുളിച്ചെയ്യുന്നവനെ നിരസിക്കാതിരിപ്പാൻ സൂക്ഷിക്കുവിൻ. ഭൂമിയിൽവച്ചു മുന്നറിയിപ്പു നല്കിയവനെ നിരാകരിച്ചവർ രക്ഷപെട്ടില്ലെങ്കിൽ, സ്വർഗ്ഗത്തിൽനിന്ന് അരുളിച്ചെയ്യുന്നവനെ വിട്ടുമാറിയാൽ നാം എങ്ങനെ തെറ്റിയൊഴിയും? 26അന്ന് അവിടുത്തെ ശബ്ദം ഭൂമിയെ ഇളക്കി. ഇപ്പോഴോ, "ഞാൻ ഇനി ഒരിക്കൽ ഭൂമിയെ മാത്രമല്ല, ആകാശത്തെയും ഇളക്കും."[c] എന്നു അവിടുന്ന് വാഗ്ദാനം ചെയ്തിരിക്കുന്നു. 27'ഇനി ഒരിക്കൽ' എന്നത് ഇളക്കമില്ലാത്തതു നിലനില്ക്കേണ്ടതിന്, ഇളക്കമുള്ളത് അഥവാ നിർമ്മിക്കപ്പെട്ടത് നീങ്ങിപ്പോകുമെന്നു സൂചിപ്പിക്കുന്നു. 28ആകയാൽ ഇളകാത്ത രാജ്യം പ്രാപിക്കുന്നതുകൊണ്ട് നമുക്കു നന്ദിയുള്ളവരായി ദൈവത്തെ പ്രസാദിപ്പിക്കത്തക്കവണ്ണം ഭക്തിയോടും ഭയത്തോടുംകൂടെ സേവചെയ്യാം; 29 നമ്മുടെ "ദൈവം ദഹിപ്പിക്കുന്ന അഗ്നിയല്ലോ."[d]

അവസാന പ്രബോധനങ്ങൾ

13 സഹോദരസ്നേഹം നിലനിർത്തുവിൻ. 2അതിഥിസൽക്കാരം മറക്കരുത്; അതിനാൽ ആളറിയാതെ ചിലർ ദൈവദൂതന്മാരെ സൽക്കരിച്ചിട്ടുണ്ടല്ലോ. 3തടവിൽ കിടക്കുന്നവരെ, നിങ്ങൾ അവരുടെ കൂട്ടുതടവുകാർ എന്നപോലെയും, പീഡിപ്പിക്കപ്പെടുന്നവരെ, നിങ്ങളും പീഡനം സഹിക്കുന്നവർ എന്നപോലെയും ഓർത്തുകൊള്ളുവിൻ.

4വിവാഹം എല്ലാവർക്കും ആദരണീയവും വിവാഹശയ്യ നിർമ്മലവും ആയിരിക്കട്ടെ. വ്യഭിചാരികളെയും ദുർവൃത്തരെയും ദൈവം ന്യായം വിധിക്കും. 5നിങ്ങളുടെ ജീവിതം ദ്രവ്യാഗ്രഹമില്ലാത്തതായിരിക്കട്ടെ; ഉള്ളതുകൊണ്ടു തൃപ്തിപ്പെടുവിൻ.

"ഞാൻ നിന്നെ ഒരുനാളും കൈവിടുകയില്ല, ഉപേക്ഷിക്കുകയുമില്ല"[e]

എന്ന് ദൈവം അരുളിച്ചെയ്തിട്ടുണ്ടല്ലോ. 6അതുകൊണ്ട്,

"കർത്താവ് എന്റെ സഹായി; ഞാൻ ഭയപ്പെടുകയില്ല; മനുഷ്യന് എന്നോട് എന്തു ചെയ്വാൻ കഴിയും?"[f]

എന്ന് നമുക്കു ധൈര്യത്തോടെ പറയാം.

7നിങ്ങളോടു ദൈവവചനം പ്രസംഗിച്ചു നിങ്ങളെ നയിച്ചവരെ ഓർത്തുകൊള്ളുവിൻ. അവരുടെ ജീവിതചര്യയുടെ ഫലം കണക്കിലെടുത്ത് അവരുടെ വിശ്വാസം അനുകരിക്കുവിൻ. 8യേശുക്രിസ്തു ഇന്നലെയും ഇന്നും എന്നേക്കും മാറ്റമില്ലാത്തവൻതന്നേ.

9വിവിധവും വിചിത്രവുമായ ഉപദേശങ്ങളാൽ ആരും നിങ്ങളെ വഴിതെറ്റിക്കരുത്. ഭക്ഷണനിയമങ്ങളാലല്ല, കൃപയാൽതന്നേ നിങ്ങളുടെ ഹൃദയത്തെ ശക്തിപ്പെടുത്തുന്നതു നല്ലത്. ഭോജനനിയമങ്ങൾ ആചരിക്കുന്നവർക്ക് അതിനാൽ ഒരു പ്രയോജനവും ലഭിക്കുന്നില്ല. 10കൂടാരത്തിൽ ശുശ്രൂഷിക്കുന്നവർക്കു ഭക്ഷിക്കുവാൻ അധികാരം നൽകാത്ത ഒരു യാഗപീഠം നമുക്കുണ്ട്.

11മഹാപുരോഹിതൻ മൃഗങ്ങളുടെ രക്തം പാപപരിഹാരമായി അതിവിശുദ്ധസ്ഥലത്തേക്കു കൊണ്ടുപോകുന്നു. എന്നാൽ ഉടൽ പാളയത്തിനു പുറത്തുവച്ചു ചുട്ടുകളയുന്നു. 12അങ്ങനെ യേശുവും സ്വന്തരക്തത്താൽ ജനത്തെ വിശുദ്ധീകരിക്കേണ്ടതിനു നഗരവാതിലിനു പുറത്തുവച്ചു കഷ്ടം സഹിച്ചു. 13അതിനാൽ അവിടുത്തെ നിന്ദ ചുമന്നുകൊണ്ടു നമുക്ക് പാളയത്തിനു പുറത്ത് അവിടുത്തെ അടുക്കൽ ചെല്ലാം. 14ഇവിടെ നമുക്കു നിലനില്ക്കുന്ന

[a] 20 പുറപ്പാട് 19:12,13 [b] 21 ആവർത്തനം 9:19 [c] 26ഹഗ്ഗായി 2:6 [d] 29 ആവർത്തനം 4:24
[e] 5ആവർത്തനം 31:6 [f] 6 സങ്കീർത്തനം 118:6,7

നഗരമില്ലല്ലോ; വരുവാനുള്ളതിനെയത്രേ നാം അന്വേഷിക്കുന്നത്.

15അതുകൊണ്ടു നമുക്ക് അവിടുത്തെ നാമം ഏറ്റുപറയുന്ന അധരഫലം എന്ന സ്തോത്രയാഗം യേശുമുഖാന്തരം ദൈവത്തിനു നിരന്തരമായി അർപ്പിക്കാം. 16നന്മ ചെയ്യുവാനും നിങ്ങൾക്കുള്ളതു മറ്റുള്ളവരുമായി പങ്കുവയ്ക്കുവാനും മറക്കരുത്. ഈവിധ യാഗങ്ങളിലാണു ദൈവം പ്രസാദിക്കുന്നത്.

17നിങ്ങളെ നയിക്കുന്നവരെ അനുസരിച്ച് അവർക്കു കീഴടങ്ങിയിരിപ്പിൻ. കണക്കു ബോധിപ്പിക്കേണ്ടവരെന്ന നിലയ്ക്ക് അവർ നിങ്ങളുടെ ആത്മാക്കളെക്കുറിച്ചു ജാഗ്രത പുലർത്തുന്നവരാണ്. അവരുടെ പ്രവർത്തനം ഒരു ഭാരമല്ല, സന്തോഷമായിരിക്കേണ്ടതിനു നിങ്ങൾ അവരെ അനുസരിപ്പിൻ, അല്ലാത്തപക്ഷം അതു നിങ്ങൾക്കു നന്മ വരുത്തുകയില്ല.

18ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിപ്പിൻ. എല്ലാ പ്രകാരത്തിലും മാന്യമായി ജീവിക്കുവാൻ ആഗ്രഹിക്കുന്നതിനാൽ ഞങ്ങൾക്കു നല്ല മനസ്സാക്ഷിയുണ്ടെന്നു ഞങ്ങൾക്കു നല്ല ഉറപ്പുണ്ട്. 19എന്നെ നിങ്ങൾക്കു വേഗം തിരിച്ചുകിട്ടുവാൻ പ്രാർത്ഥിക്കണമെന്നു ഞാൻ വിശേഷാൽ അഭ്യർത്ഥിക്കുന്നു.

20നിത്യനിയമത്തിന്റെ രക്തത്താൽ, ആടുകളുടെ വലിയ ഇടയനായ നമ്മുടെ കർത്താവായ യേശുവിനെ മരിച്ചവരിൽനിന്നു മടക്കിവരുത്തിയ സമാധാനത്തിന്റെ ദൈവം 21നിങ്ങളെ അവിടുത്തെ ഇഷ്ടം ചെയ്യുവാൻതക്കവണ്ണം സകല നന്മകളാലും സമ്പൂർണ്ണരാക്കുകയും അവിടുത്തേക്കു പ്രസാദമുള്ളത് യേശുക്രിസ്തുമുഖാന്തരം നമ്മിൽ നിറവേറ്റുകയും ചെയ്യുമാറാകട്ടെ; അവിടുത്തേക്ക് എന്നുമെന്നേക്കും മഹത്ത്വം, ആമേൻ.

22സഹോദരരേ, എന്റെ ഈ പ്രബോധനവചനങ്ങൾ ക്ഷമയോടെ ശ്രദ്ധിക്കുവിൻ. ചുരുക്കമായിട്ടാണല്ലോ ഞാൻ നിങ്ങൾക്ക് എഴുതിയിരിക്കുന്നത്.

23നമ്മുടെ സഹോദരനായ തിമൊഥെയോസ് വിമോചിതനായിരിക്കുന്നുവെന്ന് അറിഞ്ഞുകൊൾവിൻ. അവൻ വേഗം എത്തിയാൽ, ഞാൻ അവനോടൊപ്പം നിങ്ങളെ വന്നു കാണും.

24നിങ്ങളെ നയിക്കുന്ന എല്ലാവർക്കും സകല വിശുദ്ധർക്കും വന്ദനം പറയുവിൻ. ഇറ്റലിക്കാർ അവരുടെ ശുഭാശംസകൾ നിങ്ങളെ അറിയിക്കുന്നു.

25കൃപ നിങ്ങളെല്ലാവരോടുംകൂടെ ഇരിക്കുമാറാകട്ടെ.

യാക്കോബ്

1 ദൈവത്തിന്റെയും കർത്താവായ യേശു
ക്രിസ്തുവിന്റെയും ദാസനായ യാക്കോബ്
ചിതറിപ്പാർക്കുന്ന പന്ത്രണ്ടു ഗോത്രങ്ങൾക്കും
എഴുതുന്നത്:

നിങ്ങൾക്കു വന്ദനം.

പരീക്ഷകൾ

2എന്റെ സഹോദരരേ, വിവിധ പരീക്ഷകൾ
നേരിടുമ്പോൾ അതു തികച്ചും സന്തോഷകര
മെന്നു കരുതുവിൻ; 3വിശ്വാസത്തിന്റെ പരി
ശോധന സഹിഷ്ണുത ഉളവാക്കുന്നുവെന്നു
നിങ്ങൾ അറിയുന്നുവല്ലോ. 4നിങ്ങൾ ഒന്നിലും
കുറവില്ലാതെ പക്വതയും പൂർണ്ണതയും
ഉള്ളവരാകേണ്ടതിനു സഹിഷ്ണുത അതിന്റെ
പൂർണ്ണഫലം പുറപ്പെടുവിക്കട്ടെ. 5നിങ്ങളിൽ
ഒരാൾക്കു ജ്ഞാനം കുറവാണെങ്കിൽ അയാൾ
ദൈവത്തോടു യാചിക്കണം; എന്നാൽ അത്
അയാൾക്കു ലഭിക്കും. അവിടുന്ന് ആരെയും കുറ്റ
പ്പെടുത്താതെ, എല്ലാവർക്കും ഔദാര്യത്തോടെ
നല്കുന്നവനാണ്. 6എന്നാൽ അയാൾ തെല്ലും
സംശയിക്കാതെ വിശ്വാസത്തോടെ യാചി
ക്കണം; സംശയിക്കുന്നവൻ കാറ്റിൽ ഇളകി മറി
യുന്ന കടൽത്തിരയ്ക്കു തുല്യൻ. 7അങ്ങനെയു
ള്ളയാൾ കർത്താവിൽനിന്ന് എന്തെങ്കിലും ലഭി
ക്കും എന്നു ചിന്തിക്കരുത്; 8ഇരുമനസ്സുള്ള ആ
മനുഷ്യൻ തന്റെ എല്ലാ വഴികളിലും അസ്ഥി
രൻ ആണ്.

9എളിയ സഹോദരൻ തന്റെ ഉയർച്ചയിൽ
അഭിമാനിക്കട്ടെ. 10എന്നാൽ ധനികൻ പുല്ലിന്റെ
പൂവുപോലെ വാടിപ്പോകുന്നവനാകയാൽ ത
ന്റെ താഴ്ചയിൽമാത്രം അഭിമാനിക്കട്ടെ. 11സൂ
ര്യൻ കൊടുംചൂടോടെ ഉദിച്ചുയരുമ്പോൾ പുല്ലു
വാടുകയും പൂ വീണുപോകയും അതിന്റെ
ഭംഗി മാഞ്ഞുപോകയും ചെയ്യുന്നു. അതുപോ
ലെതന്നെ ധനവാനും തന്റെ പ്രയത്നങ്ങൾ
ക്കിടയിൽ മങ്ങിമറഞ്ഞു പോകുന്നു.

12പരീക്ഷ സഹിഷ്ണുതയോടെ നേരിടുന്ന
മനുഷ്യൻ ഭാഗ്യവാൻ; അയാൾ അംഗീകാരയോ
ഗ്യനായി തെളിഞ്ഞശേഷം തന്നെ സ്നേഹി
ക്കുന്നവർക്കു കർത്താവു വാഗ്ദാനംചെയ്ത
ജീവകിരീടം പ്രാപിക്കും.

13പരീക്ഷിക്കപ്പെടുമ്പോൾ, "ദൈവം എന്നെ
പരീക്ഷിക്കുന്നു" എന്ന് ആരും പറയരുത്;
ദൈവം ദോഷങ്ങളാൽ പരീക്ഷിതനാവുന്നില്ല;
താൻ ആരെയും പരീക്ഷിക്കുന്നതുമില്ല. 14ഓ
രോരുത്തൻ പരീക്ഷിക്കപ്പെടുന്നതു സ്വന്തം ദുർ
മ്മോഹങ്ങൾ അവനെ ആകർഷിച്ചു വശീകരി
ക്കുമ്പോഴത്രേ. 15മോഹം ഗർഭം ധരിച്ചു പാ
പത്തെ പ്രസവിക്കുന്നു; പാപം പൂർണ്ണ വളർച്ച
യെത്തുമ്പോൾ മരണത്തെ ഉളവാക്കുന്നു.

16എന്റെ പ്രിയ സഹോദരരേ, വഞ്ചിക്കപ്പെട
രുത്. 17നല്ലതും പൂർണ്ണവുമായ എല്ലാ ദാനങ്ങ
ളും ഉയരത്തിൽനിന്ന്, സ്വർഗ്ഗീയപ്രകാശങ്ങളു
ടെ പിതാവിങ്കൽനിന്ന് ഇറങ്ങിവരുന്നു; മാറി
ക്കൊണ്ടിരിക്കുന്ന നിഴലുകൾക്കുതുല്യം അവി
ടുന്നു മാറിപ്പോകുന്നവനല്ല. 18നാം അവിടുത്തെ
സൃഷ്ടികളിൽ, ഒരു വിധത്തിലുള്ള ആദ്യഫലം
ആകേണ്ടതിന് അവിടുന്ന് തിരുഹിതപ്രകാരം
സത്യവചനത്താൽ നമ്മെ ജനിപ്പിച്ചിരിക്കുന്നു.

കേൾവിയും പ്രവൃത്തിയും

19എന്റെ പ്രിയ സഹോദരരേ, ഇതു ശ്രദ്ധി
ക്കുവിൻ: ഏതു മനുഷ്യനും കേൾപ്പാൻ
വേഗതയും സംസാരിപ്പാൻ സാവധാനവും കോ
പിപ്പാൻ താമസവും ഉള്ളവനായിരിക്കണം.
20മനുഷ്യന്റെ കോപം ദൈവത്തിന്റെ നീ
തിയെ നിറവേറ്റുന്നില്ല. 21ആകയാൽ സകല
അശുദ്ധിയും വർദ്ധിച്ച ദുഷ്ടതയും വിട്ടുകളഞ്ഞ്,
നിങ്ങളിൽ നട്ടിരിക്കുന്നതും നിങ്ങളെ രക്ഷി
പ്പാൻ ശക്തവുമായ വചനം വിനയത്തോടെ
കൈക്കൊള്ളുവിൻ.

22വചനം കേൾക്കുകമാത്രം ചെയ്തുകൊണ്ട്
സ്വയം വഞ്ചിക്കാതെ അത് അനുഷ്ഠിക്കുന്നവരാ
യിരിപ്പിൻ. 23വചനം കേൾക്കുന്നവനെങ്കിലും
അതിൻപ്രകാരം പ്രവർത്തിക്കാത്തവൻ കണ്ണാ
ടിയിൽ തന്റെ മുഖം നോക്കുന്നവനോടു തു
ല്യൻ; 24അവൻ തന്നെത്തന്നേ കണ്ടിട്ടു കടന്നു
പോകുന്നു; ഉടൻതന്നേ തന്റെ രൂപം മറന്നു
പോവുകയും ചെയ്യുന്നു. 25എന്നാൽ സ്വാത

ന്ത്യത്തിന്റെ തികഞ്ഞ ന്യായപ്രമാണം സൂക്ഷിച്ചുനോക്കി അതിൽ നിലനില്ക്കുന്നവൻ കേട്ടു മറക്കുന്നവനാകാതെ, കേട്ടതു ചെയ്യുന്നവനായി തന്റെ പ്രവൃത്തിമൂലം അനുഗൃഹീതനായിത്തീരും.

26ആരെങ്കിലും തന്നെത്തന്നേ ഭക്തൻ എന്നു കരുതുകയും അതേസമയം തന്റെ നാവിനു കടിഞ്ഞാൺ ഇടാതിരിക്കുകയും ചെയ്യുന്നുവെങ്കിൽ അയാൾ ഹൃദയത്തെ വഞ്ചിക്കുകയാണ്; അയാളുടെ ഭക്തി നിഷ്പ്രയോജനമത്രേ. 27പിതാവായ ദൈവത്തിന്റെ ദൃഷ്ടിയിൽ ശുദ്ധവും നിർമ്മലവുമായ ഭക്തിയോ, അനാഥരെയും വിധവമാരെയും അവരുടെ സങ്കടത്തിൽ സന്ദർശിക്കുന്നതും ലോകത്തിന്റെ മാലിന്യം ഏല്ക്കാതെ സ്വയം കാത്തുകൊള്ളുന്നതും ആകുന്നു.

പക്ഷഭേദം പാടില്ല

2 എന്റെ സഹോദരരേ, തേജസ്സുള്ളവനായ, നമ്മുടെ കർത്താവായ യേശുക്രിസ്തുവിൽ വിശ്വസിക്കുന്ന നിങ്ങൾ മുഖപക്ഷം കാണിക്കരുത്. 2നിങ്ങളുടെ സഭായോഗത്തിൽ പൊൻമോതിരവും പകിട്ടുള്ള വസ്ത്രവും ധരിച്ച ഒരുവനും മുഷിഞ്ഞവേഷം ധരിച്ച ഒരു ദരിദ്രനും വരുന്നു എന്നിരിക്കട്ടെ. 3നിങ്ങൾ വിശിഷ്ട വസ്ത്രം ധരിച്ചവനെ പ്രത്യേകം ശ്രദ്ധിച്ചുകൊണ്ട്, 'ഈ നല്ല സ്ഥാനത്ത് ഇരുന്നാലും' എന്നു പറയുകയും, ദരിദ്രനോട്, 'നീ അവിടെ നില്ക്കൂ' എന്നോ 'എന്റെ കാല്ക്കൽ ഇരിക്കൂ' എന്നോ പറയുകയും ചെയ്യുന്നുവെങ്കിൽ 4നിങ്ങൾ നിങ്ങളുടെ ഇടയിൽത്തന്നേ പക്ഷഭേദം കാണിക്കുകയും ദുരുദ്ദേശ്യത്തോടെ വിധിക്കുകയും അല്ലേ ചെയ്യുന്നത്?

5എന്റെ പ്രിയ സഹോദരരേ, ശ്രദ്ധിപ്പിൻ: ദൈവം ഈ ലോകത്തിലെ ദരിദ്രരെ വിശ്വാസത്തിൽ സമ്പന്നരും തന്നെ സ്നേഹിക്കുന്നവർക്കു വാഗ്ദാനം ചെയ്തിട്ടുള്ള രാജ്യത്തിന്റെ അവകാശികളുമായി തിരഞ്ഞെടുത്തില്ലേ? 6നിങ്ങളോ ദരിദ്രനെ അപമാനിച്ചിരിക്കുന്നു. ധനികരല്ലേ നിങ്ങളെ പീഡിപ്പിക്കുകയും കോടതിയിലേക്കു വലിച്ചിഴയ്ക്കുകയും ചെയ്യുന്നത്? 7നിങ്ങൾക്കു നല്കപ്പെട്ട ശ്രേഷ്ഠനാമത്തെ അവരല്ലേ ദുഷിക്കുന്നത്?

8എന്നാൽ "അയല്ക്കാരനെ നിന്നെപ്പോലെതന്നേ സ്നേഹിക്കണം" [a] എന്ന തിരുവെഴുത്ത് അനുസരിച്ചു രാജകീയനിയമം പാലിക്കുന്നുവെങ്കിൽ നിങ്ങൾ ഉത്തമമായതു പ്രവർത്തിക്കുന്നു. 9പക്ഷഭേദം കാണിക്കുന്നുവെങ്കിലോ നിങ്ങൾ പാപം ചെയ്യുന്നു; നിങ്ങൾ കുറ്റക്കാരെന്നു ന്യായപ്രമാണത്താൽ വിധിക്കപ്പെടുകയും ചെയ്യുന്നു. 10ന്യായപ്രമാണം സകലവും അനുസരിക്കുകയും ഒരു കാര്യത്തിൽ തെറ്റിപ്പോകുകയും ചെയ്യുന്നവൻ, സകലത്തിനും കുറ്റക്കാരനാണ്. 11കാരണം, "വ്യഭിചാരം ചെയ്യരുത്" [b] എന്നു കല്പിച്ചവൻ "കൊല ചെയ്യരുത്" [c] എന്നും കല്പിച്ചിരിക്കുന്നു. വ്യഭിചാരം ചെയ്യുന്നില്ലെങ്കിലും കൊല ചെയ്യുന്നെങ്കിൽ നീ ന്യായപ്രമാണം ലംഘിച്ചിരിക്കുന്നു.

12സ്വാതന്ത്ര്യത്തിന്റെ ന്യായപ്രമാണത്താൽ വിധിക്കപ്പെടുവാനുള്ളവരെപ്പോലെ സംസാരിക്കുകയും പ്രവർത്തിക്കുകയും ചെയ്യുവിൻ. 13കരുണ കാണിക്കാത്തവനു കരുണയില്ലാത്ത ന്യായവിധി ഉണ്ടാകും. കരുണ ന്യായവിധിയുടെമേൽ വിജയം നേടുന്നു.

വിശ്വാസവും പ്രവൃത്തികളും

14എന്റെ സഹോദരരേ, ഒരാൾ തനിക്കു വിശ്വാസം ഉണ്ടെന്നു പറയുകയും പ്രവൃത്തികൾ ഇല്ലാതിരിക്കുകയും ചെയ്താൽ എന്തു പ്രയോജനം? ആ വിശ്വാസം അയാളെ രക്ഷിക്കുമോ? 15ഒരു സഹോദരനോ സഹോദരിക്കോ വസ്ത്രവും ഭക്ഷണവും ഇല്ലാതിരിക്കുന്നു എന്നു വയ്ക്കുക. 16നിങ്ങളിൽ ഒരാൾചെന്ന് അയാളോട്: "സമാധാനത്തോടെ പോയി തീകായുക, ഭക്ഷണം കഴിക്കുക" എന്നു പറയുന്നതല്ലാതെ അയാളുടെ ദേഹരക്ഷയ്ക്ക് ഒന്നും ചെയ്യുന്നില്ലെങ്കിൽ അതുകൊണ്ട് എന്തു പ്രയോജനം? 17അതിനാൽ പ്രവൃത്തി ഇല്ലാത്ത വിശ്വാസം സ്വതേ നിർജ്ജീവമാണ്.

18എന്നാൽ, "നിനക്കു വിശ്വാസമുണ്ട്; എനിക്കു പ്രവൃത്തികളുണ്ട്" എന്ന് ഒരാൾ പറഞ്ഞേക്കാം.

പ്രവൃത്തികൾകൂടാതെയുള്ള നിന്റെ വിശ്വാസം എനിക്കു കാണിച്ചു തരിക, പ്രവൃത്തിയിലൂടെ എന്റെ വിശ്വാസം ഞാനും കാണിച്ചുതരാം. 19ദൈവം ഏകൻ എന്നു നീ വിശ്വസിക്കുന്നു. നല്ലതുതന്നേ! പിശാചുക്കൾപോലും അതു വിശ്വസിക്കുകയും നടുങ്ങുകയും ചെയ്യുന്നു.

20ഭോഷനായ മനുഷ്യാ, പ്രവൃത്തികൾ ഇല്ലാത്ത വിശ്വാസം നിഷ്പ്രയോജനം എന്നു നിനക്കു തെളിയിച്ചുതരണമോ? 21നമ്മുടെ പിതാവായ അബ്രാഹാം പുത്രനായ യിസ്ഹാക്കിനെ യാഗപീഠത്തിന്മേൽ അർപ്പിച്ചപ്പോൾ, പ്രവൃത്തിയാൽ അല്ലേ നീതീകരിക്കപ്പെട്ടത്? 22അദ്ദേഹത്തിന്റെ വിശ്വാസം പ്രവൃത്തിയോടൊപ്പം വ്യാപരിച്ചുവെന്നും പ്രവൃത്തിയാൽ വിശ്വാസം പൂർത്തീകരിക്കപ്പെട്ടുവെന്നും നിങ്ങൾ കാണുന്നുവല്ലോ? 23"അബ്രാഹാം ദൈവത്തെ വിശ്വസിച്ചു. അത് അദ്ദേഹത്തിനു നീതിയായി

[a] 8 ലേവ്യ 19:18 [b] 11 പുറപ്പാട് 20:14, ആവർത്തനം 5:18 [c] 11 പുറപ്പാട് 20:13, ആവർത്തനം 5:17

കണക്കിട്ടു"[a] എന്നുള്ള തിരുവെഴുത്ത് ഇങ്ങനെ നിറവേറുകയും അദ്ദേഹം ദൈവത്തിന്റെ സ്നേഹിതൻ എന്നു വിളിക്കപ്പെടുകയും ചെയ്തു. 24അങ്ങനെ മനുഷ്യൻ വിശ്വാസത്താൽ മാത്രമല്ല, പ്രവൃത്തികളാലത്രേ നീതീകരിക്കപ്പെടുന്നത് എന്നു നിങ്ങൾ കാണുന്നു.

25അതുപോലെ രാഹാബ് എന്ന വേശ്യയും ആ രഹസ്യദൂതന്മാരെ സ്വീകരിക്കുകയും അവരെ വേറൊരു വഴിക്കു പറഞ്ഞയയ്ക്കുകയും ചെയ്തപ്പോൾ പ്രവൃത്തികളാൽ അല്ലേ നീതീകരിക്കപ്പെട്ടത്? 26ഇങ്ങനെ, ആത്മാവില്ലാത്ത ശരീരം നിർജ്ജീവമായിരിക്കുന്നതുപോലെ പ്രവൃത്തിയില്ലാത്ത വിശ്വാസവും നിർജ്ജീവമാകുന്നു.

നാവിനെ സൂക്ഷിക്കുക

3 എന്റെ സഹോദരരേ, നിങ്ങളിൽ അധികംപേർ ഉപദേഷ്ടാക്കൾ ആകരുത്; ഉപദേശിക്കുന്നവരായ നമുക്ക് അധികം കർശനമായ ന്യായവിധി ഉണ്ടാകുമെന്നു നിങ്ങൾ അറിയാമല്ലോ. 2നാമെല്ലാവരും പലതിലും തെറ്റിപ്പോകുന്നു. ഒരാൾ വാക്കിൽ തെറ്റിപ്പോകാതിരുന്നാൽ അയാൾ ശരീരത്തെ മുഴുവൻ നിയന്ത്രിപ്പാൻ കഴിവുള്ള സൽഗുണപൂർണ്ണനായ മനുഷ്യനാണ്.

3കുതിരയെ അനുസരിപ്പിക്കുവാൻ നാം അതിന്റെ വായിൽ കടിഞ്ഞാൺ ഇട്ട് ശരീരം മുഴുവനും തിരിക്കുന്നു. 4കപ്പലിന്റെ ദൃഷ്ടാന്തവും നോക്കാം. അതു വളരെ വലിപ്പം ഉള്ളതും ശക്തമായ കാറ്റിനാൽ ഓടുന്നതുമെങ്കിലും അമരക്കാരൻ ഒരു ചെറിയ ചുക്കാൻകൊണ്ട് അതിനെ തിരിച്ച് ഇഷ്ടമുള്ള സ്ഥലത്തേക്കു കൊണ്ടുപോകുന്നു. 5ഇങ്ങനെ, നാവും ചെറിയൊരു അവയവമെങ്കിലും വളരെ വമ്പു പറയുന്നു. ഒരു ചെറിയ തീപ്പൊരി വലിയ വനം ദഹിപ്പിക്കുന്നു. 6നാവും ഒരു തീ തന്നെ. അവയവങ്ങളുടെ കൂട്ടത്തിൽ അതു തിന്മയുടെ ഒരു പ്രപഞ്ചം തന്നെയാണ്. അതു വ്യക്തിയെ മുഴുവനായി ദുഷിപ്പിക്കുകയും ജീവിതചക്രത്തിനു തീ കൊളുത്തുകയും നരകത്താൽ അതു സ്വയം ദഹിക്കുകയും ചെയ്യുന്നു.

7എല്ലാവിധ മൃഗങ്ങളും പക്ഷികളും ഇഴജന്തുക്കളും കടലിലെ ജീവികളും മെരുങ്ങുന്നവയാണ്; മനുഷ്യൻ അവയെ മെരുക്കിയുമിരിക്കുന്നു. 8എന്നാൽ നാവിനെ മെരുക്കാൻ ആർക്കും സാധ്യമല്ല. അത് അടങ്ങാത്ത ദോഷമാണ്; മാരകമായ വിഷം നിറഞ്ഞതുമാണ്.

9നാവിനാൽ നാം നമ്മുടെ കർത്താവും പിതാവുമായവനെ സ്തുതിക്കുന്നു; അതേ നാവുകൊണ്ടുതന്നെ ദൈവസാദൃശ്യത്തിൽ സൃഷ്ടിക്കപ്പെട്ട മനുഷ്യനെ ശപിക്കുകയും ചെയ്യുന്നു. 10ഇങ്ങനെ ഒരേ വായിൽനിന്നു സ്തോത്രവും ശാപവും പുറപ്പെടുന്നു. എന്റെ സഹോദരരേ, ഇത് ഉചിതമല്ല. 11ഒരേ ഉറവിൽനിന്നുതന്നേ ശുദ്ധജലവും ഉപ്പുവെള്ളവും പ്രവഹിക്കുമോ? 12എന്റെ സഹോദരരേ, അത്തിവൃക്ഷത്തിന് ഒലിവുപഴവും മുന്തിരിവള്ളിക്ക് അത്തിപ്പഴവും പുറപ്പെടുവിക്കാൻ കഴിയുമോ? ഉപ്പുറവയിൽനിന്ന് ഒരിക്കലും ശുദ്ധജലം പുറപ്പെടുകയില്ല.

രണ്ടുതരം ജ്ഞാനം

13നിങ്ങളിൽ ജ്ഞാനവും വിവേകവും ഉള്ളവൻ ആര്? അയാൾ ജ്ഞാനലക്ഷണമായ വിനയത്തോടെ നല്ല ജീവിതംകൊണ്ടു തന്റെ പ്രവൃത്തികളെ കാണിക്കട്ടെ. 14എന്നാൽ നിങ്ങൾക്കു ഹൃദയത്തിൽ കയ്പു നിറഞ്ഞ ഈർഷ്യയും സ്വാർത്ഥമോഹവും ഉണ്ടെങ്കിൽ ജ്ഞാനത്തെക്കുറിച്ചു പ്രശംസിക്കരുത്; അത് സത്യനിഷേധമാണ്. 15അത്തരം 'ജ്ഞാനം' ഉയരത്തിൽനിന്നുള്ളതല്ല; അതു ഭൗമികവും അനാത്മികവും പൈശാചികവുമത്രേ. 16കാരണം, അസൂയയും സ്വാർത്ഥമോഹവും ഉള്ളേടത്തു കലക്കവും എല്ലാ ദുഷ്പ്രവൃത്തികളും ഉണ്ട്.

17എന്നാൽ ഉയരത്തിൽനിന്നുള്ള ജ്ഞാനം ഒന്നാമതു നിർമ്മലമായിരിക്കും; കൂടാതെ, സമാധാനവും സൗമ്യതയും അനുസരണവും ഉള്ളതും കരുണയും സൽഫലങ്ങളും നിറഞ്ഞതും, പക്ഷപാതവും കാപട്യവും ഇല്ലാത്തതും ആയിരിക്കും. 18സമാധാനം ഉണ്ടാക്കുന്നവർ സമാധാനത്തിൽ വിതച്ചു നീതിയെന്ന ഫലം കൊയ്യും.

ദൈവത്തിനു കീഴ്പ്പെടുവിൻ

4 നിങ്ങളുടെ ഇടയിൽ ശണ്ഠകളും കലഹങ്ങളും ഉണ്ടാകുവാൻ കാരണം എന്ത്? നിങ്ങളുടെ ഉള്ളിൽ പോരാടുന്ന മോഹങ്ങളിൽ നിന്നല്ലയോ അവ ഉണ്ടാകുന്നത്? 2നിങ്ങൾ മോഹിക്കുന്നു, എന്നാൽ പ്രാപിക്കുന്നില്ല. നിങ്ങൾ കൊല്ലുകയും ദുരാഗ്രഹം കാണിക്കുകയും ചെയ്യുന്നു; എന്നാൽ ആഗ്രഹിക്കുന്നതു ലഭിക്കുന്നില്ല. നിങ്ങൾ കലഹിക്കുകയും പോരാടുകയും ചെയ്യുന്നു. നിങ്ങൾ യാചിക്കായ്കകൊണ്ടു നിങ്ങൾക്കു ലഭിക്കുന്നില്ല. 3നിങ്ങൾ യാചിക്കുന്നുവെങ്കിലും കിട്ടുന്നതു സുഖഭോഗങ്ങൾക്കുവേണ്ടി ചെലവിടണം എന്ന ദുരുദ്ദേശ്യത്തോടെ യാചിക്കുന്നതുകൊണ്ടു നിങ്ങൾക്കു ലഭിക്കാതിരിക്കുന്നു.

4ദൈവത്തെ തൃജിച്ച അവിശ്വസ്തരേ, ലോകസ്നേഹം ദൈവത്തോടുള്ള ശത്രുത്വമാണെന്നു നിങ്ങൾ അറിയുന്നില്ലേ? അതിനാൽ

[a] 23 ഉൽപത്തി 15:6

ലോകത്തിന്റെ സ്നേഹിതനാകാൻ ആഗ്രഹിക്കുന്നവൻ ദൈവത്തിന്റെ ശത്രുവായിത്തീരുന്നു. 5'ദൈവം നമ്മിൽ നിവസിപ്പിച്ചിരിക്കുന്ന ആത്മാവിനെ വാഞ്ഛ അതിതീക്ഷ്ണമാണ്' എന്ന തിരുവെഴുത്തു വ്യർത്ഥമെന്നു നിങ്ങൾ ചിന്തിക്കുന്നുവോ? 6അവിടുന്ന് നമുക്ക് അധികം കൃപ നല്കുന്നു.

'ദൈവം നിഗളികളോട്
എതിർത്തു നില്ക്കുന്നു;
താഴ്മയുള്ളവർക്കോ
കൃപ നല്കുന്നു' [a]

എന്നു തിരുവെഴുത്തു പറയുന്നത് അതുകൊണ്ടത്രേ.

7ആകയാൽ നിങ്ങളെത്തന്നെ ദൈവത്തിനു കീഴ്പ്പെടുത്തുവിൻ; പിശാചിനോട് എതിർത്തു നില്ക്കുവിൻ; അപ്പോൾ അവൻ നിങ്ങളെ വിട്ട് ഓടിപ്പോകും. 8ദൈവത്തോട് അടുത്തുചെല്ലുവിൻ; അവിടുന്നു നിങ്ങളോട് അടുത്തുവരും. പാപികളേ, കൈകൾ വെടിപ്പാക്കുവിൻ; ഇരുമനസ്സുള്ളവരേ, ഹൃദയങ്ങൾ ശുദ്ധീകരിക്കുവിൻ. 9വ്യാകുലപ്പെട്ടു കരയുവിൻ; വിലപിക്കുവിൻ; നിങ്ങളുടെ ചിരി കരച്ചിലായും സന്തോഷം വിഷാദമായും മാറട്ടെ. 10ദൈവസന്നിധിയിൽ നിങ്ങളെത്തന്നെ താഴ്ത്തുവിൻ; എന്നാൽ അവിടുന്ന് നിങ്ങളെ ഉയർത്തും.

11സഹോദരരേ, അന്യോന്യം ദുഷിക്കരുത്. സഹോദരനു വിരോധമായി സംസാരിക്കുകയോ സഹോദരനെ വിധിക്കുകയോ ചെയ്യുന്നവൻ ന്യായപ്രമാണത്തിനു വിരോധമായി സംസാരിക്കുകയും ന്യായപ്രമാണത്തെ വിധിക്കുകയും ചെയ്യുന്നു. ന്യായപ്രമാണത്തെ വിധിക്കുമ്പോൾ നീ അതിനെ പാലിക്കുകയല്ല, അതിന്റെ വിധികർത്താവാകുകയാണ്. 12ന്യായപ്രമാണദാതാവും ന്യായകർത്താവും ഒരാൾമാത്രം; രക്ഷിക്കുവാനും നശിപ്പിക്കുവാനും ശക്തിയുള്ളവൻ തന്നേ. അയല്ക്കാരനെ വിധിക്കുവാൻ നീ ആര്?

നാളെയെക്കുറിച്ചു പ്രശംസിക്കരുത്

13"ഇന്നോ നാളെയോ ഞങ്ങൾ ഇന്ന പട്ടണത്തിൽ ചെന്ന് ഒരു വർഷം വ്യാപാരംചെയ്ത് ആദായം ഉണ്ടാക്കും" എന്നു പറയുന്നവരേ, കേൾപ്പിൻ: 14നാളെ എന്തു സംഭവിക്കും എന്നു നിങ്ങൾ അറിയുന്നില്ലല്ലോ. നിങ്ങളുടെ ജീവിതം എന്താണ്? അല്പനേരത്തേക്കു കാണപ്പെടുന്നതും പിന്നെ മാഞ്ഞുപോകുന്നതുമായ മൂടൽമഞ്ഞു മാത്രമല്ലേ? 15"കർത്താവിന് ഇഷ്ടമെങ്കിൽ ഞങ്ങൾ ജീവിച്ചിരുന്ന് ഇന്നതൊക്കെ ചെയ്യും" എന്നല്ലേ നിങ്ങൾ പറയേണ്ടത്? 16നിങ്ങളാകട്ടെ, വമ്പു പറയുകയും സ്വയം പ്രശംസിക്കുകയും ചെയ്യുന്നു. ഇത്തരം ആത്മപ്രശംസയെല്ലാം ദോഷമാണ്. 17താൻ ചെയ്യേണ്ട നന്മ എന്താണെന്നറിഞ്ഞിട്ടും അതു ചെയ്യാത്തവൻ പാപംചെയ്യുന്നു.

പീഡകരായ ധനികരോട്

5 അല്ലയോ ധനികരേ, നിങ്ങളുടെമേൽ വരാനിരിക്കുന്ന ദുരിതങ്ങൾനിമിത്തം കരഞ്ഞു മുറയിടുവിൻ. 2നിങ്ങളുടെ സമ്പത്ത് ദ്രവിച്ചും വസ്ത്രങ്ങൾ പുഴു അരിച്ചും പോയിരിക്കുന്നു. 3നിങ്ങളുടെ സ്വർണ്ണവും വെള്ളിയും കറപിടിച്ചിരിക്കുന്നു. ആ കറ നിങ്ങൾക്കു വിരോധമായി സാക്ഷ്യം പറയുകയും തീപോലെ നിങ്ങളുടെ ജഡത്തെ തിന്നുകളയുകയും ചെയ്യും. അന്ത്യനാളുകളിൽ നിങ്ങൾ സമ്പത്തു കൂട്ടിവച്ചിരിക്കുന്നു. 4നോക്കൂ, നിങ്ങളുടെ നിലങ്ങൾ കൊയ്തവർക്കുള്ള കൂലി നിങ്ങൾ പിടിച്ചുവച്ചതു നിങ്ങൾക്കെതിരേ നിലവിളിക്കുന്നു. കൊയ്ത്തുകാരുടെ നിലവിളി സൈന്യങ്ങളുടെ കർത്താവിന്റെ കാതുകളിൽ എത്തിയിരിക്കുന്നു. 5ഭൂമിയിൽ നിങ്ങൾ സുഖഭോഗതല്പരരായി ആഡംബരജീവിതം നയിച്ചു. കൊലദിവസത്തിനെന്നപോലെ ഹൃദയങ്ങളെ നിങ്ങൾ കൊഴുപ്പിച്ചിരിക്കുന്നു. 6നിങ്ങളോട് എതിർക്കാതിരുന്ന നീതിമാനെ നിങ്ങൾ കുറ്റം വിധിക്കുകയും കൊല്ലുകയും ചെയ്തു.

കഷ്ടതയിൽ ദീർഘക്ഷമ

7സഹോദരരേ, കർത്താവിന്റെ വരവുവരെയും ദീർഘക്ഷമയോടിരിപ്പിൻ. ഭൂമി നല്കുന്ന വിലയേറിയ വിളവിനായി ഒരു കർഷകൻ മുൻമഴയും പിൻമഴയും പ്രതീക്ഷിച്ചുകൊണ്ട് എത്ര ക്ഷമയോടെ കാത്തിരിക്കുന്നു! 8നിങ്ങളും ക്ഷമയോടിരിപ്പിൻ; നിങ്ങളുടെ ഹൃദയം സ്ഥിരമാക്കുവിൻ; കർത്താവിന്റെ വരവു സമീപിച്ചിരിക്കുന്നു. 9നിങ്ങൾ വിധിക്കപ്പെടാതിരിക്കേണ്ടതിന് ആരും മറ്റൊരാൾക്കു വിരോധമായി പിറുപിറുക്കരുത്. ഇതാ ന്യായാധിപൻ വാതില്ക്കൽ നില്ക്കുന്നു!

10സഹോദരരേ, കർത്താവിന്റെ നാമത്തിൽ സംസാരിച്ച പ്രവാചകരെ സഹനത്തിനും ദീർഘക്ഷമയ്ക്കും മാതൃകയായി സ്വീകരിപ്പിൻ. 11സഹിഷ്ണുത നിലനിർത്തിയവരെ നാം ഭാഗ്യവാന്മാരായി കരുതുന്നു. ഇയ്യോബിന്റെ സഹിഷ്ണുതയെക്കുറിച്ചു നിങ്ങൾ കേൾക്കുകയും കർത്താവു വരുത്തിയ ശുഭാന്ത്യം കാണുകയും ചെയ്തിരിക്കുന്നു. കർത്താവു ദയയും കരുണയും നിറഞ്ഞവൻ തന്നേ.

12സർവ്വോപരി, എന്റെ സഹോദരരേ, നിങ്ങൾ സ്വർഗ്ഗത്തെയോ, ഭൂമിയെയോ മറ്റ് എന്തിനെയുമോചൊല്ലി ആണയിടരുത്. നിങ്ങൾ 'ഉവ്വ്'

[a] 6 സുഭാഷിതങ്ങൾ 3:34

എന്നു പറഞ്ഞാൽ അതു 'ഉവ്വ്' ആയിരിക്കട്ടെ; 'ഇല്ല' എന്നു പറഞ്ഞാൽ 'ഇല്ല' എന്നും ആയിരിക്കട്ടെ. അല്ലാത്തപക്ഷം നിങ്ങൾ ശിക്ഷാവിധിയിൽ അകപ്പെടും.

വിശ്വാസത്തോടെയുള്ള പ്രാർത്ഥന

13നിങ്ങളിൽ ആരെങ്കിലും കഷ്ടത സഹിക്കുന്നുവെങ്കിൽ അയാൾ പ്രാർത്ഥിക്കട്ടെ. സന്തോഷമനുഭവിക്കുന്നുവെങ്കിൽ പാട്ടു പാടട്ടെ. 14നിങ്ങളിൽ ആരെങ്കിലും രോഗിയാണെങ്കിൽ അയാൾ സഭയിലെ മൂപ്പന്മാരെ വിളിക്കട്ടെ. അവർ കർത്താവിന്റെ നാമത്തിൽ അയാളെ എണ്ണപൂശി അയാൾക്കുവേണ്ടി പ്രാർത്ഥിക്കട്ടെ. 15വിശ്വാസത്തോടെയുള്ള പ്രാർത്ഥന രോഗിക്കു സൗഖ്യം നല്കും. കർത്താവ് അയാളെ എഴുന്നേല്പിക്കും. അയാൾ പാപം ചെയ്തിട്ടുണ്ടെങ്കിൽ കർത്താവു ക്ഷമിക്കും. 16ആകയാൽ നിങ്ങൾക്കു സൗഖ്യം ലഭിക്കേണ്ടതിന് അന്യോന്യം പാപങ്ങൾ ഏറ്റുപറഞ്ഞ് ഓരോരുത്തർക്കുംവേണ്ടി മറ്റുള്ളവർ പ്രാർത്ഥിക്കണം. നീതിമാന്റെ പ്രാർത്ഥന ശക്തിയുള്ളതും ഫലിക്കുന്നതുമാകുന്നു.

17നമുക്കു സമസ്വഭാവമുള്ള മനുഷ്യനായിരുന്നു ഏലിയാവ്. മഴ പെയ്യാതിരിക്കാൻ അദ്ദേഹം ശ്രദ്ധയോടെ പ്രാർത്ഥിച്ചു; മൂന്നരവർഷത്തേക്കു ദേശത്തു മഴ പെയ്തില്ല. 18അദ്ദേഹം വീണ്ടും പ്രാർത്ഥിച്ചു; ആകാശം മഴ നല്കുകയും ഭൂമി വിളവ് ഉൽപാദിപ്പിക്കുകയും ചെയ്തു.

19എന്റെ സഹോദരരേ, നിങ്ങളിൽ ഒരാൾ സത്യംവിട്ടു തെറ്റിപ്പോകയും അയാളെ ആരെങ്കിലും തിരികെ കൊണ്ടുവരികയും ചെയ്യുന്നുവെങ്കിൽ, 20പാപിയെ തെറ്റിൽനിന്നു പിന്തിരിപ്പിക്കുന്നയാൾ അയാളെ മരണത്തിൽനിന്നു രക്ഷിക്കുകയും അനവധിയായ പാപങ്ങൾ മറച്ചുകളയുകയും ചെയ്യുന്നു എന്നു നിങ്ങൾ ഓർത്തുകൊൾവിൻ.

1 പത്രൊസ്

1 യേശുക്രിസ്തുവിന്റെ അപ്പൊസ്തലനായ പത്രൊസ്,

പിതാവായ ദൈവത്തിന്റെ മുന്നറിവിനാൽ, ആത്മാവിന്റെ വിശുദ്ധീകരണം പ്രാപിച്ച്, യേശുക്രിസ്തുവിനോട് അനുസരണം കാണിപ്പാനും അവിടുത്തെ രക്തത്താൽ തളിക്കപ്പെടുവാനുമായി തിരഞ്ഞെടുക്കപ്പെട്ടവരും, 2പൊന്തൊസ്, ഗലാത്യ, കപ്പദോക്യ, ആസ്യ, ബിഥുന്യ എന്നിവിടങ്ങളിൽ ചിതറിപ്പാർക്കുന്ന പരദേശികളുമായവർക്ക് എഴുതുന്നത്:

നിങ്ങൾക്കു കൃപയും സമാധാനവും സമൃദ്ധിയായി ഉണ്ടാകുമാറാകട്ടെ.

സജീവമായ പ്രത്യാശ

3നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ പിതാവായ ദൈവത്തിനു സ്തോത്രം. അവിടുന്ന് തന്റെ മഹാകരുണയാൽ, മരിച്ചവരിൽനിന്നുള്ള യേശുക്രിസ്തുവിന്റെ ഉയിർത്തെഴുന്നേല്പിലൂടെ, ജീവനുള്ള പ്രത്യാശയ്ക്കായും, 4നിങ്ങൾക്കുവേണ്ടി സ്വർഗ്ഗത്തിൽ സൂക്ഷിച്ചിരിക്കുന്നതും ക്ഷയം, മാലിന്യം, വാട്ടം എന്നിവ ഇല്ലാത്തതുമായ അവകാശത്തിനായും നമ്മെ വീണ്ടും ജനിപ്പിച്ചിരിക്കുന്നു. 5അന്ത്യകാലത്തു വെളിപ്പെടുവാൻ പോകുന്ന രക്ഷയ്ക്കായി, വിശ്വാസത്തിലൂടെ നിങ്ങൾ ദൈവശക്തിയാൽ കാത്തുസൂക്ഷിക്കപ്പെടുന്നു. 6ഇപ്പോൾ അല്പകാലത്തേക്കു പലവിധ പരിശോധനകളാൽ നിങ്ങൾ ദുഃഖിക്കുന്നുവെങ്കിലും ഈ രക്ഷയിൽ ആനന്ദിക്കുന്നു. 7തീയിൽ ശുദ്ധീകരിക്കപ്പെടുന്നതെങ്കിലും നശ്വരമായ സ്വർണ്ണത്തേക്കാൾ, പരിശോധനയെ അതിജീവിക്കുന്ന നിങ്ങളുടെ വിശ്വാസം അധികം വിലയേറിയതെന്ന് യേശുക്രിസ്തുവിന്റെ പ്രത്യക്ഷതയിൽ പുകഴ്ച്ചയ്ക്കും തേജസ്സിനും ബഹുമാനത്തിനുമായി കാണുവാൻ ഇടയാകും. 8അവിടുത്തെ നിങ്ങൾ കണ്ടിട്ടില്ലെങ്കിലും സ്നേഹിക്കുകയും ഇപ്പോൾ കാണാതെതന്നേ വിശ്വസിക്കുകയും ചെയ്യുന്നു. 9വിശ്വാസത്തിന്റെ ഫലമായ ആത്മരക്ഷ പ്രാപിക്കുമെന്നതിനാൽ നിങ്ങൾ അവർണ്ണനീയവും മഹിമയുള്ളതുമായ സന്തോഷത്തോടെ ആനന്ദിക്കുന്നു.

10നിങ്ങൾക്കു ലഭിപ്പാനിരുന്ന കൃപയെക്കുറിച്ചു സംസാരിച്ച പ്രവാചകർ ഈ രക്ഷയെ സംബന്ധിച്ച് അത്യന്തം സൂക്ഷ്മതയോടെ അന്വേഷിച്ചിരുന്നു. 11അവരിലുള്ള ക്രിസ്തുവിന്റെ ആത്മാവ് ക്രിസ്തുവിന് ഉണ്ടാകുവാനിരുന്ന കഷ്ടതകളെയും പിൻവരുന്ന മഹിമയെയും കുറിച്ചു പ്രവചിച്ചപ്പോൾ സൂചിപ്പിച്ചതെന്തെന്നും ഏതു സമയത്തേക്കുള്ളതെന്നും അവർ ആരാഞ്ഞുനോക്കി. 12അവർ തങ്ങൾക്കുവേണ്ടിയല്ല നിങ്ങൾക്കുവേണ്ടിയാണ് ആ ശുശ്രൂഷ നിറവേറ്റിയിരുന്നതെന്ന് അവർക്കു വെളിപ്പെട്ടു; സ്വർഗ്ഗത്തിൽനിന്ന് അയച്ചിരിക്കുന്ന പരിശുദ്ധാത്മാവിനാൽ നിങ്ങളോടു സുവിശേഷം അറിയിച്ചവർ പ്രസ്താവിച്ച ഇതേ കാര്യങ്ങളിലേക്കു ദൈവദൂതന്മാർപോലും എത്തിനോക്കുവാൻ ആഗ്രഹിക്കുന്നു.

വിശുദ്ധരാകുവിൻ

13ആകയാൽ മനസ്സൊരുക്കവും ആത്മനിയന്ത്രണവും ഉള്ളവരായി, യേശുക്രിസ്തുവിന്റെ പ്രത്യക്ഷതയിങ്കൽ നിങ്ങൾക്കു ലഭിക്കുവാനുള്ള കൃപയിൽ പൂർണ്ണപ്രത്യാശ വച്ചുകൊള്ളുവിൻ. 14നിങ്ങൾ അനുസരണമുള്ള മക്കൾ ആകയാൽ, നിങ്ങളുടെ അജ്ഞാനകാലത്തുണ്ടായിരുന്ന ദുർമ്മോഹങ്ങൾക്ക് ഇനിമേൽ കീഴ്പെടരുത്. 15നിങ്ങളെ വിളിച്ചവൻ വിശുദ്ധൻ ആയിരിക്കുന്നതുപോലെ നിങ്ങളും സകല പ്രവൃത്തികളിലും വിശുദ്ധരായിരിപ്പിൻ; 16"ഞാൻ വിശുദ്ധനാകയാൽ നിങ്ങളും വിശുദ്ധരാകുവിൻ"[a] എന്ന് എഴുതിയിരിക്കുന്നുവല്ലോ.

17മുഖപക്ഷം കൂടാതെ ഓരോരുത്തരുടേയും പ്രവൃത്തിക്കു തക്കതായി ന്യായം വിധിക്കുന്നവനെയാണു നിങ്ങൾ പിതാവെന്നു വിളിക്കുന്നതെങ്കിൽ നിങ്ങളുടെ പ്രവാസജീവിതം ഭയഭക്തിയോടെ നയിക്കുവിൻ. 18വ്യർത്ഥവും പരമ്പരാഗതവുമായ ജീവിതഗതിയിൽനിന്നു നിങ്ങളെ വീണ്ടെടുത്തിരിക്കുന്നത് വെള്ളി, പൊന്ന്

[a] 16 ലേവ്യ 11:44,45; 19:2; 20:7

മുതലായ നശ്വരവസ്തുക്കളാലല്ല, 19പിന്നെയോ ക്രിസ്തു എന്ന നിർദ്ദോഷവും നിഷ്കളങ്കവുമായ കുഞ്ഞാടിന്റെ വിലയേറിയ രക്തത്താലത്രേ എന്നു നിങ്ങൾ അറിയുന്നുവല്ലോ. 20അവിടുന്ന് ലോകസ്ഥാപനത്തിനുമുമ്പ് മുന്നറിയപ്പെട്ടവനും നിങ്ങൾക്കുവേണ്ടി അന്ത്യകാലത്തു വെളിപ്പെട്ടവനും ആകുന്നു. 21ക്രിസ്തു മുഖാന്തരം നിങ്ങൾ ദൈവത്തിൽ വിശ്വസിച്ചു; ദൈവം ക്രിസ്തുവിനെ മരിച്ചവരിൽനിന്ന് ഉയിർപ്പിക്കുകയും തേജസ്കരിക്കുകയും ചെയ്തതിനാൽ നിങ്ങൾ ദൈവത്തിൽ വിശ്വാസവും പ്രത്യാശയും ഉള്ളവരായിരിക്കുന്നു.

22നിങ്ങൾ സത്യത്തെ അനുസരിച്ച്, നിർവ്യാജമായ സഹോദരസ്നേഹത്തിനുവേണ്ടി നിങ്ങളുടെ ആത്മാക്കളെ ശുദ്ധീകരിച്ചിരിക്കയാൽ ഹൃദയപൂർവ്വം[a] അന്യോന്യം ഉറ്റുസ്നേഹിപ്പിൻ. 23നശ്വരമായ ബീജത്താൽ അല്ല, അനശ്വരമായതിനാൽ, ജീവനുള്ളതും നിലനില്ക്കുന്നതുമായ ദൈവവചനത്താൽ തന്നേ, നിങ്ങൾ വീണ്ടും ജനിച്ചിരിക്കുന്നു.

24"സകല മനുഷ്യരും പുല്ലിനു
തുല്യരും, അവരുടെ മഹത്ത്വം
പുല്ലിന്റെ പൂവുപോലെയും ആകുന്നു;
പുല്ലു വാടുന്നു, പൂവ് ഉതിരുന്നു;
25എന്നാൽ കർത്താവിന്റെ വചനമോ
എന്നേക്കും നിലനില്ക്കുന്നു." [b]

നിങ്ങളെ അറിയിച്ച സുവിശേഷത്തിന്റെ വചനം ഇതുതന്നേ.

2 അതുകൊണ്ടു സകല ദുഷ്ടതയും എല്ലാ വഞ്ചനയും കപടഭക്തിയും അസൂയയും സകലവിധ ദൂഷണവും വിട്ടുകളയുവിൻ. 2കർത്താവു നല്ലവൻ എന്നു നിങ്ങൾ രുചിച്ചറിഞ്ഞിരിക്കയാൽ, 3നിങ്ങൾ രക്ഷയിൽ വളർന്നുവരേണ്ടതിന്, നവജാത ശിശുക്കളെപ്പോലെ വചനമെന്ന ശുദ്ധവും ആത്മീയവുമായ പാൽ കുടിപ്പാൻ വാഞ്ഛിപ്പിൻ.

ജീവനുള്ള കല്ലും തിരഞ്ഞെടുക്കപ്പെട്ട ജനവും

4മനുഷ്യർ തള്ളിക്കളഞ്ഞതെങ്കിലും ദൈവം തിരഞ്ഞെടുത്തതും ദൈവത്തിനു വിലപ്പെട്ടതുമായ ജീവനുള്ള കല്ലായ ക്രിസ്തുവിന്റെ അടുക്കൽ വന്നിട്ടു നിങ്ങളും ജീവനുള്ള കല്ലുകൾ എന്നപോലെ ആത്മീയഗൃഹമായി പണിയപ്പെടുന്നു. 5നിങ്ങൾ യേശുക്രിസ്തു മുഖാന്തരം ദൈവത്തിനു സ്വീകാര്യമായ ആത്മീയയാഗങ്ങൾ അർപ്പിക്കുന്ന വിശുദ്ധപുരോഹിതവർഗ്ഗം ആകേണ്ടതിനുതന്നേ.

6"ഇതാ ഞാൻ സീയോനിൽ ഒരു കല്ല്-
തിരഞ്ഞെടുക്കപ്പെട്ടതും വിലയേറിയതുമായ മൂലക്കല്ലുതന്നേ- സ്ഥാപിക്കുന്നു.
അവനിൽ വിശ്വസിക്കുന്നവൻ ഒരിക്കലും
ലജ്ജിച്ചുപോകയില്ല" [c]

എന്നു തിരുവെഴുത്തിൽ പറയുന്നുവല്ലോ. 7വിശ്വസിക്കുന്നവരായ നിങ്ങൾക്ക് ഈ കല്ല് അമൂല്യമാകുന്നു; വിശ്വസിക്കാത്തവർക്കോ,

"വീടു പണിയുന്നവർ
തള്ളിക്കളഞ്ഞ കല്ല് മൂലക്കല്ലും," [d],

8"ഇടർച്ചക്കല്ലും തടങ്കൽപ്പാറയും" [e]

ആയിത്തീർന്നിരിക്കുന്നു. അവർ വചനം അനുസരിക്കാത്തതുകൊണ്ട് ഇടറിപ്പോകുന്നു - അതിനായി അവർ നിയമിക്കപ്പെട്ടിരിക്കുന്നു.

9നിങ്ങളോ അന്ധകാരത്തിൽനിന്നു തന്റെ അത്ഭുതപ്രകാശത്തിലേക്കു നിങ്ങളെ വിളിച്ചവന്റെ സൽഗുണങ്ങളെ ഘോഷിപ്പാൻ തക്കവണ്ണം തിരഞ്ഞെടുക്കപ്പെട്ട ജനതയും രാജകീയ പുരോഹിതവർഗ്ഗവും വിശുദ്ധവംശവും ദൈവത്തിന്റെ സ്വന്തജനവും ആകുന്നു. 10മുമ്പേ നിങ്ങൾ ജനം ആയിരുന്നില്ല, ഇപ്പോഴോ ദൈവത്തിന്റെ ജനം; മുമ്പേ കരുണ ലഭിക്കാത്തവർ, ഇപ്പോഴോ കരുണ ലഭിച്ചവർ തന്നേ.

11പ്രിയരേ, അന്യരും പരദേശികളുമായ നിങ്ങളെ ഞാൻ പ്രബോധിപ്പിക്കുന്നു, നിങ്ങളുടെ ആത്മാവിനോടു പോരാടുന്ന ജഡമോഹങ്ങളെ വിട്ടകലുവിൻ. 12വിജാതീയർ നിങ്ങളെ ദുഷ്പ്രവൃത്തിക്കാർ എന്നു പറഞ്ഞ് ദുഷിക്കുമ്പോൾത്തന്നേ നിങ്ങളുടെ സൽപ്രവൃത്തികൾ കണ്ട്, സന്ദർശനദിവസത്തിൽ, ദൈവത്തെ മഹത്ത്വപ്പെടുത്തേണ്ടതിന് അവരുടെ ഇടയിൽ നിങ്ങളുടെ പെരുമാറ്റം ശ്രേഷ്ഠമായിരിക്കട്ടെ.

അധികാരികളോടു വിധേയത്വം

13മാനുഷികമായ എല്ലാ വ്യവസ്ഥാപിത അധികാരികൾക്കും, കർത്താവുനിമിത്തം വിധേയരാകുവിൻ; പരമാധികാരി എന്ന നിലയിൽ രാജാവിനും, 14തിന്മ ചെയ്യുന്നവരെ ശിക്ഷിക്കുവാനും നന്മ ചെയ്യുന്നവരെ മാനിക്കുവാനും അദ്ദേഹത്താൽ നിയമിക്കപ്പെട്ടവരെന്ന നിലയിൽ ദേശാധിപതികൾക്കും വിധേയപ്പെടുവിൻ. 15നിങ്ങൾ നന്മ ചെയ്തുകൊണ്ട്, മൂഢരുടെ അജ്ഞത നിശ്ശബ്ദമാക്കണമെന്നതു ദൈവേഷ്ടമാണ്. 16സ്വതന്ത്രരായി, സ്വാതന്ത്ര്യം ദുഷ്ടതയ്ക്കു മറയാക്കാതെ, ദൈവത്തിന്റെ ദാസരായി ജീവിപ്പിൻ. 17എല്ലാവരെയും ആദരിക്കുവിൻ. സഹോദരസമൂഹത്തെ സ്നേഹിക്കുവിൻ, ദൈവത്തെ ഭയപ്പെടുവിൻ, രാജാവിനെ ആദരിക്കുവിൻ.

18ദാസരേ, നിങ്ങളുടെ യജമാനന്മാർക്ക്,

[a] 22 ചില കയ്യെഴുത്തുപ്രതികളിൽ *നിർമ്മലഹൃദയത്തോടെ* [b] 25 യെശയ്യാവ് 40:6-8 [c] 2:6 യെശയ്യാവ് 28:16
[d] 7 സങ്കീർത്തനം 118:22 [e] 8 യെശയ്യാവ് 8:14

നല്ലവരും ദയാശീലരുമായവർക്കു മാത്രമല്ല, ക്രൂരന്മാർക്കുംകൂടെ പൂർണ്ണബഹുമാനത്തോടെ കീഴടങ്ങിയിരിപ്പിൻ. 19അന്യായമായി ഉപദ്രവ മേൽക്കുന്നവൻ, ദൈവബോധം നിമിത്തം വേദന സഹിക്കുന്നുവെങ്കിൽ അത് പ്രശംസാർഹമാണ്. 20തെറ്റു ചെയ്തിട്ട് അടി കൊള്ളുന്നതിൽ സഹി ഷ്ണുത കാണിച്ചാൽ പ്രശംസിപ്പാൻ എന്തുള്ളു? എന്നാൽ നന്മ ചെയ്തിട്ടു പീഡനം ഏൽക്കു കയും അതു ക്ഷമയോടെ സഹിക്കുകയും ചെയ്യുന്നുവെങ്കിൽ അതു ദൈവത്തിനു പ്രസാ ദകരം. 21ഇതിനായിട്ടല്ലോ നിങ്ങളെ വിളിച്ചിരി ക്കുന്നത്. ക്രിസ്തു നിങ്ങൾക്കുവേണ്ടി പീഡനം സഹിക്കുകയും നിങ്ങൾ അവിടുത്തെ കാൽച്ചു വടു പിന്തുടരുവാൻ ഒരു മാതൃക നൽകുകയും ചെയ്തിരിക്കുന്നു.

22"അദ്ദേഹം ഒരു പാപവും ചെയ്തില്ല,
അവിടുത്തെ വായിൽ വഞ്ചനയൊന്നും
ഉണ്ടായിരുന്നുമില്ല."[a]

23തന്നെ ശകാരിച്ചിട്ട് അദ്ദേഹം പകരം ശകാ രിച്ചില്ല. പീഡനം സഹിക്കുമ്പോൾ അദ്ദേഹം ഭീ ഷണിപ്പെടുത്തിയില്ല; ന്യായമായി വിധിക്കുന്നവ നെറ പക്കൽ സ്വയം ഭരമേല്പിക്കുകയാണ് അ ദ്ദേഹം ചെയ്തത്. 24നാം പാപത്തിനു മരിച്ചു നീ തിക്കു ജീവിക്കേണ്ടതിന് അവിടുന്ന് ക്രൂ ശിന്മേൽ, തന്റെറ ശരീരത്തിൽ നമ്മുടെ പാപങ്ങ ളെ വഹിച്ചു. അവിടുത്തെ മുറിവുകളാൽ നി ങ്ങൾക്കു സൗഖ്യം വന്നിരിക്കുന്നു. 25നിങ്ങൾ തെറ്റി ഉഴലുന്ന ആടുകളെപ്പോലെ ആയിരുന്നു, ഇപ്പോഴോ നിങ്ങളുടെ ആത്മാക്കളുടെ ഇടയനും അധ്യക്ഷനും ആയവനെറ അടുക്കൽ മടങ്ങി വന്നിരിക്കുന്നു.

ഭാര്യാഭർത്തൃബന്ധം

3 ഭാര്യമാരേ, നിങ്ങളുടെ ഭർത്താക്കന്മാർക്കു വിധേയരായിരിക്കുവിൻ. അവരിൽ ആ രെങ്കിലും വചനം അനുസരിക്കാത്തപക്ഷം, ഒരു വാക്കും പറയാതെതന്നെ, തങ്ങളുടെ ഭാര്യമാ രുടെ പെരുമാറ്റം കൊണ്ട്, 2അവരെ നേടാൻ കഴി യും. നിങ്ങളുടെ ജീവിതത്തിനെറ വിശുദ്ധിയും ആദരവും കണ്ട് അവർ ചേർന്നുവരും. 3നി ങ്ങളുടെ അലങ്കാരം പിന്നിയ മുടി, സ്വർണ്ണാ ഭരണം, വിശേഷവസ്ത്രം എന്നിങ്ങനെ പുറമേയുള്ളതായിരിക്കരുത്. 4പിന്നെയോ സൗ മ്യവും പ്രശാന്തവുമായ ആത്മാവെന്ന അനശ്വ രസൗന്ദര്യത്തോടുകൂടിയ ആന്തരികവ്യക്തിത്വം ആയിരിക്കട്ടെ; ഇതു ദൈവസന്നിധിയിൽ വില യേറിയതാകുന്നു. 5ദൈവത്തിൽ പ്രത്യാശ വച്ചി രുന്ന, മുൻകാലങ്ങളിലെ വിശുദ്ധസ്ത്രീകൾ തങ്ങളുടെ ഭർത്താക്കന്മാർക്കു വിധേയരാ യിക്കൊണ്ട് ഈ വിധത്തിലായിരുന്നു തങ്ങ ളെത്തന്നെ അലങ്കരിച്ചിരുന്നത്. 6അങ്ങനെ സാറായും അബ്രാഹാമിനെ നാഥനെന്നു വിളി ച്ചുകൊണ്ട് അനുസരിച്ചിരുന്നു. നിങ്ങൾ നന്മ ചെയ്യുകയും ഒന്നിലും ഭയപ്പെടാതിരിക്കുകയും ചെയ്താൽ അവളുടെ പുത്രിമാർ ആയിരിക്കും.

7അപ്രകാരംതന്നെ, ഭർത്താക്കന്മാരേ, സ്ത്രീ ജനം ബലഹീനപാത്രമെന്നറിഞ്ഞു വിവേകപൂർ വ്വം ഭാര്യമാരോടൊത്തു ജീവിക്കുവിൻ. അവർ ജീവനെറ കൃപയ്ക്കു കൂട്ടവകാശികളെന്നോ ർത്ത് അവരെ ആദരിക്കുകയും വേണം. ഇങ്ങ നെ, നിങ്ങളുടെ പ്രാർത്ഥനയ്ക്കു ഭംഗം വരാതി രിക്കട്ടെ.

നന്മ ചെയ്തിട്ടു പീഡനം സഹിക്കുക

8അവസാനമായി, നിങ്ങൾ എല്ലാവരും ഏകഭാ വത്തോടെ ജീവിക്കുവിൻ. അന്യോന്യം സഹതാ പവും സഹോദരസ്നേഹവും കരുണയും വി നയവും ഉള്ളവരായിരിപ്പിൻ. 9ദോഷത്തിനു ദോ ഷവും ശകാരത്തിനു ശകാരവും പകരം ചെയ്യാതെ അനുഗ്രഹിക്കുന്നവരായിരിപ്പിൻ. ഇങ്ങനെ അനുഗ്രഹം അവകാശമാക്കുവാനാണ ല്ലോ നിങ്ങൾ വിളിക്കപ്പെട്ടിരിക്കുന്നത്.

10"ജീവനെ സ്നേഹിക്കുകയും
ശുഭകാലം ആഗ്രഹിക്കുകയും
ചെയ്യുന്നവൻ ദോഷത്തിൽനിന്നു
തന്റെറ നാവിനെയും വഞ്ചനയിൽനിന്നു
തന്റെറ അധരങ്ങളെയും കാത്തുകൊ
ള്ളണം.
11അയാൾ ദോഷം വിട്ടകന്നു നന്മ ചെയ്യ
ട്ടെ. സമാധാനം അന്വേഷിച്ചു പിന്തു
ടരട്ടെ.
12കർത്താവിന്റെറ കണ്ണു നീതിമാന്മാ
രുടെ മേൽ ഉണ്ട്. അവിടുത്തെ കാത്
അവരുടെ പ്രാർത്ഥന കേൾക്കുന്നു.
എന്നാൽ കർത്താവിന്റെറ മുഖം അധർ
മ്മികൾക്കു പ്രതികൂലമായിരിക്കുന്നു."[b]

13നിങ്ങൾ നന്മ പ്രവർത്തിക്കുവാൻ ശുഷ്കാന്തിയുള്ളവരെങ്കിൽ ആരാണു നിങ്ങ ളെ ഉപദ്രവിക്കുക? 14നീതിക്കുവേണ്ടി കഷ്ടം സഹിക്കേണ്ടിവന്നാലും നിങ്ങൾ അനുഗൃഹീ തർ; "അവരുടെ ഭീഷണിയെ ഭയപ്പെടരുത്, പരിഭ്രമിക്കുകയുമരുത്."[c] 15നിങ്ങളുടെ ഹൃ ദയങ്ങളിൽ ക്രിസ്തുവിനെ കർത്താവായി മഹത്ത്വീകരിപ്പിൻ. നിങ്ങൾക്കുള്ള പ്രത്യാശ യുടെ ന്യായം ചോദിക്കുന്നവരോടു സൗമ്യത യോടും ഭയാദരങ്ങളോടുംകൂടി പ്രത്യുത്തരം നൽ കുവാൻ സദാ സന്നദ്ധരായിരിപ്പിൻ. 16ക്രിസ്തു വിലുള്ള നിങ്ങളുടെ നല്ല ജീവിതത്തെ ദുഷി ക്കുന്നവർ ലജ്ജിക്കേണ്ടതിനു നല്ല മനസ്സാക്ഷി ഉള്ളവരായിരിപ്പിൻ. 17നിങ്ങൾ കഷ്ടത സഹി

[a] 22 യെശയ്യാവ് 53:9 [b] 3:12 സങ്കീർത്തനം 34:12-16 [c] 14 യെശയ്യാവ് 8:12

ക്കണമെന്നതു ദൈവഹിതമെങ്കിൽ തിന്മ
ചെയ്തിട്ടല്ല, നന്മ ചെയ്തിട്ടുതന്നേ സഹി
ക്കുന്നത് ഉത്തമം. 18ക്രിസ്തുതന്നേയും നമ്മെ
ദൈവത്തോട് അടുപ്പിക്കേണ്ടതിന്, നീതിമാനാ
യിരിക്കെ നീതികെട്ടവർക്കുവേണ്ടി, പാപംനി
മിത്തം ഒരിക്കലായി കഷ്ടതയനുഭവിച്ചു. അവി
ടുന്ന് ജഡത്തിൽ മരണം സഹിച്ചുവെങ്കിലും
ആത്മാവിൽ ജീവിപ്പിക്കപ്പെട്ടു. 19ആത്മാവിൽ
അവിടുന്ന് ചെന്നു തടവിലുള്ള ആത്മാക്കളോ
ടു പ്രസംഗിച്ചു. 20അവരാകട്ടെ, പണ്ടു നോ
ഹയുടെ കാലത്തു പെട്ടകം നിർമ്മിക്കപ്പെടു
കയും ദൈവം ക്ഷമയോടെ കാത്തിരിക്കുകയും
ചെയ്തപ്പോൾ അനുസരിക്കാതിരുന്നവരാണ്.
ആ പെട്ടകത്തിൽ ചുരുക്കം ആളുകൾ, അതാ
യത് എട്ടുപേർ, വെള്ളത്തിൽക്കൂടി രക്ഷപ്രാപി
ച്ചു. 21ഈ വെള്ളം സ്നാനത്തിന്റെ സൂചകമാ
ണ്. സ്നാനമോ ശരീരത്തിന്റെ അഴുക്കുനീ
ക്കൽ ആയിട്ടല്ല, നല്ല മനസ്സാക്ഷിക്കുവേണ്ടി
ദൈവത്തോടുള്ള അപേക്ഷയായി, യേശുക്രി
സ്തുവിന്റെ പുനരുത്ഥാനത്താൽ നിങ്ങളെയും
രക്ഷിക്കുന്നു. 22അവിടുന്നു സ്വർഗ്ഗത്തിലേക്കു
പോയി ദൈവത്തിന്റെ വലത്തുഭാഗത്ത് ഇരി
ക്കുന്നു. ദൂതന്മാരും അധികാരങ്ങളും ശക്തി
കളും അവിടുത്തേക്ക് അധീനമത്രേ.

ദൈവത്തിനുവേണ്ടി ജീവിക്കുക

4 ക്രിസ്തു ജഡത്തിൽ കഷ്ടതയനുഭവി
ച്ചതുകൊണ്ടു നിങ്ങളും ആ ഭാവംതന്നേ
ആയുധമായി ധരിപ്പിൻ; ജഡത്തിൽ കഷ്ടത
അനുഭവിച്ചവൻ പാപം വിട്ടൊഴിഞ്ഞിരിക്കുന്നു.
2അതിന്റെ ഫലമായി, അവൻ ജഡത്തിൽ
ശേഷിച്ച കാലത്ത്, മാനുഷികമായ ദുർമ്മോ
ഹങ്ങൾക്കുവേണ്ടിയല്ല, ദൈവത്തിന്റെ
ഇഷ്ടത്തിനുവേണ്ടിത്തന്നേ ജീവിക്കുന്നു. 3കഴി
ഞ്ഞകാലത്തു നിങ്ങൾ, വിജാതീയർ ചെയ്യാൻ
ഇഷ്ടപ്പെടുന്നതുപോലെ ഭോഗാസക്തിയിലും
മോഹങ്ങളിലും മദ്യപാനത്തിലും വെറിക്കൂത്തു
കളിലും മദിരോത്സവത്തിലും നികൃഷ്ടമായ
വിഗ്രഹാരാധനയിലും ഏറെക്കാലം ചെലവഴി
ച്ചിരുന്നു. 4നിങ്ങൾ ഇപ്പോൾ അവരോടൊത്ത്
അനിയന്ത്രിതമായ അധർമ്മത്തിൽ ജീവി
ക്കാത്തത് അവർക്കു വിചിത്രമായിതോന്നുന്നു;
തന്മൂലം അവർ നിങ്ങളെ ദുഷിക്കുന്നു. 5എന്നാൽ
ജീവിച്ചിരിക്കുന്നവരെയും മരിച്ചവരെയും ന്യായം
വിധിപ്പാൻ ഒരുങ്ങിയിരിക്കുന്നവനോട് അവർ
കണക്കു ബോധിപ്പിക്കേണ്ടിവരും. 6മരിച്ചുപോ
യവരോടും സുവിശേഷം അറിയിച്ചതിനു കാ
രണം ഇതത്രേ. അവർ ജഡത്തിൽ മനുഷ്യരെ
പ്പോലെ വിധിക്കപ്പെട്ടെങ്കിലും ആത്മാവിൽ
ദൈവത്തെപ്പോലെ ജീവിക്കേണ്ടതിനുതന്നേ.

7എല്ലാറ്റിന്റെയും അവസാനം സമീപിച്ചിരി
ക്കുന്നു. അതുകൊണ്ടു പ്രാർത്ഥനയ്ക്കായി
തെളിഞ്ഞ ചിന്തയും ആത്മനിയന്ത്രണവും
ഉള്ളവരായിരിപ്പിൻ. 8എല്ലാറ്റിനുംമീതേ അന്യോ
ന്യം ഉള്ളഴിഞ്ഞു സ്നേഹിപ്പിൻ; സ്നേഹം പാ
പങ്ങളുടെ ബഹുത്വത്തെ മറയ്ക്കുന്നു. 9പിറു
പിറുപ്പുകൂടാതെ പരസ്പരം ആതിഥ്യം ആചരി
ക്കുവിൻ. 10വിവിധമായ ദൈവകൃപയുടെ നല്ല
കാര്യവിചാരകരായി ഓരോരുത്തരും അവരവർ
ക്കു ലഭിച്ചിട്ടുള്ള വരം മറ്റുള്ളവരുടെ ശുശ്രൂ
ഷയ്ക്കായി വിനിയോഗിക്കുവിൻ. 11ഒരാൾ
പ്രസംഗിക്കുന്നുവെങ്കിൽ ദൈവത്തിന്റെ അരു
ളപ്പാടു പ്രസ്താവിക്കുന്നതുപോലെയും, ശുശ്രൂ
ഷിക്കുന്നുവെങ്കിൽ, ദൈവം നല്കുന്ന പ്രാ
പ്തിപോലെയും ആകട്ടെ. അങ്ങനെ എല്ലാ കാ
ര്യങ്ങളിലും ദൈവം യേശുക്രിസ്തുവിലൂടെ
മഹത്വപ്പെടുവാൻ ഇടയാകട്ടെ. മഹിമയും
ശക്തിയും എന്നെന്നേക്കും അവിടുത്തേക്കു
ള്ളത്. ആമേൻ.

ക്രിസ്ത്യാനിയുടെ കഷ്ടത

12പ്രിയരേ, നിങ്ങൾക്കുണ്ടായിരിക്കുന്ന
അഗ്നിശോധനയിൽ, എന്തോ അസാധാ
രണകാര്യം സംഭവിച്ചു എന്ന മട്ടിൽ,
ആശ്ചര്യപ്പെടരുത്. 13നിങ്ങൾ ക്രിസ്തുവിന്റെ
കഷ്ടാനുഭവങ്ങളിൽ പങ്കാളികളാകുന്നതിൽ സ
ന്തോഷിപ്പിൻ, അങ്ങനെ നിങ്ങൾ അവിടുത്തെ
മഹത്വം വെളിപ്പെടുമ്പോൾ അത്യധികം
ആനന്ദിക്കുവാൻ ഇടയാകും. 14ക്രിസ്തുവിന്റെ
നാമംനിമിത്തം നിന്ദിക്കപ്പെടുന്നുവെങ്കിൽ
നിങ്ങൾ ഭാഗ്യവാന്മാർ; തേജസ്സിന്റെ ആത്മാ
വായ ദൈവാത്മാവു നിങ്ങളുടെമേൽ ആവസി
ക്കുന്നുവല്ലോ. 15നിങ്ങളിലാരും കൊലപാതക
നോ മോഷ്ടാവോ മറ്റേതെങ്കിലും തരത്തിലുള്ള
കുറ്റവാളിയോ പരകാര്യത്തിൽ ഇടപെടുന്നവ
നോ ആയിട്ടല്ല കഷ്ടത സഹിക്കേണ്ടത്. 16ക്രി
സ്ത്യാനിയായിട്ടു കഷ്ടത സഹിക്കുന്നുവെ
ങ്കിലോ ലജ്ജിക്കരുത്; ആ നാമം ധരിക്കുന്നു
വെങ്കിൽ ദൈവത്തിനു സ്തോത്രം ചെയ്യുകയ
ത്രേ വേണ്ടത്. 17ന്യായവിധി ദൈവഭവനത്തിൽ
ആരംഭിക്കുവാൻ സമയം ആയിരിക്കുന്നു; അതു
നമ്മിലാണു തുടങ്ങുന്നതെങ്കിൽ ദൈവ
ത്തിന്റെ സുവിശേഷം അനുസരിക്കാത്തവരു
ടെ അവസാനം എന്തായിരിക്കും!

18"നീതിമാൻ രക്ഷ പ്രാപിക്കുന്നതു
പ്രയാസത്തോടെ എങ്കിൽ അഭക്ത
ന്റെയും പാപിയുടെയും സ്ഥിതി
എന്തായിത്തീരും!"[a]

19അതുകൊണ്ട്, ദൈവഹിതപ്രകാരം
കഷ്ടത സഹിക്കുന്നവർ നന്മ ചെയ്തുകൊണ്ടു

[a] 18 സുഭാഷിതങ്ങൾ 11:31

വിശ്വസ്തനായ സ്രഷ്ടാവിനു തങ്ങളെത്തന്നേ ഏല്പിച്ചുകൊടുക്കട്ടെ.

മൂപ്പന്മാരോടും ഇളയവരോടും

5 ക്രിസ്തുവിന്റെ പീഡാനുഭവങ്ങളുടെ സാക്ഷിയും വെളിപ്പെടുവാനുള്ള തേജസ്സിന്റെ പങ്കാളിയും ഒരു കൂട്ടുമൂപ്പനുമായ ഞാൻ നിങ്ങളുടെയിടയിലുള്ള മൂപ്പന്മാരെ പ്രബോധിപ്പിക്കുന്നത്: 2നിങ്ങളുടെ പരിപാലനത്തിലുള്ള ദൈവത്തിന്റെ ആട്ടിൻകൂട്ടത്തെ മേയിക്കുവിൻ. ആരുടെയും നിർബ്ബന്ധത്താലല്ല, ദൈവം ആഗ്രഹിക്കുന്നതുപോലെ സന്മനസ്സോടും, ലാഭമോഹത്തോടെയല്ല, ശുഷ്കാന്തിയോടും 3നിങ്ങളുടെ ചുമതലയിലുള്ളവരുടെമേൽ ആധിപത്യം ചെലുത്തുന്നവരായിട്ടല്ല, ആട്ടിൻ കൂട്ടത്തിനു മാതൃകകളായിത്തീർന്നുകൊണ്ടും ആയിരിക്കണം അതു ചെയ്യേണ്ടത്. 4ഇടയ ശ്രേഷ്ഠൻ വെളിപ്പെടുമ്പോൾ നിങ്ങൾക്കു തേജസ്സിന്റെ വാടാത്ത കിരീടം ലഭിക്കും.

5ഇളയവരേ, മൂപ്പന്മാർക്കു വിധേയരായിരിപ്പിൻ. അന്യോന്യം ഇടപെടുന്നതിൽ നിങ്ങൾ എല്ലാവരും താഴ്മ ധരിച്ചുകൊൾവിൻ. എന്തുകൊണ്ടെന്നാൽ

"ദൈവം അഹങ്കാരികളോട്
എതിർത്തു നില്ക്കുന്നു;
താഴ്മയുള്ളവർക്കോ കൃപ നല്കുന്നു."[a]

6ആകയാൽ ദൈവം നിങ്ങളെ തക്കസമയത്ത് ഉയർത്തേണ്ടതിന് അവിടുത്തെ ശക്തിയുള്ള ഭുജത്തിൻ കീഴിൽ നിങ്ങളെത്തന്നേ താഴ്ത്തുവിൻ. 7ദൈവം നിങ്ങൾക്കായി കരുതുന്നതുകൊണ്ടു നിങ്ങളുടെ സകല ചിന്താകുലവും ദൈവത്തെ ഭരമേല്പിക്കുവിൻ.

8ആത്മനിയന്ത്രണം ഉള്ളവരായിരിപ്പിൻ. ജാഗ്രത പുലർത്തുവിൻ, നിങ്ങളുടെ ശത്രുവായ പിശാച് അലറുന്ന സിംഹത്തെപ്പോലെ ആരെ വിഴുങ്ങണം എന്നു തിരഞ്ഞുകൊണ്ടു ചുറ്റി നടക്കുന്നു. 9വിശ്വാസത്തിൽ സ്ഥിരതയുള്ളവരായി പിശാചിനോട് എതിർത്തു നിൽപിൻ. ലോകമെങ്ങുമുള്ള നിങ്ങളുടെ സഹോദരർ ഇതേ വിധത്തിലുള്ള കഷ്ടതകളിലൂടെ കടന്നുപൊയ്ക്കൊണ്ടിരിക്കുന്നു എന്ന് അറിയുവിൻ.

10ക്രിസ്തുവിലുള്ള തന്റെ നിത്യതേജസ്സിനായി നിങ്ങളെ വിളിച്ചിരിക്കുന്ന സർവ്വകൃപാലുവായ ദൈവംതന്നെ, നിങ്ങൾ അല്പകാലത്തേക്കു കഷ്ടം സഹിച്ചതിനുശേഷം നിങ്ങളെ പരിപൂർണ്ണരാക്കുകയും ഉറപ്പിക്കുകയും ശക്തീകരിക്കുകയും ചെയ്യും. 11ബലം എന്നെന്നേക്കും അവിടുത്തേക്ക് ഉള്ളതായിരിക്കട്ടെ. ആമേൻ.

ആശംസകൾ

12ഇതാണ് യഥാർത്ഥ ദൈവകൃപയെന്നു സാക്ഷീകരിച്ചുകൊണ്ട്, ഞാൻ വിശ്വസ്തസഹോദരനായി കരുതുന്ന സിലാനോസ്[b] മുഖാന്തരം ഇതു പ്രബോധനരൂപേണ ഇങ്ങനെ ചുരുക്കമായി നിങ്ങൾക്ക് എഴുതിയിരിക്കുന്നു. ഈ ദൈവകൃപയിൽ ഉറച്ചുനില്പിൻ.

13നിങ്ങളോടൊപ്പം തിരഞ്ഞെടുക്കപ്പെട്ട ബാബിലോണിയായിലെ സഭയും എന്റെ മകനായ മർക്കൊസും നിങ്ങൾക്കു വന്ദനം പറയുന്നു.

14സ്നേഹചുംബനത്താൽ തമ്മിൽത്തമ്മിൽ വന്ദനം ചെയ്യുവിൻ.

ക്രിസ്തുവിലുള്ള നിങ്ങൾക്ക് എല്ലാവർക്കും സമാധാനം ഉണ്ടായിരിക്കട്ടെ.

[a] 5:5 സുഭാഷിതങ്ങൾ 3:34 [b] 2 ശീലാസ്

2 പത്രോസ്

1 യേശുക്രിസ്തുവിന്റെ ദാസനും അപ്പൊസ്തലനുമായ ശിമോൻ പത്രൊസ്,

നമ്മുടെ ദൈവവും രക്ഷകനുമായ യേശുക്രിസ്തുവിന്റെ നീതിയിൽ ഞങ്ങൾക്കു ലഭിച്ചതുപോലെയുള്ള വിലയേറിയ വിശ്വാസം ലഭിച്ചിട്ടുള്ളവർക്ക് എഴുതുന്നത്:

2ദൈവത്തെയും നമ്മുടെ കർത്താവായ
യേശുവിനെയുംകുറിച്ചുള്ള പരിജ്ഞാനത്തി
ലൂടെ നിങ്ങൾക്കു കൃപയും സമാധാനവും സമൃ
ദ്ധിയായി ലഭിക്കുമാറാകട്ടെ.

വിളിയും തിരഞ്ഞെടുപ്പും
സുനിശ്ചിതമാക്കുവിൻ

3തന്റെ മഹത്ത്വത്താലും ശ്രേഷ്ഠതയാലും
നമ്മെ വിളിച്ചവനെക്കുറിച്ചുള്ള പരിജ്ഞാനത്തി
ലൂടെ അവിടുത്തെ ദിവ്യശക്തി നമ്മുടെ ജീവി
തത്തിനും ഭക്തിക്കും വേണ്ടതെല്ലാം നമുക്കു
നല്കിയിരിക്കുന്നു. 4അതേ മഹത്ത്വത്താലും
ശ്രേഷ്ഠതയാലും അവിടുന്ന് തന്റെ മഹനീ
യവും അമൂല്യവുമായ വാഗ്ദാനങ്ങളും നമുക്കു
നല്കിയിരിക്കുകയാണ്. ഇവയാൽ നിങ്ങൾ
ദുർമ്മോഹത്താൽ ഉണ്ടാകുന്ന ലോകത്തിലെ
മാലിന്യങ്ങളിൽനിന്നു വിമുക്തരായിട്ട് ദിവ്യസ്വ
ഭാവത്തിൽ പങ്കാളികളായിത്തീരുന്നു.

5ഈ കാരണത്താൽ, നിങ്ങൾ സകല
പ്രയത്നവും ചെയ്തു നിങ്ങളുടെ വിശ്വാസത്തോ
ടു സദ്ഭാവശ്രേഷ്ഠതയും സദ്ഭാവശ്രേഷ്ഠതയോ
ടു ജ്ഞാനവും 6ജ്ഞാനത്തോട് ആത്മനി
യന്ത്രണവും ആത്മനിയന്ത്രണത്തോടു സഹി
ഷ്ണുതയും സഹിഷ്ണുതയോടു ഭക്തിയും
7ഭക്തിയോടു സഹോദരപ്രീതിയും സഹോദര
പ്രീതിയോടു സ്നേഹവും കൂട്ടിച്ചേർക്കുവിൻ.
8നിങ്ങളിൽ ഈ സൽഗുണങ്ങൾ ഉണ്ടായിരി
ക്കുകയും വർദ്ധിച്ചുകൊണ്ടിരിക്കുകയും
ചെയ്യുമെങ്കിൽ, ഇവ നിങ്ങളെ നമ്മുടെ കർത്താ
വായ യേശുക്രിസ്തുവിനെ സംബന്ധിച്ചുള്ള
പരിജ്ഞാനത്തിൽ പ്രയോജനമില്ലാത്തവരും
ഫലശൂന്യരും ആകാതെ സൂക്ഷിച്ചുകൊള്ളും.
9ഇവയില്ലാത്തവനോ അന്ധനും ഹ്രസ്വദൃഷ്ടി
യുമാണ്; തന്റെ കഴിഞ്ഞ കാലത്തെ പാ
പങ്ങളിൽനിന്നുള്ള ശുദ്ധീകരണം അയാൾ
മറന്നിരിക്കുന്നു.

10ആകയാൽ സഹോദരരേ, നിങ്ങളുടെ വിളി
യും തിരഞ്ഞെടുപ്പും സുനിശ്ചിതമാക്കുവാൻ
അത്യധികം ഉത്സാഹിപ്പിൻ. ഇങ്ങനെ
ചെയ്താൽ നിങ്ങൾ ഒരിക്കലും വീണുപോവു
കയില്ല, 11നമ്മുടെ കർത്താവും രക്ഷിതാവുമായ
യേശുക്രിസ്തുവിന്റെ നിത്യരാജ്യത്തിലേക്കു
ള്ള പ്രവേശനം നിങ്ങൾക്കു സമൃദ്ധിയായി
ലഭിക്കും.

തിരുവചനത്തിലെ പ്രവചനം

12നിങ്ങൾ ഈ കാര്യങ്ങൾ അറിയുകയും നി
ങ്ങൾക്കു ലഭിച്ച സത്യത്തിൽ ഉറച്ചുനില്ക്കു
കയും ചെയ്യുന്നുവെങ്കിലും ഇവയെക്കുറിച്ചു നി
ങ്ങളെ എപ്പോഴും ഓർമ്മിപ്പിക്കുവാൻ ഞാൻ ഒരു
ങ്ങിയിരിക്കും. 13ഞാൻ ശരീരത്തിൽ ആയിരി
ക്കുന്നേടത്തോളംകാലം, ഈ കാര്യങ്ങൾ ഓർ
പ്പിച്ചു നിങ്ങളെ ഉത്സാഹിപ്പിക്കുന്നത് ഉചിത
മെന്നു ഞാൻ കരുതുന്നു. 14കാരണം, നമ്മുടെ
കർത്താവായ യേശുക്രിസ്തു എനിക്കു
വെളിപ്പെടുത്തിയിരിക്കുന്നപ്രകാരം, ഈ കൂടാ
രത്തിൽനിന്നും വേർപെടുവാനുള്ള എന്റെ
സമയം അടുത്തിരിക്കുന്നു. 15എന്റെ വേർപാ
ടിനുശേഷം നിങ്ങൾ ഈ കാര്യങ്ങൾ എപ്പോഴും
ഓർമ്മിക്കുമെന്ന് ഉറപ്പു വരുത്താൻ ഞാൻ
പരിശ്രമിക്കും.

16നമ്മുടെ കർത്താവായ യേശുക്രിസ്തു
വിന്റെ ശക്തിയും പ്രത്യക്ഷതയും ഞങ്ങൾ നി
ങ്ങളെ അറിയിച്ചതു കല്പിതകഥകളെ ആശ്രയി
ച്ചായിരുന്നില്ല; മറിച്ച്, ഞങ്ങൾ അവിടുത്തെ മഹി
മയ്ക്കു ദൃക്സാക്ഷികളായിരുന്നു. 17"ഇവൻ
എന്റെ പ്രിയപുത്രൻ; ഇവനിൽ ഞാൻ പ്രസാ
ദിച്ചിരിക്കുന്നു"[a] എന്ന ശബ്ദം അതിശ്രേഷ്ഠ
തേജസ്സിൽനിന്നു തന്റെ അടുത്തേക്കു വന്ന
പ്പോൾ പിതാവായ ദൈവത്തിൽനിന്ന് അദ്ദേ
ഹത്തിനു ബഹുമാനവും തേജസ്സും ലഭിച്ചു.
18അദ്ദേഹത്തോടുകൂടെ വിശുദ്ധപർവ്വതത്തിൽ

[a] 17 മത്തായി 17:5, മർക്കൊസ് 9:7 ലൂക്കൊസ് 9:35

ആയിരുന്നപ്പോൾ, സ്വർഗ്ഗത്തിൽനിന്നു വന്ന ഈ ശബ്ദം ഞങ്ങൾതന്നേ കേട്ടു.

19പ്രവാചകരുടെ വചനവും ഞങ്ങൾക്ക് ഏറെ ഉറപ്പുള്ളതായി ലഭിച്ചിരിക്കുന്നു. ഉഷസ്സാവുകയും നിങ്ങളുടെ ഹൃദയങ്ങളിൽ പ്രഭാതനക്ഷത്രം ഉദിക്കുകയും ചെയ്യുന്നതുവരെ, ഇരുളിൽ പ്രകാശിക്കുന്ന വിളക്കുപോലെ ആ വചനത്തെ കരുതിക്കൊണ്ടാൽ നന്ന്.

20തിരുവെഴുത്തിലെ ഒരു പ്രവചനവും ആരുടെയും സ്വന്തമായ വ്യാഖ്യാനത്താൽ ഉണ്ടാകുന്നതല്ല എന്ന് ആദ്യംതന്നേ അറിഞ്ഞുകൊള്ളണം. 21പ്രവചനം ഒരിക്കലും മനുഷ്യന്റെ ഇഷ്ടത്താൽ ഉണ്ടായതല്ല; പിന്നെയോ മനുഷ്യർ പരിശുദ്ധാത്മനിയോഗം പ്രാപിച്ചിട്ടു ദൈവത്തിൽനിന്നുള്ള അരുളപ്പാടുകൾ പ്രസ്താവിക്കുകയായിരുന്നു.

കള്ളപ്രവാചകരുടെ നാശം

2 എന്നാൽ കള്ളപ്രവാചകരും ദൈവജനത്തിന്റെ ഇടയിൽ ഉണ്ടായിരുന്നു. നിങ്ങളുടെ ഇടയിലും വ്യാജോപദേഷ്ടാക്കന്മാർ ഉണ്ടാകും. അവർ വിനാശകരമായ ദുരുപദേശങ്ങൾ രഹസ്യമായി അവതരിപ്പിക്കും; തങ്ങളെ വിലയ്ക്കു വാങ്ങിയ നാഥനെ തള്ളിപ്പറയുകപോലും ചെയ്തുകൊണ്ട് അവർ തങ്ങൾക്കുതന്നേ ശീഘ്രനാശം വരുത്തും. 2അവരുടെ ഭോഗാസക്തിയെ പലരും പിന്തുടരും; അവർ സത്യമാർഗ്ഗത്തിന് അപമാനം വരുത്തും. 3അവർ കൗശലവാക്കുകൾകൊണ്ട് അത്യാഗ്രഹത്തോടെ നിങ്ങളെ ചൂഷണം ചെയ്യും. പണ്ടുമുതലേയുള്ള അവരുടെ ശിക്ഷാവിധിക്കു താമസമുണ്ടാകയില്ല. അവരുടെ നാശം ഉറങ്ങുന്നതേയില്ല.

4പാപം ചെയ്ത ദൂതന്മാരെ ദൈവം ശിക്ഷയിൽനിന്ന് ഒഴിവാക്കാതെ അന്ധതമസിന്റെ ചങ്ങലയാൽ ബന്ധിച്ച്, ന്യായവിധിക്കായി നരകത്തിൽ ഇട്ടുകളഞ്ഞു. 5പുരാതനലോകത്തിലെ ഭക്തികെട്ട ജനത്തിന്റെമേൽ ദൈവം ജലപ്രളയം വരുത്തിയപ്പോൾ ആ ലോകത്തെയും അവിടുന്നു വെറുതെ വിട്ടില്ല. എന്നാൽ നീതി പ്രസംഗിച്ച നോഹയെ ഏഴുപേരോടുകൂടെ അവിടുന്നു രക്ഷിച്ചു. 6സൊദോം, ഗൊമോറാ എന്നീ പട്ടണങ്ങളെ ഉന്മൂലനാശത്തിനു വിധിച്ച് അവയെ ഭസ്മീകരിക്കുകയും അങ്ങനെ മേലാൽ ഭക്തികെട്ടു നടക്കുന്നവർക്ക് ഒരു ദൃഷ്ടാന്തമാക്കുകയും ചെയ്തു. 7അധർമ്മികളുടെ മ്ലേച്ഛജീവിതംകൊണ്ടു ഹൃദയവ്യഥ അനുഭവിച്ച നീതിമാനായ ലോത്തിനെ അവിടുന്നു വിടുവിച്ചു. 8അവരുടെ മധ്യേ വസിച്ചപ്പോൾ നാൾതോറും താൻ കണ്ടതും കേട്ടതുമായ അധർമ്മങ്ങൾ ആ നീതിമാന്റെ നീതിനിഷ്ഠമായ ഹൃദയത്തെ തീവ്രമായി വേദനിപ്പിച്ചിരുന്നു. 9അങ്ങനെയെങ്കിൽ, ഭക്തരെ എങ്ങനെ പരിശോധനകളിൽനിന്നു വിടുവിക്കണമെന്നും, 10നീതികെട്ടവരെ, വിശേഷിച്ചും ജഡത്തിന്റെ മലിനമോഹങ്ങളിൽ മുഴുകുന്നവരെയും അധികാരത്തെ നിന്ദിക്കുന്നവരെയും, എങ്ങനെ ശിക്ഷയിൻകീഴിൽ ന്യായവിധിദിവസത്തിലേക്കു സൂക്ഷിക്കണമെന്നും കർത്താവ് അറിയുന്നുവല്ലോ.

ധിക്കാരികളും തന്നിഷ്ടക്കാരുമായ അവർ തേജസ്സുള്ളവരെ ദുഷിക്കുവാൻ ഭയപ്പെടുന്നില്ല. 11അതേസമയം ബലവും ശക്തിയുമേറിയ ദൂതന്മാർപോലും കർത്തൃസന്നിധിയിൽ ആ തേജസികൾക്കെതിരേ ദോഷം ആരോപിക്കുന്നില്ല. 12ഈ മനുഷ്യരാകട്ടെ, തങ്ങൾക്ക് അറിഞ്ഞുകൂടാത്തതിനെ ദുഷിക്കുന്നു. സഹജവാസനയ്ക്കുമാത്രം വിധേയങ്ങളും, പിടിപെട്ടു കൊല്ലപ്പെടുവാൻ പിറന്നവയുമായ ബുദ്ധികെട്ട ജന്തുക്കളെപ്പോലെ അവരും സ്വന്തവഷളത്തത്താൽ നശിക്കുന്നു.

13അവരുടെ ദോഷത്തിന്റെ ഫലം അവർ അനുഭവിക്കും; പട്ടാപ്പകൽ മദിരോത്സവങ്ങളിൽ ഏർപ്പെടുന്നതു രസകരമെന്ന് അവർ കരുതുന്നു. നിങ്ങളുടെ സ്നേഹസദ്യകളിൽ പങ്കെടുത്ത് രസിച്ചുപുളയ്ക്കുന്ന ഇവർ കറയും കളങ്കവുമത്രേ. 14വ്യഭിചാരാസക്തി നിറഞ്ഞ കണ്ണുകളോടെ, പാപം ചെയ്തു മതിവരാത്തവരാണ് ഇവർ; ചഞ്ചലചിത്തരെ ഇവർ വശീകരിക്കുന്നു; അത്യാഗ്രഹം പരിശീലിച്ച ഹൃദയമുള്ള, ശാപത്തിന്റെ സന്തതികൾ! 15നേർവഴി വിട്ട് അലഞ്ഞുതിരിഞ്ഞ ഇവർ, അനീതിയുടെ കൂലി കൊതിച്ച, ബെയോരിന്റെ മകനായ ബിലെയാമിന്റെ മാർഗ്ഗം പിന്തുടരുന്നു. 16തന്റെ മാർഗ്ഗഭ്രംശത്തിനു തക്ക ശകാരം അയാൾക്കു കിട്ടി. മിണ്ടാപ്രാണിയായ കഴുത മനുഷ്യഭാഷയിൽ സംസാരിച്ചു പ്രവാചകന്റെ ബുദ്ധിഭ്രമത്തെ തടഞ്ഞുവല്ലോ.

17ഈ മനുഷ്യർ വെള്ളമില്ലാത്ത ഉറവകളും കൊടുങ്കാറ്റിൽ പാറിപ്പോകുന്ന മൂടൽമഞ്ഞും ആകുന്നു. കൊടിയ കൂരിരുട്ട് അവർക്കായി കരുതി വച്ചിരിക്കുന്നു. 18പിഴച്ചവരുടെ വഴിയിൽനിന്ന് ഇപ്പോൾ രക്ഷപെട്ടുവന്നവരെ അവർ വ്യർത്ഥമായി വമ്പുപറഞ്ഞുകൊണ്ടു ജഡമോഹങ്ങളിലേക്ക് വശീകരിക്കുന്നു. 19തങ്ങൾ വിനാശത്തിന്റെ അടിമകളായിരിക്കെ അവർ മറ്റുള്ളവർക്കു സ്വാതന്ത്ര്യം വാഗ്ദാനം ചെയ്യുന്നു. ഒരാൾ ഏതൊന്നിൽ പരാജയപ്പെടുന്നുവോ, അതിന് അയാൾ അടിമയായിത്തീരുന്നു. 20നമ്മുടെ കർത്താവും രക്ഷിതാവുമായ യേശുക്രിസ്തുവിനെക്കുറിച്ചുള്ള അറിവുമൂലം ലോകമാലിന്യത്തിൽനിന്നു രക്ഷപ്പെട്ടവർ വീണ്ടും അതിൽകുടുങ്ങി തോറ്റുപോയാൽ

അവരുടെ ഒടുവിലത്തെ അവസ്ഥ ആദ്യത്തേതിനേക്കാൾ അധികം ദോഷകരമായിരിക്കും. 21നീതിയുടെ വഴി അറിഞ്ഞശേഷം, തങ്ങളെ ഏല്പിച്ച വിശുദ്ധകല്പനയിൽനിന്ന് പിൻവാങ്ങുന്നതിനേക്കാൾ അത് അറിയാതിരിക്കുകയായിരുന്നു അവർക്കു നല്ലത്. 22"നായ് അതിന്റെ ഛർദ്ദിയിലേക്കു തിരിയുന്നു"[a] എന്നും "കുളിപ്പിച്ച പന്നി പിന്നെയും ചെളിയിൽ ഉരുളാൻ പോകുന്നു" എന്നും ഉള്ള പഴഞ്ചൊല്ലുകൾ അവരെ സംബന്ധിച്ചു സത്യമായിരിക്കുന്നു.

കർത്താവിന്റെ ദിവസം

3 പ്രിയരേ, ഇതു നിങ്ങൾക്കുള്ള എന്റെ രണ്ടാമത്തെ ലേഖനമാണ്. ചില കാര്യങ്ങൾ അനുസ്മരിപ്പിച്ചുകൊണ്ടു നിങ്ങളുടെ പരമാർത്ഥഹൃദയത്തെ ഉണർത്തുന്നതിനാണ് ഇവ രണ്ടും ഞാൻ എഴുതിയത്. 2വിശുദ്ധപ്രവാചകർ മുമ്പുപറഞ്ഞ വചനങ്ങളും നമ്മുടെ കർത്താവും രക്ഷിതാവുമായവൻ അപ്പൊസ്തലന്മാരിലൂടെ നല്കിയ കല്പനയും നിങ്ങൾ ഓർക്കണമെന്നുള്ളതാണ് എന്റെ ആഗ്രഹം.

3അന്ത്യകാലത്തു പരിഹാസം ചൊരിഞ്ഞും സ്വന്തം ദുർമ്മോഹങ്ങളെ പിൻതുടർന്നും കൊണ്ട് പരിഹാസികൾ വരും എന്നു നിങ്ങൾ ആദ്യംതന്നേ അറിഞ്ഞുകൊൾവിൻ. 4"അവിടുത്തെ പ്രത്യക്ഷതയുടെ വാഗ്ദാനം എവിടെ? പിതാക്കന്മാർ നിദ്രപ്രാപിച്ചശേഷവും എല്ലാം ലോകസൃഷ്ടിയുടെ ആരംഭത്തിൽ ആയിരുന്നതുപോലെതന്നേ തുടരുന്നുവല്ലോ" എന്ന് അവർ പറയും. 5എന്നാൽ പണ്ട് ദൈവത്തിന്റെ വചനത്താൽ ആകാശം സൃഷ്ടിക്കപ്പെടുകയും, വെള്ളത്തിൽനിന്നും വെള്ളത്താലും ഭൂമി ഉളവാക്കപ്പെടുകയും ചെയ്തുവെന്നും, 6അന്നത്തെ ലോകം അതേ വെള്ളത്താൽതന്നെ, പ്രളയത്തിൽ മുങ്ങി നശിച്ചുവെന്നും അവർ മനപൂർവ്വം മറന്നുകളയുന്നു. 7ഇപ്പോഴത്തെ ആകാശവും ഭൂമിയും അതേ വചനത്താൽ തീക്കായി ന്യായവിധിയുടെയും ഭക്തികെട്ട മനുഷ്യരുടെ നാശത്തിന്റെയും ദിവസത്തിലേക്കു സൂക്ഷിച്ചിരിക്കുന്നു.

8എന്നാൽ പ്രിയരേ, ഒരു കാര്യം നിങ്ങൾ മറന്നുപോകരുത്: കർത്താവിന് ഒരു ദിവസം ആയിരം സംവത്സരംപോലെയും ആയിരം സംവത്സരം ഒരു ദിവസംപോലെയും ആകുന്നു. 9ചിലർ താമസം എന്നു ചിന്തിക്കുന്നതുപോലെ കർത്താവു തന്റെ വാഗ്ദാനം നിറവേറ്റുന്നതിൽ താമസം വരുത്തുന്നില്ല. ആരും നശിച്ചുപോകാതെ എല്ലാവരും മാനസാന്തരത്തിലേയ്ക്കു വരണമെന്ന് ആഗ്രഹിച്ചുകൊണ്ട് അവിടുന്നു നിങ്ങളോടു ദീർഘക്ഷമ കാണിക്കുകയാണ്.

10എന്നാൽ കർത്താവിന്റെ ദിവസം കള്ളനെപ്പോലെ വരും. ആകാശം കൊടുംമുഴക്കത്തോടെ ഒഴിഞ്ഞുപോകും. മൂലപദാർത്ഥങ്ങൾ കത്തിയഴിയുകയും ഭൂമിയും അതിലുള്ള സകലവും എരിഞ്ഞുപോവുകയും ചെയ്യും.

11ഇങ്ങനെ സകലതും നശിച്ചുപോകുവാനുള്ളതാകയാൽ ദൈവത്തിന്റെ ദിവസത്തിനായി കാത്തിരുന്നും അതിനെ ത്വരിതപ്പെടുത്തിയുംകൊണ്ട് 12നിങ്ങൾ എത്ര വിശുദ്ധജീവിതവും ഭക്തിയുമുള്ളവരായിരിക്കണം! ആ ദിവസത്തിൽ ആകാശം അഗ്നിയാൽ നശിക്കുകയും മൂലവസ്തുക്കൾ ഉഗ്രതാപത്തിൽ ഉരുകിപ്പോകയും ചെയ്യും. 13നാമോ, അവിടുത്തെ വാഗ്ദാനപ്രകാരം, നീതിവസിക്കുന്ന പുതിയ ആകാശത്തിനും പുതിയ ഭൂമിക്കും വേണ്ടി കാത്തിരിക്കുന്നു.

14അതുകൊണ്ടു പ്രിയരേ, നിങ്ങൾ ഇവയ്ക്കായി കാത്തിരിക്കുന്നതുകൊണ്ട് അവിടുന്നു നിങ്ങളെ സമാധാനത്തോടെ, കറയും കളങ്കവും ഇല്ലാത്തവരായി കാണുവാൻ ഉത്സാഹിപ്പിൻ. 15നമ്മുടെ കർത്താവിന്റെ ദീർഘക്ഷമ രക്ഷ എന്നു വിചാരിപ്പിൻ. ഇങ്ങനെതന്നേ നമ്മുടെ സഹോദരനായ പൗലൊസും തനിക്കു ദൈവം നല്കിയ ജ്ഞാനത്തോടെ നിങ്ങൾക്ക് എഴുതിയിട്ടുണ്ടല്ലോ. 16അദ്ദേഹം തന്റെ എല്ലാ ലേഖനങ്ങളിലും ഈ കാര്യങ്ങളെപ്പറ്റി എഴുതിയിരിക്കുന്നു. അവയിൽ ഗ്രഹിപ്പാൻ പ്രയാസമുള്ള ചില കാര്യങ്ങൾ ഉണ്ട്. അറിവില്ലാത്തവരും അസ്ഥിരചിത്തരുമായ ചിലർ, മറ്റുതിരുവെഴുത്തുകളെ എന്നപോലെ ഇവയെയും, തങ്ങളുടെ നാശത്തിനായി കോട്ടിക്കളയുന്നു.

17അതുകൊണ്ടു പ്രിയരേ, നിങ്ങൾ ഇതു നേരത്തേ അറിഞ്ഞിരിക്കയാൽ അധർമ്മികളുടെ തെറ്റിലകപ്പെട്ടു സ്വന്തം സ്ഥിരത വിട്ടു വീണുപോകാതിരിപ്പാൻ സൂക്ഷിച്ചുകൊള്ളുവിൻ. 18കൃപയിലും നമ്മുടെ കർത്താവും രക്ഷിതാവുമായ യേശുക്രിസ്തുവിന്റെ പരിജ്ഞാനത്തിലും വർദ്ധിച്ചുവരുവിൻ. അവിടുത്തേക്ക് ഇപ്പോഴും എന്നേക്കും മഹത്വം ഉണ്ടായിരിക്കട്ടെ.

ആമേൻ.

[a] 2:22 സുഭാഷിതങ്ങൾ 26:11

1 യോഹന്നാൻ

ജീവന്റെ വചനം

1 ആദിമുതൽ ഉണ്ടായിരുന്നതും ഞങ്ങൾ
കേട്ടതും സ്വന്തകണ്ണുകൊണ്ടു കണ്ടതും
ഞങ്ങൾ നോക്കിയതും ഞങ്ങളുടെ കൈ തൊ
ട്ടതുമായ ജീവന്റെ വചനം സംബന്ധിച്ച് ഇതു
ഞങ്ങൾ പ്രസ്താവിക്കുന്നു: 2ഈ ജീവൻ പ്രത്യ
ക്ഷമായി; ഞങ്ങൾ അതു കണ്ടു; അതിനു സാ
ക്ഷ്യം വഹിക്കുന്നു. പിതാവിനോടുകൂടെയി
രുന്നതും ഞങ്ങൾക്കു പ്രത്യക്ഷമായതുമായ നി
ത്യജീവനെ ഞങ്ങൾ നിങ്ങളോട് അറിയിക്കുന്നു.
3നിങ്ങൾക്കു ഞങ്ങളോടു കൂട്ടായ്മ ഉണ്ടാകേ
ണ്ടതിനു ഞങ്ങൾ കാണുകയും കേൾക്കുകയും
ചെയ്തതു നിങ്ങളെ അറിയിക്കുകയാണ്.
ഞങ്ങളുടെ കൂട്ടായ്മ പിതാവിനോടും അവി
ടുത്തെ പുത്രനായ യേശുക്രിസ്തുവിനോടും
ആകുന്നു. 4നമ്മുടെ[a] സന്തോഷം പൂർണ്ണമാകു
വാൻ ഞങ്ങൾ ഇതു നിങ്ങൾക്ക് എഴുതുന്നു.

വെളിച്ചത്തിൽ നടക്കുക

5ഞങ്ങൾ അദ്ദേഹത്തിൽനിന്നു കേട്ട് നിങ്ങ
ളോട് അറിയിക്കുന്ന സന്ദേശം ഇതാണ്: ദൈവം
വെളിച്ചം ആകുന്നു; ദൈവത്തിൽ ഇരുട്ട് അ
ശേഷമില്ല. 6നമുക്ക് അവിടുത്തോടു കൂട്ടാ
യ്മയുണ്ടെന്നു പറയുകയും ഇരുട്ടിൽ നടക്കു
കയും ചെയ്യുന്നുവെങ്കിൽ നാം പറയുന്നതു വ്യാ
ജമാണ്; സത്യം പ്രവർത്തിക്കുന്നതുമില്ല.
7എന്നാൽ അവിടുന്നു വെളിച്ചത്തിൽ ആയിരി
ക്കുന്നതുപോലെ നാം വെളിച്ചത്തിൽ
നടക്കുന്നുവെങ്കിൽ നമുക്ക് അന്യോന്യം കൂട്ടാ
യ്മയുണ്ട്; അവിടുത്തെ പുത്രനായ യേശു
വിന്റെ രക്തം സകല പാപത്തിൽനിന്നും നമ്മെ
ശുദ്ധീകരിക്കുന്നു.

8നമുക്കു പാപമില്ല എന്നു പറയുന്നുവെങ്കിൽ
നാം നമ്മെത്തന്നേ വഞ്ചിക്കുകയാണ്; സത്യം
നമ്മിൽ ഇല്ല. 9നാം നമ്മുടെ പാപങ്ങൾ ഏറ്റു
പറയുന്നുവെങ്കിലോ അവിടുന്ന് നമ്മുടെ പാ
പങ്ങൾ ക്ഷമിച്ച് എല്ലാ അനീതിയിൽനിന്നും
നമ്മെ ശുദ്ധീകരിക്കുവാൻ തക്കവണ്ണം വിശ്വ
സ്തനും നീതിമാനും അത്രേ. 10നാം പാപം
ചെയ്തിട്ടില്ലെന്നു നാം പറയുന്നുവെങ്കിൽ
അവിടുത്തെ നാം അസത്യവാദിയാക്കുന്നു;
അവിടുത്തെ വചനം നമ്മിൽ ഇല്ല.

2 എന്റെ കുഞ്ഞുങ്ങളേ, നിങ്ങൾ പാപം
ചെയ്യാതിരിക്കുവാനായി ഇതു ഞാൻ നി
ങ്ങൾക്കെഴുതുന്നു. എന്നാൽ ഒരാൾ പാപം
ചെയ്യുന്നുവെങ്കിൽ നമുക്ക് ഒരു കാര്യസ്ഥൻ പി
താവിന്റെ അടുക്കൽ ഉണ്ട് - നീതിമാനായ
യേശുക്രിസ്തുതന്നേ. 2അവിടുന്ന് നമ്മുടെ പാ
പങ്ങൾക്കുള്ള പ്രായശ്ചിത്തയാഗമാണ്.
നമ്മുടേതിനുമാത്രമല്ല, സർവ്വലോകത്തിന്റെ
യും പാപങ്ങൾക്കുവേണ്ടിത്തന്നേ.

3അവിടുത്തെ കല്പനകൾ നാം അനുസരി
ക്കുന്നപക്ഷം നാം അവിടുത്തെ അറിയുന്നു
എന്നതു നിശ്ചയമാണ്. 4അവിടുത്തെ അറി
യുന്നു എന്നു പറയുകയും അവിടുന്നു കല്പി
ക്കുന്ന കാര്യങ്ങൾ അനുസരിക്കാതിരിക്കുകയും
ചെയ്യുന്നവൻ കള്ളനാണ്; അവനിൽ സത്യമി
ല്ല. 5എന്നാൽ ഒരുവൻ അവിടുത്തെ വചനം അനു
സരിക്കുന്നുവെങ്കിൽ ദൈവസ്നേഹം[b] അവ
നിൽ വാസ്തവമായി തികഞ്ഞിരിക്കുന്നു. 6യേ
ശുവിൽ വസിക്കുന്നുവെന്ന് അവകാശപ്പെടുന്ന
ഒരുവൻ അവിടുന്നു നടന്നതുപോലെ നട
ക്കേണ്ടതാണ്; ഇങ്ങനെ ചെയ്താൽ നാം യേശു
വിൽത്തന്നെ വസിക്കുന്നുവെന്നു നമുക്കറിയാം.

7പ്രിയരേ, ഒരു പുതിയ കല്പനയല്ല, ആദിമു
തൽ നിങ്ങൾക്കുണ്ടായിരുന്ന പഴയ കല്പനത
ന്നേ ഞാൻ നിങ്ങൾക്ക് എഴുതുകയാണ്. ഈ
പഴയ കല്പന നിങ്ങൾ കേട്ടിട്ടുള്ള വചനംത
ന്നേ. 8എങ്കിലും, ഞാൻ നിങ്ങൾക്ക് ഒരു പുതിയ
കല്പന എഴുതുന്നുവെന്നും പറയാം. അതു ക്രി
സ്തുവിലും നിങ്ങളിലും സത്യമായിരിക്കുന്നു;
എന്തെന്നാൽ ഇരുട്ടു നീങ്ങിപ്പോകുന്നു;
സത്യവെളിച്ചം ഇപ്പോൾത്തന്നേ പ്രകാശിക്കു
കയും ചെയ്യുന്നു.

9വെളിച്ചത്തിൽ ഇരിക്കുന്നുവെന്നു പറയുന്ന
ഒരുവൻ തന്റെ സഹോദരനെ വെറുക്കു
ന്നുവെങ്കിൽ അയാൾ ഇന്നും ഇരുട്ടിൽത്തന്നേ.
10സഹോദരനെ സ്നേഹിക്കുന്നവൻ വെളി

[a] 4 ചില കയ്യെഴുത്തുപ്രതികളിൽ *നിങ്ങളുടെ* [b] 2:5 അല്ലെങ്കിൽ ദൈവത്തോടുള്ള സ്നേഹം

ച്ചത്തിൽ ജീവിക്കുന്നു; ഇടറിവീഴുവാൻ
അവനിൽ[a]കാരണമൊന്നും ഇല്ല. 11എന്നാൽ
സഹോദരനെ ദ്വേഷിക്കുന്നവൻ ഇരുട്ടിലിരി
ക്കുന്നു; അവൻ ഇരുട്ടിൽ നടക്കുന്നു; ഇരുട്ട്
അവനെ അന്ധനാക്കിയിരിക്കുകയാൽ താൻ
എവിടേക്കു പോകുന്നുവെന്ന് അവൻ അറി
യുന്നതുമില്ല.

12കുഞ്ഞുങ്ങളേ, അവിടുത്തെ
നാമംമൂലം നിങ്ങളുടെ പാപങ്ങൾ
ക്ഷമിക്കപ്പെട്ടിരിക്കയാൽ ഞാൻ
നിങ്ങൾക്കെഴുതുന്നു.
13പിതാക്കന്മാരേ, ആദിമുതലു
ള്ളവനെ നിങ്ങൾ അറിഞ്ഞിരിക്കയാൽ
ഞാൻ നിങ്ങൾക്കെഴുതുന്നു.
യുവാക്കളെ, നിങ്ങൾ ദുഷ്ടനെ
ജയിച്ചടക്കിയിരിക്കയാൽ ഞാൻ
നിങ്ങൾക്കെഴുതുന്നു. കുഞ്ഞുങ്ങളേ,
നിങ്ങൾ പിതാവിനെ അറിഞ്ഞിരി
ക്കയാൽ ഞാൻ നിങ്ങൾക്കെഴുതുന്നു.
14പിതാക്കന്മാരേ, ആദിമുതലു
ള്ളവനെ നിങ്ങൾ അറിഞ്ഞിട്ടു
ള്ളതുകൊണ്ടു ഞാൻ നിങ്ങൾ
ക്കെഴുതുന്നു. യുവാക്കളേ, നിങ്ങൾ
ശക്തരാകയാലും നിങ്ങളിൽ
ദൈവവചനം വസിക്കയാലും
നിങ്ങൾ ദുഷ്ടനെ ജയിച്ചിരിക്കു
കയാലും ഞാൻ നിങ്ങൾക്കെഴുതുന്നു.

ലോകത്തെ സ്നേഹിക്കരുത്

15ലോകത്തെയോ ലോകത്തിലുള്ള
യാതൊന്നിനെയുമോ സ്നേഹിക്കരുത്. ഒരാൾ
ലോകത്തെ സ്നേഹിക്കുന്നുവെങ്കിൽ പിതാ
വിന്റെ സ്നേഹം അയാളിൽ ഇല്ല. 16എ
ന്തെന്നാൽ ലോകത്തിലുള്ള സകലവും - ജഡ
മോഹം, കൺമോഹം, ജീവനത്തിന്റെ പ്രതാ
പം എന്നിവയെല്ലാംതന്നേ - പിതാവിൽനിന്നല്ല,
ലോകത്തിൽനിന്നാണു വരുന്നത്. 17ലോകവും
അതിന്റെ മോഹവും നീങ്ങിപ്പോകുന്നു;
എന്നാൽ ദൈവഹിതം ചെയ്യുന്ന മനുഷ്യൻ
എന്നേക്കും ജീവിക്കുന്നു.

എതിർക്രിസ്തുക്കൾക്കെതിരേ
മുന്നറിയിപ്പ്

18കുഞ്ഞുങ്ങളേ, ഇത് അന്ത്യനാഴികയാണ്.
എതിർക്രിസ്തു വരുന്നു എന്നു നിങ്ങൾ കേട്ടി
ട്ടുള്ളതുപോലെ ഇപ്പോൾത്തന്നേ പല എതി
ർക്രിസ്തുക്കളും എഴുന്നേറ്റിരിക്കുന്നു. ഇത്
അന്ത്യനാഴികയാണെന്ന് ഇതിനാൽ നാം അറി
യുന്നു. 19അവർ നമ്മുടെ ഇടയിൽനിന്നു പുറ
പ്പെട്ടവരെങ്കിലും നമുക്കുള്ളവർ ആയിരുന്നില്ല.
നമുക്കുള്ളവർ ആയിരുന്നുവെങ്കിൽ അവർ
നമ്മോടൊപ്പം പാർക്കുമായിരുന്നു. എന്നാൽ
അവർ നമ്മെ വിട്ടുപോയതിനാൽ അവരിലാരും
നമുക്കുള്ളവരല്ല എന്നു വ്യക്തമാകുന്നു.

20എന്നാൽ പരിശുദ്ധനിൽനിന്നു നിങ്ങൾക്ക്
അഭിഷേകം ലഭിച്ചിരിക്കുന്നു; നിങ്ങൾ എല്ലാം
അറിയുന്നു.[b]21നിങ്ങൾ സത്യം അറിയാത്ത
തുകൊണ്ടല്ല ഞാൻ നിങ്ങൾക്കെഴുതുന്നത്; നി
ങ്ങൾ അറിയുന്നതിനാലും യാതൊരു വ്യാജവും
സത്യത്തിൽനിന്നു പുറപ്പെടായ്കയാലുമത്രേ.
22യേശുവിനെ ക്രിസ്തുവല്ല എന്നു നിഷേധി
ക്കുന്നവനല്ലാതെ മറ്റാരാണ് അസത്യവാദി? പി
താവിനെയും പുത്രനെയും നിഷേധിക്കുന്നവൻ
തന്നെയാണ് എതിർക്രിസ്തു. 23പുത്രനെ
നിഷേധിക്കുന്ന ഒരുവനും പിതാവില്ല; പുത്രനെ
അംഗീകരിക്കുന്നവനു പിതാവും ഉണ്ട്.

24നിങ്ങൾ ആദിമുതലേ കേട്ടതു നിങ്ങളിൽ
നിലനില്ക്കട്ടെ. നിങ്ങൾ ആദിമുതൽ കേട്ടതു
നിങ്ങളിൽ നിലനില്ക്കുന്നുവെങ്കിൽ നിങ്ങൾ
പുത്രനിലും പിതാവിലും വസിക്കും. 25ഇതാ
കുന്നു അവിടുന്നു നമുക്കു നല്കിയ വാഗ്ദാനം;
നിത്യജീവൻതന്നേ.

26നിങ്ങളെ വഴി തെറ്റിക്കുന്നവരെ ഓർത്തു
ഞാൻ ഈ കാര്യങ്ങൾ നിങ്ങൾക്കെഴുതുന്നു.
27ദൈവത്തിൽനിന്നു നിങ്ങൾ പ്രാപിച്ച
അഭിഷേകം നിങ്ങളിൽ വസിക്കുന്നു. അതിനാൽ
ആരും നിങ്ങളെ പഠിപ്പിക്കേണ്ടതില്ല. അവി
ടുത്തെ അഭിഷേകം എല്ലാറ്റിനെയുംകുറിച്ചു
നിങ്ങളെ പഠിപ്പിക്കുന്നതിനാലും ആ അഭിഷേകം
വ്യാജമാകാതെ സത്യമായിരിക്കയാലും അതു
നിങ്ങളെ പഠിപ്പിച്ചതുപോലെ നിങ്ങൾ ക്രിസ്തു
വിൽ വസിക്കുവിൻ.

ദൈവമക്കൾ

28ഇപ്പോൾ കുഞ്ഞുങ്ങളേ, കർത്താവു പ്രത്യ
ക്ഷനാകുമ്പോൾ നാം അവിടുത്തെ സന്നിധി
യിൽ ലജ്ജിച്ചുപോകാതെ ധൈര്യമുള്ളവരായി
രിപ്പാൻ തക്കവണ്ണം കർത്താവിൽ വസിക്കുവിൻ.
29അവിടുന്നു നീതിമാനെന്നു നിങ്ങൾ അറി
യുന്നുവെങ്കിൽ നീതി ചെയ്യുന്നവരെല്ലാം ആ
കർത്താവിൽനിന്നു ജനിച്ചിരിക്കുന്നുവെന്ന് നി
ങ്ങൾക്ക് ഉറപ്പാക്കാം.

3 നോക്കുവിൻ! നാം ദൈവമക്കളെന്നു വി
ളിക്കപ്പെടുവാൻ പിതാവു നമുക്ക് എത്ര
വലിയ സ്നേഹമാണു നല്കിയിരിക്കുന്നത്! നാം
അങ്ങനെതന്നേ ആകുന്നു. ലോകം അവിടുത്തെ
അറിഞ്ഞിട്ടില്ലാത്തതുകൊണ്ട് അതു നമ്മെയും
അറിയുന്നില്ല. 2പ്രിയരേ, ഇപ്പോൾ നാം
ദൈവമക്കൾ ആകുന്നു. നാം എന്തായിത്തീ
രുമെന്ന് ഇതുവരെ വെളിപ്പെട്ടിട്ടില്ല. അവിടുന്നു

[a] 10 അല്ലെങ്കിൽ *അതിൽ* [b] 20 ചില കയ്യെഴുത്തുപ്രതികളിൽ *നിങ്ങൾ സത്യം അറിയുന്നു*

വെളിപ്പെടുമ്പോൾ[a] താൻ ആയിരിക്കുന്ന വിധത്തിൽതന്നേ നാം അവിടുത്തെ കാണുമെന്നതിനാൽ നാം തന്നെപ്പോലെ ആയിത്തീരും എന്നും നാം അറിയുന്നു. 3തന്നിൽ ഈ പ്രത്യാശയുള്ളവരെല്ലാം അവിടുന്നു നിർമ്മലനായിരിക്കുന്നതുപോലെ തങ്ങളെത്തന്നേ നിർമ്മലീകരിക്കുന്നു.

4പാപം ചെയ്യുന്ന ഏവനും നിയമം ലംഘിക്കുന്നു; പാപം നിയമലംഘനം തന്നേ. 5എന്നാൽ പാപങ്ങളെ നീക്കുവാൻ അവിടുന്നു പ്രത്യക്ഷനായി എന്നു നിങ്ങൾ അറിയുന്നു. തന്നിൽ പാപമില്ല. 6തന്നിൽ വസിക്കുന്ന ഒരുവനും പാപം ചെയ്യുന്നില്ല. പാപം ചെയ്യുന്ന ഒരുവനും അവിടുത്തെ കണ്ടിട്ടില്ല, അറിഞ്ഞിട്ടുമില്ല.

7കുഞ്ഞുങ്ങളെ, ആരും നിങ്ങളെ വഴി തെറ്റിക്കരുത്. അവിടുന്നു നീതിമാനായിരിക്കുന്നതുപോലെ നീതി പ്രവർത്തിക്കുന്നവൻ നീതിമാൻ ആകുന്നു. 8പാപം ചെയ്യുന്നവൻ പിശാചിൽ നിന്നുള്ളവനാകുന്നു. പിശാച് ആദിമുതലേ പാപം ചെയ്യുന്നുവല്ലോ. പിശാചിന്റെ പ്രവർത്തനങ്ങളെ ഇല്ലായ്മ ചെയ്യുവാനാണു ദൈവപുത്രൻ പ്രത്യക്ഷനായത്. 9ദൈവത്തിൽ നിന്നു ജനിച്ച ഒരുവനും പാപം ചെയ്യുന്നില്ല. ദൈവത്തിന്റെ വിത്ത് അവനിൽ വസിക്കുന്നു. അവൻ ദൈവത്തിൽനിന്നു ജനിച്ചവനാകയാൽ പാപം ചെയ്വാൻ അവനു സാധ്യമല്ല. 10ദൈവത്തിന്റെ മക്കൾ ആരെന്നും പിശാചിന്റെ മക്കൾ ആരെന്നും ഇങ്ങനെ വെളിപ്പെടുന്നു. നീതി പ്രവർത്തിക്കാത്ത ഒരുവനും സഹോദരനെ സ്നേഹിക്കാത്തവനും ദൈവത്തിൽനിന്നുള്ളവനല്ല.

അന്യോന്യം സ്നേഹിപ്പിൻ

11നാം ആദിമുതലേ കേട്ട സന്ദേശം നാം അന്യോന്യം സ്നേഹിക്കണം എന്നതാണല്ലോ. 12ദുഷ്ടനിൽനിന്നുള്ളവനായി സഹോദരനെ കൊലചെയ്ത കയീനെപ്പോലെ ആകരുത്; അവൻ സഹോദരനെ കൊന്നത് എന്തു കാരണത്താലാണ്? തന്റെ പ്രവൃത്തി ദോഷകരവും സഹോദരന്റേതു നീതിയുള്ളതും ആയതിനാൽതന്നേ.

13സഹോദരരേ, ലോകം നിങ്ങളെ ദ്വേഷിക്കുന്നുവെങ്കിൽ ആശ്ചര്യപ്പെടരുത്. 14നാം മരണത്തിൽനിന്നു ജീവനിലേക്കു കടന്നിരിക്കുന്നുവെന്നു സഹോദരരെ സ്നേഹിക്കുന്നതിനാൽ നമുക്ക് അറിയാം. സ്നേഹിക്കാത്തവൻ മരണത്തിൽ വസിക്കുന്നു. 15സഹോദരനെ ദ്വേഷിക്കുന്നവൻ കൊലപാതകനാണ്. യാതൊരു കൊലപാതകനും ഉള്ളിൽ നിത്യജീവൻ ഇല്ലെന്നു നിങ്ങൾക്കറിയാമല്ലോ.

16അവിടുന്നു നമുക്കുവേണ്ടി തന്റെ ജീവൻ അർപ്പിച്ചതിനാൽ സ്നേഹം എന്തെന്നു നാം മനസ്സിലാക്കുന്നു; നാമും സഹോദരർക്കുവേണ്ടി ജീവൻ അർപ്പിക്കേണ്ടതാണ്. 17ഒരാൾക്കു ഭൗതികമായ വസ്തുവകകൾ ഉണ്ടായിരിക്കുകയും തന്റെ സഹോദരന്റെ ബുദ്ധിമുട്ടു കണ്ടിട്ടു മനസ്സലിവു തോന്നാതിരിക്കുകയും ചെയ്താൽ അയാളിൽ ദൈവസ്നേഹം എങ്ങനെ വസിക്കും? 18കുഞ്ഞുങ്ങളേ, നമുക്കു വാക്കിനാലും നാവിനാലുമല്ല, പ്രവൃത്തിയിലും സത്യത്തിലും തന്നേ സ്നേഹിക്കാം. 19നാം സത്യത്തിൽനിന്നുള്ളവരെന്ന് ഇതിനാൽ അറിയുകയും നമ്മുടെ ഹൃദയത്തെ അവിടുത്തെമുമ്പിൽ ഉറപ്പിക്കുകയും ചെയ്യാം. 20നമ്മുടെ ഹൃദയം നമ്മെ കുറ്റം വിധിക്കുന്നുവെങ്കിലോ, ദൈവം നമ്മുടെ ഹൃദയത്തെക്കാൾ വലിയവനും സകലവും അറിയുന്നവനും ആകുന്നു.

21പ്രിയരേ, നമ്മുടെ ഹൃദയം നമ്മെ കുറ്റം വിധിക്കുന്നില്ലെങ്കിൽ നമുക്കു ദൈവത്തോടു പ്രാഗല്ഭ്യം ഉണ്ട്. 22അവിടുത്തെ കല്പനകൾ നാം അനുസരിക്കുകയും അവിടുത്തേക്കു പ്രസാദകരമായതു പ്രവർത്തിക്കുകയും ചെയ്യുന്നതുകൊണ്ടു നാം അപേക്ഷിക്കുന്നതെന്തും ദൈവത്തിൽനിന്നു പ്രാപിക്കും. 23തന്റെ പുത്രനായ യേശുക്രിസ്തുവിന്റെ നാമത്തിൽ നാം വിശ്വസിക്കണമെന്നും അവിടുന്നു കല്പിച്ചതുപോലെ അന്യോന്യം സ്നേഹിക്കണമെന്നും ആകുന്നു അവിടുത്തെ കല്പന. 24അവിടുത്തെ കല്പനകൾ അനുസരിക്കുന്നവർ തന്നിലും താൻ അവരിലും വസിക്കുന്നു. അവിടുന്നു നമ്മിൽ വസിക്കുന്നുവെന്നു താൻ നമുക്കു നല്കിയ ആത്മാവിനാൽ നാം അറിയുന്നു.

ആത്മാക്കളെ വിവേചിക്കുക

4 പ്രിയരേ, അനേകം കള്ളപ്രവാചകർ ലോകത്തിലേക്കു കടന്നിട്ടുള്ളതിനാൽ ഏത് ആത്മാവിനെയും വിശ്വസിക്കാതെ ആത്മാക്കൾ ദൈവത്തിൽനിന്നുള്ളവയോ എന്നറിയേണ്ടതിന് അവയെ ശോധന ചെയ്‌വിൻ. 2ദൈവാത്മാവിനെ ഇങ്ങനെ തിരിച്ചറിയാം: യേശുക്രിസ്തു ജഡത്തിൽ വന്നുവെന്ന് ഏറ്റുപറയുന്ന ഏതൊരാത്മാവും ദൈവത്തിൽനിന്നുള്ളതാകുന്നു. 3യേശുവിനെ ഏറ്റുപറയാത്ത ഏതൊരാത്മാവും ദൈവത്തിൽ നിന്നുള്ളതല്ല. അത് എതിർക്രിസ്തുവിന്റെ ആത്മാവാകുന്നു. അതു വരുന്നുവെന്നു നിങ്ങൾ കേട്ടിട്ടുണ്ടല്ലോ. ഇപ്പോൾത്തന്നേ അതു ലോകത്തിലുണ്ട്.

4കുഞ്ഞുങ്ങളേ, നിങ്ങൾ ദൈവത്തിൽനിന്നുള്ളവരാണ്; അവരെ നിങ്ങൾ ജയിച്ചുമിരിക്കുന്നു. എന്തുകൊണ്ടെന്നാൽ നിങ്ങളിലുള്ളവൻ ലോ

[a] 2 ചില കയ്യെഴുത്തുപ്രതികളിൽ *അതുവെളിപ്പെടുത്തപ്പെടുമ്പോൾ*

കത്തിലുള്ളവനെക്കാൾ വലിയവനല്ലോ. 5അവർ ലൗകികരാണ്; ലൗകികമായതു സംസാരിക്കുന്നു. ലോകം അവരെ ശ്രദ്ധിക്കുന്നു. 6ഞങ്ങളോ ദൈവത്തിൽനിന്നുള്ളവരത്രേ. ദൈവത്തെ അറിയുന്നവൻ ഞങ്ങളെ ശ്രദ്ധിക്കുന്നു. ദൈവത്തിൽനിന്നല്ലാത്തവൻ ഞങ്ങളെ ശ്രദ്ധിക്കുന്നില്ല. സത്യത്തിന്റെ ആത്മാവിനെയും വ്യാജത്തിന്റെ ആത്മാവിനെയും ഇങ്ങനെ നമുക്കു തിരിച്ചറിയാം.

ദൈവസ്നേഹം

7പ്രിയരേ, നാം അന്യോന്യം സ്നേഹിക്കുക. എന്തെന്നാൽ സ്നേഹം ദൈവത്തിൽനിന്നുള്ളതത്രേ. സ്നേഹിക്കുന്നവനെല്ലാം ദൈവത്തിൽനിന്നു ജനിച്ചിരിക്കുന്നു; ദൈവത്തെ അറിഞ്ഞുമിരിക്കുന്നു. 8സ്നേഹിക്കാത്തവൻ ദൈവത്തെ അറിയുന്നില്ല: ദൈവം സ്നേഹം തന്നേ. 9തന്റെ ഏകജാതനായ പുത്രനിലൂടെ നാം ജീവിക്കേണ്ടതിനു ദൈവം അദ്ദേഹത്തെ ലോകത്തിലേക്ക് അയച്ചിരിക്കുന്നു. അങ്ങനെ ദൈവം തന്റെ സ്നേഹം നമ്മുടെയിടയിൽ വെളിപ്പെടുത്തി. 10നാം ദൈവത്തെ സ്നേഹിച്ചതല്ല, പിന്നെയോ അവിടുന്നു നമ്മെ സ്നേഹിച്ചു തന്റെ പുത്രനെ നമ്മുടെ പാപത്തിനു പ്രായശ്ചിത്തയാഗമായി അയച്ചതുതന്നെയാണു സാക്ഷാൽ സ്നേഹം. 11പ്രിയരേ, ദൈവം നമ്മെ ഇത്രമാത്രം സ്നേഹിച്ചുവെങ്കിൽ നാമും അന്യോന്യം സ്നേഹിക്കേണ്ടതത്രേ. 12ദൈവത്തെ ആരും ഒരിക്കലും കണ്ടിട്ടില്ല; നാം അന്യോന്യം സ്നേഹിക്കുന്നുവെങ്കിൽ ദൈവം നമ്മിൽ വസിക്കുന്നു; അവിടുത്തെ സ്നേഹം നമ്മിൽ പൂർണ്ണമാകുകയും ചെയ്തിരിക്കുന്നു.

13ദൈവം തന്റെ ആത്മാവിനെ നമുക്കു തന്നതിനാൽ നാം ദൈവത്തിലും അവിടുന്ന് നമ്മിലും വസിക്കുന്നുവെന്നു നാം അറിയുന്നു. 14പിതാവ് തന്റെ പുത്രനെ ലോകരക്ഷകനായി അയച്ചുവെന്നത് ഞങ്ങൾ കാണുകയും സാക്ഷിക്കുകയും ചെയ്യുന്നു. 15യേശു ദൈവപുത്രനെന്ന് ഏറ്റു പറയുന്നവനിൽ ദൈവം വസിക്കുന്നു. അവൻ ദൈവത്തിലും വസിക്കുന്നു. 16ഇങ്ങനെ ദൈവത്തിനു നമ്മോടുള്ള സ്നേഹം ഞങ്ങൾ അറിയുകയും വിശ്വസിക്കുകയും ചെയ്തിരിക്കുന്നു.

ദൈവം സ്നേഹംതന്നേ; സ്നേഹത്തിൽ വസിക്കുന്നവൻ ദൈവത്തിൽ വസിക്കുന്നു; ദൈവം അവനിലും വസിക്കുന്നു. 17നാമും ലോകത്തിൽ അവിടുത്തെപ്പോലെ ആയിരിക്കുന്നതുകൊണ്ടു ന്യായവിധിദിവസത്തിൽ നമുക്കു ധൈര്യം ഉണ്ടാകുവാൻ തക്കവണ്ണം ഈ സ്നേഹം നമ്മിൽ തികഞ്ഞിരിക്കുന്നു. 18സ്നേഹത്തിൽ ഭയമില്ല. എന്നാൽ സമ്പൂർണ്ണസ്നേഹം ഭയത്തെ പുറത്താക്കുന്നു. ഭയം ശിക്ഷയോടു ബന്ധപ്പെട്ടിരിക്കുന്നു. ഭയപ്പെടുന്നവൻ സ്നേഹത്തിൽ പൂർണ്ണത പ്രാപിച്ചിട്ടില്ല.

19അവിടുന്ന് ആദ്യം നമ്മെ സ്നേഹിച്ചതിനാൽ നാമും സ്നേഹിക്കുന്നു. 20ആരെങ്കിലും ദൈവത്തെ സ്നേഹിക്കുന്നു എന്നു പറയുകയും സഹോദരനെ ദ്വേഷിക്കുകയും ചെയ്യുന്നുവെങ്കിൽ അയാൾ കള്ളനാണ്. എന്തെന്നാൽ താൻ കണ്ടിട്ടുള്ള സഹോദരനെ സ്നേഹിക്കാത്തവനു കണ്ടിട്ടില്ലാത്ത ദൈവത്തെ സ്നേഹിപ്പാൻ കഴിയുന്നതല്ല. 21ദൈവത്തെ സ്നേഹിക്കുന്നവൻ സഹോദരനെയും സ്നേഹിക്കണമെന്നുള്ള ഈ കല്പന അവിടുന്നു നമുക്കു നല്കിയിരിക്കുന്നു.

ദൈവപുത്രനിലുള്ള വിശ്വാസം

5 യേശുവിനെ ക്രിസ്തുവെന്നു വിശ്വസിക്കുന്ന ഏതൊരാളും ദൈവത്തിൽനിന്നു ജനിച്ചിരിക്കുന്നു. പിതാവിനെ സ്നേഹിക്കുന്ന ഏവനും അവിടുത്തെ പുത്രനെയും സ്നേഹിക്കുന്നു. 2നാം ദൈവത്തെ സ്നേഹിക്കുകയും അവിടുത്തെ കല്പനകൾ അനുസരിക്കുകയും ചെയ്യുന്നതിനാൽ നാം ദൈവമക്കളെ സ്നേഹിക്കുന്നുവെന്ന് അറിയുന്നു. 3ദൈവത്തിന്റെ കല്പനകൾ അനുസരിക്കുന്നതുതന്നെയാണു ദൈവത്തോടുള്ള സ്നേഹം. അവിടുത്തെ കല്പനകൾ ഭാരമുള്ളവയല്ല. 4ദൈവത്തിൽനിന്നു ജനിച്ച ഏതൊരുവനും ലോകത്തെ ജയിക്കുന്നു; ലോകത്തെ ജയിച്ച ജയം ഇതാണ് - നമ്മുടെ വിശ്വാസം തന്നേ. 5യേശു ദൈവപുത്രനെന്നു വിശ്വസിക്കുന്നവനല്ലാതെ ലോകത്തെ ജയിക്കുന്നവൻ ആര്?

6ജലത്താലും രക്തത്താലും വന്ന ഒരുവൻ ഇദ്ദേഹമാണ്; യേശുക്രിസ്തു തന്നേ. ജലത്താൽ മാത്രമല്ല, ജലത്താലും രക്തത്താലുംതന്നേ. സാക്ഷ്യം നല്കുന്നത് ആത്മാവാണ്; എന്തെന്നാൽ ആത്മാവ് സത്യം ആകുന്നു. 7സാക്ഷ്യം വഹിക്കുന്നവർ മൂന്നാണ്; 8ആത്മാവ്, ജലം, രക്തം. ഈ മൂന്നിന്റെയും സാക്ഷ്യം ഒന്നുതന്നേ. 9മനുഷ്യന്റെ സാക്ഷ്യം നാം സ്വീകരിക്കുന്നുവെങ്കിൽ ദൈവത്തിന്റെ സാക്ഷ്യം അതിലും വലുതാണ്. എന്തെന്നാൽ അതു പുത്രനെക്കുറിച്ചുള്ള ദൈവത്തിന്റെ സാക്ഷ്യമാണ്. 10ദൈവപുത്രനിൽ വിശ്വസിക്കുന്നവർക്കു ഹൃദയത്തിൽ ഈ സാക്ഷ്യം ഉണ്ട്. ദൈവത്തിൽ വിശ്വസിക്കാത്തവൻ ദൈവം തന്റെ പുത്രനെക്കുറിച്ചു നല്കിയ സാക്ഷ്യം വിശ്വസിക്കായ്കയാൽ അവിടുത്തെ അസത്യവാദിയാക്കുന്നു. 11ആ സാക്ഷ്യം ഇതാണ്: ദൈവം നമുക്കു നിത്യജീവൻ തന്നു; ആ ജീവൻ അവിടുത്തെ പുത്രനിൽ ഉണ്ട്.

12പുത്രൻ ഉള്ളവനു ജീവനുണ്ട്; ദൈവപുത്രൻ
ഇല്ലാത്തവനോ ജീവനില്ല.

സമാപന പ്രസ്താവനകൾ

13ദൈവപുത്രന്റെ നാമത്തിൽ വിശ്വസി
ക്കുന്ന നിങ്ങൾക്കു ഞാൻ ഇത് എഴുതുന്നത് നി
ങ്ങൾക്കു നിത്യജീവൻ ഉണ്ടെന്നു നിങ്ങൾ
അറിയേണ്ടതിനാണ്. 14ദൈവഹിതത്തിന് അനു
സൃതമായി നാം എന്ത് അപേക്ഷിച്ചാലും അവി
ടുന്നു നമ്മുടെ അപേക്ഷ കേൾക്കുന്നു എന്നതാ
ണു നമുക്കുള്ള ധൈര്യം. 15നാം എന്തപേക്ഷി
ച്ചാലും അവിടുന്നു കേൾക്കുന്നുവെന്നു നാം
അറിയുന്നുവെങ്കിൽ നമ്മുടെ അപേക്ഷക
ളെല്ലാം നമുക്കു ലഭിച്ചുകഴിഞ്ഞു എന്നും നാം
അറിയുന്നു.

16സഹോദരൻ മരണകരമല്ലാത്ത പാപം
ചെയ്യുന്നതായി ആരെങ്കിലും കണ്ടാൽ അയാൾ
ക്കുവേണ്ടി പ്രാർത്ഥിക്കട്ടെ. ദൈവം അയാൾക്കു
ജീവൻ നല്കും. മരണകരമല്ലാത്ത പാപം
ചെയ്യുന്നവരെപ്പറ്റിയാണു ഞാൻ പറയുന്നത്.
മരണത്തിലേക്കു നയിക്കുന്ന പാപം ഉണ്ട്. അതി
നുവേണ്ടി ഒരുവൻ പ്രാർത്ഥിക്കണമെന്നു ഞാൻ
പറയുന്നില്ല. 17എല്ലാ അനീതിയും പാപംതന്നേ.
എന്നാൽ മരണകരമല്ലാത്ത പാപവും ഉണ്ട്.

18ദൈവത്തിൽനിന്നു ജനിച്ചവൻ പാപം
ചെയ്യുന്നില്ല എന്നു നമുക്കറിയാം. ദൈവപുത്രൻ
അവനെ സൂക്ഷിക്കുന്നു; ദുഷ്ടൻ അവനെ
തൊടുന്നതുമില്ല. 19നാം ദൈവത്തിൽനിന്നു
ള്ളവരാണെന്നും ലോകംമുഴുവൻ ദുഷ്ടന്റെ
അധീനതയിലാണെന്നും നാം അറിയുന്നു.
20ദൈവപുത്രൻ വന്ന്, സത്യമായവനെ നാം
അറിയേണ്ടതിന്, നമുക്കു പരിജ്ഞാനം നല്കി
യിരിക്കുന്നുവെന്നും, നാം സത്യമായവനിൽ -
അവിടുത്തെ പുത്രനായ യേശു ക്രിസ്തുവിൽ
ത്തന്നേ - ആകുന്നുവെന്നും നാം അറിയുന്നു.
അവിടുന്നു സത്യദൈവവും നിത്യജീവനും
ആകുന്നു.

21കുഞ്ഞുങ്ങളേ, വിഗ്രഹങ്ങളിൽനിന്ന്
അകന്ന് സൂക്ഷിച്ചുകൊൾവിൻ.

2 യോഹന്നാൻ

1നമ്മിൽ വസിക്കുന്നതും നമ്മോടുകൂടെ
എന്നേക്കും ഇരിക്കുന്നതുമായ സത്യംനിമിത്തം,
ഞാൻ മാത്രമല്ല, 2സത്യത്തെ അറിയുന്ന എല്ലാ
വരും വാസ്തവമായി സ്നേഹിക്കുന്ന
ശ്രേഷ്ഠവനിതയ്ക്കും അവരുടെ മക്കൾക്കും,
മൂപ്പനായ ഞാൻ എഴുതുന്നത്:

3പിതാവായ ദൈവത്തിൽനിന്നും പിതാവി
ന്റെ പുത്രനായ യേശുക്രിസ്തുവിൽനിന്നും,
സത്യത്തിലും സ്നേഹത്തിലും, കൃപയും കരു
ണയും സമാധാനവും നമ്മോടുകൂടെ ഉണ്ടാ
യിരിക്കട്ടെ.

4പിതാവു നമ്മോടു കല്പിച്ചതുപോലെ,
താങ്കളുടെ മക്കളിൽ ചിലർ സത്യത്തിൽ
നടക്കുന്നതു കണ്ടു ഞാൻ വളരെ സന്തോഷിച്ചു.
5മാന്യവനിതേ, ഞാൻ ഇപ്പോൾ താങ്കൾക്കെഴു
തുന്നതു പുതിയൊരു കല്പനയല്ല; നാം അ
ന്യോന്യം സ്നേഹിക്കണം എന്നിങ്ങനെ നമു
ക്ക് ആദ്യംമുതലേ ലഭിച്ചിട്ടുള്ളതുതന്നെയാണ്.
6നാം അവിടുത്തെ കല്പനയനുസരിച്ചു
നടക്കുന്നതുതന്നേ സ്നേഹം. ആരംഭംമുതലേ
നിങ്ങൾ കേട്ടിട്ടുള്ളതുപോലെ, നിങ്ങൾ
സ്നേഹത്തിൽ നടപ്പിൻ.

7യേശുക്രിസ്തു ജഡത്തിൽ വന്നു എന്ന് അം
ഗീകരിക്കാത്ത അനേകം വഞ്ചകന്മാർ ലോ
കത്തിലേക്കു പുറപ്പെട്ടിരിക്കുന്നു. വഞ്ചകനും
എതിർക്രിസ്തുവും ഇപ്രകാരമുള്ളവൻ തന്നേ.
8പൂർണ്ണമായ ഒരു പ്രതിഫലം പ്രാപിക്കുവാൻ
തക്കവണ്ണം, ഞങ്ങളുടെ അധ്വാനഫലം നിങ്ങൾ
നഷ്ടമാക്കാതിരിക്കാൻ ശ്രദ്ധിച്ചുകൊൾവിൻ.
9ക്രിസ്തുവിന്റെ ഉപദേശത്തിൽ നിലനില്ക്കാ
തെ അതിനെ മറികടക്കുന്നവനു ദൈവമില്ല.
ക്രിസ്തുവിന്റെ ഉപദേശത്തിൽ നിലനില്
ക്കുന്നവനോ പിതാവും പുത്രനും ഉണ്ട്. 10ഈ
ഉപദേശവുമായിട്ടല്ലാതെ ആരെങ്കിലും നിങ്ങളു
ടെ അടുക്കൽ വന്നാൽ അവനെ നിങ്ങളുടെ
വീട്ടിൽ സ്വീകരിക്കുകയോ കുശലം പറയുക
യോ അരുത്. 11അവനുമായി കുശലപ്രശ്നം
നടത്തുന്നവൻ അവന്റെ ദുഷ്പ്രവൃത്തികളിൽ
പങ്കാളിയത്രേ.

12നിങ്ങൾക്ക് എഴുതുവാൻ ധാരാളം ഉണ്ട്.
എന്നാൽ കടലാസും മഷിയുംകൊണ്ട് എഴുതു
വാൻ ഞാൻ ആഗ്രഹിക്കുന്നില്ല. നമ്മുടെ
സന്തോഷം പൂർണ്ണമാകേണ്ടതിനു നിങ്ങളെ
സന്ദർശിച്ചു മുഖാമുഖമായി സംസാരിക്കുവാൻ
ഞാൻ ആഗ്രഹിക്കുന്നു.

13താങ്കളുടെ മാന്യസഹോദരിയുടെ മക്കൾ
അവരുടെ അഭിവാദനം അറിയിക്കുന്നു.

3 യോഹന്നാൻ

1മൂപ്പനായ ഞാൻ സത്യത്തിൽ സ്നേഹിക്കുന്ന പ്രിയ ഗായൊസിന് എഴുതുന്നത്:

2പ്രിയനേ, നിന്റെ ആത്മാവു ക്ഷേമമായിരിക്കുന്നതുപോലെ നീ എല്ലാക്കാര്യങ്ങളിലും ക്ഷേമവും ആരോഗ്യവുമുള്ളവനായിരിക്കണമെന്ന് ഞാൻ പ്രാർത്ഥിക്കുന്നു. 3ചില സഹോദരന്മാർ വന്ന് നീ സത്യത്തിൽ നടക്കുന്നുവെന്നു നിന്നിലുള്ള സത്യത്തെപ്പറ്റി സാക്ഷ്യം പറഞ്ഞപ്പോൾ ഞാൻ ഏറ്റവുമധികം സന്തോഷിച്ചു. 4എന്റെ മക്കൾ സത്യത്തിൽ നടക്കുന്നുവെന്നു കേൾക്കുന്നതിലധികം സന്തോഷം എനിക്കു വേറെയില്ല.

5പ്രിയനേ, അപരിചിതരാണെങ്കിൽപോലും സഹോദരർക്കുവേണ്ടി നീ അധ്വാനിക്കുന്നതിലൊക്കെയും വിശ്വസ്തനായിരിക്കുന്നു. 6അവർ നിന്റെ സ്നേഹത്തെപ്പറ്റി സഭയുടെ മുമ്പാകെ സാക്ഷ്യം പറഞ്ഞിരിക്കുന്നു. നീ അവരെ ദൈവത്തിനു യോഗ്യമാംവിധം യാത്രയാക്കുന്നതു നന്നായിരിക്കും. 7വിജാതീയരിൽനിന്ന് ഒരു സഹായവും വാങ്ങാതെ അവർ യാത്ര പുറപ്പെട്ടത് തിരുനാമംനിമിത്തം ആയിരുന്നുവല്ലോ. 8സത്യത്തിനു സഹപ്രവർത്തകരാകേണ്ടതിനു നാം ഇങ്ങനെയുള്ളവരെ സ്വീകരിച്ചു സൽക്കരിക്കേണം.

9സഭയ്ക്കു ഞാൻ ചില കാര്യങ്ങൾ എഴുതിയിരുന്നു. എന്നാൽ അവരിൽ ഒന്നാമനാകാൻ ആഗ്രഹിക്കുന്ന ദിയൊത്രെഫേസ് ഞങ്ങളെ അംഗീകരിക്കുന്നില്ല. 10അതുകൊണ്ടു ഞാൻ വന്നാൽ, ഞങ്ങളെപ്പറ്റി ദൂഷണം പറയുന്ന അയാളുടെ പ്രവൃത്തി അയാളുടെ ശ്രദ്ധയിൽപ്പെടുത്തും. അയാൾ ആ പ്രവൃത്തികൊണ്ടും തൃപ്തനാകാതെ സഹോദരന്മാരെ സ്വീകരിക്കുവാൻ വിസമ്മതിക്കുകയും, അതിനു താല്പര്യപ്പെടുന്നവരെ തടയുകയും സഭയിൽ നിന്നു പുറത്താക്കുകയും ചെയ്യുന്നു.

11പ്രിയനേ, നന്മയല്ലാതെ തിന്മ അനുകരിക്കരുത്. നന്മ ചെയ്യുന്നവൻ ദൈവത്തിൽനിന്നുള്ളവൻ; തിന്മ ചെയ്യുന്നവനോ ദൈവത്തെ കണ്ടിട്ടില്ല. 12ദെമേത്രിയൊസിന് എല്ലാവരാലും, സത്യത്താൽ തന്നെയും സാക്ഷ്യം ലഭിച്ചിട്ടുണ്ട്; ഞങ്ങളും സാക്ഷ്യം പറയുന്നു. ഞങ്ങളുടെ സാക്ഷ്യം സത്യമെന്നു നിനക്കറിയാമല്ലോ.

13എനിക്കു വളരെയധികം എഴുതുവാനുണ്ട്; എന്നാൽ മഷിയും പേനയുംകൊണ്ടു നിനക്കെഴുതുവാൻ ഞാൻ ആഗ്രഹിക്കുന്നില്ല. 14ഉടനേ നിന്നെ കാണാമെന്നു ഞാൻ ആശിക്കുന്നു. അപ്പോൾ നമുക്ക് അഭിമുഖമായി സംസാരിക്കാം.

നിനക്കു സമാധാനം. സ്നേഹിതർ നിന്നെ അഭിവാദനം ചെയ്യുന്നു. സ്നേഹിതരെ ആളാം പ്രതി അഭിവാദനം അറിയിക്കുക.

യൂദാ

1യേശുക്രിസ്തുവിന്റെ ദാസനും യാക്കോ
ബിന്റെ സഹോദരനുമായ യൂദാ,

പിതാവായ ദൈവത്താൽ സ്നേഹിക്കപ്പെട്ടും
യേശുക്രിസ്തുവിനായി[a] സംരക്ഷിക്കപ്പെട്ടുമിരി
ക്കുന്ന വിളിക്കപ്പെട്ടവർക്ക് എഴുതുന്നത്:

2നിങ്ങൾക്കു കരുണയും സമാധാനവും
സ്നേഹവും സമൃദ്ധിയായി ഉണ്ടാകുമാറാകട്ടെ.

ദൈവത്തെ തൃജിക്കുന്നവരുടെ നാശം

3പ്രിയരേ, നമുക്കു പൊതുവിലുള്ള രക്ഷ
യെപ്പറ്റി നിങ്ങൾക്കെഴുതുവാൻ ഞാൻ അത്യന്തം
ഉത്സാഹിച്ചുകൊണ്ടിരിക്കെ, ദൈവം വിശു
ദ്ധന്മാർക്ക് ഒരിക്കലായി ഏല്പിച്ചിട്ടുള്ള വിശ്വാ
സത്തിനുവേണ്ടി പോരാടുവാൻ പ്രബോധിപ്പി
ച്ചുകൊണ്ട് നിങ്ങൾക്കെഴുതുവാൻ ഞാൻ നിർ
ബ്ബന്ധിതനായി. 4കാരണം, നമ്മുടെ ദൈവത്തി
ന്റെ കൃപയെ ഭോഗാസക്തിക്കുവേണ്ടി ഉപ
യോഗിക്കുകയും നമ്മുടെ ഏകാധിനാഥനും
കർത്താവുമായ യേശുക്രിസ്തുവിനെ നിഷേ
ധിക്കുകയും ചെയ്യുന്ന അഭക്തരായ ചിലർ നി
ങ്ങളുടെയിടയിൽ നുഴഞ്ഞുകയറിയിട്ടുണ്ട്. ശി
ക്ഷാവിധിക്കായി പണ്ടുതന്നേ നിർണ്ണയിക്ക
പ്പെട്ടവരാണ് ഈ കൂട്ടർ[b].

5നിങ്ങൾ ഒരിക്കൽ എല്ലാം അറിഞ്ഞവരെങ്കി
ലും നിങ്ങളെ ഞാൻ ഓർപ്പിക്കുവാൻ ആഗ്രഹി
ക്കുന്നത്: കർത്താവു തന്റെ ജനത്തെ ഈജി
പ്റ്റിൽനിന്നു വിടുവിച്ചതിനുശേഷവും വിശ്വ
സിക്കാതിരുന്നവരെ പിന്നീടു നശിപ്പിച്ചു.
6തങ്ങളുടെ ഭരണം നിറവേറ്റാതെ സ്വന്തം വാ
സസ്ഥാനം വിട്ടുപോയ ദൂതന്മാരെ അവിടുന്ന്
മഹാദിവസത്തിലെ ന്യായവിധിക്കായി നിത്യ
ബന്ധനത്തിലാക്കി അന്ധതമസ്സിൽ സൂക്ഷിച്ചി
രിക്കുന്നു. 7അതേവിധത്തിൽ, സൊദോമും ഗൊ
മോറയും ചുറ്റുമുള്ള പട്ടണങ്ങളും അവർക്കു
തുല്യം ഹീനമായ ദുർന്നടപ്പിൽ മുഴുകി വികൃ
തമായ ഭോഗാസക്തിയിൽ ജീവിച്ചതുമൂലം നി
ത്യാഗ്നിയുടെ ദണ്ഡനം സഹിച്ചുകൊണ്ട് ഒരു
ദൃഷ്ടാന്തമായി നിലകൊള്ളുന്നു.

8ഇപ്രകാരംതന്നേയാണ് ഈ മനുഷ്യരും സ്വ
പ്നാവസ്ഥയിൽ മുഴുകി ശരീരത്തെ മലിനമാ
ക്കുകയും അധികാരത്തെ ധിക്കരിക്കുകയും
തേജസ്സുള്ളവരെ ദുഷിക്കുകയും ചെയ്യുന്നത്.
9എന്നാൽ പ്രധാനദൂതനായ മീഖായേൽപോ
ലും, മോശെയുടെ ശരീരത്തെ സംബന്ധിച്ചു പി
ശാചിനോടു തർക്കിച്ചപ്പോൾ, "കർത്താവു നി
ന്നെ ഭർത്സിക്കട്ടെ" എന്നു പറഞ്ഞതല്ലാതെ
അവനെതിരായി ദൂഷണരൂപത്തിലുള്ള ഒരു
കുറ്റാരോപണവും നടത്തിയില്ല. 10എന്നാൽ
ഇവരാകട്ടെ, തങ്ങൾക്ക് അറിവില്ലാത്തതിനെ
യെല്ലാം ദുഷിക്കുന്നു; അതേസമയം, വി
ശേഷബുദ്ധിയില്ലാത്ത മൃഗങ്ങളെപ്പോലെ
ജന്മവാസനകൊണ്ടു ഗ്രഹിക്കുന്ന കാര്യ
ങ്ങളാൽ ഇവർ നശിക്കുകയും ചെയ്യുന്നു.

11ഇവർക്ക് ഹാ കഷ്ടം! അവർ കയീന്റെ
വഴിയിൽ നടക്കുകയും, പ്രതിഫലം മോഹിച്ചു
ബിലെയാമിന്റെ വഞ്ചനയ്ക്കു സ്വയം
ഏല്പിച്ചുകൊടുക്കുകയും കോരഹിന്റെ
മത്സരത്തിൽ നശിച്ചുപോകയും ചെയ്യുന്നു.

12ഇവർ നിങ്ങളുടെ സ്നേഹവിരുന്നുകളിലെ
കളങ്കങ്ങളത്രേ. ഭയംകൂടാതെ സ്വയം തിന്നുകു
ടിച്ചു മദിക്കുന്നവർ! കാറ്റിൽ പാറിപ്പോകുന്ന,
വെള്ളമില്ലാത്ത മേഘങ്ങൾ! ഫലമില്ലാത്തതും
പിഴുതെറിയപ്പെട്ടതും രണ്ടുവട്ടം ചത്തതുമായ
ശരത്കാല വൃക്ഷങ്ങൾ! 13സ്വന്തം നാണക്കേടി
ന്റെ നുരയും പതയും വമിച്ച് അലറുന്ന കടൽ
ത്തിരകൾ! കൊടുംതമസ്സിനായി സൂക്ഷിക്കപ്പെട്ടി
രിക്കുന്ന വക്രഗതിയുള്ള നക്ഷത്രങ്ങൾ!

14ആദാംമുതൽ ഏഴാമനായ ഹാനോക്കും
ഇവരെക്കുറിച്ച് ഇപ്രകാരം പ്രവചിച്ചു: "ഇതാ,
കർത്താവ് എല്ലാവരെയും ന്യായം വിധിക്കുവാ
നും, അഭക്തർ ഭക്തിവിരുദ്ധമായി ചെയ്ത,
ഭക്തിരഹിതമായ സകലപ്രവൃത്തികളും, ഭക്തി
കെട്ട പാപികൾ തനിക്കെതിരെ പറഞ്ഞ നിഷ്ഠൂ
രവചനങ്ങളുംനിമിത്തം അവർക്കു ബോധം
വരുത്തുവാനും 15തന്റെ ആയിരമായിരം വി
ശുദ്ധരോടുകൂടി വന്നിരിക്കുന്നു." 16ഇവർ പിറു

[a] 1അല്ലെങ്കിൽ *യേശുക്രിസ്തുവിൽ* [b] 4 അല്ലെങ്കിൽ *ഇവരുടെ ശിക്ഷാവിധി പണ്ടുതന്നേ എഴുതിയിരി
ക്കുന്നു.*

പിരുപ്പുകാരും ദോഷൈകദൃക്കുകളും സ്വന്തം ദുർമ്മോഹങ്ങളെ പിന്തുടരുന്നവരുമാണ്. തങ്ങളെക്കുറിച്ച് ഇവർ വമ്പു പറയുകയും കാര്യസാധ്യത്തിനായി മുഖസ്തുതി പ്രയോഗിക്കുകയും ചെയ്യുന്നു.

സഹിഷ്ണുതയ്ക്കുള്ള ആഹ്വാനം

17നിങ്ങളോ പ്രിയരേ, നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ അപ്പൊസ്തലന്മാർ മുൻകൂട്ടി പറഞ്ഞ വാക്കുകൾ ഓർത്തുകൊള്ളുവിൻ. 18"അന്ത്യകാലത്തു ഭക്തിവിരുദ്ധമായ സ്വന്തം മോഹങ്ങളെ പിന്തുടരുന്ന പരിഹാസികൾ ഉണ്ടാകും" എന്ന് അവർ നിങ്ങളോടു പറഞ്ഞുവല്ലോ. 19ലൗകികരും ആത്മാവില്ലാത്തവരുമായ ഇവരാണ് നിങ്ങളുടെയിടയിൽ ഭിന്നിപ്പുണ്ടാക്കുന്നത്.

20നിങ്ങളോ, പ്രിയരേ, നിങ്ങളുടെ അതിവിശുദ്ധവിശ്വാസത്തിൽ നിങ്ങൾക്കുതന്നേ ആത്മികവർദ്ധന വരുത്തിയും പരിശുദ്ധാത്മാവിൽ പ്രാർത്ഥിച്ചും 21നിത്യജീവനായി നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ കരുണയ്ക്കു കാത്തിരുന്നുംകൊണ്ടു ദൈവസ്നേഹത്തിൽ നിങ്ങളെത്തന്നേ സൂക്ഷിച്ചുകൊള്ളുവിൻ.

22ചഞ്ചലചിത്തരോടു കരുണ കാണിക്കുവിൻ; 23ചിലരെ തീയിൽനിന്നു വലിച്ചെടുത്തു രക്ഷിപ്പിൻ; മറ്റു ചിലരോട്, ജഡികതയാൽ മലിനമായ അവരുടെ വസ്ത്രംപോലും വെറുത്തുകൊണ്ടു ഭയത്തോടെ കരുണ കാണിപ്പിൻ.

ആശീർവാദം

24വീഴാതവണ്ണം നിങ്ങളെ സൂക്ഷിച്ചു തന്റെ തേജസ്സിന്റെ സന്നിധിയിൽ കളങ്കമില്ലാതെ മഹാസന്തോഷത്തോടെ നിറുത്തുവാൻ കഴിവുള്ളവന്, 25നമ്മുടെ കർത്താവായ യേശുക്രിസ്തുവിലൂടെ നമ്മുടെ രക്ഷകനായ ഏകദൈവത്തിനു തന്നേ, സർവ്വകാലങ്ങൾക്കുമുമ്പും ഇപ്പോഴും എന്നേക്കും തേജസ്സും മഹിമയും ബലവും ആധിപത്യവും ഉണ്ടായിരിക്കട്ടെ. ആമേൻ.

വെളിപ്പാട്

ആമുഖം

1 യേശുക്രിസ്തുവിന്റെ വെളിപ്പാട്: വേഗത്തിൽ സംഭവിക്കാനിരിക്കുന്നവ തന്റെ ദാസർക്കു കാണിച്ചുകൊടുപ്പാൻ ദൈവം അത് അവിടുത്തേക്കു നല്കി. അവിടുന്നു തന്റെ ദൂതനെ അയച്ച് അതു തന്റെ ദാസനായ യോഹന്നാനു വെളിപ്പെടുത്തി. 2ദൈവത്തിന്റെ വചനവും യേശുക്രിസ്തുവിന്റെ സാക്ഷ്യവുമായി താൻ കണ്ടതെല്ലാം യോഹന്നാൻ സാക്ഷ്യപ്പെടുത്തി. 3ഈ പ്രവചനത്തിന്റെ വാക്കുകൾ വായിക്കുന്നവനും കേൾക്കുന്നവരും അതിൽ എഴുതിയിരിക്കുന്നതു പാലിക്കുന്നവരും അനുഗൃഹീതർ; എന്തെന്നാൽ സമയം അടുത്തിരിക്കുന്നു.

അഭിവാദനവും സ്തുതിയും

4യോഹന്നാൻ ആസ്യയിലെ ഏഴു സഭകൾക്ക് എഴുതുന്നത്: ആയിരിക്കുന്നവനും ആയിരുന്നവനും വരുവാനിരിക്കുന്നവനുമായവങ്കൽ നിന്നും അവിടുത്തെ സിംഹാസനത്തിന്റെ മുമ്പിലുള്ള ഏഴ് ആത്മാക്കളിൽനിന്നും 5വിശ്വസ്തസാക്ഷിയും മരിച്ചവരുടെയിടയിൽനിന്ന് ആദ്യം ജനിച്ചവനും ഭൂരാജാക്കന്മാരുടെ അധിപനുമായ യേശുക്രിസ്തുവിൽനിന്നും നിങ്ങൾക്കു കൃപയും സമാധാനവും ഉണ്ടാകട്ടെ.

നമ്മെ സ്നേഹിക്കുന്നവനും തന്റെ രക്തത്താൽ നമ്മുടെ പാപങ്ങളിൽനിന്നു നമ്മെ വിടുവിച്ചവനും 6തന്റെ ദൈവവും പിതാവുമായവനുവേണ്ടി നമ്മെ രാജ്യവും പുരോഹിതന്മാരുമായി നിയമിച്ചവനുമായവന് എന്നെന്നേക്കും മഹത്ത്വവും ബലവും ഉണ്ടായിരിക്കട്ടെ! ആമേൻ.

> 7ഇതാ, അവിടുന്നു മേഘങ്ങളിൽ വരുന്നു; എല്ലാ കണ്ണുകളും തന്നെ കുത്തിത്തുളച്ചവരും അവിടുത്തെ കാണും. ഭൂമിയിലെ സകല ഗോത്രങ്ങളും അവിടുത്തെച്ചൊല്ലി വിലപിക്കും. അതേ, ആമേൻ.

8"ഞാൻ അല്ഫയും ഒമേഗയും ആകുന്നു" എന്ന് ആയിരിക്കുന്നവനും ആയിരുന്നവനും വരുവാനിരിക്കുന്നവനുമായ സർവ്വശക്തിയുള്ള ദൈവമായ കർത്താവ് അരുളിച്ചെയ്യുന്നു.

മനുഷ്യപുത്രനു സദൃശനായ ഒരുവൻ

9നിങ്ങളുടെ സഹോദരനും യേശുവിന്റെ കഷ്ടതയിലും രാജ്യത്തിലും സഹിഷ്ണുതയിലും പങ്കാളിയുമായ യോഹന്നാൻ എന്ന ഞാൻ ദൈവവചനവും യേശുവിന്റെ സാക്ഷ്യവും നിമിത്തം പത്മൊസ് ദ്വീപിൽ ആയിരുന്നു. 10കർത്തൃദിവസത്തിൽ ഞാൻ ആത്മാവിലായി. "നീ കാണുന്നത് ഒരു പുസ്തകത്തിൽ എഴുതി എഫെസൊസ്, സ്മുർന്നാ, പെർഗ്ഗമൊസ്, തുയഥൈര, സർദ്ദിസ്, ഫിലദെൽഫിയാ, ലവൊദിക്യ എന്നീ ഏഴു സഭകൾക്ക് അയച്ചുകൊടുക്കുക" 11എന്നിങ്ങനെ കാഹളതുല്യമായ ഒരു മഹാശബ്ദം എന്റെ പിന്നിൽ ഞാൻ കേട്ടു.

12എന്നോടു സംസാരിച്ച ശബ്ദം എന്തെന്നു കാണുവാൻ ഞാൻ തിരിഞ്ഞു. തിരിഞ്ഞപ്പോൾ പൊന്നുകൊണ്ടുള്ള ഏഴു വിളക്കുതണ്ടുകളെയും 13അവയുടെ നടുവിൽ നിലയങ്കി അണിഞ്ഞ് മാറത്തു പൊൻകച്ച കെട്ടി മനുഷ്യപുത്രനു[a]സദൃശ്യനായ ഒരുവനെയും കണ്ടു. 14അദ്ദേഹത്തിന്റെ തലയും തലമുടിയും വെൺകമ്പിളിപോലെയും ഹിമംപോലെ വെൺമയുള്ളതും കണ്ണുകൾ അഗ്നിജ്വാലയ്ക്കും 15കാലുകൾ ഉലയിൽ കാച്ചിപ്പഴുപ്പിച്ച വെള്ളോടിനും ശബ്ദം പെരുവെള്ളത്തിന്റെ ഇരമ്പലിനും തുല്യം.16വലങ്കൈയിൽ ഏഴു നക്ഷത്രങ്ങൾ പിടിച്ചിരിക്കുന്ന അദ്ദേഹത്തിന്റെ വായിൽനിന്നു മൂർച്ചയേറിയ ഇരുവായ്ത്തലയുള്ള വാൾ പുറപ്പെടുന്നു. അദ്ദേഹത്തിന്റെ മുഖം സൂര്യനുതുല്യം പൂർണ്ണശക്തിയോടെ പ്രകാശിച്ചുകൊണ്ടിരിക്കുന്നു. 17അവിടുത്തെ കണ്ടപ്പോൾ ഞാൻ മരിച്ചവനെപ്പോലെ ആ പാദങ്ങളിൽ വീണു. വലങ്കൈ എന്റെമേൽ വച്ചുകൊണ്ട് അവിടുന്ന് എന്നോടു പറഞ്ഞു: "ഭയപ്പെടേണ്ടാ, ഞാൻ ആദ്യനും അന്ത്യനും 18ജീവിച്ചിരിക്കുന്നവനും ആകുന്നു. ഞാൻ മരിച്ചവനായിരുന്നു. എന്നാൽ ഇതാ, എന്നെന്നേക്കും ജീവിക്കുന്നു.

[a] 13 ദാനീയേൽ 7:13

മരണത്തിന്റെയും പാതാളത്തിന്റെയും താക്കോൽ എന്റെ കൈയിലുണ്ട്.

19 നീ കണ്ടതും ഇപ്പോഴുള്ളതും ഇനി സംഭവിപ്പാനിരിക്കുന്നതും എഴുതുക. 20എന്റെ വലങ്കൈയിൽ കണ്ട ഏഴു നക്ഷത്രങ്ങളുടെയും ഏഴു പൊൻവിളക്കുതണ്ടുകളുടെയും മർമ്മം ഇതാകുന്നു: ഏഴു നക്ഷത്രങ്ങൾ ഏഴു സഭകളുടെ ദൂതന്മാരും, ഏഴു വിളക്കുതണ്ടുകൾ ഏഴുസഭകളും അത്രേ.

എഫെസൊസിലെ സഭയ്ക്ക്

2 എഫെസൊസിലെ സഭയുടെ ദൂതന് എഴുതുക:

വലങ്കൈയിൽ ഏഴു നക്ഷത്രങ്ങൾ പിടിച്ചുകൊണ്ട് ഏഴു പൊൻവിളക്കുതണ്ടുകളുടെ നടുവിൽ നടക്കുന്നവൻ അരുളിച്ചെയ്യുന്നത്: 2നിന്റെ പ്രവൃത്തിയും അധ്വാനവും സഹിഷ്ണുതയും, ദുഷ്ടന്മാരെ നിനക്കു സഹിച്ചുകൂടാത്തതും തങ്ങൾ അപ്പൊസ്തലന്മാർ അല്ലാതിരിക്കെ അപ്പൊസ്തലന്മാരാണെന്നു പറയുന്നവരെ നീ പരീക്ഷിച്ചു കള്ളന്മാരെന്നു കണ്ടതും ഞാൻ അറിയുന്നു. 3നിന്റെ സഹിഷ്ണുതയും എന്റെ നാമത്തിനുവേണ്ടി ക്ലേശം സഹിച്ചിട്ടും നീ തളരാതിരുന്നതും എനിക്കറിയാം.

4എന്നാൽ നിന്റെ ആദ്യസ്നേഹം ത്യജിച്ചുവെന്ന ഒരു കാര്യം നിനക്കെതിരേ പറയുവാനുണ്ട്. 5നീ ഏതിൽ നിന്നു വീണുവെന്നു ഗ്രഹിച്ച് മാനസാന്തരപ്പെട്ട് ആദ്യത്തെ പ്രവൃത്തി ചെയ്യുക. അല്ലാഞ്ഞാൽ ഞാൻ നിന്റെ അടുക്കൽ വരികയും നീ മാനസാന്തരപ്പെടാതിരുന്നാൽ നിന്റെ വിളക്കുതണ്ട് അതിന്റെ സ്ഥാനത്തുനിന്നു നീക്കിക്കളയുകയും ചെയ്യും. 6എങ്കിലും, നിക്കൊലാവ്യരുടെ പ്രവൃത്തികൾ നീ വെറുക്കുന്നു എന്നൊരു മേന്മ നിനക്കുണ്ട്. അവ ഞാനും വെറുക്കുന്നു. 7ആത്മാവു സഭകളോടു പറയുന്നതു ചെവിയുള്ളവൻ കേൾക്കട്ടെ. ജയിക്കുന്നവനു ഞാൻ ദൈവത്തിന്റെ പറുദീസയിലുള്ള ജീവവൃക്ഷത്തിന്റെ ഫലം ഭക്ഷിപ്പാൻ കൊടുക്കും.

സ്മുർന്നയിലെ സഭയ്ക്ക്

8സ്മുർന്നയിലെ സഭയുടെ ദൂതന് എഴുതുക:

മരിക്കുകയും വീണ്ടും ജീവിക്കുകയും ചെയ്ത ആദ്യനും അന്ത്യനുമായവൻ അരുളിച്ചെയ്യുന്നു: 9ഞാൻ നിന്റെ കഷ്ടപ്പാടും ദാരിദ്ര്യവും അറിയുന്നു: എങ്കിലും നീ ധനവാൻ തന്നേ! തങ്ങൾ യഹൂദർ എന്നു പറയുന്നുവെങ്കിലും അങ്ങനെ ആയിരിക്കാതെ സാത്താന്റെ ആരാധകരായിരിക്കുന്നവരുടെ ദൂഷണവും ഞാൻ മനസ്സിലാക്കുന്നു. 10നീ സഹിക്കാൻ പോകുന്നതിനെക്കുറിച്ചു ഭയപ്പെടരുത്. നിങ്ങളെ പരീക്ഷിക്കേണ്ടതിനു പിശാച് നിങ്ങളിൽ ചിലരെ തടവിലാക്കുവാൻ പോകുന്നു. പത്തുദിവസം നിങ്ങൾക്കു പീഡന മുണ്ടാകും. മരണപര്യന്തം വിശ്വസ്തനായിരിക്ക; എന്നാൽ ഞാൻ ജീവകിരീടം നിനക്കു തരും.

11ആത്മാവു സഭകളോടു പറയുന്നതു ചെവിയുള്ളവൻ കേൾക്കട്ടെ. ജയിക്കുന്നവനു രണ്ടാം മരണത്താൽ ദോഷം ഭവിക്കയില്ല.

പെർഗ്മൊസിലെ സഭയ്ക്ക്

12പെർഗ്മൊസിലെ സഭയുടെ ദൂതന് എഴുതുക:

മൂർച്ചയേറിയ ഇരുവായ്ത്തലവാൾ ഉള്ളവൻ അരുളിച്ചെയ്യുന്നു. 13നീ വസിക്കുന്നത് എവിടെയെന്നും അവിടെ സാത്താന്റെ സിംഹാസനമുണ്ടെന്നും ഞാൻ അറിയുന്നു. എങ്കിലും നീ എന്റെ നാമം മുറുകെ പിടിച്ചിരിക്കുന്നു. സാത്താൻ വസിക്കുന്നേടമായ നിങ്ങളുടെയിടയിൽ എന്റെ വിശ്വസ്തസാക്ഷിയായ അന്തിപ്പാസ് കൊല്ലപ്പെട്ട കാലത്തുപോലും നീ എന്നിലുള്ള വിശ്വാസം ത്യജിച്ചില്ല.

14എങ്കിലും നിനക്കു വിരോധമായി ചില കാര്യങ്ങൾ പറയുവാനുണ്ട്; വിഗ്രഹാർപ്പിതം ഭക്ഷിക്കുവാനും ദുർന്നടപ്പിൽ ഏർപ്പെടുവാനും യിസ്രായേല്യരെ പ്രലോഭിപ്പിക്കേണ്ടതിനു ബാലാക്കിനെ ഉപദേശിച്ചബിലെയാമിന്റെ ഉപദേശം പിടിച്ചിരിക്കുന്ന ചിലർ അവിടെയുണ്ട്. 15അതുപോലെ നിക്കൊലാവ്യരുടെ ഉപദേശം സ്വീകരിച്ചവരും അവിടെയുണ്ട്. 16അതുകൊണ്ട് മാനസാന്തരപ്പെടുക! അല്ലെങ്കിൽ ഞാൻ വേഗം നിങ്ങളുടെയടുക്കൽ വന്ന് എന്റെ വായിലെ വാളുകൊണ്ട് അവരോടു യുദ്ധം ചെയ്യും.

17ആത്മാവു സഭകളോടു പറയുന്നതു ചെവിയുള്ളവൻ കേൾക്കട്ടെ. ജയിക്കുന്നവനു ഞാൻ മറഞ്ഞിരി

ക്കുന്ന മന്നാ കൊടുക്കും. ഞാൻ അവനു ഒരു വെള്ളക്കല്ലും കൊടുക്കും. ലഭിക്കുന്നവനല്ലാതെ ആരും അറിയാത്ത ഒരു പുതിയ പേർ അതിന്മേൽ എഴുതിയിരിക്കും.

തുയഥൈരയിലെ സഭയ്ക്ക്

18തുയഥൈരയിലെ സഭയുടെ ദൂതന് എഴുതുക:

അഗ്നിജ്വാലപോലുള്ള കണ്ണുകളും വെള്ളോടിനു തുല്യമായ പാദങ്ങളുമുള്ള ദൈവപുത്രൻ അരുളിച്ചെയ്യുന്നത്: 19നിന്റെ പ്രവൃത്തികളും സ്നേഹം, വിശ്വാസം, സേവനം, സഹിഷ്ണുത എന്നിവയും നിന്റെ ഒടുവിലത്തെ പ്രവൃത്തി ആദ്യത്തേതിനേക്കാൾ ശ്രേഷ്ഠമെന്നതും ഞാൻ അറിയുന്നു.

20എങ്കിലും താൻ പ്രവാചികയെന്നു പറഞ്ഞുകൊണ്ട് ദുർന്നടപ്പിൽ ഏർപ്പെടുവാനും വിഗ്രഹാർപ്പിതം ഭക്ഷിപ്പാനും എന്റെ ദാസന്മാരെ ഉപദേശിച്ചു വഴിതെറ്റിക്കുന്ന ഈസബേൽ എന്ന സ്ത്രീയെ നീ അനുവദിക്കുന്നുവെന്ന ഒരു കുറ്റം നിന്നെക്കുറിച്ചു പറയുവാനുണ്ട്. 21ഞാൻ അവൾക്കു മാനസാന്തരപ്പെടുവാൻ സമയം നല്കിയെങ്കിലും തന്റെ ദുർന്നടപ്പിൽനിന്നു മാനസാന്തരപ്പെടുവാൻ അവൾക്കു മനസ്സില്ല. 22ഞാൻ അവളെ കിടപ്പിലാക്കും, അവളുമായി വ്യഭിചരിക്കുന്നവർ മാനസാന്തരപ്പെടാതിരുന്നാൽ അവരെയും കഠിനയാതനയിലാക്കും. 23അവളുടെ മക്കളെയും ഞാൻ കൊന്നുകളയും; ഞാൻ ഹൃദയങ്ങളെയും മനസ്സുകളെയും പരിശോധിക്കുന്നവനെന്നു സകല സഭകളും അറിയും. നിങ്ങളുടെ പ്രവൃത്തികൾക്കു തക്കവണ്ണം ഞാൻ പകരം നല്കും. 24അവളുടെ ഉപദേശം സ്വീകരിക്കാതെയും സാത്താന്റെ നിഗൂഢതകൾ എന്ന് അവർ പറയുന്നവ അഭ്യസിക്കാതെയും ഇരിക്കുന്നവരായ തുയഥൈരയിലെ ശേഷമുള്ളവരോടു ഞാൻ പറയുന്നു: 25ഞാൻ വരുന്നതുവരെയും നിങ്ങൾക്കുള്ളതു മുറുകെപ്പിടിച്ചുകൊള്ളുക; മറ്റൊരു ഭാരവും ഞാൻ നിങ്ങളുടെമേൽ ചുമത്തുന്നില്ല. 26ജയിക്കുകയും അന്ത്യംവരെയും എന്റെ പ്രവൃത്തികൾ അനുഷ്ഠിക്കുകയും ചെയ്യുന്നവന് എന്റെ പിതാവ് എനിക്കു നല്കിയതുപോലെ ഞാൻ ജനതകളുടെമേൽ അധികാരംകൊടുക്കും; 27അവൻ ഇരുമ്പുകോൽകൊണ്ട് അവരെ മേയിക്കും; മൺപാത്രങ്ങൾ പോലെ അവർ നുറുങ്ങിപ്പോകും.[a] 28ഞാൻ അവനു ഉദയനക്ഷത്രവും കൊടുക്കും. 29ആത്മാവു സഭകളോടു പറയുന്നതു ചെവിയുള്ളവൻ കേൾക്കട്ടെ.

സർദ്ദിസിലെ സഭയ്ക്ക്

3 സർദ്ദിസിലെ സഭയുടെ ദൂതന് എഴുതുക:

ദൈവത്തിന്റെ ഏഴാത്മാക്കളും ഏഴു നക്ഷത്രങ്ങളും ഉള്ളവൻ അരുളിച്ചെയ്യുന്നു: ഞാൻ നിന്റെ പ്രവൃത്തികൾ അറിയുന്നു; ജീവിക്കുന്നവനെന്ന പേർ നിനക്കുണ്ടെങ്കിലും നീ മരിച്ചവനാണ്. 2ഉണരുക. ചാവാറായ നിലയിൽ ശേഷിച്ചവയെ ശക്തിപ്പെടുത്തുക. നിന്റെ പ്രവൃത്തി ദൈവത്തിന്റെ മുമ്പിൽ തികവുള്ളതായി ഞാൻ കണ്ടില്ല. 3അതിനാൽ നീ പ്രാപിച്ചതും കേട്ടതും എന്തെന്ന് ഓർത്തുകൊള്ളുക: അത് അനുസരിക്കുക; മാനസാന്തരപ്പെടുക, നീ ഉണരുന്നില്ലെങ്കിൽ ഞാൻ കള്ളനെപ്പോലെ വരും. ഞാൻ ഏതു സമയത്തു നിന്റെ അടുക്കൽ വരുമെന്നു നീ അറിയുകയുമില്ല.

4എങ്കിലും അങ്കി മലിനമാക്കാത്ത ഏതാനും പേർ സർദ്ദിസിൽ നിനക്കുണ്ട്. അവർ യോഗ്യരാകയാൽ വെള്ളവസ്ത്രം ധരിച്ച് എന്നോടുകൂടെ നടക്കും. 5ജയിക്കുന്നവൻ അപ്രകാരം വെള്ളവസ്ത്രം ധരിക്കും. ജീവന്റെ പുസ്തകത്തിൽനിന്ന് അവന്റെ പേർ ഞാൻ മായിച്ചുകളയാതെ എന്റെ പിതാവിന്റെയും അവിടുത്തെ ദൂതന്മാരുടെയും മുമ്പാകെ അവന്റെ നാമം ഏറ്റുപറയും. 6ആത്മാവു സഭകളോടു പറയുന്നതു ചെവിയുള്ളവൻ കേൾക്കട്ടെ.

ഫിലദെൽഫിയായിലെ സഭയ്ക്ക്

7ഫിലെദെൽഫിയായിലെ സഭയുടെ ദൂതന് എഴുതുക:

വിശുദ്ധനും സത്യവാനും ദാവീദിന്റെ താക്കോലുള്ളവനും ആരും അടയ്ക്കാതവണ്ണം തുറക്കുന്നവനും ആരും തുറക്കാതവണ്ണം അടയ്ക്കുന്നവനുമായവൻ അരുളിച്ചെയ്യുന്നു: 8ഞാൻ നിന്റെ പ്രവൃത്തി അറിയുന്നു. ആർക്കും അടച്ചുകൂടാത്ത ഒരു തുറന്ന

[a] 27 സങ്കീർത്തനം 2:9

വാതിൽ ഇതാ ഞാൻ നിന്റെ മുമ്പിൽ
വച്ചിരിക്കുന്നു. നിനക്കു ശക്തി
അല്പമേ ഉള്ളു; എങ്കിലും നീ എന്റെ
വചനം കാത്തു; എന്റെ നാമം നിഷേധി
ച്ചതുമില്ല. 9തങ്ങൾ യഹൂദരല്ലാതി
രിക്കെ യഹൂദരാണെന്നു വ്യാജം
പറയുന്ന സാത്താന്റെ ആരാധകരെ
ഞാൻ വരുത്തും. അവർ നിന്റെ കാ
ല്ക്കൽ വീണു നിന്നെ നമസ്കരി
ക്കാനും ഞാൻ നിന്നെ സ്നേഹി
ച്ചുവെന്നു ഗ്രഹിക്കാനും ഇടയാക്കും.
10സഹിഷ്ണുതയെ സംബന്ധിച്ച എ
ന്റെ വചനം നീ കാത്തുകൊണ്ടതി
നാൽ സകല ഭൂവാസികളെയും
ശോധന ചെയ്യുന്ന പരീക്ഷാസമയത്തു
ഞാനും നിന്നെ കാത്തുകൊള്ളും.
11ഞാൻ വേഗം വരുന്നു. നിന്റെ
കിരീടം ആരും എടുക്കാതിരിക്കത്തക്ക
വണ്ണം നിനക്കുള്ളതു മുറുകെപ്പിടി
ച്ചുകൊൾക. 12ജയിക്കുന്നവനെ ഞാൻ
എന്റെ ദൈവത്തിന്റെ ആലയത്തിൽ
ഒരു തൂണാക്കും. അവൻ ഒരുനാളും
അവിടം വിട്ടുപോകയുമില്ല. ഞാൻ അവ
ന്റെമേൽ എന്റെ ദൈവത്തിന്റെ നാ
മവും എന്റെ ദൈവത്തിന്റെ അടു
ക്കൽനിന്ന്, സ്വർഗ്ഗത്തിൽനിന്നുതന്നേ,
ഇറങ്ങിവരുന്ന പുതിയ യെരൂശലേം
എന്ന എന്റെ ദൈവത്തിന്റെ നഗര
ത്തിന്റെ നാമവും എന്റെ പുതിയ നാ
മവും എഴുതും. 13ആത്മാവു സഭകളോ
ടു പറയുന്നതു ചെവിയുള്ളവൻ കേൾ
ക്കട്ടെ.

ലവൊദിക്യയിലെ സഭയ്ക്ക്

14ലവൊദിക്യയിലെ സഭയുടെ ദൂതന്
എഴുതുക:

വിശ്വസ്തനും സത്യവാനുമായ സാ
ക്ഷിയും ദൈവസൃഷ്ടിയുടെ മൂലവു
മായ ആമേൻ എന്നവൻ അരുളി
ച്ചെയ്യുന്നത്: 15ഞാൻ നിന്റെ പ്രവൃത്തി
കൾ അറിയുന്നു; നീ ശീതവാനുമല്ല
ഉഷ്ണവാനുമല്ല. നീ ശീതവാനോ
ഉഷ്ണവാനോ ആയിരുന്നെങ്കിൽ
എന്നു ഞാൻ ആഗ്രഹിക്കുന്നു.
16എന്നാൽ നീ ശീതവാനുമല്ല,
ഉഷ്ണവാനുമല്ല, കേവലം മന്ദോ
ഷ്ണവാനായിരിക്കയാൽ ഞാൻ
നിന്നെ എന്റെ വായിൽനിന്നു തുപ്പി
ക്കളയും. 17ഞാൻ ധനവാൻ, സമ്പത്തു
നേടിയിരിക്കുന്നു, എനിക്ക് ഒന്നിനും
കുറവില്ല എന്നു നീ പറയുന്നു. എന്നാൽ
നീ നികൃഷ്ടനും ദയനീയനും ദരിദ്രനും
അന്ധനും നഗ്നനുമെന്നു അറി
യുന്നില്ല. 18നീ ധനികനാകുവാൻ
അഗ്നിയിൽ ശുദ്ധിചെയ്ത സ്വർണ്ണവും
നിന്റെ നഗ്നതയുടെ ലജ്ജ മറയ്ക്കു
വാൻ വെള്ളവസ്ത്രവും നിനക്കു
കാഴ്ച ലഭിക്കേണ്ടതിനു കണ്ണിൽ
പൂശേണ്ട ലേപവും എന്നോടു വില
യ്ക്കു വാങ്ങുവാൻ ഞാൻ നിന്നെ ഉപ
ദേശിക്കുന്നു.

19ഞാൻ സ്നേഹിക്കുന്നവരെ ശാ
സിക്കയും ശിക്ഷിക്കയും ചെയ്യുന്നു.
ആകയാൽ തീക്ഷ്ണതയുള്ളവനായി
രിക്കുക. മാനസാന്തരപ്പെടുക. 20ഇതാ,
ഞാൻ വാതില്ക്കൽനിന്നു മുട്ടുന്നു. ആ
രെങ്കിലും എന്റെ ശബ്ദംകേട്ടു വാ
തിൽ തുറന്നാൽ ഞാൻ അകത്തു വന്ന്
അവനോടും അവൻ എന്നോടുംകൂടെ
അത്താഴം കഴിക്കും.

21ജയിക്കുന്നവന് എന്നോടുകൂടെ
എന്റെ സിംഹാസനത്തിൽ ഇരിക്കാൻ
ഞാൻ വരം നല്കും; ഞാനും ജയിച്ച്
എന്റെ പിതാവിനോടുകൂടെ അവി
ടുത്തെ സിംഹാസനത്തിൽ ഇരുന്നതു
പോലെതന്നെ. 22ആത്മാവു സഭക
ളോടു പറയുന്നതു ചെവിയുള്ളവൻ
കേൾക്കട്ടെ.

സ്വർഗ്ഗത്തിലെ സിംഹാസനം

4 അനന്തരം സ്വർഗ്ഗത്തിൽ ഒരു വാതിൽ
തുറന്നിരിക്കുന്നതു ഞാൻ കണ്ടു. കാഹള
നാദംപോലെ ആദ്യം എന്നോടു സംസാരിച്ചു
കേട്ട ശബ്ദം, "ഇവിടെ കയറിവരിക, ഇനി സം
ഭവിക്കാനുള്ളതു ഞാൻ നിനക്കു കാണിച്ചു
തരാം" എന്നു പറഞ്ഞു. 2ഉടനേ ഞാൻ ആത്മാ
വിലായി. ഇതാ! സ്വർഗ്ഗത്തിൽ ഒരു സിംഹാ
സനം; അതിൽ ഒരാൾ ഇരിക്കുന്നു. 3സിംഹാ
സനസ്ഥൻ കാഴ്ചയിൽ സൂര്യകാന്തത്തോടും
പത്മരാഗത്തോടും സദൃശനായി കാണപ്പെട്ടു.
സിംഹാസനത്തിനു ചുറ്റുമായി കാഴ്ചയ്ക്കു
മരതകതുല്യമായ ഒരു മഴവില്ല്. 4സിംഹാ
സനത്തിനു ചുറ്റും വേറേ ഇരുപത്തിനാലു
സിംഹാസനങ്ങൾ, അവയിൽ ഇരുപത്തിനാലു
മൂപ്പന്മാർ ഇരിക്കുന്നു. അവർ വെള്ളവസ്ത്രം
ധരിച്ചവർ; അവരുടെ തലയിൽ പൊൻകിരീടം.
5മിന്നൽപ്പിണരുകളും നാദവും ഇടിമുഴക്കവും
സിംഹാസനത്തിൽ നിന്നു പുറപ്പെടുന്നു.
ദൈവത്തിന്റെ ഏഴ് ആത്മാക്കളായ ഏഴു ദീപ
ങ്ങൾ സിംഹാസനത്തിനു മുന്നിൽ ജ്വലിച്ചു
കൊണ്ടിരിക്കുന്നു. 6സിംഹാസനത്തിനു മുമ്പിൽ
പളുങ്കിനു തുല്യമായ ഒരു സ്ഫടിക സമുദ്രം.

സിംഹാസനത്തിന്റെ നടുവിലും ചുറ്റിലുമായി നാലു ജീവികൾ; അവയ്ക്കു മുമ്പിലും പിമ്പിലും നിറയെ കണ്ണുകൾ. 7ഒന്നാമത്തെ ജീവി സിംഹത്തിനു സദൃശം, രണ്ടാമത്തേതു കാളയെപ്പോലെ, മൂന്നാമത്തേത് മനുഷ്യനെപ്പോലെ മുഖമുള്ളത്, നാലാമത്തേതു പറക്കുന്ന കഴുകനോടു സദൃശം. 8നാലു ജീവികളിൽ ഓരോന്നിനും ആറു ചിറകും, ചുറ്റിലും അകത്തും നിറയെ കണ്ണുകളുമുണ്ട്. അവ രാപ്പകൽ ഇടവിടാതെ,

"ആയിരുന്നവനും
ആയിരിക്കുന്നവനും
വരുന്നവനുമായ, സർവ്വശക്തിയുള്ള
ദൈവമായ കർത്താവു
പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ"

എന്നു പറഞ്ഞുകൊണ്ടിരിക്കുന്നു. 9എന്നെന്നേക്കും ജീവിക്കുന്നവനായി സിംഹാസനത്തിൽ ഇരിക്കുന്നവന് ആ ജീവികൾ മഹത്ത്വവും ബഹുമാനവും സ്തോത്രവും അർപ്പിക്കുമ്പോഴെല്ലാം 10ഇരുപത്തിനാലു മൂപ്പന്മാരും സിംഹാസനസ്ഥന്റെ മുമ്പിൽ വീണ് എന്നെന്നേക്കും ജീവിക്കുന്നവനെ നമസ്കരിച്ച്:

11"ഞങ്ങളുടെ കർത്താവും ദൈവവുമേ, അങ്ങ് മഹത്ത്വവും ബഹുമാനവും ശക്തിയും കൈക്കൊള്ളുവാൻ യോഗ്യൻ; എന്തെന്നാൽ അങ്ങ് സകലത്തെയും സൃഷ്ടിച്ചു; അവിടുത്തെ ഇഷ്ടത്താൽ അവ ഉത്ഭവിക്കുകയും സൃഷ്ടിക്കപ്പെടുകയും ചെയ്തു"

എന്നു പറഞ്ഞുകൊണ്ട് തങ്ങളുടെ കിരീടങ്ങളെ സിംഹാസനത്തിൻമുമ്പിൽ ഇടും.

പുസ്തകച്ചുരുളും കുഞ്ഞാടും

5 അനന്തരം ഞാൻ സിംഹാസനത്തിൽ ഇരിക്കുന്നവന്റെ വലങ്കൈയിൽ അകത്തും പുറത്തും എഴുത്തുള്ളതും ഏഴു മുദ്രയാൽ മുദ്രിതവുമായ ഒരു പുസ്തകച്ചുരുൾ കണ്ടു. 2"പുസ്തകം തുറക്കാനും മുദ്ര പൊട്ടിക്കാനും യോഗ്യൻ ആർ?" എന്ന് ഉച്ചത്തിൽ വിളിച്ചു ചോദിക്കുന്ന ശക്തനായൊരു ദൂതനെയും ഞാൻ കണ്ടു. 3എന്നാൽ സ്വർഗ്ഗത്തിലോ ഭൂമിയിലോ ഭൂമിക്കു കീഴിലോ ഉള്ള യാതൊരാളിനും പുസ്തകം തുറക്കുവാനോ നോക്കുവാനോ കഴിഞ്ഞില്ല. 4പുസ്തകം തുറക്കുവാനോ അതു നോക്കുവാനോ യോഗ്യനായി ആരെയും കാണാതിരുന്നതുകൊണ്ട് ഞാൻ ഏറെ കരഞ്ഞു. 5അപ്പോൾ മൂപ്പന്മാരിൽ ഒരാൾ എന്നോട്, "കരയരുത്, യഹൂദാഗോത്രത്തിലെ സിംഹവും ദാവീദിന്റെ വേരുമായവൻ പുസ്തകവും അതിന്റെ ഏഴു മുദ്രകളും തുറക്കുവാൻ തക്കവണ്ണം ഇതാ ജയം നേടിയിരിക്കുന്നു" എന്നു പറഞ്ഞു.

6പിന്നെ സിംഹാസനത്തിനും നാലു ജീവികൾക്കും മധ്യേ മൂപ്പന്മാരുടെയിടയിൽ ഒരു കുഞ്ഞാട് അറുക്കപ്പെട്ടതുപോലെ നില്ക്കുന്നതു ഞാൻ കണ്ടു. അതിന് ഏഴു കൊമ്പും ഏഴു കണ്ണും ഉണ്ടായിരുന്നു. അവ സർവ്വഭൂമിയിലേക്കും അയയ്ക്കപ്പെട്ട ഏഴു ദൈവാത്മാക്കളായിരുന്നു. 7കുഞ്ഞാടു ചെന്ന് സിംഹാസനത്തിൽ ഇരിക്കുന്നവന്റെ വലങ്കൈയിൽ നിന്നു പുസ്തകം വാങ്ങി. 8വാങ്ങിയപ്പോൾ നാലു ജീവികളും ഇരുപത്തിനാലു മൂപ്പന്മാരും കുഞ്ഞാടിന്റെ മുമ്പാകെ വീണു. ഓരോരുത്തനും ഓരോ വീണയും, വിശുദ്ധരുടെ പ്രാർത്ഥനയെന്ന ധൂപവർഗ്ഗം നിറച്ച സ്വർണ്ണ കലശങ്ങളും പിടിച്ചിരുന്നു. 9അവർ പുതിയൊരു ഗീതം ആലപിച്ചു:

"അങ്ങ് അറക്കപ്പെടുകയും സ്വന്ത
രക്തത്താൽ സകല ഗോത്രങ്ങളിലും
ഭാഷകളിലും ജനങ്ങളിലും രാജ്യ
ങ്ങളിലും നിന്നുള്ളവരെ ദൈവത്തി
നായി വിലയ്ക്കു വാങ്ങുകയും 10അവർ
ഭൂമിയിൽ വാഴുവാൻ തക്കവണ്ണം അവ
രെ നമ്മുടെ ദൈവത്തിനു രാജ്യവും
പുരോഹിതരും ആക്കുകയും ചെയ്തി
രിക്കുന്നു. അതിനാൽ പുസ്തകം വാ
ങ്ങുവാനും മുദ്രകൾ തുറക്കുവാനും
യോഗ്യൻ തന്നേ."

11പിന്നെ ഞാൻ ദർശനത്തിൽ ആയിരമായിരവും പതിനായിരം പതിനായിരവുമായി വളരെയധികം ദൂതന്മാരുടെ ശബ്ദം കേട്ടു. അവർ സിംഹാസനത്തിനും ജീവികൾക്കും മൂപ്പന്മാർക്കും ചുറ്റും നിലകൊണ്ടിരുന്നു. 12അവർ അത്യുച്ചത്തിൽ ഇപ്രകാരം പാടി:

"അറുക്കപ്പെട്ട കുഞ്ഞാട് ശക്തിയും
ധനവും ജ്ഞാനവും ബലവും മാനവും
മഹത്ത്വവും സ്തോത്രവും
സ്വീകരിക്കാൻ യോഗ്യൻ."

13സ്വർഗ്ഗത്തിലും ഭൂമിയിലും ഭൂമിക്കു കീഴിലും സമുദ്രത്തിലും ഉള്ള സകല ജീവികളും:

"സിംഹാസനത്തിൽ ഇരിക്കുന്നവനും
കുഞ്ഞാടിനും എന്നും എന്നേക്കും
സ്തോത്രവും ബഹുമാനവും
മഹത്ത്വവും ശക്തിയും ഉണ്ടാകട്ടെ"

എന്നു പാടുന്നതു ഞാൻ കേട്ടു.

14നാലു ജീവികളും ആമേൻ എന്നു പറഞ്ഞു; മൂപ്പന്മാർ വീണു നമസ്കരിച്ചു.

മുദ്രകൾ

6 കുഞ്ഞാട് ഏഴു മുദ്രകളിൽ ഒന്നു പൊട്ടിച്ചപ്പോൾ നാലു ജീവികളിൽ ഒന്ന് ഇടിമുഴക്കംപോലെയുള്ള ശബ്ദത്തിൽ "വരിക" എന്നു പറയുന്നതു ഞാൻ കേട്ടു. 2ഞാൻ നോക്കിയപ്പോൾ ഇതാ ഒരു വെള്ളക്കുതിര!

കുതിരപ്പുറത്തിരിക്കുന്നവന്റെ കൈയിൽ ഒരു വില്ല്! അവന് ഒരു കിരീടം ലഭിച്ചു. അവൻ ജയിക്കുന്നവനായും ജയിപ്പാൻവേണ്ടിയും പുറപ്പെട്ടു.

3കുഞ്ഞാടു രണ്ടാംമുദ്ര പൊട്ടിച്ചപ്പോൾ രണ്ടാമത്തെ ജീവി "വരിക" എന്നു പറയുന്നതു ഞാൻ കേട്ടു. 4അപ്പോൾ ചുവപ്പുനിറമുള്ള മറ്റൊരു കുതിര പുറപ്പെട്ടു. അതിന്മേൽ ഇരിക്കുന്നവന്, മനുഷ്യർ പരസ്പരം കൊല്ലുവാൻ തക്കവണ്ണം ഭൂമിയിൽനിന്നു സമാധാനം എടുത്തുകളയാൻ അധികാരം ലഭിച്ചു. അവന് ഒരു വലിയ വാളും നല്കപ്പെട്ടു.

5കുഞ്ഞാട് മൂന്നാം മുദ്ര പൊട്ടിച്ചപ്പോൾ മൂന്നാമത്തെ ജീവി "വരിക" എന്നു പറയുന്നതു ഞാൻ കേട്ടു. അപ്പോൾ ഒരു കറുത്ത കുതിരയെ കണ്ടു. അതിന്മേൽ ഇരിക്കുന്നവന്റെ കൈയിൽ ഒരു തൂലാസ്സുണ്ടായിരുന്നു. 6നാലു ജീവികളുടെയും നടുവിൽനിന്ന്, "ഒരു ദിനാറിന് ഒരിടങ്ങഴി ഗോതമ്പ്, ഒരു ദിനാറിന് മൂന്ന് ഇടങ്ങഴി ബാർലി, എണ്ണയ്ക്കും വീഞ്ഞിനും കേടു വരുത്തരുത്" എന്നു പറയുന്ന ഒരു ശബ്ദം ഞാൻ കേട്ടു.

7കുഞ്ഞാടു നാലാം മുദ്ര പൊട്ടിച്ചപ്പോൾ നാലാമത്തെ ജീവി "വരിക" എന്നു പറയുന്നതു ഞാൻ കേട്ടു. 8അപ്പോൾ എന്റെ മുമ്പിൽ ഇളം മഞ്ഞനിറമുള്ള ഒരു കുതിര, അതിന്മേൽ ഇരിക്കുന്നവനു മരണം എന്നു പേർ. പാതാളം അവനെ പിൻതുടർന്നു. വാൾ, ക്ഷാമം, പകർച്ചവ്യാധി, ഭൂമിയിലെ കാട്ടുമൃഗങ്ങൾ എന്നിവയാൽ സംഹാരം നടത്തുവാൻ ഭൂമിയുടെ നാലിലൊന്നിന്മേൽ അവർക്ക് അധികാരം ലഭിച്ചു.

9കുഞ്ഞാട് അഞ്ചാം മുദ്ര പൊട്ടിച്ചപ്പോൾ ദൈവവചനവും തങ്ങളുടെ സാക്ഷ്യവും നിമിത്തം അറുക്കപ്പെട്ടവരുടെ ആത്മാക്കളെ യാഗപീഠത്തിനു കീഴിൽ ഞാൻ കണ്ടു. 10"വിശുദ്ധനും സത്യവാനുമായ പരമനാഥാ, അവിടുന്ന് എത്രനാൾ ഭൂവാസികളെ വിധിക്കാതെയും ഞങ്ങളുടെ രക്തത്തിനു പ്രതികാരം നടത്താതെയും ഇരിക്കും?" എന്ന് അവർ ഉച്ചത്തിൽ നിലവിളിച്ചു. 11അപ്പോൾ അവരിൽ ഓരോരുത്തനും ഓരോ വെള്ളനിലയങ്കി നല്കപ്പെട്ടു. അവരെപ്പോലെ കൊല്ലപ്പെടാൻ പോകുന്ന സഹഭൃത്യരുടെയും സഹോദരരുടെയും സംഖ്യ തികയുന്നതുവരെ, അല്പകാലംകൂടെ സ്വസ്ഥമായിരിക്കണമെന്ന് അവരോടു കല്പിച്ചു.

12കുഞ്ഞാടു ആറാം മുദ്ര പൊട്ടിച്ചപ്പോൾ വലിയൊരു ഭൂകമ്പം ഉണ്ടായതു ഞാൻ കണ്ടു. സൂര്യൻ കരിമ്പടംപോലെ ഇരുണ്ടു, ചന്ദ്രൻ മുഴുവനും രക്തവർണ്ണമായി.

13കൊടുങ്കാറ്റിൽ ഉലയുന്ന അത്തിവൃക്ഷത്തിൽനിന്ന് ഇളംകായ്കൾ ഉതിരുംപോലെ ആകാശത്തിൽനിന്നു നക്ഷത്രങ്ങൾ ഭൂമിയിൽ വീണു. 14പുസ്തകച്ചുരുൾ ചുരുട്ടുംപോലെ ആകാശം മാറിപ്പോയി; എല്ലാ മലകളും ദ്വീപുകളും സ്വസ്ഥാനത്തുനിന്നു നീങ്ങിപ്പോയി.

15അപ്പോൾ ഭൂമിയിലെ രാജാക്കന്മാരും പ്രഭുക്കന്മാരും സൈന്യാധിപന്മാരും ധനവാന്മാരും ശക്തന്മാരും അടിമകളും സ്വതന്ത്രരും ഗുഹകളിലും മലകളിലെ പാറക്കെട്ടുകൾക്കിടയിലും ഒളിച്ചു. 16അവർ മലകളോടും പാറകളോടും, "ഞങ്ങളുടെമേൽ വീണു സിംഹാസനത്തിലിരിക്കുന്നവന്റെ ദൃഷ്ടിയിൽനിന്നും കുഞ്ഞാടിന്റെ ക്രോധത്തിൽനിന്നും ഞങ്ങളെ മറയ്ക്കുവിൻ: 17അവരുടെ ക്രോധത്തിന്റെ മഹാദിവസം വന്നിരിക്കുന്നു. ആർക്കു നില്പാൻ കഴിയും?" എന്നു പറഞ്ഞു.

മുദ്രയിട്ട നൂറ്റിനാല്പത്തിനാലായിരം

7 അനന്തരം നാലു ദൂതന്മാർ ഭൂമിയുടെ നാലു കോണുകളിൽ നില്ക്കുന്നതു ഞാൻ കണ്ടു. കരയിലോ സമുദ്രത്തിലോ ഏതെങ്കിലും വൃക്ഷത്തിന്മേലോ വീശാതവണ്ണം ഭൂമിയിലെ നാലു കാറ്റുകളെയും അവർ പിടിച്ചിരുന്നു. 2മറ്റൊരു ദൂതൻ ജീവനുള്ള ദൈവത്തിന്റെ മുദ്രയുമായി കിഴക്കുനിന്നു വരുന്നതു ഞാൻ കണ്ടു. കരയ്ക്കും കടലിനും കേടു വരുത്തുവാൻ അധികാരം നല്കപ്പെട്ടിരുന്ന നാലു ദൂതന്മാരോട് അവൻ: 3"നമ്മുടെ ദൈവത്തിന്റെ ദാസന്മാരുടെ നെറ്റിയിൽ ഞങ്ങൾ മുദ്രയിടുന്നതുവരെ ഭൂമിക്കോ സമുദ്രത്തിനോ വൃക്ഷങ്ങൾക്കോ കേടു വരുത്തരുത്" എന്ന് അത്യുച്ചത്തിൽ വിളിച്ചു പറഞ്ഞു. 4പിന്നെ ഞാൻ മുദ്രയേറ്റവരുടെ സംഖ്യ കേട്ടു; എല്ലാ യിസ്രായേൽ ഗോത്രങ്ങളിൽനിന്നും മുദ്രയേറ്റവർ നൂറ്റിനാല്പത്തിനാലായിരം പേർ.

5യഹൂദാഗോത്രത്തിൽനിന്നു മുദ്രയേറ്റവർ 12,000;
രൂബേൻ ഗോത്രത്തിൽനിന്നു 12,000;
ഗാദ് ഗോത്രത്തിൽനിന്നു 12,000;
6ആശേർ ഗോത്രത്തിൽനിന്നു 12,000;
നഫ്താലി ഗോത്രത്തിൽനിന്നു 12,000;
മനശ്ശെ ഗോത്രത്തിൽനിന്നു 12,000;
7ശിമെയോൻ ഗോത്രത്തിൽനിന്നു 12,000;
ലേവി ഗോത്രത്തിൽനിന്നു 12,000;
യിസ്സാഖാർ ഗോത്രത്തിൽനിന്നു 12,000;
8സെബൂലൂൻ ഗോത്രത്തിൽനിന്നു 12,000;
യോസേഫ് ഗോത്രത്തിൽനിന്നു 12,000;
ബെന്യാമീൻ ഗോത്രത്തിൽനിന്നു 12,000.

വെള്ളനിലയങ്കി ധരിച്ച മഹാസമൂഹം

9ഇതിന്റെശേഷം എല്ലാ രാജ്യങ്ങളിൽനിന്നും ഗോത്രങ്ങളിൽനിന്നും ജനവിഭാഗങ്ങളിൽനിന്നും ഭാഷകളിൽനിന്നുമുള്ള, എണ്ണിത്തീർ

ക്കാനാവാത്ത വലിയൊരു ജനസമൂഹം സിംഹാസനത്തിനും കുഞ്ഞാടിനും മുമ്പാകെ നില്ക്കുന്നതു ഞാൻ കണ്ടു. അവർ വെള്ളനിലയങ്കി ധരിച്ചവരും കൈയിൽ കുരുത്തോല ഏന്തിയവരുമായിരുന്നു.

10"രക്ഷ സിംഹാസനത്തിൽ ഇരിക്കുന്ന നമ്മുടെ ദൈവത്തിനും കുഞ്ഞാടിനും ഉള്ളത്"

എന്ന് അവർ അത്യുച്ചത്തിൽ ആർത്തുകൊണ്ടിരുന്നു. 11സകലദൂതന്മാരും സിംഹാസനത്തിനും മൂപ്പന്മാർക്കും നാലു ജീവികൾക്കും ചുറ്റിലുമായി നിലകൊണ്ടു. അവർ സിംഹാസനത്തിനു മുമ്പിൽ സാഷ്ടാംഗം വീണ്,

12"ആമേൻ! നമ്മുടെ ദൈവത്തിന് എന്നെന്നേക്കും സ്തുതിയും മഹത്ത്വവും ജ്ഞാനവും സ്തോത്രവും ബഹുമാനവും അധികാരവും ശക്തിയും ഉണ്ടായിരിക്കട്ടെ"

എന്നു പറഞ്ഞുകൊണ്ട് ദൈവത്തെ ആരാധിച്ചു.

13പിന്നെ മൂപ്പന്മാരിൽ ഒരുവൻ എന്നോടു, "വെള്ളനിലയങ്കി ധരിച്ച ഇവർ ആര്? എവിടെനിന്നു വന്നു?" എന്നു ചോദിച്ചു.

14അതിനു ഞാൻ, "പ്രഭോ, അങ്ങേയ്ക്ക് അറിയാമല്ലോ!" എന്നു പറഞ്ഞു.

അപ്പോൾ അയാൾ പറഞ്ഞു: "ഇവരത്രേ മഹാപീഡനത്തിൽനിന്നു വന്നവർ; ഇവർ കുഞ്ഞാടിന്റെ രക്തത്തിൽ തങ്ങളുടെ അങ്കി കഴുകി വെളുപ്പിച്ചിരിക്കുന്നു. 15ആകയാൽ,

"ഇവർ ദൈവസിംഹാസനത്തിനു മുമ്പിൽ, തന്റെ ആലയത്തിൽ രാപ്പകൽ ദൈവത്തെ ആരാധിക്കുന്നു. സിംഹാസനത്തിൽ ഇരിക്കുന്നവൻ അവർക്കു കൂടാരമായിരിക്കും.

16അവർക്ക് ഇനി വിശക്കയില്ല, ദാഹിക്കയുമില്ല; വെയിലോ ചൂടോ അവരെ ഒരിക്കലും ബാധിക്കയില്ല.

17സിംഹാസനത്തിന്റെ മദ്ധ്യേയുള്ള കുഞ്ഞാട് അവരെ മേയിച്ച് ജീവജലത്തിന്റെ ഉറവുകളിലേക്ക് അവരെ നയിക്കും. ദൈവം അവരുടെ കണ്ണുകളിൽനിന്ന് കണ്ണുനീരെല്ലാം തുടച്ചുകളയും."

ഏഴാം മുദ്രയും സ്വർണ്ണ ധൂപകലശവും

8 കുഞ്ഞാട് ഏഴാം മുദ്ര പൊട്ടിച്ചപ്പോൾ സ്വർഗ്ഗത്തിൽ അരമണിക്കൂറോളം നിശ്ശബ്ദത യുണ്ടായി.

2ദൈവസന്നിധിയിൽ നില്ക്കുന്ന ഏഴു ദൂതന്മാരെ ഞാൻ കണ്ടു; അവർക്ക് ഏഴു കാഹളം നല്കപ്പെട്ടു.

3സ്വർണ്ണ ധൂപകലശവുമായി മറ്റൊരു ദൂതൻ വന്ന് യാഗപീഠത്തിനരികെ നിന്നു. സിംഹാസനത്തിനു മുമ്പിലുള്ള സ്വർണ്ണയാഗപീഠത്തിന്മേൽ സകല വിശുദ്ധരുടെയും പ്രാർത്ഥനകളോടുകൂടെ അർപ്പിക്കുവാൻ അയാൾക്കു വളരെ ധൂപവർഗ്ഗം ലഭിച്ചു. 4തന്റെ കൈയിൽനിന്ന് ധൂപവർഗ്ഗത്തിന്റെ പുക വിശുദ്ധരുടെ പ്രാർത്ഥനയോടൊപ്പം ദൈവസന്നിധിയിലേക്ക് ഉയർന്നു. 5ദൂതൻ ധൂപകലശം എടുത്ത് അതിൽ യാഗപീഠത്തിലെ തീക്കനൽ നിറച്ചു ഭൂമിയിലേക്ക് എറിഞ്ഞു. അപ്പോൾ ഇടിമുഴക്കവും നാദവും മിന്നലും ഭൂകമ്പവും ഉണ്ടായി.

കാഹളങ്ങൾ

6അനന്തരം കാഹളമേന്തിയ ദൂതന്മാർ ഏഴുപേരും കാഹളം ഊതുവാൻ ഒരുങ്ങിനിന്നു.

7ഒന്നാമത്തെ ദൂതൻ കാഹളം ഊതി. അപ്പോൾ രക്തം കലർന്ന കന്മഴയും തീയും ഉണ്ടായി. അതു ഭൂമിമേൽ വർഷിച്ചു. ഭൂമിയുടെ മൂന്നിലൊരു ഭാഗം എരിഞ്ഞുപോയി; വൃക്ഷങ്ങളിൽ മൂന്നിലൊന്നും എല്ലാ പച്ചപ്പുല്ലും വെന്തുപോയി.

8രണ്ടാമത്തെ ദൂതൻ കാഹളം ഊതി. അപ്പോൾ തീകത്തുന്ന വൻമലപോലെ ഒന്ന് സമുദ്രത്തിലേക്ക് എറിയപ്പെട്ടു. സമുദ്രത്തിന്റെ മൂന്നിലൊരു ഭാഗം രക്തമായിത്തീർന്നു. 9സമുദ്രജീവികളിൽ മൂന്നിലൊന്നു ചാകുകയും കപ്പലുകളിൽ മൂന്നിലൊന്നു നശിക്കുകയും ചെയ്തു.

10മൂന്നാമത്തെ ദൂതൻ കാഹളം ഊതി. തീപ്പന്തംപോലെ ജ്വലിക്കുന്ന ഒരു വലിയ നക്ഷത്രം ആകാശത്തുനിന്നു നദികളിൽ മൂന്നിലൊന്നിന്മേലും നീരുറവുകളിന്മേലും പതിച്ചു. 11കാഞ്ഞിരം എന്നാണ് ആ നക്ഷത്രത്തിന്റെ പേര്. വെള്ളത്തിന്റെ മൂന്നിലൊന്നു കൈപ്പുള്ളതായിത്തീരുകയും ആ കൈപ്പുവെള്ളംനിമിത്തം നിരവധി ആളുകൾ മരിച്ചുപോകയും ചെയ്തു.

12നാലാമത്തെ ദൂതൻ കാഹളം ഊതി. സൂര്യന്റെയും ചന്ദ്രന്റെയും മൂന്നിലൊരു ഭാഗത്തിനും നക്ഷത്രങ്ങളിൽ മൂന്നിലൊന്നിനും ആഘാതമേറ്റു. അങ്ങനെ അവയിൽ മൂന്നിലൊന്ന് ഇരുണ്ടുപോയി. പകലും രാത്രിയും മൂന്നിലൊന്ന് വെളിച്ചമില്ലാതായി.

13അനന്തരം, "ഇനി കാഹളം ഊതുവാനുള്ള മൂന്നു ദൂതന്മാരുടെ കാഹളശബ്ദം നിമിത്തം ഭൂവാസികൾക്ക് കഷ്ടം! കഷ്ടം! കഷ്ടം!" എന്ന് ഉച്ചത്തിൽ പറഞ്ഞുകൊണ്ട് ഒരു കഴുകൻ ആകാശമദ്ധ്യേ പറക്കുന്നതു ഞാൻ കാണുകയും കേൾക്കുകയും ചെയ്തു.

9 അഞ്ചാമത്തെ ദൂതൻ കാഹളം ഊതി. അപ്പോൾ ആകാശത്തുനിന്ന് ഒരു നക്ഷത്രം ഭൂമിയിൽ വീണുകിടക്കുന്നതു ഞാൻ കണ്ടു.

അവനു അഗാധഗർത്തത്തിന്റെ താക്കോൽ കൊടുത്തു. 2അവൻ അഗാധഗർത്തം തുറന്നപ്പോൾ വലിയ തീച്ചൂളയിലെ പുകപോലെ അതിൽനിന്നു പുക പൊങ്ങി. ആ പുകകൊണ്ടു സൂര്യനും അന്തരീക്ഷവും ഇരുണ്ടുപോയി. 3പുകയിൽനിന്നു വെട്ടുക്കിളികൾ ഭൂമിയിലേക്കു പുറപ്പെട്ടു. അവയ്ക്കു ഭൂമിയിലെ തേളുകൾക്കുള്ള ശക്തി ലഭിച്ചു. 4ദൈവത്തിന്റെ മുദ്ര നെറ്റിയിൽ വഹിച്ചിട്ടില്ലാത്തവർക്കൊഴികെ ആർക്കും ഭൂമിയിലെ പുല്ലിനോ സസ്യത്തിനോ വൃക്ഷത്തിനോ യാതൊന്നിനും കേടു വരുത്തരുത് എന്നു അവയോടു കല്പിച്ചിരുന്നു. 5അവരെ അഞ്ചുമാസത്തേക്കു പീഡിപ്പിക്കുവാനല്ലാതെ കൊല്ലുവാനുള്ള അധികാരം അവയ്ക്കു കൊടുത്തിരുന്നില്ല. അവ ഏൽപിച്ച വേദന മനുഷ്യനെ തേൾ കുത്തുമ്പോഴത്തേതുപോലെ ആയിരുന്നു. 6ആ കാലത്തു മനുഷ്യർ മരണം അന്വേഷിക്കും; എന്നാൽ അവർ കണ്ടെത്തുകയില്ല; അവർ മരിക്കാൻ കൊതിക്കും; എന്നാൽ മരണം അവരെ വിട്ട് ഓടിപ്പോകും.

7വെട്ടുക്കിളിയുടെ രൂപം യുദ്ധത്തിനു ഒരുക്കിയ കുതിരകളുടേതിനു തുല്യം. അവയുടെ തലയിൽ പൊൻകിരീടമുള്ളതുപോലെയും മുഖം മനുഷ്യമുഖംപോലെയും ആയിരുന്നു. 8അവയുടെ മുടി സ്ത്രീകളുടെ മുടിപോലെയും പല്ലുകൾ സിംഹത്തിന്റേതുപോലെയുമായിരുന്നു. 9ഇരുമ്പുകവചത്തിനു തുല്യമായ കവചം അവ ധരിച്ചിരുന്നു. അവയുടെ ചിറകുകളുടെ ശബ്ദം യുദ്ധത്തിനു പാഞ്ഞുചെല്ലുന്ന അനവധി രഥങ്ങളുടെയും കുതിരകളുടെയും ശബ്ദത്തിനു തുല്യമായിരുന്നു. 10തേളുകൾക്കുള്ളതുപോലെ അവയ്ക്കു വാലും വിഷമുള്ളും ഉണ്ട്. മനുഷ്യരെ അഞ്ചുമാസത്തേക്കു പീഡിപ്പിക്കുവാനുള്ള ശക്തി അവയുടെ വാലിനുണ്ട്. 11അഗാധഗർത്തത്തിന്റെ ദൂതൻ അവയുടെ രാജാവായിരുന്നു. അവന്റെ പേർ എബ്രായഭാഷയിൽ അബദ്ദോൻ എന്നും ഗ്രീക്കുഭാഷയിൽ അപ്പൊല്ലുയോൻ[a] എന്നുമാണ്.

12ഒന്നാമത്തെ കഷ്ടം കഴിഞ്ഞു; രണ്ടു കഷ്ടം ഇതാ ഇനി വരുന്നു.

13ആറാമത്തെ ദൂതൻ കാഹളം ഊതി. അപ്പോൾ ദൈവസന്നിധിയിലുള്ള സ്വർണ്ണയാഗപീഠത്തിന്റെ കൊമ്പുകളിൽനിന്ന് ഒരു ശബ്ദം ഞാൻ കേട്ടു. 14കാഹളം വഹിച്ചിരുന്ന ആറാമത്തെ ദൂതനോട്, "യൂഫ്രട്ടീസ്മഹാനദിയുടെ തീരത്തു ബന്ധിച്ചിരിക്കുന്ന നാലു ദൂതന്മാരെയും അഴിച്ചുവിടുക" എന്ന് ആ ശബ്ദം പറഞ്ഞു. 15മനുഷ്യരിൽ മൂന്നിലൊരു ഭാഗത്തെ കൊന്നുകളയുവാൻ ഇതേ വർഷം ഇതേ മാസം ഇതേ ദിവസം ഇതേ മണിക്കൂറിലേക്കു ഒരുക്കി നിർത്തിയിരുന്ന നാലുദൂതന്മാരെയും അഴിച്ചുവിട്ടു. 16അശ്വാരൂഢരായ സൈനികരുടെ എണ്ണം പതിനായിരത്തിന്റെ ഇരുപതിനായിരം മടങ്ങ് എന്ന അവരുടെ സംഖ്യ ഞാൻ കേട്ടു.

17ഞാൻ ദർശനത്തിൽ കണ്ട കുതിരകളും അതിന്മേൽ ഇരുന്നവരും ഇപ്രകാരം ആയിരുന്നു: കുതിരപ്പുറത്തിരുന്നവർക്ക് തീനിറവും രക്തനീലവും ഗന്ധകവർണ്ണവുമായ കവചം ഉണ്ടായിരുന്നു. കുതിരകളുടെ തല സിംഹങ്ങളുടെ തലപോലെ; അവയുടെ വായിൽനിന്നു തീയും പുകയും ഗന്ധകവും പുറപ്പെടുന്നു. 18അവയുടെ വായിൽനിന്നു വമിച്ച തീ, പുക, ഗന്ധകം എന്നീ മൂന്നു ബാധകളാൽ മനുഷ്യരിൽ മൂന്നിലൊന്നു കൊല്ലപ്പെട്ടു. 19കുതിരകളുടെ ശക്തി അവയുടെ വായിലും വാലിലും ആയിരുന്നു; വാലാകട്ടെ, സർപ്പത്തെപ്പോലെ തലയുള്ളതുമായിരുന്നു; അതുപയോഗിച്ചാണ് അവ മുറിവേല്പിച്ചിരുന്നത്.

20ഈ ബാധകളാൽ കൊല്ലപ്പെടാതെ ശേഷിച്ച മനുഷ്യർ, ഭൂതങ്ങളെയും, കാണാനോ കേൾക്കാനോ നടക്കാനോ കഴിവില്ലാത്തതും, പൊന്ന്, വെള്ളി, ഓട്, കല്ല്, തടി എന്നിവകൊണ്ടുള്ളതുമായ വിഗ്രഹങ്ങളെയും ആരാധിക്കാതവണ്ണം തങ്ങളുടെ കൈപ്പണിവിട്ട് മാനസാന്തരപ്പെട്ടില്ല; 21തങ്ങളുടെ കൊലപാതകം, മന്ത്രവാദം, ദുർന്നടപ്പ്, മോഷണം എന്നിവയെപ്പറ്റി അനുതപിച്ചതുമില്ല.

ദൂതനും ചെറിയ പുസ്തകച്ചുരുളും

10 മേഘം ധരിച്ച്, തലയിൽ മഴവില്ലണിഞ്ഞ്, മുഖം സൂര്യനെപ്പോലെയും പാദങ്ങൾ അഗ്നിസ്തംഭംപോലെയും ഉള്ള ബലവാനായ മറ്റൊരു ദൂതൻ സ്വർഗ്ഗത്തിൽനിന്ന് ഇറങ്ങുന്നതു ഞാൻ കണ്ടു. 2അവന്റെ കൈയിൽ തുറന്ന ഒരു ചെറുപുസ്തകച്ചുരുൾ ഉണ്ടായിരുന്നു. അവൻ വലംകാൽ കടലിന്മേലും ഇടംകാൽ കരയിലും വച്ചു. 3അവൻ സിംഹം അലറുംപോലെ അത്യുച്ചത്തിൽ ആർത്തു. അപ്പോൾ ഏഴ് ഇടിയുടെ ശബ്ദം മുഴങ്ങി. 4ഏഴ് ഇടിയുടെ ശബ്ദം മുഴങ്ങിയപ്പോൾ ഞാൻ എഴുതുവാൻ തുനിഞ്ഞു. എന്നാൽ സ്വർഗ്ഗത്തിൽനിന്നുള്ള ശബ്ദം എന്നോട്, "ഏഴ് ഇടിമുഴക്കത്തിലൂടെ പറഞ്ഞത് മുദ്രയിടുക, എഴുതരുത്" എന്നു പറയുന്നതു ഞാൻ കേട്ടു.

5കടലിന്മേലും കരയിലുമായി നില്ക്കുന്ന വിധം ഞാൻ കണ്ട ദൂതൻ വലത്തുകൈ ആകാശത്തേക്ക് ഉയർത്തി. 6"ഇനി ഒട്ടും താമസിക്കയില്ല; ഏഴാമത്തെ ദൂതൻ കാഹളം ഊതുവാൻ പോകുന്നു. ആ നാദത്തിന്റെ കാലത്തു ദൈവത്തി

[a] 11 *അബദ്ദോൻ* എന്നതിന്റെയും *അപ്പൊല്ലുയോൻ* എന്നതിന്റെയും അർത്ഥം *നശിപ്പിക്കുന്നവൻ*

നെറ മർമ്മം അവിടുന്ന് തന്നെറ ദാസന്മാരായ പ്രവാചകന്മാരോട് അറിയിച്ചിരുന്നപ്രകാരം നിറവേറും" എന്നിങ്ങനെ 7ആകാശവും അതിലുള്ളതും ഭൂമിയും അതിലുള്ളതും സമുദ്രവും അതിലുള്ളതും സൃഷ്ടിച്ചവനും എന്നേക്കും ജീവിക്കുന്നവനുമായവന്റെ നാമത്തിൽ സത്യം ചെയ്തു പറഞ്ഞു. 8സ്വർഗ്ഗത്തിൽനിന്നു ഞാൻ കേട്ട ശബ്ദം വീണ്ടും എന്നോട്, "നീ ചെന്ന് സമുദ്രത്തിന്മേലും കരയിലുമായി നില്ക്കുന്ന ദൂതന്റെ കൈയിൽ തുറന്നിരിക്കുന്ന പുസ്തകച്ചുരുൾ വാങ്ങുക" എന്നു പറഞ്ഞു.

9അങ്ങനെ ഞാൻ ദൂതന്റെ അടുക്കൽച്ചെന്ന് ആ ചെറുപുസ്തകം തരണമെന്ന് അപേക്ഷിച്ചു. അവൻ എന്നോട്, "ഇതു വാങ്ങി തിന്നുകൊൾക, ഇതു നിന്റെ വയറ്റിനെ കൈപ്പിക്കും, വായിലോ തേൻപോലെ മധുരമായിരിക്കും" എന്നു പറഞ്ഞു. 10ഞാൻ ദൂതന്റെ കൈയിൽനിന്ന് ആ ചെറുപുസ്തകം വാങ്ങിത്തിന്നു. അത് എന്റെ വായിൽ തേൻ പോലെ മധുരിച്ചെങ്കിലും തിന്നുകഴിഞ്ഞപ്പോൾ വയറു കയ്ച്ചുപോയി. 11പിന്നെ അവൻ എന്നോട്, "നീ അനേകം ജനവിഭാഗങ്ങളെയും രാഷ്ട്രങ്ങളെയും ഭാഷകളെയും രാജാക്കന്മാരെയുംപറ്റി പ്രവചിക്കണം" എന്നു പറഞ്ഞു.

രണ്ടു സാക്ഷികൾ

11 അനന്തരം, ദണ്ഡുപോലെയുള്ള ഒരു അളവുകോൽ എന്റെ കയ്യിൽ തന്നിട്ട് എന്നോടു പറഞ്ഞു: "നീ ചെന്നു ദൈവാലയവും യാഗപീഠവും അവിടെ ആരാധിക്കുന്നവരെയും അളക്കുക. 2ആലയത്തിനു പുറത്തെ പ്രാകാരം അളക്കാതെ വിട്ടേക്കുക. അതു വിജാതീയർക്കു കൊടുത്തിരിക്കുന്നു. അവർ വിശുദ്ധനഗരത്തെ നാല്പത്തിരണ്ടുമാസം ചവിട്ടിമെതിക്കും. 3എന്റെ രണ്ടു സാക്ഷികൾക്കും ഞാൻ അധികാരം നല്കും. അവർ രട്ടുശീല ധരിച്ചുകൊണ്ടു ആയിരത്തിഇരുനൂറ്റി അറുപതു ദിവസം പ്രവചിക്കും. 4ഇവർ ഭൂമിയുടെ കർത്താവിന്റെ സന്നിധിയിൽ നില്ക്കുന്ന രണ്ട് ഒലിവുമരങ്ങളും രണ്ടു വിളക്കുതണ്ടുകളും ആകുന്നു. 5അവർക്കു ദോഷം വരുത്താൻ ആരെങ്കിലും ഇച്ഛിച്ചാൽ അവരുടെ വായിൽനിന്നു തീ പുറപ്പെട്ട് ശത്രുക്കളെ ദഹിപ്പിച്ചുകളയും. അവർക്കു ദോഷം വരുത്താൻ ഇച്ഛിക്കുന്നവൻ ഇങ്ങനെ മരിക്കേണ്ടിവരും. 6തങ്ങളുടെ പ്രവചനകാലത്തു മഴ പെയ്യാതവണ്ണം ആകാശം അടച്ചുകളയുവാൻ ഇവർക്ക് അധികാരമുണ്ട്. വെള്ളം രക്തമാക്കുവാനും, ഇച്ഛിക്കുമ്പോളെല്ലാം സകല ബാധകളാലും ഭൂമിയെ ദണ്ഡിപ്പിക്കുവാനും ഉള്ള അധികാരവും ഇവർക്കുണ്ട്.

7അവർ തങ്ങളുടെ സാക്ഷ്യം പൂർത്തിയാക്കിക്കഴിയുമ്പോൾ അഗാധഗർത്തത്തിൽനിന്നും കയറിവരുന്ന മൃഗം അവരോടു യുദ്ധം ചെയ്തു അവരെ കീഴടക്കി കൊന്നുകളയും. 8അവരുടെ കർത്താവു ക്രൂശിക്കപ്പെട്ടതും ആലങ്കാരികമായി സൊദോം എന്നും ഈജിപ്റ്റ് എന്നും വിളിക്കപ്പെടുന്നതുമായ മഹാനഗരത്തിന്റെ വീഥിയിൽ അവരുടെ മൃതദേഹം കിടക്കും. 9സകല ജനവിഭാഗങ്ങളിൽനിന്നും ഗോത്രങ്ങളിൽനിന്നും ഭാഷകളിൽനിന്നും രാജ്യങ്ങളിൽനിന്നുമുള്ള ജനങ്ങൾ മൂന്നരദിവസം അവരുടെ മൃതദേഹം കാണും. അവയെ കല്ലറയിൽ വയ്ക്കുവാൻ അനുവദിക്കുകയുമില്ല. 10ഈ പ്രവാചകന്മാർ രണ്ടുപേരും ഭൂവാസികളെ ദണ്ഡിപ്പിച്ചതുകൊണ്ട് ഭൂവാസികൾ അവരുടെ മരണത്തിൽ സന്തോഷിച്ച് ആഹ്ളാദം കൊണ്ടാടുവാൻ അന്യോന്യം സമ്മാനങ്ങൾ കൊടുത്തയയ്ക്കും.

11മൂന്നര ദിവസത്തിനുശേഷം ദൈവത്തിൽനിന്നു ജീവശ്വാസം അവരിൽ വന്ന് അവർ കാലൂന്നി നിന്നു. അവരെ കണ്ടവർ ഭയപരവശരായി. 12പിന്നെ, "ഇവിടെ കയറിവരുവിൻ" എന്നു സ്വർഗ്ഗത്തിൽനിന്നു തങ്ങളോടു പറയുന്ന ഒരു മഹാശബ്ദം അവർ കേട്ടു. അവർ ഒരു മേഘത്തിൽ സ്വർഗ്ഗത്തിലേക്കു കയറിപ്പോയി. അവരുടെ ശത്രുക്കൾ അവരെ നോക്കിനിന്നു.

13ആ മണിക്കൂറിൽത്തന്നേ ശക്തിയേറിയ ഒരു ഭൂകമ്പം ഉണ്ടാവുകയും നഗരത്തിന്റെ പത്തിലൊരു ഭാഗം തകർന്നുവീഴുകയും ചെയ്തു. ഭൂകമ്പത്തിൽ ഏഴായിരം പേർ കൊല്ലപ്പെട്ടു; ശേഷിച്ചവർ പരിഭ്രാന്തരായി സ്വർഗ്ഗത്തിലെ ദൈവത്തെ മഹത്ത്വപ്പെടുത്തി.

14രണ്ടാമത്തെ കഷ്ടം കഴിഞ്ഞു. ഇതാ, മൂന്നാമത്തെ കഷ്ടം വേഗം വരുന്നു.

ഏഴാമത്തെ കാഹളം

15ഏഴാമത്തെ ദൂതൻ കാഹളം ഊതി. അപ്പോൾ "ലോകരാജത്വം നമ്മുടെ കർത്താവിനും അവിടുത്തെ ക്രിസ്തുവിനും ആയിത്തീർന്നു; അവിടുന്ന് എന്നെന്നേക്കും വാഴും" എന്നു സ്വർഗ്ഗത്തിൽ ഒരു മഹാഘോഷമുണ്ടായി.

16ദൈവസന്നിധിയിൽ സിംഹാസനങ്ങളിൽ ഇരിക്കുന്ന ഇരുപത്തിനാലു മൂപ്പന്മാർ കവിണ്ണുവീണു ദൈവത്തെ നമസ്കരിച്ചുകൊണ്ട് ഇപ്രകാരം പറഞ്ഞു:

17"ആയിരിക്കുന്നവനും ആയിരുന്നവനുമായ സർവ്വശക്തിയുള്ള ദൈവമായ കർത്താവേ, അവിടുന്നു മഹാശക്തി ധരിച്ചു വാഴുകയാൽ ഞങ്ങൾ അങ്ങയെ വാഴ്ത്തുന്നു.

18രാജ്യങ്ങൾ ക്ഷോഭിച്ചു; അവിടുത്തെ ക്രോധവും വന്നു. മരിച്ചവരെ ന്യായം വിധിക്കാനും അവിടുത്തെ ദാസരായ

പ്രവാചകന്മാർക്കും അവിടുത്തെ നാമത്തെ ആദരിക്കുന്ന ചെറിയവരും വലിയവരുമായ വിശുദ്ധർക്കും പ്രതിഫലം കൊടുക്കാനും-ഭൂമിയെ നശിപ്പിക്കുന്നവരെ നശിപ്പിക്കാനുമുള്ള സമയം വന്നിരിക്കുന്നു."

19അപ്പോൾ സ്വർഗ്ഗത്തിലെ വിശുദ്ധമന്ദിരം തുറന്നു; മന്ദിരത്തിനുള്ളിൽ ദൈവത്തിന്റെ നിയമപ്പെട്ടകം കാണപ്പെട്ടു. മിന്നലും നാദവും ഇടിമുഴക്കവും ഭൂകമ്പവും വലിയ കൻമഴയും ഉണ്ടായി.

സ്ത്രീയും സർപ്പവും

12 സ്വർഗ്ഗത്തിൽ വലിയ ഒരടയാളം കാണപ്പെട്ടു. സൂര്യനെ വസ്ത്രമായി ധരിച്ച ഒരു സ്ത്രീ! അവളുടെ കാല്ക്കീഴിൽ ചന്ദ്രൻ; തലയിൽ പന്ത്രണ്ടു നക്ഷത്രംകൊണ്ടുള്ള കിരീടം. 2അവൾ ഗർഭിണിയായിരുന്നു. ഈറ്റുനോവിനാൽ അവൾ നിലവിളിച്ചു. 3അപ്പോൾ ആകാശത്തിൽ മറ്റൊരടയാളം പ്രത്യക്ഷമായി: ഏഴു തലയും പത്തു കൊമ്പും തലകളിൽ ഏഴു കിരീടവും തീനിറവുമുള്ള ഒരു മഹാസർപ്പം. 4അവൻ ആകാശത്തിലെ നക്ഷത്രങ്ങളിൽ മൂന്നിലൊന്നിനെ വാൽകൊണ്ടു വലിച്ചുകൂട്ടി ഭൂമിയിലേക്ക് എറിഞ്ഞു. ജനിച്ചാലുടൻ കുട്ടിയെ വിഴുങ്ങാൻ സർപ്പം പ്രസവമടുത്തിരുന്ന സ്ത്രീയുടെ മുമ്പിൽ നിലകൊണ്ടു. 5ഇരുമ്പുകോൽകൊണ്ടു രാജ്യങ്ങളെ ഭരിക്കുവാനുള്ള ഒരാൺകുട്ടിയെ സ്ത്രീ പ്രസവിച്ചു. ദൈവത്തിങ്കലേക്കും അവിടുത്തെ സിംഹാസനത്തിലേക്കും കുട്ടി എടുക്കപ്പെട്ടു. 6സ്ത്രീ മരുഭൂമിയിലേക്ക് ഓടിപ്പോയി. അവിടെ 1,260 ദിവസം അവളെ സംരക്ഷിക്കുവാൻ ദൈവം അവൾക്ക് ഒരു സ്ഥലം ഒരുക്കിയിരുന്നു.

7അനന്തരം സ്വർഗ്ഗത്തിൽ യുദ്ധം ഉണ്ടായി. മീഖായേലും അവന്റെ ദൂതന്മാരും മഹാസർപ്പത്തോടു യുദ്ധം ചെയ്തു. സർപ്പവും അവന്റെ ദൂതന്മാരും എതിർത്തു യുദ്ധം ചെയ്തു. 8എന്നാൽ അവർക്കു വിജയം ലഭിച്ചില്ല; സ്വർഗ്ഗത്തിൽ അവർക്കുള്ള സ്ഥലം പിന്നെ കണ്ടതുമില്ല. 9ഭൂതലത്തെ മുഴുവൻ വഴിതെറ്റിക്കുന്നവനും പിശാച് എന്നും സാത്താൻ എന്നും പേരുള്ളവനുമായ പഴയ പാമ്പിനെ തള്ളിയിട്ടു കളഞ്ഞു. അവനെയും അവനോടുകൂടെ അവന്റെ ദൂതന്മാരെയും ഭൂമിയിലേക്കു തള്ളിക്കളഞ്ഞു. 10അപ്പോൾ ഞാൻ സ്വർഗ്ഗത്തിൽ ഒരു മഹാശബ്ദം കേട്ടു:

"ഇപ്പോൾ നമ്മുടെ ദൈവത്തിന്റെ
രക്ഷയും ശക്തിയും രാജ്യവും തന്റെ
ക്രിസ്തുവിന്റെ ആധിപത്യവും വന്നിരിക്കുന്നു. നമ്മുടെ സഹോദരരെ
ദൈവസന്നിധിയിൽ രാപ്പകൽ കുറ്റം
ചുമത്തുന്ന അപവാദിയെ തള്ളിയിട്ടു
കളഞ്ഞുവല്ലോ. 11അവർ കുഞ്ഞാടിന്റെ
രക്തത്താലും തങ്ങളുടെ സാക്ഷ്യ
വചനത്താലും അവനെ ജയിച്ചു; മരണം
വരെയും തങ്ങളുടെ ജീവിതത്തെ അവർ
സ്നേഹിച്ചതുമില്ല. 12അതിനാൽ സ്വർഗ്ഗമേ, സ്വർഗ്ഗവാസികളേ, സന്തോഷിപ്പിൻ!
എന്നാൽ ഭൂമിയേ, സമുദ്രമേ, നിങ്ങൾക്ക്
അയ്യോ കഷ്ടം! തനിക്ക് അല്പകാലമേയുള്ളൂ എന്നറിഞ്ഞു പിശാച് വലിയ
ക്രോധത്തോടെ നിങ്ങളുടെ അടുക്കലേക്ക് ഇറങ്ങിവന്നിരിക്കുന്നു."

13തന്നെ ഭൂമിയിലേക്കു തള്ളിക്കളഞ്ഞുവെന്നു കണ്ടപ്പോൾ മഹാസർപ്പം ആൺകുട്ടിയെ പ്രസവിച്ച സ്ത്രീയെ ഉപദ്രവിക്കുവാൻ പിൻതുടർന്നു. 14മരുഭൂമിയിൽ തന്റെ സ്ഥലത്തേക്കു പറന്നുപോകേണ്ടതിനു സ്ത്രീക്ക് വലിയ കഴുകന്റെ രണ്ടു ചിറകു നല്കപ്പെട്ടു. അവിടെ സർപ്പത്തിൽനിന്നു അകലെയായി അവളെ കാലവും കാലങ്ങളും കാലാർദ്ധവും പോറ്റി രക്ഷിച്ചു. 15അപ്പോൾ സ്ത്രീയെ ജലപ്രവാഹത്തിൽ ഒഴുക്കിക്കളയുവാൻ സർപ്പം തന്റെ വായിൽനിന്ന് നദിപോലെ വെള്ളം പുറപ്പെടുവിച്ചു. 16എന്നാൽ ഭൂമി സ്ത്രീയെ സഹായിച്ചു; അതു വായ് തുറന്നു . സർപ്പം തന്റെ വായിൽനിന്നു പുറപ്പെടുവിച്ച നദിയെ വിഴുങ്ങിക്കളഞ്ഞു. 17മഹാസർപ്പം സ്ത്രീയോടു കോപിച്ചു; അവളുടെ സന്തതികളിൽ ശേഷിച്ചിരിക്കുന്നവരും ദൈവത്തിന്റെ കല്പനകൾ അനുസരിക്കുന്നവരും യേശുവിന്റെ സാക്ഷ്യം ഉള്ളവരുമായ ജനങ്ങളോടു യുദ്ധം ചെയ്വാൻ മഹാസർപ്പം പുറപ്പെട്ടു. അവൻ സമുദ്രതീരത്തു മണലിന്മേൽ നിന്നു.

സമുദ്രത്തിൽനിന്നു കയറിവന്ന മൃഗം

13 സമുദ്രത്തിൽനിന്നു ഒരു മൃഗം കയറിവരുന്നതു ഞാൻ കണ്ടു. അതിന് പത്തു കൊമ്പും ഏഴു തലയും കൊമ്പുകളിൽ പത്തു കിരീടവും തലകളിൽ ദൈവദൂഷണനാമങ്ങളും ഉണ്ടായിരുന്നു. 2ഞാൻ കണ്ട മൃഗം പുള്ളിപ്പുലിക്കു സദൃശവും അതിന്റെ പാദങ്ങൾ കരടിയുടേതുപോലെയും വായ് സിംഹത്തിന്റേതുപോലെയും ആയിരുന്നു. മഹാസർപ്പം തന്റെ ശക്തിയും സിംഹാസനവും വലിയ അധികാരവും മൃഗത്തിനു കൊടുത്തു. 3മൃഗത്തിന്റെ ഒരു തലയിൽ മാരകമായ മുറിവേറ്റതായി കാണപ്പെട്ടു. എന്നാൽ ആ മുറിവ് കരിഞ്ഞു പോയിരുന്നു. സർവ്വഭൂമിയും മൃഗത്തെ കണ്ടു വിസ്മയത്തോടെ പിൻചെന്നു. 4മൃഗത്തിന് അധികാരം നല്കിയതിനാൽ മനുഷ്യർ മഹാസർപ്പത്തെ ആരാധിച്ചു. "മൃഗത്തെപ്പോലെ ആരുള്ളൂ?

അതിനോടു യുദ്ധം ചെയ്‌വാൻ ആർ പ്രാപ്തൻ?" എന്നു പറഞ്ഞു മനുഷ്യർ മൃഗത്തെ നമസ്കരിച്ചു. 5വമ്പും ദൈവദൂഷണവും സംസാരിക്കുന്ന വായ് അതിനു ലഭിച്ചു. നാല്പത്തിരണ്ടു മാസം പ്രവർത്തിപ്പാനുള്ള അധികാരവും അതിനു നല്കപ്പെട്ടു. 6ദൈവത്തിനെതിരെ ദൂഷണം പറയുവാൻ, അവിടുത്തെ നാമത്തെയും കൂടാരത്തെയും സ്വർഗ്ഗവാസികളെയും ദൂഷിക്കുവാൻ അതു വായ് തുറന്നു, 7വിശുദ്ധരോടു യുദ്ധം ചെയ്ത് അവരെ കീഴടക്കുവാനുള്ള അധികാരവും അവനു നല്കി. സകല ഗോത്രങ്ങളുടെയും ജനവിഭാഗങ്ങളുടെയും ഭാഷകളുടെയും രാജ്യങ്ങളുടെയുംമേൽ അവന് അധികാരവും ലഭിച്ചു. 8ലോകസ്ഥാപനംമുതൽ അറുക്കപ്പെട്ട കുഞ്ഞാടിന്റെ ജീവപുസ്തകത്തിൽ പേരെഴുതിയിട്ടില്ലാത്ത സകല ഭൂവാസികളും അതിനെ ആരാധിക്കും. 9ചെവിയുള്ളവൻ കേൾക്കട്ടെ. 10അടിമത്തത്തിനായുള്ളവൻ അടിമത്തത്തിലേക്കു പോകും. വാളാൽ കൊല്ലപ്പെടേണ്ടവൻ വാളാൽ കൊല്ലപ്പെടും. വിശുദ്ധരുടെ വിശ്വസ്തതയും സഹിഷ്ണുതയും ഇവിടെയാണു ആവശ്യം.

ഭൂമിയിൽനിന്നുള്ള മൃഗം

11ഭൂമിയിൽനിന്നു മറ്റൊരു മൃഗം കയറി വരുന്നതു ഞാൻ കണ്ടു. ആടിനുള്ളതുപോലെ അതിനു രണ്ടു കൊമ്പുണ്ടായിരുന്നു. മഹാസർപ്പത്തെപ്പോലെ അതു സംസാരിച്ചു; 12അതു ഒന്നാം മൃഗത്തിനുവേണ്ടി തന്റെ എല്ലാ അധികാരവും പ്രയോഗിക്കുകയും ഭൂമിയെയും ഭൂവാസികളെയുംകൊണ്ട്, മാരകമായ മുറിവു ണങ്ങിപ്പോയ ഒന്നാം മൃഗത്തെ ആരാധിപ്പിക്കുകയും ചെയ്തു.

13അതു വലിയ അടയാളങ്ങൾ പ്രവർത്തിച്ചു; മനുഷ്യർ കാൺകെ ആകാശത്തുനിന്നു ഭൂമിയിലേക്കു തീ ഇറക്കുകകൂടി ചെയ്തു. 14മൃഗത്തിന്റെ മുമ്പിൽ ചെയ്യുവാൻ തനിക്ക് അനുവാദം ലഭിച്ചിരുന്ന അടയാളങ്ങൾകൊണ്ട് അതു ഭൂവാസികളെ വഴിതെറ്റിക്കുകയും വാളാൽ മുറിവേറ്റിട്ടും ജീവൻപ്രാപിച്ച മൃഗത്തിന്റെ പ്രതിമ നിർമ്മിക്കുവാൻ അവരോടു പറയുകയും ചെയ്യുന്നു. 15മൃഗത്തിന്റെ പ്രതിമ സംസാരിക്കത്തക്കവണ്ണം അതിനു ജീവശ്വാസം നല്കുവാനും മൃഗത്തിന്റെ പ്രതിമയെ നമസ്കരിക്കാത്തവരെയൊക്കെയും കൊല്ലിക്കുവാനും അതിന് അധികാരം ലഭിച്ചു. 16ചെറിയവരും വലിയവരും, ധനികരും ദരിദ്രരും, സ്വതന്ത്രരും അടിമകളുമായ സകലരും വലത്തു കൈയിലോ നെറ്റിമേലോ മുദ്ര പതിക്കണമെന്ന് അതു നിർബ്ബന്ധിച്ചു. 17മൃഗത്തിന്റെ നാമമോ നാമത്തിന്റെ സംഖ്യയോ ആയ മുദ്ര ഏറ്റിട്ടില്ലാത്ത ആർക്കും ക്രയവിക്രയം സാധ്യമല്ലാതാക്കുവാനായിരുന്നു ഇത്.

18ഇവിടെ ജ്ഞാനം ആവശ്യമായിരിക്കുന്നു. ബുദ്ധിയുള്ളവൻ മൃഗത്തിന്റെ സംഖ്യ കണക്കാക്കട്ടെ; അതൊരു മനുഷ്യന്റെ സംഖ്യയാണ്; അവന്റെ സംഖ്യ 666.

കുഞ്ഞാടും നൂറ്റിനാല്പത്തിനാലായിരം പേരും

14 പിന്നെ സീയോൻമലയിൽ കുഞ്ഞാടും നെറ്റിയിൽ കുഞ്ഞാടിന്റെ നാമവും പിതാവിന്റെ നാമവും എഴുതിയിരിക്കുന്ന നൂറ്റി നാല്പത്തിനാലായിരം പേരും നില്ക്കുന്നതു ഞാൻ കണ്ടു. 2വെള്ളച്ചാട്ടത്തിന്റെ ഇരമ്പൽ പോലെയും ശക്തമായ ഇടിമുഴക്കം പോലെയും സ്വർഗ്ഗത്തിൽ നിന്നൊരു ശബ്ദം ഞാൻ കേട്ടു. വീണവായനക്കാർ വീണ മീട്ടുമ്പോഴുണ്ടാകുന്നതുപോലുള്ള ശബ്ദമായിരുന്നു ഞാൻ കേട്ടത്. 3സിംഹാസനത്തിനും നാലു ജീവികൾക്കും മൂപ്പന്മാർക്കും മുമ്പാകെ അവർ പുതിയൊരു പാട്ടു പാടി. ഭൂമിയിൽനിന്നു വീണ്ടെടുക്കപ്പെട്ട നൂറ്റിനാല്പത്തിനാലായിരം പേർക്കല്ലാതെ ആർക്കും ആ പാട്ടു പഠിക്കുവാൻ കഴിഞ്ഞില്ല. 4അവർ കന്യകമാരാകയാൽ സ്ത്രീകളുമായി മാലിന്യപ്പെടാത്തവർ ആയിരുന്നു; കുഞ്ഞാടു പോകുന്നേടത്തെല്ലാം അവർ അവിടുത്തെ അനുഗമിക്കുന്നു. ദൈവത്തിനും കുഞ്ഞാടിനും ആദ്യഫലമായി അവരെ ഭൂമിയിൽനിന്നു വിലയ്ക്കു വാങ്ങിയിരിക്കുന്നു. 5അവരുടെ വായിൽ വ്യാജമുണ്ടായിരുന്നില്ല; അവർ നിഷ്കളങ്കരത്രേ.

മൂന്നു ദൂതന്മാർ

6മറ്റൊരു ദൂതൻ മധ്യാകാശത്തിൽ പറക്കുന്നതു ഞാൻ കണ്ടു. സകല രാജ്യങ്ങളിലും ഗോത്രങ്ങളിലും ഭാഷകളിലും ഉള്ള സമസ്ത ഭൂവാസികളോടും അറിയിക്കുവാനുള്ള നിത്യസുവിശേഷം അവന്റെ പക്കൽ ഉണ്ടായിരുന്നു. 7ദൂതൻ അത്യുച്ചത്തിൽ വിളിച്ചു പറഞ്ഞു: "ദൈവത്തിന്റെ ന്യായവിധിയുടെ സമയം അടുത്തിരിക്കയാൽ ദൈവത്തെ ഭയപ്പെട്ട് അവിടുത്തേക്കു മഹത്ത്വം കൊടുപ്പിൻ; അവിടുത്തെ ന്യായവിധിയുടെ സമയം വന്നിരിക്കുന്നു. ആകാശവും ഭൂമിയും സമുദ്രവും നീരുറവുകളും സൃഷ്ടിച്ചവനെ ആരാധിക്കുവിൻ."

8രണ്ടാമതൊരു ദൂതൻ പിൻചെന്നു; "വീണുപോയി! തന്റെ ദുർവ്യത്തിയുടെ ക്രോധമദ്യം രാഷ്ട്രങ്ങളെ കുടിപ്പിച്ച മഹതിയാം ബാബിലോൺ വീണുപോയി!" എന്നു പറഞ്ഞു.

9അവരുടെ പിന്നാലെ മൂന്നാമതൊരു ദൂതൻ വന്ന് അത്യുച്ചത്തിൽ വിളിച്ചു പറഞ്ഞു: "ആരെങ്കിലും മൃഗത്തെയും അവന്റെ പ്രതിമയെയും ആരാധിക്കുകയും നെറ്റിയിലോ കൈയിലോ

അവന്റെ മുദ്ര പതിക്കുകയും ചെയ്താൽ 10അവനും ദൈവകോപത്തിന്റെ പാത്രത്തിൽ നിറച്ചിരിക്കുന്ന ദൈവക്രോധമെന്ന വീര്യമുള്ള വീഞ്ഞു കുടിക്കേണ്ടിവരും. വിശുദ്ധദൂതന്മാരുടെയും കുഞ്ഞാടിന്റെയും മുമ്പാകെ തീയിലും ഗന്ധകത്തിലും അവനെ ദണ്ഡിപ്പിക്കും. 11അവരുടെ ദണ്ഡനത്തിന്റെ പുക എന്നെന്നേക്കും പൊങ്ങിക്കൊണ്ടിരിക്കും. മൃഗത്തെയും അതിന്റെ പ്രതിമയെയും ആരാധിക്കുന്നവർക്കും അതിന്റെ നാമത്തിന്റെ മുദ്ര സ്വീകരിക്കുന്നവർക്കും രാവും പകലും ഒരു സ്വസ്ഥതയുമുണ്ടാകയില്ല." 12ദൈവകല്പനകളും യേശുവിലുള്ള വിശ്വാസവും കാത്തുകൊള്ളുന്ന വിശുദ്ധരുടെ സഹിഷ്ണുത ഇവിടെ ആവശ്യം.

13അപ്പോൾ ഞാൻ സ്വർഗ്ഗത്തിൽനിന്ന് ഒരു ശബ്ദം കേട്ടു: "എഴുതുക, ഇപ്പോൾമുതൽ കർത്താവിൽ മരിക്കുന്ന മൃതന്മാർ അനുഗൃഹീതർ."

"അതേ, അവർ തങ്ങളുടെ അധ്വാനങ്ങളിൽനിന്നു വിശ്രമിക്കേണ്ടതാകുന്നു; അവരുടെ പ്രവൃത്തികൾ അവരെ പിന്തുടരും" എന്ന് ആത്മാവു പറയുന്നു.

ഭൂമിയിലെ കൊയ്ത്ത്

14പിന്നെ ഞാൻ കണ്ടത്: ഇതാ ഒരു വെൺമേഘം. അതിന്മേൽ മനുഷ്യപുത്രനു[a] സദൃശനായ ഒരുവൻ ഇരിക്കുന്നു. അവന്റെ തലയിൽ സ്വർണ്ണക്കിരീടം; അവന്റെ കൈയിൽ മൂർച്ചയുള്ള അരിവാൾ. 15അനന്തരം മറ്റൊരു ദൂതൻ വിശുദ്ധമന്ദിരത്തിൽനിന്നു പുറത്തുവന്നു മേഘത്തിന്മേൽ ഇരിക്കുന്നവനോടു ഉച്ചത്തിൽ വിളിച്ചു പറഞ്ഞു: "നിന്റെ അരിവാൾ അയച്ചു കൊയ്യുക, കൊയ്ത്തിനു സമയമായി, ഭൂമിയിലെ വിളവു കൊയ്ത്തിനു പാകമായിരിക്കുന്നു." 16മേഘത്തിന്മേൽ ഇരിക്കുന്നവൻ അരിവാൾ ഭൂമിയിലേക്ക് എറിഞ്ഞു; ഭൂമിയിൽ കൊയ്ത്തു നടന്നു.

17വേറൊരു ദൂതൻ സ്വർഗ്ഗത്തിലെ മന്ദിരത്തിൽനിന്നു വന്നു. അവന്റെ കൈയിലും മൂർച്ചയുള്ള ഒരു അരിവാൾ ഉണ്ടായിരുന്നു. 18അഗ്നിയിന്മേൽ അധികാരമുള്ള മറ്റൊരു ദൂതൻ യാഗപീഠത്തിൽനിന്നു വന്ന്, മൂർച്ചയുള്ള അരിവാൾ പിടിച്ചിരുന്നവനോട്, "നിന്റെ മൂർച്ചയുള്ള അരിവാൾ എടുത്തു ഭൂമിയിലെ മുന്തിരിവള്ളിയിൽനിന്നു മുന്തിരിക്കുലകൾ ശേഖരിക്കുക, മുന്തിരിങ്ങാ പാകമായിരിക്കുന്നു" എന്ന് ഉച്ചത്തിൽ വിളിച്ചു പറഞ്ഞു. 19ദൂതൻ അരിവാൾ ഭൂമിയിലേക്ക് എറിഞ്ഞ് ഭൂമിയിലെ മുന്തിരിക്കുലകൾ ശേഖരിച്ചു ദൈവക്രോധത്തിന്റെ വലിയ ചക്കിൽ ഇട്ടു. 20നഗരത്തിനു പുറത്തുവച്ച് അവ മുന്തിരിച്ചക്കിൽ മെതിക്കപ്പെട്ടു. ചക്കിൽനിന്നു രക്തം കുതിരകളുടെ കടിഞ്ഞാൺവരെയും പൊങ്ങി ഇരുനൂറുനാഴിക[b] ദൂരത്തോളം ഒഴുകി.

ഏഴു ബാധകൾ വഹിക്കുന്ന ഏഴു ദൂതന്മാർ

15 ഞാൻ വലുതും അത്ഭുതകരവുമായ മറ്റൊരടയാളം സ്വർഗ്ഗത്തിൽ കണ്ടു. ഏഴു ബാധകൾ വഹിക്കുന്ന ഏഴു ദൂതന്മാരെ തന്നെ. ആ ബാധകളോടുകൂടെ ദൈവക്രോധം അവസാനിക്കുന്നതിനാൽ അവ അന്തിമബാധകളത്രേ. 2പിന്നെ തീകലർന്ന സ്ഫടികസമുദ്രംപോലെ ഒന്നു ഞാൻ കണ്ടു; അതിന്റെ തീരത്ത് മൃഗം, പ്രതിമ, അതിന്റെ സംഖ്യ എന്നിവയുടെമേൽ ജയം നേടിയവർ നില്ക്കുന്നതും കണ്ടു. ദൈവത്തിന്റെ വീണകൾ പിടിച്ചുകൊണ്ട് 3അവർ ദൈവദാസനായ മോശെയുടെയും കുഞ്ഞാടിന്റെയും പാട്ട് ഇപ്രകാരം പാടി:

"സർവ്വശക്തിയുള്ള ദൈവമായ
കർത്താവേ, അങ്ങയുടെ പ്രവൃത്തികൾ
മഹത്തും വിസ്മയകരവുമാകുന്നു. വി
ശുദ്ധൻമാരുടെ രാജാവേ, അങ്ങയുടെ
വഴികൾ നീതിയും സത്യവുമുള്ളവ.
4കർത്താവേ, ആര് അങ്ങയെ ഭയ
പ്പെടാതെയും അങ്ങയുടെ നാമത്തെ
മഹത്ത്വപ്പെടുത്താതെയും ഇരിക്കും!
അവിടുന്നുമാത്രം പരിശുദ്ധനാകുന്നു.
അവിടുത്തെ നീതി പ്രവൃത്തികൾ
വെളിപ്പെട്ടിരിക്കയാൽ സകല
ജനതകളും വന്ന് അവിടുത്തെ സന്നിധിയിൽ ആരാധിക്കും."

5ഇതിനുശേഷം സ്വർഗ്ഗത്തിലുള്ള സാക്ഷ്യകൂടാരമാകുന്ന വിശുദ്ധമന്ദിരം തുറന്നിരിക്കുന്നതു ഞാൻ കണ്ടു. 6അന്തിമബാധകൾ ഏഴും പിടിച്ചുകൊണ്ട് ദൂതന്മാർ ഏഴുപേരും മന്ദിരത്തിൽനിന്നു പുറത്തുവന്നു. അവർ ശുദ്ധവും ശുഭ്രവുമായ ശണവസ്ത്രവും മാറത്തു പൊൻകച്ചയും ധരിച്ചിരുന്നു. 7അപ്പോൾ നാലു ജീവികളിൽ ഒന്ന് എന്നേക്കും ജീവിക്കുന്ന ദൈവത്തിന്റെ ക്രോധം നിറച്ചിരിക്കുന്ന ഏഴു പൊൻകലശങ്ങൾ ഏഴു ദൂതന്മാർക്കും കൊടുത്തു. 8ദൈവത്തിന്റെ തേജസ്സും ശക്തിയും നിമിത്തം മന്ദിരം പുക കൊണ്ടു നിറഞ്ഞു. ഏഴു ദൂതന്മാരുടെ ഏഴു ബാധകൾ കഴിയുന്നതുവരെ മന്ദിരത്തിൽ പ്രവേശിക്കാൻ ആർക്കും കഴിഞ്ഞില്ല.

ദൈവക്രോധത്തിന്റെ ഏഴു കലശങ്ങൾ

16 "നിങ്ങൾ ചെന്ന് ദൈവക്രോധത്തിന്റെ ഏഴു കലശങ്ങളും ഭൂമിയിലേക്കു ഒഴിക്കുവിൻ" എന്നു മന്ദിരത്തിൽനിന്ന് അത്യുച്ചത്തിൽ അരുളിച്ചെയ്യുന്ന ഒരു ശബ്ദം ഞാൻ കേട്ടു. 2ഒന്നാം ദൂതൻ പോയി

[a] 14 ദാനീയേൽ 7:13 [b] 20 ഗ്രീക്കിൽ 1600 സ്റ്റേഡിയ. ഏകദേശം 180 മൈൽ (ഏകദേശം 300 കി. മീറ്റർ)

തന്റെ കലശം ഭൂമിയിൽ ഒഴിച്ചു. മൃഗത്തിന്റെ മുദ്രയുള്ളവരുടെയും അതിന്റെ പ്രതിമയെ ആരാധിക്കുന്നവരുടെയുംമേൽ വല്ലാത്ത, ദുഷിച്ച വ്രണങ്ങളുണ്ടായി.

3രണ്ടാം ദൂതൻ തന്റെ കലശം സമുദ്രത്തിൽ ഒഴിച്ചു; സമുദ്രം മരിച്ചവന്റെ രക്തംപോലെ ആയിത്തീർന്നു; അതിലെ സകല ജീവജാലങ്ങളും ചത്തുപോയി.

4മൂന്നാം ദൂതൻ തന്റെ കലശം നദികളിലും നീരുറവുകളിലും ഒഴിച്ചു. അവയിലെ വെള്ളം രക്തമായിത്തീർന്നു. ജലത്തിന്മേൽ അധികാരമുള്ള ദൂതൻ ഇങ്ങനെ പറയുന്നതു ഞാൻ കേട്ടു:

5"ആയിരിക്കുന്നവനും ആയിരുന്നവനുമായ പരിശുദ്ധാ, അങ്ങ് ഇവയെ ന്യായം വിധിച്ചിരിക്കയാൽ നീതിമാൻ തന്നേ;

6അവർ അവിടുത്തെ വിശുദ്ധരുടെയും പ്രവാചകന്മാരുടെയും രക്തം ചിന്തുകയാൽ തങ്ങൾ അർഹിക്കുന്നതുപോലെ അവർക്ക് അങ്ങു രക്തം കുടിപ്പാൻ കൊടുത്തിരിക്കുന്നു വല്ലോ!"

7അപ്പോൾ യാഗപീഠവും:

"ഉവ്വ്, സർവ്വശക്തിയുള്ള ദൈവമായ കർത്താവേ, അങ്ങയുടെ വിധികൾ സത്യവും നീതിയുമുള്ളവ"

എന്നു പറയുന്നതു ഞാൻ കേട്ടു.

8നാലാം ദൂതൻ തന്റെ കലശം സൂര്യനിൽ ഒഴിച്ചു. അപ്പോൾ തീ കൊണ്ടു മനുഷ്യനെ ചുട്ടുകരിക്കുവാനുള്ള ശക്തി സൂര്യനു ലഭിച്ചു. 9മനുഷ്യർ അത്യുഷ്ണത്താൽ വെന്തു; എങ്കിലും മാനസാന്തരപ്പെട്ടു ദൈവത്തെ മഹത്വപ്പെടുത്താൻ കൂട്ടാക്കാതെ, അവർ ഈ ബാധകളുടെമേൽ അധികാരമുള്ള ദൈവത്തിന്റെ നാമത്തെ ദുഷിച്ചതേയുള്ളു.

10അഞ്ചാം ദൂതൻ തന്റെ കലശം മൃഗത്തിന്റെ സിംഹാസനത്തിന്മേൽ ഒഴിച്ചു; അവന്റെ രാജ്യം ഇരുണ്ടുപോയി. മനുഷ്യർ കഷ്ടതയാൽ നാവു കടിച്ചുകൊണ്ട് 11തങ്ങളുടെ വ്രണങ്ങളുടെ വേദന നിമിത്തം സ്വർഗ്ഗത്തിലെ ദൈവത്തെ ദുഷിച്ചതല്ലാതെ തങ്ങളുടെ പ്രവൃത്തികളെക്കുറിച്ചു മാനസാന്തരപ്പെട്ടില്ല.

12ആറാമത്തെ ദൂതൻ തന്റെ കലശം യൂഫ്രട്ടീസ്മഹാനദിയിൽ ഒഴിച്ചു. കിഴക്കുനിന്നുള്ള രാജാക്കന്മാർക്കു വഴിയൊരുങ്ങേണ്ടതിന് അതിലെ വെള്ളം വറ്റിപ്പോയി.

13പിന്നീട് മഹാസർപ്പത്തിന്റെയും മൃഗത്തിന്റെയും കള്ളപ്രവാചകന്റെയും വായിൽനിന്നു തവളയെപ്പോലുള്ള മൂന്നു അശുദ്ധാത്മാക്കൾ പുറപ്പെടുന്നതു ഞാൻ കണ്ടു. 14അവ സർവ്വഭൂമിയിലുമുള്ള രാജാക്കന്മാരെ ദൈവത്തിന്റെ മഹാദിവസത്തിലെ യുദ്ധത്തിനായി കൂട്ടിച്ചേർക്കുവാൻ അവരുടെ അടുക്കലേക്ക് അടയാളങ്ങൾ പ്രവർത്തിച്ചുകൊണ്ട് പുറപ്പെടുന്ന ഭൂതാത്മാക്കളത്രേ.

15"ഇതാ ഞാൻ കള്ളനെപ്പോലെ വരുന്നു! തന്റെ ലജ്ജ മനുഷ്യർ കാണത്തക്കവണ്ണം നഗ്നനായി നടക്കാതിരിപ്പാൻ ഉണർന്നിരുന്നു തന്റെ അങ്കി സൂക്ഷിച്ചുകൊള്ളുന്നവൻ ഭാഗ്യവാൻ."

16എബ്രായഭാഷയിൽ ഹർമ്മഗെദ്ദോൻ എന്നുപേരുള്ള സ്ഥലത്ത് അവ അവരെ ഒരുമിച്ചു ചേർത്തു.

17ഏഴാം ദൂതൻ തന്റെ കലശം വായുമണ്ഡലത്തിൽ ഒഴിച്ചു. അപ്പോൾ "സംഭവിച്ചു തീർന്നു" എന്നൊരു മഹാശബ്ദം വിശുദ്ധമന്ദിരത്തിലെ സിംഹാസനത്തിൽനിന്നു പുറപ്പെട്ടു. 18അപ്പോൾ മിന്നലും നാദവും ഇടിമുഴക്കവും ഉണ്ടായി. ഭൂമിയിൽ മനുഷ്യൻ ഉണ്ടായതുമുതൽ ഇന്നുവരെയും ഉണ്ടായിട്ടില്ലാത്തവിധം വലുതും ശക്തവുമായ ഒരു ഭൂകമ്പം ഉണ്ടായി. 19മഹാനഗരം മൂന്നുഭാഗങ്ങളായി പിളർന്നു. ജനവർഗ്ഗങ്ങളുടെ നഗരങ്ങൾ വീണുപോയി. ദൈവത്തിന്റെ മഹാക്രോധമദ്യം നിറച്ച പാനപാത്രം മഹതിയാം ബാബിലോണിനു നല്കുവാൻവേണ്ടി ദൈവം അവളെ ഓർത്തു. 20എല്ലാ ദ്വീപും ഓടിപ്പോയി; മലകൾ കാണാനില്ലാതായി. 21ഏകദേശം ഒരു താലന്തുവീതം ഭാരമുള്ള കല്ലുകൾ ആകാശത്തുനിന്നു മനുഷ്യരുടെമേൽ മഴയായി ചൊരിഞ്ഞു. കന്മഴയുടെ ബാധ അത്യന്തം ദുസ്സഹമായിരുന്നതിനാൽ മനുഷ്യർ അതുനിമിത്തം ദൈവത്തെ ദുഷിച്ചു.

മൃഗത്തിന്മേൽ ഇരിക്കുന്ന സ്ത്രീ

17 പിന്നീട് ഏഴു കലശമുള്ള ഏഴു ദൂതന്മാരിൽ ഒരുവൻ വന്ന് എന്നോടു സംസാരിച്ചു: "വരിക, ഭൂമിയിലെ രാജാക്കന്മാരുമായി വേശ്യാവൃത്തിയിലേർപ്പെട്ട് തന്റെ വേശ്യാവൃത്തിയുടെ വീഞ്ഞുകൊണ്ട് ഭൂവാസികളെ മത്തരാക്കിയവളും, 2പെരുവെള്ളത്തിന്മേൽ ഇരിക്കുന്നവളുമായ മഹാവേശ്യയുടെ ശിക്ഷാവിധി ഞാൻ കാണിച്ചുതരാം."

3ദൂതൻ എന്നെ ആത്മാവിൽ മരുഭൂമിയിലേക്കു കൊണ്ടുപോയി. അവിടെ, ഏഴു തലയും പത്തു കൊമ്പുമുള്ളതായി ദൂഷണനാമങ്ങൾകൊണ്ടു നിറഞ്ഞതും, കടുംചുവപ്പുനിറമുള്ളതുമായ ഒരു മൃഗത്തിന്മേൽ ഒരു സ്ത്രീ ഇരിക്കുന്നതു ഞാൻ കണ്ടു. 4സ്ത്രീ ധൂമ്രവർണ്ണവും കടുംചുവപ്പുമുള്ള വസ്ത്രങ്ങൾ ധരിച്ചും പൊന്നും വിലയേറിയ രത്നങ്ങളും മുത്തു

കളും അണിഞ്ഞും തന്റെ ദുർവൃത്തിയുടെ മ്ലേച്ഛതകളും അശുദ്ധികളും നിറഞ്ഞ ഒരു സ്വർണ്ണപാനപാത്രം കൈയിലേന്തിയുമിരുന്നു
5ഈ നാമം അവളുടെ നെറ്റിയിൽ എഴുതിയിരുന്നു:

മർമ്മം
മഹതിയാം ബാബിലോൺ, വേശ്യകളുടെയും ഭൂമിയിലെ
മ്ലേച്ഛതകളുടെയും മാതാവ്

6അവൾ വിശുദ്ധരുടെ രക്തവും യേശുവിന്റെ സാക്ഷ്യം വഹിച്ചവരുടെ രക്തവും കുടിച്ചു മത്തയായിരിക്കുന്നതു ഞാൻ കണ്ടു. അവളെ കണ്ടപ്പോൾ ഞാൻ അത്യന്തം ആശ്ചര്യപ്പെട്ടു.
7അപ്പോൾ ദൂതൻ എന്നോടു പറഞ്ഞു: "നീ ആശ്ചര്യപ്പെടുന്നതെന്ത്? ഈ സ്ത്രീയുടെയും ഇവൾ കയറിയിരിക്കുന്നതും ഏഴു തലയും പത്തു കൊമ്പുകളുമുള്ളതുമായ മൃഗത്തിന്റെയും മർമ്മം ഞാൻ നിനക്കു പറഞ്ഞുതരാം. 8നീ കണ്ട മൃഗം ഒരിക്കൽ ഉണ്ടായിരുന്നതും ഇപ്പോൾ ഇല്ലാത്തതും അഗാധഗർത്തത്തിൽനിന്നു കയറിവന്ന് നാശത്തിലേക്കു പോകാനുള്ളതുമാകുന്നു. ഉണ്ടായിരുന്നതും ഇപ്പോൾ ഇല്ലാത്തതും വരുവാനിരിക്കുന്നതുമായ മൃഗത്തെ കാണുമ്പോൾ ലോകസ്ഥാപനം മുതൽ ജീവപുസ്തകത്തിൽ പേരെഴുതിയിട്ടില്ലാത്ത ഭൂവാസികൾ അത്ഭുതപ്പെടും. 9"ഇവിടെ, ജ്ഞാനബുദ്ധി ആവശ്യം. ഏഴു തല സ്ത്രീ ഇരിക്കുന്ന ഏഴു മലയാകുന്നു; അവ ഏഴു രാജാക്കന്മാരുമാണ്. 10അവരിൽ അഞ്ചുപേർ വീണുപോയി. ഒരുവൻ ഉണ്ട്. മറ്റവൻ ഇതേവരെയും വന്നിട്ടില്ല. അവൻ വരുമ്പോൾ അല്പകാലം ഇരിക്കേണ്ടതത്രേ. 11ഉണ്ടായിരുന്നവനും ഇപ്പോൾ ഇല്ലാത്തവനുമായ മൃഗം എട്ടാമത്തവനും ഏഴുപേരിൽ ഉൾപ്പെട്ടവനുമാണ്. അവൻ നാശത്തിലേക്കു പോകുന്നു. 12നീ കണ്ട പത്തുകൊമ്പുകൾ ഇതുവരെയും രാജത്വം പ്രാപിച്ചിട്ടില്ലാത്ത പത്തു രാജാക്കന്മാരത്രേ. അവർക്കു മൃഗത്തോടൊപ്പം ഒരു മണിക്കൂർ സമയത്തേക്കു രാജാധികാരം ലഭിക്കും. 13അവർ ഏകലക്ഷ്യമുള്ളവരാണ്. തങ്ങളുടെ ശക്തിയും അധികാരവും അവർ മൃഗത്തെ ഏല്പിക്കുന്നു. 14അവർ കുഞ്ഞാടിനോടു യുദ്ധം ചെയ്യും. കുഞ്ഞാട് കർത്താധികർത്താവും രാജാധിരാജാവുമാകയാൽ അവരെ ജയിക്കും. കുഞ്ഞാടിനോടുകൂടെയുള്ളവർ വിളിക്കപ്പെട്ടവരും തിരഞ്ഞെടുക്കപ്പെട്ടവരും വിശ്വസ്തരുമത്രേ."

15ദൂതൻ പിന്നീട് എന്നോടു പറഞ്ഞു: "വേശ്യ ഇരിക്കുന്നതായി നീ കണ്ട വെള്ളം ജനതകളും പുരുഷാരങ്ങളും രാജ്യങ്ങളും ഭാഷകളുമാകുന്നു. 16നീ കണ്ട പത്തുകൊമ്പുകളും മൃഗവും വേശ്യയെ വെറുത്ത് അവളെ ശൂന്യയും നഗ്നയുമാക്കി അവളുടെ മാംസം തിന്നുകയും അവളെ അഗ്നിയിൽ ദഹിപ്പിച്ചുകളയുകയും ചെയ്യും. 17ദൈവത്തിന്റെ വചനം പൂർത്തിയാകുവോളം തന്റെ ലക്ഷ്യം നിറവേറ്റുവാൻ, തങ്ങളുടെ ഭരണാധികാരം ഏകാഭിപ്രായത്തോടെ മൃഗത്തെ ഏല്പിക്കണമെന്ന് ദൈവം അവരുടെ ഹൃദയങ്ങളിൽ തോന്നിച്ചു. 18നീ കണ്ട സ്ത്രീ ഭൂമിയിലെ രാജാക്കന്മാരുടെമേൽ ഭരണം നടത്തുന്ന മഹാനഗരമാകുന്നു.

ബാബിലോണിന്റെ പതനം

18 അനന്തരം വലിയ അധികാരമുള്ള മറ്റൊരു ദൂതൻ സ്വർഗ്ഗത്തിൽനിന്നിറങ്ങിവരുന്നതു ഞാൻ കണ്ടു. അവന്റെ തേജസ്സുകൊണ്ട് ഭൂമി പ്രകാശിച്ചു. 2അവൻ അത്യുച്ചത്തിൽ വിളിച്ചുപറഞ്ഞു:

"വീണുപോയി! മഹതിയാം ബാബിലോൺ വീണുപോയി! അവൾ ഭൂതങ്ങൾക്കു നിവാസവും സകല ദുഷ്ടാത്മാക്കളുടെയും കാരാഗൃഹവും അശുദ്ധവും നിന്ദ്യവുമായ സകല പക്ഷികളുടെയും തടവറയുമായിരിക്കുന്നു. 3എല്ലാ ജനതകളും അവളുടെ വേശ്യാവൃത്തിയുടെ ക്രോധമദ്യം കുടിച്ചു. ഭൂമിയിലെ രാജാക്കന്മാർ അവളുമായി വേശ്യാസംഗം നടത്തി. ഭൂമിയിലെ വ്യാപാരികൾ അവളുടെ സുഖലോലുപതയുടെ ആധിക്യത്താൽ സമ്പന്നരായി."

4മറ്റൊരു ശബ്ദം ഞാൻ സ്വർഗ്ഗത്തിൽ നിന്നു കേട്ടത്:

"എന്റെ ജനമേ, അവളുടെ പാപങ്ങളിൽ പങ്കാളികളാകാതെയും അവളുടെ ബാധകളിൽ ഓഹരിക്കാരാകാതെയും അവളെ വിട്ടു പോരുവിൻ. 5അവളുടെ പാപങ്ങൾ ആകാശത്തോളം കുന്നുകൂടിയിരിക്കുന്നു. അവളുടെ അകൃത്യങ്ങൾ ദൈവം ഓർത്തിരിക്കുന്നു.
6അവൾ തന്നതുപോലെ അവൾക്കു മടക്കിക്കൊടുക്കുവിൻ. അവൾ ചെയ്തതിന്റെ ഇരട്ടി അവൾക്കു തിരികെക്കൊടുപ്പിൻ. അവളുടെ പാനപാത്രത്തിൽ, ഇരട്ടിയായി കലക്കിക്കൊടുപ്പിൻ.
7അവൾ തന്നെത്താൻ മഹത്വപ്പെടുത്തുകയും സുഖലോലുപതയിൽ ജീവിക്കുകയും ചെയ്തതിന്റെ അതേ അളവിൽ അവൾക്കു പീഡയും ദുഃഖവും നല്കുവിൻ. "ഞാൻ രാജ്ഞിയാണ്, വിധവയല്ല; ഞാൻ ഒരിക്കലും ദുഃഖം കാണുകയില്ല"
എന്ന് അവൾ ഹൃദയത്തിൽ പറയുന്നു.

8ഇതുനിമിത്തം ഒറ്റദിവസംകൊണ്ട്
മരണം, ദുഃഖം, ക്ഷാമം എന്നീ ബാധകൾ
അവളുടെമേൽ വരും; അവളെ തീയിൽ
ചുട്ടുകളയും. അവളെ ന്യായം വിധി
ക്കുന്ന ദൈവമായ കർത്താവു
ശക്തനാകയാൽ തന്നേ.

9അവളുമായി വേശ്യാസംഗം നടത്തുകയും
അവളുടെ സുഖലോലുപതയിൽ പങ്കുകാരാകു
കയും ചെയ്ത ഭൂമിയിലെ രാജാക്കന്മാർ അവൾ
കത്തിയെരിയുന്നതിന്റെ പുക കണ്ട് അവളെ
ച്ചൊല്ലി കരഞ്ഞു വിലപിക്കും. 10അവളുടെ
ദണ്ഡനം കണ്ടു പേടിച്ച് അവർ ദൂരെനിന്നു
കൊണ്ടു:

"ഹാ കഷ്ടം! കഷ്ടം! മഹാനഗരമേ,
ബാബിലോണേ, ശക്തിയുള്ള
നഗരമേ, ഒരു മണിക്കൂറുകൊണ്ട്
നിന്റെ ന്യായവിധി വന്നുവല്ലോ!"

എന്നു പറയും.

11സ്വർണ്ണം, വെള്ളി, അമൂല്യരത്നങ്ങൾ, മുത്തു
കൾ, മൃദുലവസ്ത്രങ്ങൾ, ധൂമ്രവസ്ത്രം, പട്ടു
വസ്ത്രം, രക്താംബരം, സുഗന്ധത്തടികൾ,
ദന്തനിർമ്മിതവസ്തുക്കൾ, വിലകൂടിയ മരം,
പിച്ചള, ഇരുമ്പ്, വെണ്ണക്കല്ല് എന്നിവകൊണ്ടു
ള്ള വസ്തുക്കൾ, 12ലവംഗം, ഏലം, സുഗന്ധ
ദ്രവ്യങ്ങൾ, മൂർ, കുന്തുരുക്കം, വീഞ്ഞ്,
ഒലിവെണ്ണ, നേരിയമാവ്, ഗോതമ്പ്, കന്നുകാ
ലി, ആട്, കുതിര, രഥം, മാനുഷദേഹം, മാനുഷ
പ്രാണൻ എന്നിങ്ങനെ തങ്ങൾക്കുള്ള
കച്ചവടസാധനങ്ങൾ വാങ്ങാൻ ആരും ഇല്ലാതി
രിക്കയാൽ 13ഭൂമിയിലെ വ്യാപാരികൾ അവളെ
ച്ചൊല്ലി കരയുകയും ദുഃഖിക്കുകയും ചെയ്യും.

14നീ കാംക്ഷിച്ച ഫലം നിന്നിൽനിന്നു പൊയ്
പ്പോയിരിക്കുന്നു. നിന്റെ സകല സമ്പത്തും
മഹിമയും ഇനിയൊരിക്കലും തിരിച്ചുകിട്ടാത്തവി
ധം മാഞ്ഞുപോയിരിക്കുന്നു. 15ഈ വസ്തു
ക്കൾകൊണ്ടു വ്യാപാരം ചെയ്ത് അവൾമൂലം
സമ്പന്നരായവർ അവളുടെ ദണ്ഡനത്താൽ ഭയ
പ്പെട്ടു ദൂരത്തു നിന്നുകൊണ്ട്:

16"അയ്യോ! അയ്യോ! മഹാനഗരമേ, നേർ
മയുള്ള ശണവസ്ത്രവും ധൂമ്രവസ്
ത്രവും രക്താംബരവും ധരിച്ച് സ്വർണ്ണം,
രത്നങ്ങൾ, മുത്തുകൾ എന്നിവയാൽ
ശോഭിച്ചിരുന്നവളേ, 17ഇത്ര വിപുലമാ
യ സമ്പത്ത് ഒറ്റ മണിക്കൂർകൊണ്ടു
നശിച്ചുപോയല്ലോ"

എന്നു പറഞ്ഞു ദുഃഖിച്ചു വിലപിക്കും.

എല്ലാ കപ്പിത്താന്മാരും സകല കപ്പൽ
യാത്രക്കാരും നാവികരും സമുദ്രംകൊണ്ട് ഉപജീ
വിക്കുന്ന ഏവരും ദൂരെനിന്ന്, 18അവളുടെ
ദഹനത്തിന്റെ പുക കണ്ട്, "ഈ മഹാനഗരം
പോലെ വേറെ ഏതുള്ളു?" എന്നു വിളിച്ചു
പറയും. 19അവർ തലയിൽ പൂഴി വാരിയി
ട്ടുകൊണ്ടു ഇപ്രകാരം ദുഃഖിച്ചു വിലപിക്കും:

"കഷ്ടം! കഷ്ടം! കടലിൽ കപ്പലുള്ളവ
രെയെല്ലാം തന്റെ ഐശ്വര്യംകൊണ്ടു
സമ്പന്നരാക്കിയ മഹാനഗരം ഒരു മണി
ക്കൂറിനുള്ളിൽ നശിച്ചുപോയല്ലോ!
20സ്വർഗ്ഗമേ, അവളെച്ചൊല്ലി സന്തോ
ഷിപ്പിൻ! വിശുദ്ധരും അപ്പൊസ്തലരും
പ്രവാചകരുമേ, സന്തോഷിപ്പിൻ!
ദൈവം നിങ്ങൾക്കുവേണ്ടി അവളെ ന്യാ
യം വിധിച്ചിരിക്കുന്നു."

21പിന്നെ ശക്തനായൊരു ദൂതൻ വലിയ തിരി
കല്ലുപോലെയുള്ള ഒരു കല്ലെടുത്തു സമുദ്ര
ത്തിലേക്കെറിഞ്ഞുകൊണ്ടു പറഞ്ഞു:

"ഇതുപോലെ, മഹാനഗരമായ ബാബി
ലോണിനെ വലിച്ചെറിയും. അതിനെ
പിന്നെ കാണുകയുമില്ല. 22വൈണികർ,
സംഗീതജ്ഞർ, കുഴലൂത്തുകാർ, കാ
ഹളക്കാർ എന്നിവരുടെ പാട്ട് ഇനിയൊ
രിക്കലും നിന്നിൽ കേൾക്കയില്ല. ഒരു
തരത്തിലുമുള്ള കരകൗശലപ്പണി
ക്കാരെ ഇനി നിന്നിൽ കാണുകയില്ല.
തിരികല്ലിന്റെ ശബ്ദവും ഇനി നിന്നിൽ
കേൾക്കയില്ല.
23വിളക്കിന്റെ വെളിച്ചം ഇനി നിന്നിൽ
പ്രകാശിക്കയില്ല. വധൂവരന്മാരുടെ
ശബ്ദം ഇനി നിന്നിൽ കേൾക്കയില്ല.
നിന്റെ വ്യാപാരികൾ ഭൂമിയിലെ
ശ്രേഷ്ഠന്മാരായിരുന്നു. ആഭിചാ
രത്താൽ നീ സകല ജനവർഗ്ഗങ്ങളെയും
വഴിതെറ്റിച്ചിരുന്നു.
24പ്രവാചകരുടെയും വിശുദ്ധരുടെയും
ഭൂമിയിൽ കൊല്ലപ്പെട്ട എല്ലാവരുടെയും
രക്തം നിന്നിലല്ലയോ കാണപ്പെട്ടത്?"

സ്വർഗ്ഗത്തിൽ ജയാരവം

19 ഇതിനുശേഷം ഞാൻ സ്വർഗ്ഗത്തിൽ
വലിയൊരു ജനക്കൂട്ടത്തിന്റെ ആരവം
പോലെ കേട്ടു:

"ഹല്ലേലൂയ്യാ!
രക്ഷയും മഹത്ത്വവും ശക്തിയും
നമ്മുടെ ദൈവത്തിനുള്ളത്.
2അവിടുത്തെ ന്യായവിധികൾ
സത്യവും നീതിയുമുള്ളവ. വേശ്യാ
വൃത്തികൊണ്ടു ഭൂമിയെ വഷളാക്കിയ
മഹാവേശ്യയ്ക്ക് അവിടുന്നു ശിക്ഷ വി
ധിച്ചിരിക്കുന്നു. തന്റെ ദാസരുടെ
രക്തത്തിന് അവളോടു പ്രതികാരം
ചെയ്തിരിക്കുന്നു."

3അവർ വീണ്ടും

"ഹല്ലേലൂയ്യാ! അവളുടെ പുക

എന്നെന്നേക്കും ഉയരുന്നു"
എന്നു വിളിച്ചുപറഞ്ഞു.
4ഇരുപത്തിനാലു മൂപ്പന്മാരും നാലു ജീവികളും സിംഹാസനസ്ഥനായ ദൈവത്തെ വീണു നമസ്കരിച്ചു.
"ആമേൻ, ഹല്ലേലൂയ്യാ"
അവർ വിളിച്ചു പറഞ്ഞു.
5"അവിടുത്തെ എല്ലാ ദാസരും
വലിയവരും ചെറിയവരുമായി
അവിടുത്തെ ഭയപ്പെടുന്ന സകലരുമേ,
നമ്മുടെ ദൈവത്തെ സ്തുതിപ്പിൻ"
എന്നൊരു ശബ്ദം സിംഹാസനത്തിൽനിന്നു പുറപ്പെട്ടു.
6അപ്പോൾ വലിയ ജനക്കൂട്ടത്തിന്റെ ആരവംപോലെയും പെരുവെള്ളത്തിന്റെ ഇരമ്പംപോലെയും ശക്തമായ ഇടിമുഴക്കംപോലെയുമുള്ള ഒരു ശബ്ദം ഞാൻ കേട്ടു:
"ഹല്ലേലൂയ്യാ, സർവ്വശക്തനായ
ദൈവമായ കർത്താവു വാഴുന്നു.
7നമുക്കു സന്തോഷിച്ചുല്ലസിച്ച്
അവിടുത്തെ മഹത്ത്വപ്പെടുത്താം.
കുഞ്ഞാടിന്റെ കല്യാണം വന്നിരിക്കുന്നു. അവിടുത്തെ കാന്തയും
തന്നെത്താൻ ഒരുക്കിയിരിക്കുന്നു;
8അവൾക്കു ശുഭ്രവും നിർമ്മലവുമായ വിശേഷവസ്ത്രം ധരിപ്പാൻ കൃപ ലഭിച്ചിരിക്കുന്നു. ആ വിശേഷവസ്ത്രം വിശുദ്ധരുടെ നീതിപ്രവൃത്തികളത്രേ.
9പിന്നെ ദൂതൻ എന്നോട്, "കുഞ്ഞാടിന്റെ വിവാഹവിരുന്നിനു ക്ഷണിക്കപ്പെടുന്നവർ അനുഗൃഹീതർ എന്ന് എഴുതുക" എന്നു പറഞ്ഞു; "ഇതു ദൈവത്തിന്റെ സത്യവചനങ്ങൾ തന്നേ" എന്നും പറഞ്ഞു.
10ദൂതനെ നമസ്കരിക്കുവാൻ ഞാൻ അയാളുടെ കാല്ക്കൽ വീണു. എന്നാൽ അയാൾ എന്നോട്, "അരുത്, ഞാൻ നിനക്കും യേശുവിന്റെ സാക്ഷ്യമുള്ള നിന്റെ സഹോദരർക്കുമൊപ്പം ഒരു ഭൃത്യനാണ്. ദൈവത്തെ നമസ്കരിക്കുക! യേശുവിന്റെ സാക്ഷ്യമോ പ്രവചനത്തിന്റെ ആത്മാവാകുന്നു" എന്നു പറഞ്ഞു.

വെള്ളക്കുതിരപ്പുറത്തു സഞ്ചരിക്കുന്നവൻ

11സ്വർഗ്ഗം തുറന്നിരിക്കുന്നതു ഞാൻ കണ്ടു. ഒരു വെള്ളക്കുതിര പ്രത്യക്ഷമായി. അതിന്മേൽ ഇരിക്കുന്നവനു വിശ്വസ്തൻ എന്നും സത്യവാൻ എന്നും പേർ. അദ്ദേഹം നീതിയോടെ വിധിക്കുകയും യുദ്ധം നടത്തുകയും ചെയ്യും. 12അദ്ദേഹത്തിന്റെ കണ്ണ് അഗ്നിജ്വാല, ശിരസ്സിൽ അനേകം കിരീടങ്ങൾ; എഴുതപ്പെട്ട ഒരു നാമം അദ്ദേഹത്തിനുണ്ട്. അത് അദ്ദേഹത്തിനല്ലാതെ മറ്റാർക്കും അറിഞ്ഞുകൂടാ. 13രക്തത്തിൽ മുക്കിയ അങ്കിയാണ് അദ്ദേഹം ധരിച്ചിരിക്കുന്നത്; അദ്ദേഹത്തിന്റെ പേര് ദൈവവചനം എന്നത്രേ. 14സ്വർഗ്ഗത്തിലെ സൈന്യങ്ങൾ ശുഭ്രവും നിർമ്മലവുമായ വിശേഷവസ്ത്രം ധരിച്ച് വെള്ളക്കുതിരകളിന്മേൽ അദ്ദേഹത്തെ അനുഗമിച്ചിരുന്നു. 15ജനതകളെ വെട്ടാനുള്ള മൂർച്ചയേറിയ വാൾ അദ്ദേഹത്തിന്റെ വായിൽനിന്നു പുറപ്പെടുന്നു. അവിടുന്ന് ഇരുമ്പുകോൽകൊണ്ട് അവരെ ഭരിക്കും.[a] സർവ്വശക്തനായ ദൈവത്തിന്റെ കോപവും ക്രോധവുമാകുന്ന മദ്യത്തിന്റെ ചക്ക് അവിടുന്ന് മെതിക്കുന്നു.
16രാജാധിരാജാവും കർത്താധികർത്താവും എന്ന നാമം അവിടുത്തെ അങ്കിമേലും തുടമേലും എഴുതിയിട്ടുണ്ട്.
17ഒരു ദൂതൻ സൂര്യനിൽ നില്ക്കുന്നതു ഞാൻ കണ്ടു. ആകാശമധ്യേ പറക്കുന്ന സകല പക്ഷികളോടും അവൻ അത്യുച്ചത്തിൽ വിളിച്ചു പറഞ്ഞു: 18"രാജാക്കന്മാരുടെയും സഹസ്രാധിപന്മാരുടെയും വീരന്മാരുടെയും കുതിരകളുടെയും കുതിരപ്പുറത്തിരിക്കുന്നവരുടെയും, സ്വതന്ത്രൻ, ദാസൻ, ചെറിയവൻ, വലിയവൻ എന്നിങ്ങനെയുള്ള സകലരുടെയും മാംസം തിന്നുവാൻ ദൈവത്തിന്റെ വലിയ അത്താഴവിരുന്നിനു വന്നുകൂടുവിൻ."
19അനന്തരം, കുതിരപ്പുറത്തിരിക്കുന്നവനോടും അദ്ദേഹത്തിന്റെ സൈന്യത്തോടും യുദ്ധം ചെയ്യാൻ മൃഗവും ഭൂമിയിലെ രാജാക്കന്മാരും അവരുടെ സൈന്യങ്ങളും ഒന്നിച്ചുകൂടിയിരിക്കുന്നതു ഞാൻ കണ്ടു.
20മൃഗത്തെയും അതിന്റെ സന്നിധിയിൽ അടയാളങ്ങൾ കാട്ടി, ചതിവിൽ, മനുഷ്യരെക്കൊണ്ട് അതിന്റെ മുദ്ര സ്വീകരിപ്പിക്കയും അതിനെ ആരാധിപ്പിക്കയും ചെയ്ത കള്ളപ്രവാചകനെയും പിടിച്ച് എരിയുന്ന ഗന്ധകപ്പൊയ്കയിൽ ജീവനോടെ എറിഞ്ഞുകളഞ്ഞു. 21ശേഷിച്ചവരെ കുതിരപ്പുറത്തിരിക്കുന്നവന്റെ വായിൽ നിന്നു പുറപ്പെട്ട വാളുകൊണ്ടു കൊന്നുകളകയും സകലപക്ഷികളും അവരുടെ മാംസം തിന്നു തൃപ്തിയടയുകയും ചെയ്തു.

സഹസ്രാബ്ദം

20 അനന്തരം ഒരു ദൂതൻ അഗാധഗർത്തത്തിന്റെ താക്കോലും വലിയൊരു ചങ്ങലയും പിടിച്ചുകൊണ്ട് സ്വർഗ്ഗത്തിൽനിന്ന് ഇറങ്ങിവരുന്നതു ഞാൻ കണ്ടു. 2അവൻ പിശാചും സാത്താനും എന്ന പഴയ പാമ്പായ മഹാസർപ്പത്തെ പിടികൂടി ആയിരം വർഷത്തേക്കു ബന്ധിച്ചു. 3ആയിരം വർഷം തികയും

[a] 15 സങ്കീർത്തനം 2:9

ന്നതുവരെ ജനതകളെ വഞ്ചിക്കാതിരിക്കുവാൻ അവനെ അഗാധഗർത്തത്തിലേക്ക് എറിഞ്ഞ ശേഷം അവിടം അടച്ചുപൂട്ടി മുദ്രയിട്ടു. അതിനുശേഷം അല്പകാലത്തേക്ക് അവനെ മോചിപ്പിക്കേണ്ടതാണ്.

4അനന്തരം ഞാൻ സിംഹാസനങ്ങൾ കണ്ടു. അവയിൽ ഇരുന്നവർക്കു ന്യായവിധിക്കുള്ള അധികാരം നൽകിയിരുന്നു. യേശുവിനായുള്ള തങ്ങളുടെ സാക്ഷ്യവും ദൈവവചനവും നിമിത്തം ശിരച്ഛേദം ചെയ്യപ്പെട്ടവരും മൃഗത്തെയോ അതിന്റെ പ്രതിമയെയോ ആരാധിക്കാതിരുന്നവരും, നെറ്റിയിലും കൈകളിലും അതിന്റെ മുദ്ര ഏല്ക്കാതിരുന്നവരുമായവരുടെ ആത്മാക്കളെയും ഞാൻ കണ്ടു. അവർ ജീവൻ പ്രാപിച്ച് ആയിരം ആണ്ട് ക്രിസ്തുവിനോടുകൂടെ വാണു. 5മരിച്ചവരിൽ ശേഷിച്ചവർ ആയിരം വർഷം തികയുന്നതുവരെ ജീവൻ പ്രാപിച്ചില്ല. ഇത് ഒന്നാമത്തെ പുനരുത്ഥാനം. 6ഒന്നാം പുനരുത്ഥാനത്തിൽ പങ്കുള്ളവർ അനുഗൃഹീതരും വിശുദ്ധരുമാകുന്നു. അവരുടെമേൽ രണ്ടാം മരണത്തിന് അധികാരം ഇല്ല. അവർ ദൈവത്തിന്റെയും ക്രിസ്തുവിന്റെയും പുരോഹിതരായി ക്രിസ്തുവിനോടുകൂടെ ആയിരം വർഷം വാഴും.

സാത്താന്റെ അന്ത്യവിധി

7ആയിരം വർഷം പൂർത്തിയാകുമ്പോൾ സാത്താനെ കാരാഗൃഹത്തിൽനിന്നു അഴിച്ചുവിടും. 8അവൻ ഭൂമിയുടെ നാലു കോണുകളിലുമുള്ള ജനതകളായ ഗോഗ്, മാഗോഗ് എന്നിവരെ വശീകരിച്ചു യുദ്ധത്തിനു കൂട്ടിച്ചേർക്കുവാൻ പുറപ്പെടും. അവരുടെ സംഖ്യ കടല്പുറത്തെ മണൽപോലെയത്രേ. 9അവർ ഭൂമിയിൽ എല്ലാടവും സഞ്ചരിച്ചു വിശുദ്ധരുടെ പാളയത്തെയും പ്രിയ നഗരത്തെയും വളയും. എന്നാൽ സ്വർഗ്ഗത്തിൽനിന്നു തീ ഇറങ്ങി അവരെ ദഹിപ്പിച്ചുകളയും. 10അവരെ വഞ്ചിച്ച പിശാചിനെ, മൃഗത്തെയും കള്ളപ്രവാചകനെയും ഇട്ടിരുന്ന എരിയുന്ന ഗന്ധകപ്പൊയ്കയിൽ ഇട്ടുകളയും. അവർ എന്നെന്നേക്കും രാപ്പകൽ ദണ്ഡനം അനുഭവിക്കും.

മരിച്ചവരുടെ ന്യായവിധി

11പിന്നെ ഞാൻ വലിയൊരു വെള്ളസിംഹാസനവും അതിൽ ഇരിക്കുന്നവനെയും കണ്ടു. അവിടുത്തെ സന്നിധിയിൽനിന്ന് ആകാശവും ഭൂമിയും ഓടിപ്പോയി. അവയ്ക്കുപിന്നെ സ്ഥലം ഉണ്ടായില്ല. 12മരിച്ചവരെല്ലാവരും, വലിയവരും, ചെറിയവരും, സിംഹാസനത്തിനുമുമ്പിൽ നില്ക്കുന്നതു ഞാൻ കണ്ടു. പുസ്തകങ്ങൾ തുറന്നു; ജീവന്റെ പുസ്തകം എന്ന മറ്റൊരു പുസ്തകവും തുറന്നു. മരിച്ചവർക്ക്, പുസ്തകങ്ങളിൽ രേഖപ്പെടുത്തിയിരുന്നതുപോലെ, അവരുടെ പ്രവൃത്തികൾക്കനുസരിച്ച ന്യായവിധിയുണ്ടായി. 13സമുദ്രം അതിലുള്ള മരിച്ചവരെ ഏല്പിച്ചുകൊടുത്തു. മരണവും പാതാളവും അവയിലുള്ള മരിച്ചവരെ വിട്ടുകൊടുത്തു. അവരെല്ലാവരും താന്താങ്ങളുടെ പ്രവൃത്തിക്കു തക്കവണ്ണം വിധിക്കപ്പെട്ടു. 14മരണത്തെയും പാതാളത്തെയും തീപ്പൊയ്കയിൽ എറിഞ്ഞുകളഞ്ഞു. ഈ തീപ്പൊയ്ക രണ്ടാമത്തെ മരണം. 15ജീവന്റെ പുസ്തകത്തിൽ പേരെഴുതിക്കാണാത്ത ഏതൊരാളെയും തീപ്പൊയ്കയിൽ തള്ളിയിടും.

പുതിയ യെരൂശലേം

21 അനന്തരം ഞാൻ പുതിയ ആകാശവും പുതിയ ഭൂമിയും കണ്ടു. ഒന്നാമത്തെ ആകാശവും ഒന്നാമത്തെ ഭൂമിയും നീങ്ങിപ്പോയി. സമുദ്രവും ഇനി ഇല്ല. 2പുതിയ യെരൂശലേം എന്ന വിശുദ്ധനഗരം ഭർത്താവിനുവേണ്ടി അണിയിച്ചൊരുക്കപ്പെട്ട മണവാട്ടിയെപ്പോലെ സ്വർഗ്ഗത്തിൽ, ദൈവത്തിൽനിന്നു തന്നേ, ഇറങ്ങിവരുന്നതു ഞാൻ കണ്ടു. 3സിംഹാസനത്തിൽനിന്ന് ഉച്ചത്തിൽ ഒരു ശബ്ദം ഞാൻ കേട്ടു: "ഇതാ, മനുഷ്യരോടുകൂടെ ദൈവത്തിന്റെ കൂടാരം, അവിടുന്ന് അവരോടുകൂടെ പാർക്കും. അവർ അവിടുത്തെ ജനമായിരിക്കും. ദൈവംതന്നേ അവരോടുകൂടെയിരിക്കുകയും അവരുടെ ദൈവമായിരിക്കുകയും ചെയ്യും. 4അവിടുന്ന് അവരുടെ കണ്ണിൽനിന്നു കണ്ണുനീരെല്ലാം തുടച്ചുകളയും; മരണം ഇനി ഇല്ല, വിലാപമോ കരച്ചിലോ വേദനയോ മേലാൽ ഉണ്ടാകയില്ല; ഒന്നാമത്തേതു കഴിഞ്ഞുപോയി."

5സിംഹാസനത്തിൽ ഇരിക്കുന്നവൻ, "ഇതാ, ഞാൻ സകലവും പുതിയതാക്കുന്നു!" എന്നു പറഞ്ഞു. പിന്നെ അവിടുന്ന്, "ഇത് എഴുതുക, ഈ വചനം വിശ്വാസ്യവും സത്യവുമാകുന്നു" എന്നു കല്പിച്ചു.

6പിന്നെ അവിടുന്ന് എന്നോടു പറഞ്ഞത്: "സംഭവിച്ചുതീർന്നു. ഞാൻ അല്ഫയും ഒമേഗയും ആദിയും അന്തവും ആകുന്നു. ദാഹിക്കുന്നവനു ഞാൻ ജീവജലത്തിന്റെ ഉറവിൽനിന്നു സൗജന്യമായി കൊടുക്കും. 7ജയിക്കുന്നവൻ ഇവയെല്ലാം അവകാശമാക്കും. ഞാൻ അവനു ദൈവവും അവൻ എനിക്കു പുത്രനും ആയിരിക്കും. 8എന്നാൽ ഭീരുക്കൾ, അവിശ്വാസികൾ, നീചന്മാർ, കൊലപാതകന്മാർ, വ്യഭിചാരികൾ, ആഭിചാരകന്മാർ, വിഗ്രഹാരാധികൾ എന്നിവർക്കും വ്യാജം പറയുന്ന എല്ലാവർക്കും ഉള്ള ഓഹരി ഗന്ധകം കത്തിയെരിയുന്ന തീപ്പൊയ്കയത്രേ; ഇത് രണ്ടാമത്തെ മരണം.

9അന്ത്യബാധകൾ ഏഴും നിറഞ്ഞ ഏഴു കലശങ്ങളുള്ള ഏഴു ദൂതന്മാരിൽ ഒരുവൻ വന്ന് എന്നോട്, "വരിക, കുഞ്ഞാടിന്റെ കാന്തയായ മണവാട്ടിയെ കാണിച്ചുതരാം" എന്നു പറഞ്ഞു. 10പിന്നെ അവൻ എന്നെ ആത്മാവിൽ വലിയതും ഉയർന്നതുമായ ഒരു മലയിലേക്കു കൊണ്ടുപോയി. യെരൂശലേം എന്ന വിശുദ്ധനഗരം സ്വർഗ്ഗത്തിൽനിന്ന്, ദൈവത്തിൽനിന്നുതന്നെ ഇറങ്ങിവരുന്നതായി കാണിച്ചുതന്നു. 11അതു ദൈവത്തിന്റെ തേജസ്സുകൊണ്ടു പ്രകാശിച്ചിരുന്നു, അതിന്റെ ജ്യോതിസ്സ് ഏറ്റവും വിലയേറിയ രത്നത്തിന്റേതുപോലെ, സ്ഫടികസ്വച്ഛമായ സൂര്യകാന്തത്തിന്റേതുപോലെ ആയിരുന്നു. 12അതിന് ഉയരംകൂടിയ വൻമതിലും പന്ത്രണ്ടു കവാടങ്ങളും കവാടങ്ങളിൽ പന്ത്രണ്ടു ദൂതന്മാരും ഉണ്ട്. യിസ്രായേൽ ഗോത്രങ്ങൾ പന്ത്രണ്ടിന്റെയും പേര് കവാടങ്ങളിൽ എഴുതിയിരുന്നു. 13മൂന്നു കവാടങ്ങൾ കിഴക്കും മൂന്നു വടക്കും മൂന്നു തെക്കും മൂന്നു പടിഞ്ഞാറും ആയിരുന്നു. 14നഗരത്തിന്റെ മതിലിന് പന്ത്രണ്ട് അടിസ്ഥാനവും അവയിൽ കുഞ്ഞാടിന്റെ പന്ത്രണ്ട് അപ്പൊസ്തലന്മാരുടെ പേരും ഉണ്ട്.

15എന്നോടു സംസാരിച്ച ദൂതന്റെ കൈയിൽ, നഗരവും അതിന്റെ കവാടങ്ങളും മതിലും അളക്കുന്നതിനു സ്വർണ്ണംകൊണ്ടുള്ള ഒരു അളവുകോൽ ഉണ്ടായിരുന്നു. 16നഗരം സമചതുരമാണ്; നീളവും വീതിയും തുല്യം. ദൂതൻ അളവുകോൽകൊണ്ടു നഗരത്തെ അളന്നു. അതിന്റെ നീളം ഏകദേശം ആയിരത്തിഇരുനൂറു നാഴിക[a]. അതിന്റെ നീളവും വീതിയും പൊക്കവും തുല്യമായിരുന്നു. 17പിന്നെ ദൂതൻ അതിന്റെ മതിൽ അളന്നു. അതു മനുഷ്യന്റെ അളവനുസരിച്ച്, ദൂതന്റെ അളവനുസരിച്ചുതന്നേ, നൂറ്റിനാല്പത്തിനാലു മുഴം[b]ആയിരുന്നു. 18മതിൽ സൂര്യകാന്തംകൊണ്ടും നഗരം സ്വച്ഛസ്ഫടികംപോലെയുള്ള തനിത്തങ്കംകൊണ്ടുമാണു പണിതിരുന്നത്. 19നഗരമതിലുകളുടെ അടിസ്ഥാനങ്ങൾ എല്ലാവിധ രത്നങ്ങളാലും അലങ്കരിച്ചിരുന്നു. ഒന്നാം അടിസ്ഥാനം സൂര്യകാന്തം, രണ്ടാമത്തേതു നീലരത്നം, മൂന്നാമത്തേതു മാണിക്യം, നാലാമത്തേതു മരതകം, 20അഞ്ചാമത്തേതു നഖവർണ്ണി, ആറാമത്തേതു ചുവപ്പുകല്ല്, ഏഴാമത്തേതു പീതരത്നം, എട്ടാമത്തേതു ഗോമേദകം, ഒമ്പതാമത്തേതു പുഷ്യരാഗം, പത്താമത്തേതു വൈഡൂര്യം, പതിനൊന്നാമത്തേതു പത്മരാഗം, പന്ത്രണ്ടാമത്തേതു സുഗന്ധിരത്നം. 21പന്ത്രണ്ടു കവാടവും പന്ത്രണ്ടു മുത്ത്; ഓരോ കവാടവും ഓരോ മുത്തുകൊണ്ടുള്ളതും നഗരത്തിന്റെ വീഥി സ്വച്ഛസ്ഫടികത്തിനു സദൃശമായ തങ്കവും ആയിരുന്നു.

22നഗരത്തിൽ വിശുദ്ധമന്ദിരം കണ്ടില്ല, സർവ്വശക്തിയുള്ള ദൈവമായ കർത്താവും കുഞ്ഞാടും അതിന്റെ മന്ദിരം ആയിരുന്നു. 23നഗരത്തിൽ പ്രകാശിക്കാൻ സൂര്യനോ ചന്ദ്രനോ ആവശ്യമില്ല; ദൈവതേജസ്സ് അതിനെ പ്രകാശിപ്പിക്കുന്നു; കുഞ്ഞാട് അതിന്റെ വിളക്കാകുന്നു.

24ജനതകൾ അതിന്റെ വെളിച്ചത്തിൽ നടക്കും; ഭൂമിയിലെ രാജാക്കന്മാർ തങ്ങളുടെ മഹത്ത്വം അതിലേക്കു കൊണ്ടുവരും. 25അതിന്റെ കവാടങ്ങൾ പകൽസമയത്ത് അടയ്ക്കുകയില്ല. അവിടെ രാത്രി ഇല്ലല്ലോ! 26ജനതകളുടെ മഹിമയും ബഹുമാനവും അതിലേക്കു കൊണ്ടുവരും. 27കുഞ്ഞാടിന്റെ ജീവപുസ്തകത്തിൽ പേരെഴുതിയിട്ടുള്ളവർ മാത്രമല്ലാതെ അശുദ്ധമായ യാതൊന്നും, മ്ലേച്ഛതയും വ്യാജവും പ്രവർത്തിക്കുന്ന ആരും ഒരിക്കലും അതിൽ പ്രവേശിക്കുകയില്ല.

ജീവനദി

22 അനന്തരം നഗരവീഥിയുടെ നടുവിൽ ദൈവത്തിന്റെയും കുഞ്ഞാടിന്റെയും സിംഹാസനത്തിൽനിന്നു പുറപ്പെടുന്നതും പളുങ്കുപോലെ ശുഭ്രവുമായ ജീവജലനദിയും അവൻ എന്നെ കാണിച്ചു. 2നദിയുടെ ഇരുകരകളിലും ജീവവൃക്ഷം; അത് ഓരോ മാസവും ഫലം കായ്ച്ച് പന്ത്രണ്ടുതരം ഫലം നല്കുന്നു. വൃക്ഷത്തിന്റെ ഇല ജാതികൾക്കു രോഗശാന്തി വരുത്തുന്നതാണ്. 3ഒരു ശാപവും ഇനി ഉണ്ടാകയില്ല. ദൈവത്തിന്റെയും കുഞ്ഞാടിന്റെയും സിംഹാസനം നഗരത്തിൽ ഉണ്ടായിരിക്കും. അവിടുത്തെ ദാസർ അവിടുത്തെ ആരാധിക്കും. 4അവർ അവിടുത്തെ മുഖം കാണും. അവരുടെ നെറ്റിയിൽ അവിടുത്തെ നാമം ഉണ്ടായിരിക്കും. 5ഇനിമേൽ രാത്രി ഉണ്ടാകയില്ല. ദൈവമായ കർത്താവ് അവരുടെമേൽ പ്രകാശിക്കുന്നതു നിമിത്തം അവർക്ക് വിളക്കിന്റെ വെളിച്ചമോ സൂര്യന്റെ വെളിച്ചമോ ആവശ്യമില്ല. അവർ എന്നെന്നേക്കും രാജത്വത്തോടെ വാഴും.

6പിന്നെ ദൂതൻ എന്നോടു പറഞ്ഞു: "ഈ വചനങ്ങൾ വിശ്വാസ്യവും സത്യവും ആകുന്നു; പ്രവാചകരുടെ ആത്മാക്കളുടെ ദൈവമായ കർത്താവ് വേഗത്തിൽ സംഭവിക്കാനുള്ളതു തന്റെ ദാസർക്കു കാണിച്ചുകൊടുക്കുവാൻ തന്റെ ദൂതനെ അയച്ചു."

[a] 16 ഗ്രീക്കിൽ 12,000 സ്റ്റേഡിയ. ഏകദേശം 1400 മൈൽ (ഏകദേശം 2,200) കി. മീറ്റർ [b] 17 അതായത്, ഏകദേശം 200 അടി (ഏകദേശം 65 മീറ്റർ)

യേശു വരുന്നു

7"ഇതാ ഞാൻ വേഗം വരുന്നു. ഈ പുസ്തകത്തിലെ പ്രവചനം അനുസരിക്കുന്നവൻ ഭാഗ്യവാൻ."

8ഈ കാര്യങ്ങൾ കേൾക്കുകയും കാണുകയും ചെയ്തതു യോഹന്നാൻ എന്ന ഞാൻ തന്നേ. കേൾക്കുകയും കാണുകയും ചെയ്തശേഷം ഇവ എനിക്കു കാണിച്ചുതന്ന ദൂതനെ നമസ്കരിക്കുന്നതിനു ഞാൻ അയാളുടെ കാല്ക്കൽ വീണു. 9എന്നാൽ അയാൾ എന്നോട്, "അരുത്! ഞാൻ നിനക്കും നിന്റെ സഹോദരരായ പ്രവാചകർക്കും ഈ പുസ്തകത്തിലെ വചനങ്ങൾ അനുസരിക്കുന്നവർക്കുമൊപ്പം ഒരു ഭൃത്യനാണ്; ദൈവത്തെ നമസ്കരിക്കുക!" എന്നു പറഞ്ഞു.

10പിന്നീട് ദൂതൻ എന്നോടു പറഞ്ഞത്, "സമയം അടുത്തിരിക്കുന്നതുകൊണ്ട് ഈ പുസ്തകത്തിലെ പ്രവചനം മുദ്രയിടരുത്. 11അധർമ്മം ചെയ്യുന്നവൻ ഇനിയും അധർമ്മം ചെയ്യട്ടെ; അശുദ്ധൻ ഇനിയും അശുദ്ധിയിൽ കഴിയട്ടെ. നീതി പ്രവർത്തിക്കുന്നവൻ ഇനിയും നീതി പ്രവർത്തിക്കട്ടെ; വിശുദ്ധൻ ഇനിയും തന്നെത്തന്നേ വിശുദ്ധീകരിക്കട്ടെ."

12"ഇതാ, ഞാൻ വേഗം വരുന്നു! ഓരോരുത്തന് അവനവന്റെ പ്രവൃത്തിക്കു തക്കവണ്ണം കൊടുക്കുവാൻ പ്രതിഫലം എന്റെ പക്കലുണ്ട്. 13ഞാൻ അല്ഫയും ഒമേഗയും ഒന്നാമനും ഒടുവിലത്തവനും ആദിയും അന്തവും ആകുന്നു."

14"ജീവവൃക്ഷത്തിൽ അവകാശം ലഭിക്കുവാനും കവാടങ്ങളിലൂടെ നഗരത്തിൽ പ്രവേശിക്കുവാനും തങ്ങളുടെ അങ്കി അലക്കുന്നവർ അനുഗൃഹീതർ. 15നായ്ക്കളും ആഭിചാരകരും ദുർവൃത്തരും കൊലപാതകികളും വിഗ്രഹാരാധികളും വ്യാജം ഇഷ്ടപ്പെടുകയും അതു പ്രവർത്തിക്കുകയും ചെയ്യുന്ന ഏവരും പുറത്തുതന്നേ.

16യേശു എന്ന ഞാൻ സഭകൾക്കുവേണ്ടിയുള്ള ഈ സന്ദേശം നിങ്ങളെ ഏല്പിക്കേണ്ടതിനു എന്റെ ദൂതനെ അയച്ചിരിക്കുന്നു. ഞാൻ ദാവീദിന്റെ വേരും സന്തതിയും ഉജ്ജ്വലമായ പ്രഭാതനക്ഷത്രവുമാണ്."

17"വരിക!" എന്ന് ആത്മാവും മണവാട്ടിയും പറയുന്നു. കേൾക്കുന്നവനും "വരിക!" എന്നു പറയട്ടെ; ദാഹിക്കുന്നവൻ വരട്ടെ, ആഗ്രഹിക്കുന്നവൻ ജീവജലം സൗജന്യമായി വാങ്ങട്ടെ.

18ഈ പുസ്തകത്തിലെ പ്രവചനം കേൾക്കുന്ന എല്ലാവരോടും ഞാൻ സാക്ഷീകരിക്കുന്നത്: അവയോട് ആരെങ്കിലും എന്തെങ്കിലും കൂട്ടിച്ചേർത്താൽ ഈ പുസ്തകത്തിൽ എഴുതിയിട്ടുള്ള ബാധകൾ ദൈവം അവനു വരുത്തും. 19ആരെങ്കിലും ഈ പ്രവചനപുസ്തകത്തിലെ വാക്കുകൾ നീക്കംചെയ്താൽ ഈ പുസ്തകത്തിൽ എഴുതിയിട്ടുള്ള ജീവവൃക്ഷത്തിലും വിശുദ്ധനഗരത്തിലും അവനുള്ള ഓഹരി ദൈവം നീക്കിക്കളയും.

20ഈ കാര്യങ്ങൾക്കു സാക്ഷ്യം വഹിക്കുന്നവൻ "അതേ, ഞാൻ വേഗം വരുന്നു" എന്ന് അരുളിച്ചെയ്യുന്നു.

ആമേൻ, കർത്താവായ യേശുവേ വരണമേ.

21കർത്താവായ യേശുവിന്റെ കൃപ നിങ്ങളെല്ലാവരോടുംകൂടെ ഇരിക്കുമാറാകട്ടെ. ആമേൻ.